കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 3, ചൊവ്വ

ഔദ്യോഗിക റിപ്പോർട്ട്

വാല്യം 199 –നമ്പർ 8

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 3, ചൊവ്വ

സ്പീക്കർ
ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ
ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി
ഡോ. എൻ. കൃഷ്ണ കുമാർ

ചീഫ് എഡിറ്റർ
ശ്രീമതി ആർ. ഹേമലത

എഡിറ്റിങ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	: ശ്രീ. പിണറായി വിജയൻ
ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി	: ശ്രീ. വി. അബ്ദുറഹിമാൻ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	: ശ്രീ. ജി. ആർ. അനിൽ
ധനകാര്യ വകുപ്പുമന്ത്രി	: ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	: ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി	: ശ്രീമതി ജെ. ചിഞ്ചുറാണി
ഗതാഗത വകുപ്പുമന്ത്രി	: ശ്രീ. കെ. ബി. ഗണേഷ് കുമാർ
പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി	: ശ്രീ. ഒ. ആർ. കേളു
വൈദ്യുതി വകുപ്പുമന്ത്രി	: ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി	: ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	: ശ്രീ. പി. പ്രസാദ്
റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി	: ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	: ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	: ശ്രീ. എം. ബി. രാജേഷ്
രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി	: ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ജലവിഭവ വകുപ്പുമന്ത്രി	: ശ്രീ. റോഷി അഗസ്റ്റിൻ
മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി	: ശ്രീ. സജി ചെറിയാൻ
വനം-വന്യജീവി വകുപ്പുമന്ത്രി	: ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	: ശ്രീ. വി. ശിവൻകുട്ടി
തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി	: ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി	: ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

I. **ചോദ്യോത്തരങ്ങൾ** പേജ്

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ....

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ
അനുബന്ധമായി ചേർത്തിരിക്കുന്നു.) ....

II. **ശ്രദ്ധ ക്ഷണിക്കൽ**

(1) മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ ഏകോപനം
- ശ്രീമതി യു. പ്രതിഭ ....

III. **മേശപ്പുറത്തുവച്ച കടലാസുകൾ** ....

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകൾ

IV. **റിപ്പോർട്ടുകളുടെ സമർപ്പണം** ....

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ചുവരെയുള്ള റിപ്പോർട്ടുകൾ

V. **ധനകാര്യം** ....

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

അനുബന്ധം

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

പതിനാറാം സമ്മേളനം

2026 ഫെബ്രുവരി 3, ചൊവ്വ

വാല്യം 199} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 8

നിയമസഭ 2026 ഫെബ്രുവരി മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഈ നിയമസഭാ സമ്മേളനം ആരംഭിച്ചതുമുതൽ ശബരിമലയിലെ സ്വർണ്ണക്കൊള്ളയുമായി ബന്ധപ്പെട്ട് ഞങ്ങൾ സമരത്തിലാണെന്ന് അങ്ങേയ്ക്ക് അറിയാം. ശബരിമലയിലെ സ്വർണ്ണക്കൊള്ളയെക്കുറിച്ചുള്ള അന്വേഷണം വഴിമുട്ടിനിൽക്കുന്ന, എസ്.ഐ.ടി. നോക്കുകുത്തിയായി നിൽക്കുന്ന സാഹചര്യമാണ് നിലവിലുള്ളത്. എല്ലാ പ്രതികളും സ്റ്റാറ്റ്യൂട്ടറി ജാമ്യമെടുത്ത് പുറത്തിറങ്ങുകയാണ്. അടുത്ത ദിവസംതന്നെ മൂന്ന് സുപ്രധാന സി.പി.ഐ.(എം) നേതാക്കളും ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയും കൂടി ജാമ്യം കിട്ടി പുറത്തിറങ്ങാൻ പോകുകയാണ്. ശബരിമലയിലെ അയ്യപ്പന്റെ സ്വർണ്ണം കവർന്നതിന് യാതൊരു തെളിവുമില്ലാതെ, പുതിയ പ്രതികളെക്കുറിച്ചുള്ള അന്വേഷണംപോലും നടത്താതെ, നിലവിലുള്ള പ്രതികൾക്ക് പുറത്തിറങ്ങാനുള്ള അവസരം ഉണ്ടാക്കികൊടുത്തുകൊണ്ടുള്ള അപകടകരമായ നിലയിലേക്ക് എസ്.ഐ.ടി. അന്വേഷണം എത്തിനിൽക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സമ്മർദ്ദം കൊണ്ടാണ് എസ്.ഐ.ടി. ഇങ്ങനെ ചെയ്യുന്നത്. അതുകൊണ്ട് ഞങ്ങൾ സമരം ശക്തമാക്കാനും അത് ഈ സഭയ്ക്കകത്ത് തുടരാനും തീരുമാനിച്ചിരിക്കുകയാണ്. അതിനാൽ ഞങ്ങൾ സഭാനടപടികളുമായി സഹകരിക്കുന്നില്ലെന്ന് അങ്ങയെ അറിയിക്കുന്നു.

(പ്രതിപക്ഷാംഗങ്ങളൊന്നടങ്കം ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിനുമുന്നിൽ വന്നുനിന്ന് ബാനറും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു).

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.... ചോദ്യം നമ്പർ (*91)

(ചോദ്യകർത്താക്കൾ സീറ്റിലില്ലാതിരുന്നതിനാൽ *91-ാം നമ്പർ ചോദ്യം ഉന്നയിക്കപ്പെട്ടില്ല)

ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതി

1(*92) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി വഴി പൂർത്തീകരിച്ച മേൽപ്പാലങ്ങളുടെ വിവരങ്ങൾ, നിർമ്മാണത്തിലിരിക്കുന്ന പാലങ്ങളുടെ പ്രവൃത്തി പുരോഗതി എന്നിവ വ്യക്തമാക്കാമോ;

(ബി) പൂർണ്ണമായും റെയിൽവേ ഫണ്ടിംങ്ങോടെ അനുമതി ലഭിച്ച മേൽപ്പാലങ്ങളുടെ നിർമ്മാണ ചുമതലയെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) നിശ്ചിത സമയപരിധിക്കുള്ളിൽ പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ പൊതുമരാമത്ത് വകുപ്പ് നടപ്പാക്കിയ കർമ്മ പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണത്തിനായി സംസ്ഥാന സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ചോദ്യം നമ്പർ (*91) പ്രതിപക്ഷ ബഞ്ചിന്റെ ചോദ്യമായിരുന്നു. സംസ്ഥാനത്തെ ടൂറിസം മേഖലയെ ബാധിക്കുന്ന വളരെ പ്രധാനപ്പെട്ടൊരു ചോദ്യം സഭയിൽ ഉന്നയിക്കാതിരിക്കുന്നത് അവരുടെ ഉത്തരവാദിത്വമില്ലായ്മയാണ് കാണിക്കുന്നത്.

(എ) കേരള സർക്കാരിന്റെ ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി 99 റെയിൽവെ മേൽപ്പാലങ്ങൾ/അടിപ്പാതകൾ നിർമ്മിക്കാൻ തീരുമാനിച്ചതിൽ 72 എണ്ണത്തിന്റെ നിർമ്മാണചുമതല ആർ.ബി.ഡി.സി.കെ. (റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള)-യ്ക്കും 27 എണ്ണത്തിന്റെ നിർമ്മാണ ചുമതല കെ.ആർ.ഡി.സി.എൽ. (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-നും നൽകിയിട്ടുണ്ട്. ഇവയിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ആർ.ഒ.ബി., കോഴിക്കോട് ജില്ലയിലെ ഫറോക്ക് ആർ.ഒ.ബി., തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ ആർ.ഒ.ബി., ചിറങ്ങര ആർ.ഒ.ബി., എറണാകുളം ജില്ലയിലെ മുളന്തുരുത്തി ആർ.ഒ.ബി., കൊല്ലം ജില്ലയിലെ മാളിയേക്കൽ ആർ.ഒ.ബി., കോട്ടയം ജില്ലയിലെ കാരിത്താസ് ആർ.ഒ.ബി., കണ്ണൂർ ജില്ലയിലെ കൊടുവള്ളി ആർ.ഒ.ബി., മലപ്പുറം ജില്ലയിലെ നിലമ്പൂർ അടിപ്പാത എന്നീ 9 റെയിൽവേ മേൽപ്പാലങ്ങൾ/അടിപ്പാതകൾ എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച് ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടുള്ളതാണ്. പാലങ്ങൾ വിഭാഗത്തിന്റെ നേതൃത്വത്തിൽ മലപ്പുറം തിരൂർ ആർ.ഒ.ബി.-യുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ആകെ 10 മേൽപ്പാലം/അടിപ്പാത

നിർമ്മാണം പൂർത്തിയാക്കി ഉറന്നുകൊടുത്തു. നിലവിൽ നിർമ്മാണം പുരോഗമിക്കുന്നവയുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു.+

(ബി) സംസ്ഥാന സർക്കാരിന്റെ ആവശ്യപ്രകാരം 39 റെയിൽവേ മേൽപ്പാലങ്ങൾ/ അടിപ്പാതകൾ 100% റെയിൽവേ ഫണ്ടിങ്ങിന് അനുമതി ലഭ്യമാക്കിയിട്ടുള്ളതും ഇവയുടെ നിർമ്മാണ ചുമതല 26-03-2025-ലെ സ.ഉ.(സാധാ)നം.447/2025/PWD നമ്പർ ഉത്തരവ് പ്രകാരം കെ.ആർ.ഡി.സി.എൽ.-നാണ് നൽകിയിട്ടുള്ളത്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+ കൂടാതെ, ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തി കെ.ആർ.ഡി.സി.എൽ.-ന് ചുമതല നൽകിയ 27 ആർ.ഒ.ബി.-കളിൽ 19 എണ്ണത്തിന് സംസ്ഥാനത്തിന്റെ ആവശ്യപ്രകാരം റെയിൽവേയുടെ 100% ഫണ്ടിങ്ങിന് അനുമതി ലഭിച്ചിട്ടുണ്ട്.

(സി) റെയിൽവേ മേൽപ്പാലങ്ങളുടെ അനുമതി, റെയിൽവേയുടെ അനുമതി തുടങ്ങിയവ ലഭ്യമാക്കുന്നതിന് കാര്യക്ഷമമായ ഇടപെടലാണ് പൊതുമരാമത്ത് വകുപ്പ് നടപ്പാക്കാറുള്ളത്. പ്രവൃത്തികളെ സംബന്ധിച്ച് കൃത്യമായ പരിശോധന മന്ത്രിതലത്തിലും സെക്രട്ടറിതലത്തിലും നടത്താറുണ്ട്. നിർമ്മാണത്തിനായി സൈറ്റ് ഹാൻഡ് ഓവർ ചെയ്യുന്ന സമയം മുതൽ നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള കാലാവധി നിശ്ചയിക്കപ്പെടുകയും ആ കാലാവധിക്കനുസൃതമായി ഓരോ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള ഷെഡ്യൂൾ തയ്യാറാക്കുന്നതുമാണ്. തുടർന്ന് ഓരോ മാസവും നിർമ്മാണ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിലയിരുത്തുന്നതിനായി സൈറ്റ് ഇൻസ്പെക്ഷൻ, റിവ്യൂ മീറ്റിങ്ങുകൾ എന്നിവ നടത്തി ഷെഡ്യൂൾ പ്രകാരം പദ്ധതി പുരോഗമിക്കുന്നുണ്ടോ എന്ന് വിലയിരുത്തി വേണ്ട നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ, പദ്ധതി നടപ്പാക്കുന്നതിൽ തടസ്സങ്ങൾ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ സർക്കാർതല ഇടപെടലുകൾ നടത്താറുണ്ട്. ജി.എ.ഡി./അലൈൻമെന്റ് റെയിൽവേ അംഗീകരിക്കുന്നതിൽ തടസ്സം നേരിടുമ്പോൾ റെയിൽവേയുമായി യോഗം നടത്തി പ്രശ്നങ്ങൾക്ക് പരിഹാരം കാണാറുണ്ട്.

(ഡി) ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിലുൾപ്പെടുത്തിയ 72 പദ്ധതികളുൾപ്പെടെ ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന 75 മേൽപ്പാലങ്ങളിൽ ബജറ്റ് മുഖേനയുള്ള 5 പദ്ധതികൾക്കായി 87.42 കോടി രൂപയുടെ ഭരണാനുമതിയും ബാക്കിയുള്ള 70 കിഫ്ബി പദ്ധതികൾക്ക് 1,711.40 കോടി രൂപയുടെ ഭരണാനുമതിയും 2,118.249 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. കൂടാതെ, കെ.ആർ.ഡി.സി.എൽ. നിർവഹണ ഏജൻസിയായിട്ടുള്ള നിലമ്പൂർ റെയിൽവേ അടിപ്പാതയ്ക്കായി കേരള സർക്കാരിന്റെ വിഹിതമായി 5,05,54,822.43/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.[+]

മി. സ്പീക്കർ: പ്രതിപക്ഷാംഗങ്ങൾ ദയവായി ബാനർ താഴ്ത്തിപ്പിടിക്കണം. ചെയറിന് അംഗങ്ങളെ കാണാൻ സാധിക്കുന്നില്ല. .....(ബഹളം).....

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, എല്ലാ ദിവസവും പ്രതിപക്ഷം കാണിക്കുന്നത് ജനാധിപത്യത്തോടുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവഹേളനവും ജനങ്ങളോടുള്ള വെല്ലുവിളിയുമാണ്. വിഷയദാരിദ്ര്യംമൂലം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് നോട്ടീസ് നൽകാൻപോലും അവർക്ക് കഴിയുന്നില്ല. എന്തൊരു അതിക്രമമാണ് എല്ലാ ദിവസവും കാണിക്കുന്നത്. ബഹുമാനപ്പെട്ട ചെയറിന്റെ മുഖം മറച്ചുകൊണ്ട് നടുത്തളത്തിൽ ഇറങ്ങികാണിക്കുന്ന ഈ അതിക്രമം ജനങ്ങൾ കാണുന്നുണ്ട്. കഴിഞ്ഞ കുറേകാലങ്ങളായി ഹൈക്കോടതിയിൽനിന്നും രണ്ട് കരണക്കുറ്റിക്കും മാറിമാറി ഇവർക്ക് പ്രഹരം ഏറ്റുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലേറ്റ പ്രഹരം സ്പ്രിംഗ്ലർ കേസിലാണ്. കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പ് കാലത്ത് ഇവർ ഉയർത്തിപ്പിടിച്ച ആരോപണമായിരുന്നില്ലേ അത്. എന്താണ് ഈ സ്പ്രിംഗ്ലറിന്റെ കഥ? എന്നിട്ട് പ്രതിപക്ഷനേതാവ് എല്ലാവരെയും ആക്ഷേപിച്ചുകൊണ്ടിരിക്കുകയാണ്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് 'വായിൽതോന്നിയത് പറഞ്ഞു' എന്ന് വിളിച്ചുപറഞ്ഞ പ്രതിപക്ഷനേതാവാണിത്. അപ്പോൾ കോടതിയിൽ തോറ്റാൽ നിയമസഭയിൽ എന്നതാണോ സ്ഥിതി? അതാണ് ഇവർ ഇവിടെ കാണിച്ചുകൊണ്ടിരിക്കുന്നത്. ഇവർ ഉന്നയിച്ച എല്ലാ ആരോപണങ്ങളും പൊളിഞ്ഞതിന്റെ ജാള്യമാണ് സഭയിൽ തീർത്തുകൊണ്ടിരിക്കുന്നത്. (ബഹളം..)

ശ്രീ. കെ. ജെ. മാക്സി: സർ, നിയമസഭയ്ക്കകത്തും പുറത്തും പ്രതിപക്ഷം നടത്തുന്ന സമരം ചീറ്റിപ്പോയതിന്റെ പ്രയാസം നിമിത്തമാണ് ഈ ചോദ്യോത്തരവേളയിൽപ്പോലും അവർ ഇത്തരത്തിൽ കാണിച്ചുകൂട്ടുന്നത്.

ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതിയിലൂടെ കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിച്ച സർക്കാരാണ് ഇതെന്ന് നമുക്കെല്ലാം അഭിമാനിക്കാവുന്ന കാര്യമാണ്. എറണാകുളം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട റെയിൽവേ

മേൽപ്പാല പദ്ധതിയായ വാത്തുരുത്തി മേൽപ്പാലം സാധ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഈ സർക്കാരിന്റെ നയത്തിന്റെയും കാഴ്ചപ്പാടിന്റെയും പ്രവർത്തനത്തിന്റെയും ഏറ്റവും നല്ല ഉദാഹരണങ്ങളിലൊന്നാണ് ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതി. ഞാൻ നേരത്തെ പറഞ്ഞതുപോലെ, കിഫ്ബിയിലൂടെതന്നെ 1,700 കോടിയിലധികം രൂപ ആർ.ഒ.ബി.-കൾക്കായും അടിപ്പാതകൾക്കായും അനുവദിച്ചിട്ടുണ്ട്. 2,118.249 കോടി രൂപയ്ക്ക് ഫിനാൻഷ്യൽ സാങ്ഷനും ലഭിച്ചിട്ടുണ്ട്. ഇത് ചരിത്രത്തിലെ ഏറ്റവും മികച്ച ഇടപെടലാണ്. കേരളത്തിൽ ആർ.ഒ.ബി.-കൾക്കും റെയിൽവേ അടിപ്പാതകൾക്കുംവേണ്ടി ചെലവഴിക്കുന്ന ഏറ്റവും വലിയ തുകയും ഏറ്റവും വലിയ ഇടപെടലുമാണ് ഈ സർക്കാരിന്റെ കാലഘട്ടത്തിലുണ്ടായിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ എൽ.ഡി.എഫ്. സർക്കാർ എറണാകുളം ജില്ലയിൽ ഏറ്റവും പ്രധാനമായി കാണുന്ന റെയിൽവേ മേൽപ്പാലം പദ്ധതികളിലൊന്നാണ് വാത്തുരുത്തി റെയിൽവേ മേൽപ്പാലം പദ്ധതി. ഇതിനായി സംസ്ഥാന സർക്കാർ ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യ്ക്ക് നിർമ്മാണ ചുമതല നൽകുകയും ചെയ്തിരുന്നു. ഈ പദ്ധതിക്കാവശ്യമായ ഭൂമി കൊച്ചിൻ പോർട്ട് ട്രസ്റ്റ്, ഇന്ത്യൻ റെയിൽവേ, നാഷണൽ ഹൈവേ എന്നിവരുടെ നിയന്ത്രണത്തിലാണ്. നേവൽ എയർപോർട്ടിന് സമീപത്തായതിനാൽ പദ്ധതിക്ക് എൻ.ഒ.സി. നൽകാൻ ഇന്ത്യൻ നേവി ഇതുവരെ സന്നദ്ധമായിട്ടില്ല. ബഹുമാന്യനായ പ്രതിപക്ഷനേതാവിന്റെ ജില്ല കൂടിയായ എറണാകുളം ജില്ലയിൽ ഭൂമി ലഭ്യമാകാത്തതാണ് ഈ പ്രവൃത്തിയിൽ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട തടസ്സം. വ്യത്യസ്ത

അലൈൻമെന്റുകൾ തയ്യാറാക്കി, ചീഫ് സെക്രട്ടറി തലത്തിലുൾപ്പെടെ വിവിധ യോഗങ്ങൾ ചേർന്നിരുന്നുവെങ്കിലും ആർ.ഒ.ബി.-ക്ക് എൻ.ഒ.സി. ലഭ്യമായിട്ടില്ല. പദ്ധതി പ്രദേശത്ത് നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ അടിപ്പാത പ്രായോഗികമല്ല എന്നാണ് കണ്ടെത്തിയിട്ടുള്ളത്. നിലവിൽ സംസ്ഥാന സർക്കാർ തലത്തിൽ സാധ്യമായ നിലയിലെല്ലാംതന്നെ ഇടപെടലുകൾ നടത്തിവരുന്നുണ്ട്. എല്ലാവരെയും ഉൾപ്പെടുത്തി ഒരു യോഗം കൂടി വിളിച്ചുചേർക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. വാത്തുരുത്തി ആർ.ഒ.ബി. സാധ്യമാക്കാനുള്ള എല്ലാ ഇടപെടലുകളും സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും തുടർന്നും ഉണ്ടാകും. .....(ബഹളം).....

ശ്രീ. കെ. ജെ. മാക്സി: സർ, സംസ്ഥാനത്ത് ഈ മേയ് മാസത്തിനുള്ളിൽ എത്ര റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, കേരള സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ മേൽപ്പാലങ്ങൾ പൂർത്തിയാക്കിയ സർക്കാരാണിത്. റെയിൽവേ മേൽപ്പാലങ്ങളും അടിപ്പാതകളുമായി ഇതുവരെ പൂർത്തിയാക്കിയിട്ടുള്ളത് പത്തെണ്ണമാണ്. മേയ് മാസത്തോടുകൂടി അഞ്ച് എണ്ണത്തിന്റെ പ്രവൃത്തികൾ പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. താനൂർ-തെയ്യാല, ചിറയിൻകീഴ്, ഇരവിപുരം, വാടാനകുറിശ്ശി, അകത്തേത്തറ എന്നിവയാണ് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, സ്വർണ്ണം കട്ടവനെയും കട്ടമുതൽ വാങ്ങിയവനെയും ഒന്നിച്ച് ഇസഡ് കാറ്റഗറിയിൽ കഴിയുന്ന ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിലെത്തിച്ച കൂട്ടരാണിവർ. .....(ബഹളം)..... എന്നിട്ടാണ് ഈ സമരാഭാസം. ജനാധിപത്യത്തെ വെല്ലുവിളിക്കുകയാണിവർ.....(ബഹളം).....

മി. സ്പീക്കർ: മുമ്പിൽ ബാനർ പിടിച്ചാൽ റിമൂവ് ചെയ്യും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട.....(ബഹളം).....

ശ്രീ. ഡി. കെ. മുരളി: സർ, ഇവർ ചട്ടമ്പിമാരാണോ; കവല ചട്ടമ്പിമാരാണോ?..... (ബഹളം).....ഇത്തരം ഭീഷണികൾക്ക് വഴങ്ങുമെന്നാണോ കരുതിയിരിക്കുന്നത്. ഇതെല്ലാം ജനങ്ങൾ കാണുന്നുണ്ട്. .....(ബഹളം)..... ഇത്തരത്തിൽ ജനാധിപത്യത്തെ വെല്ലുവിളിച്ചുകൊണ്ട് നുണകളുടെ പ്രവാഹം സൃഷ്ടിച്ച് ഈ നാടിനെതന്നെ അപമാനപ്പെടുത്തുന്ന യു.ഡി.എഫ്.-നെ ജനങ്ങൾ തള്ളിക്കളയാൻ പോകുകയാണ്. ഇത്തരം നാണംകെട്ടൊരു സമരപരിപാടി കേരളത്തിലാദ്യമായിട്ടാണ് നടക്കുന്നത്. ഇവിടെ തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിക്കുന്നതിന് ഒരു വിഷയംപോലും ലഭിക്കാത്തതുകൊണ്ട് അവസാനിപ്പിച്ച ഒരു സമരത്തെ വീണ്ടും തട്ടിപൊക്കിയെടുത്തുകൊണ്ടുവന്നിരിക്കുകയാണ്. ജനാധിപത്യത്തോടുള്ള വെല്ലുവിളിയാണിത്. ചോദ്യോത്തരവേളയിലൂടെ ഈ നാടിന്റെ പ്രശ്നങ്ങൾ ഉന്നയിക്കാനുള്ള ഞങ്ങളുടെ അവകാശത്തെയാണ് ഇവർ ചോദ്യം ചെയ്യുന്നത്. ഇക്കാര്യത്തിൽ അങ്ങ്

ശക്തമായി ഇടപെടണമെന്ന് അഭ്യർഥിക്കുന്നു. .....(ബഹളം)..... റെയിൽവേ വികസനത്തിന്റെ കാര്യത്തിൽ കേന്ദ്രത്തിൽനിന്നും കടുത്ത അവഗണന നേരിടുന്ന ഈ സന്ദർഭത്തിലും റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിലും പുതിയ പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിലും കേരള സർക്കാർ മാതൃക സൃഷ്ടിച്ചിരിക്കുകയാണ്. .....(ബഹളം)..... ഈ വർഷം എത്ര മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് അറിയിക്കുമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കേരള നിയമസഭയിൽ പ്രതിപക്ഷം ജനാധിപത്യത്തിനെതിരെ നടത്തുന്ന ഇത്തരത്തിലുള്ള കടന്നുകയറ്റത്തിൽ അതിശക്തമായ പ്രതിഷേധം അറിയിക്കുന്നു. ഓരോ ലെവൽ ക്രോസും നിർമ്മിക്കുന്നതിന് ഈ സർക്കാർ കാണിക്കുന്ന ഇച്ഛാശക്തിയുണ്ട്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് എത്ര ആർ.ഒ.ബി.-കൾ പണിയുന്നതിനുവേണ്ടി ഇനിഷ്യേറ്റീവ് എടുത്തിട്ടുണ്ടെന്നും അതിനുവേണ്ടി എത്ര തുകയാണ് മുടക്കിയിട്ടുള്ളതെന്നും എത്ര അടിപ്പാതകൾ നിർമ്മിച്ചിട്ടുണ്ടെന്നതും സംബന്ധിച്ച് താരതമ്യം ചെയ്യാൻ സാധിക്കുമോയെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് ചലഞ്ച് ചെയ്യുന്നു. ലെവൽ ക്രോസുകളിലുണ്ടാകുന്ന അപകടങ്ങളും ആളുകൾക്ക് യാത്രകളിലുണ്ടാകുന്ന ബുദ്ധിമുട്ടുകളുമെല്ലാം പരിഹരിക്കേണ്ടതുണ്ട്. .....(ബഹളം)..... ഓരോ ജീവനും വിലപ്പെട്ടതാണ്. ആർ.ഒ.ബി.-കളും അടിപ്പാതകളും നിർമ്മിക്കുന്നതിനുവേണ്ടി ചരിത്രത്തിലെ ഏറ്റവും വലിയ ഇടപെടലാണ് ഉണ്ടായിട്ടുള്ളത്. ഇക്കാര്യങ്ങൾ സംസാരിക്കുന്നതിൽനിന്നുമുള്ള ഒളിച്ചോട്ടമാണ് വാസ്തവത്തിൽ പ്രതിപക്ഷം നടത്തുന്നത്. ഇനി എത്ര മേൽപ്പാലങ്ങൾ നിർമ്മിക്കാൻ ലക്ഷ്യമിടുന്നുവെന്നാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. നിലവിൽ 26

റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ആർ.ബി.ഡി.സി.കെ., കെ.ആർ.ഡി.സി.എൽ. എന്നിവ മുഖേന പുരോഗമിക്കുന്നുണ്ട്. പാവങ്ങാട് ആർ.ഒ.ബി., പുതുക്കാട് ആർ.ഒ.ബി., പുതിയകാവ്-ചക്കുവള്ളി ആർ.ഒ.ബി. എന്നിവ ആരംഭിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, കേന്ദ്ര സർക്കാർ സംസ്ഥാനത്തോട് കാണിക്കുന്ന അവഗണനയ്ക്കെതിരെ ഒരുമിച്ചുനിന്ന് പ്രതിഷേധിക്കേണ്ട കേരളത്തിലെ പ്രതിപക്ഷാംഗങ്ങൾ കേന്ദ്ര സർക്കാരിനെതിരായി ഒരു ശബ്ദം പോലും മുഴക്കാൻ തയ്യാറാകാതെ സംസ്ഥാന സർക്കാരിനെതിരെ സമരാഭാസവുമായി മുന്നോട്ടുപോകുകയാണ്. റെയിൽവേ മേൽപ്പാലങ്ങളുടെ അടിഭാഗം 'വി' പാർക്കുകളാക്കി മാറ്റുന്ന പദ്ധതിക്ക് വലിയ സ്വീകാര്യത ലഭിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, പുതിയതായി എത്ര പ്രദേശങ്ങളിൽ 'വി' പാർക്കുകൾ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടെന്നറിയിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, സംസ്ഥാനത്തെ ഏറ്റവും ശ്രദ്ധേയമായ പദ്ധതികളിലൊന്നായ പാലങ്ങളുടെ അടിഭാഗത്തുള്ള 'വി പാർക്ക് പദ്ധതി'യാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. അതിന് വലിയ ജനസ്വീകാര്യത ലഭിച്ചിട്ടുണ്ടെന്നത് യാഥാർഥ്യമാണ്. 'വി' പാർക്ക് പദ്ധതി സംബന്ധിച്ച് ആളുകൾ വലിയ രീതിയിൽ അഭിനന്ദനം രേഖപ്പെടുത്തുന്നുണ്ട്. ഏഴ് ഇടങ്ങളിൽ 'വി' പാർക്ക് പദ്ധതി പുതിയതായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: സർ, വിഷയ ദാരിദ്ര്യം കൊണ്ടാണ് ഇവർ ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറച്ചുകൊണ്ട് ജനാധിപത്യ വിരുദ്ധമായി ബഹളം വച്ചുകൊണ്ടിരിക്കുന്നത്. .....(ബഹളം)..... ലെവൽ ക്രോസില്ലാത്ത കേരളം പദ്ധതിയുടെ

നേട്ടം ലഭിച്ച മണ്ഡലമാണ് വടക്കാഞ്ചേരി. നാല് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണ പ്രവൃത്തികളാണ് മണ്ഡലത്തിൽ വിവിധ ഘട്ടങ്ങളിലായുള്ളത്. പോട്ടോർ വേലുക്കുട്ടി റെയിൽവേ മേൽപ്പാലത്തിന് റെയിൽവേ ഫണ്ടിങ്ങിന് അനുമതിയായിട്ടുണ്ട്. അതിന്റെ സ്ഥലമേറ്റെടുപ്പ് പൂർത്തിയാക്കി ഇപ്പോൾ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങളിലാണ്. മാരാത്തുകുന്ന് റെയിൽവേ മേൽപ്പാലത്തിന്റെ ടോപ്പോഗ്രാഫിക് സർവെയും സോയിൽ ഇൻവെസ്റ്റിഗേഷനും പൂർത്തിയാക്കി ജനറൽ അറേഞ്ച്മെന്റ് ഡ്രോയിങ് റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അമല സമാന്തര റെയിൽവേ മേൽപ്പാലത്തിനായി ആർ.ബി.ഡി.സി.കെ. തയ്യാറാക്കിയ ജി.എ.ഡി.-യുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ; വടക്കാഞ്ചേരി ബൈപ്പാസിലെ നിർദിഷ്ട റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ ചുമതല ജി.എ.ഡി. തയ്യാറാക്കിയ കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനെതന്നെ ഏൽപ്പിക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ആർ.ഒ.ബി.-കളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട്, നേരത്തെ സൂചിപ്പിച്ചതുപോലെ, ചരിത്രത്തിൽ ഏറ്റവും വലിയ ഇടപെടൽ നടത്തിയതും കിഫ്ബി ഫണ്ടുൾപ്പെടെ ഏറ്റവും കൂടുതൽ ഫണ്ട് ലഭ്യമാക്കിയതുമായ സർക്കാരാണിത്. അതിൽ ഏറ്റവും നല്ല പരിഗണന ലഭിച്ച ഒരു മണ്ഡലമാണ് വടക്കാഞ്ചേരി നിയോജകമണ്ഡലം. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി നടത്തിയ ഇടപെടലുകളുടെ ഭാഗമായിത്തന്നെ, ആ മണ്ഡലത്തിൽ കൂടുതൽ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം സാധ്യമാക്കുന്നുണ്ട്. അമല ആർ.ഒ.ബി.-യുടെ നിർമ്മാണത്തിനായി ജനറൽ അലൈൻമെന്റ് ഡ്രോയിങ് തയ്യാറാക്കുകയും അംഗീകാരത്തിനായി റെയിൽവേയ്ക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. ഇതിന് അംഗീകാരം

ലഭ്യമാക്കുന്നതിനാവശ്യമായ ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. അത് സമയബന്ധിതമായി നമുക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതോടൊപ്പം, വടക്കാഞ്ചേരി ബൈപ്പാസിലെ റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കെ.ആർ.ഡി.സി.എൽ. (കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-നെ ഏൽപ്പിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ കെ.ആർ.ഡി.സി.എൽ.-നെ തന്നെ പ്രവൃത്തി ഏൽപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

തൊഴിലുറപ്പ് നിയമ ഭേദഗതി

2(*93) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിക്ക് നിശ്ചയിച്ച സൂചികയിൽ ഏതെല്ലാം കാര്യങ്ങളിലാണ് സംസ്ഥാനം മുമ്പിലെന്ന് അറിയിക്കുമോ;

(ബി) സംസ്ഥാനത്തെ സംബന്ധിച്ച് പരിഷ്കരിക്കപ്പെട്ട തൊഴിലുറപ്പ് നിയമത്തിൽ എന്തെല്ലാം പ്രതികൂല വ്യവസ്ഥകളാണ് ഉൾപ്പെടുന്നതെന്ന് അറിയിക്കുമോ;

(സി) പുതിയ വ്യവസ്ഥകൾ പ്രകാരം പ്രതിവർഷം അധിക കടബാധ്യത കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) മുൻകാലങ്ങളിൽ സംസ്ഥാനത്തിനുള്ള ലേബർ ബജറ്റിൽ കേന്ദ്ര സർക്കാർ കുറവ്

വരുത്തിയത് മറികടക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ,

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ അടിസ്ഥാന ലക്ഷ്യം 100 ദിവസത്തെ തൊഴിൽ നൽകുക എന്നതാണ്. തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളിൽ ഏറ്റവും കൂടുതൽ കുടുംബങ്ങൾക്ക് തൊഴിൽ നൽകാൻ കഴിഞ്ഞതിൽ സംസ്ഥാനം രാജ്യത്ത് രണ്ടാം സ്ഥാനത്താണ്.

സംസ്ഥാനത്തിന് മുമ്പിലുള്ള മറ്റ് സൂചികകൾ ചുവടെ ചേർക്കുന്നു.

മാനദണ്ഡം	ദേശീയതലത്തിലെ സ്ഥാനം	
	2025-26	2024-25
ജോലി ലഭിച്ച ആകെ കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം	1	2
ജോലി ലഭിച്ച പട്ടികവർഗ്ഗ (ST) കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം	1	2
ജോലി ലഭിച്ച പട്ടികജാതി (SC) കുടുംബങ്ങളിൽ 100 ദിവസം പൂർത്തിയാക്കിയവരുടെ ശതമാനം	1	1
ശരാശരി പട്ടികജാതി (SC) തൊഴിൽ ദിനങ്ങൾ	2	1
ശരാശരി പട്ടികവർഗ്ഗ (ST) തൊഴിൽ ദിനങ്ങൾ	2	2
ശരാശരി തൊഴിൽ ദിനങ്ങൾ	4	5
100 ദിവസം ജോലി നൽകിയ കുടുംബങ്ങളുടെ എണ്ണം	5	2

(ബി) നിലവിൽ അവിദഗ്ധ വേതനത്തിന്റെയും പദ്ധതിയുടെ ഭരണചെലവിന്റെയും 100 ശതമാനം കേന്ദ്രമാണ് വഹിക്കുന്നത്. പദ്ധതിയുടെ ഭാഗമായ ആസ്തി നിർമ്മാണത്തിന് ആവശ്യമായ മെറ്റീരിയൽ, വിദഗ്ധ വേതനം, അർധവിദഗ്ധ വേതനം എന്നീ ഇനത്തിൽ 75 ശതമാനം കേന്ദ്രവും 25 ശതമാനം സംസ്ഥാനവും വഹിക്കുന്നു. എന്നാൽ പുതിയ നിയമപ്രകാരം, പദ്ധതിയുടെ ആകെ ചെലവ് കേന്ദ്രവും സംസ്ഥാനവും 60:40 എന്ന അനുപാതത്തിൽ വിഹിതം പങ്കിടണമെന്ന് നിഷ്കർഷിക്കുന്നു. അതായത്, അവിദഗ്ധ വേതനം, വിദഗ്ധ/അർധവിദഗ്ധ വേതനം, മെറ്റീരിയൽ ചെലവ്, ഭരണപരമായ ചെലവുകൾ എന്നിവയുൾപ്പെടെയുള്ള ആകെ ചെലവിന്റെ 40 ശതമാനം സംസ്ഥാനം വഹിക്കേണ്ട സാഹചര്യം വരും. കൂടാതെ, കേന്ദ്രം ആദ്യഘട്ടത്തിൽ നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് ഉപരിയായി സംസ്ഥാനം സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണ സാമ്പത്തിക ബാധ്യതയും സംസ്ഥാനത്തിനാണ്. ഇപ്രകാരം ഉണ്ടാകുന്ന സാമ്പത്തിക ബാധ്യതകൾക്കുപുറമെ പുതിയ നിയമത്തിലെ സെക്ഷൻ 4(4) പ്രകാരം ഗ്രാമപഞ്ചായത്തുകളെ A, B, C എന്നിങ്ങനെ ക്ലാസിഫൈ ചെയ്യുമെന്നും 5(1) പ്രകാരം സംസ്ഥാനങ്ങളിൽ കേന്ദ്ര സർക്കാർ നോട്ടിഫൈ ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമാകും ഉയർത്തിയെന്നവകാശപ്പെടുന്ന 125 ദിവസത്തെ തൊഴിലുറപ്പുണ്ടാകുക എന്നും വ്യവസ്ഥ ചെയ്യുന്നു. പുതിയ നിയമത്തിന്റെ വ്യവസ്ഥകൾ പ്രകാരം കൃത്യസമയത്ത് തൊഴിൽ നൽകിയില്ലെങ്കിൽ നൽകേണ്ട തൊഴിലില്ലായ്മ വേതനം, കൃത്യസമയത്ത് കൂലി നൽകിയില്ലെങ്കിൽ നൽകേണ്ട കോമ്പൻസേഷൻ എന്നിവ നൽകാനുള്ള ബാധ്യതയും സംസ്ഥാനങ്ങൾക്കാണ്.

(സി) കേന്ദ്ര സർക്കാർ നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമെ യഥാർഥ സാമ്പത്തിക ബാധ്യത കണക്കാക്കാൻ കഴിയുകയുള്ളൂ. നിലവിൽ ഒരു വർഷം സംസ്ഥാനത്ത് 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാറുണ്ട്. എന്നാൽ ഈ വർഷം ആദ്യഘട്ടത്തിൽ 5 കോടി തൊഴിൽ ദിനങ്ങൾ മാത്രമാണ് കേന്ദ്രം അനുവദിച്ചത്. പുതിയ നിയമത്തിൽ കേന്ദ്രം നിശ്ചയിക്കുന്ന തൊഴിൽ ദിനങ്ങൾക്ക് (normative allocation) ഉപരിയായി സൃഷ്ടിക്കുന്ന തൊഴിൽ ദിനങ്ങളുടെ പൂർണ്ണമായുള്ള സാമ്പത്തിക ബാധ്യത സംസ്ഥാനങ്ങൾക്കാണ്. കൂടാതെ, പദ്ധതി ചെലവിന്റെ അനുപാതം പുതിയ നിയമത്തിൽ 60:40 എന്നാക്കി മാറ്റിയതും കൂടി കണക്കാക്കുമ്പോൾ 10 കോടി തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് നിലവിലെ നിരക്കിൽ സംസ്ഥാനത്തിന് 2,806 കോടി രൂപവരെ അധിക ബാധ്യത ഉണ്ടാകുന്നതാണ്. തൊഴിൽ ദിനങ്ങൾ 125 ആയി ഉയർത്തിയെന്നവകാശപ്പെടുന്ന സാഹചര്യത്തിൽ അതനുസരിച്ച് 12 കോടി തൊഴിൽ ദിനങ്ങൾ നൽകേണ്ടിവരികയാണെങ്കിൽ (5 കോടിക്ക് മുകളിൽ വരുന്നതിന്റെ 100 ശതമാനം ബാധ്യതയുൾപ്പെടെ) 3,544 കോടി രൂപയുടെയും അധിക ബാധ്യത സംസ്ഥാനത്തിനുണ്ടാകും.

(ഡി) കഴിഞ്ഞ 5 വർഷത്തെ സ്ഥിതി പരിശോധിക്കുമ്പോൾ ആദ്യഘട്ടത്തിൽ 7.5 കോടി, 6 കോടി, 6 കോടി, 6 കോടി, 5 കോടി തൊഴിൽ ദിനങ്ങളാണ് കേന്ദ്ര സർക്കാർ 2020-21, 2021-22, 2022-23, 2023-24, 2024-25 വർഷങ്ങളിൽ യഥാക്രമം അനുവദിച്ചത്. സംസ്ഥാനം, കേന്ദ്രസർക്കാരുമായി ഇടപെട്ട് നിരന്തരമായ ഇടപെടലുകൾ നടത്തിവന്നതിന്റെ ഫലമായി പിന്നീട് ലേബർ ബജറ്റ് പുതുക്കി ലഭിച്ചു. ഈ വർഷം ആദ്യഘട്ടം അനുവദിച്ച 5

കോടി തൊഴിൽ ദിനങ്ങൾ എന്നത് നിരന്തരമായ ഇടപെടലുകൾക്കുശേഷം 9 കോടി തൊഴിൽ ദിനങ്ങളായി പുതുക്കി ലഭിച്ചിട്ടുണ്ട്.

ശ്രീ. പ്രമോദ് നാരായൺ: സർ, മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയെക്കുറിച്ച് ചോദ്യമോ ചർച്ചയോ സഭയിൽ നടത്താൻപോലും അനുവദിക്കാത്ത പ്രതിപക്ഷം, ആ പദ്ധതിയെത്തന്നെ അട്ടിമറിക്കുന്ന കേന്ദ്ര സർക്കാരിനെയാണ് ആത്യന്തികമായി സഹായിക്കുന്നത്.....(ബഹളം)..... പദ്ധതിയുടെ പേരിൽനിന്ന് ഗാന്ധിജിയുടെ പേര് ഒഴിവാക്കുകയും കാർഷിക മേഖലയുമായി ബന്ധപ്പെട്ട തൊഴിൽദിനങ്ങളിൽ മാറ്റം വരുത്തുകയും സംസ്ഥാനങ്ങളുടെ മേൽ അധികമായ സാമ്പത്തിക ബാധ്യത ചുമത്തുകയും ചെയ്ത് കേന്ദ്ര സർക്കാർ ഈ പദ്ധതി അട്ടിമറിക്കാനും പുതിയ കരി നിയമം നടപ്പാക്കാനും ശ്രമിക്കുമ്പോൾ മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയെ സംരക്ഷിക്കുന്നതിനായി കേരള സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ചോദ്യകർത്താവ് ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. പാർലമെന്റിൽ തൊഴിലുറപ്പ് നിയമത്തെ അട്ടിമറിച്ച് The Viksit Bharat–Guarantee for Rozgar and Ajeevika Mission (Gramin) (VB–G RAM G) ബിൽ പാസ്സാക്കിയ ദിവസം തന്നെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയോടൊപ്പം ചായ കുടിക്കാൻ പോയ ശ്രീമതി പ്രിയങ്ക ഗാന്ധിയുടെ അനുയായികളാണ് ഇന്ന് ഇവിടെ പേക്കൂത്ത് നടത്തിക്കൊണ്ടിരിക്കുന്നത്. .....(ബഹളം).....

മഹാത്മാഗാന്ധിയുടെ പേര് പദ്ധതിയിൽനിന്ന് ഒഴിവാക്കുകയും തൊഴിലുറപ്പ്

പദ്ധതിയുടെ കഥകഴിക്കുകയും ചെയ്തശേഷം ഒന്നിച്ച് ചായ കുടിച്ച് ആഘോഷിച്ചവരാണ് ശ്രീ. നരേന്ദ്ര മോദിയും ശ്രീമതി പ്രിയങ്ക ഗാന്ധിയും. അതേസമയം, ശ്രീ. രാഹുൽ ഗാന്ധി ജർമ്മനിയിൽ ഉല്ലാസ യാത്രയിലായിരുന്നു; ജർമ്മനിയിലെ ഏറ്റവും പുതിയ ബൈക്ക് ഓടിക്കുന്ന തിരക്കിലായിരുന്ന അദ്ദേഹം.

കേന്ദ്ര സർക്കാർ തൊഴിലുറപ്പ് പദ്ധതിയെ അട്ടിമറിക്കുമ്പോൾ ആ പദ്ധതിയെ സംരക്ഷിച്ച് മുന്നോട്ട് നയിക്കാൻ സംസ്ഥാന സർക്കാർ ഫലപ്രദമായ നടപടികൾ സ്വീകരിച്ചു വരികയാണ്. അതിന്റെ ഭാഗമായി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഈ വർഷത്തെ ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കായി 1,000 കോടി രൂപ അധികമായി വകയിരുത്തിയിട്ടുണ്ട്. മുമ്പ് 100 ശതമാനം കേന്ദ്രാവിഷ്കൃതമായിരുന്ന ഈ പദ്ധതിയുടെ ചെലവിന്റെ ഘടന ഇനിമുതൽ 60:40 എന്ന അനുപാതത്തിലേക്ക് മാറ്റിയിരിക്കുകയാണ്. മാത്രമല്ല, കേന്ദ്രം അനുവദിക്കുന്ന ബജറ്റ് ഇനിമുതൽ ഡിമാൻഡ് ഡ്രിവൺ അല്ല; നോർമേറ്റീവ് അലോക്കേഷൻ മാത്രമാണ്. ആവശ്യപ്പെടുന്ന എല്ലാവർക്കും ജോലി നൽകുക എന്നതായിരുന്നു ലക്ഷ്യം. എന്നാൽ ഇപ്പോൾ കേന്ദ്ര സർക്കാർ അനുവദിക്കുന്ന തൊഴിൽദിനങ്ങളുടെ 60 ശതമാനം മാത്രമേ നൽകുകയുള്ളൂ. അതിൽ അധികമായി തൊഴിൽ സൃഷ്ടിക്കുമ്പോൾ ആ ചെലവിന്റെ നൂറ് ശതമാനവും സംസ്ഥാനങ്ങളുടെ ബാധ്യതയായി മാറുകയാണ്.

ശ്രീ. പ്രമോദ് നാരായൺ: സർ, തൊഴിലിടങ്ങളിൽ തൊഴിൽ സമയത്ത് അപകടത്തിൽപ്പെടുകയോ ജീവൻ നഷ്ടപ്പെടുകയോ ചെയ്യുന്ന തൊഴിലാളികളെ സംരക്ഷിക്കാൻ രാജ്യത്തിനാകെ മാതൃകയാകുന്ന തരത്തിൽ കേരളം നടപ്പിലാക്കുന്ന ക്ഷേമനിധി പദ്ധതിയെ സംബന്ധിച്ച് വിശദീകരിക്കാമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ഇന്ത്യയിൽ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആദ്യമായി ക്ഷേമനിധി ഏർപ്പെടുത്തിയ സംസ്ഥാനമാണ് കേരളം. എൽ.ഡി.എഫ്. സർക്കാരാണ് തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി ഏർപ്പെടുത്തിയത്. ഈ ക്ഷേമനിധി പദ്ധതി പ്രകാരം അപകടത്തിൽപ്പെടുന്ന തൊഴിലാളികൾക്കുമാത്രമല്ല, തൊഴിലെടുക്കുന്നവർക്കും അവരുടെ മക്കൾക്കും പ്രസവാനുകൂല്യം, വിദ്യാഭ്യാസാനുകൂല്യം എന്നിവ ഉൾപ്പെടെ നിരവധി ആനുകൂല്യങ്ങളാണ് നൽകുന്നത്. എന്നാൽ നിലവിൽ കേന്ദ്ര സർക്കാർ ഈ സംവിധാനം അട്ടിമറിക്കുന്ന നിലയിലാണ് മുന്നോട്ടുപോകുന്നത്. അതിന് കോൺഗ്രസ് നേതൃത്വം കൂട്ടുനിൽക്കുന്നതായാണ് നമ്മൾ കാണുന്നത്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കേന്ദ്ര സർക്കാർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ചരിത്രത്തിൽനിന്നുതന്നെ ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടത്തുന്നത്. അത്തരമൊരു ഗൗരവമേറിയ വിഷയത്തെക്കുറിച്ച് ഈ സഭയിൽ ചർച്ചയ്ക്കോ അവതരണത്തിനോ ഇവിടുത്തെ പ്രതിപക്ഷം തയ്യാറാകുന്നില്ല എന്നത് ഖേദകരമാണ്.

കേന്ദ്ര സർക്കാർ കൊണ്ടുവന്ന പുതിയ നിയമമനുസരിച്ച് നിലവിലുള്ള ഡിമാൻഡ് ഡ്രിവൺ ഫ്രെയിംവർക്കിൽ നിന്ന് സപ്ലൈ ഡ്രിവൺ ഫ്രെയിംവർക്കിലേയ്ക്ക മാറുമ്പോൾ സംസ്ഥാനത്തുണ്ടാകുന്ന അധിക ബാധ്യതയെ സംബന്ധിച്ച് കൃത്യമായ പഠനം നടത്തിയിട്ടുണ്ടോ; ഈ സാഹചര്യത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ പോകുന്ന നടപടികൾ എന്തൊക്കെയായിരിക്കും?

ശ്രീ. എം. ബി. രാജേഷ്: സർ, നിലവിൽ സംസ്ഥാനത്തിനുണ്ടാകുന്ന അധിക

ബാധ്യതയെക്കുറിച്ച് കൃത്യമായ പ്രവചനം നടത്താൻ സാധ്യമല്ല. നേരത്തെ സൂചിപ്പിച്ചതുപോലെ കേന്ദ്ര സർക്കാർ എത്രത്തോളം തൊഴിൽ അനുവദിക്കുന്നു എന്നതാണ് ആദ്യം കണക്കിലെടുക്കേണ്ടത്. കേന്ദ്രം അനുവദിക്കുന്ന തൊഴിലിന്റെ 60 ശതമാനം ചെലവുമാത്രമാണ് കേന്ദ്ര സർക്കാർ വഹിക്കുന്നത്. ബാക്കി വരുന്ന 40 ശതമാനം സംസ്ഥാനം തന്നെ വഹിക്കേണ്ടിവരും. അതേസമയം, പുതുതായി തൊഴിൽ സൃഷ്ടിക്കേണ്ടിവരുന്ന സാഹചര്യത്തിൽ അതിന്റെ ചെലവിന്റെ നൂറുശതമാനവും സംസ്ഥാനമാണ് വഹിക്കേണ്ടിവരുന്നത്. അതിനാൽ, ഈ ഘട്ടത്തിൽ സംസ്ഥാനത്തിന് ഉണ്ടാകുന്ന അധിക ബാധ്യത എത്രയായിരിക്കുമെന്ന് കൃത്യമായി പറയാൻ സാധിക്കില്ല. ഇതുസംബന്ധിച്ച് വിവിധ കണക്കുകൾ പുറത്തുവന്നിട്ടുണ്ട്. ചില കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് 3,000 മുതൽ 3,500 കോടി രൂപവരെ അധിക ബാധ്യത വരുമെന്നാണ് വിലയിരുത്തൽ. കേരളത്തിലെ 22 ലക്ഷം തൊഴിലുറപ്പ് തൊഴിലാളികൾക്ക് കേന്ദ്ര സർക്കാർ കൂലിയായി നൽകേണ്ട 1,210 കോടി രൂപ ഇപ്പോഴും കുടിശ്ശികയാണ്. ഇത്തരം ഒരു സാഹചര്യം നിലനിൽക്കുമ്പോൾ സംസ്ഥാനത്തുനിന്നും തിരഞ്ഞെടുക്കപ്പെട്ട പത്തിരുപത് എം.പി.-മാരുണ്ടായിട്ടും അവരാരും ഇന്നുവരെ ഇക്കാര്യം പാർലമെന്റിൽ ചോദിക്കാൻ തയ്യാറായിട്ടില്ല. ജനങ്ങളുടെയും തൊഴിലുറപ്പ് തൊഴിലാളികളുടെയും വോട്ട് വാങ്ങി ജയിച്ചുപോയിട്ട് ഇവരൊന്നും വായുറന്ന് ചോദിച്ചിട്ടില്ലായെന്ന് മാത്രമല്ല, ഇവരുടെ നേതാവ് ശ്രീമതി പ്രിയങ്ക ഗാന്ധി പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയോടൊപ്പം ചായയും കുടിച്ച് തൊഴിലുറപ്പ് പദ്ധതിയെ തകർത്ത് അത് ആഘോഷിക്കുന്നതും നമ്മൾ കണ്ടതാണ്. ഇതുതന്നെയാണ് തൊഴിലുറപ്പ് തൊഴിലാളികളോടുള്ള ഇവരുടെ സമീപനവും മനോഭാവവും.

ശ്രീ. ജോബ് മൈക്കിൾ: സർ, പാവപ്പെട്ട തൊഴിലുറപ്പ് തൊഴിലാളികളുടെ വിഷയം ഈ സഭയിൽ അവതരിപ്പിക്കുമ്പോൾപോലും യാതൊരു കൂറുമില്ലാതെ സഭയിൽ സമരം നടത്തുന്ന പ്രതിപക്ഷ നടപടി ഖേദകരമാണ്.

അറുപത് ശതമാനത്തിലധികം സ്ത്രീ തൊഴിലാളികൾ തൊഴിലെടുക്കുന്ന തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര സർക്കാർ പരിമിതപ്പെടുത്തുന്നതിനും ഇല്ലാതാക്കുന്നതിനും ശ്രമിക്കുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ വരുമാനത്തിലുണ്ടാകുന്ന കുറവ് വിശകലന വിധേയമാക്കിയിട്ടുണ്ടോ; അതിനുള്ള പരിഹാരം സംസ്ഥാന സർക്കാർ നടപ്പാക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, ധനകാര്യ വകുപ്പുമന്ത്രി ഈ വർഷത്തെ ബജറ്റിൽ 1,000 കോടി രൂപ അധികമായി അനുവദിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ നടപടികൾ സ്ത്രീ വിരുദ്ധമാണ്. കാരണം തൊഴിലുറപ്പ് തൊഴിലാളികളിൽ മഹാഭ്രരിപക്ഷവും സ്ത്രീകളാണ്. സ്ത്രീകളെ സംബന്ധിച്ച് അതൊരു വരുമാന മാർഗ്ഗമാണ്, ദാരിദ്ര്യ ലഘൂകരണത്തിനുള്ള നടപടിയാണ്. എന്നാൽ, കേന്ദ്ര സർക്കാർ നടത്തിയ നടപടി പാവപ്പെട്ട തൊഴിലാളികൾക്കെതിരായ 'സർജിക്കൽ സ്ട്രൈക്ക്' ആണ്, സ്ത്രീകൾക്കെതിരായ കടുത്ത ദ്രോഹമാണ്. അത് ഈ സഭ ഗൗരവമായി കാണുകയും ചർച്ച ചെയ്യുകയും ചെയ്യേണ്ട സന്ദർഭത്തിലാണ് നിർഭാഗ്യകരമായ ഒരു പ്രതിഷേധം ഇവിടെ കണ്ടുകൊണ്ടിരിക്കുന്നത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ പേരിലുണ്ടായിരുന്നതും രാജ്യത്തെ കോടിക്കണക്കിന് പട്ടിണിപ്പാവങ്ങൾക്ക് ആശ്വാസം നൽകുന്നതുമായ ഒരു പദ്ധതി കേന്ദ്ര സർക്കാർ ഇല്ലാതാക്കിയതുമായി ബന്ധപ്പെട്ട വിഷയം

ഈ സഭയിൽ ചോദ്യമായി ഉന്നയിക്കപ്പെടുമ്പോൾ പ്രതിപക്ഷം നടത്തുന്ന ഇത്തരം സമരാഭാസം അങ്ങേയറ്റം അപലപനീയമാണെന്ന് സൂചിപ്പിക്കുകയാണ്.

തൊഴിലുറപ്പ് പദ്ധതിയിൽ കാർഷികമേഖലയുമായി ബന്ധപ്പെട്ട പ്രവൃത്തികളെല്ലാം ഏറ്റെടുക്കുന്നത് ഒഴിവാക്കിക്കൊണ്ടുള്ള സ്ഥിതിവിശേഷം ഉയർന്നുവന്നപ്പോൾ അതിനെ മറികടന്ന് കാർഷികമേഖലയിലെ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും ചെയ്യാൻ സാധിക്കുമോ?

ശ്രീ. എം. ബി. രാജേഷ്: സർ, തൊഴിലുറപ്പ് പദ്ധതിയുടെ വ്യവസ്ഥകളും നിബന്ധനകളുമൊക്കെ കേന്ദ്രത്തിന്റേതാണ്. കേന്ദ്ര സർക്കാരിന്റെ സമീപനമാണ് നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരിക്കുന്നത്.

കോഴിക്കോട്-വയനാട് തുരങ്കപാത

3(*94) ശ്രീ. കെ. എം. സച്ചിൻദേവ് ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. ടി. എ. റഹീം ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീ. എ. രാജ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തുകയുടെ വിശദാംശം നൽകാമോ;

(ബി) സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടപ്പിലാക്കുന്ന ആദ്യ തുരങ്കപാത നിർമ്മാണത്തിന്റെ നിലവിലെ പുരോഗതി വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി യാഥാർഥ്യമാക്കുന്നതിലൂടെ മലയോര മേഖലയിലെ ഗതാഗത സൗകര്യങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി അനുവദിച്ച തുകയിൽ എത്ര തുക വിനിയോഗിച്ചുവെന്ന വിവരം ലഭ്യമാക്കാമോ?

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ,

(എ) ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതയുടെ നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ 2,134.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ആനക്കാംപൊയിൽ ഭാഗം (തെക്ക് കവാടം)

കവാടത്തിന്റെ ഖനന പ്രവർത്തനങ്ങൾ നിലവിൽ നടക്കുന്നുണ്ട്. ക്രഷർ പ്ലാന്റ് (250 MT/മണിക്കൂർ) 16-01-2026-ന് കമ്മീഷൻ ചെയ്തു. ബാച്ചിംഗ് പ്ലാന്റ് (90cum/മണിക്കൂർ) പ്രവർത്തനക്ഷമമാക്കുന്നത് അന്തിമഘട്ടത്തിലാണ്. ഗുണനിലവാര നിയന്ത്രണ ലബോറട്ടറിയുടെയും ഓഫീസിന്റെയും നിർമ്മാണം അന്തിമഘട്ടത്തിലാണ്. 350 തൊഴിലാളികൾക്കായി ഒരു ലേബർ ക്യാമ്പ് സജ്ജീകരിക്കുന്നുണ്ട്. 2 ടാംറോക്ക് ഡബിൾ ബൂം, 2 നോർമാറ്റ് ഷോട്ട്ക്രീറ്റ് മെഷീനുകൾ എന്നിവ കൂടാതെ ഡമ്പറുകൾ, എസ്കവേറ്ററുകൾ, റോക്ക് ബ്രേക്കറുകൾ എന്നിവയുൾപ്പെടെയുള്ള പ്രധാന യന്ത്രസാമഗ്രികൾ സൈറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്.

മേപ്പാടി ഭാഗം (വടക്ക്)

145 മീറ്റർ കട്ട് & കവർ ചെയ്യുന്നതിനുള്ള ഖനനവും ചരിവ് സ്ഥിരപ്പെടുത്തുന്നതിനുള്ള ജോലികളും പുരോഗമിക്കുന്നു. ക്രഷർ പ്ലാന്റ് (മണിക്കൂറിൽ 250 MT) 05-01-2026-ന് കമ്മീഷൻ ചെയ്തു. ബാച്ചിങ് പ്ലാന്റ് (മണിക്കൂറിൽ 60 ഘനമീറ്റർ) പ്രവർത്തനക്ഷമമാക്കുന്നത് അന്തിമഘട്ടത്തിലാണ്. ക്വാളിറ്റി കൺട്രോൾ ലാബും ഓഫീസും പൂർത്തിയാക്കി. 400 തൊഴിലാളികൾക്കുള്ള ലേബർ ക്യാമ്പ് സ്ഥാപിച്ചു. സൈറ്റിൽ 2 ടാംറോക്ക് ഡബിൾ ബൂമുകളും 1 നോർമാറ്റ് ഷോട്ട്ക്രീറ്റ് മെഷീനും കൂടാതെ ഡമ്പറുകൾ, എക്സ്കവേറ്ററുകൾ, റോക്ക് ബ്രേക്കറുകൾ തുടങ്ങിയ ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ പ്രധാന അന്തർസംസ്ഥാന പാതയായി ഈ ടണൽ റോഡ് മാറും. കർണാടകയിലേക്കുള്ള യാത്ര മെച്ചപ്പെടുത്തുവാനും സുഗമമായ ഗതാഗതം സാധ്യമാക്കുവാനും ഇതിലൂടെ സാധിക്കും. മലയോര മേഖലയുടെ സമഗ്ര വികസനത്തിന് ഈ പദ്ധതി സഹായകരമാകും. കാർഷിക മേഖലയ്ക്കും വിനോദസഞ്ചാരത്തിനും സാമ്പത്തിക വളർച്ചയ്ക്കും ഇത് സഹായകരമാകും. ഇത് താമരശ്ശേരി ചുരത്തിലെ (പ്രതിദിനം 14,000-20,000 വാഹനങ്ങൾ) ഗതാഗതക്കുരുക്ക് കുറയ്ക്കും. കുറഞ്ഞ ചരക്ക് കൂലിയിൽ കർണാടകപോലുള്ള അയൽ സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് സിമന്റ്, സ്റ്റീൽ, ഭക്ഷണ സാധനങ്ങൾ എന്നിവയുൾപ്പെടെയുള്ള വസ്തുക്കളുടെ വിതരണം വർധിപ്പിക്കും. ദൂരം കുറയ്ക്കുകയും ഗതാഗത ചെലവ് കുറയ്ക്കുകയും ചെയ്യും. ചുരങ്ങളിലെ മലിനീകരണവും ഗതാഗതക്കുരുക്കും കുറയ്ക്കുന്നു. മനോഹരമായ പ്രദേശങ്ങളിലെ പ്രകൃതി സൗന്ദര്യം സംരക്ഷിക്കുന്നു. കുറഞ്ഞ ഭൂമി

ഏറ്റെടുക്കൽ, പ്രാദേശിക സമൂഹങ്ങളെയും കൃഷിയെയും സംരക്ഷിക്കുന്നു. കാലാവസ്ഥാ സംബന്ധമായ ഗതാഗത തടസ്സങ്ങൾ കുറയ്ക്കുന്നു. മലയോര കർഷകരുടെ കാർഷിക ഉൽപന്നങ്ങളുടെ വിപണിയിലേക്കുള്ള നീക്കം വർധിക്കുന്നത് കാർഷിക മേഖലയ്ക്ക് ഗുണകരമാകും. പുതിയ കാർഷികാധിഷ്ഠിത ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ പശ്ചാത്തല മേഖലയിലെ ഈ മുന്നേറ്റം സഹായകരമാകും. അതോടൊപ്പം കേരളത്തിലെ മുഖ്യ ടൂറിസം ആകർഷണമായിക്കൂടി തുരങ്കപാത മാറും. സഞ്ചാരികളുടെ കേന്ദ്രമായി ഈ പ്രദേശം മാറുന്നതോടെ ടൂറിസവും അനുബന്ധ പ്രവർത്തനങ്ങളും വർധിക്കും.

(ഡി) പ്രസ്തുത പദ്ധതിക്കായി 148,58,11,761/- രൂപയാണ് ഇതുവരെ വിനിയോഗിച്ചിട്ടുള്ളത്.

ശ്രീ. ലിന്റോ ജോസഫ്: സർ, നാടിന്റെ വികസനത്തെ തടയുക എന്നതുമാത്രമായി പ്രതിപക്ഷത്തിന്റെ നിലപാട് ചുരുങ്ങുകയാണ്. നാട്ടിലെ സാധാരണക്കാരുടെ വിഷയം ഉന്നയിക്കാനുള്ള അവസരത്തിൽ എല്ലാദിവസവും ഇങ്ങനെ ചോദ്യോത്തരവേള തടസ്സപ്പെടുത്തുന്നത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ഈ സ്വപ്നപദ്ധതി യാഥാർഥ്യമാകുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രമാണ്. ഈ പദ്ധതിയെ എതിർക്കുമെന്നായിരുന്നു പ്രതിപക്ഷ നേതാവിന്റെ നിലപാട്.

എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2,134 കോടി രൂപ മുടക്കി ഈ പദ്ധതി യാഥാർഥ്യമാക്കുകയാണ്. ഈ പദ്ധതി ആരംഭിക്കുന്ന ആനക്കാംപൊയിൽ മറിപ്പുഴയിൽനിന്ന് ദേശീയപാതയുമായി കണക്ട് ചെയ്യാനുള്ള റോഡിന്റെ

അലൈൻമെന്റ് എപ്രകാരമാണ്; ദേശീയപാതയുമായി കണക്ട് ചെയ്യാൻ എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരു ജനത പതിറ്റാണ്ടുകളായി ആഗ്രഹിക്കുന്ന ഒരു സ്വപ്നമാണ് ഇങ്ങനെയൊരു പാത വേണമെന്നുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഈ സർക്കാർ നടത്തിയ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഭാഗമായാണ് അവിടെ ഇപ്പോൾ പ്രോജക്ട് അനുവദിച്ചതും നിർമ്മാണം ആരംഭിക്കാൻ കഴിഞ്ഞിട്ടുള്ളതും. അതേസമയം ഒരു കാരണവശാലും ഈ പദ്ധതി നടപ്പിലാക്കില്ലെന്ന് പറഞ്ഞ് ജനങ്ങളുടെ സ്വപ്നത്തിനും നാടിന്റെ വികസനത്തിനെതിരായും നിൽക്കുന്ന ചിലർ ഇവിടെയുണ്ടെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉൾപ്പെടെ അതിനെ എതിർത്തതാണ് എന്നത് നമ്മൾ കാണേണ്ടതായിട്ടുണ്ട്. കോഴിക്കോട്-വയനാട് തുരങ്കപാത കുന്ദമംഗലം-അഗസ്ത്യൻമുഴി, തിരുവമ്പാടി-ആനക്കാംപൊയിൽ-മറിപ്പുഴ-കള്ളാടി-മേപ്പാടി കൽപ്പറ്റ റോഡിനെ സ്റ്റേറ്റ് ഹൈവേ 83 ആയി സർക്കാർ അംഗീകരിച്ചിട്ടുണ്ട്. തുരങ്കപാത കൊല്ലങ്കൽ-കോഴിക്കോട് ദേശീയപാത എൻ.എച്ച്.766-ഉം ആയി കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്തും വയനാട് ജില്ലയിൽ കൽപ്പറ്റ ഭാഗത്തുമായാണ് ബന്ധിക്കപ്പെടുന്നത്. കുന്ദമംഗലം മുതൽ അഗസ്ത്യൻമൂഴിവരെയുള്ള നാലുവരിപ്പാതയുടെ അലൈൻമെന്റ് സർക്കാരിന്റെ പരിഗണനയിലാണ്. അത് പരിശോധിച്ച് ഡി.പി.ആർ.-ലേയ്ക്ക് ഉടൻതന്നെ കടക്കാനാകും.

ശ്രീ. ലിന്റോ ജോസഫ്: സർ, 2025 ആഗസ്റ്റ് 31-നാണ് തുരങ്കപാതയുടെ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചത്. അതിവേഗതയിൽ തുരങ്കപാതയുടെ നിർമ്മാണ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. അനുബന്ധ പ്രവർത്തനങ്ങളെല്ലാം പൂർത്തീകരിച്ചു. തുരങ്ക നിർമ്മാണത്തിന്റെ ഫസ്റ്റ് ബ്ലാസ്റ്റിങ് എപ്പോൾ നടത്താൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇന്നത്തെ സാഹചര്യത്തിൽ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ജനങ്ങളുടെ സ്വപ്നം യാഥാർഥ്യമാക്കരുത്, ഈ പദ്ധതിതന്നെ നടപ്പാക്കരുതെന്നുപറഞ്ഞ് ഇടപെട്ട, അതിനുവേണ്ടി നിലകൊണ്ട ചിലരുണ്ട്. പക്ഷേ അത്തരത്തിലുള്ള പ്രതിസന്ധികളെയൊക്കെ അതിജീവിച്ചുകൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ പ്രാരംഭ പ്രവർത്തനങ്ങളും അതോടൊപ്പംതന്നെ അതിന് അനുബന്ധമായിട്ടുള്ള എല്ലാ കാര്യങ്ങളും ചെയ്ത് മുന്നോട്ടുപോകുകയാണ്. പദ്ധതി പ്രവർത്തനങ്ങൾ അതിവേഗംതന്നെയാണ് ഈ ഘട്ടത്തിൽ പുരോഗമിക്കുന്നത്. ഒരു സമയം നിശ്ചയിച്ചതനുസരിച്ചുതന്നെയാണ് ഓരോ ഘട്ടവും പിന്നിട്ടുകൊണ്ട് ഈ പ്രോജക്ട് മുന്നോട്ടുപോകുന്നത്. മറ്റ് തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഫെബ്രുവരി മാസം അവസാനത്തോടെ ബ്ലാസ്റ്റിങ്ങിലേയ്ക്ക് എത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ ഈ പദ്ധതി പൂർണ്ണമായും സജ്ജമാകുന്നത് 2029-ലായിരിക്കും.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിൽ ഒരു വികസനവും അനുവദിക്കില്ലെന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സഭയിൽ തുടർച്ചയായി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

അതിന്റെ ഭാഗമാണ് ഇപ്പോൾ സഭയിൽ അവർ കാണിച്ചുകൊണ്ടിരിക്കുന്ന പേക്കൂത്തുകളെല്ലാം. ഇത് ജനങ്ങൾ ശരിയായ നിലയിൽ മനസ്സിലാക്കേണ്ടതുണ്ട്. ഭാവി കേരളത്തിന്റെ താൽപര്യത്തെ മുൻനിർത്തി, ആവശ്യമായ നിലപാടുകൾ ജനങ്ങൾ സ്വീകരിക്കുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. വയനാടിന്റെ യാത്രാ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇന്ന് ഏർപ്പെടുത്തിയിട്ടുള്ള ഏറ്റവും പ്രധാനപ്പെട്ട പരിഹാരമാർഗ്ഗമാണ് ഈ തുരങ്കപാത. വയനാട് ജില്ലയുടെ യാത്രയുമായി ബന്ധപ്പെട്ട് നിൽക്കുന്ന മറ്റൊരു പ്രശ്നം പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡാണ്. പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ നിർദ്ദിഷ്ട ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോ; ഈ റോഡിന്റെ ഡി.പി.ആർ.-ൽ ടണൽ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നുള്ള കാര്യം വ്യക്തമാക്കാമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡ് ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി പ്രവൃത്തിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പ്രാഥമിക പ്രോജക്ട് റിപ്പോർട്ടുപ്രകാരം റോഡിന്റെ ആകെ നീളം 20.918 കിലോമീറ്ററാണ്. ഇതിൽ 4.675 കിലോമീറ്റർ നീളത്തിൽ ടണൽകൂടി നിർദേശിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള പ്രാഥമിക രൂപരേഖയാണ് തയ്യാറാക്കിയിരിക്കുന്നത്. ഇത് പരിശോധിച്ചുവരുന്നുണ്ട്. ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത പദ്ധതിക്കായി ഇതുവരെ സംസ്ഥാന സർക്കാർ 148,58,10,761/- രൂപ കിഫ്ബിയിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ഭൂമി ഏറ്റെടുക്കലിനായി കൈമാറിയ 77,51,75,443 രൂപയും നിർമ്മാണ പ്രവൃത്തിയുടെ ഭാഗമായി

ചെലവഴിച്ച 67.5 കോടി രൂപയും യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനായി കെ.എസ്.ഇ.ബി.-ക്ക് കൈമാറിയ 7,36,000 രൂപയും പാരിസ്ഥിതികാഘാത പഠനത്തിനായി നൽകിയ 12 ലക്ഷം രൂപയും ഫോറസ്റ്റ് ക്ലിയറൻസിനായി നൽകിയ 3.81 കോടി രൂപയും ഉൾപ്പെടുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെയുള്ള കാര്യങ്ങളിലാണ് പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. അതിന്റെ നടപടികൾ പുരോഗമിച്ചുവരികയാണ്.

ശ്രീ. എ. രാജ: സർ, ഇടുക്കി ജില്ലയിലെ ജനങ്ങളുടെ സ്വപ്നങ്ങൾ ഓരോന്നായി എൽ.ഡി.എഫ്. സർക്കാരിലൂടെ യാഥാർഥ്യമാവുകയാണ്. റോഡ് വികസനത്തിലൂടെ ഇടുക്കി ജില്ലയുടെ മുഖച്ഛായതന്നെ മാറ്റുന്നതിന് എൽ.ഡി.എഫ്. സർക്കാരിന് കഴിഞ്ഞിട്ടുണ്ട്, അതിന് പ്രത്യേക അഭിനന്ദനങ്ങൾ അറിയിക്കുന്നു. സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് മറ്റെവിടെയെങ്കിലും തുരങ്കപാത നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ പത്ത് വർഷക്കാലം കേരളത്തിന്റെ അടിസ്ഥാനസൗകര്യ വികസനമേഖലയിലുണ്ടായ മാറ്റം വിസ്മയകരമാണ്. ഇടുക്കി ജില്ലയെ സംബന്ധിക്കുന്ന ഷോട്ട്സുകൾ നാം കണ്ടിട്ടുള്ളതാണ്. അവിടെ സഞ്ചരിക്കുന്നവർക്കും അവിടെ പോയിട്ടില്ലാത്തവർക്കുമായി ജനങ്ങൾതന്നെ അതിന്റെ വിഷ്വൽസെടുത്ത് പ്രചരിപ്പിക്കുന്നത് നാമെല്ലാം കണ്ടിട്ടുള്ളതാണ്. സംസ്ഥാന സർക്കാരിനെ സംബന്ധിച്ച് അടിസ്ഥാനസൗകര്യ വികസന മേഖലയിൽ മികച്ച മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞുവെന്നത് അഭിമാനകരമാണ്. ഇനിയുള്ള നിർമ്മാണ

പദ്ധതികളിൽ തുരങ്കപാത പോലെയുള്ള പദ്ധതികൾ ഉൾപ്പെടുത്തി മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇത്തരത്തിലുള്ള തുരങ്കപാത നടപ്പിലാക്കാൻ ഒരു കാരണവശാലും അനുവദിക്കില്ലെന്ന് പറഞ്ഞ പ്രതിപക്ഷനേതാവാണ് ഈ സഭയിൽ ഒന്നും മിണ്ടാതിരിക്കുന്നത്. എന്നാൽ സർക്കാർ ഈ തുരങ്കപാത നിർമ്മിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അവതരിപ്പിച്ച ബജറ്റിൽ കട്ടപ്പന-തേനി തുരങ്കപാതയുടെ നിർമ്മാണം സംബന്ധിച്ച് സുപ്രധാനമായൊരു പ്രഖ്യാപനമുണ്ടായിരുന്നു. തുരങ്കപാതയുടെ സാധ്യതാപഠനത്തിനായി 10 കോടി രൂപയാണ് ബജറ്റിൽ അനുവദിച്ചിട്ടുള്ളത്. കട്ടപ്പന മുതൽ തേനി വരെ 20 കിലോമീറ്ററോളം യാത്രാലാഭം സാധ്യമാക്കുന്ന വലിയ പദ്ധതിയാണ് വിഭാവനം ചെയ്യുന്നത്. സാമൂഹികവും സാമ്പത്തികവുമായ മുന്നേറ്റവും സാധാരണക്കാരായ മനുഷ്യരുടെ യാത്രാക്ലേശം ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. ശക്തമായൊരു മഴപെയ്താലോ മണ്ണിടിച്ചിലുണ്ടായാലോ യാത്ര തടസ്സപ്പെടുകയും വയനാട് ഒറ്റപ്പെട്ട് പോകുകയും ചെയ്യുന്ന സാഹചര്യത്തിലാണ് ഇത്തരമൊരു തുരങ്കപാത നിർമ്മാണം ആരംഭിച്ചതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ഈ പദ്ധതി ജനങ്ങൾ രണ്ട് കൈയും നീട്ടി സ്വീകരിച്ചുകഴിഞ്ഞു. കട്ടപ്പന മുതൽ തേനി വരെ 20 കിലോമീറ്ററോളം യാത്രാലാഭം സാധ്യമാക്കുന്ന വലിയൊരു പദ്ധതിയാണിത്. ഇടുക്കിയിലെ ജനങ്ങൾക്ക് മാത്രമല്ല കേരളത്തിന്റെയാകെ വികസനമുന്നേറ്റത്തിന് ഇത് സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. വയനാട്-കോഴിക്കോട് തുരങ്കപാതയെ എതിർത്തതുപോലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ പദ്ധതിയെയും എതിർക്കുന്നുണ്ട്. എന്നിരുന്നാലും സംസ്ഥാന സർക്കാർ ഈ പദ്ധതിയുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, കേരളത്തിന്റെ വികസനത്തെ തുരങ്കം വയ്ക്കുന്ന പ്രതിപക്ഷത്തിന്റെ കുതന്ത്രങ്ങൾക്കുള്ള മറുപടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം നടത്തി അതിവേഗതയിൽ പ്രവർത്തനം നടന്നുവരുന്ന ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാത. കേരളത്തിന്റെ വികസനം തന്നെ തകർക്കുന്നതിന് നേതൃത്വം കൊടുക്കുന്നവർ നിയമസഭയുടെ നടത്തിപ്പുതന്നെ മുന്നോട്ടുകൊണ്ടുപോകാൻ തടസ്സം നിൽക്കുന്ന രീതിയിൽ ജനാധിപത്യത്തിന് ഹിതകരമല്ലാത്ത കാര്യങ്ങളാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. തുരങ്കപാത യാഥാർഥ്യമാകുന്നതോടെ എന്തെല്ലാം മാറ്റങ്ങളാണ് കോഴിക്കോട് ജില്ലയുടെ കിഴക്കൻ ഭാഗങ്ങളിലുണ്ടാകാൻ പോകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ; അതിനനുസരിച്ച് ആ മേഖലയിൽ അടിസ്ഥാന സൗകര്യവികസനത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ശ്രീമതി വീണാ ജോർജ്ജ്: സർ, കോഴിക്കോട്-വയനാട് തുരങ്കപാത യാഥാർഥ്യമാകുന്നതോടുകൂടി വളരെ വിസ്മയകരമായ മാറ്റങ്ങൾ ഈ മേഖലയിലുണ്ടാകും. ഇതിന്റെ ഗുണഫലം ആത്യന്തികമായി സാധാരണക്കാരായ ജനങ്ങൾക്കാണ് ലഭിക്കാൻ പോകുന്നത്. ഈ തുരങ്കപാതയുമായി കണക്ട് ചെയ്യുന്ന റോഡുകളും ആ മേഖലയിലുള്ള മറ്റ് റോഡുകളുടെ വികസനവും ഇതിന്റെ ഭാഗമായി നടത്തുന്നുണ്ട്. KIIFB പദ്ധതികൾക്കൊപ്പം മറ്റ് പദ്ധതികളിൽക്കൂടി ഉൾപ്പെടുത്തി സമീപ റോഡുകളുൾപ്പെടെ വികസിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടുകൂടി സാമ്പത്തികരംഗത്ത് വയനാട് തുരങ്കപാത വലിയ ഉണർവാണ് സൃഷ്ടിക്കാൻ പോകുന്നത്. കൃഷിയുൽപ്പന്നങ്ങൾ പ്രത്യേകിച്ച് കാപ്പി, കുരുമുളക്, ഏലം തുടങ്ങിയവ വിപണികളിലേക്ക്

വേഗത്തിലെത്തിക്കാൻ സാധിക്കും, ഗതാഗത ചെലവ് കുറയും, കർഷകർക്ക് മികച്ച വില ലഭിക്കും, ഇതുകൂടാതെ നിർമ്മാണഘട്ടത്തിലും തുടർന്ന് അനുബന്ധഘട്ടങ്ങളിലും നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും. റെയിൽവേ സ്റ്റേഷനിലേക്കോ, വിമാനത്താവളത്തിലേക്കോ എത്തിച്ചേരാൻ വയനാട്ടുകാർ ഇപ്പോൾ താമരശ്ശേരി ചുരത്തെയാണ് ആശ്രയിക്കുന്നത്. വാഹനാപകടങ്ങളും സാങ്കേതിക തകരാറുകളും കാരണം ധാരാളം സമയം ചുരത്തിൽ നഷ്ടപ്പെടാറുമുണ്ട്. അത്തരത്തിലുള്ള ഗതാഗതകുരുക്കിനും പരിഹാരമാകും. കൂടാതെ ടൂറിസം മേഖലയ്ക്കും ഈ പദ്ധതി വലിയ രീതിയിൽ ഗുണം ചെയ്യും. വയനാടിന്റെ പ്രകൃതിസൗന്ദര്യം ആസ്വദിക്കാൻ കൂടുതൽ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നതിന് സുരക്ഷിതവും തടസ്സരഹിതവുമായ ഗതാഗതം ഉറപ്പാക്കുന്നതിന് ഈ പദ്ധതി സാധ്യമാക്കുന്നു. ഹോട്ടൽ, ഹോംസ്റ്റേ, ഗൈഡ് സേവനങ്ങൾ തുടങ്ങിയ മേഖലകൾക്ക് വളർച്ചയുണ്ടാകും. ഇതിലൂടെ പ്രാദേശിക ജനങ്ങളുടെ വരുമാനമാണ് ആത്യന്തികമായി വർധിക്കുന്നത്. എല്ലാ തരത്തിലും വലിയ വികസനത്തിന് ഉപകാരപ്രദമാകുന്നതും താമരശ്ശേരി ചുരത്തിലൂടെ സഞ്ചരിക്കാതെ തന്നെ വയനാട്, കോഴിക്കോട് ജില്ലകളെ തമ്മിൽ ബന്ധിപ്പിക്കുന്നതുമായ നിർദ്ദിഷ്ട തുരങ്കപാത കൊച്ചിയും ബാംഗ്ലൂരും തമ്മിലുള്ള യാത്രാക്ലേശവും വലിയ രീതിയിൽ പരിഹരിക്കും. സംസ്ഥാനത്തിന് മുഴുവൻ ഗുണകരമായി ഭവിക്കുന്നൊരു പ്രോജക്ടാണിത്.

പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട മാറ്റങ്ങൾ

4(*95) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ചുമതലപ്പെടുത്തിയതുപ്രകാരം
ശ്രീമതി യു. പ്രതിഭ:
ശ്രീ. ഐ. ബി. സതീഷ്:

ശ്രീ എം. എസ്. അരുൺ കുമാർ:

ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 അധ്യയന വർഷം മുതൽ ഭരണഘടനയുമായി ബന്ധപ്പെട്ട് പാഠപുസ്തകങ്ങളിൽ വരുത്തിയ പ്രധാനപ്പെട്ട കൂട്ടിച്ചേർക്കലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) കുട്ടികളിൽ വിമർശനാത്മക ചിന്ത വളർത്തുന്നതിനായി പാഠപുസ്തകങ്ങളിൽ സ്വീകരിച്ചിട്ടുള്ള സമീപനം എങ്ങനെയുള്ളതാണ്; വിശദമാക്കുമോ;

(സി) പരീക്ഷകളിൽ കേവലം ഓർമ്മശക്തി പരീക്ഷിക്കുക എന്നതിന് പകരം വിശകലനശേഷിയും ചിന്താശേഷിയും വളർത്തുന്നതിനുള്ള സമീപനം സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഫിൻലാന്റ് മാതൃകയിലുള്ള വിദ്യാഭ്യാസ രീതിയിൽനിന്ന് കേരളം ഉൾക്കൊള്ളാൻ ശ്രമിക്കുന്ന പ്രധാന മാതൃകകൾ എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വിദ്യാകിരണം മിഷൻ എന്നതുകൊണ്ട് ലക്ഷ്യമിടുന്നത് എന്താണെന്ന് വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, നിയമസഭാ സമ്മേളനം ആരംഭിച്ച അന്നുമുതൽ ബാനറുകളുയർത്തിപ്പിടിച്ച് "സ്വർണ്ണം കട്ടതാരപ്പാ, സഖാക്കളാണെ അയ്യപ്പാ" എന്ന മുദ്രാവാക്യം വിളിക്കുകയാണ്. ഇവരുടെ ആവശ്യമെന്താണ്?

"യഥാർഥത്തിൽ സ്വർണ്ണം കട്ടതാരപ്പാ, കോൺഗ്രസ്സാണെ അയ്യപ്പാ, സംരക്ഷിക്കുന്നതാരപ്പാ, സോണിയ ഗാന്ധിയാണെ അയ്യപ്പാ" എന്നാണ് എഴുതിവയ്ക്കേണ്ടത്. ബഹു. ഹൈക്കോടതിയുടെകൂടി നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് പ്രത്യേക അന്വേഷണ സംഘം വളരെ ഗൗരവമായി ഇക്കാര്യം അന്വേഷിച്ചുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ഒരാഴ്ചക്കാലമായി നടത്തിയ സമരത്തിന് ഒരു പ്രാധാന്യവും മാധ്യമങ്ങളിൽനിന്ന് ലഭിക്കുന്നില്ലെന്ന് കണ്ടതുകൊണ്ടാണ് ചോദ്യോത്തരവേളയിൽ ഈ സമരവുമായി രംഗത്ത് വന്നിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രതിപക്ഷ എം.എൽ.എ.-മാരെ വിളിച്ച് ക്ലാസ് കൊടുക്കുന്നുണ്ടായിരുന്നു. ബഹുമാനപ്പെട്ട സ്പീക്കറുടെ അടുത്തേക്ക് പോകാനുള്ള നിർദേശമാണ് നൽകിയിരിക്കുന്നത്. എന്നാൽ മാത്രമേ പത്രങ്ങളിൽ അത് വാർത്തയായി വരികയുള്ളുവെന്നതുകൊണ്ടാണ്. ഒരു സഭയിൽ ഇതിലധികം എങ്ങനെയാണ് സഹിക്കുന്നത്? ബഹു. മുഖ്യമന്ത്രിയുടെ ഓഫീസിനെതിരെ അസഭ്യം പറയുക, ബഹു. മുഖ്യമന്ത്രിക്കെതിരെ ആക്ഷേപമുന്നയിക്കുക, ബഹു. സ്പീക്കറെ ആക്രമിക്കാൻ ശ്രമിക്കുക തുടങ്ങിയവയൊക്കെയാണ് ഈ സഭയിൽ നടന്നുകൊണ്ടിരിക്കുന്നത്. ഭരണഘടനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളാണ് ഇന്നത്തെ ചോദ്യത്തിൽ ഉന്നയിച്ചിരിക്കുന്നത്. ..... (ബഹളം) ....

മി. സ്പീക്കർ: ബഹു. മന്ത്രിയെ മറുപടി പറയാൻ അനുവദിക്കൂ. ബഹു. മന്ത്രി മറുപടി പറയൂ.

ശ്രീ. വി. ശിവൻകുട്ടി: സർ, അങ്ങ് മുൻകൈ എടുത്തുകൊണ്ട് സ്കൂൾ വിദ്യാർഥികളെ പഠിപ്പിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർമാരെ ഭരണഘടന പഠിപ്പിക്കണം. എന്നാൽ മാത്രമേ സഭ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ.

(എ) 2023-24 അധ്യയന വർഷം മുതൽ കേരളത്തിലെ പാഠപുസ്തകങ്ങളിൽ ഭരണഘടനാ മൂല്യങ്ങൾക്ക് വലിയ പ്രാധാന്യമാണ് നൽകിയിരിക്കുന്നത്. ഇതിന്റെ പ്രധാന വശങ്ങൾ താഴെപ്പറയുന്നവയാണ്:

1. 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പരിഷ്കരിച്ച എല്ലാ പാഠപുസ്തകങ്ങളുടെയും ആരംഭത്തിൽ ഭരണഘടനയുടെ ആമുഖം (Preamble) ഉൾപ്പെടുത്തിയിട്ടുണ്ട്.

2. ഭരണഘടനാ ആശയങ്ങൾ കേവലം ആമുഖത്തിൽ മാത്രം ഒതുക്കി നിർത്താതെ, 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ വിവിധ വിഷയങ്ങളിലായി പടർന്നുകിടക്കുന്ന അനേകം പാഠഭാഗങ്ങളിൽ വ്യത്യസ്തമായ രീതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. താഴ്ന്ന ക്ലാസ്സുകളിൽ ലളിതമായ ആശയങ്ങളിലൂടെയും ഉയർന്ന ക്ലാസ്സുകളിൽ ആഴത്തിലുള്ള വിശകലനങ്ങളിലൂടെയും ജനാധിപത്യം, മതേതരത്വം, തുല്യത തുടങ്ങിയ ആശയങ്ങൾ കുട്ടികൾക്ക് പകർന്നുനൽകുന്നു.

3. പാഠപുസ്തകത്തിന്റെ മീഡിയത്തിന് അനുസരിച്ച് അതത് ഭാഷകളിൽ (മലയാളം, തമിഴ്, കന്നഡ, ഹിന്ദി) ആമുഖവും ഭരണഘടനാ ആശയങ്ങളും നൽകിയിരിക്കുന്നു.

4. ഭരണഘടനയോടൊപ്പം തന്നെ ലിംഗനീതി, പോക്സോ (POCSO) നിയമങ്ങൾ, ശാസ്ത്രബോധം എന്നിവയ്ക്കും പാഠപുസ്തകങ്ങളിൽ പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്.

(ബി) വിമർശനാത്മക ചിന്ത വളർത്തുന്നതിനായി 'വിമർശനാത്മക ബോധനശാസ്ത്രം' (Critical Pedagogy) അടിസ്ഥാനമാക്കി പ്രവർത്തനങ്ങൾ ഒരുക്കുന്നതിന് സഹായകമായ രീതിയിലാണ് പാഠപുസ്തകങ്ങളും അധ്യാപക സഹായിയും തയ്യാറാക്കിയിട്ടുള്ളത്.

സമൂഹജ്ഞാനനിർമ്മിതി അടിസ്ഥാനമാക്കി ബോധനപ്രക്രിയ നിശ്ചയിച്ചു. അതിനാൽ ക്ലാസ് മുറികളിൽ അറിവ് കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നതിന് പകരം, ചോദ്യങ്ങളിലൂടെയും വിശകലനത്തിലൂടെയും അവർ തന്നെ അറിവ് കൂട്ടായി നിർമ്മിക്കുന്ന രീതിയാണ് സ്വീകരിച്ചിട്ടുള്ളത്.

പ്രശ്നപരിഹരണശേഷി സമീപനത്തിന്റെ ഭാഗമായി സാമൂഹിക വിഷയങ്ങളെ (ഉദാഹരണത്തിന് കൃഷി, പരിസ്ഥിതി, പാർശ്വവൽക്കരിക്കപ്പെട്ടവരോടുള്ള സമീപനം) ആധാരമാക്കി പാഠഭാഗങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നു. ഇത് കുട്ടികളുടെ ജീവിത സാഹചര്യങ്ങളുമായി പഠനത്തെ ബന്ധിപ്പിക്കാൻ സഹായിക്കുന്നു.

ക്ലാസ്സ് മുറികളിലെ തുറന്ന ചർച്ചകളും സംവാദങ്ങളുംവഴി കുട്ടികളിൽ യുക്തിസഹമായ ചിന്താഗതി വളർത്തിയെടുക്കുന്നു. സഹവർത്തിത്വവും സഹകരണാത്മകവുമായ പ്രവർത്തനങ്ങൾ പഠന പ്രവർത്തനങ്ങളുടെ സവിശേഷതയാണ്.

(സി) ഓർമ്മശക്തിക്കുപകരം കുട്ടികളുടെ വ്യത്യസ്തമായ ചിന്താപ്രക്രിയകൾക്ക് പ്രാധാന്യം നൽകുന്നതിനായി മൂല്യനിർണ്ണയ രീതിയിൽ ശാസ്ത്രീയമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. ഓരോ വിഷയത്തിനും എഴുത്തുപരീക്ഷയിൽ കുറഞ്ഞത് 30% മാർക്ക് നേടണമെന്ന നിബന്ധന കൊണ്ടുവന്നു. 80 മാർക്കിന്റെ പരീക്ഷയിൽ 24 മാർക്കും 40 മാർക്കിന്റെ പരീക്ഷയിൽ 12 മാർക്കും 20 മാർക്കിന്റെ പരീക്ഷയിൽ 6 മാർക്കും മിനിമം സ്കോറായി നിശ്ചയിച്ചു.

ചോദ്യപേപ്പർ ഘടനയിൽ കാലോചിതമായ മാറ്റം വരുത്തി. കുട്ടികളുടെ കഴിവുകളെ പരിഗണിച്ചുകൊണ്ട് ചോദ്യങ്ങളെ മൂന്ന് തലങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്നു:

അടിസ്ഥാന തലം (30%): വസ്തുതകൾ ഓർത്തെടുക്കുന്നത്.

ശരാശരി തലം (50%): പ്രയോഗവും വിശകലനവും.

ഉയർന്ന തലം (20%): സർഗ്ഗാത്മകവും ആഴത്തിലുള്ളതുമായ ചിന്ത ആവശ്യമായ പ്രയാസമേറിയ ചോദ്യങ്ങൾ.

2024-25-ൽ എട്ടാം ക്ലാസ്സിലും, 2025-26-ൽ ഒൻപതാം ക്ലാസ്സിലും അടുത്ത അധ്യയന വർഷം പത്താം ക്ലാസ്സിലും എഴുത്തുപരീക്ഷയിൽ 30% മിനിമം മാർക്ക് നടപ്പിലാക്കും.

(ഡി) ലോകത്തിലെ മികച്ച വിദ്യാഭ്യാസ രീതികളിലൊന്നായ ഫിൻലാൻഡ് മാതൃകയിൽനിന്ന് കേരളത്തിന് സ്വീകരിക്കാവുന്ന പ്രധാന കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രീ-പ്രൈമറി ക്ലാസ്സുകളിൽ കളികളിലൂടെയുള്ള പഠനവും ശിശു കേന്ദ്രീകൃതമായ ബോധനരീതികളും.

2. ഗവേഷണാധിഷ്ഠിതമായ അധ്യാപക പരിശീലന രീതികളും അധ്യാപകർക്ക് നൽകുന്ന അക്കാദമിക് സ്വാതന്ത്ര്യവും.

അതോടൊപ്പം തന്നെ കേരളത്തിന്റെ 'ലിറ്റിൽ കൈറ്റ്സ്' (LITTLE KITES) പദ്ധതി ഫിൻലാൻഡിലെ സ്കൂളുകളിൽ നടപ്പിലാക്കാൻ ആ രാജ്യവും താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

(ഇ) നവകേരള മിഷന്റെ ഭാഗമായി വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ടിയുള്ള പ്രധാന മിഷനുകളിൽ ഒന്നാണ് വിദ്യാകിരണം മിഷൻ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ തുടർച്ചയായി, പൊതുവിദ്യാലയങ്ങളെ

ആഗോള നിലവാരത്തിലുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി (Centres of Excellence) മാറ്റുകയെന്നതാണ് ഇതിന്റെ പ്രധാന ദൗത്യം.

സ്കൂളുകളിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങളൊരുക്കുക, ഹൈടെക് ക്ലാസ്സ് മുറികൾ സജ്ജമാക്കുക, ഡിജിറ്റൽ സാക്ഷരത ഉറപ്പുവരുത്തുക എന്നിവ ഇതിലുൾപ്പെടുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ജനങ്ങളുടെയും പങ്കാളിത്തത്തോടെ വിദ്യാഭ്യാസ മേഖലയിലെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ മിഷൻ ഏകോപിപ്പിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പരിപാടിയുടെ ഏകോപന ചുമതലയും വിദ്യാകിരണം മിഷനാണ് നിർവഹിക്കുന്നത്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് ചോദ്യോത്തരവേളയുടെ തുടർന്നുള്ള ഭാഗം റദ്ദ് ചെയ്യുകയും സഭ രാവിലെ 9.39-ന് താൽക്കാലികമായി നിർത്തിവയ്ക്കുകയും ചെയ്തു.

പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 9.39-ന് നിർത്തിവച്ച സഭ 10.00 മണിക്ക് പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ...ഓർഡർ... ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി....

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന സംഭവങ്ങൾ യഥാർഥത്തിലുള്ള അന്വേഷണത്തെ അട്ടിമറിക്കാൻ വേണ്ടിയുള്ളതാണ്.....(ബഹളം).... ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി

നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ പ്രതിപക്ഷത്തിനും പ്രതിപക്ഷ നേതാവിനുമുള്ള മറുപടിയാണ്.....(ബഹളം).....

മി. സ്പീക്കർ: മിനിസ്റ്റർ പറയുന്നത് കേൾക്കൂ. അതിനുശേഷം മറുപടി പറയൂ... യെസ്.... മിനിസ്റ്റർ പറയൂ...

ശ്രീ. പി. രാജീവ്: സർ, ഹൈക്കോടതി പറഞ്ഞത്, "This Court, in its earlier order made it abundantly clear that the officers constituting the SIT shall be directly answerable to this court and that the investigation shall be conducted with the highest degree of discretion, integrity and confidentiality without indulging any information to the public or media." ഈ അന്വേഷണം പൂർണ്ണമായും ഹൈക്കോടതിയുടെ മേൽനോട്ടത്തിലാണെന്നാണ് ഹൈക്കോടതി പറഞ്ഞത്. അതിൽ integrity-യും confidentiality-യുമുണ്ട്. ഹൈക്കോടതിക്കല്ലാതെ വേറൊരാൾക്കും ഇതുസംബന്ധിച്ച ഒരു കാര്യവും റിപ്പോർട്ട് ചെയ്യുന്നില്ലെന്നാണ് ഈ വിധിയിൽ പറയുന്നത്. ഇതുകൂടാതെ ഹൈക്കോടതി പറഞ്ഞു, "We are informed that no information is being passed by SIT to any outsider and the investigation is kept highly confidential." ഹൈക്കോടതി പിന്നെ പറയുകയാണ്, " ....dispersed at clear directions, it is reported that the SIT is presently being subjected to unwarranted pressure." സത്യസന്ധമായി നടക്കുന്ന ഈ അന്വേഷണത്തിന് ഞങ്ങളല്ലാതെ മറ്റാരും മേൽനോട്ടം വഹിക്കുന്നില്ലെന്നും, ഈ അന്വേഷണം അങ്ങേയറ്റം രഹസ്യമായാണ് നടക്കുന്നതെന്നുമൊക്കെ പറഞ്ഞിട്ടും ചിലർ ഈ കേസ് അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് ഹൈക്കോടതി തന്നെ പറയുകയാണ്. "....misleading, speculative and unfounded reports

aired through sections of the mainstream media as well as social media platform." തെറ്റായതും വഴിതിരിച്ച് വിടുന്നതുമായ കാര്യങ്ങൾ അന്വേഷണത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്നുവെന്ന് ഹൈക്കോടതി പറയുന്നത് പ്രതിപക്ഷത്തെ സംബന്ധിച്ചാണ്. ..... (ബഹളം)..... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മീഡിയയോട് പറഞ്ഞത്; പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ ഞങ്ങളുടെ narrative ആണ് വർക്ക് ചെയ്തതെന്നാണ്. ആ narrative എന്തായിരുന്നു? അത് കൃത്രിമമായി സൃഷ്ടിച്ചതാണ്. ഈ അന്വേഷണത്തെ സംബന്ധിച്ച് ഹൈക്കോടതി പറയുന്നു; "certain narratives appear to have been deliberately casted." തെറ്റായി വരുന്ന ഇത്തരത്തിലുള്ള കാര്യങ്ങൾ ബോധപൂർവം സൃഷ്ടിക്കുന്നതാണ്; ആര് സൃഷ്ടിക്കുന്നു? പ്രതിപക്ഷം ബോധപൂർവം സൃഷ്ടിക്കുന്നു. എന്തിനുവേണ്ടി? അന്വേഷണത്തെ വഴിതിരിച്ചുവിടാൻ വേണ്ടിയാണ്. പിന്നെ പറയുന്നു, "making baseless imputations" അടിസ്ഥാനരഹിതമായ ആരോപണങ്ങൾ ഇൻവെസ്റ്റിഗേറ്റീവ് ഓഫീസേഴ്സിനെതിരെ ഉന്നയിക്കുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞത് ഉദ്യോഗസ്ഥരെ മുഖ്യമന്ത്രിയുടെ ഓഫീസിൽനിന്ന് അതിൽ തിരുകികയറ്റാൻ ശ്രമിച്ചുവെന്ന്, എന്തിനുവേണ്ടിയാണത്? വിവരങ്ങൾ ചോർത്തി കിട്ടാൻ വേണ്ടിയാണെന്ന് അദ്ദേഹം പറഞ്ഞു. അന്വേഷണത്തിന് മേൽനോട്ടം വഹിക്കുന്ന ഹൈക്കോടതി ഡിവിഷൻ ബഞ്ച് പറയുന്നു, "inclusion of two additional officers in the team, it is stated that objections raised from certain quarters." ചില മേഖലകളിൽ നിന്ന് എതിർപ്പുകൾ ഉന്നയിക്കപ്പെട്ടു. പ്രതിപക്ഷനേതാവിൽനിന്ന് എതിർപ്പുകൾ ഉന്നയിക്കപ്പെട്ടു. കോടതി പറയുന്നു, "It is however reported that the officers concerned are competent, trustworthy and industrious." അവർ അങ്ങേയറ്റം സത്യസന്ധരും

കഴിവുള്ളവരും ഈ അന്വേഷണത്തിന് അവിഭാജ്യമായ ഭാഗമാകേണ്ടിയിരുന്നവരുമാണ്. അവർക്കെതിരെയാണ് പ്രതിപക്ഷനേതാവ് തെറ്റായ ആരോപണമുന്നയിച്ച് സമ്മർദത്തിലാക്കാൻ ശ്രമിച്ചതെന്ന് ഹൈക്കോടതി പറയുകയാണ് .....(ബഹളം)..... യഥാർഥത്തിൽ ഇവർ പറഞ്ഞ സ്വർണ്ണ കേസ് എങ്ങനെ വന്നു? ആഗോള അയ്യപ്പസംഗമത്തിന്റെ പശ്ചാത്തലത്തിൽ സ്വർണ്ണം കാണാനില്ലെന്ന പരാതി പബ്ലിക്ക് ഡൊമൈനിലേക്ക് കൊണ്ടുവന്നതാരാണ്? പ്രതിപക്ഷമാണോ? പ്രതിപക്ഷത്തിനുവേണ്ടി ആദ്യമായി സ്വർണ്ണം കാണാനില്ലെന്ന പരാതി കൊണ്ടുവന്നയാളിന്റെ പേരാണ് ഉണ്ണികൃഷ്ണൻ പോറ്റി. അല്ലാതെ പൊലീസോ, ഗവൺമെന്റോ അല്ല കൊണ്ടുവന്നത്. ആഗോള അയ്യപ്പ സംഗമം സമൂഹത്തിൽ വലിയ തോതിലുള്ള സമ്മതിയുണ്ടാക്കിയപ്പോൾ അത് അട്ടിമറിക്കാൻ അന്ന് പ്രതിപക്ഷനേതാവ് പറഞ്ഞത് ഞങ്ങളുമായി ബന്ധപ്പെട്ടിട്ടുണ്ട് എന്നാണ്. ആരാണത്? ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയാണത്. അതുകൊണ്ട് സ്വർണ്ണം കട്ടിട്ടുള്ളതാരാണെന്ന് അറിയാവുന്ന ആളുകളാണ് ഈ ബാനറും പിടിച്ച് ഇവിടെ നിൽക്കുന്നത്. അന്ന് ഉണ്ണികൃഷ്ണൻ പോറ്റി പറഞ്ഞത് സ്വർണ്ണത്തിന്റെ ഭാഗം കാണാനില്ല. പ്രതിപക്ഷം അതിനെ പിന്തുണച്ചു. സ്വർണ്ണത്തിന്റെ ഭാഗം എവിടെ നിന്നും കിട്ടി? ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയുടെ സഹോദരിയുടെ വീട്ടിൽനിന്ന് കേരള പൊലീസ് പിടിച്ചെടുത്തപ്പോൾ അതിന്റെ ആദ്യത്തെ മഞ്ഞുമലയുടെ മുകൾവശം അപ്രത്യക്ഷമായി. ഹൈക്കോടതിയുടെ മേൽനോട്ടത്തിലെ ഏതന്വേഷണത്തിനും ഞങ്ങൾ തയ്യാറാണെന്നാണ് കോടതിയിൽ പറഞ്ഞത്. ആ അന്വേഷണം ഇപ്പോൾ എവിടേക്കാണ് പൊയ്ക്കൊണ്ടിരിക്കുന്നത്? ലോകത്താദ്യമായി കോൺക്രീറ്റിലുള്ള സ്വർണ്ണ കൊടിമരം ചിതല് പിടിച്ചുവെന്ന് കണ്ടെത്തിയ അസാധാരണ

വൈഭവമുള്ളയാളുകളാണ് കോൺഗ്രസ്സുകാർ. അതെല്ലാം സമൂഹത്തിൽ ചർച്ച ചെയ്യും. അതുകൊണ്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിങ്ങളുടെ ഈ സമരം ഹൈക്കോടതിക്കെതിരാണെന്ന് ആദ്യത്തെ ദിവസം ഇവിടെ പറഞ്ഞത്; അപ്പോൾ പ്രതിപക്ഷനേതാവ് പറഞ്ഞത് ഹൈക്കോടതി ചീഫ് ജസ്റ്റീസ് വായിൽത്തോന്നിയത് പറഞ്ഞാൽ അതിനൊക്കെ വിലയുണ്ടോ എന്നാണ്. കേരളത്തിന്റെ ചരിത്രത്തിൽ ഇതുവരെ പൊതുചുമതല വഹിക്കുന്ന ഏതെങ്കിലുമൊരാൾ ഹൈക്കോടതിയെക്കുറിച്ചോ, ഹൈക്കോടതി ചീഫ് ജസ്റ്റീസിനെക്കുറിച്ചോ ഇത്രയും തരംതാഴ്ന്ന അധിക്ഷേപം നടത്തിയിട്ടുണ്ടോ? ഇവർ ഹൈക്കോടതിയെ ഭയപ്പെടുന്നു. ഹൈക്കോടതി പ്രതിപക്ഷ നേതാവിനോട് ചോദിച്ചത് public interest ആണോ; publicity interest-ആണോ എന്നാണ്. ഈ publicity interest-ന്റെ narrative കേരളീയ സമൂഹം തിരിച്ചറിയും. വളരെ സത്യസന്ധമായി പ്രതിപക്ഷനേതാവ് പറഞ്ഞത് ഞങ്ങളുടെ narrative പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പ്രവർത്തിച്ചുവെന്നാണ്. അടുത്ത narrative ഞങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ആ കൃത്രിമം നിറഞ്ഞ narrative കേരളത്തിൽ ചെലവാകില്ലെന്നുള്ളത് പ്രത്യേകമായി ഈ സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു.

<u>മി. സ്പീക്കർ</u>: ഓർഡർ... ഓർഡർ... സഭയ്ക്കകത്ത് ഡയസ്സിലേക്ക് കയറാൻ ശ്രമിച്ച എം.എൽ.എ.-മാരുടെ നടപടി ശരിയായില്ല. (ബഹളം.....)

10.08 a.m.}

ll. ശ്രദ്ധക്ഷണിക്കൽ

മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ ഏകോപനം

ശ്രീമതി യു. പ്രതിഭ: സർ, (ബഹളം...)

മി. സ്പീക്കർ: (ബഹളം...) യെസ്... അംഗങ്ങൾ മാറിനിൽക്കു.....മതിയാക്കു... മാറിനിൽക്കു... യെസ്... യെസ്...

ശ്രീമതി യു. പ്രതിഭ: സർ, യാതൊരു വിഷയവുമില്ലാതെ കേരളത്തിലെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിലുള്ള സമരാഭാസങ്ങൾക്കാണ് സഭ സാക്ഷ്യം വഹിച്ചുകൊണ്ടിരിക്കുന്നത്. .....(ബഹളം)..... പ്രതിപക്ഷം ബി.ജെ.പി.-ക്കുവേണ്ടിയാണ് ജോലി ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബജറ്റിനെക്കുറിച്ച് ഒരക്ഷരംപോലും ചർച്ച ചെയ്യാതെ ഈ സഭയ്ക്കകത്ത് ബഹളംവച്ച് ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയാണ്. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി പറഞ്ഞതുപോലെ പബ്ലിസിറ്റിക്കുവേണ്ടിയല്ലേ നാണംകെട്ട ഈ സമരം പ്രതിപക്ഷം സഭയ്ക്കകത്ത് നടത്തുന്നത്. കേരളത്തിലെ ഏറ്റവും ഗൗരവമായൊരു വിഷയത്തിലേക്കാണ് ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഒരു ദശാബ്ദക്കാലത്തോളം നീണ്ടുനിന്ന .....(ബഹളം)..... എന്താണ് ഈ കാണിക്കുന്നത്? ..... (ബഹളം).....

മി. സ്പീക്കർ: (ബഹളം...) യെസ്... യെസ്.... ഓർഡർ...ഓർഡർ....സഭ താൽക്കാലികമായി വീണ്ടും നിർത്തിവയ്ക്കുകയാണ്.

(പ്രതിപക്ഷ ബഹളത്തെത്തുടർന്ന് രാവിലെ 10.09-ന് നിർത്തിവച്ച സഭ 10.35-ന്

പുനരാരംഭിച്ചു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ.....ശ്രദ്ധക്ഷണിക്കലിന്റെയും സബ്മിഷന്റെയും ഉത്തരങ്ങൾ മേശപ്പുറത്തുവച്ചാൽ മതിയാകും.+

സഭയിൽ ഇന്നുണ്ടായ സംഭവം അങ്ങേയറ്റം നിർഭാഗ്യകരമാണ്. സ്പീക്കറുടെ ഡയസിലേക്ക് ഇരച്ചുകയറിയ രീതി ജനാധിപത്യത്തിന് ചേർന്നതല്ല. ജനാധിപത്യത്തെക്കുറിച്ച് വലിയ പ്രസംഗങ്ങൾ നടത്തുന്ന പ്രതിപക്ഷം മര്യാദ പാലിക്കേണ്ടതാണ്. .....(ബഹളം).... വാച്ച് ആൻഡ് വാർഡ് ഒന്നും ചെയ്തിട്ടില്ല. .....(ബഹളം).... വാച്ച് ആൻഡ് വാർഡിന് ഡയറക്ഷൻ നൽകാൻ സ്പീക്കർക്ക് സാധിക്കുമായിരുന്നു. ..... (ബഹളം).... പക്ഷേ അവർ അംഗങ്ങൾക്കെതിരെ ഒന്നും ചെയ്തിട്ടില്ല. ....(ബഹളം)....പ്ലീസ്..... പ്രതിപക്ഷാംഗങ്ങളോട് എല്ലാവരോടും അവരവരുടെ സീറ്റുകളിലിരിക്കാൻ പ്രതിപക്ഷനേതാവ് പറയൂ..... അവിടെ ഇരിക്കാൻ പറയൂ..... പ്ലീസ്.....പ്ലീസ്.....

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷാംഗങ്ങൾ സീറ്റുകളിലില്ലെങ്കിൽ പ്രതിപക്ഷനേതാവിന് മൈക്ക് നൽകില്ലെന്ന് അങ്ങ് എല്ലാ ദിവസവും ആവർത്തിച്ച് പറയുന്നുണ്ട്. ഭരണകക്ഷി അംഗങ്ങൾ മുഴുവനും ഇവിടെ നിൽക്കുമ്പോൾ എല്ലാ മന്ത്രിമാർക്കും അങ്ങ് മൈക്ക് നൽകിയിട്ടുണ്ട്. ഇത് അനീതിയാണ്. അതിൽ നീതിബോധമില്ല.

മി. സ്പീക്കർ: ഭരണപക്ഷത്തെ അംഗങ്ങൾ ഇരുന്നപ്പോൾ മാത്രമെ ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാൻ അവസരം നൽകിയിട്ടുള്ളൂ. ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്

+ അനുബന്ധമായി ചേർക്കുന്നു.

ചോദ്യോത്തരവേള. സ്വാഭാവികമായും അത്തരം വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി അവസരം നൽകേണ്ടിവരും. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോട് എല്ലാരീതിയിലുമുള്ള ബഹുമാനം പാലിച്ചുകൊണ്ടാണ് സംസാരിക്കുന്നത്. അങ്ങ് അങ്ങയുടെ ടീമിനെ ഓർഡറാക്കണം. പ്ലീസ്....പ്ലീസ്...റിക്വസ്റ്റാണ് പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഭരണകക്ഷി അംഗങ്ങൾ ഇവിടെ നിൽക്കുമ്പോൾ മന്ത്രിമാർക്ക് അങ്ങ് മൈക്ക് നൽകി. രണ്ട് നീതി പാടില്ലെന്ന് അങ്ങയെ ഞാൻ ഓർമ്മിപ്പിച്ചതാണ്. ഞങ്ങൾ സമരം നടത്തുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യങ്ങൾ കോടതി വളരെ വ്യക്തമായിത്തന്നെ പറഞ്ഞിട്ടുണ്ട്. കുറ്റപത്രം നൽകാത്തതിനാലാണ് പ്രതികൾക്ക് സ്വാഭാവിക ജാമ്യം ലഭിക്കുന്നതെന്നും ഇത് പൊതുജനങ്ങളിൽ സംശയമുണ്ടാക്കുന്നതാണെന്നും തൊണ്ടിമുതൽ കണ്ടെടുക്കാത്തതും ശാസ്ത്രീയ പരിശോധനാഫലങ്ങൾ വൈകുന്നതും കുറ്റപത്രം സമർപ്പിക്കുന്നതിന് തടസ്സമാകുന്നുവെന്നും കോടതി കൃത്യമായി പറഞ്ഞിട്ടുണ്ട്. ഈ കേസിന് വലിയ കാലതാമസം വന്നിട്ടുണ്ടന്ന് പല പ്രാവശ്യം കോടതി പറഞ്ഞിട്ടുണ്ട്. 'It is interesting to note that, this court found laxity in the investigation during the period between 5-12-2025 and 19-12-2025 and the same was pointed out in the earlier bail order also'. കേസ് അന്വേഷണത്തിൽ എസ്.ഐ.റ്റി. laxity വരുത്തിയിട്ടുണ്ടെന്ന് കോടതി റിക്കോർഡ് ചെയ്തിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ഓഫീസിന്റെ സമ്മർദംകൊണ്ടാണ് നിർദിഷ്ട അന്വേഷണം തടസ്സപ്പെടുന്നതെന്നാണ് ഞങ്ങളുടെ ആരോപണം. എല്ലാ പ്രതികൾക്കും ജാമ്യം ലഭിച്ച് പുറത്തിറങ്ങുന്ന

സാഹചര്യമുണ്ടാക്കുകയാണ്. ജാമ്യം ലഭിച്ചാൽ ഉള്ള തെളിവുകൾകൂടി നശിപ്പിക്കുന്ന സ്ഥിതിയാണ്. ഇപ്രകാരം ശബരിമലയിൽ സ്വർണ്ണക്കൊള്ള നടത്തിയ പ്രതികൾ മുഴുവനും രക്ഷപ്പെടുന്ന അവസ്ഥയിലേക്ക് പോകുന്നതിനെതിരെയാണ് ഞങ്ങൾ ശക്തമായി പ്രതികരിക്കുന്നതും ഇവിടെ ചൂണ്ടിക്കാണിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതും. ഡയസിൽ കയറിയത് സംബന്ധിച്ച് അങ്ങ് ഇവിടെ പറഞ്ഞു. ഒരു കാലത്തുമുണ്ടാവാത്ത തരത്തിൽ വാച്ച് ആൻഡ് വാർഡ് അവരുടെ ബാനർ പിടിച്ച് മാറ്റിയതിൽ പ്രതിഷേധിച്ചാണ് ഡയസിലേക്ക് കയറിയത്. ഞങ്ങൾ ജനാധിപത്യ രീതിയിൽത്തന്നെയാണ് ശക്തമായി പ്രതിഷേധിച്ചത്. ഞങ്ങളെ പ്രകോപിപ്പിച്ചത് വാച്ച് ആൻഡ് വാർഡാണ്. ജനാധിപത്യ രീതിയിൽ സഭയുടെ വെല്ലിൽ ഇറങ്ങി പ്രതിഷേധിക്കാത്ത ഏത് പ്രതിപക്ഷമാണ് കേരളത്തിന്റെ നിയമസഭാ ചരിത്രത്തിലുള്ളത്? എല്ലാ പ്രതിപക്ഷവും വെല്ലിൽ ഇറങ്ങി പ്രതിഷേധിച്ചിട്ടുണ്ട്. വെല്ലിൽ ഇറങ്ങി പ്രതിഷേധിച്ച പ്രതിപക്ഷത്തിന്റെ ബാനർ പിടിച്ച് വാങ്ങി ഞങ്ങളെ പ്രകോപിപ്പിച്ച് അക്രമമുണ്ടാക്കാനാണ് ശ്രമിച്ചത്. ഞങ്ങൾ ഒരു അക്രമവും ഉണ്ടാക്കിയിട്ടില്ല. ഞങ്ങൾ ജനാധിപത്യ രീതിയിൽത്തന്നെയാണ് സമരം നടത്തിയത്. ഇത് കേരളത്തിലെ ജനങ്ങൾ ഞെട്ടലോടെ നോക്കിക്കാണുന്ന വളരെ ഗുരുതരമായ സംഭവമാണ്. അതിന് ഗവൺമെന്റിന് പങ്കുണ്ട്. അതിൽ ഞങ്ങൾ ശക്തിയായി പ്രതിഷേധിക്കുന്നു. നിയമസഭാ നടപടികളുമായി ഞങ്ങൾക്ക് സഹകരിക്കാൻ ബുദ്ധിമുട്ടുണ്ട്. ഞങ്ങൾ പൂർണ്ണമായി നിയമസഭാ നടപടികൾ ബഹിഷ്കരിക്കുന്നു.

മി. സ്പീക്കർ: ജനാധിപത്യ അവകാശം പ്രതിപക്ഷ നേതാവിനും അംഗങ്ങൾക്കും മാത്രമല്ല, സ്പീക്കർക്കുമുണ്ട്. നിങ്ങൾ ചെയ്തത് ഫെയർ ആണോയെന്ന് നിങ്ങൾ തന്നെ

ചിന്തിക്കേണ്ടതാണ്. സ്പീക്കറുടെ മുഖം മറച്ച്, അന്ധനെപ്പോലെയാക്കി ഈ രീതിയിൽ ജനാധിപത്യം കൈകാര്യം ചെയ്യുന്നത് ശരിയാണോ? അത് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പരിശോധിക്കേണ്ട കാര്യമാണ്. ജനാധിപത്യ അവകാശം പ്രതിപക്ഷാംഗങ്ങൾക്ക് മാത്രമുള്ളതല്ല, സ്പീക്കർക്കുമുള്ളതാണ്. സ്പീക്കറുടെ മുഖം പൂർണ്ണമായും മറച്ച് ആളുകളെ കാണാൻ കഴിയാത്ത രീതിയിൽ കൈകാര്യം ചെയ്യരീതി ശരിയായില്ല; അത് purely unfair ആണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നിയമസഭയിൽ പ്രതിപക്ഷം ബാനർ പിടിക്കുന്നത് ആദ്യമായല്ല. എല്ലാ പ്രതിപക്ഷവും ബാനർ പിടിച്ചിട്ടുണ്ട്. സാധാരണനിലയിൽ സഭയിൽ ഇത്തരത്തിൽ സംഘർഷമുണ്ടാകുമ്പോൾ അങ്ങ് പ്രീസിഡൻസ് നോക്കണം. ഇതിനുമുമ്പ് ഈ ചെയറിൽ ഇരുന്ന എല്ലാ സ്പീക്കർമാരും സഭാ നടപടികൾ നിർത്തിവച്ച് ഇരുപക്ഷത്തുമുള്ള അംഗങ്ങളുമായി സംസാരിക്കാറുണ്ട്. അങ്ങ് ഞങ്ങളുടെ സമരത്തിനെ വെല്ലുവിളിക്കുകയല്ലാതെ ഇതുവരെ അപ്രകാരം ചെയ്തിട്ടില്ല. സഭാ നടപടികൾ നിർത്തിവയ്ക്കുമ്പോൾ മുൻ സ്പീക്കർമാർ സ്പീക്കറുടെ ചേമ്പറിൽ കക്ഷിനേതാക്കളെ വിളിക്കാറുണ്ട്. ആ പ്രീസിഡൻസ് എവിടെപ്പോയി?

മി. സ്പീക്കർ: അതിനുമാത്രം സംഘർഷങ്ങളൊന്നും ഇവിടെയുണ്ടായിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, ആ പ്രീസിഡൻസ് എവിടെപ്പോയി; ഞങ്ങൾ സഭാനടപടികൾ ബഹിഷ്കരിക്കുന്നു.....(ബഹളം).....

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,.....

മി. സ്പീക്കർ: നിങ്ങൾ ഉന്നയിക്കുന്ന കാര്യംമാത്രം കേട്ടാൽ മതിയോ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്ന കാര്യങ്ങൾകൂടി കേൾക്കേണ്ടേ?

(പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ വിധിയെയും നിഗമനങ്ങളെയും പരാമർശങ്ങളെയുംക്കുറിച്ച് ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി കൃത്യമായി പറഞ്ഞത് പ്രതിപക്ഷ നേതാവ് കേട്ടഭാവം നടിക്കുകയോ അതിനെക്കുറിച്ച് ഒരക്ഷരം പ്രതികരിക്കുകയോ ചെയ്തില്ല. ഈ കേസുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചാണ്. ആ ഡിവിഷൻ ബെഞ്ചിന്റെ നേതൃത്വത്തിലാണ് SIT-യുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. ഡിവിഷൻ ബെഞ്ച് ഓരോ ഘട്ടത്തിലും നിർദ്ദേശങ്ങളും വിലയിരുത്തലും പരിശോധനയുമെല്ലാം കൃത്യമായി നടത്തിവരുന്നുണ്ട്. പ്രസ്തുത ഡിവിഷൻ ബെഞ്ച് രേഖപ്പെടുത്തിയ അഭിപ്രായങ്ങളാണ് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി വിശദീകരിച്ചത്. യഥാർഥത്തിൽ അത് പ്രതിപക്ഷത്തിന്റെ മുഖത്തേറ്റ അടിയാണ്. പ്രതിപക്ഷ നേതാവ് ഈ അന്വേഷണവുമായി ബന്ധപ്പെട്ട് SIT-ക്കെതിരെ ഏതെല്ലാം തരത്തിലുള്ള ആരോപണങ്ങൾ ഉന്നയിച്ചിട്ടുണ്ടോ അതിനെല്ലാം കൃത്യമായ മറുപടി ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുണ്ട്.

ജാമ്യാപേക്ഷ നൽകുന്നത് ഹൈക്കോടതിയുടെ ഒരു സിങ്കിൾ ബെഞ്ചിന്റെ മുന്നിലാണ്. ജാമ്യാപേക്ഷ പരിശോധിക്കുമ്പോൾ ബഹുമാനപ്പെട്ട ജഡ്ജിമാർ അവരുടേതായ ചില അഭിപ്രായങ്ങൾ അതിൽ രേഖപ്പെടുത്തിയെന്ന് വരാം. അതിനാലാണ് പ്രതിപക്ഷത്തിന്റെ പരാമർശം ഗവൺമെന്റിനെതിരെയല്ലെന്നും ഹൈക്കോടതിക്ക് എതിരായുള്ളതാണെന്നും ഞാൻ നേരത്തെ സൂചിപ്പിച്ചത്. ഗവൺമെന്റല്ല അന്വേഷണ ഏജൻസിക്ക് നിർദ്ദേശങ്ങൾ

നൽകുന്നത്. അന്വേഷണ ഏജൻസിക്ക് നിർദേശങ്ങൾ നൽകുന്നതും അവയുടെ പ്രവർത്തനം പരിശോധിക്കുന്നതും ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ്. സിങ്കിൾ ബെഞ്ചിന് ഇക്കാര്യം അറിയാമായിരിക്കാം. ഒരുപക്ഷെ വാദം കേൾക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രതികരണങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടാകും. അത് അന്വേഷണവുമായി ബന്ധപ്പെട്ട നിഗമനമാണെന്ന് കരുതാൻ കഴിയില്ല; ഹൈക്കോടതി ഡിവിഷൻ ബെഞ്ചാണ് അന്വേഷണവുമായി ബന്ധപ്പെട്ട നിഗമനം നടത്തേണ്ടത്. കേസന്വേഷണത്തിൽ ഡിവിഷൻ ബെഞ്ച് പൂർണ്ണ സംതൃപ്തി രേഖപ്പെടുത്തിയിരുന്നതിനാൽ ഹൈക്കോടതി പറഞ്ഞുവെന്ന കാര്യം വസ്തുതകൾക്ക് നിരക്കാത്തതാണ്. ഹൈക്കോടതി പറഞ്ഞുവെന്ന് വേണമെങ്കിൽ പറയാം; പക്ഷേ സിങ്കിൾ ബെഞ്ച് ഇപ്രകാരം സാന്ദർഭികമായി പരാമർശം നടത്തിയതാണ്. അന്വേഷണവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പൂർണ്ണ സംതൃപ്തിയാണ് രേഖപ്പെടുത്തിയിട്ടുള്ളത്. SIT-യുടെ ഓരോ നടപടിയും ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ നിർദേശങ്ങൾക്കനുസൃതമായാണ് നടന്നുപോകുന്നത്.

മറ്റൊരുകാര്യം, ഇന്നിവിടെ ഉണ്ടായത് നിർഭാഗ്യകരമായ ഒരു സംഭവമാണ്. അക്കാര്യം അങ്ങ് പരാമർശിച്ചപ്പോൾ ഒരു കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടില്ലെന്ന് തോന്നുന്നു. ബാനർ പിടിച്ചിരുന്നതിന്റെ അങ്ങേ ഭാഗത്ത് ഇരിക്കുന്നയാൾ ബാനറിന്റെ അറ്റത്തുള്ള വടി ഉപയോഗിച്ച് വാച്ച് ആൻഡ് വാർഡിനെ തല്ലുകയായിരുന്നു. വാച്ച് ആൻഡ് വാർഡിനുനേരെ വടി ഉപയോഗിച്ച് തല്ലുന്ന ഘട്ടത്തിലാണ് അതിനെ തടുക്കാനും പിടിച്ചുമാറ്റാനും നോക്കിയത്. അത് ഞങ്ങളെല്ലാവരും ഇവിടെ കണ്ടുകൊണ്ടിരിക്കുകയായിരുന്നു. സഭയ്ക്കകത്ത് ഒരു കാലത്തുമുണ്ടാവാത്ത കാര്യങ്ങളാണ് സംഭവിച്ചിട്ടുള്ളത്. അതിന് നാമെല്ലാം ഇവിടെ സാക്ഷ്യം

വഹിച്ചതാണ്. പ്രകോപനപരമായ ഒരു അന്തരീക്ഷവുമില്ലാത്ത സന്ദർഭത്തിലാണ് ഇത്തരത്തിൽ പ്രകോപനമുണ്ടാക്കാൻ പ്രതിപക്ഷം ശ്രമിച്ചത്. അക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെതുടർന്നാണ് അങ്ങ് സഭ നിർത്തിവച്ച് തൽക്കാലം പിരിയുന്ന നിലയുണ്ടായത്. തുടർന്നും ഇതേ നില ആവർത്തിക്കുന്നത് ബോധപൂർവം കുഴപ്പം സൃഷ്ടിക്കാൻ വേണ്ടിയാണ്. നാട്ടിലും കോടതിയുടെ മുന്നിലും ചെലവാകാത്ത കാര്യത്തിന് കോടതിയിൽനിന്നും ശക്തമായ തിരിച്ചടിയുണ്ടായപ്പോൾ സഭയിൽവന്ന് ബഹളം വച്ച് കാര്യങ്ങൾ നേടാനാണ് പ്രതിപക്ഷം ശ്രമിച്ചത്. ഇവിടെ ഈ നടന്ന അക്രമത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് പൂർണ്ണമായും ന്യായീകരിച്ചുവെന്നതാണ് നാം കാണേണ്ടത്.

വാച്ച് ആൻഡ് വാർഡ് ഇല്ലാതിരുന്നപ്പോൾ ബഹുമാന്യനായ ഒരംഗം അങ്ങയുടെ ഡയസിന്റെ മുൻഭാഗത്തുകൂടി ചാടിക്കയറുകയും അവിടെനിന്ന് മുദ്രാവാക്യം വിളിക്കുകയും ചെയ്തു. അതിനുപിന്നാലെ 'ഞാനും കൂടി കയറട്ടെ' എന്ന മട്ടിൽ നിയമവിദഗ്ധൻ എന്ന് പറയപ്പെടുന്ന മറ്റൊരംഗവും 'നിയമപരമായിത്തന്നെ' ചാടുകയാണ്, അദ്ദേഹവും അവിടെ കയറി പ്രതിഷേധിക്കുകയാണ്. ഇത്തരത്തിൽ നിയമസഭയിൽ കാണിക്കാൻ പാടില്ലാത്ത കോപ്രായങ്ങൾ എന്തിനുവേണ്ടിയാണെന്ന് ആലോചിക്കണം. ഇത് തീർത്തും അപലപനീയമാണ്. ഇത്തരം നടപടികൾ പ്രതിപക്ഷം സ്വീകരിക്കുന്നതിനെ ഈ സഭ തീർത്തും അപലപിക്കേണ്ടതാണ്.

മി. സ്പീക്കർ: വളരെ സമാധാനപരമായാണ് ഇന്ന് സഭ ചേർന്നത്. ചില പ്രതിപക്ഷാംഗങ്ങളുടെ ഭാഗത്തുനിന്നുതന്നെയാണ് പ്രകോപനമുണ്ടായത്. പ്രശ്നങ്ങൾ

പരമാവധി ഒഴിവാക്കാനായി സഭ ആദ്യം നിർത്തിവച്ചതിനുശേഷം രണ്ടാമത് ചേർന്നപ്പോഴാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പരാമർശിച്ചതുപോലെ ചെയറിന്റെ മുന്നിലൂടെ അംഗങ്ങൾ ചാടിക്കയറാൻ ശ്രമിച്ചത്. ഇത്തരം രീതികൾ ആരോഗ്യകരമായ ജനാധിപത്യത്തിന് ഭൂഷണമാണോ എന്ന് പ്രതിപക്ഷമാണ് ചിന്തിക്കേണ്ടത്. ജനാധിപത്യ അവകാശം പ്രതിപക്ഷത്തിന് മാത്രമല്ല; സ്പീക്കർക്കുമുണ്ട്. സ്പീക്കറുടെ മുഖം മറച്ചും അങ്ങേയറ്റം ജനാധിപത്യവിരുദ്ധമായ മുദ്രാവാക്യങ്ങൾ വിളിച്ചുമാണ് സഭയ്ക്കകത്ത് ചില അംഗങ്ങൾ പെരുമാറിയത്. ഏറ്റവും ഉയർന്ന ജനാധിപത്യബോധമുള്ള കേരള നിയമസഭയ്ക്ക് അത് ഭൂഷണമല്ലെന്ന് പറയാൻ ഈ ഘട്ടത്തിൽ ചെയർ ആഗ്രഹിക്കുകയാണ്.

10.47 a.m.}

III. മേശപ്പുറത്തുവച്ച കടലാസുകൾ

(1) ലിസ്റ്റ് 1 പ്രകാരം (ചട്ടം 236 (5) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
V – മരാമത്തും ഗതാഗതവും വാർത്താവിനിമയവും	2018-19	3	111, 113
	2019-20	4	122, 124, 126
	2020-21	5	137, 138, 142

	2021-22	1	121, 122, 126, 128
	2022-23	2	89

2. ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VIII – സാമ്പത്തിക കാര്യങ്ങൾ	2024-25	4	4, 5, 6

3. റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
II- ഭൂനികുതിയും ദേവസ്വവും	2021-22	1	26
	2022-23	2	7
	2024-25	4	6

4. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
IV – വ്യവസായവും ധാതുക്കളും	2023-24	3	28, 29
	2024-25	4	1, 7, 8, 23, 39, 41

5. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
I – കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും	2024-25	4	45

6. രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ

VI - വിദ്യാഭ്യാസം	2024-25	4	131, 132, 134, 135
VIII –സാമ്പത്തിക കാര്യങ്ങൾ	2024-25	4	8, 9, 10

7. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
V – മരാമത്തും ഗതാഗതവും വാർത്താവിനിമയവും	2021-22	1	108-116

8. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
I - കൃഷിയും മൃഗസംരക്ഷണവും	2024-25	4	93-132

മത്സ്യബന്ധനവും			
VI - വിദ്യാഭ്യാസം	2024-25	4	93-130, 133, 136-140

9. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

സബ്ജക്ട് കമ്മിറ്റി	കാലതാമസപത്രികകളുടെ വിശദാംശം		
	സാമ്പത്തിക വർഷം	റിപ്പോർട്ട് നമ്പർ	ഖണ്ഡിക നമ്പർ
VI - വിദ്യാഭ്യാസം	2021-22	1	52, 66, 69
	2022-23	2	47, 57
	2023-24	3	57, 60, 85

(2) ലിസ്റ്റ് 2 പ്രകാരം (ചട്ടം 236 (6) അനുസരിച്ചുള്ളത്)

1. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XVI-പെൻഷനും പലവകയും	2024-25 (കാലതാമസ പത്രിക സഹിതം)	സൈനികക്ഷേമ വകുപ്പ്
XVI-പെൻഷനും പലവകയും	2024-25 (കാലതാമസ പത്രിക സഹിതം)	കായിക യുവജനകാര്യ വകുപ്പ് (രാജീവ് ഗാന്ധി അക്കാഡമി ഫോർ ഏവിയേഷൻ ടെക്നോളജി)
XXI-ഭവന നിർമ്മാണം	2024-25 (കാലതാമസ പത്രിക	സൈനികക്ഷേമ വകുപ്പ്

	സഹിതം)	
XXIII-വാർത്താ വിതരണവും പ്രചരണവും	2024-25 (കാലതാമസ പത്രിക സഹിതം)	ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	കേരള പ്രവാസികാര്യ വകുപ്പ്
XXXVII - വ്യവസായങ്ങൾ	2024-25 (കാലതാമസ പത്രിക സഹിതം)	ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് (ടെക്നോപാർക്ക്)
XXXVII - വ്യവസായങ്ങൾ	2024-25 (കാലതാമസ പത്രിക സഹിതം)	ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യാ വകുപ്പ് (സൈബർ പാർക്ക്)

2. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XX-ശുദ്ധജലവിതരണവും ശുചീകരണവും	2024-25 (കാലതാമസ പത്രിക സഹിതം)	ജലവിഭവ വകുപ്പ് (കേരള വാട്ടർ അതോറിറ്റി)

3. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XXXIX-വൈദ്യുത പദ്ധതികൾ	2023-24 (കാലതാമസ പത്രിക സഹിതം)	ഊർജ്ജ വകുപ്പ് (അനെർട്ട്)
XXXIX-വൈദ്യുത	2023-24	കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്

പദ്ധതികൾ	(കാലതാമസ പത്രിക സഹിതം)	ലിമിറ്റഡ്

4. നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XXXVII - വ്യവസായങ്ങൾ	2017-18 (കാലതാമസ പത്രിക സഹിതം)	വ്യവസായ വകുപ്പ് (കെൽപാം)
XXXVII - വ്യവസായങ്ങൾ	2018-19 (കാലതാമസ പത്രിക സഹിതം)	വ്യവസായ വകുപ്പ് (കെൽപാം)
XXXVII - വ്യവസായങ്ങൾ	2019-20 (കാലതാമസ പത്രിക സഹിതം)	വ്യവസായ വകുപ്പ് (കെൽപാം)

5. തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി.രാജേഷ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
IV-തിരഞ്ഞെടുപ്പുകൾ	2024-25 (കാലതാമസ പത്രിക സഹിതം)	തദ്ദേശ സ്വയംഭരണ വകുപ്പ് (കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ)

6. ഇറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XI-ജില്ലാ ഭരണവും പലവകയും	2016-17 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2017-18 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2018-19 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2019-20 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2020-21 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2021-22 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2022-23 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)
XI-ജില്ലാ ഭരണവും പലവകയും	2024-25 (കാലതാമസ പത്രിക സഹിതം)	റവന്യൂ (ദേവസ്വം) വകുപ്പ് (കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്)

7. മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XXXIII-മത്സ്യബന്ധനം	2024-25 (കാലതാമസ പത്രിക സഹിതം)	മത്സ്യബന്ധന വകുപ്പ്

8. ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2018-19 (കാലതാമസ പത്രിക സഹിതം)	സാമൂഹ്യനീതി വകുപ്പ്
XLVI-സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും	2019-20 (കാലതാമസ പത്രിക സഹിതം)	സാമൂഹ്യനീതി വകുപ്പ്
XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം	2024-25 (കാലതാമസ പത്രിക സഹിതം)	ഉന്നത വിദ്യാഭ്യാസ വകുപ്പ്

9. പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക	വകുപ്പ് /സ്ഥാപനം

	വർഷം	
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	തൊഴിലും നൈപുണ്യവും വകുപ്പ്
XXIV-തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	വ്യാവസായിക പരിശീലന വകുപ്പ്
XXIV - തൊഴിലും തൊഴിലാളി ക്ഷേമവും പ്രവാസി ക്ഷേമവും	2024-25 (കാലതാമസ പത്രിക സഹിതം)	തൊഴിലും നൈപുണ്യവും വകുപ്പ് (കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ്)

10. ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

ധനാഭ്യർഥന നമ്പർ	വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം	
	സാമ്പത്തിക വർഷം	വകുപ്പ് /സ്ഥാപനം
XVIII-വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും	2022-23 (കാലതാമസ പത്രിക സഹിതം)	ആരോഗ്യ കുടുംബക്ഷേമ വകുപ്പ്

10.49 a.m.}

IV. റിപ്പോർട്ടുകളുടെ സമർപ്പണം

സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ.

ശ്രീമതി യു. പ്രതിഭ: സർ, സ്ത്രീകളുടെയും ട്രാൻസ്ജെന്ററുകളുടെയും കുട്ടികളുടെയും

ഭിന്നശേഷിക്കാരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ചെയർപേഴ്സണായ ഞാൻ സമിതിയുടെ പതിനഞ്ച് മുതൽ ഇരുപത്തിയഞ്ച് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

10.50 a.m.}

V. ധനകാര്യം

2026-27 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിക്കുന്ന പൊതുചർച്ച

ശ്രീ. കെ. വി. സുമേഷ്: സർ, നാളത്തെ കേരളത്തിനുവേണ്ടിയുള്ള സമഗ്രമായ വികസന കാഴ്ചപ്പാടോടുകൂടിയാണ് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന രണ്ടാം എൽ.ഡി.എഫ്. സർക്കാരിനുവേണ്ടി ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ ഈ ബജറ്റ് അവതരിപ്പിച്ചത്. ആധുനിക കേരളത്തിന്റെ വളർച്ചയിൽ നാം അഭിമുഖീകരിക്കുന്ന ഒട്ടേറെ പുതിയ പ്രശ്നങ്ങളുണ്ട്. സംസ്ഥാനത്ത് വലിയതോതിൽ സംഭവിക്കുന്ന നഗരവൽക്കരണം മുന്നിൽക്കണ്ടുകൊണ്ടും കേരളത്തിന്റെ പരമ്പരാഗത മേഖലയെ വളരെ സസൂക്ഷ്മമായി വിലയിരുത്തിക്കൊണ്ടും അതിന്റെ ആധുനികവൽക്കരണത്തിന് സഹായകരമാകുന്ന ഒട്ടേറെ കാഴ്ചപ്പാടുകളാണ് ഈ ബജറ്റിന്റെ ഭാഗമായി മുന്നോട്ടുവച്ചിട്ടുള്ളത്. കേന്ദ്രസർക്കാർ കേരളത്തോട് സ്വീകരിച്ചിരിക്കുന്നത് അങ്ങേയറ്റത്തെ ശത്രുതാപരമായ നിലപാടുകളാണ്. സാമ്പത്തികമായി കേരളത്തെ തകർക്കാൻ ആസൂത്രിതമായ ശ്രമം നടത്തുന്നുവെന്ന് കഴിഞ്ഞ ദിവസം കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമല സീതാരാമൻ അവതരിപ്പിച്ച കേന്ദ്ര ബജറ്റ് പരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. കേന്ദ്ര ബജറ്റ് അങ്ങേയറ്റത്തെ ശൂന്യതയാണ് കേരളത്തിന്

നൽകിയിട്ടുള്ളത്. കേരളം ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായിക്കൊണ്ടിരിക്കുന്നതും ഈ ഘട്ടത്തിലാണ്. കേരളം നേരത്തെതന്നെ അംഗീകരിച്ചിട്ടുള്ള നഗരാസൂത്രണ പോളിസി നടപ്പാക്കുന്നതിനായി ഒരു നഗരാസൂത്രണ കൗൺസിൽ രൂപീകരിക്കുന്നതിന്റെ ആവശ്യകതയെകുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇന്ത്യയ്ക്കും ലോകത്തിനുംതന്നെ മാതൃകയായ സംസ്ഥാനമായി കേരളത്തെ വളർത്തിയെടുക്കാനാണ് കഴിഞ്ഞ പത്തുവർഷക്കാലമായി ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. 'ഞങ്ങൾ നെഹ്റുവിയൻ ലെഫ്റ്റാണെന്ന്' കഴിഞ്ഞ ദിവസങ്ങളിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ പറയുകയുണ്ടായി. ഇന്ത്യയിലും കേരളത്തിലും നിങ്ങൾ എന്ത് നെഹ്റുവിയൻ ലെഫ്റ്റ് കാഴ്ചപ്പാടാണ് മുന്നോട്ടുവച്ചിരിക്കുന്നത്? ഇന്ന് ലോകത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വലതുപക്ഷ തീവ്രസാമ്പത്തിക പരിഷ്കാര നയങ്ങൾക്കെതിരെ ഇന്ത്യയിലൊരു ആൾട്ടർനേറ്റീവ് ചൂണ്ടിക്കാണിച്ചാൽ അത് ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണെന്ന് കാണാൻ കഴിയും. ഈ സർക്കാർ ചേർത്തുപിടിക്കാത്ത ഏത് ജനവിഭാഗമാണുള്ളത്; കേരളത്തിലെ യു.ഡി.എഫ്. ഭരണകാലത്തുണ്ടായ നിരവധി അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. സാധാരണ ജനങ്ങളുടെ ക്ഷേമ പദ്ധതികളിൽ കടിശ്ശിക വരുത്തിയ യു.ഡി.എഫ്. ഗവൺമെന്റിന് കേരളത്തിന്റെ വികസന രംഗത്ത് ആധുനിക രീതിയിലുള്ള കാഴ്ചപ്പാടുകളൊന്നും അവതരിപ്പിക്കാൻ സാധിച്ചിരുന്നുമില്ല. ഇപ്പോഴത്തെ ബഹുമാന്യനായ പ്രതിപക്ഷ നേതാവ് അന്ന് ഭരണപക്ഷ നിരയിലെ പ്രധാനപ്പെട്ട ഒരു വക്താവായിരുന്നു. അന്നത്തെ യു.ഡി.എഫ്. സർക്കാരിനെ

ചൂണ്ടിക്കാണിച്ചുകൊണ്ട് കേരളത്തിൽ നടക്കുന്നത് തീവെട്ടി കൊള്ളയാണെന്ന് പറഞ്ഞ് നടത്തിയ പ്രസംഗമുണ്ട്. സോളാർ ഉൾപ്പെടെ അന്ന് ഉയർന്നുവന്നിട്ടുള്ള ഒരുപാട് ആക്ഷേപങ്ങളുണ്ട്. കേരളത്തിന്റെ രാഷ്ട്രീയ സംസ്കാരത്തിന് യോജിക്കാൻ കഴിയാത്ത ഒരുപാട് കാര്യങ്ങൾ ആ ഘട്ടത്തിൽ ഉയർന്നുവന്നിട്ടുണ്ട്. കേരളത്തിൽ ഉണ്ടായിട്ടുള്ള വലിയ വികസനക്കുതിപ്പിനൊപ്പം സാംസ്കാരിക-രാഷ്ട്രീയ രംഗത്ത് കേരളം ഉയർത്തിപ്പിടിക്കുന്ന സംസ്കാരത്തെ സംരക്ഷിക്കാനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പത്തുവർഷക്കാല ഭരണത്തിന് സാധിച്ചിട്ടുണ്ട്. പ്രതിപക്ഷത്തിന് സ്ഥലജല വിഭ്രാന്തിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും ഇന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിൽ യു.ഡി.എഫ്. ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്ന narrative എന്താണ്; കേരളം വീണ്ടും ഒരു നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ പോകുകയാണ്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഭാഗമായി ഇടതുപക്ഷ ജനാധിപത്യമുന്നണിയെ വക്രീകരിച്ച് അപകീർത്തിപ്പെടുത്തുന്ന കഥകളുണ്ടാക്കി ദുർബലപ്പെടുത്താനുള്ള ഒരു ആസൂത്രിത നീക്കമാണ് യു.ഡി.എഫ്. നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ ഏറ്റവും വലിയ വിശ്വാസ കേന്ദ്രമാണ് ശബരിമല. ശബരിമലയുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന വിഷയങ്ങളെ രാഷ്ട്രീയമായി നേരിടാനല്ല ഈ സർക്കാർ ആദ്യം മുതൽ ശ്രമിച്ചത്. ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ നടക്കുന്ന എസ്.ഐ.ടി. അന്വേഷണത്തിൽ സർക്കാർ ഒരുഘട്ടത്തിലും ഇടപെട്ടിട്ടില്ലായെന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ വിശ്വാസി സമൂഹത്തിന് നൽകിയ ഉറപ്പാണ്. ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തെ ഞങ്ങൾ

രാഷ്ട്രീയമായി കണ്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട രാഷ്ട്രീയ ചോദ്യങ്ങൾക്ക് രാഷ്ട്രീയപരമായി മറുപടി പറയാൻ കേരളത്തിലെ പ്രതിപക്ഷത്തിന് സാധിക്കുന്നില്ല. 2004 കാലഘട്ടത്തിൽ കേരളത്തിൽ ഭരണം നടത്തിയത് യു.ഡി.എഫ്. സർക്കാർ ആയിരുന്നു. അന്ന് എങ്ങനെയാണ് ഉണ്ണികൃഷ്ണൻ പോറ്റി ശബരിമലയിൽ എത്തിയത്; അന്ന് കേരളത്തിന്റെ ദേവസ്വം വകുപ്പുമന്ത്രിയും പ്രസിഡന്റും ആരെല്ലാമായിരുന്നു; ഇന്ത്യയിലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ നേതാവായ ബഹുമാന്യയായ സോണിയാ ഗാന്ധിയെ പോറ്റിക്കും സ്വർണ്ണംക്കട്ട ആൾക്കും സ്വർണ്ണം വാങ്ങിയ ആൾക്കും രണ്ടുതവണ സന്ദർശിക്കാനുള്ള സാഹചര്യം ശ്രീ. ആന്റോ ആന്റണിയും ശ്രീ. അടൂർ പ്രകാശും എങ്ങനെയാണ് സൃഷ്ടിച്ചത്? ചിതലരിച്ചെന്ന പേരിൽ കൊടിമരം മാറ്റിയതിൽ ശ്രീ. അജയ് തറയിൽ ഉൾപ്പെടെയുള്ള കോൺഗ്രസ് നേതാക്കൾ ഉൾപ്പെട്ടിട്ടുണ്ട്. എന്തുകൊണ്ടാണ് ഇക്കാര്യത്തെ സംബന്ധിച്ചെല്ലാം രാഷ്ട്രീയമായി മറുപടി പറയാൻ യു.ഡി.എഫ്.-ന് സാധിക്കാത്തത്; രാഷ്ട്രീയപരമായി ഈ വിഷയത്തെ ഞങ്ങൾ കാണുന്നില്ല. തെറ്റായ രീതിയിൽ ഒരുതരി സ്വർണ്ണമെങ്കിലും ശബരിമലയിൽനിന്നും കവർന്നിട്ടുണ്ടെങ്കിൽ അത് തിരിച്ചുപിടിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഹൈക്കോടതിയും കേരളത്തിലെ വിശ്വാസികൾക്ക് ഉറപ്പ് നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച് നിയമസഭയിൽ പ്രതിപക്ഷം നടത്തിയ പ്രകടനം ഇന്ന് എല്ലാവരും കണ്ടതാണല്ലോ; പ്രതിപക്ഷം എന്തിനാണ് ഇപ്രകാരം പ്രകടനം നടത്തുന്നത്; ബഹുമാനപ്പെട്ട സ്പീക്കറുടെ നേരെ മുന്നിൽനിന്ന് ആക്രമിക്കാനായി ശ്രീ. അൻവർ സാദത്തും ബഹുമാനപ്പെട്ട മുവാറ്റുപുഴ അംഗവും ചാടിക്കയറുന്നത് എല്ലാവരും കണ്ടതല്ലേ; തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണിയെ ഇല്ലാതാക്കാൻ നടത്തിയ

ആസൂത്രിതമായ ശ്രമങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽ പറഞ്ഞതാണ്. തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിന്റെ ഭാഗമായുണ്ടായ പരാജയത്തിന്റെ കാരണം സൂക്ഷ്മമായി പഠിച്ച് തിരുത്തിയും ജനങ്ങളുമായുള്ള സമ്പർക്കത്തിലൂടെയുമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനെ നേരിടാൻ പോകുന്നത്. എസ്.ഐ.ആർ. കൊണ്ടുവന്നതും അത് നടപ്പിലാക്കുന്നതും ശ്രീ. പിണറായി വിജയൻ ആണെന്നുള്ള അങ്ങേയറ്റത്തെ കള്ളത്തരങ്ങളല്ലേ പ്രതിപക്ഷം പ്രചരിപ്പിക്കുന്നത്. എൽ.ഡി.എഫ്.-ന് വോട്ടുചെയ്താൽ ശ്രീ. നരേന്ദ്ര മോദിക്ക് വോട്ട് ചെയ്യുന്നതിന് തുല്യമാണെന്നും നിങ്ങൾക്ക് ബംഗ്ലാദേശിലേയ്ക്കും പാക്കിസ്ഥാനിലേയ്ക്കും പോകേണ്ടിവരുമെന്നുമുള്ള തരത്തിൽ ഇടതുപക്ഷത്തിനെതിരെ വീടുകൾതോറും കയറി നിങ്ങൾ ദുഷ്പ്രചാരണം നടത്തിയില്ലേ; ആരാണ് എസ്.ഐ.ആർ. കൊണ്ടുവന്നത്; ഒരാളുടെപോലും വോട്ടവകാശം നഷ്ടപ്പെടാൻ പാടില്ലെന്നുള്ള ശക്തമായ നിലപാട് സ്വീകരിച്ച് ശ്രീ. പിണറായി വിജയൻ സർക്കാർ നൽകിയ ഹർജിയുടെ അടിസ്ഥാനത്തിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി എസ്.ഐ.ആർ. അപേക്ഷ സമർപ്പിക്കാനുള്ള തീയതി ദീർഘിപ്പിച്ചു നൽകിയത്. ന്യൂനപക്ഷ സമൂഹങ്ങൾക്കിടയിൽ ഭയം ഉണ്ടാക്കുകയാണ് കോൺഗ്രസ് ചെയ്യുന്നത്. ലോക്സഭാ ഇലക്ഷനിൽ തങ്ങൾക്കുണ്ടായ മേൽക്കൈയുടെ ഭാഗമായി കേരളത്തിലെ ഇടതുപക്ഷത്തെ പിന്തുണയ്ക്കുന്ന ന്യൂനപക്ഷത്തെ ഇടതുപക്ഷ വിരുദ്ധരാക്കാനുള്ള ആസൂത്രിതമായ ഒരു നീക്കം ഉണ്ടാകുന്നുണ്ട്. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രസംഗങ്ങളും ശരിയല്ലാത്ത നടപടികളും സ്വീകരിക്കുകയുണ്ടായി. വർഗീയതയ്ക്കെതിരെ എക്കാലത്തും ശരിയായ നിലപാടുകൾ സ്വീകരിച്ചിട്ടുള്ളത് ആരാണ്;

കേരളത്തിലെ മുഖ്യമന്ത്രിയെയും സർക്കാരിനെയും വക്രീകരിച്ച് മോശമായി ചിത്രീകരിക്കാനുള്ള ശ്രമങ്ങളാണ് ഇതിന്റെ ഭാഗമായി നടക്കുന്നത്. സംഘ്പരിവാറിന്റെയോ മറ്റേതെങ്കിലും വർഗീയ ശക്തികൾക്ക് മുന്നിലോ ജീവനുള്ള കാലത്തോളം കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-യും ഇടതുപക്ഷവും ഒരിഞ്ചുപോലും സറണ്ടർ ചെയ്യില്ലെന്ന് കേരളത്തിലെ ജനങ്ങളോട് ഞങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. ഞങ്ങളെ ഇല്ലാതാക്കിയല്ലാതെ കേരളത്തിലെ ഒരു മതന്യൂനപക്ഷ സമൂഹങ്ങളെയും തൊടാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിച്ച ഇടതുപക്ഷ രാഷ്ട്രീയത്തെയാണ് അഭിമാനകരമായി ഞങ്ങൾ മുന്നോട്ടുവച്ചിട്ടുള്ളത്. ഇടതുപക്ഷത്തെ ന്യൂനപക്ഷ വിരുദ്ധരായി ചിത്രീകരിക്കാനുള്ള ആസൂത്രിതമായ ശ്രമമാണ് നാം കേരളത്തിൽ കണ്ടുകൊണ്ടിരിക്കുന്നത്. വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിനെ മുൻനിർത്തി അപവാദ കഥകളിലൂടെ കേരളത്തിലെ ജനങ്ങൾക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ള വലിയ സ്വീകാര്യത നഷ്ടപ്പെടുത്താനാണ് യു.ഡി.എഫ്. ശ്രമിക്കുന്നത്. കഴിഞ്ഞ പത്തുവർഷക്കാലമായി സർക്കാർ ചേർത്തുപിടിക്കാത്ത ഒരൊറ്റ ജനവിഭാഗങ്ങളുമില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഏറ്റവും അവസാനം അവതരിപ്പിച്ച ബജറ്റിൽ ഓട്ടോറിക്ഷ തൊഴിലാളികൾ, ലൈബ്രേറിയൻമാർ, ആശാവർക്കർമാർ, അങ്കണവാടി ടീച്ചർമാർ, പാചകത്തൊഴിലാളികൾ, സമൂഹത്തിന്റെ അടിസ്ഥാന തലത്തിൽ തൊഴിൽ ചെയ്യുന്നവർ എന്നിവരെയെല്ലാം ചേർത്തുപിടിച്ചുകൊണ്ടുള്ള ഒരു വികസന കാഴ്ചപ്പാടാണ് മുന്നോട്ടുവയ്ക്കുന്നത്. ആധുനികവും സമഗ്രവുമായ വികസന കാഴ്ചപ്പാടിലേയ്ക്കാണ് സർക്കാർ കേരളത്തെ കൊണ്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിനെ നേരിടാനോ അഭിമുഖീകരിക്കാനോ പ്രതിപക്ഷത്തിന് കഴിയുന്നില്ല. ക്രിയാത്മകമായ പ്രതിപക്ഷമെന്ന്

പറഞ്ഞവർ തന്നെ ആക്രമോത്സുകമായ പ്രതിപക്ഷമായി മാറുന്ന കാഴ്ചയാണ് ഈ ബജറ്റ് ചർച്ചയുടെ അവസാനഘട്ടത്തിൽ കാണാൻ സാധിക്കുന്നത്. കേരളത്തിലെ ജനവിഭാഗങ്ങൾക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അറിയാം. ശ്രീ. സുനിൽ കനഗോലുവിന്റെ അപവാദ പ്രചാരണ തന്ത്രങ്ങളുമായാണ് ഞങ്ങൾക്ക് ഏറ്റുമുട്ടേണ്ടിവരുന്നതെന്നുള്ള യാഥാർഥ്യബോധം ഞങ്ങൾക്കുണ്ട്. തീർച്ചയായും ഈ ബജറ്റ് കേരളത്തിലെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നതാണ്. അപവാദ പ്രചാരണങ്ങളുടെ നുണക്കോട്ടകളെ തകർത്ത് കേരളത്തിലെ ജനങ്ങൾ വരുംനാളുകളിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ വികസന കാഴ്ചപ്പാടിന്റെ കൂടെ അണിചേരുകതന്നെ ചെയ്യുമെന്ന് ഈ അവസരത്തിൽ പറയുകയാണ്. അതിനാവശ്യമായ അതിശക്തമായ ഇടപെടലുകളാണ് കേരളത്തിലെ ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്നത്. അതിന് കരുത്തുപകരുന്ന തരത്തിലുള്ളതാണ് ഈ ബജറ്റ്. അതിന് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

{അധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ}

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഞാൻ ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുന്നു. പ്രതിപക്ഷ നാടകമാണ് നമ്മൾ ഇന്ന് ഈ സഭയിൽ കണ്ടത്. ജനകീയ പ്രശ്നങ്ങളിൽനിന്നും വഴിതിരിച്ചുവിടാൻ അവർ ശ്രമിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശമനുസരിച്ചുള്ള എസ്.ഐ.ടി. അന്വേഷണമാണ് നടക്കുന്നതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും നിയമ വകുപ്പുമന്ത്രിയും പറയുകയുണ്ടായി. ഇതിലെ പ്രധാന പ്രതി ഉണ്ണിക്കൃഷ്ണൻ പോറ്റിയാണല്ലോ; കോൺഗ്രസ് എം.പി.-യോടൊപ്പം അദ്ദേഹം എത്ര തവണയാണ് ശ്രീമതി സോണിയ ഗാന്ധിയുടെ വീട്ടിൽ പോയത്; അതിനെക്കുറിച്ച് പ്രതിപക്ഷത്തിന്

മറുപടിയൊന്നുമില്ലല്ലോ; കോൺക്രീറ്റ് കൊടിമരം ചിതലരിച്ചുവെന്ന റിപ്പോർട്ട് കൊടുത്തതാരാണ്; ശബരിമലയുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ മുഖ്യപങ്കാളികൾ കോൺഗ്രസാണ്. ഉപ്പുതിന്നവൻ ആരായാലും വെള്ളം കുടിക്കണമെന്ന ശക്തമായ നിലപാടാണ് ഇടതുപക്ഷം സ്വീകരിച്ചത്. ശബരിമല വിഷയത്തിൽ ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ ശക്തമായ അന്വേഷണം നടക്കുകയാണ്. കനഗോലുവിന്റെ നിർദേശമനുസരിച്ചാണ് ഇപ്പോൾ യു.ഡി.എഫ്. കേരളത്തിലെ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നത്. കേരളത്തിന്റെ പ്രതിപക്ഷനേതാവ് ആരാണെന്ന് ചോദിച്ചാൽ അത് ശ്രീ. വി. ഡി. സതീശൻ അല്ല, കനഗോലുവാണ്. അദ്ദേഹത്തിന്റെ നിർദേശമനുസരിച്ചാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. ശ്രീ. വി. ഡി. സതീശൻ വെറും ഡമ്മിയാണ്. ആ സീറ്റിൽ ഇരിക്കുന്നുവെന്ന് മാത്രമേയുള്ളൂ.

ചരിത്രത്തിലെ ഏറ്റവും കടുത്ത അവഗണനയാണ് കേരളത്തോട് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളീയരെ പരിഹസിക്കുകയല്ലേ ചെയ്യുന്നത്. ഹൈസ്പീഡ് റെയിൽ ഇല്ല, വിഴിഞ്ഞത്തിന് സഹായമില്ല, റെയിൽവേ സോണില്ല, ശബരി റെയിൽപാതയ്ക്ക് പണമില്ല, എയിംസും ഇല്ല. എയിംസ് വരുമെന്ന് പറഞ്ഞ ഒരു കേന്ദ്ര മന്ത്രിയുണ്ട്. അദ്ദേഹം പറഞ്ഞ വാക്കുകളൊന്നും ഞാൻ സഭയിൽ പറയുന്നില്ല. അതിനെതിരെ കേരളത്തിലെ ജനങ്ങളെല്ലാം പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. ആമയെ സംരക്ഷിക്കുന്ന പദ്ധതിയൊക്കെ കേന്ദ്ര ബജറ്റിലുള്ളത് നല്ലതാണ്. പക്ഷെ മനുഷ്യനെ സഹായിക്കുന്ന പദ്ധതികളുടെ വേണ്ടതല്ലേ; കേന്ദ്രഗവൺമെന്റ് കേരളത്തിനായി 'അപൂർവ്വ ധാതു ഇടനാഴി' പദ്ധതി പ്രഖ്യാപിച്ചു. അത് സ്വകാര്യ-കുത്തക ലോബികളെ സഹായിക്കാനും കേരളത്തിന്റെ ധാതുസമ്പത്ത്

സ്വകാര്യമേഖലയ്ക്ക് തീറെഴുതാനും വേണ്ടിയല്ലേ; കഴിഞ്ഞ പത്തുപന്ത്രണ്ട് വർഷങ്ങളായി ഇന്ത്യാരാജ്യം ശ്രീ. നരേന്ദ്ര മോദി ഭരിക്കുകയാണ്. കേരളത്തിന് യാതൊന്നും നൽകിയിട്ടില്ല. ഇടയ്ക്കിടെ അദ്ദേഹം കേരളത്തിൽ വന്ന് മൈതാന പ്രസംഗം നടത്തുകയും മേയറെ കെട്ടിപ്പിടിക്കുകയും തിരിച്ചുപോകുകയും ചെയ്യും. എന്നാൽ, കേരളത്തിന് ഒരു സഹായവും അനുവദിച്ചില്ല. നഗരവികസനത്തിനായി ഒരു ബ്ലൂപ്രിന്റുമില്ല. കേരളത്തിലെ ബി.ജെ.പി. നേതാക്കൾ വലിയ വായിലാണ് വർത്തമാനം പറയുന്നത്. യഥാർഥത്തിൽ ബി.ജെ.പി. എന്നത് വടക്കേ ഇന്ത്യൻ ലോബി നിയന്ത്രിക്കുന്ന പാർട്ടിയാണ്. കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളോടും ജനങ്ങളോടും പരമപുച്ഛമുള്ളൊരു പാർട്ടിയാണ്. അവർ കേരളത്തെ സഹായിക്കില്ല എന്നുമാത്രമല്ല കേരളത്തെ ദ്രോഹിക്കുമെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. യഥാർഥത്തിൽ കേന്ദ്ര ഗവൺമെന്റ് കേരളത്തോട് എപ്പോഴും അവഗണനയല്ലേ കാണിച്ചിട്ടുള്ളൂ; ഏതെങ്കിലുമൊരു പദ്ധതി കേരളത്തിന് നൽകിയിട്ടുണ്ടോ; ഇവിടെ 2018-ലും 2019-ലും പ്രളയ ദുരന്തമുണ്ടായപ്പോഴും ഒരു സഹായവും ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ, കേരളം അതിന്റെ കരുത്തുകൊണ്ട് മുന്നോട്ടുപോയതാണ്. വയനാട് ദുരന്തവുമായി ബന്ധപ്പെട്ട് പ്രധാനമന്ത്രി മീറ്റിങ് വിളിക്കുകയും സ്ഥലം സന്ദർശിക്കുകയും പ്രഖ്യാപനങ്ങൾ നടത്തുകയും ചെയ്തു. എന്നാൽ ഒരു സഹായവും വയനാടിനായി ഉണ്ടായില്ല. പൊതുമേഖലാ ബാങ്കുകളുമായി ബന്ധപ്പെട്ട കടം എഴുതിത്തള്ളുമെന്ന് പറഞ്ഞെങ്കിലും അതുമുണ്ടായില്ല. കേരളത്തിലെ ഇച്ഛാശക്തിയുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ദുരന്തത്തിന് ഇരയായവരെ ചേർത്തുപിടിച്ചുകൊണ്ട് അവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട എല്ലാ

പ്രവർത്തനങ്ങൾക്കും ശക്തമായി നേതൃത്വം നൽകിക്കൊണ്ടിരിക്കുകയാണ്. കോൺഗ്രസ് പാർട്ടി നിർമ്മിച്ചുനൽകാമെന്ന് പറഞ്ഞ വീടും പ്രധാനമന്ത്രി പറഞ്ഞ ധനസഹായവും ഒരുപോലെയാണ്, രണ്ടും ലഭിച്ചില്ല. കേരളത്തിൽനിന്നും രണ്ട് കേന്ദ്രമന്ത്രിമാരുണ്ട്. അവർ നോക്കുകുത്തികളായി, കേരളത്തിൽവന്ന് കേരളത്തിന്റെ ചെലവിൽ സഞ്ചരിച്ച് കേരളത്തിനെതിരായി പറഞ്ഞുനടക്കുന്നവരാണ്. അവരെക്കൊണ്ട് എന്തുപ്രയോജനമാണ് കേരളത്തിനുള്ളത്; ഈ അവഗണന തുടരുകയാണ്. കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ സമരം നടത്താൻ പ്രതിപക്ഷത്തിന് കഴിഞ്ഞിട്ടില്ല. ഇടതുപക്ഷത്തിന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെ ഡൽഹിയിൽ പോയി സമരം നടത്തി. അതിന് അവരെ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ലായെന്നുമാത്രമല്ല, അവിടെ പങ്കെടുക്കേണ്ട കോൺഗ്രസ് നേതാക്കളോട് പങ്കെടുക്കരുതെന്ന തരത്തിൽ പറയുകയും ചെയ്തു. അതുകൊണ്ട് ആരും പങ്കെടുത്തില്ല. അവർ ഏതെങ്കിലും ഘട്ടത്തിൽ അത്തരമൊരു സമരത്തിൽ പങ്കാളികളായോ; ഏതെങ്കിലും ഘട്ടത്തിൽ കേന്ദ്രവിരുദ്ധ നിലപാട് സ്വീകരിച്ചോ; കേന്ദ്രസർക്കാർ സാമ്പത്തികമായി സംസ്ഥാന സർക്കാരിനെ ശ്വാസംമുട്ടിക്കുന്നതിനെക്കുറിച്ച് നല്ലതുപോലെ അറിയാമെങ്കിലും കേന്ദ്രത്തിന് അനുകൂലമായ നിലപാടാണ് അവർ സ്വീകരിക്കുന്നത്. കേന്ദ്രത്തിനെതിരായ നിലപാട് സ്വീകരിക്കാതെ ഇവിടത്തെ ഇടതുപക്ഷ സർക്കാരിനെ വിമർശിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. സംസ്ഥാന ബജറ്റിൽ നിരവധി ജനക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചിരിക്കുകയല്ലേ; രാജ്യത്തെ ഏറ്റവും മാതൃകാപരമായ ബജറ്റല്ലേ സംസ്ഥാന ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്; ഇതിനപ്പുറമൊരു ബജറ്റ് അവതരിപ്പിക്കാൻ കഴിയുമോ; സമസ്ത മേഖലകളെയും എല്ലാ വിഭാഗം ജനങ്ങളെയും

ചേർത്തുപിടിച്ച് നമ്മുടെ നാടിന്റെ ക്ഷേമം ഉറപ്പാക്കുന്ന തരത്തിൽ ഏറ്റവും മനോഹരമായ ഒരു ബജറ്റല്ലേ അദ്ദേഹം അവതരിപ്പിച്ചത്; സർക്കാർ ജീവനക്കാരുടെ ഡി.എ. കുടിശ്ശിക അനുവദിക്കാനും ശമ്പള പരിഷ്കരണം നടപ്പാക്കാനും അഷ്വേർഡ് പെൻഷൻ സ്കീം നടപ്പാക്കാനും തീരുമാനിച്ചു. കഴിഞ്ഞ തവണത്തേക്കാൾ 1,000 കോടി രൂപയാണ് അധികമായി തൊഴിലുറപ്പ് പദ്ധതിക്കായി വകയിരുത്തിയിരിക്കുന്നത്. സഹകരണ ജീവനക്കാർക്കും പൊതുമേഖല സ്ഥാപനങ്ങളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കുമെല്ലാം മെഡിസെപ് മാതൃകയിലുള്ള ഇൻഷ്വറൻസ് പദ്ധതിയാണ് പ്രഖ്യാപിച്ചിരിക്കുന്നത്. ഓട്ടോറിക്ഷ, ടാക്സി, ലോട്ടറി തൊഴിലാളികൾക്ക് പ്രത്യേകമായ ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തിയിരിക്കുകയാണ്. അതിന്റെ ഒരു വിഹിതം സംസ്ഥാന സർക്കാരാണ് അടയ്ക്കുന്നത്. ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയിരിക്കുന്നു. അങ്കണവാടി - ആശാവർക്കർമാരുടെ ഓണറേറിയം വർധിപ്പിക്കുന്ന നിലപാട് സ്വീകരിച്ചു. ക്യാൻസർ രോഗബാധിതർ ഉൾപ്പെടെയുള്ളവർക്ക് പെൻഷൻ 1,000 രൂപ വർധിപ്പിക്കുന്ന ഏറ്റവും ശ്രദ്ധേയമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിച്ചത്. ഇതൊരു വയോജന സൗഹൃദ ബജറ്റല്ലേ; വയോജനക്ഷേമത്തിന് മുൻഗണന നൽകിക്കൊണ്ട് 46,236 കോടി രൂപയാണ് ആ മേഖലയ്ക്കുവേണ്ടി നീക്കിവച്ചത്. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനമോ കേന്ദ്ര സർക്കാരോ ഇപ്രകാരം തുക നീക്കിവച്ചിട്ടുണ്ടോ; ശബരിമലയുമായി ബന്ധപ്പെട്ട വിഷയത്തിൽ രാഷ്ട്രീയം കൊണ്ടുവരാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. കേന്ദ്ര സർക്കാർ നിരവധി നദീപദ്ധതികൾക്ക് പണം അനുവദിച്ചതായി നമുക്കറിയാം. എന്നാൽ കേരളത്തിലെ ഏതെങ്കിലുമൊരു പദ്ധതിക്ക് പണം അനുവദിച്ചോ; പമ്പാ നദിക്കെങ്കിലും പണം

അനുവദിച്ചോ; അതിനുവേണ്ടി സംസ്ഥാന സർക്കാർ 60 കോടി രൂപയല്ലേ നീക്കിവച്ചത്; ശബരിമല മാസ്റ്റർ പ്ലാനിനുവേണ്ടി 30 കോടി രൂപയല്ലേ നീക്കിവച്ചത്; യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ശബരിമല വിഷയം ഒരു രാഷ്ട്രീയ പ്രശ്നമാണ്. കേന്ദ്ര സർക്കാർ ശബരിമലയുടെ വികസനത്തിനായി ഒരിഞ്ച് സ്ഥലംപോലും നൽകിയിട്ടില്ലെന്ന് നമുക്കറിയാം. അതൊന്നും നൽകാതെ രാഷ്ട്രീയമായി ഇത് ഉപയോഗപ്പെടുത്താൻ ശ്രമിക്കുകയാണ്. യു.ഡി.എഫ്.-നും ബി.ജെ.പി.-ക്കും ശബരിമല ഒരു രാഷ്ട്രീയ ആവശ്യമാണ്. എന്നാൽ, എൽ.ഡി.എഫ്.-ന് ഇത് ജനങ്ങളുടെ ഒരു വിശ്വാസപ്രശ്നം മാത്രമാണ്. ശബരിമലയുടെ വികസനത്തിനായി ശക്തമായി ഇടപെട്ട് പ്രവർത്തിക്കുന്ന സർക്കാരാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. യു.ഡി.എഫ്. അധികാരത്തിൽ വരുമെന്ന ഒരു ദിവാസ്വപ്നത്തിൽ അവർ കഴിയുകയാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നാലുള്ള സ്ഥിതി എന്താണെന്ന് ആർക്കാണ് അറിയാത്തത്; ഒരു മാസം ഓഫീസുകൾ അടഞ്ഞുകിടന്നതാലും കുഴപ്പമില്ലായെന്നാണ് അന്നത്തെ യു.ഡി.എഫ്. മുഖ്യമന്ത്രിയടക്കം സർക്കാർ ജീവനക്കാരോട് പറഞ്ഞത്. ആ കാലഘട്ടത്തിൽ പാഠപുസ്തകമുണ്ടായിരുന്നെങ്കിലും ആറ് സമരമെങ്കിലും നടത്താതെ പാഠപുസ്തകം സ്കൂളുകളിൽ വരില്ല. എത്ര സ്കൂളുകളാണ് യു.ഡി.എഫ്.-ന്റെ കാലത്ത് അടച്ചുപൂട്ടിയത്; ആരോഗ്യ മേഖലയുടെ അവസ്ഥ വളരെ പരിതാപകരമായിരുന്നില്ലേ; ഡോക്ടർമാരോ, നഴ്സുമാരോ, മരുന്നോ ഉണ്ടായിരുന്നോ; ലോഡ്ഷെഡ്ഡിങും പവർക്കട്ടുമായിരുന്നു. വൈദ്യുതിയുള്ള ദിവസങ്ങൾ കേരളത്തിൽ ചുരുക്കമായിരുന്നു. സാമൂഹിക സുരക്ഷാ പെൻഷൻ എത്രമാസമാണ് ഇവർ കുടിശ്ശികയാക്കിയത്. പാവപ്പെട്ട ആളുകൾക്ക് ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായിരുന്നോ; നിയമന നിരോധനമായിരുന്നില്ലേ; എൽ.ഡി.എഫ്.

സർക്കാരിന്റെ കാലത്ത് റിക്കാർഡ് പി.എസ്.സി. നിയമനമല്ലേ നടത്തിയത്; ഇന്ത്യയിൽ ഏറ്റവും കൂടുതൽ പി.എസ്.സി. നിയമനം നടത്തിയത് കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റാണ്. യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ നിയമന നിരോധനമായിരിക്കില്ലേ; പൊട്ടിപ്പൊളിഞ്ഞ റോഡുകളിലൂടെ സഞ്ചരിച്ചാൽ നടുവൊടിയുന്ന അവസ്ഥയായിരുന്നു. അതായിരുന്നില്ലേ സ്ഥിതി; ശിവഗിരിയിലെ സ്വാമിമാരുടെ തലയ്ക്ക് ലാത്തികൊണ്ട് അടിച്ചുപൊട്ടിച്ച അനുഭവം കേരളത്തിലുണ്ടായില്ലേ; മാറാട് അടക്കം എത്ര വർഗീയ സംഘർഷങ്ങളാണ് കേരളത്തിലുണ്ടായത്. ഇത്തരം നിരവധി സംഭവങ്ങളുണ്ടായി. വേളാങ്കണ്ണി എന്ന പെൺകുട്ടി യൂണിഫോമില്ലാത്തതിനാൽ ആത്മഹത്യ ചെയ്തതും രജനി എസ്. ആനന്ദ് എന്ന പെൺകുട്ടി പഠിക്കാൻ മാർഗമില്ലാതെ ആത്മഹത്യ ചെയ്തതും യു.ഡി.എഫ്.-ന്റെ ഭരണകാലത്തല്ലേ; ഭൂമിക്കുവേണ്ടി സമരം നടത്തിയ ജോഗി എന്ന ആദിവാസി യുവാവിനെ വെടിവച്ചത് യു.ഡി.എഫ്.-ന്റെ പോലീസല്ലേ; ജോഗിയുടെ മകന് ജോലി നൽകിയത് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരല്ലേ? അത്തരത്തിൽ അഴിമതിയും തമ്മിലടിയുമായിരുന്നു. ഇവരുടെ ഭരണം വീണ്ടും വരണമെന്ന് പറയുമ്പോൾ, കേരളത്തിലെ ജനങ്ങൾ ആ നിലയിൽത്തന്നെ അതിനെ കാണുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ചില കാര്യങ്ങൾകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. റേഷൻ വ്യാപാരികളുടെ കമ്മീഷൻ വർധിപ്പിക്കുകയുണ്ടായി. റേഷൻ വ്യാപാരികളുടെ ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് രണ്ട് കോടി രൂപയെങ്കിലും അനുവദിക്കണമെന്ന് ഞാൻ അഭ്യർഥിക്കുകയാണ്. കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ

സ്വീകരിക്കണം. വനമേഖലയുമായി ബന്ധപ്പെട്ട് സ്വയം പുനരധിവാസ പദ്ധതി സർക്കാർ നടപ്പാക്കുകയുണ്ടായി. അതിന്റെ രണ്ടാം ഗഡു നൽകുന്നതിനാവശ്യമായ ഫണ്ട് അനുവദിക്കണമെന്ന കാര്യം ഞാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വർഷങ്ങളായി ജോലി ചെയ്യുന്ന കരാർ ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. വളരെ പ്രധാനപ്പെട്ട തോട്ടം മേഖലയിലെ തൊഴിലാളികളുടെ ശമ്പള വർധനവുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുമെന്ന നിലയിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി പറയുകയുണ്ടായി. അത് വേഗത്തിൽ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം ആർ.പി.എൽ. (റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ്)-ലെ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കേണ്ടതുണ്ട്. കർഷകത്തൊഴിലാളികളുടെ അതിവർഷാനുകൂല്യം നൽകുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർഥിക്കുകയാണ്. നിർമ്മാണത്തൊഴിലാളികളുടെ ക്ഷേമനിധിയുമായി ബന്ധപ്പെട്ട കുടിശ്ശിക നൽകിക്കൊണ്ടിരിക്കുകയാണ്. അത് പൂർണ്ണമായും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. സ്പെഷ്യൽ സ്കൂൾ അധ്യാപകരുടെയും ജീവനക്കാരുടെയും വേതന കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനങ്ങൾക്കായി 800 കോടിയിലധികം രൂപയാണ് നൽകിയിട്ടുള്ളത്. കെ.എസ്.ആർ.ടി.സി. ലാഭത്തിലേക്ക് വന്നുകൊണ്ടിരിക്കുകയാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെയും പെൻഷൻകാരുടെയും

ഡി.എ. കുടിശ്ശിക നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർഥിക്കുകയാണ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വളരെ മാതൃകാപരമായാണ് പ്രവർത്തിക്കുന്നത്. കേരളത്തിലെ സാധാരണ ജനങ്ങളുടെ പ്രശ്നങ്ങൾ മനസ്സിലാക്കി ഇടപെട്ട് മുന്നോട്ടുപോകുന്ന സർക്കാരാണിത്. കഴിഞ്ഞ പത്ത് വർഷക്കാലമായി അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളത്തിന്റെ സർവതോന്മുഖമായ വികസനത്തിനുവേണ്ടി ശക്തമായ നിലപാട് സ്വീകരിച്ച സർക്കാരാണ്. മൂന്നാമത് ഒരു ഇടതുപക്ഷ തുടർഭരണം കൂടി വരുമെന്ന കാഴ്ചപ്പാടാണ് കേരളത്തിലുടനീളമുള്ളത്. അതിനെതിരായ രാഷ്ട്രീയപ്രേരിതമായ സമരമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കേരളത്തിലെ ജനങ്ങൾ തിരിച്ചറിയും. കേരളത്തിന്റെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കാനുതകുന്ന ഒരു ബജറ്റാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല. ഞാൻ ഈ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയാണ്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: സർ, ഞാൻ ബജറ്റിനെ ശക്തമായി പിന്തുണയ്ക്കുകയും ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയെ മുക്തകണ്ഠം പ്രശംസിക്കുകയുമാണ്. ഒരു പുതിയ നികുതി നിർദേശവും പുറപ്പെടുവിക്കാതെ ജനങ്ങളുടെ മേൽ അധികഭാരം അടിച്ചേൽപ്പിക്കാതെ വികസനവും ക്ഷേമവും ഒരുപോലെ വളരെ ഉജ്ജ്വലമായി നടപ്പാക്കാനും സമസ്ത ജനവിഭാഗങ്ങളെയും പരിഗണിച്ചും ആശ്വസിപ്പിച്ചും അവർക്കർഹമായ ആനുകൂല്യങ്ങൾ നൽകിക്കൊണ്ടും ഒരു സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാമെന്ന് വ്യക്തമായി ബോധ്യപ്പെടുത്തുന്ന ഒരു ബജറ്റ് അവതരിപ്പിച്ചതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നുവെന്ന്

ഞാൻ പറയുന്നത്. ഈ ബജറ്റ് അവതരിപ്പിച്ച് കഴിഞ്ഞപ്പോൾ തീർച്ചയായും പ്രതിപക്ഷത്തിന്റെ സമനില തെറ്റിയെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടുതന്നെയാണ് അവർ ഈ കഴിഞ്ഞ ദിവസങ്ങളിലും ഇന്നുമെല്ലാം ഈ നിയമസഭയിൽ പാർലമെന്ററി ജനാധിപത്യത്തിന്റെ എല്ലാ തത്വങ്ങളെയും ലംഘിച്ചുകൊണ്ട് എല്ലാ ജനാധിപത്യ മര്യാദകളെയും കാറ്റിൽപ്പറത്തിക്കൊണ്ട് ഇത്തരം പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. പ്രതിപക്ഷത്തിനെന്തെങ്കിലും വിഷയം ചർച്ച ചെയ്യാനുണ്ടെങ്കിൽ അത് അവതരിപ്പിക്കാൻ വ്യവസ്ഥാപിതമായ മാർഗങ്ങളുണ്ട്. ആ മാർഗങ്ങളോടെല്ലാം വളരെ തുറന്ന സമീപനമാണ് സർക്കാരിനുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഈ സഭയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. കേരള നിയമസഭയുടെ ചരിത്രത്തിൽത്തന്നെ ഇതിനോടകം 18 നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ചർച്ച ചെയ്യാൻ വേദിയൊരുക്കിയത് പതിനഞ്ചാം കേരള നിയമസഭയാണ്. അത്തരം കാര്യങ്ങളിലൊന്നും ക്രിയാത്മകമായോ അല്ലെങ്കിൽ വ്യക്തമായോ ജനങ്ങളെ ബോധ്യപ്പെടുത്തുന്ന കാര്യങ്ങൾ അവതരിപ്പിക്കാനില്ലാത്തതിനാലും നിരന്തരം കോടതികളിൽ നിന്നടക്കം തിരിച്ചടി നേരിടുന്നതിനാലും അവയൊക്കെ മറച്ചുപിടിക്കുന്നതിന് ഇവിടെ മുമ്പ് പലരും സൂചിപ്പിച്ചതുപോലെ പ്രതിപക്ഷത്തിന്റെ ഏറ്റവും വലിയ ഉപദേഷ്ടാവായ കനഗോലുവിന്റെ സിദ്ധാന്തം അനുസരിച്ച് പാർലമെന്ററി പ്രവർത്തനങ്ങളാകെ തടസ്സപ്പെടുത്തിക്കൊണ്ടാണ് പ്രതിപക്ഷം മുന്നോട്ടുപോകുന്നത്. ഈ ബജറ്റ് അവതരണംകൂടി കഴിഞ്ഞപ്പോൾ അത് ഒന്നുകൂടി വർധിച്ചിരിക്കുന്ന സ്ഥിതിയാണ്. പ്രതിപക്ഷം ഇവിടെ ഉന്നയിക്കുന്നത് ശബരിമലയുമായി ബന്ധപ്പെട്ട വിഷയമാണ്. ശബരിമല വിഷയവുമായി ബന്ധപ്പെട്ട് കുറ്റക്കാരാണെന്ന്

പ്രാഥമികമായി വിലയിരുത്തപ്പെട്ടവരെല്ലാം അത്തരം സ്ഥാനങ്ങളിലേക്കെത്തിയത് അവരുടെ കാലഘട്ടത്തിലല്ലേ? അതുപോലെ യു.ഡി.എഫ്.-ന്റെ കൺവീനർ തന്നെയല്ലേ കുറ്റാരോപിതരായ വ്യക്തികളെ നയിച്ചുകൊണ്ട് ശ്രീമതി സോണിയ ഗാന്ധിയുടെ അടുത്തുകൊണ്ടുപോയി സ്വർണ്ണ ബ്രേസ്‌ലെറ്റ് വരെ കെട്ടിക്കൊടുക്കുന്നത്. ഒരുപക്ഷെ ശബരിമലയിൽനിന്ന് അപഹരിച്ചതിന്റെ ഭാഗമായിട്ടുള്ളതാകാം. ഈ യാഥാർഥ്യങ്ങളൊക്കെ തെളിഞ്ഞ് നിൽക്കുമ്പോൾ അതെല്ലാം മറച്ചുവച്ചുകൊണ്ട് വ്യാജ പ്രചാരണങ്ങളുടെ ഗീബൽസിയൻ തന്ത്രത്തിന്റെ ഭാഗമായി സർക്കാരിനെതിരെ ആരോപണങ്ങളുമായി മുന്നോട്ടുവരികയാണ് പ്രതിപക്ഷം. ശബരിമല വിഷയം കോടതിയുടെ നിയന്ത്രണത്തിലുള്ള കാര്യമല്ലേ? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ മേൽനോട്ടത്തിലല്ലേ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ മേൽനോട്ടം വഹിക്കുന്ന ഒരു അന്വേഷണത്തെ ചോദ്യം ചെയ്തുകൊണ്ട് നടത്തുന്ന പ്രവർത്തനം യഥാർഥത്തിൽ കോടതിയലക്ഷ്യമാണ്. ഈ നിയമസഭയുടെ പ്രിവിലേജിന്റെ ഭാഗമായി മാത്രമാണ് ഇതിനെതിരായ നീക്കങ്ങൾ നടത്താൻ അവർക്ക് സാധിക്കുന്നതെന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ഞാൻ ആമുഖമായി സൂചിപ്പിച്ചതുപോലെ ഓട്ടോറിക്ഷത്തൊഴിലാളികളെയും ഗിഗ് വർക്കേഴ്സിനെയും ആശാ വർക്കർമാരെയും അങ്കണവാടി ജീവനക്കാരെയും പാചകത്തൊഴിലാളികളെയും സർക്കാർ ജീവനക്കാരെയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പരിഗണിക്കുന്ന ബജറ്റാണിത്. എനിക്ക് ഏറ്റവും ആകർഷകമായി തോന്നിയ കാര്യങ്ങളിലൊന്ന് സ്ത്രീ സുരക്ഷ പദ്ധതിയാണ്. ഒരുപക്ഷെ നമ്മുടെ രാജ്യത്തൊരിടത്തുമില്ലാത്ത വിധം വീട്ടമ്മമാർക്ക് പ്രതിമാസ വരുമാനം സ്ത്രീ സുരക്ഷ

പദ്ധതിയിലൂടെ നൽകാൻ തീരുമാനിച്ച ഒരു സർക്കാരാണിത്. ത്രിതല പഞ്ചായത്ത് അംഗങ്ങളുടെ ഓണറേറിയം വർധിപ്പിച്ച നടപടിയെയും അഭിനന്ദിക്കുകയാണ്. ഞാനും മുമ്പ് ജില്ലാ പഞ്ചായത്തിലടക്കം പ്രവർത്തിച്ചിട്ടുള്ള വ്യക്തിയാണ്. എല്ലാതരത്തിലും സമൂഹത്തിന്റെ വളർച്ചയ്ക്കുവേണ്ടി ക്ഷേമ-വികസന പ്രവർത്തനങ്ങളിൽ ഉജ്ജ്വലമായ ഇടപെടൽ നടത്തിയ ഒരു ബജറ്റാണിത്. അതേസമയം ഫെബ്രുവരി 1-ാം തീയതി കേന്ദ്ര സർക്കാർ ഈ രാജ്യത്ത് ഒരു ബജറ്റ് അവതരിപ്പിച്ചു. കേരളം എന്നൊരു സംസ്ഥാനം ഇന്ത്യയിലില്ലേ എന്ന് ആരും ചോദിച്ചുപോകുന്ന നിലയിലാണ് ആ ബജറ്റിൽ നമ്മുടെ സംസ്ഥാനത്തോടുള്ള സമീപനം. നികുതി വരുമാനത്തിൽ നേരിയ വർധനവ് നൽകിയിട്ടുണ്ട്. ചില മാധ്യമങ്ങൾ അത് വലിയ തോതിൽ ഹൈലൈറ്റ് ചെയ്ത് കാണിക്കുന്നത് കണ്ടു. ഒരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് മുഴുവനായി ഇല്ലാതാക്കിയെന്നതാണ്. യഥാർഥത്തിൽ നികുതി വരുമാനത്തിന്റെ വർധനവുകൊണ്ട് ലഭിക്കുന്ന നേട്ടത്തേക്കാളധികം ഫണ്ട് ഗ്രാന്റില്ലാതാക്കിയതിലൂടെ നഷ്ടപ്പെടുന്ന സാഹചര്യമാണുള്ളത്. സംസ്ഥാനത്തിന്റെ ചെലവിനത്തിൽ 75 ശതമാനവും കേരളം തന്നെ നേരിട്ട് വഹിക്കുന്ന സ്ഥിതിയാണ്. രാജ്യത്താകമാനം പരിശോധിക്കുമ്പോൾ 50 ശതമാനം വിഹിതം മാത്രം സംസ്ഥാനങ്ങളും ബാക്കി 50 ശതമാനം കേന്ദ്ര സർക്കാരിൽനിന്നുള്ള വിവിധ ഇനത്തിലുള്ള ധനകാര്യ വിഹിതങ്ങളായി നൽകേണ്ട സ്ഥിതിയുള്ളപ്പോൾ കേരളത്തോടുമാത്രം കാണിക്കുന്നത് ചിറ്റമ്മ നയമല്ലേ? അതുപോലെ കേരളം ഉന്നയിച്ച എയിംസ്, ശബരി റെയിൽപ്പാത അടക്കമുള്ള റെയിൽവെ വികസനവും മറ്റ് ഒട്ടേറെ പദ്ധതികളിൽ ഏതെങ്കിലുമൊന്ന് അനുവദിച്ചോ? ഇക്കാര്യങ്ങളിൽ കേന്ദ്ര സർക്കാരും കേന്ദ്ര സർക്കാരിനെ നയിക്കുന്ന ബി.ജെ.പി.-യും

കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ ഒന്നാം പ്രതിയാണെങ്കിൽ രണ്ടാം പ്രതി കേരളത്തിലെ യു.ഡി.എഫ്.-ഉം അവരുടെ 18 എം.പി.-മാരുമാണ്. കേരളത്തിന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ നേടിയെടുക്കാൻ വേണ്ടിയല്ലേ അവരെ ജനങ്ങൾ വോട്ട് ചെയ്ത് പാർലമെന്റിലേക്ക് അയച്ചത്. അവർ അവിടെ എന്താണ് ചെയ്യുന്നത്? കേരളത്തിന് ആനുകൂല്യങ്ങൾ എങ്ങനെ നൽകാതിരിക്കാമെന്ന് ഗവേഷണം നടത്തിക്കൊണ്ട് കേന്ദ്ര സർക്കാർ നടത്തുന്ന കേരള വിരുദ്ധ നടപടികളെ പരോക്ഷമായി പിന്തുണയ്ക്കുന്ന നടപടിയാണ് യു.ഡി.എഫ്.-ഉം അവരുടെ എം.പി.-മാരും ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കേരളത്തിലെ ജനങ്ങളുടെ മുമ്പിൽ കേന്ദ്ര സർക്കാർ അവഗണനയുടെ കാര്യത്തിൽ ഒന്നാം പ്രതി ബി.ജെ.പി.-യും കേന്ദ്ര സർക്കാരുമാണെങ്കിൽ രണ്ടാം പ്രതി യു.ഡി.എഫ്.-ഉം അവരുടെ എം.പി.-മാരും അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ നേതൃത്വവുമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ ഒന്നുരണ്ട് കാര്യങ്ങൾകൂടി സൂചിപ്പിക്കാൻ ഈ അവസരം ഉപയോഗപ്പെടുത്തുകയാണ്. ശബരി ഗ്രീൻ ഫീൽഡ് ഇന്റർനാഷണൽ എയർപോർട്ടിനുള്ള ഫണ്ട് അനുവദിച്ചതിനുള്ള നന്ദി രേഖപ്പെടുത്തുന്നു. അതുമായി ബന്ധപ്പെട്ട ചില കോടതി വിധികളുടെ അടിസ്ഥാനത്തിൽ ചെറിയ ചില പ്രതിസന്ധികൾ ഈ ഘട്ടത്തിലുണ്ട്. അത് മറികടന്നുകൊണ്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ ത്വരിതപ്പെടുത്തുന്നതിനും എയർപോർട്ട് യാഥാർഥ്യമാക്കുന്നതിനുമുള്ള മറ്റ് പ്രവർത്തനങ്ങൾക്കും ഗതിവേഗവും ഊർജ്ജവും നൽകണമെന്ന് അഭ്യർഥിക്കുകയാണ്. മലയോര മേഖലയുമായി ബന്ധപ്പെട്ട പട്ടയ പ്രശ്നം നിലനിൽക്കുന്നുണ്ട്. സ്പെഷ്യൽ ഓഫീസ് സ്ഥാപിച്ച് പട്ടയ നടപടികൾ ഊർജ്ജിതമായി നടക്കുന്നുണ്ടെങ്കിലും അതിലെ ചെറിയ ചില പരിഹരിക്കാൻ സാധിക്കുന്ന തടസ്സങ്ങൾ കൂടി

നീക്കണം. എന്റെ നിയോജകമണ്ഡലത്തിലെ മലയോര മേഖലകളായ കോരുത്തോട്, എരുമേലി, മുണ്ടക്കയം പഞ്ചായത്തുകളിലെ ജനങ്ങൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണമെന്ന് അഭ്യർഥിക്കുന്നു. നമ്മുടെ സംസ്ഥാനത്തൊട്ടാകെ തുരങ്കപാതകൾ നിർമ്മിക്കുന്ന കാലഘട്ടമാണിത്. വയനാട് തുരങ്കപാതയുടെ നിർമ്മാണം ആരംഭിച്ചു. ഈ ബജറ്റിൽത്തന്നെ കട്ടപ്പനയിൽനിന്ന് തേനിയിലേക്ക് ഒരു തുരങ്കപാത നിർമ്മിക്കണമെന്ന നിർദ്ദേശമുണ്ട്. എന്റെ നിയോജകമണ്ഡലമായ ഈരാറ്റുപേട്ടയിൽനിന്ന് നെടുമ്പാശ്ശേരിയിലേക്കടക്കം പോകുന്നത് പ്രധാനമായും തൊടുപുഴ, മൂവാറ്റുപുഴ വഴിയാണ്. ഭാവിയിൽ യാഥാർഥ്യമാകുന്ന നിലയിൽ ഈരാറ്റുപേട്ടയിൽനിന്ന് തൊടുപുഴ ഭാഗത്തേയ്ക്ക് കളത്തുക്കടവിൽനിന്ന് മുട്ടത്തെത്തുന്ന രീതിയിലുള്ള തുരങ്കപാതയ്ക്കുവേണ്ടി ഒരു സാധ്യത പഠനം നടത്തണമെന്ന കാര്യം കൂടി ഞാൻ അഭ്യർഥിക്കുകയാണ്. കേന്ദ്ര ബജറ്റുമായി താരതമ്യം ചെയ്യുമ്പോൾ നാടൻ ഭാഷയിൽ പറഞ്ഞാൽ ആനയും ആടും പോലെയുള്ള വ്യത്യാസമുണ്ടെന്ന് പറയാവുന്ന വിധത്തിലാണ്. കേരളത്തിലെ ജനങ്ങളെ പരിരക്ഷിക്കുകയും സംരക്ഷിക്കുകയും ഈ സർക്കാർ നടപ്പിലാക്കിയ എല്ലാ വികസന പ്രവർത്തനങ്ങൾക്കും കൂടുതൽ ഊർജ്ജവും ഗതിവേഗവും നൽകുന്ന ഒരു ബജറ്റാണ് സംസ്ഥാനത്ത് അവതരിപ്പിച്ചത്. കേരളത്തിലെ ജനങ്ങളെയാകെ നോക്കുകുത്തികളാക്കുന്നതും പരിഹസിക്കുന്നതും അവഗണനയുടെ ആഴങ്ങളിലേക്ക് തള്ളിവിടുന്ന നിരുത്തരവാദപരമായതും ഫെഡറൽ തത്വങ്ങൾക്കെതിരായതുമായ ഒരു ബജറ്റാണ് കേന്ദ്ര സർക്കാരിൽനിന്നുമുണ്ടായിരിക്കുന്നത്. ഈ സംസ്ഥാനത്തെ ജനങ്ങൾ അത് ചർച്ച ചെയ്യുമെന്ന് മാത്രം സൂചിപ്പിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ബജറ്റിന് എല്ലാ

പിന്തുണയും അറിയിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ കേരള നിയമസഭയിൽ അവതരിപ്പിച്ച ബജറ്റ് പ്രസംഗം കേട്ടപ്പോൾ കേരളത്തിലെ ജനങ്ങൾ സന്തോഷിക്കുകയും കൈയടിക്കുകയും ചെയ്തു. കേരളത്തിലെ മാത്രമല്ല ലോകത്തെമ്പാടുമുള്ള മലയാളികളും അതുകേട്ട് സന്തോഷിച്ചു. ഒരു ആധുനിക വികസിത നവകേരളം പടുത്തുയർത്തുന്നതിന് വേഗത പകരുന്ന ഒരു ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. കേരള ബജറ്റ് അവതരിപ്പിച്ചുകഴിഞ്ഞ്, തൊട്ടടുത്ത ദിവസം തന്നെ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ കേന്ദ്ര ബജറ്റ് അവതരിപ്പിച്ചു. അത് കേരളത്തെ നിരാശപ്പെടുത്തിയ ഒരു ബജറ്റായിരുന്നു. കേരളം എന്നൊരു വാക്കുപോലും ആ ബജറ്റിലുണ്ടായിരുന്നില്ല. കേരളത്തിന് ഒരൊറ്റ പദ്ധതി പോലും അനുവദിച്ചിട്ടില്ല. നിരവധി കാലങ്ങളായി കേരളം ആവശ്യപ്പെട്ടുകൊണ്ടിരുന്ന യാതൊരു പദ്ധതികളെക്കുറിച്ചും പരാമർശംപോലും നടത്തിയിട്ടില്ല. എന്നാൽ കൊച്ചുകുട്ടികൾ മുതൽ വയോജനങ്ങൾ വരെ എല്ലാവരെയും ചേർത്തുപിടിച്ച ഒന്നായിരുന്നു സംസ്ഥാന ബജറ്റ്. വിവിധ മേഖലയിലെ തൊഴിലാളികൾ, കർഷകർ, സംസ്ഥാന സർക്കാർ ജീവനക്കാർ തുടങ്ങി എല്ലാവരെയും ചേർത്തുപിടിച്ച ഒരു ബജറ്റായിരുന്നു ഇത്. രണ്ട് ബജറ്റുകൾ തമ്മിലുള്ള ഏറ്റവും മൗലികമായ വ്യത്യാസമിതാണ്. കേരളത്തിലെ സമ്പദ്‌വ്യവസ്ഥയെ സംബന്ധിച്ച് പ്രതിപക്ഷാംഗങ്ങൾ പ്രചരിപ്പിക്കുന്നത് കേരളം സാമ്പത്തികമായി തകർന്നുകൊണ്ടിരിക്കുന്ന, കടക്കെണിയിലകപ്പെട്ടിരിക്കുന്ന സംസ്ഥാനമാണെന്നാണ്. എന്താണ് യാഥാർഥ്യം; കേരളത്തിലേത് അനുദിനം വളർന്നുകൊണ്ടിരിക്കുന്ന ഒരു സമ്പദ്‌വ്യവസ്ഥയാണ്.

കേന്ദ്രസർക്കാർ എല്ലാതരത്തിലും സാമ്പത്തികമായി കേരളത്തെ ഞെക്കിഞെരുക്കുമ്പോഴും രാഷ്ട്രീയ കാരണങ്ങളാൽ കേരളത്തിന് അർഹതപ്പെട്ടതെല്ലാം നിഷേധിക്കുമ്പോഴും കേരളം എങ്ങനെയാണ് പിടിച്ചുനിൽക്കുന്നത്? അക്കാര്യം കൃത്യമായി കേരളത്തിന്റെ ധനകാര്യവകുപ്പുമന്ത്രി കുറേ നാളുകളായി സൂചിപ്പിക്കുന്ന കാര്യമാണ്. അത് കൃത്യമായി ബജറ്റിലും പ്രതിപാദിച്ചിട്ടുണ്ട്. ഒന്നാമതായി തനത് നികുതി വരുമാനം പരമാവധി വർധിപ്പിച്ചു എന്നതാണ്. നികുതിയേതര വരുമാനവും പരമാവധി വർധിപ്പിച്ചു. ഈ വരുമാനമാണ് കേരളത്തിലെ ഇതുവരെയുള്ള എല്ലാ വികസനപ്രവർത്തനങ്ങൾക്കും അടിത്തറയായത്. മറ്റൊരർഥത്തിൽ പറഞ്ഞാൽ ഈ ധനമാണ് പ്രധാനമായും കേരളത്തിന്റെ വികസനത്തിന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. വികസനപദ്ധതികളുടെ കാര്യത്തിൽ കേന്ദ്രസർക്കാരിനെ മാത്രം കാത്തുനിൽക്കുകയും കേന്ദ്രത്തിന്റെ ഭാഗത്തുനിന്നും യാതൊന്നും നൽകാതിരിക്കുമ്പോൾ കൈ മലർത്തുകയും ചെയ്യുന്ന രീതിയല്ല കേരള സർക്കാർ അവലംബിച്ചിട്ടുള്ളത്. കേരളം കുതിച്ചു മുന്നേറുകയാണ്.

2026-27 സാമ്പത്തികവർഷത്തെ ബജറ്റിൽ വിദ്യാഭ്യാസ രംഗത്തിന് മുന്തിയ പ്രാധാന്യം നൽകിയിട്ടുണ്ട്. ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കി എന്നത് എടുത്തുപറയേണ്ടതാണ്. ലോകത്തെവിടെയാണ് ഡിഗ്രിതലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കിയിരിക്കുന്നത്? പൊതുവിദ്യാലയങ്ങളെല്ലാം അടച്ചുപൂട്ടുകയും അൺഎയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും അനുമതി കൊടുക്കുകയും അത് തഴച്ചുവളരുകയും ചെയ്യുന്ന നമ്മുടെ രാജ്യത്ത് കേരളം എന്ന സംസ്ഥാനം മാത്രമാണ് പൊതുവിദ്യാഭ്യാസത്തെ സംരക്ഷിച്ചത്. പിണറായി സർക്കാർ അധികാരത്തിൽ എത്തിയില്ലായിരുന്നെങ്കിൽ

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖല എന്താകുമായിരുന്നുവെന്ന് ചരിത്രം പരിശോധിച്ചാൽ നമുക്ക് മനസ്സിലാക്കാവുന്നതേയുള്ളൂ. 2500-ഓളം സ്കൂളുകൾ അടച്ചുപൂട്ടുമെന്ന് തീരുമാനിച്ച ഈ കേരളത്തിൽ, ഒരൊറ്റ വിദ്യാലയം പോലും അടച്ചുപൂട്ടില്ലെന്ന് പ്രഖ്യാപിക്കുകയും എല്ലാ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെയും വളർത്തിക്കൊണ്ടുവരികയും അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തത് കേരളത്തിലെ പിണറായി സർക്കാരാണ്. ഈ ബജറ്റിൽ വിദ്യാഭ്യാസ രംഗത്ത് കൂടുതൽ ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് കാണാം. ന്യൂനപക്ഷ വിദ്യാർഥികൾക്ക് വിദേശ പഠനത്തിനുള്ള സ്കോളർഷിപ്പും ഹൈസ്കൂൾ-ഹയർ സെക്കണ്ടറിതലം വരെയുള്ള വിദ്യാർഥികൾക്ക് ഇൻഷ്വറൻസ് പരിരക്ഷയും ഏർപ്പെടുത്തി. ഏറ്റവും നൂതനമായതും നാം കൈവരിച്ചു കൊണ്ടിരിക്കുന്ന നേട്ടങ്ങൾ ഒന്നുകൂടി വികസിപ്പിച്ചെടുക്കാവുന്ന രീതിയിലുമുള്ള ഏറ്റവും ആധുനികമായ സമീപനങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ കൊണ്ടുവന്നിരിക്കുന്നത്.

ആരോഗ്യമേഖലയിലെ സ്ഥിതിയെന്താണ്? കേരളത്തിലെ പൊതുജനാരോഗ്യമേഖല ഇന്ത്യയിലെ തന്നെ ഏറ്റവും മികച്ചതാണ്, നമ്പർ വൺ ആണ്. ലോകത്തിന് മുന്നിൽതന്നെ കേരളത്തിന്റെ ആരോഗ്യ മേഖലയെ സംബന്ധിച്ച് സൂചിപ്പിക്കുന്നത് ഏറ്റവും മികച്ചതാണെന്നാണ്. പാശ്ചാത്യ മുതലാളിത്ത രാജ്യങ്ങളിൽപ്പോലും ഡോക്ടർമാരുടെ കൺസൾട്ടേഷൻ ലഭിക്കാൻ ഏറെ പ്രയാസമാണ്. ഒരു വ്യക്തിക്ക് ഇന്ന് രോഗം ബാധിച്ചാൽ ഒന്നുരണ്ട് മാസം കഴിഞ്ഞാണ് ഒരു ഡോക്ടറെ കാണാൻ കഴിയുന്നത്. അവർ നിർദേശിക്കുന്ന മരുന്ന് കഴിച്ചുനോക്കിയിട്ടുവേണം വേറെ ഡോക്ടറെ കാണണോയെന്ന് തീരുമാനിക്കാൻ. ഇവിടെ നമുക്ക് ഏത് ഡോക്ടറെ വേണമെങ്കിലും കാണാൻ സാധിക്കും. ആവശ്യത്തിന് മരുന്ന്

ലഭിക്കും. എല്ലാം സൗജന്യമാണ്. ഈ സാമ്പത്തിക വർഷം 2,500 കോടി രൂപയാണ് ആരോഗ്യമേഖലയ്ക്ക് വകയിരുത്തിയിരിക്കുന്നത്. നിലവിൽ തുടരുന്ന എല്ലാ സൗജന്യങ്ങളും തുടരുകയും ചെയ്യും. പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള എല്ലാ സംവിധാനങ്ങളേയും ശക്തിപ്പെടുത്തും. കേരളത്തിൽ ഒരാൾക്കും ചികിത്സ ലഭിക്കാതെയുള്ള യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുകയില്ലെന്ന് പ്രഖ്യാപിക്കുന്നതാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റ്. നമ്മുടെ പശ്ചാത്തലമേഖല പരിശോധിക്കുകയാണെങ്കിൽ, യു.ഡി.എഫ്. സർക്കാരിന്റെ കാലം പോലെയാണോ ഇന്നത്തെ അവസ്ഥയെന്ന് ബോധ്യപ്പെടും. നാഷണൽ ഹൈവേ, മലയോര ഹൈവേ, തീരദേശ ഹൈവേ തുടങ്ങിയവയുടെയെല്ലാം നിർമ്മാണപ്രവർത്തനങ്ങളുടെ ഒരു ഘട്ടം പൂർത്തീകരിച്ചുകഴിഞ്ഞു. പല തടസ്സങ്ങൾ കാരണം അതിൽ കുറച്ചുപ്രവർത്തനങ്ങൾ മാത്രമേ പെൻഡിങ്ങുള്ളൂ. നാഷണൽ ഹൈവേയുടെ ഒന്നാം ഘട്ടം, കാസർഗോഡ് ജില്ലയിലെ തലപ്പാടി മുതൽ ചെങ്കള വരെയുള്ള 39 കിലോമീറ്റർ വരെയുള്ള ഭാഗം ഉദ്ഘാടനത്തിന് സജ്ജമായിട്ടുണ്ട്. അതിമനോഹരമായ ഒരു റോഡാണത്. മുമ്പ് കാസർഗോഡ് നിന്ന് മംഗലാപുരത്തേയ്ക്ക് എത്താൻ ഒന്നര മണിക്കൂർ സമയം ആവശ്യമായിരുന്നുവെങ്കിൽ ഇന്ന് 35 മിനിട്ടുകൊണ്ട് എത്തിച്ചേരാൻ കഴിയുന്ന നിലയിലാണ് റോഡ് വികസിപ്പിച്ചിരിക്കുന്നത്.

കേരളത്തിന്റെ വികസനത്തിൽ, പശ്ചാത്തല സൗകര്യങ്ങളുടെ കൂട്ടത്തിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്ന അതിവേഗ റെയിൽ. അത് ഇല്ലാതാക്കിയതാരാണ്? ഇതുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ ഭാഗത്തുനിന്നും അനുമതി ലഭിക്കാതിരിക്കാൻ ഇവിടെത്തെ യു.ഡി.എഫ്., ബി.ജെ.പി. സഖ്യങ്ങൾ കാരണക്കാരായിരുന്നില്ലേ; യു.ഡി.എഫ്.-ന്റെ

ഭാഗത്തുനിന്നും അങ്ങനെയൊരു നിലപാട് സ്വീകരിക്കേണ്ടിയിരുന്നോ? എന്നാൽ പ്രസ്തുത പദ്ധതി ഇപ്പോൾ ആവാം എന്നാണ് സൂചിപ്പിക്കുന്നത്. ഒരെണ്ണം ഇല്ലാതായി പുതിയതുവരുമ്പോൾ ആവാം എന്ന നിലപാടാണ് അവർ സ്വീകരിക്കുന്നത്. ഇതിന് കേന്ദ്രസർക്കാർ പണം അനുവദിച്ചോ; ഇപ്പോൾ ആവാം എന്നുപറയുന്നവർ, അന്ന് എന്തേ അക്കാര്യത്തിൽ അനുകൂല നിലപാട് സ്വീകരിക്കാതിരുന്നത്? ചുരുക്കിപ്പറഞ്ഞാൽ കേരളത്തിന്റെ വികസനപ്രവർത്തനങ്ങളിൽ എല്ലാത്തിനും തടസ്സം നിൽക്കുന്ന ഒരു നിലപാടാണ് യു.ഡി.എഫ്. സ്വീകരിക്കുന്നത്.

ഈ ബജറ്റിലെ ഏറ്റവും പ്രധാനപ്പെട്ട കാര്യം ക്ഷേമ പദ്ധതികൾ സംബന്ധിച്ചുള്ളതാണ്. 62 ലക്ഷം പേർക്ക് 2,000 രൂപ നിരക്കിൽ ക്ഷേമപെൻഷൻ പ്രഖ്യാപിച്ചിരിക്കുകയാണ്. ആയതിലേക്കായി 14,500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വീട്ടമ്മമാർക്ക് സ്ത്രീ സുരക്ഷാ പദ്ധതി സംബന്ധിച്ചും സൂചിപ്പിച്ചിട്ടുണ്ട്. നിലവിൽ പിങ്ക്, മഞ്ഞ കാർഡുകൾ കൈവശമുള്ളവരിൽ, ഭാവിയിൽ അർഹതപ്പെട്ട എല്ലാ വീട്ടമ്മമാർക്കും പെൻഷൻ അനുവദിക്കുകയെന്നതാണ് സ്ത്രീ സുരക്ഷാ പദ്ധതിയിലൂടെ നടപ്പിലാക്കാൻ പോകുന്നത്. ആശാ വർക്കർമാർ, അങ്കണവാടി വർക്കർമാർ, പാചകത്തൊഴിലാളികൾ എന്നിവരുടെയും ആനുകൂല്യം വർധിപ്പിച്ചു. ചുരുക്കിപ്പറഞ്ഞാൽ കേരളത്തിലെ ജനസംഖ്യയുടെ 30 ശതമാനത്തെയും ചേർത്തുനിർത്തി, ഒരു കോടിയോളം ആളുകൾക്ക് നിലവിൽ ആനുകൂല്യങ്ങൾ നൽകികൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ദാരിദ്ര്യമില്ലാത്ത, പട്ടിണിയില്ലാത്ത ഒരു സംസ്ഥാനമായി കേരളം മാറിയത്. നമ്മുടെ സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കി. ലോക ജനതയാകെ കേരളത്തെ വാഴ്ത്തി. മുമ്പ്

ചൈന മാത്രമായിരുന്നു അതിദാരിദ്ര്യ നിർമ്മാർജ്ജനം നടപ്പാക്കിയിരുന്നത്. എന്നാൽ കേരളമെന്ന ഈ കൊച്ചുസംസ്ഥാനം അതിദാരിദ്ര്യം നിർമ്മാർജനം ചെയ്തപ്പോൾ, അത് ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും ലോകത്തിനും മാതൃകയായി.

തൊഴിലുറപ്പ് പദ്ധതിയെ കേന്ദ്ര സർക്കാർ അട്ടിമറിക്കാൻ ശ്രമിച്ചു. കേന്ദ്ര സർക്കാർ പുതിയ ഭേദഗതിയിലൂടെ പാവപ്പെട്ട ജനങ്ങളുടെ തൊഴിലുറപ്പ് പദ്ധതി എന്ന ആശ്രയത്തെത്തന്നെ ഇല്ലാതാക്കാനാണ് നോക്കിയത്. പക്ഷെ സംസ്ഥാന സർക്കാർ തൊഴിലുറപ്പ് പദ്ധതി മുന്നോട്ട് കൊണ്ടുപോകാനാവശ്യമായ പിന്തുണ നൽകി. ആയിരം കോടി രൂപയാണ് അതിനുവേണ്ടി നീക്കിവച്ചത്. കേന്ദ്രസർക്കാരിന്റെ ബജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്കുള്ള തുക വെട്ടിക്കുറയ്ക്കുകയാണ് ചെയ്തതെങ്കിൽ കേരളം ടി പദ്ധതിയുമായി മുന്നോട്ട് പോകാൻതന്നെയാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഒരു പദ്ധതി പോലും കേന്ദ്ര ബജറ്റിൽ അനുവദിച്ചിട്ടില്ല. സംസ്ഥാനത്തിന്റെ തനത് കഴിവ് കൊണ്ടുമാത്രമാണ് നമ്മൾ മുന്നോട്ടുപോകുന്നതെന്നാണ് ആലോചിക്കേണ്ട കാര്യം. പക്ഷേ ഇതൊന്നും അനുവദിക്കില്ലെന്നും ബജറ്റിൽ പറഞ്ഞിട്ടുള്ള ഒരുകാര്യവും നടപ്പാക്കില്ലെന്നുമാണ് പ്രതിപക്ഷനേതാവ് പറയുന്നത്. സർക്കാർ ജീവനക്കാരുടെ ശമ്പള വർധനവിനുള്ള കമ്മീഷനെയും അംഗീകരിക്കില്ലെന്നും ഒരുകാര്യവും നടത്താൻ സമ്മതിക്കില്ലെന്നുമാണ് അവർ പറയുന്നത്. ഞങ്ങൾ ഒരു കോൺഗ്രസ് നേതാവിന്റെ ഗൃഹസന്ദർശനം നടത്തിയപ്പോൾ അദ്ദേഹം പറഞ്ഞത്, പെൻഷൻ വാങ്ങുന്ന വ്യക്തിയാണെന്നും യു.ഡി.എഫ്. അധികാരത്തിൽ വന്നാൽ പെൻഷൻപോലും നൽകില്ലെന്നും അന്ന് പെൻഷൻ ലഭിക്കാതെ വന്നാൽ ശ്രീ. പിണറായി വിജയനാണ് കേരളത്തെ സാമ്പത്തികമായി തകർത്തതെന്നും അതുകൊണ്ട്

പെൻഷൻ തരാൻ നിർവാഹമില്ലെന്നുംപറഞ്ഞ് നിയമസഭയിൽ ധവളപത്രം ഇറക്കുമെന്നും മാതൃഭൂമിയും മലയാള മനോരമയും ചേർന്ന് ഞങ്ങൾക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യുതരുമെന്നും അന്നും ശ്രീ. പിണറായി വിജയൻ തന്നെയാണ് കുറ്റക്കാരനെന്നുമാണ് അദ്ദേഹം ഞങ്ങളോട് പറഞ്ഞത്. ഇതാണ് കേരളത്തിൽ നടക്കുന്ന പ്രചാരണങ്ങൾ. 'മതമാണ് മതമാണ് മതമാണ് പ്രശ്നം' എന്ന് ഒരു ലീഗ് നേതാവ് പ്രസംഗിച്ചു. അതിനെ എതിർത്തുകൊണ്ട് ഒരു ലീഗുകാരനും സംസാരിച്ചതായി കേട്ടില്ല. ശ്രീ. കെ. എൻ. ബാലഗോപാൽ തന്റെ ബജറ്റിൽ എത്രയോ കാലങ്ങളായി കേരളം മുഴക്കുന്ന മുദ്രാവാക്യമായ 'മതമല്ല മതമല്ല മതമല്ല പ്രശ്നം, എരിയുന്ന വയറിന്റെ തീയാണ് പ്രശ്നം' എന്നത് മുന്നോട്ടുവച്ചു. സാധാരണക്കാർ, തൊഴിലാളികൾ, വിദ്യാർഥികൾ, മറ്റ് നാനാവിഭാഗം ജനങ്ങളും പട്ടിണിയില്ലാതെ കഴിഞ്ഞുപോകാൻ ആവശ്യമായ നിലപാടെടുത്ത് വർഗീയതയിലേക്ക് കേരളസമൂഹത്തെ കൊണ്ടുപോകാൻ അനുവദിക്കില്ലെന്ന് പ്രഖ്യാപിക്കുന്നതാണ് ഈ ബജറ്റ്. ടൂറിസം ഭൂപടത്തിലെ ഏറ്റവും സുപ്രധാനമായ ഒരു സ്ഥലമാണ് ബേക്കൽ. പതിനായിരക്കണക്കിന് വിദേശ, ആഭ്യന്തര ടൂറിസ്റ്റുകൾ ബേക്കലിലേക്ക് ഒഴുകിയെത്താറുണ്ട്. ബേക്കലിൽ എയർസ്ട്രിപ്പ് എന്ന ആശയം നേരത്തെ മുന്നോട്ടുവച്ചതാണ്. എയർസ്ട്രിപ്പ് നടപ്പാക്കാൻ സംസ്ഥാന സർക്കാർ മുന്നോട്ടുവരണം. ബേക്കലിന്റെ ടൂറിസം വികസനം അത്യന്താപേക്ഷിതമാണ്. ഈ ബജറ്റിൽ അതിനെകുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. എയർസ്ട്രിപ്പ് പ്രാവർത്തികമാക്കണമെന്ന് അഭ്യർഥിച്ചുകൊണ്ടും ഈ ബജറ്റിനെ അനുകൂലിച്ചുകൊണ്ടും എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, ബജറ്റ് വെറുമൊരു വരവ്-ചെലവ് കണക്ക് മാത്രമല്ല

എൽ.ഡി.എഫ്. സർക്കാർ വിഭാവനം ചെയ്ത നവകേരള സൃഷ്ടിക്കുള്ള വ്യക്തമായ മാർഗരേഖ കൂടിയാണ്. കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ അർഹമായ വിഹിതം വെട്ടിക്കുറച്ച് നമ്മളെ ശ്വാസം മുട്ടിക്കാൻ ശ്രമിക്കുമ്പോഴും ആ വെല്ലുവിളികളെ അതിജീവിച്ച് ജനപക്ഷത്ത് നിൽക്കുന്ന ഒരു ബദൽ രാഷ്ട്രീയമാണ് ഈ ബജറ്റ് മുന്നോട്ടുവയ്ക്കുന്നത്. അതിനെ ഞാൻ ഹൃദയപൂർവ്വം പിന്തുണയ്ക്കുകയാണ്. കേരളം കരുത്തുറ്റ സമ്പദ്‌വ്യവസ്ഥ അടയാളപ്പെടുത്തുന്ന നിലയിൽ സാമ്പത്തികമായി മുന്നേറുകയാണ്. വളർച്ചാ നിരക്കും ആളോഹരി വരുമാനവും ദേശീയ ശരാശരിയെക്കാൾ മുന്നിലാണ്. ഇതുവഴി സാമ്പത്തിക പുരോഗതി കൈവരിക്കുമ്പോൾ ചേർത്തുപിടിക്കേണ്ട ജനവിഭാഗം ഏതാണെന്ന് ഗവൺമെന്റിന് വ്യക്തമായ കാഴ്ചപ്പാടുണ്ട്. അസംഘടിത മേഖലകളിലെ തൊഴിലാളികളെ ചേർത്തുപിടിക്കുന്നതിൽ ഈ ഗവൺമെന്റ് ഒരിക്കലും പിന്നോട്ടുപോയിട്ടില്ല. നേരത്തെ ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ, തൊഴിലുറപ്പ് പദ്ധതിയെ കടുത്ത മാനദണ്ഡങ്ങൾ ഏർപ്പെടുത്തി തകർക്കാൻ ശ്രമിക്കുമ്പോഴും സംസ്ഥാന സർക്കാർ അതിനെ സംരക്ഷിക്കാനുള്ള നിലപാടാണ് സ്വീകരിക്കുന്നത്. 1980-കളിൽ ഒരു സാഹിത്യകാരൻ ഇന്ത്യയിലെ ഗ്രാമങ്ങൾ സന്ദർശിച്ചതിനുശേഷം എഴുതിയ നോവലിൽ, സഹപാഠിയെ ഏറെ നാളുകൾക്കുശേഷം കാണാൻ പോയപ്പോൾ അയാൾക്കുണ്ടായ അനുഭവമാണ് പ്രതിപാദിച്ചിരിക്കുന്നത്. അദ്ദേഹം ആ വീട്ടിലെത്തിയപ്പോൾ സഹപാഠി പുറത്തുവരാതെ വീടിനകത്ത് മുറി അടച്ചിരിക്കുകയാണ്. കാര്യമെന്താണെന്ന് തിരക്കിയപ്പോൾ സഹധർമ്മിണി പുറത്തുപോയെന്നും പുറത്തിറങ്ങി വരാൻ ഉടുവസ്ത്രമില്ലെന്നും സഹധർമ്മിണി തിരിച്ചുവന്നാൽ മാത്രമേ വസ്ത്രം ധരിച്ച് പുറത്തിറങ്ങാൻ കഴിയുകയുള്ളൂവെന്നും

പറയുകയുണ്ടായി. ആ നോവലിൽ ഇന്ത്യൻ ഗ്രാമങ്ങളുടെ സ്ഥിതി ഇങ്ങനെയാണെന്ന് എഴുത്തുകാരൻ അദ്ദേഹത്തിന്റെ പുസ്തകത്തിൽ പ്രതിപാദിച്ചു, ഇത് ഒരുപക്ഷെ അദ്ദേഹത്തിന്റെ സങ്കല്പമാകാം. ഇതായിരുന്നു ഇന്ത്യയിലെ ലക്ഷക്കണക്കിന് വരുന്ന ഗ്രാമങ്ങളുടെ അവസ്ഥ. പാർലമെന്റിൽ ഇടതുപക്ഷത്തിന് വലിയ ഭൂരിപക്ഷം ലഭിച്ച സന്ദർഭത്തിൽ ശക്തമായി ഇടപെട്ടതിന്റെ ഭാഗമായി 2005-ലെ യു.പി.എ. ഗവൺമെന്റിന്റെ ഭരണക്കാലത്ത് ടി അവസ്ഥയ്ക്ക് മാറ്റമുണ്ടായി. ഞങ്ങൾക്ക് വേണമെങ്കിൽ അന്ന് മന്ത്രിയാകാനും സാധിക്കുമായിരുന്നു. പക്ഷേ ഇടതുപക്ഷം മുന്നോട്ടുവച്ചത് ഇന്ത്യയിലെ ഗ്രാമങ്ങളിലെ ദു:സ്ഥിതി മാറ്റണമെന്ന ആവശ്യമായിരുന്നു. ഏറ്റവും സമഗ്രമായ ജനപക്ഷ നിയമത്തിനുവേണ്ടി പാർലമെന്റിൽ യു.പി.എ.-യെ പിന്തുണയ്ക്കാമെന്നാണ് പറഞ്ഞത്. അതാണ് ഇടതുപക്ഷത്തിന്റെ ജനപക്ഷ വീക്ഷണം. അതിനെയാണ് ബി.ജെ.പി. ഗവൺമെന്റ് തകർത്തെറിയാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നതെന്ന യാഥാർഥ്യം നാം തിരിച്ചറിയണം. തൊഴിലുറപ്പ് പദ്ധതിയുടെ പേരുമാറ്റിയതിനെ കുറിച്ചാണ് പ്രതിപക്ഷം ബഹളം വയ്ക്കുന്നത്. രാജ്യത്തെ കോടിക്കണക്കിന് വരുന്ന പട്ടിണി പാവങ്ങളെക്കുറിച്ച് ചിന്തിക്കുന്നില്ല. പേര് മാറ്റിയത് ശരിയല്ലെന്ന അഭിപ്രായം തന്നെയാണ് ഞങ്ങൾക്കുമുള്ളത്. പക്ഷേ ഞങ്ങൾ വീക്ഷിക്കുന്നത് ഈ നാട്ടിലെ കോടിക്കണക്കിന് സാധാരണക്കാരുടെ ജീവിതത്തെക്കുറിച്ചാണ്. ബജറ്റിൽ ഓട്ടോറിക്ഷാ തൊഴിലാളികളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. തെരുവുകളിൽ രാത്രിയും പകലുമില്ലാതെ വണ്ടിയോടിച്ച് ജീവിക്കുന്ന ലക്ഷക്കണക്കിന് ഓട്ടോറിക്ഷാ തൊഴിലാളികളെ സംരക്ഷിക്കുന്നതിനുവേണ്ടി നാൽപ്പതിനായിരം രൂപ സബ്സിഡി നൽകി വാഹനം വാങ്ങിച്ച് ഓടിച്ച് ജീവിക്കാൻ കഴിയുന്ന അവസ്ഥയിലേയ്ക്ക്

എത്തിക്കാനുള്ള സൗകര്യമൊരുക്കിയത് സംസ്ഥാന സർക്കാരാണ്. പെൻഷൻ വാങ്ങുന്ന പാവപ്പെട്ട മനുഷ്യരുടെ പുഞ്ചിരി കാണാനും വിഷമവും വിഷാദവും മാറ്റാനും സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിക്കായി തനതുവർഷം 14,500 കോടി രൂപയാണ് ഗവൺമെന്റ് മാറ്റിവച്ചത്. വിദേശ രാജ്യങ്ങളിൽപോയി ജോലി ചെയ്ത് വിദ്യാഭ്യാസം നേടിവരുന്ന വിദ്യാർഥികൾക്ക് സംസ്ഥാനത്തിനകത്തുതന്നെ വിദ്യാഭ്യാസം നൽകാനും തൊഴിലെടുക്കാനും കഴിയുന്ന വിപ്ലവാത്മകമായ പദ്ധതികൾക്ക് ബജറ്റിൽ നിർദേശിച്ചിട്ടുണ്ട്. സംസ്ഥാനത്ത് അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി കിഫ്ബി വഴി ഒരുലക്ഷം കോടി രൂപയാണ് മാറ്റിവച്ചത്. എന്റെ നിയോജകമണ്ഡലത്തിൽ പദ്ധതികൾ നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ പല തടസ്സങ്ങളും സൃഷ്ടിച്ചു. അതുമാറ്റി ഗോത്രവർഗ്ഗ ജനവിഭാഗങ്ങൾക്കുവേണ്ടി കരിപ്പയാറിന് കുറുകെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് ഒരു പാലം നിർമ്മിക്കുകയുണ്ടായി. സോഷ്യൽ മീഡിയ വഴി ആ പാലത്തിന്റെ ചിത്രം പുറത്തുവന്നപ്പോൾ ഏകദേശം ഒന്നേമുക്കാൽ കോടി ആളുകളാണ് പാലം സന്ദർശിക്കാനെത്തിയത്. ആ പാലത്തിന് പേരിട്ടിരിക്കുന്നത് സുന്ദരപാലമെന്നാണ്. ഏകദേശം ആറ് പതിറ്റാണ്ടുകളായി ഉൾവനങ്ങളിൽ ഒറ്റപ്പെട്ട ഗോത്രവർഗ ജനവിഭാഗങ്ങൾക്ക്, മൂവായിരത്തോളം വരുന്ന ആദിവാസികൾക്ക് പൊതുയിടങ്ങളിലേക്ക് വരാനുള്ള സൗകര്യങ്ങൾ കിഫ്ബി വഴി ഒരുങ്ങിക്കഴിഞ്ഞു. ആ കിഫ്ബിയെയാണ് ഇവിടെ ആക്രമിക്കുന്നത്. ശബരിമലയിലെ സ്വർണ്ണ വിഷയം പറഞ്ഞ് പ്രതിപക്ഷം ഇന്ന് സഭ ബഹിഷ്കരിക്കുകയുണ്ടായി. നാട്ടുകാരെ പറ്റിച്ച് പത്ത് വോട്ടുനേടാൻവേണ്ടി നടത്തുന്ന ഈ പാഴ്ശ്രമം ഒരിക്കലും കേരളത്തിലെ ജനങ്ങൾ അംഗീകരിക്കില്ലെന്ന് വിനയപൂർവം അവരെ ഓർമ്മിപ്പിക്കുന്നു. കേന്ദ്ര സർക്കാരിന്റെ ബജറ്റ്

പലപ്പോഴും വാഴ്ത്തുപാട്ടുകളായി മാറുകയാണ് പതിവ്. 'ആത്മനിർഭർ ഭാരത്,' നാരീശക്തി' എന്നിവ എന്തുമാറ്റമാണ് സമൂഹത്തിൽ വരുത്തിയത്? ഏറ്റവും ഒടുവിൽ ബജറ്റ് അവതരിപ്പിച്ച ശ്രീമതി നിർമ്മലാ സീതാരാമൻ രാജ്യത്തെ യുവാക്കളുടെ ഉന്നമനത്തിന് മുൻഗണന നൽകുന്ന 'യുവശക്തി' കേന്ദ്രീകൃതമായ ബജറ്റാണിതെന്ന് പ്രഖ്യാപിച്ചു. പിന്നെ മൂന്ന് കർത്തവ്യങ്ങളെക്കുറിച്ച് പറഞ്ഞു, അത് എന്താണെന്ന് മനസ്സിലായിട്ടില്ല. അവരോടൊപ്പം നിൽക്കാത്ത സംസ്ഥാന ഗവൺമെന്റുകളെ ശ്വാസം മുട്ടിക്കുന്ന കർത്തവ്യമാണോയെന്ന് നമുക്ക് അറിയില്ല. കേരളം ഇന്ത്യയുടെ ഭാഗമല്ലേ, ഭരണഘടനാപരമായ ഫെഡറൽ സിസ്റ്റമല്ലേ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്നത്. സംസ്ഥാനങ്ങളെ ചേർത്തുനിർത്തുമ്പോഴാണ് രാജ്യത്തിന്റെ ഐക്യം നിലനിർത്താനും ഇന്ത്യൻ ദേശീയതയെ സംരക്ഷിക്കാനും സാധിക്കുന്നത്. സംസ്ഥാനങ്ങളെ അവഗണിച്ചാൽ എന്തായിരിക്കും സ്ഥിതി; ഇന്ത്യയിൽ പലപ്പോഴും കണ്ടിട്ടില്ലേ? ഇന്ദിരാഗാന്ധിയുടെ മരണത്തിന് ഇടവരുത്തിയത് സാമൂഹികമായ പിന്നോക്കാവസ്ഥയിൽനിന്ന് ഉയർന്നുവന്ന അമർഷവും പ്രതിഷേധവുമാണ്. ഇതെല്ലാം ഇന്ത്യാ ചരിത്രത്തിന്റെ ഭാഗമല്ലേ? അതുകൊണ്ട് രാജ്യത്തെ ജനങ്ങളെ കബളിപ്പിക്കാൻ അവതരിപ്പിക്കുന്ന ബജറ്റുകൾ അവരെ നന്മയിലേയ്ക്ക് നയിക്കാനല്ല തകർത്തെറിയാനാണ് ഉപകരിക്കുന്നത്. അതിന് അനുകൂലമായ നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നതെന്ന് അവർ ഓർക്കുന്നത് നന്നായിരിക്കുമെന്ന് പറഞ്ഞുകൊണ്ട് ഈ ബജറ്റിനെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച സർവതലസ്പർശിയായ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുകയാണ്.

കേരള ജനതയ്ക്കുവേണ്ടി നാടിന്റെ വികസനം കണ്ടറിഞ്ഞുകൊണ്ടും പാവപ്പെട്ട തൊഴിലാളികൾക്കും വിദ്യാർഥികൾക്കും സ്ത്രീകൾക്കുംവേണ്ടി, അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി അവതരിപ്പിച്ച ബജറ്റ് നാടിന്റെ മുന്നോട്ടുള്ള വികസന പ്രവർത്തനങ്ങൾക്കെല്ലാം ആക്കം കൂട്ടുന്നതാണ്. അസാധ്യമായി ഒന്നുമില്ലെന്ന നെപ്പോളിയന്റെ വാക്ക് കടമെടുക്കുകയാണ്. ഗെയിൽ പൈപ്പ് ലൈൻ, വിഴിഞ്ഞം തുറമുഖം, ദേശീയപാത വികസനം, മലയോര/തീരദേശ ഹൈവേകൾ, തുരങ്കപാത എന്നിവയടക്കം യാഥാർഥ്യമാക്കിയത് ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. ഈ കഴിഞ്ഞ പത്തുവർഷക്കാലം പ്രതിപക്ഷത്തിന് സമരം ചെയ്യാനുള്ള വിഷയമില്ലായിരുന്നു. പെൻഷൻ കൃത്യമായി നൽകി. ആശുപത്രിയിൽ മരുന്നും ഡോക്ടറും എല്ലാ സമയത്തും ലഭ്യമാണ്. ഇപ്പോൾ സമരത്തിന് വിഷയമുണ്ടാക്കാൻവേണ്ടി യു.ഡി.എഫ്. ലൈഫ് മിഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ ഇല്ലാതാക്കുമെന്ന് പറഞ്ഞുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. സമസ്ത മേഖലകളിലും ക്ഷേമം ഉറപ്പാക്കുന്നതിനുള്ള പ്രഖ്യാപനങ്ങൾ ബജറ്റിലുണ്ട്. സംസ്ഥാന ബജറ്റിന് ഒരു പ്രത്യേകതയുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കുറിച്ച് പറയുമ്പോൾ ഞങ്ങൾ പറയാറുണ്ട്. എനിക്ക് ഓർമ്മ വരുന്നത് പോക്കിരിരാജ എന്ന സിനിമയിലെ 'രാജാ ശൊല്ലരത്താൻ സെയ്വാൻ സെയരത് മട്ടുംതാൻ ശൊല്ലുവാൻ' എന്ന ഡയലോഗാണ്. 'പറഞ്ഞതെല്ലാം ചെയ്യും, ചെയ്യുന്നത് മാത്രമേ പറയൂ' എന്നാണ്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്കും ആ രീതി തന്നെയാണ്. കേന്ദ്ര ബജറ്റിൽ കേരളത്തിന് പ്രതീക്ഷിച്ചതൊന്നും ലഭിച്ചില്ല. അതിനെതിരെ ശബ്ദമുയർത്താൻ പ്രതിപക്ഷം തയ്യാറായില്ല. അതോടൊപ്പം തന്നെ കേന്ദ്ര ഗവൺമെന്റ്

എം.ജി.എൻ.ആർ.ഇ.ജി.എസ്. തൊഴിലുറപ്പ് പദ്ധതിയിൽനിന്ന് 'മഹാത്മഗാന്ധി'-യുടെ പേരെടുത്തുമാറ്റി. മഹാത്മഗാന്ധിയോട് അല്പമെങ്കിലും സ്നേഹമുണ്ടായിരുന്നെങ്കിൽ പ്രതിപക്ഷം അതിനെതിരെ പ്രതികരിക്കുമായിരുന്നു. കേരളത്തിൽ ഇടതുപക്ഷമുന്നണിയുടെ സി.പി.ഐ. (എം.), സി.പി.ഐ., ആർ.ജെ.ഡി.-യും കേരളത്തിൽ സമരം ചെയ്തപ്പോൾ പ്രതിപക്ഷം അനങ്ങിയില്ല. കേരളത്തിന് ആമ ജീവിതമാണെന്നാണ് കേന്ദ്ര ബജറ്റിനെ വിലയിരുത്തി മാധ്യമങ്ങൾ പറഞ്ഞിട്ടുള്ളത്. ക്ഷേമ പെൻഷൻ ഇനത്തിൽ തുക വകയിരുത്തി പാവങ്ങളോടുള്ള ഈ സർക്കാരിന്റെ പ്രതിജ്ഞാബദ്ധത ഉറപ്പാക്കുകയാണ്. ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ഈ ബജറ്റിലെ നിർദ്ദേശങ്ങൾ പ്രാബല്യത്തിൽ വരുത്താൻ വേണ്ടിതന്നെയാണ് പറഞ്ഞതെന്ന് വ്യക്തമാണ്. അതുകൊണ്ട് നമ്മുടെ ബജറ്റ് എല്ലാവർക്കും സന്തോഷമാണ് നൽകിയിട്ടുള്ളത്. കേന്ദ്രത്തിന്റെ അവഗണന തുടരുമ്പോഴും സ്വന്തം കാലിൽനിന്നുകൊണ്ട് സാധ്യമായ തരത്തിൽ പോരാട്ടം തുടരുമെന്നാണ് ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഒരു പദ്ധതിയും നടക്കില്ലെന്ന് കരുതി ഈ സർക്കാർ മാറ്റിവച്ചിട്ടില്ല. റോഡുകളും പാലങ്ങളും വ്യവസായ സംരംഭങ്ങളും ആശുപത്രി ഉൾപ്പെടെയുള്ള കെട്ടിടസമുച്ചയങ്ങളുമെല്ലാം വേഗത്തിൽ പൂർത്തീകരിക്കാൻ സാധിച്ചു. അതിവേഗത്തിൽ വികസനം സാധ്യമാക്കുമ്പോഴും നാട്ടിലെ കൂലിപണിക്കാരായ സാധാരണക്കാരുടെ മുഖത്ത് പുഞ്ചിരി വിടർത്താൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഭവന പദ്ധതി, സാമൂഹ്യ സുരക്ഷ പെൻഷൻ എന്നിവയെല്ലാം സമൂഹത്തിലെ അടിസ്ഥാന വിഭാഗങ്ങളുടെ ക്ഷേമം കൂടി ഉറപ്പുവരുത്തുന്നതായിരുന്നു. പാവങ്ങളുടെ കണ്ണീരൊപ്പിയ പിണറായി സർക്കാർ ലോകത്തിനുതന്നെ മാതൃകയായത് നമ്മൾ കണ്ടതാണ്. 'അതിദാരിദ്ര്യമുക്ത കേരളം'

പ്രഖ്യാപിച്ചപ്പോൾ എല്ലാ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രത്തിൽനിന്നും അഭിനന്ദന പ്രവാഹമായിരുന്നു. കേന്ദ്രത്തിന്റെ അവഗണനയുണ്ടെങ്കിലും ജനോപകാരപ്രദമായ പദ്ധതികളൊന്നും ഈ സർക്കാർ വെട്ടിച്ചുരുക്കിയിട്ടില്ല. സ്കൂളുകൾ, ആശുപത്രികൾ, സർക്കാർ ഓഫീസുകൾ എന്നിവയെല്ലാം ലോകോത്തര നിലവാരത്തിലുള്ളതായി കാണാൻ സാധിക്കും. എന്റെ നിയോജകമണ്ഡലത്തിലെ കുത്തുപറമ്പ് താലൂക്കാശുപത്രി 12 നിലകളുള്ള മൾട്ടി സ്പെഷ്യൽ ആശുപത്രിയാക്കി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തിരിക്കുകയാണ്. വർഗീയ ലഹളയില്ലാത്ത, ബ്ലേഡ് മാഫിയകളുടെ അഴിഞ്ഞാട്ടമില്ലാത്ത നാളുകളാണ്. സമാധാനപരമായി വീട്ടിൽ കിടന്നുറങ്ങാൻ കഴിഞ്ഞവരെല്ലാം ഈ സർക്കാരിനെ നെഞ്ചിലേറ്റുമെന്ന് ഉറപ്പാണ്. അതുകൊണ്ട് അവരെല്ലാം വീണ്ടും എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരണമെന്നാണ് ആഗ്രഹിക്കുന്നത്. ആശാ-അങ്കണവാടി വർക്കർമാർ, ഹെൽപ്പർമാർ എന്നിവരുടെ ഓണറേറിയം വർധിപ്പിച്ചതിനെ ഞാൻ അഭിനന്ദിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രിയെ കാണുമ്പോഴൊക്കെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ കീഴിലുള്ള ലൈബ്രേറിയൻമാരുടെ അലവൻസ് വർധിപ്പിക്കണമെന്ന കാര്യം ഞാൻ സൂചിപ്പിച്ചിരുന്നതാണ്. ഈ ബജറ്റിൽ അവരുടെ അലവൻസ് വർധിപ്പിച്ച നടപടിയെ അഭിനന്ദിക്കുകയാണ്. കുടുംബശ്രീ ചെയർപേഴ്സൺമാരുടെയും സി.ഡി.എസ്. മെമ്പർമാരുടെയും ഓണറേറിയം വർധിപ്പിക്കുന്ന കാര്യംകൂടി പരിശോധിക്കണം. ഹരിതകേരളം, ശുചിത്വമിഷൻ ഉൾപ്പെടെയുള്ള നാല് മിഷനുകളിലൂടെ നമ്മുടെ നാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ കഴിഞ്ഞിട്ടുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ പ്രധാനപ്പെട്ട പദ്ധതികളുടെ പൂർത്തീകരണത്തിന് ബജറ്റിൽ കൂടുതൽ തുക വകയിരുത്താൻ ബഹുമാനപ്പെട്ട മന്ത്രി

മുന്നോട്ടുവരണമെന്ന് വളരെ വിനയത്തോടുകൂടി അഭ്യർഥിക്കുകയാണ്. വടക്കൻ കേരളത്തിലെ പ്രധാന അന്തർസംസ്ഥാന റൂട്ടും കണ്ണൂർ വിമാനത്താവളത്തിന് സമീപത്തുമുള്ള കൂത്തുപറമ്പിൽ അത്യാധുനിക ബസ് ടെർമിനൽ നിർമ്മിക്കാൻ നഗരത്തിലെ കണ്ണായ സ്ഥലം നഗരസഭ ഏറ്റെടുത്ത് ഡി.പി.ആർ. തയ്യാറാക്കിയിട്ട് വർഷങ്ങളായെങ്കിലും ടെർമിനൽ നിർമ്മിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇതിനായുള്ള ഡി.പി.ആർ. നഗരസഭ തയ്യാറാക്കി നഗരകാര്യ ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക ശ്രദ്ധ വേണമെന്ന് അഭ്യർഥിക്കുകയാണ്. ജനപ്രിയ ബജറ്റിന്റെ മാറ്റുകൂട്ടുന്ന ഈ ബജറ്റിൽ ബസ് ടെർമിനൽ നിർമ്മാണത്തിന് തുക അനുവദിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുകയാണ്. എന്റെ മണ്ഡലത്തിൽ വ്യവസായ പാർക്ക് സ്ഥാപിക്കാൻ ചെറുവാഞ്ചേരി, പുത്തൂർ, മൊകേരി വില്ലേജുകളിലെ നവോദയ കുന്നിൽ വ്യവസായ വകുപ്പിന്റെ കീഴിൽ 506 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിന് കിൻഫ്ര നടപടികൾ ആരംഭിച്ചെങ്കിലും തുടർനടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നയത്തിന്റെ ഭാഗമായി നാട്ടിലെ യുവതീ-യുവാക്കൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ ലഭ്യമായിട്ടുണ്ട്. വ്യവസായ പാർക്ക് യാഥാർഥ്യമാകുന്നതോടെ കൂത്തുപറമ്പ് മണ്ഡലത്തിലെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് കൂടുതൽ തൊഴിലവസരം ലഭ്യമാകും. ഇക്കാര്യത്തിൽ സംസ്ഥാനത്ത് പൊതുവെ കാണിക്കുന്ന താൽപര്യം കൂത്തുപറമ്പ് മണ്ഡലത്തിനോടും ഉണ്ടാകണമെന്ന് അഭ്യർഥിക്കുകയാണ്. ബജറ്റിൽ വകുപ്പിന് അനുവദിച്ച വിവിധ വിഹിതത്തിൽനിന്നും ഈ ഭൂമി ഏറ്റെടുക്കൽ നടപടിക്ക് മുൻഗണന നൽകണമെന്ന് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് അഭ്യർഥിക്കുകയാണ്. നടപടി വൈകുന്നതിനാൽ ഇവിടെ അനധികൃത ചെങ്കൽ ഖനനം

വൻതോതിൽ നടക്കുകയാണ്. കൂത്തുപറമ്പിലെ നിരവധി വികസന പ്രവർത്തനങ്ങളും അതുപോലെ മറ്റെല്ലാ കാര്യങ്ങളും നടപ്പിലാക്കി മുന്നോട്ടുപോകാൻ ഈ സർക്കാരിന് സാധിക്കണം. കൂത്തുപറമ്പിലെ ജെൻഡർ കോംപ്ലക്സ് രണ്ടാംഘട്ടം, കെ. ജി. സുബ്രഹ്മണ്യ സ്മാരക സമുച്ചയ നിർമ്മാണം എന്നിവയാണവ. കെ. ജി. സുബ്രഹ്മണ്യൻ കേരളത്തിലെ ഏറ്റവും മഹാനായ ചിത്രകാരനും കലാകാരനുമായിരുന്നു. അദ്ദേഹത്തിന്റെ ജന്മനാടായ കൂത്തുപറമ്പിൽ സമുച്ചയം നിർമ്മിക്കണമെന്നുള്ളത് ഒരുപാട് വർഷമായുള്ള എല്ലാവരുടെയും ആവശ്യമാണ്. അതിന്റെ നടപടിക്രമങ്ങളുമായി എല്ലാ രീതിയിലും മുന്നോട്ട് പോവുകയാണ്. കൂത്തുപറമ്പിലെ പാട്യം പഞ്ചായത്തിലാണ് വാഗ്ഭടാനന്ദ സമുച്ചയം നിർമ്മിക്കാൻ പോകുന്നത്. വാഗ്ഭടാനന്ദന്റെ ജന്മനാടായ പാട്യത്ത് വലിയൊരു സമുച്ചയം നിർമ്മിക്കുന്നതിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ചിട്ടുണ്ട്. അതിനുവേണ്ട ഫണ്ട് അലോട്ട് ചെയ്തതാണെങ്കിലും നടപടിക്രമങ്ങളായിട്ടില്ല. കൺവെൻഷൻ സെന്ററോടുകൂടിയ വലിയ സമുച്ചയമാണ് നിർമ്മിക്കാൻ പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് നടപടികൾ മുന്നോട്ടുപോകുന്നുണ്ട്. അതിന് ഫണ്ട് അലോട്ട് ചെയ്യുന്ന നടപടിക്രമങ്ങൾക്ക് സർക്കാരിന്റെ ഇടപെടലുണ്ടാകണമെന്നാണ് അഭ്യർഥിക്കാനുള്ളത്. മയ്യഴിപ്പുഴയോരത്ത്-പെരിങ്ങത്തൂർ-കിടഞ്ഞി തീരദേശ റോഡ്, ചെറുവാഞ്ചേരി സ്റ്റേഡിയം വിപുലീകരണം, പാനൂർ സിവിൽ സ്റ്റേഷൻ രണ്ടാംഘട്ടം, കൂത്തുപറമ്പ് ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ പുതിയ ബ്ലോക്ക് രണ്ടാംഘട്ടം എന്നീ പദ്ധതികൾക്ക് കൂടുതൽ പരിഗണനയുണ്ടാകണമെന്നുകൂടി അഭ്യർഥിക്കുകയാണ്. നാടിന്റെ വികസന മുന്നേറ്റത്തിന് വഴിയൊരുക്കാൻ ഉന്നൽ നൽകിയ ബജറ്റാണ് എല്ലാ അർഥത്തിലും മുന്നോട്ടുവച്ചത്. ഇവിടത്തെ സാധാരണക്കാരോടുള്ള

സമീപനവും അതോടൊപ്പം വികസന രംഗത്ത് മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തവുമാണ് സംസ്ഥാന സർക്കാരിന്റെ പ്രവർത്തനം. മറ്റ് സംസ്ഥാനങ്ങളിൽനിന്നും വ്യത്യസ്തമായി എന്നുപറയുന്നത് പല സംസ്ഥാനങ്ങളുടെ മന്ത്രിമാരുമായും പാർട്ടി നേതാക്കന്മാരുമായും സംസാരിക്കുമ്പോൾ കേരളത്തിന്റെ വികസനത്തെക്കുറിച്ചാണ് അവരെല്ലാം സൂചിപ്പിക്കുന്നത്. പ്രത്യേകിച്ച്, ആന്ധ്രാപ്രദേശിൽനിന്നുള്ളവരെ ഇടയ്ക്ക് കാണുമ്പോഴും ഈ അടുത്തകാലത്ത് ഝാർഖണ്ഡിലെ മന്ത്രിയുമായി സംസാരിച്ചപ്പോഴും പറഞ്ഞത് കേരളത്തിന്റെ വികസനത്തിന്റെ അടുത്ത് അവരുടെ വികസനം എത്തുന്നില്ലെന്നാണ്. എന്റെ മണ്ഡലത്തിലെ പദ്ധതികൾ യാഥാർഥ്യമാക്കാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ അകമഴിഞ്ഞ സഹായമുണ്ടാകണം. അതിനുവേണ്ടി ഈ സർക്കാർ കൂടുതൽ സഹായങ്ങൾ നൽകി മുന്നോട്ടുപോകണമെന്ന് വളരെ വിനയത്തോടെ അഭ്യർഥിച്ചുകൊണ്ട് ബജറ്റ് നിർദേശങ്ങളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ശ്രീ. പി. നന്ദകുമാർ: സർ, ഒരു സർക്കാരിന്റെ ബജറ്റ് എന്നത് കേവലം വരവ്-ചെലവ് കണക്കുകളുടെ അവതരണമോ ചില പ്രഖ്യാപനങ്ങളോ അല്ല, മറിച്ച് ഒരു ഗവൺമെന്റിന്റെ നയപരമായ കാഴ്ചപ്പാടും അത് നടപ്പിലാക്കുന്നതിലുള്ള ഇച്ഛാശക്തിയുമാണ് അതിലൂടെ കാണേണ്ടത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ബജറ്റിലൂടെ ഇടതുപക്ഷ സർക്കാർ ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയം, ഇടതുപക്ഷ ബദൽ നയം എന്നിവ പ്രതിഫലിക്കുമ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ശ്രീമതി നിർമ്മല സീതാരാമൻ അവതരിപ്പിച്ചത് പ്രോ-കോർപ്പറേറ്റ് ബജറ്റാണ്. കേന്ദ്ര സർക്കാർ ഫെഡറൽ കാഴ്ചപ്പാടിനെ അട്ടിമറിച്ച് കേരളത്തിൽ സാമ്പത്തിക ഉപരോധം ഏർപ്പെടുത്തിയിട്ടും ആഭ്യന്തര

സ്രോതസ്സുകൾ വർധിപ്പിച്ച് ഇച്ഛാശക്തിയോടെയാണ് കേരളം മുന്നോട്ടുപോയത്. കേരളം ലോകത്തിന്റെ ഭാഗമാണ്, ഇന്ത്യയുടെ ഭാഗമാണ്, ആഗോള സമ്പദ്ഘടനയുടെ ഇരുളടഞ്ഞ ചിത്രമാണ് നമുക്ക് മുന്നിലുള്ളത്. വികസിത രാജ്യങ്ങളുടെ ജി.ഡി.പി. അടിസ്ഥാനമാക്കിയുള്ള ഉൽപാദനം കുറഞ്ഞുവരുന്നു, യൂറോപ്പിലും യു.എസ്.-ലും സമാനമായ അവസ്ഥയാണുള്ളത്. ശ്രീ. ഡൊണാൾഡ് ട്രംപിന്റെ താരിഫ് നയം ലോകരാഷ്ട്രങ്ങളെയാകെ പിടിച്ചുകുലുക്കുകയാണ്. സാമ്പത്തിക തകർച്ചയിൽനിന്നും രക്ഷപ്പെടാനുള്ള ചെപ്പടിവിദ്യകൊണ്ടൊന്നും മുതലാളിത്തം രക്ഷപ്പെടാൻ പോകുന്നില്ല. അമേരിക്ക കൈക്കരുത്ത് കാണിച്ചുകൊണ്ട് ചെറുരാജ്യങ്ങളെ കടന്നാക്രമിക്കുകയാണ്. ഡോളറിന് പകരം ആഭ്യന്തര കറൻസിയിൽ വ്യാപാരം നടത്താൻ തയ്യാറായത് വെനസ്വേലൻ എണ്ണ ബ്ലാക്ക് ചെയിൻ കറൻസിയിൽ വിറ്റുവെന്നതും അമേരിക്കൻ സാമ്രാജ്യത്തെ ഞെട്ടിപ്പിച്ചതാണ്. ഇന്ത്യൻ സമ്പദ്ഘടനയും യഥാർഥത്തിൽ പ്രതിസന്ധിയിലാണ്. രൂപയുടെ വിലയിടിവ് നിത്യേനയുള്ള സംഭവമാണ്. സെൻസെക്സിൽ വന്നുകൊണ്ടിരിക്കുന്ന ഇടിവുകാരണം സ്വകാര്യ നിക്ഷേപം കുറഞ്ഞുവരുന്നു, വിദേശ നിക്ഷേപകർ നിക്ഷേപം പിൻവലിച്ച് പോകുന്നു, വിദേശ നാണയശേഖരം കുറയുന്നു. കൃഷിയിൽ ഇടിവ് തുടരുകയാണ്, കർഷകരുടെ ആത്മഹത്യ നിത്യസംഭവമാണ്, വിലക്കയറ്റവും തുടരുകയാണ്. റഷ്യൻ എണ്ണയ്ക്ക് വിലക്ക് ഏർപ്പെടുത്തിയപ്പോൾ വിദേശ നാണയശേഖരത്തിനും വൻ ഇടിവുണ്ടായി. ഇത് മറികടക്കാനുള്ള കുറിപ്പടികളാണ് ശ്രീമതി നിർമ്മല സീതാരാമന്റെ ബജറ്റിലൂടെ കാണുന്നത്. പൊതുചെലവ് കുറയ്ക്കൽ, നിക്ഷേപം വർധിപ്പിക്കാനെന്ന പേരിൽ കോർപ്പറേറ്റുകൾക്ക് ധാരാളം സൗകര്യങ്ങൾ അനുവദിക്കൽ, കോർപ്പറേറ്റ് നികുതി വർധിപ്പിച്ചില്ലെന്നുമാത്രമല്ല

കോർപ്പറേറ്റുകൾക്ക് പൂർണ്ണ പിന്തുണ പ്രഖ്യാപിക്കൽ എന്നിവയാണ് ഈ ബജറ്റിലൂടെ ചെയ്തത്. ഇൻഹെരിറ്റൻസ് ടാക്സ് കൊണ്ടുവന്നില്ല. കോർപ്പറേറ്റുകൾ വൻകൊള്ള നടത്തിയ കാലത്തും അതിന്റെ ചെറിയപങ്കുപോലും വാങ്ങാൻ കേന്ദ്രസർക്കാർ തയ്യാറായില്ല. മുതലാളിത്ത വികസിത രാഷ്ട്രങ്ങൾപോലും കോർപ്പറേറ്റുകൾക്ക് ഇന്ത്യയേക്കാൾ എത്രയോ അധികം നികുതി ചുമത്തിയിട്ടുണ്ട്. ബജറ്റിൽ പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസന്റീവ് എന്ന പേരിൽ ഒട്ടേറെ സൗജന്യങ്ങളാണ് കോർപ്പറേറ്റുകൾക്ക് നൽകുന്നത്. ലക്ഷക്കണക്കിന് കോടി രൂപയാണ് ബാങ്ക് വായ്പയായി എഴുതിത്തള്ളിയത്. എക്സൈസ് തീരുവ വെട്ടിക്കുറച്ചു, ഇപ്പോൾ ചരിത്രത്തിലാദ്യമായി കോർപ്പറേറ്റ് ടാക്സിനേക്കാൾ കൂടുതലായി സർവീസ് ടാക്സാണ് ബജറ്റിൽ വന്നിട്ടുള്ളത്. ഡോളർ എക്സ്ചേഞ്ച് 91.492 രൂപ എന്നതാണ് ഇന്നത്തെ കണക്ക്. ബജറ്റിൽ മൊത്തം ചെലവിൽ 26 ശതമാനം പലിശയാണ്. ഇത് ആകെ റവന്യൂവിന്റെ 40 ശതമാനമാണ്. ഇവരാണ് നമ്മളോട് സാമ്പത്തിക ഭദ്രതയുണ്ടാക്കണമെന്ന് പറയുന്നത്. ധനക്കമ്മി 4.3 ശതമാനമാണ്, ലേബർ എന്ന വാക്കുപോലും ബജറ്റിലില്ല. ക്ഷേമ പദ്ധതി വിഹിതങ്ങളെല്ലാം വെട്ടിക്കുറച്ചു. അതേസമയം കേരളത്തിലെ പാവപ്പെട്ട തൊഴിലാളികളെയും സാധാരണക്കാരെയും ചേർത്തുപിടിച്ച ബജറ്റാണ് ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ചത്. ക്ഷേമപദ്ധതി ഉൾപ്പെടെയുള്ളവയുടെ വിഹിതമെല്ലാം കേന്ദ്ര സർക്കാർ വെട്ടിക്കുറച്ചു. എന്നാൽ കേരളത്തിൽ അതാണോ സ്ഥിതി? സാധാരണക്കാരെ കൈപിടിച്ചുയർത്തുകയും അതോടൊപ്പം സംസ്ഥാനത്തിന്റെ സസ്റ്റെനബിൾ പ്രോഗ്രസും മുന്നിൽകണ്ടുകൊണ്ടുള്ള ബജറ്റാണ് കേരളത്തിൽ അവതരിപ്പിച്ചത്. എല്ലാ സൂചികകളിലും കേരളം ഒന്നാം സ്ഥാനത്താണ്. മോദി സർക്കാർ ആമയെക്കാണിച്ചുകൊണ്ട് നമ്മളെ ഓട്ടം

പഠിപ്പിക്കുകയാണ്. ശ്രീ. അരവിന്ദ് പനഗരിയ അധ്യക്ഷനായ പതിനാറാം ധനകാര്യ കമ്മീഷൻ കേരളത്തിന് വലിയ സഹായം നൽകിയെന്നാണ് പറയുന്നത്. കേരളത്തിന്റെ മാനദണ്ഡങ്ങൾ മാറ്റി കേരളത്തിന്റെ വിഹിതം കൂട്ടിയെന്നാണ് ബി.ജെ.പി. സർക്കാർ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ വിഹിതം 1.925-ൽനിന്നും 2.38 ആയി വർധിച്ചുവെന്നുപറയുന്നത് ശരിയാണ്. ഈ മാറ്റത്തിൽ കോൺട്രിബ്യൂഷൻ ടു ജി.ഡി.പി. മാത്രമാണ് നമുക്ക് ലഭിച്ചിരിക്കുന്ന നേട്ടം. ഉയർന്ന ഉൽപാദനക്ഷമതയും നികുതിപിരിവും ഉള്ളതിനാൽ ഈ 10 ശതമാനം വെയിറ്റേജിൽ കേരളത്തിന് അനുകൂലമായ നേട്ടമുണ്ടായി എന്നത് ശരിയാണ്. വിസ്തീർണ്ണത്തിലുള്ള വെയിറ്റേജ് കുറഞ്ഞത് അൽപം ഗുണകരമായെങ്കിലും ജനസംഖ്യയുടെ വെയിറ്റേജ് 15-ൽനിന്നും 17.5 ആക്കിയത് ജനസംഖ്യാ വളർച്ച കുറഞ്ഞ കേരളത്തിന് തിരിച്ചടിയാകുകയും ചെയ്തു. കുടുംബാസൂത്രണം നടപ്പാക്കിയത് ഒരു തെറ്റായാണ് കേന്ദ്രം കാണുന്നത്, കേരളത്തിന്റെ വിഹിതം വെട്ടിക്കുറയ്ക്കാൻ അത് കാരണമാകുകയും ചെയ്തു. റവന്യൂകമ്മി നികത്തുന്നതിന് നൽകുന്ന ഗ്രാന്റ് പൂർണ്ണമായും നിർത്തലാക്കി. കഴിഞ്ഞ കമ്മീഷൻ കാലയളവിൽ കേരളത്തിന് 53,137 കോടി രൂപയാണ് ലഭിച്ചത്. വായ്പാ നിയന്ത്രണം കർശനമാക്കി. കേരളത്തിലെ സാധാരണക്കാരുടെ താൽപര്യം രക്ഷിക്കത്തക്കതും കേരളത്തിന്റെ വികസനത്തിന് സഹായകരമായ രീതിയിലുമുള്ളതുമായ ഒരു നടപടിയും കേന്ദ്ര ബജറ്റിലില്ല. റബ്ബർ കർഷകരടക്കമുള്ളവർക്ക് പ്രത്യേക പാക്കേജും ഇല്ല. ഇന്ത്യയിൽ അസമത്വം വർധിക്കുകയാണെന്ന് World Inequality Report-ൽ പറയുന്നു. 50 ശതമാനം ഇന്ത്യാക്കാരുടെ കൈയിൽ 3 ശതമാനം മാത്രമാണ് സമ്പത്ത്, എന്നാൽ ഒരു ശതമാനത്തിന്റെ കൈയിൽ 40 ശതമാനമുണ്ട്. അതാണ് ഇന്ത്യ, എന്നാൽ അതാണോ

കേരളം? കേരളത്തിന്റെ സാമ്പത്തിക മേഖലയിലെ പുരോഗതിയെ സംബന്ധിച്ച് സുദീർഘമായിത്തന്നെ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ബജറ്റ് അവതരണ പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ഇത് ഒരു ദിവസംകൊണ്ട് ഉണ്ടായതല്ല, ഞാൻ മുമ്പുപറഞ്ഞതുപോലെ സസ്റ്റൈനബിളായുള്ള വളർച്ചയ്ക്കുവേണ്ടി അടിസ്ഥാനപരമായ കാര്യങ്ങൾക്കായി മെച്ചപ്പെട്ട തോതിലുള്ള ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഈ മാറ്റങ്ങളുണ്ടായത്. കേന്ദ്രം ശതകോടീശ്വരന്മാരെ പോറ്റുകയാണ്, 2014-ൽ ശതകോടീശ്വരന്മാരുടെ എണ്ണം 70 ആയിരുന്നെങ്കിൽ 2025-ൽ 284 ആണ്. ആഗോള മാനവ വികസന സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 130 ആണ്, വിശപ്പിന്റെ സൂചികയിൽ 102 ആണ്. അതാണ് മോദി സർക്കാരിന്റെ ഇന്ത്യ. കേരളത്തിൽ അതിദാരിദ്ര്യമെന്ന പദം ഇല്ലാതായിരിക്കുകയാണ്. വരുംനാളുകളിൽ ദരിദ്രരില്ലാത്ത സംസ്ഥാനമായി മാറുന്നതിനുള്ള അടിത്തറ പാകിക്കൊണ്ട് മുന്നോട്ടുപോകുകയെന്നതാണ് ഈ ബജറ്റിലൂടെ സൂചിപ്പിക്കുന്നത്. സമസ്ത മേഖലകളെയും സ്പർശിച്ച് സാധാരണക്കാരെ ചേർത്തുപിടിക്കുന്ന ബജറ്റാണ് സംസ്ഥാനത്തിന്റേത്. സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിനുവേണ്ടി 1,160 കോടി രൂപ വർധിപ്പിച്ചു, അതായത്, 14,500 കോടി രൂപയാണ് മൊത്തത്തിലുള്ള വർധനവ്. സംസ്ഥാനത്തെ യുവതീയുവാക്കൾക്കായുള്ള കണക്ട് ടു വർക്ക് എന്ന പദ്ധതിക്കും സ്ത്രീ സുരക്ഷാ പദ്ധതിക്കുമായി 1,400 കോടി രൂപയാണ് വകയിരുത്തിയത്. എന്നാൽ സാമൂഹ്യക്ഷേമത്തിനുള്ള പദ്ധതികളിൽ കേന്ദ്രം വെട്ടിക്കുറച്ചത് 9,999 കോടി രൂപയാണ്. അതിന്റെ ഫലം ഭാവിയിൽ കേരളത്തിലെ സാമൂഹ്യ സുരക്ഷാ പദ്ധതികളെയും ബാധിക്കാൻ പോകുകയാണ്. വിദ്യാഭ്യാസ മേഖലയ്ക്ക് സംസ്ഥാനം വർധിപ്പിച്ച തുക 684.17

കോടി രൂപയും ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് 67.95 കോടി രൂപയുമാണ്. ഞാൻ ഓരോന്നായി എണ്ണിപ്പറയാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിൽ എല്ലാ മേഖലകളിലും വർധനവുണ്ടാക്കി. 2.26 ലക്ഷം കോടി രൂപയാണ് കേന്ദ്രം വിവിധങ്ങളായ പദ്ധതികളിൽ വെട്ടിക്കുറവ് വരുത്തിയത്. ആരോഗ്യ മേഖലയിൽ 3,686 കോടി രൂപ, വിദ്യാഭ്യാസ മേഖലയിൽ 6,701 കോടി രൂപ, സാമൂഹ്യക്ഷേമ പദ്ധതികൾക്ക് 9,999 കോടി രൂപ, കൃഷിക്ക് 6,985 കോടി രൂപ, ഗ്രാമവികസന മേഖലയിൽ 53,067 കോടി രൂപ, എസ്.സി./എസ്.ടി. മേഖലയിൽ 3,499 കോടി രൂപ, ജൽജീവൻ പദ്ധതിക്ക് 50,000 കോടി രൂപ, പി.എം. ആവാസ് പദ്ധതിക്ക് 3,200 കോടി രൂപ, വനിതാ ക്ഷേമത്തിന് 51,364 കോടി രൂപ എന്നിങ്ങനെയാണ് കേന്ദ്ര ബജറ്റിൽ വെട്ടിക്കുറച്ചത്. ഇത്രയും വലിയ സംഖ്യ വെട്ടിക്കുറയ്ക്കുമ്പോൾ അതിന്റെ വിഹിതം ലഭിക്കേണ്ട സംസ്ഥാനത്തിന് വലിയ ആഘാതമാണ് വരാൻ പോകുന്നത്. മറ്റ് വികസന മേഖലയെയും ഇത് സാരമായി ബാധിക്കുമെന്ന് കാണാവുന്നതാണ്. ഇതിനുപുറമെ കേന്ദ്ര സർക്കാരിന്റെ റെയർ എർത്ത് നയം അപകടകരമാണ്. കേരളത്തിന്റെ മുന്നോട്ടുള്ള വളർച്ചയിൽ സഹായകരമാകുന്ന രൂപത്തിലുള്ള IREL (Indian Rare Earths Limited), KMML (Kerala Minerals and Metals Limited) അടക്കമുള്ള സ്ഥാപനങ്ങളുടെയും ലാഭത്തിന്റെ വിഹിതവും സംസ്ഥാനത്തിന് ലഭിക്കുന്നതാണ്. അവയൊക്ക സ്വകാര്യമേഖലയിൽ കൊടുത്ത് കോർപ്പറേറ്റുകളുടെ കൈകളിലേക്ക് IREL എത്തിക്കാനുള്ള ഗൂഢശ്രമമാണ് ഈ ബജറ്റിലൂടെ കേന്ദ്രസർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. പശ്ചാത്തല സൗകര്യ വികസനത്തിൽ കേരളത്തിന്റെ നേട്ടം അതിശയോക്തികരമാണ്. ഇതിനുമുമ്പ് പലപ്പോഴും ഞങ്ങൾ ഇക്കാര്യം ചൂണ്ടിക്കാണിച്ചതാണ്.

അഞ്ഞൂറിലധികം കിലോമീറ്ററാണ് കേരളത്തിൽ NHAI പണി പൂർത്തീകരണ ഘട്ടത്തിലേക്ക് പോകുന്നത്. NHAI-യ്ക്ക് എതിരായി നിങ്ങൾ എന്തൊക്കെ സമരം നടത്തിയവരാണ്? കർണാടകയിലെ NHAI-യുടെ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഒരു വാർത്ത 2026 ജനുവരി 13-ന് The Hindu പത്രത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അത് ഞാൻ വായിക്കാം. 'The Karnataka High Court has ordered the State government to scrap the controversial Bengaluru-Mysuru Infrastructure Corridor (BMIC) project, observing that only one km. of the total 111 km. of the proposed express way was constructed in the past over 25 years, and none of the five townships, planned way back in 1995 to ease congestion in the Bangalore had materialised to date'. ഈ മേഖലയിലുള്ള 111 കി.മീ. റോഡിൽ 1 കി.മീ. റോഡ് 25 വർഷംകൊണ്ട് പൂർത്തീകരിക്കാത്ത ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രിയും അവിടത്തെ നേതാക്കന്മാരും കോൺഗ്രസുകാരല്ലേ? കോൺഗ്രസ് ഭരിക്കുന്ന സംസ്ഥാനത്തെ അവസ്ഥയെ സംബന്ധിച്ചുള്ള കാര്യമാണ് The Hindu ദിനപത്രത്തിൽ വാർത്തയായത്. കേരളത്തിന്റെ പശ്ചാത്തല സൗകര്യങ്ങളിൽ അഭ്രതപൂർവമായ വളർച്ച, അതാണ് കേരളത്തിലെ അവസ്ഥ. ഈ വളർച്ചയ്ക്ക് തടസം നിൽക്കുന്നവരെപ്പറ്റിയുള്ള കഥകളൊന്നും പറയാൻ ആഗ്രഹിക്കുന്നില്ല. ഇതാണ് ഇവിടെ വിമർശനം നടത്തുന്നവർ ശ്രദ്ധിക്കേണ്ട കാര്യം. കിഫ്ബി പദ്ധതിയെക്കുറിച്ച് സൂചിപ്പിച്ചു, ഇതിലൂടെ നേട്ടമുണ്ടാക്കാത്ത ഏതെങ്കിലും നിയോജകമണ്ഡലമുണ്ടോ? 8,500 കോടി രൂപയുടെ പദ്ധതികളാണ്. എനിക്ക് ഒന്നേ പറയാനുള്ളൂ, നന്ദിയില്ലെങ്കിലും നന്ദികേട് കാണിക്കരുതെന്ന് ബഹുമാനപ്പെട്ട ചെയറിന്റെ ഭാഗത്തുനിന്നും അവരെ ഉപദേശിക്കണം. വ്യവസായ മേഖലയെക്കുറിച്ച് ഞാൻ ദീർഘമായി

പറയുന്നില്ല. എന്റെ മണ്ഡലത്തിൽ മാത്രം ഈ വരുന്ന രണ്ടാഴ്ചക്കുള്ളിൽ 1,600 കോടി രൂപയ്ക്കുള്ള നിക്ഷേപസംഗമം നടക്കാൻ പോകുകയാണ്. നിക്ഷേപത്തിനുള്ള എല്ലാ കാൽവയ്പും ഒരുക്കിക്കഴിഞ്ഞു. അതിനുള്ള സമ്മതപത്രം ഒരു മാസത്തിനകം നൽകുന്നതാണ്. എല്ലാ മണ്ഡലങ്ങളിലും സമാന അവസ്ഥയാണ്. ഇത് കേരളത്തിന്റെ പുരോഗതിയെയാണ് ചൂണ്ടിക്കാണിക്കുന്നത്. പി.എസ്.സി. മുഖേനയുള്ള നിയമനത്തിന്റെ കാര്യത്തെക്കുറിച്ച് ഞാൻ പറയുന്നില്ല. ആകെയുള്ള പി.എസ്.സി. നിയമനങ്ങളിൽ 60 ശതമാനം കേരളത്തിൽനിന്നാണ്. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിലെ നേട്ടത്തിന്റെയടിസ്ഥാനത്തിൽ ഒരുപാട് ചെറുപ്പക്കാർക്ക് പുതിയ തൊഴിലവസരമുണ്ടാകണം. അക്കാര്യത്തെക്കുറിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ബജറ്റിൽ ഒരു വരിയെങ്കിലും സൂചിപ്പിച്ചിട്ടുണ്ടോ? വ്യവസായ മേഖലയിലെ വളർച്ച ഉപയോഗപ്പെടുത്തിക്കൊണ്ട് ഈ വിഷയം അഡ്രസ്സ് ചെയ്യാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. ഈ സർക്കാർ കാര്യങ്ങൾ ചെയ്യുന്നത് ആർക്കുവേണ്ടിയാണെന്ന് ഈ ബജറ്റിൽ വ്യക്തമാക്കിയിട്ടുണ്ട്. ഞാനിവിടെ രണ്ട് നിർദേശങ്ങൾ മുന്നോട്ടുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാർ ജീവനക്കാർക്ക് ഡി.എ.-യും സർവീസ് പെൻഷൻകാർക്ക് ഡി.ആർ.-ഉം നൽകാൻ ബജറ്റിൽ തീരുമാനിച്ചു.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....കൺക്ലൂഡ്.

ശ്രീ. പി. നന്ദകുമാർ: സർ, അതോടൊപ്പം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ./ഡി.ആർ. നൽകണമെന്നാണ് പറയാനുള്ളത്. ഭൂമിയുടെ ഫെയർ വാല്യു വർധിപ്പിക്കാൻവേണ്ടി ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെങ്കിലും സ്റ്റാമ്പ്

വെണ്ടർമാരുടെ വില്പന പരിധി വർധിപ്പിച്ചിട്ടില്ല. ഈ രണ്ടുമൂന്ന് കാര്യങ്ങൾകൂടി ശ്രദ്ധിക്കണമെന്നാണ് പറയാനുള്ളത്. ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ പറയുന്ന കാര്യങ്ങൾ ചെയ്യുന്ന സർക്കാരാണ്. അത് കാലം തെളിയിച്ചതാണ്. പൊട്ടക്കിണറിൽ കിടക്കുന്ന തവളയെപോലെയാണ് ലോകം എന്ന് ധരിക്കുന്നവരുണ്ട്. നിങ്ങളുടെ സ്വപ്നങ്ങളൊക്കെ ദിവാസ്വപ്നങ്ങളായി പരിണമിക്കാൻ പോകുകയാണ്. അതിന് യാതൊരു സംശയവും വേണ്ട. ആ വെപ്രാളത്തിലാണ് ഇവിടത്തെ പ്രതിപക്ഷം. അതാണ് നിയമസഭയ്ക്കകത്തും പുറത്തും പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇത് കേരളത്തിലെ ജനത തിരിച്ചറിയുന്നുണ്ട്. വരും ഘട്ടങ്ങളിലും ആ തിരിച്ചറിവുണ്ടാകും. മൂന്നാം ഇടതുപക്ഷ സർക്കാർ അധികാരത്തിൽ വരുമെന്നുള്ള കാര്യത്തിൽ സംശയമില്ല. അതിനനുസൃതമായ രൂപത്തിലേക്കുള്ള തയ്യാറെടുപ്പുകളാണ് ഇടതുപക്ഷ പ്രസ്ഥാനവും അവരെ സ്നേഹിക്കുന്ന ബഹുജനങ്ങളും നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തെ മുന്നോട്ടുകൊണ്ടുപോകാൻ, കേരളം ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന സംസ്ഥാനമാണെന്ന് പറയാൻ, ഒരു കാര്യംകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. കഴിഞ്ഞ ദിവസം മാതൃഭൂമിയുടെ പരിപാടിക്ക് വന്ന മഹാത്മാഗാന്ധിയുടെ കൊച്ചുമകൻ പറഞ്ഞത് "കേരളം മാതൃമാണ് പ്രതീക്ഷ" എന്നാണ്. അതാണ് കേരളം, ഇന്ത്യയ്ക്ക് മാതൃകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്....പ്ലീസ്....അടുത്തത്, ശ്രീ. കെ. കെ. രാമചന്ദ്രൻ..... അങ്ങ് ഒരുപാട് സമയമെടുത്തു.

<u>ശ്രീ. പി. നന്ദകുമാർ</u>: സർ, ഒരൊറ്റ വാചകംകൂടി സൂചിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കാം.....(മൈക്ക് ഓഫ്).....

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ അവതരിപ്പിച്ച ജനകീയ ജനപക്ഷ ബജറ്റിനെ കേരളത്തിലെ ജനങ്ങൾക്കൊപ്പം ഞാനും പിന്തുണയ്ക്കുന്നു. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ഈ ബജറ്റ് എല്ലാ ജനവിഭാഗങ്ങളെയും സ്പർശിക്കുകയും ചേർത്തുപിടിക്കുകയും ചെയ്ത ബജറ്റാണ്. യൂണിയൻ ഗവൺമെന്റ് കടുത്ത സാമ്പത്തിക ഉപരോധം സൃഷ്ടിച്ചിട്ടും രണ്ടര ലക്ഷം കോടി രൂപയുടെ നികുതി വെട്ടിക്കുറച്ചിലുകളുണ്ടാക്കിയിട്ടും കേരളത്തിലെ ഗവൺമെന്റ് വികസന പ്രവർത്തനങ്ങളുടെ കുതിപ്പുമായി മുന്നേറുകയാണ്. സംസ്ഥാന സർക്കാർ 2026 ജനുവരി 29-ന് ബജറ്റ് അവതരിപ്പിച്ചു. അതിന് തൊട്ടുപുറകെ കേന്ദ്ര ഗവൺമെന്റ് ബജറ്റ് അവതരിപ്പിച്ചു. കേന്ദ്ര ബജറ്റിൽ കേരളത്തോട് കടുത്ത അവഗണനയാണ് കാണിച്ചിട്ടുള്ളത്. അതിവേഗ റെയിൽ, എയിംസ്, വിഴിഞ്ഞം ഹാർബർ, ശബരിപാത, വയനാട് പുനരധിവാസം ഉൾപ്പെടെ 29 ആവശ്യങ്ങൾ യൂണിയൻ ഗവൺമെന്റിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടും ഒരു ഇനംപോലും അനുവദിച്ചില്ല. അതുപോലെതന്നെ കേന്ദ്രാവിഷ്കൃത പദ്ധതികളിലുൾപ്പെടുന്ന ആശാ-അങ്കണവാടി വർക്കർമാരോട് മുഖം തിരിഞ്ഞുനിൽക്കുന്ന സമീപനമാണ് യൂണിയൻ ഗവൺമെന്റ് സ്വീകരിച്ചത്. ഇവിടെ ഇടതുപക്ഷ ജനാധിപത്യ ഗവൺമെന്റ് ജനകീയമായ ജനപക്ഷ വികസന പ്രവർത്തനങ്ങളും ക്ഷേമപ്രവർത്തനങ്ങളും മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചത്. ആശാ-അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും സ്കൂൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്ന തൊഴിലാളികളുടെയും സാക്ഷരത പ്രേരക്മാരുടെയും ഓണറേറിയവും വേതനവും വർധിപ്പിച്ചും ഹരിത കർമ്മസേനയ്ക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയുമാണ് ഈ സർക്കാർ

മുന്നോട്ടുപോകുന്നത്. ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്താനും പരിസ്ഥിതി സൗഹൃദ ഓട്ടോറിക്ഷ വാങ്ങുന്നതിനുവേണ്ടി നാൽപ്പതിനായിരം രൂപ സാമ്പത്തിക സഹായം നൽകാനും തീരുമാനിച്ചിരിക്കുകയാണ്. അതുപോലെ മികച്ച ഓട്ടോ സ്റ്റാന്റുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. ക്ഷേമപെൻഷൻ നൽകുന്നതിനുവേണ്ടി 14,500 കോടി രൂപയാണ് ഈ ബജറ്റിൽ മാറ്റിവച്ചിട്ടുള്ളത്. കാൻസർ, ലെപ്രസി എന്നീ രോഗികൾക്കുള്ള പെൻഷൻ തുക 1,000 രൂപയിൽനിന്നും 2,000 രൂപയാക്കി വർധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ ബജറ്റിലൂടെ ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാർഥികൾക്ക് അപകട ഇൻഷ്വറൻസ് ഏർപ്പെടുത്തിയിരിക്കുന്നു. ആർട്സ് ആൻഡ് സയൻസ് കോളേജിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് ഡിഗ്രി വിദ്യാഭ്യാസം സൗജന്യമാക്കി. സ്ത്രീ സുരക്ഷ പദ്ധതി, യുവാക്കൾക്ക് സാമ്പത്തിക സഹായം എന്നിവയുൾപ്പെടെയുള്ള ജനകീയ തീരുമാനങ്ങളുമായിട്ടാണ് കേരളത്തിലെ ഇടതുപക്ഷമുന്നണി സർക്കാർ മുന്നോട്ടുപോകുന്നത്. ആ രീതിയിലുള്ള സർവതലസ്പർശിയായ ബജറ്റാണ് ഇവിടെ അവതരിപ്പിക്കപ്പെട്ടത്. തോട്ടം തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നം ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അവരുടെ കൂലി പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകൾ നടക്കുന്നുണ്ട്. ഗവൺമെന്റ് അക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് ഒരു തീരുമാനത്തിൽ എത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണമെന്നുകൂടി ഈയവസരത്തിൽ പ്രത്യേകമായി അറിയിക്കുകയാണ്. പുതുക്കാട് നിയോജകമണ്ഡലത്തിൽ നിരവധിയായ വികസന പ്രവർത്തനങ്ങൾക്കാണ് സർക്കാർ കഴിഞ്ഞ പത്തുവർഷമായി

പണം അനുവദിച്ചിട്ടുള്ളത്. ബജറ്റിലൂടെയും കിഫ്ബി ഫണ്ടിലൂടെയും നിരവധി വികസന പ്രവർത്തനങ്ങളാണ് പുതുക്കാട് നിയോജകമണ്ഡലത്തിൽ പൂർത്തീകരിക്കപ്പെട്ടിട്ടുള്ളത്/ നടന്നുകൊണ്ടിരിക്കുന്നത്/ഭരണാനുമതിക്കായി കാത്തുനിൽക്കുന്നത്. 12 കോടി രൂപ ചെലവഴിച്ച് പുതുക്കാട് മിനി സിവിൽസ്റ്റേഷന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. നാല് റെയിൽവേ മേൽപാലങ്ങളിൽ മൂന്നെണ്ണത്തിന് അനുമതി ലഭിച്ചിട്ടില്ല. അനുമതി ലഭിച്ച പുതുക്കാട് റെയിൽവേ മേൽപാലത്തിന്റെ പ്രവൃത്തിക്കായി മൂന്നാമത്തെ പ്രാവശ്യം ടെൻഡർ കൊടുത്തിരിക്കുകയാണ്. അതുപോലെ പി.ഡബ്ല്യൂ.ഡി. റോഡുകളെല്ലാം ഒന്നിനൊന്ന് മികച്ച റോഡുകളാക്കി മാറ്റിയിരിക്കുകയാണ്. പാലപ്പിള്ളി-എച്ചിപ്പാറ റോഡ്, പുതുക്കാട്-ചുങ്കം-മണ്ണംപേട്ട റോഡ്, പുതുക്കാട്-ചെറുവാൾ-നെടുമ്പാൾ റോഡ്, മണ്ണംപേട്ട-മാവിൻചുവട് റോഡ്, വരന്തരപ്പിള്ളി-നന്തിപുലം റോഡ്, ഉങ്ങിൻചുവട്-വല്ലച്ചിറ റോഡ്, പൂച്ചിന്നിപ്പാടം-ചാത്തക്കുടം റോഡ്, നന്തിക്കര-മാപ്രാണം റോഡ്, നെല്ലായി-വല്ലക്കുന്ന് റോഡ് എന്നിവയെല്ലാം പൂർത്തീകരിക്കപ്പെട്ടു. തലോർ-തൈക്കാട്ടുശ്ശേരി റോഡ് പൂർത്തീകരണത്തിന്റെ അവസാനഘട്ടത്തിലാണ്. കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെയും കുറുമാലി-തൊട്ടിപ്പാൾ-മുളങ്ങ് പി.ഡബ്ല്യൂ.ഡി. റോഡിന്റെ ബി.എം.&ബി.സി. നിലവാരത്തിലുള്ള നിർമ്മാണ പ്രവൃത്തികളും അവസാനഘട്ടത്തിലാണ്. ചെങ്ങാലൂർ-മണ്ണംപേട്ട റോഡ് ബി.എം.&ബി.സി. നിലവാരത്തിലും ആമ്പല്ലൂർ-പള്ളിക്കുന്ന് റോഡ് എന്നിവയുടെയെല്ലാം നിർമ്മാണ പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുടെ രണ്ടാംഘട്ടം അടുത്താഴ്ചയിൽ ഉദ്ഘാടനം ചെയ്ത് കമ്മീഷൻ ചെയ്യുകയാണ്. എന്റെ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യ മേഖലകൾ

മികച്ച നിലയിൽ മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മലയോര ഹൈവേയുടെ ആദ്യ റീച്ചായ അഞ്ചര കിലോമീറ്ററിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. അതുപോലെ മൂന്ന് പഞ്ചായത്തുകളിലൂടെ കടന്നുപോകുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡിന്റെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചു. ഉടനടി അത് നിർമ്മിക്കാൻ കഴിയും. അതിനുവേണ്ടി 62 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. കാനത്തോട് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ നിർമ്മാണം അവസാനഘട്ടത്തിലാണ്. ചിമ്മിനി ഇക്കോ ടൂറിസം മേഖലയിൽ 3 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനം നടക്കുന്നുണ്ട്. ഈ ബജറ്റിൽ കുഞ്ഞാലിപ്പാറ ടൂറിസത്തിന് 50 ലക്ഷം രൂപയും മുനിയാട്ടുകുന്ന് ടൂറിസത്തിന് 50 ലക്ഷം രൂപയും മാറ്റിവച്ചിട്ടുണ്ട്. ഉന്നതികളുടെ നവീകരണ പ്രവർത്തനങ്ങൾ അംബേദ്കർ ഗ്രാമപദ്ധതികളിൽ ഉൾപ്പെടുത്തിക്കൊണ്ട് നടന്നുവരികയാണ്. ജലസേചന പദ്ധതികളുടെ ഭാഗമായി കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുവേണ്ടി തോട്ടുമുഖം ലിഫ്റ്റ് ഇറിഗേഷന്റെ രണ്ടാംഘട്ട നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. എറവക്കാട് ഓടൻചിറ ഷട്ടർ നവീകരിക്കുന്നതിനുവേണ്ടി ഈ ബജറ്റിൽ നാലര കോടി രൂപ നീക്കിവച്ചിട്ടുണ്ട്. ആറ്റപ്പിള്ളി റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ പ്രോജക്ട് പുതുക്കിയ എസ്റ്റിമേറ്റിന് വേണ്ടി സമർപ്പിച്ചിരിക്കുകയാണ്. 15 കോടി രൂപയിലധികം വരുന്ന എസ്റ്റിമേറ്റാണ് ഇപ്പോൾ തയ്യാറാക്കിയിട്ടുള്ളത്. ഉടൻതന്നെ അതിനുള്ള ഭരണാനുമതി ലഭിക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഒരു കാര്യംകൂടി പ്രത്യേകമായി പറയാനുള്ളത്, എന്റെ നിയോജകമണ്ഡലത്തിൽപ്പെടുന്ന മറ്റത്തൂർ ഗ്രാമപഞ്ചായത്ത് എൽ.ഡി.എഫ്.-ന് ഭരിക്കാൻ കഴിയാവുന്ന സാഹചര്യത്തെ കോൺഗ്രസ്സും ബി.ജെ.പി.-യും ഒരുമിച്ച് ചേർന്ന് അട്ടിമറിച്ചിരിക്കുകയാണ്. സി.പി.ഐ.(എം.)-ന്റെ സംസ്ഥാന സെക്രട്ടറി

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്ററും കെ.പി.സി.സി. പ്രസിഡന്റ് ശ്രീ. സണ്ണി ജോസഫും ബി.ജെ.പി. നേതാവ് ശ്രീ. കെ. സുരേന്ദ്രനും ഒരുമിച്ച് ഈയടുത്ത ദിവസങ്ങളിൽ ഒരു ഡിബേറ്റിൽ പങ്കെടുത്തിരുന്നു. ആ ഡിബേറ്റ് കൈകാര്യം ചെയ്യുന്ന മാധ്യമപ്രവർത്തകൻ " 35 സീറ്റ് കിട്ടിയാൽ നിങ്ങൾ കേരളം ഭരിക്കുമെന്ന നിലപാടിൽ ഉറച്ചുനിൽക്കുന്നുണ്ടോ?" എന്ന ചോദിച്ചപ്പോൾ, ഉടനടി ശ്രീ. കെ. സുരേന്ദ്രൻ പറഞ്ഞത് "എന്താ സംശയം, ഞങ്ങൾക്ക് 4 സീറ്റ് കിട്ടിയിട്ട് മറ്റത്തൂർ പഞ്ചായത്ത് ഭരിക്കുകയല്ലേ?" എന്നാണ്. അവിടെ ഒരു നോക്കുകുത്തിയായി കെ.പി.സി.സി. പ്രസിഡന്റ് എന്ന ഒരു മാന്യദേഹം ഇരിക്കുന്നുണ്ടായിരുന്നു. അദ്ദേഹം ഒരക്ഷരം മിണ്ടിയില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും പ്രതികരണമുണ്ടാകേണ്ടതല്ലേ? ഈ ജനുവരി മാസം 30-ാം തീയതി മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വ ദിനത്തിൽ ഗാന്ധി ഘാതകരായ അവരുടെ പിൻഗാമികളായ ബി.ജെ.പി.-യുടെ പിന്തുണയോടുകൂടി വൈസ് പ്രസിഡന്റായി കോൺഗ്രസുകാരിയായിട്ടുള്ള ഒരു വനിതയെ തിരഞ്ഞെടുത്തിരിക്കുന്നു. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല, ഇത് രാജ്യവ്യാപകമായി നടക്കുന്നതാണ്. ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന പി. വി. നരസിംഹ റാവുവിനെ കോൺഗ്രസ്സുകാരിൽ എത്ര പേർ ഓർക്കുന്നുണ്ട്? ബി.ജെ.പി.-യുടെ ആദ്യത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി ആണെങ്കിലും അനൗദ്യോഗികമായി ഞങ്ങൾ അംഗീകരിക്കുന്ന പ്രധാനമന്ത്രി പി. വി. നരസിംഹ റാവുവാണെന്ന് ശ്രീ. മണിശങ്കർ അയ്യരെ പോലുള്ള ആളുകൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ബാബറി മസ്ജിദ് തകർക്കുന്നതിനുവേണ്ടിയുള്ള എല്ലാ ഒത്താശകളും ഞങ്ങൾക്ക് ചെയ്തതന്നത് പി. വി. നരസിംഹ റാവു ആണെന്ന് ബി.ജെ.പി.-ക്കാർ പറയുകയാണ്.

അദ്ദേഹം ഇന്ത്യയുടെ പ്രധാനമന്ത്രിയായിരുന്ന ഒരാളല്ലേ; എന്നിട്ടും പി. വി. നരസിംഹ റാവുവിനെ കോൺഗ്രസ്സുകാർ ആരെങ്കിലും ഓർക്കുന്നുണ്ടോ? ഇങ്ങനെയുള്ള നിരവധി നിലപാടുകളും ഇടപെടലുകളും ഇന്ത്യൻ രാഷ്ട്രീയത്തിലും കേരള രാഷ്ട്രീയത്തിലും കാണുകയാണ്. മറ്റത്തൂർ മോഡൽ വളരെ അപകടകരമായ ഒരു സാഹചര്യം കേരളത്തിൽ സൃഷ്ടിക്കുമെന്ന് പ്രത്യേകമായി ഈയവസരത്തിൽ ഓർമപ്പെടുത്തികൊണ്ട് ഞാൻ ഈ ബജറ്റിനെ ഒരിക്കൽകൂടി പിന്തുണയ്ക്കുന്നു.

(അധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർപേഴ്സൺ ശ്രീമതി ശാന്തകുമാരി കെ.)

ശ്രീ. പി. പി. സുമോദ്: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നു. കേന്ദ്ര സർക്കാർ കേരളത്തെ സാമ്പത്തികമായി ശ്വാസംമുട്ടിക്കുമ്പോഴും സ്വന്തം വഴിയിലൂടെ കേരളം മുന്നേറുമെന്നുള്ളതിനുള്ള നേർസാക്ഷ്യമാണ് ഈ ബജറ്റ്. ഈ ഗവൺമെന്റ് കഴിഞ്ഞ പത്ത് വർഷക്കാലമായി ഉറപ്പുവരുത്തുന്നത് എല്ലാവർക്കും മികച്ച ജീവിത സാഹചര്യം, സാധാരണക്കാരായ മനുഷ്യരുടെ ദുരിതമകറ്റൽ എന്നിങ്ങനെയുള്ള കാര്യങ്ങളാണ്. മൂന്നര കോടി മലയാളികളിൽ, ക്ഷേമപെൻഷൻ വാങ്ങുന്ന 62 ലക്ഷം ആളുകളുടെ പെൻഷൻ തുക 600 രൂപയിൽ നിന്ന് ഇപ്പോൾ 2,000 രൂപയായി വർധിപ്പിക്കുന്ന സാഹചര്യമുണ്ടായി. ഇതിൽ ഏറ്റവും പ്രധാനം, പാവപ്പെട്ട അമ്മമാർ ക്ഷേമപെൻഷൻ വാങ്ങുമ്പോഴാണ് നമ്മുടെ നാട്ടിലെ മെഡിക്കൽ സ്റ്റോറുകളിൽ ഏറ്റവും കൂടുതൽ കച്ചവടം നടക്കുന്നത്. ക്ഷേമപെൻഷൻ ലഭിച്ചുതുടങ്ങി തുടർന്നുള്ള ദിവസങ്ങളിലാണ് അവർ ബി.പി.-ക്കും ശ്വാസംമുട്ടലിനുമുള്ള മരുന്നുകൾ വാങ്ങുന്നത്. ഇപ്പോൾ കേരളത്തിലെ മലയാളികൾക്ക് 58 വയസ്സ് കഴിഞ്ഞാൽ എങ്ങനെയെങ്കിലും 60 വയസ്സാകട്ടെയെന്നാണ് ആഗ്രഹിക്കുന്നത്. 60 വയസ്സ് കഴിഞ്ഞാൽ

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സർക്കാരിന്റെ ക്ഷേമ സഹായത്തോടുകൂടി ജീവിക്കാൻ സാധിക്കുന്ന സാഹചര്യം നിലവിൽ കേരളത്തിലുണ്ടെന്നത് ചെറിയ കാര്യമല്ല. ആശാ വർക്കർമാർ, അങ്കണവാടി ജീവനക്കാർ തുടങ്ങി എല്ലാ ജനവിഭാഗങ്ങളെയും പരിരക്ഷിക്കുന്ന, അവരുടെ വേതനം ഉയർത്തുന്ന രൂപത്തിലേയ്ക്കുള്ള ഏറ്റവും ജനപ്രിയ ബജറ്റായി ഇത് മാറി. ബിരുദ പഠനം സൗജന്യമാക്കുന്ന നടപടികളുൾപ്പെടെ ഉണ്ടായത് ഏറ്റവും പ്രതീക്ഷയോടുകൂടിയാണ് സമൂഹം നോക്കികാണുന്നത്. ബജറ്റിന്റെ ഭാഗമായി രണ്ടുമൂന്ന് പ്രധാനപ്പെട്ട നിർദേശങ്ങളാണ് മുന്നോട്ടുവയ്ക്കാനുള്ളത്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർഥികൾക്കുള്ള ലംപ്സംഗ്രാന്റും സ്റ്റൈപന്റും കാലോചിതമായി വർധിപ്പിക്കണം. അതോടൊപ്പംതന്നെ കേരളത്തിലെ എസ്.സി. പ്രൊമോട്ടർമാർക്ക് ലഭിക്കുന്ന വേതനത്തിൽ കാലോചിതമായ വർധനവുണ്ടാകണം. പാലക്കാട് മെഡിക്കൽ കോളേജിലെ എസ്.സി. പ്ലാനിൽ നിന്നുള്ള ഫണ്ട് വിനിയോഗം നോൺ പ്ലാനിലേയ്ക്ക് മാറ്റാനാവശ്യമായ തീരുമാനം കൈക്കൊള്ളണം. അതിന്റെ സാങ്കേതികമായ വശങ്ങൾ ഉൾപ്പെടെ പരിഗണിച്ചാൽ തീർച്ചയായും ആ ഫണ്ടുൾപ്പെടെ കേരളത്തിലെ പട്ടികജാതി-പട്ടികവർഗ്ഗ ജനവിഭാഗങ്ങൾക്ക് അനുവദിക്കാൻ ആവശ്യമായ സാഹചര്യം ഉണ്ടാകുമെന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഈയവസരത്തിൽ കേന്ദ്ര ബജറ്റിൽനിന്ന് കടലോളം പ്രതീക്ഷിച്ച കേരളത്തിന് കിട്ടിയത് കടലാമ മാത്രമാണ്. ഇപ്പോൾ ഉത്തരേന്ത്യയിൽ പശുക്കൾക്കും കേരളത്തിൽ കടലാമയ്ക്കും മാത്രമാണ് രക്ഷ എന്ന നിലയിലേയ്ക്കാണ് കേന്ദ്ര ബജറ്റ് വന്നതോടുകൂടി രാജ്യത്താകമാനമുള്ള സ്ഥിതി. കടലോര പ്രദേശത്തെ ധാതുക്കൾ അടിച്ചുമാറ്റി കൊണ്ടുപോകാൻ ആവശ്യമായ പ്രത്യേകമായ പദ്ധതിയാണ് ധാതു ഇടനാഴിയുടെ

പ്രഖ്യാപനമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളത്തിന്റെ നെല്ലറയാണ് പാലക്കാട് ജില്ല. പാലക്കാട് ജില്ലയിലെ ആയിരക്കണക്കിന് വരുന്ന നെൽകർഷകർക്ക് സഹായഹസ്തമേകാൻ മൂന്ന് മാസങ്ങൾക്ക് മുമ്പ് നെല്ലിന്റെ സംഭരണ വില 30 രൂപയായി വർധിപ്പിച്ചു. കഴിഞ്ഞ നാല് വർഷക്കാലമായി കേന്ദ്ര ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള ബാങ്കുകൾവഴി നെല്ലിന്റെ വില കർഷകർക്ക് ലഭിക്കുന്നതിനുള്ള വലിയ കാലതാമസം ഉൾപ്പെടെ പരിഹരിക്കാൻ വേണ്ടി സഹകരണ സംഘങ്ങൾ വഴി നെല്ല് സംഭരണം നടപ്പാക്കാൻ ചീഫ് സെക്രട്ടറി അധ്യക്ഷനായ കർമ്മസേനയുടെ പ്രവർത്തനം കേരളത്തിൽ ആരംഭിക്കാൻ പോകുകയാണ്. അതിന്റെ പൈലറ്റ് പദ്ധതിക്ക് തുടക്കംകുറിക്കുന്നത് പാലക്കാട് ജില്ലയിലാണ്. ടി പദ്ധതി 2026 ഡിസംബറിൽ പൂർത്തീകരിക്കാനാണ് തീരുമാനിച്ചത്. എന്നാൽ അത് ഡിസംബർ മാസംവരെ നീണ്ടുപോകാതെ നേരത്തെ ആക്കണമെന്നാണ് അഭിപ്രായപ്പെടാനുള്ളത്. കാരണം, ഈ ഫെബ്രുവരി മാസത്തിൽതന്നെ എന്റെ നിയോജകമണ്ഡലമായ തരൂരിലെ കണ്ണമ്പ്രയിലെയും തൊട്ടടുത്തുള്ള ആലത്തൂർ മണ്ഡലത്തിലെയുമൊക്കെ പഞ്ചായത്തുകളിലെ നൂറുക്കണക്കിന് വരുന്ന കർഷകരുടെ രണ്ടാംവിള കൊയ്ത്ത് നടക്കാൻ പോകുകയാണ്. ഡിസംബറിലേയ്ക്ക് കാത്തുനിൽക്കാതെ അതിന്റെ നടപടികൾ ആരംഭിച്ച ഈ സീസണിൽ തന്നെ പദ്ധതി നടപ്പാക്കാനാവശ്യമായ തീരുമാനം അടിയന്തരമായി കൈക്കൊള്ളണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. കഴിഞ്ഞ പത്ത് വർഷക്കാലമായി പൊതുവിൽ കേരളത്തിൽ നിർണ്ണായകമായ മാറ്റങ്ങൾ വന്നിട്ടുണ്ട്. ആ മാറ്റങ്ങളോടൊപ്പംനിന്ന ഒരു പ്രധാനപ്പെട്ട നിയോജകമണ്ഡലമാണ് തരൂർ. കഴിഞ്ഞ പത്ത് വർഷം പൊതുവിലും കഴിഞ്ഞ അഞ്ച് വർഷം പ്രത്യേകിച്ചും വലിയ വികസനം

നടന്നൊരു മണ്ഡലമാണ് തരൂർ. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ രണ്ടാംഘട്ടം എന്റെ മണ്ഡലത്തിലുൾപ്പെടെ ആരംഭിച്ചു. അതിന്റെ പ്രധാനപ്പെട്ട ഭാഗം വരുന്നത് എന്റെ മണ്ഡലത്തിലെ കണ്ണമ്പ്രയിലും മറ്റൊരു ഭാഗം മലമ്പുഴയിലുമാണ്. കണ്ണമ്പ്രയിൽ ഏകദേശം 313 ഏക്കർ ഭൂമി രണ്ട് വർഷം മുമ്പുതന്നെ ഇതിനായി ഏറ്റെടുത്തുകഴിഞ്ഞു. ആ പ്രദേശത്തിന്റെ മുഖച്ഛായ മാറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട രണ്ടാംഘട്ട പ്രവർത്തനം 1,100 കോടി രൂപയ്ക്ക് ഭോപ്പാൽ ആസ്ഥാനമായ കമ്പനി ഏറ്റെടുക്കാൻ പോകുന്നു. വ്യവസായ ഇടനാഴിയുടെ ഭാഗമായി മൂന്ന് വർഷത്തിനുള്ളിൽ വലിയ മാറ്റമാണ് പാലക്കാട് ജില്ലയിൽ വരാൻ പോകുന്നത്. എന്റെ മണ്ഡലത്തിൽ ഫുഡ്, നോൺമെറ്റാലിക്, റബ്ബർ ഉൾപ്പെടെയുള്ള ഏറ്റവും പ്രധാനപ്പെട്ട വ്യവസായ സംരംഭങ്ങൾ വരാൻ പോകുകയാണ്. ഒരു സമയം 7000 മുതൽ 10000 ആളുകൾക്ക് പ്രത്യക്ഷമായും പരോക്ഷമായും ജോലി ലഭിക്കാൻ സാധിക്കുന്ന രൂപത്തിലുള്ള കേരള സർക്കാരിന്റെ സ്വപ്നപദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ കണ്ണമ്പ്ര പഞ്ചായത്തിൽ അതിവേഗത്തിൽ നടക്കുന്നുവെന്ന സന്തോഷ വിവരംകൂടി പറയാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ പത്തോളം സ്മാർട്ട് വില്ലേജ് ഓഫീസുകൾ എന്റെ നിയോജകമണ്ഡലത്തിൽ ഉയർന്നുവന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ബജറ്റിന്റെയും കിഫ്ബിയുടെയും ഭാഗമായി പ്രധാനപ്പെട്ട 12 പാലങ്ങൾ നിർമ്മിച്ചു. പത്ത് കോടി രൂപയുടെ തെന്നിലാപുരം പാലം, അരങ്ങാട്ടുകടവ് പാലം, കൊളയക്കാട് പാലം, മണിയമ്പാറ പാലം, ഈ മാസം ഉദ്ഘാടനം ചെയ്യാൻ പോകുന്ന പത്തനാപുരം പാലം, കുരുത്തിക്കോട് പാലം എന്നിവയാണ് അതിൽ പ്രധാനപ്പെട്ടത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തിനിടയിൽ കേരളത്തിൽ ഏറ്റവും കൂടുതൽ പാലങ്ങൾ

ഉയർന്നുപൊങ്ങിയ മണ്ഡലങ്ങളിലൊന്നായി തരൂർ മാറിയിരിക്കുന്നു. ഈ ബജറ്റിന്റെ ഭാഗമായി 50 വർഷത്തെ പഴക്കമുള്ള പുളിനെല്ലി പാലം പുതുക്കി പണിയാനാവശ്യമായ 2 കോടി രൂപ ഉൾപ്പെടെ അനുവദിച്ചതും സ്വാഗതാർഹമാണ്. എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും പ്രധാനപ്പെട്ട സ്റ്റേഡിയങ്ങളും ഗ്രൗണ്ടുകളുമൊക്കെ നിർമ്മിച്ചു. എട്ട് കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോട്ടായിയിലെ ഏറ്റവും പ്രധാനപ്പെട്ട ഗ്രൗണ്ടാണ് ആയക്കാട് ഗ്രൗണ്ട്. രാവിലെയും വൈകുന്നേരവും നൂറുകണക്കിന് കായികതാരങ്ങളും ചെറുപ്പക്കാരും മുതിർന്നവരെല്ലാം വ്യായാമം ചെയ്യുകയും പരിശീലനം നടത്തുകയും ചെയ്യുന്ന പ്രധാനപ്പെട്ട ഗ്രൗണ്ടാണിത്. കോട്ടായിയിലെ 8 കോടി രൂപയുടെ സ്റ്റേഡിയം, കണ്ണമ്പ്രയിലെ 3 കോടി രൂപയുടെ സ്റ്റേഡിയം തുടങ്ങി എല്ലാ പഞ്ചായത്തുകളിലും ഗ്രൗണ്ടുകൾ വരികയാണ്. വടക്കഞ്ചേരി, കണ്ണമ്പ്ര എന്നീ പഞ്ചായത്തുകളിലെ നൂറുകണക്കിന് ആളുകൾ ആശ്രയിക്കുന്ന പ്രധാനപ്പെട്ട ആയക്കാട് ഗ്രൗണ്ടിനായുള്ള സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കാൻ 1 കോടി രൂപ ഈ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ടതും കൂടുതൽ സൗകര്യവുമുള്ള റെസ്റ്റ്ഹൗസുകളിലൊന്നായ വടക്കഞ്ചേരി റെസ്റ്റ്ഹൗസ് പുതുക്കി പണിയുന്നതിന് സാധിച്ചു. ടൂറിസം മേഖലയിൽ ഇടംനേടാൻ സാധിക്കുംവിധം വാവുമല, ശിവരാമ പാർക്ക് ഉൾപ്പെടെയുള്ള ടൂറിസം പദ്ധതികൾ മണ്ഡലത്തിൽ പുരോഗമിച്ചുവരികയാണ്. ആയിരക്കണക്കിന് തദ്ദേശവാസികളുടെ സാന്നിധ്യത്തിൽ ഒരു വർഷം മുമ്പാണ് കാരമല ഇക്കോ ടൂറിസം പദ്ധതി ബഹുമാനപ്പെട്ട പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി ശ്രീ. പി. എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തത്. ഏകദേശം എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. തരൂർ

ഗ്രാമപഞ്ചായത്തിൽ മുപ്പത് വർഷക്കാലമായി പ്രയാസം നേരിട്ടിരുന്ന കഴനി-പഴമ്പാലക്കോട് റോഡ് നാല് കിലോമീറ്റർ വരെ പണി പൂർത്തീകരിച്ച് ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറിയിട്ടുണ്ട്. ഒന്നര മാസത്തിനുള്ളിൽ അഞ്ച് കിലോമീറ്ററിലെ പണികൂടി പൂർത്തീകരിച്ചാൽ മണ്ഡലത്തിലെ ഏകദേശം എല്ലാ റോഡുകളും ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് മാറുന്ന സാഹചര്യമുണ്ടാകും.

പട്ടികജാതി വിഭാഗങ്ങളിലെ വിദ്യാർഥികൾക്ക് പഠിക്കുന്നതിന് കേരളത്തിലെ ഏക കമ്മ്യൂണിറ്റി കോളേജ് ഏഴരക്കോടി രൂപയ്ക്ക് പുതുക്കിപ്പണിത് ഏതാനും മാസങ്ങൾക്കുമുമ്പ് നാടിന് സമർപ്പിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ്. കണ്ണമ്പ്രയിലെ ആധുനിക റൈസ് മില്ലിനുവേണ്ടി 24 ഏക്കർ ഭൂമി നാല് വർഷംമുമ്പ് ഏറ്റെടുത്തിരുന്നു. അതിലേയ്ക്കാവശ്യമായ 60 കോടി രൂപകൂടി നബാർഡിന്റെ ധനസഹായമായി ലഭിച്ചാൽ തീർച്ചയായും മുപ്പതിനായിരം ടൺ നെല്ല് ഒരേസമയം സംഭരിക്കാനും സംസ്കരിക്കാനും വിതരണം ചെയ്യാനും സാധിക്കും. അതിലൂടെ പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ നെല്ല് സംഭരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണാനും സാധിക്കും. തോലന്നൂരിലെ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് 16 കോടി രൂപ ചെലവഴിച്ചുകൊണ്ട് പ്രവൃത്തി ആരംഭിക്കാൻ പോകുകയാണ്. ഏറ്റവും ഒടുവിൽ കണ്ണമ്പ്രയിലെ ഗവ. എച്ച്.എസ്. കല്ലിങ്കൽപാടം സ്കൂൾ ഉൾപ്പെടെയുള്ള എല്ലാ ഗവൺമെന്റ് ഹൈസ്കൂളുകളിലും പുതിയ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. തീർച്ചയായും ആ രൂപത്തിൽ കഴിഞ്ഞ പത്ത് വർഷക്കാലം വികസനത്തിന്റെ പൂക്കാലം സൃഷ്ടിച്ച ഈ ഗവൺമെന്റിനെയും ബജറ്റിന്റെ ഭാഗമായി നടത്തിയ എല്ലാ പ്രഖ്യാപനങ്ങളെയും പിന്തുണച്ചുകൊണ്ട് എന്റെ പ്രസംഗം

നിർത്തുന്നു.

ശ്രീമതി ഒ. എസ്. അംബിക: സർ, 2026-27-ലെ ജനകീയ ബജറ്റിനെ ഞാൻ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പ്രതിപക്ഷം തുടർച്ചയായി സഭാനടപടികൾ തടസ്സപ്പെടുത്തുന്നത് സ്വർണ്ണക്കൊള്ളയിൽ പ്രതിപക്ഷത്തിന്റെ പങ്ക് ചർച്ച ചെയ്യാതിരിക്കാനാണ്. ജനങ്ങളുടെ നീറുന്ന പ്രശ്നങ്ങൾ ഏറ്റെടുക്കാൻ പ്രതിപക്ഷത്തിന് താൽപര്യമില്ല. ഇത് ജനങ്ങൾ കാണുന്നുണ്ടെന്ന് പ്രതിപക്ഷം മനസ്സിലാക്കണമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിലേയ്ക്ക് പ്രതിപക്ഷം അക്രമമുണ്ടാക്കാൻ ശ്രമിച്ചതിനെ ഞാൻ അപലപിക്കുകയാണ്.

കേന്ദ്ര ബജറ്റ് അവതരിപ്പിച്ചപ്പോൾ കേരളത്തിന് ആമ മുട്ടയാണ് ലഭിച്ചത്. നമ്മുടെ അഭിമാന പദ്ധതികൾക്കൊന്നും ഒരു പൈസ പോലും മാറ്റിവയ്ക്കാതെ കേരള ജനതയെ കേന്ദ്രം അപമാനിക്കുകയാണുണ്ടായത്. കേന്ദ്ര ബജറ്റിനെതിരെ ഒരക്ഷരം പോലും ഉന്നയിക്കാൻ പ്രതിപക്ഷം തയ്യാറാകുന്നില്ല. കോൺഗ്രസ്സ് ബി.ജെ.പി.-യുടെ നിലപാടിനൊപ്പമാണെന്നാണ് ഇതിലൂടെ മനസ്സിലാകുന്നത്. തിരുവനന്തപുരം ജില്ലയിലെ ജനപ്രതിനിധി എന്ന നിലയിൽ ഏറെ സന്തോഷത്തോടുകൂടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയാകുകയും രണ്ടാംഘട്ട പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരിക്കുകയാണ്. ഒന്നാംഘട്ട പ്രവൃത്തി പൂർത്തിയാക്കിയ ഈ ചുരുങ്ങിയ കാലയളവിനുള്ളിൽ 730 കപ്പലുകളാണ് വിഴിഞ്ഞം തീരമണഞ്ഞത്. പ്രവൃത്തികളെല്ലാം പൂർത്തിയാക്കി വേണ്ട സൗകര്യങ്ങളെല്ലാം ഏർപ്പെടുത്തി കഴിയുമ്പോൾ വലിയ വികസന സാധ്യതയാണ് വിഴിഞ്ഞത്തെ തേടിയെത്തുന്നത്. അതിലൂടെ

തിരുവനന്തപുരത്തിന്റെയും സംസ്ഥാനത്തിന്റെയും ആകെ മുഖച്ഛായയായി വിഴിഞ്ഞം തുറമുഖം മാറുമെന്ന കാര്യത്തിൽ ഇതിൽ കൂടുതൽ എന്തുറപ്പാണ് വേണ്ടത്? ഒരുകാലത്ത് ഇതൊന്നും നടക്കാൻ പോകുന്നില്ലെന്ന് വിധിയെഴുതിയ സ്ഥാനത്ത്, ധാരാളം പ്രതിസന്ധികളെ ഇച്ഛാശക്തിയോടെ നേരിട്ടതിന്റെ ഫലമായാണ് വിഴിഞ്ഞം തുറമുഖത്തിന്റെ വികസനം യാഥാർഥ്യമായിരിക്കുന്നത്.

സർക്കാർ സ്കൂളുകളിൽ പഠിച്ച്, സർക്കാർ ആശുപത്രികളിൽ ചികിത്സിച്ച് സർക്കാർ ജോലി ചെയ്ത് ജീവിക്കാമെന്ന് ഇനി ആരും കരുതേണ്ടതില്ലെന്നും അത്തരം കാലമൊക്കെ കഴിഞ്ഞുപോയെന്നും പറഞ്ഞ ഭരണാധികാരികൾ ഉണ്ടായിരുന്നൊരു നാടാണിത്. സംസ്ഥാനത്തിന്റെ ദേശീയപാത വികസനം 30 മീറ്ററാക്കി ചുരുക്കണമെന്നും 45 മീറ്റർ റോഡ് വികസനം എന്നത് കേരളത്തിന് സാധ്യമാകുകയില്ലെന്നും പറഞ്ഞത് നമ്മൾ കേട്ടതാണ്. എന്നാൽ കേരളത്തിന്റെ ദേശീയപാത വികസനത്തിന്റെ അവസ്ഥ എന്താണ്? ഏറ്റെടുക്കാൻ കഴിയുന്നില്ലെന്ന് പറഞ്ഞ എല്ലാ സ്ഥലവും നമ്മൾ ഏറ്റെടുക്കുകയും സ്ഥലം എടുക്കുവാൻ ഈ കോമ്പൗണ്ടിൽ കയറരുതെന്ന് പറഞ്ഞ് പ്ലക്കാർഡ് വച്ചവർ വളരെ അഭിമാനത്തോടെയും സന്തോഷത്തോടെയും ഭൂമി വിട്ടുതരുകയും അതിലേറെ സന്തോഷത്തോടെ ഭൂമിവില കൈപ്പറ്റുകയും വളരെ അഭിമാനത്തോടുകൂടി പുതിയ ജീവിതത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്ത കാഴ്ചയ്ക്കാണ് കേരളം സാക്ഷ്യംവഹിച്ചത്. നഷ്ടപരിഹാരം കിട്ടിയവർ ഭാഗ്യവാൻമാരും ഭാഗ്യവതികളുമായി പൊതുസമൂഹം വിലയിരുത്തുന്ന എന്നതാണ് അവസ്ഥ. ദേശീയപാത മാത്രമല്ല, സംസ്ഥാനത്തിന്റെ തെക്ക്-വടക്ക് പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന മലയോര-തീരദേശ ഹൈവേയും അതിവേഗത്തിൽ പുരോഗമിച്ചുവരികയാണ്. കേശവദാസപുരത്തെ

അങ്കമാലിയുമായി ബന്ധിപ്പിക്കുന്ന എം.സി. റോഡിന്റെ വികസനവും യാഥാർഥ്യമാകുകയാണ്. ഞങ്ങളുടെയൊക്കെ ദീർഘകാല അഭിലാഷമായിരുന്ന കിളിമാനൂർ ബൈപ്പാസ് നിർമ്മാണപ്രവൃത്തിക്ക് ആവശ്യമായ തുക ഉൾപ്പെടെ എം.സി. റോഡ് വികസനത്തിന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ റോഡ് വികസനത്തിനും പാലം നിർമ്മാണത്തിലും ഏറെ മുന്നേറാൻ കഴിഞ്ഞ വർഷങ്ങളായിരുന്നു ഈ പത്തുവർഷം. 63.78 കോടി രൂപയാണ് ഈ പാലങ്ങളുടെ നിർമ്മാണത്തിനായി ലഭിച്ചത്. മലയാളത്തിന്റെ പ്രിയ കവി കുമാരനാശാന്റെ ജന്മനാടായ കായിക്കരയും ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ധീര രക്തസാക്ഷി വക്കം ഖാദറിന്റെ മണ്ണായ വക്കവുമായി ബന്ധിപ്പിക്കുന്ന വക്കം-കായിക്കര പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് 33.37 കോടി രൂപ അനുവദിക്കുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഒരേസമയം ഒരേ ദിശയിലേയ്ക്ക് മാത്രം വാഹനങ്ങൾ സഞ്ചരിക്കാൻ സാധിക്കുന്ന കൂപ്പിക്കഴുത്ത് പോലുള്ള നിരവധി പാലങ്ങളെ പൊളിച്ച് പുതിയ പാലങ്ങൾ നിർമ്മിച്ച് പൊതുജനങ്ങൾക്കായി സമർപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കിളിമാനൂരിലെ കൊച്ചു പാലം, നഗരൂർ പാലം, ചെറുകാരം പാലം, വയ്യാറ്റിൻകര പാലം, ഒറ്റൂർ പാലം, ചിപ്പൻചിറകടവ് പാലം എന്നിവ പുതുക്കിപണിത് ഗതാഗതത്തിനുവേണ്ടി തുറന്നുകൊടുക്കുന്നതിന് സാധിച്ചിട്ടുണ്ട്. വെള്ളിയാഴ്ചകാവിലെ പാലം നിർമ്മാണത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ 150 കോടിയിലധികം രൂപയുടെ റോഡ് വികസനം യാഥാർഥ്യമായിരിക്കുകയാണ്. ആലംകോട്-മീരാൻകടവ് റോഡിന് 35 കോടി രൂപയും പൊരുന്തമൺ-കല്ലറ റോഡിന് 10 കോടി രൂപയും തട്ടത്തുമല-ചാറയം റോഡിന് 8 കോടി രൂപയും കല്ലറ-തൊളിക്കുഴി റോഡിന് 5 കോടി

രൂപയും കടുവപ്പള്ളി-തോട്ടയ്ക്കാട്-വട്ടയ്ക്കകം റോഡിന് 5 കോടി രൂപയും കല്ലമ്പലം പി.സി.മുക്ക്-ചെമ്പരത്തിമുക്ക് റോഡിന് 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ആരോഗ്യ മേഖലയിൽ വലിയ വികസന മുന്നേറ്റം സാധ്യമായ വർഷങ്ങളാണ് കടന്നുപോയത്. കേരളത്തിലെ സ്ത്രീ സൗഹൃദ കാലഘട്ടമായിരുന്നു ഇത്. സ്ത്രീകളിൽ ക്യാൻസർ രോഗ നിർണ്ണയം നടത്തുന്നതിന് പ്രാഥമിക ആരോഗ്യ കേന്ദ്രം മുതൽ സൗകര്യം ഏർപ്പാടാക്കിയതിലൂടെ നിരവധി ആളുകൾ രോഗ നിർണ്ണയം നടത്തിയതിലൂടെ സമയബന്ധിതമായി അവർക്ക് ചികിത്സ ഉറപ്പാക്കിയിട്ടുണ്ട്. കുട്ടികൾക്കും കുടുംബാംഗങ്ങൾക്കുമായി സ്വന്തം രോഗത്തിനുള്ള ചികിത്സപോലും മാറ്റിവച്ച് ജീവിച്ച നിരവധി പേർക്ക് 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം' എന്ന പദ്ധതി വളരെ സഹായകമായിട്ടുണ്ട്. പല കാരണങ്ങളാൽ പറയാനും ഡോക്ടർമാരെ കാണാനും മടിച്ചുനിന്ന സാഹചര്യം തോൽക്കുകയും ചികിത്സ അവരെ തേടി എത്തുകയും ചെയ്തു. ആർത്തവ വിരാമം സംഭവിച്ച സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ആർത്തവ വിരാമ ക്ലിനിക്കുകൾ സ്ഥാപിക്കാൻ ബജറ്റിൽ തുക വകയിരുത്തിയതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്.

വിദ്യാഭ്യാസ മേഖലയിൽ സജീവമായി ഇടപെടുന്ന 'മന്ത്രി അപ്പൂപ്പൻ' എന്ന് വിളിക്കുന്ന കുട്ടിയെയാണ് നാം കണ്ടത്. അവധി ദിവസങ്ങളിൽ സ്കൂളിൽ എക്സ്ട്രാ ക്ലാസ് വയ്ക്കുന്നുവെന്ന് പറഞ്ഞ് ഒരു കുട്ടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഫോണിൽ വിളിച്ചപ്പോൾ അതിന് പരിഹാരം കണ്ടെത്തുകയും ആരോഗ്യ പ്രശ്നങ്ങളുള്ള കുട്ടികൾക്ക് കലോത്സവങ്ങളിൽ പങ്കെടുക്കണമെന്ന ആഗ്രഹത്തിന് നിയമസംവിധാനങ്ങളുടെ സകല സാധ്യതകളും ഉപയോഗിച്ച് അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്ത മന്ത്രിയാണ് ഇന്ന് നമുക്കുള്ളത്.

ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് 'ഗ്രഡ് ഗവേണൻസ്' എന്നാണ് അദ്ദേഹത്തിന്റെ ഇടപെടലിനെ വിശേഷിപ്പിച്ചത്. മികവാർന്ന മന്ത്രിയുടെയും ഇച്ഛാശക്തിയുള്ള ഗവൺമെന്റിന്റെയും നേതൃത്വത്തിൽ നിരവധിയായ വികസന പ്രവർത്തനങ്ങൾ സ്വന്തമാക്കിയ പൊതുവിദ്യാഭ്യാസ രംഗമാണ് ഇന്ന് കേരളത്തിനുള്ളത്. കിഫ്ബി പദ്ധതിയിലൂടെ അടിസ്ഥാന സൗകര്യ വികസനം യാഥാർഥ്യമാക്കിയ സ്കൂളുകളിലേയ്ക്ക് പോയാലറിയാം നമ്മുടെ പൗരൻമാർക്കായി നടപ്പാക്കിയ ഈ വികസനത്തിന്റെ മുന്നേറ്റം. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ നിയോജകമണ്ഡലങ്ങളെയും ഒരു വിദ്യാലയമായി കണ്ടുകൊണ്ട് 5 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഈ സംസ്ഥാനത്ത് നടപ്പാക്കിയത്. സംസ്ഥാനത്ത് ആദ്യമായി 5 കോടി രൂപ ചെലവഴിച്ച് വികസനം പൂർത്തിയാക്കിയ മൂന്ന് വിദ്യാലയങ്ങളിൽ, എന്റെ നിയോജകമണ്ഡലത്തിലെ ആറ്റിങ്ങൽ മോഡൽ ഹയർ സെക്കൻഡറി സ്കൂൾ ഉൾപ്പെട്ടതിൽ ഞാൻ അഭിമാനിക്കുകയാണ്. ആയിരം കുട്ടികൾ പഠിക്കുന്ന എല്ലാ പൊതുവിദ്യാലയങ്ങൾക്കും മൂന്നുകോടി രൂപ വികസന പ്രവർത്തനങ്ങൾക്കായി അനുവദിച്ചിട്ടുണ്ട്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആറ് സ്കൂളുകളാണ് അത്തരത്തിൽ പൂർത്തിയാക്കാൻ കഴിഞ്ഞത്. ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ടൗൺ യു.പി.എസ്-ഉം ചെറുന്നിയൂർ ഗവ. എച്ച്.എസ്.-ഉം കവിയൂർ ഗവ. എച്ച്.എസ്.-ഉം വക്കം ഗവ. എച്ച്.എസ്.-ഉം കിളിമാനൂർ ടൗൺ യു.പി.എസ്.-ഉം തട്ടത്തുമല ഗവ. ഹയർ സെക്കൻഡറി സ്കൂളും പോങ്ങനാട് യു.പി.എസ്.-ഉം നെടുമ്പറമ്പ് എച്ച്.എസ്.-ഉം 1,30,00,000/- രൂപ ചെലവഴിച്ചുകൊണ്ട് വികസന പ്രവർത്തനങ്ങൾ യാഥാർഥ്യമാക്കിയിരിക്കുകയാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ടിൽനിന്നും

മുള്ളറംകോട് യു.പി.എസ്.-നും പാപ്പാല യു.പി.എസ്.-നും ആലംകോട് യു.പി.എസ്.-നും ശ്രീനാരായണപുരം യു.പി.എസ്.-നുമായി 1 കോടി രൂപ അനുവദിക്കുകയും അതിന്റെ പ്രവൃത്തി ആരംഭിക്കാൻ പോകുകയുമാണ്. സംസ്ഥാന ബജറ്റിൽ ഭരണാനുമതി ലഭിക്കാത്ത മരാമത്ത് പ്രവൃത്തികളെ ഉൾപ്പെടുത്തിക്കൊണ്ട് എം.എൽ.എ.-മാർ നിർദ്ദേശിച്ചിരുന്ന പദ്ധതികളുടെ ഭാഗമായി തോട്ടയ്ക്കാട് ഗവ. എൽ.പി.എസ്., ശ്രീനാരായണപുരം എൽ.പി.എസ്, പേരൂർ-വടശ്ശേരി യു.പി.എസ്., ആറ്റിങ്ങൽ ഗവ. പി.എച്ച്.സി., ഓട്ടിസം പാർക്ക്, മണനൂർ യു.പി.എസ്., കുറ്റിമൂട് യു.പി.എസ്., മഞ്ഞപ്പാറ എൽ.പി.എസ്. എന്നീ സ്കൂളുകൾക്ക് 1 കോടി രൂപ വീതം അനുവദിച്ചു. സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറി സ്കൂളുകളിലുൾപ്പെടെ വിവിധ പ്രവൃത്തികൾ നടപ്പാക്കിക്കൊണ്ടിരിക്കുകയുമാണ്.

ആറ്റിങ്ങൽ നിയോജകമണ്ഡലം ചരിത്ര പ്രാധാന്യമുള്ള മണ്ഡലമാണ്. രാജാ രവിവർമ്മയുടെ നാടാണ്. തങ്കലിപികളാൽ എഴുതപ്പെട്ട വരകളുടെ തമ്പുരാനായ രാജാ രവിവർമ്മയ്ക്ക് ഒരു സ്മാരകം പണിയുന്നതിനുവേണ്ടി ബജറ്റിൽ തുക വകയിരുത്തണമെന്ന് അപേക്ഷിച്ചുകൊണ്ട് ഈ ബജറ്റിനെ ഒരിക്കൽകൂടി ശക്തിയായി പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ കടുത്ത സാമ്പത്തിക ഉപരോധത്തിനിടയിലും കേരളത്തിന്റെ താൽപര്യങ്ങൾ ഉയർത്തിപ്പിടിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച സർവതലസ്പർശിയായ ബജറ്റിനെ ഞാൻ പിന്തുണയ്ക്കുന്നു. വർഗീയ രാഷ്ട്രീയത്തെ എന്നും ചെറുത്തുനിന്ന മലയാളി സമൂഹത്തോട് പക പോക്കുന്ന സമീപനമാണ് ബി.ജെ.പി. തുടരുന്നത്. കേരളത്തിലെ എല്ലാവർക്കും രാഷ്ട്രീയമുണ്ട്. എന്നാൽ

തിരഞ്ഞെടുക്കപ്പെടുകയും ഭരണഘടനാപരമായ ചുമതലകൾ നിറവേറ്റുകയും ചെയ്യുമ്പോൾ കക്ഷിരാഷ്ട്രീയത്തിനതീതമായി മുഴുവൻ മനുഷ്യരെയും തുല്യരായി കണ്ടുവേണം തീരുമാനങ്ങളെടുക്കേണ്ടത്. എന്നാൽ ബി.ജെ.പി.-യെ വിജയിപ്പിച്ചാൽ മാത്രമേ കേന്ദ്ര പദ്ധതികൾ കേരളത്തിന് ലഭിക്കുകയുള്ളൂവെന്ന് ബി.ജെ.പി.-യുടെ സംസ്ഥാന പ്രസിഡന്റ് പച്ചയ്ക്ക് പറയുകയാണ്. ഇത് ജനങ്ങൾക്ക് നേരെയുള്ള വെല്ലുവിളിയാണ്. തനിക്ക് വോട്ട് ചെയ്തവർക്ക് മാത്രമേ എന്തെങ്കിലും തരികയുള്ളൂവെന്ന് ചരിത്രത്തിൽ ഇതുവരെ ഏതെങ്കിലും രാഷ്ട്രീയ പാർട്ടി നേതാവ് പറയുന്നത് കേട്ടിട്ടുണ്ടോ? സംസ്ഥാനം ഭരിക്കുന്നത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. കഴിഞ്ഞ തദ്ദേശസ്വയംഭരണസ്ഥാപന തിരഞ്ഞെടുപ്പിൽ വിജയം കൈവരിച്ച് കോൺഗ്രസും ബി.ജെ.പി.-യുമൊക്കെ ഭരിക്കുന്ന കോർപ്പറേഷനുകളുമുണ്ടല്ലോ; ഈ നഗരങ്ങളെ തഴയുമെന്ന് സംസ്ഥാനം ഭരിക്കുന്ന പാർട്ടിക്കോ ഗവൺമെന്റിനോ പറയാൻ സാധിക്കുമോ? അതുകൊണ്ടാണ് വിഷമല്ല, കൊടുംവിഷമാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. കൊടുംവിഷത്തിന് ഗ്രഡ് സർട്ടിഫിക്കറ്റ് കൊടുക്കുകയാണ് പ്രതിപക്ഷനേതാവ് ചെയ്തത്. 'ഇദ്ദേഹത്തിന് ബി.ജെ.പി. ഐഡിയോളജിയൊന്നുമില്ല' എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതൊരു പരസ്പരധാരണയുടെ ഭാഗമാണ്. ബി.ജെ.പി.-യുടെ ഐഡിയോളജിയൊന്നുമില്ല എന്നുപറഞ്ഞാൽ അതിന്റെയർഥം എന്താണ്? ആ നിലയിലുള്ള യോജിപ്പാണ് കേന്ദ്രഭരണകക്ഷിയും കേരളത്തിലെ പ്രതിപക്ഷവും ചേർന്ന് കേരളത്തിൽ സൃഷ്ടിച്ചിട്ടുള്ളത്. വയനാടിൽ നാന്നൂറിലധികം പേരുടെ ജീവൻ നഷ്ടപ്പെട്ടു. ജീവനും ജീവിതവുമില്ലാതായ മനുഷ്യർക്ക് അതിജീവനത്തിനായി കേരളം ഒരു പാക്കേജ് ചോദിച്ചു. കേന്ദ്രം സാമ്പത്തിക സഹായം നൽകുന്നില്ലെന്ന് മനസിലാക്കി പ്രത്യേക പാക്കേജ്

അനുവദിച്ചുകൂടേ; വീടും ഭൂമിയും ഉറ്റവരും നഷ്ടപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളിക്കൂടേ എന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചു. ഇങ്ങനെ ബഹുമാനപ്പെട്ട ഹൈക്കോടതി ചോദിച്ചിട്ടും 18 കോടി രൂപ ഉണ്ടായിരുന്നെങ്കിൽ ഇവരുടെയെല്ലാം കടങ്ങൾ എഴുതിത്തള്ളാമായിരുന്നിട്ടും കേന്ദ്ര ഗവൺമെന്റ് അത് ചെയ്തില്ല. ഇവർ വർഷാവർഷം കോർപ്പറേറ്റുകളുടെ ലക്ഷം കോടി രൂപ എഴുതിത്തള്ളുന്നു. പാവപ്പെട്ടവരുടെ കടങ്ങൾ എഴുതിത്തള്ളില്ലെന്ന ബി.ജെ.പി. ഗവൺമെന്റിന്റെ നയം മനസ്സിലാക്കിയപ്പോൾ സംസ്ഥാന ഗവൺമെന്റ് ഈ കടങ്ങളെല്ലാം ഏറ്റെടുക്കാൻ തീരുമാനിച്ചു. ഈ ദുരന്തഭൂമിയിൽനിന്ന് പോക്കറ്റടിച്ചവരാണ് കേരളത്തിലെ കോൺഗ്രസ്. മുപ്പത് സെക്കൻഡുകൊണ്ട് മുന്നൂറ് വീട് നിർമ്മിക്കുമെന്ന വി.ഡി. ഹരിത മാത്തമാറ്റിക്സ് അവതരിപ്പിക്കുകയാണ് കേരളത്തിലെ കോൺഗ്രസ്. കേന്ദ്ര പദ്ധതികൾ നൽകുന്നില്ല, വൻകിട പ്രോജക്ടുകൾ കേരളത്തിലില്ല; നടപ്പാക്കിയ പദ്ധതികളുടെ കുടിശ്ശികയും നൽകുന്നില്ല; തൊഴിലുറപ്പ് ഉൾപ്പെടെയുള്ള പദ്ധതികൾ സംസ്ഥാനത്തിന്റെ തലയിൽ കെട്ടിവയ്ക്കുന്നു; കേരളത്തിൽനിന്ന് പിരിച്ചെടുക്കുന്ന നികുതി ഇവർ എന്താണ് ചെയ്യുന്നത്? ഇതുയൊക്കെ അവഗണനയുണ്ടായിട്ടും നമ്മുടെ സംസ്ഥാനം തനത് നികുതി വരുമാനം ഉയർത്തുകയാണ്. കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ഒരു ലക്ഷത്തി ഇരുപത്തിയേഴായിരത്തിലധികം കോടി രൂപയുടെ തനത് നികുതി വരുമാനമാണ് നമുക്ക് സമാഹരിക്കാൻ കഴിഞ്ഞത്. ഇതുപയോഗിച്ചാണ് നാം ഈ നേട്ടങ്ങളെല്ലാം കൈവരിച്ചത്. കേരളത്തിന് പത്ത് വർഷമായി നേടാൻ കഴിഞ്ഞ വികസനത്തെ നിസ്സാരവൽക്കരിക്കുകയെന്ന തന്ത്രം ഇന്ന് കേരളത്തിൽ പ്രതിപക്ഷത്തിന്റെ നേതൃത്വത്തിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. പത്ത് വർഷമായില്ലേ; സ്വാഭാവികമായി

സംഭവിക്കുന്നതല്ലേയെന്ന ചോദ്യം ഉയർത്തുന്നുണ്ട്. ഞങ്ങൾ വന്നാൽ കാണിച്ചുതരാമെന്ന ഡയലോഗും പറയുന്നുണ്ട്. പഞ്ചായത്ത് തിരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ കൊച്ചിക്കാർക്ക് കാര്യങ്ങൾ മനസ്സിലായി. വെള്ളം കിട്ടാതെയും മാലിന്യങ്ങൾ നീക്കം ചെയ്യാതെയും കാര്യങ്ങൾ താറുമാറാകുന്ന അവസ്ഥയായി. ആഴ്ചകൾ കഴിയുമ്പോൾ ഇതാണ് അവസ്ഥയെങ്കിൽ ഇനി അഞ്ച് വർഷം സഹിക്കണ്ടേ എന്ന അവസ്ഥയിലാണ് കൊച്ചിയിലെ ജനങ്ങൾ. വിഴിഞ്ഞം പദ്ധതി, ഗെയിൽ, ദേശീയപാത, കെ-റെയിൽ, കെ-ഫോൺ, വയനാട് തുരങ്കപാത, എ.ഐ. ക്യാമറ എന്നിവ മുടക്കും, നടത്തില്ല; കേസ് കൊടുക്കും എന്നാണ് പറയുന്നത്. ഈ രാഷ്ട്രീയ വക്താക്കൾ അധികാരത്തിൽ വന്നാൽ പദ്ധതികൾ മുടക്കാൻ മാത്രം ഒരു വകുപ്പ് രൂപീകരിക്കേണ്ടിവരുമെന്ന അവസ്ഥയാണ്. പണ്ട് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വിൽക്കാൻ വകുപ്പ് രൂപീകരിച്ചതുപോലെ കാര്യങ്ങളെത്തുമെന്നുള്ളതാണ്.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ വികസന കാര്യങ്ങളിൽ വലിയ മുന്നേറ്റമാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ നേടാൻ സാധിച്ചിട്ടുള്ളത്. മുടങ്ങിക്കിടക്കുന്ന പല പദ്ധതികൾക്കും പുതുജീവൻ നൽകാനായി. സാധാരണക്കാരുടെ മക്കൾക്ക് മികച്ച പഠന നിലവാരം ഉറപ്പുവരുത്താൻ 27 കോടി രൂപ ഉപയോഗിച്ച് പുതിയ കെട്ടിട സൗകര്യമുണ്ടാക്കാൻ കഴിഞ്ഞു. തൃശ്ശൂർ മെഡിക്കൽ കോളേജ് ക്യാമ്പസിൽ ഡെന്റൽ കോളേജും നഴ്സിങ് കോളേജും ചെസ്റ്റ് ഹോസ്പിറ്റലും മെഡിക്കൽ കോളേജിലെ അമ്മയും കുഞ്ഞും ബ്ലോക്കും ഉൾപ്പെടെ ആരോഗ്യരംഗത്തുമാത്രം 550 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്താൻ സാധിച്ചു. ഞാൻ വിശദാംശങ്ങളിലേക്ക് പോകുന്നില്ല.

വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ബഹുഭൂരിപക്ഷം വരുന്ന പൊതുമരാമത്ത് റോഡുകളും ബി.എം. & ബി.സി. നിലവാരത്തിലേക്ക് ഉയർത്താനായി. കോളങ്ങാട്ടുകര കമ്പി പാലം പുതുക്കി പണിതു. ഓട്ടുപാറ പാലം, തോളൂർ പാലം എന്നിവയ്ക്ക് പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണാനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ നടപടികളിലേക്ക് പോകുകയാണ്. റോഡ് ഉൾപ്പെടെ 220 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് പൊതുമരാമത്ത് രംഗത്ത് ഇപ്പോൾ നടന്നുവരുന്നത്. ഓരോ റോഡിന്റെയും പേര് ആവർത്തിക്കുന്നില്ല. പോട്ടോർ വേലുക്കുട്ടി റെയിൽവേ മേൽപ്പാലം ഉൾപ്പെടെ വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ നാല് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണങ്ങൾ വ്യത്യസ്തഘട്ടങ്ങളിൽ എത്തിനിൽക്കുന്നു. മുണ്ടൂർ-പുറ്റേക്കര വരെയുള്ള ഭാഗത്തെ റോഡിലെ കുപ്പിക്കഴുത്ത് പ്രശ്നം പരിഹരിച്ച് സ്ഥലം ഏറ്റെടുത്തതിന്റെ നഷ്ടപരിഹാരം നൽകാൻ തുടങ്ങി. അത് ബജറ്റ് പ്രസംഗവുമായി ബന്ധപ്പെട്ട ചർച്ചയിൽ ഞാൻ ആവശ്യപ്പെട്ട ഒരു കാര്യമായിരുന്നു.

ഒരു കാര്യംകൂടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. വടക്കാഞ്ചേരി ബൈപ്പാസ് പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ എഫ്.എസ്. നൽകുന്നതിനാവശ്യമായ നടപടികൾകൂടി സ്വീകരിക്കണമെന്ന് ഇതിന്റെ ഭാഗമായി അഭ്യർഥിക്കുകയാണ്. ടൂറിസം മേഖലയ്ക്ക് വലിയ സാധ്യതയുള്ള നിയോജകമണ്ഡലമാണ് വടക്കാഞ്ചേരി. വാഴാലി, വിലങ്ങൻകുന്ന്, പൂമല എന്നിങ്ങനെ ടൂറിസം പദ്ധതികളെയാകെ കോർത്തിണക്കി വടക്കാഞ്ചേരി ടൂറിസം സർക്യൂട്ടിനുള്ള 20 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ വ്യത്യസ്തതലത്തിൽ നിൽക്കുകയാണ്. വടക്കാഞ്ചേരിയിൽ കൾച്ചറൽ കൺവെൻഷൻ സെന്റർ

സ്ഥാപിക്കുന്നതിന് 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വടക്കാഞ്ചേരി കോടതി സമുച്ചയവുമായി ബന്ധപ്പെട്ട ഡിസൈൻ പരിഗണനയിലും ആവശ്യമായ ഭൂമി ലഭിച്ചു കഴിഞ്ഞിരിക്കുകയുമാണ്. കൃഷി ഭവൻ, സബ് ട്രഷറി, വില്ലേജ് ഓഫീസുകൾ ഉൾപ്പെടെ 25 കോടി രൂപയുടെ സർക്കാർ കെട്ടിടങ്ങൾ നിർമ്മാണ ഘട്ടത്തിലാണ്. കളിക്കളം പദ്ധതിയുടെ ഭാഗമായി വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ കായിക വികസനത്തിന് 12 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ഗ്രൗണ്ടുകളിൽ മാത്രം നടക്കുന്നത്. മൂന്ന് വ്യവസായ സ്റ്റേറ്റുകൾ, മെഡിക്കൽ കോളേജ്, മെഡിക്കൽ യൂണിവേഴ്സിറ്റി, കില എന്നിങ്ങനെ ബൃഹത്തായ സ്ഥാപനങ്ങളുള്ള വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ വൈദ്യുതി ആവശ്യത്തിനുവേണ്ടി 33 കെ.വി.-യുടെ രണ്ട് സബ് സ്റ്റേഷനുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് ആരംഭിക്കുന്നതെന്നുകൂടി ഈ ഘട്ടത്തിൽ അഭിമാനത്തോടുകൂടി പറയുകയാണ്. ചൂലിശ്ശേരിയിൽ കഴിഞ്ഞ പത്തുമുപ്പത് വർഷമായി അടഞ്ഞുകിടന്നിരുന്ന ഇലക്ട്രിക് പോസ്റ്റ് ഉണ്ടാക്കുന്ന പോൾ കാസ്റ്റിങ് യൂണിറ്റ് അഞ്ചുമുക്കാൽ കോടി രൂപ ചെലവഴിച്ചുകൊണ്ട് തുറന്ന് പ്രവർത്തനം ആരംഭിച്ചു. നാല് ജില്ലകൾക്കാവശ്യമായ ഇലക്ട്രിക് പോസ്റ്റ് അവിടെനിന്നും നൽകിവരുന്നു. കഴിഞ്ഞ 23 വർഷമായി സ്റ്റേറ്റ് ഹൈവേയുടെ പ്രത്യേകിച്ച്, ഷൊർണ്ണൂർ-തൃശ്ശൂർ റോഡിൽ ഉപയോഗശൂന്യമായി കിടന്നിരുന്ന മുളങ്കുന്നത്തുകാവിലെ 12 ഏക്കർ കെൽട്രോണിന്റെ ഭൂമി ഏറ്റെടുത്ത് കോമൺ ഫെസിലിറ്റീസ് സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളായിട്ടുണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയിലുൾപ്പെടുത്തിയാണ് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ ഏഴ് പട്ടികജാതി നഗറുകളുടെ പ്രവർത്തനങ്ങൾ നടക്കുന്നത്. വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ

മുണ്ടത്തിക്കോട്, കുമ്പാരനഗർ, വടക്കാഞ്ചേരി തെലുങ്കർനഗർ, അവണൂർ അംബേദ്കർ നഗർ, മലാക്ക മിച്ചഭൂമി തുടങ്ങിയ പ്രദേശങ്ങളിലെ പതിറ്റാണ്ടുകളായ പട്ടയ പ്രശ്നങ്ങളാണ് പരിഹരിച്ചത്. മതനിരപേക്ഷ പുരോഗമന രാഷ്ട്രീയത്തിന്റെ കരുത്തിൽ വികസനവും ക്ഷേമവും ഉറപ്പാക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് വടക്കാഞ്ചേരി നിയോജകമണ്ഡലത്തിന്റെ സമസ്ത മേഖലകളിലും ഇക്കാലയളവിൽ വികസനത്തിന്റെ പുതിയ അധ്യായങ്ങൾ എഴുതിച്ചേർക്കാൻ സാധിച്ചിട്ടുണ്ട്. 2026-27-ലെ ബജറ്റിൽ വടക്കാഞ്ചേരിയുടെ വികസനത്തിനുവേണ്ടി 36 പദ്ധതികളാണ് തുടർന്നും ഉൾപ്പെടുത്തിയിട്ടുള്ളത്. സർവതലസ്പർശിയായ ഈ ബജറ്റിന് എല്ലാ പിന്തുണയും അറിയിക്കുന്നു.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിന്റെ ധനകാര്യ വകുപ്പിനെ അങ്ങേയറ്റം ചാരുതയോടുകൂടി മുന്നോട്ടുനയിക്കുന്ന ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഈ ബജറ്റിനെ ഏതാണ്ട് എല്ലാ മാധ്യമങ്ങളും ഒരുപോലെ പിന്തുണയ്ക്കുന്നത് നമ്മൾ കാണുകയുണ്ടായി. പ്രതികൂല സാഹചര്യത്തിൽ തനത് നികുതിവരുമാനമടക്കം വർധിപ്പിച്ചുകൊണ്ട് കരുതലോടുകൂടി കേരളത്തിന്റെ വികസനക്കുതിപ്പിന് ഗതിവേഗം നൽകുകയാണ് ധനകാര്യ വകുപ്പുമന്ത്രി ചെയ്തത്. സാധാരണക്കാർ, ഇടത്തട്ടുകാർ, മേൽത്തട്ടുകാർ എന്നിങ്ങനെ എല്ലാ ജനവിഭാഗങ്ങൾക്കും ഗുണകരമായ പദ്ധതികൾ ബജറ്റിൽ പ്രഖ്യാപിക്കുകയുണ്ടായി. സഭയിൽ മറ്റംഗങ്ങൾ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. കഴിഞ്ഞ ദിവസം യൂണിയൻ ബജറ്റും അവതരിപ്പിക്കുകയുണ്ടായി. 'ആമ നിർഭർ കേരളം' എന്ന തലക്കെട്ടോടുകൂടിയാണ് മലയാള മനോരമയടക്കമുള്ള പത്രങ്ങൾ യൂണിയൻ ബജറ്റിനെ വിശേഷിപ്പിച്ചത്. ജന്മഭൂമി ഒഴികെയുള്ള

കേരളത്തിലെ മിക്കവാറും എല്ലാ മാധ്യമങ്ങളും ആ നിലയിലാണ് റിപ്പോർട്ട് ചെയ്തത്. കേരളമുന്നയിച്ച 29 ആവശ്യങ്ങളിൽ ഒന്നുപോലും പരിഗണിക്കപ്പെട്ടിട്ടില്ല എന്ന കാര്യം ദേശാഭിമാനിയും മാതൃഭൂമിയും ഉൾപ്പെടെയുള്ള മാധ്യമങ്ങൾ വസ്തുനിഷ്ഠപരമായി രേഖപ്പെടുത്തുകയുണ്ടായി. കേരളത്തോട് വീണ്ടും കടുത്ത അവഗണന എന്ന നിലയ്ക്കാണ് സൂചിപ്പിച്ചത്. എന്നാൽ 'കേന്ദ്രം അവതരിപ്പിച്ച ബജറ്റ് സംസ്ഥാന ബജറ്റ് അല്ല' എന്നാണ് ജന്മഭൂമി പത്രത്തിന്റെ എഡിറ്റോറിയൽ പറഞ്ഞത്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് പദ്ധതികൾ വാരിക്കോരി കൊടുക്കുമ്പോൾ ജന്മഭൂമി പറയുന്നത്, കേരളത്തെക്കുറിച്ച് പരാമർശിക്കാൻ ഇത് സംസ്ഥാന ബജറ്റല്ല എന്നാണ്. കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ അവഗണന കേരളത്തിലെ ജനങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ട്. കഴിഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള ഇലക്ഷൻ വന്നപ്പോൾ ഇവിടെ പ്രധാനമന്ത്രിയെ കൊണ്ടുവന്ന് തലസ്ഥാന നഗരത്തിന്റെ വികസന രൂപരേഖ സമർപ്പിക്കുമെന്നാണ് പറഞ്ഞത്. പ്രധാനമന്ത്രി തലസ്ഥാന നഗരം സന്ദർശിച്ച് തിരിച്ചുപോയി. നാളിതുവരെ ഒരു രൂപരേഖയും സമർപ്പിച്ചിട്ടില്ല. ഒരു നഗരപ്രദേശത്തിന്റെ രൂപരേഖ സമർപ്പിക്കാൻ പ്രധാനമന്ത്രി വരുന്നുമെന്ന് പറയത്തക്ക നിലയിലുള്ള വിഡ്ഢിത്തം പുലമ്പുന്നവരായി ഈ നാട്ടിലെ ബി.ജെ.പി.ക്കാർ മാറിയിരിക്കുകയാണ്. കൈരേഖ കാണിച്ച് ഇതാണ് ആ വികസനത്തിന്റെ രൂപരേഖയെന്നും പുതിയ മേയറുടെ ചിത്രത്തിന്റെ നീലനിറത്തിലുള്ള ഒരു പ്രിന്റ്ഔട്ട് കാണിച്ച് വികസനത്തിന്റെ രൂപരേഖ/ബ്ലൂപ്രിന്റ് ഇതാണെന്നും ചില ആളുകൾ പരിഹസിച്ച് പറയുന്ന സ്ഥിതിയുണ്ടായി. പ്രാഥമികമായിപോലും ഒരു നഗരഭരണത്തിൽ കേന്ദ്ര ഗവൺമെന്റിന് നേരിട്ട് പദ്ധതികൾ സമർപ്പിക്കാൻ കഴിയുമോ? ഫെഡറൽ

സംവിധാനത്തിൽ സംസ്ഥാന ഗവൺമെന്റ് മുഖാന്തരമാണ് ഇത്തരം കാര്യങ്ങൾ അവതരിപ്പിക്കേണ്ടത്. അതുപോലും ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാൻ പ്രയോജനപ്പെടുത്തുന്നവരായി ഈ നാട്ടിലെ ബി.ജെ.പി.ക്കാർ മാറുന്നു എന്നുള്ളത് നമ്മൾ കാണണ്ടേ? കേന്ദ്ര സർക്കാർ പദ്ധതികളിൽനിന്നും കേരളത്തിന് ലഭിക്കേണ്ട വിഹിതത്തിൽ 2025 സെപ്റ്റംബർ വരെ ഏകദേശം 5,783 കോടി രൂപയുടെ കുറവുണ്ടായിരിക്കുകയാണ്. ഇത് വാങ്ങിയെടുക്കാൻ കേരളത്തിൽനിന്നുള്ള കോൺഗ്രസ് എം.പി.-മാർ തയ്യാറാകുന്നുണ്ടോ? വളരെ ക്രൂരമായി കേരളത്തിന് വിഹിതങ്ങൾ ലഭിക്കേണ്ട എന്നൊരു അജണ്ട കോൺഗ്രസും മുന്നോട്ടുവയ്ക്കുന്നു എന്നത് നമുക്ക് കാണാൻ കഴിയും. അതിന്റെ മറ്റ് വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല.

സംസ്ഥാന ബജറ്റിൽ തിരുവനന്തപുരം ഉൾപ്പെടെയുള്ള എല്ലാ നഗരങ്ങൾക്കും പ്രാധാന്യം നൽകിയിട്ടുണ്ട്. തിരുവനന്തപുരം നഗരത്തിന് ഈ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകിയിട്ടുണ്ടെന്നുള്ളത് നമുക്കെല്ലാവർക്കുമറിയാം. തിരുവനന്തപുരം നഗരസഭ ഇപ്പോൾ ബി.ജെ.പി. ഭരണത്തിൻകീഴിലാണല്ലോ. എന്താണ് ഇപ്പോൾ തിരുവനന്തപുരത്തിന്റെ അവസ്ഥ? പത്മനാഭസ്വാമി ക്ഷേത്രത്തിൽ സമീപകാലത്ത് നടന്ന ഏറ്റവും പ്രധാനപ്പെട്ട ഉത്സവമടക്കമുള്ള സമയങ്ങളിൽ നഗരമാകെ ചീഞ്ഞുനാറുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി. മാത്രമല്ല, ഹരിതകർമ്മ സേനയെയും ഉറവിട വികേന്ദ്രീകൃത സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തി നഗരത്തിന്റെ മാലിന്യം ഇല്ലാതാക്കാനും സീറോ വേസ്റ്റിലേയ്ക്ക് എത്തിക്കാനും മുൻകാല ഇടതുഭരണ സമിതികൾ നടത്തിക്കൊണ്ടിരുന്ന എല്ലാ പ്രവർത്തനങ്ങളെയും അട്ടിമറിക്കുകയാണ്. മാലിന്യം തെരുവോരങ്ങളിൽ

നിക്ഷേപിക്കുകയാണ്. ഈ നിലയിൽ തിരുവനന്തപുരം നഗരം ആർജിച്ചിട്ടുള്ള എല്ലാ നേട്ടങ്ങളെയും ഇല്ലാതാക്കാനുള്ള പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. തെരുവുനായശല്യം പരിഹരിക്കാൻ നായ്ക്കളെ ഷെൽട്ടറിലേയ്ക്ക് മാറ്റുമെന്നാണ് പറയുന്നത്. എങ്ങോട്ടേയ്ക്കാണ് മാറ്റുന്നത്? പണ്ട് വിളപ്പിൽശാല മാലിന്യ സംസ്കരണ പ്ലാന്റ് വന്നപ്പോൾ പ്രദേശവാസികൾക്ക് അതിനോട് എതിർപ്പായിരുന്നു. നഗരത്തിലെ മാലിന്യം ഞങ്ങളുടെ പഞ്ചായത്തിലേക്ക് കൊണ്ടുവരാൻ പാടില്ലെന്നാണ് അന്നവർ ഉന്നയിച്ചത്. നഗരസഭയുടെ മാലിന്യം അങ്ങോട്ടേയ്ക്ക് കൊണ്ടുവരില്ലെന്നും നിങ്ങൾ പേടിക്കേണ്ടതില്ലെന്നും ഞാൻ മേയർ ആയിരുന്ന ഘട്ടത്തിൽ അവർക്ക് വാക്ക് നൽകിയിരുന്നു. വിളപ്പിൽശാലയിൽ മാലിന്യസംസ്കരണ പ്ലാന്റ് തുറക്കാൻ ശ്രമിക്കുന്നില്ല എന്നുപറഞ്ഞപ്പോഴാണ് അവർക്ക് ആശ്വാസമായത്. ഇപ്പോൾ കാണുന്നതെന്താണ്? നഗരസഭാ പരിധിയിൽനിന്ന് പിടിക്കുന്ന നായ്ക്കളെയടക്കം വിളപ്പിൽശാല പഞ്ചായത്ത് പ്രദേശമായ കരിങ്കുളത്തേയ്ക്ക് കൊണ്ടുപോയി അവിടത്തെ ആളുകൾക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ ശ്രമിക്കുകയാണ്. ഈ നിലയിൽ നഗരത്തിന്റെ മാലിന്യം കൊണ്ടുപോയി മറ്റ് സ്ഥലങ്ങളിൽ ഡമ്പ് ചെയ്യുക എന്നുള്ള നയമാണ് ഇവിടുത്തെ ബി.ജെ.പി. ഭരണസമിതി സ്വീകരിക്കുന്നത്.

നമ്മുടെ നഗരങ്ങളെക്കുറിച്ച് പറയുമ്പോൾ ഒരു നിർദേശം മുന്നോട്ടുവയ്ക്കുകയാണ്. വാസയോഗ്യവും ഹരിതാഭവും വാക്കിങ് ഫ്രെണ്ട്‌ലിയും ആക്കുന്നതിനും ഉയർന്ന ജീവിത നിലവാരം ഉറപ്പാക്കുന്നതിനും കേരള സ്റ്റേറ്റ് ഡിസൈൻ പോളിസി ബജറ്റിലൂടെ പ്രഖ്യാപിക്കുകയുണ്ടായി. കേരള സ്റ്റേറ്റ് ഡിസൈൻ കൗൺസിൽ ഈ നയം നടപ്പാക്കുന്നതിനായി ആർക്കിടെക്ടുകളെ എംപാനൽ ചെയ്ത് അവരുടെ സഹായത്തോടുകൂടി

ജനപ്രതിനിധികൾക്ക് ഈ കാര്യങ്ങളിൽ ഇടപെടാൻ അവസരമൊരുക്കുകയാണ്. പ്രത്യേകിച്ച് നഗരമേഖലകളിൽ ഒരു ഡിസൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ മുന്നോട്ടുപോകുന്നതായിരിക്കും ഭാവി വികസനത്തിന് ഗുണകരമായി മാറുക എന്നത് ജനപ്രതിനിധികൾ വളരെ നാളുകളായി ആവശ്യപ്പെടുന്ന കാര്യമാണ്. അതുകൊണ്ട് ഈ ഡിസൈൻ പോളിസിക്ക് കൂടുതൽ തുക വകയിരുത്തിക്കൊണ്ട് കൃത്യമായ രൂപം നൽകാൻ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകണമെന്ന അഭ്യർഥന ഈയവസരത്തിൽ മുന്നോട്ടുവയ്ക്കുകയാണ്.

വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തെയാണ് ഞാൻ പ്രതിനിധാനം ചെയ്യുന്നത്. കഴിഞ്ഞ ആറ് വർഷംകൊണ്ട് അവിടത്തെ പ്രധാനപ്പെട്ട എല്ലാ വികസന പരിപാടികൾക്കും പരമാവധി സഹായമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നൽകിക്കൊണ്ടിരിക്കുന്നത്. വട്ടിയൂർക്കാവിലും പേരൂർക്കടയിലും ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചു. ഏതാണ്ട് 560 കോടി രൂപയാണ് ഭൂമി ഏറ്റെടുക്കലിനുവേണ്ടി ഗവൺമെന്റ് നൽകിയതെന്നുള്ളത് ഞാൻ ഈ അവസരത്തിൽ പ്രത്യേകം ഓർമ്മിക്കുന്നു. പേരൂർക്കട, വട്ടിയൂർക്കാവ് ഉൾപ്പെടെയുള്ള ഭാഗത്തെ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ ഘട്ടത്തിലേയ്ക്ക് പോകുകയാണ്. 40 വർഷത്തിലേറെയായി ജനങ്ങൾ ആഗ്രഹിക്കുന്ന വികസന പരിപാടികൾ ചുരുങ്ങിയ നാളുകൾകൊണ്ട് സാക്ഷാത്കരിക്കുന്ന ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നുവെന്നത് പ്രധാനപ്പെട്ട കാര്യമാണ്. കേന്ദ്രം സൃഷ്ടിക്കുന്ന സാമ്പത്തിക ഉപരോധത്തെ മറികടന്നുകൊണ്ട് കേരളത്തിലെ ജനങ്ങൾക്കാവശ്യമായ എല്ലാ വികസനപരിപാടികൾക്കും ജനങ്ങൾക്കൊപ്പം നിൽക്കുന്ന ഒരു ഗവൺമെന്റാണ് കേരളം ഭരിക്കുന്നത് എന്നുള്ളത് വളരെ

അഭിമാനകരമായി നമുക്ക് പറയാൻ കഴിയും. 140 നിയമസഭാ നിയോജകമണ്ഡലങ്ങളിലും വികസനം കൊണ്ടുവരാൻ ഈ ഗവൺമെന്റിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ട്. സ്വാഭാവികമായും കേരളത്തിലെ ജനങ്ങൾ ഒരു വികസനത്തുടർച്ച ആഗ്രഹിക്കുകയാണ്. മൂന്നാം ഭരണത്തിലേക്ക് പോകുന്നതിനാവശ്യമായ എല്ലാ സംവിധാനവും എല്ലാ വികസന പ്രവർത്തനങ്ങളും ഈ ഗവൺമെന്റ് നടത്തുന്നു എന്നുള്ളത് തീർച്ചയായും നമുക്ക് പറയാൻ കഴിയും. 'തുടർച്ചയായി മുന്നോട്ട്' എന്ന മുദ്രാവാക്യം ഉയർത്തി ഈ ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ ഈ നാട്ടിലെ സാധാരണക്കാരായ ജനങ്ങളുടെ എല്ലാ പിന്തുണയും ഗവൺമെന്റിന് ഒപ്പമുണ്ടാകും. പ്രത്യേകിച്ച് വട്ടിയൂർക്കാവ് നിയമസഭാമണ്ഡലമടക്കമുള്ള പ്രദേശങ്ങളിൽ ഗവൺമെന്റ് കൊണ്ടുവന്നിട്ടുള്ള എല്ലാ വികസന പ്രവർത്തനങ്ങൾക്കും എം.എൽ.എ. എന്ന നിലയിൽ അവിടത്തെ ജനങ്ങളുടെ പേരിലുള്ള നന്ദിക്കൂടി ഈയവസരത്തിൽ അറിയിച്ചുകൊണ്ട് ഈ ബജറ്റിനെ പിന്താങ്ങിക്കൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ഞാൻ ഈ ബജറ്റിനെ പിന്താങ്ങുന്നു. കേരളത്തിന്റെ പ്രഥമ ബജറ്റ് അവതരിപ്പിച്ച സി. അച്യുതമേനോൻ മുതലുള്ള ഇടതുപക്ഷ നേതാക്കൾക്ക് കേരള മോഡൽ എന്ന ഒരു സ്വപ്നമുണ്ടായിരുന്നു. ബഹുമാന്യനായ മന്ത്രി കെ. എൻ. ബാലഗോപാലിൽ എത്തിനിൽക്കുമ്പോൾ ആ ഉജ്ജ്വല സ്വപ്നം പൂവണിയുന്നതായിട്ടാണ് നാം കാണുന്നത്. സാമൂഹ്യനീതിയിലധിഷ്ഠിതമായ ജാതി-മത-വർണ്ണ-വർഗ വ്യത്യാസങ്ങളില്ലാതെ മലയാളത്തെ ഇന്ത്യയുടെ മുന്നിൽ എത്തിക്കാനുള്ള ആസൂത്രിത നീക്കം എല്ലാവരാലും

അംഗീകരിക്കപ്പെട്ടുകഴിഞ്ഞു.

" കേരളം വളരുന്ന പശ്ചിമഘട്ടങ്ങളെ-

ക്കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ

അറബിക്കടലിനും തൻ തിരക്കൈ കൊണ്ടതി-

ന്നതിരിട്ടൊതുക്കുവാനായതില്ലിന്നോളവും

അറിവും സംസ്കാരവും മേൽക്കുമേലൊഴുകുന്നോ-

രുറവിൻ നികേതമാണിസ്ഥലം പുരാതനം

ഇവിടെപ്പിറക്കുന്ന കാട്ടു പുല്ലിനുമുണ്ട്

ഭവനം മയക്കുന്ന ചന്തവും സുഗന്ധവും"

എന്ന് മഹാകവി പാലാ നാരായണൻ നായർ 'കേരളം വളരുന്നു' എന്ന കവിതയിൽ എഴുതിയതുപോലെ, മാനവവിഭവശേഷിയുടെ, സാംസ്കാരിക മുന്നേറ്റത്തിന്റെ, വികസന മികവിന്റെ, ജനകീയാസൂത്രണ മികവിന്റെ മുഖമുദ്രയാണ് ഈ ബജറ്റ്. ഇ.ഡി.-യെയും എൻ.ഐ.എ.-യെയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഫെഡറൽ സംവിധാനങ്ങളെയെല്ലാം ഇല്ലാതാക്കിക്കൊണ്ടും നികുതിയിനങ്ങളെത്തന്നെ ഇല്ലാതാക്കിക്കൊണ്ടും കേന്ദ്രസർക്കാർ നമ്മുടെ കൊച്ചു കേരളത്തെ ഇല്ലാതാക്കാൻ ശ്രമിക്കുമ്പോൾ, സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഓരോ വ്യക്തിക്കും സമൂഹത്തിനും അനിവാര്യമായിട്ടുള്ളത് എന്താണെന്ന് മനസിലാക്കി വികസന പദ്ധതികളിലൂടെ സർവമേഖലകളിലും മുന്നോട്ടുപോകുകയാണ്. എല്ലാവർക്കും വീട്, എല്ലാവർക്കും പട്ടയം, എല്ലാവർക്കും വൈദ്യുതി, എല്ലാവർക്കും കുടിവെള്ളം, എല്ലാവർക്കും

തൊഴിൽ, എല്ലാവർക്കും ഭക്ഷണം, എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും സൗജന്യ ചികിത്സ, എല്ലാവർക്കും ആരോഗ്യം എന്നീ ലക്ഷ്യങ്ങൾ കൈവരിച്ച്, അതിലുപരി ഈ കൊച്ചു കേരളത്തെ സുരക്ഷിതമായൊരു സംസ്ഥാനമായി മാറ്റിയെടുക്കാൻ കഴിഞ്ഞുവെന്നതാണ് കേരളത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിലൊന്നായി ഞാൻ കാണാൻ ആഗ്രഹിക്കുന്നത്. ഇന്ത്യാ രാജ്യത്ത് ഇന്നുള്ള പകുതിയിലധികം ജനങ്ങളും വഴിയോരങ്ങളിലും തെരുവോരങ്ങളിലും ബസ് സ്റ്റാൻഡുകളിലും അന്തിയുറങ്ങുന്നവരാണ്. എന്നാൽ ഈ കൊച്ചു കേരളത്തിൽ ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ ബജറ്റുകളിലൂടെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്തി അഞ്ച് ലക്ഷം പേർക്ക് വീട് നൽകിക്കൊണ്ട് 'എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തിലെത്തുന്നുവെന്നത് യാഥാർഥ്യമാണ്. ചരിത്രത്തിലാദ്യമായി മൂന്ന് ലക്ഷം പേർക്ക് കേരള സർക്കാർ പട്ടയം വിതരണം ചെയ്തതായി കാണാൻ സാധിക്കും. 'എല്ലാവർക്കും വൈദ്യുതി' എന്ന ലക്ഷ്യത്തിന്റെ ഭാഗമായി ഒരുലക്ഷത്തി അമ്പത്തിരണ്ടായിരം പേർക്ക് പുതുതായി വൈദ്യുതി കണക്ഷൻ നൽകി സമ്പൂർണ്ണ വൈദ്യുതീകരണത്തിലേക്ക് കടന്ന ഏക സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അത് കേരളമാണെന്ന് അഭിമാനത്തോടുകൂടി നമുക്ക് പറയാൻ സാധിക്കും. പി.എസ്.സി. മുഖേന ഏറ്റവും കൂടുതൽ (മൂന്ന് ലക്ഷം പേർക്ക്) തൊഴിൽ നൽകിയിട്ടുള്ള സംസ്ഥാനമാണിത്. കേന്ദ്ര സർക്കാരിന്റെ കണക്കുകൾ പരിശോധിച്ചാൽ, 60 ശതമാനം പേർക്കും തൊഴിൽ നൽകിയിട്ടുള്ള ഏക സംസ്ഥാനം ഈ കൊച്ചു കേരളമാണെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കും. മറ്റ് സംസ്ഥാനങ്ങളിൽ സംവരണ തത്വങ്ങൾ അട്ടിമറിച്ചുകൊണ്ട്

നിയമനങ്ങൾ നടക്കുമ്പോൾ, ഒരു സംവരണവും അട്ടിമറിക്കപ്പെടാതെ, എസ്.സി. സംവരണം ഉൾപ്പെടെയുള്ള എല്ലാ സംവരണ വ്യവസ്ഥകളും കൃത്യമായി പാലിച്ചുകൊണ്ട് നിയമനങ്ങൾ നടത്തിയിട്ടുള്ള ഏക സംസ്ഥാനമേതാണെന്ന് ചോദിച്ചാൽ അതും ഈ കൊച്ചു കേരളമാണെന്ന് തീർച്ചയായും പറയാൻ സാധിക്കും.

എല്ലാവരിലേക്കും ഭക്ഷണമെത്തുന്നില്ലേ? റേഷൻകടകളിലൂടെ എല്ലാ കാർഡ് ഉടമകൾക്കും റേഷൻ വിതരണം നടത്താൻ കഴിയുന്ന ഏക സംസ്ഥാനമാണ് കേരളം. ഇന്ത്യാ രാജ്യത്ത് പട്ടിണികിടന്ന് മരണപ്പെടുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പട്ടിണിയില്ലാതെ ജീവിക്കാൻ കഴിയുന്ന ഏക സംസ്ഥാനമായി കേരളം മാറിയിട്ടുണ്ടെങ്കിൽ അതിന് കാരണം നമ്മുടെ റേഷൻ കടകളിലൂടെയും മാവേലിസ്റ്റോറുകളിലൂടെയും മിതമായ നിരക്കിൽ, കൃത്യതയോടെ ഭക്ഷ്യധാന്യ വിതരണം നടത്താൻ കഴിഞ്ഞതിനാലാണ്. പട്ടിണിയില്ലാതെ മനുഷ്യന് ജീവിക്കാൻ കഴിയുന്നു എന്നതുതന്നെയാണ് കേരളത്തിന്റെ വികസന മാതൃകയായി വിലയിരുത്തപ്പെടുന്നത്. അതിദരിദ്രരില്ലാത്ത നാടായി ഈ കൊച്ചു കേരളത്തെ മാറ്റിയെടുക്കുകയും ലോകത്തിനും ഇന്ത്യാ രാജ്യത്തിനും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാക്കുകയും ചെയ്തത് സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ അഭിമാനകരമായ നേട്ടമായി നമുക്ക് കാണാൻ സാധിക്കും. നമ്മുടെ ആരോഗ്യ മേഖലയിൽ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ഓരോ സംവിധാനങ്ങളും പരിശോധിക്കുമ്പോൾ വലിയ പുരോഗതിയുണ്ടായിട്ടുണ്ടെന്ന് വ്യക്തമാകും.

പ്രതിപക്ഷത്തിരിക്കുന്നവർ ഇന്ന് സർക്കാർ ആശുപത്രികളിൽ ചികിത്സ തേടുന്നുണ്ടെങ്കിൽ ഈ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള സംവിധാനങ്ങളിൽ എത്രത്തോളം മാറ്റങ്ങളാണ് വരുത്തിയിരിക്കുന്നതെന്ന് കാണാൻ സാധിക്കും. ഇന്ത്യാരാജ്യത്ത് സൗജന്യ ചികിത്സ നൽകുന്ന ഏതെങ്കിലും സംസ്ഥാനമുണ്ടോ എന്ന് ചോദിച്ചാൽ, ആറ് ലക്ഷം പേർക്ക് സൗജന്യമായി ചികിത്സ നൽകുന്ന ഒരു കേന്ദ്രമുള്ളത് ഈ കൊച്ചു കേരളത്തിലാണെന്ന് കാണാം. കോടിക്കണക്കിന് രൂപയുടെ ചികിത്സാ ധനസഹായം നൽകുന്ന ഏക സംസ്ഥാനമേതാണെന്ന് ചോദിച്ചാൽ അതും ഈ കൊച്ചു കേരളമാണ്. കിഡ്നി, കാൻസർ രോഗബാധിതർക്ക് മിതമായ നിരക്കിലും സൗജന്യമായും മരുന്നുകൾ നൽകുന്ന ഏക സംസ്ഥാനം ഈ കൊച്ചു കേരളമാണ്. പൊതുജനാരോഗ്യ സംരക്ഷണത്തിനുവേണ്ടി 2,500.31 കോടി രൂപയും കാൻസർ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുംവേണ്ടി 203 കോടി രൂപയുമാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. കാൻസർ രോഗം ഉൾപ്പെടെയുള്ള മാരക രോഗങ്ങൾ ബാധിച്ചവർക്കുള്ള പെൻഷൻ ആയിരം രൂപയിൽനിന്നും രണ്ടായിരം രൂപയായി വർധിപ്പിച്ച സർക്കാർ ഈ കൊച്ചു കേരളത്തിന്റെ സർക്കാരാണ്. ആരോഗ്യ മേഖലയിൽ ഈ സർക്കാർ എത്രത്തോളം ശ്രദ്ധ ചെലുത്തുന്നു എന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. ഒന്നുരണ്ട് കാര്യങ്ങൾ ചുരുക്കി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. പത്ത് വർഷം മുൻപ് കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ അവസ്ഥ എന്തായിരുന്നു; ചോർന്നൊലിക്കുന്ന

കെട്ടിടങ്ങളുള്ള, ഭൗതിക സാഹചര്യങ്ങളില്ലാത്ത പലപ്പോഴും വിൽപന ചരക്കായി വച്ചിരുന്ന വിദ്യാലയങ്ങളായിരുന്നു നമുക്കുണ്ടായിരുന്നത്. ഇന്ന് ഭൗതിക സാഹചര്യങ്ങളും അക്കാദമിക നിലവാരവും മെച്ചപ്പെടുത്തി, സാങ്കേതികപരമായി നമ്മുടെ കൊച്ചുമക്കളെ വളർത്തിയെടുക്കുന്നതിൽ ഏറെ മുന്നോട്ടുപോയ സംസ്ഥാനമായി പൊതുവിദ്യാഭ്യാസ മേഖലയിൽ ഈ കൊച്ചു കേരളത്തിന്റെ വിദ്യാഭ്യാസ നയങ്ങൾ മാറിയിരിക്കുന്നു. ചരിത്രവും പൈതൃകവും നവോത്ഥാന മൂല്യങ്ങളൊന്നും പഠിപ്പിക്കാതെ പാഠപുസ്തകങ്ങളിൽ കേന്ദ്ര സർക്കാർ വർഗീയത കുത്തിനിറയ്ക്കുമ്പോൾ, ശാസ്ത്ര അവബോധമില്ലാത്ത വിദ്യാർഥികളെ നിർമ്മിച്ചെടുക്കുമ്പോൾ, ഇടതുപക്ഷ സർക്കാർ അതിന് ബദലാണ് ഇവിടെ സൃഷ്ടിക്കുന്നത്. ഇവിടെ ചരിത്രം തന്നെ മാറ്റിയെഴുതാൻ ശ്രമിക്കുകയാണ്. ഗാന്ധിജി, നെഹ്റു ഉൾപ്പെടെയുള്ളവരെയും മുഗൾ വംശത്തിന്റെ ചരിത്രത്തെയും ഇല്ലാതാക്കാൻ ശ്രമിക്കുന്ന പാഠപുസ്തകങ്ങളാണ് കേന്ദ്ര സർക്കാർ കൊണ്ടുവരുന്നത്. ആ പാഠപുസ്തകങ്ങളിലൂടെ ആദ്യത്തെ ശസ്ത്രക്രിയ നടത്തിയത് ഗണപതിയിലൂടെയാണെന്ന രീതിയിലേക്ക്, കോവിഡ് മാറാൻ ചെണ്ടകൊട്ടാൻ പഠിപ്പിക്കുന്ന രീതിയിലേക്ക്, പനിമാറാൻ ഗോമൂത്രം കഴിക്കണമെന്ന് ഐ.ടി. മേധാവി പറയുന്ന രീതിയിലേക്ക്, പുഷ്പക വിമാനമാണ് ആദ്യത്തെ വിമാനമെന്ന് പറയുന്ന രീതിയിലേക്ക്, കൗരവൻമാരാണ് ആദ്യത്തെ ടെസ്റ്റ് ട്യൂബ് ശിശുക്കളെന്ന് പറയുന്ന രീതിയിലേക്ക് പാഠപുസ്തകങ്ങളിലൂടെ കൊച്ചുമക്കളെ പഠിപ്പിക്കാനുള്ള ശ്രമങ്ങളാണ് കേന്ദ്ര

സർക്കാർ നടത്തുന്നത്. ഇത്തരം വർഗ്ഗീയതയിലേക്കും അന്ധവിശ്വാസങ്ങളിലേക്കും തിരിച്ചു പോകുമ്പോൾ ഈ കൊച്ചു കേരളത്തിൽ അതിന് ബദലായിട്ടുള്ള ഭരണഘടനയും ശാസ്ത്രവും പഠിപ്പിച്ചുകൊണ്ട് കൊച്ചുമക്കളെ വളർത്തിയെടുക്കാനുള്ള ശ്രമമാണ് പൊതുവിദ്യാഭ്യാസ മേഖലയിലൂടെയും ഉന്നതവിദ്യാഭ്യാസ മേഖലയിലൂടെയും നടത്തുന്നത്. വിദ്യാഭ്യാസ മേഖലയിൽ അയ്യായിരം കോടി രൂപയിലധികം ചെലവഴിച്ചുകൊണ്ട് വിദ്യാർത്ഥികളെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും തൊഴിൽ സാധ്യതകളിലേക്ക് അവരെ കടത്തികൊണ്ടുവരുന്നതിനുമുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിയിട്ടുള്ളത്. സർവമേഖലകളിലും അടിസ്ഥാന ജനവിഭാഗങ്ങളെയും പൊതുസമൂഹത്തെയും ചേർത്തുപിടിച്ചുകൊണ്ട് മുന്നോട്ടുപോയിട്ടുള്ള ഒരു സർക്കാരാണിത്. എന്തിനാണ് കുറവ് വന്നിട്ടുള്ളത്? പാവപ്പെട്ട എല്ലാ ജനവിഭാഗങ്ങൾക്കുംവേണ്ടി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകളിലൊന്നാണ് വീട്ടമ്മമാർക്ക് പ്രതിമാസം ആയിരം രൂപ നൽകാനുള്ള തീരുമാനം. ചരിത്രപരമായ മാറ്റമല്ലേ അവിടെ കാണാൻ കഴിഞ്ഞിട്ടുള്ളത്? വീട്ടമ്മയെന്ന് പറയുന്നത്, വീട്ടിൽ സ്വന്തം മക്കളെയും ഭർത്താവിനെയും അച്ഛനെയും അമ്മയെയും നോക്കി, രാപ്പകലില്ലാതെ പണിയെടുക്കുന്നവരാണ്. അവർക്ക് തൊഴിലുണ്ടോയെന്ന് ചോദിച്ചാൽ തൊഴിലുണ്ട്, എന്നാൽ കൂലിയുണ്ടോയെന്ന് ചോദിച്ചാൽ കൂലിയില്ല. വീട്ടമ്മ എന്നാണ് പേര്. അവർക്ക് ആയിരം രൂപ നൽകാൻ തീരുമാനമെടുത്ത സർക്കാരാണിത്. അതുപോലെ ആശാവർക്കർമാരുടെ ഓണറേറിയം ആയിരം രൂപയും പാചകത്തൊഴിലാളികളുടെ വേതനം

അഞ്ഞൂറ് രൂപയും വർധിപ്പിച്ചുനൽകാൻ തീരുമാനമെടുത്തു. എന്നാൽ പാചകത്തൊഴിലാളികളുടെ വേതനം ആയിരം രൂപയായി വർധിപ്പിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം നോൺ-ജേർണലിസ്റ്റ് പെൻഷൻ, ആശ്രിത പെൻഷൻ എന്നിവകൂടി വർധിപ്പിക്കണമെന്നും സൂചിപ്പിക്കുകയാണ്. ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മുസിരിസ് പൈതൃക പദ്ധതിക്കായി പതിനാല് കോടി രൂപയാണ് ഈ ബജറ്റിൽ വകയിരുത്തിയിട്ടുള്ളത്. പൈതൃകങ്ങളെയും ടൂറിസത്തെയും ചരിത്രത്തെയുംകുറിച്ച് നമ്മുടെ കൊച്ചുമക്കൾക്കും വിദേശികൾക്കും പഠിക്കാൻ സഹായിക്കുന്ന ഒന്നായിരുന്നു മുസിരിസ് പൈതൃക പദ്ധതി. കൊടുങ്ങല്ലൂർ എന്ന് പറയുന്നത് മുസിരിസ് പൈതൃക പദ്ധതിയുടെ കേന്ദ്രം കൂടിയാണ്. ഇത് ലോക ചരിത്രത്തിന്റെയും ഇന്ത്യാ ചരിത്രത്തിന്റെയും കേരള ചരിത്രത്തിന്റെയും ഭാഗമാണ്. വിശുദ്ധ തോമാശ്ലീഹാ കേരളത്തിൽ വന്നിറങ്ങിയത് ഇവിടെയാണ്. ഞങ്ങളെയെല്ലാം ചേർത്തുപിടിക്കുന്ന ചേരമാൻ ജുമാ മസ്ജിദും ഇന്ത്യയിലെ തന്നെ രണ്ടാമത്തെ കാവായ ദുർഗ്ഗാക്ഷേത്രവും അവിടെയാണ് സ്ഥിതി ചെയ്യുന്നത്. അവിടെയാണ് ജൂതന്മാർ വന്നിറങ്ങിയത്. ഇസ്രായേലിലേക്ക് കടന്നുപോകുമ്പോഴും അവരുടെ പൈതൃകമായിട്ടുള്ള സിനഗോഗ് ഉൾപ്പെടെയുള്ളവ അവിടെയാണ് സ്ഥിതി ചെയ്യുന്നത്. ഒരു പ്രത്യേക പാക്കേജായി പരിഗണിച്ചുകൊണ്ട് ആ കേന്ദ്രത്തിന് ഫണ്ട് അനുവദിക്കണമെന്നുകൂടി ഈ

അവസരത്തിൽ സൂചിപ്പിച്ചുകൊണ്ട്, ഈ ബജറ്റിനെ പിന്താങ്ങികൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുകയാണ്. ജനാധിപത്യത്തെ അങ്ങേയറ്റം അവഹേളിക്കുന്ന സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ചോദ്യോത്തര വേളയിൽ ലക്ഷക്കണക്കിന് തൊഴിലുറപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ ഈ സഭയിൽ അവതരിപ്പിക്കുന്നതിനെ തടസ്സപ്പെടുത്തുന്ന രീതിയിലുള്ള മോശപ്പെട്ട സമീപനമാണ് കേരളത്തിലെ പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഇവർ ആരെ സഹായിക്കാനാണ് ഇങ്ങനെ ചെയ്യുന്നതെന്നുള്ള സംശയം നിലനിൽക്കുകയാണ്. കേന്ദ്ര ബജറ്റും സംസ്ഥാന ബജറ്റുമൊക്കെ താരതമ്യം ചെയ്യുന്ന സമയമാണിത്. കേരളത്തിലെ റബ്ബർ കർഷകരെ ചേർത്തുപിടിക്കുന്ന ബജറ്റാണ് കേരള സർക്കാരിന്റേത്. എന്നാൽ റബ്ബർ കർഷകരെയും നെൽകർഷകരെയും ആശാവർക്കർമാരെയും കാണാതെ പോകുന്ന കേന്ദ്ര സർക്കാരിന്റെ ബജറ്റിനെ വിമർശിക്കാനെങ്കിലും പ്രതിപക്ഷത്തിന് ഈ സമയം ഉപയോഗിക്കാമായിരുന്നു. എന്നാൽ ബി.ജെ.പി.-യെ സഹായിക്കുന്നതിനുവേണ്ടിയുള്ള സമീപനമാണ് കേരളത്തിലെ പ്രതിപക്ഷം സ്വീകരിച്ചുവരുന്നത്.

ശബരിമലയുടെ പേരിൽ പുകമറ സൃഷ്ടിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. പോറ്റിയെ ശബരിമലയിൽ കയറ്റിയത് ആരാണെന്ന് എല്ലാവരും മനസ്സിലാക്കികഴിഞ്ഞു. ബാംഗ്ളൂരിലെ ഒരു അമ്പലത്തിലെ പൂജാരിയായിരുന്ന ശ്രീ. ഉണ്ണികൃഷ്ണൻ പോറ്റിയെ

ശബരിമലയിൽ കൊണ്ടുവന്നത് 2004-ലാണ്. ആരാണ് ഉണ്ണിക്കൃഷ്ണൻ പോറ്റിയെ കൊണ്ടുവന്നത്? ഇന്ത്യയിലെ കോൺഗ്രസിന്റെ പ്രമുഖനായ നേതാവ് ശ്രീ. കെ. സി. വേണുഗോപാൽ ദേവസ്വം വകുപ്പുമന്ത്രിയും ദേവസ്വം ബോർഡിൽ ശ്രീ. രാമൻ നായരുടെ നേതൃത്വത്തിലുള്ള ഭരണസമിതിയും അധികാരത്തിലിരിക്കുമ്പോഴാണ് ശബരിമലയിൽ പോറ്റിയെ കൊണ്ടുവന്നത്. അതിനുശേഷം 2014-ൽ ശബരിമലയിലെ കീഴ്ശാന്തിയായി നിയമിക്കപ്പെട്ടപ്പോഴും യു.ഡി.എഫ്.-ന്റെ ഭരണസമിതിയായിരുന്നു. ശബരിമലയുടെ പേരിൽ ഇടതുപക്ഷത്തിന് ഒന്നും മറയ്ക്കാനില്ല. ഓരോ ദിവസവും പുറത്തുവരുന്ന ചിത്രങ്ങൾ കണ്ടിട്ട് ഇവർക്ക് എന്തെങ്കിലും മറുപടി പറയാനുണ്ടോ? നമ്മൾ രാവിലെ ഉയർത്തിക്കാണിച്ച ചിത്രത്തിൽ സി.പി.ഐ.(എം.)-ന്റെ ഏതെങ്കിലും ബ്രാഞ്ച് സെക്രട്ടറിയുടെ വീട്ടിൽ പോറ്റിയെത്തിയതല്ല. പോറ്റി മാത്രമല്ല, ഇത് വാങ്ങിയ ആളായ ശ്രീ. ബെല്ലാരി ഗോവർദ്ധനുമുണ്ട്. ഇത് ശ്രീമതി സോണിയ ഗാന്ധിയുടെ വസതിയാണ്. (ചിത്രം ഉയർത്തിക്കാണിച്ചു) എന്താണ് മറുപടി പറയാനുള്ളത്? നിരവധി ചിത്രങ്ങൾ പുറത്തുവന്നു. ബ്രേസ്‌ലെറ്റുൾപ്പെടെ കെട്ടികൊടുക്കുന്ന ചിത്രങ്ങൾ വരുന്നു. ഇതുസംബന്ധിച്ച് ഇവർക്ക് എന്തെങ്കിലും പറയാനുണ്ടോ? ഇവർക്ക് യാതൊരു മറുപടിയും പറയാനില്ല. കോന്നിയിലെ മുൻ എം.എൽ.എ.-യും യു.ഡി.എഫ്. കൺവീനറുമായിരുന്ന വ്യക്തി പലയിടത്തും പോകുന്ന നിരവധി ചിത്രങ്ങളും വാർത്തകളുമൊക്കെ വരുന്നു. ഓരോ ദിവസവും വ്യത്യസ്തമായ രീതിയിലാണ് പ്രതിപക്ഷം മറുപടി പറയുന്നത്. ഞാൻ എല്ലാ ചിത്രത്തെയുംക്കുറിച്ച് പറയുന്നില്ല. ബാംഗ്ലൂരിൽ പോകുന്നതും ഡൽഹിയിൽ പോകുന്നതുമായ നിരവധി ചിത്രങ്ങളുണ്ട്. അദ്ദേഹം ഉപഹാരം വാങ്ങുന്നൊരു ചിത്രത്തെക്കുറിച്ച് ചോദിച്ചപ്പോൾ അത്

ഈന്തപ്പഴമാണെന്നാണ് പറഞ്ഞത്. അത് ഈന്തപ്പഴമായിക്കോട്ടേ. നമുക്ക് സംശയമില്ല. ഈന്തപ്പഴത്തെക്കാളും മധുരമുള്ള ധാരാളം പഴങ്ങളുള്ള നാടാണ് കോന്നി. അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ ഇതിലും മധുരമുള്ള പല പഴങ്ങളും കോന്നിയിൽനിന്നും കൊണ്ടുകൊടുക്കുമായിരുന്നു. ഇതിനെക്കുറിച്ച് യു.ഡി.എഫ്. കൺവീനർക്ക് എന്ത് മറുപടിയാണ് പറയാനുള്ളത്? ഈ കവറിൽ കാട്ടുകള്ളനോട് വാങ്ങിയതിന് എന്താണ് മറുപടി പറയാനുള്ളത്? (ചിത്രം ഉയർത്തിക്കാണിച്ചു). അദ്ദേഹത്തിന് ഇന്നുവരെ അക്കാര്യത്തിൽ മറുപടി പറയാൻ കഴിഞ്ഞിട്ടില്ല. നമുക്കൊന്നും മറയ്ക്കാനില്ല. അയ്യപ്പന്റെ വാഹനമായ വാജിവാഹനം ആരാണ് എടുത്തുകൊടുത്തത്? ആ വാജിവാഹനം ദേവസ്വത്തിന്റെ സ്വത്താണെന്ന ഉത്തരവുണ്ട്. ആ ഉത്തരവ് നിലനിൽക്കുമ്പോൾ വാജിവാഹനം എടുത്തുകൊടുക്കുകയാണ്. ആർക്കാണ് കൊടുത്തത്? ശ്രീ. അജയ് തറയിൽ കൊടുക്കുകയാണ്. എന്താണ് ഇവർക്ക് മറുപടി പറയാനുള്ളത്? പ്രതിപക്ഷം പുകമറ സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. പക്ഷേ അയ്യപ്പൻ ഇതെല്ലാം മനസ്സിലാക്കുന്നുണ്ട്. അയ്യപ്പൻ അയ്യപ്പന്റെ നാട്ടിൽനിന്നും കോൺഗ്രസിനെ തൂത്തെറിഞ്ഞു. ക്ഷേത്രം സ്ഥിതിചെയ്യുന്ന ശബരിമല വാർഡിൽ കഴിഞ്ഞ കുറെക്കാലം ബി.ജെ.പി.-യും അതിനുമുമ്പ് കോൺഗ്രസുമായിരുന്നു ഭരിച്ചിരുന്നത്. ഇത്തവണ അവിടെ വാർഡ് മെമ്പറെ തിരഞ്ഞെടുത്തത് അയ്യപ്പനാണ്. സി.പി.ഐ.(എം.)-ഉം ബി.ജെ.പി.-യും തുല്യമായി വന്നപ്പോൾ നറുക്കിട്ടു. നറുക്കിട്ടപ്പോൾ അയ്യപ്പന്റെ ഇടപെടൽ ഇല്ലായിരുന്നെങ്കിൽ അവിടത്തെ സി.പി.ഐ.(എം).-ന്റെ ലോക്കൽ കമ്മിറ്റി അംഗം സഖാവ് ഉത്തമൻ വാർഡ് മെമ്പറായി തിരഞ്ഞെടുക്കപ്പെടില്ലായിരുന്നു. പൊന്നമ്പലമേട്ടിൽ തിരഞ്ഞെടുക്കപ്പെട്ടത് അയ്യപ്പന്റെ

നാമധാരിക്കൂടിയായിട്ടുള്ള സി.പി.ഐ.(എം.)-ന്റെ ബ്രാഞ്ച് സെക്രട്ടറി സഖാവ് മണികണ്ഠൻ ആണ്. സീതത്തോട്, പെരിനാട് എന്നീ പഞ്ചായത്തുകളിൽ ബി.ജെ.പി.-യെയും കോൺഗ്രസിനെയും തോൽപ്പിച്ചുകൊണ്ട് ഇടതുപക്ഷം ഭരിക്കുകയാണ്. സീതത്തോട് എന്റെ പഞ്ചായത്താണ്. അയ്യപ്പന്റെ വളർത്തുനാട്, പന്തളം കൊട്ടാരം സ്ഥിതിചെയ്യുന്ന പന്തളം മുനിസിപ്പാലിറ്റിയെ ബി.ജെ.പി.-യിൽ നിന്ന് പിടിച്ചെടുത്ത് ഇന്നവിടെ ഇടതുപക്ഷം ഭരിക്കുകയാണ്. അയ്യപ്പൻ ഇതെല്ലാം കണ്ടുകൊണ്ടിരിക്കുകയാണ്. നിയമസഭ തിരഞ്ഞെടുപ്പിൽ അയ്യപ്പന്റെ സ്വർണ്ണം കട്ട കോൺഗ്രസിനെ, അതിന് ഒത്താശ പാടിയ കോൺഗ്രസിനെ കേരളത്തിൽനിന്ന് തോൽപ്പിയാൻ അയ്യപ്പൻ ഇടപെടുമെന്ന കാര്യത്തിൽ എനിക്ക് സംശയമില്ല.

ഞാൻ ഈ ബജറ്റിനെ പിന്തുണയ്ക്കുന്നതിനോടൊപ്പംതന്നെ അടുത്ത സമയത്ത് കേരളത്തിൽ നടത്തിയിട്ടുള്ള ഡെവലപ്പ്മെന്റുകളെക്കുറിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. കോന്നി മണ്ഡലത്തിൽ പതിനഞ്ചാം നിയമസഭയുടെ ഒന്നാം സമ്മേളനത്തിൽ എനിക്ക് തിരുവനന്തപുരത്തേക്കെത്താൻ മൂന്നര മണിക്കൂർ വേണമായിരുന്നു. കാരണമെന്താണെന്നറിയാമോ? കോന്നിയിൽനിന്നും പത്തനംതിട്ട-അടൂർ-കൊട്ടാരക്കര വഴി വേണമായിരുന്നു തിരുവനന്തപുരത്തെത്താൻ. പക്ഷേ ഈ പതിനാറാം സമ്മേളനത്തിൽ ഞാൻ കോന്നിയിൽനിന്നും തിരുവനന്തപുരത്ത് എത്തുന്നത് രണ്ടര മണിക്കൂർ യാത്ര ചെയ്താണ്. കാരണമെന്താണെന്നറിയാമോ? അമ്പതാണ്ടുകളായി ഞങ്ങളുടെ നാട് ആവശ്യപ്പെടുന്ന മലയോര ഹൈവേ 750 കോടി രൂപ മുടക്കി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ യാഥാർഥ്യമാക്കി. ഒന്നാം സമ്മേളനത്തിൽ പങ്കെടുക്കാൻ

ഞാൻ വരുമ്പോൾ എം.എൽ.എ. എന്ന നിലയിൽ എന്റെ വാഹനം മാത്രമായിരുന്ന ആ പ്രദേശത്തുണ്ടായിരുന്നതെങ്കിൽ ഇന്ന് ഈ കേരളത്തിലെ മിക്കവാറും എല്ലാ എം.എൽ.എ.-മാരും മന്ത്രിമാരും യാത്ര ചെയ്യുന്ന മലയോര നാടിന്റെ തലസ്ഥാനമായി കോന്നിയെ മാറ്റിയതിന് ഈ സർക്കാരിനോട് ഞാൻ നന്ദി അറിയിക്കുകയാണ്. അത്ഭുതകരമായ വികസനമാണ് നാടാകെ നടന്നുകൊണ്ടിരിക്കുന്നത്. ഞാൻ ജനപ്രതിനിധിയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ കോന്നിയിലെ റോഡുകൾ പരിതാപകരമായ അവസ്ഥയിലായിരുന്നു. ആ മണ്ഡലത്തെ ചേർത്തുപിടിച്ച ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ 500 കോടിയിലധികം രൂപയാണ് റോഡ് വികസനത്തിന് മാത്രമായി അനുവദിച്ചത്. അവിടത്തെ റോഡുകൾ എല്ലാം ഇന്ന് ആധുനിക നിലവാരത്തിലേക്ക് മാറിക്കൊണ്ടിരിക്കുകയാണ്. അച്ചൻകോവിലാറിന് കുറുകെ രണ്ട് പാലങ്ങൾ മാത്രമായിരുന്ന മുമ്പുണ്ടായിരുന്നത്. ഈ സർക്കാർ വന്നതിനുശേഷം അയിരവൺ, ചിറ്റൂർകടവ്, ആവണിപ്പാറ എന്നീ മൂന്ന് പാലങ്ങൾ യാഥാർഥ്യത്തിലേക്ക് കടക്കുകയാണ്. അയിരവൺ പാലത്തിന്റെ നിർമ്മാണം പകുതിയായി. ചിറ്റൂർകടവും ആവണിപ്പാറ പാലവും ടെൻഡർ കഴിഞ്ഞ് ഈ മാസം നിർമ്മാണം ആരംഭിക്കുകയാണ്. പത്തനംതിട്ട ജില്ലയുടെ അഭിമാനമായി മാറിയ കോന്നി മെഡിക്കൽ കോളേജ് പതിറ്റാണ്ടുകളായി നടക്കില്ലെന്ന് പലരും വിധിയെഴുതിയതായിരുന്നു. അവിടെനിന്നാണ് ഈ സർക്കാർ മാസ്റ്റർ പ്ലാൻ തയ്യാറാക്കി അത് യാഥാർഥ്യത്തിൽ എത്തിക്കാൻ കിഫ്ബി പദ്ധതിയിൽ നിന്ന് 352 കോടി രൂപ അനുവദിച്ചത്. ഇന്ന് ആ മലയോര നാടിന്റെ തിലകക്കുറിയായി ആ മെഡിക്കൽ കോളേജ് മാറുകയാണ്. ശബരിമലയുടെ ചരിത്രത്തിലാദ്യമായി ഇത്തവണ ടാങ്കറിലല്ലാതെ

കൂടിവെള്ളമെത്തിച്ചു. നിലയ്ക്കൽ കൂടിവെള്ള പദ്ധതി യാഥാർഥ്യമാക്കുന്നത് വഴി കോടിക്കണക്കിന് രൂപയുടെ ലാഭമാണ് ഇക്കാലത്ത് ശബരിമല സീസണിൽ നമ്മുടെ സർക്കാരിന് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ആ നാടിനെ ചേർത്തുപിടിച്ച്, അമ്പതാണ്ടുകളായി ആ നാട് ആഗ്രഹിച്ച എല്ലാ വികസന പദ്ധതികളും യാഥാർഥ്യമാക്കിയ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും പ്രിയപ്പെട്ട കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിയെയും കോന്നിയിലെ ജനങ്ങൾക്കുവേണ്ടി ഹൃദയത്തിൽനിന്ന് നന്ദി രേഖപ്പെടുത്തികൊണ്ട് ഈ ബജറ്റിനെ ഒരിക്കൽക്കൂടി പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ചെയർപേഴ്സൺ: ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2026 ഫെബ്രുവരി മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 1.09-ന് പിരിഞ്ഞു.)

* * * * *

അനുബന്ധം– I

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പുതുക്കിയ തൊഴിൽ കോഡുകൾ പഠിക്കാൻ വിദഗ്ധ സമിതി

5 (*96) ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ–തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

(ബി) തൊഴിലാളിവിരുദ്ധവും കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ളതുമായ പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

(എ&ബി) വിശകലനം ചെയ്തിട്ടുണ്ട്. രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലനം ചെയ്തിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് വർക്കിങ്

കണ്ടീഷൻസ് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 02-07-2022-ൽ സംസ്ഥാനതല ശിൽപ്പശാലയും 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്തുവച്ച് സംഘടിപ്പിച്ചിരുന്നു. 22-01-2026-ലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദേശിക്കാനുംവേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ. ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിങ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(സി) തൊഴിലാളികളുടെ ക്ഷേമവും ഉന്നമനവും മുൻനിർത്തി പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ധ സമിതി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

22-01-2026-ലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ്

മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനുംവേണ്ടി ജസ്റ്റിസ് (റിട്ട.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ. ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിങ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ഡി) തൊഴിൽ മേഖല ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

തൊഴിൽ മേഖല ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനുംവേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫ. കെ. ആർ. ശ്യാംസുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിങ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

ക്ഷേമനിധി പെൻഷൻ കുടിശ്ശിക

6 (*97) ശ്രീ. സണ്ണി ജോസഫ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് ഉൾപ്പെടെയുള്ള ക്ഷേമനിധി ബോർഡുകളിൽ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം മുടങ്ങിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 16 ക്ഷേമനിധി ബോർഡുകളിലെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങളുടെ വിതരണം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

തനതു ഫണ്ടിൽനിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ബോർഡ് (സ്റ്റാറ്റേർഡ് വിഭാഗം ഒഴികെ) എന്നിവ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെല്ലാംതന്നെ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ് പെൻഷൻ നൽകുന്നില്ല. മറ്റ് ആനുകൂല്യങ്ങൾ കുടിശ്ശികയില്ലാതെ വിതരണം

ചെയ്തിട്ടുണ്ട്.

സർക്കാർ സഹായത്തോടെ പെൻഷൻ വിതരണം ചെയ്യുന്ന കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടു തൊഴിലാളി ക്ഷേമനിധി ബോർഡ് (സ്റ്റാറ്റേർഡ് വിഭാഗം), കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ ഡിസംബർ 2025 വരെയുള്ള പെൻഷൻ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്.

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഒക്ടോബർ മുതലുള്ള പെൻഷൻ കുടിശ്ശികയായിട്ടുണ്ട്. അംശദായ റീഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും മാർച്ച് 2025 വരെ വിതരണം ചെയ്തിട്ടുണ്ട്. മാർച്ച് 2024 വരെയുള്ള അംശദായം റീഫണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഇനിഷ്യൽ പെൻഷൻ ഇനത്തിലുള്ള തുകകളും കുടിശ്ശികയാണ്.

ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. 1996-ലെ ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പ് മുഖേനയാണ് ബിൽഡിങ് സെസ്സ് പിരിച്ചിരുന്നത്. തദ്ദേശ സ്വയംഭരണ (ആർ.സി.) വകുപ്പിന്റെ 14-02-2024-ലെ സ.ഉ.(കൈ) നം.23/24/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ബിൽഡിങ് സെസ്സ് പിരിവിന്റെ ചുമതല

തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. തദ്ദേശസ്വയംഭരണ വകുപ്പിന്റെ സോഫ്റ്റ്വെയറായ കെ-സ്മാർട്ടിൽ സെസ്സ് പിരിക്കുന്നതിനാവശ്യമായ മൊഡ്യൂൾ, ഇൻഫർമേഷൻ കേരള മിഷൻ തയ്യാറാക്കുകയും ഇതിൻപ്രകാരം ബിൽഡിങ് സെസ്സ് ഒടുക്കി എന്നുറപ്പ് വരുത്തിയതിനുശേഷം മാത്രം ഒക്യുപെൻസി സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മുമ്പ് 30 കോടി രൂപയായിരുന്ന ബോർഡിന്റെ വരുമാനം ഇതോടെ 50 കോടി രൂപയായി വർധിച്ചിട്ടുണ്ട്. ഏകദേശം 64 കോടി രൂപയാണ് പ്രതിമാസ പെൻഷൻ വിതരണത്തിന് ആവശ്യമുള്ളത്. കൂടാതെ മറ്റാനുകൂല്യ വിതരണത്തിനും ഭരണച്ചെലവുകൾക്കുമായി 10 കോടി രൂപ വേറെയും ആവശ്യമായുണ്ട്. ഇക്കാരണങ്ങളാലാണ് പെൻഷനും ആനുകൂല്യങ്ങളും കുടിശ്ശികയായിട്ടുള്ളത്. പെൻഷൻ നിരക്കിലുള്ള വർധനവിനും പെൻഷൻകാരുടെ എണ്ണത്തിലുള്ള വർധനവിനുമനുസൃതമായി സെസ്സ് കളക്ഷനിൽ വർധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്.

കേരളാ തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബാങ്ക് അക്കൗണ്ട് തകരാറുകൾമൂലവും മസ്റ്ററിങ് ചെയ്യുന്നതിലുള്ള കാലതാമസംമൂലവും പെൻഷൻ കുടിശ്ശികയായവരുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സാമൂഹ്യ സുരക്ഷാ പെൻഷനോടൊപ്പം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് കേരള കർഷക തൊഴിലാളി ക്ഷേമനിധി പെൻഷൻ നൽകിവരുന്നത്.

മറ്റാനുകൂല്യ വിതരണത്തിൽ ചില ബോർഡുകളിൽ താഴെ ചേർക്കുന്ന പ്രകാരം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടിശ്ശികയുണ്ട്:

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവ ധനസഹായ ഇനത്തിൽ 2022 മുതൽ കൂടിശ്ശികയുണ്ട്. സർക്കാരിൽനിന്നും തുക പ്രതിപൂരണം ചെയ്ത് നൽകുന്ന മുറയ്ക്കാണ് പ്രസവ ധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 2025-26 വരെ 3611 അപേക്ഷകളിലായി 4,95,08,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു നൽകാനുണ്ട്.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽനിന്നും ക്ഷേമ പദ്ധതികളായ അധിവർഷാനുകൂല്യം, മരണാനന്തര അധിവർഷാനുകൂല്യം, മാരകരോഗ അധിവർഷം, വിവാഹ ധനസഹായം, പ്രസവ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ ധനസഹായം, ഉന്നതവിദ്യാഭ്യാസ ധനസഹായം എന്നീ ആനുകൂല്യങ്ങളാണ് നൽകിവരുന്നത്. അധിവർഷാനുകൂല്യമിനത്തിലാണ് ബോർഡിൽ കൂടിശ്ശിക നിലനിൽക്കുന്നത്. സർക്കാരിൽനിന്നും ബജറ്റിൽ വകയിരുത്തി തുക നൽകുന്ന മുറയ്ക്കാണ് അധിവർഷാനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യാൻ സാധിച്ചിട്ടുണ്ട്. മറ്റ് ക്ഷേമാനുകൂല്യങ്ങളായ വിവാഹ ധനസഹായം, പ്രസവ ധനസഹായം, മാരകരോഗ അധിവർഷം, മരണാനന്തര അധിവർഷം എന്നിവയുടെ വിതരണം ഒരു പരിധിവരെ കാലികമാക്കുന്നതിനും മരണാനന്തര സഹായം, ചികിത്സാ ധനസഹായം, വിദ്യാഭ്യാസ

അവാർഡ് എന്നിവ അപേക്ഷ ലഭ്യമാകുന്നമുറയ്ക്കതന്നെ വിതരണം ചെയ്യുന്നതിനും ബോർഡിന് സാധിച്ചിട്ടുണ്ട്.

മറ്റ് ബോർഡുകളിൽ യാതൊരു ആനുകൂല്യങ്ങളിലും കുടിശ്ശിക നിലനിൽക്കുന്നില്ല.

(ബി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ അംശദായം അടച്ച നിരവധി വ്യക്തികളുടെ പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ വർഷങ്ങളായി മുടങ്ങിയിട്ടുണ്ടോ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ 2024 ഒക്ടോബർ മുതലുള്ള പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ കുടിശ്ശികയായിട്ടുണ്ട്. അംശദായ റീഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും മാർച്ച് 2025 വരെ വിതരണം ചെയ്തിട്ടുണ്ട്. മാർച്ച് 2024 വരെയുള്ള അംശദായം റീഫണ്ട് വിതരണം ചെയ്തിട്ടുണ്ട്. ഇനിഷ്യൽ പെൻഷൻ ഇനത്തിലുള്ള തുകകളും കുടിശ്ശികയാണ്.

പെൻഷൻ നിരക്കിലുള്ള വർധനവിനും പെൻഷൻകാരുടെ എണ്ണത്തിലുള്ള വർധനവിനനുസൃതമായി സെസ്സ് കളക്ഷനിൽ വർധനവ് സംഭവിക്കാത്തതിനാലാണ് ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമായത്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അധി വർഷാനുകൂല്യമിനത്തിലാണ് കുടിശ്ശിക നിലനിൽക്കുന്നത്. സർക്കാരിൽ നിന്നും ബജറ്റിൽ വകയിരുത്തി തുക ലഭ്യമാകുന്ന മുറയ്ക്കാണ് അധിവർഷാനുകൂല്യം നൽകിവരുന്നത്. ഇത്തരത്തിൽ 2018 മാർച്ച് വരെയുള്ള അധിവർഷാനുകൂല്യ അപേക്ഷകൾക്ക് ആനുകൂല്യം വിതരണം ചെയ്യുവാൻ സാധിച്ചിട്ടുണ്ട്.

കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അവശതാ പെൻഷൻ ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും സമയബന്ധിതമായി വിതരണം പൂർത്തിയാക്കിയിട്ടുണ്ട്.

കേരളാ ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രസവധന സഹായ ഇനത്തിൽ 2022 മുതൽ കുടിശ്ശികയുണ്ട്. സർക്കാരിൽ നിന്നും തുക പ്രതിപൂരണം ചെയ്തു ലഭിയ്ക്കുന്ന മുറയ്ക്കാണ് പ്രസവ ധനസഹായം വിതരണം ചെയ്യുന്നത്. നിലവിൽ 2025-26 വരെ 3611 അപേക്ഷകളിലായി 4,95,08,000/- രൂപ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്തു ലഭിക്കുവാനുണ്ട്.

(സി) പ്രസ്തുത ക്ഷേമനിധി ബോർഡുകളിൽ മുടങ്ങിക്കിടക്കുന്ന ക്ഷേമനിധി പെൻഷൻ കുടിശ്ശിക അടിയന്തരമായി നൽകാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രധാന വരുമാനം ബിൽഡിങ് സെസ്സ് പിരിവിലൂടെയാണ് ലഭിക്കുന്നത്. 1996-ലെ ബിൽഡിങ് ആൻഡ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് നിയമവും 1998-ലെ കേന്ദ്ര ചട്ടങ്ങളും പ്രകാരം തൊഴിൽ വകുപ്പ് മുഖേനയാണ് ബിൽഡിങ് സെസ്സ് പിരിച്ചിരുന്നത്. തദ്ദേശസ്വയം ഭരണ (ആർ.സി.) വകുപ്പിന്റെ 14-02-2024-ലെ സ.ഉ.(കൈ)നം. 23/24/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ബിൽഡിങ് സെസ്സ് പിരിവിന്റെ ചുമതല തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു. ഇതിൻപ്രകാരം സെസ്സ് വരുമാനത്തിൽ വർധനവ് ഉണ്ടായിട്ടുണ്ടെങ്കിലും പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിന് ആയത് പര്യാപ്തമല്ല. പെൻഷൻ കുടിശ്ശിക വിതരണം അടിയന്തരമായി ചെയ്യേണ്ട സാഹചര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിഗണിച്ച് വിവിധ ക്ഷേമ ബോർഡുകളിൽനിന്നും സർക്കാരിന്റെ അനുമതിയോടെ വായ്പയെടുക്കുന്നതിനുള്ള നടപടികളാരംഭിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള കള്ള് വ്യവസായ ക്ഷേമനിധി ബോർഡിൽനിന്നും 100 കോടി രൂപ വായ്പ ലഭിക്കുകയും ടി ഇുക പെൻഷൻ കുടിശ്ശികയിനത്തിൽ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് കുടിശ്ശികത്തുക വിതരണം ചെയ്യുന്നതാണ്.

മറ്റ് ബോർഡുകളിൽ പെൻഷൻ കുടിശ്ശികയില്ല.

പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ നടപടികൾ

7 (*98) ശ്രീ. കെ. പി. മോഹനൻ:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്താൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ പൊതുവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്തുന്നതിന് മികച്ച അടിസ്ഥാന സൗകര്യങ്ങളും ഹൈടെക് ക്ലാസ്സ് മുറികളും പരിഷ്കരിച്ച പാഠപുസ്തകങ്ങളും ലഭ്യമാക്കുകയുണ്ടായി. കിഫ്ബിയുടെ സഹായത്തോടെയാണ് അന്താരാഷ്ട്ര നിലവാരമുള്ള ബഹുനില കെട്ടിടങ്ങളും അത്യാധുനിക ലാബുകളും ലൈബ്രറികളും ലഭ്യമാക്കിയത്. KITE-ന്റെ നേതൃത്വത്തിൽ എല്ലാ പൊതുവിദ്യാലയങ്ങളിലും ലാപ്ടോപ്പുകളും പ്രൊജക്ടറുകളും ലഭ്യമാക്കുകയും എസ്.സി.ഇ.ആർ.ടി. മുഖേന 1 മുതൽ 10 വരെയുള്ള എല്ലാ ക്ലാസുകളിലേയും

പാഠപുസ്തകങ്ങളും പരിഷ്കരിക്കുകയുണ്ടായി. അതോടൊപ്പം ഓരോ കുട്ടിയെയും വ്യക്തിപരമായി ശ്രദ്ധിക്കുന്നതിനും അവരുടെ പഠനപരവും മാനസികവുമായ പുരോഗതി വിലയിരുത്തുന്നതിനുമായി സഹിതം എന്ന പേരിൽ ഒരു പോർട്ടലും അക്കാദമിക മാസ്റ്റർപ്ലാനും തയ്യാറാക്കിയിട്ടുണ്ട്. അതിലൂപരിയായി സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കൂടുതൽ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

(ബി) പൊതുവിദ്യാലയങ്ങളിൽ ശൗചാലയങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യങ്ങൾ ഏറ്റവും മെച്ചപ്പെട്ട നിലയിൽ നൽകുന്നതിന് കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഓരോ സ്കൂളും തയ്യാറാക്കിയ മാസ്റ്റർപ്ലാൻ പ്രകാരം എന്തൊക്കെ ഭൗതിക സാഹചര്യങ്ങളാണ് വേണ്ടതെന്ന് കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയാണ് ശൗചാലയങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങളുടെ ദൈനംദിന പരിപാലനത്തിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടും ഫലപ്രദമായി വിനിയോഗിക്കുന്നുണ്ട്. വിദ്യാർഥി സൗഹൃദമായ ക്ലാസ്സ്മുറികൾ സജ്ജമാക്കുന്നതിന് എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ കൃത്യമായ രൂപരേഖയും തയ്യാറാക്കിവരുന്നു.

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ

8 (*99) ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഐ. ബി. സതീഷ്:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. കെ. വി. സുമേഷ്:

ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര മേഖലയിൽ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം പഠന-പരിശീലന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

വിനോദസഞ്ചാര മേഖലയിലെ തൊഴിൽ സാധ്യതകൾ വർധിപ്പിക്കുന്നതിനായി കേരള സർക്കാർ വിവിധ വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂർ പിണറായിയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് സ്ഥാപിച്ചു. പിണറായി എഡ്യൂക്കേഷൻ ഹബ്ബിന്റെ ഭാഗമായി കോളേജിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോളേജിൽ കണ്ണൂർ സർവകലാശാലയോട് അഫിലിയേറ്റ് ചെയ്ത ബി.എസ്സി. ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിങ് സയൻസ് ബിരുദ കോഴ്സാണ് പഠിപ്പിക്കുന്നത്. വിദ്യാർഥികൾക്ക് ഹോട്ടൽ മാനേജ്മെന്റ്, ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ്, ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്, ഹൗസ് കീപ്പിങ്, ട്രാവൽ ആൻഡ് ടൂറിസം തുടങ്ങിയ വിവിധ മേഖലകളിൽ സിദ്ധാന്തപരവും പ്രായോഗികവുമായ പരിശീലനം നൽകുന്നു. ഇൻഡസ്ട്രി ഓറിയന്റഡ് പഠനരീതിയിലൂടെ വിദ്യാർഥികളെ ഹോട്ടലുകൾ, റിസോർട്ടുകൾ, ടൂറിസം തുടങ്ങിയ മേഖലകളിലെ തൊഴിലവസരങ്ങൾക്ക് തയ്യാറാക്കുകയാണ് കോഴ്സിന്റെ

ലക്ഷ്യം.

വിനോദസഞ്ചാര മേഖലയിലെ മാനവവിഭവശേഷി വികസനത്തിനായി കോഴിക്കോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ബിരുദ (മൂന്ന് വർഷത്തെ ബി.എസ്സി. ഹോസ്പിറ്റാലിറ്റി & ഹോട്ടൽ അഡ്മിനിസ്ട്രേഷൻ കോഴ്സ്), ഡിപ്ലോമ (ഫുഡ് പ്രൊഡക്ഷൻ, ഫുഡ് ആൻഡ് ബിവറേജ് സർവീസ്, ബേക്കറി ആൻഡ് കൺഫെക്ഷനറി, ഫ്രണ്ട് ഓഫീസ് ഓപ്പറേഷൻ, ഹൗസ് കീപ്പിങ് ഓപ്പറേഷൻ, പി.ജി. ഡിപ്ലോമ അക്കോമഡേഷൻ ഓപ്പറേഷൻ ആൻഡ് മാനേജ്മെന്റ്) സ്കിൽ പരിശീലന കോഴ്സുകൾ നടത്തിവരുന്നു. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹോസ്പിറ്റാലിറ്റി മേഖലയിൽ വനിതകൾക്ക് പ്രത്യേകമായി Women Empowerment scheme-ന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ ധനസഹായത്തോടെ Traditional snack & Savory Maker, Multi cuisine cook എന്നീ ഹ്രസ്വകാല കോഴ്സുകളിൽ തൊഴിൽ പരിശീലനം നടത്തിയിട്ടുണ്ട്. 2025 ഫെബ്രുവരി മാസം 17 മുതൽ 21 വരെ കോഴിക്കോട് SIHM-ൽ തദ്ദേശീയ ഭക്ഷ്യ വൈവിധ്യം സംബന്ധിച്ച് പട്ടികവർഗ്ഗക്കാരായ 30 പേരടങ്ങുന്ന യുവതീയുവാക്കൾക്കുള്ള പ്രായോഗിക പരിശീലനം കിർത്താഡ്സ് വകുപ്പ് നിർദ്ദേശിച്ചതനുസരിച്ച് നടത്തിയിരുന്നു. കൂടാതെ കേന്ദ്ര-കേരള സർക്കാരുകളുടെ ധനസഹായത്തോടെയും തനത് ഫണ്ടിൽ നിന്നും ഹോട്ടൽ/ ഹോസ്പിറ്റാലിറ്റി വ്യവസായത്തിൽ ജോലി ചെയ്യുന്നവരുടെ സ്കിൽ മെച്ചപ്പെടുത്തുന്നതിനായി പരിശീലനങ്ങൾ സ്ഥാപനം നടത്തിവരുന്നുണ്ട്.

സംസ്ഥാനത്ത് ടൂറിസം വകുപ്പിനുകീഴിൽ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 സെന്ററുകളും തിരുവനന്തപുരത്ത് ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് ആസ്ഥാനവും പ്രവർത്തിച്ചുവരുന്നു. ഒരു വർഷം

ദൈർഘ്യമുള്ള ഫുഡ് ക്രാഫ്റ്റ് കോഴ്സുകളിൽ 9 മാസത്തെ ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ പരിശീലനവും 3 മാസത്തെ നിർബന്ധിത വ്യാവസായിക പരിശീലനവും നൽകിവരുന്നു. ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് കോഴ്സുകൾക്ക് പി.എസ്.സി. അംഗീകരിച്ച കേരള സർക്കാരിന്റെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് നൽകുന്ന സർട്ടിഫിക്കറ്റ് നൽകുന്നു. വർഷാവർഷങ്ങളിൽ 1530-ൽപ്പരം വിദ്യാർത്ഥികൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടുകളിൽനിന്നും പരിശീലനം നേടുകയും ഇന്ത്യയിലും വിദേശ രാജ്യങ്ങളിലും ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്യുന്നു. വിവിധ തൊഴിലധിഷ്ഠിത/നൈപുണ്യ വികസന ഹ്രസ്വകാല പരിശീലന പരിപാടികളും ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി വിനോദസഞ്ചാര വകുപ്പിലെ വിവിധ തസ്തികയിലുള്ള ഉദ്യോഗസ്ഥർക്ക് ഇത്തരത്തിൽ പ്രത്യേക പരിശീലന പരിപാടികൾ നടത്താറുണ്ട്. കൂടാതെ കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഹോസ്റ്റലിലെ ജീവനക്കാർക്കും സ്കൂളുകളിലെ പാചകത്തൊഴിലാളികൾക്കും ഹ്രസ്വകാല പരിശീലനം നൽകാറുണ്ട്. സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി സ്ത്രീകൾക്ക് ഹോട്ടൽ, ഹോസ്പിറ്റാലിറ്റി മേഖലകളിൽ ജോലി ചെയ്യുന്ന തരത്തിലുള്ള സൗജന്യ ഹ്രസ്വകാല കോഴ്സുകൾ ഫുഡ് ക്രാഫ്റ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 13 സെന്ററുകൾവഴി നടത്തിവരുന്നു.

ടൂറിസം വ്യവസായത്തിന് ആവശ്യമായ മാനവവിഭവശേഷി ഒരുക്കുന്നതിനും ടൂറിസത്തിൽ തൊഴിൽ-സംരംഭക സാധ്യതകൾ വർധിപ്പിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളിൽ കിറ്റ്സ് ഏർപ്പെട്ടുവരികയാണ്. ടൂറിസം വ്യവസായത്തിൽ വരുന്ന മാറ്റങ്ങൾക്കനുസരിച്ച് വിവിധ തരം ഹ്രസ്വകാല ടൂറിസം കോഴ്സുകളും കിറ്റ്സ് നടത്താറുണ്ട്. കിറ്റ്സ് കേരള

യൂണിവേഴ്സിറ്റിയുടെ അഫിലിയേറ്റ് ചെയ്ത എം.ബി.എ. (ട്രാവൽ ആൻഡ് ടൂറിസം), ബി.ബി.എ. (ടൂറിസം), ബി.കോം ടൂറിസം എന്നീ കോഴ്സുകൾ നടത്തിവരുന്നു. ഈ സർക്കാർ വന്നശേഷം മാസ്റ്റർ ഓഫ് ടൂറിസം ആൻഡ് ട്രാവൽ മാനേജ്മെന്റ് എന്ന കോഴ്സും ആരംഭിച്ചു. കിറ്റ്സ് നേരിട്ട് ഡിപ്ലോമ കോഴ്സുകളും നടത്തിവരുന്നു. പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ടൂറിസം ആൻഡ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ പബ്ലിക് റിലേഷൻ ഇൻ ടൂറിസം, ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് മാനേജ്മെന്റ്, ഡിപ്ലോമ ഇൻ എയർപോർട്ട് ഓപ്പറേഷൻ, ഡിപ്ലോമ ഇൻ മൾട്ടി-സ്കിൽഡ് ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് എന്നീ കോഴ്സുകളും നടത്തിവരുന്നു. അയാട്ട (IATA) കോഴ്സുകളും കിറ്റ്സ് നടത്താറുണ്ട്.

ടൂറിസം വ്യവസായത്തിനായി നിരവധി പരിശീലന (സ്കില്ലിങ്, അപ്സ്കില്ലിങ്, റി സ്കില്ലിങ് ആൻഡ് കപ്പാസിറ്റി ബിൽഡിങ് പരിശീലനം) പരിപാടികളാണ് കിറ്റ്സ് നടത്തിയത്. ഈ സർക്കാരിന്റെ കാലഘട്ടത്തിൽ കിറ്റ്സ് നടത്തിയ കോഴ്സുകളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു.

- വനിതാ സംരംഭക പരിശീലന പരിപാടി
- ഓറിയന്റേഷൻ ആൻഡ് ബിഹേവിയറൽ ട്രെയിനിങ് ഫോർ ഹോസ്പിറ്റാലിറ്റി സ്റ്റാഫ്
- സുസ്ഥിര ടൂറിസം ലീഡർ പരിശീലനം
- ഫ്രണ്ട് ഓഫീസ് മാനേജ്മെന്റ്
- ഹോസ്പിറ്റാലിറ്റി ഓപ്പറേഷൻസ്
- ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം
- കരിക്കുലം ഡെവലപ്മെന്റ് വർക്ക്ഷോപ്പ്
- നിർമ്മിത ബുദ്ധി പരിശീലനം

- ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് ഐ.റ്റി. സ്കിൽ കോഴ്സ്
- നാഷണൽ ട്രെയിനിങ് ഫോർ IFS ഓഫീസേഴ്സ്
- കപ്പാസിറ്റി ബിൽഡിങ് പ്രോഗ്രാം ഫോർ കമ്മ്യൂണിറ്റി ടൂറിസം മെന്റേഴ്സ്
- ഫിനിഷിങ് സ്കൂൾ പരിശീലനങ്ങൾ
- ടൂറിസ്റ്റ് ഗൈഡ് റിഫ്രഷർ കോഴ്സ്
- അഡ്വഞ്ചർ ടൂറിസം പരിശീലനം
- ടാക്സി ഡ്രൈവർ ഓറിയന്റേഷൻ
- ട്രെയിനിങ് ഫോർ വർക്കിംഗ് പ്രൊഫഷണൽസ് ഇൻ ടൂർ ഓപ്പറേഷൻ
- ടൂറിസം ക്ലബ് വർക്ക്ഷോപ്പ്
- ലോക്കൽ ലെവൽ ഗൈഡ് ട്രെയിനിങ് ഫോർ ഇൻഫർമേഷൻ ഓഫീസേഴ്സ്
- സസ്റ്റൈനബിൾ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് ട്രെയിനിങ് ഫോർ റേഞ്ച് ഓഫീസേഴ്സ്
- VSS/EDC അംഗങ്ങൾക്ക് ടൂറിസം നൈപുണ്യ വികസനം
- ഹോട്ടൽ ഓപ്പറേഷൻ ഫിനിഷിങ് സ്കൂൾ പ്രോഗ്രാം ഫോർ VHSE സ്റ്റുഡന്റ്സ്
- മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം ഓൺ ടൂറിസം എന്റർപ്രൈൻഷിപ്പ്
- വനിതകൾക്ക് ടൂറിസം തൊഴിൽ പരിശീലനം
- ടൂർ ഓപ്പറേറ്റർ റിഫ്രഷർ പ്രോഗ്രാം
- ഹോം സ്റ്റേ ഓപ്പറേഷൻ പരിശീലനം
- ഓറിയന്റേഷൻ പ്രോഗ്രാം ഫോർ ദി ടൂറിസം സർവീസ് പ്രൊവൈഡേഴ്സ്
- ടൂറിസം ഇന്റർപ്രറ്റേഷൻ ആൻഡ് വിസിറ്റർ സർവീസസ്
- ഗസ്റ്റ് റിലേഷൻസ് ആൻഡ് ഹൗസ് കീപ്പിങ്
- നേച്ചർ ഇന്റർപ്രറ്റേഷൻ

ടൂറിസം വകുപ്പ് കിറ്റ്സ് മുഖേന ഗൈഡ് ട്രെയിനിങ് കോഴ്സ് നടത്തിവരുന്നു. ഈ കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഗൈഡ് ലൈസൻസ് നൽകിവരുന്നു. മാനദണ്ഡങ്ങൾക്കനുസരിച്ച് യോഗ്യതയുള്ളവരിൽനിന്ന് പരീക്ഷ നടത്തി 50 ശതമാനവും അതിനുമുകളിലും മാർക്ക് വാങ്ങുന്നവർക്ക് അഭിമുഖവും നടത്തിയാണ് യോഗ്യരായവരെ തിരഞ്ഞെടുക്കുന്നത്.

(ബി) വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും സംസ്ഥാനത്ത് വ്യാപിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ടൂറിസം മേഖലയുടെ വികസനത്തിന് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവശേഷി അത്യന്താപേക്ഷിതമാണ്. ടൂറിസം മേഖലയിലെ ഹോസ്പിറ്റാലിറ്റി രംഗത്ത് വൈദഗ്ധ്യം നേടിയ മനുഷ്യവിഭവശേഷി വർധിപ്പിക്കുന്നതിന് വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും സംസ്ഥാനത്ത് കൂടുതലായി വ്യാപിപ്പിക്കുന്നത് സഹായകരമാകും. ഇത്തരം കോഴ്സുകളും പരിശീലനങ്ങളും കൂടുതലായി വ്യാപിപ്പിക്കുന്നതിലൂടെ ടൂറിസം മേഖലയിലെ തൊഴിൽ സാദ്ധ്യതകൾ വർധിപ്പിക്കുന്നതിനും സേവന നിലവാരം ഉയർത്തുന്നതിനും ഗുണകരമാകും. വിനോദസഞ്ചാര മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളും പരിശീലനങ്ങളും ഉൾനാടൻ പ്രദേശങ്ങളിലുൾപ്പെടെ കേരളത്തിലുടനീളം വ്യാപിപ്പിക്കുന്നത് സമൂഹത്തിന്റെ എല്ലാ വിഭാഗങ്ങളിൽ നിന്നുമുള്ളവർക്ക് ടൂറിസം മേഖലയിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ സഹായകമാകും. കൂടാതെ വിദ്യാർഥികൾക്ക് ആവശ്യമായ ആശയവിനിമയ കഴിവ്, വ്യക്തിത്വ വികസനം, സേവന മനോഭാവം എന്നിവ

കൈവരിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ വിനോദസഞ്ചാര മേഖലയുടെ സമഗ്ര വികസനത്തിന് സംഭാവന നൽകാനും സാധിക്കും. പ്രസ്തുത ലക്ഷ്യങ്ങൾ മുൻനിർത്തിയാണ് വിനോദസഞ്ചാര വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

(സി) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്)-ന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സംസ്ഥാന ടൂറിസം വകുപ്പുമന്ത്രി ചെയർമാനായ കിറ്റ്സിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കിറ്റ്സിന്റെ പ്രവർത്തനങ്ങൾ മികച്ച നിലയിൽ മുന്നോട്ടുപോകുകയാണ്. കിറ്റ്സിന്റെ പ്രവർത്തന മികവിന്റെ ഭാഗമായി ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കോമേഴ്സ് ആൻഡ് ഇൻഡസ്ട്രിയുടെ (FICCI) ദേശീയ പുരസ്കാരം കിറ്റ്സിന് 2025-ൽ ലഭിച്ചിട്ടുണ്ട്. ടൂറിസം മാനവവിഭവശേഷി വികസനത്തിൽ കിറ്റ്സിന്റെ സംഭാവനകൾക്ക് 2024-ൽ മെട്രോ എക്സ്പെഡിഷൻ മെട്രോ ടൂറിസം അവാർഡ് ലഭിച്ചിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കിറ്റ്സിന്റെ സ്റ്റഡി സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരിയിലും മലയാറ്റൂരും ആണ് കിറ്റ്സിന്റെ സ്റ്റഡി സെന്ററുകൾ നിലവിൽ പ്രവർത്തിച്ചുവരുന്നത്.

(ഇ) വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൂടുതൽ സ്റ്റഡി സെന്ററുകൾ

അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

വിനോദസഞ്ചാര മേഖലയിലെ സ്ഥാപനങ്ങൾ, ടൂറിസം സഹകരണ സംഘങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സംസ്ഥാനത്ത് കൂടുതൽ സ്റ്റഡി സെന്ററുകൾ അനുവദിക്കുന്ന വിഷയം ടൂറിസം വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ച് പരിശോധിച്ചുവരുന്നു.

കേരളത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിലെ മുന്നേറ്റം

9 (*100) ശ്രീ. മാത്യു ടി. തോമസ്:
ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) റോഡുകളും പാലങ്ങളും പൊതുകെട്ടിടങ്ങളും ഉൾപ്പെടുന്ന സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യമേഖലയിൽ മികച്ച സൗകര്യങ്ങൾ ഒരുക്കാൻ കഴിഞ്ഞതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസനമേഖലയിൽ വലിയ കുതിപ്പാണ് സാധ്യമായത്. വിവിധ പദ്ധതികളിലൂടെ കേരളത്തിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തുകയും ചെയ്യുന്നു. നാടിന്റെ പൊതുവികസനത്തിന് ഗതിവേഗം പകരാൻ പശ്ചാത്തല വികസന മേഖലയിലെ കുതിപ്പിലൂടെ സാധ്യമായി.

ദേശീയപാത 66

സംസ്ഥാന സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെ സംസ്ഥാനത്ത് ദേശീയപാത 66 നവീകരണം സാധ്യമാകുകയും അത് അന്തിമഘട്ടത്തിലേയ്ക്ക് എത്തുകയും ചെയ്തു. 2014-ൽ കേന്ദ്രം ഉപേക്ഷിച്ച പദ്ധതി 2016-ൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ നടത്തിയ തുടർച്ചയായ സമ്മർദ്ദത്തെതുടർന്ന് ആരംഭിക്കാൻ തീരുമാനിക്കുകയായിരുന്നു. സ്ഥലമേറ്റെടുക്കലിന്റെ 25 ശതമാനം കേന്ദ്രത്തിന് കൈമാറാൻ സമ്മതിച്ചതോടെയാണ് പദ്ധതി യാഥാർഥ്യമാക്കുന്നത്. NH-66 വികസനത്തിനായി 5,800 കോടി രൂപ സംസ്ഥാനം കിഫ്ബിവഴി കേന്ദ്രത്തിന് കൈമാറിക്കഴിഞ്ഞു. നിലവിൽ 492.64 കി.മീ. ആറുവരിയിലേക്ക് മാറിക്കഴിഞ്ഞു.

ഏറെക്കാലമായി ഇഴഞ്ഞുനീങ്ങിയിരുന്ന കുതിരാൻ ടണൽ പ്രവൃത്തി പൂർത്തിയാക്കി. മൂന്നാർ-ബോഡിമെട്ട്, നാട്ടുകൽ-താണാവ് എന്നീ ദേശീയപാത പ്രവൃത്തിയും പൂർത്തീകരിച്ചു. പശ്ചാത്തല വികസന മുന്നേറ്റം സാധ്യമാക്കുന്നതിന് തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, എറണാകുളം ബൈപ്പാസ്, കൊല്ലം-ചെങ്കോട്ട ഗ്രീൻ ഫീൽഡ് പാതകൾക്ക് മാത്രമായി 2,370.59 കോടി രൂപയുടെ സാമ്പത്തിക ബാധ്യത വഹിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാലക്കാട്-കോഴിക്കോട് ഗ്രീൻ ഫീൽഡ് പാതയുടെ ഭൂമിയേറ്റെടുക്കലും പുരോഗമിക്കുന്നു. കൊച്ചി-മൂന്നാർ 125 കി.മീ. പാത നവീകരണവും സംസ്ഥാനത്തിന്റെ ഇടപെടലിലൂടെ പുരോഗമിക്കുകയാണ്. വയനാട് ചുരം റോഡിലെ മൂന്ന് ഹെയർപിൻ വളവുകൾക്കുടി വീതി കൂട്ടി നവീകരിക്കുന്നതിന് സംസ്ഥാനം പദ്ധതി നിർദേശം സമർപ്പിക്കുകയും അതിന് അനുമതി ലഭ്യമാക്കുകയും ചെയ്തു. രാമനാട്ടുകര-കോഴിക്കോട്

എയർപോർട്ട് റോഡ്, കണ്ണൂർ വിമാനത്താവളം റോഡ്, കൊടുങ്ങല്ലൂർ-അങ്കമാലി, ഫോർട്ട് വൈപ്പിൻ-മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് റോഡ്, കോതമംഗലം-മൂവാറ്റുപുഴ ബൈപ്പാസുകൾ എന്നിവ ദേശീയ പാതകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഡി.പി.ആർ. തയ്യാറാക്കുന്നുണ്ട്.

വയനാട് തുരങ്കപാത പോലുള്ള പദ്ധതികൾ ആവിഷ്കരിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുന്നത് കേരളത്തിന്റെ വികസനക്കുതിപ്പിന് കാരണമാകുന്നു. പ്രവൃത്തി അതിവേഗം പുരോഗമിക്കുന്ന ടണൽ റോഡിന് 2,143.7 കോടി രൂപ കിഫ്ബി വഴി അനുവദിച്ചിട്ടുണ്ട്.

മലയോര തീരദേശ പാതകൾ എന്ന കേരളത്തിന്റെ ചിരകാല സ്വപ്നം യാഥാർഥ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കാൻ സാധിച്ചു. 1179.45 കി.മീ. മലയോര ഹൈവേയിൽ 476.164 കി.മീ. പൂർത്തീകരിച്ചുകഴിഞ്ഞു. കിഫ്ബിവഴി മാത്രം 243 കി.മീ. മലയോര ഹൈവേ പൂർത്തീകരിച്ചു. 507.86 കി.മീ. തീരദേശപാത കിഫ്ബിവഴി വികസിപ്പിക്കുന്നുണ്ട്. ഇതിൽ മൂന്ന് റീച്ചുകൾ പൂർത്തിയാക്കി മുനമ്പം പാലം പ്രവൃത്തി പുരോഗമിക്കുന്നു. മറ്റ് റീച്ചുകളിൽ സ്ഥലമേറ്റെടുക്കൽ പ്രവൃത്തി പുരോഗമിക്കുകയാണ്.

ലെവൽ ക്രോസ് ഇല്ലാത്ത കേരളം പദ്ധതി തടസമില്ലാത്ത റോഡ് ശൃംഖലയ്ക്കുള്ള സുപ്രധാന ചുവടുവയ്പ്പാണ്. 9 റെയിൽവേ മേൽപാലങ്ങളും ഒരു അടിപ്പാതയും പൂർത്തിയാക്കി ഗതാഗതത്തിന് തുറന്നുകൊടുത്തുകഴിഞ്ഞു. RBDCK വഴി 72 ROB-കളും KRDCL വഴി 27 ROB-കളും നിർമ്മിക്കുന്നതിന് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. അതോടൊപ്പം സംസ്ഥാന സർക്കാരിന്റെ ആവശ്യംകൂടി പരിഗണിച്ച് 39 റെയിൽവേ മേൽപാലങ്ങൾക്ക് 100 ശതമാനം റെയിൽവേ ഫണ്ടിങ്ങോടെ അനുമതി ലഭിച്ചിട്ടുണ്ട്.

പശ്ചാത്തല വികസന മേഖലയിൽ വലിയ കുതിപ്പുണ്ടാക്കാൻ കിഫ്ബി സുപ്രധാനമായ

പങ്ക് വഹിക്കുന്നുണ്ട്. 511 പദ്ധതികൾക്കായി 39,691.87 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. ഗ്രാമീണ മേഖലയിലടക്കം പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കാൻ കിഫ്ബി സഹായകരമാകുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാത്രം റോഡ് നവീകരണ പദ്ധതികൾക്കുവേണ്ടി 35,000 കോടിയിലധികം രൂപ അനുവദിച്ചുകഴിഞ്ഞു. 8200 കിലോമീറ്ററിലേറെ റോഡ് നവീകരിച്ചു. കിഫ്ബി-ബജറ്റ്-നബാർഡ്-ശബരിമല-CRIF-റീബിൽഡ് കേരള-സ്മാർട്ട്സിറ്റി-നോൺ പ്ലാൻ - നഗരപാത വികസനപദ്ധതികൾ തുടങ്ങിയ പദ്ധതികളിലൂടെ റോഡ് നവീകരണം സാധ്യമാക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകൾ BM&BC നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് പ്രത്യേക ഊന്നൽ നൽകി മുന്നോട്ടുപോകുന്നു. 29,522 കി.മീ. പൊതുമരാമത്ത് റോഡുകളിൽ 17,749.11 കി.മീ. BM&BC നിലവാരത്തിലേക്ക് ഉയർത്തിക്കഴിഞ്ഞു. റോഡ് നിർമ്മാണത്തിനൊപ്പം പരിപാലനത്തിനും മുൻതൂക്കം നൽകി റണ്ണിങ് കോൺട്രാക്ട് പദ്ധതി ആരംഭിച്ചു. DLP ബോർഡുകൾ നിർബന്ധമാക്കിയും പരിപാലനം ഉറപ്പാക്കാനായി ജങ്ഷൻ നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയും സാധ്യമാക്കുന്നുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയിലൂടെ ഡിസൈൻസ് റോഡ് സജ്ജമാക്കിയ തിരുവനന്തപുരം നഗരത്തിലെ പദ്ധതി ലോക ശ്രദ്ധ നേടുന്നതായി മാറി. കാലാവസ്ഥ വ്യതിയാനത്തെ ചെറുക്കുന്ന 29 റോഡ് നിർമ്മാണത്തിന് 6,341 കോടി രൂപയാണ് അനുവദിച്ചത്. നൂതന സാങ്കേതികവിദ്യകളായ FDR, ജിയോ സെൽ, ജിയോഗ്രിഡ്, കയർഭൂവസ്ത്രം, വൈറ്റ് ടോപ്പിങ്, സോയിൽ സ്റ്റെബിലൈസഷൻ തുടങ്ങിയ സാങ്കേതികവിദ്യ നടപ്പിലാക്കുകയാണ്.

അഞ്ചുവർഷത്തിനുള്ളിൽ 100 പാലങ്ങൾ പൂർത്തീകരിക്കുമെന്ന വാഗ്ദാനം പാലിക്കുക

മാത്രമല്ല 150-ലധികം പാലങ്ങൾ പൂർത്തീകരിച്ചു കഴിഞ്ഞു. 1,600 കോടിയോളം രൂപ പാലം നിർമ്മാണത്തിന് മാത്രമായി ചെലവഴിച്ചു. 100-ഓളം പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഡിസൈൻ പോളിസിയുടെ ഭാഗമായി പാലങ്ങളുടെ അടിഭാഗം ഉപയോഗപ്പെടുത്തി നിർമ്മിച്ച WE PARK പദ്ധതിയും സുപ്രധാന ചുവടുവയ്പായിമാറി.

റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനും ജനകീയമാക്കുന്നതിനും നടപ്പിലാക്കിയ പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി 2021 നവംബർ 1-ന് ആരംഭിച്ചു. ഓൺലൈൻ സംവിധാനത്തിലൂടെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകളിൽ റൂം ഉപയോഗിക്കാൻ സാധിക്കുന്നതാണ് പദ്ധതി. നാലു വർഷത്തിനിടയിൽ 5 ലക്ഷത്തോളം ബുക്കിങും 30 കോടിയിലേറെ രൂപയുടെ വരുമാനവും സാധ്യമായി. റസ്റ്റ് ഹൗസ് നവീകരണത്തിനുള്ള പ്രത്യേക പദ്ധതിയും നടപ്പിലാക്കി. വിനോദസഞ്ചാര മേഖലയിൽ പുതിയ റസ്റ്റ് ഹൗസുകൾക്ക് തുടക്കമിട്ടു. 23 റസ്റ്റ് ഹൗസുകൾ നവീകരണം പൂർത്തിയാക്കി. 17 റസ്റ്റ് ഹൗസുകളിൽ കൂടി നവീകരണം നടക്കുന്നുണ്ട്. ഹരിത കെട്ടിട നിർമ്മാണ രീതികൾ സാധ്യമാക്കുകയും പ്രീ ഫാബ് പോലുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തിയും കെട്ടിട നിർമ്മാണ മേഖലയിലും മാറ്റം സാധ്യമാക്കി. ഇതോടൊപ്പം കോമ്പോസിറ്റ് ടെൻഡർ രീതി നടപ്പിലാക്കിയത് മികവുറ്റ കെട്ടിട നിർമ്മാണത്തിന് സഹായകരമാകുന്നുണ്ട്. ഡിസൈൻ-ആർക്കിടെക്ചർ മേഖലയെ ശക്തിപ്പെടുത്തി മികവുറ്റ കെട്ടിടങ്ങളും നിർമ്മിതികളും സാധ്യമാക്കി.

പശ്ചാത്തല വികസന മേഖലയിലെ മാറുന്ന കാഴ്ചപ്പാടുകൾക്ക് അനുസരിച്ച് നൂതന പദ്ധതികൾ സംസ്ഥാനത്ത് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന രീതിയിൽ KHRI-യെ

ശക്തിപ്പെടുത്തി. സമയബന്ധിതമായ പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കുന്നതിനും മൊബൈൽ പരിശോധനാ യൂണിറ്റുകൾ അടക്കം സജ്ജമാക്കി. ജില്ലാ തലങ്ങളിൽ DICC-യും മണ്ഡലം തലങ്ങളിൽ CMT-യും രൂപീകരിച്ച് പ്രവൃത്തികളുടെ ഏകോപനവും ഉറപ്പാക്കാനായി. ജനങ്ങൾക്ക് നിർദേശങ്ങളും പരാതികളും അറിയിക്കുന്നതിന് PWD 4U ആപ്പ് സജ്ജമാക്കി വകുപ്പിനെ കൂടുതൽ ഹൈടെക് ആക്കി മാറ്റുകയും ചെയ്യുന്നുണ്ട്.

(ബി) കേരളത്തിലെ ദേശീയ-സംസ്ഥാന പാതകൾ അന്തർദേശീയ നിലവാരത്തിൽ പരിഷ്കരിച്ചതുപോലെ ഗ്രാമീണ, ജില്ലാ പാതകളും പത്തു വർഷ ഗ്യാരന്റിയിൽ പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബജറ്റ് പദ്ധതിയിലും മറ്റു പദ്ധതികളിലും ഉൾപ്പെടുത്തി തദ്ദേശ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡ് നവീകരണ പ്രവൃത്തികൾ പൊതുമരാമത്ത് വിങ്ങുകൾ ഏറ്റെടുത്ത് നിർമ്മിക്കുന്നുണ്ട്. റോഡുകൾ BM&BC നിലവാരത്തിലേക്ക് ഉയർത്തി കൂടുതൽ ഈടുനിൽക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കിഫ്ബി, നബാർഡ്, ശബരിമല, CRIF, RKI, ബജറ്റ് പ്രവൃത്തികൾ, നഗരപാതാ വികസനം, സ്മാർട്ട് സിറ്റി തുടങ്ങിയ പദ്ധതികളിലൂടെ ഗ്രാമീണ റോഡുകളും ഡിസൈൻ റോഡുകളായി മാറിക്കൊണ്ടിരിക്കുന്നുണ്ട്. ഇതിനുപുറമെ തദ്ദേശസ്വയംഭരണ വകുപ്പും നൂതനമായ പദ്ധതികളിലൂടെ തദ്ദേശ റോഡുകളുടെ നവീകരണം സാധ്യമാക്കുന്നുണ്ട്.

ആയുർവേദ അന്താരാഷ്ട്ര വെൽനെസ് കോൺക്ലേവ്

10 (*101) ശ്രീ. എം. മുകേഷ്:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി ദെലീമ:
ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ട്രാവൽ പ്ലസ് ലെയ്ഷർ ഇന്ത്യ & സൗത്ത് ഏഷ്യയുടെ 2025-ലെ ബെസ്റ്റ് വെൽനെസ് ഡെസ്റ്റിനേഷൻ പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഈ നേട്ടം കൈവരിക്കാൻ സഹായിച്ച ഘടകങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

Travel + Leisure India & South Asia-യുടെ 2025-ലെ Best Wellness Destination പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഈ അംഗീകാരം ആഗോളതലത്തിൽ കേരളത്തിന്റെ വെൽനെസ് ടൂറിസം മികവ് തെളിയിക്കുന്നതാണ്.

കേരളത്തിലെ ശാസ്ത്രീയവും യഥാർത്ഥവുമായ ആയുർവേദ ചികിത്സാരീതികളും സമഗ്ര വെൽനെസ് അനുഭവങ്ങളും വിവിധ ചികിത്സാ രീതികളെ സംയോജിപ്പിച്ചുകൊണ്ടുള്ള സംവിധാനങ്ങളും കേരളത്തിലെ ബാക്ക് വാട്ടറുകൾ, കുന്നുകൾ, ശാന്തമായ കടൽത്തീരങ്ങൾ എന്നീ പ്രകൃതി സൗന്ദര്യങ്ങളും കേരളത്തിന് ഈ പുരസ്കാരം നേടാൻ സഹായിച്ച പ്രധാന ഘടകങ്ങളാണ്.

വായനക്കാരുടെ ഓൺലൈൻ വോട്ടിങ്ങിലൂടെ ലഭിച്ച റീഡേഴ്സ് ചോയ്സ് അംഗീകാരം, ആഗോള യാത്രാസമൂഹത്തിന് കേരളത്തിലുള്ള വിശ്വാസവും ആകർഷണവും തെളിയിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും തുടർച്ചയായ

പ്രചാരണ പ്രവർത്തനങ്ങളും ദേശീയ അന്തർദേശീയ മാർക്കറ്റിങ് തന്ത്രങ്ങളും കേരളത്തെ ലോകത്തിലെ പ്രമുഖ വെൽനെസ് ടൂറിസം കേന്ദ്രമായി ഉയർത്തുന്നതിൽ നിർണായക പങ്കുവഹിച്ചിട്ടുണ്ട്.

(ബി) ആദ്യ അന്താരാഷ്ട്ര ആയുർവേദ വെൽനെസ് കോൺക്ലേവ് കേരളത്തിൽ വച്ച് നടത്തുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത കോൺക്ലേവിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും എന്തൊക്കെ തയ്യാറെടുപ്പുകൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കാമോ?

കേരള ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ 2026 ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോട് വച്ചാണ് ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവ് 2026 നടത്തുന്നത്. ആയുർവേദ പ്രൊമോഷൻ സൊസൈറ്റിയുടെ (APS) സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്. കേരളത്തെ ആഗോള ആയുർവേദ വെൽനെസ് കേന്ദ്രമായി സ്ഥാനമുറപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത്. ആയുർവേദ പണ്ഡിതർ, ആഗോള വെൽനെസ് വിദഗ്ധർ, നയരൂപീകരർ, അക്കാദമികർ, വ്യവസായ പ്രമുഖർ, ടാവൽ ട്രേഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്ന ഈ സമ്മേളനം വിവര കൈമാറ്റം, നയ ചർച്ചകൾ, B2B നെറ്റ്വർക്കിങ്, അന്താരാഷ്ട്ര സഹകരണം എന്നിവയ്ക്ക് വേദിയാകും.

സമ്മേളനത്തിന്റെ ഭാഗമായി ആയുർവേദത്തിന്റെ ശാസ്ത്രീയ പ്രാധാന്യം, ആഗോള വിപണി സാധ്യതകൾ, ഗവേഷണം, മെഡിക്കൽ വാല്യു ടാവൽ തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ചകളും സെമിനാറുകളും നടക്കും. രണ്ടാം ദിവസം പ്രദർശനവും B2B മീറ്റും സംഘടിപ്പിച്ച് കേരളത്തിലെ ആയുർവേദ സേവനദാതാക്കളെയും ദേശീയ-അന്തർദേശീയ ടൂർ

ഓപ്പറേറ്റേഴ്സിനേയും ബന്ധിപ്പിക്കും.

കോൺക്ലേവിനുശേഷം ഫെബ്രുവരി 4 മുതൽ 12 വരെ ഇന്റർനാഷണൽ ആയുർവേദ & യോഗ അംബാസഡേഴ്സ് ഫാം ട്യൂർ സംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ പ്രധാന ആയുർവേദ റിസോർട്ടുകൾ, ആശുപത്രികൾ, യോഗ കേന്ദ്രങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ എന്നിവ ദേശീയ-അന്തർദേശീയ പ്രതിനിധികൾക്ക് പരിചയപ്പെടുത്തും. ഏകദേശം 120-ഓളം ഇന്റർനാഷണൽ ട്യൂർ ഓപ്പറേറ്റേഴ്സ്, 30-ഓളം ഡൊമസ്റ്റിക് ട്രാവൽ ഏജന്റ്സ്, 30-ഓളം യോഗ ഓപ്പറേറ്റേഴ്സ്, 50-ഓളം ദേശീയ-അന്തർദേശീയ ഇൻഫ്ലുവൻസർമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

ഇതിലൂടെ, ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവും അനുബന്ധ ഫാം ട്യൂറും കേരളത്തെ ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ആയുർവേദ വെൽനെസ് വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിനുള്ള ഒരു നിർണായക സംരംഭമായിരിക്കും.

(സി) കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികൾ ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നതിനും വിദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനും ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികളെ ആഗോള തലത്തിൽ പ്രചരിപ്പിക്കാനും വിദേശ സഞ്ചാരികളെ ആകർഷിക്കാനും ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളും നടപടികളും ചുവടെ വിശദമാക്കുന്നു:

1. ആയുർവേദ സർട്ടിഫിക്കേഷൻ പദ്ധതി

വിദേശ സഞ്ചാരികൾക്ക് ഗുണമേന്മയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത ആയുർവേദ കേന്ദ്രങ്ങൾക്ക് ആയുർ ഡയമണ്ട്, ആയുർ ഗോൾഡ്, ആയുർ സിൽവർ സർട്ടിഫിക്കേഷനുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സാ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

2. ആയുർവേദ വെൽനെസ് ടൂറിസം പ്രചരണം

ആയുർവേദത്തെ വെൽനെസ് ടൂറിസം എന്ന ആശയത്തോടൊപ്പം കൂട്ടിച്ചേർത്ത്, കേരളത്തെ "God's Own Country – Home of Ayurveda" എന്ന ബ്രാൻഡിങ്ങിലൂടെ അന്താരാഷ്ട്ര വിപണിയിൽ പ്രചരിപ്പിക്കുന്നു.

3. അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കാളിത്തം

ITB Berlin, WTM London, Arabian Travel Market (ATM) തുടങ്ങിയ അന്താരാഷ്ട്ര ടൂറിസം മേളകളിലും എക്സിബിഷനുകളിലും കേരളം സജീവമായി പങ്കെടുക്കുന്നു. ഇവയിൽ ആയുർവേദ ചികിത്സാ സൗകര്യങ്ങൾ പ്രത്യേകം പ്രദർശിപ്പിക്കുന്നു.

4. ഡിജിറ്റൽ മാർക്കറ്റിംഗും ഓൺലൈൻ പ്രചാരണവും

വെബ്സൈറ്റുകൾ, സോഷ്യൽ മീഡിയ, ഡോക്യുമെന്ററികൾ, പ്രൊമോഷണൽ വീഡിയോകൾ തുടങ്ങിയവ മുഖേന ആയുർവേദ ടൂറിസത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ബ്രോഷറുകളും, വീഡിയോകളും ആഗോള തലത്തിൽ പ്രചരിപ്പിക്കുന്നു.

5. ആയുർവേദ ഉത്സവങ്ങളും കോൺക്ലേവുകളും

ആയുർവേദത്തിന്റെ പാരമ്പര്യവും ശാസ്ത്രീയതയും ലോകത്തിന്

പരിചയപ്പെടുത്തുന്നതിനായി ആയുർവേദ കോൺക്ലേവുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

6. ആയുർവേദ ടൂറിസം പ്രൊമോഷൻ

ആയുർവേദ ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒരു സ്പെഷ്യൽ കാമ്പയിൻ നടത്താൻ ഈ വർഷം 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ഈ കാമ്പയിന്റെ ഭാഗമായുള്ള വീഡിയോ പ്രൊഡക്ഷൻ നടന്നുവരുന്നു. ആയുർവേദത്തിനും വെൽനെസ്സിനും ഊന്നൽ നൽകിക്കൊണ്ട് 2026 ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോടുവച്ച് ആയുർവേദ വെൽനെസ് കോൺക്ലേവ് സംഘടിപ്പിക്കുന്നുണ്ട്.

കൂടാതെ ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാനാഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയൂഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ്സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. (https://www.keralatourism.org/visa-information/).

ദേശീയപാതകളുടെ വികസനത്തിന് സർക്കാർ ഇടപെടൽ

11 (*102) ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വികസനത്തിനായി ഭൂമിയേറ്റെടുക്കൽ ചെലവിന്റെ

ഇരുപത്തിയഞ്ച് ശതമാനം തുക മുൻകൂറായി കേന്ദ്രത്തിന് നൽകിക്കൊണ്ട് സർക്കാർ നടത്തിയ മാതൃകാപരമായ സാമ്പത്തിക ഇടപെടലുകളെക്കുറിച്ച് വിശദമാക്കാമോ?

കേരളത്തിലെ ദേശീയപാത വികസന പദ്ധതിക്കായി ദേശീയപാത അതോറിറ്റി ഫണ്ട് അനുവദിക്കുകയും പ്രാഥമിക പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ സ്ഥലമേറ്റെടുത്ത് നൽകാത്തതിനെ തുടർന്ന് 2014 സെപ്റ്റംബറിൽ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ദേശീയപാത വികസനത്തിൽനിന്നും ദേശീയപാത അതോറിറ്റി പിൻമാറുകയുണ്ടായി. 12-09-2014-ൽ ദേശീയപാത അതോറിറ്റിയുടെ റീജിയണൽ ഓഫീസർ നൽകിയ കത്തിൽ കേരളത്തിലെ NH-17-ന്റെ വികസനം, അറ്റകുറ്റപ്പണികൾ എന്നിവയിൽനിന്ന് അതോറിറ്റി പിൻവാങ്ങുകയാണെന്ന് അറിയിച്ചിരുന്നു. 2016-ൽ അധികാരത്തിൽ വന്ന സർക്കാർ ദേശീയപാത വികസനത്തിനായി സമ്മർദ്ദം ചെലുത്തിയതിനെത്തുടർന്നാണ് ദേശീയപാത-66 വികസന പദ്ധതി പുനരാരംഭിച്ചത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രി എന്നിവരെ നേരിട്ട് കണ്ട് നിരന്തരം സമ്മർദ്ദം ചെലുത്തിയാണ് പദ്ധതി പുനരാരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയത്.

ഭൂമിയുടെ വിലയിലെ വർധനവ് ചൂണ്ടിക്കാണിച്ച് ദേശീയപാത അതോറിറ്റി എതിർപ്പ് പ്രകടിപ്പിച്ചപ്പോൾ ദേശീയപാത-66-ന്റെ വീതിക്കൂട്ടൽ പ്രവൃത്തിക്കായുള്ള ഭൂമിയേറ്റെടുക്കലിന് ആവശ്യമായി വരുന്ന തുകയുടെ 25 ശതമാനം തുക സംസ്ഥാന ഗവൺമെന്റ് വഹിക്കാമെന്ന് ബഹു. മുഖ്യമന്ത്രി ഉറപ്പ് നൽകിയാണ് പ്രവൃത്തി ആരംഭിക്കുന്ന സാഹചര്യം ഒരുക്കിയത്.

കിഫ്ബി ഫണ്ടിൽനിന്ന് ഇതിനാവശ്യമായ തുക അനുവദിക്കാൻ സംസ്ഥാന സർക്കാർ തീരുമാനിക്കുകയും ചെയ്തു. ദേശീയപാത-66-ന്റെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് ഇതുവരെ കിഫ്ബി ഫണ്ട് ഉപയോഗിച്ച് 5580,73,80,076/- രൂപ സംസ്ഥാന വിഹിതമായി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. ഇതോടൊപ്പം വിഴിഞ്ഞം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിന് ഭൂമിയേറ്റെടുക്കലിന്റെ തുകയുടെ 50 ശതമാനം, സർവീസ് റോഡുകളുടെ നിർമ്മാണത്തിന് ആവശ്യമായ തുക എന്നിവ അനുവദിക്കാനും നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം റോയൽറ്റി എന്നിവ സംസ്ഥാന ബാധ്യതയായി ഏറ്റെടുക്കാനും മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്. 1,629.24 കോടി രൂപയുടെ ബാധ്യതയാണ് സംസ്ഥാനം ഏറ്റെടുക്കുന്നത് അതോടൊപ്പം കൊല്ലം-ചെങ്കോട്ട ദേശീയപാത-744, എറണാകുളം ബൈപ്പാസ് എന്നിവയുടെ നിർമ്മാണത്തിൽ ചരക്ക് സേവന നികുതി വിഹിതം റോയൽറ്റി എന്നിവ ഒഴിവാക്കി സംസ്ഥാനത്തിന്റെ ബാധ്യതയായി ഏറ്റെടുക്കുവാനും തീരുമാനിച്ചിട്ടുണ്ട്. കൊല്ലം-ചെങ്കോട്ട പാത വികസനത്തിൽ 317.35 കോടി രൂപയുടെയും എറണാകുളം ബൈപ്പാസിൽ 424 കോടി രൂപയുടെയും ബാധ്യതയാണ് സംസ്ഥാനത്തിന് ഉണ്ടാകുക.

(ബി) സംസ്ഥാനത്തെ ദേശീയപാത വികസന പ്രവൃത്തികൾ നിലവിലെ സർക്കാരിന്റെ ഇച്ഛാശക്തിയോടെയുള്ള ഇടപെടലിലൂടെയും കൃത്യമായ ഏകോപനത്തിലൂടെയും പുനരാരംഭിച്ചതിന്റെ പുരോഗതി അറിയിക്കാമോ?

സംസ്ഥാനത്തെ ദേശീയപാത-66 ന്റെ വികസനത്തിൽ വലിയ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ 492.64 കിലോമീറ്റർ ദേശീയപാത പൂർണ്ണമായും

ആറുവരിയായി വികസിപ്പിച്ചുകഴിഞ്ഞു. വികസിപ്പിക്കുന്ന ഭാഗങ്ങൾ ഗതാഗതത്തിനായി തുറന്നുകൊടുക്കുകയും ചെയ്തു. മലപ്പുറം ജില്ലയിലെ രണ്ട് സ്ട്രെച്ചുകളും കാസർഗോഡ്, കോഴിക്കോട് ജില്ലയിലെ ഓരോ സ്ട്രെച്ചുകളും ആറുവരിയായി വികസിപ്പിച്ച് സുഗമ ഗതാഗതം സാധ്യമാക്കി കഴിഞ്ഞു.

ദേശീയപാതകളുടെ വികസനം അവലോകനം ചെയ്യുന്നതിനും വിവിധ വകുപ്പുകളുടെ ഏകോപനം ഉറപ്പുവരുത്തുന്നതിനും പൊതുമരാമത്ത് വകുപ്പ് സെക്രട്ടറി/ചീഫ് സെക്രട്ടറി/പൊതുമരാമത്ത് വകുപ്പുമന്ത്രി/മുഖ്യമന്ത്രി തലങ്ങളിൽ നിശ്ചിത ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്താറുണ്ട്.

ദേശീയപാത അതോറിറ്റി നേരിട്ട് നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) തിരുവനന്തപുരം ഔട്ടർ റിങ് റോഡ്, എറണാകുളം ബൈപാസ് തുടങ്ങിയ വൻകിട ദേശീയപാതാ പദ്ധതികൾക്കായി കിഫ്ബിവഴി ആയിരക്കണക്കിന് കോടി രൂപ അനുവദിച്ചുകൊണ്ട് അടിസ്ഥാന സൗകര്യവികസനത്തിൽ നടത്തുന്ന നിക്ഷേപങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തിന്റെ വിശാലമായ വികസന താൽപര്യങ്ങൾ പരിഗണിച്ച് സംസ്ഥാനത്ത് NHAI നടപ്പിലാക്കുന്ന ദേശീയപാത പ്രവൃത്തികളിൽ സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തം ഉറപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നാവായിക്കുളം വിഴിഞ്ഞം ഔട്ടർ റിങ് റോഡ് നിർമ്മാണത്തിനാവശ്യമായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭൂമിയേറ്റെടുക്കാനുള്ള തുകയുടെ 50 ശതമാനം, സർവീസ് റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ തുക, നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതിയിലെ സംസ്ഥാന വിഹിതം/റോയൽറ്റി എന്നിവ വേണ്ടെന്ന് വയ്ക്കുക എന്നീ വ്യവസ്ഥകൾ ഉൾപ്പെട്ട ത്രികക്ഷി കരാർ ഒപ്പുവയ്ക്കുന്നതിന് സംസ്ഥാനം അനുമതി നൽകിയിട്ടുണ്ട്. ഇതുമൂലം 1,629.24 കോടി രൂപയുടെ ബാധ്യത പ്രതീക്ഷിക്കുന്നു.

കൊല്ലം ചെങ്കോട്ട ദേശീയപാത-744 നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതവും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റി ഇനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വരുമാനവും വേണ്ട എന്ന് വയ്ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഈ ഇനത്തിൽ ആകെ 317.35 കോടി രൂപ സംസ്ഥാനത്തിന്റെ ബാധ്യതയായി ഏറ്റെടുക്കേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു.

എറണാകുളം ബൈപാസ് (ദേശീയപാത 544) നിർമ്മാണത്തിന്റെ ഭാഗമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതവും നിർമ്മാണ വസ്തുക്കളുടെ റോയൽറ്റിയും ഒഴിവാക്കിയാൽ സംസ്ഥാനത്തിന് 424 കോടി രൂപയുടെ ബാധ്യതയാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ ദേശീയപാത അതോറിറ്റി ഭാവിയിൽ കേരളത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾക്ക് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന ചരക്ക് സേവന നികുതി വിഹിതം/റോയൽറ്റി എന്നിവ വേണ്ട എന്ന് വയ്ക്കുന്നത് സംബന്ധിച്ച് ദേശീയപാത അതോറിറ്റിയുമായി കരാർ ഒപ്പുവയ്ക്കുന്നതിനും സംസ്ഥാനം തീരുമാനമെടുത്തിട്ടുണ്ട്.

പീപ്പിൾസ് റസ്റ്റ് ഹൗസ്

12 (*103) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ പീപ്പിൾസ് റസ്റ്റ് ഹൗസ് എന്ന പേരിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തതിലൂടെ സർക്കാർ സേവനങ്ങളുടെ ജനാധിപത്യവൽക്കരണം ഏത് രീതിയിയിൽ സാധ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ പൊതുമരാമത്ത് റസ്റ്റ് ഹൗസുകൾ 2021 നവംബർ 1 മുതൽ "പീപ്പിൾസ് റസ്റ്റ് ഹൗസ്" എന്ന പേരിൽ പൊതുജനങ്ങൾക്കായി തുറന്നു നൽകിയിട്ടുണ്ട്. പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതി ആരംഭിച്ചതോടെ ഓൺലൈനിലൂടെ മുറികൾ കുറഞ്ഞ വാടകയിൽ ബുക്ക് ചെയ്യുന്നതിനും താമസിക്കുന്നതിനും സാധാരണ ജനങ്ങൾക്ക് സാധ്യമാണ്. പൊതുമരാമത്ത് വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റ് മുഖാന്തരം എല്ലാ വിശ്രമ കേന്ദ്രങ്ങളിലും ഓൺലൈൻ ബുക്കിംഗ് സൗകര്യം ഒരുക്കുകയും സംസ്ഥാനതലത്തിൽ ഏകോപനത്തിനായി തിരുവനന്തപുരത്ത് ഹെൽപ് ഡെസ്ക് (CCR- Centralized Control Room) സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

വിശ്രമ കേന്ദ്രങ്ങളിൽ, resthouse.pwd.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന മുറികൾ ബുക്ക് ചെയ്യുന്നതിനും അതിന്റെ വാടക ഓൺലൈൻ ആയി അടയ്ക്കുന്നതിനും വേണ്ട സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, ബുക്ക് ചെയ്ത മുറികൾ ആവശ്യമില്ലാത്തപക്ഷം

ഓൺലൈൻ മുഖേന തന്നെ ബുക്കിങ് റദ്ദാക്കുന്നതിനും ബന്ധപ്പെട്ട വാടകത്തുക തിരികെ ലഭിക്കുന്നതിനും സൗകര്യമൊരുക്കിയിട്ടുണ്ട്. പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പരാതികളും അഭിപ്രായങ്ങളും ഓൺലൈൻ ആയി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യവും പൊതുമരാമത്ത് വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

ഇത്തരത്തിൽ പുതുതായി സൗകര്യങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്ക് ഏറ്റവും മികച്ച സൗകര്യങ്ങളുള്ള മുറികൾ കുറഞ്ഞ നിരക്കിൽ ഓൺലൈൻ മുഖേന വളരെ എളുപ്പത്തിൽ ബുക്ക് ചെയ്ത് ഉപയോഗിക്കാൻ സാധിക്കുന്നുണ്ട്.

(ബി) റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സംവിധാനം ഏർപ്പെടുത്തിയതിനുശേഷം നാളിതുവരെ ഉണ്ടായിട്ടുള്ള വരുമാന വർധനവ് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പീപ്പിൾസ് റസ്റ്റ് ഹൗസ് പദ്ധതിയുടെ ഭാഗമായി പൊതുജനങ്ങൾ പ്രസ്തുത സൗകര്യം ഉപയോഗപ്പെടുത്തിയതിന്റെ വിശദാംശം അറിയിക്കാമോ?

(ബി&സി) റസ്റ്റ് ഹൗസുകളിൽ ഓൺലൈൻ ബുക്കിങ് സംവിധാനം ആരംഭിച്ചതിനോടൊപ്പം മികച്ച ഭൗതിക സൗകര്യങ്ങളോടെ പൊതുജനങ്ങൾക്ക് വിശ്രമ കേന്ദ്രങ്ങൾ ലഭ്യമാക്കിയതുവഴി റസ്റ്റ് ഹൗസുകളുടെ വരുമാനത്തിൽ ഗണ്യമായ വർധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. 2021 നവംബർ 1 മുതൽ 2026 ജനുവരി 26 വരെ ആകെ 5,26,288 ബുക്കിങുകൾ വഴി 32,28,02,406/- രൂപ വാടകയിനത്തിൽ വരുമാനമായി ലഭിച്ചിട്ടുണ്ട്.

(ഡി) റസ്റ്റ് ഹൗസുകളിൽ ഭക്ഷണ സൗകര്യം ഉറപ്പാക്കുന്നതിനായി കാന്റീനുകൾ ആരംഭിക്കുന്നതിലെ പുരോഗതി വിശദമാക്കാമോ?

കാന്റീൻ സൗകര്യം വികസിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ ഘട്ടംഘട്ടമായി തുടർന്നുവരുന്നതാണ്. ഓപ്പറേറ്റർമാരുടെ ലഭ്യതയും പ്രായോഗിക സാഹചര്യങ്ങളും പരിഗണിച്ച് റസ്റ്റ് ഹൗസുകളിൽ കാന്റീൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള തുടർനടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസുകളിലെ കാന്റീൻ സൗകര്യങ്ങളുടെ നിലവിലെ സ്ഥിതിവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഇ) കേരളത്തിന് പുറത്തുള്ള പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിന് പുറത്ത് സ്ഥിതി ചെയ്യുന്നതും പൊതുമരാമത്ത് കെട്ടിട വിഭാഗം, കൊല്ലം കാര്യാലയത്തിന്റെ നിയന്ത്രണത്തിൽ ഉൾപ്പെടുന്നതുമായ കുറ്റാലം പാലസ് സമഗ്രമായി നവീകരിച്ച് ഓൺലൈൻ ബുക്കിങ് സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് താമസ സൗകര്യത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. കേരള പാലസ് കുറ്റാലം മെയിൻ പാലസ്, പാലസ് അനക്സ്, അമ്മവക നാലുകെട്ട്, ക്ലബ് ലെയിൻ, സ്കോർപ്പിയോൺ ഹാൾ, ടിൻ കോട്ടേജ്, സ്കോർപ്പിയോ ബിൽഡിങ്, സെക്രട്ടറി ക്വാർട്ടേഴ്സ്, സൂപ്രണ്ട് പാലസ്, കോട്ടേജ്-1, 2, 3 എന്നിവ ഉൾപ്പെടെ ആകെ 11 കെട്ടിടങ്ങളുടെ പുനരുദ്ധാരണത്തിനായി 225 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. റിസപ്ഷൻ ബ്ലോക്കിനായി പുതിയ കെട്ടിടം നിർമ്മിച്ചിട്ടുള്ളതും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിലൂടെ പൊതുജനങ്ങൾക്ക് താമസസൗകര്യം ലഭ്യമാക്കിയിട്ടുള്ളതുമാണ്. പാലസും അനുബന്ധ കെട്ടിടങ്ങളും CCTV ക്യാമറ നിരീക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതും വൈദ്യുതി തടസ്സം നേരിടുന്നതിനായി ജനറേറ്റർ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ഥാപിച്ചിട്ടുള്ളതും പൊതുജനങ്ങൾക്ക് നൽകുന്ന മുറികളിൽ നാല് എണ്ണം പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്തവയുമാണ്.

നേറ്റിവിറ്റി കാർഡ്

13 (*104) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾ ഉൾപ്പെടെയുള്ള കേരളീയർക്ക് നേറ്റിവിറ്റി കാർഡ് ലഭ്യമാക്കേണ്ട സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. നിലവിൽ സംസ്ഥാനത്ത് ജനിച്ചുവളർന്ന സ്വദേശിയാണെന്ന് സാക്ഷ്യപ്പെടുത്തി സംസ്ഥാന സർക്കാർ നേറ്റിവിറ്റി സർട്ടിഫിക്കറ്റ് അനുവദിച്ചുവരുന്നുണ്ട്. ഒരു പ്രത്യേക സംസ്ഥാനത്ത് താമസിക്കുന്ന വ്യക്തി ആ സംസ്ഥാനത്ത് ജനിച്ചുവളർന്ന സ്വദേശിയാണെന്ന് സാക്ഷ്യപ്പെടുത്തി ബന്ധപ്പെട്ട സംസ്ഥാന സർക്കാർ നൽകുന്ന രേഖയാണ് നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. ഇന്ത്യൻ യൂണിയന്റെയോ സംസ്ഥാനത്തിന്റെയോ ഏതെങ്കിലും നിയമത്തിലൂടെ നിഷ്കർഷിക്കപ്പെട്ടതോ അതിലൂടെ നിയമപിൻബലമുള്ളതോ ആയ രേഖയല്ല നിലവിലുള്ള നേറ്റിവിറ്റി സർട്ടിഫിക്കറ്റ്. ഈ സർട്ടിഫിക്കറ്റിന് ഏതെങ്കിലും നിയമത്തിന്റെ പിൻബലമില്ലെന്ന് ബോധ്യപ്പെട്ടിട്ടുള്ളതിനാലാണ് സംസ്ഥാനത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസാവശ്യങ്ങൾക്കും ക്ഷേമ പെൻഷനുകൾക്കും മറ്റെല്ലാവിധ ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതിലേക്കായി നിയമപ്രാബല്യമുള്ള നേറ്റിവിറ്റി കാർഡ് നൽകുന്നതിന്

സർക്കാർ തീരുമാനിച്ചിട്ടുള്ളത്. പല ആവശ്യങ്ങൾക്കും നേറ്റിവിറ്റി സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന സാഹചര്യമുള്ളതിനാലാണ് നിയമത്തിന്റെ പിൻബലമുള്ള നേറ്റിവിറ്റി കാർഡ് നൽകണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

(ബി) ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന കേരളീയർക്ക് പൊതു സ്വീകാര്യതയുള്ള നേറ്റിവിറ്റി കാർഡ് ലഭ്യമാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജീവിക്കുന്ന ജന്മം കൊണ്ട് കേരളീയനായ ഏതൊരു വ്യക്തിക്കും നേറ്റിവിറ്റി കാർഡിന് അർഹത ഉണ്ടായിരിക്കും. ഒരു ഭാരതീയനായിരിക്കുന്നതോടൊപ്പം തന്നെ ഒരു കേരളീയനുമാണ് എന്ന അഭിമാനബോധം ജനിപ്പിക്കത്തക്കവിധം രൂപകൽപന ചെയ്തതായിരിക്കും ഈ കാർഡ്. നേറ്റിവിറ്റി കാർഡിലൂടെ ഒരാൾ ജന്മം കൊണ്ട് കേരളീയനാണ് എന്ന് സാക്ഷ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. കേരളത്തിനുള്ളിൽ ജനിച്ച ആളുകൾക്ക് മാത്രമല്ല, കേരളത്തിന് പുറത്ത് ജനിച്ച വ്യക്തികൾക്കും ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി നേറ്റിവിറ്റി കാർഡിന് അപേക്ഷിക്കാവുന്നതാണ്.

i. മാതാപിതാക്കൾ രണ്ടുപേരും കേരളത്തിൽ ജനിച്ചു വളർന്നവരാണെങ്കിൽ;

ii. മാതാപിതാക്കളിൽ ഒരാൾ കേരളത്തിൽ ജനിച്ചുവളർന്നയാളും മറ്റെയാൾ ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്ത് ജനിച്ചുവളർന്നയാളും ആകുകയും വിവാഹശേഷം രണ്ടുപേരും കേരളത്തിൽ സ്ഥിരതാമസക്കാരായിരിക്കുകയും ചെയ്താൽ.

(സി) നേറ്റിവിറ്റി കാർഡിൽ ഓരോ പൗരനെയും സംബന്ധിക്കുന്ന എന്തെല്ലാം

വിവരങ്ങളാണ് ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദീകരിക്കുമോ?

നേറ്റിവിറ്റി കാർഡിൽ ഓരോ പൗരന്റെയും പേര്, ജനന വർഷം, സ്വദേശി പദവി, മാതാപിതാക്കളുടെ പേരുവിവരം, സ്ഥിര മേൽവിലാസം, റേഷൻ കാർഡ് നമ്പർ (ആവശ്യമെങ്കിൽ), ആധാർ കാർഡ് നമ്പർ (ആവശ്യമെങ്കിൽ), ഇലക്ഷൻ ഐ.ഡി. കാർഡ് ഇവയെല്ലാം ഉൾപ്പെടുത്തി നേറ്റിവിറ്റി കാർഡ് രൂപകൽപന ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) കേരളത്തിനുപുറത്ത് താമസിക്കുന്ന ദമ്പതികൾക്ക് അവിടെവച്ച് ജനിക്കുന്ന കുട്ടികൾക്ക് നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നതിന് ഓൺലൈൻ സംവിധാനം ഒരുക്കുമോ; വിശദമാക്കുമോ?

കേരളത്തിന് പുറത്ത് താമസിക്കുന്ന ദമ്പതികൾക്ക് അവിടെവച്ച് ജനിക്കുന്ന കുട്ടികൾക്ക് സർക്കാർ ഉത്തരവുകൾക്ക്/നിർദേശങ്ങൾക്ക് വിധേയമായി നേറ്റിവിറ്റി കാർഡിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനുമുള്ള ഓൺലൈൻ സംവിധാനം ഇ-ഡിസ്ട്രിക്ട് പോർട്ടലിൽ ഏർപ്പെടുത്തുന്നതാണ്. നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നതിനുള്ള വിവിധ ഘട്ടങ്ങൾ താഴെ കൊടുക്കുന്നു.

1. ഇ-ഡിസ്ട്രിക്ട് പോർട്ടൽവഴി അപേക്ഷകൻ വില്ലേജ് ഓഫീസർക്ക് അപേക്ഷ സമർപ്പിക്കുന്നു.

2. അപേക്ഷയിൻമേൽ വില്ലേജ് ഓഫീസർ അന്വേഷണം നടത്തുന്നു.

3. വില്ലേജ് ഓഫീസർ അന്വേഷണ റിപ്പോർട്ട് സഹിതം അപേക്ഷ തഹസീൽദാർക്ക് അയയ്ക്കുന്നു.

4. അപേക്ഷയും വില്ലേജ് ഓഫീസറുടെ റിപ്പോർട്ടും പരിശോധിച്ച് നേറ്റിവിറ്റി കാർഡ് അനുവദിക്കാവുന്ന കേസുകളിൽ തഹസിൽദാർ നേറ്റിവിറ്റി കാർഡ് അനുവദിക്കുന്നു.

(ഇ) സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നേറ്റിവിറ്റി കാർഡ് തിരിച്ചറിയൽ രേഖയായി പരിഗണിക്കുമോ; വിശദീകരിക്കുമോ?

സംസ്ഥാന സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് നേറ്റിവിറ്റി കാർഡ് ഒരു ഉപഭോക്തൃ തിരിച്ചറിയൽ രേഖയായി പരിഗണിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു.

പിഎം ശ്രീ പദ്ധതി

14 (*105) ശ്രീ. സജീവ് ജോസഫ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിരുന്നോ; എങ്കിൽ കാരണം വിശദമാക്കാമോ?

പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പുവച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ കേരളം (SSK) പദ്ധതി 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. ഈ പദ്ധതിക്ക് 2023-24 വർഷം രണ്ടാം ഗഡു കേന്ദ്ര വിഹിതം ലഭിച്ചതിനുശേഷം പ്രസ്തുത വർഷം ലഭിക്കേണ്ട ബാക്കി രണ്ടുഗഡു കേന്ദ്ര വിഹിതവും 2024-25 വർഷം ലഭിക്കേണ്ടിയിരുന്ന കേന്ദ്ര വിഹിതം പൂർണമായും കേന്ദ്ര സർക്കാർ

അനുവദിച്ചില്ല. 2025-26 വർഷം ലഭിക്കേണ്ട കേന്ദ്ര വിഹിതവും 2025 ഒക്ടോബർ 23 വരെ ലഭിച്ചിട്ടില്ല. മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാമെന്നുള്ള ധാരണാപത്രം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാനം ഒപ്പിടാത്തതിനാലാണ് എസ്.എസ്.കെ. പദ്ധതിക്ക് ലഭിക്കേണ്ട കേന്ദ്ര വിഹിതം തടഞ്ഞുവച്ചത്. ഇതുകാരണം എസ്.എസ്.കെ. ജീവനക്കാരുടെ ശമ്പളം, കട്ടികൾക്ക് ലഭിക്കാനുള്ള സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഭിന്നശേഷി വിഭാഗം കട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ, വിവിധ ആനുകൂല്യങ്ങൾ, ട്രാൻസ്പോർട്ട് അലവൻസ്, റസിഡൻഷ്യൽ ഹോസ്റ്റലുകളിലെ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, പഠന പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കുവരെ പ്രയാസം നേരിട്ട സാഹചര്യത്തിൽ ബൃഹത്തായ പദ്ധതിയായ സമഗ്ര ശിക്ഷാ കേരളത്തിന് രണ്ടുവർഷത്തെ കേന്ദ്രവിഹിതത്തിന്റെ കടിശ്ശികയും 2025-26 വർഷത്തെ കേന്ദ്രവിഹിതവും ലഭിക്കുന്നതിനുവേണ്ടി പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽനിന്നും സർക്കാർ പിന്മാറിയിട്ടുണ്ടോ; എങ്കിൽ മന്ത്രിസഭ ഉപസമിതി യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിലാണോ പദ്ധതിയിൽനിന്നും പിന്മാറിയതെന്ന് വ്യക്തമാക്കാമോ?

പിഎം ശ്രീ പദ്ധതി നിലവിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടില്ല.

(സി) പിഎം ശ്രീ പദ്ധതിയിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കത്തിന്റെ വിശദാംശം

നൽകാമോ?

പിഎം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധന ആവശ്യമായതിനാൽ ആ വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു കാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. പ്രസ്തുത കാബിനറ്റ് സബ് കമ്മിറ്റി കാബിനറ്റിന് മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ചുമാത്രമേ പിഎം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുവെന്നും അതുവരെ പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റിവച്ചിരിക്കുകയാണെന്നും 12-11-2025-ലെ കത്തുമുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ തീരുമാനം കൈക്കൊണ്ടതായി സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

തീരുമാനം കൈക്കൊണ്ടതായി സംസ്ഥാനത്തെ കേന്ദ്ര സർക്കാർ അറിയിച്ചിട്ടില്ല.

സി.എം. കിഡ്സ് സ്കോളർഷിപ്പ്

15 (*106) ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേരുമാറ്റി

സി.എം. കിഡ്സ് സ്കോളർഷിപ്പ് എന്ന പേരിൽ പുതിയ പദ്ധതിയായി അവതരിപ്പിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ?

2025-26-ലെ സംസ്ഥാന ബജറ്റ് പ്രഖ്യാപനം പ്രകാരമാണ് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് സി.എം. കിഡ്സ് സ്കോളർഷിപ്പ് എന്ന പേരിൽ മാറ്റാൻ തീരുമാനിച്ചത്.

(ബി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പദ്ധതികളുടെ പേര് മാറ്റി പുതിയ പദ്ധതിയായി അവതരിപ്പിച്ചപ്പോൾ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

എൽ.എസ്.എസ്./യു.എസ്.എസ്. പരീക്ഷാ മാനദണ്ഡങ്ങളിൽ പ്രധാനമായും രണ്ടു മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്.

1. പരീക്ഷയുടെ പേരുകൾ സി.എം. കിഡ്സ് സ്കോളർഷിപ്പ് (എൽ.പി.), സി.എം. കിഡ്സ് സ്കോളർഷിപ്പ് (യു.പി.) എന്നിങ്ങനെ പുനർനാമകരണം ചെയ്യുക.
2. ഓരോ വർഷവും സ്കോളർഷിപ്പ് നേടുന്ന കുട്ടികളുടെ എണ്ണം നിശ്ചയിക്കുന്നതിന് ആവശ്യമായ കട്ട് ഓഫ് മാർക്ക് അതതു വർഷം പരീക്ഷാ ബോർഡ് യോഗം ചേർന്ന് തീരുമാനിക്കുക.

(സി) എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് വിതരണത്തിലെ കുടിശ്ശിക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി 2024-25 വർഷം മുതൽ എൽ.എസ്.എസ്./യു.എസ്.എസ്. പോർട്ടൽ മുഖേനയാണ് കുട്ടികളുടെ വിവരങ്ങൾ

ശേഖരിച്ചുവരുന്നത്. ഈ പോർട്ടൽ മുഖേന 2024-25 വർഷം ഏകദേശം മുപ്പത് കോടി രൂപ കുടിശ്ശികയിനത്തിൽ വിതരണം ചെയ്തു. എന്നാൽ പോർട്ടലിലെ വിവരങ്ങൾ രേഖപ്പെടുത്തിയതിൽ വന്ന പിഴവുകൾ കാരണം ഒട്ടേറെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇപ്രകാരം പിഴവുകൾ വന്ന എൻട്രികൾ തിരുത്തിയാൽ മാത്രമേ കൃത്യമായ കടിശ്ശിക കണക്ക് ലഭിക്കുകയുള്ളൂ.

കാരവാൻ ടൂറിസം

16 (*107) ശ്രീ. എ. രാജ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി കെ.:
ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരവാൻ ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കേരളത്തിലെ ടൂറിസം മേഖലയിൽ ഒരു കുതിച്ചുചാട്ടമുണ്ടാക്കാൻ ടൂറിസം വകുപ്പ് നടപ്പിലാക്കിയ നവീന പദ്ധതിയാണ് കാരവാൻ ടൂറിസം. പ്രധാനമായും രണ്ട് ഘടകങ്ങളാണ് കാരവാൻ ടൂറിസം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്: 1. ടൂറിസം കാരവാനുകൾ, 2. കാരവാൻ പാർക്കുകൾ.

ടൂറിസം കാരവാനുകൾ: വിനോദസഞ്ചാരികൾക്ക് യാത്രയ്ക്കും താമസത്തിനും വിശ്രമത്തിനുംവേണ്ടി പ്രത്യേകം തയ്യാറാക്കിയ വാഹനങ്ങളിൽ-കാരവാനുകളിൽ തങ്ങൾക്ക് പ്രിയപ്പെട്ടതും അതോടൊപ്പം ഇതേവരെ അറിയപ്പെടാത്തതുമായ

വിനോദസഞ്ചാരകേന്ദ്രങ്ങളിലേക്ക് യാത്രചെയ്യാനും കേരളത്തിന്റെ മനോഹരമായ പ്രകൃതിഭംഗി ആസ്വദിക്കാനും യാത്രാനുഭവം നുകരാനും സാധിക്കും. പകൽസമയത്ത് സഞ്ചരിക്കാനും രാത്രികാലങ്ങളിൽ താമസിക്കാനുംവേണ്ട എല്ലാവിധ അത്യാധുനിക സൗകര്യങ്ങളോടെയുമാണ് കാരവാനുകൾ സജ്ജീകരിച്ചിരിക്കുന്നത്.

കാരവാൻ പാർക്കുകൾ: യാത്രചെയ്യുന്ന വിനോദസഞ്ചാരികൾക്ക് കാരവാൻ പാർക്ക് ചെയ്യാനും രാത്രിയോ, പകലോ ചെലവിടാനും ആ വിനോദസഞ്ചാരകേന്ദ്രം ആസ്വദിക്കാനുംവേണ്ടി തയ്യാറാക്കുന്ന നിർദ്ദിഷ്ട സ്ഥലങ്ങളായിട്ടാണ് കാരവാൻ പാർക്കുകൾ വിഭാവനം ചെയ്തിരിക്കുന്നത്. ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച, തൊഴിലവസരങ്ങൾ, പ്രാദേശിക വികസനം തുടങ്ങി സുസ്ഥിരമായ നിരവധി അവസരങ്ങൾ കാരവാൻ പാർക്കുകളിലൂടെ സാധ്യമാകും.

കാരവാൻ പദ്ധതി സംസ്ഥാന വ്യാപകമായാണ് വിഭാവനം ചെയ്തിട്ടുള്ളത്. അതിന്റെ ഭാഗമായി കാരവാൻ ടൂറിസം നയം അംഗീകരിച്ച് മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 08-10-2021-ലെ സ.ഉ.(കൈ)നം.18/2021/TSM പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ പദ്ധതി സ്വകാര്യ മേഖലയുടെ സഹകരണത്തോടെയും വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയും നടപ്പാക്കുന്നു. എല്ലാ മേഖലകൾക്കും ഗുണം ലഭിക്കത്തക്ക രീതിയിൽ വികേന്ദ്രീകൃതമായാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ബി) കാരവാൻ പാർക്ക്, കാരവാൻ സർക്യൂട്ട്, കാരവാൻ ഓപ്പറേറ്റേഴ്സ് ലൈസൻസ് തുടങ്ങിയ സംവിധാനങ്ങളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്ത് ഇതിനകം 13 കാരവാനുകൾ വിനോദസഞ്ചാരികൾക്കായി സർവീസ്

തുടങ്ങുകയും രണ്ട് കാരവാൻ പാർക്കുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്. കാസർഗോഡ് ബേക്കലും എറണാകുളത്ത് ബോൾഗാട്ടി പാലസ് ഹോട്ടലിലും കാരവാൻ പാർക്കുകൾ തുടങ്ങുന്നതിന് കെ.ടി.ഡി.സി.-ക്ക് അനുമതി നൽകിയിരുന്നു. എറണാകുളം ബോൾഗാട്ടി പാലസിൽ കാരവാൻ പാർക്കിന്റെ നിർമ്മാണം ഇതിനോടകം പൂർത്തിയായിട്ടുണ്ട്.

കാരവാൻ സർക്യൂട്ട്, കാരവാൻ ഓപ്പറേറ്റേഴ്സ് ലൈസൻസ് തുടങ്ങിയ സംവിധാനങ്ങൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരുന്നു.

(സി) കാരവാൻ ടൂറിസം പദ്ധതിയിൽ സ്വകാര്യ നിക്ഷേപകരുടെയും ഹോംസ്റ്റേ/റിസോർട്ട് ഓപ്പറേറ്റർമാരുടെയും പങ്കാളിത്തം ഉറപ്പാക്കാനായി പ്രഖ്യാപിച്ചിട്ടുള്ള സബ്സിഡികളും ഇളവുകളും വിശദമാക്കാമോ; സംസ്ഥാനത്ത് എത്രപേർ ഈ പദ്ധതിക്കായി അപേക്ഷിച്ചിട്ടുണ്ടെന്നും അതിൽ എത്രപേർക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കാരവാൻ ടൂറിസം നയം അംഗീകരിച്ച് മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 08-10-2021-ലെ G.O.(MS) No.18/2021/TSM പ്രകാരം ഉത്തരവായിട്ടുണ്ട്. നിലവിൽ കാരവാൻ വാങ്ങുന്ന സംരംഭകർക്ക് മുതൽമുടക്കിന്റെ 15% അല്ലെങ്കിൽ പരമാവധി 7.5 ലക്ഷം രൂപ ഏതാണോ കുറവ് ആയത് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നു. കൂടാതെ 24-11-2022-ലെ G.O.(P) No.34/2022/Trans. പ്രകാരം ടൂറിസം വകുപ്പുമായി കരാറിലേർപ്പെട്ടിരിക്കുന്ന കാരവാനുകൾക്ക് ത്രൈമാസ നികുതിയിൽ 50% ഇളവ് മോട്ടോർ വാഹന വകുപ്പ് ലഭ്യമാക്കുന്നുണ്ട്.

സംസ്ഥാനത്ത് കാരവാൻ ടൂറിസവുമായി ബന്ധപ്പെട്ട് കാരവാൻ വാങ്ങി വിനോദസഞ്ചാര വകുപ്പുമായി കരാറിൽ ഏർപ്പെട്ട 14 സംരംഭകർക്ക് 7.5 ലക്ഷം രൂപ വച്ച്

സബ്സിഡി നിലവിൽ നൽകിയിട്ടുണ്ട്. കൂടാതെ 04-11-2025-ലെ സ.ഉ.(കൈ)നം.20/2025/TSM പ്രകാരം കാരവാൻ ടൂറിസം നയത്തിൽ ക്യാമ്പർവാനുകളെകൂടി ഉൾപ്പെടുത്തി സബ്സിഡി പദ്ധതി ക്യാമ്പർവാനുകളിലേക്കും വിപുലീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സബ്സിഡി കാലാവധി 31-12-2025-ന് അവസാനിച്ചിട്ടുണ്ട്. ആയതിന്റെ കാലാവധി പുതുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

(ഡി) കാരവാൻ ടൂറിസം സംസ്ഥാനത്ത് ആരംഭിച്ചതിനുശേഷം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള തൊഴിലവസരം, വരുമാനം, ടൂറിസ്റ്റുകളുടെ വരവ് എന്നീ കാര്യങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

നൂതനമായ ടൂറിസം ഉൽപന്നമെന്ന നിലയിൽ പുതുതായി ആവിഷ്കരിച്ച കാരവാൻ ടൂറിസത്തിന് കൂടുതൽ സഞ്ചാരികളെ പ്രത്യേകിച്ച് വിദേശ സഞ്ചാരികളെ കൂടുതലായി കേരളത്തിലേക്ക് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകം തയ്യാറാക്കിയ കാരവാനുകളിൽ യാത്ര ചെയ്യാനും സുരക്ഷിതമായ കാരവാൻ പാർക്കുകളിൽ താമസിക്കാനും സൗകര്യമൊരുക്കുന്ന കാരവാൻ പദ്ധതിക്ക് വേണ്ടത്ര പ്രചരണം നൽകുന്നതിനായി Keravan Kerala-Caravan Tourism Promotion എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പുതിയ ടൂറിസം സംരംഭമെന്ന നിലയിൽ കാരവാൻ പദ്ധതിയുടെ വരവ് തൊഴിലവസരങ്ങളും വർധിപ്പിച്ചിട്ടുണ്ട്.

ഡിസൈൻ പോളിസി ടൂറിസം

17 (*108) ശ്രീ. പി. പി. സുമോദ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. ഡി. കെ. മുരളി:

ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പൊതുമരാമത്ത് വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന ഡിസൈൻ പോളിസി ടൂറിസം വികസനത്തിന് എങ്ങനെയെല്ലാമാണ് സഹായകരമാകുന്നതെന്ന് വിശദമാക്കാമോ?

നമുക്കുചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗനിർദേശക ചട്ടക്കൂടാണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി. കെട്ടിടങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ, തെരുവോരങ്ങൾ, സ്ട്രീറ്റ് ഫർണിച്ചറുകൾ, ലാൻഡ്സ്കേപ്പിങ് തുടങ്ങി എല്ലാ ഘടകങ്ങളെയും ഉൾക്കൊള്ളുന്നതാണ് രൂപകൽപന നയം. ഇതിന്റെ ഭാഗമായി സന്ദർശകർക്ക് നല്ല അനുഭവങ്ങൾ പ്രദാനം ചെയ്യുക, ജനകേന്ദ്രീകൃതമായ ടൂറിസം കേന്ദ്രങ്ങളുടെ വികസനം, സന്ദർശകർക്ക് പുതിയ കാഴ്ചാനുഭവങ്ങൾ സമ്മാനിക്കൽ, നല്ല ടൂറിസം കേന്ദ്രങ്ങൾ വളർത്തിയെടുക്കൽ, എല്ലാവർക്കും എത്തിച്ചേരാവുന്നതും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തൽ, പുതിയ ലാൻഡ്മാർക്കുകൾ സൃഷ്ടിക്കൽ, പൈതൃക കെട്ടിടങ്ങളുടെ സംരക്ഷണം, ഉന്നതനിലവാരമുള്ള അടിസ്ഥാനസൗകര്യങ്ങളുടെ വികസനം, ഉത്തരവാദിത്ത ടൂറിസം സമന്വയിപ്പിക്കൽ മുതലായവ വഴി ഒരു മേഖലയുടെ സമഗ്രമായ വികസനത്തിന് ആവശ്യമായ ചട്ടക്കൂട് ഒരുക്കാൻ ഡിസൈൻ പോളിസി സഹായകരമാകും.

ഡിസൈൻ പോളിസിയുടെ ഭാഗമായി ഒരുക്കിയ ROB-കൾക്ക് കീഴിലെ വീ-പാർക്ക് പദ്ധതി വലിയ സ്വീകാര്യത നേടി. കൊല്ലത്ത് ആരംഭിച്ച പദ്ധതി ടൂറിസം വികസനത്തിന് സഹായകരമായി. കൂടുതൽ വി-പാർക്കുകൾ ആരംഭിക്കാൻ ഇത് സഹായകരമാണ്.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ഏകീകരണം സാധ്യമാകുന്നതിന് ഡിസൈൻ പോളിസി സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഡിസൈൻ പോളിസി എന്നത് വിവിധ പ്രദേശങ്ങൾ/മേഖലകൾ/നിർമ്മിതികൾ മുതലായവ രൂപകൽപന ചെയ്തെടുക്കുന്നത് സംബന്ധിച്ച ഒരു പൊതുവായ ചട്ടക്കൂടാണ്. കേരളം എന്ന സമഗ്രമായ അനുഭവം സന്ദർശകർക്ക് ഉളവാക്കാൻ ഇത് സഹായകരമാണ്.

(സി) വിനോദസഞ്ചാര മേഖലയിലെ പഴയ കെട്ടിടങ്ങൾ നവീകരിക്കുമ്പോൾ അവയുടെ പൈതൃകത്തനിമ നിലനിർത്തിക്കൊണ്ടുള്ള ഡിസൈൻ ഉറപ്പാക്കാൻ പ്രസ്തുത പോളിസിയിൽ എന്തെല്ലാം വ്യവസ്ഥകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

പൈതൃക കെട്ടിടങ്ങൾ സംരക്ഷിക്കുകയും നവീകരിക്കുകയും ചെയ്യുന്നത് സംബന്ധിച്ച് ഒരു പ്രത്യേക വിഭാഗം തന്നെ ഡിസൈൻ പോളിസിയുടെ ഭാഗമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. പരമ്പരാഗത നിർമ്മാണ വസ്തുക്കളുടെ ഉപയോഗം, നിർമ്മാണരീതികൾ മുതലായവ പ്രോത്സാഹിപ്പിക്കുക, ആവശ്യമായ പരിശീലനം നൽകുക, പൈതൃക കെട്ടിടങ്ങൾ, മേഖലകൾ, രീതികൾ മുതലായവ ഡിജിറ്റൈസ് ചെയ്യുക, ഈ മേഖലയിലെ പ്രവർത്തനങ്ങൾക്കായി ഹെറിറ്റേജ് ഫണ്ട് വകയിരുത്തുക തുടങ്ങി വിവിധ നിർദ്ദേശങ്ങൾ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട്.

(ഡി) ഗ്രാമീണ ടൂറിസം പദ്ധതികളിൽ ഡിസൈൻ പോളിസി നടപ്പിലാക്കുമ്പോൾ പ്രാദേശിക തനിമയും കലകളും കെട്ടിട നിർമ്മാണത്തിൽ ഉൾപ്പെടുത്താൻ പദ്ധതികളുണ്ടോ?

പ്രാദേശിക ടൂറിസം പദ്ധതികളിൽ തനതായ നിർമ്മാണരീതികളും പ്രാദേശിക നിർമ്മാണവസ്തുക്കളും പ്രോത്സാഹിപ്പിക്കുക, ഡിസൈൻ സംബന്ധിച്ച തീരുമാനങ്ങളിൽ പ്രാദേശിക പങ്കാളിത്തം ഉറപ്പുവരുത്തുക തുടങ്ങി ഇതുമായി ബന്ധപ്പെട്ട മാർഗനിർദേശങ്ങൾ ഡിസൈൻ പോളിസിയുടെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

റവന്യൂ വകുപ്പിന്റെ ഓൺലൈൻ സംവിധാനം

18 (*109) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) പ്രവാസികൾക്ക് സംസ്ഥാനത്തെ ഭൂനികുതിയും മറ്റ് നികുതികളും അടയ്ക്കാൻ റവന്യൂ വകുപ്പ് സജ്ജമാക്കിയിട്ടുള്ള ഓൺലൈൻ സംവിധാനത്തിന്റെ വിശദാംശം നൽകാമോ;

(ബി) വിദേശ രാജ്യങ്ങളിലുള്ളവർക്ക് നാട്ടിലെ റവന്യൂ സേവനങ്ങൾ എളുപ്പമാക്കുന്നതിനായി റവന്യൂ വകുപ്പ് മുന്നോട്ടുവയ്ക്കുന്ന മൂന്ന് പ്രധാന ദർശനങ്ങൾ (വിഷൻ) എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ ഭൂനികുതിയും (Land Tax) മറ്റ് നികുതികളും ഓൺലൈനായി അടവാക്കുന്നതിന് റവന്യൂ വകുപ്പിന്റെ റിലീസ് പോർട്ടലിൽ (https://revenue.kerala.gov.in) ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഭൂനികുതി, ഒറ്റത്തവണ കെട്ടിട നികുതി,

അധികനികുതി തുടങ്ങിയവ പോർട്ടലിൽ ഒരുക്കിയിട്ടുള്ള നെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ. തുടങ്ങിയ ഡിജിറ്റൽ പേമെന്റ് മാർഗങ്ങൾ ഉപയോഗിച്ച് അടയ്ക്കുന്നതിന് സാധിക്കുന്നതാണ്. വില്ലേജ് ഓഫീസുകളിൽനിന്നും ഓൺലൈനായി ലഭ്യമാകുന്ന വിവിധ സേവനങ്ങൾക്ക് അടവാക്കുന്ന മറ്റ് ഫീസുകളും ഇതുവഴി അടവാക്കാവുന്നതാണ്.

കൂടാതെ, ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ, പ്രവാസികൾ ഉൾപ്പെടെ ഏതൊരു പൗരനും ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനും ഭൂസംബന്ധമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമായി റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളുടെ സംയുക്ത പോർട്ടലായ 'എന്റെ ഭൂമി' (Integrated Land Information Management System - ILIMS) പോർട്ടൽ സംസ്ഥാനത്ത് നിലവിൽ പ്രവർത്തിച്ചുവരുന്നു.

മേൽപ്പരാമർശിച്ചിട്ടുള്ള റവന്യൂ സേവനങ്ങൾ യു.എസ്.എ., യു.കെ., കാനഡ, സിങ്കപ്പൂർ, സൗദി അറേബ്യ, യു.എ.ഇ., ഒമാൻ, ഖത്തർ, കുവൈറ്റ്, ബഹറിൻ തുടങ്ങിയ 10 വിദേശ രാജ്യങ്ങളിലുള്ള കേരളത്തിലെ പ്രവാസികൾക്കും ലഭ്യമാക്കിയിട്ടുള്ളതാണ്.

(സി) വിദേശത്തുള്ള ഒരാൾക്ക് തന്റെ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകളും മാപ്പുകളും പരിശോധിക്കാൻ സഹായിക്കുന്ന ഏകീകൃത പോർട്ടലിന്റെ വിവരങ്ങൾ വിശദമാക്കാമോ?

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ, റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ വിവിധ ഭൂസേവനങ്ങൾ സംയോജിപ്പിച്ച് സംസ്ഥാന സർക്കാർ "എന്റെ ഭൂമി" എന്ന ഏകീകൃത ഡിജിറ്റൽ പോർട്ടൽ രൂപീകരിച്ചിരിക്കുന്നു. വിവിധ വകുപ്പുകളിൽ നിലനിൽക്കുന്ന ഭൂമി വിവരങ്ങളെ ഏകോപിപ്പിച്ച്, പൊതുജനങ്ങൾക്ക് സുതാര്യവും കാര്യക്ഷമവും സമയബന്ധിതവുമായ സേവനങ്ങൾ ഉറപ്പാക്കുകയാണ് ഈ

സംവിധാനത്തിന്റെ പ്രധാന ലക്ഷ്യം.

ഈ പോർട്ടലിലൂടെ ഡിജിറ്റൽ സർവെ നടപ്പാക്കിയ വില്ലേജുകളിലെ ഭൂസേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതോടെ, സംസ്ഥാനത്തിനകത്തും വിദേശത്തും താമസിക്കുന്ന വ്യക്തികൾക്കും ഒരുപോലെ സേവനങ്ങൾ പ്രയോജനപ്പെടുത്താൻ സാധ്യമാകുന്നു. ഇതിലൂടെ ഭൂമിയുമായി ബന്ധപ്പെട്ട നടപടികൾ ലളിതമാക്കുകയും ഭരണപരമായ കാര്യക്ഷമത വർധിപ്പിക്കുകയും ചെയ്യുന്നു.

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ 'എന്റെ ഭൂമി' (ILIMS) പോർട്ടൽ വഴി ലഭ്യമാകുന്ന പ്രധാന സേവനങ്ങൾ ചുവടെ ചേർക്കുന്നു:

- ഡിജിറ്റൽ സർവെയ്ക്ക് മുമ്പുള്ള വസ്തുക്കളുടെ സ്കെച്ച് വിവരങ്ങൾ ഓൺലൈനായി തിരയുന്നതിനും അവ നിർദേശിക്കപ്പെട്ട നിശ്ചിത തുക ഒടുക്കി ഡൗൺലോഡ് ചെയ്ത് എടുക്കുന്നതിനുമുള്ള സൗകര്യം.
- ഡിജിറ്റൽ സർവെ നടക്കുന്ന വില്ലേജുകളിൽ ഭൂപരാതികൾ ഉള്ളവ ജനറൽ കംപ്ലയിന്റ്, ഒറിജിനൽ കംപ്ലെയിന്റ് (OLC) വഴി പരിഹരിക്കാനുള്ള അവസരം.
- സെക്ഷൻ 9(2) പ്രസിദ്ധീകരിച്ച് ഒരു മാസക്കാലയളവിൽ അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) വഴി പരാതി ഓൺലൈനായി പരിഹരിക്കാൻ സൗകര്യം.
- ഭൂവുടമകൾക്ക് ഭൂമിയെക്കുറിച്ചുള്ള ഫോം 50 വിവരങ്ങൾ, ലാൻഡ് പാർസൽ മാപ്പ്, ഡിജിറ്റൽ സർവെ അധിഷ്ഠിതമാക്കിയുള്ള എല്ലാ രേഖകളും പരിശോധിക്കാനുള്ള സൗകര്യം എന്നിവ ഓൺലൈനായി ലഭ്യമാക്കുന്നു.

- ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിൽ റവന്യൂ, സർവെ, രജിസ്ട്രേഷൻ വകുപ്പുകളുടെ സംയോജിത പോർട്ടലായ (ILIMS)-ന്റെ ഭാഗമായ 'എന്റെ ഭൂമി' പോർട്ടൽ വഴി ഭൂവുടമസ്ഥന് ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടിക്രമങ്ങളും ഒരൊറ്റ പോർട്ടലിലൂടെ പൂർത്തിയാക്കാൻ കഴിയുന്നു. ഭൂമിയുടെ രജിസ്ട്രേഷൻ കഴിഞ്ഞാലുടൻ ഇതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും - രജിസ്ട്രേഷൻ ഡീഡ്, റവന്യൂ റെക്കോർഡ്, ഡിജിറ്റൽ ലാൻഡ് പാർസൽ മാപ്പ് എന്നീ സേവനങ്ങൾ ഓൺലൈനായി ലഭിക്കുന്നു.
- കൂടാതെ, തണ്ടപ്പേർ സർട്ടിഫിക്കറ്റ്, പ്രീ മ്യൂട്ടേഷൻ സ്കെച്ച്, ബാധ്യതാ സർട്ടിഫിക്കറ്റ്, ഭൂമിയുടെ ന്യായവില, ടെംപ്ലേറ്റ് അടിസ്ഥാനമാക്കിയുള്ള ഭൂമി രജിസ്ട്രേഷൻ, പോക്ക് വരവ്, ഭൂപരിപാലനം, ഭൂനികുതി അടയ്ക്കുന്നതിനുള്ള സൗകര്യം, ലൊക്കേഷൻ സ്കെച്ച്, മുൻ സർവെ റെക്കോർഡുകളുടെ വിതരണം, ഡിജിറ്റൽ സർവെ മാപ്പ്, ലാൻഡ് ഐഡന്റിഫിക്കേഷൻ തുടങ്ങിയ സേവനങ്ങളും 'എന്റെ ഭൂമി' സംയോജിത പോർട്ടലിൽ ലഭ്യമാകും.

(ഡി) സുസ്ഥിര റവന്യൂ മാതൃക കെട്ടിപ്പടുക്കുന്നതിലൂടെ പ്രവാസികൾക്ക് ലഭിക്കുന്ന പ്രധാന ഗുണങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

"സേവനങ്ങൾക്ക് ദൂരപരിധിയില്ല" എന്ന സങ്കൽപം യാഥാർത്ഥ്യമാക്കുന്നതാണ് ഭൂസേവനങ്ങളുടെ സമ്പൂർണ ഡിജിറ്റലൈസേഷൻ. ഇതിന്റെ ഭാഗമായി ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളുമായി ബന്ധപ്പെട്ട ആവശ്യമായ ഭൂമി രേഖകൾ ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും ഓൺലൈൻ സംവിധാനങ്ങളിലൂടെ എളുപ്പത്തിലും സമയബന്ധിതമായും ലഭ്യമാക്കാൻ സാധിക്കുന്നു. ഇതുവഴി പ്രവാസികൾ ഉൾപ്പെടെയുള്ള പൗരന്മാർക്ക്

സേവനങ്ങൾക്കായി നേരിട്ട് സർക്കാർ ഓഫീസുകളെ ആശ്രയിക്കേണ്ട സാഹചര്യം ഗണ്യമായി കുറയുകയും ഇടനിലക്കാരുടെ ഇടപെടൽ ഫലപ്രദമായി ഒഴിവാക്കുകയും ചെയ്യുന്നു. സുതാര്യതയും നിയമസുരക്ഷയും ഉറപ്പാക്കുന്നതോടൊപ്പം സമയം, യാത്രാചെലവ് തുടങ്ങിയവയിൽ ലാഭം കൈവരിക്കാൻ ഈ സംവിധാനം സഹായകമാണ്. ഇതിന്റെ സമഗ്രഫലമായി സർക്കാർ സേവനങ്ങളോടുള്ള പൊതുജന വിശ്വാസം വർധിക്കുകയും ഭരണസംവിധാനത്തിന്റെ കാര്യക്ഷമതയും സ്ഥിരതയും മെച്ചപ്പെടുകയും ചെയ്യുന്നു.

കൂടാതെ, റവന്യൂ വകുപ്പ് പ്രവാസികൾക്കായി 'പ്രവാസി മിത്രം' എന്ന പേരിൽ ഓൺലൈൻ പരാതി പരിഹാര സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റവന്യൂ സർവെ വകുപ്പുകളുടെ സേവനങ്ങളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങളോ പരാതികളോ ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട പരാതികൾ ഇതുവഴി പ്രവാസികൾക്ക് ഓൺലൈനായി നൽകുന്നതിനും അവയുടെ തൽസ്ഥിതി അറിയുന്നതിനും കഴിയുന്നതാണ്.

ദൂരപരിധി കണക്കാക്കി സ്കൂളുകൾ ആരംഭിക്കാൻ നടപടി

19 (*110) ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഒരു കിലോമീറ്റർ പരിധിയിൽ എൽ.പി. സ്കൂളുകളോ മൂന്ന് കിലോമീറ്റർ പരിധിയിൽ യു.പി. സ്കൂളുകളോ ഇല്ലാത്ത പ്രദേശങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) മലപ്പുറം ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് ഇപ്രകാരം സ്കൂളുകൾ ഇല്ലാത്തതായി കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(ഡി) മലപ്പുറം ജില്ലയിലെ എളാമ്പ്രയിൽ എൽ.പി. സ്കൂൾ വേണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; എങ്കിൽ എന്നത്തേക്ക് സ്കൂൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) കേരളത്തിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനായി വിവിധ സ്കൂൾ മാനേജ്മെന്റുകൾ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.3060/2014-ഉം അനുബന്ധ കേസുകളിന്മേലുള്ള 18-06-2015-ലെ വിധിന്യായത്തിലൂടെ, പുതിയ സ്കൂളുകൾ തുടങ്ങുന്നതിനും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള അപേക്ഷകൾ വിദ്യാഭ്യാസ അവകാശ നിയമത്തിലെ (RTE Act) വ്യവസ്ഥകൾക്കനുസൃതമായാണോ കൈകാര്യം ചെയ്യുന്നതെന്ന് ഉറപ്പുവരുത്താൻ ബഹു. കോടതി സർക്കാരിനോട് നിർദ്ദേശിച്ചു. പ്രസ്തുത കോടതിവിധിയുടെ അടിസ്ഥാനത്തിൽ, വിദ്യാഭ്യാസ ആവശ്യങ്ങളുള്ള പ്രദേശങ്ങൾ കണ്ടെത്തുന്നതിനായി സർവ്വ ശിക്ഷാ അഭിയാന്റെ സഹായത്തോടെ സ്കൂൾ മാപ്പിങ് നടത്തിയതിൽ അത്യന്താപേക്ഷിതമായ വിദ്യാഭ്യാസ ആവശ്യങ്ങളുള്ള നാല് പ്രദേശങ്ങൾ മാത്രമാണുള്ളതെന്നും കണ്ടെത്തുകയുണ്ടായി.

കേരളത്തിൽ ദൂരപരിധി മാത്രം പരിഗണിച്ച് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതോ പുതിയവ തുടങ്ങുന്നതോ പ്രായോഗികമല്ല. എന്നിരുന്നാലും കുട്ടികൾക്ക് അടുത്തുള്ള സ്കൂളുകളിൽ എത്തിച്ചേരുന്നതിന് പ്രയാസം നേരിടുന്നുവെന്ന് കണ്ടെത്തിയ 82 പ്രദേശങ്ങളിൽ തദ്ദേശ

സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഗതാഗത സൗകര്യം ഏർപ്പെടുത്തിക്കൊണ്ട് 09-06-2017-ലെ G.O.(Rt)No.1813/2017/GEDN പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. കുമാരി ശ്രേയാ വിനോദ് Vs DPI (2012(4) KHC 49) എന്ന കേസിൽ സ്കൂളുകൾ തുടങ്ങുന്നത് ദൂരപരിധി മാത്രം നോക്കിയാകരുത് എന്നും കുട്ടികൾക്ക് സുരക്ഷിതമായി യാത്ര ചെയ്യാൻ സാധിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തിയാൽ മതിയാകുമെന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്. ലാഭകരമല്ലാത്ത സ്കൂളുകളുടെ (uneconomic schools) എണ്ണം വർധിപ്പിക്കാൻ സ്കൂൾ അപ്ഗ്രഡേഷൻ കാരണമാകരുത് എന്നും കോടതി നിരീക്ഷിച്ചിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ മഞ്ചേരി ഉപജില്ലയുടെ പരിധിയിൽപ്പെട്ട ഏളാമ്പ്ര പ്രദേശത്ത് സർക്കാർ മേഖലയിൽ എൽ.പി. സ്കൂൾ സ്ഥാപിക്കുന്നത് സംബന്ധിച്ച വിഷയവും സർക്കാർ പരിശോധിച്ചുവരികയാണ്.

പാട്ടക്കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി

20 (*111) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ വകയിൽ ആയിരം കോടി രൂപയോളം പിരിഞ്ഞുകിട്ടാനുണ്ടെന്ന് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പാട്ടവുമായി ബന്ധപ്പെട്ട 31-03-2022-ന് അവസാനിച്ച സി.&എ.ജി. കംപ്ലയൻസ്

ഓഡിറ്റ് റിപ്പോർട്ട് (Report No.3 of the year 2023) ചാപ്റ്റർ 2-ലെ ഖണ്ഡിക 2.1.22-ൽ 338.85 കോടി രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ളതായി ജില്ലാ കളക്ടർമാർ കണക്ക് നൽകിയിട്ടുള്ളതാണെന്ന് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. അതേ ഖണ്ഡികയിൽ പാട്ടക്കരാർ പുതുക്കാത്തതുമൂലം 11 കേസുകളിലായി 254.14 കോടി രൂപ കുടിശ്ശിക ഉള്ളതായും ഖണ്ഡിക 2.1.32-ൽ 49 കേസുകളിലായി 166.71 കോടി രൂപ കോടതി സ്റ്റേയിലാണ് എന്നും പരാമർശമുണ്ട്.

(ബി) നിലവിൽ പാട്ടനിരക്ക് നിശ്ചയിക്കുന്നത് എപ്രകാരമാണ്; പാട്ടത്തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ നിമിത്തമാണ് പാട്ടത്തുകയിൽ കുടിശ്ശിക വരുത്തുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

മുനിസിപ്പൽ കോർപ്പറേഷനിൽ 28-01-2016-ലെ ജി.ഒ. (പി) നം. 64/2016/ആർ.ഡി. പ്രകാരവും പഞ്ചായത്ത് പ്രദേശത്ത് 06-02-2016-ലെ ജി.ഒ. (എം.എസ്) നം. 96/2016/ആർ.ഡി. പ്രകാരവും കമ്പോള വിലയുടെ നിശ്ചിത ശതമാനം അടിസ്ഥാനത്തിലാണ് ഭൂമി പാട്ടത്തിന് അനുവദിക്കാറുള്ളത്. പാട്ടത്തുക നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ നിമിത്തമാണ് പാട്ടത്തുകയിൽ കുടിശ്ശിക വരുത്തുന്നതെന്ന് സർക്കാർ വിലയിരുത്തിയിട്ടില്ല. എന്നാലും പാട്ടത്തുക പുനർനിശ്ചയിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പാട്ടക്കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക്

വരുത്താത്തതിനാലുള്ള പാട്ടക്കുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായിട്ടുള്ളതും ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്.

സ്കൂളുകളിൽ എ.ഐ. ലാബുകളും ക്ലബ്ബുകളും

21 (*112) ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സ്കൂളുകളിൽ എ.ഐ. ലാബുകളും ക്ലബ്ബുകളും ആരംഭിച്ചതിലൂടെ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ വിശദമാക്കാമോ?

2024-25 അധ്യയന വർഷം മുതൽ കൈറ്റിന്റെ നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യത പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനവും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നൽകുന്നുണ്ട്. ഏഴ്, എട്ട്, ഒൻപത് ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകങ്ങളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസും പത്താം ക്ലാസിൽ റോബോട്ടിക്സും എ.വി.ജി.സി. (അനിമേഷൻ, വിഷ്വൽ ഇഫക്ട്സ്, ഗെയിമിങ്, കോമിക്സ്) സംവിധാനങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിന്റെ ഫലമായി സാങ്കേതികവിദ്യയോടുള്ള പുതുതലമുറയുടെ ആഭിമുഖ്യം ഗുണപരമായും സർഗാത്മകമായും

വർധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കൂടാതെ പ്രോഗ്രാമിങ്, ഇലക്ട്രോണിക്സ്, റോബോട്ടിക്സ് ഐ.ഒ.ടി., ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ മേഖലകളിൽ പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് കൂടുതൽ അറിവ് നേടുന്നതിനും സഹായിക്കുന്നു.

(ബി) കോവിഡ് കാലത്ത് കുട്ടികളുടെ പഠനം തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകാൻ ഫസ്റ്റ് ബെൽ പദ്ധതി സഹായിച്ചത് എങ്ങനെയാണെന്ന് വിശദമാക്കാമോ?

കോവിഡ്-19 ലോക്ഡൗൺ പ്രതിസന്ധികൾ കാരണം സ്കൂളുകൾ തുറന്നു പ്രവർത്തിക്കാൻ കഴിയാതിരുന്നപ്പോഴാണ് 'ഫസ്റ്റ് ബെൽ' എന്ന പേരിൽ ഡിജിറ്റൽ സങ്കേതങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ക്ലാസുകൾ 2020-21 ൽ ആരംഭിച്ചത്. ഇത് ക്ലാസ് മുറിയിൽ നടക്കേണ്ട പഠന പ്രവർത്തനങ്ങൾക്ക് പകരമല്ലെങ്കിലും കോവിഡ് കാലയളവിൽ കുട്ടികളുടെ പഠനം തടസ്സപ്പെടാതിരിക്കുന്നതിന് സഹായകമായി. മുൻകൂട്ടി പ്രഖ്യാപിക്കുന്ന സമയങ്ങളിലാണ് ഓരോ ക്ലാസിലേയ്ക്കുമുള്ള സംപ്രേഷണം കൈറ്റ് വിക്ടേഴ്സ് ചാനലിലൂടെ നടത്തിയിരുന്നത്. സംപ്രേഷണം ചെയ്യുന്ന പാഠഭാഗങ്ങൾ തത്സമയം വീക്ഷിക്കുന്നതിന് അവസരം ലഭിക്കാത്ത കുട്ടികൾക്കുവേണ്ടി പുനഃസംപ്രേഷണവും കൈറ്റ് വിക്ടേഴ്സിന്റെ വെബിലും മൊബൈൽ ആപ്പിലും സോഷ്യൽ മീഡിയ പേജുകളിലും മറ്റും ലഭ്യമാക്കിയിരുന്നു. വീട്ടിൽ ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ, സ്കൂളുകളിലെ ലാപ്ടോപ്, ഇന്റർനെറ്റ് സൗകര്യം തുടങ്ങിയവ ഉപയോഗപ്പെടുത്തുന്നതിന് സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. ഏതെങ്കിലും കുട്ടികൾക്കോ പ്രദേശത്തോ ക്ലാസുകൾ കാണുന്നതിന് പ്രയാസം നേരിട്ടാൽ പ്രഥമാധ്യാപകർ പി.ടി.എ.-യുടേയും ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടേയും

കുടുംബശ്രീ യൂണിറ്റുകളുടേയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിരുന്നു. സംസ്ഥാന സിലബസ് പിന്തുടരുന്ന ഒരു കുട്ടിയ്ക്കുപോലും (വീട്ടിൽ ടി.വി.-യും സ്മാർട്ട് ഫോണും ഇന്റർനെറ്റും ഒന്നുമില്ലാത്ത) ക്ലാസുകൾ കാണാൻ സാധിക്കാത്ത സാഹചര്യം പൂർണമായും ഒഴിവാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹായിച്ചിരുന്നു.

(സി) ഡിജിറ്റൽ ഡിവൈഡ് മറികടക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഡിജിറ്റൽ ഡിവൈഡ് ഇല്ലാതെ പൊതുവിദ്യാലയങ്ങളിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും സാങ്കേതികവിദ്യാ പഠനം ഒരുപോലെ ലഭ്യമാക്കുന്നതിനുള്ള പദ്ധതികളാണ് കിഫ്ബി ധനസഹായത്തോടെ കൈറ്റ് നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ്, വിദ്യാകിരണം, റോബോട്ടിക് ലാബ് പദ്ധതികൾ. കോവിഡ് കാലയളവിൽ വീട്ടിൽ ടി.വി., ഇന്റർനെറ്റ് തുടങ്ങിയ സൗകര്യങ്ങളില്ലാത്ത കുട്ടികൾക്ക് ക്ലാസ് കാണുന്നതിനായി അടുത്ത് താമസിക്കുന്ന സഹപാഠിയുടെയോ അയൽ വീടുകളിലേയോ ഗ്രന്ഥശാലകൾ/അക്ഷയ കേന്ദ്രങ്ങൾ, ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം സ്കൂളുകൾക്ക് ലഭ്യമാക്കിയ ലാപ്ടോപ്, ഇന്റർനെറ്റ് സൗകര്യം, തൊട്ടടുത്ത സ്കൂളുകളിൽ സൗകര്യം ഏർപ്പെടുത്തൽ തുടങ്ങി സാധ്യമായ എല്ലാ ക്രമീകരണങ്ങളും ഒരുക്കിയിരുന്നു. സ്കൂളിൽ ലഭ്യമായ ഉപകരണങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തുന്നതിന് കൈറ്റ് പ്രത്യേക സർക്കുലറും പുറപ്പെടുവിച്ചിരുന്നു. പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പഠനപരിപാടി 'ഫസ്റ്റ് ബെൽ' എല്ലാ കുട്ടികൾക്കും ലഭ്യമാക്കുന്നതിന് തദ്ദേശഭരണ

സ്ഥാപനങ്ങളുടെയും കുടുംബശ്രീ യൂണിറ്റുകളുടെയും സഹായം പ്രയോജനപ്പെടുത്തുന്നതിനും നിർദേശം നൽകിയിരുന്നു.

ഡിജിറ്റൽ ഡിവൈഡ് ഇല്ലാതെ പട്ടികവർഗ വിഭാഗം കുട്ടികൾക്കും ലഭിക്കുന്നതിനായി ലൈബ്രറി ബുക്ക് വിതരണം ചെയ്യുന്ന രീതിയിൽ ലാപ്ടോപ് കുട്ടികൾക്ക് വീടുകളിലേക്ക് നൽകിയിരുന്നു. കൂടാതെ ഹൈടെക് പദ്ധതിയുടെ ഭാഗമായി വിതരണം ചെയ്ത ഐ.ടി. ഉപകരണങ്ങളും ഇതിനായി ഉപയോഗിക്കുന്നതിന് പ്രത്യേക ക്രമീകരണവും ഒരുക്കിയിരുന്നു.

(ഡി) സംസ്ഥാനത്തെ സ്കൂളുകളിൽ ഏകദേശം എത്ര ലാപ്ടോപ്പുകളും പ്രൊജക്ടറുകളുമാണ് ഇതുവരെ വിന്യസിക്കാൻ കഴിഞ്ഞിട്ടുള്ളതെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

കൈറ്റിന്റെ നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും (16008) നടപ്പിലാക്കിയ ഹൈടെക് സ്കൂൾ പദ്ധതി പ്രകാരം 135551 ലാപ്ടോപ്പുകളും 69945 പ്രൊജക്ടറുകളും അനുബന്ധ ഐ.ടി. ഉപകരണങ്ങളും വിന്യസിച്ചു. കൂടാതെ വിദ്യാകിരണം പദ്ധതിയുടെ ഭാഗമായി 47673 ലാപ്ടോപ്പുകളും വിന്യസിച്ചിട്ടുണ്ട്.

(ഇ) സ്വതന്ത്ര സോഫ്റ്റ്വെയർ അധിഷ്ഠിത പഠനം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഗുണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഉപയോക്താവിന് വിവിധ സ്വാതന്ത്ര്യങ്ങൾ അനുവദിച്ചുനൽകുന്ന സോഫ്റ്റ്വെയറുകളെയാണ് സ്വതന്ത്ര സോഫ്റ്റ്വെയറുകൾ എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രോഗ്രാമുകൾ ഏതാവശ്യത്തിനും എത്ര കമ്പ്യൂട്ടറിലും ഇൻസ്റ്റാൾ

ചെയ്ത് ഉപയോഗിക്കാൻ സ്വതന്ത്ര സോഫ്റ്റ്വെയർ ലൈസൻസ് പ്രകാരം അനുവാദമുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയറിനോടൊപ്പം അതിന്റെ സോഴ്സ് കോഡ് (നിർമ്മാണ രേഖ) കൂടി ലഭിക്കും എന്നതിനാൽ ആ പ്രോഗ്രാം എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് അറിയാൻ കഴിയും. കൂടാതെ വിവിധ ആവശ്യങ്ങൾക്ക് അതിനെ മാറ്റുന്നതിനും മെച്ചപ്പെടുത്തുന്നതിനും മറ്റുള്ളവർക്ക് കൈമാറുന്നതിനും സാധിക്കും. സോഫ്റ്റ്വെയറിന്റെ നിർമ്മാണ രേഖ എന്നത് അറിവാണ്. അറിവ് എല്ലാവർക്കും സ്വതന്ത്രമായി ലഭിക്കേണ്ടതാണ്. നമ്മുടെ വിദ്യാർത്ഥികൾക്ക് സാങ്കേതികവിദ്യ സ്വന്തമായി പഠിക്കാനും പഠിച്ചുവളരാനും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലൂടെ സാധിക്കും. മൾട്ടിമീഡിയ, ഗ്രാഫിക്സ്, പ്രോഗ്രാമിങ് റോബോട്ടിക്സ്, നിർമ്മിതബുദ്ധി, ഡി.ടി.പി. പോലുള്ള നൂതന സങ്കേതങ്ങൾ വരെ സംസ്ഥാന സ്കൂൾ കരിക്കുലത്തിന്റെ ഭാഗമാണ്. ഇതിനാവശ്യമായ സോഫ്റ്റ്വെയർ സങ്കേതങ്ങൾ സ്വതന്ത്ര ലൈസൻസിൽ ലഭ്യമായതുകൊണ്ട് മാത്രമാണ് അവയെല്ലാം ചേർത്ത് KITE GNU/Linux എന്ന ഓപ്പറേറ്റിങ് സിസ്റ്റം കൈറ്റിന് സ്വന്തമായി വികസിപ്പിക്കാനും നൂതന സങ്കേതങ്ങൾ വരെ സ്കൂൾ പാഠ്യപദ്ധതിയുടെ ഭാഗമാക്കാനും കഴിഞ്ഞത്. സ്കൂൾപഠനത്തിനുശേഷം വീടുകളിലും വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും പുതിയ കാര്യങ്ങൾ പരിശീലിക്കാനും ഓപ്പറേറ്റിങ് സിസ്റ്റം ആവശ്യമാണ്. പ്രൊപ്രൈറ്ററി ലൈസൻസിന്റെ നൂലാമാലകളില്ലാത്ത ഓപ്പറേറ്റിങ് സിസ്റ്റമാണെങ്കിൽ മാത്രമേ വിദ്യാർത്ഥികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കാൻ സാധിക്കൂ. താൻ ഉപയോഗിക്കുന്ന സോഫ്റ്റ്വെയറുകളെക്കുറിച്ച് പഠിക്കാനും പുതിയ സോഫ്റ്റ്വെയർ സങ്കേതങ്ങൾ നിർമ്മിക്കാനും സ്വതന്ത്ര സോഫ്റ്റ്വെയർ പഠനത്തിലൂടെ വിദ്യാർത്ഥികൾക്ക് അവസരം

ലഭിക്കുന്നു.

സ്വതന്ത്ര സോഫ്റ്റ്വെയറിന്റെ മറ്റൊരു പ്രത്യേകത അത് നൽകുന്ന സുരക്ഷയാണ്. സോഫ്റ്റ്വെയർ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് മനസ്സിലാക്കാൻ കഴിയുന്നതുകൊണ്ട് സൈബർ സുരക്ഷാ ഭീഷണികളെ പെട്ടെന്ന് കണ്ടെത്താനും ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്താനും സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിക്കുന്നതിലൂടെ ലോകത്തെമ്പാടുമുള്ള കമ്പ്യൂട്ടർ പ്രോഗ്രാമർമാർക്ക് സാധിക്കുന്നു. പ്രൊപ്രൈറ്ററി സോഫ്റ്റ്വെയറുകളിൽ ഇത് കൂടുതൽ സമയമെടുക്കുന്നതും ചെലവേറിയതുമാണ്. നമ്മുടെ സ്കൂളുകളിൽ വിന്യസിച്ചിരിക്കുന്ന സ്വതന്ത്ര സോഫ്റ്റ്വെയർ സിസ്റ്റങ്ങളിൽ ഇതുവരെ വൈറസ് ആക്രമണംമൂലമുള്ള സുരക്ഷാ ഭീഷണി ഉണ്ടായിട്ടില്ലെന്നത് പ്രത്യേകം എടുത്തുപറയേണ്ടതാണ്.

ഐ.ടി.@സ്കൂൾ സ്കീം കേരളത്തിൽ വിജയകരമായി രാജ്യത്തിനുതന്നെ മാതൃകയാകുന്ന രീതിയിൽ നടപ്പിലാക്കാൻ കഴിഞ്ഞത് സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ചതുകൊണ്ടാണ്. ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ പ്രകാരം പൊതുവിദ്യാലയങ്ങളിൽ വിതരണം ചെയ്ത രണ്ടുലക്ഷത്തിലധികം ലാപ്ടോപ്പുകളിൽ സ്വതന്ത്ര സോഫ്റ്റ്വെയർ ഉപയോഗിച്ചതുകൊണ്ടുമാത്രം സംസ്ഥാനത്തിന് 3,000 കോടി രൂപയുടെ ലാഭമുണ്ടാക്കാനായത് അന്താരാഷ്ട്ര ശ്രദ്ധപിടിച്ചുപറ്റിയതാണ്. 2002-ൽ നീതി ആയോഗ് സി.ഇ.ഒ. ഉൾപ്പെടെ ഇക്കാര്യം ട്വീറ്റ് ചെയ്തിരുന്നു.

വിദ്യാർഥികൾക്ക് കൗൺസലിങ്

22 (*113) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ കൗമാരക്കാരുടെയും സാമൂഹിക വെല്ലുവിളികളും മാനസിക പ്രശ്നങ്ങളും ലഘൂകരിക്കുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനും സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വിശകലനവിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉണ്ട്. കുട്ടികളുടെയും യുവാക്കളുടെയും സമഗ്ര മാനസിക വികസനത്തിനും ലഹരി വിമുക്തമാക്കാനുമുള്ള സംയോജിത കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കുട്ടികൾക്കും യുവാക്കൾക്കും സുരക്ഷിതവും ആരോഗ്യകരവുമായ സാമൂഹിക അന്തരീക്ഷം ഒരുക്കുന്നതിന് സമഗ്രമായ പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. രാസലഹരി ഉപയോഗം, മാനസികാരോഗ്യ പ്രശ്നങ്ങൾ എന്നിവയ്ക്ക് പ്രാഥമിക ഇടപെടലുകൾ തയ്യാറാക്കി ഫലപ്രദമായ പരിഹാരങ്ങൾ ഒരുക്കുന്നതാണ് പ്രസ്തുത കർമ്മപദ്ധതിയുടെ ലക്ഷ്യം. ഓരോ കുട്ടിയുടെയും സവിശേഷ കഴിവുകൾ കണ്ടെത്തുന്നതിനോടൊപ്പം മാനസിക സുസ്ഥിതി നിലനിർത്തുക എന്നതും അത്യന്താപേക്ഷിതമാണ്. മേൽ ഘടകങ്ങളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിൽ ഹൈസ്കൂൾ അധ്യാപകർക്കും കൗൺസിലർമാർക്കും ഹയർ സെക്കൻഡറി വിഭാഗം സൗഹൃദ കോ-ഓർഡിനേറ്റർമാർ, വി.എച്ച്.എസ്.ഇ. വിഭാഗം കരിയർ മാസ്റ്റർമാർ, ഡയറ്റ് ഫാക്കൽറ്റികൾ എന്നിവർ അടങ്ങുന്ന മാസ്റ്റർ ട്രെയിനർമാരുടെ റിസോഴ്സ് ഗ്രൂപ്പ് രൂപീകരിച്ച് ആവശ്യമായ പരിശീലനം നൽകിയിട്ടുണ്ട്. തുടർന്ന് ജില്ലാതല പരിശീലനം (DRG) നടത്തുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വി.എച്ച്.എസ്.ഇ. വിഭാഗം സ്കൂളുകളിൽ കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിങ്

സെല്ലുകൾ പ്രവർത്തിച്ചുവരികയാണ്. വി.എച്ച്.എസ്.ഇ. വിഭാഗത്തിലെ ഒരു അധ്യാപകൻ/അധ്യാപികയ്ക്ക് ഇതിന്റെ ചുമതല നൽകുകയും ഡയറക്ടറേറ്റ് തലത്തിലെ കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിങ് സെല്ലിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തുവരികയാണ്. കൗമാരക്കാരായ വിദ്യാർഥികളുടെ മാനസിക പ്രശ്നങ്ങൾ ലഘൂകരിക്കുന്നതിനും സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനുമായി കൗൺസലിങ് ക്ലാസുകൾ, മെന്ററിങ് സപ്പോർട്ട്, ഡോക്ടർമാരുടെ ക്ലാസുകൾ, ആന്റി ഡ്രഗ് ക്യാമ്പയിനുകൾ എന്നിവ നടത്തിവരുന്നു. ആവശ്യമായ ഘട്ടങ്ങളിൽ സ്കൂൾ കൗൺസിലറുടെ സേവനം ഉപയോഗിക്കുന്നതിനും നിർദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗവ./എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളിലും സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നു. കൗമാരക്കാരുടെ ശാക്തീകരണത്തിനായാണ് സൗഹൃദ ക്ലബ്ബുകൾ പ്രവർത്തിച്ചുവരുന്നത്. സ്കൂളുകളിലെ ഒരു അധ്യാപകന്/അധ്യാപികയ്ക്ക് സൗഹൃദ കോ-ഓർഡിനേറ്റർമാരുടെ ചുമതല നൽകിവരുന്നു. സൗഹൃദ കോ-ഓർഡിനേറ്റർമാർക്ക് പ്രാഥമികമായി മൂന്നുദിവസത്തെ റസിഡൻഷ്യൽ പരിശീലനം (Introductory Training) നൽകിവരുന്നുണ്ട്. അതിൽ ഒരു session വിദ്യാർഥികളിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ടാണ്. വിദ്യാർഥികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതുമായി ബന്ധപ്പെട്ട് എന്തൊക്കെ ചെയ്യണമെന്നത് സൗഹൃദ കോ-ഓർഡിനേറ്റർമാരായ അധ്യാപകർക്ക് NIMHANS ബാംഗ്ലൂരിൽ നടക്കുന്ന വിദഗ്ധ പരിശീലനത്തിലും (Special Training for Souhrida Co-ordinators) ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പൊതു വിദ്യാലയങ്ങളിലെ വിദ്യാർഥികൾക്ക് മാനസിക സാമൂഹിക പിന്തുണ

ഉറപ്പാക്കുന്നതിന് വനിത-ശിശുവികസന വകുപ്പുമായി സഹകരിച്ച് കൂടുതൽ സൈക്കോ-സോഷ്യൽ കൗൺസലർമാരെ നിയമിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

നിലവിൽ വനിത-ശിശു വികസന വകുപ്പ് നിയമിച്ചിട്ടുള്ള 1012 സ്കൂൾ കൗൺസലർമാരാണ് സ്കൂളുകളിൽ സേവനമനുഷ്ഠിക്കുന്നത്. കൗൺസലർമാരുടെ എണ്ണം കുറവായതിനാൽ കൗൺസലിങ് സേവനങ്ങൾ നിലവിൽ മെച്ചപ്പെടുത്തുന്നതിന് പരിമിതിയുണ്ട്.

കൗമാരക്കാരായ പെൺകുട്ടികളുടെ സാമൂഹിക-മാനസികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് ഊന്നൽ നൽകിക്കൊണ്ട് വനിത ശിശു വികസന വകുപ്പുവഴി സർക്കാർ, എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന സ്കൂളുകളിൽ നടപ്പിലാക്കിവരുന്ന സൈക്കോ-സോഷ്യൽ സേവന പദ്ധതിയിൽ നിലവിൽ ഉൾപ്പെട്ട 1012 സ്കൂളുകളെ കൂടാതെ പുതിയതായി 1012 സ്കൂളുകളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും അതിനുവേണ്ടി 1012 സൈക്കോ-സോഷ്യൽ കൗൺസലർമാരെക്കൂടി നിയമിക്കുന്നതിനുള്ള പ്രൊപ്പോസൽ വനിത ശിശു വികസന വകുപ്പിന്റെ പരിഗണനയിലുണ്ട്.

കൂടാതെ വിദ്യാർഥികൾക്കായി കരിയർ ഗൈഡൻസ് ആൻഡ് കൗൺസലിങ് സെൽ, എൻ.എസ്.എസ്. എന്നിവയുടെ ആഭിമുഖ്യത്തിൽ വനിത-ശിശു ക്ഷേമ വികസന വകുപ്പുമായി ചേർന്ന് വിവിധ പ്രോഗ്രാമുകൾ നടത്തുന്നുണ്ട്.

(സി) സാമൂഹിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് ടെലിഫോണിലൂടെ കൗൺസലിങ് ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന

ഹെൽപ്പ് ലൈൻ സംവിധാനമൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

കുട്ടികളുടെ മാനസിക സമ്മർദം ലഘൂകരിക്കുന്നതിനായി വീ ഹെല്പ് എന്ന പേരിൽ ഒരു ടോൾ ഫ്രീ ടെലി-കൗൺസലിങ് സംവിധാനം ഒരുക്കാറുണ്ട്. ഇതുവഴി സമ്മർദം നേരിടുന്ന കുട്ടികൾക്ക് കൗൺസലിങ് ഉറപ്പുവരുത്തുന്നു.

(ഡി) പൊതു വിദ്യാലയങ്ങളിലെ കുട്ടികൾക്ക് സ്വതന്ത്രമായി കൗൺസലർമാരോട് സംസാരിക്കുന്നതിനും പ്രശ്നപരിഹാരം തേടുന്നതിനും എല്ലാ സ്കൂളുകളിലും മികച്ചതും സ്വകാര്യതയുള്ളതും സുരക്ഷിതവുമായ സംവിധാനമൊരുക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ വനിത ശിശു വികസന വകുപ്പ് നിയമിച്ചിട്ടുള്ള 1012 സ്കൂൾ കൗൺസലർമാരാണ് സ്കൂളുകളിൽ സേവനമനുഷ്ഠിച്ചുവരുന്നത്. ഇവരിലൂടെ കൗൺസലിങ് സേവനങ്ങൾ നൽകുകയും കുട്ടികളുടെ മാനസിക സമ്മർദത്തിനും പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്യുന്നു. സ്കൂളിലെ സ്ഥല ലഭ്യതയ്ക്കനുസരിച്ച് കൗൺസലിങ് റൂമുകളും കോർണറുകളും സജ്ജീകരിച്ചിട്ടുണ്ട്. വീ ഹെൽപ് എന്ന പേരിലുള്ള ടെലി കൗൺസലിങിലൂടെയും പ്രശ്നപരിഹാരം തേടുന്നതിന് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ടൂറിസം മേഖലയിലെ ഡിസൈൻ പോളിസി

23 (*114) ശ്രീ. എച്ച്. സലാം:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപ്പനയിലെ വെല്ലുവിളികൾ നേരിടുന്നതിനും

അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും ഡിസൈൻ പോളിസി എങ്ങനെയാണ് പ്രയോജനപ്പെടുന്നതെന്ന് വിശദമാക്കാമോ?

ടൂറിസം കേന്ദ്രങ്ങളുടെ രൂപകൽപനയിലെ വെല്ലുവിളികൾ നേരിടുന്നതിനും അവസരങ്ങൾ പ്രയോജനപ്പെടുത്തുന്നതിനും സഹായകരമാകുന്നതിനായുള്ള ഒരു മാർഗനിർദേശക ചട്ടക്കൂടാണ് രൂപകൽപന നയം അഥവാ ഡിസൈൻ പോളിസി. കെട്ടിടങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, തെരുവോരങ്ങൾ, സ്ട്രീറ്റ് ഫർണിച്ചറുകൾ, ലാൻഡ്സ്കേപ്പിങ് തുടങ്ങി എല്ലാ ഘടകങ്ങളെയും സമന്വയിപ്പിക്കുന്നതാണ് രൂപകൽപന നയം. 14-03-2024 ലെ സ.ഉ.(കൈ) നം. 5/2024/TSM പ്രകാരം കേരള ഡിസൈൻ പോളിസിക്ക് സർക്കാർ അന്തിമ അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. ഇതുകൂടാതെ ഡിസൈൻ പോളിസി രൂപീകരിക്കപ്പെട്ടതിനുശേഷം ഇവ നടപ്പിലാക്കുന്നതിനായി കൈക്കൊള്ളേണ്ട രീതികളും മാർഗ്ഗങ്ങളും സംബന്ധിച്ച സ്ട്രാറ്റജി ഡോക്യുമെന്റ് അന്തിമമാക്കിയിട്ടുണ്ട്. തുടർന്ന് പദ്ധതികൾ നടപ്പിലാക്കുന്ന നിർവ്വഹണ ഏജൻസികൾക്ക് അതത് വകുപ്പുകൾ തയ്യാറാക്കുന്ന ചട്ടക്കൂടുകൾക്കനുസൃതമായി പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

(ബി) ഡിസൈൻ പോളിസി സർക്കാർ അംഗീകരിച്ച് നടപ്പാക്കിയതിന് ശേഷമുള്ള പൊതുയിടങ്ങളുടെ നവീകരണത്തിലും ബീച്ചുകൾ, പാർക്കുകൾ എന്നിവയുടെ രൂപകൽപ്പനയിലും ഉണ്ടായിട്ടുള്ള സ്വാധീനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

കേരള ഡിസൈൻ പോളിസിക്ക് രാജ്യമാകമാനമുള്ള ഡിസൈനർമാർ, ആസൂത്രകർ മുതലായവരിൽനിന്നും നല്ല അഭിപ്രായം നേടിയെടുക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന്റെ ഡിസൈൻ പോളിസിയുടെ ചുവടുപിടിച്ചുകൊണ്ട് വിവിധ സംസ്ഥാനങ്ങൾ

ഡിസൈൻ പോളിസികൾ രൂപപ്പെടുത്തിയെടുക്കാനുള്ള തയ്യാറെടുപ്പിലാണ്. ഡിസൈൻ പോളിസി അടിസ്ഥാനമാക്കിയുള്ള പൈലറ്റ് പദ്ധതിക്ക് ജനങ്ങളുടെ അംഗീകാരം പിടിച്ചുപറ്റാൻ സാധിച്ചിട്ടുണ്ട്. ഡിസൈൻ പോളിസിക്ക് സർക്കാർ അംഗീകാരം ലഭ്യമായതിനുശേഷം വിവിധ പാലങ്ങൾക്ക് അടിവശത്ത് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലം ഉപയോഗപ്പെടുത്തി വി പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുകയുണ്ടായി. ആദ്യ പദ്ധതിയായി കൊല്ലം ആർ.ഒ.ബി.യുടെ അടിവശത്ത് ലഭ്യമായ ഭൂമി ഉപയോഗിച്ചുകൊണ്ടുള്ള കൊല്ലം– വി പാർക്ക് പദ്ധതി 2025 മാർച്ച് 1-ന് ഉദ്ഘാടനം ചെയ്തു. നിലവിൽ വേണ്ടവിധത്തിൽ ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമി മാതൃകാ പൊതുഇടങ്ങളാക്കി മാറ്റുന്നതിനുള്ള ഉദാഹരണമാണ് പ്രസ്തുത പദ്ധതി. വി പാർക്ക് പദ്ധതികൾ സംസ്ഥാനത്തുടനീളം നടപ്പാക്കുന്നതിന്റെ ഭാഗമായി നാല് സ്ഥലങ്ങളിൽ കൂടി വി പാർക്കിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടുതൽ സ്ഥലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണനയിലാണ്.

(സി) പാരിസ്ഥിതികാഘാതം കുറയ്ക്കാൻ കഴിയുംവിധം ഡിസൈൻ പോളിസി നടപ്പിലാക്കിയതിന്റെ അനുഭവങ്ങൾ വ്യക്തമാക്കാമോ?

ഡിസൈൻ പോളിസിയുടെ ചുവടുപിടിച്ചുകൊണ്ട് ഓരോ ടൂറിസം കേന്ദ്രവും വികസിപ്പിച്ചെടുക്കുമ്പോൾ അവയുടെ ക്യാരിയിങ് കപ്പാസിറ്റി കണക്കിലെടുത്തുകൊണ്ടുള്ള ആസൂത്രണത്തിന് പ്രത്യേകം ഊന്നൽ നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി കെ.ടി.ഐ.എൽ. വഴി വർക്കല ടൂറിസം കേന്ദ്രത്തിന്റെ ക്യാരിയിങ് കപ്പാസിറ്റിക്ക് അധിഷ്ഠിതമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. അതുപോലെ KITTS-ന്റെ ആഭിമുഖ്യത്തിൽ മൂന്നാർ,

പൂക്കോട് എന്നീ കേന്ദ്രങ്ങളിലെ ക്യാരിയിങ് കപ്പാസിറ്റി പഠനവും അന്തിമഘട്ടത്തിലാണ്.

(ഡി) മാലിന്യ സംസ്കരണത്തിലും ശുചിത്വ പരിപാലനത്തിലും പ്രസ്തുത പോളിസി എങ്ങനെയാണ് സ്വാധീനം ചെലുത്തിയതെന്ന് വിശദമാക്കാമോ?

ഡിസൈൻ പോളിസിയുടെ അടിസ്ഥാനത്തിൽ കേരളത്തിന്റെ മാലിന്യ സംസ്കരണവും ശുചിത്വപരിപാലനവും ഉൾപ്പെടെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ പരിപാലനം സംബന്ധിച്ച മാർഗരേഖ തയ്യാറാക്കി വരുന്നു.

ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ വർദ്ധന

24 (*115) ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോം സ്റ്റേകളുടെ എണ്ണം വർദ്ധിച്ചുവരുന്നതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നേട്ടം കൈവരിക്കുന്നതിനായി നടപ്പാക്കിയ പ്രധാന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഹോം സ്റ്റേകൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ ഓൺലൈൻ രീതിയിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓൺലൈൻ സംവിധാനം സംരംഭകർക്ക് എത്രത്തോളം പ്രയോജനകരമായിട്ടുണ്ട്; ഈ സംവിധാനംവഴി ലൈസൻസിങ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ സാധിച്ചിട്ടുണ്ടോ;

വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്ത് ക്ലാസിഫൈഡ് ഹോംസ്റ്റേകളുടെ എണ്ണം വർഷംതോറും വർധിച്ചുവരുന്നുണ്ട്. 16-01-2020-ലെ സ.ഉ.(കൈ) നം. 03/2020/ടൂറിസം പ്രകാരം ഹോംസ്റ്റേ വർഗീകരണത്തിനുള്ള പുതുക്കിയ സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 03-06-2022-ലെ സ.ഉ.(കൈ) നം. 177/2022/ടൂറിസം പ്രകാരം ഹോംസ്റ്റേ അംഗീകാരത്തിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള NOC ഒഴിവാക്കിയിട്ടുണ്ട്. 01-04-2023-നുശേഷം വീടുകൾക്കും റസിഡൻഷ്യൽ കാറ്റഗറിയിൽപ്പെടുന്ന ഹോംസ്റ്റേകൾക്കും ഒരേ നികുതി നിരക്കാണ് തദ്ദേശസ്വയംഭരണ വകുപ്പ് ഈടാക്കിവരുന്നത്. അപേക്ഷകൾ ഓൺലൈനിലൂടെയാണ് സ്വീകരിക്കുന്നത്. രജിസ്ട്രേഷൻ, ക്ലാസിഫിക്കേഷൻ ലൈസൻസ് എന്നിവയുടെ നടപടിക്രമങ്ങൾ ലളിതമാക്കി ബിസിനസ്സ് ചെയ്യുന്നത് എളുപ്പമാക്കുന്നതിന്റെ ഭാഗമായി, വർഗീകരണ പ്രക്രിയയിലെ സങ്കീർണതകൾ കുറയ്ക്കുന്നതിന്, ടൂറിസം ഡയറക്ടർ ചെയർമാനും ടൂറിസം വകുപ്പിന് കീഴിലുള്ള മറ്റ് സ്ഥാപന മേധാവികൾ അംഗങ്ങളുമായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

അപേക്ഷകൾ ഓൺലൈൻ സംവിധാനമാക്കി അപേക്ഷകർക്ക് വർഗീകരണ നടപടിക്രമങ്ങൾ എളുപ്പമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകവഴി ലൈസൻസ് പ്രക്രിയയിലെ കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) ഹോം സ്റ്റേ ആരംഭിക്കുന്നതിനുള്ള നിബന്ധനകൾ ലളിതവൽക്കരിക്കുകവഴി ചെറുകിട സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്?

ഹോംസ്റ്റേകൾ ക്ലാസ്സിഫൈ ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതവും സുതാര്യവുമാക്കിയിട്ടുണ്ട്. അപേക്ഷകന് സ്വന്തമായി ഓൺലൈൻവഴി അപേക്ഷ സമർപ്പിക്കാൻ കഴിയും. ഹോംസ്റ്റേ ആരംഭിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിരാക്ഷേപ പത്രം വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് റെസ്പോൺസിബിൾ ടൂറിസം മിഷനുമായി സഹകരിച്ച് ഹോം സ്റ്റേ മേഖലയിൽ കൂടുതൽ തൊഴിൽ സാധ്യകൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വികസനം ഉറപ്പാക്കുന്നതിനും പദ്ധതികളുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഹോസ്റ്റേകളുമായി ബന്ധപ്പെട്ട് വിവിധ തൊഴിൽ പ്രവർത്തനങ്ങൾ, തൊഴിൽ സാധ്യതകൾ ഉണ്ടാക്കുന്നതിനുള്ള പ്രവർത്തനം കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി നടത്തി വരുന്നുണ്ട്. പുതിയ ഹോംസ്റ്റേകൾ ആരംഭിക്കുന്നതിനും അതുവഴി തൊഴിൽ ലഭ്യമാക്കുകയും ചെയ്യുന്നതിന് ആവശ്യമായ പരിശീലനങ്ങൾ കെ.ആർ.ടി.എം. സൊസൈറ്റി നടപ്പാക്കി വരുന്നുണ്ട്. ഇതിന്റെ ഭാഗമായി 800 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. ഫാം ടൂറിസം പ്രവർത്തനങ്ങളെയും ഹോംസ്റ്റേകളേയും ബന്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾകൂടി കൂട്ടിച്ചേർത്താണ് ഈ പരിശീലനങ്ങൾ ഇപ്പോൾ നടന്നുവരുന്നത്. കെ.ആർ.ടി.എം. സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന ഹോംസ്റ്റേകളിലേക്ക് പരമാവധി ടൂറിസ്റ്റുകൾ എത്തിച്ചേരുന്നതിനുള്ള പ്രചാരണ പ്രവർത്തനങ്ങളും ഹോംസ്റ്റേകളുമായി ചേർന്നുള്ള ടൂർ പാക്കേജുകളും കെ.ആർ.ടി.എം. സൊസൈറ്റി നടപ്പാക്കി വരുന്നുണ്ട്.

(ഇ) ആഭ്യന്തര-വിദേശസഞ്ചാരികളുടെ വർധനവ് പരിഗണിച്ച് സംരംഭകർക്ക് എല്ലാ

സീസണിലും വരുമാനം ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വർഷംമുഴുവനും സഞ്ചാരികളെ ആകർഷിക്കുന്നതിനും ആയതിലൂടെ ടൂറിസം മേഖലയിലെ വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും ടൂറിസം വകുപ്പ് വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിനായി പരമ്പരാഗത രീതിക്കുപുറമെ ഡിജിറ്റൽ, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമിലൂടെയുള്ള പരസ്യ-പ്രചരണ പരിപാടികൾ നടപ്പിലാക്കി വരുന്നുണ്ട്. ഓരോ സീസണും അനുയോജ്യമായ തരത്തിൽ മാർക്കറ്റിങ് ക്യാമ്പയിനുകൾ ടൂറിസം വകുപ്പ് നടപ്പാക്കുന്നു. കൂടാതെ ദേശീയ-അന്തർദേശീയ ടൂറിസം മേളകളിലും റോഡ്ഷോകളിലും ടൂറിസം വകുപ്പ് ഭാഗമാകുന്നുണ്ട്. ദേശീയരും വിദേശീയരുമായ സഞ്ചാരികളെ ആകർഷിക്കുന്നതിനായി ഉത്സവങ്ങളും ടൂറിസം മേളകളും സംഘടിപ്പിച്ചുവരുന്നു. ഇതിലൂടെ സംരംഭകർക്ക് വരുമാനമുണ്ടാക്കാൻ കഴിയുന്നതാണ്.

പിഎം ശ്രീ പദ്ധതി

25 (*116) ശ്രീ. റോജി എം. ജോൺ:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായുള്ള പിഎം ശ്രീ പദ്ധതിയിൽ സംസ്ഥാന സർക്കാർ എന്നാണ് ഒപ്പുവച്ചതെന്ന് വ്യക്തമാക്കാമോ?

പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പുവച്ചു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്രശിക്ഷാ കേരളം (SSK) പദ്ധതി 2018 മുതൽ സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന പദ്ധതിയാണ്. ഈ പദ്ധതിക്ക് 2023-24 വർഷം രണ്ടാം ഗഡു കേന്ദ്രവിഹിതം ലഭിച്ചതിനുശേഷം പ്രസ്തുത വർഷം ലഭിക്കേണ്ട ബാക്കി രണ്ടു ഗഡു കേന്ദ്രവിഹിതവും 2024-25 വർഷം ലഭിക്കേണ്ടിയിരുന്ന കേന്ദ്രവിഹിതം പൂർണ്ണമായും കേന്ദ്രസർക്കാർ അനുവദിച്ചിട്ടില്ല. 2025-26 വർഷം ലഭിക്കേണ്ട കേന്ദ്രവിഹിതത്തിലെ തുകയൊന്നും 2025 ഒക്ടോബർ 23 വരെ ലഭിച്ചിട്ടില്ല. മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രം, കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം സംസ്ഥാനം ഒപ്പിടാത്തതിനാലാണ് എസ്.എസ്.കെ. പദ്ധതിക്ക് ലഭിക്കേണ്ട കേന്ദ്രവിഹിതം തടഞ്ഞുവച്ചത്. ഇതുകാരണം എസ്.എസ്.കെ. ജീവനക്കാരുടെ ശമ്പളം, കുട്ടികൾക്ക് ലഭിക്കാനുള്ള സൗജന്യ യൂണിഫോം, സൗജന്യ പാഠപുസ്തകം, ഭിന്നശേഷി വിഭാഗം കുട്ടികൾക്കുള്ള സഹായ ഉപകരണങ്ങൾ, വിവിധ ആനുകൂല്യങ്ങൾ, ട്രാൻസ്പോർട്ട് അലവൻസ്, റസിഡൻഷ്യൽ ഹോസ്റ്റലുകളിലെ പ്രവർത്തനങ്ങൾ, പെൺകുട്ടികൾക്കുള്ള സ്റ്റൈപ്പന്റ്, പഠന പിന്തുണാ പ്രവർത്തനങ്ങൾ തുടങ്ങി ദൈനംദിന പ്രവർത്തനങ്ങൾക്കുവരെ പ്രയാസം നേരിട്ട അവസ്ഥയിൽ എസ്.എസ്.കെ. പദ്ധതി പ്രകാരം ലഭിക്കാനുള്ള കേന്ദ്രവിഹിതം കൂടിശ്ശിക ഉൾപ്പെടെ ലഭിക്കുന്നതിനായാണ് പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാന സർക്കാർ ഒപ്പുവച്ചത്.

(ബി) പിഎം ശ്രീ പദ്ധതിയിൽ ഒപ്പുവച്ചതിന്റെ ഭാഗമായി സംസ്ഥാനത്തിന് സമഗ്ര ശിക്ഷാ ഫണ്ട് ലഭ്യമായിട്ടുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം നൽകാമോ?

പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രം ഒപ്പുവച്ചതിനുശേഷം എസ്.എസ്.കെ.

മുഖാന്തരം നടപ്പാക്കുന്ന സമഗ്രശിക്ഷാ എന്ന പദ്ധതിയുടെ 2025-26 വർഷത്തെ കേന്ദ്രവിഹിതത്തിന്റെ ഒന്നാം ഗഡു ആയി 92.41 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

(സി) പിഎം ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഉപസമിതി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പിഎം ശ്രീ പദ്ധതി സംബന്ധിച്ച തുടർതീരുമാനങ്ങൾ കൈക്കൊള്ളാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതി യോഗം ചേർന്നിട്ടില്ല.

ഓൺലൈൻ ഭക്ഷണ വിതരണ തൊഴിലാളികളുടെ അവകാശങ്ങൾ

26 (*117) ശ്രീ. ആര്യാടൻ ഷൗക്കത്ത്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്ലാറ്റ് ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി

നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. കൂടാതെ കേരള സംസ്ഥാനത്തെ ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികളുടെ തർക്കങ്ങൾ ഉണ്ടാകുന്നപക്ഷം ജില്ലാ ലേബർ ഓഫീസർ തലത്തിലും കമ്മീഷണർ തലത്തിലും ചർച്ചകൾ വിളിച്ചുചേർത്ത് പ്രശ്നപരിഹാരം നടത്താറുള്ളതാണ്.

(ബി) ഈ മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഓൺലൈൻ ഡെലിവറി സർവീസ് മേഖലകളിൽ ജോലി ചെയ്യുന്നവർക്ക് ലഭിക്കുന്ന വേതനം അപര്യാപ്തമാണെന്ന് അന്വേഷണത്തിൽ വിലയിരുത്തപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഓൺലൈൻ മേഖലയിലെ തൊഴിലാളികളുടെ തൊഴിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായും തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായും സംസ്ഥാനത്തെ ഓൺലൈൻ ഡെലിവറി (ഫുഡ്/മറ്റ് ഉല്പന്നങ്ങൾ)/സർവീസ് മേഖലകളിൽ ജോലി ചെയ്യുവരുന്ന തൊഴിലാളികളെ 08-10-2025-ലെ ഇ 1/01/2023/തൊഴിൽ പ്രകാരം 1948-ലെ മിനിമം വേതന നിയമത്തിന്റെ ഷെഡ്യൂളിൽ ഉൾപ്പെടുത്തി സർക്കാർ പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. സംസ്ഥാനത്ത് ഓൺലൈൻ ഭക്ഷണ വിതരണം നടത്തുന്ന തൊഴിലാളികൾ ഉൾപ്പെടെയുള്ള പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് തൊഴിലാളികളുടെ തൊഴിൽ നിലവാരം, ക്ഷേമപ്രവർത്തനങ്ങൾ, സേവന

വേതന വ്യവസ്ഥകൾ എന്നിവ ക്രമീകരിക്കുന്നതിനും പ്രാഥമിക തൊഴിലുടമകളുടെയും അഗ്രഗ്രേറ്റർമാരുടെയും ചുമതലകൾ ക്രമീകരിക്കുന്നതിനും പ്ലാറ്റ്ഫോം അധിഷ്ഠിത ഗിഗ് വർക്കേഴ്സിനായി ഒരു ക്ഷേമപദ്ധതി രൂപീകരിക്കുന്നതിനുമായി നിയമനിർമ്മാണം നടത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. 27-07-2024-ലെ സ.ഉ.(സാധാ) നം. 802/2024/തൊഴിൽ പ്രകാരം സംസ്ഥാനത്തെ Online food delivery മേഖലയിലെ തൊഴിലാളികൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പഠിച്ച് മേഖലയിലെ തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംബന്ധിച്ച പൊതുമാനദണ്ഡം രൂപീകരിക്കുന്നതിനായി ലേബർ കമ്മീഷണർ ചെയർമാനായും അഡീഷണൽ ലേബർ കമ്മീഷണർ (ഐ.ആർ.) കൺവീനറായും ഈ മേഖലയിലെ വിദഗ്ധർ, മാനേജ്മെന്റ്/ട്രേഡ് യൂണിയൻ പ്രതിനിധികൾ അംഗങ്ങളായും ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്.

മലയോര ഹൈവേ പദ്ധതി

27 (*118) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

മലയോര ഹൈവേയിൽ 1179.45 കിലോമീറ്ററിൽ 476.162 മീറ്റർ പൂർത്തീകരിച്ചു.

മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി കിഫ്ബി പദ്ധതിയിൽ ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) കിഫ്ബി ഫണ്ട് വഴി നടപ്പിലാക്കുന്ന മലയോര ഹൈവേ വികസനത്തിനായി അനുവദിച്ച സാമ്പത്തികാനുമതിയുടെ വിശദാംശം ലഭ്യമാക്കാമോ?

കിഫ്ബി ഫണ്ട് വഴി നടപ്പിലാക്കുന്ന മലയോര ഹൈവേ വികസനത്തിനായി അനുവദിച്ച സാമ്പത്തികാനുമതിയുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(സി) മലയോര ഹൈവേ നിർമ്മാണ പ്രവർത്തനങ്ങൾക്കായി ഇതുവരെ അനുവദിച്ച തുകയുടെ വിനിയോഗത്തെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ?

ഇതുവരെ 3,867.057 കോടി രൂപയുടെ സാമ്പത്തികാനുമതി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1,300 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുമുണ്ട്.

(ഡി) മേൽ പരാമർശിച്ച പദ്ധതിയുടെ ഭാഗമായി നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന പ്രവൃത്തിയുടെയും കിഫ്ബി ഫണ്ട് വഴി യാഥാർത്ഥ്യമാക്കിയ പ്രവൃത്തികളുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

കിഫ്ബി പദ്ധതിയിൽ നിലവിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്ന മലയോര ഹൈവേ പ്രവൃത്തികളുടെയും പൂർത്തീകരിച്ച പ്രവൃത്തികളുടെയും വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ഇ) മലയോര ഹൈവേ പൂർത്തിയാക്കുന്നതിലൂടെ സംസ്ഥാനത്തിന്റെ കാർഷിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മേഖലയിലും ടൂറിസം രംഗത്തും പൊതുവിൽ സാമ്പത്തിക രംഗത്തുമുണ്ടാകുന്ന മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിന്റെ പശ്ചിമഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവന ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര പ്രദേശങ്ങളിലെ റോഡുകൾക്ക് ഏറ്റവും മികച്ച പ്രക്ഷിപ്തവും ശക്തവുമായ ഉപരിതലം വേണം എന്നതിനാൽ 12 മീറ്റർ വീതിയിൽ ബി.എം.&ബി.സി. നിലവാരത്തിലാണ് മലയോര ഹൈവേ പദ്ധതി നടപ്പിലാക്കി വരുന്നത്. മലയോര ഹൈവേ പൂർത്തിയാക്കുന്നതോടുകൂടി മലയോര മേഖലകളിലേക്ക് ഗതാഗത സംവിധാനം അതിവേഗത്തിലാകുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളിലെ സമഗ്ര വികസനവുമാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും ടൂറിസം വർധിപ്പിക്കാനും കണക്റ്റിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും ദുരന്തസമയത്ത് ദുരിതാശ്വാസ നടപടികൾ തുടങ്ങിയവയ്ക്കും സഹായകമാകും. കൂടാതെ ഭൂമിയുടെ മൂല്യം വർധിക്കുന്നതിനാൽ ക്രയവിക്രയങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകുന്നു. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്.

ദേശീയപാത-66 ന്റെ നിർമ്മാണ പുരോഗതി

28 (*119) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത 66-ന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാസർഗോഡ്-തിരുവനന്തപുരം ദേശീയപാത 66-ന്റെ വികസനം ദേശീയപാത അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്. ദേശീയപാത 66 വികസനത്തിൽ ഉൾപ്പെട്ട 11 പദ്ധതികളുടെ നിർമ്മാണം പൂർത്തിയായി. 16 പദ്ധതികളുടെ നിർമ്മാണം പുരോഗമിക്കുന്നു. എല്ലാ റീച്ചുകളിലുമായി നിലവിൽ 492.64 കിലോമീറ്റർ ആറുവരിയായി വികസിപ്പിച്ചുകഴിഞ്ഞു. പുരോഗതി സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ദേശീയപാത 66-ൽ നിർമ്മാണം പൂർത്തിയായ റീച്ചുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത റീച്ചുകൾ നിലവിൽ പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

ദേശീയപാത 66-ൽ നിർമ്മാണം പൂർത്തിയായ 11 റീച്ചുകൾ നിലവിൽ പൊതുജനങ്ങൾക്ക് ഗതാഗതത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. നിർമ്മാണം പൂർത്തിയായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീച്ചുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. ഇതുകൂടാതെ ചില റീച്ചുകളിൽ ആറുവരി പൂർത്തിയാക്കിയ ഇടങ്ങൾ ഗതാഗതത്തിന് തുറന്നുനൽകിയിട്ടുണ്ട്.

(സി) ദേശീയപാത 66-ന്റെ എല്ലാ റീച്ചുകളുടെയും നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ദേശീയപാത-66-ൽ നിലവിലുള്ള ആറുവരി വികസന പ്രവർത്തനങ്ങൾ തുടരുമ്പോൾ തന്നെ, വികസനം പൂർത്തിയാക്കിയ സ്ട്രെച്ചുകളിലെ അധിക പ്രവൃത്തികൾ, അധികമായി ചെയ്യേണ്ട റോഡ് സേഫ്റ്റി പ്രവൃത്തികൾ, അധികമായി നിർദേശിക്കപ്പെട്ട ബ്ലാക്ക് സ്പോട്ട് റെക്ടിഫിക്കേഷൻ ലൈറ്റിങ് പ്രവൃത്തികൾ എന്നിവയും നടപ്പിലാക്കുന്നുണ്ട്. ഈ പ്രവൃത്തികൾ എല്ലാം ചേർന്ന് 2026-നുതന്നെ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയപാതാ അതോറിറ്റി അറിയിക്കുന്നു.

തലപ്പാടി-ചെർക്കള ദേശീയ പാതയിലെ ടോൾ പിരിവ്

29 (*120) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ ഒന്നാം റീച്ച് ആരംഭിക്കുന്ന തലപ്പാടി-ചെർക്കള പാതയിൽ ടോൾ പിരിക്കുന്നതിലെ അപാകത പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) കുമ്പളയിൽനിന്നും നാൽപത്തൊന്ന് കിലോമീറ്റർ ദൂരമുള്ള മംഗളൂരു വരെ പോകുന്നതിന് രണ്ടിടത്തായി 280 രൂപ ടോൾ നൽകേണ്ടിവരുന്ന സാഹചര്യം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ട് ടോൾ പ്ലാസകൾ തമ്മിലുള്ള ദൂരവ്യത്യാസം ഈ മേഖലയിൽ പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി കാസർഗോഡ് നിന്നും കർണ്ണാടകയിലേക്ക് പോകേണ്ടിവരുന്നവരുടെ ഈ പ്രശ്നം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് ദേശീയപാത 66-ന്റെ ഡിസൈൻ, നിർമ്മാണം എന്നിവ ദേശീയപാത അതോറിറ്റി മുഖേനയാണ് പൂർത്തിയാക്കുന്നത്. ദേശീയപാത 66-ന്റെ തലപ്പാടി -ചെർക്കള റീച്ചിന്റെ കൺസെഷണയർ പ്രധാന കാരേജ്വേയുടെയും സർവീസ് റോഡുകളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ഇവ ഇപ്പോൾ പൂർണ്ണമായും ഗതാഗതത്തിനായി തുറന്നിട്ടുണ്ട് എന്നും ദേശീയപാതാ അതോറിറ്റി അറിയിക്കുന്നു. NHAI റിപ്പോർട്ട് പ്രകാരം National Highways Fee (Determination of Rates and Collection) Rules, 2008-ലെ ചട്ടം 8(2) പ്രകാരം സവിശേഷ സാഹചര്യങ്ങളിൽ, 60 കിലോമീറ്റർ ദൂരത്തിനുള്ളിൽ മറ്റൊരു ടോൾ പ്ലാസ സ്ഥാപിക്കാൻ അനുമതി നൽകാൻ ദേശീയപാത അതോറിറ്റിക്ക് അധികാരമുണ്ട്. തലപ്പാടി മുതൽ ചെർക്കള വരെയുള്ള 39 കിലോമീറ്റർ പാത പൂർത്തിയാക്കിയശേഷം, ചട്ടം 8(2) പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ച്, ദേശീയപാത അതോറിറ്റി ചെയർമാന്റെ അംഗീകാരത്തോടെയാണ് കുമ്പളയിൽ താൽക്കാലിക ടോൾ പ്ലാസ സ്ഥാപിച്ചത് എന്നാണ് NHAI അറിയിച്ചിരിക്കുന്നത്. ടോൾ പ്ലാസയുടെ സ്ഥലം തിരഞ്ഞെടുത്തതും പ്രവർത്തനവും നിലവിലുള്ള ചട്ടങ്ങളും മാർഗനിർദേശങ്ങളും അനുസരിച്ചാണ് എന്നും NHAI അറിയിക്കുന്നു. ഈ ക്രമീകരണം താൽക്കാലിക

സ്വഭാവമുള്ളതാണ് എന്നും, താൽക്കാലിക ടോൾ പ്ലാസ മുഖേന എൻ.എച്ച്-66-ലെ തലപ്പാടി മുതൽ ചെർക്കള വരെ 39 കിലോമീറ്റർ ദൈർഘ്യമുള്ള റോഡ് ഉപയോഗിക്കുന്നവരിൽനിന്ന് യൂസർ ഫീസ് ഈടാക്കുന്നതായിരിക്കും എന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഈ വിഷയത്തിലെ റിപ്പോർട്ടുകളും ജനപ്രതിനിധികളുടെ നിവേദനങ്ങളും സംസ്ഥാന സർക്കാർ ദേശീയപാത അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ദേശീയപാതകൾ യൂണിയൻ ലിസ്റ്റിന്റെ പരിധിയിലായതിനാൽ, ദേശീയപാതകളിലെ യൂസർ ഫീസ് നിശ്ചയിക്കൽ, ഈടാക്കൽ എന്നിവയുമായി ബന്ധപ്പെട്ട നയങ്ങൾ കേന്ദ്ര സർക്കാർ രൂപീകരിക്കുകയും ദേശീയപാത അതോറിറ്റി ഓഫ് ഇന്ത്യ (NHAI) മുഖേന നടപ്പാക്കുകയും ചെയ്യുന്നതാണ്. വിഷയം വീണ്ടും NHAI-യുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ

1(1232) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഉറപ്പാക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ?

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ പൊതുമരാമത്ത് റോഡുകളിലും വകുപ്പിന്റെ അധീനതയിലുള്ള പ്രദേശങ്ങളിലും വിവിധ യൂട്ടിലിറ്റി ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പരിഷ്കരിച്ച മാർഗനിർദേശങ്ങൾ 14-02-2023-ലെ G.O.(Ms) No. 11/2023/PWD, 14-09-2023-ലെ G.O.(Ms) No. 49/2023/PWD എന്നീ ഉത്തരവുകൾ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. നിലവിൽ പൊതുമരാമത്ത് റോഡുകളിലൂടെ മറ്റ് വകുപ്പുകളുടെ യൂട്ടിലിറ്റികൾ സ്ഥാപിക്കുന്നതിന് അപേക്ഷിക്കുന്നതും അനുമതി ലഭ്യമാക്കുന്നതും Right of way (RoW) എന്ന ഓൺലൈൻ സംവിധാനം വഴിയാണ്. ഈ പോർട്ടലിൽ നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ചിട്ടുള്ള ക്രമീകരിക്കേണ്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രസിദ്ധപ്പെടുത്തുകവഴി മറ്റ് വകുപ്പുകൾക്ക് ആവശ്യം വേണ്ടുന്ന മുന്നൊരുക്കം

നടത്താനും റോഡ് കുഴിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി ക്രമീകരിക്കാനും സാധിക്കുന്നതാണ്. ഇത്തരത്തിൽ ഓൺലൈനായി ലഭ്യമാകുന്ന അപേക്ഷകളും നൽകിവരുന്ന അനുമതികളും സമയബന്ധിതമായി വിലയിരുത്തുകയും നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുമുമ്പുതന്നെ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതുവഴി നിലവിൽ റോഡ് വെട്ടിപ്പൊളിക്കുന്നതും Restoration നടത്തുന്നതിനുള്ള കാലതാമസവും ശ്രദ്ധയിൽപ്പെടുകയും അടിയന്തര തുടർനടപടികൾ സ്വീകരിക്കാനും കഴിയുകയും ചെയ്യും.

മറ്റ് ഏജൻസികളുടെ പദ്ധതികളും പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ പരിപാലനവും ഏകോപിപ്പിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പുസെക്രട്ടറി കൺവീനറായും ജോയിന്റ് സെക്രട്ടറിയും വിവിധ വിഭാഗങ്ങളിലെ എഞ്ചിനീയർമാരും ജലസേചന വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരും അംഗങ്ങളായും സ്ഥിരസമിതി രൂപീകരിച്ചുകൊണ്ട് 07-01-2022-ലെ GO(Rt) No. 20/2022/PWD പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട മറ്റ് വകുപ്പുകൾ/ഏജൻസികൾ എന്നിവയുമായുള്ള ഏകോപനം സാധ്യമാക്കുന്നതിനായി ജില്ലാതല ഇൻഫ്രാസ്ട്രക്ചർ കോ-ഓർഡിനേഷൻ കമ്മിറ്റി, ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ മാസവും നടത്തുന്ന DICC മീറ്റിങ് എന്നിവയിൽ റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന്റെ പുരോഗതി വിലയിരുത്തിവരുന്നു.

കെട്ടിട വിഭാഗം

പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ പരിഹരിക്കുന്നതിന് വിവിധ വകുപ്പുകൾ തമ്മിലുള്ള ഏകോപനം നടപ്പാക്കുന്നതിനുവേണ്ടി

മാസംതോറും നടത്തി വരുന്ന വകുപ്പുതല റിവ്യൂ മീറ്റിങ്ങുകൾ, വിവിധ വിഭാഗങ്ങളുടെ (Architectural Execution Wing, Architectural Drawing Wing, Investigation Wing) സംയുക്തമായ മീറ്റിങ്ങുകൾ എന്നിവയ്ക്കുപുറമെ വിവിധ വകുപ്പുകളെ പങ്കെടുപ്പിച്ചുകൊണ്ട് CMT, DICC യോഗങ്ങൾ എന്നിവ കാര്യക്ഷമമാക്കുകയും വിവിധ വകുപ്പുകൾക്കിടയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം നിർദ്ദേശിക്കുകയും ആയതനുസരിച്ച് പ്രവൃത്തികളുടെ പുരോഗതി ഉറപ്പുവരുത്തുകയും ചെയ്യുന്നു.

(ബി) പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഉയർന്ന ഗുണനിലവാരത്തിലും സമയബന്ധിതമായും നടപ്പിലാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വ്യക്തമാക്കുമോ?

നിരത്തുകൾ

പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ നിർമ്മാണവും പരിപാലനവും PWD Manual, SBD Condition, പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ മാന്വൽ എന്നിവ അനുസരിച്ചാണ് നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ക്വാളിറ്റി കൺട്രോൾ മാന്വൽ 2015 ജൂലൈ മുതൽ അവലംബിച്ചുവരുന്നു. ടി മാന്വലിൽ നിഷ്കർഷിക്കുന്ന പ്രകാരമാണ് പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധന നടത്തുന്നത്. പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഓരോഘട്ടത്തിലും ഗുണനിലവാരം ഉറപ്പുവരുത്തി അംഗീകൃത ഷെഡ്യൂൾ, സ്പെസിഫിക്കേഷൻ തുടങ്ങിയവ പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് നടപ്പിലാക്കിവരുന്നത്. പ്രവൃത്തികൾക്ക് മൂന്നുതലത്തിലുള്ള ഗുണമേന്മാ പരിശോധന

നിർബന്ധമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുമരാമത്ത് ക്വാളിറ്റി കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മൊബൈൽ ടെസ്റ്റിങ് ലാബുകളും സജ്ജമാക്കിയിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു. പൊതുമരാമത്ത് ക്വാളിറ്റി മാന്വൽ പ്രകാരം 15 ലക്ഷം രൂപയ്ക്കുമുകളിലുള്ള എല്ലാ പ്രവൃത്തികൾക്കും 2 tier ഗുണനിലവാര പരിശോധനകൾ നിർബന്ധമാക്കിയിട്ടുണ്ട്. 2 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തികൾക്ക് കോൺട്രാക്ടർ സ്വന്തം ചെലവിൽ ക്വാളിറ്റി ലാബ് സജ്ജമാക്കണമെന്ന് സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റ് പ്രകാരവും ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരവും നിഷ്കർഷിച്ചിട്ടുണ്ട്. രണ്ടാംഘട്ട ഗുണനിലവാര പരിശോധനകൾക്കായി പ്രവൃത്തികൾ നടക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി കൺട്രോൾ ഓഫീസർമാർ സ്ഥലം സന്ദർശിക്കുകയും സൈറ്റിൽ ആവശ്യമായ ക്വാളിറ്റി പരിശോധനകൾ നടത്തുകയും ചെയ്യുന്നു. മെറ്റീരിയൽ സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ വിവിധ പരിശോധനകൾ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി നടത്തിപ്പിൽ ഗുണമേന്മ ഉറപ്പാക്കി വേണ്ട മാറ്റങ്ങൾ വരുത്തുകയും ചെയ്തുവരുന്നു. ഗുണനിലവാര പരിശോധനാഫലം പ്രൈസ് സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഗുണനിലവാര പരിശോധനാ ഫലത്തിന്റെ അടിസ്ഥാനത്തിലാണ് കരാറുകാർക്ക് ബിൽ തുക നൽകുന്നത്.

ഗുണനിലവാര പരിശോധനയിൽ പോരായ്മ കണ്ടെത്തുന്നപക്ഷം ആയതിന്

ആനുപാതികമായി തുക കരാറുകാരന്റെ ബില്ലിൽനിന്ന് കുറവുചെയ്ത് സർക്കാരിലേക്ക് ഈടാക്കുന്നു. കൂടാതെ കൂടുതലായി കേടുപാടുകൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടാൽ പ്രസ്തുത ഇനം കരാറുകാരന്റെ ചെലവിൽ ഗുണനിലവാരം ഉറപ്പാക്കി ചെയ്യിക്കാനുള്ള നടപടി സ്വീകരിക്കാറുണ്ട്. ഇതോടൊപ്പം പ്രവൃത്തി ഇടങ്ങളിൽ നേരിട്ടെത്തി പരിശോധന നടത്താൻ കഴിയുന്ന മൂന്ന് മൊബൈൽ ടെസ്റ്റിങ് യൂണിറ്റുകളും സജ്ജമാക്കിയിട്ടുണ്ട്.

കെട്ടിട വിഭാഗം

പൊതുമരാമത്ത് വകുപ്പ് നിർമ്മാണത്തിന്റെ സാങ്കേതിക ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് CPWD-യുടെ സ്പെസിഫിക്കേഷനുകളും മറ്റ് IS കോഡുകളും നിർദേശിക്കുന്ന സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഇനങ്ങൾ ഉൾപ്പെടുത്തി മാത്രമാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നത്. കെട്ടിടങ്ങളുടെയും മറ്റ് നിർമ്മിതിയുടെയും സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് മുന്നോടിയായി Detailed Soil investigation നടത്താറുണ്ട്. ആയതനുസരിച്ച് PWD Design Wing നിലവിലുള്ള IS Code മാനദണ്ഡങ്ങൾ പ്രകാരമാണ് നിർമ്മിതികളുടെ Structural Design തയ്യാറാക്കുന്നത്. പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒന്നാംതലം, രണ്ടാംതലം എന്നിങ്ങനെയുള്ള ക്വാളിറ്റി കൺട്രോൾ പരിശോധനാ സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ പ്രവൃത്തിക്കാവശ്യമായ സാധനസാമഗ്രികളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് വിവിധ ആധുനിക ടെസ്റ്റിങ് രീതികൾ അവലംബിക്കുന്നുണ്ട്. ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും കരാർ വ്യവസ്ഥയിൽ തന്നെ പ്രവർത്തന കലണ്ടർ ഉൾപ്പെടുത്തി, പ്രവൃത്തികളുടെ പുരോഗതി അതത് സമയങ്ങളിൽ വിലയിരുത്തി

വീഴ്ചയുണ്ടെങ്കിൽ ആയതിന് ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കാലയളവ് ദീർഘിപ്പിക്കുന്നത് സംബന്ധിച്ച് കർശനമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് കൃത്യവും കാര്യക്ഷമവുമായി നടപ്പിലാക്കി വരുന്നു.

ദേശീയ പാത

ദേശീയപാതാ വിഭാഗത്തിൽ പദ്ധതികൾ എഞ്ചിനീയറിങ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) വ്യവസ്ഥയിൽ നടപ്പിലാക്കി വരുന്നുണ്ട്. ഇത്തരം പദ്ധതികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി പ്രത്യേകം കൺസൾട്ടന്റ് എഞ്ചിനീയർമാരെ നിയമിക്കാറുണ്ട്.

റോഡ് നിർമ്മാണത്തിന്റെ ഗുണമേന്മ ഉറപ്പാക്കാനായി പ്രവൃത്തികളിൽ ന്യൂനതാ പരിഹാര സാധ്യത കാലയളവ് (DLP) കൂടി ഉൾപ്പെടുത്തിയാണ് കരാർ വയ്ക്കുന്നത്. കരാറുകാരൻ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തിയാൽ അവ കരാറുകാരന്റെ സ്വന്തം ചെലവിൽ നീക്കംചെയ്ത് ഗുണനിലവാരത്തോടുകൂടി പുനഃനിർമ്മിക്കാൻ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം വ്യവസ്ഥ ചെയ്യുന്നുണ്ട്. കൂടാതെ ഗുണനിലവാരമില്ലാത്ത പ്രവൃത്തികൾ നടത്തുന്ന കരാറുകാരുടെ ലൈസൻസ് പുതുക്കി നൽകാതിരിക്കുന്നതിനും മാന്വലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്.

റോഡുകളെ ബി.എം.&ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

2 (1234) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-21 കാലഘട്ടത്തിൽ എത്ര കിലോമീറ്റർ വരെയുള്ള പി.ഡബ്ല്യു.ഡി.

റോഡുകളാണ് ബി.എം.&ബി.സി. (ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ നവീകരിച്ചതെന്ന് വിശദമാക്കാമോ?

2016-21 കാലഘട്ടത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലെ വിവിധ വിഭാഗങ്ങൾക്കുകീഴിൽ 6640.56 കിലോമീറ്റർ റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ എത്ര കിലോമീറ്റർ വരെയുള്ള റോഡുകളാണ് ഇനി ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താനുള്ളത്; വിശദമാക്കാമോ;

(സി) അതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(ബി&സി) പൊതുമരാമത്ത് വകുപ്പിനുകീഴിലെ വിവിധ വിഭാഗങ്ങൾക്കുകീഴിൽ 11273.042 കി.മീ. റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിലേക്ക് ഉയർത്താനുണ്ട്. ഘട്ടംഘട്ടമായി റോഡുകൾ ബി.എം.&ബി.സി. നിലവാരത്തിൽ നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ബജറ്റ് വിഹിതം, നോൺ പ്ലാൻ വിഹിതം, കിഫ്ബി, നബാർഡ്, CRIF, ശബരിമല പാക്കേജ്, റീബിൽഡ് കേരള തുടങ്ങിയ പദ്ധതികളിൽ ഉൾപ്പെടുത്തി ബി.എം.&ബി.സി. നിലവാരത്തിൽ ഉയർത്താനുള്ള പ്രവൃത്തികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. ചില റോഡുകളിൽ നവീകരണ പ്രവൃത്തികൾ നടന്നുവരുന്നു.

ആലപ്പുഴ നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

3 (1235) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് മെയിന്റനൻസ് വിഭാഗം മുഖേന നടത്തിയ പ്രവൃത്തികളുടെ വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന ഉപവിഭാഗം മുഖേന നടത്തിയ പ്രവൃത്തികൾ താഴെ പറയുന്നവയാണ്:-

1. RM 2021-22- Cluster 1 - ആലപ്പുഴ നിരത്ത് പരിപാലന ഉപവിഭാഗത്തിന്റെ കീഴിലുള്ള വിവിധ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (2.10 കി.മീ.) - 2 റോഡുകൾ, ഭരണാനുമതി തുക – 12.50 ലക്ഷം രൂപ
2. RM 2023-24- Cluster I- ആലപ്പുഴ ജില്ലയിലെ ആലപ്പുഴ നിരത്ത് പരിപാലന ഉപവിഭാഗത്തിന്റെ കീഴിലുള്ള വിവിധ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (2.10 കിമീ.) - 2 റോഡുകൾ, ഭരണാനുമതി തുക – 31.30 ലക്ഷം രൂപ.

(ബി) നിലവിൽ നടന്നുവരുന്ന പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

നിലവിൽ നടന്നുവരുന്ന പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും:-

RM 2025-26- Cluster I - ആലപ്പുഴ ജില്ലയിലെ ആലപ്പുഴ റോഡ്സ് സെക്ഷൻ പരിധിയിലെ രണ്ടുറോഡുകളിൽ ഒരു വർഷത്തെ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ (ആകെ - 2.10 കി.മീ.) ഭരണാനുമതി തുക- 16 ലക്ഷം രൂപ

നിലവിലെ സ്ഥിതി - 4 തവണ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ ഏറ്റെടുത്തിട്ടില്ല.

(സി) ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകളുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഭരണാനുമതിക്കായി നിലവിൽ പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

കുണ്ടറ നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

4 (1236) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിന്റെ പരിധിയിൽ വരുന്ന റോഡ്, കെട്ടിടം, പാലം പ്രവൃത്തികളുടെ നിലവിലെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) 2021 ജൂൺ മാസത്തിനുശേഷം കുണ്ടറ നിയോജകമണ്ഡലത്തിലേക്ക് അനുവദിച്ചിട്ടുള്ള റോഡ്, കെട്ടിടം, പാലം പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ&ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി. -പി.എം.യു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയ പാത

2021 ജൂൺ മാസത്തിനുശേഷം പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കൂണ്ടറ നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി താഴെപറയുന്നു.

1. GENERAL-NH 183 Cutting down dangerously standing trees and branches-from Kollam High school Junction (Ch 0/000) to Charummodu (Ch 43/500) in Kollam and Alappuzha districts, Amount Rs. 5,50,000/-പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183-ൽ കൂണ്ടറ നിയോജകമണ്ഡലത്തിലെ പാവുവയൽ മുതൽ രണ്ട് റോഡ് വരെ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.
2. GENERAL-NH 744 Cutting down dangerously standing trees and branches-from Chinnakada (Ch 0/000) to Ambalathumkala (Ch 20/000) in Kollam districts - Amount Rs. 7,20,000/-. ടി പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 744-ൽ കൂണ്ടറ നിയോജകമണ്ഡലത്തിൽ കരിക്കോട് മുതൽ ആറുമുറിക്കട വരെ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റുന്ന പ്രവൃത്തി NHAI-യുടെ fund ഉപയോഗിച്ച് പൂർത്തീകരിച്ചു.

നിരത്ത് പരിപാലനം

2021-22 സാമ്പത്തിക വർഷത്തിൽ 24-11-2021-ലെ G.O. (Rt) No. 1034/2021/PWD പ്രകാരം റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി മൂന്ന് റോഡുകളുടെ 1.80 കി.മീ. നീളത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏകീകൃത പ്രവൃത്തികൾക്കായി 17.73 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2023-24 സാമ്പത്തിക വർഷത്തിൽ G.O.(Rt) No. 970/2023/PWD തീയതി 14-07-2023 പ്രകാരം റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി മൂന്ന് റോഡുകളുടെ 1.95 കി.മീ. നീളത്തിൽ ഏകീകൃത പ്രവൃത്തികൾക്കായി 9.14 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ടി പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2024-25 സാമ്പത്തിക വർഷത്തിൽ 08-02-2025-ലെ G.O.(Rt) No. 206/2025/PWD പ്രകാരം റണ്ണിങ് കോൺട്രാക്ടിൽ ഉൾപ്പെടുത്തി 3.50 കി.മീ. നീളത്തിൽ 15.22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിയുടെ ടെൻഡർ 11 തവണ നടന്നെങ്കിലും ആരുംതന്നെ പ്രവൃത്തി ഏറ്റെടുത്തില്ല. റീടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.

കെ.എസ്.ടി.പി.

2021-22 സാമ്പത്തിക വർഷത്തിനുമുമ്പ് അനുവദിച്ച രണ്ടുറോഡുകളുടെ നിർമ്മാണ പ്രവൃത്തികളാണ് കെ.എസ്.റ്റി.പി.-യുടെ പരിധിയിൽ കുണ്ടറ നിയോജകമണ്ഡലത്തിലുള്ളത്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

26-07-2021-ൽ എഗ്രിമെന്റ് വച്ച 18.62 കോടി രൂപ കരാർ തുകയുള്ള കെ.എസ്.റ്റി.പി. രണ്ടാംഘട്ടത്തിലെ world Bank assisted road challenge fund-ലെ Road Safety & Improvements പ്രവൃത്തി നടക്കുന്ന കൊട്ടിയം-കുണ്ടറ റോഡിന് 11.70 കി.മീ. നീളമാണുള്ളത്. പ്രസ്തുത പ്രവൃത്തിക്ക് 95 ശതമാനം നിർമ്മാണ പുരോഗതി കൈവരിക്കുകയും തുടർപ്രവൃത്തികൾ നടന്നുവരികയും ചെയ്യുന്നു.

12-08-2021-ൽ എഗ്രിമെന്റ് വച്ച 69.07 കോടി രൂപ കരാർ തുകയുള്ള ഏഴുവർഷ

കാലാവധിയുള്ള OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ കൊല്ലം-ആയൂർ റോഡിലെ 6.1 കി.മീ. റോഡാണ് കുണ്ടറ മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 55 ശതമാനം ആണ്.

ആർ.ബി.ഡി.സി.കെ.

2016-ലെ സർക്കാർ ഉത്തരവ് പ്രകാരം കുണ്ടറ നിയോജകമണ്ഡലത്തിലെ കുണ്ടറ പള്ളിമുക്ക് റെയിൽവേ മേൽപ്പാലം ആർ.ബി.ഡി.സി.കെ. മുഖേന നടപ്പിലാക്കാൻ തീരുമാനിക്കുകയും കിഫ്ബി 27.36 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു. പിന്നീട് 2020-ലെ സർക്കാർ ഉത്തരവ് പ്രകാരം കുണ്ടറ പള്ളിമുക്കിലെ നിർദ്ദിഷ്ട ഫ്ലൈഓവറും ആർ.ഒ.ബി.-യും യോജിപ്പിച്ച് നിർമ്മിക്കാൻ തീരുമാനിക്കുകയും പദ്ധതിയുടെ നടത്തിപ്പ് KRFB-യെ ഏൽപ്പിക്കാൻ തീരുമാനിക്കുകയും ചെയ്തു. എന്നാൽ KRFB-യുടെ പദ്ധതി നടപ്പാകാത്തതിനാൽ 23-10-2024-ലെ സർക്കാർ ഉത്തരവ് പ്രകാരം ആർ.ഒ.ബി. നിർമ്മിക്കുന്നതിനായി ആർ.ബി.ഡി.സി.കെ.-യെ വീണ്ടും SPV ആയി നിയമിച്ചു. ഭൂമിയേറ്റെടുക്കൽ നടപടികൾക്കായി 33.59 കോടി രൂപ 15-12-2025-ൽ കിഫ്ബി അനുവദിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി അതിർത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 4(1) വിജ്ഞാപനത്തിനുവേണ്ടി കണ്ടിജൻസി ചാർജ് ഇനത്തിൽ 50 ലക്ഷം രൂപ തഹസിൽദാർ ആവശ്യപ്പെട്ടതനുസരിച്ച് ബില്ല് കിഫ്ബിയിൽ സമർപ്പിച്ചിരിക്കുകയാണ്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

5 (1237) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് മണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. റോഡ്സ്, ബിൽഡിങ്സ്, മെയിന്റനൻസ് കെ.ആർ.എഫ്.ബി. എന്നീ വിഭാഗങ്ങൾ മുഖേന നടപ്പിലാക്കി വരുന്ന വിവിധ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

നിരത്തുകൾ

നിലവിൽ നിരത്ത് വിഭാഗത്തിന് കീഴിൽ പുരോഗമിക്കുന്ന പ്രവൃത്തികൾ:

1. ശബരിമല ഫെസ്റ്റിവൽ 2024-25 -(BM&BC ഉപയോഗിച്ച് നവീകരണം - 1.200 കി.മീ.) ഹരിപ്പാട് ടിബി ജംഗ്ഷൻ - വെള്ളംകുളങ്ങര റോഡ് ch 0/000 മുതൽ 1/200 വരെ BM പൂർത്തീകരിച്ചു.
2. ജനറൽ-എസ്.ആർ. പ്രവൃത്തികൾ 2024-25 - പ്രതിമുഖം - നെൽപുരക്കടവ് റോഡിൽ ch 0/680 മുതൽ 0/800 വരെയും ടിബി ജംഗ്ഷൻ - വെള്ളാംകുളങ്ങര റോഡ് ch 0/00 മുതൽ 0/180 വരെയും ഓടയും കവറിങ് സ്ലാബിന്റെയും നിർമ്മാണം പുരോഗമിക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി. – പി.എം.യു.

പ്രവൃത്തികളുടെ പുരോഗതി അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.എസ്.ടി.പി.

12-08-2021-ൽ എഗ്രിമെന്റ് വച്ച 69.07 കോടി രൂപ കരാർതുകയുള്ള 7 വർഷ കാലാവധിയുള്ള OPBRC പാക്കേജ് 3-യിൽ ഉൾപ്പെടുന്ന 5 റോഡുകളിൽ തൃക്കുന്നപ്പുഴ-തട്ടാരമ്പലം റോഡിലെ 7 കി.മീ. റോഡാണ് ഹരിപ്പാട് മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. ടി പ്രവൃത്തിയുടെ ആകെ നിർമ്മാണ പുരോഗതി 55 ശതമാനം ആണ്.

ആർ.ബി.ഡി.സി.കെ.

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നങ്ങ്യാർകുളങ്ങര ആർ.ഒ.ബി. നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 19-04-2018-ലെ G.O.(Rt) No. 718/2018/PWD സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. വിശദമായ പഠനങ്ങൾക്കുശേഷം തയ്യാറാക്കിയ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും 37.28 കോടി രൂപയ്ക്ക് അംഗീകാരം ലഭിക്കുകയും ചെയ്തു. തുടർന്ന് 11-07-2022-ന് GAD-യ്ക്ക് റെയിൽവേ അംഗീകാരം ലഭിക്കുകയും ചെയ്തു. ഭൂമിയേറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) കൊടുന്താർ-മേൽപ്പാടം പാലത്തിന്റെ നിർവഹണ പുരോഗതി അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് 10-07-2017-ലെ G.O.(Rt) No.942/2017/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 13-03-2024-ൽ കിഫ്ബിയിൽനിന്നും ഭൂമിയേറ്റെടുക്കലിനായി 1.39 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും അതിർത്തി കല്ലുകൾ സ്ഥാപിക്കുന്ന

പ്രവൃത്തികൾ പൂർത്തീകരിക്കുകയും ചെയ്തു. തുടർന്ന് കെ.ആർ.എഫ്.ബി. - പി.എം.യു.-വും റവന്യൂ വകുപ്പും ചേർന്ന് സംയുക്ത സ്ഥലപരിശോധന നടത്തുകയും ചെയ്തു.

10-06-2025-ൽ 34.65 ലക്ഷം രൂപയുടെ കണ്ടിജൻസി തുക എൽ.എ.ഒ.-യ്ക്ക് കൈമാറിയിട്ടുണ്ട്. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

(സി) മുതലക്കുറിച്ചിക്കൽ പാലത്തിന്റെ നിർവഹണ പുരോഗതി അറിയിക്കാമോ; ഈ പാലത്തിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് നിയോജമണ്ഡലത്തിലെ കരുവാറ്റ ഗ്രാമപഞ്ചായത്തിലെ തോട്ടപ്പള്ളി ലീഡിങ് ചാനലിന് കുറുകെയാണ് മുതലകുറിച്ചിക്കൽ പാലം നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നത്. പൂർത്തീകരിക്കാനുള്ള രണ്ട് സ്പാനുകളിൽ ഒന്നിന്റെ (Voided slab) കോൺക്രീറ്റ് വർക്കുകൾ പൂർത്തീകരിച്ചു. ബോ സ്ട്രിങ് ആർച്ച് സ്ലാബിന്റെ ബീമുകൾ കോൺക്രീറ്റ് ചെയ്ത് പൂർത്തീകരിച്ചിട്ടുണ്ട്. ബോ സ്ട്രിങ് ആർച്ചിന്റെയും ഡക്ക് സ്ലാബിന്റെയും പ്രവൃത്തി പുരോഗമിക്കുന്നു. കരുവാറ്റ ഭാഗത്ത് 75 മീറ്റർ നീളത്തിലും കുപ്പപ്പുറം ഭാഗത്ത് 475 മീറ്റർ നീളത്തിലും അപ്രോച്ച് റോഡുകളാണ് ഈ കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അപ്രോച്ച് റോഡിന്റെ നിർമ്മാണം പുരോഗമിക്കുന്നു.

(ഡി) ഹരിപ്പാട് എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പി.ഡബ്ല്യു.ഡി. മുഖേന ഹരിപ്പാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവഹണ പുരോഗതി അറിയിക്കാമോ?

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കടുത്തുരുത്തി ബസ്ബേ നിർമ്മാണം

6 (1238) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി വലിയ പാലത്തോട് ചേർന്ന് ബസ്ബേ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് നടപടികൾക്കായി പി.ഡബ്ല്യു.ഡി. പാലങ്ങൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ അതിർത്തി നിർണ്ണയം നടത്തിയത് ഏത് തീയതിയിലാണ്; ആയതിന് തയ്യാറാക്കിയ സർവേ റിപ്പോർട്ടിന്റെയും സ്കെച്ചിന്റെയും വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

18-02-2025-ന് അതിർത്തി നിർണ്ണയം നടത്തി അതിർത്തി കല്ലുകൾ സ്ഥാപിച്ചു. കടുത്തുരുത്തി പാലത്തിന് സമാന്തരമായി പുതിയ ബസ്ബേ നിർമ്മിക്കാനായി മുട്ടുചിറ ഭാഗത്ത് കടുത്തുരുത്തി താഴത്തുപള്ളിയുടെ ഉടമസ്ഥതയിലുള്ള 1.395 ആർ ഭൂമിയും തലയോലപ്പറമ്പ് ഭാഗത്ത് സെന്റ് ആന്റണീസ് പള്ളി പൂഴിക്കോലിന്റെ ഉടമസ്ഥതയിലുള്ള 1.333 ആർ ഭൂമിയും ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ആയതിന്റെ സ്കെച്ച് വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്യുന്നു. കൂടാതെ മേൽ ഭൂമിയെക്കുറിച്ച് 30-4-2025-ൽ കടുത്തുരുത്തി വില്ലേജ് ഓഫീസർ നൽകിയ റിപ്പോർട്ടും സ്കെച്ചുകളും അനുബന്ധമായി+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉള്ളടക്കം ചെയ്യുന്നു.

(ബി) സ്ഥലമുടമകളുമായി നടത്തിയ ചർച്ചകൾ ഏത് ഘട്ടത്തിലാണ്; എത്ര പേരിൽനിന്ന് സമ്മതപത്രം ലഭിച്ചിട്ടുണ്ടെന്നും സമ്മതം നൽകാത്ത ഉടമകൾ ഉണ്ടെങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിനുള്ള ചർച്ചകൾ ഭരണാനുമതി ലഭ്യമായ കാലംമുതൽ തന്നെ തുടങ്ങിയിരുന്നു. തലയോലപ്പറമ്പ് ഭാഗത്തെ ഉടമസ്ഥരായ സെന്റ് ആന്റണീസ് ചർച്ച് പൂഴിക്കോലിന്റെ ഭൂമിയുടെ 19-06-2025-ന് തയ്യാറാക്കിയ സമ്മതപത്രവും മുട്ടുചിറ ഭാഗത്തെ ഉടമസ്ഥരായ കടുത്തുരുത്തി താഴത്തുപള്ളി അധികൃതരിൽനിന്നും 01-08-2025-ന് തയ്യാറാക്കിയ സമ്മതപത്രവും 14-08-2025-ൽ ലഭ്യമായിട്ടുണ്ട്.

(സി) സ്ഥലമെടുപ്പിനായി തയ്യാറാക്കിയ പ്രാഥമിക സ്കെച്ച്, അളവു രേഖകൾ എന്നിവ റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുണ്ടായ കാരണം വ്യക്തമാക്കാമോ?

കടുത്തുരുത്തി ജങ്ഷനിൽ ഏറ്റുമാനൂർ-എറണാകുളം റോഡിൽ നിലവിലുള്ള പാലത്തിന് ഇടതുവശത്തായി പുതിയ ബസ്ബേ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 31-10-2025-ലെ സ.ഉ.(സാധാ) നം.2527/2025/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) യൂട്ടിലിറ്റി ഷിഫ്റ്റിങ് സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ., കേരള വാട്ടർ അതോറിറ്റി, ബി.എസ്.എൻ.എൽ., കെ-ഫോൺ എന്നീ സ്ഥാപനങ്ങളുമായി നടത്തിയ സംയുക്ത പരിശോധനകളുടെ തീയതികൾ ഏതെല്ലാമാണെന്നും അവരിൽനിന്ന് ലഭിച്ച

എസ്റ്റിമേറ്റുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

2021 ഡി.എസ്.ഒ.ആർ. പ്രകാരമുള്ള യൂട്ടിലിറ്റി ഷിഫ്റ്റിങ് സംബന്ധിച്ച് KSEB, KWA, BSNL, KFONE എന്നീ സ്ഥാപങ്ങളുമായി 14-08-2025-ൽ സംയുക്ത പരിശോധന നടത്തിയിരുന്നു. ആയതനുസരിച്ച് യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിനുള്ള എസ്റ്റിമേറ്റ് ലഭ്യമായിട്ടുണ്ട്. ആയത് ഉൾപ്പെടുത്തി പുതുക്കിയ എസ്റ്റിമേറ്റ്, പുതുക്കിയ ഭരണാനുമതി എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ഇ) പ്രസ്തുത ബസ്ബേ നിർമ്മാണത്തിനായുള്ള ഡി.പി.ആർ. തയ്യാറാക്കൽ നിലവിൽ ഏത് ഘട്ടത്തിലാണ്; ഡി.പി.ആർ. പൂർത്തിയാക്കി അംഗീകാരത്തിനായി സമർപ്പിക്കാൻ എന്നത്തേക്ക് സാധിക്കും; വ്യക്തമാക്കാമോ?

മരാമത്ത് പ്രവൃത്തികൾക്ക് 2021 ഡി.എസ്.ഒ.ആർ. നിരക്കാണ് ഇപ്പോൾ നിലവിൽ വന്നിട്ടുള്ളത്. പുതുക്കിയ ഡി.എസ്.ഒ.ആർ. പ്രകാരം റേറ്റ് വ്യതിയാനം പരിഹരിക്കുന്നതിനും കൂടാതെ 2021 ഡി.എസ്.ഒ.ആർ. അനുസരിച്ചുള്ള യൂട്ടിലിറ്റി ഷിഫ്റ്റിങ് തുകകളും പുതുക്കിയ ഭൂമിവിലയും ക്രോഡീകരിച്ച് തയ്യാറാക്കപ്പെട്ട 580 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് സഹിതം ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

നിയോജക മണ്ഡലാടിസ്ഥാനത്തിലുള്ള കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിങ് ടീം

7 (1239) <u>ശ്രീ. പി. പി. ചിത്തരഞ്ജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ നിയോജക മണ്ഡലാടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യൂൻസി മോണിട്ടറിങ് ടീം (സി.എം.ടി.) പ്രതിമാസം യോഗം ചേരണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

01-01-2022-ലെ G.O.(Rt) No.8/2022/PWD പ്രകാരം നോഡൽ ഓഫീസർമാർ തങ്ങളുടെ നേതൃത്വത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ കോൺസ്റ്റിറ്റ്യൂൻസി മോണിറ്ററിങ് ടീം (സി.എം.ടി.) പ്രതിമാസം യോഗം നടത്താറുണ്ട്.

(ബി) സി.എം.ടി. യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ടോ; ആലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിറ്റ്സ് ലഭ്യമാക്കാമോ?

സി.എം.ടി. യോഗങ്ങൾ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കാറുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ ഒരു വർഷം ചേർന്ന യോഗങ്ങളുടെ മിനിറ്റ്സ് അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഏതെല്ലാമാണ് ഇതുവരെ നടപ്പിലാക്കിയതെന്ന് അറിയിക്കാമോ?

പ്രസ്തുത കാലയളവിൽ ചേർന്ന സി.എം.ടി. യോഗതീരുമാനങ്ങളിൽ നടപ്പിലാക്കിയവ ചുവടെ ചേർക്കുന്നു.

1. പുന്നമട കായൽ ടൂറിസം കണക്ടിവിറ്റി ഫേസ്-1 എന്ന പ്രവൃത്തി പ്രത്യേക മീറ്റിങ് നടത്തി കരാറുകാരന് കർശന നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ ടാറിങ്ങ് പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.
2. മാരാരിക്കുളം-കണിച്ചുകുളങ്ങര ബി.എം.&ബി.സി പ്രവൃത്തി കരാറുകാരന് കർശന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

3. പങ്കജ് തിയേറ്റർ ആലപ്പി കമ്പനി റോഡ് എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ട എസ്.ആർ.പി. റോഡ്, വൈഥിലി ജംഗ്ഷൻ റോഡ് എന്നിവിടങ്ങളിലെ സ്ഥലതർക്കം പരിഹരിച്ചിട്ടുണ്ട്.

4. മണ്ണഞ്ചേരി പഞ്ചായത്തിലെ മസ്ജിദ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലതർക്കം പരിഹരിച്ച് പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

5. കൊറ്റാട്ടുപാടം-കുറുപ്പംതൈയ്യിൽ ട്രാൻസ്ഫോർമർ റോഡ് എന്ന പ്രവൃത്തി ഫേസ്-1, ഫേസ്-2 എന്നിങ്ങനെ വിഭജിച്ച് ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

6. കിടങ്ങാംപറമ്പ് ക്ഷേത്രം റോഡ് നിർമ്മാണം എന്ന പ്രവൃത്തി പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി പൂർത്തികരിച്ചു.

7. നെഹ്റു ട്രോഫി വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 150 ലക്ഷം രൂപ (approach road Nehru trophy bridge-KRFB) പ്രവൃത്തി ചെയ്യുന്നതിന് നീക്കിയിരുത്തിയിട്ടുണ്ട്.

8. പുന്നമട നെഹ്റുട്രോഫി വാർഡിലെ കോൺക്രീറ്റ് റോഡ് നിർമ്മാണവുമായി (PK Construction) ബന്ധപ്പെട്ട് കരാറുകാരനെ വിളിച്ച് പ്രത്യേക മീറ്റിങ്ങ് നടത്തുകയും പ്രവൃത്തി ത്വരിതഗതിയിലാക്കുകയും ചെയ്തിട്ടുണ്ട്.

9. ബഹു. എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കാലയളവിൽ ചേർന്ന യോഗങ്ങളിലെ തീരുമാനങ്ങളിൽ ഇതുവരെ നടപ്പിലാക്കാത്തവ ഏതെല്ലാമാണ്; അവ നടപ്പിലാക്കാത്തത് എന്തുകൊണ്ടാണ്; വിശദാംശം ലഭ്യമാക്കാമോ?

പ്രസ്തുത കാലയളവിൽ ചേർന്ന യോഗ തീരുമാനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പ്രവൃത്തികൾ

8 (1240) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിന് 2016-17 മുതൽ 2025-26 സാമ്പത്തിക വർഷം വരെ പൊതുമരാമത്ത് വകുപ്പുമുഖേന റോഡ് നിർമ്മാണം, മെയിന്റനൻസ് എന്നീ പ്രവൃത്തികൾക്കായി അനുവദിച്ച ഫണ്ട് എത്രയാണെന്നും; ഓരോ പ്രവൃത്തിയുടെ പേരും അതിന് ഒരോന്നിനും അനുവദിച്ച തുക എത്രയെന്നും സാമ്പത്തികവർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

തൊടുപുഴ നിയോജകമണ്ഡലത്തിൽ മരാമത്ത് വകുപ്പിന്റെ പദ്ധതികൾ

9 (1241) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ പൂർത്തീകരിച്ച റോഡുകൾ, പാലങ്ങൾ, കെട്ടിടങ്ങൾ ഏതെല്ലാമാണ്;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശം ലഭ്യമാക്കാമോ;

(ബി) ടി വകുപ്പിനുകീഴിൽ പ്രവൃത്തികൾ പൂർത്തീകരിച്ചവ, നിർമ്മാണത്തിലിരിക്കുന്നവ, ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്തവ എന്നിവ ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

(എ&ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി. (പി.എം.യു.)

നിർമ്മാണത്തിലിരിക്കുന്ന പ്രവൃത്തികൾ

കുതിക്കളം ചേലച്ചുവട് റോഡ് 35/483 മുതൽ 62/313 കി.മീ. വരെ റോഡിന് DBM&BC നിലവാരത്തിൽ പുതുക്കുന്ന പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുള്ളതും 07-01-2026-ൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ച് പുരോഗമിക്കുകയും ചെയ്യുന്നതുമാണ്.

ഭരണാനുമതി ലഭിച്ചിട്ടും ആരംഭിക്കാത്ത പദ്ധതികൾ

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി DBM&BC നിലവാരത്തിൽ പുതുക്കുന്നതിനായി "കിഫ്ബി- തൊടുപുഴ കാരിക്കോട് ആനക്കയം കാഞ്ഞാർ റോഡ് - 15.125 കി.മീ." റോഡിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

02-02-2019-ൽ 10.44 കോടി രൂപയുടെ സ്ഥലമേറ്റെടുക്കുന്നതിനുള്ള സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള 6(1) നോട്ടിഫിക്കേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ റവന്യൂ വിഭാഗത്തിൽനിന്നും സ്വീകരിച്ചുവരുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ടി.പി.

RKI പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിക്കുന്ന തൊടുപുഴ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന നെയ്യാശ്ശേരി – തോക്കുമ്പൻസാഡിൽ റോഡിന്റെ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരികയാണ്. ആകെ 29.196 കി.മീ. നീളമുള്ള ഈ റോഡിൽ കരിമണ്ണൂർ-തൊമ്മൻകുത്ത് (9.746 കി.മീ.), തൊമ്മൻകുത്ത്–നാരങ്ങാനം–മുണ്ടൻമുടി (4.192. കി.മീ), വണ്ണപ്പുറം–പട്ടയകുടി (15.320 കി.മീ) എന്നീ റോഡുകളുടെ നവീകരണമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിലവിൽ 65.72 ശതമാനം പുരോഗതി കൈവരിച്ചിട്ടുണ്ട്.

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

10 (1243) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; നിലവിലെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

(എ&ബി)

നിരത്തുകൾ

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബജറ്റ് 2025-26-ൽ ഉൾപ്പെടുത്തി 20% token provision കിട്ടിയ കുയിലൂർ വളവ്-പഴശ്ശി ഡാം റോഡ് പ്രവൃത്തി പോസ്റ്റ് ടെൻഡർ നടപടികളിലാണ്.

പാലങ്ങൾ

പ്രവൃത്തിയുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു. പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പൈലിങ് പ്രവൃത്തി ആരംഭിച്ചു.

കെട്ടിട വിഭാഗം

1. പടിയൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം ഒന്നാം ഘട്ടം - 497.50 ലക്ഷം രൂപ - 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. ജി.പി.ടി.സി. മട്ടന്നൂർ ലാബ് ലൈബ്രറി ഓഡിറ്റോറിയം നിർമ്മാണം ഒന്നാം ഘട്ടം - 162.00 ലക്ഷം രൂപ - 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
3. ചാവശ്ശേരി സ്മാർട്ട് വില്ലേജ് ഓഫീസ് - 45 ലക്ഷം രൂപ - Plinth work പൂർത്തിയായിട്ടുണ്ട് - 15% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
4. കീഴല്ലൂർ സ്മാർട്ട് വില്ലേജ് ഓഫീസ് - 45 ലക്ഷം രൂപ - ജി.എഫ്., റൂഫ് സ്ലാബ് പ്രവൃത്തി നടന്നു വരുന്നു - 45% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
5. കാഞ്ഞിലേരി ഗവ. എൽ.പി. സ്കൂൾ നിർമ്മാണം - 180 ലക്ഷം രൂപ - പ്രസ്തുത സ്ഥലത്തെ മരം മുറിച്ചുമാറ്റാത്തതിനാൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിരത്ത് പരിപാലനം

പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി+ ചേർക്കുന്നു. റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികളിൽ ഉൾപ്പെട്ട റോഡ് മെയിന്റനൻസ് പ്രവൃത്തികൾ ഇതുവരെ 70% പൂർത്തീകരിച്ചിട്ടുള്ളതും ബാക്കി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കെ.ആർ.എഫ്.ബി. - പി.എം.യു.

1. എയർപോർട്ട് കണക്ടിവിറ്റി തലശ്ശേരി കൊടുവള്ളി മമ്പറം അഞ്ചരക്കണ്ടി മട്ടന്നൂർ റോഡ് - പദ്ധതി ചെലവിനുള്ള പരിഷ്കരിച്ച ഡി.പി.ആർ. 09-05-2022-ന് കിഫ്ബിക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സമർപ്പിച്ചിരുന്നു. സമർപ്പിച്ച ഡി.പി.ആർ.-ന്റെ ആകെ തുക 961.67 കോടി രൂപയാണ്. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് 423.72 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്.

നിലവിലെ സ്ഥിതി

39.93 Ha സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 11(1) വിജ്ഞാപനം 08-01-2025-ന് പ്രസിദ്ധീകരിച്ചു. സർവെ സബ് ഡിവിഷൻ, structural valuation പ്രവൃത്തികൾ പുരോഗമിക്കുന്നു. 330 structures-ന്റെ valuation list സ്പെഷ്യൽ തഹസീൽദാർ ഓഫീസിൽനിന്നും ലഭ്യമായിട്ടുണ്ട്. Structural valuation പ്രവൃത്തികൾ പുരോഗമിക്കുന്നു. 150 structure-ന്റെ valuation പൂർത്തീകരിച്ചിട്ടുണ്ട്.

2. പെരിങ്ങത്തൂർ - മേക്കുന്ന് - പാനൂർ - പൂക്കോട്- കുത്തുപറമ്പ് - മട്ടന്നൂർ എയർപ്പോർട്ട് റോഡ് -1009.98 കോടി രൂപയുടെ പരിഷ്കരിച്ച ഡി.പി.ആർ. 24-05-2022-ന് കിഫ്ബിക്ക് സമർപ്പിച്ചു. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിന് 591.03 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലെ സ്ഥിതി

39.863 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. 4(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠനം പൂർത്തിയാക്കി 2025 മാർച്ചിൽ പബ്ലിക് ഹിയറിങ്ങ് നടത്തുകയും ആയതിന്റെ ഫൈനൽ റിപ്പോർട്ട് 31-03-2025-ൽ സമർപ്പിക്കുകയും ചെയ്തു. 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കേണ്ടതുണ്ട്.

3. കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് കണക്ടിവിറ്റി റോഡ് - 3 മാനന്തവാടി-ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം മട്ടന്നൂർ റോഡ് - മേൽ റോഡിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള 964.72 കോടി രൂകയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും 25-04-2023-ന് ലഭ്യമാക്കി.

നിലവിലെ സ്ഥിതി

84.906 ഹെക്ടർ ഭൂമിയാണ് റോഡിന്റെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ടത്. പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായി 6(1), 4(1), 11(1) എന്നീ വിജ്ഞാപനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കേണ്ടതുണ്ട്.

4. ചൊർക്കള-ബാവുപ്പറമ്പ-നാണിച്ചേരിക്കടവ്-ചെക്യാട്ടുകാവ്-മയ്യിൽ-പാവന്നൂർ മൊട്ട-കൊളോളം-ചാലോട് റോഡ് – പ്രവൃത്തിയുടെ ഡി.പി.ആർ.-ന് കിഫ്ബിയിൽനിന്നും 291.63 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലെ സ്ഥിതി

സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പുരോഗമിക്കുന്നു.

5. പെരുവാംപറമ്പ് കല്ലുവയൽ നെല്ലിക്കാംപൊയിൽ റോഡ് – പ്രസ്തുത റോഡ് പ്രവൃത്തിക്ക് 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും കിഫ്ബിയിൽനിന്നും 30.97 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

നിലവിലെ സ്ഥിതി

പ്രവൃത്തി 99% പൂർത്തീകരിച്ചു.

കെ.എസ്.ടി.പി

RKI പദ്ധതിയിലുൾപ്പെട്ട പ്രവൃത്തിയായ ഉരുവച്ചാൽ മണക്കായി വളയാൽ-കീഴല്ലൂർ പാലയോട്-കൊടോളിപ്രം-നെരമ്മൽ-മരുതായി റോഡ് പ്രവൃത്തി പൂർത്തീകരിക്കുകയും നിലവിൽ അഞ്ചുവർഷ പരിപാലന കാലാവധിയിലുമാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

11 (1244) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് (മെയിന്റനൻസ് വിഭാഗം) മുഖേന നടപ്പിലാക്കിയതും നിലവിൽ നടന്നുവരുന്നതുമായ ഓരോ പദ്ധതികളുടെയും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതി വിവരങ്ങളും ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തി

12 (1245) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ പാവറട്ടി സെന്റർ നവീകരണ പ്രവൃത്തി നിലവിൽ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണെന്നും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും അതിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ;

(സി) ബാക്കിയുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള തടസ്സം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പാവറട്ടി സെന്റർ റോഡ് വീതി കൂട്ടുന്നതിനുള്ള നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഇ) ഈ സർക്കാരിന്റെ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-ഇ) പ്രസ്തുത പ്രവൃത്തിയിൽ നിലവിൽ BM&BC, Road Marking എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാവറട്ടി സെന്ററിലുള്ള St. Thomas Monastery-യുടെ വശത്തുള്ള കാനയുടെ നിർമ്മാണം ചാവക്കാട് മുൻസിഫ് കോടതിയിൽ നിലവിലുള്ള കേസിന്റെ കാരണത്താൽ തടസ്സപ്പെട്ട നിലയിലാണ്. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട് ബഹു. മണലൂർ എം.എൽ.എ.-യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനപ്രകാരം ആശ്രമസ്ഥലം വിട്ടുനൽകാൻ സന്നദ്ധത അറിയിച്ചിരിക്കുന്നു. എന്നാൽ, ടി സ്ഥലം PWC Compound wall നിർമ്മിച്ച് നൽകുകയും ചെയ്യണമെന്ന് ആശ്രമാധികൃതർ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ, കരാറുകാരൻ ടി പ്രവൃത്തി foreclosure ചെയ്യുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്.

ടി പ്രവൃത്തിയുടെ ഭരണാനുമതി 264.02 ലക്ഷം രൂപയും സാങ്കേതികാനുമതി 262.74

ലക്ഷം രൂപയുമാണ്. Revised Estimate പ്രകാരം കൾവർട്ടുകളുടെ പുനർനിർമ്മാണം, ഡ്രെയിൻ നിർമ്മാണം, GSB, WMM ഉപയോഗിച്ച് റോഡ് തലം ഉയർത്തൽ, BM&BC ഉപരിതല നവീകരണം, ഡ്രെയിൻ സ്ലാബിനുമുകളിൽ ടൈൽ വിരിക്കൽ, GL handrail സ്ഥാപിക്കൽ, റോഡ് മാർക്കിങ് എന്നിവയും സിഗ്നൽ സിസ്റ്റം, സോളാർ സ്ട്രീറ്റ് ലൈറ്റ് എന്നിവ സ്ഥാപിക്കുന്നതിന് LS തുകയായി 5 ലക്ഷം രൂപയും KSEBL, BSNL, KWA എന്നീ വകുപ്പുകളുടെ utility shifting charge ആയി യഥാക്രമം 7 ലക്ഷം രൂപ, 0.25 ലക്ഷം രൂപ, 1.188 ലക്ഷം രൂപ എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇവയിൽ കൾവർട്ട് പുനർ നിർമ്മാണം, GSB, WMM ഉപയോഗിച്ച് റോഡ് തലം ഉയർത്തി BM&BC ഉപരിതല നവീകരണം, St. Thomas Monastery-യുമായി കേസിൽ ഉൾപ്പെട്ട ഭാഗം ഒഴികെയുള്ള ഡ്രെയിൻ നിർമ്മാണം, ഡ്രെയിൻ സ്ലാബിനുമുകളിൽ ടൈൽ വിരിക്കുന്ന പ്രവൃത്തി, റോഡ് മാർക്കിങ് എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ളതാണ്.

ടി പദ്ധതിയിൽ നിലവിലുള്ള റോഡിന്റെ ചില ഭാഗങ്ങളിൽ വീതി കൂട്ടിയാണ് നിർമ്മാണം പൂർത്തീകരിച്ചിരിക്കുന്നത്. ഈ പ്രവൃത്തിയിൽ ലാൻഡ് അക്വിസിഷൻ ഉൾപ്പെടുത്തിയിട്ടില്ല. നിലവിൽ ചാവക്കാട് മുൻസിഫ് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കോടതിവിധി ലഭ്യമാകുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഒരാടം പാലം – മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണം

13 (1246) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഒരാടം പാലം-മാനത്തുമംഗലം ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണത്തിനുള്ള പി.&ഇ. ചാർജിൽ അധികമായി അടയ്ക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ട തുക അടച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; വ്യക്തമാക്കുമോ;

(സി) ബൈപ്പാസിന്റെ നിർമ്മാണത്തിന്റെ ഭാഗമായുള്ള റെയിൽവേ സ്പാനിന്റെ ഡിസൈൻ ഡ്രോയിങ്സ്, അംഗീകരിച്ച അലൈൻമെന്റ്, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ അടങ്ങിയ വിശദാംശങ്ങൾ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയത് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണ്; അടിയന്തരമായി വിശദാംശങ്ങൾ ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-സി) നിർദ്ദിഷ്ട ഓരാടം പാലം - മാനത്തുമംഗലം ബൈപാസ് റോഡ് എൻ.എച്ച്. 966-ലെ ഓരാടംപാലം ഭാഗത്തുനിന്ന് ആരംഭിച്ച് പെരുമ്പിലാവ് നിലമ്പൂർ സംസ്ഥാന പാതയിൽ മാനത്തുമംഗലം എന്ന സ്ഥലത്ത് അവസാനിക്കുന്നതാണ്. ഇതിന്റെ സ്ഥലമേറ്റെടുക്കുന്നതിനായി 17-10-2011-ലെ സ.ഉ.(സാധാ)നം. 73/2011/PWD പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. തുടർന്ന് 02-03-2020-ലെ സ.ഉ. (സാധാ)നം. 261/2020/PWD പ്രകാരം റെയിൽവേയ്ക്ക് അടവാക്കേണ്ട പി.&ഇ. ചാർജ് 16,23,800/- രൂപ ഉൾപ്പെടെ 10,16,23,800/- രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും റെയിൽവേയിൽ പി.&ഇ. ചാർജ് 16,23,800/- രൂപ അടവാക്കിയിട്ടുള്ളതുമാണ്. ഭരണാനുമതി

ഉത്തരവിന്റെ കാലാവധി മൂന്ന് വർഷം കഴിഞ്ഞ് ഉത്തരവ് കാലഹരണപ്പെട്ടതിനാൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകി. പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് പുതിയ നിരക്കിലുള്ള റെയിൽവേയുടെ പി.&ഇ. എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിൽ പുതുക്കിയ ROB യൂണിറ്റ് കോസ്റ്റ് പ്രകാരം പി.&ഇ. ചാർജ് കണക്കാക്കിയാൽ 24,32,434/- രൂപ വരുമെന്നും അതിൽനിന്ന് അടവാക്കിയ തുക കുറച്ച് ബാക്കി 8,08,634/- രൂപ അടവാക്കണമെന്ന് അറിയിച്ച് റെയിൽവേയിൽനിന്ന് കത്ത് ലഭിച്ചു. പി.&ഇ. ചാർജ് ഇനത്തിൽ അധികമായി ആവശ്യമുള്ള തുകകൂടി ഉൾപ്പെടുത്തി 10,24,32,343/- രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ചിരുന്നു. അതിൽ ചില അധിക വിവരങ്ങൾകൂടി ലഭ്യമാക്കാൻ നിർദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ) മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും 19-08-2025-ൽ സതേൺ റെയിൽവേ വർക്ക്സ് ബ്രാഞ്ച് ചീഫ് എഞ്ചിനീയർക്ക് റെയിൽവേയുടെ ഭാഗത്തുള്ള പുതുക്കിയ GAD, അലൈൻമെന്റ് പ്ലാൻ, ചെക്ക് ലിസ്റ്റ് എന്നിവ അയച്ച് നൽകിയതിൽ വ്യക്തത ആവശ്യപ്പെട്ടുകൊണ്ട് മഞ്ചേരി എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് റെയിൽവേയിൽനിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്. റെയിൽവേ കാര്യാലയത്തിൽനിന്നും ആവശ്യപ്പെട്ട പ്രകാരം മാറ്റങ്ങൾ വരുത്തി ഡിസൈനും റിപ്പോർട്ടും സതേൺ റെയിൽവേയ്ക്ക് ഉടൻതന്നെ സമർപ്പിക്കുന്നതാണ്.

(ഡി) പ്രവൃത്തി നടപ്പിലാക്കുന്നത് ത്വരിതപ്പെടുത്താൻ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; ദീർഘകാലമായി കാര്യമായ പുരോഗതി

കൈവരിക്കാത്ത പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

പ്രസ്തുത പ്രവൃത്തി ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്ററുടെ 2025-26 RRM പ്രവൃത്തികളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി പുരോഗതി വിലയിരുത്തി വരുന്നു.

മാവേലിക്കര നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

14 (1248) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ പേരും തുകയും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ കൊടുക്കുന്നു.

ദേശീയ പാത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരമേറ്റശേഷം പൊതുമരാമത്ത് ദേശീയപാത വിഭാഗത്തിന്റെ കീഴിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. GENERAL-Traffic safety work 2022-23- Improvement of traffic safety measures along NH-183, at Parakulangara Junction (Ch 46/650), Alappuzha-General Civil Work- Amount Rs. 12,00,000/-

   പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183-ൽ പാറക്കുളങ്ങര ഭാഗത്ത് side concreting, traffic safety measures എന്നിവ സ്ഥാപിച്ച് 03-11-2024-ൽ ടി പ്രവൃത്തി പൂർത്തീകരിച്ചു.

2. GENERAL-NH 183 - 2022-23 - Cutting down dangerous trees - from Ch 43/500 (Charumoodu) to Ch 62/100 (Anjilimoodu) in Alappuzha district in the State of Kerala-Amount Rs. 2,00,000/-

   പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183-ൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ അപകടകരമായ മരങ്ങൾ മുറിച്ചുമാറ്റി ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തി 09-10-2023-ൽ പൂർത്തീകരിച്ചു.

3. GENERAL-NH 183 - Cutting down dangerously standing trees and branches-from Kollam High school Junction (Ch 0/000) to Charummodu (Ch 43/500) in Kollam and Alappuzha districts -Amount Rs. 5,50,000/-

   പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183-ൽ മാവേലിക്കര

നിയോജകമണ്ഡലത്തിൽ വയ്യാങ്കര മുതൽ അപകടകരമായ മരങ്ങൾ മുറിച്ചു മാറ്റുന്ന പ്രവൃത്തി പൂർത്തീകരിച്ചു.

4. GENERAL-NH 183-Reconstruction of Culverts at Anayadi Ch: 36/260 and Gurunathankulangara Ch: 41/180 - Amount Rs. 28,00,000/-

പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി ദേശീയപാത 183-ൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ ആനയടി കലുങ്ക് പുനർനിർമ്മാണ പ്രവൃത്തി 28-07-2025-ൽ പൂർത്തീകരിച്ചു.

നിരത്ത് പരിപാലനം

ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൊതുമരാമത്ത് വകുപ്പ് മാവേലിക്കര നിയോജകമണ്ഡലത്തിൽ നിരത്ത് പരിപാലന വിഭാഗത്തിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. RM 2021-22 – Cluster 1 – ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിരത്ത് സെക്ഷന്റെ കീഴിലുള്ള 8 റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 28.10 കി.മീ. ദൈർഘ്യം) – 94.77 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചു.

2. RM 2021-22 – Cluster 1 – ആലപ്പുഴ ജില്ലയിലെ കറ്റാനം നിരത്ത് സെക്ഷന്റെ കീഴിലുള്ള ആറ് റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 15.20 കി.മീ. ദൈർഘ്യം) – 62.96 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചു.

3. RM 2023-24 – Cluster 1 – ആലപ്പുഴ ജില്ലയിലെ കറ്റാനം നിരത്ത് സെക്ഷന്റെ

കീഴിലുള്ള 4 റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 10.70 കി.മീ. ദൈർഘ്യം) – 78 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചു.

4. RM 2023-24 – Cluster 1 – ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിരത്ത് സെക്ഷന്റെ കീഴിലുള്ള മൂന്നുറോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 14.80 കി.മീ. ദൈർഘ്യം) – 75.90 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചു.

5. RM 2023-24 – Cluster 1 – ആലപ്പുഴ ജില്ലയിലെ മാവേലിക്കര സോൺ-2 നിരത്ത് സെക്ഷന്റെ കീഴിലുള്ള നാലുറോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 7.20 കി.മീ. ദൈർഘ്യം) – 65.40 ലക്ഷം രൂപ – പ്രവൃത്തി പൂർത്തീകരിച്ചു.

പുരോഗമിക്കുന്ന പ്രവൃത്തികൾ

1. RM 2024-25 – Cluster 1 – ആലപ്പുഴ ജില്ലയിലെ കറ്റാനം നിരത്ത് സെക്ഷന്റെ കീഴിലുള്ള മൂന്നുറോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 7.50 കി.മീ. ദൈർഘ്യം) – 52 ലക്ഷം രൂപ. പ്രീ-മൺസൂൺ പ്രവൃത്തികളും കുഴിയടയ്ക്കൽ പ്രവൃത്തികളും 10% പൂർത്തീകരിച്ചു.

2. OPBRC Package – 03 ൽ ഉൾപ്പെട്ട കെ.പി. റോഡിൽ കായംകുളം മുതൽ അടൂർ വരെയുള്ള 10.400 കി.മീ. (ചെ.9/000 മുതൽ ചെ.19/400 വരെ) റോഡിൽ പ്രവൃത്തികൾ പുരോഗമിക്കുന്നു. (ആകെ അടങ്കൽ തുക 6394 ലക്ഷം രൂപ).

ആർ.ബി.ഡി.സി.കെ.

ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ.-യുമായി

ബന്ധപ്പെട്ട പ്രവൃത്തി കല്ലുമല റെയിൽവേ മേൽപ്പാലമാണ്, അനുവദിച്ച തുക 28.22 കോടി രൂപ ആണ്. 18-06-2025-ൽ പദ്ധതി റീടെണ്ടർ ചെയ്യുകയും M/s. M Rajkumar എന്ന കരാർ കമ്പനിക്ക്

10-11-2025-ൽ LOA നൽകുകയും ചെയ്തു. കരാർ ഒപ്പുവയ്ക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

മങ്കട നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

15 (1249) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾവഴി മുൻ സർക്കാരിന്റെയും നിലവിലെ സർക്കാരിന്റെയും കാലത്ത് നടപ്പാക്കിയതും നിലവിൽ നടന്നുവരുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയ പാത

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

മലപ്പുറം ജില്ലയിലെ മങ്കട നിയോജകമണ്ഡലത്തിലെ ഒരാടം പാലം വൈലോങ്ങര ബൈപ്പാസ് നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നു. പദ്ധതി നിർവ്വഹണത്തിനായി കിഫ്ബിവഴി 12.62 കോടി രൂപ 22-05-2018 ൽ ലഭ്യമാക്കി.

പുതുക്കിയ അലൈൻമെന്റിന്റെ അടിസ്ഥാനത്തിൽ പദ്ധതിക്ക് 16.10 കോടി രൂപ 22-05-2023-ന് അനുവദിക്കുകയും ചെയ്തു. തുടർന്ന് പദ്ധതിയുടെ ഭൂമിയേറ്റെടുക്കൽ ആരംഭിക്കുന്നതിന് ജില്ലാ കളക്ടർക്ക് 29-05-2023-ന് അർത്ഥനാപത്രം നൽകി. ഭൂമിയേറ്റെടുക്കൽ നടപടിയുടെ ഭാഗമായ 4(1) വിജ്ഞാപനം 16-12-2023-ൽ പുറപ്പെടുവിക്കുകയും എസ്.ഐ.എ. പബ്ലിക് ഹിയറിങ് പൂർത്തിയാക്കി റിപ്പോർട്ടും എക്സ്പേർട്ട് കമ്മിറ്റി റിപ്പോർട്ടും കളക്ടർക്ക് കൈമാറിയിട്ടുണ്ട്. ബൈപാസ് പദ്ധതിക്കായി 19(1) വിജ്ഞാപനം 17-11-202-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള നിർമ്മിതികളിൽ ശോചനീയാവസ്ഥയിലുള്ളതും നിലവിൽ നവീകരണത്തിന് യാതൊരു തുകയും വകയിരുത്തിയിട്ടില്ലാത്തവയും ഏതെല്ലാമാണെന്നും ഇവയിൽ അടിയന്തര പ്രാധാന്യത്തോടെ നവീകരിക്കേണ്ടത് ഏതെല്ലാമാണെന്നുമുള്ള മുൻഗണനാക്രമത്തിലുള്ള പട്ടിക ലഭ്യമാക്കുമോ?

നിരത്തുകൾ

നിലവിലുള്ള റണ്ണിങ് കോൺട്രാക്ട് പ്രവൃത്തികൾ ഉപയോഗിച്ച് എല്ലാ റോഡുകളും ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. തിരൂർക്കാട് - ആനക്കയം റോഡ് സി.ആർ.എഫ്.-ൽ ഉൾപ്പെടുത്തി നവീകരിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

ദേശീയ പാത

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ മങ്കട നിയോജകമണ്ഡലത്തിൽ ദേശീയപാത 966-ൽ കി.മീ. 54/000 മുതൽ കി.മീ. 64/000 വരെയുള്ള റോഡ് പരിപാലനത്തിനായി one time maintenance പദ്ധതിയിൽ ഉൾപ്പെടുത്തി അനുമതി ലഭിക്കുന്നതിനായി NHAI-യുടെ കാര്യാലയത്തിൽ അപേക്ഷ നൽകിയിട്ടുണ്ട്.

പാലങ്ങൾ

അനുബന്ധമായി[+] ചേർക്കുന്നു.

കയ്പമംഗലം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

16 (1250) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയതും കഴിഞ്ഞ അഞ്ച് വർഷത്തിനിടെ അനുവദിക്കപ്പെട്ടതുമായ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

(എ&ബി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ കയ്പമംഗലം നിയോജകമണ്ഡലത്തിൽ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തി ഭരണാനുമതി നൽകിയത് Budget Work 2024-25 improvements to Moonupeedika Junction Km 22/058 of Potta Moonupeedika Road എന്ന പ്രവൃത്തിക്കാണ്. പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിൽ ഉപ്പുംതുരുത്തി പാലം നിർമ്മാണം, ആറാട്ടുവഴി ടിപ്പിൾ ബോക്സ് കൾവെർട്ട് നിർമ്മാണം എന്നീ പ്രോജക്ടുകൾക്ക് ഇരുപത് ശതമാനം തുക വകയിരുത്തിയിരുന്നു. ഇവയിൽ ആറാട്ടുവഴി ടിപ്പിൾ ബോക്സ് കൾവെർട്ടിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന് കീഴിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളിൽ സാങ്കേതികാനുമതി ലഭ്യമായ പ്രവൃത്തികൾ ഏതെല്ലാമാണെന്നും സാങ്കേതികാനുമതി ലഭ്യമാകാത്ത പ്രവൃത്തികളിൽ അത് ഉറപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പ്രസ്തുത പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാതിരിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഇവ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കാമോ?

(സി&ഡി) പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ഭരണാനുമതി നൽകിയ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. അതിർത്തി നിർണ്ണയിക്കുന്നതിനും LA പ്ലാൻ തയ്യാറാക്കുന്നതിനുമായി 2 ലക്ഷം രൂപയുടെ Part TS നൽകിയിട്ടുണ്ട്. നിലവിൽ LA പ്ലാൻ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. Negotiable Purchase method അനുസരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. സ്ഥലം ലഭിക്കുന്നമുറയ്ക്ക് ബജറ്റ് പ്രവൃത്തിയുടെ സാങ്കേതികാനുമതി മുഴുവനായി ലഭ്യമാക്കി പ്രവൃത്തി ക്രമീകരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കഴിയുമെന്ന് കരുതുന്നു.

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിനുകീഴിലെ ആറാട്ടുവഴി ടിപ്പിൾ ബോക്സ് കൾവെർട്ടിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

കെട്ടിട വിഭാഗത്തിനുകീഴിലെ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

പൊതുമരാമത്ത് അനുവദിച്ച നബാർഡ് പദ്ധതികൾ

17 (1251) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഉദുമ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകുപ്പ് അനുവദിച്ച നബാർഡ് പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ഉദുമ നിയോജകമണ്ഡലത്തിൽ NABARD RIDF XXVII -Construction of Aramanappady Bridge across Payaswini river on Perladukam - Bavikkara road in Kasaragod District എന്ന പ്രവൃത്തിക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

1740 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും 151.75 മീറ്റർ നീളത്തിൽ പാലവും ഉൾപ്പെട്ടുവരുന്ന ഈ പദ്ധതിയുടെ 40% പ്രവൃത്തികൾ പൂർത്തിയാക്കി. പാലത്തിന്റെ രണ്ട് അബട്ട്മെന്റിന്റേയും 5 പിയറുകളിൽ 4 പിയറുകളുടെയും ഫൗണ്ടേഷനും സബ്സ്ട്രക്ചറുകളും പൂർത്തിയാക്കി. സൂപ്പർ സ്ട്രക്ചറിൽ വരുന്ന 15 ഗിർഡറുകളിൽ 3 എണ്ണവും പൂർത്തിയാക്കി. കൂടാതെ റീട്ടെയിനിങ് വാൾ പ്രവൃത്തി പുരോഗമിച്ചുവരുന്നു.

കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ പദ്ധതികൾ

18 (1252) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-26 കാലയളവിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽനിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെയും പദ്ധതികളുടെയും വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേര്, അനുവദിച്ച തുക, നിലവിലെ സ്ഥിതി എന്നിവ വർഷം തിരിച്ച് വിശദമാക്കാമോ?

(എ&ബി)

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ 50-ാം നമ്പർ ലെവൽക്രോസിങ്ങിന് പകരമായി നിർമ്മിക്കുന്ന പുതിയകാവ്-ചക്കുവള്ളി (ചിറ്റുമൂല) റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ G.O.(Rt) No. 942/2017/PWD/TVM പ്രകാരം ഭരണാനുമതി നൽകി.

യൂട്ടിലിറ്റി ഷിഫ്റ്റിങിനായി 74,23,241/- രൂപയും സ്ഥലമേറ്റെടുക്കലിനും നഷ്ടപരിഹാരത്തിനുമായി 10,24,52,342/- രൂപയും ഉൾപ്പെടെ പദ്ധതിയുടെ ആകെ നിർമ്മാണ ചെലവ് 42.43 കോടി രൂപയാണ്. നിലവിൽ പ്രവൃത്തി കരാറുകാരന് അവാർഡ് ചെയ്തിട്ടുണ്ട്, കരാർ ഒപ്പുവയ്ക്കുന്ന നടപടിയിലാണ്.

ദേശീയ പാത

2021-26 കാലയളവിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ ഒരു പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. CRIF (2022-23) ഓച്ചിറ ആയിരംതെങ്ങ് - അഴീക്കൽ വെള്ളനാതുരുത്ത് കരുനാഗപ്പള്ളി റോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനരുദ്ധാരണം - കൊല്ലം ജില്ല - ഭരണാനുമതി തുക 22.5 കോടി രൂപ. പ്രവൃത്തി പൂർത്തീകരിച്ചു.

മഞ്ചേരി നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ

19 (1254) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുകൾ വിഭാഗം) വഴി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അനുവദിച്ച ഓരോ പ്രവൃത്തിയുടെയും പേര്, അടങ്കൽ തുക എന്നിവ വർഷം തിരിച്ച് ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകൾ വിഭാഗം നടപ്പിലാക്കിയ റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗംവഴി ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുക, പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗംവഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(സി) മേൽപ്പറഞ്ഞ കാലയളവിൽ മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലം വിഭാഗംവഴി ഏതെല്ലാം പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ആയവയുടെ അനുവദിച്ച അടങ്കൽ തുക, പ്രവൃത്തിയുടെ പുരോഗതി, ഇതുവരെ ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ നൽകുമോ?

മഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പാലങ്ങൾ വിഭാഗംവഴി അനുവദിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണം

20 (1255) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-കാക്കനാട് റോഡ് നിർമ്മാണം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ;

(ബി) നിർദിഷ്ട കോതമംഗലം-കാക്കനാട് റോഡിന്റെ അലൈൻമെന്റ് മാറ്റുന്നതിനുള്ള പുതിയ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം വ്യക്തമാക്കാമോ?

(എ&ബി) കാക്കനാട് - തങ്കളം നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 01-11-2016-ലെ സ.ഉ.(സാധാ)നം.1502/2016/പൊ.മ.വ. പ്രകാരം 30 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 12-02-2021-ലെ സ.ഉ. (സാധാ)നം.188/2021/PWD പ്രകാരം ഭരണാനുമതി പുതുക്കി നൽകുകയും ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രാഥമിക അലൈൻമെന്റിൽ, പ്രദേശത്തിന്റെ പ്രത്യേകതയും അധികരിച്ച gradient-ഉം കാരണം IRC, KIIFB സ്റ്റാൻഡേർഡുകൾ പാലിച്ചിരുന്നില്ല. സ്ഥലപരിശോധനയിൽ ഡിസൈൻ വിഭാഗം ടി അലൈൻമെന്റ് ഫീസിബിൾ അല്ലെന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം feasible അല്ലെന്ന് 01-06-2023-ലെ സൈറ്റ് വിസിറ്റ് റിപ്പോർട്ടിൽ കിഫ്ബി വ്യക്തമാക്കിയിട്ടുണ്ട്. കിഫ്ബിയിൽ നടന്ന റിവ്യൂ യോഗത്തിൽ, തങ്കളം-കാക്കനാട് റോഡ് പ്രവൃത്തി, MC റോഡുവഴി ബന്ധിപ്പിക്കുന്നതിനുപകരം മൂവാറ്റുപുഴ-കാക്കനാട് റോഡുവഴി കാക്കനാടുമായി യോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് നിർദേശിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗം ഒഴിവാക്കി കിഫ്ബി TRC വിഭാഗത്തിൽനിന്നും 08-01-2025-ൽ ലഭിച്ച റിപ്പോർട്ട് പ്രകാരം കോതമംഗലം ബൈപാസ് മുതൽ, മേലേപീടിക, മുളവൂർ, ഈസ്റ്റ് പായ്പ്ര, പള്ളിച്ചിറങ്ങര (MC റോഡ്), പുന്നോപ്പടി വഴി വീട്ടൂർ വരെ അലൈൻമെന്റ് കണ്ടെത്തുകയും ആയതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് 24-06-2025-ൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ചെയ്തിരുന്നു. കോതമംഗലം ബൈപാസ് മുതൽ വീട്ടൂർ വരെ അലൈൻമെന്റ് സാധ്യമായതിനാൽ 13.6 മീറ്റർ RoW-യിൽ ടി ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാനും ആവശ്യമെങ്കിൽ LA നിർദേശം സമർപ്പിക്കാനും വീട്ടൂരിന് ശേഷം കിഴക്കമ്പലം വരെ മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ അലൈൻമെന്റ് ഉപയോഗിക്കാനും നിർദേശിച്ചിട്ടുണ്ട്. ഇതിനകം സമർപ്പിച്ച മൂവാറ്റുപുഴ മുതൽ കാക്കനാട് വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ.-ൽ മാറ്റം വരുത്തി, വീട്ടൂർ മുതൽ കിഴക്കമ്പലം

വരെയാക്കി 15 മീറ്റർ RoW ഉൾപ്പെടുത്തി പരിഷ്കരിക്കാനും കിഫ്ബി 08-10-2025-ൽ നിർദേശിച്ചിരുന്നു. കൂടാതെ കിഴക്കമ്പലത്തിൽനിന്ന് കാക്കനാടിലേക്കുള്ള പുതിയ അലൈൻമെന്റ് കിഫ്ബിയുടെ പരിഗണനയിലാണെന്നും അറിയിച്ചിരുന്നു. 30-11-2025-ൽ കിഫ്ബിയുടെ നിർദേശങ്ങൾ ഡിസൈൻ വിഭാഗത്തിനെ അറിയിച്ചിരുന്നെങ്കിലും 08-01-2026-ലെ കത്ത് പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൂടുതൽ വ്യക്തത ഡിസൈൻ വിഭാഗം കിഫ്ബിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(സി) കൊച്ചി-ധനുഷ്കോടി ദേശീയ പാതയിൽ (എൻ.എച്ച്.-85) നേര്യമംഗലം മുതൽ വാളറ വരെ 14.5 കിലോമീറ്റർ ദൂരം റോഡ് വികസനം സംബന്ധിച്ച് കാലതാമസം കൂടാതെ ഉത്തരവിറക്കി നിർമ്മാണ പ്രവർത്തനങ്ങൾ തുടരാൻ ബഹു. കേരള ഹൈക്കോടതി ആർ.പി.-972/25 നമ്പർ കേസിലെ 24-10-2025-ലെ വിധി പ്രകാരം നിർദേശം നൽകിയതിനുശേഷം ഇക്കാര്യത്തിൽ എടുത്ത നടപടികളുടെ വിശദവിവരം വ്യക്തമാക്കാമോ?

ബഹു. ഹൈക്കോടതി ഉത്തരവ് പ്രകാരം, നേര്യമംഗലം-വാളറ റൂട്ടിൽ റോഡ് വികസനത്തിനായി ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദാംശങ്ങളും രേഖകളും NHAI (ദേശീയപാത അതോറിറ്റി) ചീഫ് സെക്രട്ടറിക്ക് സമർപ്പിക്കാൻ നിർദേശിച്ചിരുന്നു. ഇതനുസരിച്ച്, പദ്ധതി എത്രയുംവേഗം പൂർത്തിയാക്കുന്നതിനായി ഭൂമി കൈമാറുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നതിനായി ആവശ്യമായ എല്ലാ വിവരങ്ങളും NHAI ചീഫ് സെക്രട്ടറിക്ക് ലഭ്യമാക്കിയിട്ടുണ്ട്.

താമരശ്ശേരി ചുരത്തിന് ബദലായുള്ള പദ്ധതി

21 (1256) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-

വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനസാന്ദ്രത വർധനവും വികസന സാധ്യതകൾ പരിമിതവുമായ താമരശ്ശേരി ചുരത്തിന് ബദലായി വിഭാവനം ചെയ്യുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ വിശദാംശവും ലഭ്യമാക്കുമോ?

വാഹന സാന്ദ്രത വർധനവും വികസന സാധ്യതകൾ പരിമിതവുമായ താമരശ്ശേരി ചുരത്തിന് ബദലായി ആനക്കാംപൊയിൽ-കള്ളാടി-മേപ്പാടി തുരങ്കപാതാ നിർമ്മാണം, പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് പ്രവൃത്തി, ചിപ്പിലിത്തോട്-മരുനിലാവ്-തളിപ്പുഴ റോഡ് പ്രവൃത്തി എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ആനക്കാംപൊയിൽ – കള്ളാടി – മേപ്പാടി തുരങ്കപാത നിർമ്മാണം

താമരശ്ശേരി ചുരത്തിന് ബദലായി വിഭാവനം ചെയ്യപ്പെട്ട പദ്ധതികളിലൊന്നായ ആനക്കാംപൊയിൽ - കള്ളാടി - മേപ്പാടി തുരങ്കപാത കിഫ്ബി പദ്ധതിയായാണ് നടപ്പിലാക്കുന്നത്. പദ്ധതിക്കായി 2134.50 കോടി രൂപയുടെ ധനാനുമതിയാണ് കിഫ്ബി നൽകിയിട്ടുള്ളത്. 8.11 കിലോമീറ്റർ നീളത്തിൽ നാലുവരി ഇരട്ട തുരങ്കപാതയും ഇരുവശത്തുമായി 625 മീറ്റർ നീളത്തിൽ അപ്രോച്ച് റോഡും ചേർന്ന് 8.735 കിലോമീറ്ററാണ് നിർദ്ദിഷ്ട പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് ആണ് പ്രസ്തുത പദ്ധതിയുടെ നിർവഹണ ഏജൻസി. അന്താരാഷ്ട്ര നിലവാരത്തിലുള്ള സുരക്ഷാ സംവിധാനങ്ങൾ, വെന്റിലേഷൻ, ലൈറ്റിങ്, അഗ്നി സുരക്ഷാ സംവിധാനങ്ങൾ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. തുരങ്കപാതയോടനുബന്ധിച്ച് സമീപ റോഡുകളും മറ്റ് അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും

വികസിപ്പിക്കും. പദ്ധതിക്കായി ഭൂമിയേറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് ടെൻഡർ നടപടിക്രമം പാലിച്ച് രണ്ട് പാക്കേജുകളായിട്ടാണ് വർക്ക് ഓർഡർ നൽകിയിട്ടുള്ളത്. കി.മീ. 0/000 മുതൽ 0/460 വരെയുള്ള ഭാഗം ആദ്യ പാക്കേജായും കി.മീ. 0/460 മുതൽ 8/735 വരെയുള്ള ഭാഗം രണ്ടാമത്തെ പാക്കേജായുമാണ് കരാർ നൽകിയിട്ടുള്ളത്. പദ്ധതി നിർവഹണ ഏജൻസി ലഭ്യമാക്കിയ വിവരങ്ങളനുസരിച്ച് ആദ്യ പാക്കേജിൽ ഉൾപ്പെട്ട രണ്ട് പ്രധാന പാലങ്ങളുടെ നിർമ്മാണത്തിനായുള്ള പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാമത്തെ പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള ടണൽ നിർമ്മാണത്തിന്റെ ഭാഗമായി ഇരുവശത്തും (വയനാട്, കോഴിക്കോട്) മണ്ണുമാറ്റൽ (ഉദ്ഘനനം) പ്രവൃത്തികളും പുരോഗമിച്ചുവരികയാണ്. പദ്ധതിക്കായുള്ള ക്രഷർ പ്ലാന്റുകളുടെ പ്രവൃത്തിയും രണ്ടുഭാഗത്തും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ വയനാട് ഭാഗത്തെ പ്രവൃത്തിയുടെ ഗുണനിലവാര പരിശോധനാ ലാബിന്റെ നിർമ്മാണവും 400 തൊഴിലാളികൾക്കുള്ള താമസസൗകര്യവും പൂർത്തീകരിക്കുകയും ബാച്ചിങ് പ്ലാന്റിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു. കൂടാതെ കോഴിക്കോട് ഭാഗത്തെ ബാച്ചിങ് പ്ലാന്റ്, ഗുണനിലവാര പരിശോധനാ ലാബ്, 350 തൊഴിലാളികൾക്കുള്ള താമസസൗകര്യം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. നിലവിലെ ഷെഡ്യൂൾ അനുസരിച്ച് ഫെബ്രുവരിയോടുകൂടി തുരങ്കത്തിനായുള്ള പാറ തുരക്കൽ ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

പൂഴിത്തോട് – പടിഞ്ഞാറത്തറ റോഡ് പ്രവൃത്തി

പൂഴിത്തോട്-പടിഞ്ഞാറത്തറ റോഡിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിക്കായി 150 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട്

സൊസൈറ്റി ഏറ്റെടുക്കുകയും 05-08-2024-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി കോഴിക്കോട്, വയനാട് ജില്ലകളിൽ വനത്തിനുള്ളിൽ Drone cum Lidar സർവെയും വനേതര പ്രദേശത്ത് GPS സർവേ, സോയിൽ ടെസ്റ്റിങ് എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്.

(ബി) ചിപ്പിലിത്തോട്-മരുതിലാവ്-തളിപ്പുഴ റോഡിന്റെ സാധ്യതാ പഠനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ദേശീയപാത 766 നാലുവരി പാതയാക്കുന്നതിനുള്ള സാധ്യതാ പഠനത്തിനുള്ള പ്രവൃത്തിയുടെ ടെൻഡർ നടപടികൾ MORTH റീജിയണൽ ഓഫീസർ, തിരുവനന്തപുരം കാര്യാലയത്തിന്റെ കീഴിൽ പുരോഗമിച്ചുവരുന്നു. താമരശ്ശേരി ചുരത്തിന് ബദൽ പാതയായി വിഭാവനം ചെയ്തിട്ടുള്ള റോഡിന്റെ സാധ്യതാ പഠനവും മേൽ പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്.

പുത്തൂർ പോസ്റ്റോഫീസ്-കൈവേലിക്കൽ-നിള്ളങ്ങൽ റോഡ്

22 (1257) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. വകുപ്പുമന്ത്രി ഉദ്ഘാടനം നിർവഹിച്ച കുന്നോത്തുപറമ്പ് ഗ്രാമപഞ്ചായത്തിലെ പുത്തൂർ പോസ്റ്റോഫീസ് – കൈവേലിക്കൽ - നിള്ളങ്ങൽ റോഡിന്റെ നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പി.ഡബ്ല്യു.ഡി. വിഭാഗം നിരക്ക് പുതുക്കിയതിനാലും ജൽജീവൻ മിഷനുമായി ബന്ധപ്പെട്ട റീസ്റ്റോറേഷൻ പ്രവൃത്തി വൈകിയതിനാലും പ്രസ്തുത റോഡിന്റെ പ്രവൃത്തിക്കായി

സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള തുക അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി എപ്പോൾ ലഭ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) പുത്തൂർ പോസ്റ്റ് ഓഫീസ് കൈവേലിക്കൽ നിള്ളങ്ങൽ ചേരിക്കൽ റോഡ് ch.4/000-2/844 റോഡ് അഭിവൃദ്ധി പ്രവൃത്തിക്ക് 4 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ഒരു വർഷ പൂർത്തീകരണ കാലാവധിയോടുകൂടി 20-07-2024-ന് സൈറ്റ് കരാറുകാരന് കൈമാറിയിരുന്നു. എന്നാൽ പ്രസ്തുത റോഡ് റീച്ചിൽ 2/200-6/844 വരെ ജെ.ജെ.എം. പൈപ്പ് സ്ഥാപിക്കുന്ന പ്രവൃത്തികൾ കാരണം പി.ഡബ്ല്യു.ഡി. പ്രവൃത്തി ആരംഭിക്കാൻ കരാറുകാരന് സാധിച്ചില്ല. തുടർന്ന് കരാറുകാരന്റെ അപേക്ഷ പ്രകാരം പ്രസ്തുത കരാറുകാരനെ മേൽ പ്രവൃത്തിയിൽനിന്നും Terminate ചെയ്യുകയുണ്ടായി. തുടർന്ന് റേറ്റ് റിവിഷൻ പ്രാബല്യത്തിൽ വന്നതിനാൽ പുതുക്കിയ നിരക്കിൽ തയ്യാറാക്കിയ 480 ലക്ഷം രൂപയുടെ ബാലൻസ് എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം പരിഗണനയിലാണ്.

എൻ.എച്ച്. 766 നവീകരണ പദ്ധതി

23 (1258) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹൈവേ 766-ൽ എത്ര ബൈപ്പാസുകളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവ ഏതൊക്കെ ഇടങ്ങളിലാണെന്ന് വിശദമാക്കാമോ?

(എ&ബി) നാഷണൽ ഹൈവേ 766-ൽ നിലവിൽ അംഗീകരിക്കപ്പെട്ട നാലുവരി പാതയുടെ അലൈൻമെന്റ് പ്രകാരം 5 ബൈപ്പാസുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇവ മീനങ്ങാടി, സുൽത്താൻ ബത്തേരി, കൽപ്പറ്റ, കൊടുവള്ളി, താമരശ്ശേരി എന്നീ ഭാഗങ്ങളിലാണ്.

(സി) നാഷണൽ ഹൈവേ 766 വീതികൂട്ടി നവീകരിക്കുന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നാഷണൽ ഹൈവേ 766 വീതികൂട്ടി നവീകരിക്കുന്ന പദ്ധതിക്ക് പുതിയ കൺസൾട്ടൻസി ആയ സിവിൽ മന്ത്രയുമായി കരാറിൽ ഏർപ്പെടാനുള്ള നടപടികൾ RO, MORTH സ്വീകരിച്ചുവരുന്നു.

പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ റോഡിന്റെ നിർമ്മാണം

24 (1259) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയങ്ങാടി-ഉള്ള്യേരി-കുറ്റ്യാടി-ചൊവ്വ (പി.യു.കെ.സി.) റോഡിന്റെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പാവങ്ങാട് ഉള്ള്യേരി കുറ്റ്യാടി ചൊവ്വ റോഡിന്റെ പാവങ്ങാട് മുതൽ ഉള്ള്യേരി വരെയുള്ള റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനായി 50 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 82.36 കോടി രൂപയ്ക്ക് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. 6(1) notification പ്രസിദ്ധപ്പെടുത്തുകയും അതിർത്തിക്കല്ലുകൾ

സ്ഥാപിക്കുകയും 4(1) Notification 05-04-2025-ൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സാമൂഹികാഘാത പഠനം പൂർത്തീകരിച്ച് 30-08-2025-ൽ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ രണ്ടാം റീച്ചായ ഉള്ള്യേരി-കുറ്റ്യാടി റോഡിന്റെ അലൈൻമെന്റ് നിർമ്മാണം പരിഗണയിലുണ്ടോ; വിശദാംശം നൽകുമോ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് എത്ര മീറ്റർ വീതിയിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്; പേരാമ്പ്ര ബൈപാസ് വഴിയാണോ പ്രസ്തുത റോഡ് നിർമ്മിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(ബി&സി) ഉള്ള്യേരി കുറ്റ്യാടി റോഡിന്റെ അലൈൻമെന്റ് പൊതുമരാമത്ത് ഡിസൈൻ വിഭാഗം തയ്യാറാക്കിയതിൻ പ്രകാരം, പ്രസ്തുത റോഡ് 13.6 മീറ്റർ (RoW) വീതിയിലാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. പേരാമ്പ്ര ടൗൺ ഒഴിവാക്കി പേരാമ്പ്ര ബൈപാസ്സിൽക്കൂടി കടന്നുപോകുന്ന രീതിയിലാണ് അലൈൻമെന്റ് തയ്യാറാക്കിയിരിക്കുന്നത്. സാമ്പത്തികാനുമതി ലഭ്യമാകുന്നതിനുള്ള പ്രൊപ്പോസൽ കിഫ്ബിയുടെ പരിഗണനയിലാണ്.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മലയോര ഹൈവേയുടെ പ്രവൃത്തി

25 (1260) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ മലയോര ഹൈവേയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണുള്ളത്; പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ്;

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(എ&ബി) പേരാമ്പ്ര നിയോജകമണ്ഡലത്തിലെ മലയോര ഹൈവേ പ്രവൃത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. പെരുവണ്ണാമൂഴി മുതൽ 28-ാം മൈൽ വരെ - Part TS -1 – പെരുവണ്ണാമൂഴി മുതൽ ചെമ്പ്ര വരെ (41/500 to 47/000), ആകെ നീളം 5.5 കി.മീ. - പ്രസ്തുത പ്രവൃത്തിക്ക് 09-05-2025-ൽ 82.49 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകി. 06-05-2023-ൽ 31.461 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി 11-03-2024-ൽ 23,09,27,023/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടു. നിലവിൽ 58% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. DBM - 2.450 കി.മീ.-ഉം WMM – 2.40 കി.മീ.-ഉം പൂർത്തീകരിച്ചു. 20-03-2026 വരെയാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി.
2. മുള്ളൻകുന്ന് – പെരുവണ്ണാമൂഴി - (പേരാമ്പ്ര മണ്ഡലത്തിൽ 6.66 കി.മീ. ദൂരം)- പ്രസ്തുത പ്രവൃത്തിക്ക് 08-08-2022-ൽ 38.39 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.
3. ചാവറമൂഴിപാലം - പ്രസ്തുത പ്രവൃത്തിക്ക് 27-11-2024-ൽ 9.289 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. 29-03-2025-ൽ 9.289 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. പ്രവൃത്തി 22-04-2025-ൽ ടെൻഡർ ചെയ്തു. കരാർ നടപടികൾ പുരോഗമിക്കുന്നു.

പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണ പൂർത്തീകരണം

26 (1261) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ ബൈപ്പാസിന്റെ രണ്ടാംഘട്ട നിർമ്മാണം സംബന്ധിച്ച പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) ബൈപ്പാസിന്റെ രണ്ടാംഘട്ട നിർമ്മാണത്തിന് ആവശ്യമായ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

(എ&ബി) പെരുമ്പാവൂർ ബൈപ്പാസ് രണ്ടാംഘട്ടത്തിന്റെ ഡിസൈൻ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽനിന്നും ഡിസൈൻ പൂർത്തിയാകുന്നമുറയ്ക്ക്, ഭൂമിയേറ്റെടുക്കലിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ

27 (1262) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് റോഡ്സ് വിഭാഗത്തിൽ ഭരണാനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ വ്യക്തമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

(എ-സി) വിവരം അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ മലയോര പാതയുടെ പുരോഗതി

28 (1263) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര പാതയുടെ പ്രവർത്തനം പുരോഗമിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പെരുമ്പാവൂർ നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന ഹിൽ ഹൈവേ ചെട്ടിനട-പാണംകുഴി ജങ്ഷൻ-പയ്യാൽ-ചേറങ്കനാൽ റോഡ് പ്രവൃത്തിക്ക് 08-08-2022-ൽ 76.26 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകേണ്ടതുണ്ട്. ഭൂമി ലഭ്യമാക്കുന്നതിന് എം.എൽ.എ.-യും മറ്റ് ജനപ്രതിനിധികളും ഉന്നത ഉദ്യോഗസ്ഥരുമുൾപ്പെടെ വിവിധ യോഗങ്ങൾ നടത്തിയിട്ടുണ്ട്. ഭൂമിക്കുവേണ്ടിയുള്ള പരിശ്രമം തുടരുന്നു.

(ബി) വെറ്റിലപ്പാറയിൽനിന്നും തുടങ്ങി പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ ചെട്ടിനാട് ജങ്ഷൻ വരെ വനത്തിലൂടെ കടന്നുവരുന്ന റോഡിന് വനാനുമതി ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ മലയോര ഹൈവേയുടെ ഭാഗമായ ഇല്ലിത്തോട് മുതൽ ചെട്ടിനട വരെയുള്ള 1.895 കി.മീ. ഭാഗമാണ് പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടുവരുന്നത്. പ്രസ്തുത പ്രവൃത്തിക്ക് 04-08-2022-ൽ 32.09 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. ഫ്രീ സറണ്ടറായി ഭൂമി ലഭ്യമാകേണ്ടതുണ്ട്. വനഭൂമിക്ക് പകരമായി കോമ്പൻസേറ്ററി അഫോറസ്റ്റേഷൻ ലാൻഡ് ലഭ്യമാക്കുന്നതിനായി Parivesh

പോർട്ടൽ മുഖേന അപേക്ഷിച്ചിട്ടുണ്ട്.

പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡ് നിർമ്മാണം

29 (1264) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

കോട്ടക്കൽ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റീച്ച് 3-യുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലമേറ്റെടുക്കൽ നടപടികൾ ചെയ്യേണ്ടതുണ്ട്. ഭൂമിലഭ്യതയുടെ കുറവുമൂലം പ്രവൃത്തിക്കായി തയ്യാറാക്കിയിട്ടുള്ള അലൈൻമെന്റിൽ IRC മാനദണ്ഡങ്ങൾ പ്രകാരം റോഡിന്റെ ഗ്രേഡിയന്റ് പാലിക്കാൻ സാധിച്ചിട്ടില്ല. നിലവിൽ നിശ്ചയിച്ചിട്ടുള്ള അലൈൻമെന്റിൽ ഗ്രേഡിയന്റ് സംബന്ധിച്ച IRC മാനദണ്ഡങ്ങളിൽ ഇളവ് ആവശ്യപ്പെട്ടിരുന്നെങ്കിലും IRC ഗ്രേഡിയന്റ് പാലിക്കണമെന്ന് സർക്കാരിൽനിന്നും അറിയിച്ചിരുന്നു. നിലവിൽ 0/000 3/040 വരെയുള്ള ബൈപ്പാസിന്റെ പൂർത്തീകരിച്ച ഭാഗം ഉയർത്തി ഗ്രേഡിയന്റ് മാനദണ്ഡങ്ങൾക്കുള്ളിൽ കൊണ്ടുവന്നുകൊണ്ട് ഗ്രേഡിയന്റ് അംഗീകരിച്ച് സ്ട്രക്ചറൽ ഡിസൈൻ നടത്തി പ്രവൃത്തിയുമായി മുന്നോട്ടുപോകുന്നതാണ് പ്രായോഗികം. അലൈൻമെന്റിലുള്ള ഭൂമിയുടെ വീതി നിലനിർത്തിക്കൊണ്ട് cutting and filling നടത്തി IRC മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രൊപ്പോസൽസ് തയ്യാറാക്കിവരുന്നു.

(ബി) പ്രസ്തുത റോഡിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവൃത്തിക്ക് ഐ.ആർ. സി. (Indian Roads Congress) മാനദണ്ഡ പ്രകാരമുള്ള പുതിയ അലൈൻമെന്റിന് അംഗീകാരം

ലഭ്യമായിട്ടുണ്ടോ; പ്രവൃത്തിക്കാവശ്യമായി വരുന്ന സ്ഥലം ഏറ്റെടുത്ത് നഷ്ടപരിഹാരത്തുക നൽകുന്നത് ഉൾപ്പെടെയുള്ള പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയ്ക്കുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിലവിലുള്ള അലൈൻമെന്റിലുള്ള ഭൂമിയുടെ വീതി നിലനിർത്തിക്കൊണ്ട് IRC മാനദണ്ഡപ്രകാരമുള്ള ഗ്രേഡിയന്റിനനുസരിച്ചാണ് പ്രൊപ്പോസൽ തയ്യാറാക്കുന്നത്. ജനവാസ മേഖലയിലൂടെ കടന്നുപോകുന്ന റോഡ് ആയതിനാൽ ഇത്തരത്തിൽ 10 മീറ്ററിലധികം കട്ടിങ് ആൻഡ് ഫില്ലിങ് നടത്തുന്നതിന്റെ പ്രായോഗികത പരിശോധിക്കേണ്ടതുണ്ട്. അലൈൻമെന്റ് അന്തിമമാകുന്നമുറയ്ക്ക് സ്ഥലമേറ്റെടുക്കുന്ന തുകകൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതുണ്ട്.

(സി) പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കൊല്ലം നിയോജകമണ്ഡലത്തിലെ നിരത്തുകളുടെ നിർമ്മാണം

30 (1265) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുവിഭാഗം) മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ വിവിധ പ്രവൃത്തികൾ

ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് (നിരത്തുവിഭാഗം) മുഖേന നടപ്പിലാക്കുന്നതിനായി ഭരണാനുമതി ലഭിച്ചതും പൂർത്തീകരിച്ചതും നിർവഹണം പുരോഗമിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ദേശീയപാത 85-ലെ നേര്യമംഗലം-വാളറ പ്രദേശത്തെ സംരക്ഷിത വനമേഖല

31 (1266) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 85-ലെ നേര്യമംഗലം-വാളറ പ്രദേശം സംരക്ഷിത വനമാണോയെന്ന വിഷയത്തിൽ സർക്കാർ പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ ഹൈക്കോടതിയിൽ നൽകിയതിനെതുടർന്ന് കോടതി താക്കീത് ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പരസ്പരവിരുദ്ധമായ സത്യവാങ്മൂലങ്ങൾ നൽകിയത് ഏത് സാഹചര്യത്തിലാണെന്നറിയിക്കാമോ; ഭൂമിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വസ്തുത വ്യക്തമാക്കുമോ?

(എ&ബി) ദേശീയപാത 85-ൽ ഉൾപ്പെടുന്ന നേര്യമംഗലം മുതൽ വാളറ വരെയുള്ള റോഡ് വികസനവുമായി ബന്ധപ്പെട്ട കേസിൽ 11-07-2025-ൽ ബഹു. കോടതി പുറപ്പെടുവിച്ച

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇടക്കാല ഉത്തരവിനെതിരെ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ സമർപ്പിച്ച റിവ്യൂ ഹർജി പരിഗണിക്കവെ ടി റിവ്യൂ ഹർജിയിൽ ചീഫ് സെക്രട്ടറി സമർപ്പിച്ച സത്യവാങ്മൂലത്തിൽ മുൻപ് സമർപ്പിച്ചിരുന്ന വിവരങ്ങളിൽനിന്നും വ്യത്യസ്തമായ നിലപാടാണ് സ്വീകരിച്ചതെന്ന് കോടതി ഉത്തരവിൽ വ്യക്തമാക്കുന്നുണ്ട്.

ഭൂമിയുടെ സ്റ്റാറ്റസ് സംബന്ധിച്ച തീരുമാനമെടുക്കാനും ദേശീയപാതാ വികസനത്തിനാവശ്യമായ ഭൂമി ലഭ്യമാക്കുന്നതിനും ചീഫ് സെക്രട്ടറിക്ക് കേരള ഹൈക്കോടതി നൽകിയിട്ടുള്ള നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ആയത് സുഗമമാക്കുന്നതിനും സംയുക്ത പരിശോധനയിലൂടെ പരിഹരിക്കുന്നതിനുമായി ഒരു ഉന്നതതല സമിതി രൂപീകരിച്ച് റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഉടമസ്ഥാവകാശം സംബന്ധിച്ച് തർക്കമില്ലാത്ത ഭാഗങ്ങളിൽ പ്രവൃത്തി പുനരാരംഭിക്കാൻ ദേശീയപാതാ അതോറിറ്റിക്ക് നിർദേശം നൽകിയിട്ടുണ്ട്.

കോഴിക്കോട് – പാലക്കാട് ഗ്രീൻ ഫീൽഡ് ഹൈവേ

32 (1267) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ, ഹൈ സ്പീഡ് കോറിഡോർ ആയി വികസിപ്പിക്കാനുള്ള കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ നിർദേശംമൂലം നിലവിൽ നിർദേശിക്കപ്പെട്ട എൻടി - എക്സിറ്റ് പോയിന്റുകളുടെ എണ്ണം പുതുക്കി നിശ്ചയിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഗ്രീൻഫീൽഡ് ഹൈവേ കടന്നുപോകുന്ന മണ്ണാർക്കാട് നിയോജകമണ്ഡലത്തിലെ

എടത്തനാട്ടുകര കോട്ടപ്പള്ള ഭാഗത്ത് എൻട്രി/എക്സിറ്റ് പോയിന്റുകൾ നിലനിർത്തുന്നതിന് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിലും ദേശിയ ഹൈവേ അതോറിറ്റിയിലും സമ്മർദം ചെലുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) കോഴിക്കോട്-പാലക്കാട് ഗ്രീൻഫീൽഡ് ഹൈവേ വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കി വരികയാണെന്ന് ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കണ്ണമ്പ്ര-മണപ്പാടം റോഡ് നവീകരണം

33 (1268) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തരൂർ നിയോജകമണ്ഡലത്തിലെ കണ്ണമ്പ്ര-മണപ്പാടം റോഡ് നവീകരണ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കാമോ?

മണപ്പാടം-കണ്ണമ്പ്ര റോഡ് നവീകരണ പ്രവൃത്തിക്ക് 16-07-2025-ൽ ഭരണാനുമതിയും 16-08-2025-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. 27-10-2025-ൽ എഗ്രിമെന്റ് വയ്ക്കുകയും 06-11-2025-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഇനീഷ്യൽ ലെവൽ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തി

34 (1269) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര-വില്യാപ്പള്ളി-ചേലക്കാട് റോഡ് പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ?

കോഴിക്കോട് ജില്ലയിലെ വടകര-വില്യാപ്പിള്ളി-ചേലക്കാട് റോഡ് പ്രവൃത്തിക്ക് 31 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതിയും 58.299 കോടി രൂപയുടെ സാമ്പത്തികാനുമതിയും 77.21 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽനിന്ന് ലഭിച്ചിട്ടുണ്ട്. ഫ്രീ സറണ്ടർ വ്യവസ്ഥയിൽ വീതി കൂട്ടി വികസിപ്പിക്കുന്ന പ്രസ്തുത പ്രവൃത്തിക്കായി നിലവിലുള്ള റോഡിൽ 12 മീറ്റർ വീതി അളന്ന് പെഗ്മാർക്ക് ചെയ്തിട്ടുണ്ട്. വടകര-വില്ല്യാപ്പിള്ളി-ചേലക്കാട് റോഡിന്റെ ദൈർഘ്യം 15.500 കി.മീ. ആണ്. പ്രസ്തുത പ്രവൃത്തിയുടെ Ch. 0/000 to 5/700 & Ch. 14/154 to Ch. 15.9842, (7.53 കി.മീ.) കൺവെൻഷണൽ രീതിയിലും Ch. 5/700 മുതൽ Ch. 14/154 വരെ, (8.454 കി.മീ.) FDR സാങ്കേതികവിദ്യ ഉപയോഗിച്ചും നടപ്പിലാക്കുന്നതിനായാണ് വിഭാവനം ചെയ്തിരിക്കുന്നത്. പ്രസ്തുത പ്രവൃത്തിയുടെ 0/000 മുതൽ 2/700 വരെയുള്ള ഭാഗം ഭൂമി സൗജന്യമായി ലഭ്യമാകാത്തതിനാൽ ആ ഭാഗം ഒഴിവാക്കി ബാക്കിയുള്ള പ്രവൃത്തി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ULCCS Ltd. എന്ന കരാറുകാരന് 09-09-2025-ൽ കൈമാറി പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. റോഡ് വീതി കൂട്ടുന്നതിനായി ഇരുവശത്തുമുള്ള സ്വകാര്യ വ്യക്തികൾ ഭൂമി സൗജന്യമായി വിട്ടുനൽകുന്ന രീതിയിലാണ് പദ്ധതി വിഭാവന ചെയ്തിട്ടുള്ളത്. ഭൂമി വിട്ടുകിട്ടിയ ഭാഗങ്ങളിൽ സ്ഥലമേറ്റെടുക്കുകയും നിലവിൽ സംരക്ഷണ ഭിത്തി ഉണ്ടായിരുന്നവ പൊളിച്ചുമാറ്റി പുനർ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുകയും ചെയ്യുന്നു. കലുങ്കുകളുടെയും ഡ്രെയിനുകളുടെയും നിർമ്മാണ പ്രവൃത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

നിലവിൽ 08-03-2027 വരെയാണ് പൂർത്തീകരണ കാലാവധി.

(സി) പ്രസ്തുത പ്രവൃത്തിക്കായി ഭൂമി സൗജന്യമായി വിട്ടുനൽകുന്നവർക്ക് മതിലുകൾ പുനർനിർമ്മിക്കുന്നതിനും മറ്റ് ജീവനോപാധികൾ നിലനിർത്തുന്നതിനും എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

ഭൂമി സൗജന്യമായി വിട്ടുനൽകുന്നവർക്ക് മതിലുകൾ പൊളിക്കുന്നതിനും പുനർ നിർമ്മിക്കുന്നതിനും മറ്റ് ജീവനോപാധികൾ നിലനിർത്തുന്നതിനുമായി 4,58,68,411.72 രൂപ എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുണ്ട്.

ഓരോടംപാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണം

35 (1270) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ ഓരോടംപാലം-വൈലോങ്ങര ബൈപ്പാസ് നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; സ്ഥലമേറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകുമോ;

(സി) ബൈപ്പാസ് നിർമ്മാണം സമയപരിധി നിശ്ചയിച്ച് പൂർത്തിയാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ നടപടികൾ

സ്പെഷ്യൽ തഹസിൽദാർ, എൽ.എ. കിഫ്ബി, മലപ്പുറം കാര്യാലയം മുഖേന പുരോഗമിച്ചുവരികയാണ്. റവന്യൂ വകുപ്പിൽനിന്നും നാളിതുവരെ ഭൂമി കൈമാറി ലഭിച്ചിട്ടില്ല, ഭൂമി കൈമാറി ലഭിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ദേശീയപാതാ നിലവാരത്തിലേക്ക് ഉയർത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ

36 (1271) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയപാതാ നിലവാരത്തിലേക്ക് പുതുതായി ഉയർത്താൻ ഉദ്ദേശിക്കുന്ന റോഡുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇതിനായുള്ള പദ്ധതിരേഖ തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് തയ്യാറാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കണ്ണൂർ എയർപോർട്ടിനെ ദേശീയപാത 66-മായി ബന്ധിപ്പിക്കുന്ന റോഡ്, രാമനാട്ടുകരയെ കോഴിക്കോട് എയർപോർട്ടുമായി ബന്ധിപ്പിക്കുന്ന റോഡ്, ദേശീയപാത 66-ലെ കൊടുങ്ങല്ലൂർ, ദേശീയപാത 544-ലെ അങ്കമാലി എന്നിവയെ ബന്ധിപ്പിക്കുന്ന റോഡ്, വൈപ്പിൻ ഫോർട്ട് മുതൽ മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് വരെയുള്ള റോഡ്, കോതമംഗലം-മൂവാറ്റുപുഴ ബൈപാസ് എന്നീ പ്രവൃത്തികൾ നാലുവരിപ്പാത/പേവ്ഡ് ഷോൾഡറുകളോട് കൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിന് കൺസൾട്ടൻസികളെ ചുമതലപ്പെടുത്തുന്നതിനായി ദേശീയപാത അതോറിറ്റി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിലേക്ക് വൈപ്പിൻ നിയോജകമണ്ഡലത്തിൽ നിന്നുള്ള റോഡുകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ റോഡ് ഏതെന്നും എവിടെനിന്ന് ആരംഭിച്ച് എവിടെയാണ് അവസാനിക്കുന്നതെന്നും വ്യക്തമാക്കാമോ?

വൈപ്പിൻ ഫോർട്ട് മുതൽ മത്സ്യഫെഡ് ടൂറിസ്റ്റ് ഓഫീസ് വരെയുള്ള റോഡ് പേവ്ഡ് ഷോൾഡറുകളോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവൃത്തിക്ക് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (LOA) 04-12-2025-ന് നൽകിയതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണം

37 (1272) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം ജില്ലയിൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ചിട്ടുള്ളതും ആയത് ലാൻഡ് അക്വിസിഷൻ തഹസിൽദാറുമായി സംയുക്ത പരിശോധന നടത്തി ബോധ്യപ്പെടുത്തിയിട്ടുള്ളതുമാണ്. ആയതിന്റെ എൽ.എ. നടപടികൾ തഹസിൽദാർ ഓഫീസ് മുഖേന നടന്നുവരുന്നു.

അത്തൂർ നിയോജകമണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറ്റുകുളം എം.എൽ.എ. റോഡ്

38 (1273) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26-ലെ ബജറ്റിൽ ഉൾപ്പെടുത്തിയ അത്തൂർ നിയോജകമണ്ഡലത്തിലെ ചെങ്ങണ്ട-തൃച്ചാറ്റുകുളം റോഡിന് അനുവദിച്ച 6 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചോയെന്ന് വിശദമാക്കാമോ?

(ബി) ടി പ്രവൃത്തിക്ക് ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

(എ&ബി) 27-01-2026-ലെ G.O.(Rt) No.93/2026/PWD (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.) പ്രകാരം 6 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

പാറശ്ശാലയിൽ റോഡുകളുടെ നിർമ്മാണത്തിനായി മുറിച്ചുമാറ്റിയ മരങ്ങൾ

39 (1274) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി., പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ കീഴിലുള്ള വിവിധ റോഡുകളുടെ നിർമ്മാണത്തിനായി പാതയോരത്തെ എത്ര മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ടെന്ന് റോഡ് തിരിച്ച് വ്യക്തമാക്കാമോ?

2016 മെയ് മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ കെ.ആർ.എഫ്.ബി., പൊതുമരാമത്ത് വകുപ്പ് എന്നിവയുടെ കീഴിലുള്ള വിവിധ റോഡുകളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചുമാറ്റിയ മരങ്ങളുടെ വിശദാംശം അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത മരങ്ങൾ മുറിച്ചുമാറ്റുന്നതിനായി സ്വീകരിച്ചിട്ടുള്ള നിയമപരമായ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; ഓരോ റോഡിന്റെ കാര്യത്തിലും ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഫയൽ നമ്പറുകൾ ലഭ്യമാക്കാമോ?

മുറിച്ചുമാറ്റേണ്ടതായ മരങ്ങളുടെ ലിസ്റ്റ് വനം വകുപ്പിന് നൽകുകയും സൈറ്റ് പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി നൽകുകയും ആയതുപ്രകാരം സർവെ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭ്യമായശേഷം MSTC മുഖേന ലേലനടപടികൾ കൈക്കൊള്ളുന്നതാണ്. ആയതുസംബന്ധിച്ച് ഈ കാര്യാലയത്തിനുകീഴിൽ അംഗീകാരം ലഭ്യമായിട്ടുള്ള സർവെ റിപ്പോർട്ട് നമ്പറുകൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) മുറിച്ചുമാറ്റിയ മരങ്ങൾക്ക് വിലനിർണ്ണയം (വാല്യുവേഷൻ) നടത്തിയിട്ടുണ്ടോ; എങ്കിൽ ഓരോ റോഡിലെയും മരങ്ങൾ ഇനം തിരിച്ചും (ഉദാ: തേക്ക്, ആഞ്ഞിലി, പ്ലാവ് തുടങ്ങിയവ) അവയുടെ മൂല്യം സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മുറിച്ചുമാറ്റിയ മരങ്ങൾക്ക് വിലനിർണ്ണയം (വാല്യുവേഷൻ) നടത്തിയിട്ടുണ്ട്. അവയുടെ മൂല്യം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ഡി) പാതയോരത്തെ മരങ്ങൾ മുറിച്ചുമാറ്റുന്നതിന് നിലവിൽ പാലിക്കേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; പാഠശാല നിയോജകമണ്ഡലത്തിൽ പ്രസ്തുത

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചാണോ മരങ്ങൾ നീക്കം ചെയ്തതെന്ന് വ്യക്തമാക്കാമോ?

പാതയോരത്തെ മുറിച്ചുമാറ്റേണ്ടതായ മരങ്ങളുടെ ലിസ്റ്റ് വനം വകുപ്പിന് നൽകുകയും സൈറ്റ് പരിശോധനയ്ക്കുശേഷം വിലനിർണ്ണയം നടത്തി നൽകുകയും ആയതിൻ പ്രകാരം സർവെ റിപ്പോർട്ട് തയ്യാറാക്കി അംഗീകാരം ലഭ്യമായ MSTC മുഖേന ലേലനടപടികൾ കൈക്കൊള്ളേണ്ടതുമാണ്. പാറശാല നിയോജകമണ്ഡലത്തിൽ പ്രസ്തുത നടപടിക്രമങ്ങൾ പൂർണ്ണമായും പാലിച്ചുകൊണ്ടാണ് മരങ്ങൾ നീക്കം ചെയ്തിട്ടുള്ളത്.

(ഇ) മരങ്ങൾ ലേലംചെയ്തത് സംബന്ധിച്ച ഓരോ പ്രവൃത്തിയുടെയും ടെൻഡർ വിവരങ്ങളും ലേലംവഴി സർക്കാരിലേക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

മരങ്ങൾ ലേലം ചെയ്തത് സംബന്ധിച്ച് സർക്കാരിലേക്ക് ലഭിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതി

40 (1275) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിക്ക് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; പാരിസ്ഥിതികാനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ ഇനി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയുടെ ആദ്യഘട്ടത്തിന് മേൽപ്പറഞ്ഞ അതോറിറ്റിയിൽ നിന്നും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പാരിസ്ഥിതികാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പദ്ധതിക്ക് പാരിസ്ഥിതികാനുമതി നൽകേണ്ടത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം ആണോ; ആണെങ്കിൽ ആദ്യഘട്ടത്തിൽ ഉൾപ്പെടെ പുതിയതായി അനുമതി തേടേണ്ട സാഹചര്യം നിലവിലുണ്ടോ; ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ-സി) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിയുടെ സതേൺ റിങ് ആയ വിഴിഞ്ഞം-തേക്കട ഭാഗത്തിന് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ പാരിസ്ഥിതികാനുമതി 15-03-2023-ൽ ലഭിച്ചിട്ടുണ്ട്. പദ്ധതിയുടെ നോർത്തേൺ റിങ് ആയ തേക്കട-നാവായിക്കുളം ഭാഗത്തിന്റെ പാരിസ്ഥിതികാനുമതിക്ക് ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട്-II (CRDP-II) മുഖേന അപേക്ഷ സമർപ്പിച്ചെങ്കിലും ഔട്ടർ റിങ് റോഡ് ഒരു ദേശീയപാതയായി (എൻ.എച്ച്.-866) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ പാരിസ്ഥിതികാനുമതി നൽകുന്നത് സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിയുടെ അധികാരപരിധിക്ക് പുറത്തുള്ള വിഷയമാണെന്നും ഈ വിഷയത്തിൽ കേന്ദ്രസർക്കാരിനെ സമീപിക്കണമെന്നും അതോറിറ്റി മറുപടി നൽകിയിട്ടുണ്ട്.

പദ്ധതിയുടെ പാരിസ്ഥിതികാനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) പദ്ധതിക്കായി സ്ഥലം വിട്ടുകൊടുത്ത പ്രദേശവാസികൾ പ്രതിസന്ധി നേരിടുന്നത്

ഗൗരവത്തോടെ കാണുന്നുണ്ടോ; ഉടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഔട്ടർ റോഡ് അലൈൻമെന്റ് NHAI അംഗീകാരം നൽകിയശേഷം സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തം സംബന്ധിച്ച് മന്ത്രിസഭായോഗം തീരുമാനമെടുത്തിരുന്നു. ഔട്ടർ റിങ് റോഡിന്റെ സ്ഥലമേറ്റെടുപ്പിന്റെ 50%, സർവീസ് റോഡിന്റെ പൂർണ്ണ നിർമ്മാണ ചെലവ് എന്നിവ സംസ്ഥാനം വഹിക്കാമെന്നാണ് തീരുമാനിച്ചത്. അതോടൊപ്പം നിർമ്മാണ വസ്തുക്കളുടെ ജി.എസ്.ടി., റോയൽറ്റി എന്നിവ വേണ്ടെന്നുവയ്ക്കാനും തീരുമാനിച്ചു. ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 1,629.24 കോടി രൂപയുടെ ബാധ്യതയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി/ചീഫ് സെക്രട്ടറി തലങ്ങളിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2024 ഡിസംബറിലും 2025 ജൂൺ മാസത്തിലും 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.

സംസ്ഥാനത്ത് ദേശീയപാത 66-ൽ പല ഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിദഗ്ധ ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും അപകടസാധ്യതയുള്ള ഉയർന്ന കട്ടിങ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ

സാധ്യമാണോയെന്ന് പരിശോധിക്കാൻ M/s. Frontier Geo Services Pvt. Ltd.-നെ ചുമതലപ്പെടുത്തിയിരുന്നു. പരിശോധനാ റിപ്പോർട്ട് നിലവിൽ അതോറിറ്റിയുടെ പരിഗണനയിലാണ്. തിരുവനന്തപുരം ഔട്ടർ റിങ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതി അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണനയിലാണെന്നും മുൻഗണനാക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കാസർഗോഡ് നിയോജകമണ്ഡലത്തിലെ റോഡുകൾ

41 (1276) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(ബി) കഴിഞ്ഞ പതിനഞ്ചുവർഷ കാലയളവിൽ പ്രസ്തുത റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി അനുവദിച്ച തുക, റോഡിന്റെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച തുക വിനിയോഗിക്കാൻ കഴിഞ്ഞിട്ടില്ലെങ്കിൽ, ആയത് സംബന്ധിച്ച വിവരം റോഡിന്റെ പേരും വർഷവും തിരിച്ച്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദമാക്കാമോ;

(ഡി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച തുക വിനിയോഗിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(സി&ഡി) പ്രസ്തുത റോഡുകൾക്കായി അനുവദിച്ച മുഴുവൻ തുകയും പൊതുമരാമത്ത് നിരത്ത് വിഭാഗം വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ കേരള റോഡ് ഫണ്ട് ബോർഡിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കുന്ന കല്ലടുക്ക-ചെർക്കള റോഡിന്റെ പ്രവൃത്തികൾക്കായി 59.42 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായതിനാൽ അറ്റകുറ്റപ്പണികൾക്കായി അനുവദിച്ചിരുന്ന 40 ലക്ഷം രൂപയുടെ വർക്ക് ഓർഡർ റദ്ദ് ചെയ്തിട്ടുണ്ട്.

(ഇ) കഴിഞ്ഞ 15 വർഷത്തിനിടയിൽ കാസർഗോഡ് നിയോജകമണ്ഡലത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് തുക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ റോഡിന്റെ പേര് തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

വിവരം അനുബന്ധമായി+ ചേർക്കുന്നു.

മഞ്ചേരി ഒലിപ്പുഴ റോഡ് നിർമ്മാണം

42 (1277) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിലെ പ്രധാന റോഡായ മഞ്ചേരി-ഒലിപ്പുഴ റോഡ് നിർമ്മാണത്തിന് കിഫ്ബിയുടെ ആദ്യഘട്ട പ്രവൃത്തികളിൽ ഉൾപ്പെടുത്തി 85.61 കോടി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയുടെ ഭരണാനുമതിയും സാമ്പത്തികാനുമതിയും നൽകിയിരുന്നോ?

മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിക്ക് തത്വത്തിൽ ഭരണാനുമതി സർക്കാർ നൽകിയിട്ടുള്ളതും കിഫ്ബിയിൽനിന്നും 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്.

(ബി) നിലവിലുള്ള റോഡ് 9 മീറ്റർ വീതിയോടെ ബി.എം. (ബിറ്റുമിനസ് മക്കാഡം), ബി.സി. (ബിറ്റുമിനസ് കോൺക്രീറ്റ്) നിലവാരത്തിൽ പുതുക്കി നിർമ്മിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ 06-12-2025-ന് നടന്ന അവലോകന യോഗത്തിൽ 9 മീറ്റർ വീതിയിൽ ടാറിങ്ങോടുകൂടി റോഡ് നിർമ്മിക്കണമെന്ന ആവശ്യം ചർച്ച ചെയ്തിരുന്നു. റോഡ് നിർമ്മാണത്തിനായി നിലവിൽ തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരമുള്ള 13.6 മീറ്റർ Row ലഭിക്കുന്നതിനാവശ്യമായ ഭൂമിയേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നതിനും ആവശ്യമായ ഭൂമി ലഭ്യമായതിനുശേഷം സിവിൽ പ്രവൃത്തികൾ (നിർമ്മാണ പ്രവൃത്തികൾ) പരിഗണിക്കുന്നതാണെന്നുമാണ് കിഫ്ബി സി.ഇ.ഒ. നിർദേശിച്ചിട്ടുള്ളത്.

(സി) ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിൽനിന്നും ഉത്തരവുകൾ പുറപ്പെടുവിച്ച പ്രസ്തുത പ്രവൃത്തിയുടെ സ്ഥലമെടുപ്പ് നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

മഞ്ചേരി ഒലിപ്പുഴ റോഡ് പ്രവൃത്തിയുടെ ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച മുൻ റവന്യൂ ഉത്തരവുകളിൽ വിട്ടുപോയ സർവെ നമ്പറുകൾ ഉൾപ്പെടുത്തിക്കൊണ്ട്

പുതുക്കിയ റവന്യൂ ഭരണാനുമതി 18-12-2025-ൽ ലഭ്യമാകുകയും ആയത് പ്രകാരമുള്ള അർത്ഥനാപത്രം (Requisition) 01-01-2026-ന് കെ.ആർ.എഫ്.ബി. പി.എം.യു. പാലക്കാട്/മലപ്പുറം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽനിന്നും ജില്ലാ കളക്ടർക്കും കിഫ്ബി എൽ.എ. സ്പെഷ്യൽ തഹസിൽദാർക്കും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയ പ്രസ്തുത പ്രവൃത്തിക്ക് മെയിന്റനൻസ് വർക്ക് ചെയ്യുന്നതിന് എത്ര രൂപ വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

മെയിന്റനൻസ് പ്രവൃത്തികൾക്കായി നിരത്ത് വിഭാഗത്തിനുകീഴിൽ 74 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് ലെറ്റർ ഓഫ് അക്സപ്റ്റൻസ് (LAO) നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത പ്രവൃത്തിയുടെ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതിനാൽ റോഡിന്റെ 90 ശതമാനവും 12 മീറ്ററിൽ കൂടുതൽ വീതിയുള്ളതിനാൽ ബി.എം.&ബി.സി. നിലവാരത്തിൽ പ്രവൃത്തികൾ തുടങ്ങുന്നതിന് സ്ഥലം എം.എൽ.എ.-യെ ഉൾപ്പെടുത്തി ഒരു യോഗം വിളിക്കണമെന്ന നിർദ്ദേശത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അധ്യക്ഷതയിൽ 06-12-2025-ന് നടന്ന അവലോകന യോഗത്തിൽ ഈ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയതോടൊപ്പം മേൽ പരമാർശിച്ച മഞ്ചേരി നിയോജകമണ്ഡലം എം.എൽ.എ നിർദ്ദേശിച്ച 9 മീറ്റർ വീതിയിൽ ടാറിങ്ങോടുകൂടി റോഡ് നിർമ്മിക്കണമെന്ന ആവശ്യം ചർച്ച

ചെയ്തിരുന്നു. റോഡ് നിർമ്മാണത്തിനായി 13.6 മീറ്റർ RoW ലഭിക്കുന്നതിനാവശ്യമായ ഭൂമിയേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകുന്നതിനും ആവശ്യമായ ഭൂമി ലഭ്യമായതിനുശേഷം സിവിൽ പ്രവൃത്തികൾ (നിർമ്മാണ പ്രവൃത്തികൾ) പരിഗണിക്കുന്നതാണെന്നുമാണ് കിഫ്ബി സി.ഇ.ഒ. നിർദേശിച്ചിട്ടുള്ളത്.

(എഫ്) കിഫ്ബി ഏറ്റെടുത്ത് ഭരണാനുമതി നൽകിയിട്ടുള്ള പ്രവൃത്തികളിൽ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്ന പ്രവൃത്തികൾ എത്രയെണ്ണമുണ്ടെന്ന് വിശദമാക്കുമോ;

(ജി) ലാൻഡ് അക്വിസിഷനിൽ കാലതാമസം നേരിടുന്ന പ്രവൃത്തികളിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡുകളുടെ പ്രവൃത്തികൾ ഏറ്റെടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

(എഫ്&ജി) കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചതും ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് കാലതാമസം നേരിടുന്നതുമായ പ്രവൃത്തികൾ അനുബന്ധമായി+ ചേർക്കുന്നു. ഇവയിൽ നിലവിൽ 9 മീറ്റർ വീതിയിൽ കൂടുതലുള്ള റോഡ് പ്രവൃത്തികളും ഉൾപ്പെടുന്നുണ്ട്.

ശോചനീയാവസ്ഥയിലുള്ള റോഡുകളുടെ നവീകരണം

43 (1278) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ശോചനീയാവസ്ഥയിലുള്ള പൊതുമരാമത്ത് റോഡുകൾ നവീകരിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടും പത്ത് വർഷത്തിലധികമായി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നവീകരിക്കാത്തതും ശോചനീയാവസ്ഥയിലുള്ളതുമായ നിരവധി റോഡുകളുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, എങ്കിൽ ഈ റോഡുകൾ നവീകരിക്കുന്നതിന് തുക വകയിരുത്താൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ?

സംസ്ഥാനത്ത് റോഡ് പരിപാലനം ഉറപ്പാക്കുന്നതിന് റണ്ണിങ് കോൺട്രാക്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

(ബി) മങ്കട നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തിരൂർക്കാട്-ആനക്കയം റോഡ്, കുളത്തൂർ-മലപ്പുറം റോഡ് എന്നിവ ദീർഘകാലമായി ശോചനീയാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൂർണ്ണമായി ബി.എം.&ബി.സി. ചെയ്ത് നവീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തിരൂർക്കാട് ആനക്കയം റോഡിൽ കി.മീ. 6/800 മുതൽ 10/000 വരെ 4.5 കോടി രൂപയുള്ള ബി.എം.&ബി.സി. പ്രവൃത്തിക്ക് ടെൻഡർ ആയിട്ടുണ്ട്. ഈ പ്രവൃത്തിയിൽ ടി ഭാഗം നവീകരിക്കുന്നതാണ്. കൂടാതെ തിരൂർക്കാട്-ആനക്കയം റോഡ് പുനരുദ്ധരിക്കുന്നതിനായി 26 കോടി രൂപകൂടി CRF-ൽ അനുവദിച്ചിട്ടുണ്ട്. കുളത്തൂർ മലപ്പുറം റോഡിൽ റണ്ണിങ് കോൺട്രാക്ട് പ്രവൃത്തി നിലവിലുണ്ട്. ആയതിൽ ഉൾപ്പെടുത്തി പാച്ച് വർക്ക് നടത്തി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി റോഡ് നവീകരണം

44 (1279) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി റോഡിലെ കരുവണ്ണൂർ പുതിയപുറത്തുള്ള

അപകടവളവും ജങ്ഷനും നവീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് പരാതികൾ ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജംഗ്ഷൻ പരിഷ്കരിക്കുന്നതിന് എത്ര കോടിയുടെ എസ്റ്റിമേറ്റാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) പുതിയപുറം അപകടവളവ് സംബന്ധമായി പരാതികൾ ലഭിച്ചിട്ടുണ്ട്. പാവങ്ങാട്-ഉള്ളിയേരി-കുറ്റ്യാടി റോഡിലെ കരുവണ്ണൂർ പുതിയപുറം ജങ്ഷൻ നവീകരിക്കുന്നതിന് 288.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയില്ല. ധനലഭ്യത കൂടി പരിശോധിച്ച് എസ്റ്റിമേറ്റ് പരിഗണിക്കുന്നതാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ റോഡുകളുടെ ഡി.എൽ.പി. കാലാവധി

45 (1280) <u>ശ്രീ. എൻ. കെ. അക്ബർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള റോഡുകളിൽ ഡി.എൽ.പി. (ഡിഫക്ട് ലയബിലിറ്റി പീരീഡ്) കഴിഞ്ഞതും റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ പരിപാലിക്കുന്നതുമായ റോഡുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് റോഡുകളിൽ ഡി.എൽ.പി. കഴിഞ്ഞതും റണ്ണിങ് കോൺട്രാക്ട് വ്യവസ്ഥയിൽ പരിപാലിക്കുന്നതുമായ റോഡുകളുടെ

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏറ്റവും നീളം കൂടിയതും പ്രധാനപ്പെട്ടതും സ്റ്റേറ്റ് ഹൈവേയുമായ ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡിന്റെ ഡി.എൽ.പി. കാലാവധി അവസാനിച്ചതെന്നാണെന്ന് വിശദമാക്കാമോ?

ഗുരുവായൂർ-ആൽത്തറ-പൊന്നാനി റോഡ്	**DLP പൂർത്തീകരിച്ച തീയതി**
Ch. 0/000 (മഞ്ജുളാൽ) to 1/840 (കൈരളി ജംഗ്ഷൻ)	29-07-2024
Ch: 2/405 (മമ്മിയൂർ ജംഗ്ഷൻ) to 8/000 (വൈലത്തൂർ)	06-02-2017
Ch. 8/000 (വൈലത്തൂർ) to 11/600 (ആറ്റുപുറം)	07-02-2017
Ch. 11/600 (ആറ്റുപുറം) to 14/840 (വന്നേരി)	09-03-2017

കോഴിക്കോട് മെഡിക്കൽ കോളേജ് – കാളാണ്ടിതാഴം റോഡ്

46 (1281) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജ്-കാളാണ്ടിതാഴം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള കേസിന്റെ സ്ഥിതി വ്യക്തമാക്കുമോ?

മെഡിക്കൽ കോളേജ് കാളാണ്ടിത്താഴം റോഡ് (ഡെന്റൽ കോളേജ് മുതൽ MSS വരെയുള്ള ഭാഗം) നിർമ്മാണ പ്രവൃത്തി ടെണ്ടർ ചെയ്തിരുന്നെങ്കിലും ശ്രീ. ചന്ദ്രൻ ടി. കെ. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

33049/2025 കേസിന്റെ ഇടക്കാല വിധിയനുസരിച്ച് ടെൻഡർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്. നിലവിൽ കേസ് വിചാരണാ നടപടികളിലാണ്.

(ബി) കേസ് തീർപ്പുകൽപ്പിച്ച് പ്രവൃത്തി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

പൊതുമരാമത്ത് വകുപ്പും ജില്ലാ കളക്ടറും എതിർകക്ഷികളായ കേസിൽ വകുപ്പ് Statement of Facts അഡ്വക്കേറ്റ് ജനറൽ മുഖേന കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമിയേറ്റെടുക്കൽ

47 (1282) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഭൂമിയേറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള കണ്ടിജൻസി ചാർജ് അനുവദിച്ച് നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി ഭൂമിയേറ്റെടുക്കൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കൊല്ലം നഗരപാതാ വികസന പദ്ധതിക്കായി ഭൂമിയേറ്റെടുക്കുന്നതിന് 50 ലക്ഷം രൂപ കണ്ടിജൻസി ചാർജായും ഭൂമിയുടെ ഏകദേശ വിലയായ 435,65,03,641/- രൂപയ്ക്ക് ഭരണാനുമതിയും നൽകിയിട്ടുണ്ട്. കണ്ടിജൻസി ചാർജായ 50 ലക്ഷം രൂപ അനുവദിക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു.

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ മരാമത്ത് വകുപ്പിന്റെ പദ്ധതികൾ

48 (1283) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മെയ് മുതൽ കുറ്റ്യാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡ്സ്, റോഡ്സ് മെയിന്റനൻസ്, ബിൽഡിങ്സ് എന്നീ വിഭാഗങ്ങൾ ഏതൊക്കെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത

2021 മെയ് മുതൽ കുറ്റ്യാടി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ്, ദേശീയപാത വിഭാഗം, കോഴിക്കോടിന്റെ കീഴിൽ സി.ആർ.ഐ.എഫ്. കുറ്റ്യാടി വലകെട്ട് കൈപ്രാകടവ് റോഡ് പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്നു. അനുവദിച്ച തുക 16 കോടി രൂപ - 85% പ്രവൃത്തി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ചു.

കെ.ആർ.എഫ്.ബി (പി.എം.യു.)

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മുതൽ ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ കുറ്റ്യാടി ബൈപാസ് എന്ന പ്രവൃത്തിയാണ് നടപ്പിലാക്കി വരുന്നത്. 39.42 കോടി രൂപയാണ് പദ്ധതിയുടെ അടങ്കൽ തുക. നിലവിൽ ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുക്കൊണ്ടിരിക്കുകയാണ്. കൾവർട്ടുകളുടെ നിർമ്മാണം മുഴുവനായി പൂർത്തീകരിച്ചു. ഡ്രെയിനേജുകളുടെയും റീട്ടെയിനിങ് വാളിന്റെയും പ്രവൃത്തികൾ പുരോഗമിക്കുന്നു. നിലവിൽ 20% പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മെയ് മുതൽ എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്ന് റോഡിന്റെ പേരും നീളവും സഹിതം അറിയിക്കാമോ; ഇനി എത്ര റോഡുകളുടെ പ്രവൃത്തി പൂർത്തിയാക്കാൻ ബാക്കിയുണ്ടെന്ന് റോഡിന്റെ പേരും നീളവും സഹിതം വിവരം ലഭ്യമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ആർ.എഫ്.ബി. (പി.എം.യു.)

അനുബന്ധമായി+ ചേർക്കുന്നു

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

കുറ്റ്യാടി ബൈപാസ് എന്ന പ്രവൃത്തിയുടെ നിർമ്മാണം പുരോഗമിക്കുന്നു. 1.64 കി.മീ. നീളത്തിലും 12 മീറ്റർ വീതിയിലുമാണ് ഈ ബൈപാസ് നിർമ്മിക്കുന്നത്.

ദേശീയ പാത

സി.ആർ.ഐ.എഫ്. കുറ്റ്യാടി-വലകെട്ട് കൈപ്രാകടവ് റോഡ് 10 കിലോമീറ്ററിൽ പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

വിഴിഞ്ഞം – നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണം

49 (1284) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണ പ്രവൃത്തികൾ ഇതുവരെയും ആരംഭിക്കാതിരിക്കാനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി കേന്ദ്രസർക്കാരിൽനിന്ന് എന്തെല്ലാം അനുമതികൾ ലഭിച്ചുവെന്നും എന്തെല്ലാം അനുമതികളാണ് ഇനി ലഭിക്കേണ്ടതെന്നും വിശദമാക്കാമോ?

(എ&ബി) വിഴിഞ്ഞം തുറമുഖം സാധ്യമാക്കുന്ന പശ്ചാത്തല വികസന സാധ്യതകൾ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മുന്നിൽകണ്ടാണ് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതിക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയത്. ബഹു. കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഔട്ടർ റിങ് റോഡ് ദേശീയപാതാ നിലവാരത്തിൽ നിർമ്മിക്കണം എന്നാവശ്യപ്പെട്ടു. സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകുകയും NHAI-യ്ക്ക് ചുമതല കൈമാറുകയും NHAI അലൈൻമെന്റിന് അന്തിമരൂപം നൽകുകയും ചെയ്തു. ഇതിനെത്തുടർന്ന് സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭായോഗം തീരുമാനമെടുത്തു. നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിങ് റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ 50% തുകയും സർവീസ് റോഡുകളുടെ നിർമ്മാണത്തുകയും പൂർണ്ണമായും സംസ്ഥാനം ഏറ്റെടുത്തു. കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ അധിക ബാധ്യതയായി ഏറ്റെടുക്കുകയും ചെയ്തു. ഏകദേശം 1629.24 കോടി രൂപ ബാധ്യത വരുന്ന പാക്കേജാണ് സംസ്ഥാനം അംഗീകരിച്ചത്. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് സാധ്യമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ് നിർമ്മാണം ഭാരത്മാല പരിയോജനയിലാണ് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് ഉൾപ്പെടുത്തിയിരുന്നത്. PPPAC (Public Private Partnership Appraisal Committee)-യുടെയും തുടർന്ന് CCEA (Cabinet Committee of Economic Affairs)-യുടെയും അനുമതി ഇനി ലഭ്യമാകേണ്ടതുണ്ട്. സംസ്ഥാനത്ത് ദേശീയപാത 66-ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച്, ഔട്ടർ റിങ്

റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തിയതായി NHAI അറിയിച്ചിട്ടുണ്ട്. അപകടസാധ്യതയുള്ള ഉയർന്ന കട്ടിങ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോയെന്ന് പരിശോധിക്കാൻ M/s. Frontier Geo Services Pvt. Ltd.-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. റിപ്പോർട്ട് ദേശീയപാതാ അതോറിറ്റി പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പാരിസ്ഥിതികാനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറിതലത്തിലും ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2024 ഡിസംബറിലും 2025 ജൂൺ മാസത്തിലും ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.

(സി) ഭൂമിയേറ്റെടുക്കൽ നടപടികളുടെ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഔട്ടർ റിങ് റോഡ് നിർമ്മാണത്തിനായി ഏകദേശം 360 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടിവരും. 24 വില്ലേജുകളിൽനിന്ന് 291.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ

നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 100.86 ഹെക്ടറിന് 3ഡി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു.

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനായി സംസ്ഥാന വിഹിതം നിശ്ചയിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഔട്ടർ റിങ് റോഡ് പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തത്തിന് തീരുമാനമെടുത്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിങ് റോഡ് വികസിപ്പിക്കുന്നതിനായി സ്ഥലമേറ്റെടുക്കുന്നതിന്റെ 50% തുകയും സർവീസ് റോഡുകളുടെ മുഴുവൻ നിർമ്മാണത്തുകയും സംസ്ഥാന സർക്കാർ നൽകും. കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ വേണ്ടെന്ന് വയ്ക്കേണ്ടതുമുണ്ട്. ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 1629.24 കോടി രൂപയുടെ ബാധ്യത ഉണ്ടാകും.

(ഇ) പദ്ധതിക്കുവേണ്ട ആകെ അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

പദ്ധതിക്ക് ചരക്ക് സേവന നികുതി ഉൾപ്പെടെ ആകെ 7983.9 കോടി രൂപ ചെലവാകുമെന്ന് പ്രതീക്ഷിക്കുന്നതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മണലൂർ നിയോജകമണ്ഡലത്തിലെ ചീരോത്ത്പടി-പാങ്ങ് റോഡ് നിർമ്മാണം

50 (1285) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കാഞ്ഞാണി-ചാവക്കാട് റോഡിൽ

കാഞ്ഞാണി മുതൽ ചീരോത്ത്പടി വരെയും പാങ്ങ് മുതൽ ചാവക്കാട് വരെയും ബി.എം.&ബി.സി. പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും പ്രസ്തുത പാതയിലെ ചീരോത്ത് പടി മുതൽ പാങ്ങ് വരെയുള്ള റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുരുവായൂരിനെയും തൃപ്രയാറിനെയും ബന്ധിപ്പിക്കുന്നതും നിരവധി അപകടങ്ങളും ഗതാഗതക്കുരുക്കും അനുഭവപ്പെടുന്നതുമായ പ്രസ്തുത റോഡിലെ ചീരോത്ത്പടി മുതൽ പാങ്ങ് വരെയുള്ള റോഡ് നിർമ്മാണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത റോഡിനായുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(എ-സി) Budget work 2019-20 providing BM&BC works to Thriprayar - Kanjani - Chavakkad Road Km. 14/600 to 17/100 in Manalur Constituency എന്ന പ്രവൃത്തിക്ക് 158 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ആ സമയം പുതുക്കിയ ഡി.എസ്.ആർ. നിലവിൽ വന്നതിനാൽ പുതുക്കിയ ഡി.എസ്.ആർ. 2021 അനുസരിച്ച് എസ്റ്റിമേറ്റ് പുതുക്കി ആയതിന് ഭരണാനുമതി ആവശ്യമായി വന്നു. ആയതുപ്രകാരം 174.5 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനായി നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പരിശോധിച്ചുവരുന്നു.

വിഴിഞ്ഞം-നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് പദ്ധതി

51 (1286) ശ്രീ കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തിന്റെ അനുബന്ധ വികസനത്തിനും തലസ്ഥാനത്തെ ഗതാഗത വികസനത്തിനും ഒരുപോലെ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്ന നിർദ്ദിഷ്ട "വിഴിഞ്ഞം-നാവായിക്കുളം ഗ്രീൻഫീൽഡ് ഔട്ടർ റിങ് റോഡ് (എൻ. എച്ച്-866)" പദ്ധതിയുടെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ?

തിരുവനന്തപുരം ഔട്ടർ റിങ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതിക്ക് അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണയിലാണെന്നും മുൻഗണനാക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണെന്നും ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് കേന്ദ്ര ഉപരിതല ഗതാഗതവകുപ്പുമന്ത്രിയുമായി മുഖ്യമന്ത്രി നടത്തിയ ചർച്ചകൾ പദ്ധതി നടത്തിപ്പിന് പ്രതീക്ഷ നൽകുന്നതാണോ?

ഔട്ടർ റിങ് റോഡ് പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന സർക്കാർ എല്ലാ ശ്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഔട്ടർ റിങ് റോഡ് പദ്ധതിക്കായി സംസ്ഥാന സർക്കാരിന്റെ ധനപരമായ പങ്കാളിത്തത്തിന് തീരുമാനമെടുത്തിട്ടുണ്ട്. അംഗീകരിക്കപ്പെട്ട വ്യവസ്ഥകൾ പ്രകാരം നാവായിക്കുളം മുതൽ വിഴിഞ്ഞം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിങ് റോഡ് വികസിപ്പിക്കുന്നതിനായി

സ്ഥലമേറ്റെടുക്കുന്നതിന്റെ 50% തുകയും സർവീസ് റോഡുകളുടെ നിർമ്മാണത്തുകയും പൂർണ്ണമായും സംസ്ഥാന സർക്കാർ നൽകും. കൂടാതെ നിർമ്മാണ വസ്തുക്കളുടെ ചരക്കുസേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുള്ള വരുമാനം സംസ്ഥാന സർക്കാർ വേണ്ടെന്ന് വയ്ക്കേണ്ടതുമുണ്ട്. ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം 1629.24 കോടി രൂപയുടെ ബാധ്യതയുണ്ടാകും.

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറിതലത്തിലും ചീഫ് സെക്രട്ടറി തലത്തിലും കേന്ദ്രഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2024 ഡിസംബറിലും 2025 ജൂൺ മാസത്തിലും ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട കേന്ദ്രഉപരിതല ഗതാഗത വകുപ്പുമന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.

(സി) നിർദിഷ്ട അലൈൻമെന്റിൽ മാറ്റം വരുത്താതെയും പരിസ്ഥിതിക്ക് കോട്ടംതട്ടാതെയും ടണലുകളിലൂടെയും ഫില്ലറുകളിലൂടെയും റോഡ് നിർമ്മിക്കാൻ കഴിയുമെന്ന നിഗമനത്തിൽ ദേശീയപാത അതോറിറ്റി എത്തിച്ചേർന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് ദേശീയപാത 66-ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച് ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ പഠനം നടത്താൻ വിദഗ്ധ ഏജൻസിയെ ചുമതലപ്പെടുത്തിയതായി NHAI അറിയിച്ചിട്ടുണ്ട്. അപകടസാധ്യതയുള്ള

ഉയർന്ന കട്ടിങ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോയെന്ന് പരിശോധിക്കാൻ M/s. Frontier Geo Services Pvt. Ltd.-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. റിപ്പോർട്ട് ദേശീയപാത അതോറിറ്റി പരിഗണിച്ചുവരുന്നു. പദ്ധതിയുടെ പാരിസ്ഥിതികാനുമതി കേന്ദ്രവനം പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാതാ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ഡി) ഏതെല്ലാം താലൂക്കുകളെയും വില്ലേജുകളെയും ബന്ധിപ്പിച്ചുകൊണ്ടാണ് റിങ് റോഡ് കടന്നുപോകുന്നത്; ഇതിനായി എത്ര ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും?

ഔട്ടർ റിങ് റോഡ് നിർമ്മാണത്തിനായി ഏകദേശം 360 ഹെക്ടർ ഭൂമി ഏറ്റെടുക്കേണ്ടി വരും. 24 വില്ലേജുകളിൽനിന്ന് 291.80 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 3 എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ 100.86 ഹെക്ടറിന് 3ഡി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു. 3 എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ച വില്ലേജുകളുടെയും താലൂക്കുകളുടെയും ലിസ്റ്റ് അനുബന്ധമായി[+] ചേർക്കുന്നു.

(ഇ) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകുമെന്ന് കേന്ദ്രമന്ത്രി സംസ്ഥാനത്തിന് ഉറപ്പ് നൽകിയിരുന്നോ; പ്രവർത്തനാനുമതി നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിനുശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിഷയം നിരവധി തവണ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. അനുമതിക്കുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണ്.

തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിന്റെ വീതി കൂട്ടൽ

52 (1287) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്രയാർ-കാഞ്ഞാണി-ചാവക്കാട് റോഡിലെ ഏനാമാവ് ഭാഗത്തെ വീതികുറഞ്ഞ ഭാഗം വീതി കൂടുന്നതിനുവേണ്ടി 2014-15 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 130 ലക്ഷം രൂപയും 2024-25 വർഷത്തെ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും വീണ്ടും 50 ലക്ഷം രൂപയും അനുവദിക്കുകയും ഭരണാനുമതി ലഭ്യമാക്കുകയും ചെയ്തെങ്കിലും ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് കണ്ടിജൻസി ചാർജ് അനുവദിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പ്രവൃത്തി ഇതുവരെ നടപ്പാക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ടിജൻസി ചാർജ് അനുവദിക്കുന്നതിനുള്ള അനുമതിക്കായി 27-01-2025-ലെ കത്ത് പ്രകാരം തൃശ്ശൂർ പി.ഡബ്ല്യു.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിലെ സീനിയർ ഫിനാൻസ് ഓഫീസർ (റോഡ്സ്)-ന് സമർപ്പിച്ച റിപ്പോർട്ടിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

(എ&ബി) മേൽ പ്രൊപ്പോസൽ പരിശോധിക്കുമ്പോൾ 19-12-2019-ലെ G.O.(Rt) No. 9956/2019/Fin/TVM പ്രകാരം ടി പ്രവൃത്തിക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള 52,50,000/-രൂപ ഉൾപ്പെടെ 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുന്നതിന്

പ്രത്യേക അനുമതി മാത്രമാണ് സർക്കാർ നൽകിയിട്ടുള്ളത്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാനും ഭരണാനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ഡിവിഷൻ കാര്യാലയത്തിന് നിർദേശം നൽകിയിട്ടുണ്ട്.

(സി) കണ്ടിജൻസി ചാർജ് അടയ്ക്കുന്നതിനുള്ള അനുമതി ഇതിനോടകം നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ; ഇല്ലെങ്കിൽ എത്രയും വേഗം കണ്ടിജൻസി ചാർജ് അടയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കാൻ നടപടി എടുക്കുമോ;

(ഡി) കണ്ടിജൻസി ചാർജ് അടയ്ക്കാത്തതിനാൽ പ്രസ്തുത പ്രവൃത്തിക്കുള്ള ഭൂമി ഏറ്റെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാൽ എത്രയും വേഗം അനുമതി ലഭ്യമാക്കാൻ നിർദ്ദേശിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

(സി&ഡി) 130 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭ്യമായതിനുശേഷം പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

തങ്കളം-കാക്കനാട് നാലുവരിപ്പാതയുടെ നിർമ്മാണം

53 (1288) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തങ്കളം-കാക്കനാട് നാലുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കാക്കനാട്-തങ്കളം നാലുവരി പാത ചെ 0/000 (മനയ്ക്കടവ്) മുതൽ 27/324 (തങ്കളം) വരെയാണ് കെ.ആർ.എഫ്ബി. പി.എം.യു.-വിന്റെ പരിധിയിൽവരുന്നത്. കുന്നത്തുനാട്, മൂവാറ്റുപുഴ, പെരുമ്പാവൂർ, കോതമംഗലം മണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന പ്രസ്തുത നാലുവരി പാതയുടെ നിർമ്മാണത്തിനായി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി G.O. (Rt) No. 1502/2016/PWD പ്രകാരം 30 കോടി രൂപയ്ക്ക് 01-11.-2016-ൽ തത്വത്തിൽ ഭരണാനുമതിയും 12/02/2021-ലെ G.O.(Rt) No.188/2021/PWD പ്രകാരം ഭരണാനുമതി പുതുക്കി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പ്രാഥമിക അലൈൻമെന്റിൽ പ്രദേശത്തിന്റെ പ്രത്യേകതയും അധികരിച്ച gradient-ഉം കാരണം IRC, KIIFB സ്റ്റാൻഡേർഡുകൾ പാലിച്ചിരുന്നില്ല. സ്ഥലപരിശോധനയിൽ ഡിസൈൻ വിഭാഗം ഈ അലൈൻമെന്റ് ഫീസിബിൾ അല്ലെന്ന് വ്യക്തമാക്കിയിരുന്നു. കൂടാതെ ടി അലൈൻമെന്റ് കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം ഫീസിബിൾ അല്ലെന്ന് 01-06-2023-ലെ സൈറ്റ് വിസിറ്റ് റിപ്പോർട്ടിൽ കിഫ്ബി വ്യക്തമാക്കിയിട്ടുണ്ട്. കിഫ്ബി സി.ഇ.ഒ.-യുടെ നേതൃത്വത്തിൽ 2024 മേയ് 24-ന് നടന്ന റിവ്യൂ യോഗത്തിൽ തങ്കളം-കാക്കനാട് റോഡ് പ്രവൃത്തി, MC റോഡുവഴി ബന്ധിപ്പിക്കുന്നതിനുപകരം മൂവാറ്റുപുഴ-കാക്കനാട് റോഡുവഴി കാക്കനാടുമായി യോജിപ്പിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണമെന്ന് നിർദേശിച്ചിരുന്നു. തുടർന്ന് പ്രസ്തുത പദ്ധതിയുടെ സ്റ്റേറ്റ് ബജറ്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള Ch 24/600 മുതൽ Ch 26/057 വരെയുള്ള ഭാഗം ഒഴിവാക്കി കിഫ്ബി TRC വിഭാഗത്തിൽനിന്നും 08-01-2025-ൽ ലഭിച്ച റിപ്പോർട്ട് പ്രകാരം കോതമംഗലം ബൈപാസ് മുതൽ, മേലേ പീടിക, മുളവൂർ, ഈസ്റ്റ് പായപ്ര, പള്ളിച്ചിറങ്ങര (MC റോഡ്), പുന്നോപ്പടി വഴി

വീട്ടൂർ വരെ അലൈൻമെന്റ് കണ്ടെത്തുകയും ആയതിന്റെ ഫീസിബിലിറ്റി റിപ്പോർട്ട് 24-06-2025-ൽ പി.ഡബ്ല്യു.ഡി. ഡിസൈൻ വിഭാഗത്തിന് കൈമാറുകയും ചെയ്തിരുന്നു.

കോതമംഗലം ബൈപ്പാസ് മുതൽ വീട്ടൂർ വരെ അലൈൻമെന്റ് സാധ്യമായതിനാൽ 13.6 മീറ്റർ RoW-യിൽ ടി ഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കാനും ആവശ്യമെങ്കിൽ എൽ.എ. നിർദേശം സമർപ്പിക്കാനും വീട്ടൂരിനുശേഷം കിഴക്കമ്പലം വരെ മൂവാറ്റുപുഴ-കാക്കനാട് റോഡിന്റെ അലൈൻമെന്റ് ഉപയോഗിക്കാനും നിർദേശിച്ചിട്ടുണ്ട്. ഇതിനകം സമർപ്പിച്ച മൂവാറ്റുപുഴ മുതൽ കാക്കനാട് വരെയുള്ള ഭാഗത്തിന്റെ ഡി.പി.ആർ.-ൽ മാറ്റം വരുത്തി, വീട്ടൂർ മുതൽ കിഴക്കമ്പലം വരെയാക്കി 15 മീറ്റർ RoW ഉൾപ്പെടുത്തി പരിഷ്കരിക്കാനും കിഫ്ബി 08-10-2025-ൽ നിർദേശിച്ചിരുന്നു. കൂടാതെ കിഴക്കമ്പലത്തിൽനിന്ന് കാക്കനാടിലേക്കുള്ള പുതിയ അലൈൻമെന്റ് കിഫ്ബിയുടെ പരിഗണനയിലാണെന്നും അറിയിച്ചിരുന്നു. കിഫ്ബിയുടെ നിർദേശങ്ങൾ ഡിസൈൻ വിഭാഗത്തിനെ അറിയിച്ചിരുന്നെങ്കിലും ഡി.പി.ആർ. തയ്യാറാക്കുന്നതിന് കൂടുതൽ വ്യക്തത ഡിസൈൻ വിഭാഗം കിഫ്ബിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) പ്രസ്തുത നിർമ്മാണം വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

നിലവിൽ കിഫ്ബി TRC വിഭാഗത്തിൽനിന്നും തയ്യാറാക്കിയ അലൈൻമെന്റിന് വ്യക്തത ലഭ്യമാക്കേണ്ടതുണ്ട്, ആയത് ലഭ്യമായാലുടൻ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കഴനി – പഴമ്പാലക്കോട് പ്രവൃത്തി

54 (1289) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കഴനി-പഴമ്പാലക്കോട് റോഡിന്റെ ആദ്യഘട്ട നിർമ്മാണ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

കഴനി-പഴമ്പാലക്കോട് റോഡിന്റെ കി.മീ. 0/700 മുതൽ 4/000 വരെയുള്ള ആദ്യഘട്ട നിർമ്മാണ പ്രവൃത്തിക്കുവേണ്ടി 27-02-2025-ൽ ഭരണാനുമതിയും 06-04-2025-ൽ സാങ്കേതികാനുമതിയും നൽകി കരാറുകാരനുമായി 17-10-2025-ന് എഗ്രിമെന്റ് വയ്ക്കുകയും 27-10-2025-ന് സൈറ്റ് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടാറിങ് പ്രവൃത്തി പുരോഗമിച്ചുവരുന്നു. എഗ്രിമെന്റ് കാലാവധിയായ ആറ് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) രണ്ടാംഘട്ടമായ അഞ്ച് കോടി രൂപയുടെ പ്രവൃത്തി എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ?

രണ്ടാംഘട്ട പ്രവൃത്തിക്ക് 03-03-2025-ൽ ഭരണാനുമതിയും 12-04-2025-ൽ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. ടെൻഡർ നടപടികൾ പുരോഗമിച്ചുവരുന്നു.

സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് രണ്ടാംഘട്ടം

55 (1290) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ ഏതെല്ലാം റോഡുകളുടെ വികസനത്തിനാണ് അനുമതി നൽകിയിട്ടുള്ളത്; വ്യക്തമാക്കുമോ?

കോഴിക്കോട് നഗരപാത വികസന പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നോർത്ത് നിയോജകമണ്ഡലത്തിൽ താഴെ പറയുന്ന 1 മേല്പാലവും 5 റോഡുകളും വികസിപ്പിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1) മിനി ബൈപ്പാസ് - പനാത്തുതാഴം മേല്പാലം

2) മാളിക്കടവ് - തണ്ണീർ പന്തൽ റോഡ്

3) അരയിടത്തുപാലം - അഴകൊടി ക്ഷേത്രം - ചെറൂട്ടി നഗർ റോഡ്

4) മൂഴിക്കൽ - കാളാണ്ടിത്താഴം റോഡ്

5) മാനാഞ്ചിറ - പാവങ്ങാട് റോഡ്

6) കരിക്കാംകുളം - സിവിൽ സ്റ്റേഷൻ - കോട്ടൂളി റോഡ്

(ബി) മേല്പറഞ്ഞ പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

മേല്പറഞ്ഞ റോഡുകളുടെ അതിർത്തി കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചു.

(സി) സിറ്റി റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മാനാഞ്ചിറ-വെള്ളിമാടുകുന്ന് റോഡിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

ഒന്നാം ഘട്ടത്തിൽ ഉൾപ്പെട്ട മാനാഞ്ചിറ വെള്ളിമാടുക്കുന്ന് റോഡിന്റെ നിലവിലെ പുരോഗതി ചുവടെ ചേർക്കുന്നു.

DBM- 15% (9289 CUM), Drain & Duct- 80%, Culvert- 56%, GSB: 71%, WMM- 36%, Retaining Wall- 100%, Pipe Laying- 50%, KSEB Pole Shifting- 35%

ടാറിങ് പ്രവൃത്തി പുരോഗമിച്ചുക്കൊണ്ടിരിക്കുന്നു.

നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

56 (1291) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ 2025-26 വരെ പൊതുമരാമത്ത് വകുപ്പ് റോഡ് നിർമ്മാണത്തിനും അറ്റകുറ്റപ്പണികൾക്കുമായി ഓരോ സാമ്പത്തികവർഷവും അനുവദിച്ച തുക എത്രയാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെ പേരും അതിന് അനുവദിച്ച തുകയും വിശദമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

അരുവിക്കര നിയോജകമണ്ഡലത്തിലെ നവീകരിച്ച റോഡുകൾ

57 (1292) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ ബി.എം.ബി.സി., ബി.സി. ഓവർലേ, എം.എസ്.എസ്. നിലവാരത്തിൽ നവീകരിച്ച റോഡുകളുടെ എണ്ണം, അവയുടെ നീളം എന്നിവ സംബന്ധിച്ച വിവരങ്ങൾ തരംതിരിച്ച് അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾക്ക് കീഴിൽ ബി.എം.ബി.സി., ബി.സി. ഓവർലേ, എം.എസ്.എസ്. നിലവാരത്തിൽ നവീകരിച്ച റോഡുകളുടെ എണ്ണം, അവയുടെ നീളം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുമോ.

അങ്കമാലി നിയോജകമണ്ഡലത്തിൽ റോഡുകളുടെ വികസനം

58 (1293) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വികസനത്തിനായി പ്ലാൻ, നോൺ പ്ലാൻ, ശബരിമല പാക്കേജ്, മെയിന്റനൻസ് തുടങ്ങിയ ഇനങ്ങളിലായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; നിലവിൽ നടന്നുവരുന്ന പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വികസനത്തിനായി നിരത്തുവിഭാഗത്തിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധീനതയിൽ പ്ലാൻ, നോൺ പ്ലാൻ, ശബരിമല പാക്കേജ്, മെയിന്റനൻസ് ഇനങ്ങളിലായി ചെലവാക്കിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

വട്ടവട-പഴത്തോട്ടം ചിലന്തിയാർ റോഡ് നിർമ്മാണം

59 (1294) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ തുക അനുവദിച്ച് ഭരണാനുമതി നൽകിയ ദേവികുളം നിയോജകമണ്ഡലത്തിലെ വട്ടവട-പഴത്തോട്ടം-ചിലന്തിയാർ റോഡിന്റെ നിർമ്മാണത്തിന് കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കാമോ?

വട്ടവട-ചിലന്തിയാർകുടി-പഴത്തോട്ടം റോഡ് പ്രവൃത്തിക്ക് 500 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും 500 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടി പ്രവൃത്തിക്ക് കരാറുകാരന് 23-03-2024-ന് സൈറ്റ് കൈമാറി നൽകിയിരുന്നു. തുടർന്നുണ്ടായ കാലവർഷത്തിലെ മഴവെള്ളപ്പാച്ചിലിലും വാട്ടർ അതോറിറ്റിയുടെ ജലജീവൻ മിഷൻ പ്രവൃത്തികളും മൂലം റോഡ് കൂടുതൽ ശോചനീയമായി തീർന്നു. ആയതിനാൽ ഭരണാനുമതി തുകയ്ക്കുള്ളിൽനിന്നും മുഴുവൻ പ്രവൃത്തിയും ചെയ്യാൻ സാധിക്കാതെ വരികയും തുടർന്ന് ടി പ്രവൃത്തിയിൽ നിലവിൽ നൽകിയ തുകയ്ക്കുള്ളിൽ തന്നെ 5 കിലോമീറ്റർ ദൂരം മാത്രം full upgradation നടത്തുന്നതിനായി ടി പ്രവൃത്തിയിൽ scope change ഉൾപ്പെടെയുള്ള പുതുക്കിയ ഭരണാനുമതി 29-03-2025-ലെ G.O(Rt)No.485/2025/PWD പ്രകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിന് അംഗീകാരം നൽകുകയും ചെയ്തു. എന്നാൽ കവാട്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചെയ്ത തുകയ്ക്ക് പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയില്ലെന്നും ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിനായി 20 ശതമാനം അധിക തുക അംഗീകരിച്ച് തരികയോ അല്ലാത്ത പക്ഷം closure agreement വച്ച് പ്രവൃത്തിയിൽനിന്ന് ഒഴിവാക്കി തരികയോ വേണമെന്ന് ആവശ്യപ്പെട്ട് കരാറുകാരൻ കത്ത് നൽകുകയും ചെയ്തു. ടി വിഷയം പരിശോധനയിലാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

(ബി &സി) നിലവിലുള്ള എഗ്രിമെന്റ് റദ്ദ് ചെയ്യാത്തതിനാൽ റീ-ടെൻഡർ നടപടികൾ ആരംഭിച്ചിട്ടില്ല. നിലവിലുള്ള പ്രവൃത്തിയുടെ കരാറുകാരനെ ഒഴിവാക്കുന്ന വിഷയം പരിശോധനയിലാണ്.

പുതുക്കാട് നിയോജകമണ്ഡലത്തിലെ റോഡുകളുടെ നിർമ്മാണം

60 (1295) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡ്, പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്, കൊടകര-വെള്ളിക്കുളങ്ങര-കോടാലി റോഡ്, നിർദിഷ്ട മലയോര ഹൈവേ എന്നീ റോഡുകളുടെ നിർമ്മാണം ഇനിയും ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(സി) നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ; നടപടികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ-സി) പുതുക്കാട് നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. കൊടകര-വെള്ളിക്കുളങ്ങര സ്റ്റേറ്റ് റോഡ് (7/600 to 13/140)

കൊടകര-കോടാലി-വെള്ളികുളങ്ങര റോഡിന് 20-08-2016-ലെ G.O(Rt)No.1192/2016/PWD പ്രകാരം 20 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതിയും 30-05-2018-ൽ 20.78 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തിക അനുമതിയും ലഭ്യമാക്കി. ഈ പ്രവൃത്തി നടപ്പിലാക്കുന്നതിന് 12-11-2019-ൽ കരാറുകാരനുമായി എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. എന്നാൽ വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനുകൾ മാറ്റി സ്ഥാപിക്കാതെ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കരാറുകാരന്റെ ആവശ്യാനുസരണം 24-11-2021-ൽ കരാർ റദ്ദ് ചെയ്യുകയും തുടർന്ന്, ഭൂമി ഏറ്റെടുക്കുന്നതിനും വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ മാറ്റുന്നതിനുമുള്ള തുകയും ഉൾപ്പെടുത്തി 24.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

2. പുതുക്കാട് -മുപ്ലിയം കോടാലി റോഡ്(0/000-18/200)

പുതുക്കാട്-മുപ്ലിയം കോടാലി റോഡ് പ്രവൃത്തിക്ക് 01-11-2016-ലെ G.O(Rt)

No.1502/2016/PWD പ്രകാരം ₹10.00 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കി. തുടർന്ന് ₹59.20 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കി. തുടർന്ന് പുതുക്കിയ സാമ്പത്തികാനുമതി 74.48 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. ₹72.95 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട റോഡ് Full Depth Reclamation (FDR) സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്നതാണ്. പുതുക്കാട് നിന്ന് ആരംഭിച്ച് കോടാലി വരെ നീളുന്ന പ്രസ്തുത റോഡിന് ആകെ 18.2 കിലോമീറ്റർ നീളമാണുള്ളത്. ഈ പ്രവൃത്തി ടെൻഡർ ചെയ്തുവെങ്കിലും കോടതിയിൽ ഫയൽ ചെയ്ത കേസ് നമ്പർ WP(C) No.1167/2026 നിലനിൽക്കുന്നതിനാൽ കോടതിയുടെ അന്തിമ തീരുമാനത്തിനുശേഷം മാത്രമേ പ്രവൃത്തിയുടെ ടെൻഡർ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ.

3. പള്ളിക്കുന്ന്-ചിമ്മിനി ഡാം റോഡ്

പുതുക്കാട് നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10-07-2017-ലെ G.O(Rt) No.942/2017/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 39,490 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കി. ഇതിൽ സ്ഥലമേറ്റെടുക്കുന്നതിനുള്ള തുകയും ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലമേറ്റെടുപ്പ് നടപടികളുടെ ഭാഗമായി 4(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും സാമൂഹികാഘാത പഠനത്തിന്റെ ഭാഗമായുള്ള പബ്ലിക് ഹിയറിങ്ങ് പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഭൂമിയേറ്റെടുക്കലിന്റെ ഭാഗമായുള്ള 11(1) പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്. ആയതിനാൽ സ്ഥലമേറ്റെടുപ്പ്

നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. പള്ളിക്കുന്ന് നിന്ന് ആരംഭിച്ച് പാലപ്പിള്ളി വരെ നീളുന്ന പ്രസ്തുത റോഡിന് 6.1 കിലോമീറ്റർ നീളമാണുള്ളത്.

4. മലയോര പാത – വിളങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെ

ഹിൽ ഹൈവേ (SH 59) വികസന പ്രവൃത്തികൾക്ക് 2017-18 സാമ്പത്തിക വർഷത്തെ കേരള സംസ്ഥാന ബജറ്റിൽ KIIFB ഫണ്ടിൽ ഉൾപ്പെടുത്തി 10-07-2017-ലെ G.O(Rt).No.942/2017/PWD പ്രകാരം 3,500 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതും തുടർന്ന് 12-02-2021-ലെ G.O.(Rt) No.188/2021/PWD പ്രകാരം ഭരണാനുമതി പുനഃസ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

വിലങ്ങന്നൂർ മുതൽ വെള്ളിക്കുളങ്ങര വരെ (Reach 11) ഉള്ള ഹിൽ ഹൈവേ പ്രവൃത്തിക്ക് 136,49 കോടി രൂപയ്ക്ക് സാമ്പത്തിക അനുമതി ലഭ്യമാക്കിയിട്ടുണ്ട്. റോഡിന്റെ ആകെ നീളം 31.925 കിലോമീറ്ററാണ്. ഇതിൽ 9.10 കിലോമീറ്റർ ഒല്ലൂർ നിയമസഭാ മണ്ഡലത്തിലൂടെയും ശേഷിക്കുന്ന 21.925 കിലോമീറ്റർ പുതുക്കാട് നിയമസഭാമണ്ഡലത്തിലൂടെയും കടന്നുപോകുന്നു.

പുതുക്കാട് നിയോജകമണ്ഡലത്തിലെ ശേഷിക്കുന്ന 21.925 കിലോമീറ്റർ റോഡിന്റെ ഏകദേശം 16.4 കിലോമീറ്റർ വന ഭൂമിയിലൂടെ കടന്നുപോകുന്നതിനാൽ വനഭൂമി വിനിയോഗിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് PARIVESH പോർട്ടൽ മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമാണ്.

പുതുക്കാട് നിയോജകമണ്ഡലത്തിലെ 5.50 കിലോമീറ്റർ ദൈർഘ്യമുള്ള ഫ്രീ സറണ്ടർ വ്യവസ്ഥയിൽ ഭൂമി ലഭ്യമായ ഭാഗത്തിന് (പുളിഞ്ചോട് ജംങ്ഷൻ മുതൽ പുലിക്കണ്ണി വരെ,

Ch 14/514 മുതൽ 20/014 വരെ) ₹44.52 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പ്രവൃത്തിയുടെ ടെൻഡറിങ് പ്രവൃത്തികൾ പുരോഗമിക്കുന്നു.

മലയോര ഹൈവേ പദ്ധതി

61 (1296) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ 1179.45 കിലോമീറ്റർ നീളത്തിലാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ വിവിധ പദ്ധതികളിലായി 476.16 കിലോമീറ്റർ മലയോര ഹൈവേ പൂർത്തിയാക്കിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 10-07-2017-ലെ G.O(Rt)No.942/2017/PWD പ്രകാരം 3500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകി. 55 റീച്ചുകളിലായി കിഫ്ബി മാനദണ്ഡപ്രകാരം 12 മീറ്റർ വീതിയിൽ റോഡ് വികസനത്തിനാവശ്യമായ സ്ഥലം പൊതുജനങ്ങളിൽനിന്ന് സൗജന്യമായി ലഭ്യമാക്കി DBM&BC നിലവാരത്തിൽ ഡിസൈൻ റോഡ് നിർമ്മിക്കുന്നതിനാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. 793.68 കിലോമീറ്റർ റോഡ് പ്രവൃത്തിയാണ് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നത്. ഡി.പി.ആർ. സമർപ്പിച്ച് മുഴുവൻ പദ്ധതിക്കും സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 568.25 കിലോമീറ്റർ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി. 562.49 കിലോമീറ്റർ ടെൻഡർ ചെയ്തിട്ടുണ്ട്. അതിൽ 527.29

കിലോമീറ്റർ പ്രവൃത്തി കരാറിൽ ഏർപ്പെട്ട് ആരംഭിക്കാൻ സാധിച്ചു. 214.94 കിലോമീറ്റർ റോഡിന്റെ പ്രവൃത്തി ഇതുവരെ പൂർത്തിയായി.

(ബി) ഇതിനായി എത്ര കോടി രൂപയാണ് സർക്കാർ ചെലവിട്ടത്; വ്യക്തമാക്കാമോ?

ഇതുവരെ 3867.057 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകി. ഇതിൽ 1300 കോടി രൂപ പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

(സി) പദ്ധതിയുടെ ഭാഗമായി എത്ര റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(ഡി) കേരളത്തിലെ എല്ലാ ജില്ലകളിലേക്കും കണക്ടിവിറ്റി ഉണ്ടാക്കുന്ന തരത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(സി&ഡി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ മലയോര ഹൈവേ പദ്ധതിയുടെ ഭാഗമായി ഇതുവരെ പൂർത്തീകരിച്ച നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം ജില്ല

(i) കള്ളിക്കാട് പാറശ്ശാല - ഒന്നാം ഘട്ടം (15.4 കി.മീ.)

(ii) കള്ളിക്കാട് പാറശ്ശാല - രണ്ടാം ഘട്ടം (7.45 കി.മീ.)

(iii) കടപ്പനമൂട്- വാഴിച്ചൽ (2.75 കി.മീ.)

(iv) കൊല്ലായിൽ - ചല്ലിമുക്ക് (21.08 കി.മീ.)

(v) പെരിങ്ങമ്മല - പാലോട് (പാലോട് ബ്രൈമോർ റോഡ് ഓവർലാപ്പ് ചെയ്യുന്നു)

(3.5 കി.മീ.)

കൊല്ലം ജില്ല

കൊല്ലായിൽ (ചല്ലിമുക്ക്)-പുനലൂർ കെ.എസ്.ആർ.ടി.സി (46.1 കി.മീ.)

ഇടുക്കി ജില്ല

(i) കുട്ടിക്കാനം – ചപ്പാത്ത് (19.0 കി.മീ.)

(ii) പീരുമേട് - ദേവികുളം - ഒന്നാം ഘട്ടം (12.7 കി.മീ.)

(iii) പീരുമേട് - ദേവികുളം - രണ്ടാം ഘട്ടം (2.9 കി.മീ.)

(iv) പീരുമേട് - ദേവികുളം - മൂന്നാം ഘട്ടം (5.45 കി.മീ.)

തൃശ്ശൂർ ജില്ല

പട്ടിക്കാട് വിളങ്ങന്നൂർ (5.3 കി.മീ.)

മലപ്പുറം ജില്ല

(i) പൂക്കോട്ടുംപാടം കാളികാവ് - ഒന്നാം ഘട്ടം (8.7 കി.മീ.)

(ii) പൂക്കോട്ടുംപാടം -മൈലാടി പാലം (10.9 കി. മീ.)

കോഴിക്കോട് ജില്ല

കോടഞ്ചേരി - കക്കാടംപൊയിൽ (27.77 കി. മീ.)

കാസർഗോഡ് ജില്ല

(i) നന്ദാരപ്പടവ് - ചേവാർ (23 കി. മീ.)

(ii) കോളിച്ചാൽ - ഇടപ്പറമ്പ് (21 കി. മീ.)

കേരളത്തിന്റെ പശ്ചിമ ഘട്ടങ്ങളിൽ വരുന്ന ജില്ലകളെ ബന്ധിപ്പിക്കുന്നതിനും ടി പ്രദേശത്തിന്റെ സമഗ്രവികസനത്തിനും വേണ്ടിയാണ് മലയോര ഹൈവേ വിഭാവനം ചെയ്തിരിക്കുന്നത്. കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ പാറശ്ശാലവരെ നീളുന്ന മലയോര ഹൈവേ പൂർത്തിയാകുന്നതോടെ കേരളത്തിലെ ഏറ്റവും നീളം കൂടിയ ഹൈവേയാകും. 14 ജില്ലകളിൽ ആലപ്പുഴ ജില്ല ഒഴികെ മറ്റ് 13 ജില്ലകളിലൂടെ ഈ ഹൈവേ കടന്നുപോകും. മലയോര ഹൈവേ പൂർത്തിയാക്കുന്നതോടുകൂടി മലയോര മേഖലകളിലേക്ക് ഗതാഗത സംവിധാനം അതിവേഗത്തിലാവുകയും തൽഫലമായി ഒറ്റപ്പെട്ട് കിടക്കുന്ന മലയോര മേഖലകളിലെ സമഗ്ര വികസനം സാധ്യമാവുകയും ചെയ്യുമെന്നാണ് വിഭാവനം ചെയ്യുന്നത്. കൂടാതെ മലഞ്ചരക്കുകൾ വാണിജ്യമേഖലകളിലേക്ക് അതിവേഗം എത്തിക്കുന്നതിനും ടൂറിസം സംവിധാനങ്ങൾ വർധിപ്പിക്കാനും കണക്റ്റിവിറ്റിയും ഗതാഗതവും മെച്ചപ്പെടുത്താനും സഹായകമാകും. കൂടാതെ ഭൂമിയുടെ മൂല്യം വർധിക്കുന്നതിനാൽ ക്രയവിക്രയങ്ങളിലൂടെ ജനങ്ങളുടെ സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിന് ഉതകും. ഈ പദ്ധതി യാഥാർഥ്യമാകുന്നതോടെ ഹൈറേഞ്ച് പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് ഇത് നൽകുന്ന നേട്ടങ്ങളും മൂല്യവും വളരെ വലുതാണ്.

റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി ലിമിറ്റഡിന് നിർമ്മാണ ചുമതലയുള്ള റോഡുകൾ

62 (1297) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റോഡ് ഇൻഫ്രാസ്ട്രക്ച്ചർ കമ്പനി ലിമിറ്റഡ് (റിക്)-ന് നിർമ്മാണ ചുമതലയുള്ള റോഡുകൾ ഏതൊക്കെയെന്നും അവയുടെ നിർമ്മാണ പുരോഗതിയും സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത കമ്പനി പൂർത്തീകരിച്ച റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ അടങ്കൽ തുക, കരാർ ഏൽപ്പിച്ച ദിവസം, പ്രവൃത്തി പൂർത്തീകരിച്ച ദിവസം, തുക അനുവദിച്ചത് സംബന്ധിച്ച വിശദാംശം എന്നീ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) റിക് ലിമിറ്റഡിന് കീഴിൽ വരുന്ന സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെട്ട റീഹാബിലിറ്റേഷൻ പാക്കേജിൽ ഉൾപ്പെടുത്തി പാക്കേജ് -എ-യിലും (ഉപ്പള-കനിയാന റോഡ്, വിദ്യാനഗർ-സീതാംഗോളി റോഡ്- കാസർഗോഡ് ജില്ല–25 കി.മീ.), പാക്കേജ്-ബി- യിലും (വെള്ളനാട്-ചെറ്റച്ചൽ റോഡ്, തിരുവനന്തപുരം ജില്ല, കാഞ്ഞിരപ്പള്ളി-കാഞ്ഞിരംകവല റോഡ്- കോട്ടയം ജില്ല (36 കി.മീ.)) ഉൾപ്പെടുത്തി 83 കിലോമീറ്റർ നീളം വരുന്ന 4 റോഡുകൾ 2017-18 കാലയളവിൽ DBFMT-ആനുവിറ്റി വ്യവസ്ഥയിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതും 2030-31 കാലയളവ് വരെ പ്രസ്തുത റോഡുകൾ പ്രവർത്തന പരിപാലന കാലയളവിലുമാണ്. മേല്പറഞ്ഞ നാല് റോഡുകളിലും പരിപാലന കാലയളവിൽ IRC നിഷ്കർഷിക്കുന്ന വ്യവസ്ഥയിൽ Operation & Maintenance പ്രവൃത്തികൾ

ചെയ്തുവരുന്നു. ഈ റോഡിന്റെ strength, നിലവിലെ റോഡ് സർഫേസ് എന്നിവ പരിശോധിക്കുന്നതിനായി BBD ടെസ്റ്റ് വർഷത്തിൽ ഒരിക്കലും roughness test ആറ് മാസത്തിലൊരിക്കലും IRC മാനദണ്ഡങ്ങൾ പ്രകാരം ചെയ്തുവരുന്നു.

കരാർ പ്രകാരം 5/6 വർഷം കൂടുമ്പോൾ പ്രസ്തുത റോഡുകൾ ഓവർലേ നടത്തി വരുന്നു.

കരമന-വെള്ളറട റോഡ് (35.5 കി.മീ.) തിരുവനന്തപുരം ജില്ല

സംസ്ഥാന റോഡ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കരമന-വെള്ളറട റോഡ് നവീകരണത്തിന് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിനായി ഭരണാനുമതി നൽകി. തുടർന്ന് ഭൂമി ഏറ്റെടുക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിരുന്നുവെങ്കിലും KMRL (കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്) തയ്യാറാക്കിയ Comprehensive Mobility Plan പ്രകാരമുള്ള മാറ്റങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള feasibility study നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കിഫ്ബിപ്രവൃത്തി

a. കോഴിക്കോട്-ബാലുശ്ശേരി റോഡ് (20.320 കി.മീ.)-കോഴിക്കോട് ജില്ല

KIIFB ധനസഹായത്തിൽ പുരോഗമിക്കുന്ന കോഴിക്കോട്-ബാലുശ്ശേരി റോഡിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ നടന്നുവരുന്നു. 2025 ഫെബ്രുവരി 14-ന് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഇപ്പോൾ സ്പെഷ്യൽ തഹസീൽദാർ LA-KIIFB മുഖാന്തരം award enquiry പുരോഗമിക്കുകയും ചെയ്യുന്നു.

b. തിരുവല്ല -മല്ലപ്പള്ളി -ചേലക്കൊമ്പ് റോഡ് (19.700 കി.മീ.) പത്തനംതിട്ട ജില്ല

KIIFB ധനസഹായത്തിൽ പുരോഗമിക്കുന്ന തിരുവല്ല-മല്ലപ്പള്ളി-ചേലക്കൊമ്പ്

റോഡിന്റെ സ്ഥലമേറ്റെടുക്കൽ പ്രവൃത്തി നടന്നുവരുന്നു. SIA പഠനം പൂർത്തിയാക്കി 11(1) വിജ്ഞാപനം പ്രസിദ്ധീകരിച്ചു.

c. ഈരാറ്റുപേട്ട - വാഗമൺ റോഡ് (23.80 കി.മീ.) കോട്ടയം ജില്ല

KIIFB നിർദേശപ്രകാരം സ്ഥലമേറ്റെടുക്കൽ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി

63 (1298) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിലെ പൊഴിയൂർ നിന്നും ആരംഭിച്ച് കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്ത് അവസാനിക്കുന്ന 605 കിലോമീറ്റർ ദൈർഘ്യത്തിൽ 9 തീരദേശ ജില്ലകളിലൂടെ കടന്നുപോകുന്ന തീരദേശ ഹൈവേയ്ക്ക് 6,500 കോടി രൂപയുടെ തത്വത്തിലുള്ള ഭരണാനുമതി നൽകി. ഇതിൽ 508 കിലോമീറ്റർ (43 റീച്ചുകൾ) ആണ്. കിഫ്ബി ധനസഹായത്തോടുകൂടിയാണ് കെ.ആർ.എഫ്.ബി. നടപ്പിലാക്കുന്നത്. സ്ഥലമേറ്റെടുപ്പിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായി 5,824.84 കോടി രൂപയുടെ സാമ്പത്തികാനുമതി നാളിതുവരെ കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. ഇതിൽ 471 കിലോമീറ്റർ തീരദേശ ഹൈവേയുടെ സ്ഥലം ഏറ്റെടുക്കുന്നതിനും 141 കിലോമീറ്റർ തീരദേശ ഹൈവേയുടെ നിർമ്മാണത്തിനുമാണ് ലഭിച്ചിരിക്കുന്നത്.

സ്ഥലം ഏറ്റെടുക്കുന്നതിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ച 465.545 km (41 റീച്ച്) ഭാഗത്ത് സ്ഥലമേറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അതിർത്തിക്കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. 343.915 km (32 റീച്ച്) ഭാഗത്ത് 4(1) വിജ്ഞാപനവും 251.455 km (21 റീച്ച്) ഭാഗത്ത് 11(1) വിജ്ഞാപനവും 8.575 km (4 റീച്ച്) ഭാഗത്ത് 19(1) വിജ്ഞാപനവും പുറപ്പെടുവിച്ചിട്ടുണ്ട്. ഹൈവേ നിർമ്മാണത്തിന് കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ച പ്രവൃത്തികളിൽ (14 റീച്ചുകൾ - 141 കി.മീ.) മലപ്പുറം ജില്ലയിൽ 8 കി.മീ. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമ ഘട്ടത്തിലായ കണ്ണൂർ ജില്ലയിലെ 4.67 കിലോമീറ്റർ ഭാഗത്തിനും കോഴിക്കോട് ജില്ലയിലെ 10.36 കിലോമീറ്റർ ഭാഗത്തിനും സാങ്കേതികാനുമതി നൽകി ടെൻഡർ ക്ഷണിച്ചിരിക്കുകയാണ്. ശേഷിക്കുന്ന 117.97 കിലോമീറ്റർ ഭാഗം ഭൂമി ഏറ്റെടുക്കൽ നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. ഭൂമി ഏറ്റെടുക്കൽ അന്തിമഘട്ടത്തിലേക്കെത്തുന്ന ഭാഗങ്ങൾക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികളിലേക്ക് കടക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ വൈപ്പിൻ നിയോജകമണ്ഡലത്തിലെ റീച്ചിന്റെ സ്ഥലമെടുപ്പ് നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; സ്ഥലമെടുപ്പ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ?

വൈപ്പിൻ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന തീരദേശ ഹൈവേയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. ഭൂമി ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിലവിൽ ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെയും നിർമ്മിതികളുടെയും വിലനിർണ്ണയ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

(സി) സ്ഥലമുടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം ലഭ്യമാക്കാനും നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനും സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെയും നിർമ്മിതികളുടെയും വിലനിർണ്ണയ പ്രവൃത്തികൾ പൂർത്തിയാക്കി ആയത് ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് (LAO) സമർപ്പിക്കുകയും LAO കണക്കാക്കിയ നഷ്ടപരിഹാരത്തുക അംഗീകരിച്ച് കിഫ്ബിയിൽനിന്നും ലഭ്യമാക്കി LAO-ക്ക് കൈമാറുകയും ചെയ്യേണ്ടതുണ്ട്. തുടർന്ന് 19(1) പ്രസിദ്ധീകരിച്ച് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ തുടർനടപടികൾ സ്വീകരിക്കാനാകും.

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവർത്തനങ്ങൾ

64 (1299) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ നഗരൂർ പോലീസ് സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ "നഗരൂർ മിനി സിവിൽ സ്റ്റേഷൻ ഓഫീസും പോലീസ് സ്റ്റേഷനും നിർമ്മിക്കൽ" എന്ന പ്രവൃത്തിക്ക് 2022-23 ബജറ്റിൽ (പേജ് നം.40, ക്രമ നം.794) 20 ശതമാനം തുക വകയിരുത്തിയിട്ടുണ്ട്. എന്നാൽ സ്ഥല സന്ദർശനത്തിൽ മിനി സിവിൽ സ്റ്റേഷനും പോലീസ് സ്റ്റേഷനും നിർമ്മിക്കാൻ ഭൂമി അപര്യാപ്തമായതിനാൽ പ്രസ്തുത

സ്ഥലത്ത് ഏറ്റവും ആവശ്യമായ പോലീസ് സ്റ്റേഷനും സബ് രജിസ്ട്രാർ ഓഫീസും നിർമ്മിക്കുന്നതിന് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 27-01-2026-ലെ സ.ഉ. (സാധാ).91/2026/പൊ.മ.വ. പ്രകാരം "നഗരൂർ സബ് രജിസ്ട്രാർ ഓഫീസും പോലീസ് സ്റ്റേഷനും നിർമ്മിക്കൽ' എന്ന പ്രവൃത്തിക്ക് 600 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായുള്ള സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള തുടർനടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരുന്നു.

എറണാകുളത്തെ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് നിർമ്മാണം

65 (1300) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ എറണാകുളത്ത് പുതിയ കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റാൻഡ് നിർമ്മിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളുടെ വിശദാംശം നൽകാമോ?

പ്രസ്തുത പ്രവൃത്തിക്ക് തയ്യാറാക്കിയ 13 കോടി രൂപയുടെ എസ്റ്റിമേറ്റ് കെ.എസ്.ആർ.ടി.സി.-യിൽനിന്ന് അംഗീകരിച്ച് ലഭ്യമായ AR Drawing പ്രകാരം പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർ 21-01-2025-ൽ Chairman & Managing Director, KSRTC, Transport Bhavan, Tvpm-ന് ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്.

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണം

66 (1301) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി റീവാലിഡേറ്റ് ചെയ്ത് ലഭിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് ലഭിക്കും; അടിയന്തരമായി സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

ഒറ്റപ്പാലം കോർട്ട് കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിക്കായി 02-06-2021-ലെ സ.ഉ.(സാധാ)നം.1563/2021/ആഭ്യന്തരം പ്രകാരം ലഭിച്ച ഭരണാനുമതിയുടെ കാലാവധി അവസാനിച്ച പശ്ചാത്തലത്തിൽ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിലേയ്ക്കായി ആർക്കിടെക്ചറൽ വിങ് തയ്യാറാക്കിയ എ.ആർ. സ്കെച്ച് സ്കീം 15-10-2025-ലെ ഹൈക്കോടതി രജിസ്ട്രാറുടെ കത്ത് നം. HCKL/422/2023-011-7 പ്രകാരം അംഗീകരിച്ച് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് ലഭിച്ചിട്ടുണ്ട്.

നിലവിൽ സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തിയുടെ ടെൻഡർ നപടികൾ പുരോഗമിക്കുന്നു. ഫൈനൽ എ.ആർ. ഡ്രോയിങും സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടും ലഭ്യമായതിനുശേഷം ടെൻഡേർഡ് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് റീവാലിഡേഷനും സാങ്കേതിക അനുമതിക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടികളും സ്വീകരിക്കുന്നതാണ്.

കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂൾ നിർമ്മാണം

67 (1302) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിൽ 2 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ച സ്കൂൾ കെട്ടിടത്തിന്റെ ഒന്നാം നില പൂർത്തീകരിക്കുന്നതിന്റെ ടെൻഡർ നടപടിയുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കാമോ; അടിയന്തരപ്രാധാന്യമുള്ള ഈ കെട്ടിടനിർമ്മാണം വൈകുന്നതിന്റെ കാരണം വിശദമാക്കാമോ?

നെയ്യാറ്റിൻകര കുളത്തൂർ ഗവൺമെന്റ് ഹൈസ്കൂളിന്റെ നിലവിലെ കെട്ടിടം 2016 കാലഘട്ടത്തിൽ പൂർത്തീകരിച്ച ഒരു നില കെട്ടിടമാണ്. 19-12-2023-ലെ സ.ഉ.(സാധാ)നം.8021/2023/GEDN, 23-02-2024-ലെ സ.ഉ.(സാധാ)നം.1495/2024/GEDN എന്നിവ പ്രകാരം കുളത്തൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിന്റെ ഒന്നും രണ്ടും നില കെട്ടിട നിർമ്മാണത്തിന്റെ ബാലൻസ് വർക്കിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു നില കൂടി ടി കെട്ടിടത്തിന്റെ മുകളിൽ സുരക്ഷിതമായി പണിയാൻ സാധിക്കുമെന്ന CET-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1 കോടി 95 ലക്ഷം രൂപയുടെ (Civil) എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ സ്വീകരിച്ചുവരുന്നു.

കുത്തുപറമ്പ്, പാനൂർ ഐ.ബി.-കളുടെ നവീകരണ പ്രവൃത്തികൾ

68 (1303) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തുപറമ്പ് ഐ.ബി. ഉദ്ഘാടനം ചെയ്തെങ്കിലും ബ്രിട്ടീഷ് കാലഘട്ടത്തിലെ കുതിരലായം ഉൾപ്പെടെയുള്ള സ്മാരകങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള സൗന്ദര്യവത്കരണ പ്രവൃത്തികൾ ഉൾപ്പെടുത്തി അടങ്കൽ തയ്യാറാക്കി സമർപ്പിച്ചെങ്കിലും തുക അനുവദിക്കാത്തതിന്റെ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കുത്തുപറമ്പ് ഐ.ബി.-യിൽ ബ്രിട്ടീഷ് കാലഘട്ടത്തിലെ കുതിരാലയം ഉൾപ്പെടെയുള്ള സ്മാരകങ്ങളെ സംരക്ഷിച്ചുകൊണ്ടുള്ള സൗന്ദര്യവൽക്കരണത്തിനായി (PWD/BLDGEST8930/2025-5-1)-General IB Kuthuparamba – Construction of car porch, paving construction, Kuthiralayam etc. for old building- General Civil Work പ്രകാരം 25 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടി പുരോഗമിക്കുന്നു.

(സി) പാനൂർ ഐ.ബി. നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചെങ്കിലും ഉപയോഗപ്രദമായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പാനൂർ ഐ.ബി.-യിൽ മതിയായ സൗകര്യങ്ങൾ ഒരുക്കി പൂർണ്ണ തോതിൽ എപ്പോൾ തുറന്നുകൊടുക്കാനാകുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) പാനൂർ ഐ.ബി.-യുടെ നവീകരണ പ്രവൃത്തികളുടെ ഭാഗമായ ശേഷിക്കുന്ന അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ തയ്യാറാക്കിയ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ച് വരികയാണ്.

ഹരിപ്പാട് ഫയർ സ്റ്റേഷൻ നിർമ്മാണം

69 (1304) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ലഭിച്ചിട്ടുള്ള ഫണ്ടിന്റെ വിശദാംശം വ്യക്തമാക്കാമോ;

(സി) ഫയർ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഹരിപ്പാട് ഫയർ സ്റ്റേഷൻ നിർമ്മാണത്തിനായി ബജറ്റിൽ വകയിരുത്തിയതിൻ പ്രകാരം 5 കോടി രൂപയുടെ എസ്റ്റിമേറ്റ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവ്വീസസ്, തിരുവനന്തപുരത്തിന് സമർപ്പിച്ചു. എന്നാൽ മണ്ണ് പരിശോധന നടത്തുകയും ആർക്കിടെക്ചറൽ ഡ്രോയിങ്ങ് പുതിയ രീതിയിൽ പരിഷ്കരിക്കുകയും ചെയ്തശേഷം സമർപ്പിക്കുന്നതിനായി ചീഫ് ടെക്നിക്കൽ എക്സാമിനറുടെ കത്ത് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം RIQCL മുഖേന മണ്ണ് പരിശോധന നടന്നുവരുന്നു.

ഫയർ & റെസ്ക്യൂ ഡിപ്പാർട്ട്മെന്റിൽനിന്നും പൊതുമരാമത്ത് വകുപ്പിന് 2.30 കോടി രൂപ കൈമാറി ലഭിച്ചിട്ടുണ്ട്. മണ്ണ് പരിശോധന നടത്തി ഡിസൈൻ തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനാകും.

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ പുതിയ കെട്ടിട നിർമ്മാണം

70 (1305) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ഭരണാനുമതി ലഭ്യമായ പുതിയ മന്ദിരത്തിന്റെ പ്ലാൻ, ഡിസൈനിങ് എന്നിവ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ; ഈ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ കിടത്തി ചികിത്സയ്ക്ക് പുതിയ ബ്ലോക്ക് (ബഹു നിലമന്ദിരം) നിർമ്മാണം എന്ന പ്രവൃത്തിക്ക് 29-03-2025-ലെ സ.ഉ.(സാധാ)നം.962/2025/H&FWD പ്രകാരം ആറ് (6) കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ശേഷം നാല് നിലകളിലുള്ള AR Drawing തയ്യാറാക്കുകയും ആയത് client അംഗീകരിക്കുകയും തുടർന്ന് ഡിസൈൻ പ്രവൃത്തികൾക്കായി പൊതുമരാമത്ത് വകുപ്പ് ഇൻവെസ്റ്റിഗേഷൻ വിഭാഗം മുഖേന മണ്ണ് പരിശോധന നടത്തുകയും റിപ്പോർട്ട് തുടർ നടപടികൾക്കായി PWD ഡിസൈൻ വിഭാഗത്തിന് നൽകുകയും ചെയ്തുവെങ്കിലും കൂടുതൽ പരിശോധനയ്ക്കുവേണ്ടി RIQCL മുഖേന മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

തിരുവല്ല സത്രം കോംപ്ലക്സിലെ നിർമ്മാണ പ്രവൃത്തി

71 (1306) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പത്തനംതിട്ട ഡി.റ്റി.പി.സി.-യുടെ കീഴിലുള്ള തിരുവല്ല സത്രം കോംപ്ലക്സിൽ ആഡിറ്റോറിയവും മുറികളും നിർമ്മിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

DSR 2021 പ്രകാരമുള്ള ഡി.പി.ആർ. ലഭ്യമാകുന്ന പക്ഷം ഫണ്ടിന്റെ ലഭ്യത കൂടി പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കൊടുവള്ളി നിയോജകമണ്ഡലത്തിലെ നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണം

72 (1307) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന നരിക്കുനി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 15-08-2025-ലെ ജി.ഒ.(ആർ.റ്റി)നം.2802/2025/ഹോം പ്രകാരം നൽകിയ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് സാങ്കേതിക അനുമതി ലഭ്യമാക്കിയിട്ടുണ്ടോ; സാങ്കേതിക അനുമതി സംബന്ധിച്ച ഫയലിന്റെ വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) 15-08-2025-ലെ സ.ഉ.(സാധാ)നം. 2802/2025/ ആഭ്യന്തരം പ്രകാരം ഭരണാനുമതി ലഭിച്ച നരിക്കുനി ഫയർ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 2.3 കോടി രൂപയുടെ എസ്റ്റിമേറ്റ് ഡയറക്ടർ ജനറൽ, ഫയർ & റെസ്ക്യൂ സർവീസസ് അംഗീകരിക്കുകയും ടി തുക പൊതുമരാമത്ത് വകുപ്പിന്റെ ബന്ധപ്പെട്ട ശീർഷകത്തിൽ ഡെപ്പോസിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുന്നതിനായി എസ്റ്റിമേറ്റ് പരിശോധനയിലാണ്.

നിലമ്പൂർ റസ്റ്റ് ഹൗസിനോടനുബന്ധിച്ച് പി.ഡബ്ല്യു.ഡി. കോംപ്ലക്സ്

73 (1308) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ റസ്റ്റ് ഹൗസിനോടനുബന്ധിച്ച് ഭരണാനുമതി ലഭിച്ചിട്ടുള്ള പി.ഡബ്ല്യു.ഡി. കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തിക്കുവേണ്ട നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത കോംപ്ലക്സ് നിർമ്മിക്കുന്നതിനുള്ള പദ്ധതി ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) 16-07-2025-ലെ സ.ഉ.(സാധാ) നം.1059/2025/ പൊ.മ.വ. പ്രകാരം 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് റിവൈസ്ഡ് സ്കെച്ച് ഡ്രോയിങ്ങ് 18-12-2025-ൽ ലഭ്യമാവുകയും ഡീറ്റെയിൽഡ് ആർക്കിടെക്ചറൽ ഡ്രോയിങ്ങ്, സ്ട്രക്ചറൽ ഡിസൈൻ എന്നിവ തയ്യാറാക്കുന്നതിലേക്കായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

അരൂർ നിയോജകമണ്ഡലത്തിലെ അങ്കണവാടികളുടെ നിർമ്മാണം

74 (1309) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 ബജറ്റിൽ പ്രഖ്യാപിച്ച അരൂർ നിയോജകമണ്ഡലത്തിലെ വിവിധ അങ്കണവാടികളുടെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

(എ&ബി) അരൂർ നിയോജകമണ്ഡലത്തിലെ 10 അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള ഭരണാനുമതിക്കുള്ള പ്രൊപ്പോസലുകൾ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ എ.എസ്. കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയും 17-01-2026-ൽ കൂടിയ എ.എസ്. കമ്മിറ്റി യോഗത്തിൽ പ്രസ്തുത പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതി

75 (1310) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിലാറിന് കുറുകെ നിർദ്ദേശിച്ചിരിക്കുന്ന കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതിയുടെ

നിലവിലെ ഭരണപരവും സാങ്കേതികവുമായ സ്ഥിതിവിവരങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കിടങ്ങൂർ പഞ്ചായത്തിൽ മീനച്ചിൽ ആറിന് കുറുകെ കിടങ്ങൂർ കാവാലിപ്പുഴ മിനി ബ്രിഡ്ജ് പദ്ധതിക്കായി സോയിൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നടപ്പാക്കി 6 സ്പാനുകളായി 150 മീറ്റർ നീളത്തിലും ഒരു വശത്ത് ഫുട്പാത്തോടുകൂടിയും 4.30 മീറ്റർ ക്യാരേജ് വേയോടുകൂടിയും ആകെ 6.50 മീറ്റർ വീതിയിലുള്ള പാലത്തിന്റെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ട്. വീതി വർദ്ധിപ്പിക്കണമെന്ന ആവശ്യം കൂടി പരിഗണിച്ച് അതിന്റെ ഫീസിബിലിറ്റി പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2024-25-ലെ സംസ്ഥാന ബജറ്റിൽ പൊതുമരാമത്ത് വകുപ്പിനായി സീരിയൽ നമ്പർ 505 ആയി 20 ശതമാനം പ്രൊവിഷൻ (ആകെ 600 ലക്ഷം രൂപ) നൽകിയിരിക്കുന്നതിൽ ഇതുവരെ എത്ര തുക ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

നിലവിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(സി) 6.50 മീറ്റർ വീതിയിൽ ഡിസൈൻ ചെയ്തിട്ടുള്ള മിനി ബ്രിഡ്ജിനും അനുബന്ധ അപ്രോച്ചിനുമായി 8 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് വിശദമായ സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടോ?

പ്രസ്തുത പാലം 6.50 മീറ്റർ വീതിയിലാണ് ഡിസൈൻ ചെയ്തിട്ടുള്ളത്. മേൽ ഡിസൈൻ പ്രകാരം അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സംരക്ഷണഭിത്തി ഉൾപ്പെടെ 8 മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്.

(ഡി) ഈ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കൽ (ലാൻഡ് അക്വിസിഷൻ) നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ എന്തൊക്കെ തടസ്സങ്ങളാണ് നിലവിലുള്ളത്; ലഭ്യമായ ഡിസൈൻ അടിസ്ഥാനമാക്കി ഫീസിബിലിറ്റി സ്റ്റഡി നടത്തുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നതിനും വകുപ്പുതലത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഭൂമി ഏറ്റെടുക്കുന്നതിനായി ഭൂമിയുടെയും ഭൂവുടമകളുടെയും വിവരങ്ങൾ സ്വരൂപിക്കേണ്ടതുണ്ട്. കൂടാതെ വില്ലേജിൽ നിന്ന് ഏറ്റെടുക്കേണ്ട ഭൂമിയുടെ ലാൻഡ് വാല്യൂ ലഭ്യമായതിനുശേഷം ഫീസിബിലിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഡിസൈൻ ലഭ്യമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഇ) പദ്ധതിക്ക് ഭരണാനുമതി ലഭിച്ച് ടെൻഡർ നടപടികൾ ആരംഭിക്കുന്നതിനുള്ള സമയക്രമം അറിയിക്കാമോ; ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതിലൂടെ പ്രദേശത്തെ ഗതാഗത സൗകര്യത്തിലും ടൂറിസം വികസനത്തിലും പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കി ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിച്ച് ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്. പദ്ധതി യാഥാർഥ്യമാകുന്നതോടുകൂടി കാവാലി പുഴ മിനി ടൂറിസം പ്രദേശത്തേയ്ക്ക് ഏറ്റുമാനൂർ, പാലാ ഭാഗങ്ങളിൽനിന്നും എത്തിച്ചേരാൻ എളുപ്പമാകുന്നതിനും പ്രാദേശിക വികസനത്തിനും കാരണമാകുന്നതാണ്.

കോട്ടയം കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം

76 (1311) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നിയോജകമണ്ഡലത്തിലെ കോടിമത രണ്ടാം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയ തീയതി അറിയിക്കാമോ?

31-03-2023-ലെ സ.ഉ.(സാധാ) നം.442/2023/PWD പ്രകാരം കോട്ടയം നിയോജകമണ്ഡലത്തിലെ കോടിമത രണ്ടാം പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകിയിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിച്ച തീയതി വ്യക്തമാക്കാമോ?

18-02-2025-ൽ പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായ അപ്രോച്ച് റോഡ് നിർമ്മാണം ആരംഭിച്ചു.

(സി) കോടിമത രണ്ടാം പാലത്തിന്റെ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മറ്റ് തടസ്സങ്ങളില്ലെങ്കിൽ 31-03-2026-ഓടെ കോടിമത രണ്ടാം പാലം നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കറുകമാട് പാലം പുനർനിർമ്മാണം

77 (1313) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ അപകടാവസ്ഥയിലുള്ള കറുകമാട് പാലം പുനർനിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് പാലം വിഭാഗം ചീഫ് എഞ്ചിനീയർ സർക്കാരിലേയ്ക്ക് സമർപ്പിച്ച 13.6 കോടി രൂപയുടെ പ്രൊപ്പോസലിൽ ഭരണാനുമതി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാലത്തിന്റെ അണ്ടർ വാട്ടർ ഇൻസ്പെക്ഷൻ നടത്തിയതിൽ പാലം വളരെ അപകടാവസ്ഥയിലാണെന്നും പാലത്തിന്റെ പല സ്ഥലത്തും കമ്പികൾ തുരുമ്പുപിടിച്ച അവസ്ഥയിലാണെന്നുമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ&ബി) കറുകമാട് പാലത്തിന്റെ പുനർ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ ആദ്യം സമർപ്പിച്ചിരുന്ന 13.6 കോടി രൂപയുടെ എസ്റ്റിമേറ്റ് ബജറ്റിന്റെ അഭാവത്തിൽ ഡെഫർ ചെയ്തിരുന്നു. തുടർന്ന് പാലം വളരെ അപകടാവസ്ഥയിൽ ആയതിനാൽ 19-03-25-ൽ Bridge Inspection ടീം പരിശോധന നടത്തിയതിൽ പാലത്തിന്റെ Pier-ഉം Slab-ന്റെ അടിഭാഗത്ത്

പല സ്ഥലങ്ങളിലും Concrete അടർന്ന് കമ്പി പുറത്തുവന്ന് തുരുമ്പുപിടിച്ച അവസ്ഥയിലുമാണെന്ന് കണ്ടെത്തി. പാലത്തിന്റെ അപകടാവസ്ഥ കണക്കിലെടുത്ത നിലവിലെ പുതുക്കിയ DSOR റേറ്റ് (2021) അനുസരിച്ച് 15.02 കോടി രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ 04-10-2025-ൽ സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. പാലത്തിന്റെ സ്ഥലമേറ്റെടുപ്പ് നടപടി, നിലവിലെ പാലവുമായി താരതമ്യം ചെയ്ത് പുതിയ പാലത്തിന്റെ നീളം, ഉയരം എന്നിവ പുന:പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി എസ്റ്റിമേറ്റ് പുനർസമർപ്പിക്കുന്നതിന് 13-01-2026-ലെ D1/586/2025 കത്ത് പ്രകാരം ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

കുരുത്തിക്കോട് പാലം പ്രവൃത്തി പൂർത്തീകരണം

78 (1314) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കുരുത്തിക്കോട് പാലം പ്രവൃത്തി പൂർത്തീകരിച്ച് എന്നത്തേക്ക് ഗതാഗതത്തിന് തുറന്നുകൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ നിയോജകമണ്ഡലത്തിലെ കുരുത്തിക്കോട് പാലം നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 16-04-26 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും 20-02-2026-നകം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഇരിമ്പിളിയം–കൊടുമുടി–തിരുവേഗപ്പുറ പാലം നിർമ്മാണം

79 (1315) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും തുതപ്പുഴയ്ക്ക് കുറുകെയുള്ളതുമായ കോട്ടക്കൽ നിയോജകമണ്ഡലത്തിലെ ഇരിമ്പിളിയം–കൊടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

പാലത്തിന്റെ നിലവിലുള്ള തകരാർ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് തകരാർ പരിഹരിച്ചുവരികയാണ്.

(ബി) ഇരിമ്പിളിയം–കൊടുമുടി-തിരുവേഗപ്പുറ പാലത്തിന്റെ തിരുവേഗപ്പുറ ഭാഗത്ത് വലിയ വിള്ളൽ രൂപപ്പെട്ട് പാലം അപകടാവസ്ഥയിലായതിനെ തുടർന്ന് പ്രസ്തുത പാലത്തിന് സമാന്തരമായി പുതിയ പാലം നിർമ്മിക്കുന്നത് സംബന്ധിച്ച് കോട്ടക്കൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) സമാന്തര പാലം നിർമ്മിക്കുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റും പ്രൊപ്പോസലും ലഭ്യമായിട്ടുണ്ടോ; ആയതിന്മേൽ ചീഫ് എഞ്ചിനീയർ (പൊതുമരാമത്ത് വകുപ്പ്) ഓഫീസിലും സർക്കാർ തലത്തിലും സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(ബി&സി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ തിരുവേഗപ്പുറ സമാന്തര പാലത്തിനുള്ള 14.20 ലക്ഷം രൂപയുടെ Investigation പ്രവൃത്തിക്കുള്ള Estimate പരിശോധനയിലാണ്.

തൃത്താർ നിയോജകമണ്ഡലത്തിലെ പത്തനാപുരം പാലം നിർമ്മാണം

80 (1316) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃത്താർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി പഞ്ചായത്തിലെ പത്തനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കാമോ?

തൃത്താർ നിയോജകമണ്ഡലത്തിലെ കാവശ്ശേരി പഞ്ചായത്തിലെ പത്തനാപുരം പാലത്തിന്റെ നിർമ്മാണ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 28-04-2026 വരെ ദീർഘിപ്പിച്ച് നൽകുന്നതിനായി കരാറുകാരൻ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും 20-02-2026-നുള്ളിൽ പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് രീതിയിൽ പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

കായംകുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ

81 (1317) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പ് വഴി കായംകുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ പൊതുമരാമത്ത് വകുപ്പുവഴി കായംകുളം നിയോജകമണ്ഡലത്തിൽ അനുവദിച്ച പാലങ്ങൾ, അനുവദിച്ച തുക, പ്രവൃത്തികളുടെ പുരോഗതി എന്നിവ അനുബന്ധമായി[+] ചേർത്തിട്ടുണ്ട്.

(ബി) കൃഷ്ണപുരം മാന്പ്രക്കന്നേൽ റെയിൽവേ മേല്പാലം, കാക്കനാട് റെയിൽവേ മേല്പാലം എന്നിവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

കൃഷ്ണപുരം മാന്പ്രക്കന്നേൽ റെയിൽവേ മേല്പാലം

കായംകുളം നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് ആർ.ബി.ഡി.സി.കെ. നിർമ്മിക്കുന്ന മാന്പ്രക്കുന്നേൽ റെയിൽവേ മേല്പാലത്തിനായി അനുവദിച്ച തുക 34.15 കോടി രൂപയാണ്. 06-09-2024-ൽ പദ്ധതി ടെൻഡർ ചെയ്തുവെങ്കിലും ഒരു ബിഡർ മാത്രം പങ്കെടുത്തതിനാൽ 14-11-2025-ൽ പദ്ധതി റീ-ടെൻഡർ ചെയ്തു. റീ-ടെൻഡറിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി പങ്കെടുക്കുകയും 09-11-2025-ൽ ULCCS-മായി കരാർ വയ്ക്കുകയും ചെയ്തു. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാക്കനാട് റെയിൽവേ മേല്പാലം

കെ.ആർ.ഡി.സി.എൽ.-ന് നിർമ്മാണ ചുമതലയുള്ള എൽ.സി. 149 (കാക്കനാട് ഗേറ്റ്) ആർ.ഒ.ബി.-യുടെ ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്. നിർമ്മാണത്തിനായുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുക്കൊണ്ടിരിക്കുകയാണ്.

പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കാൻ പദ്ധതി

82 (1318) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതകളെയും ചെറുനഗരങ്ങളെയും ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം എന്ന ശീർഷകത്തിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പയ്യന്നൂർ നഗരസഭയെയും കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തിനെയും ബന്ധിപ്പിക്കുന്ന തരത്തിൽ പെരുമ്പപുഴയിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് തുക നീക്കിവെച്ചിട്ടുണ്ടോ; അറിയിക്കാമോ;

(ബി) നിർദിഷ്ട പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച് ഡിസൈൻ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി മേൽ പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) പെരുമ്പാ പുതിയ പാലം എന്ന പദ്ധതിക്ക് കിഫ്ബിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയർ ഭരണാനുമതിക്കായി

സമർപ്പിച്ചുവെങ്കിലും ടാർഗറ്റ് തുക കഴിഞ്ഞ് പോയതിനാൽ ഭരണാനുമതി നൽകാൻ സാധിച്ചില്ല. തുടർന്ന് 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ 84.77 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചുവെങ്കിലും ബജറ്റിൽ തുക മാറ്റിവച്ചിട്ടില്ലാത്തതിനാൽ പദ്ധതിക്ക് ഭരണാനുമതി നൽകാൻ സാധിച്ചില്ല.

തൃശ്ശൂർ ജില്ലയിലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണം

83 (1319) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ അമല നഗർ പാവറട്ടി റോഡിൽ ചെയിനേജ് 6/537-ലെ കടാംതോട് പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്ക് (ഫയൽ നമ്പർ ഡി1/416/2025/പി.ഡബ്ല്യു.ഡി.) ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ അമല നഗർ പാവറട്ടി റോഡിൽ ചെയിനേജ് 6/537-ലെ കടാംതോട് പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം ഡി1/416/2025/പി.ഡബ്ല്യു.ഡി. ഫയലിൽ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുകയെത്രയെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഭൂമി ഏറ്റെടുക്കൽ ഉൾപ്പെടെ 10 കോടി രൂപയാണ്.

(സി) കാലപ്പഴക്കം കാരണം കേടുപാടുകൾ സംഭവിച്ചതിനാൽ വാഹനഗതാഗതത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 10 കോടി രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. നിലവിൽ പാലത്തിന്റെ അറ്റകുറ്റപ്പണികൾക്കായി 04-11-2025-ലെ G.O(Rt)No.1673/2025/PWD പ്രകാരം 5.5 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. രണ്ട് തവണ ടെൻഡർ ചെയ്തതിൽ ആരും പങ്കെടുത്തില്ല. മൂന്നാം തവണത്തെ ടെൻഡർ നടപടികൾ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിച്ചുവരികയാണ്.

കോതമംഗലം നിയോജകമണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണം

84 (1320) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന്റെ കീഴിൽ എറണാകുളം ജില്ലയിലെ കീരംപാറ പഞ്ചായത്തിനെയും കുട്ടമ്പുഴ പഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന ഇഞ്ചത്തൊട്ടിയിൽ പെരിയാറിന് കുറുകെ ഇഞ്ചത്തൊട്ടി പാലം നിർമ്മാണത്തിനായി 100

രൂപയുടെ ടോക്കൺ പ്രൊവിഷനോട് കൂടി വിവിധ ബജറ്റുകളിൽ ഉൾപ്പെടുത്തിയിരുന്നു. നിലവിലുള്ള തുക്കുപാലത്തിനുസമീപം 'ടേക്ക് എ ബ്രേക്ക്' പദ്ധതിയുടെ ഭാഗമായി കീരംപാറഗ്രാമ പഞ്ചായത്തും ശുചിത്വമിഷനും സംയുക്തമായി നടപ്പിലാക്കുന്ന കംഫർട്ട് സ്റ്റേഷന്റെ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയിരിക്കുന്നത് അപ്രോച്ച് റോഡിനായി പ്രൊപ്പോസ് ചെയ്തിരിക്കുന്ന സ്ഥലത്തേക്ക് നീങ്ങി വരുന്നതായും കെട്ടിടത്തിന്റെ പകുതിയോളം പാലത്തിന്റെ അപ്രോച്ച് റോഡിൽ കയറി വരുന്ന രീതിയിൽ കംഫർട്ട് സ്റ്റേഷന്റെ ഫൗണ്ടേഷൻ പ്രവൃത്തികൾ ആരംഭിച്ചിരിക്കുന്നതായും കാണുവാൻ സാധിച്ചു. ഈ വിഷയത്തിൽ ഒരു അന്തിമ തീരുമാനത്തിനായി കീരംപാറ പഞ്ചായത്ത് അധികൃതർ, റവന്യൂ അധികൃതർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ പാലങ്ങൾ വിഭാഗം ചീഫ് എഞ്ചിനീയർ എന്നിവർ 24-08-2024-ൽ എറണാകുളം ജില്ലാ കളക്ടറുടെ ചേമ്പറിൽ മീറ്റിംഗ് കൂടിയതിന്റെ അടിസ്ഥാനത്തിൽ 'ടേക്ക് എ ബ്രേക്ക്' പദ്ധതി പ്രകാരം ശുചിമുറിയുടെ നിർമ്മാണം നടത്തുന്നതിന് തീരുമാനമെടുക്കുകയും PVIP അധികൃതർ കീരംപാറ പഞ്ചായത്ത് അധികൃതർക്ക് നൽകിയ NOC-യുടെ അടിസ്ഥാനത്തിൽ ആരംഭിച്ച ടി പദ്ധതിക്ക് മുൻഗണന നൽകേണ്ടതുണ്ടെന്നും പി.ഡബ്ല്യു.ഡി. ബ്രിഡ്ജസ് നിലവിൽ നിർദ്ദേശിച്ചിരിക്കുന്ന അലൈൻമെന്റ് ശുചിമുറിയുടെ നിർമ്മാണത്തെ പ്രതികൂലമായി ബാധിക്കാത്ത വിധത്തിൽ പുന:ക്രമീകരിക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

(ബി) നിർമ്മാണവുമായി ബന്ധപ്പെട്ട തുടർനടപടികൾ വേഗത്തിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

പുതിയ അലൈൻമെന്റിന് ആവശ്യമുള്ള ടോപോഗ്രാഫിക്കൽ സർവെ പുരോഗമിക്കുന്നു. ആയത് പൂർത്തിയായി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

അത്താണി പാലം നിർമ്മാണം

85 (1321) ശ്രീമതി ഉമാ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര നിയോജകമണ്ഡത്തിലെ കാക്കനാട് അത്താണിയിൽ പണിയുന്ന പാലത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ?

പൊതുരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ വരുന്ന തൃക്കാക്കര നിയോജകമണ്ഡത്തിലെ കാക്കനാട് അത്താണിയിൽ പണിയുന്ന പാലത്തിന് 01-12-2023-ലെ സ.ഉ.(സാധാ)നം.1578/2023/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കുന്നതിന് 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പാലത്തിന്റെ പൂർത്തീകരണം നീണ്ടുപോകുന്നതിനുള്ള കാരണം വിശദമാക്കാമോ?

ടി പാലത്തിന്റെ സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്.

(സി) പ്രസ്തുത പാലത്തിന്റെ പണി പൂർത്തിയാക്കി എന്നത്തേക്ക് ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്ന കാര്യം വിശദമാക്കാമോ?

ടി പാലത്തിന്റെ സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തികൾ പുരോഗമിച്ച് കൊണ്ടിരിക്കുകയാണ്. 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ച് പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടിയാൽ പ്രവൃത്തിയിലേക്ക് കടക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കളിയാംവള്ളി പാലം നിർമ്മാണം

86 (1322) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലൂടെ കടന്ന് പോകുന്ന കളിയാംവള്ളി പാലത്തിന്റെ നിർമ്മാണപുരോഗതി അറിയിക്കാമോ?

വടകര-മാഹി കനാലിന് കുറുകെയുള്ള കളിയാംവള്ളി പാലത്തിന്റെ പുനർനിർമ്മാണ പ്രവൃത്തിക്കായുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്. പ്രവൃത്തിസ്ഥലം കരാറുകാരന് 25-09-2025-ൽ കൈമാറിയിട്ടുള്ളതും മരങ്ങൾ മുറിച്ച് മാറ്റി പ്രവൃത്തി സ്ഥലം വൃത്തിയാക്കിയിട്ടുള്ളതുമാണ്. ഫെബ്രുവരി രണ്ടാം വാരത്തോടെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നതായും ഇൻലാൻഡ് നാവിഗേഷൻ വകുപ്പ് അറിയിച്ചിട്ടുണ്ട്.

കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മാണം

87 (1323) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 04.12.2015-ലെ സ.ഉ.(സാധാ) നം.1804/2015/പി.ഡബ്ല്യൂ.ഡി. പ്രകാരം 30.71 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയ കഞ്ഞിക്കുഴി ഫ്ലൈ ഓവറിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കഞ്ഞിക്കുഴി ഫ്ലൈ ഓവർ പ്രവൃത്തിക്ക് 04-12-2025-ന് 30.71 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ ചെയ്യുകയും Lowest tender quote ചെയ്ത M/s EKK Infrastructure-ന്റെ ടെൻഡർ ലഭിക്കുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ Firm period extend ചെയ്യാൻ കരാറുകാരൻ willing ആകാത്ത സാഹചര്യത്തിലും നടപ്പാതയ്ക്കും കാനയ്ക്കും ആവശ്യമായ 2000 m2 Land acquisition-നുവേണ്ടിയുള്ള ഫണ്ട് പ്രവൃത്തിയിൽ ഇല്ലാത്തതുമൂലവും പ്രവൃത്തിയുമായി മുൻപോട്ടുപോകാൻ സാധിച്ചിരുന്നില്ല. തുടർന്ന് 27-05-2017-ൽ ബഹു. പൊതുമരാമത്ത് റിജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കോട്ടയം കളക്ടേറ്റിൽ വച്ച് നടന്ന അവലോകന യോഗത്തിലുണ്ടായ തീരുമാനപ്രകാരം M/s EKK Infrastructure-മായുള്ള കരാർ അവസാനിപ്പിക്കാനും പ്രവൃത്തിക്ക് പുതിയ ടെൻഡർ ക്ഷണിക്കാനും നടപ്പാതയ്ക്കും ഓടയ്ക്കും വേണ്ട സ്ഥലം acquire ചെയ്യുന്നതിന് അനുമതി വാങ്ങി LA നടപടികൾ ഉടൻ ആരംഭിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ഫ്ലൈ ഓവറിനും LA -യ്ക്കുമായി വേണ്ട ഏകദേശം 40 കോടി രൂപ കെ.ആർ.എഫ്.ബി. കണ്ടെത്തി കെ.ആർ.എഫ്.ബി.-യുടെ നിയന്ത്രണത്തിൽ നടപടികൾ പൂർത്തിയാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അധിക ഫണ്ട് കണ്ടെത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മാണത്തിനായി 2024-25 സംസ്ഥാന ബജറ്റിൽ Annexure II Volume II- ൽ പേജ് 36-ൽ ഉൾപ്പെടുത്തി ക്രമ നമ്പർ 766 പ്രകാരം 8 കോടി

രൂപ അടങ്കൽ തുകയും അതിന്റെ 20% തുകയായ 1.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മിക്കുന്നത് ദേശീയ പാത 183-ൽ ആയതിനാൽ ദേശീയ പാതയുടെ NOC ആവശ്യമായതിനാൽ ദേശീയ പാതയുടെ NOC ലഭ്യമാക്കുന്നതിന് വേണ്ടി MoRTH-ലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് MoRTH-ൽ നിന്നുള്ള തീരുമാനമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നാളിതുവരെയുള്ള സർക്കാർതല അനുമതികളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട അനുമതികളുടെ പകർപ്പുകൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(സി) 2016 മെയ് മുതൽ ഇതുവരെ പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കഞ്ഞിക്കുഴി ഫ്ലൈ ഓവർ പ്രവൃത്തിക്ക് 04-12-2025-ന് 30.71 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെൻഡർ ചെയ്യുകയും Lowest tender quote ചെയ്ത M/s EKK Infrastructure-ന്റെ ടെൻഡർ ലഭിക്കുകയും ചെയ്തിരുന്നു. പ്രവൃത്തിയുടെ Firm period extend ചെയ്യാൻ കരാറുകാരൻ willing ആകാത്ത സാഹചര്യത്തിലും നടപ്പാതയ്ക്കും കാനയ്ക്കും ആവശ്യമായ 2000 m2 Land acquisition-നുവേണ്ടിയുള്ള ഫണ്ട്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവൃത്തിയിൽ ഇല്ലാത്തതുമൂലവും പ്രവൃത്തിയുമായി മുൻപോട്ടുപോകാൻ സാധിച്ചിരുന്നില്ല. തുടർന്ന് 27-05-2017-ൽ ബഹു. പൊതുമരാമത്ത് രജിസ്ട്രേഷൻ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ കോട്ടയം കളക്ടേറ്റിൽ വച്ച് നടന്ന അവലോകന യോഗത്തിലുണ്ടായ തീരുമാനപ്രകാരം M/s EKK Infrastructure-മായുള്ള കരാർ അവസാനിപ്പിക്കാനും പ്രവൃത്തിക്ക് പുതിയ ടെൻഡർ ക്ഷണിക്കാനും നടപ്പാതയ്ക്കും ഓടയ്ക്കും വേണ്ട സ്ഥലം acquire ചെയ്യുന്നതിന് അനുമതി വാങ്ങി LA നടപടികൾ ഉടൻ ആരംഭിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ഫ്ലൈ ഓവറിനും LA -യ്ക്കുമായി വേണ്ട ഏകദേശം 40 കോടി രൂപ കെ.ആർ.എഫ്.ബി. കണ്ടെത്തി കെ.ആർ.എഫ്.ബി.-യുടെ നിയന്ത്രണത്തിൽ നടപടികൾ പൂർത്തിയാക്കണമെന്ന് തീരുമാനിക്കുകയും ചെയ്തിരുന്നു. എന്നാൽ അധിക ഫണ്ട് കണ്ടെത്താൻ സാധിച്ചിരുന്നില്ല. തുടർന്ന് കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മാണത്തിനായി 2024-25 സംസ്ഥാന ബജറ്റിൽ Annexure II Volume II- ൽ പേജ് 36-ൽ ഉൾപ്പെടുത്തി ക്രമ നമ്പർ 766 പ്രകാരം 8 കോടി രൂപ അടങ്കൽ തുകയും അതിന്റെ 20% തുകയായ 1.6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കഞ്ഞിക്കുഴി ഫ്ലൈ ഓവർ നിർമ്മിക്കുന്നത് ദേശീയ പാത 183-ൽ ആയതിനാൽ ദേശീയ പാതയുടെ NOC ആവശ്യമായതിനാൽ ദേശീയ പാതയുടെ NOC ലഭ്യമാക്കുന്നതിന് വേണ്ടി MoRTH-ലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുകയാണ്. ഇതുസംബന്ധിച്ച് MoRTH-ൽ നിന്നുള്ള തീരുമാനമനുസരിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

88 (1324) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പള്ളിപ്പുറം ഗ്രാമപഞ്ചായത്തിലെ കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായത് ഏത് വർഷത്തിലാണെന്നും നിർമ്മാണം ആരംഭിച്ചത് ഏത് വർഷത്തിലാണെന്നും വ്യക്തമാക്കാമോ?

കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് പ്രാഥമിക ഭരണാനുമതി 2015-ലും പുതുക്കിയ ഭരണാനുമതി 2018-ലുമാണ് നൽകിയത്. പ്രസ്തുത പാലത്തിന്റെ നിർമ്മാണം 2019 മെയ് മാസത്തിലാണ് ആരംഭിച്ചത്.

(ബി) ജി.എസ്.ടി. വിഷയത്താൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി നിർത്തിവെച്ചത് എന്നാണെന്നും പ്രസ്തുത വ്യക്തിയെ പുറത്താക്കിയത് എന്നാണെന്നും വ്യക്തമാക്കാമോ?

ജി.എസ്.ടി. വിഷയത്തിൽ പ്രവൃത്തിയുടെ കരാറുകാരൻ പ്രവൃത്തി നിർത്തി വച്ചത് 2023 മെയ് മാസത്തിലാണ്. പ്രസ്തുത പ്രവൃത്തിയിൽനിന്നും ടി കരാറുകാരനെ 21-07-2025-ലാണ് ഒഴിവാക്കിയത്.

(സി) ജി.എസ്.ടി. വിഷയത്താൽ നിർമ്മാണ പ്രവർത്തനം നിലച്ച കോൺവെന്റ് ബീച്ച് പാലത്തിന്റെ ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിക്കായി സമർപ്പിച്ചിട്ടുള്ള ടെൻഡറിന് അംഗീകാരം നൽകുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിക്കായുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ടെൻഡർ അംഗീകരിച്ചതിനുശേഷം സൈറ്റ് കൈമാറുന്ന തീയതി മുതൽ 10 മാസ കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസംമൂലം ജനങ്ങൾ ഉയർത്തുന്ന പ്രതിഷേധം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പും ധനകാര്യ വകുപ്പും സംയുക്തയോഗം ചേർന്ന് ഇതുസംബന്ധിച്ച ഫയലിൽ അടിയന്തര തീരുമാനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ബ്രിഡ്ജ് പ്രോപ്പർ പ്രവൃത്തിയുടെ ബാലൻസ് പ്രവൃത്തിക്കായുള്ള ടെൻഡർ അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ (PWD-D1/619/2025-PWD ഫയലിൽ) പരിശോധിച്ചുവരുന്നു.

മണന്തലക്കടവ് പാലം സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി

89 (1325) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ മാവൂരിനെയും മലപ്പുറം ജില്ലയെയും ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) പാലം നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമായിട്ടുണ്ടോ;

(സി) പ്രസ്തുത പാലം നിർമ്മാണത്തിനാവശ്യമായ തുക ബജറ്റിൽ വകയിരുത്തിയിട്ടില്ലാത്തതിനാൽ ടി പാലം സേതുബന്ധൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ശിപാർശ ചെയ്യാൻ സാധിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ-സി) കോഴിക്കോട് ജില്ലയിലെ മാവൂരിനെയും മലപ്പുറം ജില്ലയെയും ബന്ധിപ്പിക്കുന്ന മണന്തലക്കടവ് പാലത്തിന്റെ ഭരണാനുമതി ലഭ്യമാക്കുന്നതിന് പ്രൊപ്പോസൽ ബജറ്റ് പ്രൊവിഷന്റെ അഭാവത്തിൽ തൽക്കാലം മാറ്റി വെച്ചിരിക്കുകയാണ്.

തിരുവല്ല നിയോജകമണ്ഡലത്തിലെ പുല്ലംപ്ലാവിൽ കടവ് പാലം നിർമ്മാണം

90 (1326) ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പുല്ലംപ്ലാവിൽ കടവ് പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ എത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

തിരുവല്ല നിയോജകമണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പുല്ലംപ്ലാവിൽ കടവ് പാലത്തിന്റെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നു. പാലത്തിന്റെ ഡിസൈൻ

ലഭ്യമാക്കിയിട്ടുണ്ട്. സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായാൽ തുടർ പ്രവർത്തനങ്ങളിലേക്ക് കടക്കാനാകും.

എ.ഇ.ഒ.-നാക്കോല റോഡിലെ കൾവർട്ടിന്റെ പുനർനിർമ്മാണം

91 (1327) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇരുവായൂർ നിയോജകമണ്ഡലത്തിലെ എ.ഇ.ഒ.-നാക്കോല റോഡിലെ കൾവർട്ട് തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

എ.ഇ.ഒ.-നാക്കോല റോഡിലുള്ള തകർന്ന കൾവർട്ട് RC പ്രവൃത്തിയിൽ ഉൾപ്പെടുത്തി താൽക്കാലികമായി 23-04-2025-ന് പൈപ്പിട്ട് പുന:സ്ഥാപിക്കുകയും ടി കൾവർട്ടിന്റെ പുനർനിർമ്മാണത്തിനായി PWD/RB/EST/16980/2025 നമ്പർ PRICE ID-ൽ 14.90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് പരിശോധനയിലാണ്.

നിലമ്പൂർ മണ്ഡലത്തിലെ തരിപ്പപൊട്ടി പാലം, കുമ്പളപ്പാറ പാലം എന്നിവയ്ക്ക് ഭരണാനുമതി

92 (1328) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പുഴയ്ക്ക് കുറുകെയുള്ള തരിപ്പപൊട്ടി പാലം, കുമ്പളപ്പാറ ഉന്നതിയിലേക്ക് പോകുന്നതിനായുള്ള കുറുമ്പുട്ടി പുഴയ്ക്ക് കുറുകെയുള്ള കുമ്പളപ്പാറ പാലം എന്നിവയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിലെ നിലമ്പൂർ നിയോജകമണ്ഡലത്തിലെ വാണിയമ്പുഴയ്ക്ക് കുറുകെയുള്ള തരിപ്പപൊട്ടി പാലം, കുറുമ്പുട്ടി പുഴയ്ക്ക് കുറുകെയുള്ള കുമ്പളപ്പാറ പാലം എന്നിവയുടെ ഒന്നാം ഘട്ട നിർമ്മാണത്തിനായി തയ്യാറാക്കിയിട്ടുള്ള DSoR 2021 പ്രകാരമുള്ള 625 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റ് പരിശോധിച്ചുവരുന്നു.

ടൈബൽ കണക്കിവിറ്റി ഫണ്ടിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിന് നടപടി

93 (1329) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിലെ വഴിക്കടവ് പഞ്ചായത്തിലുള്ള അളക്കൽ, പുഞ്ചക്കൊല്ലി ആദിവാസി ഉന്നതികളിലെ നിരവധി കുടുംബങ്ങൾ ആശ്രയിച്ചിരുന്ന പുന്നപ്പുഴയ്ക്ക് കുറുകെയുള്ള പാലം 2019-ലെ പ്രളയത്തിൽ തകർന്നുപോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് ടൈബൽ കണക്കിവിറ്റി ഫണ്ടുപയോഗിച്ച് പുനർനിർമ്മിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ?

(എ&ബി) അളക്കൽ-പുഞ്ചക്കൊല്ലി പാലത്തിന്റെ നിർമ്മാണത്തിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 840 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ബജറ്റ് വിഹിതത്തിന്റെ അഭാവത്തിൽ ധനകാര്യ വകുപ്പ് ഡെഫർ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുകയാണ്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ എഴുത്തോംപാറ പാലത്തിന്റെ നിർമ്മാണം

94 (1330) ശ്രീമതി ശാന്തകുമാരി. കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന എഴത്തോംപാറ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി നടപ്പിലാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്നും പ്രവൃത്തിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നുമുള്ള വിവരവും ലഭ്യമാക്കാമോ?

(എ-സി) കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടന്നുവരുന്ന എഴത്തോമ്പാറ പാലത്തിന് 31-10-2016-ലെ സ.ഉ.(സാധാ.) നം.1496/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 13-03-2024-ൽ 5.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും തുടർന്ന് 14-03-2025-ൽ 10.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബി നൽകിയിട്ടുണ്ട്. 22-03-2025-ൽ 10.226 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 25-03-2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09-04-2025, 23-04-2025, 02-07-2025 തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02-07-2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above - 2018 DSOR) ക്വാട്ട് ചെയ്യുകയും ചെയ്തു. പ്രസ്തുത കരാർ കമ്പനി

ക്വാട്ട് ചെയ്ത തുക 2021 DSOR + 10%-ലും കൂടുതലായതിനാൽ കെ.ആർ.എഫ്.ബി. പ്രോജക്ട് ഡയറക്ടർ ടെൻഡർ അംഗീകാരത്തിനായി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും നിലവിൽ D1/602/2025-PWD നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നതുമാണ്.

പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജസ് സെക്ഷൻ അനുവദിക്കാൻ നടപടി

95 (1331) ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ ബ്രിഡ്ജസ് വിഭാഗം അനുവദിക്കാനുള്ള നിർദേശം പരിഗണനയിലുണ്ടോ;

(ബി) പ്രസ്തുത സെക്ഷൻ അനുവദിക്കാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പൊതുമരാമത്ത് വകുപ്പിന്റെ ശാക്തീകരണവുമായി ബന്ധപ്പെട്ട് ഐ.എം.ജി. സമർപ്പിച്ച പ്രവൃത്തി പഠന റിപ്പോർട്ടിൽ വകുപ്പിന്റെ സാങ്കേതിക വശങ്ങൾ കൂടി ഉൾപ്പെടുത്തി സമഗ്ര റിപ്പോർട്ട് തയ്യാറാക്കുന്നതിന് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും ചീഫ് എഞ്ചിനീയർ പരിഷ്കരിച്ച റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലമ്പൂർ ബ്രിഡ്ജസ് സെക്ഷൻ അടക്കമുള്ള പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങളിൽ പുതിയ ഓഫീസുകൾ അനുവദിക്കുന്നതിനായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയർ ശിപാർശ ചെയ്ത് സമർപ്പിച്ച പ്രസ്തുത റിപ്പോർട്ട് വൈജ്ഞാനിക ഭരണ നിർവഹണ സമിതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുകയും പ്രസ്തുത സമിതിയുടെ

തീരുമാനപ്രകാരം റിപ്പോർട്ട് തുടർ പരിശോധനയ്ക്കായി ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന് കൈമാറി നൽകുകയും ചെയ്തിട്ടുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ

96 (1332) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അരുവിക്കര നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിവിധ വിഭാഗങ്ങൾ അനുവദിച്ച പ്രവൃത്തികൾ, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

കെ.ആർ.എഫ്.ബി. - പി.എം.യു.

അനുബന്ധമായി+ ചേർത്തിരിക്കുന്നു.

കെ.എസ്.ടി.പി.

2021 ഏപ്രിൽ മുതലുള്ള കാലയളവിൽ തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട്, അരുവിക്കര, വാമനപുരം നിയോജകമണ്ഡലങ്ങളിൽ ഉൾപ്പെട്ട തിരുവനന്തപുരം-പൊൻമുടി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി 167.70 കോടി രൂപ കരാർ തുക നിശ്ചയിച്ച് തുടങ്ങിയെങ്കിലും പുരോഗതി മന്ദഗതിയിലായതിനാൽ 26-4-2025-ൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്യുകയുണ്ടായി. തുടർന്ന് പുതുക്കിയ DPR അനുസരിച്ച് 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തി ഉൾപ്പെടെ ടി പ്രവൃത്തിക്കായി 23-07-2025-ൽ 215.55 കോടി രൂപയ്ക്ക് RKI-യുടെ അംഗീകാരം ലഭിക്കുകയുമുണ്ടായി. 172.22 കോടി രൂപയുടെ ബാലൻസ് പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി 27-8-2025-ന് പ്രസ്തുത പ്രവൃത്തി ടെൻഡർ ചെയ്യുകയും 5 പേർ പങ്കെടുത്ത ടെൻഡറിൽ ഏറ്റവും കുറവുതുകയായ 135,43,41,756 രൂപയ്ക്ക് ബിഡ് സമർപ്പിച്ച M/s. Akshaya Builders, Muvattupuzha-യ്ക്ക് കരാർ ഉടമ്പടി വയ്ക്കുന്നതിന് കെ.എസ്.റ്റി.പി.-യുടെ 127-ാമത് സ്റ്റിയറിങ് കമ്മിറ്റിയുടെ അംഗീകാരം നൽകുകയുണ്ടായി. കരാർ നടപ്പിലാക്കുന്നതോടെ 15 മാസ കാലാവധിയിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഗുരുവായൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തി

97 (1333) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ പൊതുമരാമത്ത് പ്രവൃത്തികളിൽ ഭരണാനുമതി ലഭിച്ചതും ടെൻഡർ നടപടികൾ സ്വീകരിക്കാത്തതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ആർ.ഐ.കൃ.സി., പി.ഡബ്ല്യു.ഡി. ഡിസൈൻ വിങ്, ആർക്കിടെക്ചർ വിഭാഗം എന്നിവിടങ്ങളിൽ പെന്റിങ്ങായിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പ്രസ്തുത പ്രവൃത്തികളിൽ ആർ.ഐ.കൃസി.എൽ., പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിങ്, എന്നിവിടങ്ങളിൽ പെൻഡിങ്ങായിരിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിരിക്കുന്നു.

ആർക്കിടെക്ചറൽ വിഭാഗത്തിൽ പ്രവൃത്തികൾ പെൻഡിങ്ങില്ല.

(സി) പ്രസ്തുത പ്രവൃത്തികളുടെ ടെൻഡർ നടപടികൾ ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഡിസൈൻ വിഭാഗം, ആർ.ഐ.കൃസി.എൽ. എന്നിവിടങ്ങളിൽ നിന്ന് ആവശ്യപ്പെട്ടിരിക്കുന്ന വിശദാംശങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് പദ്ധതികൾ

98 (1334) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ&ബി)

നിരത്തുകൾ

ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്തിരിക്കുന്നു.

ആർ.ബി.ഡി.സി.കെ.

1) മഞ്ചേശ്വരം റെയിൽവേ മേല്പാലം: മേല്പാലത്തിന്റെ നിർമ്മാണത്തിനായി 09-08-2020-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലെ ഉത്തരവ് പ്രകാരം 40.40 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. നിലവിൽ റെയിൽവേ GAD അംഗീകരിച്ചിട്ടുണ്ട്. അതിർത്തി കല്ലിടൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും LA തഹസീൽദാരുമായുള്ള സംയുക്ത പരിശോധനയിൽ 12-ഓളം അതിർത്തി കല്ലുകൾ നഷ്ടപ്പെട്ടതായി കാണുകയുണ്ടായി. 25-07-2025-ന് നഷ്ടപ്പെട്ട കല്ലുകൾ പുന:സ്ഥാപിച്ചുവെങ്കിലും അടുത്ത സംയുക്ത പരിശോധനയിലും 12 അതിർത്തിക്കല്ലുകൾ നഷ്ടപ്പെട്ടതായി കാണുകയുണ്ടായി. 4(1) നോട്ടിഫിക്കേഷൻ നടത്തേണ്ടതായിട്ടുണ്ട്.

2) ഹൊസങ്കടി-ഉദയാവർ റെയിൽവേ മേല്പാലം: മേല്പാലത്തിന്റെ നിർമ്മാണത്തിനായി 10-02-2020-ലെ ഉത്തരവ് പ്രകാരം 40.64 കോടി രൂപ കിഫ്ബി അനുവദിച്ചിട്ടുണ്ട്. നിലവിൽ GAD അപ്രൂവലിന് ആവശ്യമായ രേഖകൾ റെയിൽവേയിൽ സമർപ്പിച്ചിട്ടുണ്ട്. നിർവഹണ ഏജൻസി ആർ.ബി.ഡി.സി.കെ. ലിമിറ്റഡാണ്.

പാലങ്ങൾ

ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലങ്ങൾ വിഭാഗത്തിനുകീഴിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി[+] ചുവടെ ചേർക്കുന്നു.

കെ.ആർ.എഫ്.ബി-പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കെ.ആർ.എഫ്.ബി-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പി.എം.യു. മുഖേന നടപ്പിലാക്കിയതും തുടരുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടവിഭാഗം

ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ അനുവദിച്ച തുക, നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത്പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മരാമത്ത് വകുപ്പ് പദ്ധതികൾ

99 (1335) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ദേശീയപാത

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികളും തുക എത്രയെന്നും ചുവടെ ചേർക്കുന്നു.

1. CRIF 2022-23-Improvements to Ponnurukkippara- Madamthattu road in Kannur District in the state of Kerala. - 19.9 കോടി രൂപ

കെ.ആർ.എഫ്.ബി.-പി.എം.യു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിന് കീഴിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത്പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

100 (1336) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് റോഡ്സ്, ബിൽഡിങ്സ്, ബ്രിഡ്ജസ് വിഭാഗങ്ങൾ വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവർത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത്പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

പെരുമ്പാവൂർ ബൈപ്പാസ് നിർമ്മാണം 23-09-2016-ലെ G.O.(Rt) No.1324/2016/PWD പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 20 കോടി രൂപക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്. പിന്നീട് DPR തയ്യാറാക്കിയതനുസരിച്ച് 235.22 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കിയിട്ടുള്ളതാണ്. തുടർന്ന് പദ്ധതി 2 ഘട്ടങ്ങളായി തിരിക്കുകയും ചെയ്തിരുന്നു. ഫേസ് II-ന്റെ ഒരു ഭാഗം കുന്നത്തുനാട് നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്നുണ്ട്. നിലവിൽ ഫേസ് II ഡിസൈൻ കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയിൽനിന്നും ഡിസൈൻ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കലിനായുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ.ആർ.എഫ്.ബി-പി.എം.യു.

1. KIIFB 2023-24- Budget Work 2016-17- Manakkakadavu Kizhakkambalam Pattimattom-Nellad (in Emakulam- Thekkady Road) Including link road Pattimattom Road കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് 3 സ്ട്രെച്ചുകളിലായി കിഫ്ബിയിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിന്നും 32.63 കോടി രൂപയ്ക്ക് രൂപയുടെ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ സ്ട്രെച്ചുകളുടെയും പണി നിലവിൽ പൂർത്തീകരിച്ചിട്ടുള്ളതും ആണ്.

2. Improvements to Mannoor- Ponjassery Road from Ch. 0/000 to 11/500 in Ernakulam District excluding Ch.6/500 to 9/000.

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയ പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 26.50 കോടി രൂപ സാമ്പത്തികാനുമതി ലഭ്യമാക്കിയിട്ടുള്ളതാണ്. 24-04-2024-ൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണ്. കുന്നത്തുനാട്, പെരുമ്പാവൂർ മണ്ഡലങ്ങളിലുൾപ്പെട്ട ബാലൻസ് പ്രവൃത്തിയിൽ കുന്നത്തുനാട് നിയോജകമണ്ഡലത്തിലുൾപ്പെടുന്ന 3Km ഭാഗം നവീകരിച്ചതിന് 3.33 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്.

3. ആലുവ-മൂന്നാർ നാലുവരിപ്പാത നിർമ്മാണം: 10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം ആലുവ-മൂന്നാർ റോഡിന് തത്വത്തിൽ 10 കോടി (പത്ത് കോടി) രൂപയുടെ ഭരണാനുമതിയും സ്ഥലമേറ്റെടുക്കലിന് 653.06 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭ്യമാക്കിയിട്ടുണ്ട്.

23 മീറ്റർ വീതിയിൽ ബൗണ്ടറി കല്ലുകൾ സ്ഥാപിച്ചതിനുശേഷമുള്ള ലാൻഡ് അക്വിസിഷൻ ഓഫീസറുമൊത്തുള്ള സംയുക്ത സ്ഥല പരിശോധന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും പൂർത്തീകരിച്ചിട്ടുണ്ട്. ആലുവ നിയോജകമണ്ഡലത്തിൽ ISRO-യുടെ ഭൂമിയുമായി ബന്ധപ്പെട്ട NOC ഇതുവരെയും ലഭിച്ചിട്ടില്ല, ചെറുകുന്നം, കോതമംഗലം-BYPASS എന്നിവിടങ്ങളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

ഫയൽ ചെയ്ത കേസുമായി ബന്ധപ്പെട്ട് തീരുമാനമാകാത്തതും മുന്നോട്ടുള്ള നടപടികളെ ബാധിക്കുന്നുണ്ട്. നിലവിൽ ഭൂമി ഏറ്റെടുക്കൽ നടപടിയിലാണ്.

4. മൂവാറ്റുപുഴ: കാക്കനാട് നാലുവരിപ്പാത

കിഫ്ബി ധനസഹായത്താൽ കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നവീകരണം വിഭാവനം ചെയ്ത മൂവാറ്റുപുഴ-കാക്കനാട് റോഡ് പ്രവൃത്തിക്ക് 01-11-2016-ലെ G.O(Rt)No.1502/2016/PWD പ്രകാരം 40 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. 26-12-2023-ൽ DPR കിഫ്ബിയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിന് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്.

എന്നാൽ മറ്റൊരു അലൈന്മെന്റായ തങ്കളം - കാക്കനാട് പദ്ധതിയിലെ ആദ്യ ഭാഗമായ കോതമംഗലം ബൈപാസ് മുതൽ വീട്ടൂർ വരെയുള്ള അലൈൻമെന്റിന്റെ (13.6 മീറ്റർ RoW) DPR തയ്യാറാക്കാനും Muvattupuzha-Kakkanad പദ്ധതിയുടെ DPR ആദ്യഘട്ടമായി വീട്ടൂർ മുതൽ കിഴക്കമ്പലംവരെ (15 മീറ്റർ ROW) ആയി പരിഷ്കരിക്കാനും KIIFB നിർദേശിച്ചിരുന്നു. കൂടാതെ അടുത്തഘട്ടമായി കിഴക്കമ്പലത്തിൽ നിന്ന് കാക്കനാടിലേക്കുള്ള പുതിയ അലൈന്മെന്റ് കിഫ്ബിയുടെ പരിഗണനയിലാണ്. കിഫ്ബിയുടെ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ DPR തയ്യാറാക്കുന്ന നടപടികൾ നടന്നുവരുന്നു.

5. കോലഞ്ചേരി ബൈപ്പാസ് (3.110KM)

കോലഞ്ചേരി ബൈപാസ് PWD 2022-23 സാമ്പത്തിക വർഷം ബജറ്റ് പ്രഖ്യാപനത്തിൽ ഉൾപ്പെടുത്തിയ ആറ് ബൈപാസുകളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതാണ്.

പ്രസ്തുത പ്രവൃത്തിയുടെ ടോപോഗ്രഫിക്കൽ സർവെ എറണാകുളം ഇൻവെസ്റ്റിഗേഷൻ വിങ്ങിന്റെ കീഴിൽ പൂർത്തിയാക്കുകയും തുടർന്ന് 29-5-2025-ൽ PPU, ഡിസൈൻ വിഭാഗം 18.50m വീതിയിൽ alignment തയ്യാറാക്കി നൽകിയിട്ടുണ്ട്. KIIFB-യുടെ concurrence ലഭിച്ചശേഷം മാത്രമേ നിർദേശിച്ച അലൈൻമെന്റിന്റെ സാധ്യത അന്തിമമാക്കുവാൻ കഴിയുകയുള്ളൂ.

കോലഞ്ചേരി ബൈപാസിന്റെ ഫീസിബിലിറ്റി കിഫ്ബിയിൽനിന്നും വിദഗ്ധ സംഘം 10-10-2025-ൽ പരിശോധിക്കുകയും ആയതിൻപ്രകാരം സൈറ്റ് പുനഃപരിശോധന നടത്തി കുറച്ചുകൂടി കോസ്റ്റ് എഫക്റ്റീവായുള്ള ഒരു അലൈൻമെന്റ് സമർപ്പിക്കേണ്ടതാണെന്നും നിർദേശിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

101 (1337) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി)

നിരത്തുകൾ

അനുബന്ധമായി+ചേർക്കുന്നു.

കെ.ആർ.എഫ്.ബി-പി.എം.യു.

അനുബന്ധമായി+ചേർക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ചേർക്കുന്നു.

കെട്ടിട വിഭാഗം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം മുഖേന 2 പ്രവൃത്തികൾക്കാണ് പൊതുമരാമത്ത് വകുപ്പ് ഭരണാനുമതി നൽകിയിട്ടുള്ളത്. പ്രവൃത്തിയുടെ പേരും, അനുവദിച്ച തുകയും, നിലവിലെ സ്ഥിതിയും ചുവടെ ചേർക്കുന്നു.

1. ചങ്ങനാശ്ശേരി പോലീസ് സ്റ്റേഷൻ പുതിയ കെട്ടിട നിർമ്മാണം- 350 ലക്ഷം രൂപ. പ്രവൃത്തി ചെയ്യേണ്ട സ്ഥലം കരാറുകാരന് കൈമാറി നൽകിയിട്ടുള്ളതും സൈറ്റ് ക്ലിയർ ചെയ്തിട്ടുള്ളതുമാണ്. മണ്ണ് ബലപ്പെടുത്തുന്നതിനുള്ള ഡിസൈൻ തയ്യാറാക്കുന്ന നടപടിയിലാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. വടക്കേക്കര ജി.എച്ച്.എച്ച്.എസ്. പുതിയ കെട്ടിട നിർമ്മാണം- 400 ലക്ഷം രൂപ. കരാർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

ചങ്ങനാശ്ശേരി ഫ്ലൈഓവർ നിർമ്മാണം 10-07-2017-ലെ G.O.(Rt)No.942/2017/PWD പ്രകാരം കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. വിദഗ്ധ പരിശോധനകൾക്കുശേഷം പദ്ധതി അംഗീകരിച്ച് 62.11 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. 30-10-2024-ൽ ടി പ്രവൃത്തിക്ക് 72.96 കോടി രൂപയുടെ സാങ്കേതിക അനുമതി ലഭ്യമാക്കുകയും തുടർന്ന് 24-03-2025-ന് കിഫ്ബിയിൽനിന്ന് 85.68 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കുകയും ചെയ്തു. 29-03-2025-ന് ചങ്ങനാശ്ശേരി ഫ്ലൈഓവറിന്റെ നിർമ്മാണത്തിനായി ടെൻഡർ ക്ഷണിക്കുകയും സാങ്കേതിക പരിശോധന, സാമ്പത്തിക പരിശോധന എന്നിവ പൂർത്തീകരിച്ച് 07-11-2025-ൽ M/s ULCCS Ltd-മായി 61.54 കോടി രൂപയ്ക്ക് നിർമ്മാണ കരാർ ഒപ്പുവച്ചിട്ടുള്ളതുമാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ മരാമത്ത് വകുപ്പ് പ്രവൃത്തികൾ

102 (1338) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷത്തിനിടെ പൊതുമരാമത്ത് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം, തുക എന്നിവ തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

(എ &ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ടി.പി.

കഴിഞ്ഞ 5 വർഷത്തിനിടെ കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള കെ.എസ്.ടി.പി.-യുടെ പരിധിയിൽ RKI പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കുന്ന പ്രവൃത്തിയാണ് കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ്. പ്രസ്തുത പ്രവൃത്തിക്ക് 09-10-2025-ലെ G.O(Rt)No.421/2025/P&EA പ്രകാരം 13,20,51,200/- രൂപയ്ക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി 29-01-2026-ലെ Agmt No. 411/KSTP/PMT/PWD/2026 M/S. Marysadan Projects Pvt. Ltd., കമ്പനിയുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കെ.ആർ.എഫ്.ബി-പി.എം.യു.

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പ്രവൃത്തിയാണ് കുണ്ടൂർ- പായിത്തുരുത്ത് പാലത്തിന്റെ പ്രവൃത്തി. മുൻപ് പാലത്തിന്റെ പേര് കുണ്ടൂർ-കുത്തിയതോട് എന്നായിരുന്നു. 2017 സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 10-07-2017-ലെ G.O(Rt)No.942/2017/PWD പ്രകാരം 25 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. കൂടാതെ ഈ പ്രവൃത്തിക്ക് വേണ്ടുന്ന സാമ്പത്തികാനുമതി 10.774 കോടി രൂപയും ഉത്തരവ് നമ്പർ PWD 0016-06-PA-01 പ്രകാരം 09-1-2018-ൽ ലഭിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കുന്നതിന് വേണ്ടിയുള്ള റവന്യൂ-ബി ഉത്തരവ് നമ്പർ G.O(Rt)No.2402/2019/RD 30-08-2019-ൽ ലഭിച്ചു. 'കുണ്ടൂർ -കുത്തിയതോട്' പാലത്തിന്റെ പേര് കുണ്ടൂർ-പായിത്തുരുത്ത് എന്നാക്കി മാറ്റി പുതുക്കിയ ഭരണാനുമതി ഉത്തരവ് നമ്പർ G.O(Rt) No.308/2021/PWD, 01-03-2025-ൽ ലഭിച്ചു. ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് വേണ്ടി PWD ഡിസൈൻ വിങ്ങിന് 10-05-2025-ൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടോപോഗ്രാഫിക്കൽ സർവെ RIQCL-ൽ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ബ്രിഡ്ജ് ഡിസൈൻ ചെയ്യുന്ന നടപടികൾ PWD ഡിസൈൻ വിങ്ങിൽ പുരോഗമിക്കുന്നു.

നിരത്ത്പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

103 (1339) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന പൊതുമരാമത്ത് വകുപ്പ് അനുവദിച്ച പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

ചാലക്കുടി നിയോജകമണ്ഡലത്തിലെ കിഫ്ബി ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

(1) ചാലക്കുടി ആനമല റോഡ് (ch.56/000 – ch.88/403)

ചാലക്കുടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടിരൂപയുടെ തത്വത്തിൽ ഭരണാനുമതിയും 27.96 കോടി രൂപയുടെ സാമ്പത്തികാനുമതിയും 28.32 കോടി രൂപയുടെ സാമ്പത്തികാനുമതിയും 21.01 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി. പ്രസ്തുത പ്രവൃത്തി ആർ.പി.പി. ഇൻഫ്രാസ്ട്രക്ചർ എന്ന കമ്പനിയുമായി ഉടമ്പടി വച്ച് നിർമ്മാണം ആരംഭിച്ചു. ചാലക്കുടി-മലക്കപ്പാറ അന്തർ സംസ്ഥാന പാതയിൽ (SH21) കുമ്മാട്ടി മുതൽ മലക്കപ്പാറ വരെയുള്ള പ്രസ്തുത റോഡിന്റെ ആകെ നീളം 32.40 കിലോമീറ്ററാണ്. പ്രസ്തുത റോഡിന്റെ 22.175 കിലോമീറ്റർ, ബി.സി. ഓവർലേയും 10.225 കിലോമീറ്റർ ആധുനിക രീതിയിൽ സബ് ബേസ്, വെറ്റ് മിക്സ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ

ഉപയോഗിച്ചുമാണ് നിർമ്മിച്ചിരിക്കുന്നത്. പ്രവൃത്തി 31-03-2025-ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

2) മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ്

ചാലക്കുടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 31.23 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. തുടർന്ന് 30.17 കോടി രൂപയുടെ സാങ്കേതിക അനുമതിയും നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി. 12-06-2020-ന് നിർമ്മാണം ആരംഭിച്ച പ്രവൃത്തി, റിസ്ക് ആൻഡ് കോസ്റ്റ് പ്രകാരം ടെർമിനേറ്റ് ചെയ്തു. തുടർന്ന് ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിനുള്ള 39.05 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി നൽകുകയും 21.90 കോടി രൂപയ്ക്ക് ബാലൻസ് പ്രവൃത്തിക്കുള്ള സാങ്കേതികാനുമതി നൽകുകയും ചെയ്തു. തുടർന്ന് മത്സരാധിഷ്ഠിത ദർഘാസ് ക്ഷണിക്കുകയും ബാബ് കൺസ്ട്രക്ഷൻസ് എന്ന കമ്പനിക്ക് ദർഘാസ് ഉറപ്പിക്കുകയും ഉടമ്പടി വയ്ക്കുകയും ചെയ്തു. നിലവിൽ 60 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ നീളം 12.2 കിലോമീറ്ററാണ്.

3. മലയോര ഹൈവെ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ

കേരളത്തിൽ ഉടനീളമുള്ള മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തിക്ക് 3,500 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ മലയോര പാതയുടെ 3 റീച്ചുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിലെ മൂന്നാമത്തെ റീച്ച് ചാലക്കുടി നിയോജകമണ്ഡലത്തിൽ വെള്ളിക്കുളങ്ങര ജങ്ഷനിൽനിന്നും ആരംഭിച്ച് കോർമല രണ്ടുകൈ

ചായപ്പൻകുഴി-വെറ്റിലപ്പാറ 13 വഴി 18.349 കിലോമീറ്റർ ദൂരം പിന്നിട്ട് വെറ്റിലപ്പാറ ബ്രിഡ്ജിൽ അവസാനിക്കുന്നു. പ്രസ്തുത പ്രവൃത്തിക്ക് 124.69 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതിയും 107.27 കോടി രൂപയുടെ സാങ്കേതികാനുമതിയും നൽകി. തുടർന്ന് ടി പ്രവൃത്തിയുടെ ദർഘാസ് ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ ദർഘാസ് സമർപ്പിച്ച തെരുവത്ത് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനത്തിന് കരാർ ഉറപ്പിക്കുകയും ചെയ്തു. തുടർന്ന് കരാറുകാരന് സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24 മാസമാണ്. നിലവിൽ 25 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.

4. <u>ചാലക്കുടി -മോതിരക്കണ്ണി റോഡ്</u>

ചാലക്കുടി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 30.56 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. ചാലക്കുടി വെള്ളിക്കുളങ്ങര റോഡിൽ മാവിൻച്ചുമട് ജങ്ഷനിൽ നിന്നാരംഭിച്ച് എളാപ്പള്ളി വരെ നീളുന്ന റോഡിന്റെ ആകെ നീളം 7.4 കിലോമീറ്ററാണ്. പ്രസ്തുത പ്രവൃത്തി എഫ്.ഡി.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പിടൽ പ്രവൃത്തികൾ സൈറ്റിൽ പുരോഗമിക്കുന്നു. ഭൂമിയേറ്റെടുക്കൽ പ്രവൃത്തി ഒഴിവാക്കി നിലവിലുള്ള വീതിയിൽ റോഡ് പ്രവൃത്തി ചെയ്യാനാണ് തീരുമാനിച്ചിരിക്കുന്നത്.

5. പൂവത്തിങ്കൾ - വെള്ളക്കര റോഡ്

പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 12 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 43.04 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകി. പൂവത്തിങ്കൾ ജങ്ഷനിൽ നിന്നാരംഭിച്ച് വെള്ളക്കര വരെ നീളുന്ന റോഡിന്റെ ആകെ നീളം 9.155 കിലോമീറ്ററാണ്. പ്രസ്തുത പ്രവൃത്തി എഫ്.ഡി.ആർ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. എക്സ്പെർട്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

6. പാറക്കുട്ടം പാലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി-കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പറയൻതോടിനുകുറുകെ നിർമ്മിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 35.15 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. നിലവിൽ അതിർത്തി കല്ലിടൽ പ്രവൃത്തികൾ പൂർത്തീകരിച്ച് ഭൂമിയേറ്റെടുക്കൽ നടപടികൾ പുരോഗമിക്കുന്നു. 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തേണ്ടതുണ്ട്.

7. കാഞ്ഞിരപ്പള്ളി-കുന്നപ്പിള്ളി പാലം

തൃശ്ശൂർ ജില്ലയിലെ ചാലക്കുടി പുഴയ്ക്ക് കുറുകെ നിർമ്മിക്കുന്ന പ്രസ്തുത പ്രവൃത്തിക്ക് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ പുതുക്കിയ ഭരണാനുമതിയും നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ DPR

പൂർത്തീകരിച്ച് സമർപ്പിച്ചിട്ടുള്ളതാണ്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 3.7 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായിട്ടുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ എത്ര ശതമാനം നിർമ്മാണം പൂർത്തീകരിച്ചുവെന്നും നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ?

എ. പൂർത്തീകരിച്ച റോഡ്

ചാലക്കുടി ആനമല റോഡ് (56/000 - 88/403)

ബി. പുരോഗമിക്കുന്ന പ്രവൃത്തികൾ

നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നവ

1. മുരിങ്ങൂർ ഏഴാറ്റുമുഖം റോഡ് (60 ശതമാനം), മലയോര ഹൈവേ വെള്ളിക്കുളങ്ങര മുതൽ വെറ്റിലപ്പാറ വരെ (25 ശതമാനം)

2. ഭൂമിയേറ്റെടുക്കൽ പുരോഗമിക്കുന്ന പ്രവൃത്തികൾ–പൂവത്തിങ്കൾ-വെള്ളക്കര റോഡ്, പാറക്കുട്ടം പാലം

3. ഡി.പി.ആർ. ഘട്ടത്തിലുള്ള പ്രവൃത്തികൾ - കാഞ്ഞിരപ്പള്ളി കുന്നപ്പിള്ളി പാലം

വിഴിഞ്ഞം–നാവായിക്കുളം ഔട്ടർ റിങ് റോഡ് പദ്ധതി

104 (1340) ശ്രീ. എം. വിൻസെന്റ്:
ശ്രീ. ടി. ജെ. വിനോദ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം മുതൽ നാവായിക്കുളം വരെയുള്ള ഔട്ടർ റിങ് റോഡ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

വിഴിഞ്ഞം തുറമുഖം യാഥാർഥ്യമാകുന്നതോടെ കേരളത്തിൽ പ്രത്യേകിച്ചും തെക്കൻ കേരളത്തിൽ സാധ്യമാകാൻ പോകുന്ന വികസന വിപ്ലവം മുന്നിൽക്കണ്ട് ദീർഘവീക്ഷണത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വിഴിഞ്ഞം-നാവായിക്കുളം ഔട്ടർ റിങ് റോഡ്. വിഴിഞ്ഞം തുറമുഖത്തുനിന്നുള്ള ചരക്കുനീക്കം വേഗത്തിലാക്കാനും അതിന്റെ ഭാഗമായി സാധ്യമാകാൻ ഇടയുള്ള വ്യാപാര വ്യവസായ മുന്നേറ്റങ്ങൾക്ക് വേഗം പകരാനുമുള്ള പദ്ധതി എന്ന നിലയിൽ സംസ്ഥാന സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് ഔട്ടർ റിങ് റോഡ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ കേന്ദ്രസർക്കാരിന് മുന്നിൽ പദ്ധതി നിർദേശം മുന്നോട്ടുവയ്ക്കുകയും ഔട്ടർ റിങ് റോഡ് ദേശീയപാത പദ്ധതിയായി നടപ്പിലാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

28-04-2018-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുമായി നടത്തിയ ചർച്ചയിൽ പദ്ധതി ദേശീയപാത അതോറിറ്റി നടപ്പിലാക്കുന്നതിന് ധാരണയായി. കേന്ദ്രം ആവശ്യപ്പെട്ടതനുസരിച്ച് സംസ്ഥാനത്തിന്റെ ധനപരമായ പങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാൻ സംസ്ഥാന സർക്കാരും തീരുമാനിച്ചു. പദ്ധതിക്ക് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ അംഗീകാരം ലഭിക്കുന്നതിന് സംസ്ഥാന സർക്കാർ നടത്തിയ തുടർച്ചയായ സമ്മർദ്ദങ്ങൾക്ക് ഒടുവിൽ NHAI

അലൈൻമെന്റിന് അന്തിമ രൂപം നൽകി. ഇതേത്തുടർന്ന് സംസ്ഥാനത്തിന്റെ പങ്കാളിത്തം സംബന്ധിച്ച് സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനമെടുത്തു. വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ സർവീസ് റോഡുകൾ ഉൾപ്പെടെ 45 മീറ്റർ വീതിയിൽ ഔട്ടർ റിങ് റോഡ് വികസിപ്പിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിന്റെ 50 ശതമാനം തുകയും സർവീസ് റോഡുകളുടെ നിർമ്മാണ തുക പൂർണ്ണമായും സംസ്ഥാനം വഹിക്കുന്നതിന് തീരുമാനിച്ചു. അതോടൊപ്പം നിർമ്മാണ വസ്തുക്കളുടെ ചരക്ക് സേവന നികുതി, റോയൽറ്റി എന്നിവയിൽ നിന്നുമുള്ള വരുമാനം സംസ്ഥാനം അധിക ബാധ്യത ആയി ഏറ്റെടുക്കുകയും ചെയ്തു. ഏകദേശം 1,629.24 കോടി രൂപയുടെ പാക്കേജാണ് സംസ്ഥാനം അംഗീകരിച്ചത്. സംസ്ഥാനത്ത് സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചെങ്കിലും ഇപ്പോഴും കേന്ദ്രത്തിന്റെ അന്തിമ അനുമതി ലഭിച്ചിട്ടില്ല. 2024 ഡിസംബറിലും 2025 ജൂണിലും ഒക്ടോബറിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പ് മന്ത്രിയെ സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ഉദ്യോഗസ്ഥതലത്തിലും ചർച്ചകൾ നടത്തിവരുന്നുണ്ട്. അനുമതികളും ഓർമ്മപ്പെടുത്തി ചീഫ് സെക്രട്ടറി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിക്ക് കത്ത് നൽകി, എന്നാൽ സംസ്ഥാനത്ത് ദേശീയപാത 66-ൽ ചില ഭാഗങ്ങളിലുണ്ടായ തകരാറുകൾ പരിഗണിച്ച് ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിശദമായ പഠനം നടത്തുകയാണെന്ന മറുപടിയാണ് കേന്ദ്രം നൽകിയത്. അപകട സാധ്യതയുള്ള ഉയർന്ന കട്ടിങ് മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള പരിഹാരമാർഗങ്ങൾ പരിശോധിക്കാനാണ് NHAI തീരുമാനിച്ചത്. ഈ

വിദഗ്ധ സമിതി റിപ്പോർട്ട് കൂടി പരിഗണിച്ച് DPR പുതുക്കി നൽകുമെന്നും പുതുക്കിയ DPR-ന് അനുസരിച്ച് തീരുമാനമെടുക്കുമെന്നും കേന്ദ്രം അറിയിച്ചിട്ടുണ്ട്. ഔട്ടർ റിങ് റോഡ് പദ്ധതി യാഥാർഥ്യമാക്കാനുള്ള ശ്രമങ്ങൾ സംസ്ഥാന സർക്കാർ തുടരുകയാണ്.

(ബി) പ്രസ്തുത ഔട്ടർ റിങ് റോഡിനുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലം ഏറ്റെടുപ്പിലെ അപാകതകൾ സംബന്ധിച്ച ആരോപണവും പ്രതിഷേധവും ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) അംഗീകരിച്ച അലൈൻമെന്റ് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവെങ്കിലും അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ നഷ്ടപരിഹാര വിതരണം ആരംഭിച്ചിട്ടില്ല. സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചതിന് ശേഷവും കേന്ദ്രസർക്കാരിന്റെ അന്തിമ അനുമതി ലഭ്യമാകാത്തതിനാൽ ഈ വിഷയം സെക്രട്ടറി/ചീഫ് സെക്രട്ടറി തലങ്ങളിൽ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2024 ഡിസംബറിലും 2025 ജൂൺ മാസത്തിലും 2025 ഒക്ടോബർ മാസത്തിലും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത

വകുപ്പുമന്ത്രിയെ നേരിട്ട് സന്ദർശിച്ച് ഔട്ടർ റിങ് റോഡ് പദ്ധതിക്ക് അനുമതി ലഭ്യമാക്കേണ്ടതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തിയിരുന്നു.

സംസ്ഥാനത്ത് ദേശീയപാത 66-ൽ പലഭാഗങ്ങളിലുമുണ്ടായ തകരാറുകൾ പരിഗണിച്ച് ഔട്ടർ റിങ് റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് വിദഗ്ധ ഏജൻസി മുഖേന വിശദമായ പഠനം നടത്താൻ തീരുമാനിക്കുകയും അപകടസാധ്യതയുള്ള ഉയർന്ന കട്ടിങ് (High Cutting) മേഖലകളിൽ ടണൽ ഉൾപ്പെടെയുള്ള അനുയോജ്യമായ പരിഹാരങ്ങൾ സാധ്യമാണോയെന്ന് പരിശോധിക്കാൻ M/s Frontier Geo Services Pvt. Ltd.-നെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പദ്ധതിയുടെ പാരിസ്ഥിതികാനുമതി കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിൽനിന്ന് ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ഔട്ടർ റിങ് റോഡ് (വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ) പദ്ധതി അന്തിമ അനുമതി നൽകുന്നത് കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ പരിഗണനയിലാണെന്നും മുൻഗണനാക്രമവും ഫണ്ട് ലഭ്യതയും പരിഗണിച്ച് അനുമതി ലഭ്യമാക്കുന്നതാണെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ മരാമത്ത് പ്രവൃത്തികൾ

105 (1341) ശ്രീമതി ശാന്തകുമാരി. കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കോങ്ങാട്

നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം പൊതുമരാമത്ത് വിഭാഗങ്ങളുടെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

(എ&ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+
+

കോങ്ങാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടുകൂടി കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടന്നുവരുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏഴുത്തുംപാറ പാലത്തിന് 31-10-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 5.96 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 10.23 കോടി രൂപയ്ക്ക് പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചു. 10.226 കോടി രൂപയ്ക്ക് സാങ്കേതികാനുമതി നൽകി 25-03-2025-ൽ ടെൻഡർ ചെയ്തു. പ്രസ്തുത ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനാൽ 09-04-2025, 23-04-2025, 02-07-2025 തീയതികളിൽ പ്രവൃത്തി റീ-ടെൻഡർ ചെയ്തു. 02-07-2025-ൽ നടന്ന റീ-ടെൻഡറിൽ മൂന്ന് ബിഡ്ഡേഴ്സ് പങ്കെടുക്കുകയും L1 Bidder ആയ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന കരാർ കമ്പനി 12 കോടി രൂപ (39.33% above –2018 DSoR) ക്വാട്ട് ചെയ്തു. ആയത് 19-09-2025-ൽ നടന്ന 62-ാമത് Tender Approval Committee-ൽ അംഗീകാരത്തിനായി സമർപ്പിച്ചു. എന്നാൽ ക്വാട്ട് ചെയ്ത തുക കൂടുതലായതിനാൽ അംഗീകാരത്തിനായി സമർപ്പിച്ചത് പരിശോധനയിലാണ്.

2) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഓടന്നൂർ പാലത്തിന് 31-10-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 11.7 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 16.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുകയും ചെയ്തു. കിഫ്ബി നിർദ്ദേശമനുസരിച്ച് പുതുക്കിയ അലൈന്മെന്റിന് അംഗീകാരം ലഭിക്കുകയും ആയത് പ്രകാരം

അലൈൻമെന്റ് കല്ലുകൾ മാറ്റി സ്ഥാപിച്ച് ലാൻഡ് അക്വസിഷൻ ഡ്രോയിങ്ങ് പാലക്കാട് കിഫ്ബി LA-സ്പെഷ്യൽ തഹസിൽദാർക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. 27-02-2025-ലെ സ.ഉ. (സാധാ) നം.517/2025/RD പ്രകാരം പാലക്കാട് ജില്ലയിലെ പാലക്കാട് താലൂക്കിൽ പറളി-II വില്ലേജിലുൾപ്പെട്ട 38 ആർസ് ഭൂമി ഏറ്റെടുക്കുന്നതിനുള്ള Revenue (B) Order ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നടപടികൾ തുടർന്നുവരുന്നു.

3) കോങ്ങാട് നിയോജകമണ്ഡലത്തിലെ പറളി പാലത്തിന് 06-07-2023-ലെ G.O(Rt)No.917/2023/PWD പ്രകാരം 10 കോടി രൂപയ്ക്ക് പുതുക്കിയ തത്വത്തിൽ ഭരണാനുമതി ലഭിച്ചു. കിഫ്ബിയുടെ സാമ്പത്തികാനുമതിക്കായി 04-07-2023-ൽ എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബിയുടെ പരിഗണനയിലാണ്.

4) കോങ്ങാട് നിയോജകമണ്ഡലത്തിലെ ചിറക്കൽപ്പടി കാഞ്ഞിരപ്പുഴ റോഡിന് 01-11-2016-ലെ G.O(Rt)No.1502/2016/PWD പ്രകാരം 10 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. 16-03-2018-ലെ APR-1/310/2018/KIIFB ഉത്തരവ് പ്രകാരം 30.26 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചു. നിലവിൽ റോഡ് നിർമ്മാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

5) കോങ്ങാട് മണ്ണാർക്കാട് ടിപ്പുസുൽത്താൻ റോഡിന് 01-11-2016-ലെ G.O(Rt)No.1502/2016/PWD പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ ഭരണാനുമതി ലഭിച്ചു. തുടർന്ന് 53.89 കോടി രൂപയ്ക്ക് കിഫ്ബിയുടെ സാമ്പത്തികാനുമതിയും 59.02 കോടി രൂപയുടെ

സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. നിലവിൽ റോഡ് നിർമാണ പ്രവൃത്തികൾ 100 ശതമാനം പൂർത്തീകരിച്ചിട്ടുണ്ട്.

പ്രസ്തുത റോഡിൽ ചെയിനേജ് 2/200-ൽ ഇറിഗേഷൻ കനാലിന് കുറുകെയുള്ള വീതി കുറഞ്ഞ പഴയ പാലം പൊളിച്ച് പുതിയ പാലം നിർമ്മിക്കുന്നതിലേക്കായി പാലത്തിന്റെ ഡിസൈൻ ലഭിച്ചിട്ടുള്ളതും ആയതിന്റെ എസ്റ്റിമേറ്റ് പരിശോധിച്ച് വരുന്നതുമാണ്. ആയതിന് കിഫ്ബിയിൽനിന്ന് സാമ്പത്തികാനുമതി ലഭിക്കേണ്ടതുണ്ട്. അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റും കനാൽ പാലം പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റും ചേർത്ത് 70.23 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിക്കായി 29-09-2025-ൽ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28-01-2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം കനാൽ പാലത്തിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

6) കോങ്ങാട് നിയോജകമണ്ഡലത്തിലെ കമ്പ-ചളിക്കടവ് പാലത്തിന് 10-07-2017-ലെ G.O(Rt)No.942/2017/PWD പ്രകാരം 20 കോടി രൂപയ്ക്ക് തത്ത്വത്തിൽ ഭരണാനുമതി ലഭിച്ചിട്ടുള്ളതും കിഫ്ബിയിൽ നിന്നും 12-11-2018-ൽ 10.734 കോടി രൂപക്ക് സാമ്പത്തികാനുമതിയും ലഭിച്ചിട്ടുള്ളതുമാണ്. ചീഫ് എഞ്ചിനീയർ ഡിസൈൻ വിഭാഗം സമർപ്പിച്ച പുതുക്കിയ ഡിസൈൻ അനുസരിച്ച് തയ്യാറാക്കിയ ലാൻഡ് അക്വിസിഷൻ ഉൾപ്പടെയുള്ള 14.24 കോടി രൂപയുടെ എസ്റ്റിമേറ്റ് സാമ്പത്തികാനുമതിയെക്കാൾ

കൂടുതലായതിനാൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി 18-08-2023-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ വച്ച് നടന്ന മീറ്റിങ്ങിൽ റെയിൽവേ അടിപ്പാതയും പാലവും അപ്രോച്ച് റോഡും നിർമ്മിക്കുന്നതിനുള്ള പഠനം പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗത്തിനെക്കൊണ്ട് നടത്താൻ തീരുമാനിക്കുകയുണ്ടായി. എന്നാൽ റെയിൽവേ അടിപ്പാത പ്രായോഗികമല്ലെന്നും റെയിൽവേ മേല്പാലം നിർമ്മിക്കുന്നതാണ് ഉത്തമമെന്ന് പി.ഡബ്ല്യൂ.ഡി. ഡിസൈൻ വിഭാഗം അറിയിക്കുകയുണ്ടായി. കിഫ്ബിയിൽ വച്ച് നടന്ന LAC, Review meeting-ൽ Single lane Bridge നിർമ്മാണം ഡെപ്പോസിറ്റ് വർക്കായി ചെയ്യാൻ തീരുമാനിച്ചു. ആയതിനുള്ള എസ്റ്റിമേറ്റ് 17-10-2025-ൽ പുതുക്കിയ സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബിയിൽ നിന്ന് ലഭിച്ച നിർദ്ദേശപ്രകാരം പുതുക്കിയ എസ്റ്റിമേറ്റ് 28-01-2026-ൽ കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമാക്കിയതിനുശേഷം പാലത്തിന് സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

കെ.എസ്.ടി.പി.

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന RKI പ്രവൃത്തിയായ പാലക്കാട്-പെരിന്തൽമണ്ണ റോഡ് (മുണ്ടൂർ-ഇതറോഡ്) കെ.എസ്.ടി.പി.-യുടെ പരിധിയിൽ ഉൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തിക്ക് 29-05-2020-ലെ G.O.(Rt.)No.235/2020/P&EA പ്രകാരം 364.17 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും 27-01-2021-ൽ പ്രവൃത്തി ആരംഭിച്ച് നിലവിൽ ചെയിനേജ് 37+100-ലെ പാലത്തിന്റെ നിർമ്മാണം ഒഴികെയുള്ള 92.84 ശതമാനം

പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. പാലം നിർമ്മാണ പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. ടി പ്രവൃത്തിക്കായി പുതുക്കിയ ഭരണാനുമതിയായ 28-03-2025-ലെ G.O.(Rt.)No.133/2025/P&EA പ്രകാരം 406.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി റോഡ് മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം നിയോജകമണ്ഡലങ്ങളിലൂടെ കടന്നു പോകുന്നു.

തീരദേശ ഹൈവേയിൽ ഭൂഗർഭ ടണൽ നിർമ്മാണം

106 (1342) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയിൽ ഫോർട്ട് കൊച്ചിയെയും വൈപ്പിനെയും ബന്ധിപ്പിച്ചുകൊണ്ടുള്ള ഭൂഗർഭ ടണൽ നിർമ്മാണം സ്വകാര്യ പങ്കാളിത്തത്തോടെ ഡിസൈൻ-ബിൽഡ്-ഫിനാൻസ്-ഓപ്പറേറ്റ്-ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.ടി.) മോഡൽ പ്രകാരം നടപ്പിലാക്കുന്നതിനായി താൽപര്യപത്രം ക്ഷണിക്കാനുള്ള നിർദേശത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ?

ടി വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) പ്രസ്തുത ഭൂഗർഭ ടണൽ നിർമാണം സംബന്ധിച്ച് സർക്കാരിന്റെ പരിഗണനയിലുള്ള ഫയലുകൾ ഏതെല്ലാം വകുപ്പുകളിലാണെന്ന് ഫയൽ നമ്പർ ഉൾപ്പെടെ വ്യക്തമാക്കാമോ?

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

പൊതുമരാമത്ത് (ജി) വകുപ്പിൽ - PWD-G2/565/2025-PWD

ഗതാഗത വകുപ്പിൽ - E1/95/2024/Trans

ധനകാര്യ വകുപ്പിൽ –I&PW-B1/18/2026-Fin നമ്പർ ഫയലുകൾ നിലവിലുണ്ട്.

മലമ്പുഴ നിയോജകമണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

107 (1343) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് മുഖേന മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പദ്ധതിയുടെ അടങ്കൽ തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാതാവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെ.എസ്.ടി.പി.

ലോകബാങ്ക് ധനസഹായത്തോടുകൂടി നടപ്പിലാക്കുന്ന RKI പ്രവൃത്തിയായ പാലക്കാട്-പെരിന്തൽമണ്ണ റോഡ് (മുണ്ടൂർ-ഇരുമ്പുചോല റോഡ്) കെ.എസ്.ടി.പി.-യുടെ പരിധിയിലുൾപ്പെട്ടതാണ്. പ്രസ്തുത പ്രവൃത്തിക്ക് 29-05-2020-ലെ G.O.(Rt) No.235/2020/P&A പ്രകാരം 364.17 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും നിലവിൽ 92.84 ശതമാനം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ചെയിനേജ് 37+100-ലെ പാലം നിർമ്മാണ പ്രവൃത്തി നടന്നുക്കൊണ്ടിരിക്കുന്നു. ടി പ്രവൃത്തിക്കായി പുതുക്കിയ ഭരണാനുമതിയായ 28-03-2025-ലെ G.O.(Rt.)No.133/2025/P&EA പ്രകാരം 406.65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി റോഡ് മലമ്പുഴ, കോങ്ങാട്, ഒറ്റപ്പാലം നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലനം

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+

അരൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതികൾ

108 (1345) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ അരൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ടി പ്രവൃത്തികൾക്ക് അനുവദിച്ച തുക, നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

(എ&ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

ആർ.ബി.ഡി.സി.കെ.

ആലപ്പുഴ ജില്ലയിൽ അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന ആർ.ഒ.ബി. നിർമ്മാണത്തിനായി ഗവൺമെന്റ് SPV ആയി ആർ.ബി.ഡി.സി.കെ.-യെ നിയമിച്ചു. 30-06-2025-ൽ കിഫ്ബി ഫണ്ടിൽനിന്നും 38.62 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചു. നിലവിൽ പദ്ധതിയുടെ പുതുക്കിയ GAD 21-01-2026-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെ.ആർ.എഫ്.ബി.-പി.എം.യു.

അരൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ചുകൊണ്ട് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന നടപ്പിലാക്കിയ പ്രവൃത്തിയാണ് നെടുമ്പ്രക്കാട്-വിളക്കുമരം പാലം നിർമ്മമാണം. പ്രസ്തുത പ്രവൃത്തിക്ക് 31-10-2016-ലെ G.O(Rt)No.1496/2016/PWD പ്രകാരം 30 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതിയും 09-08-2018-ലെ PWD001-04/PA-01 പ്രകാരം കിഫ്ബിയിൽനിന്നും 18.43 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭിച്ചു. ടി പ്രവൃത്തിക്ക് 08-09-2025-ലെ Order No. PWD001-04/APR-1/2025/KIIFB പ്രകാരം കിഫ്ബിയിൽനിന്നും 21.77 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. നിലവിൽ പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 06-11-2025-ൽ പ്രവൃത്തിയുടെ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തിട്ടുണ്ട്.

പാലങ്ങൾ

2016 മുതൽ നാളിതുവരെ അരൂർ നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗം വഴി നടപ്പിലാക്കിയ പദ്ധതിയുടെ വിശദംശങ്ങൾ ചുവടെ ചേർക്കുന്നു.

1) വാക്കയിൽ പാലം

2) മാക്കേകടവ്-നേരേകടവ് പാലം.

1) വാക്കയിൽപാലം

ഭരണാനുമതി തുക - 16.80 കോടി

നിലവിലെ സ്ഥിതി - പൂർത്തീകരിച്ചു.

2) മാക്കേകടവ്-നേരേകടവ് പാലം.

ഭരണാനുമതി തുക - 98.09 കോടി

നിലവിലെ സ്ഥിതി - പാലത്തിനായുള്ള മുഴുവൻ ഗാർഡറുകളും സ്ഥാപിച്ചു. 19/20 സ്പാൻ കോൺക്രീറ്റ് ചെയ്തു. ഇരുവശമുള്ള അപ്രോച്ച് റോഡുകളുടെ പ്രവൃത്തി പൂർത്തീകരിക്കുവാനുണ്ട്.

നിരത്ത് പരിപാലനം

അരൂർ നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് നിരത്ത് പരിപാലന വിഭാഗത്തിന്റെ കീഴിലുള്ള പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

(1) RM 2021-22–ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് നിരത്ത് സെക്ഷന്റെ കീഴിലുള്ള 10 റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 27.24 കിലോമീറ്റർ ദൈർഘ്യം) –അനുവദിച്ച തുക –116.45 ലക്ഷം – പ്രവൃത്തി പൂർത്തീകരിച്ചു.

(2) RM 2023-24 – ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് നിരത്ത് സെക്ഷന്റെ കീഴിലുള്ള 5 റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 14.820 കിലോമീറ്റർ ദൈർഘ്യം) – അനുവദിച്ച തുക –71.00 ലക്ഷം – പ്രവൃത്തി പൂർത്തീകരിച്ചു.

(3) RM 2024-25 – ആലപ്പുഴ ജില്ലയിലെ പട്ടണക്കാട് നിരത്ത് സെക്ഷന്റെ കീഴിലുള്ള 4 റോഡുകളുടെ ഒരു വർഷത്തെ റണ്ണിങ് കരാർ പ്രവൃത്തികൾ (ആകെ 12.350 കിലോമീറ്റർ ദൈർഘ്യം) – അനുവദിച്ച തുക –50.00 ലക്ഷം – 90 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചു.

പൊതുമരാമത്ത് വകുപ്പിന് കീഴിലെ പദ്ധതികൾ

109 (1346) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെയായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച പദ്ധതികളും അവ ഓരോന്നിന്റെ തുകയും നിലവിലെ അവസ്ഥയും വിശദമാക്കുമോ?

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ദേശീയപാത

1. GENERAL - OLD NH Vellur - Urgent maintenance of old NH stretch near Vellur bridge km.108/445 (Vellur - Palathara) - General civil work - 74.90 ലക്ഷം രൂപ, പ്രവൃത്തി 29-11-2024-ന് പൂർത്തിയായി.

ലെവൽക്രോസ് ഇല്ലാത്ത കേരളം പദ്ധതി

110 (1348) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ലെവൽ ക്രോസ് ഇല്ലാത്ത' കേരളം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലയിൽ അമലാപുരി, വെസ്റ്റ്ഹിൽ ചുങ്കം എന്നിവിടങ്ങളിൽ ആസൂത്രണം ചെയ്തിട്ടുള്ള റോഡ് ഓവർ ബ്രിഡ്ജ് (ആർ.ഒ.ബി.)-കളുടെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) മേൽ പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ, ഡി.പി.ആർ. തയ്യാറാക്കൽ എന്നിവയ്ക്കായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

(എ&ബി)

അമലാപുരി ആർ.ഒ.ബി.

വിശദ പദ്ധതി രേഖ (DPR) തയ്യാറാക്കാൻ RITES Ltd എന്ന കേന്ദ്ര പൊതുമേഖല സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. DPR തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ ജിയോ സ്പെഷ്യൽ ടോപോഗ്രാഫി സർവെ, ട്രാഫിക് സ്റ്റഡി, മണ്ണ്

പരിശോധന എന്നിവ പൂർത്തിയാക്കിയിട്ടുണ്ട്. DPR, റെയിൽവേ ഭാഗത്തിന്റെ GAD എന്നിവ തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഉടനെ തന്നെ സാമ്പത്തികാനുമതിക്കായി പദ്ധതി രേഖ കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. ഡി.പി.ആർ. കിഫ്ബിയും ജി.എ.ഡി.-യും റെയിൽവേയും അംഗീകരിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്.

ചുങ്കം ഗേറ്റ് റെയിൽവേ മേല്പാലം

DPR തയ്യാറാക്കുന്നതിന്റെ ഭാഗമായി പദ്ധതി പ്രദേശത്തിന്റെ സർവെ, ട്രാഫിക് സ്റ്റഡി, മണ്ണ് പരിശോധന എന്നിവ പൂർത്തിയാക്കിയ ശേഷം ആർ.ബി.ഡി.സി.കെ. സമർപ്പിച്ച വിശദ പദ്ധതി രേഖ കിഫ്ബി അംഗീകരിക്കുകയും 37.83 കോടി രൂപയുടെ സാമ്പത്തികാനുമതി നൽകുകയും ചെയ്തു.

സിൽവർ ലൈൻ പദ്ധതി, റെയിൽവേയുടെ ഡിസൈൻ മാറ്റങ്ങൾ എന്നിവ കാരണം റെയിൽവേയിൽനിന്ന് ജി.എ.ഡി.-യുടെ അംഗീകാരം ലഭ്യമാക്കുന്നതിന് കാലതാമസം നേരിട്ടു. റെയിൽവേയുടെ ഏറ്റവും പുതിയ നിർദേശങ്ങളനുസരിച്ച് പുതുക്കിയ ജി.എ.ഡി. 01-01-2026-ന് റെയിൽവേയിൽ സമർപ്പിച്ചിരിക്കുകയണ്. കൂടാതെ ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതിനായി അലൈൻമെന്റിന് തത്വത്തിൽ അംഗീകാരം നൽകുന്നതിനായി റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ ആരംഭിക്കുന്നതാണ്.

കുന്ദമംഗലത്ത് ബൈപാസ് നിർമ്മാണം

111 (1351) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാത 766-ൽ കുന്ദമംഗലത്ത് ബൈപാസ് നിർമ്മിക്കുന്നതിന് കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി അനുവദിച്ച പ്രവൃത്തിയുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(ബി) ദേശീയ പാത 766-ന്റെ വികസനത്തിന്റെ ഭാഗമായി കുന്ദമംഗലത്ത് ബൈപാസ് നിർമ്മിക്കുന്ന വിഷയം പദ്ധതിയിൽ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ കിഫ്ബി മുഖേനയുള്ള ബൈപാസ് നിർമ്മാണം വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

(എ&ബി) 27-09-2016-ലെ സ.ഉ.(സാധാ)നം.1324/2016/PWD പ്രകാരം പണ്ടാരപ്പറമ്പ്-ഉണ്ടോടിക്കടവ് ബൈപാസ് നിർമ്മാണത്തിന് 10 കോടി രൂപ വകയിരുത്തുകയും റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്-നെ SPV (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആയി നിയമിക്കുകയും ചെയ്തിരുന്നു. 3 ഘട്ടങ്ങളായി വിഭാവനം ചെയ്ത ബൈപാസ് പദ്ധതി സംബന്ധിച്ച് റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ സമർപ്പിച്ചിരുന്നു. ഈ പദ്ധതി കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ ദേശീയപാത 766 വികസന പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ് ഉചിതമെന്ന കിഫ്ബി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ അഭിപ്രായം പരിഗണിച്ച് സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്.

ദേശീയപാത നിർമ്മാണമേഖലയിൽ സുരക്ഷാക്രമീകരണം

112 (1352) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. റോജി എം. ജോൺ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അത്താണി-തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ എരമല്ലൂരിൽ ഗർഡർ വീണ് പിക്കപ്പ് വാൻ ഡ്രൈവർ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ?

ദേശീയപാത 66-ന്റെ ഭാഗമായ അത്താണി-തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ ഗർഡർ സ്ഥാപിക്കുന്ന പ്രവൃത്തിക്കിടെ അപകടമുണ്ടായ സംഭവത്തിൽ സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തിയിരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി NHAI അറിയിച്ചിരുന്നു. സംഭവത്തെക്കുറിച്ച് ദേശീയപാത അതോറിറ്റി നിയോഗിച്ച ഉന്നതതല വിദഗ്ധ സമിതി 2025 നവംബർ 14, 15 തീയതികളിൽ വിശദമായ അന്വേഷണം നടത്തി. പ്രാഥമിക കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ M/s RITES മുഖേന സമഗ്ര സുരക്ഷാ ഓഡിറ്റ് നിർദേശിക്കുകയും സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി സൈറ്റ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കോൺട്രാക്ടർക്കും അതോറിറ്റി എഞ്ചിനീയർക്കും ദേശീയപാത അതോറിറ്റി കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്, മാത്രമല്ല നിശ്ചിത കാലയളവിലേക്ക് നിലവിലുള്ളതും ഭാവിയിലേതുമായ ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽനിന്ന് അവരെ സസ്പെൻഡ് ചെയ്തിട്ടുമുണ്ടെന്ന് NHAI അറിയിച്ചിട്ടുണ്ട്.

(ബി) ദേശീയപാത നിർമ്മാണത്തിനിടെ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

(സി) ദേശീയപാത നിർമ്മാണം നടക്കുന്ന മേഖലകളിലെ അപകട സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ബദൽ ക്രമീകരണങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

(ബി &സി) NH-66 നിർമ്മാണത്തിനിടെ സുരക്ഷ ഉറപ്പാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. NH-66 നിർമ്മാണത്തിനിടെ ഇത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ സൈറ്റ് സുരക്ഷാ പ്രോട്ടോകോളുകൾ ശക്തിപ്പെടുത്തൽ, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നിർബന്ധിതമാക്കൽ, കർശനമായ മേൽനോട്ടവും സുരക്ഷാ ഓഡിറ്റുകളും, പ്രവൃത്തി മേഖലകളിൽ മെച്ചപ്പെടുത്തിയ ബാരിക്കേഡിങും ട്രാഫിക് മാനേജ്മെന്റ് ക്രമീകരണങ്ങളും മുന്നറിയിപ്പ് ബോർഡുകളും വേഗനിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കൽ, പരിശീലനം നേടിയ സുരക്ഷാ ജീവനക്കാരെ നിയോഗിക്കൽ, തൊഴിലാളികൾക്ക് സ്ഥിരമായ സുരക്ഷാ പരിശീലനവും ടൂൾബോക്സ് ചർച്ചകളും നടത്തൽ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമങ്ങളുടെ കർശനമായ നടപ്പാക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ചക്കരപ്പറമ്പ് ജങ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ പുതിയ പാത

113 (1353) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം വൈറ്റില പാലാരിവട്ടം ഭാഗത്തുനിന്ന് ചക്കരപ്പറമ്പ് ജങ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോപാർക്ക് വരെ ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നത് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം-വൈറ്റില-പാലാരിവട്ടം ഭാഗത്തുനിന്ന് ചക്കരപ്പറമ്പ് ജങ്ഷൻ മുതൽ കാളച്ചാൽ വഴി കാക്കനാട് ഇൻഫോ പാർക്ക് വരെ ഒരു പുതിയ പാത നിർമ്മിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയപാത വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി പ്രവൃത്തിയുടെ പ്രാഥമിക പഠനങ്ങളും Alignment drawings-DPR-2 തയ്യാറാക്കിയിട്ടുള്ളത് KSCC മുഖേന ആയതിനാലും ടി റോഡിന്റെ തുടർച്ചയായി വരുന്ന കാക്കനാട്-തങ്കളം ബൈപാസിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത് കിഫ്ബി ആയതിനാലും ടി പ്രോജക്ടിന്റെ സാധ്യതാപഠനം KSCC/KRFB മുഖേന തയ്യാറാക്കുന്നതായിരിക്കും ഉചിതമെന്ന് ദേശീയപാത വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇത് പരിശോധിച്ചുവരുന്നു.

(ബി) ഇല്ലെങ്കിൽ മേൽ പ്രവൃത്തിയുടെ പ്രാഥമിക പഠനങ്ങളും അലൈൻമെന്റും തയ്യാറാക്കിയിട്ടുള്ളത് കെ.എസ്.സി.സി. മുഖേനയായതിനാലും കാക്കനാട്-തങ്കളം ബൈപാസിന്റെ പ്രവൃത്തികൾ കിഫ്ബി വഴി ചെയ്യുന്നതിനാലും പ്രസ്തുത റോഡ് കാക്കനാട്-തങ്കളം ബൈപാസിന്റെ തുടർച്ചയായി വരുന്നതിനാലും പ്രോജക്ടിന്റെ സാധ്യതാപഠനം

കെ.ആർ.എഫ്.ബി./കെ.എസ്.സി.സി. മുഖേന തയ്യാറാക്കുന്നതിന് നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

തങ്കളം-കാക്കനാട് നാലുവരിപാതയിൽ കോതമംഗലം ബൈപാസ് മുതൽ വീട്ടൂർ വരെയുള്ള അലൈൻമെന്റ് കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുണ്ട്. കിഴക്കമ്പലം മുതൽ കാക്കനാട് വരെയുള്ള ഭാഗത്തെ അലൈൻമെന്റിന്റെ അന്തിമ തീരുമാനം കിഫ്ബിയിൽനിന്നും ലഭിക്കേണ്ടതുണ്ട്. ടി അലൈൻമെന്റ് ലഭിച്ചാൽ മാത്രമേ ചക്കരപ്പറമ്പ് മുതൽ ഇൻഫോപാർക്ക് വരെയുള്ള പാതയുമായിട്ടുള്ള കണക്ടിവിറ്റി സംബന്ധിച്ച് വ്യക്തത ലഭിക്കുകയുള്ളൂ.

നിർമ്മാണത്തിലെ അപാകത മൂലമുണ്ടാകുന്ന ദേശീയപാതയിലെ അപകടങ്ങൾ

114 (1354) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാത 66-ന്റെ വിവിധ റീച്ചുകളിൽ നിർമ്മാണത്തിലെ അപാകതമൂലം അപകടമുണ്ടാകുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേശീയപാതയിൽ കൊല്ലം ജില്ലയിലെ കൊട്ടിയത്തടക്കമുള്ള സ്ഥലങ്ങളിൽ റോഡ് തകർന്ന സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) ദേശീയപാത 66 നിർമ്മാണവുമായി ബന്ധപ്പെട്ടുണ്ടായ അപാകതകൾ സംസ്ഥാന സർക്കാർ കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെയും കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും ആവശ്യമായ നടപടികൾ ആവശ്യപ്പെടുകയും ചെയ്തിരുന്നു. കൊട്ടിയത്തെ സംഭവങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രിയെ രേഖാമൂലം ഗൗരവാവസ്ഥ അറിയിച്ചിരുന്നു. കൊട്ടിയത്തെ സംഭവവുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചതായി NHAI അറിയിച്ചിട്ടുണ്ട്.

സാങ്കേതിക പരിശോധനയിൽ പ്രദേശത്തെ മണ്ണിന്റെ ദുർബലമായ സ്വഭാവവും അധിക ഭാരം താങ്ങാനുള്ള കഴിവില്ലായ്മയുമാണ് തകർച്ചയ്ക്ക് കാരണമായതെന്നാണ് NHAI-യുടെ നിഗമനം. ഐ.ഐ.ടി. വിദഗ്ധർ ഉൾപ്പെടെയുള്ളവരെ ഉൾപ്പെടുത്തി ഉന്നതതല വിദഗ്ധ സമിതി രൂപീകരിക്കുകയും സ്ഥലസന്ദർശനം നടത്തി സമിതി നൽകിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ പരിഹാര നടപടികളും തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

ഇത് കൂടാതെ തകർച്ചയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിച്ച് വരുന്നതായും പരിഹാര നടപടികളും തകർച്ച സംഭവിച്ച ഭാഗത്ത് സ്ഥിരത ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളും പ്രവർത്തനങ്ങൾ കൺസഷണയറുടെ റിസ്ക് & കോസ്റ്റിൽ നടത്തിവരുന്നതായും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) പ്രസ്തുത ദേശീയപാത നിർമ്മാണം സംസ്ഥാനത്തിന്റെ പ്രത്യേക ഭൂപ്രകൃതിക്കും കാലാവസ്ഥയ്ക്കും അനുസൃതമായാണോ നടത്തുന്നതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ആയത് ഉറപ്പുവരുത്താൻ നടത്തിയ ഇടപെടൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66-ന്റെ 17 സ്ട്രെച്ചുകളിൽ (പൂർത്തിയായതും പുരോഗമിക്കുന്നതും) Reinforced Soil (RS) Wall ഉൾപ്പെടെയുള്ള എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെടെയുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി പത്ത് പ്രത്യേക വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തി സമഗ്ര ജിയോടെക്നിക്കൽ പഠന പരിപാടി (Comprehensive Geo technical Programme) ആരംഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ, ജിയോടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹിക പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ച ശേഷം ഓരോ Reinforced Soil (RS) Wall-ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ചശേഷം ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനർരൂപകല്പന, അഥവാ പൊളിച്ച് നീക്കി വയഡക്ട് (Viaduct) നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിർദിഷ്ട സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പൂർണ്ണമായി പാലിച്ചശേഷം മാത്രമേ ഏതൊരു റോഡ് ഭാഗവും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുള്ളൂവെന്ന് ദേശീയപാത അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്.

ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട പരിശോധനകൾ

115 (1355) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:

ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുമ്പായി അതിന്റെ പല ഭാഗങ്ങളിലും വലിയതരത്തിലുള്ള കേടുപാടുകൾ സംഭവിച്ച് വാഹനങ്ങൾ അപകടത്തിൽപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തകർച്ച സംഭവിച്ച ഭാഗങ്ങൾ ദേശീയപാത അതോറിറ്റിയുടെ ഉന്നത ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ള കേന്ദ്രസംഘം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ദേശീയപാത നിർമ്മാണത്തിൽ സംസ്ഥാനത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമല്ലാത്ത രീതിയിൽ മണ്ണിട്ട് ഉയർത്തിയ ഉയരപാതകൾക്ക് പകരമായി ഫ്ലൈ ഓവറുകൾ നിർമ്മിക്കുന്ന തരത്തിൽ ഡി.പി.ആർ.-ൽ മാറ്റം വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ദേശീയപാത 66-ന്റെ നിർമ്മാണത്തിനിടയിൽ തകർച്ചയും അപകടങ്ങളും സംഭവിച്ച ഭാഗങ്ങളിൽ വീണ്ടും മണ്ണ് പരിശോധന ഉൾപ്പെടെയുള്ള ശാസ്ത്രീയ പരിശോധനകൾ നടത്തി നിർമ്മാണത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള ഉറപ്പ് ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

(എ-ഡി) ദേശീയപാത 66-ന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് തകർച്ച സംഭവിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ തന്നെ സ്വീകരിച്ച പരിഹാര നടപടികൾ ഉൾപ്പെടെ അവലോകനം ചെയ്യുന്നതിന് യോഗങ്ങൾ നടത്തിയിരുന്നു. ദേശീയപാത വികസനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കണമെന്ന ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ബഹുമാനപ്പെട്ട കേന്ദ്ര ഉപരിതല ഗതാഗത വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു.

ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന ദേശീയപാത 66-ന്റെ 17 സ്ട്രെച്ചുകളിൽ (പൂർത്തിയായതും പുരോഗമിക്കുന്നതും) Reinforced Soil (RS) Wall ഉൾപ്പെടെയുള്ള എല്ലാ സ്ട്രക്ചറുകളുടെയും മണ്ണ് പരിശോധനയുൾപ്പെടെയുള്ള ലാബ് പരിശോധനകൾ നടത്തുന്നതിനായി പത്ത് പ്രത്യേക വിദഗ്ധ ഏജൻസികളെ ഏർപ്പെടുത്തി സമഗ്ര ജിയോടെക്നിക്കൽ പഠനം (Comprehensive Geo technical Programme) ആരംഭിച്ചിട്ടുണ്ട്. വിദഗ്ധ സമിതിയുടെ കണ്ടെത്തലുകൾ, ജിയോടെക്നിക്കൽ പഠന റിപ്പോർട്ടുകൾ, സാമൂഹിക പരിഗണനകൾ എന്നിവ സംയുക്തമായി പരിശോധിച്ചശേഷം ഓരോ Reinforced Soil (RS) Wall-ന്റെയും ഡിസൈൻ, നിർമ്മാണം എന്നിവ പുനഃപരിശോധിച്ചശേഷം ആവശ്യമായിടത്ത് ശക്തിപ്പെടുത്തൽ, പുനർരൂപകല്പന, അഥവാ പൊളിച്ച് നീക്കി വയഡക്ട് (Viaduct) നിർമ്മാണം എന്നിവ പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. നിർദിഷ്ട സുരക്ഷയും സ്ഥിരതാ മാനദണ്ഡങ്ങളും പൂർണ്ണമായി പാലിച്ചശേഷം മാത്രമേ ഏതൊരു റോഡ് ഭാഗവും ഗതാഗതത്തിനായി തുറന്നുകൊടുക്കുകയുള്ളൂവെന്ന് ദേശീയപാത അതോറിറ്റി ഉറപ്പ് നൽകിയിട്ടുണ്ട്.

(ഇ) ദേശീയപാത നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ സ്ഥലങ്ങളിൽ വാഹനാപകടങ്ങളും മരണങ്ങളും തുടർച്ചയായുണ്ടാകുന്ന സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനത്തോടനുബന്ധിച്ച് പാലിക്കപ്പെടേണ്ട സുരക്ഷാ സംവിധാനങ്ങൾ നിർമ്മാണ കമ്പനികൾ പാലിക്കപ്പെടുന്നുണ്ടോയെന്നത് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

NH-66 നിർമ്മാണത്തിനിടെ ആവശ്യമായ സുരക്ഷ ഉറപ്പാക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നു. ഇത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ സൈറ്റ് സുരക്ഷാ പ്രോട്ടോകോളുകൾ ശക്തിപ്പെടുത്തൽ, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നിർബന്ധിതമാക്കൽ, കർശനമായ മേൽനോട്ടവും സുരക്ഷാ ഓഡിറ്റുകളും പ്രവൃത്തി മേഖലകളിൽ മെച്ചപ്പെടുത്തിയ ബാരിക്കേഡിങും ട്രാഫിക് മാനേജ്മെന്റ് ക്രമീകരണങ്ങളും മുന്നറിയിപ്പ് ബോർഡുകളും വേഗനിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കൽ, പരിശീലനം നേടിയ സുരക്ഷാ ജീവനക്കാരെ നിയോഗിക്കൽ, തൊഴിലാളികൾക്ക് സ്ഥിരമായ സുരക്ഷാ പരിശീലനവും ടൂൾബോക്സ് ചർച്ചകളും നടത്തൽ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് നടപടിക്രമങ്ങളുടെ കർശനമായ നടപ്പാക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

രാമനാട്ടുകര–എയർപോർട്ട് ജങ്ഷൻ ദേശീയപാത വീതികൂട്ടൽ

116 (1356) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന കൂളത്തൂർ ജങ്ഷൻ വരെയുള്ള ദേശീയ പാത വീതിക്കൂട്ടി വികസിപ്പിക്കുന്നതിന്റെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിന് ടെൻഡർ വിളിച്ചിരുന്നോ; എങ്കിൽ ഡി.പി.ആർ. തയാറാക്കുന്ന പ്രവൃത്തി ഏറ്റെടുത്തത് ഏത് കമ്പനിയാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) രാമനാട്ടുകര മുതൽ കോഴിക്കോട് വിമാനത്താവളത്തിലേക്ക് എത്തിച്ചേരുന്ന കൂളത്തൂർ ജങ്ഷൻ വരെയുള്ള പാത വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നതിന് M/s Dhruv Consultancy, M/s Dayanandaman Construction & Consultant Pvt. Ltd. എന്നീ ഏജൻസികളെ ദേശീയപാത അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്. 04-12-2025-ൽ LOA (Letter of Acceptance) നൽകിയതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(സി) ഈ റോഡിന്റെ നിർമ്മാണം പൊതുമരാമത്ത് വകുപ്പിന്റെ ഏത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കൽ നടപടികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) ദേശീയപാത അതോറിറ്റിയാണ് ഈ റോഡിന്റെ നിർമ്മാണത്തിന് വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്നത്. ദേശീയപാത അതോറിറ്റി നടപ്പാക്കുന്ന പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (DPR) തയ്യാറാക്കുന്ന പ്രവൃത്തി ആരംഭഘട്ടത്തിലാണ്.

കാസർഗോഡ് ജില്ലയിലെ തീരദേശ ഹൈവേയുടെ പ്രവർത്തനം

117 (1357) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ കാസർഗോഡ് ജില്ലയിലെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന വിവരം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

തീരദേശ ഹൈവേയുടെ കാസർഗോഡ് ജില്ലയിലെ നിർമ്മാണ പുരോഗതി മണ്ഡലം തിരിച്ച് ചുവടെ ചേർക്കുന്നു.

തൃക്കരിപ്പൂർ മണ്ഡലം: പാണ്ഡ്യാലക്കടവ് (Ch. 0/000 മുതൽ സ്റ്റോർ ജങ്ഷൻ (Ch. 20/00) വരെ

തീരദേശപാതയുടെ ഭാഗമായ വലിയപറമ്പ പാലം: നിർമ്മാണത്തിനായി 09-11-2023-ൽ 55.44 കോടി രൂപയുടെ സാമ്പത്തികാനുമതിയും 08-09-2025-ൽ 59.94 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതിയും കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റ് 21-01-2026-ലെ 203-ാമത് ടെക്നിക്കൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നു. കമ്മിറ്റിയുടെ നിർദേശപ്രകാരം മാറ്റങ്ങൾ വരുത്തിയ എസ്റ്റിമേറ്റ് സാങ്കേതികാനുമതി നൽകുന്നതിനായി തയ്യാറാക്കിയ എസ്റ്റിമേറ്റ്

പരിശോധിച്ച് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. തീരദേശപാതയുടെ LA നടപടികളുടെ ഭാഗമായി 0.000 to 15/500 വരെയുള്ള ഭാഗത്തിന്റെ 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനായുള്ള അപേക്ഷ 07-07-2025-ൽ കാസർഗോഡ് ഡിവിഷനിൽ നിന്ന് റവന്യൂ ഡിപ്പാർട്ടുമെന്റിൽ സമർപ്പിച്ചിട്ടുണ്ട്.

കാഞ്ഞങ്ങാട് മണ്ഡലം: സ്റ്റോർ ജങ്ഷൻ (Ch. 20/200) മുതൽ ചിത്താരി കടപ്പുറം (Ch. 35/120) വരെ.

കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ തീരദേശപാതയുടെ കല്ലിടൽ പ്രവൃത്തി 12.75 കിലോമീറ്റർ പൂർത്തീകരിച്ചു.

ഉദുമ മണ്ഡലം: ചിത്താരി കടപ്പുറം (Ch. 35/120) മുതൽ പൂച്ചക്കാട് (Ch. 37/800) വരെ.

ഉദുമ നിയോജകമണ്ഡലത്തിൽ KSTP റോഡുമായി ബന്ധിപ്പിക്കുന്ന ഭാഗം ഒഴികെയുള്ള (1.2 കിലോമീറ്റർ) ഭാഗത്ത് കല്ലിടൽ പ്രവൃത്തി പൂർത്തീകരിച്ചു.

(ബി) തീരദേശ ഹൈവേയുടെ പ്രവർത്തനം കാസർഗോഡ് ജില്ലയിൽ എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിലെ തീരദേശ പാതയുടെ ഭാഗമായി വലിയപറമ്പ പാലത്തിന്റെ സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുന്നതാണ്.

കോന്നി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ച വിവിധ പദ്ധതികൾ

118 (1358) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ 2016 മെയ് മുതൽ പൊതുമരാമത്ത് വകുപ്പിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ?

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി+ ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയുടെയും വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിട വിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

നിരത്ത് പരിപാലന വിഭാഗം

2016-2026 വരെ കോന്നി നിയോജകമണ്ഡലത്തിൽ 7 ആർ.സി. പ്രവൃത്തികൾ നടന്നിട്ടുണ്ട്. അതിൽ 4 പ്രവൃത്തികൾ പൂർത്തീകരിച്ചു. 3 പ്രവൃത്തികൾ പുരോഗമിക്കുന്നു. വിശദ വിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

കെ.ആർ.എഫ്.ബി. -പി.എം.യു.

പൊതുമരാമത്തുവകുപ്പിന് കീഴിൽ കിഫ്ബി ഫണ്ട് വിനിയോഗിച്ച് കെ.ആർ.എഫ്.ബി.-പി.എം.യു. മുഖേന കോന്നി നിയോജകമണ്ഡലത്തിൽ 2016 മുതൽ പൂർത്തീകരിച്ചതും പൂർത്തീകരിക്കുന്നതുമായ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

പാറശ്ശാല നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത്, ടൂറിസം വകുപ്പുകളുടെ പ്രവൃത്തികൾ

119 (1359) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) 2016 മെയ് മാസം മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ്, ടൂറിസം വകുപ്പ് എന്നിവ വഴി നടപ്പിലാക്കുന്നതിനായി അനുമതി ലഭിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, ഭരണാനുമതി ഉത്തരവ് നമ്പർ, പ്രസ്തുത പ്രവൃത്തികളിൽ നിലവിൽ പൂർത്തിയായവ, നിർമ്മാണത്തിലിരിക്കുന്നവ, ടെൻഡർ നടപടികളിലുള്ളവ എന്നിങ്ങനെ തരംതിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ& ബി)

നിരത്തുകൾ

അനുബന്ധമായി+ ചേർക്കുന്നു.

കെട്ടിടവിഭാഗം

അനുബന്ധമായി+ ചേർക്കുന്നു.

പാലങ്ങൾ

അനുബന്ധമായി+ ചേർക്കുന്നു.

ദേശീയപാത

അനുബന്ധമായി+ ചേർക്കുന്നു.

കെ.ആർ.എഫ്.ബി.-പി.എം.യു.

അനുബന്ധമായി+ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിരത്ത് പരിപാലനം

അനുബന്ധമായി[+] ചേർക്കുന്നു.

ടൂറിസം വകുപ്പ്

- Proposal for supply of Boats to Neyyar Dam Boat Club –Thiruvananthapuram.
- Destination Development of Thekkan Kurishumala in Thiruvananthapuram. Rs.1,08,50,000/-.
- Development of Neyyar Dam as a Tourist Destination. Rs. 4,65,10,000/-.
- Destination Development at Neyyar Dam at Thiruvananthapuram. Rs.3,50,00,000/-
- “Nava Kerala Sadhass – Hill Area Tourism Destination
- Development Project Amboori” ₹7,00,00,000.00.
- Beautification of Amboori Kumbichal Bridge at Thiruvananthapuram Rs.99,98,276/-
- Beautification of Amboori Kumbichal Bridge at Thiruvananthapuram Rs.99,98,276/-
- **പൂർത്തീകരിച്ച പദ്ധതികൾ**
- 1. Department of Tourism - Proposal for supply of Boats to Neyyar Dam Boat Club – Thiruvananthapuram. Rs.8859600/-(P6-9138/2019 dated: 15-10-2019).
- 2. Destination Development of Thekkan Kurishumala in Thiruvananthapuram. Rs.10850000/- (G.O.(Rt)No. 316/2017/TSM dated: 20-06-17).
- 3. Development of Neyyar Dam as a Tourist Destination. Rs. 4,65,10,000/- (G.O(Rt)

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

No. 242/2020/TSM dated 04-08-20).

- **പുരോഗമിക്കുന്ന പദ്ധതികൾ**

- Destination Development at Neyyar Dam at Thiruvananthapuram. Rs/- .35000000/- (22-08-2019-ലെ സ.ഉ. (സാധാ)നം.274/2019/ടൂറിസം). ടി പദ്ധതി നിർവഹിക്കുന്നതിനായി ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. 30 ശതമാനം പ്രവൃത്തിയാണ് ഏജൻസിക്ക് പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുള്ളത്. ടി പദ്ധതിയുടെ ഭരണാനുമതി കാലയളവ് 31-12-2025 വരെ നീട്ടി നൽകിയിരുന്നു.

- **ടെൻഡർ നടപടികളിലുള്ളവ**

1. 'Nava Kerala Sadhass-Hill Area Tourism Destination Development Project Amboori ₹7,00,00,000.00. (G.O.(Rt)No. 668/2025/TSM dated, 04-11-2025.) – നിലവിൽ KIIDC എന്ന ഏജൻസിയെ പദ്ധതിയുടെ നിർവഹണ ഏജൻസി ആയി തെരഞ്ഞെടുക്കുകയും വകുപ്പുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

2. Beautification of Amboori Kumbichal Bridge at Thiruvananthapuram-Rs.99,98,276/- (DOT/2683/2025-P6 dated: 07-11-2025) - നിലവിൽ M/s HLL എന്ന ഏജൻസിയെ പദ്ധതിയുടെ നിർവഹണ ഏജൻസി ആയി തെരഞ്ഞെടുക്കുകയും വകുപ്പുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) നിർമ്മാണം തടസ്സപ്പെട്ട പ്രവൃത്തികളുണ്ടെങ്കിൽ ആയതിന്റെ കാരണവും അവ വേഗത്തിൽ പൂർത്തിയാക്കാൻ സ്വീകരിച്ച നടപടികളും വിശദമാക്കാമോ?

കെ.ആർ.എഫ്.ബി.-പി.എം.യു.

മലയോര ഹൈവേയുടെ രണ്ടാമത്തെ റീച്ചായ കള്ളിക്കാട്-വാഴിച്ചൽ റോഡിൽ 4 ഭാഗങ്ങളിലായി പുറമ്പോക്ക് ഭൂമിയിൽ 38 കുടുംബങ്ങൾ താമസിച്ചുവരുന്നതിനാൽ ആ ഭാഗത്ത് റോഡിനാവശ്യമായ വീതി ലഭ്യമല്ലാത്തതും റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്തതുമാകുന്നു. നിലവിൽ പ്രസ്തുത കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിലേക്കായി കിഫ്ബി ഫണ്ട് മുഖാന്തരം 2.52 കോടി രൂപ അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ലാൻഡ് പർചേസിങ് ഉൾപ്പെടെയുള്ള തുടർനടപടികൾ ചെയ്യുന്നതിലേക്കായി ജില്ലാ കളക്ടർ ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികളെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പുറമ്പോക്ക് ഭൂമി സ്ഥലം ലഭ്യമാക്കിയതിനുശേഷം റോഡ് നിർമ്മാണം നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ടൂറിസം

Destination Development at Neyyar Dam at Thiruvananthapuram. Rs.35000000/- (22-08-19-ലെ സ.ഉ.(സാധാ)നം. 274/2019/ടൂറിസം). പദ്ധതിയുടെ നിർവഹണ ചുമതല ഇറിഗേഷൻ വകുപ്പിനാണ്. ഭരണാനുമതിയിലുൾപ്പെട്ട 9 ഘടകങ്ങൾക്കായി Rs.2,90,60,000/- രൂപയുടെ സാങ്കേതികാനുമതി നൽകിയിരുന്നു. ആയതിൽ 4 ഘടകങ്ങൾ (Cafeteria, Reception block, parking area, Board walk) ടെൻഡർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിച്ചിരുന്നു. നിലവിൽ Parking area development, Cafetria Demoilishing, Foundation work of Board walk തുടങ്ങിയ ഘടകങ്ങളുടെ പ്രവൃത്തികൾ പൂർത്തിയാക്കിട്ടുണ്ട്. എന്നാൽ സൈറ്റ് കണ്ടീഷനനുസരിച്ച് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വന്നതിനാൽ

പുതുക്കിയ എസ്റ്റിമേറ്റിന് അംഗീകാരം നേടേണ്ടതായി വന്നു. പദ്ധതിയുടെ പുരോഗതി ചർച്ച ചെയ്യുന്നതിനായി ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ, ടൂറിസം ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ ഉൾപ്പെടെ ഒരു യോഗം നടത്തുകയും തുടർന്ന് സംയുക്ത സ്ഥലസന്ദർശനം നടത്തുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിലെ നാല് ഘടകങ്ങളിൽ മാറ്റങ്ങൾ വരുത്തുകയും Rs.1,25,51,258/- (Excl GST) രൂപയുടെ എസ്റ്റിമേറ്റിന് ജലസേചന വകുപ്പ് ചീഫ് എഞ്ചിനീയർ അംഗീകാരം നൽകുകയും ചെയ്തു. കൂടാതെ, പദ്ധതിയുടെ ഭരണാനുമതി കാലയളവ് കഴിഞ്ഞ സാഹചര്യത്തിൽ കാലാവധി നീട്ടി നൽകുന്നതിനായി സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് പ്രകാരം പദ്ധതിയുടെ ഭരണാനുമതി പ്രകാരമുള്ള അംഗീകരിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പദ്ധതി ഘടകങ്ങളും 31-12-2025-ന് മുൻപായി പൂർത്തീകരിക്കേണ്ടതാണ് എന്ന നിബന്ധനയിൽ പദ്ധതിയുടെ കാലാവധി 31-12-2025 വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.

അംഗീകാരം ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരമുള്ള 4 ഘടകങ്ങളുടെ പ്രവൃത്തിക്ക് ജലസേചന വിഭാഗം പുനരാരംഭിച്ചിട്ടില്ല. എന്നാൽ പദ്ധതിയിലുൾപ്പെട്ട Play area equipments, solar street lights, Bus stand and sign age, Boat Jetty and renovation of ancillary Facilities, Landscaping തുടങ്ങിയ 5 ഘടകങ്ങളുടെ എസ്റ്റിമേറ്റ് ജലസേചന വിഭാഗം തയ്യാറാക്കുകയും ടെൻഡർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

പദ്ധതി നീട്ടി നൽകിയ തീയതിക്കുള്ളിലും പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യത്തിൽ സെക്രട്ടറിതലത്തിൽ യോഗം ചേരുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

സമഗ്ര ശിക്ഷ കേരളയുടെ ബാലുശ്ശേരിയിലെ ഓഫീസ് നിർമ്മാണം

120 (1360) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പനങ്ങാട് വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇരുപത് സെന്റ് ഭൂമി സമഗ്ര ശിക്ഷ കേരള (എസ്.എസ്.കെ.)-യുടെ ബാലുശ്ശേരി ഓഫീസ് നിർമ്മാണത്തിന് വിട്ട് നൽകുന്നതിനുള്ള തടസ്സം എന്താണെന്നറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥലം വിട്ട് നൽകുന്നതിന് എസ്.എസ്.കെ. സമർപ്പിച്ച അപേക്ഷയിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ &ബി) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ പനങ്ങാട് വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഇരുപത് സെന്റ് ഭൂമി സമഗ്ര ശിക്ഷ കേരള (എസ്.എസ്.കെ.)-യുടെ ബാലുശ്ശേരി ഓഫീസ് നിർമ്മാണത്തിന് വിട്ട് നൽകുന്നതുമായി ബന്ധപ്പെട്ട് എൻ.ഒ.സി. അനുവദിക്കുന്നതിന്മേൽ കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറോട് 23-01-2026-ൽ റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

തിരുവമ്പാടി നിയോജകമണ്ഡലത്തിൽ സി.ഐ.ആർ.എഫ്. ഉപയോഗിച്ചുള്ള പ്രവൃത്തികൾ

121 (1361) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ഐ.ആർ.എഫ്.) ഉപയോഗിച്ച് നിർമ്മിക്കാനായി തിരുവമ്പാടി നിയോജകമണ്ഡലത്തിൽനിന്നും നിർദേശിക്കപ്പെട്ട പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ &ബി) സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (സി.ഐ.ആർ.എഫ്.) ഉപയോഗിച്ച് നിർമ്മിക്കാനായി കേന്ദ്ര ഗവൺമെന്റിൽ നിന്നും തിരുവമ്പാടി നിയോജകമണ്ഡലത്തിലെ അംഗീകാരം ലഭിച്ച പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. Improvements to Fathima estate-Thottumukkam- Pallithazha-Thekkinchuvadu-Pathanapuram road in Kozhikode District.

2. Improvements to Nalamvalavu-Adivaram-Nooramthidu road in Kozhikode District.

3. CRIF 2023-24 Improvements to Manassery-Mthalam-Muthery-Kallurutty-Omassery Thiruvambady road in Kozhikode District.

സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ പദ്ധതിയിൽ (സി.ഐ.ആർ.എഫ്.) പുതിയതായി ലഭിച്ച പ്രൊപ്പോസലുകൾ താഴെ ചേർക്കുന്നു.

1. Improvements and providing BM&BC to Koodaranji Poovarathode Nayadampoyil Kakkadampoyil Chalyar Nilambur road in Kozhikode District.

2. Improvements and providing BM&BC to North Karassery Koodaranji mankayam maramchatty road in Kozhikode District.

3. Construction of Eerood Bridge across iruthullipuzha in Thiruvambadi in Kozhikode District.

പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ബസ്സ് ഷെൽട്ടർ നിർമ്മാണം

122 (1362) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ വിവിധ സ്ഥലങ്ങളിലായി എം.എൽ.എ. ആസ്തി വികസന ഫണ്ടിലുൾപ്പെടുത്തി ബസ്സ് ഷെൽട്ടർ നിർമ്മാണത്തിന് അനുമതി നൽകിയ പദ്ധതികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; 2018 മുതലുള്ള പദ്ധതികൾ പൂർത്തീകരിക്കപ്പെടാത്തതിന്റെ കാരണം എന്താണെന്ന് അറിയിക്കാമോ;

(ബി) പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന സ്ഥാപനം പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിലേക്ക് ലയിപ്പിച്ച പശ്ചാത്തലത്തിൽ മുമ്പ് അനുവദിച്ച ബസ്സ്

ഷെൽട്ടർ നിർമ്മാണ പ്രവൃത്തികൾ നടപ്പാക്കുന്നതിനുള്ള ഭരണപരമായ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് 10-06-2025-ന് ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും പുതിയ കമ്പനിക്കും നൽകിയ കത്തിന്മേൽ വകുപ്പ് സ്വീകരിച്ച നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ-സി) 17-08-2016-ലെ G.O(Rt)1178/2016/PWD പ്രകാരം ഭരണാനുമതി നൽകിയ ബസ്സ് ഷെൽട്ടറുകൾ നിർമ്മിക്കാനുള്ള ഫണ്ട് അനുവദിച്ചുകൊണ്ട് 28-02-2018-ലെ G.O(Rt)350/2018/PWD പ്രകാരം ഉത്തരവായിരുന്നുവെങ്കിലും 2018-ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണം പദ്ധതി ആരംഭിക്കാൻ കഴിഞ്ഞിരുന്നില്ല. തുടർന്ന് സർക്കാർ 11-07-2019-ലെ G.O(Ms)35/2019/PWD പ്രകാരം പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് പൂട്ടാനും ആസ്തികൾ പൊതുമരാമത്ത് വകുപ്പിന് കൈമാറാനും ഉത്തരവാകുകയും ചെയ്തതിനെത്തുടർന്ന് എം.എൽ.എ. ആസ്തിവികസന ഫണ്ടിലുൾപ്പെടുത്തി ബസ്സ് ഷെൽട്ടർ നിർമ്മിക്കാനുള്ള പദ്ധതി തടസ്സപ്പെടുകയും ചെയ്തു. 09-01-2025-ലെ G.O(Ms)02/2025/PWD പ്രകാരം പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി അടച്ച് പൂട്ടാനുള്ള തീരുമാനം റദ്ദ് ചെയ്തു. ഭരണാനുമതി ലഭിച്ച് 7 വർഷം കഴിഞ്ഞതിനാൽ ബന്ധപ്പെട്ട കണക്ക് ശീർഷകത്തിൽ ബസ്സ് ഷെൽട്ടറുകളുടെ നിർമ്മാണത്തിനാവശ്യമായ തുക ലഭ്യമാണോ എന്നതും ഇതിലേക്കായി ജില്ലാ കളക്ടറുടെ പ്രത്യേക ഭരണാനുമതി ആവശ്യമാണോ എന്നതും

പരിശോധിക്കുകയാണ്. ഇക്കാര്യത്തിൽ കോട്ടയം ജില്ലാ കളക്ടർക്ക് 07-07-2025-ൽ കത്ത് നൽകിയിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

(ഡി) മലപ്പുറം സ്പൈസസ് ഗ്രൂപ്പ് എന്ന കമ്പനി ടെൻഡറിൽ പങ്കെടുത്ത് ഏറ്റെടുത്ത ബസ്സ് ഷെൽട്ടർ നിർമ്മാണ പ്രവൃത്തികൾ, കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേനയോ അല്ലെങ്കിൽ നിലവിൽ ചുമതലയുള്ള ഔദ്യോഗിക ഏജൻസി മുഖേനയോ നടപ്പാക്കാൻ തയ്യാറാണോ?

മലപ്പുറം സ്പൈസസ് ഗ്രൂപ്പ് എന്ന കമ്പനിയുമായിട്ടുള്ള കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കാനുള്ള സമയം 19-11-2018 വരെ നീട്ടി നൽകിയെങ്കിലും സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിട്ടില്ല. കരാർ നിലവിലില്ലാത്തതിനാൽ ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പുതിയ ടെൻഡർ ക്ഷണിക്കേണ്ടതുണ്ട്.

(ഇ) 26.95 ലക്ഷം രൂപ വകയിരുത്തി അനുവദിച്ച ഫണ്ട് (4059-60-051-72 Projects under LAC ADS) ഇതുവരെ വിനിയോഗിക്കപ്പെടാതിരിക്കാൻ കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

2018-ലെ മഹാപ്രളയത്തിലെ കെടുതികൾ കാരണവും 11-07-2019-ലെ G.O(Ms)35/2019/PWD പ്രകാരം പ്രതീക്ഷ ബസ്സ് ഷെൽട്ടേഴ്സ് കേരള ലിമിറ്റഡ് എന്ന കമ്പനി പൂട്ടാൻ തീരുമാനിച്ചതിനാലുമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തത്.

'പി.ഡബ്ല്യു.ഡി. ഫോർ യു' ആപ്പ് മുഖേന ലഭിച്ച പരാതികൾ

123 (1363) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ 'പി.ഡബ്ല്യു.ഡി. ഫോർ യു' ആപ്പ് മുഖേന സംസ്ഥാനത്ത് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; ലഭിച്ച പരാതികളിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

'പി.ഡബ്ല്യു.ഡി. ഫോർ യു' ആപ്പ് മുഖേന നാളിതുവരെ 35,581 പരാതികൾ ലഭിച്ചതിൽ 31,459 പരാതികളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ആയത് പരാതിക്കാരെ അറിയിച്ചുകൊണ്ട് തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ടും പരാതികൾ ലഭിക്കുന്നുണ്ട്. ദീർഘകാല പരിഹാരം ആവശ്യമുള്ളവ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നു.

(ബി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) ടി നിയോജകമണ്ഡലത്തിൽ ലഭിച്ച പരാതികളിന്മേൽ തീർപ്പ് കൽപ്പിച്ചിട്ടുണ്ടോ; വിവരങ്ങൾ ലഭ്യമാക്കാമോ?

(ബി&സി) വള്ളിക്കുന്ന് നിയോജകമണ്ഡലത്തിൽ നാളിതുവരെ 108 പരാതികൾ ലഭിക്കുകയും ആയതിൽ 102 പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ ടോൾ പ്ലാസകളുടെ പ്രവർത്തനം

124 (1364) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശീയപാതകൾ ഉൾപ്പെടെയുള്ള റോഡുകളിൽ ടോൾ പ്ലാസകൾ നിലവിലുള്ള സ്ഥലങ്ങൾ, അവ സ്ഥാപിച്ച വർഷം, ഓരോ ടോൾ പ്ലാസയിലും ടോളിനത്തിൽ നാളിതുവരെ പിരിച്ച തുക എന്നിവ വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ആർ.ബി.ഡി.സി.കെ.-യുടെ നിയന്ത്രണത്തിലുള്ള റെയിൽവേ മേല്പാലങ്ങളിലും ദേശീയപാത അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ദേശീയപാതകളിലുമാണ് ടോൾ പ്ലാസകൾ സ്ഥാപിച്ചിട്ടുള്ളത്. ദേശീയപാത അതോറിറ്റിയുടെ നിയന്ത്രണത്തിലുള്ള ടോൾ പ്ലാസകളുടെ വിവരങ്ങൾ റീജിയണൽ ഓഫീസർ എൻ.എച്ച്.എ.ഐ. ലഭ്യമാക്കിയിട്ടുള്ളതും ആർ.ബി.ഡി.സി.കെ.-യുടെ നിയന്ത്രണത്തിലുള്ള ടോൾ പ്ലാസകളുടെ വിവരങ്ങളും അനുബന്ധമായി+ ചേർത്തിരിക്കുന്നു.

(ബി) രണ്ട് ടോൾ പ്ലാസകൾക്കിടയിൽ കുറഞ്ഞത് 60 കിലോമീറ്റർ ദൂരം വേണമെന്ന നിർദേശം ലംഘിച്ച് ടോൾ പ്ലാസകൾ പ്രവർത്തിക്കുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ അത്തരം ടോൾ പ്ലാസകൾ പ്രവർത്തിക്കുന്നത് എവിടെയൊക്കെയാണെന്നും ഏത് സാഹചര്യത്തിലാണ് അവ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ടോൾ പ്ലാസകൾ സ്ഥാപിച്ച് ജനങ്ങൾക്ക് അമിത സാമ്പത്തികഭാരം നൽകുന്നതിനെതിരെ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(ബി&സി) തലപ്പാടി മുതൽ ചെങ്കള വരെ 39 കിലോമീറ്റർ ദൈർഘ്യമുള്ള സ്റ്റേച്ച് ഉപയോഗിക്കുന്ന റോഡ് ഉപയോക്താക്കളിൽനിന്ന് ഉപയോക്തൃ ഫീസ് ഈടാക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിരുന്നു. ഇതിനായി ദേശീയപാത ഫീസ് (നിരക്കുകളും ശേഖരണവും നിർണ്ണയിക്കൽ) നിയമങ്ങളിലെ സെക്ഷൻ 8(2) പ്രകാരം ദേശീയപാത അതോറിറ്റി ചെയർമാന്റെ അംഗീകാരത്തോടെ കുമ്പളയിൽ (Km.37+200) ഒരു താൽക്കാലിക ടോൾ പ്ലാസ സ്ഥാപിക്കാൻ ദേശീയപാത അതോറിറ്റി തീരുമാനിക്കുകയും ചെയ്തിരുന്നു. ടി ടോൾ പ്ലാസയുമായി ബന്ധപ്പെട്ട് ഉയർന്നുവന്ന പരാതികൾ NHAI-യുടെയും കേന്ദ്രസർക്കാരിന്റെയും ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. പ്രസ്തുത ടോൾ പ്ലാസ അടച്ച് പൂട്ടാൻ ഉത്തരവ് ഇറക്കിയതായി NHAI അറിയിച്ചിട്ടുണ്ട്.

NH-544-ലെ പന്നിയങ്കര ടോൾ പ്ലാസ (Km. 243+030), പാലിയേക്കര ടോൾ പ്ലാസ (Km. 278+030) എന്നിവ മുൻ ടോൾ പ്ലാസകളിൽനിന്ന് അറുപത് കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. എന്നിരുന്നാലും പ്രസ്തുത ടോൾ പ്ലാസകൾ 2 വ്യത്യസ്ത ബി.ഒ.ടി. (ടോൾ) പദ്ധതികളുടെ ഭാഗമാണ്.

വെൽനെസ് ടൂറിസം

125 (1365) ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യയിലെ വെൽനെസ് ടൂറിസം രംഗത്ത് 2025-ൽ കേരളത്തിന് ലഭിച്ച അംഗീകാരം വിശദമാക്കുമോ;

(ബി) ഏതെല്ലാം ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത പുരസ്കാരം ലഭ്യമായതെന്ന് അറിയിക്കുമോ?

(എ &ബി) Travel + Leisure India & South Asia-യുടെ 2025-ലെ Best Wellness Destination പുരസ്കാരം കേരളത്തിന് ലഭിച്ചിട്ടുണ്ട്. ഈ അംഗീകാരം ആഗോളതലത്തിൽ കേരളത്തിന്റെ വെൽനെസ് ടൂറിസം മികവ് തെളിയിക്കുന്നതാണ്.

കേരളത്തിലെ ശാസ്ത്രീയവും യഥാർഥവുമായ ആയുർവേദ ചികിത്സാരീതികളും സമഗ്ര വെൽനെസ് അനുഭവങ്ങളും യോഗ, ധ്യാനം, പ്രകൃതിചികിത്സ എന്നിവയെ സംയോജിപ്പിച്ചുകൊണ്ടുള്ള ചികിത്സാ രീതികളും കേരളത്തിലെ ബാക്ക് വാട്ടറുകൾ, കുന്നുകൾ, ശാന്തമായ കടൽത്തീരങ്ങൾ എന്നീ പ്രകൃതി സൗന്ദര്യങ്ങളും കേരളത്തിന് ഈ പുരസ്കാരം നേടാൻ സഹായിച്ച പ്രധാന ഘടകങ്ങളാണ്.

വായനക്കാരുടെ ഓൺലൈൻ വോട്ടിങിലൂടെ ലഭിച്ച റീഡേഴ്സ് ചോയ്സ് അംഗീകാരം ആഗോള യാത്രാസമൂഹത്തിന് കേരളത്തിലുള്ള വിശ്വാസവും ആകർഷണവും തെളിയിക്കുന്നതാണ്. സംസ്ഥാന സർക്കാരിന്റെയും ടൂറിസം വകുപ്പിന്റെയും തുടർച്ചയായ പ്രചാരണ പ്രവർത്തനങ്ങളും ദേശീയ-അന്തർദേശീയ മാർക്കറ്റിങ് തന്ത്രങ്ങളും കേരളത്തെ

ലോകത്തിലെ പ്രമുഖ വെൽനെസ് ടൂറിസം കേന്ദ്രമായി ഉയർത്തുന്നതിൽ നിർണ്ണായക പങ്കുവഹിച്ചിട്ടുണ്ട്.

(സി) വെൽനെസ് ടൂറിസം കൂടുതൽ ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

കേരളത്തിന്റെ ആയുർവേദ ചികിത്സാ രീതികളെ ആഗോള തലത്തിൽ പ്രചരിപ്പിക്കാനും വിദേശ സഞ്ചാരികളെ ആകർഷിക്കാനും ലക്ഷ്യമിട്ട് ടൂറിസം വകുപ്പ് നിലവിൽ നടപ്പാക്കി വരുന്ന പ്രധാന പദ്ധതികളും നടപടികളും ചുവടെ വിശദമാക്കുന്നു:

1. ആയുർവേദ സർട്ടിഫിക്കേഷൻ പദ്ധതി

വിദേശ സഞ്ചാരികൾക്ക് ഗുണമേന്മയും വിശ്വാസ്യതയും ഉറപ്പാക്കുന്നതിനായി സർക്കാർ അംഗീകൃത ആയുർവേദ കേന്ദ്രങ്ങൾക്ക് ആയൂർ ഡയമണ്ട്, ആയുർ ഗോൾഡ്, ആയുർ സിൽവർ സർട്ടിഫിക്കേഷനുകൾ നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇതിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള ചികിത്സാ കേന്ദ്രങ്ങളെ പ്രോത്സാഹിപ്പിക്കുന്നു.

2. ആയുർവേദ വെൽനെസ് ടൂറിസം പ്രചരണം

ആയുർവേദത്തെ വെൽനെസ് ടൂറിസം എന്ന ആശയത്തോടൊപ്പം കൂട്ടിച്ചേർത്ത് കേരളത്തെ 'God's Own Country-Home of Ayurveda'എന്ന ബ്രാൻഡിങിലൂടെ അന്താരാഷ്ട്ര വിപണിയിൽ പ്രചരിപ്പിക്കുന്നു.

3. അന്താരാഷ്ട്ര ടൂറിസം മേളകളിൽ പങ്കാളിത്തം

ITB Berlin, WTM London, Arabian Travel Market (ATM) തുടങ്ങിയ അന്താരാഷ്ട്ര ടൂറിസം മേളകളിലും എക്സിബിഷനുകളിലും കേരളം സജീവമായി പങ്കെടുക്കുന്നു. ഇവയിൽ ആയുർവേദ ചികിത്സാ സൗകര്യങ്ങൾ പ്രത്യേകം പ്രദർശിപ്പിക്കുന്നു.

4. ഡിജിറ്റൽ മാർക്കറ്റിങും ഓൺലൈൻ പ്രചരണവും

വെബ്സൈറ്റുകൾ, സോഷ്യൽ മീഡിയ, ഡോക്യുമെന്ററികൾ, പ്രൊമോഷണൽ വീഡിയോകൾ തുടങ്ങിയവ മുഖേന ആയുർവേദ ടൂറിസത്തെക്കുറിച്ചുള്ള വിവരങ്ങൾ അടങ്ങിയ ബ്രോഷറുകളും വീഡിയോകളും ആഗോളതലത്തിൽ പ്രചരിപ്പിക്കുന്നു.

5. ആയുർവേദ ഉത്സവങ്ങളും കോൺക്ലേവുകളും

ആയുർവേദത്തിന്റെ പാരമ്പര്യവും ശാസ്ത്രീയതയും ലോകത്തിന് പരിചയപ്പെടുത്തുന്നതിനായി ആയുർവേദ കോൺക്ലേവുകൾ, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നു.

6. ആയുർവേദ ടൂറിസം പ്രൊമോഷന്റെ ഭാഗമായി ഒരു സ്പെഷ്യൽ ക്യാമ്പയിൻ നടത്താൻ ഈ വർഷം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ ക്യാമ്പയിന്റെ ഭാഗമായുള്ള വീഡിയോ പ്രൊഡക്ഷൻ നടന്നുവരുന്നു. ആയുർവേദത്തിനും വെൽനെസ്സിനും ഊന്നൽ നൽകിക്കൊണ്ട് 2026 ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോട് വച്ച് ആയുർവേദ വെൽനെസ് കോൺക്ലേവ് സംഘടിപ്പിക്കുന്നുണ്ട്.

കേരള ടൂറിസം വകുപ്പ്, ആയുർവേദ പ്രൊമോഷൻ സൊസൈറ്റി (APS) എന്നിവയുടെ സഹകരണത്തോടെ 2026 ഫെബ്രുവരി 2, 3 തീയതികളിൽ കോഴിക്കോട് വച്ച് നടത്തുന്ന ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവ് 2026 കേരളത്തെ ആഗോള ആയുർവേദ വെൽനെസ് കേന്ദ്രമായി സ്ഥാനമുറപ്പിക്കുകയെന്ന ലക്ഷ്യത്തോടെയാണ് സംഘടിപ്പിക്കുന്നത്. ആയുർവേദ പണ്ഡിതർ, ആഗോള വെൽനെസ് വിദഗ്ധർ, നയരൂപീകരർ, അക്കാദമികർ, വ്യവസായ പ്രമുഖർ, ട്രാവൽ ട്രേഡ് പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കുന്ന ഈ സമ്മേളനം വിവര കൈമാറ്റം, നയ ചർച്ചകൾ, B2B നെറ്റ്‌വർക്കിങ് അന്താരാഷ്ട്ര സഹകരണം എന്നിവയ്ക്ക് വേദിയാകും.

സമ്മേളനത്തിന്റെ ഭാഗമായി ആയുർവേദത്തിന്റെ ശാസ്ത്രീയ പ്രാധാന്യം, ആഗോള വിപണി സാധ്യതകൾ, ഗവേഷണം, മെഡിക്കൽ വാല്യു ട്രാവൽ തുടങ്ങിയ വിഷയങ്ങളിൽ പാനൽ ചർച്ചകളും സെമിനാറുകളും നടക്കും. രണ്ടാം ദിവസം പ്രദർശനവും B2B മീറ്റും സംഘടിപ്പിച്ച് കേരളത്തിലെ ആയുർവേദ സേവന ദാതാക്കളെയും ദേശീയ-അന്തർദേശീയ ടൂർ ഓപ്പറേറ്റേഴ്സിനേയും ബന്ധിപ്പിക്കും.

കോൺക്ലേവിന് ശേഷം ഫെബ്രുവരി 4 മുതൽ 12 വരെ ഇന്റർനാഷണൽ ആയുർവേദ & യോഗ അംബാസഡേഴ്സ് ഫാം ടൂർ സംഘടിപ്പിക്കുന്നതിലൂടെ കേരളത്തിലെ പ്രധാന ആയുർവേദ റിസോർട്ടുകൾ, ആശുപത്രികൾ, യോഗ കേന്ദ്രങ്ങൾ, സാംസ്കാരിക പൈതൃക കേന്ദ്രങ്ങൾ എന്നിവ ദേശീയ-അന്തർദേശീയ പ്രതിനിധികൾക്ക് പരിചയപ്പെടുത്തും. ഏകദേശം 120-ഓളം ഇന്റർ നാഷണൽ ടൂർ ഓപ്പറേറ്റേഴ്സ്, 30-ഓളം ഡൊമസ്റ്റിക് ട്രാവൽ ഏജന്റ്സ്, 30-ഓളം യോഗ

ഓപ്പറേറ്റേഴ്സ്, 50-ഓളം ദേശീയ-അന്തർദേശീയ ഇൻഫ്ലുവൻസർമാർ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ടെന്ന് ആയുർവേദ പ്രൊമോഷൻ സൊസൈറ്റിയുടെ (APS) പ്രതിനിധികൾ അറിയിച്ചിട്ടുണ്ട്.

ഇതിലൂടെ ഫസ്റ്റ് ഇന്റർനാഷണൽ ആയുർവേദ & വെൽനെസ് കോൺക്ലേവും അനുബന്ധ ഫാം ടൂറും കേരളത്തെ ലോകത്തിലെ ഏറ്റവും വിശ്വസനീയമായ ആയുർവേദ വെൽനെസ് വിനോദസഞ്ചാര കേന്ദ്രമായി ഉയർത്തുന്നതിനുള്ള ഒരു നിർണ്ണായക സംരംഭമായിരിക്കും.

കൂടാതെ ഹെൽത്ത് ടൂറിസത്തിന്റെ ഭാഗമായി ഇന്ത്യ സന്ദർശിക്കാനാഗ്രഹിക്കുന്ന വിനോദസഞ്ചാരികൾക്കായി നൽകിവരുന്ന ആയുഷ് വിസ (AYUSH VISA) ലഭിക്കുന്നതിനുള്ള വെബ്സൈറ്റിന്റെ ലിങ്ക് കേരള ടൂറിസത്തിന്റെ വെബ് സൈറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് (https://www.keralatourism.org/visa-information/).

തൊടുപുഴ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

126 (1366) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

2021-25 കാലഘട്ടത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് മുഖേന പുതിയ പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

ഉത്തരവാദിത്ത ടൂറിസം മിഷൻ

127 (1367) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയ കേരളത്തിലെ വിവിധ പദ്ധതികളുടെ വിശദവിവരങ്ങൾ നൽകാമോ?

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി കേരളത്തിൽ നടത്തി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- മെറ്റീരിയലൈസിങ് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി : 2025 - 26
- പരിശീലനങ്ങൾ 2025 -26
- 'പ്രൊമോഷൻ & മാർക്കറ്റിങ് 2025-26
- വിനോദസഞ്ചാരത്തിലൂടെ പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം : 2025 -26
- പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ തുടർച്ച 2025 -26 പാർട്ട് -1

- പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ പൂർത്തീകരണം 2025 - 26 പാർട്ട് –2
- സുസ്ഥിര/അതിജീവന വിനോദസഞ്ചാര കേന്ദ്രങ്ങൾ 2025-26 പാർട്ട് - 1
- സുസ്ഥിര/അതിജീവന വിനോദസഞ്ചാര കേന്ദ്രങ്ങൾ 2025-26 പാർട്ട്-2 മൂന്നാർ ആർ.ടി. ഡെസ്റ്റിനേഷൻ പ്രഖ്യാപനവും പദ്ധതി പ്രവർത്തനങ്ങളും
- സുസ്ഥിര/അതിജീവന വിനോദ സഞ്ചാര കേന്ദ്രങ്ങൾ 2025-26 പാർട്ട് - 3
- തനതായ പാചക ശൃംഖലയും കേരള കാർഷിക വിനോദ സഞ്ചാര ശൃംഖലയും - തുടർച്ച 2025 -26
- മുണ്ടക്കൈ-ചൂരൽമല പ്രകൃതി ദുരന്ത മേഖലയിലുള്ളവർക്കായി ആർ.ടി. അനുബന്ധ തൊഴിൽ പരിശീലനം - പാർട്ട് -1
- കേരള ഹോംസ്റ്റേ & റൂറൽ ടൂറിസം മീറ്റ് 2025 –26
- ആർ.ടി. ഫെസ്റ്റ് 2025-26 (കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ രജിസ്റ്റേർഡ് യൂണിറ്റ് സംഗമവും-പ്രദർശന വിപണന മേളയും)
- ബേപ്പൂർ സംയോജിത ഉത്തരവാദിത്ത ടൂറിസം വികസന പദ്ധതി 2025-26
- ഇൻഡസ്ട്ര് സബ്വെൻഷൻ പദ്ധതി 2025-26

(ബി) ഉത്തരവാദിത്ത ടൂറിസം മിഷൻ നടപ്പാക്കുന്ന പെപ്പർ ടൂറിസം-2025 (പെപ്പർ-2025), സ്ട്രീറ്റ് ടൂറിസം എന്നീ പദ്ധതികൾ ഏതൊക്കെ ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; ഇവയുടെ നടത്തിപ്പിനായി ഓരോ ജില്ലയിലും എത്ര തുക വീതം അനുവദിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിലത് നൽകാമോ?

പങ്കാളിത്ത വിനോദസഞ്ചാര വികസനത്തിന്റെ ഭാഗമായി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതികളാണ് സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ.ടി. വില്ലേജ് പദ്ധതികൾ. സ്ട്രീറ്റ്, പെപ്പർ, മോഡൽ ആർ.ടി. വില്ലേജ് എന്നീ പദ്ധതികളുടെ പൂർത്തീകരണത്തിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങളിലെ യൂണിറ്റുകൾക്ക് സംരംഭകത്വ വികസനത്തിനും പദ്ധതി പൂർത്തിയാക്കി പ്രസ്തുത പ്രദേശങ്ങളെ പുതിയ ഉത്തരവാദിത്ത ടൂറിസം ഡെസ്റ്റിനേഷനുകളാക്കി പ്രഖ്യാപിക്കുന്നതിനും മറ്റ് പ്രവർത്തനങ്ങൾക്കുമായി 93,77,718/-രൂപ (തൊണ്ണൂറ്റിമൂന്ന് ലക്ഷത്തി എഴുപത്തി ഏഴായിരത്തി എഴുനൂറ്റി പതിനെട്ട്) വിനോദ സഞ്ചാരത്തിലൂടെ പങ്കാളിത്ത വിനോദസഞ്ചാര വികസന പദ്ധതികളുടെ പൂർത്തീകരണം 2025-26-ന്റെ രണ്ടാം ഘട്ടം എന്ന ഭരണാനുമതി പ്രകാരം ലഭ്യമായിട്ടുണ്ട്.

(സി) മൂന്നാറിനെ ഗ്ലോബൽ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കാനുള്ള പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; ഇതിനായി മൂന്നാറിൽ നടപ്പാക്കുന്ന പ്രധാന പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

മൂന്നാറിൽ വിവിധ റെസ്പോൺസിബിൾ ടൂറിസം പദ്ധതികളും പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ട് മൂന്നാറിനെ റെസ്പോൺസിബിൾ ടൂറിസം ഡെസ്റ്റിനേഷനായി, അന്താരാഷ്ട്ര ടൂറിസം ഡെസ്റ്റിനേഷനായി പ്രഖ്യാപിക്കുന്നതിനായി പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി മൂന്നാറിൽ ഹരിത കേരള മിഷനുമായി ചേർന്ന് മൗണ്ടൈൻ ലാൻഡ്സ്കേപ്പിനുള്ള പ്രോട്ടോക്കോൾ തയ്യാറാക്കി. മൂന്നാർ മാങ്കുളത്ത് വച്ച് ഗ്ലോബൽ വുമൺ റെസ്പോൺസിബിൾ ടൂറിസം കോൺഫറൻസ് നടത്തി. വിവിധ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സ്ത്രീ സുരക്ഷാ പഠനം നടത്തി. ജെൻഡർ ഓഡിറ്റ് മൂന്നാറിന്റെ ചില പ്രത്യേക കേന്ദ്രങ്ങളിൽ നടത്തിയിട്ടുണ്ട്. ഹോട്ടലുകളിലും റിസോർട്ടുകളിലും നേരെത്തെ തന്നെ റെസ്പോൺസിബിൾ ടൂറിസം മിഷനുമായി ചേർന്ന് പ്ലാസ്റ്റിക് ഫ്രീ ആക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കുകൾ ഒഴിവാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ വഴി സ്ത്രീ സംരംഭകർക്ക് തൊഴിൽ ലഭ്യമാക്കിയതിന്റെ വിശദാംശം അറിയിക്കാമോ?

സമൂഹത്തിലെ തികച്ചും സാധാരണക്കാരായ സ്ത്രീകളെ കൂടുതലായി ടൂറിസം രംഗത്തേക്ക് ആകർഷിച്ചുകൊണ്ട് ടൂറിസം മേഖലയിലെ സ്ത്രീ പങ്കാളിത്തം ഉയർത്തുന്നതിനും തികച്ചും സ്ത്രീ സൗഹാർദ്ദ ടൂറിസം കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിനുമുള്ള വിവിധ അടിസ്ഥാന പ്രവർത്തനങ്ങൾ കെ.ആർ.ടി.എം. സൊസൈറ്റി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി എക്സ്ക്ലൂസീവ് വിമൺ ടൂറുകൾ നടത്തുന്ന വിവിധ യൂണിറ്റുകൾ കെ.ആർ.ടി.എം. സൊസൈറ്റി

രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതുപോലെ സ്ത്രീകൾ നയിക്കുന്ന ഹോംസ്റ്റേകൾ, സ്ത്രീകളുടെ സുവനീർ യൂണിറ്റുകൾ എന്നിങ്ങനെ വിവിധ സ്ത്രീ കേന്ദ്രീകൃത പ്രവർത്തനങ്ങൾ കെ.ആർ.ടി.എം. സൊസൈറ്റി നടത്തി വരുന്നു. സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതിയുമായി ബന്ധപ്പെട്ട് 17631 സ്ത്രീകൾ കെ.ആർ.ടി.എം. സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്യ കഴിഞ്ഞു. വിവിധ പരിശീലനങ്ങൾ നടന്നു. പദ്ധതിയുടെ ഭാഗമായി വിവിധ പരിശീലനങ്ങൾ നടത്തുന്നതിനുവേണ്ടി പരിശീലകരെ തിരഞ്ഞെടുക്കുന്നതിനുള്ള ടെയിനിങ് നടന്നു കഴിഞ്ഞു. കമ്മ്യൂണിറ്റി ടൂർ ലീഡർ, ടൂർ ഓപ്പറേറ്റർ, ഡ്രൈവർമാർ, ഹോംസ്റ്റേകൾ, റെസ്റ്റോറന്റ് എന്നീ മേഖലകളിൽ സംരംഭങ്ങൾ തുടങ്ങാനാകും. ഇവയെല്ലാം ഏകോപിപ്പിച്ച് ഒരു സ്ത്രീ സൗഹാർദ്ദ ടൂറിസം ശൃംഖല രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ചെയ്തുവരുന്നു. കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്തിരിക്കുന്ന ആകെ യൂണിറ്റുകളിൽ 17631 (70 ശതമാനം) യൂണിറ്റുകൾ സ്ത്രീകളുടെ ഉടമസ്ഥതയിലുള്ളതോ സ്ത്രീകൾ നയിക്കുന്നതോ ആണ്.

ടൂറിസം മേഖലയിലെ പദ്ധതികൾ

128 (1368) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ ഏതെല്ലാം പദ്ധതികളാണ് ആരംഭിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജെൻഡർ, ഓൾഡ് ഏജ് ഫ്രണ്ട്ലി ആൻഡ് ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ:-

സ്ത്രീകൾക്കും പ്രായം കുറഞ്ഞവർക്കും അനുയോജ്യമായ വിധത്തിൽ സഞ്ചാര സൗകര്യങ്ങൾ ലഭ്യമാക്കുന്നിടങ്ങൾ, വീൽചെയർ സൗകര്യങ്ങൾ, ലഘുലളിത ഗതാഗത സംവിധാനങ്ങൾ, സുരക്ഷിതമായ പരിസരവും പിന്തുണയുള്ള സേവനങ്ങളും ഉൾപ്പെടുന്നു.

വീ പാർക്ക്

പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്യും പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ് വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൊല്ലത്ത് ഇത്തരത്തിലുള്ള ആദ്യ പദ്ധതി ആരംഭിച്ചു.

റോഡ്സൈഡ്/വേസൈഡ് ടൂറിസം സൗകര്യങ്ങൾ

ഹൈവേകളിലും പ്രധാന റോഡുകളിലും യാത്ര ചെയ്യുന്നവർക്ക് വിശ്രമം, ഉന്മേഷം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പത്തനംതിട്ടയിലെ കുളനട വേസൈഡ് അമിനിറ്റി സെന്ററിന്റെ നവീകരണം പൂർത്തിയായി.

ഡിസൈൻ പോളിസി

വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും സഞ്ചാരി സൗഹൃദമാക്കേണ്ടതും വിനോദസഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്ത് കൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നുവരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗനിർദേശക ചട്ടക്കൂടാണ് രൂപകൽപ്പം നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കി വരുന്നു.

മാസ്റ്റർ പ്ലാൻ

ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം, വർക്കല, കൊല്ലം, ആലപ്പുഴ, മലമ്പുഴ, കുമരകം, കോഴിക്കോട്, തലശ്ശേരി പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

ഡെസ്റ്റിനേഷൻ ചലഞ്ച്

"2026 വർഷത്തോടെ ഒരു പഞ്ചായത്ത്-ഒരു ഡെസ്റ്റിനേഷൻ" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 46 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 12 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

നൈറ്റ് ലൈഫ് ടൂറിസം

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കി. കനകക്കുന്ന് കൊട്ടാര വളപ്പിലും നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്.

മലബാർ ലിറ്ററി സർക്യൂട്ട് ഫേസ് -1

മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം ആദ്യ ഘട്ടം പൂർത്തിയാക്കി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ബയോഡൈവേഴ്സിറ്റി സർക്യൂട്ട്

പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ്

സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

കൃാരിയിങ് കപ്പാസിറ്റി പഠനം

ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു.

ടൂറിസം നിക്ഷേപക സംഗമം

ടൂറിസം നിക്ഷേപക സംഗമം (TIM)-ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16-ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ

നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കാനും സാധ്യമാകുന്നതാണ്.

ഹെലി ടൂറിസം

കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.

ക്രൂയിസ് ടൂറിസം

സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

സീപ്ലെയിൻ പദ്ധതി

സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

കാരവൻ ടൂറിസം

കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 1,05,00,000/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും കാരവൻ പാർക്കുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സിനി ടൂറിസം

കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിങ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കിരീടം പാലം, ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ബേക്കൽ കോട്ടയുടെ പശ്ചാത്തലത്തിൽ സിനി ടൂറിസം നടപ്പിലാക്കുന്നതിന് കോട്ടയുടെ പശ്ചാത്തലത്തിൽ ചിത്രീകരിച്ച ബോംബെ സിനിമയുടെ അണിയറ പ്രവർത്തകരുടെ സംഗമം നടത്തുകയുണ്ടായി.

ഉത്തരവാദിത്ത ടൂറിസം

സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും പാരിസ്ഥിതിക സംരക്ഷണം

അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്ട്രീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളെയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു.എൻ. വിമൺമായി ചേർന്നാണ് നടപ്പാക്കുന്നത്. കേരളത്തിൽ നടന്നുവരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ. വുമൺ-ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ചുനടന്നു.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം 'Ashtamudi Biodiversity and Eco-Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya Global Gateway to

Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderland എന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി, 'തലശ്ശേരി സ്പിരിച്യൽനെക്സസ്' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സ്റ്റാർട്ടപ്പ് ഹബ്ബ്, നെറ്റ് സീറോ ഡെസ്റ്റിനേഷൻ (വയനാട്), ഗ്രീൻ എനർജി ഡെസ്റ്റിനേഷൻ പ്രോത്സാഹിപ്പിക്കുക, സിൽവർ ഇക്കോണമി ടൂറിസം, കൾട്ട് ടൂറിസം, അഡ്വഞ്ചർ അക്കാഡമി തുടങ്ങിയവ.

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.

പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

(ബി) ജില്ല തിരിച്ച് കണക്കുകൾ ലഭ്യമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(സി) ടൂറിസം മേഖലയിൽ പുതുതായി എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് ടൂറിസം മേഖലയിൽ ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ജെൻഡർ, ഓൾഡ് ഏജ് ഫ്രണ്ട്‌ലി ആൻഡ് ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ സ്ത്രീകൾക്കും പ്രായം കുറഞ്ഞവർക്കും അനുയോജ്യമായ വിധത്തിൽ സഞ്ചാര സൗകര്യങ്ങൾ ലഭ്യമാക്കുന്നിടങ്ങൾ, വീൽചെയർ സൗകര്യങ്ങൾ, ലഘുലളിത ഗതാഗത സംവിധാനങ്ങൾ, സുരക്ഷിതമായ പരിസരവും പിന്തുണയുള്ള സേവനങ്ങളും ഉൾപ്പെടുന്നു.

വീ പാർക്ക്

പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവമായ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്. പാലങ്ങളുടെ അടിഭാഗത്ത് പെയിന്റിങ് ചെയ്ത പാർക്കുകൾ, ഇരിപ്പിടങ്ങൾ, കായിക സൗകര്യങ്ങൾ എന്നിവയുൾപ്പെടെ നിരവധി വിനോദ സൗകര്യങ്ങൾ നൽകി സന്ദർശകരെ കൂടുതൽ ആകൃഷ്ടരാക്കിയും തദ്ദേശവാസികളുടെ ഒഴിവുസമയങ്ങൾ ചെലവഴിക്കുന്നതിനുള്ള സൗകര്യം നൽകികൊണ്ട് സാമൂഹിക പങ്കാളിത്തം ഉറപ്പ്

വരുത്തിയുമാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. കൊല്ലത്ത് ഇത്തരത്തിലുള്ള ആദ്യ പദ്ധതി ആരംഭിച്ചു.

റോഡ്സൈഡ് /വേസൈഡ് ടൂറിസം സൗകര്യങ്ങൾ

ഹൈവേകളിലും പ്രധാന റോഡുകളിലും യാത്ര ചെയ്യുന്നവർക്ക് വിശ്രമം, ഉന്മേഷം, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. പത്തനംതിട്ടയിലെ കുളനട വേസൈഡ് അമിനിറ്റി സെന്ററിന്റെ നവീകരണം പൂർത്തിയായി.

ഡിസൈൻ പോളിസി

വിനോദസഞ്ചാരം എന്നത് കാഴ്ചയും അനുഭവവും ഒന്നുചേരുന്നതും നമ്മെ ആഴത്തിൽ സ്പർശിക്കുന്നതുമായ ഒരു പ്രക്രിയയാണ്. നമ്മുടെ നിർമ്മിതികളും പ്രകൃതിയും ചുറ്റുപാടുകളും ആകർഷകമായി നിലനിർത്തേണ്ടതും മനോഹരമായി സൂക്ഷിക്കേണ്ടതും സഞ്ചാരി സൗഹൃദമാക്കേണ്ടതും വിനോദ സഞ്ചാരത്തെ സംബന്ധിച്ച് പരമപ്രധാനമാണ്. ഇവ കണക്കിലെടുത്തുകൊണ്ട് നമുക്ക് ചുറ്റും നല്ല നിർമ്മിതികളും അവയുടെ ചുറ്റുപാടുകളും വളർന്നു വരുന്നതിന് സഹായിക്കുന്നതിനും നിലവിലുള്ള നിർമ്മിതികളെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നതിനുമുള്ള മാർഗനിർദേശക ചട്ടക്കൂടാണ് രൂപകൽപ്പം നയം അഥവാ ഡിസൈൻ പോളിസി. ഡിസൈൻ പോളിസി അനുസരിച്ച് ടൂറിസം കേന്ദ്രങ്ങൾ രൂപപ്പെടുത്തുന്ന പ്രവർത്തനം തുടരുകയാണ്. ഇതിനായി പ്രത്യേക പദ്ധതികൾ തന്നെ നടപ്പിലാക്കി വരുന്നു.

മാസ്റ്റർ പ്ലാൻ

ടൂറിസം കേന്ദ്രങ്ങളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനായി സമഗ്രവും സുസ്ഥിരവും പ്രകൃതി സൗഹൃദപരവുമായ വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 13 മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. കോവളം, വർക്കല, കൊല്ലം, ആലപ്പുഴ, മലമ്പുഴ, കുമരകം, കോഴിക്കോട്, തലശ്ശേരി പോലുള്ള പ്രധാന ടൂറിസം കേന്ദ്രങ്ങളുടെ വികസനത്തിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നു.

ഡെസ്റ്റിനേഷൻ ചലഞ്ച്

"2026 വർഷത്തോടെ ഒരു പഞ്ചായത്ത്-ഒരു ഡെസ്റ്റിനേഷൻ" എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് പ്രോഗ്രാം ഇതുവരെ 46 പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. 12 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. അടുത്ത സാമ്പത്തിക വർഷത്തിൽ കൂടുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

നൈറ്റ് ലൈഫ് ടൂറിസം

സംസ്ഥാനത്ത് വിദേശ, ആഭ്യന്തര വിനോദസഞ്ചാരികൾക്കായി നൈറ്റ് ലൈഫ് ടൂറിസം ആരംഭിച്ചു. തിരുവനന്തപുരം മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് പദ്ധതി നടപ്പിലാക്കി. കനകക്കുന്ന് കൊട്ടാര വളപ്പിലും നൈറ്റ് ലൈഫ് ടൂറിസം പദ്ധതിക്കുള്ള അടിസ്ഥാന സൗകര്യം ഒരുക്കിയിട്ടുണ്ട്.

മലബാർ ലിറ്ററി സർക്യൂട്ട് ഫേസ്-1

മലയാളത്തിലെ പ്രതിഭാശാലികളായ എഴുത്തുകാരായ തുഞ്ചത്ത് എഴുത്തച്ഛൻ, വൈക്കം മുഹമ്മദ് ബഷീർ, ഒ. വി. വിജയൻ, എം. ടി. വാസുദേവൻ നായർ തുടങ്ങിയ എഴുത്തുകാരുമായും മലബാറിലെ സാംസ്കാരിക പ്രവർത്തനങ്ങളുമായും അഭേദ്യമായി ബന്ധമുള്ള സ്ഥലങ്ങൾ ഉൾപ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ സ്മാരകം നിർമ്മാണം ആദ്യ ഘട്ടം പൂർത്തിയാക്കി. പദ്ധതിയുടെ ഒന്നാംഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ബയോഡൈവേഴ്സിറ്റി സർക്യൂട്ട്

പാരിസ്ഥിതിക സംരക്ഷണവും പരിസ്ഥിതി ടൂറിസവും ലക്ഷ്യമിട്ട് ബയോഡൈവേഴ്സിറ്റി സർക്യൂട്ടിന് രൂപം നൽകുകയാണ്. കൊല്ലം ജില്ലയിലെ അഷ്ടമുടി കേന്ദ്രീകരിച്ച് രൂപം നൽകിയ പദ്ധതി പുരോഗമിക്കുന്നു.

ബേപ്പൂർ ഇന്റർനാഷണൽ വാട്ടർ ഫെസ്റ്റ്

സാഹസിക ജല കായിക മത്സരങ്ങളുടെ ഭൂപടത്തിൽ കേരളത്തിന് ഇടം നേടിക്കൊടുത്ത ബേപ്പൂർ ഇന്റർനാഷണൽ വാട്ടർഫെസ്റ്റ് നടത്തിവരുന്നു. ആഗോള ടൂറിസം രംഗത്ത് ബേപ്പൂർ ഫെസ്റ്റ് ഇതിനകം ജനപ്രീതി നേടിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൂടുതൽ വിദേശസഞ്ചാരികൾ വരും വർഷങ്ങളിൽ കേരളത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്നു.

കൃാരിയിങ് കപ്പാസിറ്റി പഠനം

ടൂറിസം ഡെസ്റ്റിനേഷനുകളിൽ വാഹക ശേഷി പഠനം അത്യാവശ്യമാണ്. പരിസ്ഥിതി, സമ്പദ്‌വ്യവസ്ഥ, പ്രാദേശിക സമൂഹം എന്നിവയിൽ കാര്യമായ പ്രതികൂല പ്രത്യാഘാതങ്ങൾ ഉണ്ടാക്കാതെ ഒരു ലക്ഷ്യസ്ഥാനത്തിന് ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി സന്ദർശകരുടെ എണ്ണം നിർണ്ണയിക്കാൻ ഇത് സഹായിക്കുന്നു.

ടൂറിസം നിക്ഷേപക സംഗമം

ടൂറിസം നിക്ഷേപക സംഗമം (TIM)-ന്റെ ആദ്യ പതിപ്പ് 2023 നവംബർ 16-ന് തിരുവനന്തപുരത്ത് വച്ച് നടന്നു. ടൂറിസം നിക്ഷേപക സംഗമം വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും നൂതന ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യാനും അതുവഴി സുസ്ഥിരമായ വികസനം ഉറപ്പാക്കാനും സാധ്യമാകുന്നതാണ്.

ഹെലി ടൂറിസം

കേരളത്തിന്റെ മനോഹാരിത ആസ്വദിക്കുന്നതിന് വഴിയൊരുക്കുന്ന ഹെലി ടൂറിസം പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനായി ഹെലിടൂറിസം നയത്തിന് മന്ത്രിസഭായോഗം അനുമതി നൽകിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ സമയത്തിനുള്ളിൽത്തന്നെ വിവിധ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്ക് എത്തുന്നതിന് സാധ്യമാകുന്ന വിധത്തിൽ പ്രസ്തുത കേന്ദ്രങ്ങളെ വായുമാർഗേന ബന്ധിപ്പിക്കുന്നതിനും ഇതുവഴിയുള്ള ഹെലികോപ്റ്റർ സേവനങ്ങൾ ലഭ്യമാക്കുന്നതിനുമുള്ള ഒരു പദ്ധതിയാണ് ഹെലിടൂറിസം പദ്ധതി.

ക്രൂയിസ് ടൂറിസം

സംസ്ഥാനത്തെ വിവിധ തുറമുഖങ്ങൾ കേന്ദ്രീകരിച്ച് ക്രൂയിസ് ടൂറിസം പദ്ധതിക്ക് രൂപം നൽകി വരികയാണ്. ടൂറിസം മേഖലയിൽ ക്രൂയിസുകളെ പ്രോത്സാഹിപ്പിക്കുന്ന നയമാണ് നടപ്പാക്കുന്നത്.

സീപ്ലെയിൻ പദ്ധതി

സംസ്ഥാനത്തെ ടൂറിസം മേഖലയ്ക്ക് കുതിപ്പ് നൽകുന്നതിന് സീപ്ലെയിൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി പരീക്ഷണ പറക്കൽ വിജയകരമായി നടത്തി. ആദ്യഘട്ടം എന്ന നിലയിൽ ഡാമുകൾ കേന്ദ്രീകരിച്ചാണ് സീപ്ലെയിൻ ടൂറിസം വിഭാവനം ചെയ്യുന്നത്.

കാരവൻ ടൂറിസം

കാരവൻ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിനായി 1,05,00,000/- കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോവിഡാനന്തരം സുരക്ഷിത ടൂറിസം സാധ്യതകൾ ഉപയോഗപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് കാരവൻ ടൂറിസം ആരംഭിച്ചത്. സംസ്ഥാനത്ത് ഇതിനകം 14 കാരവനുകൾ വിനോദ സഞ്ചാരികൾക്കായി സർവീസ് തുടങ്ങുകയും കാരവൻ പാർക്കുകൾ കമ്മീഷൻ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സിനി ടൂറിസം

കേരളത്തിൽ ചിത്രീകരിച്ച പ്രസിദ്ധങ്ങളായ സിനിമകളുടെ ഷൂട്ടിങ് ലൊക്കേഷനുകൾ ടൂറിസം കേന്ദ്രങ്ങളായി വികസിപ്പിച്ച് ഈ സിനിമകളിലെ കഥാപാത്രങ്ങളും സന്ദർഭങ്ങളും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. സിനി ടൂറിസത്തിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കിരീടം പാലം, ടൂറിസം കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പദ്ധതി ആരംഭിച്ചു. ബേക്കൽ കോട്ടയുടെ പശ്ചാത്തലത്തിൽ സിനി ടൂറിസം നടപ്പിലാക്കുന്നതിന് കോട്ടയുടെ പശ്ചാത്തലത്തിൽ ചിത്രീകരിച്ച ബോംബെ സിനിമയുടെ അണിയറ പ്രവർത്തകരുടെ സംഗമം നടത്തുകയുണ്ടായി.

ഉത്തരവാദിത്ത ടൂറിസം

സുസ്ഥിര ടൂറിസം വികസനം സാധ്യമാക്കുന്നതിനായി കേരളത്തിൽ നടപ്പാക്കി വരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ പ്രാദേശിക ജനതയുടെ സാമ്പത്തിക, സാമൂഹിക ആവശ്യങ്ങളെ അഭിസംബോധന ചെയ്യുന്നതും പാരിസ്ഥിതിക സംരക്ഷണം അടിസ്ഥാനമാക്കിയുള്ളതുമാണ്. കേരള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി വഴി ഈ പദ്ധതി നടപ്പാക്കി വരുന്നു. ഉത്തരവാദിത്ത ടൂറിസത്തിന്റെ ഭാഗമായി സ്റ്റീറ്റ് പദ്ധതി, മാതൃകാ ഉത്തരവാദിത്ത ടൂറിസം പദ്ധതി, സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി, അഗ്രി ടൂറിസം നെറ്റ് വർക്ക് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എക്സ്പീരിയൻഷ്യൽ ടൂറിസത്തിന് പ്രാധാന്യം നൽകുന്ന പദ്ധതികൾ വിദേശ സഞ്ചാരികളെയും ആകർഷിക്കുന്നവയാണ്. 'സ്ത്രീ സൗഹാർദ്ദ ടൂറിസം' എന്ന പദ്ധതി കേരളത്തെ സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര കേന്ദ്രമാക്കുക എന്ന ലക്ഷ്യത്തോടെ യു.എൻ. വിമൺമായി ചേർന്നാണ് നടപ്പാക്കുന്നത്.

കേരളത്തിൽ നടന്ന് വരുന്ന സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര പദ്ധതി ആഗോള മാതൃകയായി മാറിക്കഴിഞ്ഞു. സ്ത്രീ സൗഹൃദ വിനോദ സഞ്ചാര പ്രവർത്തനങ്ങൾ ലോക ശ്രദ്ധയിൽ എത്തിക്കുന്നതിന് യു.എൻ. വുമൺ-ന്റെ കൂടി പങ്കാളിത്തത്തോടെ ആദ്യ ഗ്ലോബൽ വിമൺ കോൺഫറൻസ് ഓൺ റെസ്പോൺസിബിൾ & ജെൻഡർ ഇൻക്ലൂസീവ് ടൂറിസം 2024 നവംബർ 30, ഡിസംബർ 1, 2 തീയതികളിലായി കേരളത്തിലെ അന്താരാഷ്ട്ര ടൂറിസം കേന്ദ്രമായ മൂന്നാറിൽ വച്ച് നടന്നു.

അഡ്വഞ്ചർ ടൂറിസം, പൈതൃക ടൂറിസം എന്നിവയിൽ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരുമായി ചേർന്ന് Special Assistance to States for Capital Investment (SASCI) സ്കീമിൽ ഉൾപ്പെടുത്തി കൊല്ലം 'Ashtamudi Biodiversity and Eco-Recreational Hub Kollam' കൂടാതെ കോഴിക്കോട് ജില്ലയിൽ 'Sargalaya Global Gateway to Malabar Cultural Crucible, എന്നീ പദ്ധതിയും കേന്ദ്ര സ്വദേശ് ദർശൻ 2.0 Enhancement of Tourist Experience at Malampuzha Garden & Leisure Park, Alappuzha A Global Water Wonderland എന്ന പദ്ധതിയും ഉപപദ്ധതിയായ Challenge Based Destination Development-ൽ ഉൾപ്പെടുത്തി 'വർക്കല ദക്ഷിൻ കാശി, 'തലശ്ശേരി സ്പിരിച്യൽനെക്സസ്' എന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

കൂടാതെ വിനോദസഞ്ചാര മേഖലയിൽ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

സ്റ്റാർട്ടപ്പ് ഹബ്ബ്, നെറ്റ് സീറോ ഡെസ്റ്റിനേഷൻ (വയനാട്), ഗ്രീൻ എനർജി ഡെസ്റ്റിനേഷൻ പ്രോത്സാഹിപ്പിക്കുക, സിൽവർ ഇക്കോണമി ടൂറിസം, കൾട്ട് ടൂറിസം, അഡ്വഞ്ചർ അക്കാഡമി തുടങ്ങിയവ.

സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതുകൂടാതെ സോഷ്യൽ മീഡിയയുടെ പ്രയോജനം സംസ്ഥാനത്തെ ടൂറിസം വികസനത്തിന് ഉപയോഗിക്കുന്നതിനാവശ്യമായ നിരവധി നൂതനമായ പദ്ധതികൾക്കും ടൂറിസം വകുപ്പ് രൂപം നൽകി നടപ്പാക്കിവരുന്നു.

പാരാഗ്ലൈഡിങ്, സർഫിങ്, മൗണ്ടൻ സൈക്ലിങ്, വൈറ്റ് വാട്ടർ കയാക്കിങ് തുടങ്ങിയ സാഹസിക വിനോദങ്ങളിൽ വിവിധ മത്സരങ്ങൾ നടത്തുകയും കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കി വരികയും ചെയ്യുന്നു.

ജൈവ വൈവിധ്യ സർക്യൂട്ട് പദ്ധതിയുടെ പുരോഗതി

129 (1369) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രതിപാദിച്ച ജൈവ വൈവിധ്യ സർക്യൂട്ടിന്റെ ഭാഗമായി പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി പുനലൂർ നിയോജകമണ്ഡലത്തിലെ ഏതൊക്കെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണമാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്തി മണ്ഡലത്തിലെ വിവിധ വിനോദസഞ്ചാര മേഖലകളിൽ നടപ്പാക്കിയ പ്രവൃത്തികൾ, ഇനി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ, ആയതിനായി സ്വീകരിച്ച നടപടികൾ എന്നിവ വിശദമാക്കാമോ;

(ഡി) പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ-ഡി) 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ പ്രതിപാദിച്ച ജൈവ വൈവിധ്യ സർക്യൂട്ടിന്റെ ഭാഗമായി പുനലൂർ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ ഉൾപ്പെടുത്താനാണ് തീരുമാനിച്ചിട്ടുള്ളത്. മലമേൽ പാറ, തെന്മല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നവീകരണമാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പദ്ധതിയുടെ ഡി.പി.ആർ. അന്തിമ ഘട്ടത്തിലാണ്.

ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങൾ

130 (1370) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസന പ്രവൃത്തികൾക്കായി ടൂറിസം വകുപ്പിന്റെ നിർവഹണ ചുമതലയിൽ 2025-26 വർഷത്തെ

ബജറ്റിൽ അനുവദിച്ചിട്ടുള്ള തുക വിനിയോഗിച്ച് നടപ്പിലാക്കേണ്ട തുടർപ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

2025-26 വർഷത്തെ ബജറ്റിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വികസനത്തിനായി മൂന്നു പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. ആദിച്ചനല്ലൂർ ചിറ ടൂറിസം പദ്ധതി – 1.5 കോടി രൂപയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. ഭരണാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പരവൂർ പൊഴിക്കര ടൂറിസം പദ്ധതി - പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

3. കല്ലുവാതുക്കൽ പാറ ടൂറിസം പദ്ധതി- 07-08-2025-ൽ ബഹുമാനപ്പെട്ട MLA-യുടെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഈ പദ്ധതി റദ്ദാക്കാൻ തീരുമാനിച്ചു.

(ബി) പരവൂർ പൊഴിക്കര ടൂറിസം പദ്ധതിയുടെ ഭാഗമായി വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നത് സംബന്ധിച്ച വർക്ക് ഓർഡർ, മുൻകൂർ തുക എന്നീ കാര്യങ്ങൾക്കായി നിലവിൽ സ്വീകരിച്ചിട്ടുള്ള തീരുമാനങ്ങൾ എന്തൊക്കെയാണെന്നും ഇതിൽ നേരിടുന്ന കാലതാമസത്തിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ?

പരവൂർ പൊഴിക്കര ടൂറിസം പദ്ധതിയുടെ ഭാഗമായി വാച്ച് ടവർ നിർമ്മിക്കുന്നതിനുള്ള സ്ട്രക്ചറൽ ഡിസൈൻ തയ്യാറാക്കുന്നതിന് ഇറിഗേഷൻ വകുപ്പിനെ ചുമതലപ്പെടുത്താൻ

തീരുമാനിക്കുകയും പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി ലഭ്യമാക്കി മുൻകൂർ തുക നൽകാൻ നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു.

ലൈഫ് ഗാർഡുകളുടെ വേതന വർദ്ധനവ്

131 (1371) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകളുടെ വേതന വർധനവിനും തൊഴിൽ സുരക്ഷിതത്വം ഉറപ്പാക്കാനും നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

വിനോദസഞ്ചാര വകുപ്പിന് കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ ജോലിചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് സർക്കാർ അതത് കാലങ്ങളിൽ നിശ്ചയിക്കുന്ന ദിവസവേതനമാണ് അനുവദിക്കുന്നത്. നിലവിൽ 19-04-2025-ലെ സ.ഉ.(അച്ചടി)നം.54/2025/ധന പ്രകാരം സർക്കാർ പരിഷ്കരിച്ച് നൽകിയ നിരക്കിലാണ് (770 രൂപ) വേതനം നൽകിവരുന്നത്. കൂടാതെ 100 രൂപ റിസ്ക് അലവൻസും നൽകുന്നു.

09-03-2024 ലെ സ.ഉ.(സാധാ)നം.146/2024/ടൂറിസം പ്രകാരം വിനോദ സഞ്ചാര വകുപ്പിന് കീഴിൽ ജോലി ചെയ്യുന്ന ലൈഫ് ഗാർഡുകൾക്ക് സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഗ്രൂപ്പ് പേഴ്സണൽ ആക്സിഡെന്റ് ഇൻഷ്വറൻസ് പരിരക്ഷ നടപ്പാക്കിയിട്ടുണ്ട്.

ടൂറിസം വകുപ്പിന്റെ കുറ്റ്യാടി നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ

132 (1372) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മെയ് മാസം മുതൽ ഇതുവരെയായി ടൂറിസം വകുപ്പിന്റെ നേതൃത്വത്തിൽ നടത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്ന് പ്രവൃത്തിയുടെ പേരും അടങ്കൽ തുക സഹിതവും വിശദമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി+ ചേർക്കുന്നു.

(ബി) കുറ്റ്യാടി പൈതൃകപാത ടൂറിസം പദ്ധതിക്ക് സമർപ്പിച്ച റിപ്പോർട്ടിന് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ?

2025-26 ബജറ്റ് ചർച്ചയ്ക്കുള്ള മറുപടിയിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കുറ്റ്യാടി പൈതൃക പാത ടൂറിസം പദ്ധതിക്ക് 2 കോടി രൂപ അനുവദിക്കുമെന്ന് നിയമസഭയിൽ പ്രഖ്യാപിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ തയ്യാറാക്കി സമർപ്പിച്ച പദ്ധതി പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

വർക്കല ഫ്ലോട്ടിങ് ബ്രിഡ്ജ്

133 (1373) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് പദ്ധതിയുടെ വിശദാംശവും ഇതുസംബന്ധിച്ച കരാർ വിവരങ്ങളും ലഭ്യമാക്കാമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) വർക്കല ബീച്ചിലെ ഫ്ലോട്ടിങ് ബ്രിഡ്ജ് നിലവിൽ പ്രവർത്തനരഹിതമാണോ; എങ്കിൽ ഇത് കരാറിലെ വീഴ്ചയാണോ എന്നുള്ളത് വ്യക്തമാക്കാമോ; കരാർ വ്യവസ്ഥകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയ സ്ഥാപനത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

(എ-സി) ജലാധിഷ്ഠിത സാഹസിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഗ്രണനിലവാര ചെലവ് അടിസ്ഥാനമാക്കിയുള്ള തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ ഡി.ടി.പി.സി., തിരുവനന്തപുരം 'ജോയ് വാട്ടർ സ്പോർട്സ്' എന്ന ഏജൻസിയെ തിരഞ്ഞെടുത്തിരുന്നു. പദ്ധതിയുടെ നിർമ്മാണം, നടത്തിപ്പ്, പരിപാലനം എന്നിവ സംബന്ധിച്ച മുഴുവൻ ചെലവുകളും ഏജൻസി തന്നെ വഹിക്കണമെന്ന വ്യവസ്ഥയിലാണ് വർക്കലയിൽ ഫ്ലോട്ടിങ് ബ്രിഡ്ജ് ആരംഭിക്കുന്നതിനായി തിരുവനന്തപുരം ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലും (DTPC) ജോയ് വാട്ടർ സ്പോർട്സും തമ്മിൽ 23-11-2023-ന് കരാർ ഒപ്പുവച്ചത്. പ്രസ്തുത കരാറിന്റെ പകർപ്പ് അനുബന്ധമായി+ ചേർക്കുന്നു.

കരാർ പ്രകാരം വാർഷിക ലൈസൻസ് ഫീസ് പ്രതിവർഷം ₹8,40,000/- ആയി നിശ്ചയിച്ചിരുന്നതും കരാർ പുതുക്കുന്ന അവസരങ്ങളിൽ പ്രസ്തുത ഫീസിന് പ്രതിവർഷം 5 ശതമാനം വർധനവ് ഏർപ്പെടുത്തുന്നതുമായിരുന്നു. ഫ്ലോട്ടിങ് ബ്രിഡ്ജ് 25-12-2023-ന് പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി തയ്യാറാക്കിയ കരട് സുരക്ഷാ മാർഗരേഖകൾ അനുസരിച്ചാണ് ഫ്ലോട്ടിങ് ബ്രിഡ്ജിന്റെ നിർമ്മാണം നടത്തിയതെന്ന് ഡി.ടി.പി.സി. അറിയിച്ചിട്ടുണ്ട്.

കടലിലുണ്ടായ ശക്തമായ തിരമാലകളുടെ ആഘാതത്തിൽ ഫ്ലോട്ടിങ് ബ്രിഡ്ജിന് തകരാർ സംഭവിച്ചതിനെ തുടർന്ന് പ്രവർത്തനം നിർത്തിവച്ചിരുന്നു.

നിലവിൽ ഫ്ലോട്ടിങ് ബ്രിഡ്ജിന്റെ പ്രവർത്തനം നിർത്തിവച്ചിരിക്കുകയാണ്.

അഡ്വെഞ്ചർ ആക്ടിവിറ്റി പ്രൊവൈഡർ സർട്ടിഫിക്കറ്റ്

134 (1374) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വട്ടിയൂർക്കാവ് യൂത്ത് ബ്രിഗേഡ് സൊസൈറ്റിയെ കേരള ടൂറിസം വകുപ്പ് അഡ്വെഞ്ചർ ആക്ടിവിറ്റി പ്രൊവൈഡർ എന്ന നിലക്ക് അംഗീകരിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടി സംബന്ധിച്ച നോട്ട് ഫയൽ, കറന്റ് ഫയൽ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) ഉണ്ട്. ഓൺലൈൻ പോർട്ടൽ മുഖേനയാണ് രജിസ്ട്രേഷൻ അനുവദിച്ചത്. ഓൺലൈൻ രേഖകളുടെ പകർപ്പ് അനുബന്ധമായി+ ചേർത്തിരിക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

135 (1375) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പിന് കീഴിൽ നടപ്പിലാക്കിയതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ ടൂറിസം വകുപ്പ് പദ്ധതികൾ

136 (1376) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികളിലൂടെ ടൂറിസം മേഖലയ്ക്കുണ്ടായ നേട്ടങ്ങൾ വിശദമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി നടപ്പിലാക്കിയതും തുടരുന്നതുമായ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പൊസാടി ഗുമ്പെ ഹിൽസ്

മഞ്ചേശ്വരം താലൂക്കിലെ പൊസാടി ഗുമ്പെ ഹിൽസ് സമഗ്രമായ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിനായി 1.11 കോടി രൂപ കാസർഗോഡ് വികസന പാക്കേജിൽ അനുവദിച്ചിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രമാണ് നിർമ്മാണം ഏറ്റെടുത്തിരിക്കുന്നത്. 50 ശതമാനം പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്.

കണ്വതീർത്ഥ ബീച്ച് ടൂറിസം പദ്ധതി

കാസർഗോഡ് വികസന പാക്കേജിന്റെ ഭാഗമായി കണ്വതീർത്ഥ ബീച്ചിനെ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിന് 1.11 കോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. ജില്ലാ നിർമ്മിതി കേന്ദ്രം മുഖേന പ്രവൃത്തി ആരംഭിച്ചിരുന്നെങ്കിലും 2025-ലെ അതിശക്തമായ കടലേറ്റം കാരണം പദ്ധതി ഘടകങ്ങൾ നശിച്ചുപോയിരുന്നു. തുടർന്ന് പി.പി.പി. മാതൃകയിൽ നടത്തിപ്പിനും പരിപാലനത്തിനും ടെൻഡർ നടപടികൾ സ്വീകരിക്കുന്നു.

ഈ പദ്ധതികൾ ടൂറിസം മേഖലയുടെ വളർച്ചയ്ക്ക് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. പ്രാദേശിക ടൂറിസത്തെ ശക്തിപ്പെടുത്തുന്നതിനോടൊപ്പം കൂടുതൽ സഞ്ചാരികളെ ആകർഷിക്കുന്നതിന് പദ്ധതികൾ ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ ബീച്ച് കോറിഡോർ പദ്ധതി

137 (1377) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ ടൂറിസം വികസനത്തിനായി ആവിഷ്കരിച്ചതും 26-07-2025-ന് 2,98,46,600 രൂപയ്ക്ക് ഭരണാനുമതി ലഭിച്ചതുമായ ബീച്ച് കോറിഡോർ പദ്ധതി ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ;

(ബി) 12-09-2025-ലെ ടൂറിസം വകുപ്പ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ടൂറിസം ഡയറക്ടറും നിർവഹണ ഏജൻസിയായ കേരള ഇലക്ട്രിക്കൽ & എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡും പതിനാല് ദിവസത്തിനുള്ളിൽ കരാറിലേർപ്പെടണമെന്നും ഏഴ് മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കണമെന്നും നിഷ്കർഷയുണ്ടായിട്ടും ഭരണാനുമതി ലഭിച്ച് നാല് മാസം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിന് കാരണം വിശദമാക്കാമോ?

(എ&ബി) 26-07-2025-ലെ GO (Rt) No. 462/2025/TSM നമ്പർ പ്രകാരം 2,96,46,600/- രൂപയുടെ ഭരണാനുമതി ലഭിച്ച പദ്ധതിയാണ് 'വൈപ്പിൻ ബീച്ച് കോറിഡോർ'. തുടർന്ന് ടെൻഡർ നടപടികൾ പൂർത്തീകരിച്ച് സെപ്റ്റംബർ മാസം വർക്ക് ഓർഡർ നൽകുകയും ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതുമാണ്.

സൈറ്റ് കണ്ടീഷൻ അനുസരിച്ചുള്ള മാറ്റങ്ങൾ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തേണ്ടതായി വന്നിരുന്നു. ടി എസ്റ്റിമേറ്റിൽ സാങ്കേതികാനുമതി നൽകുന്നത് ഏജൻസിയായ കേരള

ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനീയറിങ് കമ്പനി ലിമിറ്റഡ് (KEL)-ന്റെ സാങ്കേതിക അനുമതി കമ്മിറ്റിയാണ്. നിലവിൽ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി കമ്മിറ്റിയുടെ പരിഗണനയിലാണ്. ആയത് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വർഷങ്ങൾക്ക് മുൻപ് ആവിഷ്കരിക്കപ്പെട്ട പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

കരാർ കാലവധി മുതൽ 7 മാസത്തിനുള്ളിൽ പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട്

138 (1378) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ടെൻഡർ നടപടികൾ ആരംഭിക്കുന്നതിന് സഹായകരമായ തുടർനടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ജില്ലയിലെ വിവിധ ടൂറിസം ഡെസ്റ്റിനേഷനുകളെ തമ്മിൽ ബന്ധിപ്പിച്ച് കൊണ്ടുള്ള ബയോഡൈവേഴ്സിറ്റി ടൂറിസം സർക്യൂട്ട് പദ്ധതിയുടെ ആദ്യഘട്ട പ്രവൃത്തിയിലെ ഒരു ഘടകമായ മുട്ടറ മരുതിമലയുടെ സാങ്കേതികാനുമതി ലഭിച്ചിട്ടുണ്ട്. ബാക്കി ഘടകങ്ങൾ മറ്റ്

പദ്ധതിയിൽ ഉൾപ്പെടുത്തി നിർവഹിച്ചതിനാൽ ആയതിലെ സേവിങ്സ് തുക ഉപയോഗിച്ച് മുട്ടറ മരുതി മലയിൽ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരുന്ന ഘടകങ്ങളും തെന്മല കാരവൻ പാർക്കിങ് അനുബന്ധ പ്രവൃത്തികളും ഒരുക്കുന്ന രീതിയിൽ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

കായംകുളം കായലോര ടൂറിസം പദ്ധതി

139 (1379) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ഏറ്റെടുത്ത കായംകുളം കായലോര ടൂറിസം പദ്ധതികളുടെ നടത്തിപ്പിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ഡി.റ്റി.പി.സി. ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കായംകുളം കായലോര ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് കായംകുളം ടെർമിനൽ ആൻഡ് ലേക്ക് പാർക്കിൽ സംരക്ഷണ വേലി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കായംകുളം ലേക്ക് പാർക്ക് പ്രവർത്തനക്ഷമമാക്കുന്നതിന് 21-10-2025, 01-11-2025 തീയതികളിലായി രണ്ട് തവണ താൽപര്യപത്രം ക്ഷണിച്ചിട്ടും താൽപര്യപത്ര നടപടികളിൽ പങ്കെടുത്ത ആരും യോഗ്യത നേടിയിട്ടില്ലാത്തതിനാൽ 05-02-2026-ലേക്ക് വീണ്ടും താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഇതിന്റെ ഉടമസ്ഥതാവകാശവുമായി ബന്ധപ്പെട്ട എന്തെങ്കിലും തർക്കങ്ങൾ നിലവിലുണ്ടോ; എങ്കിൽ വിശദമാക്കാമോ?

ഉടമസ്ഥാവകാശവുമായി ബന്ധപ്പെട്ട് തർക്കങ്ങൾ നിലവിലില്ല.

മലമ്പുഴ നിയോജകമണ്ഡലത്തിലെ ടൂറിസം വികസന പ്രവർത്തനങ്ങൾ

140 (1380) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ടൂറിസം വകുപ്പ് മുഖാന്തരം മലമ്പുഴ നിയോജകമണ്ഡലത്തിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും അടങ്കൽ തുകയും നിലവിലെ പുരോഗതിയും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്ന പദ്ധതി

141 (1381) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളം നിയോജകമണ്ഡലത്തിലെ വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; വിശദാംശം നൽകാമോ?

ഫുഡ് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന ടൂറിസം വകുപ്പ് ആവിഷ്കരിച്ച പദ്ധതിയാണ് വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് പദ്ധതി. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള ഫുഡ് സ്ട്രീറ്റ് പദ്ധതി ഇരു വകുപ്പുകളും ചേർന്നാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പിലാക്കിയത്. പാലത്തിന്റെ നിലവിലുള്ള അവസ്ഥ പരിശോധിക്കുന്നതിന് PWD, KHRI-യെ ചുമതലപ്പെടുത്തുകയും പരിശോധന നടത്തി റിപ്പോർട്ട് നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ബലപ്പെടുത്തൽ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണികൾക്കും പൊതുമരാമത്ത് വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ഫുഡ് സ്ട്രീറ്റ് പദ്ധതിയിലേക്ക് കടക്കാനാകും. വെണ്ടുരുത്തി പഴയപാലം ഫുഡ് സ്ട്രീറ്റ് ആക്കുന്നതിനായുള്ള പദ്ധതിക്ക് 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപ്പെടുത്താൻ കൂടുതൽ നടപടി

142 (1382) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ അഭിമാനമായ കുട്ടനാടൻ കായൽ ടൂറിസം അഭിവൃദ്ധിപ്പെടുത്താൻ കൂടുതൽ നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കുട്ടനാടൻ-അപ്പർ കുട്ടനാടൻ മേഖലയിൽ ടൂറിസം വികസനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കായൽ ടൂറിസത്തെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) ഹൗസ് ബോട്ടുകളിലെ ശുചിമുറിമാലിന്യം ശാസ്ത്രീയമായി സംസ്കരിക്കുന്നതിന് എന്തൊക്കെ നൂതന നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

കായൽ ടൂറിസം നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നാണ് ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യ സംസ്കരണം. ദൈനംദിനം വർദ്ധിച്ച് വരുന്ന ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യം സംസ്കരിക്കുന്നതിന് H ബ്ലോക്കിലെയും വട്ടക്കായലിലെയും STP പ്ലാന്റുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ടൂറിസം വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു.

വട്ടക്കായലിൽ 100 KLD കപ്പാസിറ്റി വരുന്ന പുതിയ STP നിർമ്മിക്കുന്നതിനുള്ള DSR 2021 റേറ്റ് അനുസരിച്ച് Kerala Water Authority തയ്യാറാക്കിയ 7 കോടി 33 ലക്ഷം രൂപ വരുന്ന വിശദമായ എസ്റ്റിമേറ്റ്, DPR എന്നിവ പരിശോധിച്ചുവരുന്നു.

ഇരുമ്പനം പാടശേഖരത്ത് വിഭാവനം ചെയ്തിരിക്കുന്ന സ്വകാര്യ STP-ക്ക് അംഗീകാരം നൽകുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. ആലപ്പുഴ ജില്ലയിൽ കണ്ടെയ്നർ മോഡൽ മൊബൈൽ STP നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 07-10-2025-ന് നടന്ന ജില്ലാ ശുചിത്വ മിഷൻ സ്റ്റേറ്റ് ലെവൽ TS കമ്മിറ്റി മീറ്റിങ്ങിൽ കൈക്കൊണ്ട തീരുമാനപ്രകാരം ഭൗമ എൻവിറോടെക് സമർപ്പിച്ച മാറ്റങ്ങൾ വരുത്തിയ 50 KLD കപ്പാസിറ്റി വരുന്ന STP-യുടെ DPR തുടർനടപടികൾക്കായി ജില്ലാ ശുചിത്വ മിഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

ആലപ്പുഴ ജില്ലയിലെ ഹൗസ് ബോട്ടുകളിൽ നിന്നുള്ള ശുചിമുറി മാലിന്യം ശേഖരിച്ച് STP-യിൽ കൊണ്ട് പോയി നിർമ്മാർജ്ജനം ചെയ്യുന്നതിന് DTPC-ക്ക് സ്വന്തമായി 15 m3 കപ്പാസിറ്റി വരുന്ന ഒരു ബാർജ് സംവിധാനം നടപ്പിലാക്കുന്നതിന് 19-05-2025-ന് 97,29,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 19-07-2025-ന് M/s KSINC-യ്ക്ക് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. ടൂറിസം വകുപ്പ് 10-10-2025-ന് ഏജൻസിയുമായി മാസ്റ്റർ എഗ്രിമെന്റ്

ഒപ്പിട്ടിട്ടുള്ളതും 05-12-2025-ന് മൊബിലൈസേഷൻ അഡ്വാൻസ് ഓർഡർ നൽകിയിട്ടുള്ളതുമാണ്. M/s KSINC മുഖേന തുടർ നടപടികൾ പുരോഗമിക്കുന്നു.

കാസർഗോഡ് ജില്ലയിലെ ടൂറിസം പദ്ധതികൾ

143 (1383) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. (ബേക്കൽ റിസോർട്ട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്)-യുടെ നേതൃത്വത്തിൽ കൂടുതൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ?

കാസർഗോഡ് ജില്ലയിലെ തീരപ്രദേശ പഞ്ചായത്തുകളായ അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട് എന്നിവ ഉൾപ്പെടുന്ന ബേക്കൽ സ്പെഷ്യൽ ടൂറിസം ഏരിയ കേന്ദ്രീകരിച്ചാണ് ബി.ആർ.ഡി.സി. വഴി ബേക്കൽ പദ്ധതി നടപ്പിലാക്കി വരുന്നത്. ബി.ആർ.ഡി.സി. വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ചെമ്പരിക്കയിലെ റിസോർട്ട് സൈറ്റിൽ റിസോർട്ട് നിർമ്മാണം, അജാനൂർ പഞ്ചായത്തിലെ കൊളവയലിൽ റിസോർട്ട് സൈറ്റ് പാട്ടകരാർ വ്യവസ്ഥയിൽ നൽകുന്നതിനായി ടെൻഡർ ക്ഷണിച്ചു, ബേക്കലിൽ ബി.ആർ.ഡി.സി.-ക്ക് ഹെൽത്ത് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിച്ച സ്ഥലം ടൂറിസം പദ്ധതിക്കായി സജ്ജമാക്കുന്നു, പള്ളിക്കരയിൽ ബേക്കൽ ടൂറിസം സെന്റർ പദ്ധതി നടപ്പിലാക്കാനായി കരാറിൽ ഒപ്പിട്ട്

തുടർ പ്രവർത്തനങ്ങൾ നടത്തി വരുന്നു, ബേക്കൽ കോട്ടയ്ക്കടുത്ത് 'കഫെ ഡി' ബേക്കൽ പദ്ധതി പൂർത്തീകരിച്ചുവരുന്നു.

(ബി) കവ്വായി കായൽ, വലിയ പറമ്പ് വില്ലേജ്, അഴീത്തല തെക്കെക്കാട്, മാടക്കാൽ പ്രദേശങ്ങളിൽ ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദമാക്കാമോ?

വലിയ പറമ്പ കായലിന്റെ തീരത്തായി ആയിറ്റി, ഇടയിലക്കാട് എന്നിവിടങ്ങളിൽ ബി.ആർ.ഡി.സി.-യുടെ അമിനിറ്റി സെന്ററുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. നീലേശ്വരത്തിനടുത്ത് കോട്ടപ്പുറം കേന്ദ്രമാക്കി ബി.ആർ.ഡി.സി.-യുടെ സ്ഥലത്ത് ബാക്ക് വാട്ടർ ടൂറിസം ഫെസിലിറ്റി സെന്റർ പാട്ടക്കരാർ വ്യവസ്ഥയിൽ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്നതിനായി ടെൻഡർ ക്ഷണിച്ചിട്ടുണ്ട്.

അഴീത്തല ബീച്ച് ടൂറിസം പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കവ്വായി കായൽ, വലിയ പറമ്പ് വില്ലേജ്, മാടക്കാൽ പ്രദേശങ്ങളിൽ ടൂറിസം സാധ്യത, സ്ഥല ലഭ്യത, ഫണ്ട് ലഭ്യത എന്നിവയ്ക്കനുസൃതമായി ടൂറിസം പശ്ചാത്തല സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

കോതമംഗലം നിയോജകമണ്ഡലത്തിലെ പുതിയ വിനോദസഞ്ചാര പദ്ധതികൾ

144 (1384) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ പുതുതായി ആരംഭിക്കാൻ ലക്ഷ്യമിടുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച വിഷയവുമായി ബന്ധപ്പെട്ട് തുടർനടപടികൾ വേഗത്തിലാക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) കോതമംഗലം നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര മേഖലയിൽ പുതുതായി പദ്ധതികളൊന്നും നിലവിൽ ആരംഭിച്ചിട്ടില്ല.

തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ

145 (1385) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ പൂതൃക്ക പഞ്ചായത്തിൽ തമ്മാനിമറ്റത്ത് 5 ഏക്കറോളം വരുന്ന സ്ഥലത്ത് തമ്മാനിമറ്റം ടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സമർപ്പിക്കപ്പെട്ട പ്രൊപ്പോസൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രൊപ്പോസലിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(സി) ഈ പ്രദേശത്തിന്റെ ടൂറിസം വികസനത്തിനുള്ള സാധ്യത മുൻനിർത്തി ഇവിടെ തമ്മാനിമറ്റം ടൂറിസം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) ഉണ്ട്. 20-01-2020-ന് പദ്ധതി പ്രൊപ്പോസൽ ലഭ്യമായിരുന്നുവെങ്കിലും ആയതിൽ ആവശ്യമായ കൂടുതൽ സാങ്കേതിക വ്യക്തതകൾ ഉൾപ്പെട്ടിരുന്നില്ല. പ്രസ്തുത സാങ്കേതിക വിശദാംശങ്ങൾ നാളിതുവരെ ലഭ്യമാക്കിയിട്ടില്ല. പുതുക്കിയ DSR-2021

പ്രകാരമുള്ള വിശദമായ പദ്ധതി രൂപരേഖ ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയും വിനോദസഞ്ചാര സാധ്യതയും പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പ് പദ്ധതികൾ

146 (1386) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിനോദസഞ്ചാര വകുപ്പ് വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്നും ഓരോ പദ്ധതിയുടെയും നിലവിലെ സ്ഥിതിയെന്തെന്നും വ്യക്തമാക്കാമോ?

(എ&ബി) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വിനോദ സഞ്ചാര വികസന പദ്ധതികൾ

147 (1387) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതുമുതൽ ഇതുവരെ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വിനോദസഞ്ചാര മേഖലയിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; കൂടാതെ, ഈ കാലയളവിൽ മണ്ഡലത്തിലെ ടൂറിസം വികസന പദ്ധതികൾക്കായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ വിവിധ വിനോദസഞ്ചാര മേഖലകളിൽ എത്രത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നത് സംബന്ധിച്ചും വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) മലനാട്-മലബാർ റിവർ ക്രൂയിസ് ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന ഫണ്ടുപയോഗിച്ച് ബോട്ട് ടെർമിനൽ @ പഴയങ്ങാടി എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്നും അനുവദിച്ച പദ്ധതിയിൽ ബോട്ട് ടെർമിനൽ @ വാടിക്കൽ, ബോട്ട് ടെർമിനൽ @ ചെറുകുന്ന്, ബോട്ട് ടെർമിനൽ താവം, ബോട്ട് ടെർമിനൽ പട്ടുവം, ബോട്ട് ടെർമിനൽ മാട്ടൂൽ നോർത്ത്, ബോട്ട് ടെർമിനൽ മാട്ടൂൽ സൗത്ത്, ബോട്ട് ടെർമിനൽ തെക്കുമ്പാട്, ബോട്ട് ടെർമിനൽ മുതുകുട എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്.

ടൂറിസം റിലേറ്റഡ് ഇൻഫ്രാസ്ട്രക്ചർ

1) ബോട്ട് റേസ് ഗ്യാലറി മംഗലശേരി- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

2) ബോട്ട് റേസ് ഗ്യാലറി പഴയങ്ങാടി- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

3) പേൾ സ്പോട്ട് ഫ്ലോട്ടിങ് റെസ്റ്റോറന്റ്- പദ്ധതി നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

ഈ പദ്ധതികളിലൂടെ പ്രാദേശിക തൊഴിലവസരങ്ങൾ വർധിച്ചിട്ടുണ്ട്.

തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കക്കാടംപൊയിൽ ടൂറിസം പ്രോജക്ട്

148 (1388) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കാനുദ്ദേശിക്കുന്ന തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കക്കാടംപൊയിൽ ടൂറിസം പ്രോജക്ടിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്യുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രോജക്ടിന് അനുമതി ലഭിക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) തിരുവമ്പാടി നിയോജകമണ്ഡലത്തിലെ കൂടരഞ്ഞി ഗ്രാമ പഞ്ചായത്തിൽ 'മോഡൽ റെസ്പോൺസിബിൾ & എക്കോ ടൂറിസം വില്ലേജ്' പദ്ധതി നടപ്പിലാക്കുന്നതിനായി 'Challenge based destination development (A sub scheme under Swadesh Darshan 2.0 Scheme) ഉൾപ്പെടുത്തി 10 കോടി രൂപയുടെ 'Development of Model Responsible and Eco Tourism Village, Koodaranji' ടൂറിസം പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നെങ്കിലും ആയതിന് ഇതുവരെ അംഗീകാരം ലഭ്യമായിട്ടില്ല.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടത്തിയ പ്രവൃത്തികൾ

149 (1389) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ ഭരണാനുമതി ലഭിച്ച തീയതി, ടെൻഡർ നടപടികൾ പൂർത്തീകരിച്ച തീയതി, പ്രവൃത്തി ആരംഭിച്ചിട്ടുള്ള തീയതി, പൂർത്തീകരിക്കാൻ വേണ്ട സമയം എന്നിങ്ങനെ തരം തിരിച്ച് വിവരം ലഭ്യമാക്കാമോ?

(എ&ബി) പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ

150 (1390) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 സാമ്പത്തിക വർഷം മുതൽ 2025-26 സാമ്പത്തിക വർഷം വരെ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ ഏതൊക്കെ സ്ഥലത്ത് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് ഫണ്ട് അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; ടൂറിസം പദ്ധതി അനുവദിച്ച സ്ഥലങ്ങളുടെ പേരുവിവരവും അനുവദിച്ച തുക എത്രയെന്നും വ്യക്തമാക്കാമോ?

നെയ്യാറ്റിൻകര ഈരാറ്റിൻപുറം റോക്ക് പാർക്ക് ടൂറിസം വികസന പദ്ധതിക്കായി 15-03-2017-ലെ സ.ഉ.(സാധാ)നം. 125/2017/ടൂറിസം പ്രകാരം ₹2,66,19,369/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി തിരുവനന്തപുരം ഡി.റ്റി.പി.സി.-യുടെ മേൽനോട്ടത്തിൽ ഇറിഗേഷൻ വകുപ്പ് മുഖേനയാണ് നടപ്പിലാക്കിയത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

•'Pilgrim Tourism Development at Swargaropitha matha Church at Chenkal Thiruvananthapuram' എന്ന പദ്ധതിക്ക് ₹91,00,000/- രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ്.

•ചെങ്കൽ വില്ലേജിൽ സ്ഥിതി ചെയുന്ന ദക്ഷിണ കൈലാസം ശിവപാർവ്വതി ക്ഷേത്രം എന്നറിയപ്പെടുന്ന വിനോദ സഞ്ചാരികളുടെയും ഭക്തരുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'Development of Dhakshina Kailasom Sree Maheswara Sivaparvathi temple at Chenkal'എന്ന പദ്ധതിക്ക് രണ്ട് കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പദ്ധതിയുടെ നിർവഹണ ചുമതല ഹാബിറ്റാറ്റ് ടെക്നോളജി ഗ്രൂപ്പിനാണ്.

പാലാ നിയോജകമണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ വികസനം

151 (1391) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ ഇല്ലിക്കക്കല്ല്, ഇലവീഴാപൂഞ്ചിറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം മൂലം വിനോദസഞ്ചാരികൾ ബുദ്ധിമുട്ട് അനുഭവിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പാലാ നിയോജകമണ്ഡലത്തിലെ ഇല്ലിക്കക്കല്ലിൽ കോട്ടയം ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ സഞ്ചാരികൾക്കായി ടോയ്ലെറ്റ് സൗകര്യം, ജീപ്പ് സഫാരി, പാർക്കിങ്, നടപ്പാതകൾ, ഹാൻഡ് റെയിൽസ്, ഇരിപ്പിടങ്ങൾ, റെയിൻ ഷെൾട്ടർ, മാലിന്യ സംസ്കരണ നിർമ്മാർജ്ജന സംവിധാനങ്ങൾ, മാലിന്യനിർമ്മാർജ്ജന നോട്ടീസ് ബോർഡുകൾ, സുരക്ഷാ മുന്നറിയിപ്പ് ബോർഡുകൾ എന്നിവ സജ്ജമാക്കിയിട്ടുണ്ട്. കൂടാതെ 07-09-2019-ലെ സ.ഉ. (സാധാ) നമ്പർ 307/2019/TSM പ്രകാരം ഇല്ലിക്കൽക്കല്ല് ടൂറിസം ഡെവലപ്മെന്റ് പദ്ധതിക്ക് മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും പദ്ധതിയുടെ ഭാഗമായി ഹാൻഡ് റെയിൽ വർക്കുകൾ (110 മീറ്റർ), റെയിൻ ഷെൾട്ടർ (1 എണ്ണം), സ്റ്റീൽ ബെഞ്ചുകൾ (3 എണ്ണം), retaining wall എന്നീ ഘടകങ്ങൾ നിലവിൽ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

ഇലവീഴാപൂഞ്ചിറയിൽ കോട്ടയം ഡി.റ്റി.പി.സി.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഒരു അമിനിറ്റി സെന്ററിൽ സഞ്ചാരികൾക്ക് താമസിക്കുന്നതിനുള്ള മുറികൾ, ടോയ്ലെറ്റ് സംവിധാനം, മാലിന്യനിർമ്മാർജ്ജന സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സുരക്ഷാ വേലികൾ, സൈൻ ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിൽ ധാരാളം വിനോദസഞ്ചാരികൾ വന്നുപോകുന്നതിനാൽ എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഇലിക്കൽക്കല്ല്, ഇലവീഴാപൂഞ്ചിറ എന്നിവിടങ്ങളിൽ കൂടുതൽ വികസന പദ്ധതികൾ ഒരുക്കുന്നതിന് റവന്യൂ ഭൂമിയിൽ ഉപയോഗാനുമതി തേടി ജില്ലാ കളക്ടർക്ക് ലാൻഡ്

റിക്യൂസിഷൻ ഫോം വഴി അപേക്ഷ നൽകിയിട്ടുണ്ട്. ഈ ഭൂമി ലഭ്യമാകുന്നതിന് അനുസരിച്ച് പദ്ധതി തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

റോപ് വേ കണക്ടിങ് ഇലവീഴാപൂഞ്ചിറ & ഇല്ലിക്കൽക്കല്ല് എന്ന ടൂറിസം പദ്ധതിക്കായുള്ള സാധ്യത പരിശോധന നടത്തുന്നതിന് M/s. NATPAC എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണ പുരോഗതി

152 (1392) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളിയിലെ യാത്രിനിവാസ് നിർമ്മാണത്തിൽ വേണ്ടത്ര പുരോഗതിയില്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

അതിരപ്പിള്ളി യാത്രിനിവാസ് നിർമ്മാണം ഒന്നാം ഘട്ടത്തിന് 2015-ൽ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിക്കായി സ്ഥലം ലഭിക്കാനുണ്ടായ കാലതാമസം, കോവിഡ്, പ്രളയം തുടങ്ങിയവ വർക്ക് പുരോഗതിയെ ബാധിച്ചിരുന്നു. ഒന്ന്-രണ്ട് ഘട്ട പ്രവൃത്തികൾ പരസ്പരം ബന്ധപ്പെട്ടവയാണ്. അതിരപ്പിള്ളി യാത്രിനിവാസ് നിർമ്മാണം നിലവിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും നിലവിൽ എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കുമോ?

18-04-2018-ൽ ആരംഭിച്ച അതിരപ്പിള്ളി യാത്രിനിവാസിന്റെ ഒന്നാം ഘട്ട പ്രവൃത്തികൾ 95%-ഉം 04-01-202-ൽ ആരംഭിച്ച രണ്ടാം ഘട്ട പ്രവൃത്തികൾ 60%-ഉം പൂർത്തിയായി. അതിരപ്പിള്ളി യാത്രിനിവാസിന്റെ മൂന്നാം ഘട്ട പദ്ധതിക്ക് 23-09-2025-ന് 2,08,50,000/- രൂപയുടെ അനുമതി നൽകി. സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(സി) ആയതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ 31-03-2026-ന് പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. മൂന്നാം ഘട്ടത്തിന്റെ പൂർത്തീകരണ കാലാവധി 8 മാസമാണ്.

കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികൾ

153 (1393) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1,53,82,810/- രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള കോടിമത-കച്ചേരിക്കടവ് ടൂറിസം പദ്ധതിയുടെ രണ്ടാം ഘട്ട പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ഫണ്ട് ലഭ്യത പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

പാലക്കാട് ജില്ലയിൽ ടൂറിസം മേഖലയിലെ പശ്ചാത്തല വികസനം

154 (1394) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിലെ ടൂറിസം മേഖലയിൽ പശ്ചാത്തല വികസനങ്ങൾക്കായി ചെലവഴിച്ച തുക സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വദേശ് ദർശൻ സ്കീമിലുൾപ്പെടുത്തി ₹7,587.43 ലക്ഷം രൂപയുടെ അനുമതി ലഭിച്ച 'Enhancement of Tourist Experience at Malampuzha Garden and Leisure Park' എന്ന പദ്ധതി ഉൾപ്പെടെ പാലക്കാട് ജില്ലയിൽ വിവിധ ടൂറിസം പദ്ധതികൾക്കായി ആകെ ₹91,35,56,910/- (തൊണ്ണൂറിയൊന്ന് കോടി മുപ്പത്തിയഞ്ച് ലക്ഷത്തി അമ്പത്തിയാറായിരത്തി തൊള്ളായിരത്തി പത്ത് രൂപ)യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

തുമ്പൂർമുഴി ടൂറിസം പാർക്കിന്റെ പരിപാലനം

155 (1395) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ടൂറിസം വകുപ്പിന് കീഴിലുള്ള തുമ്പൂർമുഴി പാർക്കിൽ എത്ര കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും അവ ഒഴിഞ്ഞ് കിടക്കാനുള്ള കാരണം എന്താണെന്നും വിശദമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തൃശ്ശൂർ ജില്ലയിൽ ടൂറിസം വകുപ്പിന് കീഴിൽ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന തുമ്പൂർമുഴി പാർക്കിൽ 6 കടമുറികളാണ് ഒഴിഞ്ഞ് കിടക്കുന്നത്. വാടകയ്ക്ക് നൽകിയിരുന്ന പ്രസ്തുത കടമുറികൾ കരാറുകാരൻ പ്രവർത്തനം അവസാനിപ്പിച്ചതിനെ തുടർന്ന് 2 തവണ ടെൻഡർ നടപടി സ്വീകരിച്ചിരുന്നെങ്കിലും ആരും ടെൻഡറിൽ പങ്കെടുക്കാതിരുന്നതിനാലാണ് നിലവിൽ കടമുറികൾ ഒഴിഞ്ഞ് കിടക്കുന്നത്.

(ബി) പ്രസ്തുത പാർക്കിൽ 01-01-2024 മുതൽ 31-12-2025 വരെ വാഹന പാർക്കിങ്ങ്, സഞ്ചാരികളുടെ പ്രവേശന ഫീസ് എന്നീ ഇനങ്ങളിൽ പ്രതിമാസം എത്ര രൂപയുടെ വരുമാനമാണ് കിട്ടിയതെന്ന് മാസം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പാർക്കിലെ ജീവനക്കാരുടെ ശമ്പളം, ശമ്പളേതര ചെലവ് തുടങ്ങിയ ആവശ്യങ്ങൾക്കായി എത്ര രൂപ പ്രതിമാസം ചെലവ് വരുന്നുവെന്നതിന്റെ കണക്കും അതോടൊപ്പം ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രവേശന ഫീസ് ഈടാക്കി നടത്തുന്ന പാർക്കിൽ തകർന്ന് കിടക്കുന്ന റോഡിന്റെയും വിനോദ ഉപകരണങ്ങളുടെയും കേടുപാടുകൾ തീർക്കാത്തിന് കാരണം വിശദമാക്കുമോ?

ടി പാർക്കിന്റെ നടത്തിപ്പും പരിപാലനവും ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ മുഖേനയാണ്. ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ തീരുമാനപ്രകാരം പാർക്കിലെ റോഡിന്റെ അറ്റകുറ്റപ്പണിക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചീഫ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എക്സിക്യൂട്ടീവ് ഓഫീസർ ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പുളിമാത്ത് കടലുകാണിപ്പാറ നവീകരണം

156 (1396) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ പുളിമാത്ത് കടലുകാണിപ്പാറ നവീകരണ പ്രവൃത്തിയുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

07-10-2025-ലെ വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ DOT/2842/2025P6 നമ്പർ ഉത്തരവ് പ്രകാരം കടലുകാണിപ്പാറ രണ്ടാം ഘട്ട ടൂറിസം വികസന പദ്ധതിക്കായി Rs.99,99,600/-രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പദ്ധതിയുടെ നിർവഹണ ഏജൻസിയായി M/s SIDCO Ltd എന്ന ഏജൻസിയെ തിരഞ്ഞെടുക്കുകയും വകുപ്പുമായി ഏജൻസി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ഏജൻസി ടെൻഡർ നടപടികളിലൂടെ കരാറുകാരനെ തിരഞ്ഞെടുത്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പദ്ധതി പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുമുള്ള നിർദ്ദേശം നിർവഹണ ഏജൻസിക്ക് നൽകിയിട്ടുണ്ട്.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ

157 (1397) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന ഹോംസ്റ്റേകൾ വിനോദസഞ്ചാര മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിനോദസഞ്ചാരികൾ വഞ്ചിക്കപ്പെടാതിരിക്കാൻ ടൂറിസം വകുപ്പ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

കുടുംബത്തോടൊപ്പം അതിഥികളെ സ്വന്തം വീട്ടിൽ പാർപ്പിക്കുക വഴി നമ്മുടെ സംസ്കാരവും ജീവിത രീതിയും പാരമ്പര്യവും വിനോദ സഞ്ചാരികൾക്ക് പരിചയപ്പെടുത്തിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ഹോംസ്റ്റേ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഹോംസ്റ്റേകളുടെ നിലവാരവും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി ഹോംസ്റ്റേ ക്ലാസ്സിഫിക്കേഷൻ സ്കീം ടൂറിസം ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കിയിട്ടുണ്ട്. ഈ ക്ലാസിഫിക്കേഷനിലൂടെ നൽകേണ്ട സേവനങ്ങളുടെ നിലവാരം ഉറപ്പുവരുത്തുന്നു. ഇത്തരത്തിൽ ക്ലാസിഫൈ ചെയ്ത ഹോംസ്റ്റേകളുടെ വിവരങ്ങൾ ടൂറിസം ഡിപ്പാർട്ട്മെന്റിന്റെ ഒഫിഷ്യൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സഞ്ചാരികൾക്ക് പരിശോധിക്കാവുന്നതും ക്ലാസിഫൈ ചെയ്ത ഹോംസ്റ്റേകൾ താമസത്തിനായി തിരഞ്ഞെടുക്കാവുന്നതുമാണ്.

(ബി) ഹോംസ്റ്റേകൾക്ക് അംഗീകാരം ലഭിക്കുന്നതിന് എന്തൊക്കെ നടപടിക്രമങ്ങളാണ് പൂർത്തീകരിക്കേണ്ടത്; വിശദാംശം നൽകാമോ?

16-01-2020-ലെ സ.ഉ. (കൈ) നം. 03/2020/ടൂറിസം പ്രകാരം ഹോംസ്റ്റേ വർഗ്ഗീകരണത്തിനുള്ള പുതുക്കിയ സ്കീമിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. 03-06-2022-ലെ സ.ഉ. (കൈ) നം. 177/2022/ടൂറിസം പ്രകാരം ഹോംസ്റ്റേ അംഗീകാരത്തിന്

പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നുള്ള NOC ഒഴിവാക്കിയിട്ടുണ്ട്. സൗകര്യങ്ങളും ഗുണനിലവാരവും അടിസ്ഥാനമാക്കി ഹോംസ്റ്റേ യൂണിറ്റുകൾക്ക് 3 വിഭാഗമായി ക്ലാസിഫിക്കേഷൻ നൽകുന്നു.

1. ഡയമണ്ട് ഹോംസ്റ്റേ

2. ഗോൾഡ് ഹോംസ്റ്റേ

3. സിൽവർ ഹോംസ്റ്റേ

ഹോംസ്റ്റേ യൂണിറ്റുകൾക്കായുള്ള അപേക്ഷ വിനോദസഞ്ചാരവകുപ്പിന്റെ ജില്ലാ ഓഫീസുകളിലാണ് ഓൺലൈൻ പോർട്ടൽ മുഖേന ലഭിക്കുന്നത്. ഇത്തരത്തിൽ ലഭിക്കുന്ന അപേക്ഷകൾ ക്ലാസിഫിക്കേഷൻ കമ്മിറ്റി നേരിട്ട് പരിശോധന നടത്തി യോഗ്യത നേടിയ യൂണിറ്റുകൾ ശിപാർശ ചെയ്ത് വിനോദ സഞ്ചാരവകുപ്പിന്റെ ഡയറക്ടറേറ്റിലേക്ക് ഓൺലൈൻ മുഖേന അയക്കുന്നു. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഓരോ യൂണിറ്റിന്റേയും facilities പരിശോധിച്ചാണ് യൂണിറ്റുകൾക്ക് ക്ലാസിഫിക്കേഷൻ കാറ്റഗറി നൽകുന്നത്. ഇത്തരത്തിൽ ശിപാർശ ചെയ്ത് ലഭിക്കുന്ന റിപ്പോർട്ടുകൾ പരിശോധിച്ച് ഹോംസ്റ്റേകൾക്ക് ക്ലാസിഫിക്കേഷൻ നൽകുകയും സർട്ടിഫിക്കറ്റ് അനുവദിക്കുകയും ചെയ്യുന്നു. പ്രസ്തുത ക്ലാസിഫിക്കേഷൻ ലഭിക്കുന്ന യൂണിറ്റുകൾക്ക് 3 വർഷമാണ് കാലാവധി. കാലാവധി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഓരോ യൂണിറ്റുകളും താൽപര്യാർഥം റീക്ലാസിഫിക്കേഷനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

മാർഗ്ഗനിർദേശങ്ങൾ ചുവടെ ചേർക്കുന്നു.

•Guidelines for Classification and Reclassification of Homestay units

•Homestay classification will be issued only in the name of owner of the house.

•Classification will be done only for operational accommodation units.

•Leased or rented houses will not be considered for home stay classification.

•Maximum rooms that can be given for tourist accommodation will be 6

•Classification will be given to only those units where the owner along with his/her family is physically residing.

•Application for classification has to be submitted online.

•A payment of Rs. 3750/- as Application Fee per home stay has to be done online while submitting the application.

•Inspection Committee will examine the facilities based on checklist. As per recommendation of the committee, classification will be awarded

•The Classification/Reclassification Certificate of units will be issued by the Director, Department of Tourism.

•The Classification/Reclassification will be valid for a period of three years.

•The application for change to higher category will be considered only at the time of re-classification.

•The existing classification will be valid until reclassification, provided application for reclassification is submitted with the required fees three months before the expiry of the existing classification.

•The facilities provided and services offered will be evaluated against the checklist.

•The classification units will have to maintain required standards at all times.

•Director, Department of Tourism or an officer deputed by the Director, Department of Tourism or the concerned Joint Director/Deputy Director has the right to inspect home stays at any time without prior notice.

•Serious deficiency, if any, will be reported to Department of Tourism and the Department is free to take action including the cancellation of classification.

•Any change in the facility/service of the unit shall be reported to the Deputy Director, District Office, Department of Tourism within 30 days.

•In case of dissatisfaction of the remarks of the Classification/Reclassification Committee, the unit may appeal to Director, Department of Tourism, Government of Kerala within 30 days of receiving the communication regarding classification/re-classification.

•Department of Tourism, Government of Kerala reserves the right to modify the guidelines/ terms and conditions from time to time.

•It is mandatory for the home stays to display Classification Certificate properly visible to the guests

•Application for reclassification should be submitted three months before the expiry date along with the prescribed fees. Otherwise it will be considered as fresh application.

•Food has to be prepared and provide to the guests on demand.

•C Form submission should be done in proper manner and in record.

•**Documents for Applying**

•Acceptance of regulatory condition in 200/- stamp paper

•Residence Certificate from Panchayath/Municipality/Corporation

•Ownership Certificate of building from Panchayath/Municipality/Corporation

•Up to date tax receipt of land

•Police clearance certificate from the Local Station House Officer

•Registration from the Office of Food Safety Commissioner, no license needed

•Existing plan and elevation of the building.

•Photographs of the building (exterior and interior-2 numbers each)

The committee for the classification of Home stays is constituted with the following members:

1	Chairman and Convenor	Deputy Director, District Office, Department of Tourism
2	Member	Secretary, District Tourism Promotion Council (DTPC)
3	Member	Representative of Food Craft Institute (FCI)
4	Member	Manager of Government Guest House
5	Member	Representative of Indian Association of Tour Operators (IATO)
6	Member	Representative of the Local Body in which the unit is located
[Minimum four of the above make the quorum to constitute the committee]		

ക്ലാസിഫിക്കേഷൻ/റീക്ലാസിഫിക്കേഷൻ അഭിപ്രായങ്ങളിൽ അതൃപ്തിയുണ്ടായാൽ വർഗ്ഗീകരണവുമായി ബന്ധപ്പെട്ട് ആശയവിനിമയം ലഭിച്ച് 30 ദിവസത്തിനകം സർക്കാർ തലത്തിലുള്ള അപ്പീൽ കമ്മിറ്റിക്ക് അപ്പീൽ നൽകാവുന്നതാണ്.

(സി) ഓൺലൈൻ ബുക്കിങ് സംവിധാനത്തിൽ ഹോംസ്റ്റേയിലെ സൗകര്യങ്ങളെക്കുറിച്ച് തെറ്റായ വിവരങ്ങൾ നൽകി വിനോദസഞ്ചാരികളെ വഞ്ചിക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ടൂറിസം വകുപ്പിന്റെ ക്ലാസിഫൈഡ് ഹോംസ്റ്റേകളുടെ വിവരങ്ങൾ ഒഫിഷ്യൽ വെബ്സൈറ്റ് വഴി പ്രദർശിപ്പിക്കുന്നതിനാൽ ആയത് സഞ്ചാരികൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നങ്ങൾ

158 (1398) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. ആര്യാടൻ ഷൗക്കത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് കുപ്പികൾ, ക്യാരി ബാഗുകൾ, ഭക്ഷണാവശിഷ്ടങ്ങൾ എന്നിവ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നത് മാലിന്യ പ്രശ്നങ്ങൾക്ക് കാരണമാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വൃത്തിയുള്ളതും ആകർഷണീയവുമായ വിനോദസഞ്ചാര കേന്ദ്രങ്ങൾ ഉറപ്പാക്കുന്നതിലൂടെ കേരളത്തിലെ വിനോദ സഞ്ചാര മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് ടൂറിസം വകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നത്. വിവിധ വകുപ്പുകളുടെ സഹായത്തോടെ വൈവിധ്യമാർന്ന പദ്ധതികൾ ടൂറിസം വകുപ്പ് ടൂറിസം കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ശാസ്ത്രീയമായ മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനും അതുവഴി വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനുള്ള പരിശ്രമങ്ങൾ നടത്തുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങൾ ശുചിയായി സൂക്ഷിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ ടൂറിസം വകുപ്പിന്റെ സഹായത്തോടെ നടപ്പാക്കി വരുന്നു. അതോടൊപ്പം

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന ശുചിത്വ മിഷൻ എന്നിവർ ചേർന്ന് ഗ്യാപ്പ് അസസ്സ്മെന്റ് നടത്തുകയും ശുചീകരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ നിർദേശിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം തിരഞ്ഞെടുക്കപ്പെട്ട ടൂറിസം കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ്/DTPC എന്നിവ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണ പദ്ധതി ആസൂത്രണം ചെയ്യുമ്പോൾ ഉറപ്പ് വരുത്തേണ്ട കാര്യങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ശുചിത്വ മാലിന്യ പെരുമാറ്റ ചട്ടം (ടൂറിസം പ്രോട്ടോകോൾ) സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലേക്ക് കൂടുതൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി മാലിന്യ സംസ്കരണവും ശുചിത്വവും ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ ശുചിത്വം ഉറപ്പ് വരുത്തുന്നതിനും ആരോഗ്യകരമായി നിലനിർത്തി അവയുടെ ഗുണനിലവാരം ഉയർത്തിക്കൊണ്ട് വരുന്നതിനുമായി വകുപ്പ് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

- **ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ**

കുടുംബശ്രീയുടെ സഹകരണത്തോടെ ജില്ല ടൂറിസം പ്രൊമോഷൽ കൗൺസിൽ മുഖേന വിനോദസഞ്ചാര വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ'. 14 ജില്ലകളിലായി നടപ്പിലാക്കി വരുന്ന ടി പദ്ധതിയിൽ 645 കുടുംബശ്രീ

ജീവനക്കാർ പ്രവർത്തിച്ചുവരുന്നു. ഇതിനായി വകുപ്പിൽനിന്നും തുകയും അനുവദിച്ച് വരുന്നുണ്ട്. ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ 2025-26 എന്ന പദ്ധതിയുടെ നടത്തിപ്പിനായി 10,69,20,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

- **കോവളം ഡെസ്റ്റിനേഷനിലെ മാലിന്യ സംസ്കരണം**

കോവളം ടൂറിസം കേന്ദ്രത്തിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനായി കോവളം ടൂറിസം സോൺ വേസ്റ്റ് മാനേജ്മെന്റ് പദ്ധതി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതിയുടെ നടത്തിപ്പിനായി നടപ്പ് സാമ്പത്തിക വർഷം 62,10,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ 14 ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം

ഇടുക്കി ജില്ലയിൽ ഉൾപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ മൂന്നാർ, മാട്ടുപ്പെട്ടി, മൂന്നാർ ബൊട്ടാണിക്കൽ ഗാർഡൻ, രാമക്കൽ മേട് (ആമപ്പാറ), രാമക്കൽ മേട് പാർക്ക് പരുന്തുപാറ, പാഞ്ചാലി മേട്, വളഞ്ഞങ്ങാനം, ഇടുക്കി പാർക്ക്, ഹിൽവ്യൂ പാർക്ക് - ഇടുക്കി, വാഗമൺ (മൊട്ടക്കുന്ന്), വാഗമൺ (അഡ്വഞ്ചർ പാർക്ക്) തൊമ്മൻ കുത്ത്, അരുവിക്കുഴി എന്നീ ഡെസ്റ്റിനേഷനുകളിലെ മാലിന്യ സംസ്കരണം നടത്തുന്നതിനായി സേവ് 'ഗ്രീൻ സേവ് ടൂറിസം'എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ടി പദ്ധതിക്കായി 2024-25-ൽ 75,00,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കുന്നതിനും പ്ലാസ്റ്റിക് മാലിന്യരഹിതമായി നിലനിർത്തുന്നതിനും ആയത് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതികൾ ബന്ധപ്പെട്ട ഡി.റ്റി.പി.സി.-കൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർ സംസ്ഥാന ശുചിത്വ മിഷനുമായി ചേർന്ന് ഗ്യാപ്പ് അസ്സസ്മെന്റ് നടത്തുകയും കണ്ടെത്തിയ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്ലാസ്റ്റിക് മാലിന്യം ഒഴിവാക്കുന്നതിന് ഗ്രീൻ പ്രോട്ടോക്കോൾ ഏർപ്പെടുത്തുന്നത് അത്യന്താപേക്ഷിതമാണ്. ആയതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളിലും ജൈവ-അജൈവ വേസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിട്ടുള്ളതും അജൈവ മാലിന്യങ്ങൾ ഹരിതകർമ്മ സേനയ്ക്ക് കൈമാറുന്നതുമാണ്.

കേരള ടൂറിസത്തിന്റെ പ്രചാരവും അംഗീകാരവും

159 (1399) ശ്രീ. വി. ജോയി:
ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. എ. രാജ:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ടൂറിസത്തെ വിദേശ വിപണികളിൽ പ്രചരിപ്പിക്കുന്നതിനായി സർക്കാർ സംഘടിപ്പിച്ചതോ പങ്കെടുത്തതോ ആയ അന്താരാഷ്ട്ര ടൂറിസം എക്സിബിഷൻ, മാർക്കറ്റിങ് ക്യാമ്പയിൻ, ഡിജിറ്റൽ ക്യാമ്പയിൻ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കേരള ടൂറിസത്തെ വിദേശ വിപണികളിൽ പ്രചരിപ്പിക്കുന്നതിനായി കേരള ടൂറിസം സ്ഥിരമായി ലോകമെമ്പാടുമുള്ള പ്രമുഖ ടൂറിസം ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും പ്രമുഖ വിദേശ രാജ്യങ്ങളിൽ B2B (Business to Business) മീറ്റുകൾ സംഘടിപ്പിക്കുകയും ചെയ്യുന്നുണ്ട്.

2025-26-ൽ കേരള ടൂറിസം പങ്കെടുത്ത/പങ്കെടുക്കുന്ന പ്രധാന അന്താരാഷ്ട്ര ടൂറിസം ട്രേഡ് ഫെയറുകളും B2B (Business to Business) മീറ്റുകളും ചുവടെ ചേർക്കുന്നു.

അന്താരാഷ്ട്ര ടൂറിസം ട്രേഡ് ഫെയറുകൾ

1	PATA Travel Mart, Bangkok	Thailand	26/08/2025-28/08/2025
2	IFTM Paris	France	23/09/2025-25/09/2025
3	WTM London	UK	04/11/2025-06/11/2025
4	FITUR Madrid	Spain	21/01/2026-25/01/2026
5	ITB Berlin	Germany	03/03/2026-05/03/2026
6	MITT Moscow	Russia	11/03/2026-13/03/2026

അന്താരാഷ്ട്ര B2B (Business to Business) മീറ്റുകൾ:

1	B2B Meet, Tokyo	Japan	16-09-2025
2	B2B Meet, Kuala Lumpur	Malaysia	18-09-2025
3	B2B Meet, Zurich	Switzerland	29-09-2025
4	B2B Meet, Stockholm	Sweden	01-10-2025
5	B2B Meet, New York	USA	14-10-2025
6	B2B Meet, Atlanta	USA	16-10-2025
7	B2B Meet, Los Angeles	USA	20-10-2025
8	B2B Meet, Hamburg	Germany	10-11-2025
9	B2B Meet, Munich	Germany	12-11-2025

10	B2B Meet, Rome	Italy	27-01-2026
11	B2B Meet, Barcelona	Spain	24-02-2026
12	B2B Meet, Paris	France	26-02-2026
13	B2B Meet, St. Petersburg	Russia	16-03-2026

കേരള ടൂറിസം ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, ട്വിറ്റർ, ലിങ്ക്ഡ് ഇൻ, യൂ ട്യൂബ്, ത്രഡ്സ്, പിൻഡെറസ്റ്റ് എന്നീ വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലൂടെ ഡിജിറ്റൽ മാർക്കറ്റിങ്, ടൂറിസം പ്രൊമോഷൻ ക്യാമ്പയിനുകൾ ചെയ്തുവരുന്നുണ്ട്. കൂടാതെ ഡെസ്റ്റിനേഷൻ പ്രൊമോഷൻ ഇൻഫ്ലുവൻസർ ആക്ടിവിറ്റി, പോസ്റ്റ് മൺസൂൺ ക്യാമ്പയിൻ, ഡൊമസ്റ്റിക് സമ്മർ ഹോളിഡേയ്സ് ക്യാമ്പയിൻ, സോഷ്യൽ മീഡിയ ഇൻഫ്ലുവൻസർ ആക്ടിവിറ്റി ക്യാമ്പയിൻ, കൊളാബറേഷൻ വിത്ത് നാഷണൽ/ഇന്റർ നാഷണൽ ഇൻഫ്ലുവൻസേഴ്സ് എന്നീ വിവിധ ഇൻഫ്ലുവൻസർ ആക്ടിവിറ്റി ക്യാമ്പയിനുകളും ടൂറിസം പ്രൊമോഷനുവേണ്ടി സംഘടിപ്പിച്ചുവരുന്നുണ്ട്. പ്രസ്തുത ക്യാമ്പയിനുകൾ വഴി അന്താരാഷ്ട്ര തലത്തിൽ സംസ്ഥാനത്തെ ഒരു പ്രധാന ടൂറിസം/ യാത്രാ കേന്ദ്രമാക്കി മാറ്റുന്നതിനായി കഴിഞ്ഞിട്ടുണ്ട്.

വിവിധ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഫേസ്ബുക്ക് തുടങ്ങിയ നവ മാധ്യമങ്ങളിലൂടെ കേരളത്തിന്റെ തനതായ പ്രകൃതി സൗന്ദര്യം കാഴ്ചവയ്ക്കുന്ന ഷോർട്ട് വീഡിയോകൾ, റീലുകൾ എന്നിവ പ്രദർശിപ്പിച്ചുവരുന്നു. സമ്മർ ക്യാമ്പയിന്റെ ഭാഗമായി ഇന്ത്യയിലെ വിവിധ സിറ്റികളിൽ റേഡിയോ, സിനിമ ഹാൾ, OTT, പ്രിന്റ് ടെലിവിഷൻ തുടങ്ങിയ മാധ്യമങ്ങളിൽ പരസ്യങ്ങൾ ചെയ്തുവരുന്നു. കൂടാതെ മിഡിൽ

ഈസ്റ്റിലെ ദുബായ് ഇന്റർനാഷണൽ എയർപോർട്ട്, കിംഗ് ഖാലിദ് ഇന്റർനാഷണൽ എയർപോർട്ട് (റിയാദ്), മസ്കറ്റ് ഇന്റർനാഷണൽ എയർപോർട്ട് എന്നിവിടങ്ങളിൽ OOH-ലും ഫേസ്ബുക്ക്, യൂട്യൂബ്, ഇൻസ്റ്റാഗ്രാം, ഗൂഗിൾ ആഡ്സ് എന്നീ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും പ്രചാരണം നടത്തിവരുന്നു.

(ബി) കേരള ടൂറിസത്തെ വിദേശ ടൂർ ഓപ്പറേറ്റർമാർക്കും എയർലൈൻ കമ്പനികൾക്കുമായി പരിചയപ്പെടുത്തുന്നതിനായി സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിരിക്കുന്നത്; വ്യക്തമാക്കാമോ?

കേരള ട്രാവൽമാർട്ട് എന്ന പേരിൽ വിപുലമായ പരിപാടി സംഘടിപ്പിക്കുകയും വിദേശ ടൂർ ഓപ്പറേറ്റർമാർക്കും സഞ്ചാരമേഖലയുമായി ബന്ധപ്പെട്ടവർക്കും കേരളത്തെ പരിചിതമാക്കുകയും ചെയ്യുന്നു. കേരള ടൂറിസത്തെ വിദേശ ടൂർ ഓപ്പറേറ്റർമാർ, എയർലൈൻ കമ്പനികൾ, തുടങ്ങിയവരുമായി പരിചയപ്പെടുന്നതിന് ടൂറിസം വകുപ്പ് തിരഞ്ഞെടുക്കപ്പെട്ട വിദേശരാജ്യങ്ങളിൽ ബിസിനസ് മീറ്റുകൾ (B2B Meets) സംഘടിപ്പിക്കുകയും പ്രധാന വിദേശ ട്രേഡ് ഫെയറുകളിൽ പങ്കെടുക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ വിദേശ രാജ്യങ്ങളിൽ വിവിധ മാർക്കറ്റിങ് ക്യാമ്പയിനുകളും ടൂറിസം വകുപ്പ് നടത്തിവരുന്നുണ്ട്.

കേരള ടൂറിസത്തിന്റെ 'ലുക്ക് ഈസ്റ്റ്' മാർക്കറ്റിങ് നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മലേഷ്യൻ എയർലൈൻസും കേരള ടൂറിസവും സഹകരിച്ച് 2025 ഏപ്രിൽ 9 മുതൽ 13 വരെ തിരുവനന്തപുരത്ത് ഒരു ജോയിന്റ് മെഗാ FAM ട്രിപ്പും മീറ്റും സംഘടിപ്പിച്ചിട്ടുണ്ട്. ചൈന, ജപ്പാൻ, മലേഷ്യ, ഓസ്ട്രേലിയ, ന്യൂസിലാൻഡ് തുടങ്ങിയ കിഴക്കൻ മേഖലകളിലെ പ്രധാന

രാജ്യങ്ങളിൽനിന്ന് വിനോദസഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും തിരുവനന്തപുരത്തെ ഒരു പ്രീമിയർ ടൂറിസം കേന്ദ്രമായി ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

ഈ പരിപാടിയുടെ ഭാഗമായി 2025 ഏപ്രിൽ 9-ന് അന്താരാഷ്ട്ര ട്രാവൽ ഏജന്റുമാരെയും കേരളത്തിലെ ഇൻബൗണ്ട് ടൂറിസം ബിസിനസുകാരെയും ബന്ധിപ്പിക്കുന്ന മീറ്റ് സംഘടിപ്പിച്ചു. തുടർന്ന് ഏപ്രിൽ 9 മുതൽ 13 വരെ മെഗാ FAM ട്രിപ്പും നടന്നു. ഏകദേശം 76 അന്താരാഷ്ട്ര പ്രതിനിധികളും കേരള ടൂറിസം മേഖലയിലെ 50 സ്റ്റേക്ക്ഹോൾഡർമാരും പരിപാടിയിൽ പങ്കെടുത്തിട്ടുണ്ട്. കൂടാതെ വിദേശ ടൂർ ഓപ്പറേറ്റർമാർക്കായുള്ള ഫാം ടൂറുകളും സംഘടിപ്പിച്ചു വരുന്നുണ്ട്.

Kerala Responsible Tourism Mission Society-യുടെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് 2025 സെപ്റ്റംബർ 4 മുതൽ 10 വരെ സംഘടിപ്പിച്ച കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി ഇന്ത്യ ഉൾപ്പെടെ UK, France, South Korea, Indonesia, Thailand, Vietnam, Taiwan, Nepal, Sri lanka, Romania എന്നീ രാജ്യങ്ങളിൽ നിന്നുള്ള പ്രമുഖ ടൂർ ഓപ്പറേറ്റർമാർ, റെസ്പോൺസിബിൾ ടൂറിസത്തിന്റെയും സസ്റ്റെനബിൾ ടൂറിസത്തിന്റെയും പ്രധാന പ്രചാരകരായി നിൽക്കുന്ന 12 പേർ ഈ പ്രോഗ്രാമിൽ പങ്കെടുത്തു.

(സി) കഴിഞ്ഞ പത്ത് വർഷക്കാലത്തിനുള്ളിൽ ടൂറിസം മേഖലയിൽ ദേശീയ-അന്തർദേശീയ തലങ്ങളിൽ നിന്നും സംസ്ഥാനത്തെ തേടിയെത്തിയ അംഗീകാരങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സംസ്ഥാനത്ത് ടൂറിസം മേഖലയിലും ഉത്തരവാദിത്ത ടൂറിസം മേഖലയിലും ലഭിച്ച പുരസ്കാരങ്ങൾ ചുവടെ പറയും പ്രകാരമാണ്.

International Awards

World's Greatest Places 2026 – Alappuzha- Time Magazine

Golden City Gate Awards 2025 at ITB Berlin

Campaign – Come together in Kerala

Music Video – Subha Mangalyam

Pacific Asia Travel Association (PATA)

Gold Award for Digital Marketing Campaign – Whats App Maya Holiday Heist – Online Contest, 2024

Gold Award for Marketing Campaign (State and City - Global) – Pack Up for Kerala, 2023

Gold Award for Printed Marketing Campaign – Change of Air Campaign, 2022

World Travel Market (WTM), London

Best Stand Award, WTM 2023

WTM –GLOBAL RT AWARDS 2022

Category: Conserving Water and improving water scarcity & supply for neighbours Recipient Water Street by RT Mission.

WTM Global Award for Best Local Sourcing Craft & Food

Responsible Tourism Awards – RT STREET Project, 2022

Responsible Tourism Awards - Aimanam Responsible Tourism Project, 2021

Aymanam Model RT Village is listed as one of the must watch destination in 2022.

India ICRT Awards

Gold award for Beypore RT project in Employing and Up skilling Local Community, 2024

Gold award for VLE in Best for Local Sourcing, Craft and Food, 2023

Gold award in plastic waste elimination, water conservation, (under the Water STREET Project), diversification in the tourism sector and revival of post-COVID tourism., 2022

Gold Awards by ICRT International on September 2022 Destination Building Back Better-Post Covid

Gold Awards by ICRT International on September 2022 - Increasing Diversity in Tourism-How Inclusive is our Industry?

Gold Awards by ICRT International on September 2022 - Conserving Water and improving water scarcity & supply for neighbors)

Travel And Leisure Awards

India Reader's Choice Awards – Best Wedding Destination, 2022

Traveller Review Awards - Kerala is ranked No.1 in the 'Most Welcoming Region in India', 2022

Travel + Leisure Global Vision Award 2022- Recipient: Responsible Tourism Mission Kerala

Best Wellness Destination - 2026

National Awards

India Today News Magazine – Most Happy State, 2022

Indian Responsible Tourism Awards 2021- Category: Best Future Forward State

Best Tourism Village Gold Award 2023 - Kanthalloor STREET Project.

Best Tourism Village Award 2024 – Kumarakom has been selected in the Best Agri Tourism Village category.

Best Tourism Village Award 2024 - Kadalundi has been selected in the Best Responsible Tourism Village category.

Misc

NitiAayog 1st Place in SDG development index. – 2020-21

Global Vision Award -2022

Booking.com Travel Review award -2022

2016

WTM, London

Kerala Pavilion - People's Choice Award for the Best Stand, as voted by the WTM Social Media Community

Kerala Pavilion -Best Stand Features Award

Travel + Leisure India & South Asia Poll

Kerala - Best Honeymoon Destination in India

Magzimise Awards

Slow Down Print Campaign -Silver Award in Travel & Tourism Category

Pacific Asia Travel Association

Visit Kerala Television Campaign – Gold Award in Marketing category

Kerala Tourism E Newsletter – Gold Award

National Tourism Awards

Social Media/ Mobile App - Most Innovative use of Information Technology

Spice Route Coffee Table Book – Excellence in Publishing in English Language

Great Backwaters German Brochure - Excellence in Publishing in Foreign Language

Wayanad – Best Responsible Tourism destination

Sargaalaya Arts and Crafts Village –Best Rural Tourism Project

Conde-Nast Traveller Readers Travel Awards - Best Leisure Destination, 2016

Bangalore Ad Club Awards

Kerala Film Shoot Brochure – Gold in Brochure Category

Maya, Whatsapp Campaign – Silver in Media Integration with traditional media category

New Market Brochure – Silver in Brochure Category

World Tourism Day Ad – Silver in Single Press ad Category

Slow Down Print Campaign – Bronze in Press Campaign Category

Creative Abby Awards

Kerala Blog Express –Winner in Social Media Outreach Category

Indian Creative Excellence Awards 2016, Delhi

Slow Down Campaign – Gold in Print Advertising Category

Golden City Gate, ITB Berlin

Responsible Tourism Films – Silver for Multimedia Campaign

FITUR, Madrid

Kerala Pavilion – Best Stand Award for Design, Communication and Professionalism

Lonely Planet– Travel Awards

Kerala best destination for families

2017

WTM, RT Award

Kumarakom wins top honours as a global leader in Responsible Tourism at the WTM Responsible Tourism Awards 2017

National Tourism Awards

1.Best Tourism Promotion Publicity Material (States and UTs)

Your Next Blockbuster Destination– A Film Tourism Brochure by Department of Tourism, Government of Kerala

2. Excellence in Publishing in Foreign language other than English

- (Joint Winner) Reanimar – EnelPropioPais de Dios (Spanish brochure) by Department of Tourism, Government of Kerala

3. Best Responsible Tourism Project / Initiative -(Joint Winner) Responsible Tourism in Kumarakom, Department of Tourism, Government of Kerala

4. Best State / UT Comprehensive Development of Tourism(Rest of India)

- (Third Prize - Joint Winner) Kerala

5. Best Civic Management of a Tourist Destination Category 'C'

-Sarovaram Bio Park, Kerala

6. HALL OF FAME AWARD- Most Innovative Use of Information Technology- Social Media / Mobile App

- Department of Tourism, Government of Kerala

PATA Gold Award 2017

PATA Gold Award 2017 for Consumer Travel Brochure- Film Tourism Brochure

Lonely planet award for BEST DESTINATION FOR ROMANCE: INDIA MUNNAR, KERALA 2017

Better Holiday Award for India's Favourite Waterfront Destination 2017

Outlook Traveller Award -Best Destination for Wellness and Spirituality 2017

2018

International Awards

1. INTERNATIONAL TRAVEL AND TOURISM GOLD AWARD FOR BEST IN RESPONSIBLE TOURISM - KERALA TOURISM,2018

2. WTM RESPONSIBLE TOURISM GOLD AWARD- BEST FOR MANAGING SUCCESS- KUMARAKOM, 2018

3. TRAVEL AND LEISURE AWARD FOR BEST HONEYMOON DESTINATION IN INDIA-KERALA , 2018

4. PATA GOLD AWARDS FOR TRAVEL ADVERTISEMENT PRINT MEDIA- YALLA KERALA, MIDDLE EAST CAMPAIGN, 2018

5. PATA GOLD AWARDS FOR TRAVEL POSTER- LIVE INSPIRED -BIENNALE POSTER, 2018

6. INDIAN RESPONSIBLE TOURISM OUTSTANDING ACHIEVEMENT AWARD IN 2018

7. SOCIAL SAMOSA AWARD, 2018

8. BEST FACE BOOK PAGE AWARD,2018

9. DAS GOLDENE STADTTOR AWARD FOR BIENNALE PRINT CAMPAIGN 2018

10. DAS GOLDENE STADTTOR AWARD FOR BIENNALE POSTER CAMPAIGN 2018

11. LONELY PLANET TRAVEL AWARDS FOR BEST DESTINATION FOR FAMILIES 2018

National Tourism Awards

1.BEST STATE / UT COMPREHENSIVE DEVELOPMENT OF TOURISM (REST OF INDIA)-SECOND PRIZE – KERALA-2016-17

2.BEST TOURISM FILM- LIVE INSPIRED -2016-17

3.BEST TOURISM PROMOTION PUBLICITY MATERIAL - EXCELLENCE IN PUBLISHING FOREIGN LANGUAGE – BOAT RACE BROCHURE- GERMAN-2016-17

4.BEST RESPONSIBLE TOURISM PROJECT / INITIATIVE -RESPONSIBLE TOURISM WAYAND-2016-17

2019

1.PATA GOLD AWARDS FOR TRAVEL ADVERTISEMENT BROADCAST MEDIA- , COME OUT AND PLAY TV CAMPAIGN, 2019

2.PATA GOLD AWARDS FOR WEBSITE, 2019

3.PATA GOLD AWARDS FOR WOMEN EMPOWERMENT INITIATIVE- ETHNIC RESTAURANT AT KUMARAKOM, 2019

United Nations World Tourism Organization (UNWTO)

Accessible Tourism Destination Award, 2019

2020-2022

Grand Award for Marketing - Human By Nature Campaign, 2020

Responsible Tourism Awards - Aimanam Responsible Tourism Project, 2021

Niti Aayog 1stPlace in SDG development index. – 2020-21

Global Vision Award -2022

Travel and Leisure golden Vision Award - 2022

Booking.com Travel review award- 2022

Golden City Gate Awards, Berlin

Best Print Campaign, 2020

Best Film, 2020

ഇതിനുപുറമെ കേരള ടൂറിസത്തിന്റെ മികവുയർത്തി നിരവധിയായ ദേശീയ-അന്തർദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. കേരളം ലോകത്ത് കണ്ടിരിക്കേണ്ട 53 ടൂറിസം കേന്ദ്രങ്ങളിൽ ഒന്ന് ന്യൂയോർക്ക് ടൈംസ് (2023). ഇന്ത്യയിൽനിന്നും പട്ടികയിൽ ഇടംനേടിയ ഏക പ്രദേശം കേരളമാണ്. കേരളം ലോകത്ത് കണ്ടിരിക്കേണ്ട 50 ടൂറിസം

കേന്ദ്രങ്ങളിലൊന്നായി ടൈം മാഗസിൻ (2022)ൽ തെരഞ്ഞെടുത്തത് കേരളത്തെയാണ്. 2024-ൽ ലോകത്ത് കണ്ടിരിക്കേണ്ട ടൂറിസം കേന്ദ്രങ്ങളിൽ കോണ്ടെ നെസ്റ്റ മാഗസിൻ കൊച്ചിയെ തിരഞ്ഞെടുത്തു. റഫ് ഗൈഡ്സ് ട്രാവൽ കമ്പനിയുടെ 2026-ൽ ലോകത്ത് കണ്ടിരിക്കേണ്ട 26 ഡെസ്റ്റിനേഷനുകളിൽ കേരളത്തെ തിരഞ്ഞെടുത്തു. വർക്കല പാപനാശം ബീച്ചിനെ ലോകത്തിലെ ബീച്ചുകളിൽ ഒന്നായി ലോൺലി പ്ലാനറ്റ് തെരഞ്ഞെടുത്തു. ലോകത്തിലെ മുൻനിര യാത്രാ പ്ലാറ്റ് ഫോമുകളിൽ ഒന്നായ Booking.com-ന്റെ 2026-ൽ നിർബന്ധമായും കണ്ടിരിക്കേണ്ട യാത്രാ കേന്ദ്രങ്ങളുടെ പട്ടികയിൽ കൊച്ചിയും ഇടം പിടിച്ചു. 10 ലോകോത്തര ഡെസ്റ്റിനേഷനുകളുടെ പട്ടികയിൽ ഇടം നേടിയ ഇന്ത്യയിലെ ഏക ഡെസ്റ്റിനേഷനാണ് കൊച്ചി. ലോൺലി പ്ലാനറ്റ് തയ്യാറാക്കിയ 2026-ൽ ലോകത്ത് നിർബന്ധമായും അനുഭവച്ചറിയേണ്ട 25 വിഭവങ്ങളുടെ പട്ടികയിൽ കേരളത്തിലെ തനത് ഭക്ഷ്യവിഭവങ്ങൾ ഇടം നേടി. ഈ പട്ടികയിൽ ഇന്ത്യയിൽ നിന്നും ഇടം ലഭിച്ചത് കേരളത്തിലെ വിഭവങ്ങൾക്ക് മാത്രം.

വിനോദസഞ്ചാര മേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ വഹിക്കുന്ന പങ്ക്

160 (1400) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജനതയിൽ 10 ശതമാനം പേർക്ക് ഉപജീവനവും വരുമാനവും പ്രദാനം ചെയ്യുന്ന വിനോദസഞ്ചാര മേഖലയുടെ പുരോഗതിയിൽ തീരദേശ ഹൈവേ നിർമ്മാണം നിർണ്ണായക സ്വാധീനം വഹിക്കാനുള്ള സാധ്യതകൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ?

തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിന് ഗുണപ്രദമാകുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ ടൂറിസം പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിന് ഇത് കൂടുതൽ സഹായകരമാകുന്നതോടൊപ്പം ടൂറിസം വളർച്ച, പ്രാദേശിക തൊഴിൽ സംരംഭങ്ങൾ എന്നിവയിലും പുരോഗതി ഉണ്ടാകുന്നതിനും ഇടയാകുമെന്ന് പ്രതീക്ഷിക്കുന്നു. സംസ്ഥാന സർക്കാർ അംഗീകരിച്ച ക്രൂയിസ് നയം നടപ്പിലാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിന് ആക്കം കൂട്ടുന്നതിനും തീരദേശ ടൂറിസം വികസനത്തിന് വേഗത പകരുന്നതിനും തീരദേശ ഹൈവേ സഹായകമാകും. പാലങ്ങൾക്ക് താഴെ ഉപയോഗിക്കാത്ത ഇടങ്ങൾ പുനർനിർമ്മിച്ച് അവയെ സജീവ വിനോദ പ്രവർത്തന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള പദ്ധതികൾ നടന്നുവരികയാണ്.

(ബി) സംസ്ഥാന വികസനത്തിലെ സ്വപ്ന പദ്ധതികളിൽ ഒന്നായ തീരദേശ ഹൈവേയുടെ വികസനത്തോടെ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

തീരദേശ ഹൈവേയുടെ വികസനത്തോടെ കടലോര സഞ്ചാരത്തിന് സാധ്യത കൂട്ടുമെന്നതിനാൽ പുതിയ ബീച്ചുകൾ രൂപപ്പെടുത്തുന്നതിനുള്ള സാധ്യത ഉറന്നു കിട്ടും.

(സി) തീരദേശ ഹൈവേയുടെ നിർമ്മാണം കേരളത്തിലെ വിവിധ തീരപ്രദേശങ്ങളുടെ വൈവിധ്യമാർന്ന വികസനത്തിനും വിനോദസഞ്ചാര മേഖലയുടെ വളർച്ചക്കും

കാരണമാകുമെന്നും ഒപ്പം ജനങ്ങൾക്കുള്ള തൊഴിൽ സാധ്യത വർധിപ്പിക്കുമെന്നും കരുതുന്നുണ്ടോ; വിശദമാക്കുമോ?

തീരദേശ ഹൈവേയുടെ നിർമ്മാണം തീരപ്രദേശങ്ങളിലേക്കുള്ള ആക്സസിബിലിറ്റി കൂട്ടുകയും സഞ്ചാരികളുടെ യാത്ര കൂടുതൽ സുഗമമാക്കുകയും ചെയ്യുമെന്നും ഇത് വിനോദസഞ്ചാര രംഗത്തിന് ഗുണപ്രദമാകുമെന്നും പ്രതീക്ഷിക്കുന്നു. നിലവിൽ വിനോദസഞ്ചാര പ്രവർത്തനങ്ങൾ ഇല്ലാത്ത തീരദേശ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾ വരുന്നതിന് ഇത് സഹായകരമാകുന്നതോടൊപ്പം വിനോദസഞ്ചാര വളർച്ചയും പ്രാദേശിക തൊഴിൽ സംരംഭങ്ങളുടെ പുരോഗതിക്കും ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ട്രാവൽ ലോഞ്ച്, അമിനിറ്റി സെന്റർ തുടങ്ങിയവ സ്ഥല ലഭ്യതയ്ക്ക് അനുസൃതമായി ആവിഷ്കരിച്ച് നടത്തുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു. ക്രൂയിസ് ടൂറിസം നയത്തിനനുസരിച്ചുള്ള അടിസ്ഥാന സൗകര്യ വികസനത്തിന് തീരദേശ ഹൈവേ ഗുണം ചെയ്യും.

വിനോദ സഞ്ചാര മേഖലയിലെ സ്വകാര്യ നിക്ഷേപം

161 (1401) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് വിനോദസഞ്ചാര മേഖലയിലേക്ക് സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിന് നൽകിയ പ്രോത്സാഹനങ്ങൾ എന്തൊക്കെയാണെന്നും അതിൻ പ്രകാരം വന്ന പ്രകടമായ മാറ്റങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

കേരളത്തിലെ വിനോദസഞ്ചാര മേഖലയിൽ ലഭ്യമായ അവസരങ്ങൾ നിക്ഷേപകർക്ക് മുന്നിൽ അവതരിപ്പിക്കാനും നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായി 2023 നവംബറിൽ വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് 2023 (TIM 2023) സംഘടിപ്പിക്കുകയുണ്ടായി. നിക്ഷേപക സംഗമത്തിൽ വച്ച് താമര ലിഷർ എക്സ്പീരിയൻസസ് പ്രൈവറ്റ് ലിമിറ്റഡുമായി ആലപ്പുഴയിലും കണ്ണൂരിലുമായുള്ള രണ്ട് പദ്ധതികൾക്കുവേണ്ടി 250 കോടി രൂപയുടെ ധാരണാപത്രം ഒപ്പുവച്ചിരുന്നു. ഇതുകൂടാതെ ബേക്കൽ ടൂറിസം സെന്റർ പള്ളിക്കര, ഫൈവ് സ്റ്റാർ റിസോർട്ട് ചെമ്പരിക്ക എന്നീ പദ്ധതികൾക്കായി സ്വകാര്യ നിക്ഷേപകരെ കണ്ടെത്തി കരാറിൽ ഒപ്പിട്ടു. അതോടൊപ്പം വിവിധ പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട് സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗനിർദേശങ്ങൾ നൽകാനും വിവിധ നടപടികൾക്ക് ആവശ്യമായ സഹായങ്ങൾ ലഭ്യമാക്കാനുമായി ടൂറിസം ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ സെൽ സജ്ജമാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഒരു പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് (പി.എം.യു.) പ്രവർത്തിച്ച് വരികയാണ്. പി.എം.യു.-ന്റെ മേൽനോട്ടത്തിൽ സർക്കാർ ഭൂമി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള വിവിധ പദ്ധതികളിൽ സ്വകാര്യ നിക്ഷേപകരെ കണ്ടെത്തുന്നതിനുള്ള റിക്വസ്റ്റ് ഫോർ പ്രൊപ്പോസൽ, എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് നടപടികൾ വിവിധ ഘട്ടങ്ങളിലാണ്.

ടൂറിസം വകുപ്പും ഡി.ടി.പി.സി.-യും നൽകിയ കരാറുകൾ

162 (1402) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈബ്കോസ് എന്ന സ്ഥാപനത്തിന് ടൂറിസം വകുപ്പും ഡി.ടി.പി.സി.-യും നൽകിയിട്ടുള്ള കരാറുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വൈബ്കോസും ടൂറിസം വകുപ്പുമായി കരാറുകളിലൊന്നും ഏർപ്പെട്ടിട്ടില്ല. തിരുവനന്തപുരം ജില്ലയിൽ ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ പ്രവർത്തനങ്ങൾ നടത്തുന്നതിന് തിരുവനന്തപുരം ഡി.ടി.പി.സി. വൈബ്കോസ് എന്ന സ്ഥാപനവുമായി 03-07-2022-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

ബീച്ച് ടൂറിസം കോറിഡോർ

163 (1403) ശ്രീ. വി ജോയി:
ശ്രീമതി യു പ്രതിഭ:
ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ മേഖലയെ ഉപയോഗപ്പെടുത്തി ബീച്ച് ടൂറിസം കോറിഡോർ രൂപീകരിക്കുന്നതിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തീരദേശ ടൂറിസം കോറിഡോറിനായി ഉപയോഗ യോഗ്യമായ വിവിധ ബീച്ചുകൾ ഏതെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; അവയുടെ തെരഞ്ഞെടുപ്പിനായി ഉപയോഗിച്ച മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(സി) ബീച്ച് ടൂറിസം കോറിഡോറിന്റെ ഭാഗമായി തീരദേശ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്തിന്റെ പ്രധാന ടൂറിസം ആകർഷണമായ ബീച്ചുകളുടെ അടിസ്ഥാന സൗകര്യമൊരുക്കുകയും അവ കേന്ദ്രീകരിച്ച് ബീച്ച് കോറിഡോർ സാധ്യമാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നുവരുന്നു. കോവളം, വർക്കല, കൊല്ലം, ആലപ്പുഴ, ഫോർട്ട് കൊച്ചി വൈപ്പിൻ, ബേപ്പൂർ, ചാലിയം, കാപ്പാട്, കോഴിക്കോട്, മുഴപ്പിലങ്ങാട്, ബേക്കൽ തുടങ്ങിയയിടങ്ങളിൽ വ്യത്യസ്തമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. അഴീക്കോട് ചാൽ ബീച്ചിനും കോഴിക്കോട് കാപ്പാട് ബീച്ചിനും ബ്ലൂ ഫ്ലാഗ് പദവി ലഭിച്ചതും ബീച്ച് ടൂറിസത്തിന് ശക്തി പകരുന്നതാണ്. ആലപ്പുഴ ജില്ലയിൽ ബീച്ച് ടൂറിസം വികസനവുമായി ബന്ധപ്പെട്ട് വിവിധ പുതിയ പദ്ധതികൾ ടൂറിസം വകുപ്പ് നടപ്പിലാക്കി വരുന്നു. മാരാരി ബീച്ച് ഡെവലപ്മെന്റ്, ചെത്തി ബീച്ച് ഡെവലപ്മെന്റ് എന്നിവ അതിന് ഉദാഹരണങ്ങളാണ്. കേന്ദ്ര പദ്ധതിയായ സ്വദേശി ദർശൻ 2.0 പദ്ധതിയുമായി ബന്ധപ്പെട്ട് ആലപ്പുഴ ബീച്ച് നവീകരണം പുരോഗമിക്കുന്നു. കൂടാതെ DTPC മുഖേന വ്യക്തമായ സുരക്ഷാ മാനദണ്ഡങ്ങളോടെ സാഹസിക ടൂറിസം ആരംഭിക്കാവുന്നതാണ്.

ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ടിന്റെ ഭാഗമായി "തോട്ടപ്പിള്ളി ബീച്ച് ഡെവലപ്മെന്റ്" എന്ന പദ്ധതി ടൂറിസം വകുപ്പ് പൂർത്തീകരിച്ചിട്ടുണ്ട്. അർത്തുങ്കൽ ബീച്ച് ഡെവലപ്മെന്റ് എന്ന പദ്ധതി ആലപ്പുഴ ഡി.റ്റി.പി.സി. മുഖേന പ്രവർത്തിപ്പിച്ച് വരുന്നു. ടി രണ്ട് പദ്ധതികളിലും

ബീച്ച് വികസനവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായുള്ള പാർക്ക്, ശുചിമുറി സംവിധാനം, സന്ദർശകർക്ക് വിശ്രമിക്കാനുള്ള സ്ഥലം എന്നിവയാണ് ഒരുക്കിയിരിക്കുന്നത്.

(ഡി) ബീച്ച് ടൂറിസം കോറിഡോർ നടപ്പാക്കുന്നതിലൂടെ തീരപ്രദേശങ്ങളിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങളുടെ കണക്കുകളും രാജ്യാന്തര-ദേശീയ ടൂറിസ്റ്റുകളുടെ സന്ദർശന വർധനവിനുള്ള നിർദേശങ്ങളും എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

തീരപ്രദേശങ്ങളിൽ നടപ്പിലാക്കുന്ന ബീച്ച് ടൂറിസം കോറിഡോർ പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിക്കുമ്പോൾ കൂടുതൽ സഞ്ചാരികൾ എത്തിച്ചേരുകയും ആയതിലൂടെ അതിനോടനുബന്ധിച്ച പ്രദേശങ്ങളിൽ നിരവധി രീതിയിലുള്ള പുതിയ കച്ചവട സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും തദ്ദേശീയരായ ഓട്ടോ ടാക്സി തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിനും സമീപപ്രദേശങ്ങളിൽ ഹോം സ്റ്റേ, സർവീസ്ഡ് വില്ല, ലോഡ്ജുകൾ, ഹോട്ടലുകൾ എന്നിവിടങ്ങളിൽ സഞ്ചാരികൾ താമസിക്കാൻ എത്തുന്നതിലൂടെ വരുമാനവർധനവുണ്ടാവുകയും ചെയ്യുന്നു.

സഞ്ചാരികൾ കൂടുതൽ എത്തുന്നതിലൂടെ സഞ്ചാരികൾക്ക് വഴികാട്ടികളായി ഗൈഡുകൾ ആവശ്യമായി വരികയും ആയത് സ്വദേശീയരായ ആളുകൾക്ക് കൂടുതൽ അവസരങ്ങൾ ഉണ്ടാക്കുകയും വരുമാന വർധനവുണ്ടാകുന്നതിനും കോറിഡോർ ഡെവലപ്മെന്റിലൂടെ സാധ്യമാകുന്നു.

കമ്മ്യൂണിറ്റി ബേസ്ഡ് ടൂറിസവും കേരള ടൂറിസത്തിന്റെ ആഗോള പ്രചാരവും

164 (1404) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വൈജ്ഞാനിക-തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രോഡക്ടുകളാക്കി വികസിപ്പിച്ച് അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

പരമ്പരാഗത വൈജ്ഞാനിക-തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശരാജ്യങ്ങളിലടക്കം പ്രചാരം നടത്തി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയിലാദ്യമായി പ്രസ്തുത പ്രവർത്തനം ആരംഭിച്ചത് കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയാണ്. പരമ്പരാഗത തൊഴിലുകളായ കയർ, കൈത്തറി, മൺപാത്രനിർമ്മാണം, മത്സ്യബന്ധനം, കാർഷിക പ്രവർത്തനങ്ങൾ ഇതുപോലെ തന്നെ പരമ്പരാഗത ഉത്സവങ്ങൾ, ആഘോഷങ്ങൾ, ഭക്ഷണ രുചിവൈവിധ്യങ്ങൾ ഇവയെല്ലാം കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസത്തിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുകയും അതിന്റെ ഭാഗമാക്കി മാറ്റി വിദേശസഞ്ചാരികളെ ആകർഷിക്കുന്ന തരത്തിൽ രൂപകല്പന ചെയ്ത് വിപുലമാക്കാനും കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ഈ രംഗത്ത് ലോകത്ത് ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തുന്നത്.

മുസിരിസ് പൈതൃക പദ്ധതിയുടെ ആഭിമുഖ്യത്തിൽ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രോജക്ടുകളാക്കി വികസിപ്പിച്ച് അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുള്ളതാണ്. ഉദാഹരണമായി മുസിരിസ് പൈതൃക പദ്ധതിക്ക് കീഴിലുള്ള ചേന്ദമംഗലത്തെ പാലിയം കോവിലകവുമായി ബന്ധപ്പെട്ട് 10 കടമുറികൾ പ്രവർത്തിച്ചുവരുന്നു. ഈ കടമുറികളിൽ ചേന്ദമംഗലത്തെ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകൾ ആയിട്ടുള്ള പപ്പടം ഉണ്ടാക്കുന്ന രീതി, കൈകൾ ഉപയോഗിച്ച് കൊണ്ട് കലമുണ്ടാക്കുന്ന രീതി, ആല, സ്വർണ്ണപ്പണി, മരം കൊണ്ടുള്ള പരമ്പരാഗത തൊഴിൽ, പായ നെയ്ത്ത്, ചേന്ദമംഗലം കൈത്തറി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസ്റ്റുകൾക്ക് ഡെമോ കാണിക്കത്തക്ക രീതിയിൽ ഗ്രാമത്തിന്റെ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകളെ പ്രദർശിപ്പിച്ചിരിക്കുന്നു.

(ബി) കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പദ്ധതികളിൽ കളരി ഉൾപ്പെടെയുള്ള ആയോധനകലകളെയും പാരമ്പര്യ ചികിത്സാ രീതികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തിന്റെ തനതായ ആയോധനകലാരൂപങ്ങളുടെ പ്രചരണാർത്ഥം കേരളത്തിന്റെ ചരിത്രവും പാരമ്പര്യവുമായി കളരിപ്പയറ്റിനുള്ള ആഴത്തിലുള്ള ബന്ധം, കളരിപ്പയറ്റിന്റെ ചരിത്രം, വിവിധ ശൈലികൾ, കളരിപ്പയറ്റ് കേന്ദ്രങ്ങളെ (കളരികൾ) കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുക്കൊണ്ട് കളരിപ്പയറ്റിനായി സമർപ്പിതമായ വെബ് പേജ് കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടാതെ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന് മാറ്റുകൂട്ടുന്നതും ചരിത്ര പ്രാധാന്യമുള്ളതുമായ കലാരൂപങ്ങളെ സംബന്ധിച്ച് വീഡിയോകളും ചിത്രങ്ങളും മറ്റ് വിവരങ്ങളും കേരള ടൂറിസം വെബ്സൈറ്റിൽ ലഭ്യമാണ്.

മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായുള്ള ടൂർ പ്രോഗ്രാമുകളിൽ ഈ പ്രദേശത്തെ പാരമ്പര്യ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും കളരി ഉൾപ്പെടെയുള്ള ആയോധന കലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് അംഗീകാരം ലഭിച്ചിട്ടുള്ള കളരി ഉൾപ്പെടെയുള്ള മറ്റ് ആയോധന കലകളും കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസത്തിന്റെ ഭാഗമായി പ്രചരിപ്പിക്കപ്പെടുന്നു.

(സി) കേരള ടൂറിസത്തിന്റെ പ്രചാരണത്തിനായി ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിങിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യു-ട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി

വരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കുന്നുണ്ട്. What's App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മുസിരിസ് പൈതൃക പദ്ധതിക്ക് കീഴിലുള്ള വിവിധ മ്യൂസിയങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ചുള്ള ഡിജിറ്റൽ മാർക്കറ്റിങ് പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

ഈ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.

ഡിജിറ്റൽ മാർക്കറ്റിങ് കേന്ദ്രീകരിച്ചുകൊണ്ട് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി ഒട്ടേറെ നൂതന സംവിധാനങ്ങൾ, വീഡിയോകൾ, ഇ-ബ്രോഷറുകൾ എന്നിവ ഉപയോഗിച്ച് വരുന്നുണ്ട്.

മോഡലുകളെ ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശീയ ഉൽപന്നങ്ങളും തദ്ദേശീയ പാക്കേജുകളും ഫാം ടൂറിസം പ്രോഗ്രാമുകളും പ്രൊമോട്ട് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

(ഡി) ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കാനും അന്താരാഷ്ട്ര തലത്തിൽ സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമാക്കി മാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ?

കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിങ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിങിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ്ബുക്ക്, യു ട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ്ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. What's App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാരവകുപ്പ്

നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.

മുസിരിസ് പൈതൃക പദ്ധതിയിലേക്ക് ലോകമെമ്പാടുമുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിന് സോഷ്യൽ മീഡിയകളിലൂടെ പോസ്റ്ററുകളും വീഡിയോകളും ഉപയോഗിച്ചുള്ള സജീവമായ പ്രചാരണം നടത്തിവരുന്നു.

കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള വിദഗ്ധരായ ടൂർ ഓപ്പറേറ്റർമാരെയും ട്രാവൽ ഏജന്റുകളെയും വ്ലോഗേഴ്സിനെയും കേരളത്തിൽ എത്തിക്കുകയും വിവിധ കോൺഫറൻസുകളും കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

ഈ ഡിജിറ്റൽ മാർക്കറ്റിങ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.

ടൂറിസം മേഖലയുടെ വളർച്ച

165 (1405) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 മുതൽ കേരളത്തിലെത്തിയ വിനോദസഞ്ചാരികളുടെ കണക്ക് കേരള ടൂറിസം മേഖലയുടെ വളർച്ചയെ സൂചിപ്പിക്കുന്നതായി വിലയിരുത്തിയിട്ടുണ്ടോ?

2024 വർഷത്തിലെ കേരളത്തിലെ വിനോദസഞ്ചാര സന്ദർശനങ്ങളുടെ എണ്ണത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് ക്രമാനുഗതമായ വർധനവ് വന്നിട്ടുണ്ട്. മേൽ കണക്കുകൾ ടൂറിസം മേഖലയുടെ വളർച്ചയെ സൂചിപ്പിക്കുന്ന ഘടകങ്ങളിൽ ഒന്നായി അനുമാനിക്കാവുന്നതാണ്. 2019 മുതൽ 2024 വരെയുള്ള ആഭ്യന്തര-വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ബി) ഒരു സീസണൽ വിനോദ സഞ്ചാര കേന്ദ്രം എന്ന നിലയിൽ നിന്നും പൂർണ്ണവർഷ വിനോദ സഞ്ചാര ലക്ഷ്യ സ്ഥാനമായി കേരളം മാറിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കോവിഡാനന്തരമുള്ള 2023, 2024, 2025 വർഷങ്ങളിലെ മാസംതോറുമുള്ള ആഭ്യന്തര വിനോദസഞ്ചാര സന്ദർശനങ്ങളുടെ എണ്ണം പരിശോധിക്കുമ്പോൾ വർഷത്തിൽ ഭേദപ്പെട്ട നിലയിൽ ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുള്ളതായി കാണുന്നു. ഈ കണക്കുകൾ ആഭ്യന്തര സഞ്ചാരികളുടെ കാര്യത്തിൽ ഒരു സീസണൽ വിനോദസഞ്ചാര കേന്ദ്രം എന്ന നിലയിൽനിന്നും പൂർണ്ണവർഷ വിനോദസഞ്ചാര ലക്ഷ്യസ്ഥാനമായി കേരളം ഒരു പരിധിവരെ മാറിയിട്ടുണ്ടെന്ന് കാണിക്കുന്നു. മാസം തോറുമുള്ള വിദേശ ആഭ്യന്തര ടൂറിസ്റ്റ് സന്ദർശനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ഉള്ളടക്കം ചെയ്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) കോവിഡ് കാലഘട്ടത്തിന് മുൻപും ശേഷവുമുള്ള വിദേശ-ആഭ്യന്തര സഞ്ചാരികളുടെ എണ്ണത്തിലുള്ള വ്യത്യാസം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കോവിഡ് കാലഘട്ടത്തിന് മുൻപും ശേഷവുമുള്ള ആഭ്യന്തര വിനോദസഞ്ചാര സന്ദർശനങ്ങളുടെ കണക്കുകൾ താരതമ്യം ചെയ്യുമ്പോൾ 2019 അപേക്ഷിച്ച് 2024-ൽ 21.01% അധിക വളർച്ചാ നിരക്കാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കോവിഡിന്റെ ആഘാതം മറികടന്ന് ആഭ്യന്തര-വിനോദ സഞ്ചാര സന്ദർശനങ്ങളുടെ എണ്ണം ചരിത്രത്തിലെ തന്നെ ഉയർന്ന നിലയിലേക്ക് എത്തിയതായി കണക്കുകൾ സൂചിപ്പിക്കുന്നു.

വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ കോവിഡാനന്തരമുള്ള 2022, 2023, 2024, 2025 വർഷങ്ങളിൽ വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളിൽ ക്രമാനുഗതമായ വർധനവ് വന്നിട്ടുണ്ട്. വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ കാര്യത്തിൽ കേരള ടൂറിസം തിരിച്ചുവരവിന്റെ പാതയിലാണെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 2026 വർഷത്തോടെ വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ എണ്ണം കോവിഡ് കാലഘട്ടത്തിന് മുൻപത്തേതിന് സമാനമായ സ്ഥിതി കൈവരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

2019 മുതൽ 2024 വരെയുള്ള ആഭ്യന്തര-വിദേശ വിനോദസഞ്ചാര സന്ദർശനങ്ങളുടെ സ്ഥിതി വിവര കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി+ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നുമാണ് വിനോദ സഞ്ചാരികൾ കേരളത്തിലെത്തുന്നത് എന്നത് വെളിപ്പെടുത്താമോ; വിദേശ രാജ്യങ്ങളിൽ നിന്നുള്ള സന്ദർശകരെ സംബന്ധിച്ച വിലയിരുത്തൽ വിശദമാക്കാമോ?

2024-ലെ മൊത്തം ആഭ്യന്തര-വിനോദ സഞ്ചാര സന്ദർശനങ്ങളിൽ 68.65% കേരളത്തിൽ നിന്നായിരുന്നു. കേരളത്തിനുപുറമേ, തമിഴ്നാട് (10.52%), കർണാടക (6.22%), മഹാരാഷ്ട്ര (3.37%), ആന്ധ്രപ്രദേശ് (1.95%), ഗുജറാത്ത് (1.38%), ഡൽഹി (1.32%), തെലങ്കാന (1.12%), ഉത്തർപ്രദേശ് (0.92%), പശ്ചിമ ബംഗാൾ (0.80%) എന്നീ ഒൻപത് സംസ്ഥാനങ്ങൾ ചേർന്ന് 2024-ലെ കേരളത്തിലെ മൊത്തം ആഭ്യന്തര-വിനോദ സഞ്ചാര സന്ദർശനങ്ങളുടെ ഏകദേശം 27.6% സംഭാവന നൽകി.

2024-ൽ കേരളത്തിലേക്കെത്തിയ വിദേശ വിനോദ സഞ്ചാര സന്ദർശനങ്ങളിൽ ഏറ്റവും കൂടുതൽ സംഭാവന നൽകിയ രാജ്യം യുണൈറ്റഡ് കിങ്ഡം ആയിരുന്നു. മൊത്തം വിദേശ സഞ്ചാര സന്ദർശനങ്ങളിൽ 14.55% യുണൈറ്റഡ് കിങ്ഡത്തിൽ നിന്നായിരുന്നു. ഇതിന് പിന്നാലെ യു.എസ്.എ. (13.33%), ജർമ്മനി (6.24%), ഫ്രാൻസ് (6.12%), മലേഷ്യ (5.55%), ഒമാൻ (5.20%), ഓസ്ട്രേലിയ (4.32%), മാലിദ്വീപുകൾ (4.10%), സൗദി അറേബ്യ (4.05%), യു.എ.ഇ. (3.35%) കാനഡ (2.32%) എന്നീ രാജ്യങ്ങൾ മുൻനിര സ്ഥാനങ്ങൾ കൈവരിച്ചു. ഈ പതിനൊന്ന് രാജ്യങ്ങൾ ചേർന്ന് 2024-ലെ കേരളത്തിലെ മൊത്തം വിദേശ വിനോദ സഞ്ചാര സന്ദർശനങ്ങളുടെ ഏകദേശം 69.13% ആണ് സംഭാവന നൽകിയത്.

കേരളം സന്ദർശിച്ച സംസ്ഥാനം/രാജ്യം തിരിച്ചുള്ള ആഭ്യന്തര വിദേശ വിനോദ സഞ്ചാര സന്ദർശനങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി* ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഇ) വിദേശ-ആഭ്യന്തര സഞ്ചാരികളുടെ സാന്നിദ്ധ്യം ഏതൊക്കെ മേഖലകളെയാണ് കൂടുതൽ ശക്തിപ്പെടുത്തുന്നുവെന്നത് സംബന്ധിച്ച പഠനങ്ങൾ നടന്നുവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

കേരളത്തിന്റെ സാമ്പത്തിക മേഖലയെ ശക്തിപ്പെടുത്തുന്നതാണ് ടൂറിസം മേഖല. പ്രാദേശിക-തൊഴിൽ-സമ്പദ് വ്യവസ്ഥ എന്നിവയെ ശക്തിപ്പെടുത്തുന്ന ഒന്നായി ടൂറിസം മാറി. ടൂറിസം മേഖലയിലെ നിക്ഷേപം കേരളത്തിന്റെ വ്യവസായ മേഖലയ്ക്കും മുതൽക്കൂട്ടായി മാറും.

ക്രൂയിസ് ടൂറിസം പോളിസി

166 (1406) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് നടപ്പാക്കുന്ന ക്രൂയിസ് ടൂറിസം പോളിസി പദ്ധതിയുടെ പുരോഗതി വിശദമാക്കാമോ?

സംസ്ഥാന സർക്കാരിന്റെ ടൂറിസം വികസന നയങ്ങളുടെ ഭാഗമായി പ്രഖ്യാപിച്ച ക്രൂയിസ് ടൂറിസം പോളിസി 02-02-2026-ലെ സ.ഉ.(കൈ) നം. 3/2026/ടി.എസ്.എം. പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ക്രൂയിസ് ടൂറിസത്തെ പ്രോത്സാഹിപ്പിക്കുന്നതിനും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൂടുതൽ ക്രൂയിസുകളെ ആകർഷിക്കുന്നതിനും സഹായിക്കുന്നതാണ് ക്രൂയിസ് ടൂറിസം പോളിസി. കേരളത്തിലെ തുറമുഖങ്ങളെ കൂട്ടിയിണക്കി ക്രൂയിസ് ടൂറിസം സാധ്യമാക്കാനും നയം ലക്ഷ്യമിടുന്നു.

കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് കേന്ദ്രസർക്കാരിന്റെ വിവേചനം

167 (1407) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. ബാലചന്ദ്രൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ സാധാരണക്കാരുടെ കുട്ടികളിലേക്ക് എത്തിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തോട് കേന്ദ്ര സർക്കാർ വിവേചനപരമായ സമീപനം പിന്തുടരുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതുവിദ്യാഭ്യാസ മേഖലയിൽ രാജ്യം തന്നെ മാതൃകയായി കണക്കാക്കുന്ന കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം വിവേചനപരമാണെന്നത് ഗൗരവകരമായ കാര്യമാണ്. നീതി ആയോഗിന്റെ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇൻഡക്സ് (SEQI) പ്രകാരം ഒന്നാം സ്ഥാനത്തുള്ള കേരളത്തിന് അർഹമായ പരിഗണന നൽകുന്നതിന് പകരം സാമ്പത്തികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വിദ്യാഭ്യാസ മുന്നേറ്റത്തെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ

സാധാരണക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സമഗ്ര ശിക്ഷാ കേരളം മുഖേന നടപ്പിലാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് കേന്ദ്രവിഹിതം കൃത്യമായും സമയബന്ധിതമായും ലഭിക്കാത്തത് കേന്ദ്ര സർക്കാരിന്റെ കേരളത്തോടുള്ള സമീപനത്തിന്റെ ഭാഗമായിട്ടുള്ളതാണെന്ന് കരുതുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം മുഖാന്തരം മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണമെന്നുള്ള ധാരണാപത്രം കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദേശപ്രകാരം ഒപ്പിടാത്തതിനാൽ 2023-24 വർഷത്തെ രണ്ടാംഗഡു കേന്ദ്രവിഹിതം, 2023-24, 2024-25 വർഷങ്ങളിലെ കേന്ദ്രവിഹിതം എന്നിവ തടഞ്ഞുവച്ചിരുന്നു. പൊതുവിദ്യാലയങ്ങളിലെ സാധാരണക്കാരുടെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, കോംപോസിറ്റ് സ്കൂൾ ഗ്രാന്റ്, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്, കുട്ടികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, സ്റ്റൈഫന്റ്, ജീവനക്കാരുടെ ശമ്പളം, അധ്യാപക പരിശീലനം, ട്രാൻസ്പോർട്ട് ഫെസിലിറ്റി, നിർമ്മാണ പ്രവർത്തനങ്ങൾ, ഗുണതാ പ്രവർത്തനങ്ങൾ, പഠനപോഷണ പരിപാടികൾ, തുല്യതാ പ്രവർത്തനങ്ങൾ, വർക്ക് എഡ്യൂക്കേഷൻ, ബി.ആർ.സി., സി.ആർ.സി. തല പിന്തുണാ പ്രവർത്തനങ്ങൾ, ടീച്ചർ എജ്യൂക്കേഷൻ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വലിയ പ്രയാസങ്ങൾ ഇതുമൂലം സമഗ്ര ശിക്ഷാ കേരളത്തിന് നേരിടേണ്ടി വന്നു. ദേശീയ പഠന നേട്ട സർവേയിലും കേരളം മികച്ച നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അർഹമായ വിദ്യാഭ്യാസ വിഹിതം നൽകാതിരിക്കുന്നു. ഇക്കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി വിശകലനം ചെയ്തിട്ടുണ്ട്. വിഹിതം വെട്ടിക്കുറയ്ക്കുന്നത്

വഴി സംസ്ഥാനത്തിന്റെ തനതായ വിദ്യാഭ്യാസ പദ്ധതികളെ ബാധിക്കുന്ന സാഹചര്യം നിലവിലുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേരളത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിദ്യാഭ്യാസ മേഖലകളിൽ സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ട സാഹചര്യമാണുള്ളതെന്ന് വിശദീകരിക്കുമോ?

ഉണ്ട്. ചോദ്യം (എ) പിരിവിൽ വ്യക്തമാക്കിയ കാര്യങ്ങളിൽ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും എസ്.എസ്.കെ.-ക്ക് കേന്ദ്രവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അധിക പണം കണ്ടെത്തേണ്ട സാഹചര്യം നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (SSK) പോലുള്ള പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം കൃത്യസമയത്ത് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താനുള്ള നിരവധി പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ വഴിയാണ് കേരളം നടപ്പിലാക്കിക്കൊണ്ടിരുന്നത്. അർഹതപ്പെട്ട ഫണ്ട് ലഭിക്കാത്തത് കാരണം ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സംസ്ഥാന സർക്കാരിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയോ വൈകിപ്പിക്കുകയോ ചെയ്യുമ്പോൾ കുട്ടികളുടെ പഠനത്തെയും സ്കൂളുകളുടെ പ്രവർത്തനത്തെയും ബാധിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ വലിയ തുക സ്വന്തം ഫണ്ടിൽനിന്നും കണ്ടെത്തി വിനിയോഗിക്കുകയാണ് ചെയ്തുവരുന്നത്.

(സി) ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച കേന്ദ്രവിഹിതം പൂർണമായും ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ ശമ്പളം ഉൾപ്പെടെ ആകെ 12,123.67 ലക്ഷം രൂപയാണ് കേന്ദ്രം അംഗീകരിച്ചിരുന്നത്. കഴിഞ്ഞ വർഷം സമഗ്ര ശിക്ഷാ കേരളത്തിന് കേന്ദ്രവിഹിതമായി ഒരു രൂപപോലും അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിനും കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടില്ല.

(ഡി) കേന്ദ്രസർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് വിവേചന പൂർണ്ണമായ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിൽ ആയതിന് നിയമപരമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

സംസ്ഥാനത്തിന് ലഭിക്കാനുള്ള അർഹമായ കേന്ദ്ര ഫണ്ട് പൂർണ്ണമായും വാങ്ങിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളിലുണ്ടായ മാറ്റം

168 (1408) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പി. പി. സുമോദ്:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിലനിർത്തുന്നതിനും തുടരുന്നതിനുമായി ആവിഷ്കരിച്ചിട്ടുള്ള തുടർ പദ്ധതികൾ എന്തൊക്കെയാണ്?

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സ്കൂളുകളുടെ ഭൗതിക സാഹചര്യത്തിൽ ഉണ്ടായിട്ടുള്ള മാറ്റം നിലനിർത്തുന്നതിനും തുടരുന്നതിനുമായി 2026-27 വർഷത്തിലെ തുടർപദ്ധതികൾക്കായി ബജറ്റിൽ സ്കൂൾ അടിസ്ഥാന സൗകര്യ വികസനം, ബാരിയർ ഫ്രീ എന്നിവയ്ക്കായി തുക വകയിരുത്തിയിട്ടുണ്ട്.

(ബി) അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ട് ഉപയോഗിച്ചത് പോലെ തന്നെ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും സാങ്കേതികത വികസിപ്പിക്കുന്നതിനുമായി കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ സാങ്കേതിക സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് പദ്ധതികൾ നടപ്പിലാക്കി. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കിയ ഹൈടെക് സ്കൂൾ പദ്ധതിക്ക് 493.5 കോടി രൂപയും ഒന്ന മുതൽ ഏഴ വരെ ക്ലാസുകളുള്ള സ്കൂളുകളിൽ കമ്പ്യൂട്ടർ ലാബുകൾ സജ്ജമാക്കിയ ഹൈടെക് ലാബ് പദ്ധതിക്ക് 300 കോടി രൂപയും ഉൾപ്പെടെ 793.5 കോടി രൂപയുടെ പദ്ധതി അംഗീകാരം കിഫ്ബി നൽകുകയും 456.49

കോടി രൂപയ്ക്ക് ഹൈടെക് സ്കൂൾ പദ്ധതിയും 225.57 കോടി രൂപയ്ക്ക് ഹൈടെക് ലാബ് പദ്ധതിയും കൈറ്റ് പൂർത്തിയാക്കുകയും ചെയ്തു.

(സി) ഹൈടെക് ലാബുകൾ ഏതെല്ലാം തരം സ്കൂളുകളിലാണ് സ്ഥാപിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

ഹൈടെക് ലാബുകൾ സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷന്റെ (കൈറ്റ്) നേതൃത്വത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഒന്ന് മുതൽ ഏഴ വരെ ക്ലാസുകളുള്ള 11275 സ്കൂളുകളിൽ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായും 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കിയ ഹൈടെക് ലാബ് പദ്ധതിയുടെ ഭാഗമായി 4752 സെക്കൻഡറി, ഹയർ സെക്കൻഡറി-വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലുമാണ് ഹൈടെക് ലാബുകൾ സജ്ജമാക്കിയത്.

(ഡി) സ്വകാര്യ സ്കൂളുകളോട് കിടപിടിക്കുന്ന രീതിയിൽ സർക്കാർ സ്കൂളുകളെ മാറ്റി എടുക്കാൻ സഹായിച്ച പ്രധാന ഘടകങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

1. ഭൗതിക സൗകര്യവികസനത്തിനായി കിഫ്ബി ധനസഹായത്തോടെയും പ്ലാൻ ഫണ്ട്, മറ്റ് ഫണ്ടുകൾ തുടങ്ങി വിവിധങ്ങളായ സ്കീമുകളിലൂടെയും ഭൗതിക സൗകര്യവികസന കാര്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ.

2. ആധുനികവൽക്കരണത്തിന്റെ ഭാഗമായി 8 മുതൽ 12 വരെ ക്ലാസ് മുറികൾ സാങ്കേതികവിദ്യാ സൗഹൃദമാക്കിയത്.

3. പ്രൈമറി, അപ്പർപ്രൈമറി വിദ്യാലയങ്ങളിൽ കമ്പ്യൂട്ടർ ലാബ് സ്ഥാപിച്ചത്, റോബോട്ടിക് കിറ്റുകൾ വിതരണം ചെയ്തത്.

4. അധ്യാപകരെ ഈ സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാൻ സജ്ജമാക്കിയത്.

5. സമഗ്രഗുണമേന്മാ പദ്ധതിയുടെ ഭാഗമായി നടത്തിയ വിവിധങ്ങളായ അക്കാദമിക പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പാക്കിയത്.

(ഇ) സ്കൂൾ ലൈബ്രറികളെ ശക്തിപ്പെടുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

സ്കൂൾ ലൈബ്രറി ശാക്തീകരണത്തിനായി 2025-26 വർഷത്തിൽ 'വായനയുടെ വസന്തം' എന്ന പദ്ധതിക്കായി മൂപ്പത് ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സ്പെഷ്യൽ എജ്യുക്കേറ്റർമാരുടെ നിയമനം

169 (1409) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എജ്യുക്കേറ്റർമാരെ നിയമിക്കണമെന്ന് 2025 മാർച്ച് 7-ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ; വിധിയിലെ വിശദാംശം എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉണ്ട്. 07-03-2025-ലെ വിധിന്യായത്തിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത വിധി നടപ്പാക്കുന്നതിനായി സുപ്രീം കോടതി നിശ്ചയിച്ചിരിക്കുന്ന സമയപരിധി എന്നുവരെയാണ്; സമയപരിധിക്കുള്ളിൽ സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

07-03-2025-ലെ വിധിന്യായം നടപ്പാക്കുന്നതിനായി 12 ആഴ്ചയാണ് സമയപരിധി നിശ്ചയിച്ചിട്ടുണ്ടായിരുന്നത്. ടി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 20-05-2025-ലെ സ.ഉ. (സാധാ) നം. 3403/2025/പൊ.വി.വ. പ്രകാരം സ്റ്റേറ്റ് ഡിസെബിലിറ്റി കമ്മീഷണർ, പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി, റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ പ്രതിനിധി, പൊതുവിദ്യാഭ്യാസ ഡയറക്ടർ, സർവ്വ ശിക്ഷാ കേരള പ്രോജക്ട് ഡയറക്ടർ, സ്റ്റേറ്റ് കൗൺസിൽ ഓഫ് എഡ്യൂക്കേഷണൽ റിസർച്ച് & ട്രെയിനിങ് ഡയറക്ടർ എന്നിവരെ ഉൾപ്പെടുത്തി ഒരു സ്റ്റീനിങ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ സ്കൂളുകളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) സംസ്ഥാനത്ത് ആകെ എത്ര സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ തസ്തികകളാണ് നിലവിലുള്ളതെന്ന് സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരം തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെ സ്ഥിരം തസ്തികകൾ നിലവിലില്ല. എസ്.എസ്.കെ.-യുടെ കീഴിൽ കരാർ അടിസ്ഥാനത്തിൽ 2,707 സ്പെഷ്യൽ എഡ്യൂക്കേറ്റർമാർ നിലവിൽ വിവിധ സ്കൂളുകളിലായി സേവനമനുഷ്ഠിച്ചുവരുന്നു.

(ഡി) പൊതുവിദ്യാലയത്തിൽ പഠിക്കുന്ന ഭിന്നശേഷി കുട്ടികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതുവിദ്യാലയങ്ങളിൽ സ്പെഷ്യൽ എഡ്യൂക്കേറ്റർമാരെ നിയമിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ദേശീയ വിദ്യാഭ്യാസ നയം

170 (1410) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീമതി ദെലീമ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിലെ (എൻ.ഇ.പി.) ഉള്ളടക്കത്തോടുള്ള സർക്കാരിന്റെ സമീപനം എന്താണെന്ന് വിശദമാക്കാമോ?

1968-ലേയും 1986-ലേയും ദേശീയ വിദ്യാഭ്യാസ നയമനുസരിച്ചാണ് സംസ്ഥാനത്ത് നിലവിലുള്ള സ്കൂൾ ഘടനയും പാഠ്യപദ്ധതിയും ചിട്ടപ്പെടുത്തിയിട്ടുള്ളത്. കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ദേശീയ വിദ്യാഭ്യാസ നയം 2020 നടപ്പാക്കുന്നതിന്റെ ഭാഗമായി

പാഠപുസ്തകങ്ങളിൽ നിന്നും ചരിത്ര പ്രധാനമായ പല പാഠഭാഗങ്ങളും ഒഴിവാക്കുകയുണ്ടായി. ഈ പാഠഭാഗങ്ങളിൽ പലതും ഉൾപ്പെടുത്തി എസ്.സി.ഇ.ആർ.ടി. പുതിയ പാഠപുസ്തകം വികസിപ്പിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ രംഗത്തിനും കുട്ടികളുടെ ഭാവിക്കും ഗുണകരവും അനിവാര്യവുമായ 2020-ലെ ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ ഘട്ടം ഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ച് വരുന്നത്.

(ബി) ഖാദർ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള ഹയർസെക്കൻഡറി ഏകോപനം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശകൾ അടിസ്ഥാനപ്പെടുത്തിയുള്ള സ്കൂൾ ഏകീകരണത്തിന്റെ ഭാഗമായി കോർ കമ്മിറ്റി തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസിന്റെ പരിശോധന നടന്നുവരികയാണ്. ടി ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(സി) പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളെ അവമതിക്കുന്ന പ്രചാരണങ്ങൾ ചില സ്ഥാപിത താൽപ്പര്യക്കാർ ഉയർത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പ്രചാരണങ്ങളിലെ സത്യാവസ്ഥ വ്യക്തമാക്കാൻ സർക്കാർ മുൻകൈയെടുക്കുമോ?

പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളെ അവമതിക്കുന്ന പ്രചാരണങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ദേശീയ പഠന സർവേയിൽ സംസ്ഥാനത്തിന് അഭിമാനകരമായ സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ടോ; ദേശീയ ശരാശരിയുമായുള്ള താരതമ്യത്തിൽ സംസ്ഥാനത്തിന്റെ പ്രകടനം എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

2024 ഡിസംബർ 4-ന് ദേശീയാടിസ്ഥാനത്തിൽ നടത്തിയ ദേശീയ പഠന സർവേയിൽ (PRS/NAS2024) സംസ്ഥാനത്തിന് അഭിമാനകരമായ സ്ഥാനം നേടാൻ കഴിഞ്ഞിട്ടുണ്ട്. 3, 6, 9 ക്ലാസുകളിലായി നടത്തിയ സർവേയിൽ സംസ്ഥാനത്തിന് ഇന്ത്യയിൽ ഓവറോൾ രണ്ടാം സ്ഥാനം നേടാൻ സാധിച്ചിട്ടുണ്ട്. ഭാഷ, ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം, വേൾഡ് എറൗണ്ട് അസ് എന്നീ വിഷയങ്ങളിലായി നടന്ന സർവേയിൽ സംസ്ഥാനത്തിന്റെ പ്രകടനം പൊതുവെ ദേശീയ ശരാശരിയേക്കാൾ മുന്നിലാണ്.

കെ-ടെറ്റിലെ ബഹു. സുപ്രീം കോടതി വിധി

171 (1411) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക നിയമനങ്ങൾക്ക് നിർബന്ധമായ കെ-ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച പുതിയ വിധി പൂർണമായും പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

സിവിൽ അപ്പീൽ നമ്പർ 1385/2025 മേലുള്ള (Anjuman Ishaat-e-Taleem Trust Vs. St ate of Maharashtra & Ors.) 01-09-2025-ൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം അഡ്വക്കേറ്റ് ജനറലിന്റേയും നിയമ വകുപ്പിന്റേയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചിട്ടുണ്ട്.

(ബി) സുപ്രീം കോടതിയുടെ പ്രസ്തുത വിധി സംസ്ഥാനത്ത് നിലവിൽ പ്രാബല്യത്തിലുള്ള കെ-ടെറ്റ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾക്കും ചട്ടങ്ങൾക്കും വിരുദ്ധമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദീകരിക്കുമോ?

ആർ.ടി.ഇ. (RTE) നിയമം വന്നതിനുശേഷം എല്ലാ അധ്യാപകർക്കും ടെറ്റ് (TET) യോഗ്യത നിർബന്ധമാണ്. സർവീസിലിരിക്കുന്നവർ 2 വർഷത്തിനകം ഇത് നേടണം. അല്ലാത്ത പക്ഷം വിരമിക്കൽ ഉൾപ്പെടെയുള്ള നടപടികൾ നേരിടേണ്ടിവരുമെന്നാണ് വിധി. കേരളത്തിലെ നിലവിലെ ചട്ടപ്രകാരം 2012 മാർച്ച് 31-ന് മുൻപ് നിയമിതരായവർക്ക് കെ-ടെറ്റിൽ നിന്ന് ഇളവുണ്ട്. കോടതി വിധി ഇത് റദ്ദാക്കുന്നതിന് തുല്യമാണ്. നെറ്റ് (NET), സെറ്റ് (SET), M.Phil, Phd എന്നിവയുള്ളവർക്കും ചട്ടപ്രകാരം അവകാശികളായ അധ്യാപകർക്കും കെ-ടെറ്റിൽ നിന്ന് ഇളവ് നൽകി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ഈ ഉത്തരവുകൾ ബഹു. സുപ്രീം കോടതിയുടെ വിധിയുടെ പശ്ചാത്തലത്തിൽ നിലനിൽക്കുന്നതായി കാണുന്നില്ല.

(സി) ബഹു. സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ കെ-ടെറ്റ് യോഗ്യത, സാധുതാ കാലാവധി, ഒഴിവാക്കൽ (എക്സംപ്ഷൻ), മുൻകാല നിയമനങ്ങൾ എന്നിവ സംബന്ധിച്ച് സർക്കാർ സ്വീകരിച്ച നയപരമായ തീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025-മേലുള്ള 01-09-2025-ലെ വിധിന്യായത്തിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃതമായി ബഹു. സുപ്രീം കോടതിയിൽ

റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. 27-12-2025-ലെ G.O.(Rt) No. 10572/2025/GEDN പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയനവർഷംവരെ നിയമനം ലഭിച്ച അധ്യാപകർക്കും ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃതമായി RTE ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. കെ-ടെറ്റ് യോഗ്യത ബാധകമാക്കിക്കൊണ്ട് 13-01-2026-ലെ G.O.(Ms) No.5/2026/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെയും കെ-ടെറ്റ് യോഗ്യത ഇല്ലാതെ നിയമനം ലഭിച്ചവരുടെയും സേവന സുരക്ഷയെ സംബന്ധിച്ച് വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ?

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025-മേലുള്ള 01-09-2025-ലെ വിധിന്യായത്തിനനുസൃതമായി നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അവകാശങ്ങളും സേവന സുരക്ഷയേയും ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) കെ-ടെറ്റ് സംബന്ധിച്ചുള്ള നിയമപരമായ ആശയക്കുഴപ്പം അവസാനിപ്പിക്കുന്നതിനായി സർക്കാർ പുതിയ ചട്ടങ്ങൾ/ഭേദഗതി വിജ്ഞാപനം പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ടി വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(എഫ്) നിലവിൽ സർവീസിലുള്ളതും കെ-ടെറ്റ് യോഗ്യത ഇല്ലാത്തവരുമായ അധ്യാപകർക്ക് പ്രത്യേകമായി കെ-ടെറ്റ് പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

27-12-2025-ലെ G.O.(Rt) No. 10572/2025/GEDN പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷം വരെ നിയമനം ലഭിച്ച അധ്യാപകർക്കും ബൈടാൻസ്റ്റർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

അദ്ധ്യാപക യോഗ്യത പരീക്ഷ

172 (1412) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അധ്യാപക യോഗ്യത പരീക്ഷയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ ഉത്തരവിൽ പറയുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

സിവിൽ അപ്പീൽ നമ്പർ 1385/2025-നുമേലുള്ള 01-09-2025-ലെ (Anjuman Ishaat-e-Taleem Trust Vs. State of Maharash tra & Ors.) വിധിന്യായത്തിൽ 2009-ലെ RTE നിയമപ്രകാരം 6-14 വയസ്സ് വരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിലേക്കായി അധ്യാപകന്റെ നിലവാരം

ഉറപ്പാക്കാൻ 01-04-2010 മുതൽ TET പരീക്ഷ നിർബന്ധമാണെന്ന് വ്യക്തമാക്കി. എന്നാൽ, RTE Act വരുന്നതിനുമുമ്പ് നിയമിതരായവരിൽ 5 വർഷത്തിൽ താഴെ സേവനകാലം മാത്രം ശേഷിക്കുന്ന അധ്യാപകർക്ക് TET പാസാകാതെ തന്നെ വിരമിക്കുന്നതുവരെ ജോലിയിൽ തുടരാം. എന്നാൽ, അവർക്ക് പ്രൊമോഷൻ വേണമെങ്കിൽ TET പാസാകണം. 2009-നുമുമ്പ് നിയമിതരായ, വിരമിക്കാൻ 5 വർഷത്തിൽ കൂടുതലുള്ള അധ്യാപകർ 2 വർഷത്തിനകം TET പാസാകണം. 2 വർഷത്തിനകം TET പാസാകാത്തവർ ജോലിയിൽ നിന്ന് ഒഴിവാക്കപ്പെടും. അവർക്ക് compulsory retirement ലഭിക്കും അനുയോജ്യമായ terminal benefits (പിരിച്ചുവിടൽ ആനുകൂല്യങ്ങൾ) നൽകും. എന്നാൽ, സേവനകാലം പൂർത്തിയാകാത്തവർക്ക് സർക്കാരിന് പ്രത്യേക പരിഗണന നൽകാം. പുതിയ നിയമനം ആഗ്രഹിക്കുന്നവർക്കും പ്രൊമോഷൻ ആഗ്രഹിക്കുന്ന in-service അധ്യാപകർക്കും TET നിർബന്ധമാണ്. വിധിന്യായത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു[+].

(ബി) പ്രസ്തുത വിധി സംസ്ഥാനത്തെ അധ്യാപകരെ എങ്ങനെയാണ് ബാധിക്കുക; ഈ വിഷയത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025-മേലുള്ള 01-09-2025-ലെ വിധിന്യായത്തിനനുസൃതമായി നിലവിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ അവകാശങ്ങളും സേവന സുരക്ഷയേയും വിധിന്യായത്തിനനുസൃതമായി ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹു. സുപ്രീം കോടതിയുടെ സിവിൽ അപ്പീൽ നമ്പർ 1385/2025-ന്മേലുള്ള 01-09-2025-ലെ വിധിന്യായത്തിനെതിരെ അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃതമായി ബഹു. സുപ്രീം കോടതിയിൽ റിവിഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്. 27-12-2025-ലെ G.O.(Rt) No.10572/2025/GEDN പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷം വരെ നിയമനം ലഭിച്ച അധ്യാപകർക്കും ബൈട്രാൻസ്ഫർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിനനുസൃതമായി RTE ആക്ടിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. കെ-ടെറ്റ് യോഗ്യത ബാധകമാക്കിക്കൊണ്ട് 13-01-2026-ലെ G.O.(Ms) No.5/2026/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) പ്രസ്തുത വിധിക്ക് മുൻകാല പ്രാബല്യമുണ്ടോ; ഈ വിധി വരുന്നതിനുമുൻപ് അധ്യാപക യോഗ്യത പരീക്ഷ നേടാതെ പ്രൊമോഷൻ നേടിയ അധ്യാപകരെ ഇത് ബാധിക്കുമോ; വിശദമാക്കാമോ?

സിവിൽ അപ്പീൽ നമ്പർ 1385/202-ന്മേലുള്ള 01-09-2025-ലെ (Anjuman Ishaat-e-Taleem Trust Vs. State of Maharash tra&Ors.) വിധിന്യായത്തിൽ അധ്യാപകന്റെ നിലവാരം ഉറപ്പാക്കാൻ 01-04-2010 മുതൽ TET പരീക്ഷ നിർബന്ധമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് കുടിശ്ശിക

173 (1413) ശ്രീ. സണ്ണി ജോസഫ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. റോജി എം. ജോൺ:

ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.എസ്., യു.എസ്.എസ്./സി.എം.കിഡ്സ് സ്കോളർഷിപ്പ് ഇനത്തിൽ വിദ്യാർഥികൾക്ക് നൽകാനുള്ള തുക കുടിശ്ശികയാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ ഇത് അടിയന്തരമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സ്കോളർഷിപ്പ് തുക വിതരണം ചെയ്യുന്നതിനായി 2024-2025 വർഷം മുതൽ എൽ.എസ്.എസ്./യു.എസ്.എസ്. പോർട്ടൽ മുഖേനയാണ് കുട്ടികളുടെ വിവരങ്ങൾ ശേഖരിച്ചുവരുന്നത്. എന്നാൽ പോർട്ടലിൽ വിവരങ്ങൾ രേഖപ്പെടുത്തിയതിലെ പിഴവുകൾ കാരണം ഒട്ടേറെ വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഇപ്രകാരം പിഴവുകൾ വന്ന എൻട്രികൾ തിരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) വിദ്യാർഥികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക കുടിശ്ശികയായ സാഹചര്യത്തിൽ സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

വിദ്യാർഥികൾക്ക് എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് തുക കുടിശ്ശികയായ സാഹചര്യത്തിൽ സ്കോളർഷിപ്പുകൾ വെട്ടിക്കുറയ്ക്കുന്നതിനായി മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ എൽ.എസ്.എസ്., യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷകൾക്ക് ഓരോ വർഷവും കട്ട് ഓഫ് മാർക്ക് അതത് വർഷം പരീക്ഷാ ബോർഡ് യോഗം ചേർന്ന് നിശ്ചയിക്കുന്നതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

സ്കോൾ-കേരള വൈസ് ചെയർമാൻ നിയമനം

174 (1414) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാൻ തസ്തിക എന്ന് മുതലാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

സ്കോൾ-കേരളയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായ വൈസ് ചെയർമാൻ തസ്തിക 19-03-2025 മുതലാണ് ഒഴിഞ്ഞുകിടക്കുന്നത്.

(ബി) വൈസ് ചെയർമാൻ തസ്തികയിലെ നിയമനത്തിന് വേണ്ടി 18-03-2025-ൽ സെലക്ട് കമ്മിറ്റി രൂപീകരിച്ച ശേഷം ഇതുവരെയും പ്രസ്തുത നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വൈസ് ചെയർമാൻ തസ്തിക റദ്ദാക്കുന്ന/ഒഴിവാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

(ബി&സി) വൈസ് ചെയർമാൻ തസ്തികയിലെ നിയമനത്തിനായി 18-03-2025-ലെ സ.ഉ. (സാധാ) നം.2072/2025/പൊ.വി.വ. പ്രകാരം സെലക്ട് കമ്മിറ്റി രൂപീകരിച്ച് നിയമന നടപടികൾ പുരോഗമിച്ചുവരുന്നു.

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ

175 (1415) ശ്രീ. വി. ആർ. സുനിൽകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ ഏതൊക്കെ സ്കൂളുകൾക്കാണ് പുതിയ കെട്ടിടം അനുവദിച്ചതെന്ന് തുക സഹിതം അറിയിക്കാമോ?

കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ഏതൊക്കെ സ്കൂൾ കെട്ടിടങ്ങളാണ് നവീകരിക്കുന്നതിന് തുക അനുവദിച്ചിട്ടുള്ളതെന്ന് തുക സഹിതം അറിയിക്കാമോ?

ഗവ. എച്ച്.എസ്.എസ്. എടവിലങ്ങ് സ്കൂൾ കെട്ടിടത്തിന് 7.5 ലക്ഷം രൂപ നവീകരണത്തിനായി അനുവദിച്ചിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാര നിരീക്ഷണം

176 (1416) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണനിലവാരം നിരീക്ഷിക്കാൻ നിലവിലുള്ള സംവിധാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കുട്ടികൾക്ക് നൽകുന്ന ഉച്ചഭക്ഷണത്തിന്റെയും കുടിവെള്ളത്തിന്റെയും ഗുണമേന്മ ഉറപ്പവരുത്തുന്നതിനായി ഇവയുടെ സാമ്പിളുകൾ എൻ.എ.ബി.എൽ. അക്രഡിറ്റേഷനുള്ള ലാബിൽ മൈക്രോബയോളജിക്കൽ പരിശോധന നടത്തുന്ന സംവിധാനം ഒരുക്കിയിട്ടുണ്ട്.

2. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് സുഗമവും കാര്യക്ഷമവുമാക്കുന്നതിന് സ്കൂൾതല ഉച്ചഭക്ഷണ കമ്മറ്റികൾ പുനഃസംഘടിപ്പിക്കുകയും വിദ്യാർഥികളുടെ പ്രതിനിധി, പാചകതൊഴിലാളി എന്നിവരെ കൂടി കമ്മറ്റിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. എയ്ഡഡ് സ്കൂളുകളിലെ ഉച്ചഭക്ഷണ കമ്മറ്റികളിൽ മാനേജർ/മാനേജരുടെ പ്രതിനിധിയെ ഉൾപ്പെടുത്തി.

3. പൊതുവിദ്യാഭ്യാസ വകുപ്പ് തലത്തിൽനിന്നും ജില്ലാ, ഉപജില്ലാ തലങ്ങളിൽ ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന് മേൽനോട്ടം വഹിക്കുന്ന വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, സ്കൂൾ പ്രഥമാധ്യാപകർ എന്നിവർക്ക് വർഷം തോറും പരിശീലനം നൽകി വരുന്നു. കൂടാതെ ഭക്ഷ്യ സുരക്ഷാ വകുപ്പ് പ്രഥമ അധ്യാപകർക്കും പാചക തൊഴിലാളികൾക്കും

അവരുടെ സഹായികൾക്കും അടുക്കളയിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളും/ ശുചിത്വ മാനദണ്ഡങ്ങളും സംബന്ധിച്ച് പരിശീലനം നൽകി വരുന്നുണ്ട്. ടി പദ്ധതിയുടെ സുതാര്യത സാധാരണ ജനങ്ങളിലേക്ക് എത്തിക്കുന്നതിലേക്കായി സ്കൂൾ ഉച്ചഭക്ഷണ പദ്ധതി ഓഡിറ്റിങ്ങിന് വിധേയമാക്കുന്നുണ്ട്.

4. ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിനായി സ്കൂളുകളിൽ വാങ്ങുന്ന ഭക്ഷ്യ വസ്തുക്കളടക്കമുള്ള സാധന സാമഗ്രികൾ (ഭക്ഷ്യധാന്യം ഒഴികെ) ഗുണമേന്മയുള്ളതാണെന്ന് ഉറപ്പ് വരുത്തുന്നതിനും സാധന സാമഗ്രികൾ നേരിട്ട് സ്കൂളുകളിൽ എത്തിക്കുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുമുള്ള ഉത്തരവാദിത്വം സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികൾക്ക് നൽകിക്കൊണ്ട് മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു.

5. സ്കൂൾ ഉച്ചഭക്ഷണ കമ്മിറ്റികളുടെ പ്രവർത്തനം നിരന്തരം നിരീക്ഷിക്കാനും ആവശ്യമായ മാർഗനിർദേശങ്ങൾ നൽകാനുമായി തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ മോണിറ്ററിങ് കമ്മറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് കുട്ടികൾക്കും മാതാപിതാക്കൾക്കും പരാതി നൽകാൻ ഹെൽപ്പ് ലൈൻ അല്ലെങ്കിൽ ഓൺലൈൻ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കും പൊതുജനങ്ങൾക്കും ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നിർദേശങ്ങൾ, അഭിപ്രായങ്ങൾ, പരാതികൾ എന്നിവ നേരിട്ടോ, തപാൽ മാർഗ്ഗമോ, ഫോൺ/ഇ-മെയിൽ മുഖാന്തരമോ സമർപ്പിക്കുന്നതിന് 14

ജില്ലകളിലെയും വിദ്യാഭ്യാസ ഉപഡയറക്ടറേറ്റുകളിൽ പരാതി പരിഹാര സെൽ രൂപീകരിച്ചിട്ടുണ്ട്.

ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ

177 (1417) ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീ. കെ. ആൻസലൻ:

ശ്രീ. ലിന്റോ ജോസഫ്:

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക മികവും ഉയർത്തിയതിന്റെ ഫലമായി കഴിഞ്ഞ പത്തുവർഷത്തിനിടയിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കേരളത്തിലെ 2017-18 മുതൽ 2025-26 വരെ പൊതുവിദ്യാലയത്തിൽ (സർക്കാർ, എയ്ഡഡ്) പുതുതായി വന്നുചേർന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ) മുൻവർഷവുമായി താരതമ്യം ചെയ്യ. പരിശോധിക്കുമ്പോൾ കുട്ടികളുടെ എണ്ണത്തിൽ വർധനയുള്ളതായി കാണാൻ സാധിക്കും. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യ വികസനവും അക്കാദമിക മികവും ഉയർത്തിയതിന്റെ ഫലമായി തന്നെയാണ് കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ സർക്കാർ സ്കൂളുകളിൽ കുട്ടികളുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുള്ളത്.

പൊതുവിദ്യാലയങ്ങളിലെ (സർക്കാർ, എയ്ഡഡ്) കഴിഞ്ഞ 10 വർഷത്തെ കുട്ടികളുടെ എണ്ണത്തിലുണ്ടായ വർധനവ് ചുവടെ ചേർക്കുന്നു.

വർഷം	വർധനവ് വന്ന കുട്ടികളുടെ എണ്ണം (2 മുതൽ 10 വരെ)
2016-17	116166
2017-18	140007
2018-19	174650
2019-20	166948
2020-21	166207
2021-22	227556
2022-23	119970
2023-24	42881
2024-25	34589
2025-26	40906

(ബി) പ്രസ്തുത കാലയളവിൽ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന വികസനത്തിനായി വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങൾ, അനുബന്ധ സ്ഥാപനങ്ങൾ എന്നിവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന കണക്ക് ലഭ്യമാണോ; എങ്കിൽ അത് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഇതുവരെ എത്ര ചതുരശ്രമീറ്റർ കെട്ടിടങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്ന വിവരം ലഭ്യമാണോ; എങ്കിൽ പ്രസ്തുത വിവരം നൽകാമോ; അവയുടെ നിർമ്മാണ പുരോഗതി വ്യക്തമാക്കാമോ?

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ദേശീയ-അന്തർദേശീയ നിലവാരത്തിലേക്ക് സർക്കാർ സ്കൂളുകളെ ഉയർത്തിക്കൊണ്ടുവരുന്ന പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിന് അടിയന്തര നിർദേശം നൽകുമോ; വ്യക്തമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണപ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ അവലോകനം നടത്താറുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും ബന്ധപ്പെട്ട നിർവഹണ ഏജൻസികൾക്കും കിഫ്ബിക്കും നിർദേശം നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

178 (1418) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

സ്കൂൾ പ്രവേശനം

179 (1419) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി ഉയർത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് അധ്യയന വർഷം മുതൽ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഒന്നാം ക്ലാസിലേക്കുള്ള പ്രവേശനത്തിനുള്ള കുറഞ്ഞ പ്രായപരിധി നിലവിൽ 5 വയസ്സ് തന്നെയാണ്. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ (NEP 2020) ഭാഗമായി ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായം 6 വയസ്സായി ഏകീകരിക്കാനുള്ള നടപടികൾക്ക് സംസ്ഥാനം തുടക്കം കുറിച്ചിട്ടുണ്ട്. കേരളത്തിൽ ഇത് ഘട്ടംഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. 2027-28 അധ്യയന വർഷം മുതൽ ഒന്നാം ക്ലാസ് പ്രവേശനത്തിനുള്ള പ്രായം 6 വയസ്സായി ഉയർത്തുന്നതിനുള്ള ആക്ഷൻ പ്ലാൻ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ മുന്നോടിയായി പ്രീ-സ്കൂൾ തലത്തിൽ 'വിദ്യ പ്രവേശ്', ഒന്നാം ക്ലാസിൽ ഒന്നൊരുക്കം എന്ന പേരിലുള്ള സ്കൂൾ സന്നദ്ധതാ പ്രവർത്തനങ്ങൾ വഴി കുട്ടികളെ സജ്ജമാക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അൺഎയ്ഡഡ് സ്കൂളുകളിൽനിന്നും കുട്ടികൾ കൂടുതലായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് പ്രവേശനം നേടുന്നത് ഏതൊക്കെ ക്ലാസുകളിലാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെയും വിദ്യാകിരണം മിഷന്റെയും ഭാഗമായി സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും പഠന നിലവാരവും മെച്ചപ്പെട്ടതോടെ അൺഎയ്ഡഡ് മേഖലയിൽ നിന്ന് വലിയ തോതിലുള്ള കുട്ടികളുടെ ഒഴുക്ക് ഉണ്ടായിട്ടുണ്ട്. വിദ്യാഭ്യാസ വകുപ്പിന്റെ ഡാറ്റാ പ്രകാരം പ്രധാനമായും താഴെ പറയുന്ന ക്ലാസുകളിലാണ് കൂടുതൽ പ്രവേശനം നടക്കുന്നത്:

അഞ്ചാം ക്ലാസ്: എൽ.പി. ക്ലാസുകൾ കഴിഞ്ഞ് യു.പി. വിഭാഗത്തിലേക്ക് മാറുമ്പോൾ വലിയൊരു വിഭാഗം കുട്ടികൾ അൺഎയ്ഡഡ് സ്കൂൾ വിട്ട് പൊതുവിദ്യാലയങ്ങളിൽ ചേരുന്നു.

എട്ടാം ക്ലാസ്: ഹൈസ്കൂൾ പ്രവേശന സമയത്താണ് ഏറ്റവും കൂടുതൽ കുട്ടികൾ അൺഎയ്ഡഡ് മേഖലയിൽ നിന്ന് സർക്കാർ/എയ്ഡഡ് സ്കൂളുകളിലേക്ക് എത്തുന്നത്.

പ്ലസ് വൺ: ഹയർ സെക്കൻഡറി തലത്തിൽ സർക്കാർ സീറ്റുകളുടെ ലഭ്യതയും കുറഞ്ഞ ഫീസും കണക്കിലെടുത്ത് ഗണ്യമായ മാറ്റം ഉണ്ടാകുന്നുണ്ട്.

2025-26 അധ്യായന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ ഒന്നാം ക്ലാസിൽ ഒഴികെ എല്ലാ ക്ലാസിലും കുട്ടികളുടെ എണ്ണത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ വർധനവുണ്ടായിട്ടുണ്ട്. ഈ വിദ്യാർഥികൾ കൂടുതലായും എത്തിചേരുന്നത് അൺഎയ്ഡഡ് സ്കൂളുകളിൽനിന്നും കൂടാതെ മറ്റിതര സിലബസിൽ നിന്നുമാണ്. 2025-26 അധ്യായന വർഷം പുതുതായി വന്നുചേർന്ന കുട്ടികൾ ക്ലാസ് അടിസ്ഥാനത്തിൽ II-3044, III-

250, IV-806, V-8939, VI-3874, VII-3682, VIII-15128, IX-4800, X-383 ആകെ- 40906 എന്നിങ്ങനെയാണ്. 2025-26 അധ്യയന വർഷത്തിൽ ഹയർ സെക്കൻഡറി ഒന്നാം വർഷം CBSE, ICSE സിലബസ്സുകളിൽനിന്നും ആകെ 20,864 കുട്ടികൾ പ്രവേശനം നേടിയിട്ടുണ്ട്.

കെ-ടെറ്റ് യോഗ്യത പരീക്ഷ

180 (1420) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർവീസിലുള്ള അധ്യാപകർക്ക് ഉൾപ്പെടെ അധ്യാപക യോഗ്യതാ പരീക്ഷ (കെ-ടെറ്റ്) നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് സാഹചര്യത്തിലാണ് ഇപ്രകാരം ഉത്തരവ് പുറപ്പെടുവിച്ചത്; വിശദാംശം വ്യക്തമാക്കുമോ?

ഉണ്ട്. ടെറ്റ് നിർബന്ധമാക്കുന്നത് സംബന്ധിച്ച് ബഹു. സുപ്രീം കോടതിയുടെ 1385/2025 നമ്പർ സിവിൽ അപ്പീലിൽ 01-09-2025-ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് 13-01-2026-ലെ G.O. (MS)No. 5/2026/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പ്രസ്തുത പരീക്ഷ ആരംഭിക്കുന്നതിന് മുൻപ് ജോലിയിൽ പ്രവേശിച്ചവർക്ക് അന്ന് ആവശ്യമില്ലാതിരുന്ന യോഗ്യത ഇപ്പോൾ നിർബന്ധമാക്കുന്ന പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

മേൽ സൂചിപ്പിച്ച സുപ്രീം കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ 13-01-2026-ലെ G.O.(MS)No.5/2026/GEDN പ്രകാരം പുറപ്പെടുവിച്ചത്. അതിനാൽ പ്രസ്തുത ഉത്തരവ് റദ്ദ് ചെയ്യുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

യു.ഐ.ഡി. പ്രകാരമുള്ള തസ്തിക നിർണ്ണയം

181 (1421) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡ് ആക്കി സമന്വയയിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ചുനൽകാനും തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) 2025 ആഗസ്റ്റ് 25-നുള്ളിൽ പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശം നൽകിയിട്ടുണ്ടെന്ന് ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി നിർദേശം നൽകിയിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിലുണ്ടോ; ആയതനുസരിച്ച് തസ്തിക നിർണ്ണയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്നും എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 18-08-2025-ലെ GO(Ms)141/2025/GEDN പ്രകാരം ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു+.

(ബി) 2025-26 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ പരിഗണിക്കാത്തതുകാരണം തസ്തിക നഷ്ടപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അധ്യാപക/അനധ്യാപക ജീവനക്കാരുടെ ആകെ എണ്ണം സംബന്ധിച്ച വിവരം, പ്രസ്തുത ജീവനക്കാരെ നിലനിർത്തുമ്പോഴുണ്ടാകുന്ന സാമ്പത്തിക ബാധ്യത എന്നീ വിവരങ്ങൾ 30-09-2025-നകം പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്ന 25-09-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് ലഭ്യമാക്കിയ വിവരം എന്തെല്ലാമാണെന്ന് അറിയിക്കാമോ?

2025-26 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയത്തിൽ യു.ഐ.ഡി. ഇല്ലാത്ത കുട്ടികളെ പരിഗണിക്കാത്തതുകാരണം സർക്കാർ സ്കൂളുകളിൽ 75 തസ്തികകളും ഇരുപതും തസ്തികകൾ നിലനിർത്തുന്നതിലൂടെ സർക്കാരിന് 4,08,41,715/- രൂപ സാമ്പത്തിക ബാധ്യതയും എയ്ഡഡ് സ്കൂളുകളിൽ 128 തസ്തികകളും തസ്തിക നഷ്ടപ്പെട്ട അധ്യാപക/അനധ്യാപകരെ നിലനിർത്തുന്നതിലൂടെ സർക്കാരിന് 6,95,57,076/- രൂപ ബാധ്യതയുമാണ് ഉണ്ടാകുന്നതെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(സി) ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.-ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14-07-2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണ്ണയം ചെയ്യുന്നതിന് അനുമതി നൽകുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുണ്ടെന്ന 25-09-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ

അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.-ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14-07-2025 തീയതി വരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 അധ്യയന വർഷത്ത തസ്തിക നിർണയത്തിൽ ഉൾപ്പെടുത്തി, നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ നിലവിൽ തുടർന്നുവരുന്ന തസ്തിക നിർണ്ണയ നടപടികൾ പ്രായോഗികമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തി വിശദമായ ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിക്കാൻ ഒരു ഉന്നതതല സമിതിയും പ്രസ്തുത സമിതിയെ സഹായിക്കാനായി ഒരു സബ് കമ്മിറ്റിയും രൂപീകരിക്കാനും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന ഉടൻതന്നെ ഇതുസംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണെന്ന 25-09-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് രൂപീകരിച്ച സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

25-09-2025-ന് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതലയോഗ തീരുമാനമനുസരിച്ച് സബ് കമ്മിറ്റി രൂപീകരിക്കുന്നതിനും റിപ്പോർട്ട് തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) 2025-26 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡാക്കി സമന്വയയിൽ അപ്ലോഡ് ചെയ്തിട്ടും സ്കൂളിൽ തസ്തികയ്ക്ക് വേണ്ടിയുള്ള കുട്ടികൾ ഉണ്ടായിട്ടും യു.ഐ.ഡി. ആറാം പ്രവൃത്തിദിനം കിട്ടിയില്ലെന്ന സാങ്കേതികത്വത്തിൽ തസ്തിക നഷ്ടപ്പെട്ട അധ്യാപകരെ സ്കൂളിൽ തന്നെ നിലനിർത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

അധ്യയന വർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ വാലിഡ് UID അടിസ്ഥാനമാക്കി വിദ്യാർഥികളുടെ എണ്ണം കണക്കാക്കിയാണ് KER അധ്യായം 23 ചട്ടം 12 പ്രകാരം തസ്തിക നിർണ്ണയം പൂർത്തിയാക്കുന്നത്. 2025-26 അധ്യയന വർഷത്തെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ള Invalid യു.ഐ.ഡി. ഉള്ള കുട്ടികളുടെ യു.ഐ.ഡി. വാലിഡാക്കി സമന്വയയിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള സമയപരിധി 2025 ആഗസ്റ്റ് 20 വരെ ദീർഘിപ്പിച്ച് നൽകിക്കൊണ്ട് 18-08-2025-ലെ സ.ഉ.(കൈ) 141/2025/പൊ.വി.വ. പ്രകാരം ടി വിദ്യാർഥികളെ കൂടി ഉൾപ്പെടുത്തി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയം (അധിക തസ്തിക ഉൾപ്പെടെ) പുനർനിർണ്ണയിച്ച് ഉത്തരവ് പുറപ്പെടുവിക്കാനും നിർദേശം നൽകിയിട്ടുണ്ട്.

(എഫ്) ഇപ്രകാരം തസ്തിക നഷ്ടപ്പെട്ട് വിദ്യാലയങ്ങളിൽ നിന്ന് പുറത്തുപോയ അധ്യാപകരെ സ്കൂളിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

കൂടാതെ ആറാം പ്രവൃത്തിദിനത്തിൽ റോളിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ ആ ദിവസം വരെ യു.ഐ.ഡി.-ക്ക് അപേക്ഷിച്ചിട്ട് ലഭിക്കാതിരിക്കുകയും പിന്നീട് 14-07-2025 തീയതി വരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തി നിലവിലുള്ള ചട്ടങ്ങളിൽ ഇളവ് നൽകി തസ്തിക പുനർനിർണ്ണയം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെറ്റ്, കെ-ടെറ്റ് അധ്യാപക യോഗ്യത പരീക്ഷകൾ

182 (1422) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തുന്ന അധ്യാപക യോഗ്യതാ പരീക്ഷയായ സെറ്റ് (സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ്) യോഗ്യത നേടിയവർ കെ-ടെറ്റ് പരീക്ഷ എഴുതേണ്ടതില്ലെന്ന് കെ-ടെറ്റ് പരീക്ഷ ആരംഭിച്ചത് മുതൽ എല്ലാ കെ-ടെറ്റ് പരീക്ഷ നോട്ടിഫിക്കേഷനുകളിലും അറിയിച്ചിരുന്നോ; വിശദമാക്കാമോ?

കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് അതത് സമയം സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായ വ്യവസ്ഥകളാണ് കെ-ടെറ്റ് പരീക്ഷാ നോട്ടിഫിക്കേഷനുകളിൽ ഉൾപ്പെടുത്താറുള്ളത്. സെറ്റ് യോഗ്യതയുള്ളവരെ കെ-ടെറ്റ് നേടുന്നതിൽനിന്നും ഒഴിവാക്കിയിരുന്നു. ആയത് കെ-ടെറ്റ് പരീക്ഷ നോട്ടിഫിക്കേഷനുകളിലും ഉൾപ്പട്ടിരുന്നു. എന്നാൽ കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട ബഹു. സുപ്രീം കോടതിയുടെ സിവിൽ

അപ്പീൽ നമ്പർ 1385/2025-മ്മേലുള്ള 01-09-2025-ലെ വിധിയുടെ പശ്ചാത്തലത്തിൽ ഈ ഇളവുകൾ നിലനിൽക്കുന്നില്ല.

(ബി) ഇത്തരത്തിൽ നോട്ടിഫിക്കേഷനിൽ ഉൾപ്പെടുത്തിയിരുന്നുവെങ്കിൽ സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് യോഗ്യത കെ-ടെറ്റ് യോഗ്യതക്ക് തുല്യമാണെന്ന് ഉത്തരവ് പുറപ്പെടുവിക്കാത്തത് എന്തുകൊണ്ടാണ്; വിശദമാക്കാമോ?

കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി 01-09-2025-ൽ പുറപ്പെടുവിച്ച വിധിക്കനുസൃതമായി മാത്രമേ യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കാൻ സാധിക്കുകയുള്ളൂ.

(സി) സെറ്റ് യോഗ്യത പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷ എന്നീ പരീക്ഷകൾ കേരളത്തിൽ സർക്കാർ നടത്തുന്ന അധ്യാപക യോഗ്യത പരീക്ഷകളോ; വിശദമാക്കാമോ?

കേരള സർക്കാർ ഹയർ സെക്കൻഡറി തലത്തിലും എൽ.പി./യു.പി./ഹൈസ്കൂൾ തലത്തിലുമുള്ള അധ്യാപകർക്കായി നടത്തുന്ന യോഗ്യത പരീക്ഷകളാണ് യഥാക്രമം സെറ്റ്, കെ-ടെറ്റ് എന്നിവ.

(ഡി) സെറ്റ് യോഗ്യത പരീക്ഷ, കെ-ടെറ്റ് യോഗ്യത പരീക്ഷയുടെ ഹയർ ലെവൽ യോഗ്യത പരീക്ഷ ആയിട്ടും സെറ്റ് യോഗ്യത നേടുന്നവർ കെ-ടെറ്റ് യോഗ്യത വീണ്ടും നേടണമെന്ന് ആവശ്യപ്പെടുന്നതിന്റെ കാരണങ്ങൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

കെ-ടെറ്റ് യോഗ്യത സംബന്ധിച്ച് ബഹു. സുപ്രീം കോടതി 01-09-2025-ൽ പുറപ്പെടുവിച്ച വിധിക്കനുസൃതമായാണ് യോഗ്യതാ മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത്.

ഭിന്നശേഷി സംവരണം

183 (1423) ശ്രീ. മോൻസ് ജോസഫ്:

ശ്രീ. പി. ജെ. ജോസഫ്:

ശ്രീ. അനൂപ് ജേക്കബ്:

ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട സുപ്രീം കോടതി വിധി ഒരു പ്രത്യേക മാനേജ്മെന്റിന് മാത്രമായി പരിമിതപ്പെടുത്തുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരമുള്ള തുല്യതാവകാശത്തെ ലംഘിക്കുന്നതാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ?

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നിയമനങ്ങൾ സംബന്ധിച്ച് നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റ് ബഹു. സുപ്രീം കോടതിയിൽ SLP(C)No. 11373/2024 ഫയൽ ചെയ്യുകയും ആയതിലുള്ള വിധിന്യായം ബഹു. കോടതി 04-03-2025-ൽ പുറപ്പെടുവിക്കുകയും ചെയ്തു. ടി മാനേജ്മെന്റിനുകീഴിൽ ഭിന്നശേഷിക്കാരുടെ നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന ഒഴിവുകൾ ഒഴികെ മറ്റുള്ള ഒഴിവുകളിൽ നിയമനം നടത്താനും അത്തരം നിയമനങ്ങൾ ക്രമീകരിക്കാനുമാണ് പ്രസ്തുത വിധിന്യായത്തിൽ ബഹു. കോടതി നിർദേശം നൽകിയിരിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിലാണ് 17-03-2025-ലെ സ.ഉ.(കൈ) നം. 43/2025/GEDN പ്രകാരം നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന്റെ കീഴിലുള്ള സ്കൂളുകളിൽ നിയമിച്ച ജീവനക്കാരുടെ നിയമനം മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കാൻ സർക്കാർ

ഉത്തരവ് പുറപ്പെടുവിച്ചത്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശത്തിന്റെ അടിസ്ഥാനത്തിലാണ് സർക്കാർ ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവ് ബഹു. സുപ്രീം കോടതിയുടെ അനുമതിയോടെ സമാന സ്ഥിതിയിലുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) പ്രസ്തുത വിധി നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ബാധകമാണെന്ന് സർക്കാർ സ്വീകരിച്ച നിലപാട് മറ്റ് എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകളിൽ വ്യത്യസ്ത നിയമപ്രയോഗത്തിലേക്ക് നയിക്കുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ?

ബഹു. സുപ്രീം കോടതിയുടെ അനുമതിയോടെ നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ലഭിച്ച വിധിന്യായത്തിലെ നിർദേശങ്ങൾ സമാന സ്ഥിതിയിലുള്ള മറ്റ് മാനേജ്മെന്റുകൾക്കും ബാധകമാക്കുന്നതിന് അനുമതിക്കായി സർക്കാർ സുപ്രീം കോടതിയിൽ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.

(സി) ഭിന്നശേഷി സംവരണം എല്ലാ എയ്ഡഡ് സ്കൂളുകളിലും ഒരേ മാനദണ്ഡത്തിൽ നടപ്പാക്കുന്നതിന് ഏകീകൃത സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാൻ ആലോചിച്ചിട്ടുണ്ടോ?

നായർ സർവീസ് സൊസൈറ്റി മാനേജ്മെന്റിന് ലഭിച്ച അനുകൂല വിധി മറ്റ മാനേജ്മെന്റുകൾക്ക് കൂടി ബാധകമാകുന്ന വിഷയത്തിൽ ബഹു. സുപ്രീം കോടതിയുടെ അനുമതിക്ക് വിധേയമായി തുടർനടപടികൾ സ്വീകരിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ഡി) സ.ഉ. (കൈ) നം.45/2025/പൊ.വി.വ., സ.ഉ. (കൈ) നം.123/2025/പൊ.വി.വ. എന്നിവ പ്രകാരം രൂപീകരിച്ച സംസ്ഥാനതല-ജില്ലാതല സമിതികളുടെ അധികാരപരിധി എല്ലാ മാനേജ്മെന്റുകൾക്കും ഒരുപോലെ ബാധകമാണോയെന്ന് വ്യക്തമാക്കാമോ?

സ.ഉ.(കൈ) നം.45/2025/പൊ.വി.വ., സ.ഉ. (കൈ) നം.23/2025/പൊ.വി.വ. എന്നിവ പ്രകാരം രൂപീകരിച്ച ജില്ലാതല സമിതികൾ തിരഞ്ഞെടുത്ത ശിപാർശ ചെയ്യുന്ന ഭിന്നശേഷി ഉദ്യോഗാർഥികളെ നിയമിക്കാൻ ബന്ധപ്പെട്ട മാനേജർമാർ ബാധ്യസ്ഥരാണെന്ന് ബഹു. സുപ്രീം കോടതി വ്യക്തമാക്കിയിട്ടുണ്ട്.

(ഇ) ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിൽ മാനേജ്മെന്റുകൾ തമ്മിൽ വ്യത്യാസം വരാതിരിക്കാനായി വിദ്യാഭ്യാസ വകുപ്പ് മേൽനോട്ട സംവിധാനം ശക്തിപ്പെടുത്തിയിട്ടുണ്ടോ?

ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു സംസ്ഥാനതല സമിതി പ്രവർത്തിക്കുന്നുണ്ട്. ടി സമിതിയുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമന നടപടികളുടെ അവലോകനം നടത്തുക.

2. നിയമന പുരോഗതി സംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.

3. നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ട വിഷയങ്ങൾ തുടർ നടപടികൾ സ്വീകരിക്കുന്നതിനായി സർക്കാരിന് റിപ്പോർട്ട് ചെയ്യുക.

4. ജില്ലാതല സമിതികൾക്ക് ഭിന്നശേഷി വിഭാഗത്തിലുള്ള യോഗ്യതയുള്ള ഉദ്യോഗാർഥികളെ തിരഞ്ഞെടുക്കുന്നതിനായി ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുക.

5. ജില്ലാതല സമിതിയുടെ നടപടികളിന്മേലുള്ള അപ്പീലുകൾ തീർപ്പാക്കുക. ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കും സംസ്ഥാനതല സമിതി മേൽനോട്ടം വഹിക്കുന്നുണ്ട്.

(എഫ്) ഭിന്നശേഷി സംവരണ നിയമനങ്ങളിലുണ്ടായ താമസംമൂലം മറ്റ് യോഗ്യതയുള്ള അധ്യാപകർക്ക് നിയമനാവകാശം നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിഹരിക്കാൻ സർക്കാർ പ്രത്യേക മാർഗരേഖ തയ്യാറാക്കിയിട്ടുണ്ടോ?

ബഹു. സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ആരംഭിച്ച സംസ്ഥാനതല, ജില്ലാതല സമിതികളുടെ പ്രവർത്തനങ്ങൾ അതിവേഗം നടന്നുവരികയാണ്. നിലവിൽ ജില്ലാതലത്തിൽ ഉദ്യോഗാർഥികളുടെ റാങ്ക്‌ലിസ്റ്റ് പബ്ലിഷ് ചെയ്ത് നിയമന ശിപാർശകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ ഭിന്നശേഷി സംവരണം മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിനോടൊപ്പം ഭിന്നശേഷി സംവരണ തത്വം പാലിക്കാത്തതിനാൽ മുടങ്ങിയിരുന്ന മറ്റ് നിയമനങ്ങളും കാലതാമസം കൂടാതെ അംഗീകരിച്ച് നൽകുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ജി) ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കും മറ്റ് ഉദ്യോഗാർഥികൾക്കും ഒരുപോലെ നീതി ഉറപ്പാക്കുന്നതിന് നിയമഭേദഗതിയോ വ്യക്തതയുള്ള ചട്ടങ്ങളോ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർഥികൾക്കും മറ്റ് ഉദ്യോഗാർഥികൾക്കും ചട്ടപ്രകാരമുള്ള അവകാശങ്ങൾക്ക് ഒരുപോലെ അർഹതയുണ്ട്. ഇതിനായി നിയമ ഭേദഗതിയോ പുതിയ ചട്ടങ്ങളോ കൊണ്ടുവരേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല.

സർട്ടിഫിക്കറ്റുകളുടെ സമയബന്ധിത വിതരണം

184 (1424) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഹൈസ്കൂൾ, ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി വകുപ്പുകളിൽ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്നും ഇതിന്റെ നടപടിക്രമം എന്തൊക്കെയാണെന്നും വിശദമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന ഹൈസ്കൂൾ വിദ്യാർഥികളുടെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫലം പ്രഖ്യാപിക്കുന്നതോടുകൂടി ഡിജിലോക്കറിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർഥികളുടെ വിവരങ്ങൾ 'എ' ലിസ്റ്റ് മുഖേന സ്വീകരിക്കുകയും ബയോഡാറ്റ ഭാഗത്തുള്ള അപാകതകൾ എഡിറ്റ് ചെയ്ത് പരിഹരിച്ച് മൂല്യനിർണ്ണയ ക്യാമ്പുകളിൽ നിന്നും ഓൺലൈനായി നേരിട്ട് വിഷയങ്ങളുടെ സ്കോറുകൾ ശേഖരിക്കുന്നു. പരീക്ഷ കേന്ദ്രങ്ങളിൽ നിന്നും മാന്വലായി ലഭ്യമായിട്ടുള്ള സ്കോർ പരിശോധിച്ച് ഉറപ്പുവരുത്തി കോൺഫിഡൻഷ്യൽ പ്രസ്സിൽനിന്നും സെക്യൂരിറ്റി ഫീച്ചേഴ്സുള്ള സർട്ടിഫിക്കറ്റ് കാർഡ്

പ്രിന്റ് ചെയ്യുന്നു. പ്രസ്തുത കാർഡിൽ ഓരോ വർഷവും പരീക്ഷ എഴുതുന്ന കുട്ടികളുടെ സർട്ടിഫിക്കറ്റ് ജനറേറ്റ് ചെയ്യുന്നു. തുടർന്ന് സ്കൂൾ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സർട്ടിഫിക്കറ്റുകൾ പ്രത്യേക വാഹനങ്ങളിൽ സ്കൂളുകളിൽ നേരിട്ട് എത്തിക്കുന്നു. ടി സർട്ടിഫിക്കറ്റിൽ പ്രഥമാധ്യാപകൻ ഒപ്പ്, സീൽ, ഓഫീസ് മുദ്ര എന്നിവ രേഖപ്പെടുത്തി പരീക്ഷാ കേന്ദ്രങ്ങളിൽനിന്നും വിദ്യാർഥികൾക്ക് വിതരണം ചെയ്യുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പ് ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിന്റെ പരീക്ഷകൾ കഴിഞ്ഞ് ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം പൂർത്തിയാക്കിയതിനുശേഷം സർട്ടിഫിക്കറ്റുകൾ പ്രിന്റ് ചെയ്യുന്നതിനായി ടെൻഡർ നടപടിക്രമങ്ങൾ പ്രകാരം നിയോഗിച്ചിട്ടുള്ള പ്രസ്സുകളിലേക്ക് അയക്കുന്നു. പ്രസ്സുകളിൽ നിന്ന് പ്രിന്റ് ചെയ്ത സർട്ടിഫിക്കറ്റുകൾ നേരിട്ട് സംസ്ഥാനത്തെ 14 ജില്ലകളിലും മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ജില്ലാ കേന്ദ്രങ്ങളിലേക്ക് വിതരണം ചെയ്യുന്നു. തുടർന്ന് ജില്ലാ കേന്ദ്രങ്ങളിൽ നിന്ന് അതത് ജില്ലയിലെ വിവിധ സ്കൂളുകളിലെ പ്രിൻസിപ്പാൾമാർ സർട്ടിഫിക്കറ്റുകൾ ഏറ്റുവാങ്ങി വിദ്യാർഥികൾക്ക് വിതരണം ചെയ്യുന്നു.

(ബി) പ്രസ്തുത നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ആധുനിക സാങ്കേതിക സംവിധാനങ്ങൾ ഉപയോഗിച്ച് പ്രവർത്തനങ്ങൾ കുറച്ചുകൂടി വേഗത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ് നൽകുക, തിരുത്തലുകൾ വരുത്തുക എന്നീ അപേക്ഷകളിൽമേൽ നടപടി ക്രമം ലഘൂകരിക്കുന്നതിന് വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

കേടുപാടായ സർട്ടിഫിക്കറ്റ് നൽകുന്നതിന് നിശ്ചിത ഫീസ് ഒടുക്കിയ ചെലാനോടുകൂടി കേടുപാടായ സർട്ടിഫിക്കറ്റും അപേക്ഷയും ഉചിതമാർഗ്ഗേന പരീക്ഷാഭവന് ലഭ്യമാകുന്ന മുറയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകി വരുന്നു.

നഷ്ടപ്പെട്ട സർട്ടിക്കറ്റുകൾക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിന് നിശ്ചിത മാതൃകയിലുള്ള അപേക്ഷ, പത്രപരസ്യം, ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റ്, നിശ്ചിത ഫീസ് ഒടുക്കിയ ചെലാൻ എന്നിവ സഹിതം അപേക്ഷ ഉചിതമാർഗ്ഗേന പരീക്ഷാഭവന് ലഭ്യമാകുന്ന മുറയ്ക്ക് ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകി വരുന്നു. ഈ വിഭാഗത്തിൽ നിലവിൽ ഒന്നാം ക്ലാസ് ജൂഡീഷ്യൽ മജിസ്ട്രേറ്റിന്റെ അഫിഡവിറ്റ് ലഘൂകരിച്ച് നോട്ടറിയിൽ നിന്നുള്ള അഫിഡവിറ്റിന്റെ സാധുത പരിശോധിച്ചുവരുന്നു.

പ്രകൃതി ദുരന്തങ്ങളിൽ സർട്ടിഫിക്കറ്റ് നഷ്ടമായവർക്ക് സർക്കാർ ഉത്തരവുകൾ പ്രകാരം മേൽ നടപടിക്രമങ്ങളെല്ലാം ലഘൂകരിച്ച് സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. One and same certificate മുൻ കാലങ്ങളിൽ നിന്നും വിഭിന്നമായി നിലവിൽ ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയത് സ്വീകരിച്ചുവരുന്നു. ജനന സർട്ടിഫിക്കറ്റിലെ സാധുത പരിശോധിക്കുന്നത് നിലവിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ്. അപേക്ഷയിൽ തന്നെ ഫോൺ നമ്പർ ശേഖരിക്കുകയും അപേക്ഷ അപാകതകൾ ഫോൺ മുഖാന്തരം

ബന്ധപ്പെട്ട് ഇ-മെയിൽ വഴിയും വാട്ട്സ്ആപ്പ് വഴിയും ലഭിക്കുന്ന രേഖകൾ ഉപയോഗിച്ചും സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നു.

ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ നഷ്ടപ്പെട്ട സർട്ടിഫിക്കറ്റുകളുടെ പകർപ്പ്, വിവിധ തിരുത്തലുകൾ സംബന്ധിച്ച അപേക്ഷകൾ എന്നിവ നിലവിൽ ഇ-ഓഫീസ്/ഓൺലൈൻ സംവിധാനത്തിലാക്കിയിട്ടുള്ളതിനാൽ നടപടികൾ വേഗത്തിലാക്കാൻ വകുപ്പിന് സാധിച്ചിട്ടുണ്ട്.

(ഡി) ബന്ധപ്പെട്ട വകുപ്പുകളിൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിന് മതിയായ സ്റ്റാഫ് പാറ്റേൺ നിലനിർത്തിയിട്ടുണ്ടോ; എങ്കിൽ അവയുടെ വിവരം ലഭ്യമാക്കാമോ?

ഹൈസ്കൂൾ വിദ്യാർഥികളുടെയും വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികളുടെയും സർട്ടിഫിക്കറ്റുകൾ സമയബന്ധിതമായി നൽകുന്നതിനുള്ള ജോലി ചെയ്യുന്നതിന് മതിയായ സ്റ്റാഫ് പാറ്റേൺ നിലനിർത്തിയിട്ടുണ്ട്. ഹയർസെക്കൻഡറി വിഭാഗത്തിൽ നിലവിൽ പഴയ സ്റ്റാഫ് പാറ്റേൺ ആണ് തുടർന്ന് വരുന്നത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു+.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടി

185 (1425) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ ആയത് വിദ്യാർഥികളുടെ മൗലികമായ ചിന്താശേഷിയെ ബാധിക്കാതിരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. നിലവിൽ ഏഴാം ക്ലാസിലെ ഐ.സി.ടി. പാഠപുസ്തകത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിനെ സംബന്ധിച്ച പ്രാഥമിക പാഠഭാഗങ്ങളും എട്ട് മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ വിവര-വിനിമയ സാങ്കേതിക വിദ്യ പാഠപുസ്തകങ്ങളിലും എ.ഐ. സംബന്ധിച്ച വിവരങ്ങൾ പഠനത്തിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജ്ഞാനനിർമ്മിതിവാദം, സഹവർത്തിത്വപഠനം, സർഗ്ഗാത്മകപഠനം, വിമർശനചിന്ത, സംവേദാത്മക പഠനം തുടങ്ങിയവയെ അടിസ്ഥാനമാക്കിയാണ് പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും പഠനപ്രക്രിയയും രൂപപ്പെടുത്തിയിട്ടുള്ളത്. കാലഘട്ടത്തിനനുസൃതമായി സാങ്കേതിക വിദ്യയിലധിഷ്ഠിതമായ പഠന പ്രവർത്തനങ്ങൾ പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കുന്നതിനായി 2024-25 അധ്യയന വർഷം മുതൽ കൈറ്റിന്റെ (KITE) നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പ്രത്യേക അധ്യാപക പരിശീലനവും ഐ.സി.ടി. പാഠപുസ്തകങ്ങളിൽ പഠന പ്രവർത്തനങ്ങളും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

പ്രവർത്തനാധിഷ്ഠിതമായ ക്ലാസ് മുറികളിൽ കുട്ടികളുടെ ചിന്താശേഷി വികസിപ്പിക്കുന്നതിനും സ്വതന്ത്രചിന്ത പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടുവോളം അവസരങ്ങളുണ്ട്. ഇതിന് സഹായകമായ വിവിധ ടൂളുകളിൽ ഒരെണ്ണമാണ് വിവരവിനിമയ സാങ്കേതികവിദ്യ. അതിന്റെ ഒരു ഭാഗമാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ സാധ്യതകൾ പഠന പ്രവർത്തനങ്ങളിൽ സഹായിക്കുക എന്ന തരത്തിലാണ് നിലവിൽ പാഠഭാഗങ്ങളിൽ അത് ഉൾപ്പെടുത്തിയിരിക്കുന്നത്. സാങ്കേതികവിദ്യയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെയുള്ള നൂതന സംവിധാനങ്ങളും കുട്ടിയുടെ മൗലികമായ ചിന്താശേഷിയെ ബാധിക്കുന്നതരത്തിലുള്ള ഒരു പ്രവർത്തനങ്ങളും നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടില്ല. മാത്രമല്ല മൗലികമായ ചിന്താശേഷി മെച്ചപ്പെടുത്തുന്നതിന് സ്കൂളുകളിൽ നിലവിലുള്ള എല്ലാ സംവിധാനങ്ങളും തുടരുന്നുമുണ്ട്.

(ബി) ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത തൊഴിൽ വിപണിക്കായി വിദ്യാർഥികളെ പ്രാപ്തരാക്കാൻ പ്രത്യേക സ്കിൽ മാപ്പിങ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ വിശദാംശങ്ങളും ലഭ്യമാക്കാമോ?

പാഠ്യപദ്ധതിയെ തൊഴിലുമായി ബന്ധിപ്പിച്ച് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം അഞ്ചാം ക്ലാസ് മുതൽ ഇപ്പോൾ നൽകുന്നുണ്ട്. ഒമ്പതാം ക്ലാസിലും പത്താം ക്ലാസിലും 11 വിവിധ തൊഴിൽ മേഖലകളിൽ ഓപ്ഷണൽ വിഷയമായി ഏതെങ്കിലും ഒരു മേഖല തിരഞ്ഞെടുക്കാനുള്ള അവസരം കുട്ടികൾക്ക് ലഭ്യമാണ്. പത്താം ക്ലാസിൽ 'എന്റെ കരിയർ എന്റെ തീരുമാനം' എന്ന പ്രവർത്തന പുസ്തകവും നൽകിയിട്ടുണ്ട്. പഠനത്തിനുശേഷം കുട്ടി ഭാവിയിൽ തിരഞ്ഞെടുക്കാൻ സാധ്യതയുള്ള മേഖല (ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉൾപ്പെടെ) സ്കിൽ മാപ്പിങ് നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചുവരികയാണ്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിലെ വികസന പ്രവർത്തനങ്ങൾ

186 (1426) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിലെ വിവിധ പൊതുവിദ്യാലയങ്ങളിൽ വിവിധ വകുപ്പുകൾ മുഖേന എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തികളുടെ പുരോഗതി

187 (1427) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബജറ്റ് ഫണ്ട്, എം.എൽ.എ. ഫണ്ട്, എ.ഡി.എസ്., എസ്.ഡി.എഫ്., കിഫ്ബി ഫണ്ടുകൾ എന്നിവ ഉപയോഗിച്ച് നിർമ്മാണം നടന്നുവരുന്നതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളുടെ പുരോഗതി പൊതുവിദ്യാഭ്യാസ വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിലയിരുത്തലിന്റെ മിനിട്സ് ലഭ്യമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. കിഫ്ബി ഫണ്ട് വിനിയോഗിച്ച് നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിലയിരുത്തലിന്റെ മിനിട്സ് അനുബന്ധമായി* ചേർത്തിട്ടുണ്ട്. മറ്റുനിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതിയെക്കുറിച്ച് വിലയിരുത്തൽ നടത്തുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഓരോ പ്രവൃത്തിയും പൂർത്തീകരിക്കാനെടുക്കുന്ന സമയം എന്നിവ സംബന്ധിച്ച് വിശദവിവരം ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടത്തിയ വിദ്യാലയ നിർമ്മാണ പ്രവൃത്തികൾ

188 (1428) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതു വിദ്യാഭ്യാസ വകുപ്പ് വഴി മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന ധനകാര്യ അനുമതി നൽകിയ വിദ്യാലയ നിർമ്മാണ പ്രവൃത്തികൾ എതൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(എ&ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ ഭൗതികസൗകര്യ വികസനത്തിനായി തെരഞ്ഞെടുത്ത സ്കൂളുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

i) 5 കോടി കിഫ്ബി പദ്ധതി:-

5 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ജി.എച്ച്.എസ്.എസ്. ചിറ്റാരിപ്പറമ്പ് സ്കൂളിന്റെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ii) 3 കോടി കിഫ്ബി പദ്ധതി:-

3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 2 സ്കൂളുകൾക്കാണ് ഭൗതികസൗകര്യ വികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്. ജി.എച്ച്.എസ്.എസ്. മാലൂർ, ജി.വി.എച്ച്.എസ്.എസ്. എടയന്നൂർ എന്നീ 2 സ്കൂളുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

iii) 1 കോടി കിഫ്ബി പദ്ധതി:-

1 കോടി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 3 സ്കൂളുകൾക്കാണ് ഭൗതിക സൗകര്യവികസനത്തിനായി കിഫ്ബി ഫണ്ടനുവദിച്ചത്.

ജി.എച്ച്.എസ്.എസ്. മമ്പറം, ജി.എച്ച്.എസ്. പടിയൂർ എന്നീ 2 സ്കൂളുകളുടെ നിർമ്മാണം പൂർത്തിയാക്കി ഉദ്ഘാടനം നിർവ്വഹിച്ചു.

ജി.യു.പി.എസ്., മട്ടന്നൂർ സ്കൂളിന്റെ നിർമ്മാണത്തിന് PWD നിർമ്മാണം നടത്തിയ കെട്ടിടത്തിന്റെ മുകളിലാണ് ആദ്യം സ്ഥലം കണ്ടെത്തിയിരുന്നത്. എന്നാൽ കിഫ്ബിയുടെ നിബന്ധന പ്രകാരം ആയത് സാധ്യമാകാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലം എം.എൽ.എ.-യുടെ നേതൃത്വത്തിൽ കണ്ടെത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് നിർമ്മാണത്തിനുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ച് കോൺട്രാക്ടർക്ക് Letter of Acceptance നൽകിയിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കെട്ടിടം പൊളിച്ച് മാറ്റിയാലുടൻ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

പാലക്കാട് ജില്ലയിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും അനുവദിച്ച തുക

189 (1429) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ 2021 മുതൽ 2025 വരെയുള്ള കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച തുക എത്രയെന്ന് വിദ്യാഭ്യാസ ഉപജില്ല തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ സെക്കൻഡറി സ്കൂളുകൾക്കായി 2021 മുതൽ 2025 വരെയുള്ള കാലയളവിൽ നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതു വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച തുകയുടെ വിദ്യാഭ്യാസ ഉപജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി+ ചേർത്തിട്ടുണ്ട്.

ഹയർ സെക്കൻഡറി സ്കൂളുകളിലെ നിർമ്മാണ പ്രവൃത്തികൾക്കായി 600 ലക്ഷം രൂപയും ലബോറട്ടറി, ലൈബ്രറി, ഫർണിച്ചർ എന്നിവയ്ക്കായി 98 ലക്ഷം രൂപയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മരുതറോഡ് ഗവ. വി.എച്ച്.എസ്.എസ്. (ടി.എച്ച്.എസ്.)-ന്റെ (വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം) കെട്ടിട നിർമ്മാണത്തിനായി 100 ലക്ഷം രൂപയും പ്രസ്തുത കാലയളവിൽ അനുവദിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ജില്ലയിൽ 2016 മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ കണക്ക് വിദ്യാഭ്യാസ ഉപജില്ല തിരിച്ച് ലഭ്യമാക്കുമോ?

പാലക്കാട് ജില്ലയിൽ 2016 മുതൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച സ്കൂൾ കെട്ടിടങ്ങളുടെ വിദ്യാഭ്യാസ ഉപജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. തൃത്താല - 11

2. പട്ടാമ്പി - 10

3. ഷൊർണ്ണൂർ - 4

4. മണ്ണാർക്കാട് - 14

5. പാലക്കാട് - 8

6. ചിറ്റൂർ - 15

7. ആലത്തൂർ - 7

8. കൊല്ലങ്കോട് - 3

9. പറളി - 4

10. കുഴൽമന്ദം - 6

11. ചെർപ്പുളശ്ശേരി - 4

12. ഒറ്റപ്പാലം - 3

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

190 (1430) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി സംബന്ധിച്ച വിവരം എന്നിവ ലഭ്യമാക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാരിന്റെ കാലയളവിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

തൊടുപുഴ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിൻ കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

191 (1431) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-26 കാലഘട്ടത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

തൊടുപുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2021-26 കാലഘട്ടത്തിൽ നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഗവ. എൽ.പി.എസ്., പുറപ്പുഴ, തൊടുപുഴ - 100 ലക്ഷം രൂപ - നിർമ്മാണം പൂർത്തിയായി.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനം

192 (1432) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള വികസനത്തിനായി ഈ സർക്കാരിന്റെ കാലത്ത് എത്ര തുക അനുവദിച്ചുവെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ അനുവദിക്കപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) ആലപ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് മുഖേന നടത്തുന്ന പ്രവൃത്തികൾ

193 (1433) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുറ്റ്യാടി നിയോജകമണ്ഡലത്തിൽ 2021 മേയ് മാസം മുതൽ നാളിതുവരെ വിദ്യാഭ്യാസ വകുപ്പിന്റെ ഫണ്ട് മുഖേനയുള്ള കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ വിശദവിവരങ്ങൾ; സ്കൂളിന്റെ പേരും അനുവദിച്ച ഫണ്ടും നിലവിലെ സ്ഥിതിയും സഹിതം വിശദമാക്കാമോ?

കുറ്റ്യാടി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2021 മേയ് മാസം മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

പിഎം ശ്രീ പദ്ധതി കരാർ

194 (1434) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിഎം ശ്രീ (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ നിന്നും സംസ്ഥാന സർക്കാർ പിന്മാറിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പിഎം ശ്രീ (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടെങ്കിലും പദ്ധതി ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല. പിഎം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പിഎം ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും അതുവരെ പിഎം ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും അറിയിച്ച് കേന്ദ്രസർക്കാരിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരുമായി ധാരണ പത്രത്തിൽ ഒപ്പിട്ടിട്ടുണ്ടോ; എന്നാണ് ധാരണ പത്രം ഒപ്പിട്ടത്; ഇതിലെ പ്രധാന വ്യവസ്ഥകൾ എന്തൊക്കെയാണ്?

പിഎം ശ്രീ പദ്ധതിയുടെ ധാരണാപത്രം 2025 ഒക്ടോബർ 23-ന് ഒപ്പ് വച്ചിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ചില പ്രധാന വ്യവസ്ഥകൾ താഴെപ്പറയുന്നവയാണ്.

i. സംസ്ഥാനമൊട്ടാകെ ദേശീയ വിദ്യാഭ്യാസ നയത്തിലെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പിലാക്കണം.

ii. കേരളത്തിലെ നിലവിലുള്ള സ്കൂൾ വിദ്യാഭ്യാസ ഘടന 7 + 3 + 2 ആണ്. NEP 2020 നിർദ്ദേശിക്കുന്നത് 5 + 3 + 3 + 4 ആണ്. NEP സ്വീകരിക്കുമ്പോൾ പ്രീ സ്കൂളിനും ഒന്നാം ക്ലാസിനും ഇടയിൽ ബാലവാടിക എന്നൊരു ക്ലാസ് കൂടെ തുടങ്ങേണ്ടതായി വരും.

iii. കേരളത്തിൽ നിലവിലെ പ്രവേശന പ്രായം 5 വയസ്സാണ്. ആയത് 6 വയസ്സായി പരിഷ്കരിക്കേണ്ടി വരും.

iv. സ്കൂൾ ഡ്രോപ്പ് ഔട്ട് (കൊഴിഞ്ഞുപോക്ക്) തടയാനും സാർവത്രികമായ പ്രാപ്യത ഉറപ്പുവരുത്തുവാനുമുള്ള നിർദേശങ്ങളിൽ ഔപചാരിക പഠനം നേടാൻ നിർവാഹമില്ലാതെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികൾക്ക് Open and Distance Learning നിർദേശിക്കുന്നു.

v. സംസ്കൃതത്തിനെ ത്രിഭാഷാ പദ്ധതിയിൽ ഒരു ഓപ്ഷനായി നിലനിർത്താനും സ്കൂൾ വിദ്യാഭ്യാസത്തിന്റെ എല്ലാ തലങ്ങളിലും പഠിപ്പിക്കാനും നിർദേശിക്കുന്നു.

vi. പ്രവേശന പരീക്ഷകൾക്ക് ഏകീകൃത മൂല്യനിർണ്ണയ സമ്പ്രദായം വേണമെന്നും നിർദേശിക്കുന്നു.

vii. പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെടുന്ന സ്കൂളുകൾക്ക് പേരിന് മുന്നിൽ പി.എം. ശ്രീ എന്ന് ചേർക്കണം.

viii. കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള പദ്ധതി കാലയളവ് കഴിഞ്ഞാൽ പിഎം ശ്രീ സ്കൂളുകളുടെ നടത്തിപ്പ് പൂർണ്ണമായും അതത് സംസ്ഥാനങ്ങൾ ഏറ്റെടുക്കണം.

(സി) കരാർ റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; മേല്പറഞ്ഞ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് കരാറിൽ നിന്നും പിന്മാറാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കരാർ റദ്ദാക്കുന്നത് സംബന്ധിച്ച് MoU-ലെ വ്യവസ്ഥ ഇപ്രകാരമാണ്.

(xxv) DOSE&L, MOE, GoI reserves the right to rescind, cancel, terminate the agreement in the interest of public by giving a notice of 30 days.

പിഎം ശ്രീ (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ സംസ്ഥാനം ഒപ്പുവച്ചിട്ടുണ്ടെങ്കിലും പദ്ധതി ഇതുവരെ സംസ്ഥാനത്ത് നടപ്പാക്കിയിട്ടില്ല.

കോന്നി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

195 (1435) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും 2016-21-ലെ സർക്കാരിന്റെ കാലത്തും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദവിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

(എ-സി) കോന്നി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2016 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ (കിഫ്ബി ഫണ്ട് ഉൾപ്പെടെ) അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പി.എം. ശ്രീ പദ്ധതി കരാർ

196 (1436) ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി.എം. ശ്രീ (പ്രധാനമന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയിൽ ഒപ്പുവച്ച കരാർ റദ്ദാക്കണമെന്ന സംസ്ഥാനത്തിന്റെ ആവശ്യത്തിന്മേൽ കേന്ദ്ര സർക്കാരിൽ നിന്ന് മറുപടി ലഭ്യമായിട്ടുണ്ടോ?

പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും അതുവരെ പി.എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും സംസ്ഥാനം കത്ത് മുഖേന കേന്ദ്രത്തെ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കിയില്ലെങ്കിൽ സമഗ്ര ശിക്ഷാ കേരള പദ്ധതി പ്രകാരം സംസ്ഥാനത്തിന് നൽകാനുള്ള കുടിശ്ശിക തടഞ്ഞുവയ്ക്കുമെന്നുള്ള മുന്നറിയിപ്പ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിരുന്നോ; ഇത് സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

2018 ഏപ്രിൽ മുതൽ സംസ്ഥാനത്ത് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) പദ്ധതിക്ക് 2023-24 വർഷം മുതൽ ലഭിക്കാനുള്ള കേന്ദ്രവിഹിതം ലഭിക്കണമെങ്കിൽ 2022-ൽ ആരംഭിച്ച മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കണമെന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം നിരന്തരം ആവശ്യപ്പെട്ടിരുന്നു.

(സി) സമഗ്ര ശിക്ഷാ കേരള പദ്ധതിക്ക് കേന്ദ്രവിഹിതത്തിൽ നിലവിൽ കുടിശ്ശികയായ തുക അനുവദിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2023-24, 2024-25 വർഷങ്ങളിൽ കുടിശ്ശികയായ തുക ഇതുവരെ അനുവദിച്ചിട്ടില്ല. RTE എൻറൈറ്റിൽമെന്റ് പ്രകാരം കുടിശ്ശികയായിട്ടുള്ള പ്രസ്തുത തുക അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള കത്തിടപാടുകൾ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയവുമായി നടത്തിവരുന്നു.

സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2025-26 വർഷം ലഭിക്കാനുള്ള കേന്ദ്ര വിഹിതത്തിന്റെ ഒന്നാം ഗഡു 92.41 കോടി രൂപ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

197 (1437) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിദ്യാലയങ്ങൾക്കായി പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചുവെന്നും വ്യക്തമാക്കാമോ; ഇവയുടെ സ്കൂൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) പ്രസ്തുത കാലയളവിൽ കല്യാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിനായി ആകെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ലാബുകൾ നവീകരിക്കുന്നതിനായി എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നുമുള്ള സ്കൂൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ഹൈടെക് സ്കൂൾ പദ്ധതിപ്രകാരം കല്യാശ്ശേരി നിയോജകമണ്ഡലത്തിലെ 33 സെക്കൻഡറി, ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ 297 ക്ലാസ് മുറികൾ ഹൈടെക് ക്ലാസുകളാക്കി നിർമ്മിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി+ ഉള്ളടക്കം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ മുഴുവൻ സർക്കാർ, എയ്ഡഡ് സ്കൂളുകളും കിഫ്ബി മുഖേന ഹൈടെക് ആക്കുന്ന പദ്ധതിയായതിനാൽ ഓരോ സ്കൂളിനും പ്രത്യേകം തുക നീക്കിവച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

\+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായം - പൊതുവിദ്യാലയങ്ങളുടെ നവീകരണം

198 (1438) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായി എത്ര കോടി രൂപ അനുവദിച്ചുവെന്നും ഇതുവഴി എത്ര പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; ജില്ലയിൽ ഇനിയും പൂർത്തീകരിക്കാനുള്ള പൊതുവിദ്യാലയങ്ങളുടെ കെട്ടിടങ്ങൾ എത്രയെന്നും പ്രവൃത്തി ആരംഭിക്കാത്ത കെട്ടിടങ്ങൾ എത്രയെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

കാസർഗോഡ് ജില്ലയിൽ കിഫ്ബി ധനസഹായത്തോടെ പൊതുവിദ്യാലയങ്ങളുടെ നവീകരണത്തിനായി 5 കോടി കിഫ്ബി പദ്ധതിയിൽ 5 സ്കൂളുകൾക്കും 3 കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 27 സ്കൂളുകൾക്കും ഒരു കോടി രൂപ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി 53 സ്കൂളുകൾക്കും ഉൾപ്പടെ 85 സ്കൂളുകൾക്ക് ഭൗതികസൗകര്യ വികസനത്തിനായി ഏകദേശം 180 കോടിയോളം രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

പി.എം. ശ്രീ പദ്ധതി

199 (1439) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീമതി ഉമ തോമസ്:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായുള്ള പി.എം. ശ്രീ (പ്രധാൻ മന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരുമായുള്ള ചർച്ചകൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ചർച്ചകളുടെ വിശദാംശം നൽകാമോ;

(സി) സംസ്ഥാനത്ത് പി.എം. ശ്രീ (പ്രധാൻ മന്ത്രി സ്കൂൾസ് ഫോർ റൈസിങ് ഇന്ത്യ) പദ്ധതിയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

(എ-സി) 2018 ഏപ്രിൽ മുതൽ സംസ്ഥാനത്ത് നിലവിലുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.) പദ്ധതിക്ക് 2023-24 വർഷം മുതൽ ലഭിക്കാനുള്ള കേന്ദ്രവിഹിതം ലഭിക്കണമെങ്കിൽ 2022-ൽ ആരംഭിച്ച മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള ധാരണാപത്രം ഒപ്പുവയ്ക്കണമെന്ന് കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയം നിരന്തരം ആവശ്യപ്പെട്ടിരുന്നു. പലതവണ കത്തുകൾ അയച്ചിട്ടും പൊതുവിദ്യാഭ്യാസ വകുപ്പിലെയും എസ്.എസ്.കെ.-യിലെയും ഉന്നത ഉദ്യോഗസ്ഥർ കേന്ദ്രവിദ്യാഭ്യാസ സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുമായി ചർച്ചകൾ നടത്തിയിട്ടും പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം കേന്ദ്ര വിദ്യാഭ്യാസ മന്ത്രിയെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിലെ ഉന്നത ഉദ്യോഗസ്ഥരെയും കണ്ട് എസ്.എസ്.കെ. പദ്ധതിക്ക് പണം അനുവദിക്കണമെന്ന്

അഭ്യർഥിച്ചിട്ടും യാതൊരു ഫലവും ഉണ്ടാകാത്തതിനാലാണ് പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രം ഒപ്പുവയ്ക്കേണ്ടി വന്നത്. പദ്ധതിയിൽ സംസ്ഥാനം ഒപ്പ് വച്ചിട്ടുണ്ടെങ്കിലും തുടർനടപടികളുമായി മുന്നോട്ട് പോയിട്ടില്ല. പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി ക്യാബിനറ്റിന് മുമ്പാകെ സമർപ്പിക്കുന്ന റിപ്പോർട്ട് പരിഗണിച്ച് മാത്രമേ പി.എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളുവെന്നും അതുവരെ പി.എം. ശ്രീ പദ്ധതിയുമായി ബന്ധപ്പെട്ട് ഒപ്പുവച്ചിട്ടുള്ള MoU-ലെ വ്യവസ്ഥകൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് മാറ്റി വച്ചിരിക്കുകയാണെന്നും 12-11-2025-ലെ കത്ത് മുഖേന കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ കേന്ദ്രീയ വിദ്യാലയങ്ങളിൽ പി.എം. ശ്രീ പദ്ധതി കേന്ദ്ര സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്.

സഞ്ചയിക സമ്പാദ്യ പദ്ധതി

200 (1440) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചയിക സമ്പാദ്യപദ്ധതി വഴി സമാഹരിക്കുന്ന തുക സ്കൂൾ അധികൃതർക്ക് പദ്ധതിയുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി ഓൺലൈൻ സംവിധാനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

01-10-2016 പ്രാബല്യത്തിൽ കേന്ദ്ര സർക്കാർ സഞ്ചയിക പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ ടി പദ്ധതിയുടെ അതെ മാനദണ്ഡം നിലനിർത്തികൊണ്ട് സംസ്ഥാന സർക്കാർ സ്കൂൾ വിദ്യാർഥികൾക്കായി സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം പദ്ധതി ആരംഭിച്ചിരുന്നു. ടി പദ്ധതി കൂടുതൽ ഊർജ്ജിതമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ധനകാര്യ വകുപ്പ് ഒരു സോഫ്റ്റ്വെയർ രൂപകല്പന ചെയ്തുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മേൽ പദ്ധതി വഴി സ്കൂൾ അധികൃതർ സമാഹരിക്കുന്ന തുക സംസ്ഥാന ട്രഷറിയിൽ പദ്ധതിക്കായി ആരംഭിച്ച സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം അക്കൗണ്ടിലേക്ക് ഓൺലൈൻ സംവിധാനം മുഖേന നിക്ഷേപിക്കാനുള്ള സാധ്യത ട്രഷറി വകുപ്പുമായി കൂടിയാലോചിച്ച് പരിശോധിക്കുന്നതാണ്.

(ബി) സംസ്ഥാനത്ത് എത്ര സ്കൂളുകളിൽ സഞ്ചയിക സമ്പാദ്യ പദ്ധതി നടപ്പിലാക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാർ നടപ്പിലാക്കി വന്നിരുന്ന സഞ്ചയിക സമ്പാദ്യ പദ്ധതി 2015-ൽ നിർത്തലാക്കുകയും തുടർന്ന് സംസ്ഥാനത്ത് സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം എന്ന പേരിൽ ആരംഭിച്ച പദ്ധതി 410 സ്കൂളുകളിൽ മാത്രമാണ് നിലവിലുള്ളത്. സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം സ്കൂളുകളിൽ വ്യാപകമാക്കുന്നതിന് വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണം ആവശ്യപ്പെട്ട് ദേശീയ സമ്പാദ്യ പദ്ധതി ഡയറക്ടർ കത്ത് നൽകുകയും സമ്പാദ്യ പദ്ധതി

നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച പുതുക്കിയ മാർഗ്ഗനിർദേശങ്ങളിൽ സ്കൂളിൽ ഒരു ട്രസ്റ്റ് രൂപീകരിക്കുന്നതിനും അധ്യാപകർക്ക് incentive നൽകുന്നതും പരാമർശിച്ചിട്ടുണ്ട്. കൂടുതൽ വിദ്യാർഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി സ്റ്റുഡന്റ്സ് സേവിങ്സ് സ്കീം സംബന്ധിച്ച പുതുക്കിയ മാർഗ്ഗനിർദേശങ്ങൾ 18-02-2026-ലെ സ.ഉ.(അച്ചടി) നം. 23/2026/ധന പ്രകാരം ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂൾ നവീകരണ പ്രവൃത്തികൾ

201 (1441) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് നവീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുകയും അവയുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സ്കൂൾ	നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി	അനുവദിച്ച തുക
1.	ഗവ. മുസ്ലീം എൽ.പി. സ്കൂൾ, പായിപ്പാട	നിർമ്മാണം നടന്നുവരുന്നു	14.10 ലക്ഷം
2.	ഗവ. എച്ച്.എസ്.എസ്., ചങ്ങനാശ്ശേരി	നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു	100 ലക്ഷം

പ്രസ്തുത ഉത്തരവുകളുടെ പകർപ്പ് അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

നാദാപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ കെട്ടിട നിർമ്മാണ പദ്ധതികൾ

202 (1442) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം നിയോജകമണ്ഡലത്തിൽ 2016 മുതൽ 2025 വരെ വിദ്യാഭ്യാസ വകുപ്പ് അനുവദിച്ച സ്കൂളുകളിലെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

നാദാപുരം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2016 മുതൽ 2025 വരെ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അത്തൂർ നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പിലാക്കിയ പദ്ധതികൾ

203 (1443) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പ് വഴി അത്തൂർ നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ അവസ്ഥ എന്നിവ വിശദമാക്കാമോ?

(എ&ബി) അത്തൂർ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2016 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുമതി നൽകിയ പ്രവൃത്തികൾ

204 (1444) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് 2016 മേയ് മാസം മുതൽ നാളിതുവരെ നടപ്പിലാക്കുന്നതിനായി അനുമതി നൽകിയ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെയും അവയുടെ നിലവിലെ സ്ഥിതിയുടെയും വിശദാംശം പ്രവൃത്തി തിരിച്ച് ലഭ്യമാക്കാമോ?

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2016 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ 'കില' നിർവഹണ ഏജൻസിയായി ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവയുടെ നിലവിലെ സ്ഥിതിയും ഓരോന്നിനും അനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ?

കില നിർവഹണ ഏജൻസിയായ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ഉൾക്കൊള്ളിച്ചിട്ടുണ്ട്.

(ഡി) 2016 മുതൽ നാളിതുവരെ പൊതുവിദ്യാഭ്യാസ വകുപ്പ് നേരിട്ട് പാറശ്ശാല നിയോജകമണ്ഡലത്തിലെ സ്കൂളുകൾക്ക് അനുവദിച്ചിട്ടുള്ള കമ്പ്യൂട്ടറുകൾ, പ്രൊജക്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ വിശദാംശം സ്കൂൾ തിരിച്ച് ലഭ്യമാക്കാമോ?

പാറശ്ശാല നിയോജകമണ്ഡലത്തിലെ എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും നടപ്പിലാക്കിയ ഹൈടെക് സ്കൂൾ, ഹൈടെക് ലാബ് എന്നീ പദ്ധതികളുടെ ഭാഗമായി 1022 ലാപ്ടോപ്പ്, 529 പ്രൊജക്ടർ, 349 പ്രൊജക്ടർ മൗണ്ടിങ് കിറ്റ്, 275 സ്ക്രീൻ, 34 ടെലിവിഷൻ (43”), 35 മൾട്ടിഫങ്ഷൻ പ്രിന്റർ, 35 ഡി.എസ്.എൽ.ആർ. ക്യാമറ, 35 എച്ച്.ഡി. വെബ് ക്യാം, 720 യു.എസ്.ബി. സ്പീക്കർ എന്നീ ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ സ്കൂൾ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കയ്പമംഗലം നിയോജകമണ്ഡലത്തിലെ ചലഞ്ച് ഫണ്ട് സാമ്പത്തിക സഹായം

205 (1445) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയ്പമംഗലം നിയോജകമണ്ഡലത്തിലെ സെന്റ് ജോസഫ് ഹൈസ്കൂൾ മതിലകം, സെന്റ് മേരീസ് എൽ.പി. സ്കൂൾ മതിലകം, സീതി സാഹിബ് ഹയർ സെക്കൻഡറി സ്കൂൾ അഴീക്കോട്, എം.ഇ.എസ്. ഹയർ സെക്കൻഡറി സ്കൂൾ വെമ്പല്ലൂർ, എ.എം.യു.പി. സ്കൂൾ എറിയാട്, എസ്.എൻ.വി.എൽ.പി.എസ്. എടത്തിരുത്തി വെസ്റ്റ്, നാഷണൽ എൽ.പി. സ്കൂൾ പൈനാവ് എന്നീ വിദ്യാലയങ്ങൾക്ക് ഇതുവരെയും കെട്ടിടം പണി പൂർത്തീകരിച്ചിട്ടും ചലഞ്ച് ഫണ്ട് മുഖേനയുള്ള സാമ്പത്തിക സഹായം ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടുണ്ടോ; ആയത് എത്രയും വേഗം ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. കയ്പമംഗലം നിയോജകമണ്ഡലത്തിലെ ചലഞ്ച് ഫണ്ട് പദ്ധതി പ്രകാരം കെട്ടിട നിർമ്മാണം നടത്തിയ താഴെ പറയുന്ന സ്കൂളുകൾക്ക് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനായി നടപടി സ്വീകരിച്ച് വരികയാണ്.

1 എസ്.എൻ.വി.എൽ.പി.എസ്, എടത്തിരുത്തി വെസ്റ്റ്
2. സെന്റ് മേരീസ് എൽ.പി.എസ്., മതിലകം
3. സെന്റ് ജോസഫ് എച്ച്.എസ്., മതിലകം
4. എം.ഇ.എസ്.എച്ച്.എസ്., വെമ്പല്ലൂർ
5. എ.എം.ഐ.യു.പി. സ്കൂൾ, ഏറിയാട്

ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും എസ്.എസ്.എം.എച്ച്.എസ്., അഴിക്കോട് സർക്കാർ വിഹിതം ലഭ്യമാക്കുന്നതിനാവശ്യമായ രേഖകൾ നൽകിയിട്ടില്ല.

എൻ.എൽ.പി.എസ്., പൈതൂർ -ചലഞ്ച് ഫണ്ട് പദ്ധതിപ്രകാരം കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു.

മലമ്പുഴ നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പ്രവർത്തനങ്ങൾ

206 (1446) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന മലമ്പുഴ നിയോജകമണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി, പദ്ധതിക്കായി അനുവദിച്ച തുക എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ വിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

207 (1447) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാൻ ഫണ്ട്, സംസ്ഥാന ബജറ്റ് എന്നിവയിൽ ഉൾപ്പെടുത്തി 2021-22 മുതൽ നാളിതുവരെ കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പ്രവൃത്തികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

(എ&ബി) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2021-22 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സ്കൂൾ കെട്ടിട നിർമ്മാണം

208 (1448) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ സർക്കാരിന്റെ വിവിധ പദ്ധതികൾ പ്രകാരം നിർമ്മിക്കുന്ന സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണ പുരോഗതി അറിയിക്കാമോ?

ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ നടക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളുടെ നിർമ്മാണ പുരോഗതിയെ സംബന്ധിക്കുന്ന വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2021-26 കാലഘട്ടത്തിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും വിവിധ സർക്കാർ പദ്ധതികളുടെയും ഭാഗമായി അനുവദിച്ചിട്ടുള്ള വിവിധ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

2021-26 കാലഘട്ടത്തിൽ ഹരിപ്പാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ അനുവദിച്ചിട്ടുള്ള നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കോട്ടയം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ

209 (1449) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും അവയിൽ പൂർത്തിയായത് ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളത് ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

കോട്ടയം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

210 (1450) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ വകുപ്പ് പദ്ധതികൾ

211 (1451) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളുടെയും നിലവിൽ നടന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവില പുരോഗതി ഉൾപ്പെടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കായംകുളം നിയോജകമണ്ഡലത്തിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ

212 (1452) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ കായംകുളം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതികൾക്കും എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഓരോ പ്രവൃത്തികളുടെയും നിലവിലുള്ള പുരോഗതി എന്തെന്നും വിശദമാക്കാമോ?

കായംകുളം നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ 2016 മുതൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

കുട്ടികളുടെ സ്കൂൾ ബാഗ് ഭാരം കുറയ്ക്കാൻ നടപടി

213 (1453) ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പ്രമോദ് നാരായൺ:

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നതെന്ന് വിശദമാക്കുമോ?

കുട്ടികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നത് സംബന്ധിച്ചൊരു ചർച്ച പൊതുസമൂഹത്തിൽ ഉയർന്നുവന്നപ്പോൾ തന്നെ സംസ്ഥാന ഗവൺമെന്റ് ഈ പ്രശ്നങ്ങൾ പഠിക്കാൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ സ്കൂൾ ബാഗിന്റെ ഭാരം നിജപ്പെടുത്തുന്നതിനുള്ള മാർഗരേഖയിൽ കുട്ടികളുടെ ശാരീരിക ആരോഗ്യം മുൻനിർത്തിക്കൊണ്ട് സ്കൂൾ ബാഗിന്റെ ഭാരം കുട്ടിയുടെ ശരീരഭാരത്തിന്റെ പത്ത് ശതമാനത്തിൽ കൂടാൻ പാടില്ലെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എല്ലാ മാസവും സ്കൂളുകളിൽ ബാഗിന്റെ ഭാരം പരിശോധിക്കണമെന്നും ഓരോ ക്ലാസ്സിലും ഒരു 'ബാഗ് വെയിറ്റ് രജിസ്റ്റർ' സൂക്ഷിക്കണമെന്നും നിർദേശമുണ്ട്. അധ്യയന ഭാരം ലഘൂകരിക്കുന്നതിനായി ഒരു ദിവസം പഠിപ്പിക്കുന്ന വിഷയങ്ങളുടെ എണ്ണം മൂന്നോ നാലോ ആയി കുറച്ചുകൊണ്ട് ടൈംടേബിളുകളിൽ മാറ്റം വരുത്താൻ എസ്.സി.ഇ.ആർ.ടി. ശിപാർശ ചെയ്തിട്ടുണ്ട്. കൂടാതെ ഭാരമേറിയ റഫറൻസ് പുസ്തകങ്ങളും മറ്റും സ്കൂളിൽ തന്നെ സൂക്ഷിക്കുന്നതിനായി ലോക്കറുകളോ ഷെൽഫുകളോ ഒരുക്കാൻ സ്കൂൾ അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്.

കട്ടിയുള്ള കവറുകളുള്ള നോട്ട്ബുക്കുകൾ ഒഴിവാക്കാനും ഒന്നിലധികം വിഷയങ്ങൾക്ക് ഒരൊറ്റ സംയോജിത നോട്ട്ബുക്ക് ഉപയോഗിക്കാനും കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നത് ബാഗിന്റെ ഭാരം കുറയ്ക്കാൻ സഹായിക്കും. ഈ റിപ്പോർട്ട് സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതിയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും പൊതുജനങ്ങളിൽനിന്നും പ്രതികരണം ആരായുകയും ചെയ്തുകൊണ്ടിരിക്കുന്നു. പൊതുജന അഭിപ്രായം കൂടി പരിഗണിച്ചുകൊണ്ട് ഏറ്റവും ശാസ്ത്രീയമായ മാർഗനിർദേശങ്ങൾ പിന്തുടരാമെന്നാണ് സംസ്ഥാന കരിക്കുലം കമ്മിറ്റി നിർദേശം നൽകിയിട്ടുള്ളത്.

(ബി) ക്ലാസ് മുറികളിലെ പിൻബഞ്ച് ഒഴിവാക്കുന്നതിനുള്ള നടപടികളുടെ പ്രായോഗികത പരിശോധിച്ചിട്ടുണ്ടോ?

ക്ലാസ് മുറികളിലെ ഇരിപ്പിട ക്രമീകരണം സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനുവേണ്ടി എസ്.സി.ഇ.ആർ.ടി. മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ജനാധിപത്യ ക്ലാസ് മുറികൾ എന്ന സങ്കല്പമാണ് മാർഗ്ഗരേഖ മുന്നോട്ടുവയ്ക്കുന്നത്. ക്ലാസ് മുറികളിലെ പരമ്പരാഗതമായ പിൻബഞ്ച് രീതി ഒഴിവാക്കി ഇരിപ്പിടങ്ങൾ വരിവരിയായി ക്രമീകരിക്കുന്നതിന് പകരം 'U' ആകൃതിയിലോ അർധവൃത്താകൃതിയിലോ ക്രമീകരിക്കുന്നതിലൂടെ അധ്യാപകനും കുട്ടികൾക്കും എല്ലാവരെയും ഒരേപോലെ കാണാനും സംവദിക്കാനും സാധിക്കുമെന്ന് ഈ രേഖയിൽ പറയുന്നു. ഗ്രൂപ്പ് പ്രവർത്തനങ്ങൾക്കും ചർച്ചകൾക്കും സൗകര്യപ്രദമായ രീതിയിൽ എളുപ്പത്തിൽ നീക്കാവുന്ന ചലനാത്മകമായ കസേരകളും എഴുത്തുപലകകളും ഉപയോഗിക്കുന്നത് എല്ലാവർക്കും തുല്യമായ പരിഗണനയും പഠന അവസരവും ഉറപ്പാക്കാൻ അത്യാവശ്യമാണെന്ന് രേഖ ചൂണ്ടിക്കാട്ടുന്നു. രേഖ

അടിസ്ഥാനമാക്കി പൊതുജനങ്ങൾക്ക് പ്രതികരിക്കാനുള്ള അവസരം ഇപ്പോൾ ഒരുക്കിയിട്ടുണ്ട്. ആ വിവരങ്ങൾ കൂടി കൂട്ടിച്ചേർത്തുകൊണ്ട് നിർദേശങ്ങൾ നടപ്പിലാക്കാനാണ് സംസ്ഥാന കരിക്കുലം സ്റ്റിയറിങ് കമ്മിറ്റി തീരുമാനിച്ചിട്ടുള്ളത്.

(സി) അധ്യയന വർഷം ആരംഭിക്കുന്ന കാര്യത്തിൽ എന്തെങ്കിലും മാറ്റം വരുത്തുന്നുണ്ടോ; ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരുടെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

അധ്യയന വർഷം ആരംഭിക്കുന്ന കാര്യത്തിൽ മാറ്റങ്ങൾ വരുത്തുന്നതിന്റെ പ്രായോഗികതയെക്കുറിച്ച് പൊതുവിദ്യാഭ്യാസ വകുപ്പും എസ്.സി.ഇ.ആർ.ടി.-യും ചേർന്ന് ഗൗരവമായി പരിശോധിച്ചുവരികയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ വിഷയത്തിൽ സമൂഹ മാധ്യമങ്ങളിൽ നിന്നും അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. ടി വിഷയത്തിൽ വിദ്യാഭ്യാസ വിദഗ്ധർ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരുടെ അഭിപ്രായങ്ങൾ ശേഖരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. റിപ്പോർട്ടുകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

വാമനപുരം നിയോജകമണ്ഡലത്തിലെ സർവ്വ ശിക്ഷാ കേരള പദ്ധതികൾ

214 (1454) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വ ശിക്ഷാ കേരള മുഖാന്തരം വാമനപുരം നിയോജകമണ്ഡലത്തിൽ മാതൃകാ പ്രീ പ്രൈമറി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനായി സാങ്കേതികാനുമതി ലഭിച്ച് കരാർ

ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടും ഇതുവരെയും നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം എന്താണെന്ന് വിശദമാക്കാമോ;

(ബി) എത്ര തുകയാണ് കെട്ടിടത്തിനായി അനുവദിച്ചതെന്നും കരാർ ഏജൻസി ആരാണെന്നും പ്രവൃത്തി എന്ന് ആരംഭിക്കാനാകുമെന്നും വിശദമാക്കാമോ?

(എ&ബി) വാമനപുരം നിയോജകമണ്ഡലത്തിലെ പനവൂരിൽ പ്രീ പ്രൈമറി സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിന് നിർവഹണ ഏജൻസിയായി തിരഞ്ഞെടുത്ത ഊരാളുങ്കൽ ലേബർ സഹകരണ കോൺട്രാക്ട് സൊസൈറ്റിയുമായി സമഗ്രശിക്ഷാ കേരളം സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ 23-01-2026-ലാണ് കരാറിൽ ഏർപ്പെട്ടത്. 1.53 കോടി രൂപയാണ് ടി കെട്ടിടത്തിനായി അനുവദിച്ചിരിക്കുന്നത്. കെട്ടിട നിർമ്മാണം ഫെബ്രുവരി ആദ്യവാരം ആരംഭിക്കുന്നതാണെന്ന് നിർവഹണ ഏജൻസി അറിയിച്ചിട്ടുണ്ട്.

പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണം

215 (1455) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി വിദ്യാലയങ്ങളുടെ നിലനിൽപ്പിനാധാരമായി ഇന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസം മാറിയിട്ടുണ്ടോ; പ്രീ പ്രൈമറി വിദ്യാഭ്യാസ ശാക്തീകരണത്തിനായി എന്തെല്ലാം നടപടികളാണ് വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ വകുപ്പിലെ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ കളിത്തോണി, കളിപ്പാട്ടം എന്നീ പ്രവർത്തന പുസ്തകങ്ങൾ സംസ്ഥാനത്തെ എല്ലാ

സ്കൂളുകളിലും വിതരണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രീ പ്രൈമറി വിഭാഗത്തിൽ അധ്യയനം നടന്നുവരികയും ചെയ്യുന്നു. പ്രസ്തുത പുസ്തകങ്ങളുടെ അടിസ്ഥാനത്തിലുള്ള പരിശീലനം എല്ലാ പ്രീ പ്രൈമറി പ്രധാന അധ്യാപകർക്കും ആയമാർക്കും എല്ലാ വർഷവും ജില്ലാ അടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. അതോടൊപ്പം ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും സംസ്ഥാനത്തെ പ്രീ പ്രൈമറി വിഭാഗം കുട്ടികളുടെ രക്ഷകർത്താക്കൾക്കും ടി വിഷയത്തിൽ പരിശീലനം സംഘടിപ്പിച്ചുവരുന്നു.

പ്രീ പ്രൈമറി മേഖലയിലെ പാഠ്യപദ്ധതി രൂപീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി 'ശൈശവകാല പരിചരണവും വികാസവും' എന്ന പേരിൽ പാഠ്യപദ്ധതി ചട്ടക്കൂട് വികസിപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യമായാണ് ഈ മേഖലയിൽ ഒരു പാഠ്യപദ്ധതി ചട്ടക്കൂടിന് രൂപം നൽകുന്നത്. കുട്ടികൾക്ക് ലഭ്യമാകേണ്ട പരിചരണം, പോഷണം, സംരക്ഷണം തുടങ്ങിയവയുടെ തുടർച്ചയും വളർച്ചയും ഉറപ്പുവരുത്തുന്നതിന് കുട്ടിയുടെ സമഗ്രവും നിരന്തരവുമായ വികാസത്തിന് അടിത്തറ പാകുന്നതിനും വികാസ മേഖലയുടെ സ്വാഭാവിക വളർച്ചയ്ക്കും വേണ്ടി കുട്ടിയെ പ്രാപ്തനാക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതി മുഖേന 1108 വിദ്യാലയങ്ങളിൽ 'വർണ്ണക്കൂടാരങ്ങൾ' നിർമ്മിച്ചിട്ടുണ്ട്. കൂടാതെ മോഡൽ പ്രീ പ്രൈമറി കേന്ദ്രങ്ങളിൽ ഭാഷാ വികാസ ഇടം, വരയിടം, കുഞ്ഞരങ്ങ്, അകം പുറം കളിയരങ്ങ് എന്നിവയും സജ്ജീകരിച്ചിട്ടുണ്ട്. ശിശുവികാസ മേഖലയിലെ ശേഷികൾ ഉറപ്പാക്കാനാകുന്ന

പ്രവർത്തനങ്ങൾ ക്ലാസ് റൂമിൽ ഒരുക്കാൻ അനധ്യാപികമാരെ സഹായിക്കുന്ന താലോലം പ്രവർത്തന മൂലകൾ എല്ലാ അംഗീകാരമുള്ള പ്രീ പ്രൈമറികളിലും സ്ഥാപിച്ചിട്ടുണ്ട്.

ഓരോ സ്കൂളിലും 1 ലക്ഷം രൂപ ചെലവഴിച്ച് 847 സ്കൂളുകളിൽ ശിശു സൗഹൃദ ഫർണീച്ചർ, കളിയുപകരണങ്ങൾ തുടങ്ങിയ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 15 ലക്ഷം രൂപ വീതം ചെലവഴിച്ച് 42 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരമുള്ള മാതൃകാ പ്രീ പ്രൈമറി സ്കൂളാക്കി മാറ്റി. കൂടാതെ അംഗീകാരമുള്ള എല്ലാ പ്രീ പ്രൈമറികളിലും 15,000 രൂപ വീതം നൽകി കുട്ടികൾക്ക് ഭാഷാ ശേഷി ഉറപ്പാക്കുന്ന ഭാഷാ വികാസ ഇടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്.

(ബി) പ്രീ പ്രൈമറി വിദ്യാർഥികൾക്ക് കളികോപ്പുകൾ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഓരോ ജില്ലയിൽനിന്നും 8 സ്കൂളുകളെ വീതം സംസ്ഥാനത്ത് തിരഞ്ഞെടുത്ത് ആകെ 112 സ്കൂളുകൾക്ക് 75,000/- രൂപ നിരക്കിൽ പ്രീ സ്കൂളുകളിൽ സംഗീത ഉപകരണങ്ങൾ വാങ്ങുന്നതിനും ക്ലാസിനുപുറത്തുള്ള കളി സ്ഥലങ്ങൾ ഒരുക്കുന്നതിനുമായി തുക അനുവദിച്ചിട്ടുണ്ട്.

അതോടൊപ്പം സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 5 സ്കൂളുകൾ വീതം തിരഞ്ഞെടുത്ത് ആകെ 70 സ്കൂളുകൾക്ക് ആർട്ട് & ക്രാഫ്റ്റ് ഉപകരണങ്ങൾ വാങ്ങുന്നതിനായി ഓരോ സ്കൂളിനും 10,000/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്.

സർക്കാർ/എയിഡഡ് പ്രീ പ്രൈമറി വിദ്യാലയങ്ങളിലെ കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്നതി ലക്ഷ്യം വച്ച് തയ്യാറാക്കിയ പദ്ധതിയാണ് 'കളിയങ്കണം' (Kids

Athletics). സമഗ്ര ശിക്ഷാ കേരളം സ്റ്റാർസ് പദ്ധതിയുടെ ഭാഗമായി 9424 പ്രീ പ്രൈമറി വിദ്യാലയങ്ങളിൽ സ്പോർട്സ് കേരള ഫൗണ്ടേഷനുമായി സഹകരിച്ച് വിവിധ കായിക ഉപകരണങ്ങൾ ഉൾക്കൊള്ളുന്ന സ്പോർട്സ് കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഹൂല ഹൂപ്പ്സ്, ടെന്നികോയിറ്റ് റിങ്, അജിലിറ്റി ഹർഡിൽസ്, ബീൻ ബാഗ്, ഫ്ലാറ്റ് റിങ്, സോസർ കോൺ എന്നീ ഉപകരണങ്ങളാണ് നൽകിയത്. പ്രസ്തുത ഉപകരണങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് മൊഡ്യൂൾ തയ്യാറാക്കി അധ്യാപകർക്ക് പരിശീലനവും നൽകിയിട്ടുണ്ട്.

(സി) എയ്ഡഡ് വിദ്യാലയങ്ങളിലെ പ്രൈമറി അധ്യാപകർക്ക് ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും അനുവദിക്കുന്നതിനായി വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിഭാഗത്തിലെ അധ്യാപകർക്കും ആയമാർക്കും കുറഞ്ഞ വേതനം യഥാക്രമം 5,000/- രൂപയും 3,500/- രൂപയും സ്കൂൾ നടത്തുന്ന ഏജൻസികളായ മാനേജർ/പി.ടി.എ. നൽകാൻ നിർദേശം നൽകി ഉത്തരവാകുകയും അതത് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവരവരുടെ അധികാര പരിധിയിൽ വരുന്ന എയ്ഡഡ് സ്കൂളുകളോട് അനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീ പ്രൈമറി വിഭാഗം ജീവനക്കാർക്ക് മേല്പറഞ്ഞ പ്രകാരം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് മേഖലയിലെ പ്രീ പ്രൈമറി ജീവനക്കാരുടെ സേവന-വേതനവ്യവസ്ഥകൾ സംബന്ധിച്ച് ഒരു പൊതു നയം രൂപീകരിക്കുന്നതിനായി ഒരു കരട് പ്രോപ്പോസൽ പരിഗണനയിലാണ്.

പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം

216 (1456) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥിരം നിയമനം, താൽക്കാലിക നിയമനം എന്നിങ്ങനെ സർക്കാർ പ്രീ പ്രൈമറി ജീവനക്കാരായി ആകെ എത്രപേരാണ് നിലവിലുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

സ്ഥിര നിയമനം, താൽക്കാലിക നിയമനം എന്നിങ്ങനെ സർക്കാർ പ്രീ പ്രൈമറി ജീവനക്കാരായി ആകെ 118 പേർ, പ്രീ പ്രൈമറി അധ്യാപകർ സ്ഥിരം നിയമനം - 63, പ്രീ പ്രൈമറി അധ്യാപകർ താൽക്കാലിക നിയമനം -6, പ്രീ പ്രൈമറി ആയ സ്ഥിരം നിയമനം - 47, പ്രീ പ്രൈമറി ആയ താൽക്കാലിക നിയമനം - 2 എന്നിങ്ങനെയാണ്.

അതോടൊപ്പം സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അംഗീകൃത പ്രൈമറിയിൽ ഓണറേറിയം അടിസ്ഥാനത്തിൽ സേവനം ചെയ്യുന്ന 2834 അധ്യാപകരും 1940 ആയമാരും സംസ്ഥാനത്തുണ്ട്.

(ബി) ഓരോ തസ്തികയുടെയും വേതന നിരക്ക് എത്ര വീതമാണെന്ന് സ്ഥിരം, താൽക്കാലികം എന്നിങ്ങനെ തരംതിരിച്ച് അറിയിക്കുമോ?

സ്ഥിരം നിയമനം

പ്രീ പ്രൈമറി അധ്യാപകർ - 35600-75400

ആയ - 23000-50200

താൽക്കാലിക നിയമനം

പ്രീ പ്രൈമറി അധ്യാപകർ - 1010 (per day)

ആയ - 710 (per day)

സർക്കാർ വിദ്യാലയങ്ങളിൽ പി.ടി.എ.-യുടെ അംഗീകാരത്തോടുകൂടി പ്രവർത്തിക്കുന്ന അംഗീകൃത പ്രൈമറിയിൽ പി.ടി.എ. നിയമിച്ച 10 വർഷത്തിനുമുകളിൽ സേവന കാലയളവുള്ള പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 13,500/-, 8,500/- രൂപ നിരക്കിലും 10 വർഷത്തിനുതാഴെ സേവന കാലയളവുള്ള പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും പ്രതിമാസം യഥാക്രമം 13,000/- രൂപ, 8,000/- രൂപ നിരക്കിലും സർക്കാർ ഓണറേറിയം അനുവദിച്ചുവരുന്നു.

(സി) പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം മുൻകാല പ്രാബല്യത്തിൽ വർധിപ്പിക്കണമെന്ന് സർക്കാരിന് ഹൈക്കോടതി സിംഗിൾ ബെഞ്ച് നിർദേശം നൽകുകയുണ്ടായോ; എങ്കിൽ എത്ര രൂപ വീതം വർധിപ്പിക്കണമെന്നാണ് സിംഗിൾ ബെഞ്ച് നിർദേശിച്ചത്; വിശദമാക്കാമോ?

പ്രീ പ്രൈമറി അധ്യാപകരുടെയും ആയമാരുടെയും വേതനം മുൻകാല പ്രാബല്യത്തിൽ വർധിപ്പിക്കണമെന്ന് സർക്കാരിന് ഹൈക്കോടതി സിംഗിൾ ബെഞ്ച്

നിർദേശം നൽകുകയുണ്ടായി. പ്രീ പ്രൈമറി അധ്യാപകർക്കും ആയമാർക്കും 2025 മാർച്ച് മുതൽ പ്രാബല്യത്തിൽ ഓണറേറിയം യഥാക്രമം 27,500/- രൂപയായും 22,500/- രൂപയായും വർധിപ്പിക്കണമെന്നും (2025 ഏപ്രിൽ മുതൽ വിതരണം ചെയ്യണം) 01-08-2012 മുതലുള്ള പുതുക്കിയ നിരക്കിലെ കുടിശ്ശിക ആറുമാസത്തിനകം വിതരണം ചെയ്യണമെന്നുമാണ് ഉത്തരവായിട്ടുള്ളത്.

(ഡി) പ്രീ പ്രൈമറി ജീവനക്കാരുടെ വേതന വർധനവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായോ; എന്തൊക്കെ വാദഗതികളാണ് സർക്കാർ അപ്പീലിൽ ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പ്രീ പ്രൈമറി ജീവനക്കാരുടെ വേതന വർധനവിനെതിരെ സർക്കാർ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിക്കുകയുണ്ടായി. 27,500/- രൂപയും 22,500/-രൂപയും വീതം മുൻകാല പ്രാബല്യത്തോടെ വർധിപ്പിച്ച ഓണറേറിയം നൽകണമെന്ന നിർദേശം സംസ്ഥാനത്തിന് വലിയ സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നതാണെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് പ്രസ്തുത അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്.

(ഇ) കുട്ടികളുടെ ചെറുപ്പകാലത്തെ വിദ്യാഭ്യാസത്തിന് അടിത്തറയിടുകയും കുഞ്ഞുങ്ങൾക്ക് ശാരീരിക വൈകാരിക മാനങ്ങളുമുള്ള സേവനങ്ങൾ നൽകുകയും ചെയ്യുന്ന പ്രീ പ്രൈമറി അധ്യാപകർക്ക് അർഹമായ വേതന വർധനവ് അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പി.റ്റി.എ.-യുടെ നിയന്ത്രണത്തിലുള്ളതും സർക്കാർ ഓണറേറിയം ലഭ്യമാക്കുന്നതുമായ അംഗീകൃത പ്രീ പ്രൈമറിയിലെ ജീവനക്കാർക്ക് 2025 നവംബർ മുതൽ 1,000/- രൂപ വീതം

ഓണറേറിയം വർധിപ്പിച്ചിട്ടുണ്ട്. കൂടാതെ 2026-27-ലെ ബജറ്റിൽ 1,000/- രൂപ വീണ്ടും ഉയർത്തിയിട്ടുണ്ട്.

സെറ്റ് യോഗ്യത നേടിയ അധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടി

217 (1457) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കുമോ; വിശദമാക്കാമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ടെറ്റ് യോഗ്യത സംബന്ധിച്ച സിവിൽ അപ്പീൽ നമ്പർ 1385/2025-മേലുള്ള 01-09-2025-ലെ വിധി അനുസരിച്ച് സ്റ്റേറ്റ് എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശങ്ങളില്ല.

(ബി) അധ്യാപക യോഗ്യതാ പരീക്ഷയുമായി ബന്ധപ്പെട്ട ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിൽ ഹൈസ്കൂൾ വിഭാഗം അധ്യാപകർക്ക് യോഗ്യതാ പരീക്ഷ നേടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; ഹൈസ്കൂൾ അധ്യാപകരെ ഈ വിധി ബാധിക്കുന്നുണ്ടോ; വിശദമാക്കാമോ?

2009-ലെ RTE നിയമം കുട്ടികൾക്ക് 6-14 വയസ്സ് വരെയുള്ളവർക്ക് സൗജന്യവും നിർബന്ധിതവുമായ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു. ആയതിലേക്കായി

അധ്യാപകന്റെ നിലവാരം ഉറപ്പാക്കാൻ വേണ്ടിയാണ് NCTE (National Council for Teacher Education) 2010 മുതൽ TET പരീക്ഷ പ്രൈമറി വിഭാഗത്തിന് (ഒന്ന് മുതൽ എട്ട് വരെയുള്ള ക്ലാസുകളിൽ) നിർബന്ധമാക്കിയിട്ടുള്ളത്. Article 21A പ്രകാരം എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക സംസ്ഥാനത്തിന്റെ കടമയാണ്. കേരളത്തിലെ സ്കൂൾ ഘടന പ്രകാരം എട്ടാം ക്ലാസ് ഹൈസ്കൂൾ വിഭാഗത്തിലാണ് ഉൾപ്പെടുന്നത്. ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിന്യായം എട്ടാം ക്ലാസിനും ബാധകമാണ്.

(സി) കെ-ടെറ്റ് 3-ന്റെ സിലബസിൽ വരുന്ന ഭാഗങ്ങൾ സെറ്റ് പരീക്ഷയുടെ സിലബസിൽ വരുന്നുണ്ടോ; സിലബസുകൾ തമ്മിലുള്ള വ്യത്യാസം എന്താണ്; രണ്ട് പരീക്ഷകളുടെയും സിലബസുകളുടെ പകർപ്പുകൾ സഹിതം വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) ഈ വിഷയത്തിൽ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ റിവ്യൂ ഹർജി ഫയൽ ചെയ്തിട്ടുണ്ടോ; ഫയൽ ചെയ്ത തീയതി എന്നാണെന്നും റിവ്യൂ ഹർജിയിൽ ആവശ്യപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

(ഇ) സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കുന്നതിന് തടസ്സമുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ടെറ്റ് യോഗ്യത സംബന്ധിച്ച സിവിൽ അപ്പീൽ നമ്പർ 1385/2025-മേലുള്ള 01-09-2025-ലെ വിധി അനുസരിച്ച് സ്റ്റേറ്റ്

എലിജിബിലിറ്റി ടെസ്റ്റ് (സെറ്റ്) യോഗ്യത നേടിയ അധ്യാപകരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കിക്കൊണ്ടുള്ള പരാമർശങ്ങളില്ല.

(എഫ്) സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെല്ലാമാണ് നൽകിയതെന്നും ഈ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ?

സെറ്റ് യോഗ്യത നേടിയവരെ കെ-ടെറ്റ് യോഗ്യത നേടുന്നതിൽനിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുള്ള നിവേദനങ്ങൾ സംഘടനകളും വ്യക്തികളും സമർപ്പിച്ചിട്ടുണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ

218 (1458) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 01-06-2016-നുശേഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിലായി പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

01-06-2016-നുശേഷം സംസ്ഥാനത്ത് സർക്കാർ, എയ്ഡഡ് മേഖലകളിലായി പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി സ്കൂളുകളുടെ വിശദാംശം ജില്ല തിരിച്ച്

അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

(ബി) പ്രസ്തുത തീയതിക്ക് ശേഷം ഓരോ ജില്ലയിലും എയ്ഡഡ് മേഖലയിൽ പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ നടത്തിപ്പുകാരായ മാനേജ്മെന്റിന്റെ വിശദാംശം പ്രത്യേകം ലഭ്യമാക്കാമോ?

എയ്ഡഡ് മേഖലയിൽ പുതുതായി ആരംഭിച്ച ഹയർ സെക്കൻഡറി സ്കൂളുകളുടെ നടത്തിപ്പുകാരായ മാനേജ്മെന്റിന്റെ വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.+

അധ്യാപക തസ്തിക നിർണ്ണയ നിയമന നടപടികൾ

219 (1459) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഒക്ടോബർ 1-ന് പൂർത്തിയാക്കേണ്ട സർക്കാർ ഹൈസ്കൂളുകളിലെ അധ്യാപക തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിൽ വന്നിട്ടുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തസ്തിക നിർണ്ണയ നടപടികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി ദിവസം റോളിലുള്ള, EID ലഭ്യമായതും എന്നാൽ 14-07-2025 തീയതിവരെ യു.ഐ.ഡി.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുകയും ചെയ്യ. കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിലുൾപ്പെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൊണ്ട് അധിക തസ്തികൾ അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചട്ടപ്രകാരമുള്ള പരിശോധനകളും നടത്തേണ്ടതുണ്ട്. ചട്ടപ്രകാരമുള്ള നടപടികൾ പൂർത്തിയാക്കി അധിക തസ്തികകൾ താമസംവിനാ അനുവദിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) 2026 ജൂൺ-ജൂലൈ മാസങ്ങളിലായി കാലാവധി അവസാനിക്കുന്ന വിവിധ ജില്ലകളിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിലുൾപ്പെട്ടിട്ടുള്ള ഉദ്യോഗാർഥികൾക്ക് പരമാവധി ഒഴിവുകൾ ലഭ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

അധിക തസ്തികകൾ അനുവദിക്കുന്ന മുറയ്ക്ക് നിശ്ചിത ശതമാനം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സർക്കാർ ഹൈസ്കൂൾ അധ്യാപകരുടെ ഹയർ സെക്കണ്ടറിയിലേക്കുള്ള തസ്തിക മാറ്റ നടപടികൾ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

സർക്കാർ ഹൈസ്കൂൾ അധ്യാപകരുടെ ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീംകോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുനിർദ്ദേശം

നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ സർവീസിലുള്ള അധ്യാപകർക്കായുള്ള കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിലുണ്ടായ കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത വിജ്ഞാപനം വൈകുന്നത് അധ്യാപകരുടെ തസ്തിക മാറ്റം, പ്രൊമോഷൻ എന്നിവയെ പ്രതികൂലമായി ബാധിക്കില്ലേയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2025-26 അധ്യയന വർഷം വരെ നിയമനം ലഭിച്ച അധ്യാപകർക്കും, ബൈടാൻസ്ഫർ പ്രൊമോഷൻ ലഭിക്കേണ്ട അനധ്യാപക ജീവനക്കാർക്കും അതത് കാറ്റഗറിയിലുള്ള K-TET യോഗ്യത നേടുന്നതിന് 2026 ഫെബ്രുവരിയിൽ പ്രത്യേക പരീക്ഷ നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഇ) പൊതുവിദ്യാലയങ്ങളിലെ വിദ്യാർഥികളുടെ എണ്ണത്തിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത്, അധ്യാപക-വിദ്യാർഥി അനുപാതം പരിഷ്കരിക്കുന്നതിനായി സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ വിഷയം നിലവിൽ പരിഗണനയിലില്ല.

സ്കൂൾ കലാമേള വിജയകരമായി പൂർത്തിയാക്കുന്നതിനുള്ള ആസൂത്രണ പ്രവർത്തനങ്ങൾ

220 (1460) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കലാമേളകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം ആസൂത്രണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

2026 ജനുവരി 14 മുതൽ 18 വരെ തൃശ്ശൂരിലെ 25 വേദികളിലായാണ് ഈ വർഷത്തെ സംസ്ഥാന സ്കൂൾ കലോത്സവം നടന്നത്. 12-08-2025-ന് സംഘാടക സമിതി രൂപീകരിച്ചു. കൃത്യമായ മുന്നൊരുക്കങ്ങൾ നടത്തിയിരുന്നു. 19 സബ് കമ്മിറ്റികൾ രൂപീകരിക്കുകയും എം.എൽ.എ.-മാർ, അധ്യാപക സംഘടനകൾ, വിവിധ വകുപ്പുകൾ, പൊതുജനങ്ങൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്തിരുന്നു. സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്കൂൾ, സബ് ജില്ല, റവന്യൂ ജില്ലാ തല മത്സരങ്ങൾ കൃത്യസമയത്ത് പൂർത്തിയാക്കിയതും വിവിധ വകുപ്പുകളുടെയും സംഘടനകളുടെയും വ്യാപാരി വ്യവസായി യൂണിയനുകളുടെയും പൊതുജനങ്ങളുടെയും പങ്കാളിത്തം കലാമേളകൾ വിജയകരമായി പൂർത്തിയാക്കുന്നതിന് സഹായിച്ചു.

(ബി) സ്കൂൾ കലോത്സവങ്ങളിൽ തദ്ദേശീയ കലാരൂപങ്ങൾക്ക് പ്രാധാന്യം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ലക്ഷ്യങ്ങൾ എന്താണെന്ന് വിശദമാക്കാമോ?

കേരളത്തിലെ ഭൂരിഭാഗം തനത് കലാരൂപങ്ങളും നിലവിൽ മത്സരങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയവ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിൽ അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(സി) കലാമേളകൾ പരാതിരഹിതമാക്കാൻ ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം എങ്ങനെയെല്ലാമാണ് സഹായിച്ചതെന്ന് വിശദമാക്കാമോ?

നിലവിൽ ulsavam.kite.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് സ്കൂൾ തലം മുതൽ സംസ്ഥാന തലം വരെ കുട്ടികളുടെ പേര് വിവരങ്ങൾ ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നത് സമ്പൂർണ്ണ വെബ് പോർട്ടലുമായി ഇത് ബന്ധിപ്പിച്ചിട്ടുള്ളതിനാൽ വിവരങ്ങളിലെ പിഴവുകൾ ഒഴിവാക്കാൻ സാധിക്കുന്നു. വിവരങ്ങൾ വേഗത്തിൽ ലഭ്യമാക്കാനും കലോത്സവത്തിനുള്ള തയ്യാറെടുപ്പുകൾ പരാതിരഹിതമായി പൂർത്തിയാക്കാനും ഇത് സഹായിക്കുന്നു.

(ഡി) ഒളിമ്പിക്സ് മാതൃകയിൽ സ്കൂൾ കായികമേള സംഘടിപ്പിച്ചത് വഴി എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

മുൻകാലങ്ങളിൽ മാസങ്ങളോളം നീണ്ടുനിന്നിരുന്ന മത്സരങ്ങൾ ഒളിമ്പിക്സ് മാതൃക സ്വീകരിച്ചതോടെ ഒരു നിശ്ചിത നഗരത്തിൽ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ വിജയകരമായി നടത്താൻ സാധിച്ചു. സർക്കാർ സംവിധാനങ്ങളുടെ യോജിച്ച പ്രവർത്തനവും വിവിധ സംഘടനകളുടെ സഹകരണവും മേളയുടെ നിലവാരം ഉയർത്തുന്നതിന് സഹായിച്ചിട്ടുണ്ട്.

(ഇ) കലോത്സവങ്ങൾ കേവലം മത്സരം എന്നതിലുപരി കുട്ടികളുടെ വ്യക്തിത്വ വികസനത്തെ എങ്ങനെയെല്ലാമാണ് സഹായിക്കുന്നതെന്ന് വിശദമാക്കാമോ?

പഠനത്തോടൊപ്പം കായിക കലയും പഠനവും ഒരുമിച്ചുപോകുന്നതിനുള്ള സമീപനമാണ്

സർക്കാർ സ്വീകരിച്ചുവരുന്നത്. കല കേവലം ഗ്രേസ് മാർക്കിനുള്ള ഉപാധിയല്ല, മറിച്ച് കുട്ടികളിൽ സാമൂഹ്യബോധവും തോൽവികളെ നേരിടാനുള്ള കരുത്തും വളർത്താൻ സഹായിക്കുന്നു. ലഹരിക്കെതിരായ നിലപാടുകൾ സ്വീകരിക്കുന്നതിന് കലാപ്രവർത്തനങ്ങളിലൂടെ ആർജ്ജിക്കുന്ന ആത്മാഭിമാനവും ക്രയശേഷിയും കുട്ടികളെ വളരെയധികം സഹായിക്കുന്നു.

(എഫ്) ഗോത്ര കലാരൂപങ്ങളെ കലോത്സവങ്ങളിൽ ഉൾപ്പെടുത്തിയതിന്റെ പ്രാധാന്യം വിശദീകരിക്കാമോ?

ഗോത്രവർഗ്ഗ കലാരൂപങ്ങൾ അതത് പ്രദേശത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നാണ്. ഈ കലാരൂപങ്ങൾ കൂടുതലായി അറിയപ്പെടേണ്ടതും അംഗീകരിക്കപ്പെടേണ്ടതും ആവശ്യമാണ്. പാരമ്പര്യ തനത് കലാരൂപങ്ങൾ അവതരിപ്പിച്ച് വരുന്ന ചുറ്റുപാടുകളുടെ ഇല്ലാതാകൽ, പുതുതലമുറയ്ക്ക് പാരമ്പര്യ കലാരൂപങ്ങളിലുള്ള മതിപ്പ് കുറവ്, അവ സ്വായത്തമാക്കുന്നതിനുള്ള അവരുടെ താല്പര്യക്കുറവ് എന്നിവമൂലം ഇത്തരം കലാരൂപങ്ങൾക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെ തടയുകയെന്ന ലക്ഷ്യത്തോടെയാണ് ഈ കലാരൂപങ്ങളെ സ്കൂൾ കലോത്സവത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതുമൂലം മറ്റ് കലാരൂപങ്ങൾ പോലെ തന്നെ ഗോത്രവർഗ സമുദായങ്ങളുടെ തനത് കലകളും കലാമൂല്യത്തിലും ആകർഷണത്വത്തിലും മുൻപന്തിയിലാണെന്ന് പൊതുജനത്തെ അറിയിക്കുന്നതോടൊപ്പം അവയെ അംഗീകരിക്കുന്നതിനും സംരക്ഷിക്കുന്നതിനും തനിമ നഷ്ടപ്പെടാതെ നിലനിറുത്തുന്നതിനും സാധിക്കും.

എളമക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ ഫണ്ട് വിനിമയം

221 (1461) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ എളമക്കര ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ യൂണിഫോം വാങ്ങുന്നതിന് ഏതൊക്കെ ഇനത്തിലെ ഫണ്ടുകളാണ് നടപ്പ് അക്കാദമിക വർഷം ലഭിച്ചിട്ടുള്ളത്; ഇതിൽ ചെലവഴിച്ച തുക എത്രയെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ; ബാക്കി ചെലവഴിക്കാനുള്ള തുക എത്രയെന്ന് അറിയിക്കുമോ; ചെലവഴിക്കാൻ കാലതാമസമുണ്ടായതിന്റെ കാരണം അറിയിക്കുമോ?

1. ബി.പി.എൽ. ആൺകുട്ടികൾക്കും, എല്ലാ പെൺകുട്ടികൾക്കും ലഭിച്ച തുക - 3,16,200/-. ചെലവാക്കിയ തുക - 0/-

ചെലവാക്കാത്തതിന്റെ കാരണം:- പ്രിൻസിപ്പാളിന്റെ അക്കൗണ്ടിൽ പണം ലഭിച്ച വിവരം പ്രധാനാധ്യാപികയെ അറിയിക്കാൻ വൈകി. കുട്ടികളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ പൂർണമായും ലഭിച്ചിരുന്നില്ല. ചെക്ക് ബാങ്കിൽ ഹാജരാക്കിയപ്പോൾ അക്കൗണ്ടിൽ പണമില്ലാതെ മടങ്ങി.

2. എ.പി.എൽ. ആൺകുട്ടികൾക്ക് ലഭിച്ച തുക - 1,10,400/-. ചെലവാക്കിയ തുക - 0/-

ചെലവാക്കാത്തതിന്റെ കാരണം:- തുക മാറുന്നതിനായി 29-01-2026-ന് ട്രഷറിയിൽ ബിൽ ഹാജരാക്കുമെന്ന് പ്രധാനാധ്യാപിക അറിയിച്ചിട്ടുണ്ട്.

(ബി) ഫണ്ടുകളിൽ ഏതിലെങ്കിലും തിരിമറി നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ക്രമക്കേട് നടത്തിയത് ആരൊക്കെയാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പോലീസിലോ മറ്റ് അധികാര കേന്ദ്രങ്ങളിലോ പരാതി നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ശ്രീമതി ഷെറീന എന്നയാൾക്കെതിരെ പോലീസിൽ പരാതി നൽകുകയും എളമക്കര പോലീസ് 13-01-2026-ലെ FIR No.0008/2026 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുകയും ചെയ്യുന്നു. ഇതിന് പുറമെ വകുപ്പുതലത്തിൽ ഇത് സംബന്ധിച്ച വിശദമായ ഒരു അന്വേഷണം നടത്തി റിപ്പോർട്ട് ഒരാഴ്ചക്കകം ലഭ്യമാക്കുവാൻ DDE, EKM-നോട് നിർദ്ദേശിച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായാലുടൻ തന്നെ വകുപ്പുതല നടപടികളും സ്വീകരിക്കുന്നതാണ്.

തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ

222 (1462) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാമാണ്; പ്രവർത്തന പുരോഗതിയുടെ വിശദാംശം ലഭ്യമാക്കുമോ?

തട്ടത്തുമല ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. അനുവദിക്കാൻ നടപടി

223 (1463) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി പഞ്ചായത്തിലെ ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. ലഭിക്കുന്നതിനായി സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ വിദ്യാഭ്യാസ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) സ്വന്തം ഉടമസ്ഥതയിലുള്ള ഭൂമിയിൽ സ്ഥിതി ചെയ്യുന്നതും കഴിഞ്ഞ ഇരുപത് വർഷത്തിലധികമായി സി.ബി.എസ്.ഇ. സിലബസിൽ പ്രവർത്തിച്ചുവരുന്നതുമായ ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂൾ, എൻ.ഒ.സി.-ക്കായി സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനും അനുമതി ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി ഐ.സി.സി. ഇംഗ്ലീഷ് മീഡിയം സ്കൂളിന് എൻ.ഒ.സി. അനുവദിക്കുന്നതിനായി പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന സമർപ്പിച്ച അപേക്ഷ N3/337/2020-G.EDN നമ്പർ ഫയലിൽ പരിശോധിക്കുകയും ന്യൂനതകൾ കണ്ടെത്തിയതിനെത്തുടർന്ന് 01-03-2019-ലെ സ.ഉ. (എം.എസ്.)നം.22/2019/പൊ.വി.വ. പ്രകാരം ഉത്തരവിലെ മാർഗനിർദേശങ്ങൾ പാലിച്ച്

പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദേശം നൽകിക്കൊണ്ട് 17-09-2022-ലെ കത്തുപ്രകാരം പ്രൊപ്പോസൽ തിരിച്ചയയ്ക്കുകയുമുണ്ടായി. എന്നാൽ പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നില്ല. ഇതേ ആവശ്യം ഉന്നയിച്ച് വീണ്ടും സർക്കാരിൽ നിവേദനം സമർപ്പിച്ചതിനെത്തുടർന്ന് ന്യൂനതകൾ പരിഹരിച്ച് പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാക്കാൻ 29-08-2025-ലെ N3/202/2025/GEDN നമ്പർ കത്തുപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുവാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോഴിക്കോട് ഉള്ള്യേരി ഗവണ്മെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ നടപടി

224 (1464) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ഉള്ള്യേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്കൂളിന്റെ നിലവിലുള്ള ഭൂമി ഒസ്യത്ത് പ്രകാരം സർക്കാരിൽ നിക്ഷിപ്തമാവുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉള്ള്യേരി ഗവൺമെന്റ് എൽ.പി. സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനായി

ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

കൊല്ലം നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ അടിസ്ഥാന സൗകര്യ വികസനം

225 (1465) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം നിയോജകമണ്ഡലത്തിലെ ഗവ. മോഡൽ ബോയ്സ് വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും ഉളിയക്കോവിൽ റ്റി.കെ.ഡി.എം. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കിഫ്ബി പദ്ധതിയുടെ നിർവഹണ പുരോഗതി അറിയിക്കുമോ;

(ബി) നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തി നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം നിയോജകമണ്ഡലത്തിലെ 3 കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട കൊല്ലം ഗവ. മോഡൽ ബോയ്സ് എച്ച്.എസ്.എസ്.-ന്റെ ടെൻഡർ നടപടികൾ പൂർത്തിയാക്കി എഗ്രിമെന്റ് ഒപ്പുവെച്ചിട്ടുണ്ട്. പഴയ കെട്ടിടം പൊളിച്ച് മാറ്റാൻ കോർപ്പറേഷനിൽനിന്നും അനുമതി ലഭ്യമായിട്ടുണ്ട്. പൊളിച്ചുമാറ്റിയാൽ ഉടൻ തന്നെ നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതാണ്.

ഒരു കോടി കിഫ്ബി പദ്ധതിയിലുൾപ്പെട്ട ടി.കെ.ഡി.എം. ഗവ. എച്ച്.എസ്.എസ്., ഉളിയക്കോവിൽ സ്കൂളിന്റെ നിർമ്മാണത്തിനുള്ള റീ-ടെൻഡർ നടപടികൾ പൂർത്തിയാക്കി

എഗ്രിമെന്റ് ഒപ്പുവച്ചിട്ടുണ്ട്. നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. നിർമ്മാണം ആരംഭിക്കാത്ത സ്കൂളുകളുടെ നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തീകരിക്കുന്നതിനുള്ള നിർദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്.

ജനപ്രതിനിധികളായ എയ്ഡഡ് സ്കൂൾ അധ്യാപകർക്ക് ഡ്യൂട്ടി ലീവ്

226 (1466) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടക്കുന്ന വിവിധ യോഗങ്ങളിൽ പങ്കെടുക്കുന്നതിന്റെ ഭാഗമായി ഡ്യൂട്ടി ലീവ് അനുവദിച്ചുനൽകികൊണ്ട് ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളായ സംസ്ഥാനത്തെ എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന അധ്യാപകർക്ക് ഡ്യൂട്ടി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് KER അധ്യായം X IVA ചട്ടം 56 (5), (6), (7) എന്നിവയിലാണ് പരാമർശമുള്ളത്. ഇത്തരത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് 16-01-1998-ലെ G.O.(P.)No.28/98/GEDN പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ, ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് WP(C)No.16198/2010 എന്ന കേസിലും അതുമായി ബന്ധപ്പെട്ട മറ്റുചില കേസുകളിലുമായി 24-

02-2021-ൽ പുറപ്പെടുവിച്ച പൊതുവിധിന്യായപ്രകാരം, 1958-ലെ കേരള വിദ്യാഭ്യാസ നിയമത്തിലെയും അതിന് കീഴിൽ രൂപപ്പെടുത്തിയ ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം, സംസ്ഥാനത്തെ ഒരു എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനത്തിലെ ജീവനക്കാരൻ കേരള സർക്കാരിന് കീഴിൽ 'office of profit' വഹിക്കുന്ന വ്യക്തിയാണെന്നും അതിനാൽത്തന്നെ 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ ജീവനക്കാർക്ക് അവധിയെടുക്കാനും വിവിധ തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാനും അനുവദിക്കുന്ന അധ്യായം XIV A-യിലെ ചട്ടം 56 അനാവശ്യവും അപ്രസക്തവുമാണെന്ന് ബഹുമാനപ്പെട്ട കോടതി കണ്ടെത്തുകയും പ്രസ്തുത വിധിന്യായത്തിന്റെ തീയതി മുതൽ ഇപ്രകാരം എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് അവധിയെടുത്ത് തിരഞ്ഞെടുപ്പുകളിൽ മത്സരിക്കാൻ സാധിക്കില്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ച് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ വിധിക്കെതിരെ ചില സ്വകാര്യ വ്യക്തികൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ Special Leave Petition ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി 18-03-2021-ൽ stay order പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത SLP-കളിൽ സർക്കാർ നിലപാട് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ അറിയിച്ചിട്ടുണ്ട്. നിലവിൽ ടി കേസുകൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

(ബി) ഇത്തരത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇറക്കിയ 16-01-1998-ലെ ജി.പി.ജി. നം 28/98/ജി.ഡി.എൻ. എന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഡ്യൂട്ടി ലീവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച 16-01-1998-ലെ G.O.(P)No.28/98/GEDN സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമിക്കപ്പെട്ട ജീവനക്കാർ

227 (1467) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലികമായും ജീവനക്കാർ നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അത് ഏതെല്ലാം തസ്തികകളിലാണെന്നും ഓരോ തസ്തികകളിൽ നിയമിക്കപ്പെട്ടവരുടെ എണ്ണം എത്രയാണെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2016 മുതൽ നാളിതുവരെ കരാർ അടിസ്ഥാനത്തിലും ദിവസ വേതനാടിസ്ഥാനത്തിലും താൽക്കാലികമായും നിയമിക്കപ്പെട്ടിട്ടുള്ള ജീവനക്കാരിൽ ആരെയെങ്കിലും സ്ഥിരപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം തസ്തികകളിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് അവരെ സ്ഥിരപ്പെടുത്തിയതെന്നും വകുപ്പ്, ജില്ല, തസ്തിക എന്നിവ തിരിച്ച് വ്യക്തമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ വകുപ്പിൽ 2021 മുതൽ നാളിതുവരെ നടന്നിട്ടുള്ള ഡെപ്യൂട്ടേഷൻ നിയമനങ്ങൾ ഏതെല്ലാം തസ്തികകളിലാണെന്നും പ്രസ്തുത തസ്തികകളിൽ നിയമിക്കപ്പെട്ടവർ ആരെല്ലാമാണെന്നും അവർ ഏത് തസ്തികകളിൽ നിന്നാണ് ഡെപ്യൂട്ടേഷൻ തസ്തികകളിലേക്ക് എത്തിയതെന്നുമുള്ള വിവരം വകുപ്പ്, ജില്ല എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

പൊതുവിദ്യാഭ്യാസ വകുപ്പിലെ തസ്തിക നിർണ്ണയവും അംഗീകാരവും

228 (1468) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 അധ്യയന വർഷത്തെ തസ്തിക നിർണ്ണയ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷം സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 18-04-2022-ലെ GO(P)5/2022/GEDN സർക്കാർ ഉത്തരവുപ്രകാരം അധിക തസ്തിക അനുവദിക്കുന്നത് സർക്കാരാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ജൂലൈ മാസത്തിൽ പൂർത്തിയാക്കേണ്ട തസ്തിക നിർണ്ണയം ഒക്ടോബർ കഴിഞ്ഞിട്ടും പൂർത്തിയാകാത്തതിനും അധിക തസ്തികകൾക്ക് അംഗീകാരം നൽകുന്നതിൽ കാലതാമസം നേരിടുന്നതിന്റെയും കാരണങ്ങൾ വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി

ദിവസം റോളിലുള്ള, EID ലഭ്യമായതും എന്നാൽ 14-07-2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൈക്കൊണ്ട് അധിക തസ്തികൾ അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(സി) ഈ വർഷത്തെ തസ്തിക നിർണ്ണയ പ്രകാരം സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലായി എത്ര അധിക തസ്തികകൾ പുതുതായി കണ്ടെത്തുകയുണ്ടായിയെന്നും ഇതിൽ എത്ര അധ്യാപക തസ്തികകളും എത്ര അനധ്യാപക തസ്തികകളും ഉൾപ്പെടുന്നുവെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

അധിക തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ തസ്തികകളുടെ പൂർണ്ണമായ കണക്കുകൾ ലഭ്യമാവുകയുള്ളൂ.

(ഡി) തസ്തികയ്ക്ക് അംഗീകാരം വൈകുന്നതിനാൽ അധ്യാപകർക്ക് ശമ്പളം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അധിക തസ്തികകൾക്ക് എന്ന് മുതൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കിക്കൊണ്ട് അധിക തസ്തികകൾ എത്രയും വേഗം അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നു.

അധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ്

229 (1469) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്കും സ്ഥാനക്കയറ്റങ്ങൾക്കും കെ-ടെറ്റ് പാസാകണമെന്ന തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ?

സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് കെ-ടെറ്റ് യോഗ്യത ബാധകമാക്കുന്നത് സംബന്ധിച്ച് നേരത്തേതന്നെ സർക്കാർ ഉത്തരവുകളും സർക്കുലർ നിർദേശങ്ങളും നിലവിലുണ്ടെങ്കിലും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 01-09-2025-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 13-01-2026-ലെ G.O.(Ms)No.5/2026/G.Edn പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്തിരിക്കുന്നു.+

(ബി) കെ-ടെറ്റ് പാസ്സാകണമെന്ന സുപ്രീംകോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

കെ-ടെറ്റ് പാസാകണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ട്.

(സി) അധ്യാപകരുടെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ

+നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിക്ക് അനുസൃതമായി അധ്യാപകരുടെ എല്ലാ അവകാശങ്ങളും സംരക്ഷിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായാണ് സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. കൂടാതെ, 2025-26 അധ്യയന വർഷം സേവനത്തിൽ തുടരുന്ന അധ്യാപകർക്കായി നിലവിലുള്ള കെ-ടെറ്റ് പരീക്ഷയ്ക്ക് പുറമേ സ്പെഷ്യൽ കെ-ടെറ്റ് പരീക്ഷ നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ

230 (1470) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

സർക്കാർ, എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ അനുവദിച്ച താൽക്കാലിക ബാച്ചുകൾ സ്ഥിരപ്പെടുത്തി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

(ബി) സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകൾക്കിടയിൽ ഷിഫ്റ്റ് ചെയ്ത 38 സ്ഥിരം

ബാച്ചുകളിൽ തൊട്ടടുത്ത 2 അധ്യയന വർഷത്തെ അഡ്മിഷൻ അടിസ്ഥാനപ്പെടുത്തി തസ്തികകൾ ഷിഫ്റ്റ് ചെയ്യണമെന്ന ഷിഫ്റ്റിങ് ഓർഡറിലെ വ്യവസ്ഥ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

ഷിഫ്റ്റ് ചെയ്ത ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) പിന്നാക്ക വിഭാഗം വിദ്യാർഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് സംസ്ഥാനത്തെ എം.ആർ.എസ്. സ്കൂളുകളിലെ 14 ഹയർ സെക്കൻഡറി ബാച്ചുകളിൽ സ്ഥിരം അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

(ഡി) സർക്കാർ/എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ 10 വർഷത്തിലേറെയായി നിലനിൽക്കുന്ന 22 സ്ഥിരം ബാച്ചുകളിൽ അധ്യാപക തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ സർക്കാരിന്റെ കാലത്തുതന്നെ പരിഹാരം കാണാനാകുമോ; വിശദമാക്കാമോ?

തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കുന്നത് വിവിധ ഫയലുകളിൽ പരിശോധിക്കുകയും സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്ന പക്ഷം ധനകാര്യവകുപ്പിന്റെയും മന്ത്രിസഭയുടെയും അനുമതിയോടെ തസ്തിക സൃഷ്ടിക്കുകയുമാണ് ചെയ്യുന്നത്. 2024-25 വർഷത്തെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിലെ തസ്തികനിർണ്ണയം സംബന്ധിച്ച വിഷയം സർക്കാർ

പരിശോധിച്ചുവരുന്നു.

എയ്ഡഡ് സ്കൂൾ അധ്യാപക നിയമനം

231 (1471) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂൾ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്ക് അനുസൃതമായി മാനേജർമാർ ചട്ടപ്രകാരം നടത്തുന്ന നിയമനങ്ങൾ അംഗീകരിക്കുന്നതിന് യാതൊരു നിയമതടസ്സവും നിലവിലില്ല.

(ബി) ഭിന്നശേഷി സംവരണത്തിന്റെ പേരിൽ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ലെന്ന നിർദേശം നൽകിയിട്ടുണ്ടോ?

ഇല്ല.

(സി) ദിവസവേതന നിയമനങ്ങൾ അവസാനിപ്പിച്ച് അധ്യാപക നിയമനങ്ങൾക്ക് സ്ഥിരമായ അംഗീകാരം നൽകണമെന്ന അധ്യാപക സംഘടനകളുടെ ആവശ്യത്തിന്മേൽ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

അധ്യാപക നിയമനങ്ങൾക്ക് സ്ഥിരമായ അംഗീകാരം നൽകുന്ന വിഷയത്തിൽ

ഭിന്നശേഷി സംവരണ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെയും ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

കേരള ഹിന്ദി പ്രചാരസഭയുടെ ആചാര്യ കോഴ്സും ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിയമനവും

232 (1472) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഹിന്ദി പ്രചാരസഭ നടത്തുന്ന ആചാര്യ കോഴ്സിനെ ബി.എഡ്. യോഗ്യതയ്ക്ക് തുല്യമായി കണക്കാക്കിയിട്ടുണ്ടോ?

17-02-2020-ലെ സ.ഉ.(പി.)നം.4/2020/പൊ.വി.വ. വിജ്ഞാപന പ്രകാരം KER chapter XXXI Rule 2(iv)B-യിൽ Explanation III-ആയി ഉൾപ്പെടുത്തിയ ഭേദഗതി പ്രകാരം എച്ച്.എസ്.എ.(ഹിന്ദി) തസ്തികയ്ക്ക് 2014-15-വരെ നേടിയ ആചാര്യ മതിയായ ടെയിനിങ് യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

10-07-2023-ലെ എസ്.സി.ഇ.ആർ.ടി. ഇക്വലൻസി സ്റ്റാന്റിങ് കമ്മിറ്റി മീറ്റിങ്ങിന്റെ മിനിറ്റ്സിന്റെ അടിസ്ഥാനത്തിലും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിലും കേരള ഹിന്ദി പ്രചാര സഭയുടെ 2018 വരെ നേടിയ ആചാര്യ യോഗ്യത എച്ച്.എസ്.എ. (ഹിന്ദി) തസ്തികയ്ക്ക് മതിയായ ടെയിനിങ് യോഗ്യതയായും, എച്ച്.എസ്.എസ്.റ്റി. (ഹിന്ദി) തസ്തികയിലേക്ക് ബി.എഡ്.-ന് പകരം യോഗ്യതയായും അംഗീകരിച്ചുകൊണ്ട് 18-04-2025-ലെ സ.ഉ.(കൈ)നം.68/2025/പൊ.വി.വ. പ്രകാരം

ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

എന്നാൽ പ്രസ്തുത യോഗ്യത പ്രഥമാധ്യാപക തസ്തികയിലേക്കോ പ്രിൻസിപ്പൽ തസ്തികയിലേക്കോ ബി.എഡ്.-ന് തുല്യമായി പരിഗണിക്കുന്നതല്ലെന്നും ഉത്തരവായിട്ടുണ്ട്.

(ബി) ആചാര്യ കോഴ്സ് യോഗ്യത നേടിയ ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് തടസ്സമുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിൽ യോഗ്യത നേടിയവർക്കാണ് തടസ്സമുള്ളതെന്ന് വിശദമാക്കുമോ?

ഹൈസ്കൂൾ അധ്യാപകർക്ക് ഹെഡ് മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം വഴി നിയമനം ലഭിക്കുന്നതിന് ആചാര്യ കോഴ്സ് യോഗ്യത നേടിയവരെ നിലവിൽ പരിഗണിച്ചിട്ടില്ല.

ചാവക്കാട് വിദ്യാഭ്യാസ ജില്ലയിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

233 (1473) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷി നിയമനം സംബന്ധിച്ച സുപ്രീം കോടതി വിധി പ്രകാരം വിവിധ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ ഭിന്നശേഷി സംവരണം ഒഴികെയുള്ള ഇതര അധ്യാപക തസ്തികകളിൽ ചാവക്കാട് വിദ്യാഭ്യാസ ജില്ലയുടെ കീഴിൽ വരുന്ന എത്ര സ്കൂളുകളിൽ നിയമനം നടത്തിയിട്ടുണ്ട്; വിശദമാക്കാമോ;

(ബി) മേൽ സൂചിപ്പിച്ച പ്രകാരം നിയമനം നടത്തിയിട്ടുള്ള ആകെ തസ്തികകളുടെ എണ്ണം

എത്രയാണ്; ആയതിന്റെ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമിതരായ അധ്യാപകരിൽ എത്രപേർക്ക് ഇതിനോടകം നിയമന അംഗീകാരം നൽകിയിട്ടുണ്ട്; ഏത് വർഷം വരെ നിയമിതരായവർക്കാണ് നിലവിൽ അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ഇനിയും അംഗീകാരം ലഭിക്കാനുള്ള എത്ര അധ്യാപക തസ്തികകളുണ്ടെന്ന് അറിയിക്കാമോ; കൂടാതെ, നിയമന അംഗീകാരം നൽകുവാനുള്ള അധ്യാപകരുടെ പേരും, സ്കൂളിന്റെ പേരും ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത അധ്യാപകർക്ക് നിയമന അംഗീകാരം നൽകുന്നതിന് നിലവിലുള്ള നിയമ തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത അധ്യാപകരുടെ നിയമന അംഗീകാരവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളെന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; ഇതിനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

(എ-എഫ്) വിവരം ശേഖരിച്ചുവരുന്നു.

എൽ.പി., യു.പി. സ്കൂൾ ടീച്ചേഴ്സ് റാങ്ക് ലിസ്റ്റിലെ നിയമനം

234 (1474) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി നമ്പർ 709/2023 എൽ.പി. സ്കൂൾ, കാറ്റഗറി നമ്പർ 707/2023 യു.പി.

സ്കൂൾ, ടീച്ചേഴ്സ് റാങ്ക് ലിസ്റ്റിലെ എത്രപേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിലെ കൂടുതൽ പേർക്ക് നിയമനം നൽകാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളിൽ ജില്ലകളിലുണ്ടാകുന്ന ഒഴിവുകളുടെ നിയമാനുസൃതമായ വിഹിതം പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തുവരുന്നുണ്ട്.

(സി) സ്കൂളുകളിൽ തസ്തിക നഷ്ടം സംഭവിക്കുന്ന അധ്യാപകരെ അതേ വിദ്യാലയത്തിലെ എച്ച്.ടി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർവിന്യസിച്ചുകൊണ്ട് തസ്തിക നിലനിർത്താൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

കെ.ഇ.ആർ. അധ്യായം XXI ചട്ടം 7(1) പ്രകാരം എയ്ഡഡ് സ്കൂളുകളിൽ തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിതാധ്യാപകരേയും അവകാശികളേയും എച്ച്.റ്റി.വി. ഒഴിവുകളിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്. സർക്കാർ സ്കൂളുകളിൽ തസ്തിക നഷ്ടം സംഭവിക്കുന്ന അധ്യാപകരെ അതേ വിദ്യാലയത്തിലെ എച്ച്.ടി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർവിന്യസിച്ചുകൊണ്ട് തസ്തിക നിലനിർത്തുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എയ്ഡഡ് സ്കൂളുകളിലെ അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം

235 (1475) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എയ്ഡഡ് സ്കൂളുകളിൽ നിലവിൽ എത്ര അധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകുവാനുണ്ട്; വിദ്യാഭ്യാസ ജില്ല തിരിച്ച് സ്കൂൾ അടിസ്ഥാനത്തിൽ വിശദാംശം നൽകാമോ;

(ബി) മേല്പറഞ്ഞവയിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാൽ നിയമനത്തിന് അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകളും എത്ര തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടും അധ്യാപക നിയമനത്തിന് അംഗീകാരം ലഭിക്കാത്ത എത്ര സ്കൂളുകളും എത്ര തസ്തികകളും ഉണ്ടെന്ന് വ്യക്തമാക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

എയ്ഡഡ് മേഖലയിലെ സ്കൂളുകളുടെ വിവരങ്ങൾ

236 (1476) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആകെ എത്ര എയ്ഡഡ് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ

സെക്കൻഡറി സ്കൂളുകളുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകളുടെ പേര്, സ്ഥലം, മാനേജ്മെന്റിന്റെ പേര് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിലെ എയ്ഡഡ് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

Sl. No.	Level Type	No. of Schools
1	LP	3896
2	UP	1866
3	Schools with class up to 10	510
4	Schools with class up to 12	923
TOTAL		7195

കേരളത്തിലെ എയ്ഡഡ് സ്കൂളുകളുടെ പേര്, സ്ഥലം, മാനേജ്മെന്റിന്റെ പേര് എന്നിവയുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി നൽകിയിരിക്കുന്നു.+

(ബി) പ്രസ്തുത സ്കൂളുകളിൽ ക്രിസ്ത്യൻ, നായർ, ഈഴവ, മുസ്ലീം എന്നീ സാമുദായിക വിഭാഗങ്ങളിൽ ഓരോ വിഭാഗങ്ങളും നടത്തുന്നവയുടെ എണ്ണം വ്യക്തമാക്കാമോ?

കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ക്രിസ്ത്യൻ, നായർ, ഈഴവ, മുസ്ലീം എന്നീ സമുദായിക വിഭാഗങ്ങളിൽ ഓരോ വിഭാഗങ്ങളും നടത്തുന്നവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

Sl.No.	Category	No. of schools
1	Christian	2490

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2	Nair	914
3	Ezhava	912
4	Muslim	1418
5	Others	1461
Total		**7195**

അടച്ചുപൂട്ടിയ സർക്കാർ-എയ്ഡഡ് സ്കൂളുകൾ

237 (1477) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് അടച്ചുപൂട്ടിയ സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) അടച്ചുപൂട്ടിയ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2016 മുതൽ അടച്ചുപൂട്ടിയ അധ്യയന വർഷം വരെ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അധ്യയന വർഷവും നിയോജകമണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(സി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്കൂളുകളിലേക്ക് അനാദായകരമായി പ്രവർത്തിക്കുന്ന സ്കൂളുകൾ ലയിപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം നിയോജകമണ്ഡലം തിരിച്ച് ലഭ്യമാക്കാമോ;

(ഡി) 2016 മുതൽ നാളിതുവരെ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന സ്കൂളുകളിലേക്ക് ലയിപ്പിച്ചിട്ടുള്ള അനാദായകരമായ സ്കൂളുകളിൽ 2016 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ അധ്യയന വർഷവും നിയോജക

മണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതുവിദ്യാലയങ്ങളിൽ 2021 മുതൽ നാളിതുവരെ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ സ്കൂളുകളുടെയും എയ്ഡഡ് സ്കൂളുകളുടെയും വിവരം അധ്യയന വർഷവും നിയോജക മണ്ഡലവും തിരിച്ച് ലഭ്യമാക്കാമോ;

(എഫ്) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതുവിദ്യാലയങ്ങളിൽ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2021 മുതൽ ശമ്പളയിനത്തിലും മറ്റ് ഇനങ്ങളിലും ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡല അടിസ്ഥാനത്തിൽ 2021 മുതൽ നാളിതുവരെയുള്ള അധ്യയനവർഷം തിരിച്ച് ലഭ്യമാക്കാമോ;

(ജി) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന പൊതുവിദ്യാലയങ്ങളിൽ 50-ൽ താഴെ കുട്ടികൾ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2021 മുതൽ നാളിതുവരെ സേവനമനുഷ്ഠിച്ചുവരുന്ന അധ്യാപകരുടെയും അനധ്യാപകരുടെയും എണ്ണം തസ്തിക, സ്കൂൾ, അധ്യയനവർഷം, നിയോജക മണ്ഡലം എന്നിവ തിരിച്ച് ലഭ്യമാക്കാമോ?

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

അൺഎയ്ഡഡ് സ്കൂൾ ജീവനക്കാരുടെ വേതന വർധനവ്

238 (1478) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയ്ഡഡ് മേഖലയിൽ ജോലിചെയ്യുന്ന അധ്യാപക-അനധ്യാപക

ജീവനക്കാർക്ക് വളരെ കുറഞ്ഞ നിരക്കുകളിൽ മാത്രമാണ് ശമ്പളം ലഭിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ മേഖലയിലെ ജീവനക്കാരുടെ സേവന-വേതന നിരക്കുകൾ സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

അംഗീകൃത അൺഎയ്ഡഡ് മേഖലയിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ കെ.ഇ.ആർ. അധ്യായം 14 എ എ-യിൽ പരാമർശിച്ചിട്ടുണ്ട്. 14-02-2011-ലെ സ.(കൈ)നം.36/2011/പൊ.വി.വ. പ്രകാരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) അൺഎയ്ഡഡ് അധ്യാപക-അനധ്യാപക ജീവനക്കാർ കുറഞ്ഞ ശമ്പളത്തിൽ ജോലി ചെയ്യേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളത്;

(ഡി) അൺഎയ്ഡഡ് അധ്യാപക-അനധ്യാപക ജീവനക്കാർക്ക് മിനിമം ശമ്പള സ്കെയിൽ ഉറപ്പാക്കുന്നതിന് നിയമനിർമ്മാണം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലാണ്.

അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകരുടെ സ്ഥിരനിയമനം

239 (1479) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിലെ അധ്യാപകർക്ക് സ്ഥിരം നിയമനം നൽകാൻ സർക്കാർ തയ്യാറാകുമോ?

ഈ വിഷയത്തിൽ നിലവിൽ സർക്കാർ പൊതു ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ബി) അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്ന ഇവർക്ക് സ്ഥിരം നിയമനം നൽകാത്തതിന്റെ കാരണം വിശദമാക്കാമോ?

കെ.ഇ.ആർ. അധ്യായം V, ചട്ടം 22A(1) പ്രകാരം 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളാണ് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ എന്ന ഗണത്തിൽപ്പെടുന്നത്. 12-10-2006-ലെ GO(P)No.259/2006/GEDN പ്രകാരം സംസ്ഥാനത്തെ അൺ എക്കണോമിക് സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകൾ പ്രൊട്ടക്ടഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്ന് നിർദേശിച്ചിരുന്നുവെങ്കിലും പിന്നീട് നിയമനരീതിയിൽ മാറ്റം വരുത്തി. ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികളുണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമാണെന്നും ഈ വിദ്യാലയങ്ങളിൽ KER ചട്ടങ്ങൾ പ്രകാരമുള്ള നിയമനങ്ങൾ നടത്താവുന്നതാണെന്നും 10-05-2012-ലെ 13402/J2/12/GEDN, 06-11-2012-ലെ 58604/J2/12/GEDN എന്നീ സർക്കുലറുകൾ, 12-06-2018-ലെ സ.ഉ.(എം.എസ്.)നം.83/2018/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിർദേശങ്ങൾ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം ആയതിനാലാണ് അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിരം നിയമനം നൽകാത്തത്. ഒരു ക്ലാസിൽ ശരാശരി 15 കുട്ടികളുണ്ടാകുന്ന മുറയ്ക്ക് സ്ഥിരം നിയമനം

മാനേജർക്ക് നടത്താവുന്നതാണ്.

ചങ്ങനാശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമന അംഗീകാരം

240 (1480) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി അതിരൂപതയുടെ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂൾ അധ്യാപകരുടെ നിയമനം അംഗീകരിച്ചുനൽകുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

08-11-2021-ന് മുൻപുണ്ടായ ഒഴിവുകളിൽ നടത്തിയ നിയമനങ്ങൾ ഭിന്നശേഷി സംവരണ വ്യവസ്ഥകൾക്ക് വിധേയമായി പ്രൊവിഷണലായി ശമ്പള സ്കെയിലിലും 08-11-2021-നുശേഷം വരുന്ന സ്ഥിരം ഒഴിവുകളിലെ നിയമനങ്ങൾ ഭിന്നശേഷി വ്യവസ്ഥകൾക്ക് വിധേയമായി ദിവസ വേതനത്തിലും കേരള വിദ്യാഭ്യാസ ചട്ടങ്ങളുടെയും നിലവിലുള്ള സർക്കാർ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ അംഗീകരിച്ചുവരുന്നു.

(ബി) ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ്. മാനേജ്മെന്റിന് സുപ്രീം കോടതി നൽകിയ വിധിക്ക് അനുസൃതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

NSS മാനേജ്മെന്റ് ഫയൽ ചെയ്ത കേസിലാണ് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 04-03-2025-ലെ ഉത്തരവ് NSS മാനേജ്മെന്റിന് മാത്രമാണ് ബാധകമായത്. ടി നടപടിക്രമം

മറ്റ് മാനേജ്മെന്റുകൾക്ക് കൂടി ബാധകമാക്കാവുന്നതാണോ എന്നതിൽ വ്യക്തതയ്ക്കായി സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ഹർജി ഫയൽ ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ വിവിധ ആവശ്യങ്ങൾ അടിയന്തരമായി നടപ്പാക്കി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽനിന്നും അനുകൂലമായി ഉത്തരവ് വരുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ അനുവദിച്ച സ്കൂളുകൾ

241 (1481) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർ സെക്കൻഡറികളും അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇത് ആർക്കെല്ലാം; ഏതെല്ലാം മേഖലയിലാണ് അനുവദിച്ചതെന്നതിന്റെ വിശദാംശം നൽകാമോ?

മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലത്തുമായി സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കും എയ്ഡഡ് മേഖലയിൽ ഹൈസ്കൂൾ തലം വരെ സ്കൂളുകൾ അനുവദിച്ചിട്ടില്ല. എന്നാൽ, ടി കാലയളവിൽ സ്വകാര്യ വ്യക്തികൾക്കും സംഘടനകൾക്കുമായി അനുവദിച്ചിട്ടുള്ള എയ്ഡഡ്/ഹയർ സെക്കൻഡറി വിദ്യാലയങ്ങളുടെ വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ക്രമ നമ്പർ	ജില്ല	സ്കൂളിന്റെ പേര്	സ്കൂൾ അനുവദിച്ച വർഷം
1	തിരുവനന്തപുരം	ശ്രീ. സേതു പാർവതി ഭായി ഹയർ സെക്കൻഡറി സ്കൂൾ, കടക്കാവൂർ	2017
2	മലപ്പുറം	വളാഞ്ചേരി ഹയർ സെക്കൻഡറി സ്കൂൾ, മലപ്പുറം	2016
3	മലപ്പുറം	കാരുണ്യ ഭവൻ ഹയർ സെക്കൻഡറി സ്കൂൾ ഫോർ ദ ഡെഫ്, മലപ്പുറം	2016

(ബി) എയ്ഡഡ് മേഖലയിൽ സ്കൂളുകളും ഹയർ സെക്കൻഡറി സ്കൂളുകളും അനുവദിക്കാൻ സ്വകാര്യവ്യക്തികളോ സംഘടനകളോ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ ആരെല്ലാമാണ് അപേക്ഷ നൽകിയിട്ടുള്ളത്; ഇത് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

എയ്ഡഡ് മേഖലയിൽ എൽ.പി, യു.പി, ഹൈസ്കൂളുകൾ എന്നിവ അനുവദിക്കുന്നതിന് സ്വകാര്യവ്യക്തികളോ സംഘടനകളോ ഒന്നും തന്നെ അപേക്ഷകൾ നൽകിയിട്ടില്ല. മുൻ വർഷങ്ങളിലെ വിദ്യാഭ്യാസ ആവശ്യകതകൾ പരിശോധിച്ചതിൽ പുതിയ വിദ്യാലയങ്ങളോ അധിക ബാച്ചുകളോ അനുവദിക്കുന്നതിനായി ഹയർ സെക്കൻഡറി കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് ശിപാർശ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അധ്യാപകർ

242 (1482) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അൺ-എക്കണോമിക്കൽ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അധ്യാപകർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അധ്യാപകരുടെ സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നുണ്ടോ; വിശദമാക്കാമോ?

കെ.ഇ.ആർ. അധ്യായം V, ചട്ടം 22 A (1) പ്രകാരം 25 കുട്ടികളിൽ കുറവുള്ള സ്കൂളുകളാണ് മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകൾ എന്ന ഗണത്തിൽപ്പെടുന്നത്. 12-10-2006-ലെ GO(P)No.259/2006/GEDN പ്രകാരം സംസ്ഥാനത്തെ മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലുണ്ടാകുന്ന ഒഴിവുകൾ പ്രൊട്ടക്ടഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്ന് നിർദേശിച്ചിരുന്നുവെങ്കിലും പിന്നീട് നിയമന രീതിയിൽ മാറ്റം വരുത്തി. ഒരു ക്ലാസ്സിൽ ശരാശരി 15 കുട്ടികളുണ്ടെങ്കിൽ അത്തരം വിദ്യാലയങ്ങൾ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയങ്ങളാണെന്നും ഈ വിദ്യാലയങ്ങളിൽ KER ചട്ടങ്ങൾ പ്രകാരമുള്ള നിയമനങ്ങൾ നടത്താവുന്നതാണെന്നും 16-11-2012-ലെ 13402/J2/12/GEDN, 10-05-2012-ലെ 58604/J2/12/GEDN എന്നീ സർക്കുലറുകൾ, 12-06-2018-ലെ സ.ഉ. (എം.എസ്.)നം.83/2018/പൊ.വി.വ. എന്നിവ പ്രകാരം സർക്കാർ നിർദേശം നൽകിയിട്ടുണ്ട്. നിലവിലുള്ള നിർദേശങ്ങൾ പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത വിദ്യാലയം ആയതിനാലാണ് അംഗീകൃത തസ്തികയിൽ ജോലി ചെയ്യുന്നവർക്ക് സ്ഥിരം നിയമനം നൽകാത്തത്. ഒരു ക്ലാസിൽ ശരാശരി 15 കുട്ടികളുണ്ടാകുന്ന മുറയ്ക്ക് സ്ഥിരം നിയമനം

മാനേജർക്ക് നടത്താവുന്നതാണ്. മതിയായ എണ്ണം കുട്ടികൾ ലഭ്യമാകുന്ന മുറയ്ക്ക് അവർക്ക് ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകുന്നുമുണ്ട്. സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ അധ്യാപകർക്ക് സ്കെയിലിൽ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്.

(ബി) ഇവർക്ക് സമാന സാഹചര്യത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂൾ ജീവനക്കാരുടെ ശമ്പള സ്കെയിലിൽ ശമ്പളം നൽകാൻ ഹൈക്കോടതി ഉത്തരവ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് വിദ്യാലയങ്ങളിലെ അനധ്യാപക നിയമനങ്ങൾ സ്കെയിൽ ഓഫ് പേയിൽ അംഗീകരിക്കുന്നതുമായി ബന്ധപ്പെട്ട ഡബ്യൂ.പി.(സി.)നം.39880/2016 വിധിന്യായത്തിൽ ഹർജിക്കാരനായ അധ്യാപകന് സ്കെയിൽ ഓഫ് പേയിൽ അംഗീകാരം നൽകാൻ ബഹുമാനപ്പെട്ട കോടതി ഉത്തരവായി. ഇതിനെതിരെ സർക്കാർ അപ്പീൽ ഫയൽ (Writ Appeal No.1388/2019) ചെയ്യുകയും ഡബ്യൂ.പി.(സി.)നം.39880/2016-ലെ വിധിന്യായം സെറ്റ് എസൈഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത വിധിക്കെതിരായി സമർപ്പിച്ച എസ്.എൽ.പി.-യിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി അന്തിമ വിധിന്യായം പുറപ്പെടുവിച്ചിട്ടില്ല.

എസ്.എൻ.ഡി.പി., മുസ്ലീം മാനേജ്മെന്റുകളുടെ കീഴിൽ അനുവദിച്ച് നൽകിയ സ്കൂളുകൾ

243 (1483) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷ കാലയളവിൽ എസ്.എൻ.ഡി.പി.-യുടെ മാനേജ്മന്റ് അധീനതയിൽ അനുവദിച്ച് നൽകിയ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; അവ ഏതു വർഷങ്ങളിലാണ് അനുവദിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് കഴിഞ്ഞ പത്ത് വർഷ കാലയളവിൽ മുസ്ലീം മാനേജ്മെന്റിന്റെ കീഴിൽ അനുവദിച്ച് നൽകിയ എത്ര സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; അവ ഏതു വർഷങ്ങളിലാണ് അനുവദിച്ച് നൽകിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികൾ

244 (1484) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ട്/നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ

അധികാരത്തിൽ വന്നശേഷം പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിക്കാത്തവ ഉണ്ടെങ്കിൽ അവ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിലെ വികസന പദ്ധതികൾ

245 (1485) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള വിവിധ സ്കൂളുകളിൽ അനുവദിച്ച വികസന പദ്ധതികൾ, അവയുടെ ഫണ്ട് വിവരം, നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അരുവിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കിയ നിർമ്മാണ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടി

246 (1486) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. മാത്യു ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പിന്നാക്ക മേഖലകളിൽ കുറഞ്ഞത് അഞ്ച് വർഷമെങ്കിലും പ്രവർത്തന പരിചയമുള്ള നല്ല നിലയിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ബി) അംഗീകാരമില്ലാത്ത സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് കഴിഞ്ഞ വർഷങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നോട്ടിഫിക്കേഷനുകളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) എല്ലാ വർഷവും ഇത്തരത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ-സി) കേരള സംസ്ഥാന സിലബസിൽ പ്രവർത്തിക്കുന്നതും അംഗീകാരമില്ലാത്തതുമായ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനായി 22-05-2019-ലെ സ.ഉ.(എം.എസ്.)നം.45/2019/പൊ.വി.വ. പ്രകാരവും സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സിലബസിൽ പ്രവർത്തിക്കുന്ന സ്കൂളുകൾക്ക് നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റും (NOC) അംഗീകാരവും നൽകുന്നതിനായി 01-03-2019-ലെ സ.ഉ.(എം.എസ്.)നം. 22/2019/പൊ.വി.വ. പ്രകാരവും മാർഗനിർദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 22-11-2022-ലെ സ.ഉ. (സാധാ.)നം.7121/2022/പൊ.വി.വ. പ്രകാരം അംഗീകാരത്തിനുള്ള അപേക്ഷ

സമർപ്പിക്കുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾ പാലിക്കുന്ന സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കാവുന്നതും എല്ലാ മാനദണ്ഡങ്ങളും പാലിക്കപ്പെടുന്നുണ്ടെങ്കിൽ അംഗീകാരം നൽകുന്നതുമാണ്. നോട്ടിഫിക്കേഷൻ മുഖേനയല്ല സ്കൂളുകൾക്ക് അംഗീകാരം/NOC നൽകിവരുന്നത്. അപേക്ഷ സമർപ്പിക്കുന്ന സ്കൂളുകൾക്ക് പ്രത്യേകം സർക്കാർ ഉത്തരവിലൂടെയാണ് ആയത് നൽകുന്നത്.

സ്കോൾ കേരളയിലെ ഹാജർ തിരിമറി

247 (1487) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കോൾ കേരളയുടെ മുഖ്യ ആസ്ഥാനത്തും കീഴിലുള്ള സ്ഥാപനങ്ങളിലും ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ബയോമെട്രിക് അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം മുഖേന ഫിംഗർ പ്രിന്റ് ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തുന്നതിനോടൊപ്പം മാന്വലായി ഹാജർ ബുക്കിൽ ഹാജർ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

(ബി) സ്കോൾ കേരളയിൽ ഹാജർ രേഖപ്പെടുത്താൻ നിലവിലുള്ള സംവിധാനത്തിൽ പരിഷ്കാരം ഏർപ്പെടുത്തുന്നതിനായി സ്കോൾ കേരള ഭരണസമിതിയുടെയോ സർക്കാരിന്റെയോ ഭാഗത്തുനിന്ന് നിർദേശങ്ങളുണ്ടായിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം ലഭ്യമാക്കാമോ?

ഇല്ല.

(സി) ബയോമെട്രിക് സംവിധാനത്തിലൂടെ ഹാജർ രേഖപ്പെടുത്തുന്ന സ്കോൾ കേരളയുടെ ആസ്ഥാനത്ത് ഹാജരാകാത്ത ജീവനക്കാർക്ക് പകരം മറ്റുള്ളവർ പഞ്ചിങ് നടത്തി ഹാജർ രേഖപ്പെടുത്തിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതികളുടെയും പരാതികളിൽ സ്വീകരിച്ച നടപടികളുടെയും വിശദാംശം ലഭ്യമാക്കാമോ?

പരാതി ലഭിച്ചിട്ടില്ല.

(ഡി) ബയോമെട്രിക് ഹാജർ സംവിധാനത്തെ തകരാറിലാക്കി ഐ.ഡി. കാർഡിലെ പഞ്ചിങ് ഓപ്ഷൻ സജീവമാക്കി ഉദ്യോഗസ്ഥരും ജീവനക്കാരും ഹാജർ രേഖപ്പെടുത്തിയതായി കെൽട്രോൺ സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശവും പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികളും വ്യക്തമാക്കാമോ?

കെൽട്രോൺ അപ്രകാരം അറിയിച്ചിട്ടില്ല.

(ഇ) സ്കോൾ കേരളയിൽ നടന്നുവെന്നാരോപിക്കുന്ന ഹാജർ തിരിമറിയും കൃത്യവിലോപവും സംബന്ധിച്ച് സർക്കാർ ഇതുവരെ നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്നും അതുമായി ബന്ധപ്പെട്ട് ഇനി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഈ വിഷയം പരിശോധിച്ചുവരുന്നു.

സ്കോൾ കേരള എക്സിക്യൂട്ടീവ് ഡയറക്ടറുടെ നിയമനം

248 (1488) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനർനിയമന വ്യവസ്ഥയിൽ സർക്കാർ അനുമതിയില്ലാതെ സ്കോൾ-കേരള എക്സിക്യൂട്ടീവ് ഡയറക്ടറായി ഡോ. ജിനേഷ് കുമാറിനെ 58 വയസ്സ് വരെ നിയമിച്ച സ്കോൾ-കേരള വൈസ് ചെയർമാന്റെ നടപടിക്ക് സർക്കാർ അംഗീകാരം അല്ലെങ്കിൽ സാധൂകരണം നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

(ബി) സെലക്ട് കമ്മിറ്റി നിശ്ചയിച്ച വിരമിക്കൽ പ്രായമായ 58 വയസ്സ് പൂർത്തിയായി 2026 ഫെബ്രുവരിയിൽ വിരമിക്കുന്ന ഡോ. ജിനേഷ് കുമാറിന് ചട്ടപ്രകാരമുള്ള കാലാവധിക്കുശേഷം സേവനകാലം ദീർഘിപ്പിച്ചുനൽകുന്ന കാര്യം പരിഗണയിലുണ്ടോ എന്ന് വിശദമാക്കാമോ;

(സി) ഡോ. ജിനേഷ് കുമാർ വിരമിക്കുന്ന ഒഴിവിൽ സെലക്ട് കമ്മിറ്റി തയ്യാറാക്കിയ പാനലിലെ രണ്ടാമനെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) സ്കോൾ-കേരള ചട്ടപ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റിലെ രണ്ടാമന് നിയമനം നൽകാത്ത പക്ഷം പുതിയ എക്സിക്യൂട്ടീവ് ഡയറക്ടറെ ചട്ടപ്രകാരം തിരഞ്ഞെടുത്ത്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി-ഡി) ഇക്കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

ഹയർ സെക്കൻഡറി ലാബ് അറ്റന്റേഴ്സ് ടെസ്റ്റ്

249 (1489) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഹയർ സെക്കൻഡറി വിഭാഗത്തിലെ ലാബ് അസിസ്റ്റന്റുമാരുടെ ലാബ് അറ്റന്റേഴ്സ് ടെസ്റ്റിന് ഭേദഗതി വരുത്തി പ്രിസ്ക്രൈബ്ഡ് സിലബസ് നിശ്ചയിക്കുന്നതിനും ടെക്സ്റ്റ്ബുക്ക് തയ്യാറാക്കുന്നതിനും ജെ.ആർ.3/89/2025-ജി.ഇ.ഡി.എൻ. പ്രകാരം എസ്.സി.ഇ.ആർ.ടി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ചുമതലപ്പെടുത്തിയിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേല്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ടെക്സ്റ്റ് ബുക്കും സിലബസ്സും എപ്പോൾ ലഭ്യമാക്കാൽ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

2026 ഫെബ്രുവരി മാസം പൂർത്തിയാകും.

(സി) എലിജിബിലിറ്റി ടെസ്റ്റ് പാസായിട്ടില്ലെന്ന കാരണത്താൽ ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റ് തസ്തികയിൽ 2013 മുതൽ നിയമിതരായ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഗ്രേഡ്, പേ റിവിഷൻ ആനുകൂല്യങ്ങൾ തടഞ്ഞുവച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ?

കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ലബോറട്ടറി അറ്റൻന്റേഴ്സ് ടെസ്റ്റ് പാസ്സാകണമെന്ന് ലാബ് അസിസ്റ്റന്റ് തസ്തികയ്ക്ക് വേണ്ട അടിസ്ഥാന യോഗ്യതയായാണ് സ്പെഷ്യൽ റൂളിൽ നിശ്ചയിച്ചിരിക്കുന്നത്. അടിസ്ഥാന യോഗ്യത നേടാത്ത നിരവധി ലാബ് അസിസ്റ്റന്റുമാർ സേവനത്തിൽ ദീർഘകാലമായി തുടർന്നിരുന്നതിനാൽ കാലാകാലങ്ങളിലായി വിവിധ സർക്കാർ ഉത്തരവുകളിലൂടെ ലാബ് അസിസ്റ്റന്റുമാർക്ക് പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ ടെസ്റ്റ് യോഗ്യത നേടണമെന്ന വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ളതാണ്. എന്നാൽ മൂന്നിൽ കൂടുതൽ അവസരങ്ങൾക്ക് ശേഷവും ടി അടിസ്ഥാന യോഗ്യത നേടാത്ത നിരവധി ലാബ് അസിസ്റ്റന്റുമാർ സേവനത്തിൽ തുടരുന്നുണ്ട്. 16-04-2001-ലെ സ.ഉ.(പി.) 144/2001/പൊ.വി.വ. (എസ്.ആർ.ഒ. നമ്പർ.411/2001) പ്രകാരം ഉത്തരവായിട്ടുള്ള The Kerala Higher Secondary Education Subordinate-ൽ റൂളിന് മുൻപ് (16-04-2001-ന് മുൻപ്) നിയമിതരായ ലാബ് അസിസ്റ്റന്റുമാരെ മേൽ ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് പാസാകുന്നതിൽനിന്നും ഒഴിവാക്കി നൽകിയിട്ടുണ്ട്. ഇതിനുപുറമെ അമ്പത് വയസ്സ് കഴിഞ്ഞ ലാബ് അസിസ്റ്റന്റുമാരെയും പ്രസ്തുത ടെസ്റ്റ് പാസാകുന്നതിൽ നിന്ന് ഒഴിവാക്കി 12-03-2024-ലെ സ.ഉ.(പി.) 10/2024/പൊ.വി.വ., 13-03-2024-ലെ സ.ഉ.(പി.) 11/2024/പൊ.വി.വ. നമ്പർ ഉത്തരവുകൾ നൽകിയിട്ടുണ്ട്. നേരിട്ടുള്ള നിയമനം, തസ്തികമാറ്റ നിയമനം എന്നിവ പ്രകാരം നിലവിൽ സേവനത്തിൽ തുടരുന്ന ലാബ് അറ്റൻഡേഴ്സ് ടെസ്റ്റ് യോഗ്യത നേടാത്ത എല്ലാ

ലാബ് അസിസ്റ്റന്റുമാർക്കും പി.എസ്.സി. നടത്തുന്ന അടുത്ത 3 പരീക്ഷകളിൽ ഏതിലെങ്കിലും വിജയിക്കുന്നതുവരെ ടെസ്റ്റ് യോഗ്യത നേടുന്നതിന് ഇളവ് അനുവദിച്ചുകൊണ്ട് അവരവരുടെ പ്രൊബേഷൻ പൂർത്തീകരിക്കുന്നതിന് അനുമതി നൽകി 16-08-2006-ലെ സ.ഉ.(സാധാ.)3588/2006/പൊ.വി.വ., 15-12-2014-ലെ സ.ഉ.(സാധാ.)നം.5567/2014/പൊ.വി.വ., 08-02-2022-ലെ സ.ഉ.(സാധാ.)നം.637/2022/പൊ.വി.വ. നമ്പർ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. നിലവിൽത്തന്നെ ഒരു വിഭാഗം ലാബ് അസിസ്റ്റന്റുമാർ പ്രസ്തുത ടെസ്റ്റ് വിജയിച്ച് അടിസ്ഥാനയോഗ്യത നേടിയിട്ടുണ്ടെന്നതും അടിസ്ഥാന യോഗ്യതയിൽ കൂടുതൽ ഇളവ് അനുവദിക്കുന്നത് അഭികാമ്യമല്ലെന്നും 31-07-2024-ലെ സ.ഉ.(സാധാ) നം.4742/2024/GEDN ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ വകുപ്പിലെ സ്കൂൾ അധ്യാപകർക്ക് കെ-ടെറ്റ് പാസാവുന്നതിൽ ഇളവ് അനുവദിച്ച മാതൃകയിൽ ഹയർ സെക്കൻഡറി ലാബ് അസിസ്റ്റന്റുമാർക്കും ലാബ് അറ്റന്റേർസ് ടെസ്റ്റ് പാസാവുന്നതിൽ ഇളവ് നൽകാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ബാലുശ്ശേരി ഹയർ സെക്കൻഡറി-വൊക്കേഷണൽ ഹയർസെക്കൻഡറി സ്കൂളുകളുടെ ലയനം

250 (1490) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളും ബാലുശ്ശേരി ഗവൺമെന്റ്

വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളും ലയിപ്പിക്കുന്നത് സംബന്ധിച്ച റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) ഒരു മതിലിനുള്ളിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ ഒന്നാവുന്നതോടെ രണ്ട് സ്കൂളുകളുടെയും നിലവിലുള്ള ഭൗതിക സൗകര്യങ്ങളിലെ അപര്യാപ്തത പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഈ രണ്ട് വിദ്യാലയങ്ങളും ലയിപ്പിക്കുകയാണെങ്കിൽ എസ്.പി.സി., ജെ.ആർ.സി., ഗൈഡ്സ്, ലിറ്റിൽ കൈറ്റ്സ് എന്നിവ സംയോജിപ്പിച്ച് ശക്തമായ പാഠ്യേതര പ്ലാറ്റ്ഫോം സാധ്യമാകുമെന്നും ഇന്നൊവേഷൻ ലാബ്, ഫിറ്റ്നസ് സെന്റർ, സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ ലഭ്യമാകുമെന്നും സംയോജിത ലൈബ്രറികളിലൂടെയും ലാബുകളിലൂടെയും മെച്ചപ്പെട്ട ഡിജിറ്റൽ പഠന അന്തരീക്ഷം ഉറപ്പാക്കാമെന്നും ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലയനം സാധ്യമാകുമ്പോഴുണ്ടാകുന്ന ജീവനക്കാരുടെ പുനർവിന്യാസവും അടിസ്ഥാന സൗകര്യ വികസനവും താരതമ്യം ചെയ്യുമ്പോൾ സാമ്പത്തിക ലാഭമുണ്ടാകുമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ സ്കൂളുകളുടെ ലയനം മൂലം ഒരു സ്കൂൾ നഷ്ടമാകുന്നുവെന്ന സ്ഥിതി പരിശോധിക്കേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ ഒരു സ്കൂളും ലാഭനഷ്ടങ്ങളുടെ കാര്യം പറഞ്ഞ് അടച്ചുപൂട്ടരുതെന്നതാണ് സർക്കാർ നയം. എന്നിരുന്നാലും ഒരു പ്രദേശത്തെ കുട്ടികൾക്ക് നിലവിൽ ലഭിക്കുന്നതിനേക്കാൾ മെച്ചപ്പെട്ട പഠന കായിക അന്തരീക്ഷം ഈ സ്കൂളുകളുടെ ലയനം മുഖേന ലഭിക്കുമെന്നുള്ള റിപ്പോർട്ട് പരിഗണിച്ചും

നാട്ടുകാരുടെയും രക്ഷാകർത്താക്കളുടെയും ജനപ്രതിനിധികളുടെയും പ്രത്യേകിച്ച് സ്ഥലം എം.എൽ.എ.-യുടെയും ആവശ്യം പരിഗണിച്ചും ബന്ധപ്പെട്ട എല്ലാവരുമായി വിശദമായ ചർച്ച നടത്തി ഉടനടി തന്നെ ഇതുസംബന്ധിച്ച ഒരു തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണ്.

പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഭിന്നശേഷി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിനും നടപടി

251 (1491) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം മലയാളം ഉൾപ്പെടെയുള്ള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ; വിശദാംശം ലഭ്യമാക്കുമോ?

പൊതുവിദ്യാഭ്യാസ രംഗത്തെ അക്കാദമിക നിലവാരം അന്താരാഷ്ട്രതലത്തിലേക്ക് ഉയർത്തുന്നതിനോടൊപ്പം മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഉൾപ്പെടെയുള്ള ഭാഷാ പരിജ്ഞാനം മെച്ചപ്പെടുത്തുന്നതിന് സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പാക്കുന്ന വിവിധ പരിപാടികൾ ചുവടെ നൽകുന്നു.

1. സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതി

2. മലയാളത്തിളക്കം

3. ഹലോ ഇംഗ്ലീഷ്

4. സൂരിലി ഹിന്ദി

5. ഹെൽപ്പിങ് ഹാന്റ്

6. വിവിധ ഭാഷകളിലെ വായനക്കാർഡുകൾ

7. കത്തെഴുത്ത്

8. വായനച്ചങ്ങാത്തം

9. വായന വസന്തം

10. ഭാഷോത്സവം

11. സചിത്ര പുസ്തകം

12. സംയുക്ത ഡയറി

13. സർഗാത്മക ഡയറി

14. കാർട്ടൺ ഡയറി

15. അഹ് ലൻ അറബിക്

16. പ്യാരി ഉറുദു

17. സംസ്കൃത മാധുരി

(ബി) സമ്പൂർണ്ണ വിദ്യാഭ്യാസനയത്തിന്റെ ഭാഗമായി പഠന പിന്തുണ ആവശ്യമായ ഭിന്നശേഷി കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാൻ എന്തെല്ലാം

സംവിധാനങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ?

ശ്രവണപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിൽ പഠിക്കുന്ന ഒന്ന്, രണ്ട്, മൂന്ന് ക്ലാസുകളിലെ കുട്ടികൾക്കായി പ്രത്യേക പാഠപുസ്തകങ്ങൾ നിർമ്മിച്ചുനൽകുകയുണ്ടായി.

കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി നടന്ന അവധിക്കാല അധ്യാപക ശാക്തീകരണ പരിപാടിയിൽ വിവിധ സെഷനുകളിലായി യൂണിവേഴ്സൽ ഡിസൈൻ ഫോർ ലേണിങ്ങ് (UDL), ക്ലാസ് മുറികളിൽ നടക്കേണ്ട അനുരൂപീകരണ പ്രവർത്തനങ്ങൾ എന്നിവയെ ആസ്പദമാക്കി വിശദമായ ക്ലാസുകൾ നൽകുകയുണ്ടായി.

ബുദ്ധിപരമായ/ശ്രവണപരമായ/കാഴ്ചപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സവിശേഷ വിദ്യാലയങ്ങളിലെ അധ്യാപകർക്കായി പ്രത്യേകം പ്രത്യേകം ശാക്തീകരണ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി.

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ ഓരോ വിദ്യാലയത്തിലെയും നോഡൽ ടീച്ചർമാർക്കുവേണ്ടി ത്രിദിന അധ്യാപക ശാക്തീകരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. പ്രസ്തുത ശാക്തീകരണ പരിപാടിയിൽ UDL, ക്ലാസ് റൂം തല അനുരൂപീകരണം (പാഠഭാഗങ്ങളുടെ അനുരൂപീകരണം, പഠനോപകരണങ്ങളുടെ അനുരൂപീകരണം, പഠനബോധന പ്രക്രിയകളുടെ അനുരൂപീകരണം, മൂല്യനിർണ്ണയ പ്രക്രിയകളുടെ അനുരൂപീകരണം), ഐ.ഇ.പി., തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം, കലാ വിദ്യാഭ്യാസം എന്നീ മേഖലകളെക്കുറിച്ച് വിശദമായി ചർച്ച ചെയ്തുവരുന്നു.

(സി) ശാസ്ത്രീയവും പ്രായോഗികവുമായ മാർഗങ്ങളിലൂടെ അത്തരം കുട്ടികളെ കണ്ടെത്തി ആവശ്യമായ പിന്തുണ നൽകി പിന്നാക്കാവസ്ഥ പരിഹരിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ശാസ്ത്രീയവും പ്രായോഗികവുമായ മാർഗങ്ങളിലൂടെ ഭിന്നശേഷി വിഭാഗം കുട്ടികൾക്ക് ആവശ്യമായ പിന്തുണ നൽകുന്ന പ്രവർത്തനങ്ങൾക്ക് സാമൂഹ്യനീതിവകുപ്പ്, വനിത ശിശുവികസന വകുപ്പ്, ആരോഗ്യവകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ ഏജൻസികളായ എസ്.സി.ഇ.ആർ.ടി., എസ്.എസ്.കെ., കൈറ്റ്, കേരള സംസ്ഥാന ഭിന്നശേഷി കമ്മീഷണറേറ്റ് തുടങ്ങിയ വകുപ്പുകളുടെയും ഏജൻസികളുടെയും സഹായം പൊതുവിദ്യാഭ്യാസ വകുപ്പിന് ലഭിക്കുന്നുണ്ട്.

ഹയർ സെക്കൻഡറി അഡീഷണൽ ബാച്ചുകളും അധ്യാപക നിയമനവും

252 (1492) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-നുശേഷം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ എത്ര അഡീഷണൽ ബാച്ചുകൾ ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; ആയതിൽ എത്ര ബാച്ചുകൾ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ?

ഹയർ സെക്കൻഡറി സ്കൂളുകളിൽ 2017 മുതൽ നാളിതുവരെ 318 താൽക്കാലിക അധിക

ബാച്ചുകൾ അനുവദിച്ചിട്ടുണ്ട്. ടി താൽക്കാലിക ബാച്ചുകളെയൊന്നും സ്ഥിരപ്പെടുത്തിയിട്ടില്ല.

(ബി) അഡീഷണൽ ബാച്ചുകളിൽ തസ്തിക അനുവദിച്ചിട്ടില്ലെങ്കിൽ അവിടെ എപ്രകാരമാണ് താൽക്കാലിക അധ്യാപക നിയമനം നടത്തുന്നതെന്ന് വിശദമാക്കുമോ; അത്തരം തസ്തികകളിലേക്ക് പി.എസ്.സി. ലിസ്റ്റുകളിൽ നിന്നുള്ളവരെയോ ട്രാൻസ്ഫർ മുഖാന്തിരമോ അധ്യാപകരെ നിയമിക്കാറുണ്ടോ; വ്യക്തമാക്കുമോ?

ബാച്ചുകളിലെ പിരീഡുകൾക്ക് അനുസൃതമായാണ് താൽക്കാലിക അധ്യാപകരെ നിയമിക്കുന്നത്. ഗസ്റ്റ് അധ്യാപകരെ നിയമിക്കുന്നതിനുള്ള ഇന്റർവ്യൂവിൽ പങ്കെടുക്കുന്ന പി.എസ്.സി. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്ക് മുൻഗണന നൽകാറുണ്ട്.

(സി) 2022-നുശേഷം ഹയർ സെക്കൻഡറി റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ അംഗീകാരം നൽകിയ എച്ച്.എസ്.എസ്.ടി. ജൂനിയർ മലയാളം തസ്തികയിൽ സ്ഥിര അധ്യാപക നിയമനം നടത്തി വരുന്നുണ്ടോ; ഇല്ലായെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ മേഖലാ ഉപമേധാവിമാർ തസ്തിക നിർണ്ണയ പ്രകാരം ഉറപ്പുവരുത്തിയ എച്ച്.എസ്.എസ്.ടി. (ജൂനിയർ) മലയാളം തസ്തികകളിൽ അധ്യാപകർ സേവനമനുഷ്ഠിക്കുന്നുണ്ട്. സംസ്ഥാനത്തെ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ ഇത്തരം ഒഴിവുകളിൽ ഭിന്നശേഷി സംവരണത്തിന് വിധേയമായി നിയമന അംഗീകാരം നൽകി വരുന്നു.

(ഡി) ഹയർ സെക്കൻഡറി ബാച്ചുകളിൽ അൻപത് കുട്ടികളിൽ അധികമായി

പ്രവേശിപ്പിക്കുന്ന വിദ്യാർഥികളെ (മാർജിനൽ ഇൻക്രീസ്) മലയാളം ഉൾപ്പടെയുള്ള സെക്കന്റ് ലാംഗ്വേജ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കാറുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

ഹയർ സെക്കൻഡറി ബാച്ചുകളിൽ മാർജിനൽ ഇൻക്രീസിൽ ഉൾപ്പെട്ട കുട്ടികളെ ഉപഭാഷ വിഭാഗ നിർണ്ണയത്തിൽ ഉൾപ്പെടുത്താറില്ല. മാർജിനൽ ഇൻക്രീസ് ഒരു താൽക്കാലിക സംവിധാനമാണ്. ഓരോ അക്കാദമിക വർഷത്തിലും പ്ലസ് വൺ അഡ്മിഷൻ സമയത്ത് സീറ്റുകളുടെ ലഭ്യതയും അപേക്ഷകളുടെ എണ്ണവും പരിഗണിച്ച് പ്ലസ് വൺ സീറ്റുകളിലെ താൽക്കാലിക വർധനവ് (മാർജിനൽ ഇൻക്രീസ്) അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. അതിനാൽ, മാർജിനൽ ഇൻക്രീസ് പരിഗണിച്ച് തസ്തിക നിർണ്ണയം നടത്തി സ്ഥിരം തസ്തികകൾ അനുവദിച്ചാൽ വരും അക്കാദമിക വർഷങ്ങളിൽ അധിക സാമ്പത്തിക ബാധ്യതയുടെപ്പെടെയുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾക്ക് കാരണമാകും.

ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തിക

253 (1493) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കി ജില്ലയിലെ കാന്തല്ലൂരിൽ പ്രവർത്തിച്ചുവരുന്ന സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയിൽ നിയമിക്കപ്പെട്ട ശ്രീമതി അരുണ പി. എന്ന ടീച്ചറുടെ തസ്തിക നിർണ്ണയവുമായി ബന്ധപ്പെട്ട നിലവിലെ സ്ഥിതി വിശദമാക്കാമോ?

കാന്തല്ലൂർ സേക്രട്ട് ഹാർട്ട് ഹൈസ്കൂളിലെ 2022-23, 2023-24 വർഷങ്ങളിലെ തസ്തിക നിർണ്ണയ ഉത്തരവ് പുനഃപരിശോധിച്ച് ശ്രീമതി അരുണ പി.-യുടെ നിയമനാംഗീകാരത്തിനായി സ്കൂൾ മാനേജർ സമർപ്പിച്ച റിവിഷൻ ഹർജി പൊ.വി.വ.-ആർ.3/63/2025-പൊ.വി.വ. നമ്പർ ഫയലിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 02-12-2025-ലെ ആർ.എ.2/6246/2025/ഡി.ജി.ഇ. നമ്പർ പ്രകാരമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുകയുണ്ടായി. മലയാളം, തമിഴ് മീഡിയം വിദ്യാർഥികളുടെ എണ്ണം ഒന്നായി കണക്കാക്കുമ്പോൾ ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചർ തസ്തികയ്ക്ക് ആവശ്യമായ 5 പിരീഡുകൾ ലഭ്യമാകാത്തതിനാൽ റിവിഷൻ ഹർജിയിലെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലെന്നുള്ള വിവരം ഹർജിക്കാരനെ അറിയിച്ചിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിലെ എച്ച്.എസ്.എ. ഹിന്ദി ഒഴിവുകൾ

254 (1494) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.എ. ഹിന്ദി തസ്തികയിൽ എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്;

(ബി) ഹയർ സെക്കൻഡറി അധ്യാപകരായി ബൈ-ട്രാൻസ്ഫർ നിയമനം ലഭിച്ചത് എത്രപേർക്കാണ്; പ്രസ്തുത തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(സി) പ്രഥമ അധ്യാപക പ്രമോഷൻ എത്രപേർക്കാണ് ലഭിച്ചിട്ടുള്ളത്; പ്രസ്തുത

ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഡി) എത്ര ഗസ്റ്റ് അധ്യാപകരാണ് ജില്ലയിൽ ഹിന്ദി എച്ച്.എസ്.എ. ആയി സേവനമനുഷ്ഠിക്കുന്നത്; ഈ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

ഹയർ സെക്കൻഡറി അധ്യാപക നിയമനവും തസ്തിക സ്ഥിരപ്പെടുത്തലും

255 (1495) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാഫ് ഫിക്സേഷനിലൂടെ നിരവധി അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യവും 2022 മുതൽ സംസ്ഥനത്തിന്റെ തെക്കൻ മേഖലയിൽനിന്നും വടക്കൻ ജില്ലകളിലേക്ക് ഷിഫ്റ്റ് ചെയ്ത ഹയർ സെക്കൻഡറി ബാച്ചുകൾ ഇതുവരെയും സ്ഥിരപ്പെടുത്തിയിട്ടില്ലെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ബാച്ചുകൾ സ്ഥിരപ്പെടുത്തി സ്ഥിര അധ്യാപക നിയമനം നടത്താൻ വൈകുന്നതിന്റെ കാരണം അറിയിക്കുമോ?

തസ്തിക നിർണ്ണയത്തിനുശേഷം ഹയർ സെക്കൻഡറി വിഭാഗത്തിൽ നിരവധി അധ്യാപക തസ്തികകൾ നഷ്ടപ്പെടുന്ന സാഹചര്യം നിലനിൽക്കുന്നതായും തെക്കൻ മേഖലയിൽനിന്നും വടക്കൻ മേഖലയിലേക്ക് ഷിഫ്റ്റ് ചെയ്ത ബാച്ചുകൾ സ്ഥിരപ്പെടുത്തിയില്ലെന്ന വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാച്ചുകൾ സൃഷ്ടിച്ച് കൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ ഷിഫ്റ്റിങ് മൂലം ബാച്ചുകൾ ലഭ്യമായ വിദ്യാലയങ്ങളിൽ

നിലവിൽ പുതുതായി അധ്യാപക തസ്തികകൾ സൃഷ്ടിച്ച് സർക്കാരിന് സാമ്പത്തിക ബാധ്യതയുണ്ടാകരുതെന്ന് സൂചിപ്പിച്ചിട്ടുണ്ട്. എന്നിരുന്നാലും ഹയർ സെക്കൻഡറി വിഭാഗം തസ്തിക നിർണ്ണയത്തിനുശേഷം ഷിഫ്റ്റ് ചെയ്ത് ലഭ്യമായതുൾപ്പെടെയുള്ള സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കപ്പെട്ട ബാച്ചുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) 2022-നുശേഷം ഹയർ സെക്കൻഡറിയിൽ സീനിയർ തസ്തികയിൽനിന്നും ജൂനിയർ തസ്തികകൾ ആക്കി മാറ്റിയ എച്ച്.എസ്.എസ്.റ്റി. മലയാളം (ജൂനിയർ) തസ്തികകൾക്ക് സ്ഥിരാംഗീകാരം നൽകി അധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത തസ്തികയിൽ സ്ഥിര നിയമനം നടത്തുന്നതിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ?

ഹയർ സെക്കൻഡറി വിഭാഗത്തിലെ തസ്തിക നിർണ്ണയത്തിനുശേഷം ക്രോഡീകരിച്ച റിപ്പോർട്ടുകൾ പരിശോധിച്ചതിൽ ഏതാനും HSST മലയാളം തസ്തിക HSST(Jr) തസ്തികയാക്കി തരംതാഴ്ത്തേണ്ടതായി കണ്ടെത്തിയിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) എച്ച്.എസ്.എസ്.റ്റി. ജൂനിയർ മലയാളം തസ്തികയിലേക്കുള്ള (474/2023) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നതെന്നാണെന്ന് അറിയിക്കുമോ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്രപേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; പ്രസ്തുത തസ്തികയിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട്

ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എച്ച്.എസ്.എസ്.റ്റി. ജൂനിയർ മലയാളം തസ്തികയിലേക്കുള്ള കാറ്റഗറി നമ്പർ (474/2023) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 07-08-2025 ആണ്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും ആർക്കും നിയമനം നൽകിയിട്ടില്ല. സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ ബാച്ച് ഷിഫ്റ്റ്, കട്ടികളുടെ കുറവ് എന്നിവ മൂലം എച്ച്.എസ്.എസ്.റ്റി. ജൂനിയർ മലയാളം തസ്തികയിൽ ആഴ്ചയിൽ 7 പീരിഡിൽ കുറവ് വർക്ക് ലോഡുള്ള (ജൂനിയർ തസ്തിക നിലനിൽക്കുന്നതിന് 7 മുതൽ 15 വരെ പീരീഡ് ആവശ്യമാണ്.) സ്കൂളുകളിൽ ജൂനിയർ തസ്തികകൾ നഷ്ടപ്പെട്ടതിനാൽ നിലവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ മലയാളം വിഷയത്തിൽ സേവനമനുഷ്ഠിക്കുന്ന പി.എസ്.സി. മുഖേന നിയമിതരായവരുടെ എണ്ണം സ്പെഷ്യൽ റൂൾ നിഷ്കർഷിക്കുന്ന പ്രകാരം കണക്കാക്കുമ്പോൾ 75% അധികരിച്ചിരിക്കുന്നു. തസ്തിക നിർണ്ണയ പ്രകാരം തസ്തിക നഷ്ടപ്പെട്ട് അധികം ആയ അധ്യാപകര തസ്തികമാറ്റ നിയമനത്തിനായി നീക്കിവച്ചിരുന്ന ഒഴിവുകളിലേക്കാണ് പുനർവിന്യസിച്ചിരിക്കുന്നത്. നിലവിൽ എച്ച്.എസ്.എസ്.റ്റി. ജൂനിയർ സൂങ്ത് മലയാളം തസ്തികയുടെ പി.എസ്.സി.-യുടെ കേഡർ അധികരിച്ചതിനാൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ ഒഴിവുകളില്ല.

ഹൈസ്കൂൾ അധ്യാപകരുടെ എച്ച്.എസ്.എസ്.ടി. തസ്തികമാറ്റനിയമനവും കെ-ടെറ്റും

256 (1496) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യോഗ്യരായ ഹൈസ്കൂൾ അധ്യാപകർക്ക് തസ്തികമാറ്റം വഴി ഹയർ

സെക്കൻഡറിയിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂൾ സേവനത്തിൽ പത്ത് വർഷം പൂർത്തിയാക്കിയ അധ്യാപകർക്ക് നിലവിലുള്ള യോഗ്യതകൾ പ്രകാരം തസ്തികമാറ്റം വഴി ഹയർ സെക്കൻഡറി ജൂനിയർ ടീച്ചറായി നിയമനം നൽകുന്നതിനും ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനും കെ-ടെറ്റ് നിർബന്ധമാക്കിക്കൊണ്ട് കോടതിവിധികളോ സർക്കാർ ഉത്തരവുകളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശംങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) സർക്കാർ ഹൈസ്കൂൾ അധ്യാപകരുടെ ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുനിർദ്ദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 01-09-2025-ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീംകോടതി ഉത്തരവിന് മുൻപ്, യോഗ്യരായ ഹൈസ്കൂൾ അധ്യാപകരിൽ നിന്നും തസ്തികമാറ്റം വഴി ഹയർ സെക്കൻഡറി ജൂനിയർ ടീച്ചർ തസ്തികയിലേക്ക് നിയമനം ലഭിക്കുന്നതിന് അപേക്ഷ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കിയെങ്കിലും നിയമനം

ആരംഭിക്കാത്ത സ്ഥിതിയിലാണ് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത തസ്തികമാറ്റ നിയമനത്തിന് തടസമായിട്ടുള്ള നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

ഉണ്ട്. കെ-ടെറ്റ് യോഗ്യത നേടിയിട്ടില്ലാത്ത ഹൈസ്കൂൾ അധ്യാപകരെ തസ്തികമാറ്റം വഴി ഹയർ സെക്കൻഡറി ജൂനിയർ ടീച്ചർ തസ്തികയിലേക്കുള്ള നിയമനത്തിന് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിന്റെ വെളിച്ചത്തിൽ പരിഗണിക്കാനാകാത്തത് നിയമപരവും സാങ്കേതികവുമായ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റ നിയമനത്തിന് കെ-ടെറ്റ് യോഗ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച വിധിന്യായം ബാധകമാക്കുന്നത് സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിന്റെയും നിയമ വകുപ്പിന്റെയും നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ പൊതുനിർദ്ദേശം നൽകികൊണ്ട് സ്ഥാനക്കയറ്റ നടപടികൾ ത്വരിതപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) 01-09-2025-ലെ ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് സംബന്ധിച്ച ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിക്കുശേഷം അതെ വിഷയം സംബന്ധിച്ച് സംസ്ഥാനം നടത്തുന്ന ഒരു യോഗ്യതാപരീക്ഷ വിജയിച്ച അധ്യാപകർ കെ-ടെറ്റ് യോഗ്യത ഇല്ലെങ്കിലും പ്രസ്തുത നിയമനത്തിന് യോഗ്യരാണെന്ന് വ്യക്തമാക്കിക്കൊണ്ട് 31-10-2025-ന് ബഹുമാനപ്പെട്ട സുപ്രീം കോടതി (എസ്.എൽ.പി.(സി.)നം.22164) ഉത്തരവായത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിധി പരിഗണിച്ച്

എച്ച്.എസ്.എസ്.ടി. തസ്തികമാറ്റ നിയമനങ്ങൾ നടത്താൻ കഴിയുമോയെന്ന് അറിയിക്കാമോ?

വിവരം ശേഖരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ അധ്യാപക തസ്തികകളിലെ ഒഴിവുകളും നിയമനങ്ങളും

257 (1497) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.എസ്.ടി. (വിവിധ വിഷയങ്ങൾ) തസ്തികകളിൽ 2001-2002 അധ്യയന വർഷം മുതൽ ഇതുവരെ മലപ്പുറം ജില്ലയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ എത്രയെന്ന് അധ്യയന വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഈ ഒഴിവുകൾ നികത്താനായി പി.എസ്.സി. റാങ്ക് പട്ടികയിൽ നിന്ന് ഓരോ അധ്യയന വർഷത്തിലും നടത്തിയ നിയമനം, അന്തർജില്ലാ സ്ഥലം മാറ്റം വഴിയുള്ള നിയമനം, തസ്തികമാറ്റം, സ്ഥാനക്കയറ്റം, ആശ്രിത നിയമനം, എന്നിവയുടെ കണക്ക് ഓരോ അധ്യയനവർഷത്തെയും ഓരോ തസ്തികയിലെയും ഒഴിവുകളും നിയമനങ്ങളും തരം തിരിച്ച് ലഭ്യമാക്കാമോ;

(സി) എൽ.പി.എസ്.ടി., യു.പി.എസ്.ടി., എച്ച്.എസ്.എസ്.ടി. (വിവിധ വിഷയങ്ങൾ) എന്നീ തസ്തികകളിൽ 2001-2002 അധ്യയനവർഷം മുതൽ നാളിതുവരെയുള്ള മലപ്പുറം ജില്ലയുടെ കേഡർ സ്ട്രെങ്ത് എത്രയെന്ന് റജിസ്റ്ററിന്റെ പകർപ്പ് സഹിതം വ്യക്തമാക്കാമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ നിയമനം

258 (1498) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 087/2023 പ്രകാരമുള്ള വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണെന്ന് അറിയിക്കാമോ?

വി.എച്ച്.എസ്.ഇ. നോൺ വൊക്കേഷണൽ ഹയർ സെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയുടെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 05-11-2024-ലാണ്.

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്ന് ഇതുവരെയും ഒന്നാം റാങ്കുകാരന് പോലും നിയമനം ലഭിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ടായിരുന്ന ഒരു ഒഴിവിലേക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്നും DA-LV കാറ്റഗറിയിൽപ്പെട്ട ഒരു ഉദ്യോഗാർഥിക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) നിലവിൽ എത്ര ഒഴിവുകളാണ് ജ്യോഗ്രഫി ജൂനിയർ ടീച്ചർ തസ്തികയിൽ ഉള്ളത്; ഈ ഒഴിവുകളിലേക്ക് നിയമനം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

നിലവിൽ ഒഴിവില്ല.

എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ ഒഴിവുകൾ

259 (1499) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്ക് 29-12-2020 മുതലുള്ള തസ്തികമാറ്റം ഒഴിവുകൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോറിറ്റി അടിസ്ഥാനമാക്കി നികത്തുന്നതിന് 10-03-2025-ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും ആയത് പ്രകാരം നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ചട്ടപ്രകാരം ഒഴിവുകൾ ഉണ്ടായിട്ടും ഓരോ അധ്യയനവർഷവും പ്രസ്തുത തസ്തികമാറ്റം കൃത്യമായി നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) അധ്യാപക നിയമനങ്ങളിൽ കെ-ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി വിധി, പ്രസ്തുത തസ്തികമാറ്റ നിയമനങ്ങളെ ബാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; കെ-ടെറ്റ് നിർബന്ധമാക്കിയ സുപ്രീംകോടതി വിധി പ്രകാരം, കെ-ടെറ്റ് നേടിയെടുക്കാൻ രണ്ട് വർഷത്തെ (2027 വരെ) സാവകാശം ഉണ്ടെന്നിരിക്കെ, പ്രസ്തുത തസ്തികമാറ്റം നടത്താത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ-സി) എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ കേരള പി.എസ്.സി. മുഖേന നികത്തുന്നതിന് ചട്ടം ഭേദഗതി ചെയ്ത് 01-07-2023-ലെ GO(P) No. 8/2023/GEDN പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ചട്ട

ഭേദഗതി പ്രകാരം നിയമനം നടത്തുന്നതിന് പി.എസ്.സി. വിയോജിപ്പ് പ്രകടിപ്പിച്ചതിനാൽ എച്ച്.എസ്.എസ്.ടി. ജൂനിയർ തസ്തികയിലേക്കുള്ള തസ്തികമാറ്റ നിയമനങ്ങൾ പൊതുവിദ്യാഭ്യാസ ഡയറക്ടർ സീനിയോരിറ്റി അനുസരിച്ച് നികത്താൻ 10-03-2025-ലെ GO(P) No. 10/2025/GEDN നമ്പർ പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിലെ ഹയർ സെക്കൻഡറി അധ്യാപക ജൂനിയർ തസ്തികയുടെ തസ്തികമാറ്റ നിയമനത്തിനായി 29-12-2020 മുതൽ മാറ്റിവച്ചിട്ടുള്ള ഒഴിവുകളിലേക്ക് 10-03-2025-ലെ സർക്കാർ ഉത്തരവ് പ്രകാരം എച്ച്.എസ്.റ്റി, യു.പി.എസ്.റ്റി., എൽ.പി.എസ്.റ്റി, മിനിസ്റ്റീരിയൽ സ്റ്റാഫ് & ലാബ് അസിസ്റ്റന്റ് എന്നീ വിഭാഗങ്ങളിൽ നിന്നുള്ള യോഗ്യരായവരിൽ നിന്നും അപേക്ഷ ക്ഷണിച്ച് സർട്ടിഫിക്കറ്റ് വെരിഫിക്കേഷൻ പൂർത്തീകരിച്ചിരുന്നു. എന്നാൽ 01-09-2025-ലെ സുപ്രീംകോടതി വിധി പ്രകാരം നിലവിൽ എച്ച്.എസ്, യു.പി.എസ്.റ്റി/എൽ.പി.എസ്.ടി. തസ്തികയിൽ തുടരുന്ന അധ്യാപകർക്ക് Teacher Eligibility Test (TET) യോഗ്യത നിർബന്ധമാണെന്നും ടി അധ്യാപകർക്ക് പ്രൊമോഷന് പരിഗണിക്കണമെങ്കിൽ TET യോഗ്യത നേടിയിരിക്കണമെന്നും ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം K-TET ഇല്ലാത്ത എച്ച്.എസ്.ടി., യു.പി.എസ്.ടി./എൽ.പി.എസ്.ടി.-മാരെ പ്രൊമോഷന് പരിഗണിക്കുവാൻ കഴിയില്ല.

TET യോഗ്യതയായി Unstarred-ല്ലാത്ത എച്ച്.എസ്.ടി./ യു.പി.എസ്.ടി./എൽ.പി.എസ്.ടി.-മാരെ പ്രൊമോഷന് പരിഗണിക്കുന്നത് സംബന്ധിച്ച്

സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) വിവിധ ജില്ലകളിലെ ഹൈസ്കൂൾ ടീച്ചർ തസ്തികയുടെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരാൻ ഇനി ഏതാനും മാസങ്ങൾ മാത്രം അവശേഷിക്കെ, മുൻവർഷങ്ങളിലെ റാങ്ക് ലിസ്റ്റുകളെ അപേക്ഷിച്ച് വളരെ കുറഞ്ഞ നിയമനങ്ങൾ നടന്നതും കഴിഞ്ഞ രണ്ടുവർഷങ്ങളായി ഡിവിഷൻ ഫാൾമൂലം നിരവധി തസ്തികകൾ നഷ്ടപ്പെട്ടതും ഹൈസ്കൂൾ അധ്യാപകരുടെ ഹയർസെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റം ഉൾപ്പെടെയുള്ള മറ്റ് സ്ഥാനക്കയറ്റങ്ങൾ അനന്തമായി നീണ്ടുപോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(ഇ) പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി തീരുന്നത് മുന്നിൽക്കണ്ട് 2025-26 അധ്യയന വർഷത്തെ അധ്യാപക തസ്തിക നിർണ്ണയ നടപടിക്രമങ്ങൾ പൂർത്തിയാക്കി അധിക തസ്തികകൾ അനുവദിക്കാനും പ്രധാനാദ്ധ്യാപക സ്ഥാനക്കയറ്റം നടത്തുന്നതിനുമുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) 2025-26 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 18-04-2022-ലെ സ.ഉ.(അ.) 5/2022/പൊ.വി.വ. പ്രകാരം 2022-2023 അധ്യയന വർഷം മുതൽ അധിക തസ്തിക അനുവദിക്കുന്നത് സർക്കാരാണ്. പൊതു വിദ്യാഭ്യാസ ഡയറക്ടറിൽ നിന്നും അധിക തസ്തികകളെ സംബന്ധിച്ചുള്ള സമാഹൃത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് അധിക തസ്തികകൾ

അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പരിശോധിക്കുന്നതാണ്.

(എഫ്) കൊല്ലം ജില്ലയിലെ സർക്കാർ ഹൈസ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ നേരിട്ടുള്ള നിയമനത്തിനായി വരുന്ന ഒഴിവുകൾ ചട്ടവിരുദ്ധമായി നിലവിലെ അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനായി മാറ്റിവയ്ക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലിചെയ്യുന്ന ഹൈസ്കൂൾ വിഭാഗം അധ്യാപകരുടെ അന്തർജില്ലാ സ്ഥലംമാറ്റത്തിനുള്ള അനുപാതം നിലവിലെ ചട്ടങ്ങൾക്കനുസരിച്ച് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഹൈസ്കൂൾ വിഭാഗം ഉൾപ്പെടെ എല്ലാ വിഭാഗം അധ്യാപകരുടെയും അന്തർജില്ലാ സ്ഥലമാറ്റത്തിനുള്ള അനുപാതം നിലവിലെ ചട്ടങ്ങൾക്കനുസരിച്ച് കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കേണ്ട competent authority (നിയമന അധികാരി) ആയ അതത് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പരിശോധിച്ച് നടപടി സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാന തലത്തിൽ ഇതിനായി പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും ഇതുസംബന്ധിച്ച് ലഭ്യമാകുന്ന പരാതികൾ പരിശോധിച്ച് സമയബന്ധിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് യഥാസമയം നിർദ്ദേശം നൽകിവരുന്നുണ്ട്.

അധ്യാപകരുടെ നിയമനാംഗീകാരം

260 (1500) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അധ്യാപകരുടെ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന വിവിധ പ്രശ്നങ്ങളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കനുസൃതമായും സർക്കാർ നിർദേശങ്ങൾ അനുസരിച്ചും മതിയായ വിദ്യാഭ്യാസ യോഗ്യതകളോടുകൂടി വ്യവസ്ഥാപിതമായ തസ്തികകളിൽ നിയമിച്ച എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് അംഗീകാരം നൽകുന്നതിൽ തടസ്സങ്ങളൊന്നുമില്ല.

(ബി) എയ്ഡഡ് മേഖലയിൽ എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കൻഡറി വിഭാഗങ്ങളിലായി എത്ര അധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ അവശേഷിക്കുന്നുണ്ടെന്ന വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) പ്രസ്തുത അധ്യാപകർക്ക് കെ-ടെറ്റ് ഒഴിവാക്കുന്നതിന് സുപ്രീം കോടതിയിൽ റിവിഷൻ ഹർജി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

K-TET യോഗ്യതയുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച 01-09-2025-ലെ വിധിന്യായം അനുസരിച്ച് 13-01-2026-ലെ സ.ഉ.(കൈ.)നം.05/2026/പൊ.വി.വ. പ്രകാരം വിഷയത്തിൽ സർക്കാർ ഉത്തരവ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുറപ്പെടുവിച്ചിട്ടുണ്ട്. അതേസമയം, ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ മേൽ ഉത്തരവിനെതിരെ സർക്കാർ റിവ്യൂ ഹർജി സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഹൈസ്കൂളിൽനിന്ന് ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റം, പ്രധാനാധ്യാപക നിയമനം എന്നിവ സമയബന്ധിതമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഹൈസ്കൂളിൽ നിന്ന് ഹയർ സെക്കൻഡറിയിലേക്കുള്ള തസ്തികമാറ്റം, പ്രധാനാധ്യാപക നിയമനം എന്നിവ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി. നിയമനം

261 (1501) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-05-25-ന് നിലവിൽവന്ന എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽ നിന്ന് ഇതുവരെ മലപ്പുറം ജില്ലയിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മലപ്പുറം ജില്ലയിലെ എൽ.പി.എസ്.ടി. റാങ്ക് ലിസ്റ്റിൽനിന്ന് 38 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) 2025-26 വർഷത്തിലെ എൽ.പി.എസ്.ടി. ഫിക്സേഷൻ പൂർത്തീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്ന് പ്രസിദ്ധീകരിക്കുമെന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷത്തെ റഗുലർ തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ

പൂർത്തിയായിട്ടുണ്ട്. അധിക തസ്തികകളുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിലവിലുള്ള ഫിക്സേഷൻ പ്രകാരം എൽ.പി.എസ്.ടി. വിഭാഗത്തിൽ മലപ്പുറം ജില്ലയിൽ എത്ര ഡിവിഷൻ ഫാൾ ഉണ്ടായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

2025-26 അധ്യയന വർഷത്തിൽ 105 ഡിവിഷൻ ഫാൾ (എൽ.പി. ഡിവിഷനുകൾ) ഉണ്ടായിട്ടുണ്ട്.

(ഡി) ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപെടുന്ന അധ്യാപകരെ എച്ച്.റ്റി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർ വിന്യസിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

കെ.ഇ.ആർ. അധ്യായം XXI ചട്ടം7(1) പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപ്പെടുന്ന സംരക്ഷിതാധ്യാപകരെയും ചട്ടം അവകാശികളെയും എച്ച്.റ്റി.വി. ഒഴിവുകളിൽ നിയമിക്കാൻ വ്യവസ്ഥയുണ്ട്. സർക്കാർ സ്കൂളുകളിൽ ഡിവിഷൻ ഫാൾ വന്ന് തസ്തിക നഷ്ടപ്പെടുന്ന അധ്യാപകരെ എച്ച്.റ്റി.വി. (ഹെഡ് ടീച്ചർ വേക്കൻസി) പോസ്റ്റിലേക്ക് പുനർ വിന്യസിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല.

ഹയർസെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ റാങ്ക് ലിസ്റ്റ്

262 (1502) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-യുടെ കാറ്റഗറി നമ്പർ 736/2021 പ്രകാരമുള്ള ഹയർസെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് എന്നാണ്?

ഹയർസെക്കൻഡറി ജ്യോഗ്രഫി ജൂനിയർ ടീച്ചർ റാങ്ക് ലിസ്റ്റ് നിലവിൽ വന്നത് 20-10-2023-ലാണ്.

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ എത്രപേർക്ക് നിയമനം നൽകി; നിലവിൽ എത്ര ഒഴിവുകളാണ് നികത്താനുള്ളത്; ഈ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

18 പേർക്ക് ഇതുവരെ നിയമനം നൽകിയിട്ടുണ്ട്. നിലവിൽ എച്ച്.എസ്.എസ്.ടി.-ജൂനിയർ (ജ്യോഗ്രഫി) തസ്തികയുടെ നേരിട്ടുള്ള നിയമന വിഭാഗത്തിന്റെ കേഡർ സ്ട്രെങ്ത് അധികരിച്ച് നിൽക്കുന്നതിനാൽ നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ നിലവിലില്ല.

(സി) 2026 ജൂൺ 1-ന് ഉള്ളിൽ ഹയർസെക്കൻഡറി ജ്യോഗ്രഫി സീനിയർ ടീച്ചർമാർ എത്രപേർ വിരമിക്കാനുണ്ടെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

ഹയർസെക്കൻഡറി ജ്യോഗ്രഫി സീനിയർ ടീച്ചർമാരിൽ 6 പേർ വിരമിക്കാനുണ്ട്.

ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിലെ അധ്യാപക ഒഴിവുകൾ

263 (1503) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ ക്രൈസ്തവ എയ്ഡഡ് മാനേജ്മെന്റ് സ്കൂളുകളിൽ വർഷങ്ങളായി അധ്യാപക ഒഴിവുകൾ നിലനിൽക്കുന്നുണ്ടെങ്കിലും പ്രസ്തുത ഒഴിവുകളിലേക്കുള്ള നിയമന നടപടികൾ നടപ്പാക്കാത്തത് രക്ഷിതാക്കളെയും വിദ്യാർഥികളെയും അധ്യാപക ഉദ്യോഗാർഥികളെയും ഗുരുതരമായ പ്രതിസന്ധിയിലേക്ക് നയിച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ പ്രതിസന്ധി സമയബന്ധിതമായി പരിഹരിക്കുവാൻ നടപടി സ്വകരിക്കുമോ; വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്കും സർക്കാർ ഉത്തരവുകൾക്കും കോടതി നിർദേശങ്ങൾക്കും അനുസൃതമായി സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിയമനങ്ങൾ നടത്തുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. വിവിധ വിദ്യാഭ്യാസ ഓഫീസുകളിൽ തീർപ്പ് കൽപ്പിക്കാൻ അവശേഷിക്കുന്ന നിയമന അംഗീകാര പ്രൊപ്പോസലുകൾ തീർപ്പ് കൽപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ അദാലത്തുകളും സംഘടിപ്പിച്ചുവരുന്നുണ്ട്.

എൽ.പി.എസ്.ടി./യു.പി.എസ്.ടി. അധ്യാപക ഫിക്സേഷൻ

264 (1504) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒക്ടോബർ 1 പ്രാബല്യത്തിൽ പുറപ്പെടുവിക്കേണ്ട 2025-26 അധ്യയന വർഷത്തേക്കുള്ള ഫിക്സേഷൻ ഓർഡർ ഇതുവരെ പുറപ്പെടുവിക്കപ്പെടാത്തതിന്റെ കാരണം വിശദമാക്കാമോ?

2025-26 അധ്യയന വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ അധിക തസ്തികകൾ ഒഴികെയുള്ള തസ്തികകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടുണ്ട്. 6-ാമത്തെ പ്രവൃത്തി ദിവസം റോളിലുള്ള, ED ലഭ്യമായതും എന്നാൽ 14-07-2025 തീയതിവരെ യു.ഐ.ഡി. ലഭിക്കുകയും ചെയ്ത കുട്ടികളുടെ എണ്ണം കൂടി 2025-2026 അധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിലുൾപ്പെടുത്തുന്ന വിഷയത്തിൽ കൂടി തീരുമാനം കൈക്കൊണ്ട് അധിക തസ്തികൾ അനുവദിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ അധിക തസ്തികകൾ അനുവദിക്കുന്നതിന് വിവിധ തലങ്ങളിലുള്ള ചട്ടപ്രകാരമുള്ള പരിശോധനകളും നടത്തേണ്ടതുണ്ട്.

(ബി) മലയാളം മീഡിയം-ഭാഷാ അധ്യാപകർ ഒഴികെയുള്ള എൽ.പി.എസ്.ടി., യു.പി.എസ്.ടി. വിഭാഗങ്ങളിലും വിവിധ വിഷയങ്ങളിലെ എച്ച്.എസ്.എ. തസ്തികകളിലും തിരുവനന്തപുരം ജില്ലയിൽ നിന്ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ള സ്കൂളുകൾ ഏതെല്ലാമാണ്; ഓരോ സ്കൂളിലും ഏത് തസ്തികയ്ക്കാണ് പ്രൊപ്പോസൽ നൽകിയിട്ടുള്ളതെന്ന് വിശദാംശങ്ങൾ സഹിതം വ്യക്തമാക്കുമോ?

അധിക തസ്തികകൾ സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറിൽനിന്നും സമാഹൃത റിപ്പോർട്ട് ലഭ്യമാക്കി, മന്ത്രിസഭാ യോഗത്തിന്റെ അനുമതിയോടെയാണ് സർക്കാർ തലത്തിൽ അധിക തസ്തികകൾ അനുവദിക്കുന്നത്. സമാഹൃത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഏതൊക്കെ സ്കൂളിൽ ഏതൊക്കെ തസ്തിക അനുവദിച്ച് എന്നുള്ള കൃത്യമായ വിവരം അറിയാൻ കഴിയുകയുള്ളൂ.

പുതിയ ലേബർ കോഡുകൾ

265 (1505) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുണ്ടായിരുന്ന 29-ഓളം തൊഴിൽ നിയമങ്ങൾക്ക് പകരം നാല് ലേബർ കോഡുകൾ നടപ്പാക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനം പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02-07-2022-ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ വിശദമായി ചർച്ച ചെയ്യുകയുണ്ടായി. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ടുവയ്ക്കുകയും ചെയ്തിരുന്നു. കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും

പരിഹാരമാർഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും, പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് വിശദമായി പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കുവാനും വേണ്ടി 22-01-2026-ലെ സ.ഉ.(സാധാ.)നം.74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) പുതിയ ലേബർ കോഡുകൾ തൊഴിലാളി സമരങ്ങൾക്കും ട്രേഡ് യൂണിയൻ പ്രവർത്തനങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലേബർ കോഡുകൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി&സി) പുതിയ ലേബർ കോഡുകൾ പ്രകാരം സ്റ്റാന്റിങ് ഓർഡർ ബാധകമാക്കുന്നതിനുള്ള പരിധി 100-ൽ (കേരളത്തിൽ നിലവിൽ 50) നിന്ന് 300 ആയി ഉയർത്തുന്നത് ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം പരിമിതപ്പെടുത്തും. സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും മറ്റും സർക്കാർ അനുമതി വേണ്ട. തൊഴിലാളികളുടെ എണ്ണം 300 ആയി ഉയർത്തുന്നത് തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്കിടയിൽ അസമത്വം സൃഷ്ടിക്കുകയും ചെയ്യും. പ്രസ്തുത

വിഷയങ്ങൾ സംബന്ധിച്ച് പഠിക്കുന്നതിനും ആയത് എപ്രകാരം തൊഴിൽ മേഖലയെ ബാധിക്കുന്നു എന്ന് വിശകലനം ചെയ്യുന്നതിനുമായി 22-01-2026-ലെ സ.ഉ.(സാധാ.)നം.74/2026/തൊഴിൽ പ്രകാരം ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

തൊഴിൽ വകുപ്പിൽ വിവിധ പരിശോധന റിപ്പോർട്ടുകൾ പ്രകാരം സ്വീകരിച്ച നടപടികൾ

266 (1506) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും തൊഴിൽ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം നൽകുമോ?

ലേബർ കമ്മീഷണറേറ്റ്

പത്തനംതിട്ട ജില്ലാ ലേബർ ഓഫീസിൽ ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ട് പ്രകാരം ജില്ലാ ലേബർ ഓഫീസ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന്റെ ഭാഗമായി കെട്ടിട നിർമ്മാണ ക്ഷേമ ബോർഡിൽ നിന്നും

ദിവസ വേതന അടിസ്ഥാനത്തിൽ നിയമിച്ച ജീവനക്കാരിയായ ശ്രീമതി ഹേമ പ്രസന്നകുമാറിന്റെ ഭാഗത്തുനിന്നും സാമ്പത്തിക ക്രമക്കേട് കണ്ടെത്തിയിരുന്നു. ആയതിന്മേൽ ടിയാനെ ജോലിയിൽനിന്ന് പിരിച്ചുവിടുകയും കുറ്റക്കാരിക്കെതിരെ നടപടി സ്വീകരിക്കുന്നതിനായി പത്തനംതിട്ട ജില്ലാ ലേബർ ഓഫീസർ മുഖേന ക്രൈം നമ്പർ 1180/2018 U/S 461, 380, 417, 420, 468 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

കൊല്ലം ജില്ലാ ലേബർ ഓഫീസിലെ വാഹനത്തിന്റെ ലോഗ് ബുക്ക് എഴുതുന്നതിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ട്. ടി ഫയലിന്മേൽ നിലവിൽ നടപടികൾ നടന്നുവരുന്നു.

ആഭ്യന്തര പരിശോധനാ വിഭാഗം സബ് ഓഫീസുകളിൽ നടത്തുന്ന പരിശോധനയിൽ ക്യാഷ് ബുക്കും അനുബന്ധ രേഖകളും, ഫയലുകൾ, ബില്ലുകൾ (റ്റി.എ. ബിൽ, കണ്ടിജന്റ് ബിൽ) എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ (സർവീസ് ബുക്ക്, ലീവ്, ശമ്പള നിർണ്ണയം), അഡ്വാൻസ് സംബന്ധിച്ച വിഷയങ്ങൾ എന്നിവയാണ് പരിശോധിച്ചുവരുന്നത്. ടി പരിശോധനയിൽ കണ്ടെത്തുന്ന അപാകതകൾ പരിഹരിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ പരിശോധിച്ച് അപാകതകൾ പരിഹരിച്ചുവെന്ന് ബോധ്യപ്പെട്ട് അടുത്ത ആഭ്യന്തര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണെന്ന നിർദ്ദേശത്തോടെയും കൂടാതെ ടി പരിശോധനയിൽ കണ്ടെത്തുന്ന ട്രാവലിങ് അലവൻസ് ഇനത്തിലും മറ്റിനത്തിലും ജീവനക്കാർ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അധികമായി കൈപ്പറ്റിയ തുകകൾ ടി ജീവനക്കാരിൽനിന്നും സർക്കാരിലേയ്ക്ക് തിരിച്ചടപ്പിച്ച ശേഷം സർക്കാർ അനുമതിയോടെയാണ് ഖണ്ഡികകൾ

തീർപ്പാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികളൊന്നും തന്നെ സ്വീകരിച്ചിട്ടില്ല.

അക്കൗണ്ടന്റ് ജനറൽ തൊഴിൽ വകുപ്പിലെ വിവിധ ഓഫീസുകളിൽ ഓഡിറ്റ് നടത്തുകയും ടി ഓഫീസുകളിലെ അപാകതകൾ കണ്ടെത്തുകയും ചെയ്യാറുണ്ട്. കൂടാതെ ടി പരിശോധനകൾക്ക് കൃത്യമായി മറുപടി നൽകുമ്പോൾ അത് എ.ജി. തീർപ്പാക്കി നൽകാറുമുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകളുടെ ഭാഗമായി ജീവനക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമാകുന്നു.

വ്യാവസായിക പരിശീലന വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ കണ്ടെത്തിയ ക്രമക്കേടുകൾ ചുവടെ ചേർക്കുന്നു.

കൊല്ലം ബി.റ്റി.സി.-യിൽ 10-11-2021 മുതൽ 30-09-2023 വരെയുള്ള ആഭ്യന്തര പരിശോധനയിൽ മെയിന്റനൻസ് ഫണ്ടിന്റെ വിനിയോഗവുമായി ബന്ധപ്പെട്ട 26-08-2016-ലെ ഇ 4/21429/16 നമ്പർ സർക്കുലറിന്റെ ചുവട് പിടിച്ച് അതിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകൾക്ക് വിരുദ്ധമായി കരാർ അടിസ്ഥാനത്തിൽ സ്വീപ്പർ തസ്തികയിൽ അനധികൃത നിയമനം നടത്തുകയും മെയിന്റനൻസ് ഫണ്ട് സ്വന്തം ധനവിനിയോഗാധികാര പരിധിക്ക് പുറത്ത് നിന്ന് അനുമതിയില്ലാതെ ചെലവാക്കുകയും ചെയ്തിട്ടുണ്ട്.

കഴക്കൂട്ടം (വനിത) ഐ.ടി.ഐ.-യിലെ ആഭ്യന്തര പരിശോധനയിൽ പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ ഓരോ മാസവും പോഷകാഹാര

ബില്ലിൽ ഗ്രണഭോക്താക്കളുടെ അധികരിച്ച എണ്ണമാണ് ക്ലെയിം ചെയ്ത് നൽകിയിട്ടുള്ളതെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആറ്റിങ്ങൽ ഐ.ടി.ഐ.-യിലെ 01-04-2022 മുതൽ 31-05-2025 വരെയുള്ള ആഭ്യന്തര പരിശോധനയിൽ ശ്രീമതി മോളമ്മ ചെറിയാൻ ക്ലാർക്കിന്റെ ഫെസ്റ്റിവെൽ അലവൻസ് തുകയായ 2,750/- രൂപ ടിയാളുടെ പേരിലുള്ള അക്കൗണ്ട് നമ്പരിന് പകരം ശ്രീ. ജ്യോതിഷ് കുമാർ എൻ., സീനിയർ സൂപ്രണ്ടിന്റെ (റിട്ട.) പേരിലുള്ള അക്കൗണ്ടിലേക്ക് മാറ്റി ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കൊല്ലം ഐ.ടി.ഐ.-യിൽ സേവനത്തിലുള്ള സീനിയർ ക്ലാർക്കിന്റെ 2023 സെപ്റ്റംബർ മാസത്തെ ശമ്പളത്തിന്റെയും എൻ.ആർ.ഐ.-യുടെയും ട്രഷറി ബിൽ സമർപ്പിച്ച് പണമായി മാറിയെങ്കിലും ടിയാളുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ലെന്ന് വകുപ്പിൽ പരാതി ലഭിച്ചിരുന്നു. ടി പരാതിയുടെ അടിസ്ഥാനത്തിൽ വകുപ്പുതല പരിശോധന നടത്തിയപ്പോൾ ഗുരുതര സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുകയും ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തു.

ചാലക്കുടി ഐ.ടി.ഐ.-ലെ ജീവനക്കാരുടെയും ട്രെയിനികളുടെയും പരാതികളുടെ അടിസ്ഥാനത്തിൽ അവർക്ക് സ്റ്റൈപ്പന്റ് ഇനത്തിൽ നഷ്ടപ്പെട്ടതായി കണ്ടെത്തിയ തുക (3,68,342/- രൂപ) ഐ.ടി.ഐ.-യിലെ ക്യാഷ് സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ക്ലാർക്കായ ശ്രീ. പി. കെ. നന്ദകുമാറിൽ നിന്ന് ഈടാക്കി നഷ്ടപ്പെട്ടവർക്ക് വിതരണം ചെയ്യേണ്ടതാണെന്ന് നിർദ്ദേശം ലഭിച്ചിരുന്നു.

പീച്ചി ഐ.ടി.ഐ.-യിലെ സംഭരണ നടപടികൾ യഥാസമയം നടക്കാതെ വന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടികൾ ശിപാർശ ചെയ്തിട്ടുണ്ട്.

ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ.-യിൽ ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്റർ/രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ ഗുരുതരമായ കൃത്യവിലോപം സംബന്ധിച്ച് നടന്ന പ്രാഥമിക പരിശോധനയിൽ ആരോപണങ്ങൾ ശരിവയ്ക്കുന്ന കണ്ടത്തലുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

വടവാതൂർ ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 22-01-2024 മുതൽ 27-01-2024, 30-01-2024 മുതൽ 01-02-2024 വരെയുള്ള തീയതികളിൽ (ആഡിറ്റ് കാലയളവ്-01-03-2015 മുതൽ 31-03-2023) നടത്തിയ ആഭ്യന്തര പരിശോധനയിലും സച്ചിവോത്തമപുരം ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ 26-02-2024 മുതൽ 02-03-2024, 04-03-2024 മുതൽ 07-03-2024 വരെയുള്ള തീയതികളിലായി നടത്തിയ (ആഡിറ്റ് കാലയളവ് - 28-08-2016 മുതൽ 31-03-2023) ആഭ്യന്തര പരിശോധനയിലും ഫാർമസി വിഭാഗത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. പ്രസ്തുത ആഡിറ്റ് റിപ്പോർട്ടുകൾ ധനകാര്യ വകുപ്പിന്റെ Internal Audit Cell A-യിലേക്ക് അയച്ചുകൊടുക്കുകയും ആയതിന്റെ ന്യൂനതാ പരിഹാര റിപ്പോർട്ട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് നൽകുന്നതിനുള്ള തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

സി.&എ.ജി.-യുടെ 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ അനുവർത്തന ഓഡിറ്റ് റിപ്പോർട്ടിൽ PMKVY പദ്ധതി പ്രകാരം രണ്ട് പരിശീലന പങ്കാളികൾ തെറ്റായ രേഖകൾ സമർപ്പിച്ച് ടെയിനിങ്ങിന്റെ മൂന്നാം ഗഡു കൈപ്പറ്റിയതായി കണ്ടെത്തിയിട്ടുണ്ട്.

ഭവനം ഫൗണ്ടേഷൻ കേരള

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിൽ പോഞ്ഞാശ്ശേരിയിലെ ജനനി പദ്ധതിയുമായി ബന്ധപ്പെട്ട് പരിശോധനയുണ്ടായിട്ടുണ്ടെങ്കിലും ക്രമക്കേടുകളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്

2017-18 മുതൽ 2022-23 വരെയുള്ള കാലയളവിലെ അക്കൗണ്ടുകളും രജിസ്റ്ററുകളും സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടിനുള്ള മറുപടി സീനിയർ ഓഡിറ്റ് ഓഫീസർ, ഓഫീസ് ഓഫ് അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ്-I വിഭാഗത്തിലേക്ക് 14-07-2025-ന് സമർപ്പിച്ചിരുന്നു. ധനകാര്യ (പരിശോധന) വിഭാഗവുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

വ്യാവസായിക പരിശീലന വകുപ്പ്

വ്യാവസായിക പരിശീലന വകുപ്പിന് കീഴിലെ സ്ഥാപനങ്ങളിൽ കണ്ടെത്തിയ

ക്രമക്കേടുകളിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

കൊല്ലം ബി.റ്റി.സി.-യിൽ കരാർ അടിസ്ഥാനത്തിൽ സ്വീപ്പർ തസ്തികയിൽ അനധികൃത നിയമനം നടത്തുകയും മെയിന്റനൻസ് ഫണ്ട് സ്വന്തം ധനവിനിയോഗാധികാര പരിധിക്ക് പുറത്തുനിന്ന് അനുമതിയില്ലാതെ ചെലവാക്കുകയും ചെയ്തതിനാൽ ടി നിയമനത്തിൽ മേൽ റെമ്യൂണറേഷനായി നൽകിയ മൊത്തം തുകയായ 1,08,750/- രൂപ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും തിരിച്ചുപിടിക്കാൻ നിർദേശിച്ചത് പ്രകാരം 30-09-2023-ൽ വിരമിച്ച ശ്രീ. ടെന്നിസൺ എൻ., പ്രിൻസിപ്പാൾ ക്ലാസ് II-ന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ടി തുക പിടിച്ചിട്ടുണ്ട്. കഴക്കൂട്ടം (വനിത) ഐ.ടി.ഐ.-യിലെ പോഷകാഹാര വിതരണവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സർക്കാർ ഖജനാവിൽനിന്നും അർഹതപ്പെട്ട തുക പിൻവലിച്ച് ഗുണഭോക്താവിന് നൽകാതെ സ്വന്തം അക്കൗണ്ടിലേക്ക് തുക വഴിമാറ്റി ചെലവഴിച്ച കുറ്റകരമായ കൃത്യവിലോപം ടി വിഷയത്തിൽ നടന്നിട്ടുള്ളതിനാൽ ഫെസ്റ്റിവൽ അലവൻസ് ഇനത്തിലുള്ള 2,750/- രൂപ ടിയാന്റെ പേഴ്സണൽ ബാധ്യതയായി കണക്കാക്കാൻ ഓഡിറ്റിൽ നിർദേശിച്ചത് പ്രകാരം ടി തുക ടിയാന്റെ ഡി.സി.ആർ.ജി.-യിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ജ്യോതിഷ് കുമാർ എൻ., സീനിയർ സൂപ്രണ്ടിനെ സാമ്പത്തിക ക്രമക്കേടിനെ തുടർന്ന് വകുപ്പിൽനിന്ന് സസ്പെന്റ് ചെയ്തിരുന്നു. തിരികെ സേവനത്തിൽ പ്രവേശിപ്പിക്കുകയും ശ്രീമതി മോളമ്മ ചെറിയാന് നഷ്ടപ്പെട്ട 2023 വർഷത്തെ ഉത്സവ ബത്ത തുകയായ 2,750/- രൂപ ടിയാനിൽ നിന്നും 18% പലിശ സഹിതം ഈടാക്കുകയും തന്റെ അധികാരം

നിയമവിരുദ്ധ പ്രവർത്തനത്തിന് ഉപയോഗിച്ച ശ്രീ. ജ്യോതിഷ്കുമാറിനെതിരെ സൈബർ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. ജ്യോതിഷ്കുമാറിന് ശമ്പളത്തിൽനിന്നും റിക്കവറി നടത്തുന്നതുമായി ബന്ധപ്പെട്ട് നിരവധി നോട്ടീസുകൾ കണ്ടെത്തിയിട്ടുള്ള സാഹചര്യത്തിൽ ടിയാന്റെ സർക്കാർ/സർക്കാർ ഇതര ബാധ്യതകൾ പരിശോധിച്ച് തിട്ടപ്പെടുത്തിയതിനുശേഷം മാത്രമേ വിരമിക്കുന്ന വേളയിൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കാവൂവെന്നും കൂടാതെ 1960 സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 51 വ്യവസ്ഥ ടിയാന് ബാധകമാക്കി നടപടി സ്വീകരിച്ചിട്ടുണ്ട്.

ജീവനക്കാരുടെയും ടെയിനികളുടെയും പരാതിയുടെ അടിസ്ഥാനത്തിൽ അവർക്ക് നഷ്ടപ്പെട്ടതായി കണ്ടെത്തിയ തുകയായ 3,68,342/- രൂപയും 18% പലിശയും ചേർത്ത് 5,67,611/- രൂപ Kerala Financial Code Vol. | Article 303 A- 305, KFC Vol | Article 303 A (4)-ലെ വ്യവസ്ഥകൾ പ്രകാരം ശ്രീ. പി. കെ. നന്ദകുമാറിൽനിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പീച്ചി ഐ.ടി.ഐ.-യിലെ സംഭരണ നടപടികൾ യഥാസമയം നടക്കാതെ വന്നതിനാൽ ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി ആരംഭിച്ചിട്ടുണ്ട്.

ചെങ്ങന്നൂർ ഗവ. ഐ.ടി.ഐ.-യിൽ ക്യാഷ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്റർ/രേഖകൾ

പരിശോധിച്ചതിൽ കണ്ടെത്തിയ ഗുരുതരമായ കൃത്യവിലോപം സംബന്ധിച്ച നടപടിയിൽ ബന്ധപ്പെട്ട വിശദമായ വകുപ്പുതല തുടർപരിശോധനകൾ നടന്നുവരുന്നു.

ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ് വകുപ്പ്

ഓഡിറ്റിൽ ക്രമക്കേട് കണ്ടെത്തിയ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിച്ചിരുന്ന ജീവനക്കാരന് മൂന്ന് വാർഷിക വേതന വർധനവ് സഞ്ചിത പ്രാബല്യത്തിൽ തടഞ്ഞ് ശിക്ഷ നൽകി പ്രസ്തുത ജീവനക്കാരനെതിരെയുള്ള അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE)

സി.&എ.ജി.-യുടെ 2022 മാർച്ചിൽ അവസാനിച്ച വർഷത്തെ അനുവർത്തന ഓഡിറ്റ് റിപ്പോർട്ടിൽ PMKVY പദ്ധതി പ്രകാരം രണ്ട് പരിശീലന പങ്കാളികൾ തെറ്റായ രേഖകൾ സമർപ്പിച്ച ടെയിനിങ്ങിന്റെ മൂന്നാം ഗഡു കൈപ്പറ്റിയത് സംബന്ധിച്ച് KASE കൃത്യമായി പരിശോധനയും ഹിയറിങ്ങും നടത്തിയതിന്റെ അടിസ്ഥാനത്തിൽ രണ്ട് പരിശീലന പങ്കാളികളിൽനിന്നും പലിശയടക്കം തുക ഈടാക്കി സർക്കാരിൽ അടച്ചിട്ടുണ്ട്.

കോട്ടയം നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

267 (1507) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ

ഏതൊക്കെയെന്നും അവയിൽ പൂർത്തിയായത് ഏതൊക്കെയെന്നും പൂർത്തിയാകാനുള്ളവ ഏതൊക്കെയെന്നും പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം നിയോജകമണ്ഡലത്തിനായി പ്രത്യേകമായി നടപ്പാക്കുന്ന പദ്ധതികൾ തൊഴിൽ വകുപ്പിൽ നിലവിലില്ല. സംസ്ഥാനമാകെ ബാധകമായ പൊതുസ്വഭാവത്തിലുള്ള പദ്ധതികളാണ് നടപ്പാക്കുന്നത്. പദ്ധതി മാർഗനിർദേശങ്ങളും അർഹതാ മാനദണ്ഡങ്ങളും അനുസരിച്ച് ഈ പദ്ധതികൾ പ്രസ്തുത മണ്ഡലത്തിലും ബാധകമാണ്.

സംസ്ഥാനതലത്തിൽ പരമ്പരാഗത മേഖലയിലെ തൊഴിലാളികൾക്കുള്ള ധനസഹായം, അസംഘടിത തൊഴിലാളികൾക്കുള്ള സാമൂഹ്യ സുരക്ഷാ പദ്ധതികൾ, ഇതര സംസ്ഥാന/അതിഥി തൊഴിലാളികൾക്കുള്ള ബോധവത്കരണവും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികളും നൈപുണ്യ വികസനം, പരിശീലനം, സ്വയംതൊഴിൽ, തൊഴിൽ മാർഗനിർദേശം എന്നിവയുമായി ബന്ധപ്പെട്ട വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നു.

പുനലൂർ നിയോജകമണ്ഡലത്തിലെ തൊഴിൽ വകുപ്പ് പദ്ധതികൾ

268 (1508) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൊഴിൽ വകുപ്പിന് കീഴിൽ പുനലൂർ നിയോജകമണ്ഡലത്തിൽ അനുവദിച്ച വിവിധ പദ്ധതികളുടെ വിശദാംശം

ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പേരും അനുവദിച്ച തുകയും പദ്ധതി നിർവഹണ ഏജൻസിയുടെ വിവരങ്ങളും ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതിക്കായി ലേബർ കമ്മീഷണർക്ക് അനുവദിച്ച 28 ലക്ഷം രൂപയിൽ നിന്നും 24 ലക്ഷം രൂപ വിനിയോഗിച്ച് പുനലൂർ കുളത്തുപുഴയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ എസ്റ്റേറ്റിൽ സർക്കാർ അംഗീകൃത ഏജൻസിയായ സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (COSTFORD) മുഖേന 3 ഇരട്ട ഭവനങ്ങൾ (6 വീടുകൾ) നിർമ്മാണം പൂർത്തിയാക്കി 2021 സെപ്റ്റംബർ മാസത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

അതോടൊപ്പം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പാക്കിയിട്ടുള്ള ശരണ്യ പദ്ധതി, കൈവല്യ പദ്ധതി, കെസ്റു പദ്ധതി, നവജീവൻ പദ്ധതി എന്നീ പദ്ധതികളുടെ നടത്തിപ്പിനായി പുനലൂർ എംപ്ലോയ്മെന്റ് ഓഫീസിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങളും പദ്ധതി വഴി അനുവദിച്ച ഗുണഭോക്താക്കളുടെ വിവരവും വായ്പാ തുകയും അനുബന്ധമായി ചേർക്കുന്നു.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ഡലത്തിലെ തോട്ടം മേഖലയിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം ചെലവഴിച്ച തുക സഹിതം ലഭ്യമാക്കാമോ?

2020-21 സാമ്പത്തിക വർഷം ഭവനം പദ്ധതിക്കായി സർക്കാർ അനുവദിച്ച 28 ലക്ഷം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രൂപയിൽ നിന്നും 24 ലക്ഷം രൂപ വിനിയോഗിച്ച് പുനലൂർ കുളത്തുപുഴയിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന്റെ എസ്റ്റേറ്റിൽ സർക്കാർ അംഗീകൃത ഏജൻസിയായ സെന്റർ ഓഫ് സയൻസ് ആന്റ് ടെക്നോളജി ഫോർ റൂറൽ ഡെവലപ്പ്മെന്റ് (COSTFORD) മുഖേന 3 ഇരട്ട ഭവനങ്ങൾ (6 വീടുകൾ) നിർമ്മാണം പൂർത്തിയാക്കി 2021 സെപ്റ്റംബർ മാസത്തിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

സഹജ കോൾ സെന്ററിന്റെ പ്രവർത്തനം

269 (1509) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. എം. നൗഷാദ്:
ശ്രീമതി യു. പ്രതിഭ:
ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹജ കോൾ സെന്ററിന്റെ പ്രവർത്തനം എപ്രകാരമാണെന്ന് വിശദമാക്കാമോ?

കേരളത്തിലെ സ്ത്രീ തൊഴിലാളികൾ തൊഴിലിടങ്ങളിൽ നേരിടുന്ന അതിക്രമങ്ങൾ, വിവേചനം, തൊഴിലാളികൾക്കുള്ള ഇരിപ്പിട സൗകര്യങ്ങൾ ലഭ്യമാക്കാതിരിക്കൽ തുടങ്ങി വിവിധ പ്രശ്നങ്ങൾ തൊഴിൽ വകുപ്പിനെ അറിയിക്കുന്നതിനായി സ്ത്രീ തൊഴിലാളികൾക്ക് മാത്രമായി സംസ്ഥാന തൊഴിൽ വകുപ്പ് സജ്ജീകരിച്ചിട്ടുള്ള ഒരു കോൾ സെന്റർ സംവിധാനമാണ് 'സഹജ'. ഈ സംവിധാനത്തിൽ സ്ത്രീ തൊഴിലാളികൾക്ക് അവരുടെ തൊഴിലിടങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ രാവിലെ 10 മുതൽ വൈകീട്ട് 5 മണി വരെയുള്ള സമയത്ത് സ്ത്രീയായിട്ടുള്ള കോൾ സെന്റർ എക്സിക്യൂട്ടീവിനെ നേരിട്ട് വിളിച്ച്

അറിയിക്കാവുന്നതാണ്. 1800-42-555-215 എന്നതാണ് ടോൾ ഫ്രീ നമ്പർ. ഈ നമ്പറിൽ ലഭിക്കുന്ന കോളുകൾ തൊഴിലാളി ആഗ്രഹിക്കുന്ന പക്ഷം അവരുടെ ഐഡന്റിറ്റി വെളിവാക്കാതെ തന്നെ പരാതികൾ സമയബന്ധിതമായി പരിഹരിക്കുന്നതിനുള്ള സംവിധാനം തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്നുണ്ട്. പരാതിക്കാരിക്ക് ആവശ്യമായ നിർദേശങ്ങൾ കോൾ സെന്റർ എക്സിക്യൂട്ടീവ് നൽകുകയും ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥന് പരാതി കൈമാറുകയും ആയത് രജിസ്റ്റർ ചെയ്ത വിവരങ്ങൾ ഉടൻ തന്നെ മെസേജായി പരാതി നൽകിയ തൊഴിലാളിക്ക് ലഭിക്കുകയും ചെയ്യും. ബന്ധപ്പെട്ട തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻ ദ്രുതഗതിയിൽ പരാതി പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. പ്രസ്തുത കോൾ സെന്റർ മുഖാന്തരം നാളിതുവരെ ലഭ്യമായ 238 പരാതികളിൽ 230 എണ്ണം തീർപ്പാക്കുകയും 8 എണ്ണം തീർപ്പാക്കൽ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

(ബി) നഗരങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താമസസൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പ്രധാന പദ്ധതികൾ വിശദമാക്കാമോ?

നഗരങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താമസ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

ജനനി പദ്ധതി

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും താങ്ങാവുന്ന വിലയിൽ വീട് നൽകുകയെന്നതാണ് ജനനി പദ്ധതി ലക്ഷ്യമിടുന്നത്.

അസംഘടിതരായ ദരിദ്ര നഗര തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും നല്ല നിലവാരമുള്ള താങ്ങാനാവുന്ന ഭവനങ്ങൾ ജനനി പദ്ധതി മുഖേന നൽകുന്നു.

ജനനി പദ്ധതി – അടിമാലി

ഇടുക്കി ജില്ലയിലെ അടിമാലിയിൽ ജനനി പദ്ധതിക്ക് കീഴിൽ 24.45 കോടി രൂപ ചെലവിൽ 217 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം BFK പൂർത്തിയാക്കി, 2019-ൽ ലൈഫ് മിഷൻ കേരള വഴി അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറി.

ജനനി പദ്ധതി – പോഞ്ഞാശ്ശേരി

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പോഞ്ഞാശ്ശേരിയിൽ ജനനി പദ്ധതിക്ക് കീഴിൽ വാങ്ങിയ ഭൂമിയിൽ 2021-ൽ 74 യൂണിറ്റ് അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി. ഈ അപ്പാർട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് വിൽക്കാനുള്ള പ്രക്രിയ പുരോഗമിക്കുകയാണ്.

സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി

കേരളത്തിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്ക് വാടക അടിസ്ഥാനത്തിൽ സ്റ്റുഡിയോ അപ്പാർട്ടുമെന്റുകളുടെ രൂപത്തിൽ നല്ല നിലവാരമുള്ള മാന്യവും സുരക്ഷിതവുമായ താമസ സൗകര്യം പ്രദാനം ചെയ്യുകയെന്നതാണ് സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പദ്ധതി വിഭാവനം ചെയ്തത്.

കേരളത്തിലുടനീളമുള്ള ജോലി ചെയ്യുന്ന സ്ത്രീകൾ ജോലി സ്ഥലങ്ങൾക്ക് സമീപം അനുയോജ്യമായ താമസ സൗകര്യം കണ്ടെത്തുന്നതിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഗണിച്ചാണ് ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ജോലി ചെയ്യുന്ന സ്ത്രീകൾക്ക് സഹായകമാകുന്ന തരത്തിൽ പാർപ്പിട സൗകര്യങ്ങൾ ഒരുക്കി അവരെ ശാക്തീകരിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

ഒരു കിടപ്പുമുറി, പൊതു ഹാൾ, അടുക്കള, കട്ടിൽ, മേശ, കസേര, അലമാര തുടങ്ങിയ അടിസ്ഥാന ഉപകരണങ്ങൾ എന്നിവ ഉൾക്കൊള്ളുന്നതാണ് അപ്പാർട്ട്മെന്റുകൾ. അഗ്നി സുരക്ഷ, മലിനജല സംസ്കരണം, മഴവെള്ള സംഭരണം, ഹൗസ്കീപ്പിങ്, സെക്യൂരിറ്റി, സി.സി.ടി.വി. സംവിധാനം, ഡീസൽ ജനറേറ്റർ ബാക്കപ്പ് എന്നീ സൗകര്യങ്ങൾ ഈ അപ്പാർട്ട്മെന്റ് സമുച്ചയങ്ങളിൽ ഒരുക്കുന്നുണ്ട്.

സ്റ്റുഡിയോ അപ്പാർട്ട്മെന്റ് പ്രോജക്ട് –മേനംകുളം

തിരുവനന്തപുരം ജില്ലയിൽ മേനംകുളത്ത് 80 യൂണിറ്റ് സ്റ്റുഡിയോ അപ്പാർട്ടുമെന്റുകളുടെ നിർമ്മാണം നടത്തുന്നതിനായി DPR തയ്യാറാക്കുന്നതിന് ഗവണ്മെന്റ് അക്രെഡിറ്റഡ് ഏജൻസി ആയ COSTFORD-നെ ചുമതലപ്പെടുത്തുകയുണ്ടായി.

(സി) ഗാർഹിക തൊഴിൽ മേഖലകളിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീകൾക്ക് സാമൂഹിക സുരക്ഷ ഉറപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമവും സാമൂഹ്യ സുരക്ഷയും ഉറപ്പാക്കുന്നതിന്, 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ആക്ടിലെ 3-ാം

വകുപ്പും 4-ാം ഉപവകുപ്പും 2010-ലെ കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ചട്ടം 4(1) എന്നിവ കൂട്ടി വായിച്ച പ്രകാരം നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് 02-02-2016-ലെ സ.ഉ.(അച്ചടി)24/2016/തൊഴിൽ പ്രകാരം വിജ്ഞാപനം ചെയ്യപ്പെട്ട കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് പ്രവർത്തനനിരതമാണ്.

ഗാർഹിക മേഖലയിലെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന സ്ത്രീ തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി പ്രസ്തുത തൊഴിലാളികൾ മറ്റ് ക്ഷേമപദ്ധതിയിൽ അംഗത്വം നേടിയിട്ടില്ലായെങ്കിൽ കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ അംഗത്വം നേടാവുന്നതാണ്. അപ്രകാരം അംഗത്വം നേടുന്നപക്ഷം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ചികിത്സാ സഹായം, വിദ്യാഭ്യാസാനുകൂല്യം, വിവാഹധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭിക്കുന്നതാണ്. അസുഖമോ അപകടം മൂലമോ ഒരംഗം മരണമടഞ്ഞാൽ അവകാശിക്ക് റിട്ടയർമെന്റ് ആനുകൂല്യവും മരണാനന്തര ചെലവുകൾക്കായി 1,000/- രൂപയും മരണാനന്തരാനുകൂല്യവും ലഭിക്കുന്നതാണ്. പദ്ധതിയിൽ കുറഞ്ഞത് 5 വർഷം അംശദായം ഒടുക്കിയ അംഗത്തിന് അപകടംമൂലം തൊഴിൽ ചെയ്യാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്ന പക്ഷം സ്ഥിരവും പൂർണ്ണവുമായ ശാരീരിക അവശത 50%-ന് മുകളിലാണെങ്കിൽ അവശതാ പെൻഷൻ ലഭിക്കുന്നതാണ്. ജോലിയിൽ ഏർപ്പെട്ടിരിക്കേ അപകടം സംഭവിക്കുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായമായി ഈ ക്ഷേമപദ്ധതി മുഖേന പരമാവധി 10,000/-രൂപ നൽകിവരുന്നു. കൂടാതെ 60 വയസ്സ് കഴിഞ്ഞ്

പദ്ധതിയിൽനിന്നും വിരമിക്കുന്ന എല്ലാ തൊഴിലാളികൾക്കും ക്ഷേമ പെൻഷൻ അതത് കാലങ്ങളിൽ സർക്കാർ നിശ്ചയിച്ചിരിക്കുന്ന നിരക്കിൽ നൽകി വരുന്നുണ്ട്.

(ഡി) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ വേതന ഘടനയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകാമോ?

മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് സ്ത്രീ തൊഴിലാളികളുടെ വേതന ഘടനയിൽ മെച്ചപ്പെട്ട നിലവാരം പുലർത്താൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് സ്വച്ഛവും സമാധാനപരവുമായ തൊഴിൽ അന്തരീക്ഷം വളർത്തിയെടുക്കുന്നതിനും മാന്യമായ സേവന-വേതന വ്യവസ്ഥയിലൂടെ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഉറപ്പുവരുത്തുന്നതിനുമായി എല്ലാ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്കും സ്ത്രീ-പുരുഷ ഭേദമന്യേ മെച്ചപ്പെട്ട വേതന നിരക്കുകൾ ലഭ്യമാക്കാറുണ്ട്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന നിരക്കിലുള്ള മിനിമം വേതനമാണ് കേരളത്തിൽ നിലവിൽ നടപ്പാക്കിവരുന്നത്. 1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും സംസ്ഥാന സർക്കാർ മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. മിനിമം വേതന വിജ്ഞാപനങ്ങളിൽ സ്ത്രീ-പുരുഷ തൊഴിലാളികൾക്ക് വ്യത്യസ്ത വേതനം വ്യവസ്ഥ ചെയ്തിട്ടില്ലാത്തതാണ്.

ലേബർ കോഡ്

270 (1510) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലേബർ കോഡ് സംസ്ഥാനത്ത് നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ?

രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 02-07-2022-ൽ സംസ്ഥാനതല ശില്പശാലയും 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 22-01-2026-ലെ സ.ഉ.(സാധാ.)നം.74/2026/ തൊഴിൽ നമ്പർ ഉത്തരവുപ്രകാരം ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനും ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ലേബർ കോഡ് നടപ്പാക്കുന്നത് സംബന്ധിച്ച് കേന്ദ്രസർക്കാരിൽ നിന്നും സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചത്; അറിയിപ്പിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം ലേബർ കോഡുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയായി 2025 നവംബർ 21 നിശ്ചയിച്ചിട്ടുണ്ട്.

(സി) ലേബർ കോഡ് സംബന്ധിച്ച് കേന്ദ്രസർക്കാർ എന്തൊക്കെ ആവശ്യങ്ങളാണ് സംസ്ഥാനത്തോട് ഉന്നയിച്ചിട്ടുള്ളത്?

28-01-2026-ലെ ഇ-മെയിൽ പ്രകാരം ലഭ്യമായ 23-01-2026-ലെ കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ S-166013/2/2026-ISH-II (e-183789) നമ്പർ കത്തുപ്രകാരം draft standards in respect of factory, dock work and building and other construction work (BOCW) എന്നിവയിന്മേൽ OSH & WC കോഡ്, 2020-ലെ സെക്ഷൻ 18 പ്രകാരമുള്ള കരട് മാനദണ്ഡങ്ങളെക്കുറിച്ചുള്ള അഭിപ്രായങ്ങൾ കരട് മാനദണ്ഡം ലഭ്യമാക്കിക്കൊണ്ട് ആയതു ലഭ്യമായ തീയതി മുതൽ 10 ദിവസത്തിനകം സർക്കാരിന്റെ നിർദേശങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കണമെന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) നിലവിലെ തൊഴിൽ സാഹചര്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേന്ദ്രസർക്കാരിന്റെ ലേബർ കോഡ് സംസ്ഥാനത്തെ തൊഴിൽ രംഗത്തെ ഏതെല്ലാം തരത്തിൽ ബാധിക്കുമെന്നാണ് കരുതുന്നത്; വിശദാംശം അറിയിക്കുമോ?

പുതിയ ലേബർ കോഡുകൾ നടപ്പാക്കുന്ന പക്ഷം തൊഴിൽ വകുപ്പ് തലത്തിൽ

നടത്തിയ പരിശോധനയിൽ കേരളത്തിലെ പ്രത്യേക തൊഴിൽ സാഹചര്യം കണക്കിലെടുക്കുമ്പോൾ ചുവടെ പറയുന്ന വിവിധ വ്യവസ്ഥകളിൽ തൽസ്ഥിതി തുടരേണ്ടതായി കാണുന്നു.

മിനിമം വേതനം നിശ്ചയിക്കൽ (Fixation of Minimum Wages)

വേതന കോഡിലെ വ്യവസ്ഥകൾ പ്രകാരം തൊഴിലാളികളെ അവരുടെ (Unskilled, Semi-skilled, Skilled, Highly-skilled) അടിസ്ഥാനത്തിൽ തരംതിരിക്കുന്നത് നിലവിലെ ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് സംവിധാനത്തിന് പകരമാകുന്നത് വേതന ഘടനയുടെ സ്ഥിരതയെ ബാധിച്ചേക്കാം. വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഓരോ തസ്തികയെയും മാപ്പ് ചെയ്യുന്നത് പ്രായോഗികമായി അതീവ സങ്കീർണ്ണമാണ്. അതിനാൽ നിലവിലുള്ള ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് സംവിധാനം നിലനിർത്തുന്നത് തുടർച്ച ഉറപ്പാക്കാൻ അത്യന്താപേക്ഷിതമാണ്.

ബിൽഡിങ് സെസ്സ് ഒഴിവാക്കൽ (Exemption of Building Cess)

സോഷ്യൽ സെക്യൂരിറ്റി കോഡിൽ 50 ലക്ഷം രൂപയോ അതിൽ കൂടുതലോ നിർമ്മാണച്ചെലവുള്ള റെസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് സെസ് ഒഴിവാക്കാനുള്ള നിർദ്ദേശം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ഫണ്ട് ശേഖരണത്തെ ഗണ്യമായി ബാധിക്കും. ഇത് ബോർഡിന്റെ സാമ്പത്തിക ഭദ്രതയെ തകർക്കുകയും 49,000-ഓളം തൊഴിലാളികൾക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും വിതരണം ചെയ്യുന്നതിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യും.

'തൊഴിലാളി' നിർവചനത്തിലെ പരിമിതികൾ (OSH Code)

ചാരിറ്റബിൾ സ്ഥാപനങ്ങൾ: ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ചാരിറ്റബിൾ പദവി ഉപയോഗിച്ച് നിയമപരമായ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാകാനുള്ള സാധ്യതയുണ്ട്. തൊഴിലാളി സംരക്ഷണം ഉറപ്പാക്കാൻ ഇത്തരം സ്ഥാപനങ്ങളെയും നിയമനത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തേണ്ടതുണ്ട്.

കൂടിയേറ്റ-കരാർ തൊഴിലാളികളുടെ സംരക്ഷണം

അന്തർ സംസ്ഥാന തൊഴിലാളികൾ: വേതന പരിധി 18,000 രൂപയായി നിശ്ചയിച്ചിട്ടുള്ളതിനാൽ കേരളത്തിലെ ഉയർന്ന വേതന നിരക്ക് കാരണം ഭൂരിഭാഗം കൂടിയേറ്റ തൊഴിലാളികളും രജിസ്ട്രേഷൻ പരിധിക്ക് പുറത്താകും. ഇത് അവരുടെ സംരക്ഷണം ഉറപ്പാക്കുന്നതിൽ തടസ്സമാകും.

കരാർ തൊഴിലാളി ലൈസൻസ്: ലൈസൻസിനുള്ള പരിധി 20-ൽ നിന്ന് 50 തൊഴിലാളികളായി വർധിപ്പിക്കുന്നത് വലിയൊരു വിഭാഗം കരാർ തൊഴിലാളികളുടെ (അന്തർ സംസ്ഥാന തൊഴിലാളികൾ ഉൾപ്പെടെ) നിയമപരമായ പരിരക്ഷ ഇല്ലാതാക്കും. അതിനാൽ നിലവിലെ 20 തൊഴിലാളികളുടെ പരിധി നിലനിർത്തുന്നത് ഉചിതമായിരിക്കും.

തൊഴിൽ സുരക്ഷയും സ്റ്റാൻഡിങ് ഓർഡറും (IR Code)

സ്റ്റാൻഡിങ് ഓർഡർ ബാധകമാക്കുന്നതിനുള്ള പരിധി 100-ൽ (കേരളത്തിൽ നിലവിൽ 50) നിന്ന് 300 ആയി ഉയർത്തുന്നത് ചെറുകിട സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംരക്ഷണം പരിമിതപ്പെടുത്തും.

ലേ ഓഫ്/പിരിച്ചുവിടൽ: സ്ഥാപനങ്ങൾ അടച്ചുപൂട്ടുന്നതിനും മറ്റും സർക്കാർ അനുമതി വേണ്ട തൊഴിലാളികളുടെ എണ്ണം 300 ആയി ഉയർത്തുന്നത് തൊഴിൽ സുരക്ഷയെ പ്രതികൂലമായി ബാധിക്കുകയും തൊഴിലാളികൾക്കിടയിൽ അസമത്വം സൃഷ്ടിക്കുകയും ചെയ്യും.

തൊഴിലില്ലായ്മ പരിഹരിക്കാൻ നടപടി

271 (1511) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. അൻവർ സാദത്ത്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

തൊഴിലും നൈപുണ്യവും വകുപ്പിന് കീഴിൽ വരുന്ന സംസ്ഥാന നൈപുണ്യ വികസന മിഷൻ ആയ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി വ്യവസായ വകുപ്പുമായി സഹകരിച്ച് കേരളത്തിൽ കൂടുതൽ വളർച്ച സാധ്യതയുള്ള 22 ഫോക്കസ് സെക്ടർ അധിഷ്ഠിതമായ നൈപുണ്യ പരിശീലനങ്ങൾ ലഭ്യമാക്കുക വഴി എല്ലാ വിഭാഗം ജനങ്ങൾക്കും ഈ 22 വ്യവസായ മേഖലകൾക്ക് അനുസൃതമായ നൈപുണ്യശേഷിയും തൊഴിൽ ശേഷിയും ഉറപ്പാക്കാനുള്ള ശ്രമം സംസ്ഥാന നൈപുണ്യ വികസന മിഷനിലൂടെ നടപ്പാക്കിവരികയാണ്.

ഇതിന്റെ ഭാഗമായി നൈപുണ്യ പരിശീലനം വിപുലമാക്കുന്നതിനായി വികേന്ദ്രീകൃത നൈപുണ്യവികസന മാതൃക തയ്യാറാക്കി നടപ്പാക്കുന്നു. കൂടാതെ ഇതോടൊപ്പം സ്വകാര്യ മേഖലകളിലെ സ്ഥാപനങ്ങളെ പൊതുധാരയിലേക്കെത്തിച്ച് നൈപുണ്യ പരിശീലനം വിപുലമാക്കുന്നതിനായി അക്രെഡിറ്റേഷൻ പോളിസി നടപ്പാക്കി. ചില പ്രധാനപ്പെട്ട മേഖലകളിൽ നൈപുണ്യ പരിശീലനത്തിനുള്ള കോഴ്സുകൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ചുവടെ ചേർത്തിരിക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ (CoEs) സ്ഥാപിച്ചു.

•ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ & കൺസ്ട്രക്ഷൻ (IIIC)

•എസ്പോയർ അക്കാദമി (Espoir Academy)

•ഒക്യുപേഷണൽ ട്രെയിനിങ്ങ് & എക്സാമിനേഷൻ സെന്റർ (OTEC)

• സെന്റർ ഓഫ് എക്സലൻസ് ഇൻ ലൈഫ് സയൻസ്

ഇതിന്റെ ഭാഗമായി വിവിധ മേഖലകളിൽ തല്പരരായ 25 പ്രമുഖ വ്യവസായികളടങ്ങിയ ജർമ്മനിയിൽ നിന്നുള്ള ഒരു സംഘം വ്യവാസായികളെ സംസ്ഥാനത്തെ സാഹചര്യങ്ങൾ മനസ്സിലാക്കുന്നതിനും ഇവിടുത്തെ വ്യാവസായ രംഗത്തും സ്റ്റാർട്ട് അപ് രംഗത്തും നൈപുണ്യ വികസന രംഗത്തും നിക്ഷേപം നടത്തുന്നതിനും സഹകരണം വിപുലപ്പെടുത്തുന്നതിനുമായി സംസ്ഥാന നൈപുണ്യ വികസന മിഷന്റെ നേതൃത്വത്തിൽ കൊണ്ടുവരുകയും ചെയ്തു.

കൂടാതെ സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന 5 സ്വയംതൊഴിൽ പദ്ധതികൾ നടപ്പാക്കിവരുന്നു.

1. കെസ്റ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്)

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

2. മൾട്ടിപർപ്പസ് സർവീസ് സെന്റേഴ്സ്/ജോബ് ക്ലബ്

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് വായ്പ അനുവദിക്കുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന സംയുക്ത സ്വയംതൊഴിൽ പദ്ധതിയാണിത്.

3. ശരണ്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ വിധവകൾ, വിവാഹമോചനം നേടിയ സ്ത്രീകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, 30 വയസ്സ് കഴിഞ്ഞ അവിവാഹിതകൾ, പട്ടികവർഗത്തിലെ അവിവാഹിതരായ അമ്മമാർ, ഭിന്നശേഷിക്കാരായ വനിതകൾ, ശയ്യാവലംബരും നിത്യരോഗികളുമായ ഭർത്താക്കന്മാരുള്ള വനിതകൾ എന്നീ അശരണരായ വനിതകൾക്ക് മാത്രമായിട്ട് എംപ്ലോയ്മെന്റ് വകുപ്പ് നടത്തുന്ന പദ്ധതിയാണിത്.

4. കൈവല്യ

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത ഭിന്നശേഷിക്കാർക്കായി കൈവല്യ

എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പാക്കിവരുന്നു.

5. നവജീവൻ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 50-65 പ്രായപരിധിയിലുള്ള തൊഴിൽരഹിതരായ മുതിർന്ന പൗരന്മാർക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് 50,000/- രൂപ (അൻപതിനായിരം രൂപ മാത്രം) വരെ ബാങ്ക് വായ്പയും വായ്പ തുകയുടെ 25% (12,500/- രൂപ) സർക്കാർ സബ്സിഡി അനുവദിക്കുകയും ചെയ്യുന്നതാണ് നവജീവൻ സ്വയംതൊഴിൽ പദ്ധതി.

(ബി) അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് നൂതന സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായതും മാന്യമായ വേതനം ഉറപ്പുവരുത്തുന്നതുമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ പ്രത്യേക കർമ്മ പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത ഉന്നതവിദ്യാഭ്യാസ യോഗ്യതയും വിഷയ വൈദഗ്ധ്യവും അനുഭവ പരിചയവുമുള്ള മാനവവിഭവശേഷിക്ക് മാന്യമായ വേതനവും ഉറപ്പുള്ള മികച്ച തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റെ ഭാഗമായി ഇത്തരത്തിലുള്ള മാനവവിഭവശേഷി സംസ്ഥാനത്തിന് പുറത്തേക്ക് കുടിയേറുന്നത് തടയുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി നൈപുണ്യക്ഷാമം നേരിടുന്ന വിവിധ രാജ്യങ്ങളിൽനിന്ന് വ്യവസായ സംഘത്തിനെ കേരളത്തിലേക്ക് കൊണ്ടുവന്ന് വളർച്ചാ സാധ്യതയുള്ള വ്യാവസായിക മേഖലകളിൽ നിക്ഷേപത്തിന് പ്രോത്സാഹനം നൽകി വിവിധ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള പരിശ്രമങ്ങൾ സംസ്ഥാന നൈപുണ്യവികസന മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു.

ഇതിന്റെ ഭാഗമായി ജർമനിയിലെ അഞ്ച് പ്രമുഖ സർവകലാശാലകളുടെ കൂട്ടായ്മയാ 'നെക്സ്റ്റ് ജെൻ സ്റ്റാർട്ടപ് ഫാക്ടറി' കേരളത്തിൽ ഒരു ബില്യൺ യൂറോ നിക്ഷേപം നടത്തുമെന്ന് അറിയിച്ചതിന്റെ ഭാഗമായി കേരള 271 അക്കാദമി ഫോർ സ്കിൽസ് എക്സലൻസും കേരള സ്റ്റാർട്ടപ്പ് മിഷനും ജർമനിയിലെ നെക്സ്റ്റ് ജെൻ സ്റ്റാർട്ടപ്പ് ഫാക്ടറിയും ധാരണാപത്രം ഒപ്പുവച്ചു. ഇതുവഴി സംസ്ഥാനത്ത് 300 പുതിയ ഡീപ് ടെക് സ്റ്റാർട്ടപ്പ് ആരംഭിക്കും. ഇതുകൂടാതെ നൂതനമായ നയപരിഷ്കാരങ്ങളിലൂടെയും സമയബന്ധതിവും തടസ്സരഹിതമായ വ്യാവസായിക മുന്നേറ്റം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാണെന്ന് ആഗോളതലത്തിൽ ഉറപ്പിക്കുന്നതിന്റെ ഭാഗമായി ജർമനിയിലെ ഹെസ്സൻ സംസ്ഥാനവും സഹോദര സംസ്ഥാനം എന്ന നിലയിൽ ബന്ധം സ്ഥാപിക്കുന്നതിന്റെ ഭാഗമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരങ്ങൾ പരമാവധി ഉറപ്പുവരുത്തുന്നതിലേക്കായി സംസ്ഥാന വ്യാപകമായി തൊഴിൽ മേളകൾ/ജോബ് ഡ്രൈവുകൾ/പ്ലേസ്മെന്റ് ഡ്രൈവുകൾ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ചുവരുന്നു

(സി) സംസ്ഥാനത്തുനിന്നും യുവജനങ്ങൾ തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് തടയാൻ കൈകൊണ്ട നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്തെ മാനവവിഭശേഷിയെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന്റെ

ഭാഗമായി അധിക മാനവവിഭശേഷിയെ മാത്രം കൂടിയേറുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും സംസ്ഥാനത്തിനകത്ത് പ്രാദേശികമായും ദേശീയമായും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ച് അത്തരം മേഖലകളിലേക്ക് അഭ്യസ്തവിദ്യരായ യുവജനതയെ വിന്യസിക്കുന്നിനുള്ള പദ്ധതികളാണ് സംസ്ഥാന നൈപുണ്യ വികസന മിഷനായ KASE നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി ഓരോ ജില്ലയെയും ഓരോ പ്രത്യേക ലേബർ മാർക്കറ്റ് യൂണിറ്റായി പരിഗണിച്ചുകൊണ്ട് അതത് ജില്ലകളിലെ തൊഴിൽ സാധ്യതകൾ മനസ്സിലാക്കി ആയതിലേക്കുള്ള നൈപുണ്യ പരിശീലനം നൽകി പ്രാദേശികമായി തന്നെ യുവാക്കൾക്ക് മികച്ച തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നതുവഴി പ്രാദേശിക-സാമൂഹിക-സാമ്പത്തിക വികസനത്തിന് ഊന്നൽ നൽകുന്ന പ്രവർത്തനങ്ങൾ കെയ്സ് മുഖാന്തരം നടപ്പാക്കിവരുന്നുണ്ട്. അധിക മാനവവിഭശേഷിയെ മാത്രം കൂടിയേറ്റത്തിന് പ്രോത്സാഹിപ്പിക്കുന്നതിന് തൊഴിലും നൈപുണ്യവും വികസനമിഷനായ കെയ്സ് ഊന്നൽ നൽകുന്നത്.

സംസ്ഥാനത്തുനിന്നും യുവജനങ്ങൾ തൊഴിലിനായി വിദേശ രാജ്യങ്ങളിലേക്ക് പോകുന്നത് തടയാൻ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് കൈക്കൊണ്ട നടപടികൾ ചുവടെ ചേർക്കുന്നു.

(a) എംപ്ലോയബിലിറ്റി സെന്റർ

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ നാഷണൽ

എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ എംപ്ലോയബിലിറ്റി സെന്റർ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(b) മോഡൽ കരിയർ സെന്റർ

നമ്മുടെ രാജ്യത്തെ ഏറ്റവും വലിയ തൊഴിൽദായകരായ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാരുകളുടെയും മറ്റ് സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടെ മോഡൽ കരിയർ സെന്റർ എന്ന പദ്ധതി എംപ്ലോയ്മെന്റ് വകുപ്പ് വിഭാവനം ചെയ്തിട്ടുള്ളത്.

(c) നിയുക്തി

സ്വകാര്യ മേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർഥികളെയും ഒരേ വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കാൻ സഹായിക്കുകയെന്ന ലക്ഷ്യത്തോടെ 2015 വർഷം മുതൽ സംസ്ഥാന സർക്കാർ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന നിയുക്തി എന്ന പേരിൽ മെഗാ ജോബ്ഫെയർ നടത്തിവരുന്നുണ്ട്. വകുപ്പ് നേരിട്ട് തികച്ചും സൗജന്യമായാണ് ഇത്തരം തൊഴിൽ മേളകൾ സംഘടിപ്പിക്കുന്നത്.

ക്ഷേമനിധി ബോർഡുകളിൽനിന്നുള്ള പെൻഷൻ കുടിശ്ശിക

272 (1512) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകളിൽ നിന്നുള്ള പെൻഷൻ വിതരണത്തിൽ നിലവിൽ എത്ര മാസത്തെ കുടിശ്ശികയുണ്ടെന്ന് വ്യക്തമാക്കുമോ; ഓരോ ബോർഡിലും കുടിശ്ശിക തുക പൂർണ്ണമായും എന്നത്തേക്ക് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. തനത് ഫണ്ടിൽനിന്നും ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന ബോർഡുകളായ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കടകളും വാണിജ്യ സ്ഥാപനങ്ങളും ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ബോർഡ് (സ്റ്റാറ്റേർഡ് വിഭാഗം ഒഴികെ) എന്നീ ബോർഡുകൾ കുടിശ്ശികയില്ലാതെ പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളെല്ലാം തന്നെ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ പെൻഷൻ പദ്ധതി നിലവിലില്ല. കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ മാത്രമാണ് 2024 ഒക്ടോബർ മുതലുള്ള 15 മാസത്തെ പെൻഷൻ കുടിശ്ശികയുള്ളത്. ബോർഡ് നിലവിൽ സാമ്പത്തിക പ്രതിസന്ധിയിലാണ്. സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്ന മുറയ്ക്ക് സമയബന്ധിതമായി പെൻഷൻ വിതരണം ചെയ്യുന്നതാണ്.

സർക്കാർ സഹായത്തോടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കേരള ബീഡി ചുരുട്ട് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി

ബോർഡ്, കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചുമട്ടുതൊഴിലാളി ക്ഷേമനിധി ബോർഡ് (സ്കാറ്റേർഡ് വിഭാഗം) കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്, അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ബോർഡുകളിൽ പെൻഷൻ ഡിസംബർ 2025 വരെ കുടിശ്ശികയില്ലാതെ വിതരണം ചെയ്തിട്ടുണ്ട്. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും പെൻഷൻ നൽകിവരുന്നില്ല. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ് കർഷക തൊഴിലാളി പെൻഷന്റെ നടത്തിപ്പും വിതരണവും ചെയ്യുന്നത്.

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ ബാങ്ക് അക്കൗണ്ട് തകരാറുകൾ മൂലവും മസ്റ്ററിങ് ചെയ്യുന്നതിലുള്ള കാലതാമസം മൂലവും പെൻഷൻ കുടിശ്ശികയായവരുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ വിവിധ ക്ഷേമനിധി ബോർഡുകൾ നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ഓരോ ആനുകൂല്യങ്ങളിലും നിലവിൽ എന്ത് തുക കുടിശ്ശികയുണ്ട്; വിശദാംശം ബോർഡ് തിരിച്ച് വ്യക്തമാക്കുമോ?

ബോർഡുകളിൽനിന്നും വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളുടെയും കുടിശ്ശികയുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി

273 (1513) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് പുതിയ ക്ഷേമനിധി രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല. സംസ്ഥാനത്ത് ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്. ടി മേഖലയിൽ സ്വയം തൊഴിൽ ഉൾപ്പെടെയുള്ള തൊഴിലാളികൾക്ക് അംഗത്വം എടുക്കാവുന്നതാണ്. കൂടാതെ മറ്റൊരു ക്ഷേമനിധി ബോർഡിലും അംഗമാകാത്ത ഫോട്ടോ/വീഡിയോഗ്രഫി അനുബന്ധ തൊഴിലാളികൾ, ഫ്രീലാൻസ് ഫോട്ടോഗ്രാഫർമാർ എന്നിവർക്ക് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമാകാവുന്നതാണ്.

(ബി) പ്രസ്തുത വിഭാഗത്തിന് സർക്കാർ തലത്തിൽ നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് ബോർഡിന്റെ വെബ്സൈറ്റിൽനിന്നും നിയമാനുസൃതമായ തിരിച്ചറിയൽ

കാർഡ് ലഭിക്കുന്നതാണ്.

(സി) പ്രസ്തുത മേഖലയിലെ തൊഴിലാളികളായ അംഗങ്ങൾ സാംസ്കാരിക ക്ഷേമനിധിയിൽ നിന്ന് ഒഴിവാക്കപ്പെട്ട തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ സിനിമാ/സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റിൽ ഫോട്ടോഗ്രാഫർമാർക്കാണ് നിശ്ചിത യോഗ്യതാമാനദണ്ഡത്തിൽ നിലവിൽ അംഗത്വം നൽകിവരുന്നത്. മറ്റുള്ള ഫോട്ടോഗ്രാഫേഴ്സിനെ സാംസ്കാരിക ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

(ഡി) ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിന് നൽകിയ ഹർജിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ഓൾ കേരള ഫോട്ടോഗ്രാഫേഴ്സ് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി സർക്കാരിന് നൽകിയ വിവിധ നിവേദനങ്ങൾ പരിശോധിച്ച് ഈ വകുപ്പിൽ ലഭ്യമായ വിവരങ്ങൾ നിവേദകനെ കത്തുകൾ പ്രകാരം അറിയിച്ചിട്ടുള്ളതാണ്. കൂടാതെ നിവേദനങ്ങളിൽ ഉന്നയിച്ചിട്ടുള്ള ഈ വകുപ്പിൽ നടപടിയില്ലാത്ത വിവിധ ആവശ്യങ്ങളിൽ നിവേദകന് മറുപടി നൽകുന്നതിലേക്കായി ബന്ധപ്പെട്ട വകുപ്പുകൾക്ക് നിവേദനത്തിന്റെ പകർപ്പ് കൈമാറിയിട്ടുള്ളതുമാണ്.

(ഇ) നിലവിൽ പത്തുവർഷം അംശദായം അടയ്ക്കാൻ കഴിയാത്ത ഫോട്ടോഗ്രാഫി വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികളായ അംഗങ്ങളെ പെൻഷൻ നൽകുന്നതിൽനിന്ന് ഒഴിവാക്കിയിട്ടുണ്ടോ; അവർ അടച്ച തുക മാത്രം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി അവർക്ക് കൂടി ആനുപാതികമായി പെൻഷൻ നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

2007-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അധ്യായം 6 ഖണ്ഡിക 34 പ്രകാരം കുറഞ്ഞത് 10 വർഷം തുടർച്ചയായി അംശദായം അടച്ച അംഗത്തിന് സ്ഥിരമായ ശാരീരിക അവശതമൂലം 2 വർഷത്തിലധികമായി ജോലി ചെയ്യാൻ കഴിയാതിരിക്കുന്ന അവസ്ഥ വന്നാലോ, 60 വയസ്സ് തികഞ്ഞാലോ അംഗത്തിന്റെ അപേക്ഷ പ്രകാരം പെൻഷൻ നൽകേണ്ടതാണ്. അംഗം അടവാക്കിയ തൊഴിലാളി വിഹിതവും തിരികെ നൽകുന്നുണ്ട്. നിലവിൽ പത്തുവർഷം അംശദായം അടയ്ക്കാൻ കഴിയാത്ത ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലെ തൊഴിലാളികളായ അംഗങ്ങൾക്ക് ആനുപാതികമായി പെൻഷൻ നൽകുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കാൻ നടപടി

274 (1514) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്നവരെ പ്രത്യേക തൊഴിൽ വിഭാഗമായി അംഗീകരിക്കുകയും അവർക്ക് നിയമാനുസൃത തിരിച്ചറിയൽ കാർഡുകൾ ലഭ്യമാക്കുന്നതും പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ പ്രത്യേക തൊഴിൽ വിഭാഗമായി ഫോട്ടോ/വീഡിയോ സ്റ്റുഡിയോ എന്ന മേഖല ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള ഷോപ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ ഫോട്ടോഗ്രാഫി/വീഡിയോഗ്രാഫി മേഖലയിലുള്ള തൊഴിലാളികൾക്ക് ബോർഡിന്റെ വെബ്സൈറ്റിൽനിന്നും നിയമാനുസൃതമായ തിരിച്ചറിയൽ കാർഡ് ലഭിക്കുന്നതാണ്.

(ബി) പ്രസ്തുത തൊഴിൽ മേഖലയിലുള്ളവരെ സാംസ്കാരിക ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കുമോ?

കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ സിനിമാ-സീരിയൽ മേഖലയിൽ പ്രവർത്തിക്കുന്ന സ്റ്റിൽ ഫോട്ടോഗ്രാഫർമാർക്കാണ് നിശ്ചിത യോഗ്യതാമാനദണ്ഡത്തിൽ നിലവിൽ അംഗത്വം നൽകിവരുന്നത്. ആയതിനാൽ മറ്റുള്ള ഫോട്ടോഗ്രാഫേഴ്സിനെ സാംസ്കാരിക ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്താൻ കഴിയുകയില്ല.

(സി) കേരള ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വെൽഫെയർ ഫണ്ട് ബോർഡിൽ കൂടിശ്ശിക വരുത്തിയിട്ടുള്ള ഫോട്ടോഗ്രാഫി മേഖലയിൽ പ്രവർത്തിക്കുന്ന

തൊഴിലാളികൾക്ക് കുടിശ്ശിക അടച്ച് എല്ലാ ആനുകൂല്യത്തോടുംകൂടി അംഗത്വം പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

2007-ലെ കേരള ഷോപ്പ്സ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിലെ അധ്യായം 4 ഖണ്ഡിക 25 പ്രകാരം അംശദായം തുടർച്ചയായി ഒരു വർഷം അടയ്ക്കാതിരുന്നാൽ അംഗത്വം സ്വമേധയായി റദ്ദായി പോകുന്നതാണ്. എന്നാൽ റദ്ദായിപ്പോയ അംഗത്വം ഒരു വർഷ കാലംവരെയുള്ള കുടിശ്ശിക സംബന്ധിച്ചാണെങ്കിൽ കുടിശ്ശിക അടയ്ക്കാതിരുന്നത് ന്യായമായ കാരണങ്ങളാണെന്ന് ബോദ്ധ്യപ്പെടുന്ന സാഹചര്യത്തിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്ക് അംഗത്വം പുന:സ്ഥാപിച്ച് നൽകാവുന്നതാണ്. ഒരു വർഷത്തിൽ കൂടുതൽ കാലയളവിലുള്ള അംശദായം വീഴ്ച വരുത്തിയതിനാൽ റദ്ദായ അംഗത്വം പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ ബോർഡിന് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്. ഇപ്രകാരം അംഗത്വം പുന:സ്ഥാപിക്കുന്നത് ഒരു അംഗത്തിന്റെ മൊത്തം സേവനകാലയളവിൽ രണ്ട് തവണയിൽ കൂടുതൽ ആകാവുന്നതല്ല. റദ്ദായിപ്പോയ അംഗത്വം, സർക്കാർ അംഗീകാരത്തോടെ ബോർഡ് തീരുമാനിക്കുന്ന പലിശയും പിഴപ്പലിശയും അടച്ച് പ്രത്യേക ഉത്തരവുപ്രകാരം പുനഃസ്ഥാപിക്കാവുന്നതാണ്.

അളഗപ്പനഗർ ഇ.എസ്.ഐ.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

275 (1515) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽപ്പെട്ട അളഗപ്പനഗർ ഇ.എസ്.ഐ.-ക്ക് പുതിയ

കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ജീർണ്ണാവസ്ഥയിലുള്ള പഴയ കെട്ടിടത്തിൽനിന്നും നിലവിൽ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള കെട്ടിടത്തിലേക്ക് മാറി പ്രവർത്തിക്കുന്ന അളഗപ്പനഗർ ഇ.എസ്.ഐ.-ക്ക് ലാബ് സൗകര്യങ്ങളോടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ&ബി) ഇ.എസ്.ഐ. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നത് കേന്ദ്ര സർക്കാരിന് കീഴിലുള്ള ഇ.എസ്.ഐ. കോർപ്പറേഷൻ വഴിയാണ്. അളഗപ്പനഗർ ഇ.എസ്.ഐ. ഡിസ്പെൻസറിയുടെ ശോച്യാവസ്ഥ പരിഗണിച്ച് കെട്ടിടത്തിന്റെയും സ്റ്റാഫ് ക്വാർട്ടേഴ്സിന്റെയും പുനർ നിർമ്മാണത്തിനുള്ള പ്രൊപ്പോസൽ ഇ.എസ്.ഐ. കോർപ്പറേഷൻ ഹെഡ് ക്വാർട്ടേഴ്സിലേക്ക് ഇ.എസ്.ഐ. റീജിയണൽ ഡയറക്ടർ നൽകിയിട്ടുണ്ട്.

അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ

276 (1516) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ സാന്നിധ്യം ഗണ്യമായി വർധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; നിലവിൽ സംസ്ഥാനത്ത് ജോലി ചെയ്യുന്ന പ്രസ്തുത തൊഴിലാളികളുടെ ഏകദേശ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല

തിരിച്ചുള്ള കണക്കുകൾ നൽകുമോ?

സംസ്ഥാനത്ത് അതിഥി തൊഴിലാളികളുടെ സാന്നിധ്യം ഗണ്യമായി വർധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തൊഴിൽ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ പ്രകാരം ടി തൊഴിലാളികളുടെ രജിസ്ട്രേഷൻ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേക്ക് കുടിയേറുന്നതിനുമുന്നേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് മുഖേന 4,39,013 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു. അതിഥി തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ജില്ല	തൊഴിലാളികളുടെ എണ്ണം
തിരുവനന്തപുരം	33974
കൊല്ലം	29441
പത്തനംത്തിട്ട	16934
ആലപ്പുഴ	26048
കോട്ടയം	36444
ഇടുക്കി	29207

എറണാകുളം	73538
തൃശ്ശൂർ	35800
പാലക്കാട്	35852
മലപ്പുറം	28460
കോഴിക്കോട്	27238
വയനാട്	17335
കണ്ണൂർ	32594
കാസറക്കോട്	16148
ആകെ	**439013**

(ബി) അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഇവരിൽ എത്ര പേർ സർക്കാരിന്റെ രജിസ്ട്രേഷൻ സംവിധാനത്തിന്റെ പരിധിയിലുൾപ്പെട്ടിട്ടുണ്ട്; വ്യക്തമാക്കുമോ?

അതിഥി തൊഴിലാളികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിനും രജിസ്ട്രേഷൻ പ്രാവർത്തികമാക്കുന്നതിനുമായി തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് പ്രാവർത്തികമാക്കിയിട്ടുണ്ട്. ആയതിലൂടെ സംസ്ഥാനത്തേയ്ക്ക് കുടിയേറുന്നതിനുമുന്നേ തന്നെ ടി തൊഴിലാളികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനും വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനും സഹായിക്കുന്നു. തൊഴിൽവകുപ്പ് അതിഥി പോർട്ടൽ/അതിഥി ആപ്പ് മുഖേന 4,39,013 തൊഴിലാളികൾ രജിസ്റ്റർ ചെയ്യുകയും സംസ്ഥാന വ്യാപകമായി രജിസ്ട്രേഷൻ നടപടികൾ നടന്നുവരികയും ചെയ്യുന്നു. ടി തൊഴിലാളികളുടെ രജിസ്ട്രേഷനും വിവര ശേഖരണവും ലക്ഷ്യമിട്ട് യൂണിഫൈഡ് പോർട്ടൽ രൂപീകരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(സി) രജിസ്റ്റർ ചെയ്യാത്ത അതിഥി തൊഴിലാളികൾ സംസ്ഥാനത്ത് ജോലി

ചെയ്യുന്നതായി കണ്ടെത്തിയിട്ടുണ്ടോ; രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിന് നിലവിലുള്ള സർക്കാർ ഉത്തരവുകൾ ഏതൊക്കെയാണ്; ആയതിന്റെ പകർപ്പുകൾ നൽകുമോ?

കേരളത്തിൽ രജിസ്റ്റർ ചെയ്യാത്ത അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായി പരിശോധനാവേളകളിൽ കണ്ടെത്താറുണ്ട്. കേരളത്തിലേക്ക് തൊഴിലിനായി വരുന്ന എല്ലാ ഇതര സംസ്ഥാന തൊഴിലാളികളും കോൺട്രാക്ടർമാർ മുഖേന വരുന്നവരല്ല. സംസ്ഥാനത്തെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ 101 അസിസ്റ്റന്റ് ലേബർ ഓഫീസർമാർ ഉൾപ്പെടുന്ന എൻഫോഴ്സ്മെന്റ് വിഭാഗം വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരം അതിഥി തൊഴിലാളി ക്യാമ്പുകൾ, കെട്ടിട നിർമ്മാണ സൈറ്റുകൾ എന്നിവിടങ്ങളിൽ പരിശോധനകൾ നടത്തുമ്പോൾ ടി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് പരിശോധന നടത്താറുണ്ട്. ഇങ്ങനെ കണ്ടെത്തുന്ന തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ ഏജന്റുമാർ, കോൺട്രാക്ടർമാർ എന്നിവർ ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തുകയും ചെയ്യുന്നു. ഇത്തരത്തിൽ രജിസ്ട്രേഷൻ/ലൈസൻസ് എടുത്തിട്ടില്ലാത്ത കരാറുകാർക്കെതിരെ നോട്ടീസ് നൽകുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ നിർബന്ധമാക്കുന്നതിനായി നിലവിൽ സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല.

(ഡി) സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും വില്പനയും വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തുവെന്നും ഉറപ്പുവരുത്തുന്നതിനായി

സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

സംസ്ഥാനത്ത് അതിഥി തൊഴിലാളികൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളും മയക്കുമരുന്ന് ഉപയോഗവും വില്പനയും വർധിച്ചുവരുന്ന സാഹചര്യത്തിൽ പ്രസ്തുത തൊഴിലാളികൾ നിയമപരമായി ജോലി ചെയ്യുന്നവരാണെന്നും രജിസ്റ്റർ ചെയ്തവരാണെന്നും ഉറപ്പുവരുത്തുന്നതിനായി സർക്കാർ വിവിധ നിയമപരവും ഭരണപരവുമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിഥി തൊഴിലാളികളെ രജിസ്റ്റർ ചെയ്യുന്നതിനായി തൊഴിൽ വകുപ്പിന്റെ കീഴിൽ Athidhi Portal ആരംഭിച്ചിട്ടുള്ളതും തൊഴിലുടമകൾ, കോൺട്രാക്ടർമാർ, തൊഴിലാളികളെ താമസിപ്പിക്കുന്ന കെട്ടിട ഉടമകൾ എന്നിവർ തൊഴിലാളികളുടെ വ്യക്തിഗത വിവരങ്ങൾ, തിരിച്ചറിയൽ രേഖകൾ ഉൾപ്പെടെ ഈ പോർട്ടലിൽ രേഖപ്പെടുത്തേണ്ടതാണ്. കൂടാതെ Inter-State Migrant Workmen (Regulation of Employment and Conditions of Service) Act, 1979 പ്രകാരം കോൺട്രാക്ടർമാരുടെയും തൊഴിലുടമകളുടെയും രജിസ്ട്രേഷൻ കർശനമായി നടപ്പാക്കുകയും തൊഴിൽ വകുപ്പ് നിരന്തര പരിശോധനകൾ നടത്തുകയും ചെയ്യുന്നു. നിയമവിരുദ്ധമായി ജോലി ചെയ്യുന്നതാനോ രജിസ്റ്റർ ചെയ്യാത്തവരായോ കണ്ടെത്തുന്ന തൊഴിലാളികളുടെ കാര്യത്തിൽ ഉത്തരവാദികളായ തൊഴിലുടമകൾക്കെതിരെ നടപടികൾ സ്വീകരിക്കുന്നു. പോലീസ്, എക്സൈസ്, തൊഴിൽ വകുപ്പ് എന്നിവ സംയുക്തമായി തൊഴിൽ കേന്ദ്രങ്ങളിലും താമസ ക്യാമ്പുകളിലും പരിശോധനകൾ നടത്തുകയും തിരിച്ചറിയൽ രേഖകളുടെ പരിശോധന, പോലീസ് വെരിഫിക്കേഷൻ, മയക്കുമരുന്ന് വിരുദ്ധ പ്രത്യേക ഡ്രൈവുകൾ എന്നിവ ശക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ലേബർ കോഡുകൾ തിരുത്താൻ നടപടി

277 (1517) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നടപ്പാക്കിയ ലേബർ കോഡുകൾ തിരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) നൂറ്റാണ്ടുകളിലൂടെ നേടിയെടുത്ത വിവിധ തൊഴിലവകാശങ്ങൾ ഇല്ലാതാക്കുന്ന പ്രസ്തുത നിയമങ്ങൾ പിൻവലിക്കാൻ നിയമനടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി 02-07-2022-ൽ സംസ്ഥാനതല ശില്പശാലയും 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ & എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമ വിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച്

സംഘടിപ്പിച്ചിരുന്നു. 02-07-2022-ൽ സംസ്ഥാനതല ശില്പശാലയിൽ ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ അധ്യക്ഷതയിൽ ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും ബഹുമാനപ്പെട്ട പാർലമെന്ററി ലേബർ സ്റ്റാന്റിങ് കമ്മിറ്റി അംഗം ശ്രീ. എളമരം കരീം എം.പി., ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളൊന്നും തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല. 19-122025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനും വേണ്ടി 22-01-2026-ലെ സ.ഉ.(സാധാ.) നം. 74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള വിദഗ്ധ കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

കോഡ് ഓൺ വേജസ് 2019

278 (1518) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019 സംസ്ഥാനത്ത് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏത് രീതിയിലാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ മാറ്റങ്ങളാണ് സംസ്ഥാന ചട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതെന്നും വ്യക്തമാക്കുമോ; പ്രസ്തുത കരട് ചട്ടങ്ങൾ എന്നാണ് പ്രസിദ്ധീകരിച്ചതെന്ന് അറിയിക്കുമോ; നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പ്രസ്തുത കോഡ് നടപ്പാക്കുന്നതിനുപകരം ബദൽ നിയമ നിർമ്മാണം നടത്തുന്നതിന് സാധുത ഉണ്ടോ; വിശദാംശം നൽകുമോ?

(എ&ബി) രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02-07-2022-ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ അധ്യക്ഷതയിൽ നടത്തിയ ശില്പശാല ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി

ഉദ്ഘാടനം ചെയ്യുകയും ബഹുമാനപ്പെട്ട പാർലമെന്ററി ലേബർ സ്റ്റാൻഡിങ് കമ്മിറ്റി അംഗം ശ്രീ. എളമരം കരീം എം.പി. ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല.

കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിച്ചു. പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാനുമായി 22-01-2026-ലെ സ.ഉ.(സാധാ.)നം.74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ.ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിങ് എന്നിവർ co-opted members ആയും കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി സമയബന്ധിതമായി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ

വരുത്തേണ്ടതുണ്ടോയെന്നും പരിശോധിക്കുന്നതാണ്. 22-01-2026-ലെ സ.ഉ. (സാധാ.)നം.74/2026/തൊഴിൽ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

കോഡ് ഓൺ വേജസ് 2019

279 (1519) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019-ന്റെ കരട് ചട്ടങ്ങൾ സംസ്ഥാനം വിജ്ഞാപനം ചെയ്തത് എന്നാണ്; പ്രസ്തുത കരട് ചട്ടങ്ങൾ വിജ്ഞാപനം ചെയ്യുന്നതിന് മുമ്പ് സംസ്ഥാനത്തെ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തൊഴിലാളി സംഘടനകളുമായി ചർച്ച നടത്താതെയാണ് കരട് ചട്ടം വിജ്ഞാപനം ചെയ്തതെങ്കിൽ അത്തരമൊരു തീരുമാനത്തിലേക്ക് എത്താൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ?

(എ&ബി) 14-12-2021-ലെ LBRD-E1/1/2021-LBRD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം Code on Wages-ന്റെ പ്രാഥമിക കരട് ചട്ടങ്ങൾ സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു.

രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02-07-2022-ന് തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ അധ്യക്ഷതയിൽ നടത്തിയ ശില്പശാല ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും ബഹുമാനപ്പെട്ട പാർലമെന്ററി ലേബർ സ്റ്റാൻഡിങ് കമ്മിറ്റി അംഗം ശ്രീ. എളമരം കരീം, എം.പി. ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികളൊന്നും തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല.

കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിച്ചു. പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള

പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനുമായി 22-01-2026-ലെ സ.ഉ (സാധാ.)നം.74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ.ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ. ഗായത്രി സിങ് എന്നിവർ co-opted members ആയും കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി സമയബന്ധിതമായി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോയെന്നും പരിശോധിക്കുന്നതാണ്. 22-01-2026-ലെ സ.ഉ. (സാധാ.)നം.74/2026/തൊഴിൽ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

പുതിയ തൊഴിൽ നിയമങ്ങൾ

280 (1520) ശ്രീ. കുറുക്കോളി മൊയ്തീൻ
ശ്രീ. എ. കെ. എം. അഷ്റഫ്
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നടപടി തൊഴിൽ മേഖലയെ എപ്രകാരം ബാധിക്കുമെന്നാണ് കരുതുന്നത്;

(ബി) പുതിയ തൊഴിൽ നിയമം തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തിന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിയന്ത്രണം ഏർപ്പെടുത്തുന്നുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെല്ലാം തുടർനടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ&ബി) പരിശോധിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങളെ ഏകീകരിച്ച് നാല് നിയമങ്ങളാക്കി കേന്ദ്ര സർക്കാർ പ്രാബല്യത്തിൽ വരുത്തിയ നടപടി സംബന്ധിച്ചും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും ചർച്ച ചെയ്യുന്നതിനുവേണ്ടി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിക്കുകയും പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദ്ദേശിക്കാനും വേണ്ടി 22-01-2026-ലെ സ.ഉ.(സാധാ.) നം. 74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ്.(Rtd.) ഗോപാലഗൗഡ ചെയർമാനായുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭ്യമായ ശേഷം ലേബർ കോഡുകൾ തൊഴിൽ മേഖലയെയും തൊഴിലാളി യൂണിയനുകളുടെ പ്രവർത്തനത്തെയും എപ്രകാരം ബാധിക്കുമെന്ന് പരിശോധിക്കുന്നതാണ്.

കോഡ് ഓൺ വേജസ് 2019

281 (1521) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഡ് ഓൺ വേജസ് 2019-ലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാനത്തെ തൊഴിൽ മേഖലയിലുണ്ടാകാവുന്ന പ്രതിസന്ധികൾ പഠനവിധേയമാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കോഡ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ചട്ട രൂപീകരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ കരട് ചട്ടം പ്രസിദ്ധീകരിച്ചത് എന്നാണ്; ഇതിന്മേൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; കരട് ചട്ടത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ തൊഴിലാളികളെ ദോഷകരമായി ബാധിക്കാത്ത വിധത്തിൽ എന്തൊക്കെ മാറ്റങ്ങളാണ് കരട് ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) പഠനവിധേയമാക്കിയിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശിപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽനിന്നും അഭിപ്രായങ്ങളും നിർദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി ഒരു ചർച്ച ചെയ്യുന്നതിനായി സംസ്ഥാനതല ശില്പശാല 02-07-2022-ന് തിരുവനന്തപുരത്ത് വച്ച്

സംഘടിപ്പിച്ചിരുന്നു. മുൻ ഗതാഗത വകുപ്പുമന്ത്രി ശ്രീ. ആന്റണി രാജു അവർകളുടെ അധ്യക്ഷതയിൽ നടത്തിയ ശില്പശാല ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി ശ്രീ. വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്യുകയും ബഹുമാനപ്പെട്ട പാർലമെന്ററി ലേബർ സ്റ്റാൻഡിങ്ങ് കമ്മിറ്റി അംഗം ശ്രീ. എളമരം കരീം, എം.പി. ശില്പശാലയിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളെ ക്രോഡീകരിച്ച് സംസാരിക്കുകയും ചെയ്തു. പ്രസ്തുത ചർച്ചയിൽ വിവിധ ട്രേഡ് യൂണിയൻ സംഘടനകൾ തൊഴിൽ നിയമങ്ങൾ നിലവിൽ വന്നാൽ അഭിമുഖീകരിക്കാവുന്ന പ്രശ്നങ്ങൾ മുന്നോട്ടുവച്ചതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ ഒന്നും തൊഴിൽ വകുപ്പ് സ്വീകരിച്ചിരുന്നില്ല.

കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളെക്കുറിച്ചുള്ള പ്രശ്നങ്ങളും പരിഹാരമാർഗങ്ങളും തുടർന്നും ചർച്ച ചെയ്യുന്നതിനുവേണ്ടി 19-12-2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ തിരുവനന്തപുരത്ത് വച്ച് സർക്കാർ വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവ് സംഘടിപ്പിച്ചു. പ്രസ്തുത കോൺക്ലേവിൽ ലേബർ കോഡുകളെക്കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗങ്ങൾ നിർദേശിക്കാനുമായി 22-01-2026-ലെ സ.ഉ.(സാധാ.)നം.74/2026/തൊഴിൽ പ്രകാരം ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ.ആർ. ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ. രവിശങ്കർ ഗാന്ധി, അഡ്വ.

ഗായത്രി സിങ് എന്നിവർ co-opted members ആയും കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി കമ്മിറ്റി സമയബന്ധിതമായി പ്രാഥമിക റിപ്പോർട്ട് സമർപ്പിക്കാനും ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ചട്ടത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടോയെന്നും പരിശോധിക്കുന്നതാണ്. 22-01-2026-ലെ സ.ഉ. (സാധാ.)നം.74/2026/തൊഴിൽ നമ്പർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.+

കേന്ദ്ര സർക്കാർ പാസ്സാക്കിയ ലേബർ കോഡുകളുടെ അടിസ്ഥാനത്തിൽ 15-12-2021-ൽ LBRD-D2/395/2020-LBRD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം Occupational Safety Health and Working Condition Code-ന്റെയും 30-12-2021-ലെ LBRD-E3/54/2021-LBRD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം Industrial Relation Code-ന്റെയും 15-12-2021-ലെ LBRD-D2/400/2020-LBRD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം Social Security Code-ന്റെയും 14-12-2021-ലെ LBRD-E1/1/2021-LBRD നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം Code on Wages-ന്റെയും പ്രാഥമിക കരട് ചട്ടങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. 14-12-2021-ലെ LBRD-E1/1/2021-LBRD നമ്പർ നോട്ടിഫിക്കേഷന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു+.

വികസന സൗഹൃദ തൊഴിലിട സംസ്കാരം

282 (1522) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ പി. എസ്. സുപാൽ:
ശ്രീ. ഇ. കെ വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ) സംസ്ഥാനം പിന്തുടരുന്ന തൊഴിൽ നയം അസംഘടിതരും പാർശ്വവൽകൃതരുമായ തൊഴിലാളികളെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനും മെച്ചപ്പെട്ട ജീവിത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും സഹായിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

കേരളത്തിലെ തൊഴിൽ നയങ്ങൾ അസംഘടിത മേഖലയിലെയും പാർശ്വവൽക്കൃതരായ തൊഴിലാളികളെയും മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന് കീഴിലുള്ള 16 ക്ഷേമനിധി ബോർഡുകളിലായി വിവിധ തൊഴിൽ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. തൊഴിലാളികൾക്ക് അവർ ജോലി ചെയ്യുന്ന തൊഴിൽ മേഖലകൾക്കനുസരിച്ച് വിവിധ ക്ഷേമനിധി ബോർഡുകൾ വഴി അംഗത്വം നൽകി അർഹതയ്ക്കനുസരിച്ച് പദ്ധതിപ്രകാരമുള്ള പെൻഷൻ, വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്, വനിതാ അംഗങ്ങൾക്കുള്ള പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, വിവാഹ ധനസഹായം, മരണാനന്തരാനുകൂല്യം ഉൾപ്പെടെ വിവിധ ആനുകൂല്യങ്ങൾ നൽകി വരുന്നു.

(ബി) എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും ഉയർന്ന വേതനവും മറ്റ് സാമൂഹിക സുരക്ഷാ പദ്ധതികളും ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കുമോ?

1948-ലെ മിനിമം വേതന നിയമപ്രകാരമുള്ള ഷെഡ്യൂൾ എംപ്ലോയ്മെന്റ് ലിസ്റ്റിൽ ഉൾപ്പെട്ട 87 തൊഴിൽ മേഖലകളിലെ 85 തൊഴിൽ മേഖലകളിലും മിനിമം വേതനം വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ, തൊഴിലാളികൾക്കുള്ള വേതനം ബാങ്ക് മുഖേന നൽകുന്നതിനും മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും ബാങ്ക് സ്റ്റേറ്റ്മെന്റുകൾ

മോണിറ്റർ ചെയ്യുന്നതിനുമായി വേജ് പ്രൊട്ടക്ഷൻ സിസ്റ്റം തൊഴിൽ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിച്ചിട്ടുള്ള എല്ലാ തൊഴിൽ മേഖലകൾ കേന്ദ്രീകരിച്ചും തൊഴിൽ വകുപ്പിലെ ജില്ലാ ലേബർ ഓഫീസർമാരുടെ നേതൃത്വത്തിൽ നിശ്ചിത ഇടവേളകളിൽ സ്ക്വാഡ് പരിശോധനകളും അസിസ്റ്റന്റ് ലേബർ ഓഫീസർമാർ തങ്ങളുടെ അധികാര പരിധിയിൽ Routine സ്ഥാപന പരിശോധനകളും Centralised inspection system മുഖാന്തരമുള്ള പരിശോധനകളും നടത്തിവരുന്നുണ്ട്. മിനിമം വേതനം ലഭിക്കാത്തതുമായി ബന്ധപ്പെട്ട് തൊഴിലുടമയ്ക്കെതിരായി തൊഴിലാളിക്ക് നേരിട്ടോ ബന്ധപ്പെട്ട ട്രേഡ് യൂണിയൻ മുഖേനയോ ടി നിയമപ്രകാരമുള്ള ക്ലെയിം അധികാരി മുൻപാകെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുന്നതിനും നിയമത്തിൽ വ്യവസ്ഥയുണ്ട്. ഡെപ്യൂട്ടി ലേബർ കമ്മീഷണർമാർ തങ്ങളുടെ quasi judiciary power പ്രകാരം hearing നടത്തി ക്ലെയിം കേസുകൾ തീർപ്പാക്കി വരുന്നുണ്ട്. 09-05-2017-ലെ സ.ഉ.(പി.)നം.35/2017/LBR പ്രകാരം പേമെന്റ് ഓഫ് വേജസ് ആക്ടിൽ ഉൾപ്പെട്ട 39 തൊഴിൽ മേഖലകളിലും 08-07-2015-ലെ സ.ഉ.(പി.)നം.84/2015/LBR പ്രകാരം മിനിമം വേതന നിയമത്തിൽ ഉൾപ്പെട്ട 6 തൊഴിൽ മേഖലകളിലും വേജ് പ്രൊട്ടക്ഷൻ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്.

(സി) തൊഴിലാളികൾക്കായി നടപ്പാക്കുന്ന ജനനി ഭവന പദ്ധതിയുടെ പുരോഗതി വിശദീകരിക്കുമോ?

ലേബർ കമ്മീഷണറേറ്റ്

അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും

താങ്ങാവുന്ന വിലയിൽ വീട് നൽകുകയെന്നതാണ് ജനനി പദ്ധതി ലക്ഷ്യമിടുന്നത്. അസംഘടിതരായ ദരിദ്ര നഗര തൊഴിലാളികൾക്കും കുറഞ്ഞ വേതനക്കാർക്കും നല്ല നിലവാരമുള്ള താങ്ങാനാവുന്ന ഭവനങ്ങൾ ജനനി പദ്ധതി മുഖേന നൽകുന്നു.

1. ജനനി പദ്ധതി - അടിമാലി

ഇടുക്കി ജില്ലയിലെ അടിമാലിയിൽ ജനനി പദ്ധതിക്ക് കീഴിൽ 24.45 കോടി രൂപ ചെലവിൽ 217 യൂണിറ്റുകളുള്ള അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം ഭവനം ഫൗണ്ടേഷൻ പൂർത്തിയാക്കി. 2019-ൽ ലൈഫ് മിഷൻ കേരള വഴി അടിമാലി ഗ്രാമപഞ്ചായത്തിന് കൈമാറി.

2. ജനനി പദ്ധതി - പോഞ്ഞാശ്ശേരി

എറണാകുളം ജില്ലയിലെ പെരുമ്പാവൂർ പോഞ്ഞാശ്ശേരിയിൽ ജനനി പദ്ധതിക്ക് കീഴിൽ വാങ്ങിയ ഭൂമിയിൽ 2021-ൽ 74 അപ്പാർട്ട്മെന്റ് സമുച്ചയത്തിന്റെ നിർമ്മാണം പൂർത്തിയായി. ഈ അപ്പാർട്ട്മെന്റുകൾ ഗുണഭോക്താക്കൾക്ക് വിൽക്കാനുള്ള പ്രക്രിയ പുരോഗമിക്കുകയാണ്.

(ഡി) തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് ഏതെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലിയെടുക്കുന്ന തൊഴിലാളികൾക്കും അവരുടെ ആശ്രിതർക്കും സാമൂഹികസുരക്ഷ ഉറപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിന്റെ

കീഴിൽ 16 ക്ഷേമനിധി ബോർഡുകൾ പ്രവർത്തിച്ചുവരുന്നു. ടി ബോർഡുകളിൽനിന്നും തൊഴിലാളികൾക്ക് പെൻഷൻ, അവശത പെൻഷൻ, മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം എന്നിങ്ങനെ വിവിധങ്ങളായ ആനുകൂല്യങ്ങൾ നൽകിവരുന്നു. അതോടൊപ്പം കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വിവിധ ബോർഡുകളിൽ നിന്നും നടപ്പാക്കുന്ന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ പി.എഫ്. അക്കൗണ്ടിൽ നീക്കിയിരുപ്പുള്ള തുകയുടെ 75 ശതമാനം വരെ വായ്പയായി അനുവദിക്കുന്നു. കൂടാതെ ബോർഡിൽനിന്നും സ്കോളർഷിപ്പ് (വിദ്യാഭ്യാസം, കല-കായിക-ശാസ്ത്രം) നൽകി വരുന്നു.

2. കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ/ഉന്നത വിദ്യാഭ്യാസ ധനസഹായം നൽകിവരുന്നു.

3. കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്നും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനുവേണ്ടി എസ്.എസ്.എൽ.സി. സ്കോളർഷിപ്പ്, ഉന്നതവിദ്യാഭ്യാസത്തിനുള്ള ധനസഹായം, ഡിഗ്രി, പോസ്റ്റ് ഗ്രാജ്വേഷൻ, സിവിൽ സർവീസ് തുടങ്ങിയവയിൽ ഉന്നത വിജയം നേടിയവർക്ക് പ്രത്യേക സ്കോളർഷിപ്പ് എന്നിങ്ങനെ അനുവദിച്ചുനൽകിയിട്ടുണ്ട്.

4. കേരള ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡിലെ അംഗ തൊഴിലാളികളുടെ കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

ഉന്നത വിദ്യാഭ്യാസ ധനസഹായം- 1000/- രൂപ മുതൽ 3000/- രൂപ വരെ

എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ് - 3000/- രൂപ

എസ്.എസ്.എൽ.സി. പഠന സഹായം - 1000/- രൂപ

മെഡിക്കൽ/എഞ്ചിനീയറിങ് എൻട്രൻസ് കോച്ചിങ് ധനസഹായം - 5000/- രൂപ

5. കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ്

കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സ്കോളർഷിപ്പ് ഇനത്തിൽ 1000/- രൂപ മുതൽ പരമാവധി 5000/- രൂപ വരെയും ക്യാഷ് അവാർഡ് ഇനത്തിൽ 1500/- രൂപ മുതൽ പരമാവധി 5000/- രൂപ വരെയും നൽകി വരുന്നു.

6. കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളുടെ ഹൈസ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സ് ഉൾപ്പെടെയുള്ള വിദ്യാഭ്യാസത്തിന് ഗ്രാന്റ് നൽകുന്നു. നിലവിൽ ഓരോ അധ്യയന വർഷത്തിലും അനുവദിക്കാവുന്ന പരമാവധി തുകയായ 500/- രൂപ മുതൽ 5000/- രൂപ വരെ നൽകിവരുന്നു.

7. കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ്

കേരള ചുമട്ടു തൊഴിലാളി ക്ഷേമ ബോർഡ് അൺ അറ്റാച്ച്ഡ് വിഭാഗം തൊഴിലാളികളുടെ സാമൂഹിക സുരക്ഷയും കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസവും ഉറപ്പാക്കുന്നതിന് താഴെ പറയുന്ന വിവിധ ആനുകൂല്യങ്ങൾ നൽകിവരുന്നു.

വിദ്യാഭ്യാസ ധനസഹായം

അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുള്ള തൊഴിലാളികൾക്ക് സ്കൂൾ തുറക്കുന്ന സമയത്ത് 1,000/- രൂപ വീതം ധനസഹായം നൽകുന്നു.

പഠനോപകരണ ഗ്രാന്റ്

തൊഴിലാളികളുടെ 1 മുതൽ 5 വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് 1000/- രൂപ വീതം സ്കൂൾ തുറക്കുന്ന സമയത്ത് നൽകി വരുന്നു.

അവാർഡ് ഓഫ് സ്കോളർഷിപ്പ് (പ്ലാൻ 1989)

അഞ്ചാം ക്ലാസ്സ് മുതൽ ബിരുദാനന്തര കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ എന്നിവ പാസ്സാകുന്ന തൊഴിലാളികളുടെ മക്കളായ കുട്ടികൾക്ക് 450/- രൂപ മുതൽ 10,000/- രൂപ വരെ നൽകിവരുന്നു.

പ്രതിമാസ സ്കോളർഷിപ്പ്

കമ്മിറ്റി/സബ് ഓഫീസ് തലത്തിൽ എസ്.എസ്.എൽ.സി.-ക്ക് ഫുൾ A+ വാങ്ങി പാസ്സാകുന്ന തൊഴിലാളികളുടെ കുട്ടികൾക്ക് തുടർന്നുള്ള രണ്ട് വർഷം +1, +2 കോഴ്സിന് 400/- രൂപ വീതം പ്രതിമാസ സ്കോളർഷിപ്പ് നൽകുന്നു.

വിദ്യാഭ്യാസ വായ്പ

മെഡിസിൻ, എഞ്ചിനീയറിങ്, പോസ്റ്റ് ഗ്രാജ്വേഷൻ വിഭാഗങ്ങളിൽ പഠിക്കുന്ന വിദ്യാർഥികളുള്ള തൊഴിലാളികൾക്ക് വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി 1,00,000/- രൂപ 6% പലിശയോടെ അനുവദിക്കുന്നു. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് അനുവദിച്ചുവരുന്ന വിദ്യാഭ്യാസ വായ്പയിൽ നിശ്ചിത തുക പരിധിയിലുള്ള ലാപ് ടോപ്പ് വാങ്ങുന്നതിനും കൂടി നൽകുന്നതിനുള്ള അനുമതിയുണ്ട്.

ലാപ് ടോപ്പ്

MBBS, BDS, BAMS, BHMS, BVS, B.Tech, M.Tech കോഴ്സുകൾക്ക് സമ്പൂർണ്ണമായും സർക്കാർ കോളേജുകളിൽ മെറിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടിയ തൊഴിലാളികളുടെ മക്കൾക്ക് ലാപ്ടോപ് അനുവദിച്ചുവരുന്നു.

SSLC, +2 ഫുൾ A+ നേടിയ കുട്ടികൾക്ക് പാരിതോഷികം

തൊഴിലാളികളുടെ മക്കളിൽ SSLC-ക്ക് ഫുൾ A+ വാങ്ങുന്ന കുട്ടികൾക്ക് 7,500/- രൂപ വീതവും +2 വിന് ഫുൾ A+ വാങ്ങുന്ന കുട്ടികൾക്ക് 10,000/- രൂപ വീതവും വിതരണം നടത്തി വരുന്നു.

8. കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യം നൽകി വരുന്നു.

9. കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡ്

കേരള ലേബർ വെൽഫെയർ ഫണ്ട് ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ

മക്കളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസത്തിനായി ഹൈസ്കൂൾ വിദ്യാഭ്യാസ ഗ്രാന്റ്, SSLC ക്യാഷ് അവാർഡ്, ഉന്നത വിദ്യാഭ്യാസ ഗ്രാന്റ്, ഐ.ടി.ഐ. പരിശീലന പദ്ധതി, സിവിൽ സർവീസ് പരിശീലന പദ്ധതി, മെഡിക്കൽ എഞ്ചിനീയറിങ് പരിശീലന പദ്ധതി, കമ്പ്യൂട്ടർ കോഴ്സ് പരിശീലന പദ്ധതി എന്നിവ നൽകി വരുന്നു.

10. കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ പഠന മികവ് പുലർത്തുന്ന മക്കൾക്ക് സ്കോളർഷിപ്പ്, സ്പെഷ്യൽ റിവാർഡ് എന്നിവയും ബോർഡ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തീരുമാനത്തിന് വിധേയമായി ലാപ്പ്ടോപ്പ്, സൗജന്യ പഠനോപകരണ കിറ്റ് എന്നിവയും അനുവദിച്ച് നൽകുന്നു.

11. കേരള ഷോപ്പ് ആൻഡ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി പദ്ധതിപ്രകാരം ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അംഗങ്ങളുടെ മക്കൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിദ്യാഭ്യാസാനുകൂല്യം, ക്യാഷ് അവാർഡ് എന്നീ ആനുകൂല്യങ്ങളും ബോർഡിൽ നൽകിവരുന്നു.

12. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരളം ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ് നൽകി വരുന്നു.

13. കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡ്

കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ കുട്ടികളുടെ മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സ്കോളർഷിപ്പ്, ക്യാഷ് അവാർഡ് എന്നിവ ബോർഡിന്റെ തനത് ഫണ്ടിൽ നിന്നും നൽകി വരുന്നുണ്ട്.

14. കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡ്

ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ, 8-ാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ കോഴ്സ് വരെ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികൾക്ക് 1,000/- രൂപ മുതൽ 6,000/- രൂപ വരെ സ്കോളർഷിപ്പ് നൽകി വരുന്നു.

ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ SSLC-ക്ക് സംസ്ഥാന അടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് സ്വർണ്ണമെഡലും ക്യാഷ് അവാർഡുകളും നൽകി വരുന്നു. ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കളിൽ SSLC-ക്ക് ജില്ലാ അടിസ്ഥാനത്തിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നേടുന്ന കുട്ടികൾക്ക് ക്യാഷ് അവാർഡുകൾ നൽകി വരുന്നു.

2026-27 അധ്യയന വർഷം മുതൽ 1 മുതൽ 7 ക്ലാസ്സുകളിൽ പഠിക്കുന്ന തൊഴിലാളികളുടെ മക്കൾക്ക് പഠന കിറ്റ് നൽകുന്നതിനുള്ള പദ്ധതി ആരംഭിക്കുന്നതാണ്. കൂടാതെ ദേശീയ-സംസ്ഥാന തലങ്ങളിൽ മികവ് തെളിയിച്ച ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ക്യാഷ് അവാർഡ് നൽകാൻ തീരുമാനിച്ചിട്ടുള്ളതാണ്.

ലാപ്ടോപ് നൽകുന്ന പദ്ധതി

സർക്കാർ/സർക്കാർ അംഗീകൃത കോളേജുകളിൽ MBBS, B-Tech, M-Tech, BAMS, BDS,

BVSC & AH, M Arch, B Arch, PG Ayurveda, PG Homeo, BHMS, MD, MDS, MVSc & AH, MBA, MCA, MS, Bachelor of Siddha Medicine & Surgery, Bachelor of Unani Medicine & Surgery, BSC Agriculture (Honors), BSC Forestry (Honors), BSC Environmental Science & Climate Change (Honors), Bachelor of Fisheries Science (BFSc), BPharm എന്നീ കോഴ്സുകളിൽ കേരള/കേന്ദ്ര സർക്കാർ എൻട്രൻസ് മുഖേന പ്രവേശനം ലഭിക്കുന്ന ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് ലാപ്പ്ടോപ്പുകൾ നൽകി വരുന്നു.

കേരള കള്ള് വ്യവസായ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ ആശ്രിതർക്കായി കിലെ സർവീസ് അക്കാദമിയിൽ പഠനചെലവിനുള്ള കോഴ്സ് ഫീസായി നിശ്ചയിച്ചിട്ടുള്ള തുകയുടെ 50% തുക കേരള കള്ള് വ്യവസായക്ഷേമനിധി ബോർഡിന്റെ ഫണ്ടിൽനിന്നും അനുവദിച്ച് നൽകി വരുന്നു.

15. കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാബോർഡ്

കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് സ്കോളർഷിപ്പ്, എൽ.കെ.ജി./ഒന്നാം ക്ലാസ്സ് വിഭാഗത്തിൽ അഡ്മിഷനാകുന്ന കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങുന്നതിന് ധനസഹായം എന്നിവ നൽകി വരുന്നു.

(ഇ) സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള മിനിമം കൂലി നൽകാൻ ശേഷിയില്ലാത്ത തൊഴിലുടമകളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള മിനിമം കൂലി നൽകാൻ ശേഷിയില്ലാത്ത തൊഴിലുടമകളെ സഹായിക്കുന്നതിന് പ്രത്യേക പദ്ധതിയൊന്നും തൊഴിൽ വകുപ്പ് മുഖേന നിലവിൽ രൂപീകരിച്ചിട്ടില്ല.

പടിയൂർ ഐ.ടി.ഐ.-ക്ക് കെട്ടിട നിർമ്മാണം

283 (1523) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ പടിയൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണ പുരോഗതി അറിയിക്കാമോ; കെട്ടിട നിർമ്മാണം എപ്പോഴേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

പടിയൂർ ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 09-12-2020-ലെ സ.ഉ.(സാധാ.)നം.1314/2020/തൊഴിൽ പ്രകാരം 4,97,50,000/- (നാല് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയുടെ ഭരണാനുമതി അനുവദിച്ചിരുന്നു. ആയത് പ്രകാരം നിലവിൽ കെട്ടിട നിർമ്മാണത്തിന്റെ 60% പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

(ബി) പ്രസ്തുത ഐ.ടി.ഐ.-യിൽ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്; പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

പടിയൂർ ഐ.ടി.ഐ.-യിൽ ഫിറ്റർ ട്രേഡ് മാത്രമാണ് നിലവിലുള്ളത്. നിലവിലുള്ള ഐ.ടി.ഐ.-കളിൽ പുതിയ ട്രേഡുകൾ അനുവദിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

തൊടുപുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ

284 (1524) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-25 കാലയളവിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിനുകീഴിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കാമോ?

തൊഴിൽ വകുപ്പ് മണ്ഡലാടിസ്ഥാനത്തിൽ പ്രത്യേകമായി പദ്ധതികളൊന്നും തയ്യാറാക്കുന്നില്ല. സംസ്ഥാനമാകെ ബാധകമായ പൊതു പദ്ധതികൾ അർഹതാമാനദണ്ഡമനുസരിച്ച് തൊടുപുഴ നിയോജകമണ്ഡലത്തിനും ബാധകമാണ്.

2021-25 കാലയളവിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ തൊഴിൽ വകുപ്പിന് കീഴിൽ തൊടുപുഴ ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം തൊടുപുഴ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സമന്വയ പദ്ധതി

പട്ടികജാതി/പട്ടികവർഗ വിഭാഗത്തിലുൾപ്പെട്ട ഉദ്യോഗാർഥികളുടെ സമഗ്ര തൊഴിൽ വികസനം ലക്ഷ്യം വച്ച് 2023-2024 സാമ്പത്തിക വർഷം 30 ഉദ്യോഗാർഥികൾക്കായി 60 ദിവസത്തെ സൗജന്യ മത്സര പരീക്ഷാ പരിശീലന പരിപാടി നടപ്പാക്കി. പദ്ധതി നടത്തിപ്പിനായി ഈ കാര്യാലയത്തിന് 4,60,000/- (നാല് ലക്ഷത്തി അറുപതിനായിരം) രൂപ അനുവദിച്ചിരുന്നു. മത്സര പരീക്ഷാ പരിശീലന പരിപാടിയിൽ പങ്കെടുത്ത 30 കുട്ടികൾക്ക് സ്റ്റൈപ്പന്റ്, സ്റ്റഡി മെറ്റീരിയലുകൾ എന്നിവ നൽകുകയുണ്ടായി. 12-06-2023 മുതൽ

23-08-2023 വരെ ആയിരുന്നു പരിശീലന കാലയളവ്.

കൂടാതെ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിന്റെ ആഭിമുഖ്യത്തിൽ തൊടുപുഴ നിയോജകമണ്ഡലത്തിൽ 2 തൊഴിൽ മേളകൾ ഈ കാലയളവിൽ നടത്തിയിട്ടുണ്ട്.

വ്യാവസായിക പരിശീലന വകുപ്പിലെ തസ്തികകൾ

285 (1525) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക പരിശീലന വകുപ്പിലെ അരിത്തമാറ്റിക് കം ഡ്രോയിങ് ഇൻസ്ട്രക്ടർ, എംപ്ലോയബിലിറ്റി സ്കിൽ ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ നിന്നായി 50 അധ്യാപക തസ്തികകൾ വെട്ടിക്കുറച്ചത് ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണോയെന്ന് വിശദമാക്കാമോ?

ഉദ്യോഗസ്ഥഭരണപരിഷ്കാര വകുപ്പ് ശാസ്ത്രീയമായ പഠനം നടത്തിയിട്ടില്ല.

(ബി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ എത്ര ഐ.ടി.ഐ.-കളാണ് പ്രവർത്തിക്കുന്നതെന്നും പ്രസ്തുത സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവിടങ്ങളിൽ നിലവിലുള്ള ട്രേഡുകൾ, യൂണിറ്റുകൾ, സീറ്റുകൾ എന്നിവയുടെ എണ്ണം എത്രയാണെന്നും പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ നിലവിൽ 108 ഐ.ടി.ഐ.-കൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്ഥാപനങ്ങൾ ട്രേഡുകൾ, യൂണിറ്റുകൾ, സീറ്റുകൾ എന്നിവയുടെ

വിശദവിവരം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(സി) വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ ഓരോ ട്രേഡിലും അനുവദിച്ചിട്ടുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികകളുടെ എണ്ണവും ഓരോ ട്രേഡിലും പ്രസ്തുത തസ്തികയിൽ നിന്നും സ്പെഷ്യൽ റൂൾ പ്രകാരം പ്രൊമോഷൻ നൽകാവുന്ന തസ്തികകളുടെ എണ്ണവും നിലവിൽ ഈ തസ്തികയിൽനിന്നും ഓരോ ട്രേഡിലേക്കും പ്രൊമോഷൻ അനുവദിച്ചിട്ടുള്ളവരുടെ എണ്ണവും പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിന് കീഴിൽ സംസ്ഥാനത്താകെ ഓരോ ട്രേഡിലും അനുവദിച്ചിട്ടുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികകളുടെ എണ്ണം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

വകുപ്പിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് സ്ഥാനക്കയറ്റം നൽകാവുന്ന തസ്തികകളുടെ എണ്ണം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

വർക്ക് ഷോപ്പ് അറ്റൻഡർ തസ്തികയിൽനിന്ന് ഓരോ ട്രേഡിലേക്കും സ്ഥാനക്കയറ്റം അനുവദിച്ചവരുടെ എണ്ണം (നിലവിൽ സേവനത്തിലുള്ളവർ അടിസ്ഥാനമാക്കി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

(ഡി) വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ, ഗ്രൂപ്പ് ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.
+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിവരങ്ങൾ (പേര്, പെൻ നമ്പർ, തസ്തിക, ജൂനിയർ/സീനിയർ ഇൻസ്ട്രക്ടർമാരുടെ കാര്യത്തിൽ ട്രേഡ് സഹിതം) ക്രമനമ്പർ ഉൾപ്പെടുത്തി പട്ടിക തിരിച്ച് ലഭ്യമാക്കാമോ?

വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ, സീനിയർ ഇൻസ്ട്രക്ടർ എന്നീ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങളും ഗ്രൂപ്പ് ഇൻസ്ട്രക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ വിവരങ്ങളും അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.+

പേരാമ്പ്ര ഗവ. ഐ.ടി.ഐ.

286 (1526) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര ഗവ. ഐ.ടി.ഐ.-യിൽ നിലവിൽ എത്ര കുട്ടികളാണുള്ളത്; ഓരോ വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം എത്രയാണ്?

പേരാമ്പ്ര ഗവ. ഐ.ടി.ഐ.-യിൽ നിലവിൽ 169 കുട്ടികളാണുള്ളത്. ഓരോ വിഭാഗത്തിലും പഠിക്കുന്ന കുട്ടികളുടെ എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്+.

(ബി) ഐ.ടി.ഐ.-യുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

പേരാമ്പ്ര ഐ.ടി.ഐ.-യുടെ കെട്ടിട നിർമ്മാണത്തിനായി 2020-21 സാമ്പത്തിക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വർഷം 6,76,84,102/- രൂപയുടെ ഭരണാനുമതി അനുവദിച്ചത് പ്രകാരം കെട്ടിടത്തിന്റെ ഒന്നാം നിലവരെയുള്ള നിർമ്മാണം പൂർത്തിയായി വരുന്നു. ശേഷിക്കുന്ന പ്രവൃത്തിക്കായി നടപ്പ് സാമ്പത്തിക വർഷത്തിൽ ₹2.92 കോടി രൂപ കൂടി അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഈ സാമ്പത്തിക വർഷത്തിൽ ചുറ്റുമതിൽ നിർമാണത്തിനായി ₹1.33 കോടി രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി

287 (1527) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വല്യാപ്പള്ളി, മണിയൂർ ഐ.ടി.ഐ.-കളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സർക്കാരിന്റെ സാമ്പത്തികനില മെച്ചമാകുന്നമുറയ്ക്ക് പരിശോധിക്കുന്നതാണ്.

കൈവല്യ പദ്ധതി

288 (1528) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൈവല്യ പദ്ധതിപ്രകാരം കായംകുളം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ ഏതെല്ലാം പരിശീലന പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്നും എത്ര ഉദ്യോഗാർഥികൾക്കാണ് പരിശീലനം ലഭിച്ചതെന്നും വർഷം തിരിച്ചുള്ള കണക്കുകൾ

ലഭ്യമാക്കാമോ?

കൈവല്യ പദ്ധതിപ്രകാരം കായംകുളം നിയോജകമണ്ഡലത്തിൽ 2016 മുതൽ നാളിതുവരെ നടത്തിയിട്ടുള്ള പരിശീലന പരിപാടികളുടെയും ടി പരിശീലന പരിപാടികളിൽ എത്ര ഉദ്യോഗാർഥികൾക്ക് പരിശീലനം ലഭിച്ചിട്ടുണ്ടെന്നുമുള്ള വർഷം തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾ

289 (1529) ശ്രീ. ടി. ഐ. മധുസൂദനൻ
ശ്രീ. പി. നന്ദകുമാർ
ശ്രീ. എം. മുകേഷ്
ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനിടെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങളിലുണ്ടായ പുരോഗതി വിശദമാക്കാമോ?

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളിൽനിന്നും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന കഴിഞ്ഞ പത്ത് വർഷത്തിനിടെ ആകെ 1,16,183 ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. അതിൽ 22,804 സ്ഥിര നിയമനവും 93,379 താൽക്കാലിക നിയമനവും ഉൾപ്പെടുന്നു.

(ബി) വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർഥികളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനായി നടപ്പാക്കുന്ന പ്രധാന പദ്ധതികളും ഗുണഭോക്താക്കൾക്ക് ഇതുവരെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിച്ച സഹായങ്ങളും വിശദമാക്കാമോ?

വിവിധ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർഥികളെ സ്വയംതൊഴിൽ കണ്ടെത്താൻ സഹായിക്കുന്നതിനായി നടപ്പാക്കുന്ന 5 സ്വയംതൊഴിൽ പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ആധുനികവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ടോ; കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ രംഗത്തുണ്ടായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ കൂടുതൽ ആധുനികവൽക്കരിക്കാൻ കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഈ രംഗത്തുണ്ടായ മാറ്റങ്ങൾ അനുബന്ധമായി ചേർക്കുന്നു.+

(ഡി) ഭിന്നശേഷിക്കാർ, പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർഥികളിൽനിന്നും ഭിന്നശേഷിക്കാർ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ എന്നിവരുടെ ഉന്നമനത്തിനായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയവരുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

ഭിന്നശേഷിക്കാർ - 12,666

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പട്ടികജാതി വിഭാഗം - 17,226

പട്ടികവർഗ വിഭാഗം - 2,092

(ഇ) ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിൽ സർക്കാരിന് എത്രത്തോളം മുന്നേറാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്കും മത്സരപരീക്ഷകൾക്കായി തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1,000/- രൂപ സാമ്പത്തിക സഹായം നൽകുന്ന 'മുഖ്യമന്ത്രിയുടെ കണകട് ടു വർക്ക്' പദ്ധതി ആരംഭിച്ചു.

ഉദ്യോഗാർഥികൾക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്ന കാര്യത്തിൽ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സമന്വയ പദ്ധതി നടപ്പാക്കിവരുന്നുണ്ട്. പി.എസ്.സി./യു.പി.എസ്.സി./എസ്.എസ്.സി. മത്സര പരീക്ഷയ്ക്കുള്ള പരിശീലനം, അഭിമുഖം, സംഘ ചർച്ച എന്നിവയ്ക്കുള്ള പ്രായോഗിക പരിശീലനം, മത്സര പരീക്ഷകൾക്കായും മറ്റും ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുന്നതിനാവശ്യമായ സാങ്കേതിക പരിജ്ഞാനം പകർന്നുനൽകുന്നതിനുള്ള പ്രവർത്തനങ്ങൾ, കരിയർ മാർഗനിർദേശം, സ്വയം തൊഴിൽ ചെയ്യാനുള്ള നൈപുണ്യ വികസന പിന്തുണ, സംരംഭകത്വ വികസനം, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ കൂടുതലായി അധിവസിക്കുന്ന വിദൂര പ്രദേശങ്ങളിലെ മേഖലയിൽ നേരിട്ടെത്തി തൊഴിൽ മാർഗനിർദേശം തുടങ്ങി വിവിധ പ്രവർത്തനങ്ങൾ പദ്ധതിയുടെ ഭാഗമായി വരുന്നുണ്ട്.

പാലക്കാട് ജില്ലയിലെ എംപ്ലോയ്മെന്റ് ഏക്സ്ചേഞ്ച് മുഖേനയുള്ള നിയമനം

290 (1530) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം (2021 ജൂൺ മുതൽ നാളിതുവരെ) പാലക്കാട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 3409 ഉദ്യോഗാർഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) ഏതെല്ലാം വകുപ്പുകളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയ ഉദ്യോഗാർഥികളുടെ വിവരങ്ങൾ വകുപ്പ് തിരിച്ചും തസ്തിക തിരിച്ചും അനുബന്ധമായി ചേർത്തിരിക്കുന്നു.+

പയ്യന്നൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന് കെട്ടിട നിർമ്മാണം

291 (1531) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കേന്ദ്രമായി അനുവദിച്ച കരിയർ ഡെവലപ്പ്മെന്റ് സെന്ററിന് കെട്ടിടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിർമ്മിക്കാൻ സ്വകാര്യ ഭൂമി സൗജന്യമായി സർക്കാരിന് നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

പയ്യന്നൂർ കരിയർ ഡെവലപ്പ്മെന്റ് സെന്റർ കെട്ടിടം നിർമ്മിക്കുന്നതിന് സൗജന്യമായി സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പയ്യന്നൂർ കണ്ടംകാളി വികസന സമിതിയുടെ പേരിൽ പയ്യന്നൂർ താലൂക്കിൽ പയ്യന്നൂർ വില്ലേജിൽ 210/102/(Old) സർവെ നമ്പരിൽ വരുന്ന 12 സെന്റ് സ്ഥലമാണ് സൗജന്യമായി നൽകിയിട്ടുള്ളത്

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

കിലേ സിവിൽ സർവീസ് കോച്ചിങ് ക്ലാസുകൾ

292 (1532) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആൻഡ് എംപ്ലോയ്മെന്റിൽ നാളിതുവരെ എത്ര സിവിൽ സർവീസ് കോച്ചിങ് ക്ലാസുകൾ നടത്തിയിട്ടുണ്ട്; വ്യക്തമാക്കാമോ?

അഞ്ച് സിവിൽ സർവീസ് കോച്ചിങ് ക്ലാസുകൾ നടത്തിയിട്ടുണ്ട്.

(ബി) മേൽ പരാമർശിച്ച പ്രകാരം സിവിൽ സർവീസ് കോച്ചിങ് ക്ലാസുകൾ നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുത്തവരിൽ സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷ എത്രപേർ വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ക്ഷേമനിധി ബോർഡുകൾക്ക് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികളുടെ മക്കളെ ഉന്നത പരീക്ഷകളിൽ വിജയിപ്പിക്കുന്നതിന് പ്രാപ്തരാക്കുക എന്നതാണ് ടി കോച്ചിങ് ക്ലാസുകൾ കൊണ്ട് ലക്ഷ്യമാക്കുന്നത്. സിവിൽ സർവീസ് പ്രിലിമിനറി പരീക്ഷയിൽ അവരിൽ ആർക്കും തന്നെ വിജയിക്കാനായിട്ടില്ല. എങ്കിലും ടി പരിശീലനം വഴി അവർക്ക് മറ്റുള്ള പൊതു പരീക്ഷകളിലും ഉന്നത വിജയികളാകാൻ സാധിക്കും.

(സി) കിലേ സർവീസ് അക്കാഡമിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ടെന്നും അവരുടെ തസ്തികകൾ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ?

കിലേ സർവീസ് അക്കാഡമിയിൽ 4 ജീവനക്കാരുണ്ട്. തസ്തിക ചുവടെ പറയും പ്രകാരമാണ്.

1. കോഴ്സ് കോ-ഓർഡിനേറ്റർ

2. കൺസൾട്ടന്റ്

3. എൽ.ഡി. ക്ലർക്ക്

4. കാഷ്വൽ സ്വീപ്പർ

(ഡി) കിലേ സർവീസ് അക്കാഡമിയിൽ അധ്യാപക നിയമനത്തിനായി

നിശ്ചയിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത നിയമനങ്ങൾ ഏത് രീതിയിലാണ് നടത്തുന്നതെന്നും വിശദമാക്കാമോ?

ബിരുദം അടിസ്ഥാന യോഗ്യതയുള്ളവരും യു.പി.എസ്.സി. പരിശീലന മേഖലയിൽ പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ളവരും മറ്റ് ഐ.എ.എസ്. അക്കാഡമികളിൽ പഠിപ്പിച്ചുള്ള പരിചയമോ സിവിൽ സർവീസ് /പ്രിലിംസ്/മെയിൻ പരീക്ഷകൾ അറ്റന്റ് ചെയ്തവരോ ആയ വിഷയവിദഗ്ധർ മണിക്കൂർ അടിസ്ഥാനത്തിൽ ഗസ്റ്റ് ഫാക്കൽറ്റികളായി ക്ലാസുകൾ കൈകാര്യം ചെയ്യുന്നു.

(ഇ) കിലേയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്നും അതിൽ സ്ഥിരം ജീവനക്കാരുടെയും താൽക്കാലിക ജീവനക്കാരുടെയും എണ്ണം എത്രയെന്നും വ്യക്തമാക്കാമോ; കൂടാതെ, താൽക്കാലിക ജീവനക്കാർ ഏതൊക്കെ തസ്തികകളിലാണ് ജോലി ചെയ്യുന്നതെന്ന് വിശദമാക്കാമോ?

ആകെ ജീവനക്കാർ - 17

സ്ഥിരം ജീവനക്കാർ - 5

താൽക്കാലിക ജീവനക്കാർ - 10

ഡെപ്യൂട്ടേഷൻ ജീവനക്കാർ -2

പ്രോജക്ട് കോ-ഓർഡിനേറ്റർ, റിസർച്ച് കോ-ഓർഡിനേറ്റർ, റിസർച്ച് അസ്സോസിയേറ്റ്, എൽ.ഡി. ക്ലർക്ക്, ടെലിഫോൺ കം അറ്റൻഡർ, ഡ്രൈവർ കം അറ്റൻഡർ, ഡ്രൈവർ,

ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകളിലാണ് താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നത്.

ഫോർട്ട് കൊച്ചി ഇ.എസ്.ഐ. സബ്സ്റ്റോറിലെ മരുന്ന് വിതരണത്തിന് തടസ്സം

293 (1533) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഷ്വറൻസ് മെഡിക്കൽ സർവീസ് വകുപ്പിന് കീഴിൽ ഇടുക്കി, എറണാകുളം, തൃശ്ശൂർ, ആലപ്പുഴ ജില്ലകളിൽ ഉൾപ്പെടുന്ന സെൻട്രൽ സോണിലെ 56 ഇ.എസ്.ഐ. ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും മരുന്നുകൾ വിതരണം ചെയ്യുന്ന ഫോർട്ട് കൊച്ചി സബ്സ്റ്റോറിലെ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാതായിട്ട് മൂന്ന് വർഷത്തിലധികമായി എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹനനയം പ്രകാരം 15 വർഷം കഴിഞ്ഞ വാഹനങ്ങൾ നിരത്തിലിറക്കുന്നതിന് നിരോധനം ഏർപ്പെടുത്തിയ സാഹചര്യത്തിലാണ് സബ് സ്റ്റോറിലെ സ്റ്റോർ വാൻ മരുന്ന് വിതരണത്തിന് ഉപയോഗിക്കാൻ സാധ്യമാകാതെ വന്നത്. അടിയന്തര സാഹചര്യത്തിൽ മരുന്നുകളുടെ വിതരണത്തിനായി വാടക വാഹനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഫോർട്ട് കൊച്ചി സബ്സ്റ്റോറിൽ മെഡിസിൻ ക്യാരിയർ വാഹനം ഇല്ലാത്തതിനാൽ പകരം സംവിധാനമായി ഏർപ്പെടുത്തിയ കരാർ വാഹനത്തിന് വാടക കുടിശ്ശിക ഉണ്ടായിരിക്കുന്നതിനെ തുടർന്ന് ഇ.എസ്.ഐ. ആശുപത്രികളിലേക്കും

ഡിസ്പെൻസറികളിലേക്കും മരുന്ന് വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(സി) മേല്പറഞ്ഞ കാരണങ്ങളാൽ 4 ജില്ലകളിലെ 56 ഇ.എസ്.ഐ. സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട 7.5 ലക്ഷം ഇ.എസ്.ഐ. ഗുണഭോക്താക്കളും അവരുടെ കുടുംബവും നേരിടുന്ന ബുദ്ധിമുട്ടുകളും പ്രയാസങ്ങളും പരിഹരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

(ബി&സി) മരുന്ന് വിതരണം നടത്തുന്നതിനുള്ള കരാർ കമ്പനിക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്ത് തീർത്ത് നിലവിൽ മരുന്ന് വിതരണം സുഗമമായി നടന്നുവരുന്നുണ്ട്.

(ഡി) സ്റ്റോറിൽനിന്നും യഥാസമയം മരുന്നുകൾ ഇ.എസ്.ഐ. ആശുപത്രികളിലേക്കും ഡിസ്പെൻസറികളിലേക്കും എത്താത്തതിനാൽ മരുന്നിന്റെ ഉപയോഗ കാലാവധി കാലഹരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടായിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

മരുന്ന് വിതരണത്തിന് വാടകയ്ക്കെടുത്ത കരാർ കമ്പനിക്ക് കുടിശ്ശിക ഇനത്തിൽ നൽകാനുള്ള തുക വർധിച്ച് വന്ന ഘട്ടത്തിൽ ഇ.എസ്.ഐ. ഡിസ്പെൻസറികളിൽനിന്നും ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും പിക്കപ്പ് വാനുകളും മറ്റ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി മരുന്ന് വിതരണം സുഗമമായി നിർവഹിച്ച് വരുന്നതിനാൽ സ്റ്റോറിൽനിന്നും യഥാസമയം മരുന്നുകൾ ഇ.എസ്.ഐ. ഡിസ്പെൻസറികളിലേക്കും ആശുപത്രികളിലേക്കും എത്താത്തത് വഴി മരുന്നിന്റെ ഉപയോഗകാലാവധി കഴിഞ്ഞത്

പോലുള്ള സംഭവങ്ങളൊന്നുംതന്നെ ഉണ്ടാകാതെ ശ്രദ്ധിച്ചിട്ടുണ്ട്.

(ഇ) മരുന്നുകൾ യഥാസമയം വിതരണം ചെയ്യുന്നതിന് ഫോർട്ട് കൊച്ചി ഇ.എസ്.ഐ. സബ്സ്റ്റോറിലേക്ക് ഒരു പുതിയ മെഡിസിൻ ക്യാരിയർ വാഹനം അടിയന്തരമായി അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മരുന്ന് വിതരണത്തിനായി വകുപ്പിലെ 3 സബ് സ്റ്റോറുകളിലേക്കും 3 സ്റ്റോർ വാനുകൾ വാങ്ങുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

എറണാകുളം ജില്ലയിലെ ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

294 (1534) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗ്രൂപ്പ് വില്ലേജുകളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

തിരുവനന്തപുരം-03, എറണാകുളം-05, തൃശ്ശൂർ-59, കാസർഗോഡ്-28 ഉൾപ്പെടെ സംസ്ഥാനത്ത് ആകെ 95 ഗ്രൂപ്പ് വില്ലേജുകളുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഗ്രൂപ്പ് വില്ലേജുകൾ വിഭജിച്ചിട്ടുണ്ടെന്നും അതിനുവേണ്ടി ചെലവഴിച്ച തുക എത്രയാണെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ താലൂക്കിലെ പൊയ്യ-മടത്തുംപടി പള്ളിപ്പുറം എന്ന ഗ്രൂപ്പ് വില്ലേജിൽനിന്നും മടത്തുംപടി

വില്ലേജ് വിഭജിച്ച് ഉത്തരവായിട്ടുള്ളതാണ്. അതിനുവേണ്ടി നാളിതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ലാത്തതാണ്.

(സി) എറണാകുളം ജില്ലയിൽ എത്ര ഗ്രൂപ്പ് വില്ലേജുകളുണ്ടെന്നും എത്രകാലമായി ഇങ്ങനെ തുടരുന്നുവെന്നും വ്യക്തമാക്കാമോ?

എറണാകുളം ജില്ലയിൽ നിലവിൽ 5 ഗ്രൂപ്പ് വില്ലേജുകളുള്ളതും താലൂക്കുകൾ നിലവിൽവന്നത് മുതൽ ഗ്രൂപ്പ് വില്ലേജുകളായി നിലനിൽക്കുന്നതുമാണ്.

(ഡി) പ്രസ്തുത ജില്ലയിൽ എപ്പോഴെങ്കിലും ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടുണ്ടോ; എങ്കിൽ എപ്പോഴാണെന്നും അതിന് ചെലവായ തുക എത്രയാണെന്നും വ്യക്തമാക്കാമോ?

പ്രസ്തുത ജില്ലയിൽ ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം നടന്നിട്ടില്ലാത്തതാണ്.

(ഇ) എറണാകുളം ജില്ലയിൽ നിലവിലുള്ള ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാൻ എത്ര ചെലവ് വേണ്ടി വരുമെന്നും ഈ തുക കണ്ടെത്തുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

സംസ്ഥാനത്തെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ ഗ്രൂപ്പ് വില്ലേജ് വിഭജനം സാധ്യമാകുവെന്നതിനാൽ ഇതിനുവേണ്ടി വരുന്ന ചെലവും മറ്റുമുള്ള വിഷയങ്ങൾ പരിശോധിച്ചിട്ടില്ലാത്തതാണ്.

ചേറ്റുവ-രാമുകാര്യാട്ട് സ്മാരക സിനിമ തിയേറ്ററിന് റവന്യൂ ഭൂമി

295 (1535) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ നിയോജകമണ്ഡലത്തിൽ ബജറ്റിൽ ഉൾപ്പെടുത്തിയ ചേറ്റുവ-രാമുകാര്യാട്ട് സ്മാരക സിനിമ തിയേറ്ററിന് റവന്യൂ ഭൂമി അനുവദിക്കുന്നതിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പ്രസ്തുത ഭൂമി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ലാൻഡ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിൽ ഏങ്ങണ്ടിയൂർ വില്ലേജ് സർവെ നമ്പർ 22/1-ൽ ഉൾപ്പെട്ട 102.7 സെന്റ് ഭൂമി രാമുകാര്യാട്ട് സിനിമാ തീയറ്റർ നിർമ്മാണത്തിനായി 13,17,741/- രൂപ വാർഷിക പാട്ടത്തിന് നിബന്ധനകൾക്ക് വിധേയമായി കെ.എസ്.എഫ്.ഡി.സി.-ക്ക് പാട്ടത്തിന് അനുവദിക്കുന്ന വിഷയം, L3/118/2023/REV നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

പാലക്കാട് ജില്ലയിൽ ഡിജിറ്റൽ റീസർവെ

296 (1536) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ എത്ര വില്ലേജുകളിൽ ഡിജിറ്റൽ റീസർവെ പൂർത്തിയായിട്ടുണ്ടെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ മൂന്ന് ഘട്ടങ്ങളിലായി 23 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(ബി) പ്രസ്തുത ജില്ലയിൽ ഇപ്പോൾ ഡിജിറ്റൽ റീസർവെ നടന്നുക്കൊണ്ടിരിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

പാലക്കാട് ജില്ലയിൽ രണ്ട്, മൂന്ന് ഘട്ടങ്ങളിലായി 21 വില്ലേജുകളുടെ ഡിജിറ്റൽ റീസർവെ നടന്നുവരുന്നു. പ്രസ്തുത വില്ലേജുകളുടെ വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.+

(സി) അടുത്ത ഘട്ടത്തിൽ പാലക്കാട് ജില്ലയിൽ ഡിജിറ്റൽ റീസർവെ ചെയ്യാൻ ഉദ്ദേശിക്കുന്ന വില്ലേജുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

പാലക്കാട് ജില്ലയിൽ അടുത്ത ഘട്ടത്തിൽ (നാലാം ഘട്ടം) ഡിജിറ്റൽ റീസർവെ ചെയ്യാൻ ഉദ്ദേശിക്കുന്ന വില്ലേജുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. കൊപ്പം

2. മുതുതല

3. വെള്ളിനേഴി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

4. ചെർപ്പുളശ്ശേരി

5. പൂക്കോട്ടുകാവ്

6. ശ്രീകൃഷ്ണപുരം-1

7. കാരാക്കുറിശി

8. കോങ്ങാട് -2

9. പുത്തുപ്പരിയാരം-1

10. മുണ്ടൂർ-1

11. കണ്ണാടി-2

12. പിരായിരി

13. കുമരംപുത്തൂർ

14. മണ്ണാർക്കാട് -1

15. ആലത്തൂർ

16. മേലാർക്കോട്

17. കണ്ണമ്പ്ര-1

18. പെരിങ്ങോട്ടുകുറിശ്ശി-1

19. വണ്ടിത്താവളം

20. പട്ടഞ്ചേരി

21. നെല്ലിയാമ്പതി

22. എലവഞ്ചേരി

(ഡി) ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും ഏറ്റവും സുതാര്യമാക്കുകയെന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പാക്കുന്നത്. ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ സർവെസഭ, സർവെ ജാഗ്രതാ സമിതി എന്നിവയിലൂടെ കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പാക്കിവരുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽ തന്നെ ഭൂവുടമസ്ഥരെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റിക്കാർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ എന്റെ ഭൂമി

(Integrated Land Information Management System- ILIMS) സംയോജിത പോർട്ടൽ മുഖേന, ഭൂരേഖകളിൽ കണ്ടെത്തുന്ന പിശകുകൾ, അതിരുവ്യത്യാസങ്ങൾ, വിസ്തീർണ്ണ വ്യത്യാസങ്ങൾ, രേഖാ അപാകതകൾ തുടങ്ങിയവ സംബന്ധിച്ച് ഓൺലൈനായി LRM പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിന് സ്ഥലം അളന്ന് നൽകുന്നതിനുള്ള അപേക്ഷയിന്മേലുള്ള നടപടി

297 (1537) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന് നൽകിയ അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഫിഷ് ലാൻഡിങ് സെന്റർ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാൽ പദ്ധതിപ്രദേശം അടിയന്തരമായി അളന്ന് തിട്ടപ്പെടുത്തി നൽകുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 2022-23 സാമ്പത്തിക വർഷത്തെ എം.എൽ.എ. ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കണയന്നൂർ പേട്ട വളത്തിക്കടവിലെ ഫിഷ് ലാൻഡിങ് സെന്റർ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിട്ടപ്പെടുത്തി കൊടുക്കുന്നതിന്

നൽകിയ അപേക്ഷയിന്മേൽ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 02-11-2025-ന് കണയന്നൂർ ഭൂരേഖ തഹസിൽദാർക്ക് നിർദേശം നൽകുകയും തുടന്ന് എം.എൽ.എ., ജില്ലാ കളക്ടർ എന്നിവരുടെ സാന്നിധ്യത്തിൽ 12-01-2026-ൽ നടത്തിയ ഹിയറിങ്ങിൽ കണയന്നൂർ തഹസിൽദാർക്ക് (ഭൂരേഖ) പ്രസ്തുത ഭൂമി അടിയന്തരമായി അളന്ന് തിട്ടപ്പെടുത്താൻ നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഭൂമിയുടെ പാട്ട വ്യവസ്ഥ

298 (1538) ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. കെ. പി. എ. മജീദ്:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി 99 വർഷത്തേക്ക് പാട്ടത്തിന് നൽകുന്ന സമ്പ്രദായം അവസാനിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പുതിയ വ്യവസ്ഥകൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

മേൽ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

(ബി) പാട്ടക്കുടിശ്ശിക ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ പിരിച്ചെടുക്കാനുള്ള തുക 408.53 കോടി രൂപയാണ്. ആയതിൽ അപ്പലേറ്റ് അതോറിറ്റി, സർക്കാർ, കോടതി എന്നിവിടങ്ങളിൽ സ്റ്റേയുള്ളത് 390.81 കോടി രൂപയാണ്.

പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 17.72 കോടി രൂപയാണ്. ആയതിൽ 3.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 14.55 കോടി രൂപ ഇനിയും പിരിച്ചെടുക്കാനുണ്ട് (2025 നവംബർ ഡി.സി.ബി. പ്രകാരം). ആയതിന്റെ ജില്ലാ തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.+

(സി) പാട്ടക്കുടിശ്ശിക കൃത്യമായി പിരിച്ചെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോള വിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടക്കുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനെസ്റ്റി സ്കീം നടപ്പാക്കുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായിട്ടുള്ളതും ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്.

അട്ടപ്പാടിയിലെ ഭൂമിപ്രശ്നം

299 (1539) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടി താലൂക്കിൽ വർഷങ്ങളായി കൈവശം വച്ച് കൃഷി ചെയ്തുവരുന്ന

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരുടെ ഭൂമിക്ക് നികുതി അടയ്ക്കാൻ സാധിക്കാത്തതും തണ്ടപ്പേർ ലഭിക്കാത്തതും നിമിത്തം ഭൂവുടമകൾ ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

പാലക്കാട് ജില്ലയിലെ അഗളി വില്ലേജിലെ കാവുണ്ടിക്കൽ ഇരട്ടക്കുളത്തിൽ കൃഷ്ണസ്വാമിയുടെ മരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണത്തിലേക്ക് നയിച്ച വിഷയങ്ങൾ പരിശോധിച്ച് വിശദമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി റവന്യൂ (എ.&എൽ.) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി ശ്രീ. അനു എസ്. നായരുടെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘത്തെ നിയമിച്ച് 23-10-2025-ലെ സ.ഉ.(സാധാ.)നം.2444/2025/റവ. പ്രകാരം ഉത്തരവ് ആയിരുന്നു.

(ബി) അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നൽകാൻ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി നിയമിച്ച പ്രത്യേക അന്വേഷണസംഘം സർക്കാരിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിൽ റവന്യൂ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(ബി&സി) അട്ടപ്പാടിയിലെ ഭൂവിഷയങ്ങൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് റവന്യൂ വകുപ്പുമന്ത്രി നിർദ്ദേശിച്ചതനുസരിച്ച് റവന്യൂ സെക്രട്ടറി നിയമിച്ച അന്വേഷണ സംഘം സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളുടെ അടിസ്ഥാനത്തിൽ ചുവടെ പറയുന്ന തുടർനടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. അവകാശത്തിന്റെ (title)-യോ സ്ഥലപരിശോധനയുടെയോ (field verification) യാതൊരു വിശദമായ പരിശോധനകൾ കൂടാതെ മ്യൂട്ടേഷൻ നടപടികൾ ആരംഭിച്ചതായി കണ്ടെത്തിയതിനാൽ ഇതേ സ്വഭാവത്തിലുള്ള മറ്റ് കേസുകളുണ്ടോയെന്ന് കണ്ടെത്തി അവയും അടിയന്തരമായി അന്വേഷിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2. ലൈസൻസുള്ള ആധാരം എഴുത്തുകാർ (licensed document writers), സബ് രജിസ്ട്രാർ ഓഫീസിലെ ഉദ്യോഗസ്ഥർ, ചില വില്ലേജ് ജീവനക്കാർ എന്നിവർ നിലവിലുള്ള നടപടിക്രമങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിരിക്കാമെന്ന പ്രാഥമിക നിഗമനത്തിന്റെ അടിസ്ഥാനത്തിൽ ഈ വിഷയത്തിൽ വിശദമായ പരിശോധന നടത്തുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

3. യഥാർത്ഥ അവകാശമോ നിയമപരമായ കൈവശമോ ഇല്ലാതെ ഭൂമി കയ്യേറുന്നതിനായി സമാന സ്വഭാവത്തിലുള്ള രേഖകൾ മുൻപ് രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്നും അവയുടെ അടിസ്ഥാനത്തിൽ മതിയായ പരിശോധന കൂടാതെ മ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് പ്രത്യേക സംഘത്തെ നിയോഗിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

4. പ്രസ്തുത കേസിൽ മ്യൂട്ടേഷൻ ആരംഭിച്ച സമയത്തെ വില്ലേജ് ഓഫീസറായിരുന്ന ഉദ്യോഗസ്ഥയെ ആരോപണങ്ങളുടെ ഗൗരവം കണക്കിലെടുത്ത് അന്വേഷണം പൂർത്തിയാകുന്നതുവരെ അവരെ ജില്ലയ്ക്ക് പുറത്തേക്ക് സ്ഥലം മാറ്റാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

5. അട്ടപ്പാടി താലൂക്കിലെ എല്ലാ വില്ലേജുകളിലും ഡിജിറ്റൽ റീസർവെ പുരോഗമിച്ചുക്കൊണ്ടിരിക്കുകയാണ്. ശരിയായ മ്യൂട്ടേഷൻ അടിസ്ഥാനമാക്കി നൽകിയതല്ലെങ്കിൽ നിലവിലുള്ള രേഖകളും താൽക്കാലിക നികുതി രസീതുകളും അവകാശത്തിന്റെ ഉറപ്പായ തെളിവായി കണക്കാക്കാൻ കഴിയുന്നതല്ല. അതിനാൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് തയ്യാറാക്കപ്പെടുന്ന അടിസ്ഥാന നികുതി രജിസ്റ്റർ (BTR) ഒരു റവന്യൂ ഉദ്യോഗസ്ഥ സംഘത്തിന്റെ പരിശോധനയ്ക്ക് വിധേയമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

6. അട്ടപ്പാടി താലൂക്കിലെ വില്ലേജുകളിൽ സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് സർക്കാർ അനുമതി നിർബന്ധമാണെന്ന് ഉറപ്പാക്കുന്നതിനായി ജില്ലാ കളക്ടർക്കും സർവെ ഡയറക്ടർക്കും (DSLR) ആവശ്യമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്.

7. സർക്കാർ ഭൂമിയോ ആദിവാസി ഭൂമിയോ നിയമവിരുദ്ധമായി കൈമാറ്റം ചെയ്തിട്ടില്ലെന്ന് ഉറപ്പാക്കുന്നതിനും അവകാശ പരിശോധന നടത്തുന്നതിനമായി ഡിജിറ്റൽ സർവെ രേഖകൾ, എ.&ബി. രജിസ്റ്ററുകൾ, സെറ്റിൽമെന്റ് രജിസ്റ്റർ എന്നിവയും അവയുമായി ബന്ധപ്പെട്ട് കൈവശക്കാരുടെ പക്കലുള്ള രേഖകളും പരിശോധിക്കുന്നതിനായി പ്രത്യേക സംഘത്തെ നിയോഗിക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിട്ടുണ്ട്.

8. നിയമ വിരുദ്ധമായ രീതിയിൽ ആധാരം രജിസ്റ്റർ ചെയ്ത് നൽകിയതിന് പിന്നിൽ രജിസ്ട്രേഷൻ വകുപ്പിലെ ജീവനക്കാരുടെയും ലൈസൻസ്ഡ് ആധാരം എഴുത്തുകാരുടെയും പങ്കിനെക്കുറിച്ച് അന്വേഷണം നടത്തി നടപടി സ്വീകരിക്കാൻ രജിസ്ട്രേഷൻ വകുപ്പിനെ

അറിയിച്ച് തുടർനടപടി സ്വീകരിക്കാൻ നികുതി വകുപ്പിനോട് അഭ്യർഥിച്ചിട്ടുണ്ട്. അർഹരായ മുഴുവൻ കർഷകരുടെയും ഒരു തുണ്ട് ഭൂമി പോലും നഷ്ടപ്പെടാതെ മുഴുവൻ ഭൂമി കണ്ടെത്തി ലഭ്യമാക്കി കൊണ്ട് അവരെ ചേർത്ത് പിടിക്കുകയെന്നതാണ് സർക്കാർ നയം. അതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന ആരായാലും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവന്ന് മുഖം നോക്കാതെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം

300 (1540) ശ്രീ. എം. എം. മണി:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളം വിഭാവനം ചെയ്യുന്ന സുസ്ഥിരവും ആധുനികവുമായ റവന്യൂ മാതൃകയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

കേരളം വിഭാവനം ചെയ്യുന്ന റവന്യൂ ഭരണ മാതൃക സുസ്ഥിരത, സുതാര്യത, ഡിജിറ്റൽ കാര്യക്ഷമത, ജനസൗഹൃദ സേവനം എന്നിവയെ ആധാരമാക്കിയ ആധുനിക സംവിധാനമാണ്. ഇതിനായി രജിസ്ട്രേഷൻ, റവന്യൂ, സർവെ വകുപ്പുകൾ 'എന്റെ ഭൂമി' എന്ന ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി ഭൂരേഖകൾ, നികുതി വിവരങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ ഒരേയിടത്ത് പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നു.

ഡിജിറ്റൽ സർവെ സംവിധാനങ്ങൾ ഉപയോഗിച്ച് ഭൂമിയുടെ അതിർത്തികൾ ശാസ്ത്രീയമായി നിർണ്ണയിക്കുകയും കൃത്യമായ ഭൂമി ഡാറ്റാ സൃഷ്ടിക്കുകയും ചെയ്യുന്നതിലൂടെ ഭൂമി

തർക്കങ്ങൾ കുറയ്ക്കുകയും രേഖകളുടെ വിശ്വാസ്യത വർധിപ്പിക്കുകയും ചെയ്യുന്നു. ഈ ഡിജിറ്റൽ ഇടപെടലുകൾ വഴി സേവനങ്ങൾ വേഗത്തിലും സുതാര്യമായും ലഭ്യമാകുകയും ജനവിശ്വാസം ഉറപ്പിക്കുന്ന സുസ്ഥിരവും ജനകേന്ദ്രിതവുമായ റവന്യൂ ഭരണ സംവിധാനം സംസ്ഥാനത്ത് രൂപപ്പെടുകയും ചെയ്യുന്നു.

(ബി) ഭൂഭരണരംഗത്തെ സേവനങ്ങൾ കൂടുതൽ ജനസൗഹൃദമാക്കുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യ വഹിക്കുന്ന പങ്ക് എപ്രകാരമാണ്; വ്യക്തമാക്കാമോ?

ഭൂമി സംബന്ധമായ സേവനങ്ങൾ സുതാര്യവും കാര്യക്ഷമവും ജനസൗഹൃദവുമാക്കുക എന്നത് നല്ല ഭരണത്തിന്റെ പ്രധാന ലക്ഷ്യമാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിൽ ഡിജിറ്റൽ സാങ്കേതികവിദ്യ നിർണായക പങ്ക് വഹിക്കുന്നു. കേരളത്തിൽ ഡിജിറ്റൽ പദ്ധതികൾ വഴി ഭൂമി രേഖകൾ, രജിസ്ട്രേഷൻ വിവരങ്ങൾ, നികുതി സംബന്ധമായ സേവനങ്ങൾ എന്നിവ പൊതുജനങ്ങൾക്ക് ഓൺലൈനായി ലഭ്യമാക്കുന്നു. ഇതിലൂടെ സർക്കാർ ഓഫീസുകൾ സന്ദർശിക്കേണ്ടതിന്റെ ആവശ്യം കുറയുകയും സമയം, ചെലവ് എന്നിവ ലാഭിക്കുകയും ചെയ്യുന്നു. ഭൂരേഖകളുടെ ഡിജിറ്റലൈസേഷൻ നടപടികളിൽ സുതാര്യത ഉറപ്പാക്കുകയും ഇടനിലക്കാരുടെ ഇടപെടൽ കുറയ്ക്കുകയും ചെയ്യുന്നു. അപേക്ഷകളുടെ പ്രോസസ്സിങ് വേഗത്തിലാകുന്നതോടെ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകുന്നു. ഡിജിറ്റൽ രേഖകൾ സുരക്ഷിതമായി സൂക്ഷിക്കാനും പുതുക്കിയ വിവരങ്ങൾ ലഭ്യമാക്കാനും കഴിയുന്നതിലൂടെ ഭൂമി ഉടമസ്ഥാവകാശ തർക്കങ്ങളും അതിർത്തി തർക്കങ്ങളും കുറയ്ക്കാൻ സാധിക്കുന്നു. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഭൂഭരണരംഗത്ത് ജനകേന്ദ്രിതവും വിശ്വസനീയവുമായ ഭരണസംവിധാനം രൂപപ്പെടുത്തുന്നതിൽ

നിർണായകമാണ്.

(സി) ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ഐ.എൽ.ഐ.എം.എസ്.) കേരളത്തിലെ ഭൂമി ഇടപാടുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് കൊണ്ടുവരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

ഇൻഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ILIMS) കേരളത്തിലെ ഭൂമി ഇടപാടുകളിൽ അടിസ്ഥാനപരവും സുതാര്യവുമായ മാറ്റങ്ങളാണ് കൊണ്ടുവരുന്നത്. റവന്യൂ, രജിസ്ട്രേഷൻ, സർവെ വകുപ്പുകളിലെ ഭൂസംബന്ധമായ വിവരങ്ങളും സേവനങ്ങളും 'എന്റെ ഭൂമി' എന്ന സംയോജിത ഡിജിറ്റൽ പോർട്ടൽ മുഖേന ഏകജാലക സംവിധാനത്തിലൂടെ സേവനങ്ങൾ ലഭ്യമാക്കുകയാണ് ചെയ്യുന്നത്. ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖകൾ, സർവെ മാപ്പുകൾ, വിസ്തീർണം, തണ്ടപ്പേർ വിവരങ്ങൾ എന്നിവ ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നതോടെ ഭൂമി ഇടപാടുകളിലെ വിവര വ്യത്യാസങ്ങളും പിഴവുകളും ഗണ്യമായി കുറയുന്നു. ഇതുവഴി ഭൂമി വാങ്ങൽ/വില്പന, രജിസ്ട്രേഷൻ തുടങ്ങിയ ഇടപാടുകളിൽ നിയമസുരക്ഷ ഉറപ്പുവരുത്താൻ സാധിക്കുന്നു.

ILIMS നടപ്പിലാക്കുന്നതിലൂടെ ഭൂനികുതി അടയ്ക്കൽ (Land tax), തണ്ടപ്പേർ സർട്ടിഫിക്കറ്റ് ലഭ്യമാക്കൽ, പോക്കുവരവ്, പ്രീമ്യൂട്ടേഷൻ സ്കെച്ച്, ഭൂമി രജിസ്ട്രേഷൻ തുടങ്ങിയ സേവനങ്ങൾ പൊതുജനങ്ങൾക്ക് പൂർണ്ണമായും ഓൺലൈനായി സമയബന്ധിതമായി ലഭ്യമാകുന്ന രീതിയിൽ സംവിധാനം ചെയ്തിട്ടുണ്ട്. നെറ്റ് ബാങ്കിങ്, ഡെബിറ്റ്/ക്രെഡിറ്റ് കാർഡ്, യു.പി.ഐ. എന്നിവ ഉൾപ്പെടെയുള്ള ഡിജിറ്റൽ പേമെന്റ് മാർഗങ്ങൾ വഴി ഭൂനികുതി അടയ്ക്കുന്നതിനും അടച്ച നികുതിയുടെ രസീത് ഓൺലൈനായി ഉടൻ ലഭ്യമാക്കുന്നതിനും

സൗകര്യമൊരുക്കിയിട്ടുണ്ട്.

ഭൂസേവനങ്ങളുടെ സമ്പൂർണ്ണ ഡിജിറ്റലൈസേഷനിലൂടെ ഓഫീസുകൾ നേരിട്ട് സമീപിക്കേണ്ട സാഹചര്യം കുറയുകയും ഇടനിലക്കാരുടെ ഇടപെടൽ ഒഴിവാകുകയും ചെയ്യുന്നു. ഇതോടെ അഴിമതി സാധ്യതകൾ കുറയുകയും സുതാര്യതയും ഭരണക്ഷമതയും മെച്ചപ്പെടുകയും ചെയ്യുന്നു. പ്രവാസികൾ ഉൾപ്പെടെ ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും 'എന്റെ ഭൂമി' പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള (ഇന്ത്യയിൽ ഉപയോഗിക്കുന്ന മൊബൈൽ നമ്പർ അല്ലെങ്കിൽ ആധാർ കാർഡ് ഉപയോഗിച്ച് അക്കൗണ്ട് തയ്യാറാക്കുക) ഏതൊരു വ്യക്തിക്കും ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിലെ ഭൂരേഖകളും സേവനങ്ങളും പ്രയോജനപ്പെടുത്താൻ സാധിക്കുന്നതും ILIMS സംവിധാനത്തിന്റെ പ്രധാന നേട്ടമാണ്.

'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്''എന്ന റവന്യൂ വകുപ്പിന്റെ ദർശനം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ വില്ലേജുകളുടെയും ഡിജിറ്റൽ സർവെ പൂർത്തിയാക്കി ILIMS സംവിധാനത്തിലേക്ക് ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. ഇതുവഴി കേരളത്തിലെ ഭൂമി ഇടപാടുകൾ കൂടുതൽ ലളിതവും വിശ്വാസ്യതയുള്ളതും പൗരസൗഹൃദവുമാകുന്നതാണ്.

(ഡി) സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ കൃത്യമായ ഭൂരേഖകളുടെ പ്രാധാന്യം എന്താണ്; വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ സാമൂഹ്യ-സാമ്പത്തിക വികസനത്തിൽ കൃത്യതയും കൃത്യവുമായ ഭൂരേഖകൾക്ക് നിർണായക പ്രാധാന്യമുണ്ട്. വ്യക്തമായ ഭൂമി ഉടമസ്ഥാവകാശ രേഖകൾ ജനങ്ങളുടെ നിയമസുരക്ഷ ഉറപ്പാക്കുകയും ഭൂമി സംബന്ധമായ തർക്കങ്ങൾ കുറയ്ക്കുകയും

ചെയ്യുന്നു. ഇതിലൂടെ സാമൂഹ്യസ്ഥിരതയും പൊതുജനവിശ്വാസവും ശക്തിപ്പെടുന്നു. സാമ്പത്തിക വികസനത്തിന്റെ കാര്യത്തിൽ കൃത്യമായ ഭൂരേഖകൾ, നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കാൻ സഹായിക്കുന്നു. വ്യവസായം, അടിസ്ഥാന സൗകര്യ വികസനം, ഭൂവുപയോഗ ആസൂത്രണം എന്നിവ കാര്യക്ഷമമായി നടപ്പാക്കാൻ വിശ്വാസ്യതയുള്ള ഭൂമി ഡാറ്റാ അനിവാര്യമാണ്. ഇക്കാര്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഡിജിറ്റൽ സർവെ നടപ്പാക്കുകയാണ്. ഇതിലൂടെ ഭൂമിയുടെ അതിർത്തികൾ ശാസ്ത്രീയമായി നിർണ്ണയിക്കുകയും കൃത്യമായ ജിയോസ്പേഷ്യൽ ഡാറ്റാ സൃഷ്ടിക്കുകയും ചെയ്യുന്നു. ഈ ഡാറ്റയെ ILIMS (Integrated Land Information Management System) വഴി ഏകീകരിച്ച് വിവിധ വകുപ്പുകളുടെ ഭൂമി വിവരങ്ങൾ ഒരൊറ്റ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നു.

ഇതോടൊപ്പം 'എന്റെ ഭൂമി' പ്ലാറ്റ്ഫോമിലൂടെ പൗരന്മാർക്ക് ഭൂരേഖകൾ, നികുതി വിവരങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ സേവനങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുന്നു. ഇതുവഴി സേവന വിതരണത്തിൽ സുതാര്യതയും വേഗതയും ഉറപ്പാക്കുന്നു.

പട്ടയ ഭൂമിയിൽ ഖനന പ്രവർത്തനത്തിന് പെർമിറ്റ്

301 (1541) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയഭൂമിയിൽ ഖനന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പെർമിറ്റുകളോ ലൈസൻസുകളോ അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

പട്ടയ ഭൂമിയിൽ ഖനന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ പെർമിറ്റുകളോ

ലൈസൻസുകളോ അനുവദിക്കുന്നത് സംബന്ധിച്ച് പ്രത്യേക ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല.

(ബി) എല്ലാ അനുമതികളും നേടിയതിനുശേഷം ഖനന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുള്ള കേസുകളിൽ അസൈൻഡ് ലാൻഡ് ക്രമവൽക്കരിക്കുന്നതിന് ഉത്തരവായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

അസൈൻഡ് ലാൻഡ് ക്രമവൽക്കരിക്കുന്നതിനായി 14-10-2025-ലെ G.O. (P)No.418/2025/RD എന്ന സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) എങ്കിൽ കാസർഗോഡ് ജില്ലയിൽ ചെങ്കൽ ഖനനത്തിന് പെർമിറ്റ് നേടാൻ അനുയോജ്യമായ ഭൂരിഭാഗം പ്രദേശങ്ങളും അസൈൻഡ് ലാൻഡിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ ഖനനാനുമതിക്കായി അപേക്ഷ സമർപ്പിക്കാനോ സമർപ്പിച്ച അപേക്ഷകളിൽ ഖനനാനുമതി ലഭിക്കാത്തതോ ആയ സ്ഥിതിവിശേഷം ഉണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ മിക്ക വില്ലേജുകളിലും അസൈൻഡ് ലാൻഡിൽപ്പെട്ട സ്ഥലങ്ങൾ നിലവിലുള്ളതിനാൽ ചെങ്കൽ ഖനനത്തിന് അപേക്ഷ സ്വീകരിക്കാൻ കഴിയാത്ത സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

(ഡി) കരിങ്കൽ ഖനനാനുമതിക്കായി ഡി.ഇ.എ.സി. (DEAC) അനുവദിച്ച 13-09-2018 വരെയുള്ള ജില്ലാ പാരിസ്ഥിതികാനുമതികൾ ഒരു വർഷത്തിനുള്ളിൽ റീ അപ്രൈസൽ ചെയ്യേണ്ടതാണെന്ന് MOEF (Ministry of Environment & Forest) ഓഫീസ് മെമ്മോറാണ്ടം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ?

കരിങ്കൽ ഖനനാനുമതിക്കായി ഡി.ഇ.എ.സി. അനുവദിച്ച 13-09-2018 വരെയുള്ള ജില്ലാ പാരിസ്ഥിതികാനുമതികൾ ഒരു വർഷത്തിനുള്ളിൽ പുനർമൂല്യനിർണ്ണയം (reappraisal) ചെയ്യേണ്ടതാണെന്ന് MOEF (Ministry of Environment & Forest) ഓഫീസ് മെമ്മോറാണ്ടം നിർദേശിച്ചിട്ടുണ്ട്.

(ഇ) പ്രസ്തുത മെമ്മോറാണ്ടം അനുസരിച്ച് ഇ.സി. (Environmental Clearance) റീ അപ്രൈസൽ ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ കാര്യാലയത്തിൽനിന്ന് മുൻപ് പാരിസ്ഥിതികാനുമതി നൽകിയ ഫയൽ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദേശങ്ങളോടുകൂടി എസ്.ഒ.പി. പുറപ്പെടുവിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ എപ്പോഴാണ് എസ്.ഒ.പി. പുറപ്പെടുവിച്ചത്?

പ്രസ്തുത മെമ്മോറാണ്ടം അനുസരിച്ച് ഇ.സി. (Environmental clearance) റീ അപ്രൈസൽ ചെയ്യുന്നതിന് ജില്ലാ കളക്ടർമാരുടെ കാര്യാലയത്തിൽനിന്ന് മുൻപ് പാരിസ്ഥിതികാനുമതി നൽകിയ ഫയൽ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിന് വ്യക്തമായ മാർഗ്ഗനിർദേശങ്ങളോടുകൂടി എസ്.ഒ.പി. പുറപ്പെടുവിച്ചിരുന്നു.

(എഫ്) പരിവേഷ് പോർട്ടലിൽ EC (Environmental Clearance) റീ അപ്രൈസൽ അപ്ലോഡ് ചെയ്യുന്നതിന് റവന്യൂ വകുപ്പിലുള്ള കാലതാമസം കാരണം കാസർഗോഡ് ജില്ലയിൽ ക്വാറിയിങ് ലീസോടുകൂടി പ്രവർത്തിച്ചുവരുന്ന ഭൂരിഭാഗം ക്വാറികളും പാരിസ്ഥിതികാനുമതി പുതുക്കാൻ കഴിയാത്ത സ്ഥിതിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ

എന്താണെന്ന് വിശദമാക്കാമോ?

റവന്യൂ ഡിവിഷണൽ ഓഫീസറുടെ കാര്യാലയത്തിൽനിന്നും ലഭ്യമായിട്ടുള്ള ഫയലുകൾ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ ലഭ്യമാക്കി ടി വിവരങ്ങൾ പരിവേഷ് പോർട്ടലിൽ അപ്ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറുക്കുറ്റി മിനി സിവിൽ സ്റ്റേഷൻ

302 (1542) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ കുറുക്കുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ബജറ്റിൽ അനുവദിച്ച പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റും അനുബന്ധ രേഖകളും പരിശോധിച്ച് അംഗീകാരം നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സഭയ്ക്ക് നൽകിയ മറുപടിയിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) കുറുക്കുറ്റി വില്ലേജ് ഓഫീസ് സ്ഥിതി ചെയ്തിരുന്ന സ്ഥലം സ്വകാര്യ വ്യക്തിയുടെ പേരിൽ കിടക്കുന്ന കാര്യം അറിഞ്ഞിട്ടും തിരിച്ചുപിടിക്കുന്നതിനോ സംരക്ഷിക്കുന്നതിനോ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) വസ്തു മറ്റൊരാളുടെ പേരിൽ മാറാനുണ്ടായ സാഹചര്യം വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; ഇതിൻമേൽ വകുപ്പുതലത്തിൽ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ഡി) നിലവിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് തയ്യാറാക്കിയിട്ടുള്ള പ്ലാനിന് എന്ന് അംഗീകാരം നൽകുമെന്ന് വിശദമാക്കാമോ?

(എ-ഡി) അങ്കമാലി നിയോജകമണ്ഡലത്തിലെ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി കണ്ടെത്തിയ വസ്തു സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കറുകുറ്റി വില്ലേജ് സ്ഥിതി ചെയ്യുന്ന ബ്ലോക്ക് 3 റീ-സർവെ 121/18-ൽ ഉൾപ്പെട്ട വസ്തു റീ-സർവെ റെക്കോർഡ് പ്രകാരം പീച്ചനിക്കാട് കരയിൽ ക്കുരൻ താഴത്തുപറമ്പിൽ തോമാ വർക്കി എന്നയാളുടെ പേരിൽ 590 തണ്ടപ്പേർ പ്രകാരം രേഖപ്പെടുത്തിയതായി കാണുന്നു. ടി വസ്തു മുൻ സർവെ ബി.ടി.ആർ.-ലും സെറ്റിൽമെന്റ് രജിസ്റ്ററിലും റീ-സർവെ ബി.ടി.ആർ. തണ്ടപ്പേർ എന്നിവ പ്രകാരം ക്കുരൻ താഴത്തുപറമ്പിൽ തോമാ വർക്കി എന്ന പേരിൽ കൊണ്ടു കിടക്കുന്നു. എന്നാൽ പഴയ ബി.ടി.ആർ. തണ്ടപ്പേർ എന്നിവയിൽ റിമാർക്സ് 'വില്ലേജ് ഓഫീസ്' എന്ന് രേഖപ്പെടുത്തിക്കാണുന്നു. ഈ സാഹചര്യത്തിൽ ടി വസ്തു സർക്കാർ പുറമ്പോക്കായി മാറ്റം വരുത്തുന്നതിലേക്കായി നിയമാനുസൃത നോട്ടീസ് നൽകി ആക്ഷേപം ഉണ്ടോയെന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ ആലുവ ഭൂരേഖാ തഹസീൽദാർക്ക് നിർദേശം നൽകിയിട്ടുള്ളതും ആയത് സംബന്ധിച്ച നടപടികൾ നടന്നുവരുന്നതുമാണ്. ഇക്കാര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ കറുകുറ്റി മിനി സിവിൽ സ്റ്റേഷൻ നിർമ്മാണവുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

അങ്കമാലി മഞ്ഞപ്രയിലെ പ്രശ്നപരിഹാര നടപടി

303 (1543) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന പ്രശ്ന പരിഹാരത്തിനായി 10-09-2024-ൽ ലാൻഡ് റവന്യൂ കമ്മീഷണർക്ക്

നൽകിയ കത്തിൽ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച വിഷയത്തിൽ പതിനാലാം സമ്മേളനത്തിൽ 08-10-2025-ലെ നക്ഷത്ര ചിഹ്നമിടാത്ത 3516-ാം നമ്പർ ചോദ്യത്തിന് നൽകിയ മറുപടിയിൽ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) നിയമസഭാംഗം മണ്ഡലത്തിലെ ജനകീയ വിഷയം ശ്രദ്ധയിൽപ്പെടുത്തിയിട്ട് 17 മാസമായിട്ടും മറുപടി നൽകാതിരിക്കുക, അതിന്മേൽ നടപടി സ്വീകരിക്കാതിരിക്കുക, അപേക്ഷയിൽ തീർപ്പ് കൽപ്പിക്കാതിരിക്കുക എന്നതിന്റെ കാരണം വിശദമാക്കാമോ; ഇതിന്റെ യഥാർഥ വസ്തുത റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടേയോ റവന്യൂ വകുപ്പുമന്ത്രിയുടേയോ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിലെ ആവശ്യവും അതിന്മേൽ ബന്ധപ്പെട്ടവർ സ്വീകരിച്ച നടപടികളും വിശദമാക്കുമോ?

(എ&ബി) അങ്കമാലി നിയോജകമണ്ഡലത്തിലെ മഞ്ഞപ്ര വില്ലേജിന് സമീപം പൊതുജനം അനുഭവിക്കുന്ന ബുദ്ധിമുട്ട് സംബന്ധിച്ച് അങ്കമാലി എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ മഞ്ഞപ്ര പഞ്ചായത്താഫീസിനോട് ചേർന്നുകിടക്കുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലം, ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ചും ഇന്റർലോക്ക് ടൈൽ വിരിക്കുന്നതിനോടനുബന്ധമായി ചെയ്യേണ്ട വർക്കുകൾ സംബന്ധിച്ചും ജില്ലാ കളക്ടർ ശിപാർശ ചെയ്തിരുന്നു. നിയമസഭാംഗം ശിപാർശ ചെയ്തിട്ടുള്ളത് ടൈൽ വിരിക്കുന്ന പ്രവൃത്തി മാത്രമായതിനാലും മറ്റ് ആസ്തിവികസനമൊന്നും അതിന്റെ കൂടെ ശിപാർശ ചെയ്തിട്ടില്ലാത്തതിനാലും ഇക്കാര്യത്തിൽ സർക്കാരിന്റെ പ്രത്യേക അനുമതിക്കായി ലാൻഡ്

റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്.

എം.എൽ.എ.-യുടെ വികസന ഫണ്ട് വിനിയോഗിച്ച് ഇന്റർലോക്ക് ടൈൽ വിരിക്കുന്ന പ്രവൃത്തിയുടെ കൂടെ മറ്റ് ആസ്തിവികസനമൊന്നും ശിപാർശ ചെയ്തിട്ടില്ലാത്തതിനാൽ ടി വിഷയം സംബന്ധിച്ച് കൂടുതൽ പരിശോധന ആവശ്യമുള്ള സാഹചര്യത്തിലാണ് തുടർനടപടികൾ സ്വീകരിക്കാൻ കാലതാമസം ഉണ്ടായിട്ടുള്ളത്.

(സി) പ്രസ്തുത വിഷയത്തിൽ നിയമസഭാംഗം നൽകിയ കത്തിന്റെയും ജില്ലാകളക്ടർ നൽകിയ റിപ്പോർട്ടിന്റെയും പകർപ്പ് ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ നിയമസഭാംഗം നൽകിയ കത്തിന്റെയും ജില്ലാ കളക്ടർ നൽകിയ റിപ്പോർട്ടിന്റെയും പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ആയുധ ലൈസൻസ് വൈകിയതിനുള്ള അപ്പീൽ അപേക്ഷ

304 (1544) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. സജി മാത്യൂ, പരിയാത്ത് പടവിൽ വീട്, അയർകുന്നം പി.ഒ., കോട്ടയം 05-12-2025-ലെ ലാൻഡ് റവന്യൂ കമ്മീഷണർ ഓഫീസ് ഫയൽ നമ്പർ 879596/25 പ്രകാരം സമർപ്പിച്ച ആയുധ ലൈസൻസ് അപ്പീൽ വൈകിയതിനുള്ള ക്ഷമാപണം സംബന്ധിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

15-01-2026-ൽ അപ്പീൽ ഫയലിൽ സ്വീകരിക്കുകയും 21-01-2026-ന് ബന്ധപ്പെട്ട

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഫയലും കാര്യവിവരപത്രികയും ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് കത്തയക്കുകയും അപ്പീൽ ഫയലിൽ സ്വീകരിച്ച വിവരത്തിന് അപ്പലന്റിന് അറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) കോട്ടയം ജില്ലാ കളക്ടർ ആയുധ ലൈസൻസ് അപേക്ഷ നിരസിച്ച ഉത്തരവിനെതിരെ സമർപ്പിച്ച അപ്പീൽ തെറ്റായ ഓഫീസിൽ (അഡീഷണൽ ചീഫ് സെക്രട്ടറി) സമർപ്പിക്കപ്പെട്ടതിനെ തുടർന്നുണ്ടായ കാലതാമസം, ന്യായമായ കാരണമായി അംഗീകരിക്കാമോ?

അപ്പീൽ വാദി, കാലതാമസം സംബന്ധിച്ച് ഫീസ് അടച്ച് മാപ്പപേക്ഷ സമർപ്പിച്ചതിനാൽ അപ്പീൽ അംഗീകരിച്ചിട്ടുണ്ട്.

(സി) അപ്പീൽ സമർപ്പണ നടപടിക്രമങ്ങളെക്കുറിച്ചുള്ള അവബോധക്കുറവും തെറ്റായ മാർഗനിർദേശവും കണക്കിലെടുത്ത്, അപേക്ഷകനെതിരെ ശിക്ഷാതുല്യ നടപടികൾ ഒഴിവാക്കി അപ്പീൽ കാര്യപരമായി പരിഗണിക്കാമോ;

(ഡി) മേൽപ്പറഞ്ഞ സാഹചര്യങ്ങളിൽ ഫയൽ നം.879596/25 പ്രകാരമുള്ള അപ്പീൽ സ്വീകരിച്ച്, ആയുധ ലൈസൻസ് അപേക്ഷ വിഷയത്തിൽ പുതുതായി തീരുമാനം എടുക്കുന്നതിനായി ബന്ധപ്പെട്ട അധികാരികൾക്ക് നിർദേശം നൽകാമോ?

(സി&ഡി) 15-01-2026-ൽ അപ്പീൽ ഫയലിൽ സ്വീകരിച്ചിട്ടുണ്ട്. അപ്പീൽ പരിഗണിക്കുന്നത് ഒരു ക്വാസി ജൂഡീഷ്യൽ നടപടിയാണ്. ഇരു കക്ഷികളുടെയും വാദം കേൾക്കുകയും ബന്ധപ്പെട്ട ഫയലും അപ്പീൽ അപേക്ഷയും പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രമേ അപ്പീൽ ഹർജിയിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

305 (1545) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും റവന്യൂ വകുപ്പിന് കീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ക്രമവിരുദ്ധമായി സർട്ടിഫിക്കറ്റുകൾ അനുവദിക്കൽ, ജീവനക്കാരുടെ അനധികൃത ഹാജരില്ലായ്മ, ചട്ടവിരുദ്ധമായി ആനുകൂല്യങ്ങൾ കൈപ്പറ്റൽ, ഭൂമി സംബന്ധമായ വിഷയങ്ങളിലെ ക്രമവിരുദ്ധമായ നടപടിക്രമങ്ങൾ, പൊതുജനങ്ങളിൽനിന്നുള്ള കൈക്കൂലി തുടങ്ങിയ വിവിധ വിഷയങ്ങളാണ് ക്രമക്കേടുകളായി കണ്ടെത്തിയിട്ടുള്ളത്.

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കുമോ?

കുറ്റക്കാർക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുറ്റക്കാരെ അന്വേഷണ വിധേയമായി സേവനത്തിൽനിന്നും മാറ്റിനിർത്തേണ്ടിവന്ന സാഹചര്യങ്ങളിൽ ചട്ടം 10 പ്രകാരം സസ്പെൻഡ് ചെയ്തിട്ടുണ്ട്.

ആരോപിക്കപ്പെട്ട കുറ്റങ്ങൾ/വീഴ്ചകൾ തെളിയുന്ന സാഹചര്യങ്ങളിൽ ജീവനക്കാർക്കെതിരെ അവരുടെ കുറ്റത്തിന് ആനുപാതികമായി താഴെപ്പറയുന്ന ശിക്ഷകൾ നൽകിയിട്ടുണ്ട്.

1. ശാസന/താക്കീത്
2. പിഴ
3. ഇൻക്രിമെന്റ്/പ്രൊമോഷൻ താൽക്കാലികമായി തടയൽ
4. ശിക്ഷാവിധിയുടെ ഭാഗമായി സാമ്പത്തിക നഷ്ടം ഈടാക്കുക
5. സീനിയോറിറ്റി ലിസ്റ്റിലെ റാങ്കിൽ താഴെയാക്കുക, താഴത്തെ ഗ്രേഡിലേയ്ക്കോ തസ്തികയിലേയ്ക്കോ തരം താഴ്ത്തുക.
6. സഞ്ചിത പ്രാബല്യത്തോടെ ഇൻക്രിമെന്റ് തടയുക.
7. നിർബന്ധിത വിരമിപ്പിക്കൽ.
8. സേവനത്തിൽനിന്ന് നീക്കം ചെയ്യൽ.
9. പിരിച്ചു വിടൽ.
10. പെൻഷനിൽ കുറവു വരുത്തൽ.

ജീവനക്കാർക്ക് സുതാര്യമായി സേവനം ചെയ്യുന്നതിനാവശ്യമായ പരിഗണനയും പ്രോത്സാഹനവും നൽകി ചേർത്തുപിടിക്കുമ്പോഴും ക്രമക്കേടുകൾ നടത്തുന്നവർക്കെതിരെ ഒരു വിട്ടുവീഴ്ചയുമില്ലാത്ത സമീപനമാണ് സർക്കാർ സ്വീകരിച്ചുപോരുന്നത്.

റവന്യൂ സേവനങ്ങൾ

306 (1546) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.ഐ.ആർ. ഹിയറിങ്ങിനായി റവന്യൂ വകുപ്പിലെ ജീവനക്കാരെ കൂട്ടത്തോടെ വിന്യസിച്ചതിനാൽ, റവന്യൂ സേവനങ്ങൾ ലഭിക്കാതെ പൊതുജനങ്ങൾ പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ; എത്ര ജീവനക്കാരെയാണ് ഇതുപ്രകാരം നിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

പൊതുജനങ്ങളുടെ പ്രശ്നങ്ങൾ ഗൗരവത്തോടെയാണ് കാണുന്നത്. ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടാതെയും മുൻകൂട്ടി പകരം ജീവനക്കാരെ നിയോഗിച്ചും പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ എല്ലാ ജില്ലകളിലും സ്വീകരിച്ചുവരുന്നു.

ലാൻഡ് റവന്യൂ വകുപ്പിൽനിന്നും 4625 ജീവനക്കാരെയും സർവെയും ഭൂരേഖയും വകുപ്പിൽനിന്നും 9 ജീവനക്കാരെയും ഉൾപ്പെടെ റവന്യൂ വകുപ്പിൽനിന്നും നിലവിൽ ആകെ 4634 ജീവനക്കാരെയാണ് എസ്.ഐ.ആർ. ഹിയറിങ്ങിനായി നിയോഗിച്ചിട്ടുള്ളത്.

(ബി) പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ബദൽ മാർഗ്ഗങ്ങൾ ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥരെ ഹിയറിങ് ജോലികൾക്ക് നിയോഗിക്കുന്നത് റവന്യൂ വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് എസ്.ഐ.ആർ. ജോലികളിൽ മറ്റു വകുപ്പുകളിൽനിന്ന് സപ്പോർട്ടിങ് സ്റ്റാഫിനെ നിയമിക്കുന്നതിനുള്ള ഉത്തരവ് ജില്ലാ കളക്ടർമാർ പുറപ്പെടുവിക്കേണ്ടതാണെന്നുള്ള ലാൻഡ് റവന്യൂ കമ്മീഷണറുടെ നിർദ്ദേശത്തെത്തുടർന്ന് എല്ലാ ജില്ലകളിലും എസ്.ഐ.ആർ.

ഹിയറിങ്ങുമായി ബന്ധപ്പെട്ട് ആവശ്യമെങ്കിൽ താരതമ്യേന ജോലിഭാരം കുറഞ്ഞ മറ്റ് വകുപ്പുകളിൽനിന്നും സപ്പോർട്ടിങ് സ്റ്റാഫിനെ നിയമിക്കുന്നതിന് ഇ.ആർ.ഒ.-മാർക്ക് അനുവാദം നൽകി ഉത്തരവായിട്ടുള്ളതാണ്.

റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് മറ്റ് വകുപ്പുകളിൽനിന്നും കൂടുതൽ ഉദ്യോഗസ്ഥരെ എസ്.ഐ.ആർ. സംബന്ധമായ ജോലികൾക്കായി നിയോഗിച്ചിട്ടുണ്ട്. താലൂക്ക് ഓഫീസുകളിലെയും വില്ലേജ് ഓഫീസുകളിലെയും പ്രവർത്തനങ്ങളെ ബാധിക്കാത്ത രീതിയിൽ സ്പെഷ്യൽ ഇന്റൻസീവ് റിവിഷൻ 2026-മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് ജില്ലാ കളക്ടർമാർ നിർദേശം നൽകിയിട്ടുള്ളതുമാണ്.

വയക്കര വില്ലേജ് വിഭജനം

307 (1547) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒന്നിലധികം തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിൽ വരുന്നതും വിസ്തൃതി കൂടുതലുമായ വയക്കര വില്ലേജ് വിഭജിച്ച് പുതിയ വില്ലേജ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; അറിയിക്കാമോ?

വില്ലേജ് വിഭജനം ശാസ്ത്രീയമായി പഠിച്ച്, പൊതുജനാഭിപ്രായം കൂടി സ്വരൂപിച്ച് വിശദമായ ശിപാർശ സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദേശം നൽകിയിരിക്കുകയാണ്. പ്രസ്തുത നിർദേശത്തിൽ വയക്കര വില്ലേജ് ഓഫീസും ഉൾപ്പെട്ടിട്ടുണ്ട്.

പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോങ്ങാട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ

308 (1548) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന സ്മാർട്ട് വില്ലേജ് ഓഫീസ് നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ള വില്ലേജുകളെ സംബന്ധിച്ചും അവയ്ക്ക് അനുവദിച്ച തുകയും നിലവിലെ സ്ഥിതിയും മറ്റുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പ് പദ്ധതികൾ

309 (1549) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് നടപ്പിലാക്കിയതും തുടരുന്നതുമായ വിവിധ പദ്ധതികളുടെയും പരിപാടികളുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(ബി) പ്രസ്തുത പദ്ധതികൾക്ക് അനുവദിച്ച തുക, നിർവഹണ ഏജൻസി, പദ്ധതിയുടെ നിലവിലെ നിർവഹണ പുരോഗതി എന്നിവ സംബന്ധിച്ച വിവരം ലഭ്യമാക്കുമോ?

(എ&ബി) ഈ സർക്കാരിന്റെ കാലത്ത് മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പ്ലാൻ സ്കീം വഴി നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) മഞ്ചേശ്വരം താലൂക്കിൽ നിലവിലെ സർക്കാർ അനുവദിച്ച പട്ടയങ്ങളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഈ സർക്കാരിന്റെ കാലയളവിൽ മഞ്ചേശ്വരം താലൂക്കിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	അനുവദിച്ച പട്ടയങ്ങൾ	പട്ടയങ്ങളുടെ എണ്ണം
1	എൽ.എ. പട്ടയം	306
2	മിച്ച ഭൂമി പട്ടയം	2
3	ലാൻഡ് ട്രിബ്യൂണൽ പട്ടയങ്ങൾ	343
	ആകെ	651

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

310 (1550) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമെന്ന്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(സി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വിശദമാക്കാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റവന്യൂ വകുപ്പ് വഴി കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ നിർമ്മാണം സംബന്ധിച്ച പ്രവൃത്തിയാണ് നടപ്പിലാക്കാൻ അനുമതി നൽകിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സ്മാർട്ട് വില്ലേജ് ഓഫീസ് പദ്ധതി പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ള വില്ലേജ് ഓഫീസുകൾ	**ഭരണാനുമതി തുക (രൂപയിൽ)**	**നിലവിലെ സ്ഥിതി**
ഐക്കരനാട് നോർത്ത് വില്ലേജ് ഓഫീസ്	45,00,000/-	വില്ലേജ് ഓഫീസ് നിർമ്മിക്കുന്നതിനായി കോൺട്രാക്ടർക്ക് AOC (Award of Contract) നൽകിയിട്ടുള്ളതാണ്.
മഴുവന്നൂർ വില്ലേജ് ഓഫീസ്	45,00,000/-	എസ്റ്റിമേറ്റ് തയ്യാറാക്കുന്ന നടപടിയിലാണ്.

അരുവിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച പദ്ധതികൾ

311 (1551) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ അരുവിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച വിവിധ പദ്ധതികളുടെയും

വികസന പ്രവൃത്തികളുടെയും വിവരങ്ങൾ, അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന അനുവദിച്ച സ്മാർട്ട് വില്ലേജ് നിർമ്മാണം, നവീകരണം, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികളുടെയും അവസ്ഥായി അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി വിവരം എന്നിവ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

അമ്പലപ്പുഴ നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

312 (1552) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും റവന്യൂ വകുപ്പ് മുഖാന്തരം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശം, പദ്ധതികളുടെ പേര് സഹിതം വിശദമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും പുരോഗതി വിശദമാക്കാമോ?

(എ&ബി) അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും റവന്യൂ വകുപ്പ് മുഖാന്തരം വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള ഫണ്ടുകളുടെ വിശദാംശം, പദ്ധതികളുടെ പേര്, പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

313 (1553) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കാലയളവിൽ ഇതുവരെയായി റവന്യൂ വകുപ്പ് പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും അറിയിക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെയായി റവന്യൂ വകുപ്പ് പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ നടപ്പിലാക്കിയ പദ്ധതികളും ആയതിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ കാലയളവിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ എത്ര പട്ടയങ്ങളാണ് വിതരണം ചെയ്തതെന്നും പട്ടയം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ബാക്കിയുള്ളതെന്നും വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ പയ്യന്നൂർ നിയോജകമണ്ഡല പരിധിയിൽ അനുവദിച്ച പട്ടയങ്ങളുടെയും പട്ടയം നൽകുന്നതിന് ബാക്കിയുള്ള അപേക്ഷകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കായംകുളം നിയോജകമണ്ഡലത്തിലെ റവന്യൂ വകുപ്പിന്റെ പദ്ധതികൾ

314 (1554) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

2016 മുതൽ നാളിതുവരെ പുതിയ വില്ലേജ് ഓഫീസുകൾ അടക്കം കായംകുളം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ച പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവയും വിശദമാക്കാമോ?

2016 മുതൽ നാളിതുവരെ പുതിയ വില്ലേജ് ഓഫീസുകൾ അടക്കം കായംകുളം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് അനുവദിച്ച പദ്ധതികൾ, ഓരോ പദ്ധതിക്കും ചെലവഴിച്ച തുക, പദ്ധതികളുടെ നിലവിലെ പുരോഗതി എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കോട്ടയം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ്
നടപ്പിലാക്കിയ പദ്ധതികൾ

315 (1555) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ ഇവ ഏതൊക്കെയെന്ന് വിശദമാക്കുമോ; പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതിയും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ കോട്ടയം നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അവയിൽ പൂർത്തിയായവ, പൂർത്തിയാകാനുള്ളവ, പൂർത്തീകരിക്കാനുള്ള പദ്ധതികളുടെ പുരോഗതി

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മാവേലിക്കര നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്കുകൾ

316 (1556) ശ്രീ. എം.എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ വില്ലേജുകളുടെ പരിധിയിലുള്ള റവന്യൂ പുറമ്പോക്കുകളുടെ വിശദവിവരം ലഭ്യമാക്കാമോ?

മാവേലിക്കര താലൂക്കിൽ 15 വില്ലേജുകൾ ഉള്ളതാണ്. ടി വില്ലേജുകളിലെ റവന്യൂ പുറമ്പോക്കിന്റെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പ്രസ്തുത ഭൂമിയിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

വില്ലേജ്	കയ്യേറിയ ഭൂമിയുടെ വിസ്തീർണ്ണം	നടപടി വിവരം
പാലമേൽ	10.46 ആർസ്	കൈയേറ്റം ഒഴിപ്പിക്കുന്നതിന് ബി, സി ഫാറം നോട്ടീസുകൾ തഹസീൽദാർ നൽകിയിട്ടുള്ളതാണ്.
നൂറനാട്	0.73 ആർസ്	കൈയേറ്റം ഒഴിപ്പിക്കുന്നതിന് ബി, സി ഫാറം നോട്ടീസുകൾ തഹസീൽദാർ നൽകിയിട്ടുള്ളതാണ്.

മാവേലിക്കര നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

317 (1557) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ മാവേലിക്കര നിയോജകമണ്ഡലത്തിൽ എത്രപേർക്ക് പട്ടയം ലഭ്യമായിട്ടുണ്ടെന്ന് അവരുടെ പേരുവിവരങ്ങൾ സഹിതം അറിയിക്കാമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ പട്ടയം ലഭ്യമായവരുടെ (29 പട്ടയങ്ങൾ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

എറണാകുളം നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

318 (1558) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം നിയോജകമണ്ഡലത്തിൽ എറണാകുളം, ചിറ്റൂർ വില്ലേജുകളിൽ ഉൾപ്പെടുന്ന ഷൺമുഖപുരം പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം, ചേരാനെല്ലൂർ എന്നീ രണ്ട് വില്ലേജുകളിലായാണ് ഷൺമുഖപുരം പ്രദേശം ഉൾപ്പെട്ടുവരുന്നത്. എറണാകുളം വില്ലേജ് സർവെ നമ്പർ 843-ൽപ്പെട്ട കായൽ പുറമ്പോക്ക് ഭൂമിയിൽ 17 കുടുംബങ്ങളും ചേരാനല്ലൂർ വില്ലേജ് സർവെ നമ്പർ 985-ൽപ്പെട്ട പുഴ പുറമ്പോക്ക് ഭൂമിയിൽ 46 കുടുംബങ്ങളും താമസിച്ചുവരുന്നു. ആയതിൽ എറണാകുളം വില്ലേജിൽപ്പെട്ട വസ്തു കൊച്ചിൻ പോർട്ടിന്റെ പരിധിയിലുള്ള കായൽ പുറമ്പോക്ക് ആയതിനാൽ കൊച്ചിൻ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പോർട്ടിന്റെ എൻ.ഒ.സി. ആവശ്യപ്പെട്ടിരുന്നു. എന്നാൽ കൈവശക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കൊച്ചിൻ പോർട്ട് ട്രസ്റ്റ് എൻ.ഒ.സി. നിരസിച്ചിരുന്നു. കൊച്ചിൻ പോർട്ടിന്റെ എൻ.ഒ.സി. ലഭ്യമാകാത്ത സാഹചര്യത്തിൽ അപേക്ഷകളിൽ തുടർനടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല.

ചേരാനെല്ലൂർ വില്ലേജിൽപ്പെട്ട ഭൂമി പുഴ പുറമ്പോക്കായതിനാലും തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായതിനാലും ഭൂമി ഡിവെസ്റ്റ് ചെയ്ത് ലഭിച്ചാൽ മാത്രമേ പതിവ് നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ പ്രസ്തുത കൈവശ ഭൂമി അളന്ന് സ്കെച്ച് തയ്യാറാക്കി ലഭിക്കുന്നതിന് കൊച്ചി കോർപ്പറേഷനിൽനിന്ന് കത്ത് ലഭിച്ചിട്ടുള്ളത് പരിശോധിച്ചുവരികയാണ്.

(ബി) എറണാകുളം നിയോജകമണ്ഡലത്തിലെ എറണാകുളം വില്ലേജിൽ ഉൾപ്പെടുന്ന 24 മുറി നഗർ (പാരഡൈസ് നഗർ) പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം നൽകാമോ?

എറണാകുളം ജില്ലയിലെ എറണാകുളം വില്ലേജിൽ സർവെ നമ്പർ 75/6, 75/7 എന്നിവയിൽ ഉൾപ്പെട്ട 27.43 ആർ ഭൂമിയിൽ താമസിച്ചുവരുന്ന പാരഡൈസ് നഗർ (24 മുറി നഗർ) നിവാസികളായ 44 കൈവശക്കാർക്ക് വരുമാനപരിധി ഇളവ് ചെയ്ത് 1995-ലെ മുനിസിപ്പൽ കോർപ്പറേഷൻ ഏരിയകളിലെ ഭൂമി പതിവ് ചട്ടങ്ങളിലെ ചട്ടം 21 (ii) പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം വിനിയോഗിച്ച് കൈവശ ഭൂമി പതിച്ച് നൽകുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് അനുമതി നൽകി 23-01-2026-ലെ സ.ഉ. (കൈ) നം.33/2026/RD പ്രകാരം ഉത്തരവായിട്ടുണ്ട്. ജില്ലാതലത്തിൽ പട്ടയനടപടികൾ

സ്വീകരിച്ചുവരുന്നു.

(സി) എറണാകുളം നിയോജകമണ്ഡലത്തിലെ ഇളംകുളം വില്ലേജിൽ ഉൾപ്പെടുന്ന ദർശന നഗർ പ്രദേശത്തുള്ളവർക്ക് പട്ടയം അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിൽ എളംകുളം വില്ലേജ് സർവെ നം. 1038-ൽ ദർശന നഗർ പ്രദേശത്ത് താമസിച്ചുവരുന്ന 16 കുടുംബങ്ങളുടെ കൈവശഭൂമി പതിച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്. വില്ലേജ് രേഖകളിൽ പ്രസ്തുത ഭൂമി പുഴ പുറമ്പോക്കായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ഭൂമി തദ്ദേശസ്വയംഭരണ വകുപ്പിൽനിന്ന് ഡിവെസ്റ്റ് ചെയ്തു ലഭ്യമാകേണ്ടതുണ്ട്. ആയതിനുള്ള നടപടികൾക്കായി കൊച്ചിൻ കോർപ്പറേഷൻ അധികൃതർക്ക് കണയന്നൂർ താലൂക്കാഫീസിൽനിന്ന് കത്ത് നൽകിയിട്ടുണ്ട്.

ചാലക്കുടി താലൂക്കിലെ പട്ടയ അപേക്ഷകൾ

319 (1559) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശം വില്ലേജ് തിരിച്ചും ഇനം തിരിച്ചും നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചാലക്കുടി താലൂക്കിൽ നാളിതുവരെ 1964-ലെ ചട്ടപ്രകാരം 115 പട്ടയങ്ങളും 1995 ചട്ടപ്രകാരം 43-ഉം 1993-ലെ ചട്ടപ്രകാരം 66-ഉം LT മുഖേന 3530-ഉം ദേവസ്വം ട്രിബ്യൂണൽ 1963 അടക്കം 5717 പട്ടയ-ക്രയ സർട്ടിഫിക്കറ്റുകളും

വിതരണം ചെയ്തിട്ടുണ്ട്. വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ചും ഇനം തിരിച്ചും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കാമോ?

1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ മേഖലകളിലെ ഭൂമി പതിവ് ചട്ടങ്ങൾ, 1993-ലെ പ്രത്യേക ഭൂമി പതിവ് ചട്ടങ്ങൾ എന്നിവ പ്രകാരം വിതരണം ചെയ്ത പട്ടയങ്ങളുടെ ഗുണഭോക്താക്കളുടെ പേര്, വില്ലേജ് എന്നിവ ഇനം തിരിച്ച് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പട്ടയത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവ എത്രയെന്ന് വില്ലേജ് തിരിച്ച് ഇനം തിരിച്ചും അപേക്ഷകരുടെ പേര് സഹിതം ലഭ്യമാക്കാമോ?

പട്ടയത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കാനുള്ളവയുടെ എണ്ണം 276 ആണ്. ആയവ വില്ലേജ് തിരിച്ച് ഇനംതിരിച്ചും അപേക്ഷകരുടെ പേര് സഹിതം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മംഗലശ്ശേരി തോട്ടം നിവാസികളുടെ പട്ടയ വിതരണം.

320 (1560) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിലെ താഴെക്കോട് വില്ലേജിൽ മംഗലശ്ശേരി തോട്ടം നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് താലൂക്ക് താഴെക്കോട് വില്ലേജ് റീ-സർവെ നമ്പർ 91, 99 എന്നിവയിൽപ്പെട്ട 25.84 ഏക്കർ ഭൂമി കാലങ്ങളായി കൈവശം വയ്ക്കുന്നവർക്ക് പട്ടയം അനുവദിക്കുന്നതു സംബന്ധിച്ച് 03-09-2025-ൽ സ.ഉ.(കൈ.)നമ്പർ 267/2025/ആർ.ഡി. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയടിസ്ഥാനത്തിൽ 1970-ലെ അരബിൾ ഫോറസ്റ്റ് ലാൻഡ് അസൈൻമെന്റ് റൂൾസ് പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 04-11-2025-ൽ താഴെക്കോട് വില്ലേജ് ഓഫീസിൽ വച്ച് ഈ ഭൂമി കൈവശം വച്ചുവരുന്നവരുടെ രേഖകൾ സൂക്ഷ്മപരിശോധന നടത്തിയിരുന്നതിൽ പ്രസ്തുത ഭൂമി നിലവിൽ കൈവശം വച്ചുവരുന്നവർ ഹാജരാക്കിയ രേഖകളിൽ ഭൂമിയുടെ വിസ്തീർണ്ണം സംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാലും ശരിയായ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാലും ഈ സ്ഥലം സർവെ ചെയ്യുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 28-01-2026-ന് സർവെ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പട്ടയം വിതരണം ചെയ്യുന്നതിന് അടുത്ത മാസം തന്നെ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

സർവെ നടപടികൾ പൂർത്തീകരിച്ചതിനുശേഷം നിയമാനുസൃതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

കോതമംഗലം നിയോജകമണ്ഡലത്തിലെ അർഹരായ കൈവശക്കാർക്ക് പട്ടയം

321 (1561) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം നിയോജകമണ്ഡലത്തിലെ പട്ടയ നടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

പട്ടയനടപടികൾ വേഗത്തിലാക്കുന്നതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലയിലെ കോതമംഗലം താലൂക്കിൽ ഭൂമി പതിവിനായി ഒരു സ്പെഷ്യൽ ഓഫീസ് രൂപീകരിച്ച് 14-03-2024-ലെ സ.ഉ.(കൈ)65/2024/RD പ്രകാരം സർക്കാർ ഉത്തരവായിരുന്നു. ടി ഓഫീസ് മുഖേന നാളിതുവരെ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം 64 പട്ടയങ്ങൾ നൽകിയിട്ടുള്ളതുമാണ്. കഴിഞ്ഞ 5 വർഷങ്ങളിലായി 836 പട്ടയങ്ങൾ കോതമംഗലം താലൂക്ക് പരിധിയിൽ നൽകിയിട്ടുണ്ട്.

പാറ പുറമ്പോക്ക്, തോട്, കുളം, കനാൽ, റോഡ് തുടങ്ങിയ പുറമ്പോക്ക് ഭൂമികളിൽ താമസിക്കുന്ന ഭൂരഹിതർക്ക് പട്ടയം നൽകുന്നതിന് കൂടുതൽ പരിശോധന വേണ്ടതും സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമുള്ളതുമാണ്. ആയതിനാൽ അത്തരത്തിലുള്ള പട്ടയ പ്രശ്നങ്ങളുള്ള കോതമംഗലം നിയോജകമണ്ഡലം ഉൾപ്പെടെയുള്ള എല്ലാ നിയോജകമണ്ഡലത്തിലെയും പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന പട്ടയമിഷൻ 19-04-2023-ൽ രൂപീകരിച്ചിട്ടുള്ളതാണ്. കോതമംഗലം താലൂക്കിൽ കുട്ടമ്പുഴ വില്ലേജിൽ കുട്ടമ്പുഴ-ആനക്കയം റോഡ്, കുട്ടമ്പുഴ-ഉരുളൻതണ്ണി-പിണവൂർകുടി റോഡ് എന്നീ

പൊതുമരാമത്ത് റോഡുകളോട് ചേർന്നുവരുന്ന പുറമ്പോക്ക് ഭൂമിയിൽ താമസിക്കുന്ന 21 പേർക്ക് ഭൂമി പതിച്ചുനൽകുന്നതിന് 15-03-2025-ലെ സ.ഉ.(കൈ)നം. 74/2025/RD പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതും ആയത് പട്ടയമിഷൻ മുഖേന പരിഹരിക്കപ്പെട്ടിട്ടുള്ള പട്ടയപ്രശ്നങ്ങളിൽ ഉൾപ്പെടുന്നതുമാണ്. ഇതുകൂടാതെ നിലവിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നുവരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനാവശ്യമായ നടപടി ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

അർഹരായ മുഴുവൻ കൈവശക്കാർക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിലേക്കായാണ് കോതമംഗലത്ത് ഭൂമി പതിവിനായി 14-03-2024-ൽ സ്പെഷ്യൽ ഓഫീസ് രൂപീകരിച്ചിട്ടുള്ളത്. ടി സ്പെഷ്യൽ ഓഫീസ് മുഖേന ഭൂമി പതിവ് നടപടികൾ സ്വീകരിച്ചുവരവെ കുട്ടമ്പുഴ, നേര്യമംഗലം, കടവൂർ വില്ലേജുകളിലെ പ്രദേശങ്ങൾ നോട്ടിഫൈഡ് റിസർവ് വനം എന്ന് വനം വകുപ്പ് അവകാശവാദം ഉന്നയിച്ച് തടസ്സം നിൽക്കുന്നതിനാൽ 1964-ലെ ചട്ടങ്ങൾ പ്രകാരം ഭൂമി പതിവ് നടപടികൾ തുടരാൻ സാധിക്കാത്ത സാഹചര്യമാണ്. എന്നിരിക്കിലും 1993-ലെ വനഭൂമി പതിവ് ചട്ടപ്രകാരമുള്ള ഭൂമിപതിവ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കോതമംഗലം നിയോജകമണ്ഡലത്തിലെ മറ്റ് പ്രദേശങ്ങളിൽ നിയമപരമായ എല്ലാ നടപടിക്രമങ്ങളും സമയബന്ധിതമായി പൂർത്തിയാക്കി ഭൂമി പതിവ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കായി അത്തരത്തിലുള്ള കേസുകൾ പട്ടയ ഡാഷ് ബോർഡിൽ

ഉൾപ്പെടുത്തി സംസ്ഥാന പട്ടയ മിഷൻ മുഖേന പട്ടയം നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

സുനാമി പുനരധിവാസ ഫ്ലാറ്റുകളിലെ താമസക്കാർക്ക് പട്ടയം

322 (1562) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഡിസംബർ 24-ന് സംഭവിച്ച സുനാമി ദുരന്തത്തിനിരയായവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി നിർമ്മിച്ച ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് അവകാശരേഖ നൽകേണ്ടതിന്റെ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) സുനാമി പുനരധിവാസ ഫ്ലാറ്റുകളുടെ കൈവശക്കാർക്ക് ആനുപാതികമായ സ്ഥലത്തിന് പട്ടയം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ഫ്ലാറ്റുകളുടെ നിലവിലെ കൈവശക്കാരന്റെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

(എ-സി) സുനാമി ദുരന്തത്തിന് ഇരയായി ഫ്ലാറ്റുകളിൽ പുനരധിവാസം നൽകിയ വ്യക്തികൾക്ക് അവർ അധിവസിക്കുന്ന ഫ്ലാറ്റുകൾക്ക് പട്ടയം നൽകേണ്ടത് ന്യായമായിട്ടുള്ള ആവശ്യമാണ്. അതിനാൽ 16-12-2025-ലെ സ.ഉ.(കൈ)നം.335/2025/റവ. പ്രകാരം സംസ്ഥാനത്ത് സുനാമി പുനരധിവാസ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ലാറ്റുകൾ ഉൾപ്പെടെ വിവിധ സർക്കാർ പുനരധിവാസ പദ്ധതികൾ പ്രകാരം അനുവദിച്ചിട്ടുള്ള ഫ്ലാറ്റുകളുടെ

കൈവശക്കാർക്ക് വ്യവസ്ഥകൾ പ്രകാരം അവിഭക്ത ഓഹരിയവകാശം രേഖപ്പെടുത്തിക്കൊണ്ട് നിലവിലുള്ള പട്ടയനിബന്ധനകളോടെ ഗുണഭോക്താക്കളുടെ പേരിൽ പട്ടയം അനുവദിക്കുന്നതിന് ജില്ലാ കളക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ടൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിലെ പട്ടയ വിതരണം

323 (1563) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് വില്ലേജുകളിലെ ടൈബൽ സെറ്റിൽമെന്റ് പ്രദേശങ്ങളിൽ പട്ടയം അനുവദിച്ച് നൽകുന്നതിനായി സമർപ്പിച്ചിട്ടുള്ള ഏഴായിരത്തോളം അപേക്ഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലുൾപ്പെട്ട 13 ഹിൽമെൻ സെറ്റിൽമെന്റുകളിൽ പട്ടയം അനുവദിക്കുന്നതിനായാണ് മുണ്ടക്കയം പ്രത്യേക ഭൂമിപതിവ് ഓഫീസ് പ്രവർത്തനം ആരംഭിച്ചത്. എന്നാൽ 03-02-2025-ലെ സ.ഉ.(കൈ)നം. 30/2025/RD പ്രകാരം ഫോറസ്റ്റ് വില്ലേജുകൾ റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്താൻ നിർദേശിച്ചുകൊണ്ടുള്ള ഉത്തരവിലെ 566 ഫോറസ്റ്റ് വില്ലേജുകളുടെ പട്ടികയിൽ പ്രസ്തുത എരുമേലി തെക്ക്, എരുമേലി വടക്ക്, കോരുത്തോട് എന്നീ വില്ലേജുകളിലുൾപ്പെട്ട 13 ഹിൽമെൻ സെറ്റിൽമെന്റുകളും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇടംപിടിച്ചിട്ടുള്ളതാണ്. ഇതുമൂലം പ്രസ്തുത സ്ഥലത്ത് 1964-ലെ ഭൂപതിവ് ചട്ടപ്രകാരം പട്ടയം നൽകുന്നതിന് സ്പഷ്ടീകരണം തേടിക്കൊണ്ട് ജില്ലാ കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണറോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിരുന്നു. G.O.(Rt.)2020/2020/RD എന്ന ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി വില്ലേജുകളിൽ ജണ്ടയ്ക്ക് പുറത്തുള്ളതും റവന്യൂ രേഖകളിൽ പുറമ്പോക്ക് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതുമായ ഭൂമി സംബന്ധിച്ച് രേഖകളുടെ റിമാർക്സ് കോളത്തിലെ രേഖപ്പടുത്തലുകൾ കണക്കാക്കാതെയാണ് പതിച്ചുനൽകാൻ ഉത്തരവായത്. ഇപ്രകാരം അർഹതയുള്ള കൈവശക്കാർക്കോ പിൻഗാമികൾക്കോ വനാവകാശരേഖ ലഭിച്ചിട്ടുണ്ടെങ്കിൽകൂടി പട്ടയത്തിനുള്ള അവകാശം ഇല്ലാതാകില്ല എന്നതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം പരിശോധിച്ചുവരുന്നു.

മലമ്പുഴ നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ

324 (1564) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെ എത്ര പട്ടയങ്ങൾ വിതരണം ചെയ്തുവെന്നതിന്റെ വില്ലേജ് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മലമ്പുഴ നിയോജകമണ്ഡലത്തിൽ ആകെ 2445 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുള്ളതാണ്. വില്ലേജ് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മത്സ്യഗ്രാമങ്ങളിലെ പട്ടയ വിതരണം

325 (1565) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം വെസ്റ്റ് വില്ലേജിൽ ഉൾപ്പെടുന്ന മത്സ്യഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ച് നൽകുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; പ്രസ്തുത മേഖലയിലെ അർഹരായ മുഴുവൻ കുടുംബങ്ങൾക്കും പട്ടയം അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം വെസ്റ്റ് വില്ലേജിൽ ബ്ലോക്ക് 188, 189, 192, 194, 196, 197, 198 എന്നിവയിൽ ഉൾപ്പെടുന്ന മത്സ്യ ഗ്രാമങ്ങളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ പതിറ്റാണ്ടുകളായി കൈവശം വച്ച് അനുഭവിക്കുന്ന ഭൂമി പതിച്ചുനൽകുന്ന വിഷയം ഈ സർക്കാർ അനുഭാവപൂർവം പരിശോധിച്ച് ക്രിയാത്മക ഇടപെടലുകൾ നടത്തിയതിന്റെ അടിസ്ഥാനത്തിലാണ് പട്ടയം നൽകുന്നതിന് സാധിച്ചിട്ടുള്ളത്. "കടൽ പുറമ്പോക്ക്" എന്ന വിഭാഗത്തിലുൾപ്പെടുന്ന പ്രസ്തുത ഭൂമി പതിവിന് വിധേയമല്ലെന്ന് മുദ്ര കുത്തി ഉപേക്ഷിക്കപ്പെട്ടിരുന്നു. എന്നാൽ 1995-ലെ ഭൂപതിവ് ചട്ടങ്ങൾ വിശദമായി പരിശോധിക്കുകയും കടൽത്തീരത്തിനടുത്ത് സമുദ്രത്തിലെ ഉയർന്ന വേലിയേറ്റ പോയിന്റിൽ (HTL) നിന്നും 30.480 മീറ്റർ ഉള്ളിലുള്ള ഭൂമി മാത്രം പതിവിന് വിധേയമല്ലെന്ന ചട്ടം 6(3) (ii) പ്രകാരമുള്ള വിവരണത്തിന്റെ പിൻബലത്തിൽ പട്ടയം അനുവദിക്കാൻ അനുമതി നൽകി 22-06-2024-ലെ G.O.(Ms).No.106/2024/RD പ്രകാരം സർക്കാർ പ്രത്യേക ഉത്തരവ്

പുറപ്പെടുവിക്കുകയും ചെയ്തു. ഇതിലൂടെ 511 കുടുംബങ്ങളുടെ പതിറ്റാണ്ടുകളായുള്ള ആവശ്യത്തിന് സർക്കാരിന്റെ ഇച്ഛാശക്തിയിലൂടെ പരിഹാരം കാണുകയായിരുന്നു.

പാറശ്ശാല നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

326 (1567) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മേയ് മാസം മുതൽ നാളിതുവരെ പാറശ്ശാല നിയോജകമണ്ഡലത്തിൽ റവന്യൂ വകുപ്പ്, ഭവനനിർമ്മാണ വകുപ്പ് എന്നിവ മുഖേന അനുവദിച്ച വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഓരോ പദ്ധതിക്കും അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

2016 മേയ് മാസം മുതൽ റവന്യൂ വകുപ്പ്, ഭവനനിർമ്മാണ വകുപ്പ് എന്നിവ മുഖേന പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് വില്ലേജ് നിർമ്മാണം, നവീകരണം, ചുറ്റുമതിൽ നിർമ്മാണം എന്നീ പ്രവൃത്തികളുടെ വിവരങ്ങൾ, അനുവദിച്ച തുക, അവയുടെ നിലവിലെ സ്ഥിതി വിവരം എന്നിവ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) പ്രസ്തുത കാലയളവിൽ മണ്ഡലത്തിൽ ആകെ എത്ര പേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയിട്ടുണ്ട്; ഇവ വില്ലേജ്, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ; ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് വിതരണം ചെയ്തിട്ടുള്ളതെന്നും നിലവിൽ എത്രയെണ്ണം വിതരണത്തിന് തയ്യാറായിട്ടുണ്ടെന്നും വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാറശ്ശാല നിയോജകമണ്ഡലത്തിന്റെ ഭാഗമായി കാട്ടാക്കട, നെയ്യാറ്റിൻകര താലൂക്കുകളിലെ 13 വില്ലേജുകളിൽനിന്ന് 2016 മുതൽ നാളിതുവരെ വിതരണം ചെയ്തിട്ടുള്ള പട്ടയം, കൈവശരേഖ എന്നിവയുടെ വില്ലേജ്, പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പാറശ്ശാല നിയോജകമണ്ഡലത്തിലെ അഞ്ചുചങ്ങല പ്രദേശത്തെ താമസക്കാർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത നടപടികൾ എന്നേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വാഴിച്ചൽ, അമ്പൂരി, കള്ളിക്കാട് വില്ലേജുകളിലെ അഞ്ചുചങ്ങല പ്രദേശത്തെ കൈവശക്കാർക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ബി.റ്റി.ആർ.-ൽ ആവശ്യമായ തിരുത്തൽ വരുത്തുന്നതിനും തുടർന്ന് അർഹരായവർക്ക് നിലവിലെ ചട്ടപ്രകാരം പട്ടയം നൽകുന്നതിനുമായി 16-04-2025-ൽ സ.ഉ.(കൈ)നം.99/2025/RD പ്രകാരം ലഭ്യമായിട്ടുണ്ടെന്നും ടി പ്രദേശം സർവെ ചെയ്യുന്നതിനായി പട്ടയമിഷന്റെ ഭാഗമായി ദിവസവേതനാടിസ്ഥാനത്തിൽ സർവെ ജീവനക്കാരെ നിയമിച്ചിട്ടുള്ളതും സർവെ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതിനും മറ്റ് പട്ടയ ജോലികൾക്കുമായി ജോലിക്രമീകരണ വ്യവസ്ഥയിൽ ജീവനക്കാരെ നിയോഗിച്ചിട്ടുള്ളതുമാണ്. സർക്കാർ ഉത്തരവ് ലഭ്യമായതിനുശേഷം മൂന്ന് വില്ലേജുകളിൽനിന്നായി നിലവിൽ 1230 പേരുടെ അപേക്ഷ (വാഴിച്ചൽ - 823, അമ്പൂരി - 297, കള്ളിക്കാട് - 110) ലഭ്യമായിട്ടുണ്ട്. വാഴിച്ചൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വില്ലേജിലെ സർവെ നടപടികൾ അവസാനഘട്ടത്തിലാണ്. സർവെയർമാർ തയ്യാറാക്കിയിട്ടുള്ള സ്കെച്ചുകൾ പരിശോധിക്കുമ്പോൾ റിസർവോയറിനോട് ചേർന്നും കൈവശക്കാർ ഉള്ളതായി കാണുന്നു. ആയതിനാൽ ഇറിഗേഷൻ വകുപ്പ് MFL & FRL എന്നിവ ഫിക്സ് ചെയ്യുന്ന ജോലികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിച്ച് അർഹരായ എല്ലാവർക്കും പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) അമ്പൂരി ഗ്രാമപഞ്ചായത്തിലെ വനമേഖലയിൽ 2006-ലെ വനാവകാശ നിയമപ്രകാരം കൈവശാവകാശരേഖ ലഭിച്ചവരുടെ ഭൂമി ഫോറസ്റ്റ് വില്ലേജിൽനിന്നും മാറ്റി റവന്യൂ വില്ലേജ് ആക്കി നൽകുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രസ്തുത നടപടികൾ എന്നേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഫോറസ്റ്റ് വില്ലേജ് റവന്യൂ വില്ലേജുകളായി പരിവർത്തനം ചെയ്യുന്നത് സംബന്ധിച്ച പട്ടിക ഗോത്രവർഗ്ഗങ്ങളും പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമം (വനാവകാശ നിയമം-2006) പ്രകാരം ROR നൽകിയ പട്ടികവർഗ്ഗ നഗറുകൾ, പ്രകൃതി, ഉന്നതികൾ എന്നിവ നിലനിൽക്കുന്ന ഭൂമി (ഫോറസ്റ്റ് വില്ലേജ്) റവന്യൂ വില്ലേജുകളായി പരിവർത്തനപ്പെടുത്തുന്നതിന് 03-02-2025-ലെ സ.ഉ.(കൈ) നം. 30/2025/RD പ്രകാരം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതുപ്രകാരം ജില്ലയിൽ നാളിതുവരെ നൽകിയിട്ടുള്ള വനാവകാശ രേഖകളുടെ (ROR) സപ്ലിമെന്ററി ബി.ടി.ആർ. തയ്യാറാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർ നെടുമങ്ങാടിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും കരം ഒടുക്കുന്നതിനുവേണ്ടിയുള്ള സപ്ലിമെന്ററി ബി.ടി.ആർ. തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഭൂനികുതി ഒടുക്കുന്നതിനുവേണ്ടി ReLIS-ൽ മൊഡ്യൂൾ നടപ്പിലാക്കുന്നതിന്റെ പ്രവർത്തനം

സ്റ്റേറ്റ് ഐ.ടി. സെൽ മുഖാന്തരം നടന്നുവരുന്നതാണ്. ആയത് പൂർത്തിയാക്കുന്ന മുറയ്ക്ക് കരമൊടുക്കാൻ കഴിയുന്നതാണ്. കാട്ടാക്കട താലൂക്കിൽ വാഴിച്ചൽ വില്ലേജിൽ 673 കേസുകളും മണ്ണൂർക്കര വില്ലേജിൽ 59 കേസുകളും ചേർത്ത് ആകെ 732 കേസുകൾ പരിവർത്തനം ചെയ്ത ഭൂനികുതി സ്വീകരിക്കാൻ കഴിയുന്നതാണ്.

(ഇ) പെരുങ്കടവിള, കീഴാറൂർ വില്ലേജുകളിൽ രാജപാത പുറമ്പോക്ക് പ്രദേശത്ത് താമസിക്കുന്നവരിൽനിന്നും പട്ടയത്തിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വില്ലേജ് തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്രയെണ്ണത്തിൽ പരിശോധന പൂർത്തിയാക്കി അർഹരായവരെ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കാട്ടാക്കട താലൂക്കിലെ കീഴാറൂർ വില്ലേജിൽനിന്നും രണ്ട് രാജപാത പുറമ്പോക്കിൽപ്പെട്ട 14 പേരുടെ ഭൂമിപതിവ് അപേക്ഷ ലഭ്യമായിട്ടുണ്ട്. 14 പേരുടെയും അപേക്ഷയിന്മേൽ പരിശോധന പൂർത്തിയാക്കിയിട്ടുണ്ട്. ടി കക്ഷികൾക്ക് അപേക്ഷാ ഭൂമിയോടുചേർന്ന് രജിസ്റ്റേഡ് ഭൂമി ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ ടി കക്ഷികൾ സൗജന്യ ഭൂമി പതിവിന് അർഹരല്ലെന്ന് കാണുന്നു. രജിസ്റ്റേഡ് ഭൂമിയിലും അപേക്ഷാ വസ്തുവിലുമായി വീട് സ്ഥിതി ചെയ്യുന്നുവെന്ന് കണ്ടെത്തിയ 12 പേർ ബെനിഫിഷ്യൽ എൻജോയ്മെന്റ് പ്രകാരമുള്ള ഭൂമി പതിവിന് അർഹരാണെന്ന് കാണുന്നു. പെരുങ്കടവിള വില്ലേജിൽ നിലവിൽ ഇത്തരം അപേക്ഷകൾ ലഭ്യമല്ല.

(എഫ്) രാജപാത പുറമ്പോക്ക് ഭൂമിക്ക് പട്ടയം നൽകുന്നതിന് നിലനിൽക്കുന്ന സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്നും അവ പരിഹരിച്ച് പട്ടയ വിതരണം എന്നേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

കാട്ടാക്കട താലൂക്കിൽ കീഴാറൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 26-ൽ റീസർവെ നമ്പർ 271/14, 269/2 എന്നിവയിലുൾപ്പെട്ട ഭൂമിയാണ് രാജപാത എന്ന് അറിയപ്പെടുന്നത്. ബി.ടി.ആർ. പ്രകാരം നിലവിൽ ടി ഭൂമി PWD റോഡ് പുറമ്പോക്കാണ്. ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിന് ടി ഭൂമി റോഡിന്റെ ഭാവി വികസനത്തിന് ആവശ്യമാണോയെന്ന വിവരം ലഭ്യമാകേണ്ടതുണ്ട്. ടി വിവരം ലഭ്യമാകുന്നതിന് PWD റോഡ് സെക്ഷൻ കുന്നത്തുകാലിന് കാട്ടാക്കട തഹസീൽദാർ കത്ത് നൽകിയിട്ടുള്ളതാണ്. PWD-യുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് അർഹരായവർക്ക് ബെനിഫിഷ്യൽ എൻജോയ്മെന്റ് പ്രകാരം ടി ഭൂമി പതിച്ചുനൽകുന്നതിന് നെടുമങ്ങാട് റവന്യൂ ഡിവിഷണൽ ഓഫീസർ മുഖേന നടപടി സ്വീകരിക്കുന്നതാണ്.

(ജി) മണ്ഡലത്തിലെ അർഹരായ മുഴുവൻ പട്ടയ അപേക്ഷകർക്കും വേഗത്തിൽ പട്ടയം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

പട്ടയ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി അർഹരായ എല്ലാവർക്കും കേരള ഭൂമി പതിവ് ചട്ടപ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താലൂക്ക്/ജില്ലാ തലത്തിൽ പരിഹരിക്കാൻ കഴിയാത്ത എല്ലാ പട്ടയ പ്രശ്നങ്ങളും പട്ടയം ഡാഷ്ബോർഡിൽ ഉൾപ്പെടുത്തി പട്ടയം നൽകുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ

327 (1568) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലവിലുള്ള സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ അരുവിക്കര നിയോജകമണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങൾ, വനാവകാശ രേഖ എന്നിവ സംബന്ധിച്ച വിവരങ്ങൾ വില്ലേജ് തിരിച്ച് അറിയിക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം അരുവിക്കര നിയോജകമണ്ഡലത്തിൽ നാളിതുവരെ 378 പട്ടയങ്ങളും 805 വനാവകാശരേഖകളും അനുവദിച്ചിട്ടുള്ളതാണ്. ആയതിന്റെ വില്ലേജ് തിരിച്ചുള്ള റിപ്പോർട്ട് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കായംകുളം പൊഴിയിലെ ഊന്നിവലകളുടെ പോക്കുവരവ്

328 (1569) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിലെ കായംകുളം പൊഴിയിൽ ഏകദേശം 100 വർഷക്കാലമായി പട്ടയത്തോടുകൂടി പ്രവർത്തിച്ചുവരുന്ന ഊന്നിവലകൾക്ക് നൽകിയിട്ടുള്ള പട്ടയങ്ങൾ അവരുടെ പിൻഗാമികളായ ഇപ്പോഴുള്ള ഉടമസ്ഥരുടെ പേരിലേക്ക് പോക്കുവരവ് ചെയ്ത് നൽകുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ആലപ്പുഴ ജില്ലയിൽ ആറാട്ടുപുഴ വില്ലേജിലെ വലിയഴീക്കൽ പൊഴിയുടെ ഭാഗത്ത് ഊന്നിവല കെട്ടിയവർക്ക് വളരെ മുൻകാലങ്ങളിൽ നൽകിയിട്ടുള്ളതായി അറിയുന്ന പട്ടയം കായലിൽ മത്സ്യബന്ധനം നടത്തുന്നതിനുവേണ്ടി മാത്രം നൽകിയിട്ടുള്ളതാണ്. നിലവിലുള്ള

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നിയമപ്രകാരം കായലിന്റെ പൊഴിയുടെ ഭാഗത്ത് പോക്കുവരവ് ചെയ്ത് നൽകാൻ നിർവാഹമില്ലാത്തതാണ്.

(ബി) ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് കരം ഒടുക്കുന്നതിനുള്ള സാങ്കേതിക തടസ്സം കാരണം ഇവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ പെർമ്മിറ്റും മറ്റ് ആനുകൂല്യങ്ങളും നിലച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഊന്നിവലകളുടെ മുൻ പ്രമാണങ്ങളിൽ പലതും നിലവിലുള്ള ഉടമസ്ഥർക്ക് 2004-ലെ സുനാമിയിൽ തിരിച്ചുകിട്ടാനാകാത്ത വിധത്തിൽ നഷ്ടപ്പെട്ടിരുന്നുവെന്ന വസ്തുത കണക്കിലെടുത്ത് 2021-ലെ കേരള ഇൻലാൻഡ് ഫിഷറീസ് ആക്ടിൽ പ്രത്യേക ഇളവ് ആവശ്യമെങ്കിൽ അത് അനുവദിച്ചുകൊണ്ട് ഊന്നിവലകളുടെ നിലവിലുള്ള ഉടമസ്ഥർക്ക് ഊന്നിവലകളുടെ കരമൊടുക്കാൻ സാധിക്കുന്നതിനും ഊന്നിവലകളുടെ പോക്കുവരവ് എളുപ്പത്തിൽ ചെയ്ത് നൽകുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

മുൻകാലങ്ങളിൽ ഊന്നിവല കെട്ടുന്നതിന് അനുവദിച്ച പട്ടയം സംബന്ധിച്ച രേഖകളൊന്നും ബന്ധപ്പെട്ട കാര്യാലയത്തിൽ ലഭ്യമല്ലാത്തതാണ്. ടി പട്ടയം പോക്കുവരവ് ചെയ്ത് നൽകുന്നതിനായി നിലവിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. ആയത് ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

വാമനപുരം നിയോജകമണ്ഡലത്തിലെ പട്ടയം/കൈവശാവകാശ രേഖ വിതരണം

329 (1570) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലയളവിലും (2016-21) നിലവിലെ സർക്കാരിന്റെ കാലയളവിലും (2021-26) വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര പേർക്ക് പട്ടയം, കൈവശാവകാശ രേഖ എന്നിവ വിതരണം ചെയ്തിട്ടുണ്ടെന്ന വിവരം ലഭ്യമാക്കാമോ?

വാമനപുരം നിയോജകമണ്ഡലത്തിന്റെ പരിധിയിൽ മുൻ സർക്കാരിന്റെ (2016-21) കാലയളവിൽ 69 പട്ടയങ്ങളും നിലവിലെ സർക്കാരിന്റെ കാലയളവിൽ 282 പട്ടയങ്ങളും വിതരണം ചെയ്തിട്ടുണ്ട്. ടി കാലയളവിൽ കൈവശ രേഖകളൊന്നുംതന്നെ നൽകിയിട്ടില്ല.

(ബി) പട്ടയത്തിന് അപേക്ഷിച്ച അർഹരായ എത്ര അപേക്ഷകർക്ക് ഇനി പട്ടയം ലഭ്യമാകാനുണ്ട്; വ്യക്തമാക്കാമോ; അപേക്ഷകളുടെ തൽസ്ഥിതി വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

പട്ടയത്തിന് അപേക്ഷിച്ച അർഹരായ അപേക്ഷകർക്ക് പട്ടയം അനുവദിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടി വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പട്ടയ ഭൂമിയിലെ രാജകീയ മരങ്ങളുടെ അവകാശം

330 (1571) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടയ ഭൂമിയിലെ രാജകീയ മരങ്ങളുടെ അവകാശം സംബന്ധിച്ച് ചട്ട ഭേദഗതി വരുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

പട്ടയ ഭൂമിയിൽ പട്ടയം നൽകുന്ന സമയം നിലനിൽക്കുന്ന രാജകീയ മരങ്ങളുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അവകാശം സർക്കാരിൽ പുനർനിക്ഷിപ്തമാക്കിക്കൊണ്ട് 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി 20-01-2026-ലെ G.O.(P)No.28/2026 (SRO 109/2026) പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഭൂമി പതിച്ചുനൽകിയതിനുശേഷം വളർന്നുവരുന്ന രാജകീയ മരങ്ങളുടെ അവകാശം സംബന്ധിച്ച് ഏത് രീതിയിലുള്ള വ്യവസ്ഥയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ?

നട്ടുവളർത്തിയതോ, മുളച്ചുവരുന്നതോ ആയ രാജകീയ മരങ്ങളുടെ ഉടമസ്ഥത സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ പട്ടയ അപേക്ഷകൾ

331 (1572) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ എത്ര കുടുംബങ്ങൾക്ക് പട്ടയം അനുവദിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി താലൂക്കിൽനിന്നും ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് അനുവദിച്ച എൽ.എ./എൽ.റ്റി. പട്ടയങ്ങളുടെ എണ്ണം പഞ്ചായത്ത്/മുനിസിപ്പാലിറ്റി അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പഞ്ചായത്ത്/ മുനിസിപ്പാലിറ്റി	അനുവദിച്ച എൽ.എ. പട്ടയങ്ങളുടെ എണ്ണം	അനുവദിച്ച എൽ.റ്റി. പട്ടയങ്ങളുടെ എണ്ണം
ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി	19	14
തൃക്കൊടിത്താനം പഞ്ചായത്ത്	5	0
കുറിച്ചി പഞ്ചായത്ത്	7	4
മാടപ്പള്ളി പഞ്ചായത്ത്	3	3
പായിപ്പാട് പഞ്ചായത്ത്	28	2
വാഴപ്പള്ളി പഞ്ചായത്ത്	0	6

(ബി) പട്ടയം ലഭിച്ച കുടുംബങ്ങളുടെ വിശദവിവരം നൽകുമോ?

പട്ടയ രജിസ്റ്ററിലും പട്ടയ പകർപ്പിലും കുടുംബനാഥന്റെയും കുടുംബനാഥയുടെയും പേരുവിവരങ്ങൾ മാത്രമേ രേഖപ്പെടുത്താറുള്ളൂ. ചങ്ങനാശ്ശേരി താലൂക്കിൽനിന്നും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടയം ലഭിച്ച ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലുൾപ്പെട്ട കുടുംബങ്ങളുടെ പേര് വിവരം പഞ്ചായത്ത്/മുൻസിപ്പാലിറ്റി അടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) നിലവിൽ എത്ര പട്ടയ അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ടെന്നും കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കാമോ?

ചങ്ങനാശ്ശേരി താലൂക്കിൽ എൽ.എ. പട്ടയം നൽകാൻ അവശേഷിക്കുന്ന 335 കേസുകളിൽ ഭൂരിഭാഗവും റോഡ്, തോട്, കുളം, പാറ പുറമ്പോക്ക് ഇനങ്ങളിൽപ്പെട്ടവയാണ്. ഇവയ്ക്ക് നിലവിലെ പട്ടയനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പട്ടയം നൽകാൻ സാധിക്കുകയില്ല. ബന്ധപ്പെട്ട വകുപ്പുകളുടെ എൻ.ഒ.സി. ലഭിച്ചാൽ മാത്രമേ ടി കേസുകളിൽ പട്ടയം നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

എൽ.റ്റി. പട്ടയ അപേക്ഷകൾ 2 എണ്ണം നിലവിൽ തീർപ്പുകൽപ്പിക്കാനുള്ളതാണ്. ടി അപേക്ഷകർക്ക് മതിയായ രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

അത്തൂർ നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങൾ

332 (1573) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ നാളിതുവരെ അത്തൂർ നിയോജകമണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരം വില്ലേജ് തിരിച്ച് പേര്, അഡ്രസ്സ് സഹിതം ലഭ്യമാക്കാമോ?

2016 മുതൽ നാളിതുവരെ അത്തൂർ നിയോജക മണ്ഡലത്തിൽ വിതരണം ചെയ്ത പട്ടയങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

പട്ടയ വിതരണം

333 (1574) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്കും പട്ടയത്തിനർഹരായവർക്കും പട്ടയം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ?

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ഭൂരഹിതർക്കും രേഖകളില്ലാതെ നിയമപരമായി ഭൂമി കൈവശം വച്ച് വരുന്നവർക്കും പട്ടയം നൽകുക എന്ന പ്രധാനപ്പെട്ട ലക്ഷ്യം ഏകോപിപ്പിക്കുന്നതിനും കാര്യക്ഷമമായും സമയബന്ധിതമായും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നടപ്പിലാക്കുന്നതിനും വേണ്ടി സംസ്ഥാനത്ത് 'പട്ടയമിഷൻ' രൂപീകരിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലി സംഘടിപ്പിക്കുകയും ചെയ്ത് അപേക്ഷകരെ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ജില്ലകളിൽ ഭൂരഹിതർക്കും പട്ടയത്തിനർഹരായവർക്കും പട്ടയം നൽകുന്നതിനായി പട്ടയത്തിനുള്ള അപേക്ഷകളിൽ കൈവശ ഭൂമി പതിവിന് വിധേയമാണോയെന്ന് പരിശോധിച്ച് ബന്ധപ്പെട്ട പതിവ് ചട്ടങ്ങൾ പ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ഓരോ വില്ലേജിലെയും/പഞ്ചായത്തിലെയും പട്ടയ പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ആയവ പരിഹരിച്ച് പട്ടയം നൽകുന്നതിനുമായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങിയ നിയമസഭാ മണ്ഡലാടിസ്ഥാനത്തിലുള്ള പട്ടയ അസംബ്ലികൾ നിലവിലുള്ളതും ടി പട്ടയ അസംബ്ലികളിൽ ഉന്നയിക്കപ്പെടുന്ന പട്ടയപ്രശ്നങ്ങളിൽ താലൂക്ക് ജില്ലാതലങ്ങളിൽ പരിഹരിക്കാൻ കഴിയുന്ന പട്ടയ വിഷയങ്ങൾ ടി തലങ്ങളിൽ പരിഹരിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. താലൂക്ക്, ജില്ലാതലങ്ങളിൽ പരിഹരിക്കാൻ കഴിയാത്ത പട്ടയ പ്രശ്നങ്ങൾ പട്ടയ ഡാഷ്ബോർഡിൽ ചേർത്ത് സർക്കാരിൽ പരിശോധിച്ചുവരുന്നു. ഭൂരഹിതർക്ക് അതിദാരിദ്ര്യമുക്ത ഗുണഭോക്താക്കളെ വില്ലേജ് അടിസ്ഥാനത്തിൽ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ ഭൂമി അനുവദിച്ചുവരുന്നുണ്ട്.

(ബി) കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ എത്ര പട്ടയങ്ങൾ വിതരണം ചെയ്തു; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

233947 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നം.	**ജില്ല**	**വിതരണം ചെയ്ത പട്ടയങ്ങളുടെ എണ്ണം**
1	തിരുവനന്തപുരം	7235
2	കൊല്ലം	4667
3	പത്തനംതിട്ട	2665
4	ആലപ്പുഴ	1756
5	കോട്ടയം	4028
6	ഇടുക്കി	19143
7	എറണാകുളം	10148
8	തൃശ്ശൂർ	34459
9	പാലക്കാട്	55506
10	മലപ്പുറം	38769
11	കോഴിക്കോട്	24439
12	കണ്ണൂർ	19772
13	വയനാട്	4710
14	കാസർഗോഡ്	6650
ആകെ		**2,33,947**

(സി) സംസ്ഥാനത്ത് അർഹരായിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ പട്ടയം വിതരണം വൈകുന്നതിന് പ്രധാന കാരണങ്ങൾ എന്തൊക്കെയാണെന്നും അവർക്ക് എപ്പോൾ പട്ടയം വിതരണം ചെയ്യുമെന്നും അറിയിക്കുമോ?

സംസ്ഥാനത്ത് അർഹരായിട്ടും പട്ടയം ലഭിക്കാത്തവരുടെ എണ്ണം കണക്കാക്കിയിട്ടില്ലായെന്ന് ജില്ലാ കളക്ടർമാർ അറിയിച്ചിട്ടുള്ളതാണ്. പട്ടയം വിതരണം വൈകുന്നതിന് പ്രധാന കാരണങ്ങൾ വനഭൂമി, തീരദേശ പരിപാലന നിയമം (CRZ)

എന്നിവയുമായി ബന്ധപ്പെട്ട സാങ്കേതിക തടസ്സങ്ങൾ, ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചുള്ള കോടതി കേസുകൾ, സർവെ നടപടികളിലെ കാലതാമസം എന്നീ സാങ്കേതിക തടസ്സങ്ങൾ നീക്കി, നിയമപരമായ പരിശോധനകൾ പൂർത്തിയാക്കി, അർഹരായ മുഴുവൻ ആളുകൾക്കും സമയബന്ധിതമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മുമ്പ് പതിച്ചുകൊടുത്ത ഭൂമി കൈയ്യേറി താമസിച്ചുവരുന്ന ആളുകൾക്ക് പട്ടയം അനുവദിക്കേണ്ടിവരുന്ന സാഹചര്യത്തിൽ മുമ്പ് അനുവദിച്ച് പട്ടയം റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. നിലവിൽ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പട്ടയം നൽകുന്നതിന് തടസ്സം നേരിടുന്ന കേസുകൾ പട്ടയ ഡാഷ്ബോർഡിൽ ഉൾപ്പെടുത്തിയിട്ടുള്ളതും ഇതുകൂടാതെ വിവിധ നിയമപ്രശ്നങ്ങൾ കാരണം ഇതുവരെയും പട്ടയം നൽകിയിട്ടില്ലാത്ത കേസുകൾ കണ്ടെത്തി പരിഹരിക്കുന്നതിനുവേണ്ടി നിയോജമണ്ഡലാടിസ്ഥാനത്തിൽ പട്ടയ അസംബ്ലികൾ ചേർന്ന് ആയതിൽ ഉയർന്നുവരുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഭൂരഹിതർക്ക് ഭൂമി നൽകുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടയത്തിനായി ലഭിച്ചിട്ടുള്ള അപേക്ഷകളിൽ ഫീൽഡ് പരിശോധന നടത്തി ആവശ്യമെങ്കിൽ കക്ഷികളെ വിചാരണ ചെയ്ത് അപേക്ഷിച്ചിട്ടുള്ള ഭൂമി പതിവിന് യോഗ്യമാണെന്നും അപേക്ഷകന് അർഹതയുണ്ടെന്നും ഉറപ്പുവരുത്തിയതിനുശേഷമാണ് തുടർനടപടി സ്വീകരിച്ചുവരുന്നത്. പതിവിന് അപേക്ഷിച്ചിട്ടുള്ള അപേക്ഷകരുടെ യോഗ്യത ഫീൽഡ് പരിശോധനയിലൂടെ ഉറപ്പുവരുത്തിയതിനുശേഷം മാത്രമേ മറ്റുനടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയുള്ളൂ. അത്തരത്തിൽ പതിവിന് യോഗ്യതയില്ലെന്ന്

കണ്ടെത്തുന്ന നിയമാനുസൃതം തുടർനടപടി സ്വീകരിക്കാൻ സാധിക്കാത്ത അപേക്ഷകൾ കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്.

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ അനുവദിച്ച പട്ടയങ്ങളുടെ എണ്ണം

334 (1575) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ അനുവദിക്കപ്പെട്ട പട്ടയങ്ങളുടെ എണ്ണം വില്ലേജ് തിരിച്ച് ലഭ്യമാക്കാമോ?

അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ 2016 മേയ് മാസം മുതൽ നാളിതുവരെ അനുവദിക്കപ്പെട്ട പട്ടയങ്ങളുടെ വില്ലേജ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

മട്ടന്നൂർ നിയോജകമണ്ഡലത്തിൽ മഴക്കെടുതിമൂലം മരിച്ചയാൾക്ക് ധനസഹായം

335 (1576) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസം ഉണ്ടായ ശക്തമായ മഴയിൽ വീടിനു മുകളിൽ മരം കടപുഴകി വീണ് മരിക്കാൻ ഇടയായ ശ്രീ. എനിയാടൻ ചന്ദ്രൻ എന്നയാളുടെ കുടുംബത്തിന് ധനസഹായം ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കോളയാട് ഗ്രാമപഞ്ചായത്തിൽ 2025 ജൂലൈ മാസം ഉണ്ടായ ശക്തമായ മഴയിൽ വീടിന് മുകളിൽ മരം കടപുഴകി വീണ് മരിക്കാനിടയായ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ശ്രീ. എനിയാടൻ ചന്ദ്രൻ എന്നയാളുടെ കുടുംബത്തിന് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 4,00,000/-രൂപ (നാല് ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതാണ്. ഇക അനുവദിച്ചതുമായി ബന്ധപ്പെട്ട് രേഖകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ആകെ എത്രപേർക്ക് പട്ടയം നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ആകെ 8128 പട്ടയം അനുവദിച്ചിട്ടുണ്ട്.

ഭൂമി തരംമാറ്റത്തിനുള്ള അപേക്ഷകൾ

336 (1577) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനുള്ള എത്ര അപേക്ഷകൾ നിലവിൽ തീർപ്പുകൽപ്പിക്കാനുണ്ട്; വിശദാംശങ്ങൾ ജില്ലതിരിച്ച് വ്യക്തമാക്കുമോ;

സംസ്ഥാനത്ത് ഭൂമി തരംമാറ്റത്തിനുള്ള 283033 അപേക്ഷകൾ തീർപ്പാക്കാനായി നിലവിലുണ്ട്. അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) നാളിതുവരെ എത്ര തരംമാറ്റ അപേക്ഷകൾ തീർപ്പുകൽപ്പിച്ചിട്ടുണ്ട്; ഭൂമി തരംമാറ്റത്തിനുള്ള ഫീസിനത്തിൽ ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ എത്ര ഇക

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ലഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

നാളിതുവരെ 544226 തരംമാറ്റ അപേക്ഷകളിൽ തീർപ്പുകൽപ്പിച്ചിട്ടുണ്ട്. 01-04-2021 മുതൽ 31-01-2025 വരെ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ലഭിച്ച തുകയുടെയും കാർഷികാഭിവൃദ്ധി ഫണ്ടിൽ ലഭിച്ച തുകയുടെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

കോഴിക്കോട് നിയോജകമണ്ഡലത്തിലെ ഭൂമി തരം മാറ്റം

337 (1578) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ഭൂമി തരംമാറ്റുന്നതിനും ഡാറ്റാ ബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനുമായി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വില്ലേജ് തിരിച്ച് വിവരം ലഭ്യമാക്കാമോ?

കോഴിക്കോട് സൗത്ത് നിയോജകമണ്ഡലത്തിൽ ഭൂമി തരംമാറ്റുന്നതിനും ഡാറ്റാബാങ്കിൽനിന്ന് ഒഴിവാക്കുന്നതിനുമായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കുന്നതിനുള്ള അപേക്ഷകളുടെ വില്ലേജ് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മേൽ അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

അദാലത്തുകൾ സംഘടിപ്പിച്ച് തരംമാറ്റം അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

നെൽവയൽ-തണ്ണീർത്തട ഡാറ്റാ ബാങ്ക്

338 (1579) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്ക് വാലിഡേറ്റ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്റർ (കെ.എസ്.ആർ.ഇ.സി.) ഏതൊക്കെ വില്ലേജുകളിലാണ് പൂർത്തിയാക്കിയത്; ജില്ല തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആദ്യഘട്ടത്തിൽ 500 കൃഷിഭവനുകൾ ആധാരമാക്കി ഡാറ്റാ ബാങ്ക് വാലിഡേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) നിയമാനുസൃതം ആരാണിത് പ്രസിദ്ധീകരിക്കേണ്ടതെന്നും ഏതൊക്കെ വില്ലേജുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടത്തിന്റെ, ചട്ടം 4(4) പ്രകാരം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയാണ് ഡാറ്റാബാങ്ക് വിജ്ഞാപനമായി ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ട അതോറിറ്റി. ഡാറ്റാബാങ്കുമായി ബന്ധപ്പെട്ട ജില്ലാ അടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ (എ) പിരിവിലെ ചോദ്യത്തിന് അനുബന്ധമായി ചേർത്തിട്ടുണ്ട്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) വില്ലേജ് ഓഫീസുകൾ, കൃഷി ഭവൻ എന്നിവ കേന്ദ്രീകരിച്ച് എന്തൊക്കെ ചുമതലകളാണ് ഇക്കാര്യത്തിൽ വകുപ്പുകൾ നിർവഹിക്കുന്നതെന്ന് വ്യക്തമാക്കുമോ?

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസറുടെ പ്രധാന ചുമതലകൾ താഴെപ്പറയുന്നവയാണ്:

ഓരോ പഞ്ചായത്തിലും രൂപീകരിച്ചിട്ടുള്ള പ്രാദേശിക നിരീക്ഷണ സമിതിയിൽ വില്ലേജ് ഓഫീസർ ഒരു അംഗമായിരിക്കും. ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനും അത് പുതുക്കുന്നതിനും സമിതിയെ സഹായിക്കേണ്ടത് വില്ലേജ് ഓഫീസറുടെ ചുമതലയാണ്.

വില്ലേജിലെ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിവരം അടങ്ങിയ ഡാറ്റാ ബാങ്കിന്റെ പകർപ്പ് വില്ലേജ് ഓഫീസിൽ പൊതുജനങ്ങൾക്ക് പരിശോധിക്കാനായി ലഭ്യമാക്കേണ്ടതും വില്ലേജ് ഓഫീസറുടെ ചുമതലയാണ്.

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഓരോ പഞ്ചായത്തിലുമുള്ള പ്രാദേശിക നിരീക്ഷണ സമിതിയുടെ (LLMC) കൺവീനർ എന്ന നിലയിൽ കൃഷി ഓഫീസറുടെ ചുമതലകൾ താഴെപ്പറയുന്നവയാണ്:

ഓരോ വില്ലേജിലെയും നെൽവയലുകൾ സംരക്ഷിക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള ലോക്കൽ ലെവൽ മോണിറ്ററിങ് കമ്മിറ്റിയുടെ കൺവീനറാണ് കൃഷി ഓഫീസർ. സമിതിയുടെ യോഗങ്ങൾ വിളിച്ചുചേർക്കുന്നതും തീരുമാനങ്ങൾ നടപ്പിലാക്കുന്നതും ഇദ്ദേഹമാണ്. വില്ലേജിലെ നെൽവയലുകളുടെ കൃത്യമായ വിവരം അടങ്ങിയ ഡാറ്റാ ബാങ്ക് (Data Bank) തയ്യാറാക്കുന്നത് കൃഷി ഓഫീസറുടെ നേതൃത്വത്തിലാണ്. ഡാറ്റാ ബാങ്കിലെ തെറ്റുകൾ തിരുത്താനുള്ള അപേക്ഷകൾ (Form 5) പരിശോധിക്കുക, ഗസറ്റ് വിജ്ഞാപനം വന്ന ഡാറ്റാ

ബാങ്ക് പൊതുജനങ്ങൾക്ക് പരിശോധിക്കാനായി കൃഷി ഭവനിൽ സൂക്ഷിക്കുക എന്നിവ കൃഷി ഓഫീസറുടെ ചുമതലയാണ്.

(ഡി) 2017-ൽ ആരംഭിച്ച വാലിഡേഷൻ ജോലികൾ ഇത്രയേറെ നീണ്ടുപോയതിന്റെ കാരണം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദീകരണം ലഭ്യമാക്കാമോ?

കരട് ഡാറ്റാ ബാങ്കിന്റെ ലഭ്യതയനുസരിച്ച് കെ.എസ്.ആർ.ഇ.സി.-യാണ് ഡാറ്റാ ബാങ്ക് വാലിഡേഷൻ നടത്തിവരുന്നത്. ഒരു വർഷം 125 എണ്ണം വച്ച് 4 ഘട്ടങ്ങളായി 500 എണ്ണം പൂർത്തികരിച്ചിട്ടുണ്ട്.

(ഇ) നെൽവയൽ-തണ്ണീർത്തട ഡാറ്റാ ബാങ്ക് വാലിഡേഷൻ നടപടികൾ ഉർജ്ജിതമാക്കുമോ; വിശദമാക്കാമോ?

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിങ് ആൻഡ് എൻവയോൺമെന്റ് സെന്ററിന്റെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിക്കൊണ്ട് 08-06-2025-ലെ സ.ഉ.(സാധാ) നം.1374/2025/RD പ്രകാരം 230.80 ലക്ഷം (രണ്ട് കോടി മുപ്പത് ലക്ഷത്തി എൺപതിനായിരം രൂപ) രൂപ, കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള കാർഷിക അഭിവൃദ്ധി ഫണ്ടിൽനിന്നും നൽകുന്നതിന് ഭരണാനുമതി നൽകിക്കൊണ്ട് ഉത്തരവായിരുന്നു.

കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഡാറ്റാ ബാങ്കിന്റെ വാലിഡേഷൻ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 17-06-2025-ൽ ബഹുമാനപ്പെട്ട കൃഷി

വകുപ്പുമന്ത്രിയുടെയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെയും സാന്നിധ്യത്തിൽ ബഹുമാനപ്പെട്ട റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രിയുടെ അധ്യക്ഷതയിൽ ഒരു യോഗം ചേരുകയും ഡാറ്റാ ബാങ്ക് വാലിഡേഷനുമായി ബന്ധപ്പെട്ട നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് കെ.എസ്.ആർ.ഇ.സി., തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവർക്ക് നിർദേശം നൽകുകയും ചെയ്തിരുന്നു.

ഡാറ്റാ ബാങ്കിന്റെ അപ്ഡേഷനുമായി ബന്ധപ്പെട്ട്

(a) നെൽവയൽ/തണ്ണീർത്തടമാണെന്ന് കെ.എസ്.ആർ.ഇ.സി. കണ്ടെത്തിയ ഭൂമിയുടെ മുഴുവൻ വിവരങ്ങൾ,

(b) പ്രസ്തുത വിവരങ്ങൾ സർവെ നമ്പരും സബ്ഡിവിഷൻ നമ്പരുമായി ഒത്തുനോക്കിയുള്ള വിവരങ്ങൾ,

(c) സാധ്യമായിടത്തോളം ഡാറ്റാ ബാങ്കിലുൾപ്പെട്ട ഭൂമിയുടെ സർവെ നമ്പരും സബ്ഡിവിഷൻ നമ്പരും ഡിജിറ്റലൈസ് ചെയ്തുകൊണ്ടുള്ള വിവരങ്ങൾ എന്നീ വിശദാംശങ്ങൾ ഉൾപ്പെടുത്തി സമഗ്രമായ ഒരു പോർട്ടൽ തയ്യാറാക്കുന്നതിനും "എന്റെ ഭൂമി" പോർട്ടലിന് സമാന്തരമായ ഡിജിറ്റലൈസേഷൻ പ്ലാറ്റ്ഫോം ഡാറ്റാ ബാങ്കിനായി രൂപപ്പെടുത്തുന്നതിനുമായി കെ.എസ്.ആർ.ഇ.സി. ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി എന്നിവരുൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നതിനും തത്ത്വത്തിൽ തീരുമാനമായിട്ടുണ്ട്.

ഇപ്രകാരം ഡാറ്റാ ബാങ്ക് വാലിഡേഷൻ നടപടികൾ ഊർജ്ജിതമാക്കുന്നതിനുള്ള

അടിയന്തര നടപടി സ്വീകരിച്ചുവരുന്നു. 577 ഡാറ്റാ ബാങ്കിന്റെ വാലിഡേഷനാണ് ഇപ്പോൾ നടന്നുവരുന്നത്. ആയതിൽ 60% ജോലിയും പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ളവ അടുത്ത മൂന്നു മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്ന പദ്ധതിയുടെ സ്ഥലമേറ്റടുക്കൽ

339 (1580) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി എന്താണ്; ഇതുമായി ബന്ധപ്പെട്ട ഭൂമിയേറ്റെടുക്കൽ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വ്യക്തമാക്കുമോ;

(ബി) പദ്ധതിയുമായി ബന്ധപ്പെട്ട അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ.) തയ്യാറാക്കലും അതിന്റെ അംഗീകാരവും സംബന്ധിച്ച നിലവിലെ സ്ഥിതി എന്താണ്; ഇതിനായി സ്ഥലപരിശോധന പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ നടപടിയുമായി ബന്ധപ്പെട്ട് അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി സ്ഥലപരിശോധന നടന്നുവരികയാണ്. നിർമ്മിതികളുടെ വിലനിർണ്ണയം പൊതുമരാമത്ത് വകുപ്പ് മുഖേനയും കാർഷികവിളകളുടെ വിലനിർണ്ണയം കൃഷി വകുപ്പ് മുഖേനയും നടന്നുവരുന്നു.

(സി) കാണക്കാരി, കോതനല്ലൂർ, മാഞ്ഞൂർ, മുട്ടുചിറ, കടുത്തുരുത്തി, വടയാർ എന്നീ വില്ലേജുകളിൽ ഉൾപ്പെടുന്ന 1.9652 ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇത്രയും

കാലം വൈകാൻ കാരണമായ പ്രധാന ഘടകങ്ങൾ എന്തൊക്കെയായിരുന്നു; വ്യക്തമാക്കാമോ?

പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ടുവരുന്ന സർവെ സബ് ഡിവിഷനുകൾ ജില്ലാ സർവെ സൂപ്രണ്ട്, പദ്ധതിയുടെ തുടക്കത്തിൽ അംഗീകരിച്ച് നൽകിയത് പുതിയ ആക്ട് പ്രകാരമുള്ള വിജ്ഞാപനമല്ലെന്ന് പിന്നീട് കണ്ടുപിടിച്ചതിനെത്തുടർന്ന് ആദ്യം അംഗീകരിച്ചവ റദ്ദാക്കി പുതിയവ തയ്യാറാക്കി അംഗീകരിച്ച് വാങ്ങേണ്ടിവന്നത് കാലതാമസത്തിന് കാരണമായിട്ടുണ്ട്. കൂടാതെ കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സർവെ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ സർവെ നമ്പരുകളും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടുവരുന്നുവെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അർഥനാധികാരി അഡീഷണൽ റിക്വിസിഷൻ സമർപ്പിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 08-04-2025-ലെ സ.ഉ.(സാധാ)നം.898/2025/RD പ്രകാരം വിട്ടുപോയ സർവെ നമ്പർ, വില്ലേജ് എന്നിവയുൾപ്പെടുത്തി പുതുക്കിയ ഉത്തരവ് നൽകിയിട്ടുള്ളതുമാണ്. കൂടാതെ, അലൈൻമെന്റിൽ നടത്തിയ മാറ്റങ്ങൾമൂലം വീണ്ടും പുതിയ സബ് ഡിവിഷൻ അംഗീകരിക്കേണ്ടിവന്നതും പദ്ധതി വൈകാൻ കാരണമായിട്ടുണ്ട്.

(ഡി) പദ്ധതിയുടെ അലൈൻമെന്റിൽ ഉൾപ്പെട്ട സർവെ സബ് ഡിവിഷനുകൾ ആദ്യം പുതിയ ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. (Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement Act) നിയമപ്രകാരമുള്ള 6(1) വിജ്ഞാപനം അനുസരിച്ച് അംഗീകരിക്കപ്പെടാതിരുന്നതുമൂലമുണ്ടായ കാലതാമസം പരിഹരിക്കുന്നതിന് പിന്നീട് സ്വീകരിച്ച നടപടികൾ എന്തൊക്കെയായിരുന്നു;

വിശദമാക്കാമോ?

2013-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സർവെ അതിരടയാള നിയമം 6(1) പുറപ്പെടുവിച്ച് സർവെ ജോലികൾ പൂർത്തിയാക്കി എല്ലാ സബ് ഡിവിഷനുകളും അംഗീകരിച്ച് പ്രശ്നം പരിഹരിച്ചിട്ടുണ്ട്.

(ഇ) കാണക്കാരി, മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലെ ചില സബ് ഡിവിഷൻ നമ്പരുകളും വടയാർ വില്ലേജിലെ എല്ലാ റീ-സർവെ സബ് ഡിവിഷൻ നമ്പരുകളും ഉൾപ്പെടുത്തി 08-04-2025-ലെ സർക്കാർ ഉത്തരവിലൂടെ പുതുക്കിയ അനുമതി നൽകിയതിനുശേഷം ഭൂമിയേറ്റെടുക്കൽ നടപടികൾ എത്രത്തോളം മുന്നോട്ടുപോയിട്ടുണ്ടെന്ന് അറിയിക്കാമോ?

11(1) അനുബന്ധ വിജ്ഞാപനം പുറപ്പെടുവിച്ചു. അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട് അംഗീകരിക്കുന്നതിനായി സ്ഥലപരിശോധന നടത്തിവരുന്നു.

(എഫ്) ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ. നിയമപ്രകാരം മഹസർ തയ്യാറാക്കൽ, നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിക്കുന്ന നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

142 കൈവശങ്ങളുടെയും മഹസർ തയ്യാറാക്കിയിരുന്നു. നിർമ്മിതികൾ, വൃക്ഷങ്ങൾ, കാർഷിക വിളകൾ എന്നിവയുടെ വില നിർണ്ണയത്തിനായി ബന്ധപ്പെട്ട വകുപ്പുകൾക്ക് ആവശ്യമായ നിർദേശം നൽകിയിട്ടുണ്ട്.

(ജി) അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ട്, മഹസർ, വിശദ വിലനിർണ്ണയ പത്രിക

(ഡി.വി.എസ്.) എന്നിവ ഉൾപ്പെടെയുള്ള ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കൽ പൂർത്തിയാക്കി അവാർഡ് പാസാക്കുന്നതിനും സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനും പ്രതീക്ഷിക്കുന്ന സമയപരിധി എത്രയാണ്; വ്യക്തമാക്കാമോ?

ലാൻഡ് അക്വിസിഷൻ കോസ്റ്റ് കണക്കാക്കി തുക അർഥനാധികാരി ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കുന്നതാണ്.

എരുമേലി തെക്ക് വില്ലേജിലെ വനംവകുപ്പിന്റെ കൈവശമുള്ള ഭൂമി സർക്കാർ ആവശ്യങ്ങൾക്കായി ഉപയുക്തമാക്കാൻ നടപടി

340 (1581) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ എരുമേലി മാസ്റ്റർ പ്ലാനിന്റെ ഭാഗമായി വിവിധ ഔദ്യോഗിക സംവിധാനങ്ങൾ ഒരുക്കുന്നതിനുവേണ്ടി വനം വകുപ്പ് കൈവശത്തിൽ വച്ചിട്ടുള്ള എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27-ൽ റീസർവെ 12(1)-ൽപ്പെട്ട 1.8250 ഹെക്ടർ സർക്കാർ പുറമ്പോക്ക് ഭൂമി തിരികെയെടുത്ത് സർക്കാർ ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിന്മേൽ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ എരുമേലി തെക്ക് വില്ലേജിൽ ബ്ലോക്ക് നമ്പർ 27 റീ സർവെ 12/1-ൽപ്പെട്ട 1.8250 ഹെക്ടർ ഭൂമി പുറമ്പോക്ക് ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും കോട്ടയം വനം ഡിവിഷൻ എരുമേലി റേഞ്ച് പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽവരുന്നതും പേരൂർത്തോട് വനം വകുപ്പ് സ്റ്റാഫ്

ക്വാർട്ടേഴ്സ് സ്ഥിതി ചെയ്യുന്നിടവുമാണ്. ടി ഭൂമിയുടെ ബി.ടി.ആർ. പകർപ്പ് എരുമേലി തെക്ക് വില്ലേജ് ആഫീസിൽ ലഭ്യമല്ലാത്തതുമാണ്. ഉടമസ്ഥാവകാശം തിട്ടപ്പെടുത്തുന്നതിന് ടി വസ്തുവിന്റെ ബി.ടി.ആർ. പകർപ്പ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തിരുവനന്തപുരം സെൻട്രൽ സർവെ ആഫീസ്, കോട്ടയം റീസർവെ അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, കോട്ടയം ജില്ലാ സൂപ്രണ്ട് കാര്യാലയം എന്നിവിടങ്ങളിൽ തഹസീൽദാർ അന്വേഷണം നടത്തുകയും എന്നാൽ ടി ഇടങ്ങളിലൊന്നുംതന്നെ വസ്തുവിന്റെ ബി.ടി.ആർ. പകർപ്പ് ലഭ്യമല്ലെന്ന് അറിയിച്ചിട്ടുള്ളതുമാണ്. റെലിസ് രേഖകൾപ്രകാരവും തിരുവനന്തപുരം സെൻട്രൽ സർവെ ഓഫീസിൽനിന്ന് ലഭിച്ച ലാൻഡ് രജിസ്റ്റർ പ്രകാരവും ടി വസ്തു സർക്കാർ പുറമ്പോക്ക് (ഫോറസ്റ്റ് ഗാർഡ് സ്റ്റേഷൻ) ആണെന്നും ടി വസ്തു വനം വകുപ്പിന്റെ കൈവശത്തിലാണെന്നും എരുമേലി തെക്ക് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് വ്യക്തതക്കുറവുള്ളതിനാൽ ടി വസ്തുവിന്മേൽ വനം വകുപ്പിന് എന്തെങ്കിലും അവകാശമുള്ളതാണോ എന്നത് സംബന്ധിച്ച് വിവരം ലഭ്യമാക്കുന്നതിന് എരുമേലി റേഞ്ച് ഫോറസ്റ്റ് ഓഫീസർക്ക് കാഞ്ഞിരപ്പള്ളി തഹസീൽദാർ കത്ത് നൽകിയിരുന്നു.

തുടർന്ന്, പ്രസ്തുത ഭൂമി കോട്ടയം ഡിവിഷൻ നിലവിലെ വർക്കിങ് പ്ലാനിൽ (2017-18 മുതൽ 2026- 27) ചാപ്റ്റർ 2, പേജ് 23, ആദ്യ ഖണ്ഡിക 2.1 Area of Forest under different legal classes പ്രകാരവും Annexure 15 പേജ് നമ്പർ 18 പ്രകാരവും ടി സ്ഥലം വനം വകുപ്പിന്റെ കൈവശമുള്ള റിസർവിന് പുറത്തുള്ള ഭൂമിയാണെന്നും ടി സ്ഥലത്തുള്ള വനം വകുപ്പ് ക്വാർട്ടേഴ്സിൽ പ്ലാച്ചേരി ഫോറസ്റ്റ് സ്റ്റേഷൻ ജീവനക്കാരൻ കുടുംബമായി

താമസിച്ചുവരുന്നതായും സ്വകാര്യഭൂമിയാലും PWD റോഡിനാലും ചുറ്റപ്പെട്ടുകിടക്കുന്നതുമായ 1.8250 ഹെക്ടർ സ്ഥലം എരുമേലി ടൗണിൽനിന്നും അധികം ദൂരെയല്ലാതെ വ്യത്യസ്തമായ പാരിസ്ഥിതിക സ്വഭാവം നിലനിൽക്കുന്നതുമായ പ്രദേശമാണെന്നും വനം വകുപ്പ് അറിയിച്ചിട്ടുണ്ട്. റവന്യൂ പുറമ്പോക്ക് ആയതിനാൽ പ്രസ്തുത ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച കാര്യം പരിഗണിച്ചുവരുന്നു.

അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുക്കൽ

341 (1582) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി ബൈപ്പാസിന് ഭൂമി ഏറ്റെടുത്ത് നൽകുന്നതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ?

ന്യായവില പുതുക്കി നിശ്ചയിക്കുന്നതിലുണ്ടായ കാലതാമസംമൂലമാണ് പൊന്നുംവില നടപടികൾ വൈകുന്നത്. പൊന്നുംവില നടപടിയുമായി ബന്ധപ്പെട്ട് ഏറ്റെടുക്കുന്ന ഭൂമിയുടെ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ചമയങ്ങളുടെയും എടുപ്പുകളുടെയും വിലനിർണ്ണയം പൂർത്തിയായിട്ടുള്ളതാണ്.

(ബി) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നാളിതുവരെയായി എത്ര അവലോകന യോഗങ്ങളാണ് നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലാ കളക്ടറേറ്റിൽ ചേർന്നതെന്നും പ്രസ്തുത യോഗത്തിൽ ആരെല്ലാം പങ്കെടുത്തുവെന്നതും വിശദമാക്കാമോ?

അങ്കമാലി ബൈപ്പാസ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021, 2022, 2023, 2024, 2025

വർഷങ്ങളിലായി ആകെ ഏഴ് അവലോകന യോഗങ്ങളാണ് നിയമസഭാ അംഗത്തിന്റെ നേതൃത്വത്തിൽ ചേർന്നിട്ടുള്ളത്. ജില്ലാ കളക്ടർ, ഡെപ്യൂട്ടി കളക്ടർ (LA), RBDCK, DGM & പ്രോജക്ട് എഞ്ചിനീയർ, സ്പെഷ്യൽ തഹസീൽദാർ (എൽ.എ.) കിഫ്ബി യൂണിറ്റ് നമ്പർ 1 എറണാകുളം എന്നിവരാണ് പങ്കെടുത്തിട്ടുള്ളത്.

(സി) അങ്കമാലി ബൈപ്പാസിന്റെ നിർമ്മാണത്തിനുള്ള ഭൂമി എന്നത്തേയ്ക്ക് ഏറ്റെടുത്ത് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

വിശദ വിലനിർണ്ണയ പത്രിക യഥാസമയം അംഗീകരിച്ചുനൽകി, അർഥനാധികാരി നിശ്ചിതസമയത്തിനുള്ളിൽതന്നെ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് RFCTLARR Act 201-ൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് സ്ഥലമേറ്റെടുത്ത് അർഥനാധികാരിക്ക് കൈമാറാൻ സാധിക്കുന്നതാണ്.

കോഴിക്കോട് വിമാനത്താവളത്തിലെ റൺവേ എൻഡ് സേഫ്റ്റി ഏരിയ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കൽ

342 (1583) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവളത്തിലെ റെസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) നിർമ്മാണത്തിന് സ്ഥലം ഏറ്റെടുത്ത വകയിൽ ഇതുവരെ എത്ര പേർക്ക് പണം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ വികസനത്തിനായി ഭൂമിയേറ്റെടുത്തതുമായി ബന്ധപ്പെട്ട് ഇതുവരെ 101 പേർക്ക് നഷ്ടപരിഹാരത്തുക

അനുവദിച്ചിട്ടുണ്ട്.

(ബി) റെസ (റൺവേ എൻഡ് സേഫ്റ്റി ഏരിയ) വികസനത്തിനായി സ്ഥലമേറ്റെടുത്തതിനെത്തുടർന്ന് വീടുകളിലേക്കുള്ള വഴി നഷ്ടപ്പെട്ടവർക്ക് പകരം പുതിയ വഴികളും ക്രോസ് റോഡിനുപകരം റോഡും അനുവദിക്കുന്നതിന് സ്ഥലമേറ്റെടുക്കുന്ന പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റെസ വികസനത്തിനായി ഭൂമിയേറ്റെടുത്തതിനെത്തുടർന്ന് ക്രോസ് റോഡ് ഇല്ലാതാകുന്നതുമൂലമുള്ള വഴി പ്രശ്നം പരിഹരിക്കുന്നതിനായി താരതമ്യേന കുറച്ച് ഭൂമിയും വീടുകളും ഏറ്റെടുത്തുകൊണ്ട് ചുരുങ്ങിയ ചെലവിൽ 4.2 മീറ്റർ വീതിയിൽ റോഡ് നിർമ്മിക്കുന്നതിനായി 8.86 സെന്റ് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ജില്ലാ കളക്ടർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്.

(സി) കോഴിക്കോട് വിമാനത്താവളത്തിന് പുതുതായി സ്ഥലം ഏറ്റെടുത്ത് കൊടുക്കുന്നതിനുള്ള ഏതെങ്കിലും പ്രപ്പോസൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

15.5 ഏക്കർ കാർ പാർക്കിങ് ഉൾപ്പെടെ 2047 വർഷത്തോടുകൂടി കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിനുവേണ്ടി 436 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ ലഭ്യമായതുപ്രകാരം എൽ.എ. എയർപോർട്ട് സ്പെഷ്യൽ ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയത്തിലെ ജീവനക്കാരും എയർപോർട്ട് അതോറിറ്റിയുടെ ടെക്നിക്കൽ ടീമും സംയുക്ത പരിശോധന നടത്തിയിരുന്നു. 15.5 ഏക്കർ കാർ പാർക്കിങിന് സ്ഥലമെടുക്കുന്നതിലേക്ക്

പെഗ്മാർക്ക് ചെയ്യുന്നതിനെ ഭൂവുടമകൾ തടസ്സപ്പെടുത്തിയതിനാൽ പെഗ്മാർക്കിങ് നടന്നിട്ടില്ലാത്തതാണ്.

എറണാകുളം ജില്ലയിലെ ലാൻഡ് അക്വിസിഷൻ നടപടികൾ

343 (1584) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിൽ ലാൻഡ് അക്വിസിഷൻ ഓഫീസുകൾ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നത്?

റവന്യൂ വകുപ്പിനുകീഴിൽ എറണാകുളം ജില്ലയിലുള്ള ലാൻഡ് അക്വിസിഷൻ ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിച്ചതെന്നും അതിനായി എന്ത് തുക നഷ്ടപരിഹാരമായി നൽകിയെന്നും വിശദീകരിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എറണാകുളം ജില്ലയിൽ ഏറ്റെടുത്ത ഭൂമിയുടെയും ആയതിന് നൽകിയ നഷ്ടപരിഹാരം സംബന്ധിച്ച വിവരങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) ഭൂമി ഏറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യങ്ങൾ കണക്കിലെടുത്ത് ലാൻഡ് അക്വിസിഷൻ യൂണിറ്റുകളിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കാനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്താനും നടപടികൾ സ്വീകരിക്കുമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഇപ്പോൾ പരിഗണനയിലില്ല.

ഗ്രീൻഫീൽഡ് ഹൈവേയ്ക്ക് ഭൂമി നൽകിയ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാരം

344 (1585) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് - കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേയ്ക്കുവേണ്ടി കോഴിക്കോട് ജില്ലയിലെ പെരുമണ്ണ, ഒളവണ്ണ മേഖലകളിൽ ഏറ്റെടുത്ത ഭൂമിക്ക് പണം നൽകുന്നതിൽ കാലതാമസം വരാനിടയാക്കിയ സാഹചര്യം പരിശോധിക്കുമോ?

പാലക്കാട്-കോഴിക്കോട് ഗ്രീൻഫീൽഡ് ഹൈവേ നിർമ്മാണത്തിനായി ഏറ്റെടുത്ത ഭൂമിക്കും ചമയത്തിനും വില നിർണ്ണയിച്ച് 27-03-2023-ൽ ഉത്തരവിടുകയും NHAI ഫണ്ട് അനുവദിച്ചതുപ്രകാരം ഏതാനും ഗുണഭോക്താക്കൾക്ക് നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ ഭൂമിയുടെ വില നിർണ്ണയിച്ചത് അധികമാണെന്ന് കാണിച്ച് 08-09-2023-ൽ ദേശീയപാത അതോറിറ്റി, ആർബിട്രേറ്റർ മുമ്പാകെ അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് വിവിധ കക്ഷികൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസുകൾ ഫയൽ ചെയ്തതുമൂലമാണ് നഷ്ടപരിഹാരം നൽകുന്നതിൽ കാലതാമസം നേരിടാനിടയാക്കിയത്.

(ബി) ഏറ്റെടുത്ത ഭൂമി ഉടമകൾക്ക് നൽകേണ്ട നഷ്ടപരിഹാരം റവന്യൂ വകുപ്പിൽ ഡെപ്പോസിറ്റായി ലഭിച്ചത് എന്നാണ്?

ഏറ്റെടുത്ത ഭൂമിയുടെ നഷ്ടപരിഹാരത്തിന്റെ ആദ്യഗഡുവായ 313,19,10,479/-രൂപ

29-03-2023-ന് കോംപീറ്റന്റ് അതോറിറ്റി ഫോർ ലാൻഡ് അക്വിസിഷന്റെയും (CALA) നാഷണൽ ഹൈവേ അതോറിറ്റിയുടെയും (NHAI) ആക്സിസ് ബാങ്കിലുള്ള ജോയിന്റ് അക്കൗണ്ടിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളതാണ്. കൂടാതെ അപ്പീൽ കേസുകളിൽ ആർബിട്രേറ്റർ ഉത്തരവാകുന്ന മുറയ്ക്ക് ഓരോ കേസുകളിൽ ഉത്തരവിട്ട് തുക NHAI അനുവദിച്ചുവരുന്നുണ്ട്. ഇതുവരെ 328.51 കോടി രൂപ ലഭിച്ചിട്ടുണ്ട്.

(സി) വീടും സ്ഥലവും സർക്കാർ ഏറ്റെടുത്തതിനെത്തുടർന്ന് വീട് വയ്ക്കാൻ പുതിയ സ്ഥലം എടുക്കുകയും അഡ്വാൻസ് തുക നൽകുകയും ചെയ്തവർ പണം നൽകാൻ സാധിക്കാതെ ദുരിതത്തിലാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭൂവുടമകൾക്കുള്ള നഷ്ടപരിഹാര തുക വിതരണം എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

നഷ്ടപരിഹാരം ലഭിക്കാത്തതുമൂലം പ്രയാസം നേരിടുന്നത് സബന്ധിച്ച ഏതാനും ഹർജികൾ ലഭിച്ചിട്ടുണ്ട്. അപ്പീൽ കേസുകൾ ഇല്ലാത്തവയിൽ രേഖകൾ ഹാജരാക്കുന്നതിന് കാലതാമസം നേരിടുന്ന കേസുകളിലും കോടതി കേസുകളുള്ള ഏതാനും കേസുകളിലും നഷ്ടപരിഹാരം നൽകാനുണ്ട്. ആയതിനാൽ രേഖകൾ ലഭിക്കുന്ന മുറയ്ക്കും ആർബിട്രേറ്റർ മുമ്പാകെ പെൻഡിങ്ങുള്ള കേസുകൾ ഉത്തരവാകുന്നതിനനുസരിച്ച് ഫണ്ട് ലഭിക്കുന്ന മുറയ്ക്കും നഷ്ടപരിഹാര തുക വിതരണം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(ഡി) തുക ലഭ്യമാക്കുന്നതിൽ ഉദ്യോഗസ്ഥതല വീഴ്ചയുണ്ടോ; പരിശോധിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

തിരുവല്ല നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ്

345 (1586) <u>ശ്രീ മാത്യു ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവല്ല നിയോജകമണ്ഡലത്തിലെ ഉപദേശി കടവ്, കോമളം, ശ്രീവല്ലഭ തെക്കേനട, പുല്ലംപ്ലാവിൽ, കോതേക്കാട്ട് പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് ജോലികൾ ഏതുഘട്ടത്തിലാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

തിരുവല്ല നിയോജകമണ്ഡലത്തിലെ ഉപദേശിക്കടവ് പാലം

ഉപദേശിക്കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി വിശദ വിലനിർണ്ണയ പത്രിക (ഡി.വി.എസ്.) തയ്യാറാക്കുന്ന നടപടികൾ അന്തിമഘട്ടത്തിലാണ്. ഡി.വി.എസ്. പൂർത്തിയാക്കി അർഥനാധികാരി നഷ്ടപരിഹാരതുക ലഭ്യമാക്കുന്ന മുറയ്ക്ക് അവാർഡ് പാസ്സാക്കി സ്ഥലം അർഥനാധികാരിക്ക് കൈമാറുന്നതാണ്.

കോമളം പാലം

കോമളം പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായി 4(1) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ പത്തനംതിട്ട ജില്ലാ കളക്ടറുടെ കാര്യാലയം മുഖേന സ്വീകരിച്ചുവരുന്നു.

ശ്രീവല്ലഭ ക്ഷേത്രം തെക്കേനട പാലം, കോതേക്കാട് പാലം

ശ്രീവല്ലഭ ക്ഷേത്രം തെക്കേനട പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും കോതേക്കാട് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (ബി.വി.ആർ.) തയ്യാറാക്കൽ നടപടികൾ നടന്നുവരുന്നു.

പുല്ലംപ്ലാവിൽ കടവ് പാലം

പുല്ലംപ്ലാവിൽ കടവ് പാലത്തിന്റെയും അപ്രോച്ച് റോഡിന്റെയും നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കുന്നതിനായുള്ള 4(1) വിജ്ഞാപനത്തിനായുള്ള സർവെ നടപടികൾ അന്തിമഘട്ടത്തിലാണ്.

RFCTLARR Act 2013-ലെ ശേഷിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് മേൽ പാലങ്ങളുടെ നിർമ്മാണത്തിനുള്ള സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതാണ്.

പുതുക്കാട് നിയോജകമണ്ഡലത്തിലെ വിവിധ പദ്ധതികളുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ

346 (1587) ശ്രീ. കെ.കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലിറോഡ്, പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, നിർദിഷ്ട മലയോര ഹൈവേ, ചക്കാലക്കടവ് പാലം, നെല്ലായി എൽ.ഐ. കടവ് പാലം തുടങ്ങിയ വികസന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനായുള്ള നടപടികൾ പൂർത്തീകരിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത വികസന പദ്ധതികൾക്കായുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ എന്നേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും നടപടികൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

(എ&ബി) പുതുക്കാട് നിയോജകമണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉൾപ്പെടെ പ്രയോജനപ്പെടുത്തി നടപ്പാക്കുന്ന പുതുക്കാട്-മുപ്ലിയം-കോടാലി റോഡ് നിർമ്മാണത്തിനായി

LARR Act 2013 പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനുള്ള അർഥനയൊന്നും ലഭിച്ചിട്ടില്ലാത്തതാണ്. പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ്, ചക്കാലക്കടവ് പാലം, നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം തുടങ്ങിയ വികസനപ്രവർത്തനങ്ങൾക്കായി LARR Act 2013 പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പള്ളിക്കുന്ന്-പാലപ്പിള്ളി റോഡ് നിർമ്മാണത്തിനുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് 24-10-2025-ലെ അസാധാരണ ഗസറ്റ് നം. 3747 വാല്യം 14 പ്രകാരം 11(1) വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയുമായി ബന്ധപ്പെട്ട സർവെ ജോലികൾ നടന്നുവരുന്നു.

ചക്കാലക്കടവ് പാലം നിർമ്മാണത്തിനും നെല്ലായി ലിഫ്റ്റ് ഇറിഗേഷൻ കടവ് പാലം നിർമ്മാണത്തിനുമായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അർഥനാധികാരി ഫണ്ട് അടവാക്കുന്ന മുറയ്ക്ക് 19(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനും അവാർഡ് പാസാക്കി ഭൂമി ഏറ്റെടുത്ത് കൈമാറുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

കേരള സർക്കാർ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന മലയോര ഹൈവേ പദ്ധതിക്ക് സർക്കാർ നയമനുസരിച്ചും കിഫ്ബി മാനദണ്ഡപ്രകാരവും ഫ്രീ സറണ്ടർ മുഖേനയാണ് സ്ഥലം ലഭ്യമാക്കേണ്ടത്.

കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിന് നടപടി

347 (1588) ശ്രീ. കെ.എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കിനാലൂരിൽ എയിംസ് സ്ഥാപിക്കുന്നതിനായി സർക്കാർ

ഏറ്റെടുത്ത ഭൂമിയുടെ ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

എംയിസ് നിർമ്മാണത്തിനായുള്ള ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പദ്ധതിയുടെ പ്രാഥമിക വിജ്ഞാപനം 19-06-202-ലെ 2063-ാം നമ്പർ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 14-07-2025-ലെ 2593-ാം നമ്പർ ഗസറ്റ് പ്രകാരം ആയതിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതുമാണ്. നിലവിൽ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് തയ്യാറാക്കുന്നത് അന്തിമഘട്ടത്തിലാണ്. കുഴിക്കൂർ ചമയങ്ങളുടെ വില നിർണ്ണയത്തിന് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട കാര്യാലയങ്ങളിലേക്ക് നൽകിയിട്ടുള്ളതും സർവെ നടപടികൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

(ബി) സർക്കാർ ഏറ്റെടുക്കുന്ന ഭൂമിക്ക് നഷ്ടപരിഹാരം നൽകുന്ന നടപടികൾ വേഗത്തിലാക്കാമോ?

അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് അംഗീകരിക്കപ്പെടുകയും കുഴിക്കൂർ ചമയങ്ങളുടെ വില നിർണ്ണയം നടത്തി റിപ്പോർട്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് വിശദ വിലവിവര പട്ടിക തയ്യാറാക്കുന്നതാണ്. ഭൂമി ഏറ്റെടുക്കലിന് ആവശ്യമായ എൽ.എ. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് 19(1) പ്രഖ്യാപനം നടത്തി അവാർഡ് തയ്യാറാക്കി ബന്ധപ്പെട്ട കക്ഷികൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്ത് അർഥനാധികാരിക്ക് ഭൂമി കൈമാറാൻ സാധിക്കുന്നതാണ്.

കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ റെയിൽവേ മേല്പാലങ്ങളുടെ സ്ഥലമെടുപ്പ് പുരോഗതി

348 (1589) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി റെയിൽവേ മേല്പാല നിർമ്മാണവുമായി ബന്ധപ്പെട്ട് മുട്ടുചിറ,

കടുത്തുരുത്തി വില്ലേജുകളിലായി എത്ര കൈവശക്കാരാണുള്ളത്; അവരുടെ ഭൂമി ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ; കടുത്തുരുത്തി റെയിൽവേ മേല്പാത്തിനായി അനുവദിച്ച ₹4,90,87,234/- രൂപയുടെ അവാർഡ് തുക ലഭിച്ചതിനുശേഷം ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വിശദമാക്കാമോ?

കടുത്തുരുത്തി റെയിൽവേ മേല്പാല നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതിയിൽ മുട്ടുചിറ, കടുത്തുരുത്തി വില്ലേജുകളിലായി 21 കൈവശക്കാരാണുള്ളത്. അവാർഡ് എൻക്വയറി 16-10-2025-ന് നടത്തിയിട്ടുള്ളതാണ്. എല്ലാ രേഖകളും ലഭ്യമായ 8 കേസുകളുടെ ഡ്രാഫ്റ്റ് അവാർഡുകൾക്ക് കളക്ടറുടെ അംഗീകാരം ലഭിച്ചു. പ്രസ്തുത 8 എൽ.എ. കക്ഷികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവാർഡ് തുക ക്രെഡിറ്റ് ചെയ്തിട്ടുള്ളതും സ്ഥലം ഏറ്റെടുത്ത് RBDCK-ക്ക് കൈമാറിയിട്ടുണ്ട്. ജില്ലാ കളക്ടർ അംഗീകരിച്ച 2 ഡ്രാഫ്റ്റ് അവാർഡുകളിൽ നഷ്ടപരിഹാര തുക നൽകുന്നതിനുള്ള ബില്ലുകൾ തയ്യാറാക്കിയിട്ടുണ്ട്. 6 എൽ.എ.സി.-കളിൽ ഡ്രാഫ്റ്റ് അവാർഡുകൾ തയ്യാറാക്കിവരുന്നു. ബാക്കിയുള്ള 5 എൽ.എ.സി.-കളിൽ 2 കക്ഷികൾ വിചാരണയ്ക്ക് ഹാജരായിട്ടില്ലാത്തതും 3 എൽ.എ.സി.-കളിൽ കക്ഷികൾ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതുമാണ്.

(ബി) കടുത്തുരുത്തി റെയിൽവേ മേല്പാല പദ്ധതിയുമായി ബന്ധപ്പെട്ട പുനരധിവാസ-പുനഃസ്ഥാപന (ആർ&ആർ) പാക്കേജ് അംഗീകരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്തതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കാമോ?

ലാൻഡ് റവന്യൂ കമ്മീഷണർ അംഗീകരിച്ച പുനരധിവാസ-പുനഃസ്ഥാപന പാക്കേജ്

നഷ്ടപരിഹാര തുക അവാർഡ് കക്ഷിയുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്.

(സി) കോതനല്ലൂർ റെയിൽവേ മേല്പാല നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര ലാൻഡ് അക്വിസിഷൻ കേസുകളിലാണ് അവാർഡ് പാസാക്കിയിട്ടുള്ളത്; എത്ര കേസുകളിൽ ഭൂമി കെ.ആർ.ഡി.സി.എൽ-ന് കൈമാറിയിട്ടുണ്ട്; കോതനല്ലൂർ പദ്ധതിയിൽ ബാക്കിയുള്ള ലാൻഡ് അക്വിസിഷൻ കേസുകളിൽ അവാർഡ് തുക പാസാക്കുന്നതിന് ആവശ്യമായ ധനവകുപ്പ് ഡബ്ല്യൂ.എ.എം.എസ്. (വർക്ക്സ് അക്കൗണ്ടിങ് മാനേജ്മെന്റ് സിസ്റ്റം) ക്ലിയറൻസ് ലഭ്യമായിട്ടുണ്ടോ?

18 ലാൻഡ് അക്വിസിഷൻ കേസുകളിൽ അവാർഡ് പാസ്സാക്കി അവാർഡ് തുക ബന്ധപ്പെട്ട കക്ഷികൾക്ക് നൽകിയിട്ടുണ്ട്. മുഴുവൻ കേസുകളിലുമായി 0.5284 ഹെക്ടർ ഭൂമി കൈമാറ്റ നടപടികൾ പൂർത്തീകരിച്ച് KRDCL-ന് കൈമാറിയിട്ടുണ്ട്.

(ഡി) കോതനല്ലൂർ റെയിൽവേ മേല്പാല പദ്ധതിക്കായി അനുവദിച്ച കണ്ടിജൻസി ഫണ്ട് കെ.ആർ.ഡി.സി.എൽ. അക്കൗണ്ടിൽനിന്ന് സ്പെഷ്യൽ തഹസീൽദാർ (എൽ.എ. ജനറൽ) കോട്ടയം അക്കൗണ്ടിലേക്ക് മാറ്റുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ?

പദ്ധതിക്കായി അനുവദിച്ച കണ്ടിജൻസി ഫണ്ട് എൽ.എ. ജനറൽ കോട്ടയം കാര്യാലയത്തിലെ ഡി.ഡി.ഒ. കോഡിലേക്ക് മാറി നൽകുന്നതിനായി കോട്ടയം ജില്ലാ ട്രഷറി ഓഫീസർക്കും KRDCL, കോട്ടയത്തിന്റെ അക്കൗണ്ട് നിലവിൽ കൈകാര്യം ചെയ്യുന്ന എൽ.എ. കിളിമാനൂർ ഓഫീസിലും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദേശം നൽകിയിരിക്കുകയാണ്.

(ഇ) കുറുപ്പന്തറ റെയിൽ ഓവർ ബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയായശേഷം നിലവിൽ അവശേഷിക്കുന്ന പോസ്റ്റ്-അവാർഡ് റവന്യൂ നടപടികൾ ഏതൊക്കെയാണെന്നും അവ എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ; ഈ പദ്ധതിയിൽ ഉണ്ടായിരിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്;വ്യക്തമാക്കാമോ?

പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും ഏറ്റെടുത്തതിനുശേഷം ഉടൻ തന്നെ പോസ്റ്റ് അവാർഡ് നടപടികളായ റവന്യൂ റെക്കോർഡുകളിലെ മാറ്റം, രജിസ്ട്രേഷൻ വകുപ്പിലെ റെക്കോർഡുകളിലെ മാറ്റം, സർവെ റെക്കോർഡുകളിലെ മാറ്റം, വകുപ്പ് 13 പ്രകാരമുള്ള വിജ്ഞാപനം പൂർത്തിയാക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട കോട്ടയം മുൻസിഫ് കോടതിയിൽ ശ്രീമതി ജമീല കുഞ്ഞുകുട്ടൻ എന്നയാൾ നൽകിയ O.S. No. 490/25 നിലനിൽക്കുന്നതിനാൽ ടിയാളുടെ പേരിലുള്ള സ്ഥലം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലാത്തതാണ്. അഡീഷണൽ റിക്വിസിഷൻ പ്രകാരം ഏറ്റെടുക്കാനുള്ള സ്ഥലത്തുള്ള നിർമ്മിതികളുടെ വില നിർണ്ണയിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്ന് ലഭിച്ചിട്ടില്ല.

കോഴിക്കോട്-ബാലുശ്ശേരി ഭൂമി ഏറ്റെടുക്കൽ

349 (1590) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേനയുള്ള കോഴിക്കോട്-ബാലുശ്ശേരി റോഡ് വീതി കൂട്ടൽ പദ്ധതിക്കായുള്ള ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കിഫ്ബി മുഖേനയുള്ള കോഴിക്കോട്-ബാലുശ്ശേരി റോഡ് വീതി കൂട്ടൽ പദ്ധതിക്കായി

ഭൂമി ഏറ്റെടുക്കുന്നതുമൂലം ഭൂമി നഷ്ടപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായുള്ള അവാർഡ് എൻക്വയറിയും നഷ്ടപരിഹാര വിതരണവും നടന്നുവരുന്നു. പനങ്ങാട്, നന്മണ്ട, വേങ്ങേരി, കച്ചേരി, കാക്കൂർ, കക്കോടി എന്നീ വില്ലേജുകളിലെ അവാർഡ് എൻക്വയറി പൂർത്തിയായിട്ടുണ്ട്. അവാർഡ് പാസ്സാക്കിയ എല്ലാ കേസുകളിലും നഷ്ടപരിഹാര തുക കക്ഷികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

(ബി) കോഴിക്കോട്, വേങ്ങേരി, കച്ചേരി വില്ലേജുകളിലെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

വേങ്ങേരി, കച്ചേരി വില്ലേജുകളിലെ ഭൂവുടമകളുടെ ഭൂമി ഏറ്റെടുക്കുന്നതിൽ ഭൂമി നഷ്ടപ്പെടുന്നവർക്ക് നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരം നൽകുന്നതിനായുള്ള അവാർഡ് എൻക്വയറിയും നഷ്ടപരിഹാര വിതരണവും നടന്നുവരുന്നു.

(സി) മേൽ പ്രവൃത്തികളുടെ ഭൂമി ഏറ്റെടുക്കൽ നടപടി എത്ര സമയത്തിനകം പൂർത്തികരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

2013-ലെ ആർ.എഫ്.സി.റ്റി. എൽ.എ.ആർ.ആർ. ആക്ടിലെ നടപടിക്രമങ്ങൾ പാലിച്ച് എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതാണ്.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ ഭൂമി പ്രശ്നങ്ങൾ

350 (1591) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ നഞ്ച ഭൂമി പ്രശ്നങ്ങൾ, പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം നൽകൽ, ദേവസ്വം ഭൂമി പ്രശ്നങ്ങൾ, റീ-സർവെ പൂർത്തീകരണം എന്നീ

പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അപേക്ഷകളിന്മേൽ റവന്യൂ ഡിവിഷണൽ ഓഫീസറുടെ ഉത്തരവനുസരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. പുറമ്പോക്ക് ഭൂമികൾക്ക് പട്ടയം അനുവദിക്കാവുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഡിജിറ്റൽ സർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നിയോജകമണ്ഡലത്തിലെ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവെ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. നിയോജകമണ്ഡലത്തിൽ ദേവസ്വം ഭൂമി സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലില്ലാത്തതാണ്.

(ബി) കയ്പ്പമംഗലം നിയോജകമണ്ഡലത്തിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ അവസാനിപ്പിക്കുന്നതിന് എല്ലാ വില്ലേജുകളിലും ഡിജിറ്റൽ സർവെ നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

ഡിജിറ്റൽ സർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാക്കി, സെക്ഷൻ 9(2) പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുള്ളതും നിലവിൽ സെക്ഷൻ 13 പ്രകാരമുള്ള വിജ്ഞാപനം പ്രസിദ്ധീകരിക്കാൻ കഴിയുന്ന ഘട്ടത്തിലുമാണ്.

ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിഞ്ഞനം വില്ലേജിൽ ഡിജിറ്റൽ സർവെ നടപടികൾ ഉടൻ ആരംഭിക്കുന്നതിനാവശ്യമായ തയ്യാറെടുപ്പുകൾ പുരോഗമിച്ചുവരികയാണ്.

കൂടാതെ, കയ്യമംഗലം, കുളിമുട്ടം എന്നീ വില്ലേജുകൾ ഡിജിറ്റൽ സർവെ പദ്ധതിയുടെ നാലാം ഘട്ടത്തിൽ ഡിജിറ്റൽ സർവെ നടത്തുന്നതിനായി ഉൾപ്പെടുത്തിയിട്ടുള്ളതും മൂന്നാം ഘട്ടത്തിലെ വില്ലേജുകളിലെ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക്, നാലാം ഘട്ടത്തിലെ വില്ലേജുകളിൽ ഡിജിറ്റൽ സർവെ ആരംഭിക്കുന്നതുമാണ്. നിയോജകമണ്ഡലത്തിലെ ശേഷിക്കുന്ന വില്ലേജുകളിലും വിവിധ ഘട്ടങ്ങളിലായി ഡിജിറ്റൽ സർവെ നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) വനഭൂമിയിൽ സൗജന്യമായി പട്ടയം അനുവദിക്കുമ്പോൾ കാലാകാലമായി ഇവിടെ സ്ഥലം വാങ്ങി താമസിക്കുന്നവർക്ക് ഭൂമി നഞ്ച എന്ന പേരിൽനിന്നും തരംമാറ്റുമ്പോൾ കൂടുതൽ പണം ഗവൺമെന്റിലേക്ക് കെട്ടിവയ്ക്കേണ്ട അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം പൊരുത്തക്കേടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത് വ്യക്തമാക്കാമോ?

ഇത്തരം കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതാണ്.

ഉദുമ നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമിയിൽ കളിസ്ഥലമൊരുക്കൽ

351 (1592) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിൽ ഒഴിഞ്ഞുകിടക്കുന്ന റവന്യൂ ഭൂമി എവിടെയൊക്കെയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ?

ഹോസ്ദുർഗ് താലൂക്കിലെ പുല്ലൂർ, പെരിയ, പനയാൽ, ബാര, കോട്ടിക്കുളം എന്നീ വില്ലേജുകളിലും കാസർഗോഡ് താലൂക്കിലെ ബേഡഡുക്ക, കൊളത്തൂർ എന്നീ

വില്ലേജുകളിലുമാണ് നിലവിൽ റവന്യൂ ഭൂമി ഒഴിഞ്ഞുകിടക്കുന്നത്.

(ബി) ഈ ഭൂമി പഞ്ചായത്തുകൾക്ക് കളിസ്ഥലമൊരുക്കുന്നതിനായി ലീസിന്/പതിച്ച് നൽകുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കാമോ?

കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 പ്രകാരം പഞ്ചായത്തുകൾക്ക് പതിച്ചുനൽകുന്നതിന് വ്യവസ്ഥയില്ലാത്തതും പാട്ടത്തിന് നൽകാൻ വ്യവസ്ഥയുള്ളതുമാണ്.

(സി) ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

കേരള ഭൂമി പതിവ് ചട്ടങ്ങൾ, 1964 ചട്ടം 13 പ്രകാരമാണ് പഞ്ചായത്ത് പ്രദേശത്തെ ഭൂമി പാട്ടത്തിന് നൽകുന്നത്. ഭൂമി പതിവ് ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായാണ് പാട്ടം അനുവദിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിച്ചുവരുന്നത്.

പാട്ടക്കുടിശിക

352 (1593) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ എത്ര കോടി രൂപ കുടിശിക ലഭിക്കാനുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ പിരിച്ചെടുക്കാനുള്ള തുക 408.53 കോടി രൂപയാണ്. ആയതിൽ കോടതി സ്റ്റേ ഉള്ളതുകാരണം 390.81 കോടി രൂപ പിരിച്ചെടുക്കാൻ കഴിയാതെയുണ്ട്. പിരിച്ചെടുക്കാൻ കഴിയുന്ന തുക 17.72 കോടിയാണ്. ആയതിൽ 3.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 14.55 കോടി രൂപ

ഇനിയും പിരിച്ചെടുക്കാനുണ്ട് (2025 നവംബർ ഡി.സി.ബി. പ്രകാരം). അതിന്റെ ജില്ല തിരിച്ചുള്ള കണക്ക് (കോടിയിൽ) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പാട്ടക്കുടിശിക വരുത്തിയ എത്ര പേർക്ക് നോട്ടീസ് നൽകുകയും പാട്ടം റദ്ദാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കാമോ?

മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ പാട്ടക്കുടിശിക വരുത്തിയതിൽ നോട്ടീസ് നൽകിയ കേസുകളുടെയും പാട്ടം റദ്ദാക്കിയ കേസുകളുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ (കാസർഗോഡ് ജില്ല ഒഴികെ) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പാട്ടക്കുടിശികയിൽ ഇളവ് നൽകിക്കൊണ്ട് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം ഇളവാണ് നൽകുന്നതെന്നും ഈ ഇളവുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടകുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണ യജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം തീർപ്പാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായിട്ടുള്ളതും ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വാമനപുരം നിയോജകമണ്ഡലത്തിലെ ഫ്ലഡ് റോഡ് പ്രവൃത്തികൾ

353 (1594) ശ്രീ. ഡി.കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(ഇ) ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ വാമനപുരം നിയോജകമണ്ഡലത്തിൽ എത്ര ഫ്ലഡ് റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്; അതിന് ചെലവായ തുക എത്രയാണ്; ഗ്രാമപഞ്ചായത്ത് തിരിച്ച് ക്രോഡീകരിച്ച് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലത്ത് വാമനപുരം നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണത്തിൽ ഉൾപ്പെടുത്തി 7 റോഡ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. അതിന് 52,38,876/- രൂപ ചെലവായിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) മണ്ഡലത്തിൽ പുതിയ ഫ്ലഡ് റോഡ് പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ റോഡുകളാണ്; വകയിരുത്തിയ തുകയും പ്രവൃത്തിയുടെ തൽസ്ഥിതിയും അറിയിക്കാമോ?

15-10-2025-ലെ സ.ഉ.(സാധാ)നം.634/2025/DMD പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിൽ 9 റോഡ് പ്രവൃത്തികളുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പേരും വകയിരുത്തിയിട്ടുള്ള തുകയും പ്രവൃത്തിയുടെ തൽസ്ഥിതിയും അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

354 (1595) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി, പട്ടുവം എന്നീ വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി മാറ്റിയിട്ടുള്ളത്.

(ബി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ ഇനി ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്താൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ മുഴുവൻ വില്ലേജ് ഓഫീസുകളെയും സ്മാർട്ട് വില്ലേജ് ഓഫീസുകളായി ഉയർത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ശോച്യാവസ്ഥയിലായ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ വില്ലജ് ഓഫീസുകളെയും ഘട്ടം ഘട്ടമായി സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കുന്ന നടപടികൾ സർക്കാർ

സ്വീകരിച്ചുവരുന്നു.

മലപ്പുറത്ത് റവന്യൂ ടവർ നിർമ്മാണം

355 (1596) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം കളക്ടറേറ്റിലെ ജീർണ്ണിച്ച കെട്ടിടങ്ങൾ പൊളിച്ചുമാറ്റി റവന്യൂ, സർവെ വകുപ്പുകളിലെ ഓഫീസുകൾക്കായി പുതിയ റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

മലപ്പുറം സിവിൽ സ്റ്റേഷനിൽ റവന്യൂ ടവർ നിർമ്മാണം എന്ന പദ്ധതിക്കായി 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ അടങ്കൽ തുക രേഖപ്പെടുത്തുകയും നിലവിൽ 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ 75.20 കോടി രൂപയുടെ പുതുക്കിയ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് ലാൻഡ് റവന്യൂ കമ്മീഷണർ പരിശോധിച്ചുവരികയാണ്.

(ബി) റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രസ്തുത പദ്ധതിക്ക് 75.20 കോടി രൂപയുടെ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി പുതുക്കിയ ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പ്രസ്തുത പ്രൊപ്പോസൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി സമർപ്പിച്ചിരുന്നുവെങ്കിലും ആയത് പ്രസ്തുത പദ്ധതിയിൽ പരിഗണിക്കുകയുണ്ടായില്ല.

(സി) നിലവിൽ ജീർണ്ണാവസ്ഥയിലുള്ള കെട്ടിടങ്ങൾ പുതുക്കി പണിയേണ്ടതിനാലും

സംസ്ഥാനത്ത് എറ്റവും കൂടുതൽ ജനസംഖ്യയുള്ള മലപ്പുറം ജില്ലയുടെ ഭരണനിർവഹണം കാര്യക്ഷമമാക്കുന്നതിനും റവന്യൂ ടവർ അനിവാര്യമായതിനാൽ പ്രസ്തുത പദ്ധതിക്ക് എത്രയും വേഗം അനുമതി നൽകുമോ; വിശദമാക്കാമോ?

പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതിനാവശ്യമായ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിക്കുന്ന മുറയ്ക്ക് ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി ടി പദ്ധതിക്ക് അംഗീകാരം നൽകുന്ന കാര്യം പരിശോധിക്കാൻ കഴിയുന്നതാണ്.

മലമ്പുഴ നിയോജകമണ്ഡലത്തിലെ സ്മാർട്ട് വില്ലേജ് ഓഫീസുകൾ

356 (1597) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ മലമ്പുഴ നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളെയാണ് സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത വില്ലേജ് ഓഫീസുകൾ ഓരോന്നിന്റെയും നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്നും ആയതിന് അനുവദിച്ച തുക എത്രയാണെന്നും അറിയിക്കാമോ?

(എ&ബി) 2016 മുതൽ നാളിതുവരെ മലമ്പുഴ നിയോജകമണ്ഡലത്തിൽ സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തിരഞ്ഞെടുത്ത വില്ലേജുകൾ, നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ

സ്ഥിതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സ്മാർട്ട് വില്ലേജ് ഓഫീസാക്കുന്നതിനായി തിരഞ്ഞെടുത്ത മലമ്പുഴ -2 വില്ലേജ് ഓഫീസിന്റെ നിർമ്മാണം ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം അറിയിക്കാമോ; ആയത് എപ്പോൾ ആരംഭിക്കുമെന്ന് അറിയിക്കാമോ?

മലമ്പുഴ-2 വില്ലേജിന്റെ പഴയ കെട്ടിടം പൊളിച്ചുനീക്കുന്നതിനുള്ള ലേലം നടക്കാത്തതിനാലാണ് നിർമ്മാണം ഇതുവരെയും ആരംഭിക്കാൻ കഴിയാതെവന്നത്. നിലവിൽ ലേലം നടത്തി സ്ഥിരീകരണം നൽകിയിട്ടുള്ളതും കെട്ടിടം ഉടൻ പൊളിച്ചുനീക്കാൻ കക്ഷിക്കും നിർമ്മാണ പ്രവൃത്തികൾ എത്രയും വേഗം ആരംഭിക്കാൻ നിർമ്മാണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിനും നിർദേശം നൽകിയിട്ടുള്ളതുമാണ്.

കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ

357 (1598) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് മിനി സിവിൽ സ്റ്റേഷന് 2016-21 സർക്കാരിലെ റവന്യൂ മന്ത്രി തറക്കല്ലിട്ടിരുന്നോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതു വർഷം എവിടെ വച്ചു നടന്ന ചടങ്ങിലാണ് ശിലാസ്ഥാപനം നടന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി ലഭിച്ചതിന് ശേഷമാണോ കാസർഗോഡ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

മിനി സിവിൽ സ്റ്റേഷന് തറക്കല്ലിട്ടതെന്ന് വ്യക്തമാക്കാമോ; എങ്കിൽ എസ്റ്റിമേറ്റിന്റെയും ഭരണാനുമതികളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ഡി) കാസർഗോഡ് മിനി സിവിൽ സ്റ്റേഷൻ എപ്പോൾ യാഥാർഥ്യമാകുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

റവന്യൂ-സർവെ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത

358 (1599) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ റവന്യൂ-സർവെ വകുപ്പുകളിൽ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

റവന്യൂ വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് ചെയിൻ സർവെ, ഹയർ സർവെ ഉൾപ്പെടെ വിവിധ വിഷയങ്ങളിൽ IMG, ILDM എന്നീ സ്ഥാപനങ്ങൾ മുഖേന പരിശീലനം നൽകിവരുന്നുണ്ട്.

സർവെയും ഭൂരേഖയും വകുപ്പിൽ, ഡയറക്ടറുടെ അധ്യക്ഷതയിൽ എല്ലാ ആഴ്ചയിലും ഡിജിറ്റൽ സർവെ, വകുപ്പിന്റെ പ്രവർത്തനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് അവലോകന യോഗങ്ങൾ നടത്തിവരുന്നതും കാര്യക്ഷമത കുറഞ്ഞ ജീവനക്കാരെ കണ്ടെത്തി വകുപ്പുതലത്തിൽ പരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ സർവെ വകുപ്പുമായി ബന്ധപ്പെട്ട ജോലികൾ സംബന്ധിച്ച് പുതിയതായി സേവനത്തിൽ പ്രവേശിക്കുന്ന

ജീവനക്കാർക്കുൾപ്പെടെ സർവെ വകുപ്പിനുകീഴിലുള്ള ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് മുഖാന്തരവും (Survey Training Institute, Kerala), സർവീസ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് IMG, ILDM എന്നിവ മുഖേനയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിവരുന്നു.

(ബി) സൂപ്പർവൈസർ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാരിൽനിന്നും കീഴ്ജീവനക്കാരുടെ മനോവീര്യം തകർക്കുന്ന രീതിയിലുള്ള പെരുമാറ്റം സംബന്ധിച്ച പരാതികളിന്മേൽ വകുപ്പ് നാളിതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

റവന്യൂ വകുപ്പിൽ കോഴിക്കോട് കളക്ട്രേറ്റിലെ ഫിനാൻസ് സെക്ഷൻ സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിലുള്ള ജീവനക്കാരൻ ടി കാര്യാലയത്തിലെ വനിതാ ജീവനക്കാരിയോട് അപമര്യാദയായി പെരുമാറിയതായി കളക്ട്രേറ്റ് ഇന്റേണൽ കമ്മിറ്റി പ്രാഥമിക അന്വേഷണം നടത്തി കണ്ടെത്തിയതിന്റെയടിസ്ഥാനത്തിൽ ടിയാനെ സസ്പെൻഡ് ചെയ്തിട്ടുള്ളതും ജില്ലാ കളക്ടർ മുഖാന്തരം കുറ്റപത്രം നൽകി അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

തൃക്കാക്കര റീസർവെ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടർ ആയിരുന്ന ശ്രീ. ജയകുമാറിനെതിരെ സർവെയും ഭൂരേഖയും വകുപ്പ് ഡയറക്ടർ മുമ്പാകെ ലഭിച്ച പരാതിയിന്മേൽ ആരോപണവിധേയന് താക്കീത് നൽകിയിട്ടുള്ളതും എറണാകുളം ജില്ലയിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതുമാണ്. കൂടാതെ ടിയാനെതിരെ സർക്കാർ തലത്തിൽ അച്ചടക്കനടപടി സ്വീകരിക്കുന്നതിന് ശിപാർശ ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരം സർവെയും ഭൂരേഖയും ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടായ ശ്രീ. ജിജി പി.-ക്കെതിരെ ജീവനക്കാരിയിൽനിന്നും

ലഭ്യമായ പരാതിയിന്മേൽ വകുപ്പുതലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് ആഭ്യന്തര പരാതി പരിഹാര സമിതിക്ക് എത്ര പരാതികൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പരാതികളിന്മേൽ ഇതുവരെ സ്വീകരിച്ച അച്ചടക്ക നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

റവന്യൂ വകുപ്പിൽ കോഴിക്കോട് കളക്ടേറ്റിലെ സ്പെഷ്യൽ ഡെപ്യൂട്ടി തഹസീൽദാർ തസ്തികയിലെ ജീവനക്കാരനെതിരെയുള്ള പരാതി മാത്രമേ നിലവിൽ ലഭിച്ചിട്ടുള്ളൂ. ടി വിഷയത്തിന്മേൽ ആരോപണവിധേയനായ ഉദ്യോഗസ്ഥനെ സസ്പെൻഡ് ചെയ്യുകയും ജില്ലാ കളക്ടർ മുഖാന്തരം കുറ്റപത്രം നൽകി അച്ചടക്കനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്.

സർവെയും ഭൂരേഖയും ഡയറക്ടർ മുമ്പാകെ ലഭിച്ച രണ്ട് പരാതികളിൽ ആരോപണവിധേയനായ തൃക്കാക്കര റീസർവെ ഓഫീസിലെ അസിസ്റ്റന്റ് ഡയറക്ടറെ ആഭ്യന്തര പരാതി പരിഹാര സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലയിൽനിന്നും സ്ഥലംമാറ്റിയിട്ടുള്ളതും തിരുവനന്തപുരം സർവെയും ഭൂരേഖയും ഡയറക്ടറേറ്റിലെ ജൂനിയർ സൂപ്രണ്ടിനെതിരെ ലഭിച്ച പരാതിയിന്മേൽ പരാതി കക്ഷിയെയും ആരോപണവിധേയനേയും സാക്ഷികളെയും ഇന്റേണൽ കമ്മിറ്റി പ്രിസൈഡിങ് ഓഫീസർ ഹിയർ ചെയ്തിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

പാലാ ബൈപാസ്സ് റോഡ്-സ്ഥലം ഏറ്റെടുക്കൽ

359 (1600) <u>ശ്രീ. മാണി സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ-

പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജങ്ഷനിൽ ശ്രീ. സാജൻ ഗീതാജ്ഞലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയത്തിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥലം ലഭ്യമാക്കാത്തതുമൂലം നിർമ്മാണം പൂർത്തീകരിക്കാൻ വർഷങ്ങളുടെ കാലതാമസം നേരിടുന്ന പാലാ ബൈപാസ്സ് റോഡ് പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ; പ്രസ്തുത സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് തടസ്സങ്ങളുണ്ടെങ്കിൽ വ്യക്തമാക്കാമോ?

(എ&ബി) പാലാ നിയോജകമണ്ഡലത്തിലെ പാലാ ബൈപാസ്സ് റോഡ് ഏറ്റുമാനൂർ-പൂഞ്ഞാർ ഹൈവേയുമായി ചേരുന്ന അരുണാപുരം ജങ്ഷനിൽ ശ്രീ. സാജൻ, ഗീതാജ്ഞലി എന്ന വ്യക്തിയുടെ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് ശ്രീ. സാജൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത് നിലനിന്നിരുന്ന റിട്ട് പെറ്റീഷന്റെ വിധിന്യായത്തിലെ നിർദേശപ്രകാരം ശ്രീ. സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി 29-01-2026-ന് നേരിൽ കേൾക്കുകയുണ്ടായി. ശ്രീ. സാജൻ ചുമതലപ്പെടുത്തിയ പ്രതിനിധികളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും സമർപ്പിച്ച വാദമുഖങ്ങൾ നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

പാലാ റിവർവ്യൂ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ഭൂമി ഏറ്റെടുക്കൽ

360 (1601) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ നിയോജകമണ്ഡലത്തിലെ പാലാ റിവർവ്യൂ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മെയിൻ റോഡുമായി ചേരുന്ന ആർ.വി. പാർക്കിനുസമീപം കോമളം ഹോട്ടൽ സ്ഥിതിചെയ്യുന്ന ഏകദേശം രണ്ട് സെന്റ് സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമി സമയബന്ധിതമായി ഏറ്റെടുത്ത് റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

(എ&ബി) പാലാ റിവർവ്യൂ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മെയിൻ റോഡുമായി ചേരുന്ന ഭാഗത്ത് സ്ഥിതിചെയ്യുന്ന കോമളം ഹോട്ടൽ എന്ന സ്ഥാപനം (1 ആർ) സ്ഥിതി ചെയ്യുന്ന വസ്തു ഏറ്റെടുക്കുന്നതിന് ആവശ്യമായ അടിസ്ഥാന വിലനിർണ്ണയ റിപ്പോർട്ട് (BVR), വിശദ വിലനിർണ്ണയ പത്രിക (DVS) എന്നിവ അംഗീകരിച്ചിട്ടുണ്ട്. 19(1) വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനായി നഷ്ടപരിഹാരത്തുക അർഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഫണ്ട് ലഭ്യമാക്കിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഭൂവുടമയ്ക്ക് നഷ്ടപരിഹാരം നൽകി സ്ഥലം ഏറ്റെടുത്ത് അർഥനാധികാരിക്ക് കൈമാറുന്നതാണ്.

ചാത്തന്നൂർ താലൂക്ക് രൂപീകരണം

361 (1602) ശ്രീ. ജി.എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകൾ രൂപീകരിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ നിലപാട് എന്തെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂർ ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കണമെന്ന പതിറ്റാണ്ടുകളായി ഉയർന്നുവരുന്ന ആവശ്യം സംബന്ധിച്ച് റവന്യൂ വകുപ്പിന്റെ നിലപാട് എന്താണ്; പ്രസ്തുത ആവശ്യം പരിഗണിക്കുമോ; ചാത്തന്നൂർ താലൂക്ക് രൂപീകരിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ താലൂക്കുകളുടെ വ്യാപ്തിയും വിസ്തൃതിയും ജനസംഖ്യയും കണക്കിലെടുക്കുമ്പോൾ താലൂക്കുകൾ തമ്മിൽ വലിയ അന്തരമുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനെത്തുടർന്ന്, താലൂക്കുകളുടെ വിഭജനം/രൂപീകരണം/അതിർത്തി പുനർനിർണ്ണയം എന്നിവയുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർമാരിൽനിന്നും റിപ്പോർട്ടുകൾ ലഭ്യമാക്കി ലാൻഡ് റവന്യൂ കമ്മീഷണർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും ആയത് സർക്കാർ പരിശോധിച്ചുവരികയുമാണ്. സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ചാത്തന്നൂർ ആസ്ഥാനമായ താലൂക്ക് രൂപീകരണമുൾപ്പെടെയുള്ള ശിപാർശകൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുന്നതാണ്.

(സി) പുതിയ താലൂക്കുകൾ രൂപീകരിക്കുന്നതിനും അതിർത്തി പുനർനിർണ്ണയിക്കുന്നതിനുമായി റവന്യൂ വകുപ്പ് നിയോഗിച്ച വിദഗ്ധ സമിതി നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

താലൂക്ക് പുനഃസംഘടന സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് തലത്തിൽനിന്നും ലഭ്യമായ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

അനധികൃതമായി ഭൂമി കൈമാറ്റം

362 (1603) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "വാക്കാൽ പാട്ടം" എന്ന പേരിൽ അനധികൃതമായി ഭൂമി കൈമാറ്റം ചെയ്ത് തണ്ടപ്പേര് പിടിച്ച് കരം അടച്ചുവരുന്നതായി റവന്യൂ സെക്രട്ടറി ശ്രീ. എം. ജി. രാജമാണിക്യം സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മൂപ്പിൽ നായരുടെ പേരിലുൾപ്പെട്ട 300 ഏക്കറിലധികം ഭൂമി "വാക്കാൽ പാട്ടം" പോലെയുള്ള അനധികൃതമായ കൈമാറ്റം മുഖേന തണ്ടപ്പേർ പിടിച്ച് കരം അടച്ചുവരുന്നതായും ചില ഇടപാടുകളിൽ മുൻപ് ടി ഭൂമിക്ക് കരം അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കുന്ന വ്യക്തികളുടെ പേരിൽ പോക്കുവരവ് ചെയ്ത് തണ്ടപ്പേർ അനുവദിച്ചതായി പരാതികൾ ഉയർന്നിട്ടുള്ളതിനാൽ ഇതുസംബന്ധിച്ച് വിശദമായ അന്വേഷണം ആവശ്യമാണെന്നും റിപ്പോർട്ടിൽ നിർദേശിച്ചിരിക്കുന്നു. നികുതി രസീതിന്റെ പകർപ്പുകളുടെ മാത്രം അടിസ്ഥാനത്തിൽ പുതിയ തണ്ടപ്പേരുകൾ അനുവദിച്ചിട്ടുള്ള ഭൂമിയുടെ വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് സമർപ്പിക്കുന്നതിനും മൂപ്പിൽ നായർക്കെതിരെ സീലിങ് കേസ് എടുത്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി ലാൻഡ് ബോർഡ് സ്വീകരിക്കുന്നതിനും റിപ്പോർട്ടിൽ നിർദേശമുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; റിപ്പോർട്ടിൽ കുറ്റക്കാരായി കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

പ്രസ്തുത വിഷയത്തിൽ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ചുവരികയാണ്.

കുറ്റക്കാരെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ മുഖം നോക്കാതെ കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്.

റവന്യൂ കാർഡ്

363 (1604) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. കെ. ബഷീർ:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ വകുപ്പിൽനിന്നും ലഭിക്കുന്ന വിവിധ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഭൂവുടമകളുടെ വിവര ശേഖരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത വിവര ശേഖരണത്തിന്റെ അടിസ്ഥാനത്തിൽ റവന്യൂ കാർഡ് നൽകാൻ ആലോചിക്കുന്നുണ്ടോ?

(എ&ബി) "എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ തിരിച്ചറിയൽ സംവിധാനം "voluntary" ആയി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്.

(സി) വ്യക്തികളെ സംബന്ധിച്ച വിവരങ്ങൾ സംരക്ഷിക്കപ്പെടുമെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

ഡിജിറ്റൽ റവന്യൂ കാർഡിന് അപേക്ഷിക്കുന്ന ഓരോ വ്യക്തിക്കും ആയതിനായി യൂസർ

ഐ.ഡി., പാസ്‌വേർഡ്, മൊബൈൽ OTP Authentication എന്നിവ ഉപയോഗിച്ചാണ് പോർട്ടലിൽ ലോഗിൻ ചെയ്യേണ്ടത്. ഇതുവഴി സുരക്ഷിതത്വം ഉറപ്പാക്കാൻ സാധിക്കുന്നതാണ്. അംഗീകൃത ഏജൻസികൾക്കും വ്യക്തികൾക്കും മാത്രമേ ഈ കാർഡിലെ ഡാറ്റാ ആക്സസ് ചെയ്യാൻ സാധിക്കുകയുള്ളൂ.

കേരളത്തിലെ വിവിധ ആർ.ഡി.ഒ.-കളിലെ അപേക്ഷകൾ

364 (1605) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി തരംമാറ്റൽ നടപടികൾക്കായി കേരളത്തിലെ വിവിധ ആർ.ഡി.ഒ.-കളിൽ നിലവിൽ എത്ര അപേക്ഷകളാണ് തീരുമാനമാകാതെയുള്ളതെന്ന് വ്യക്തമാക്കാമോ?

നിലവിലെ കണക്കുപ്രകാരം ഫാറം 5, 6, 7, 9 ഇനങ്ങളിലായി 283033 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

(ബി) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് ആർ.ഡി.ഒ. ഓഫീസിൽ ഇനിയും തീരുമാനമാകാതെ എത്ര അപേക്ഷകളുണ്ടെന്ന് വിശദമാക്കാമോ?

നിലവിലെ കണക്കുപ്രകാരം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് ആർ.ഡി.ഒ. ഓഫീസിൽ ഫാറം 5, 6, 7, 9 ഇനങ്ങളിലായി 3966 അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്.

എന്റെ ഭൂമി പദ്ധതി

365 (1606) ശ്രീ. എം. എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. യു. ആർ. പ്രദീപ്:

ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പൂർത്തിയാക്കിയ വില്ലേജുകളുടെ പട്ടിക ലഭ്യമാക്കാമോ?

'എന്റെ ഭൂമി' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പൂർത്തിയാക്കിയ വില്ലേജുകളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) ഡിജിറ്റൽ സർവെയ്ക്കായി ഉപയോഗിക്കുന്ന സാങ്കേതിക വിദ്യകളും ഉപകരണങ്ങളും ഏതെല്ലാമാണെന്നും അവയുടെ സവിശേഷതകളും വ്യക്തമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവെ പദ്ധതിക്കായി Continuously Operating Reference Station (CORS) സിസ്റ്റവുമായി സംയോജിപ്പിച്ച് RTK (Real Time Kinematic), RTS (Robotic/Reflectorless Total Station) എന്നീ ഉപകരണങ്ങളാണ് ഉപയോഗിച്ചുവരുന്നത്. ഈ ആധുനിക സാങ്കേതിക ഉപകരണങ്ങളുടെ സവിശേഷതകളും ഉപയോഗിക്കുന്നതിലെ പ്രയോജനങ്ങളും സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) സർവെ പൂർത്തിയാകുന്ന മുറയ്ക്ക് ഭൂവുടമകൾക്ക് നൽകുന്ന പ്രോപ്പർട്ടി കാർഡിന്റെ സവിശേഷതകൾ അറിയിക്കാമോ?

'നക്ഷ' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കാനിരുന്ന ഡിജിറ്റൽ പ്രോപ്പർട്ടി കാർഡ് എന്ന ആശയം ലാൻഡ് റവന്യൂ വകുപ്പിന്റെയും സർവെയും ഭൂരേഖയും വകുപ്പിന്റെയും

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദാംശങ്ങൾ സംയോജിപ്പിച്ചുകൊണ്ട് "ഡിജിറ്റൽ റവന്യൂ കാർഡ്" എന്ന പേരിൽ ഏകീകൃത കാർഡ് നടപ്പിലാക്കാൻ റവന്യൂ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്.

"എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്" എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്റെ ഭാഗമായി ഒരു വ്യക്തിയുടെ ഭൂസംബന്ധവും വ്യക്തിസംബന്ധവുമായ വിവരങ്ങൾ ലഭ്യമാകത്തക്ക വിധത്തിൽ സ്മാർട്ട് ആയ ഡിജിറ്റൽ റവന്യൂ കാർഡ് എന്ന സമഗ്രമായ സംവിധാനമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഡിജിറ്റൽ റീസർവെ പൂർത്തീകരിച്ച് റവന്യൂ രേഖകളുടെ ഭാഗമാക്കിയ വില്ലേജുകളിലാണ് ഈ കാർഡ് നൽകുന്നതിനുള്ള നടപടി ആദ്യഘട്ടത്തിൽ ആരംഭിക്കുന്നത്. ഓരോ ലാൻഡ് പാർസലിനും എൽ.ജി.ഡി. കോഡ്, സർവെ നമ്പർ, ബ്ലോക്ക് നമ്പർ, സബ് ഡിവിഷൻ നമ്പർ, വിസ്തീർണ്ണം തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന ഒരു തനതു ലാൻഡ് പാർസൽ ഐ.ഡി. (Unique Land Parcel ID) നൽകുകയും ഇപ്രകാരമുള്ള ലാൻഡ് പാർസൽ ഐ.ഡി. ഉപയോഗപ്പെടുത്തി 10 ഡിജിറ്റ് വരുന്ന യുണീക്ക് നമ്പരിലൂടെ പ്രസ്തുത ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാകത്തക്കവിധമാണ് ഡിജിറ്റൽ റവന്യൂ കാർഡ് തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഒരു വ്യക്തിക്ക് അനുവദിക്കപ്പെടുന്ന എല്ലാ സാക്ഷ്യപത്രങ്ങളും പ്രസ്തുത വ്യക്തിയുടെ പേരിലുള്ളതും കൂട്ടായ പേരിലുള്ള വസ്തുവിന്റെ ഒഴിമുറി അവകാശവും ഉൾപ്പെടെയുള്ള ഭൂവിവരങ്ങളും കാർഡിൽ രേഖപ്പെടുത്തുന്ന യുണീക്ക് നമ്പർ മുഖേന ലഭ്യമാകും. ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോഴോ പഠനാവശ്യങ്ങൾക്കുള്ള അപേക്ഷ സമർപ്പിക്കുമ്പോഴോ സാക്ഷ്യപത്രങ്ങൾ ഹാജരാക്കുന്നതിനുപകരം ഫാറങ്ങളിൽ യുണീക്ക് നമ്പർ രേഖപ്പെടുത്തിയാൽ മതിയാകും. സേവന ദാതാവ് ഈ യുണീക്ക് നമ്പരിൽ ക്ലിക്ക്

ചെയ്യുന്നതിലൂടെ റവന്യൂ വകുപ്പിന്റെ പ്രത്യേക പോർട്ടലിലൂടെ അപേക്ഷകന്റെ വിവരങ്ങൾ ലഭ്യമാകും. ഓരോ സാക്ഷ്യപത്രങ്ങളുടെയും കാലാവധി കഴിയുന്ന മുറയ്ക്ക് പൗരന്റെ മൊബൈലിൽ ലഭിക്കുന്ന സന്ദേശത്തിന്റെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസുകളിൽ അപേക്ഷ നൽകി സാക്ഷ്യപത്രങ്ങളുടെ കാലാവധി പുതുക്കേണ്ടതാണ്.

നേട്ടങ്ങൾ

1. സാക്ഷ്യപത്രങ്ങൾക്ക് വേണ്ടി നിരവധി തവണ വില്ലേജ് കയറിയിറങ്ങേണ്ട.

2. വ്യക്തിയെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും ലഭ്യമാകുമെന്നതിനാൽ രേഖകളുടെ അഭാവത്തിൽ നിരസിക്കുന്ന സാഹചര്യം ഒഴിവാകും.

3. വ്യാജ സാക്ഷ്യപത്രങ്ങൾ ഹാജരാക്കപ്പെടുന്നത് ഒഴിവാകും.

4. സാക്ഷ്യപത്രങ്ങൾ നഷ്ടപ്പെട്ടുപോകുന്നത് ഒഴിവാക്കാം.

5. വസ്തുതകൾ മറച്ച് അനർഹർ ആനുകൂല്യം കൈപ്പറ്റുന്നത് തടയാം.

6. കടലാസുരഹിത ഭരണസംവിധാനത്തിന് കൂടുതൽ സഹായകരമാകും.

7. ബാങ്കുകൾക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എളുപ്പത്തിലാകും.

8. കോടതികളിൽ ജാമ്യത്തിനായി വ്യാജ കരം രസീതുകൾ ഹാജരാക്കുന്നത് തടയാം.

പ്രസ്തുത പദ്ധതി നടപ്പിലാക്കുമ്പോൾ ടി പദ്ധതിക്കായുള്ള ഡൊമൈൻ ഐ.ഡി. വഴി ഡിജിറ്റൽ റവന്യൂ കാർഡിനുള്ള അപേക്ഷ സ്വീകരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(ഡി) ഡിജിറ്റൽ സർവെയിലെ പരാതികൾ പരിഹരിക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ?

'എന്റെ ഭൂമി' ഇന്റഗ്രേറ്റഡ് പോർട്ടൽ വഴി റവന്യൂ, രജിസ്ട്രേഷൻ, സർവെ എന്നീ

വകുപ്പുകളിലെ ഭൂവിവരങ്ങൾ ഒരേ പ്ലാറ്റ്ഫോമിൽ സംയോജിപ്പിക്കുന്നതിനാൽ ഭൂമിയുടെ ഉടമസ്ഥാവകാശം, വിസ്തീർണ്ണം, അതിരുകൾ എന്നീ ഭൂമി സംബന്ധിച്ച തർക്കങ്ങൾ പരിഹരിക്കുന്നതിന് സഹായകമാണ്. സർവെ മാപ്പുകളും ബ്ലോക്ക്-സർവെ നമ്പറുകളും ഡിജിറ്റൽ രൂപത്തിൽ ലഭ്യമാകുന്നതിനാൽ അതിരുകൾ സംബന്ധിച്ച തർക്കങ്ങൾ വ്യക്തമായി പരിഹരിക്കാം. ഓൺലൈനിൽ നേരിട്ട് പരാതിയും തിരുത്തലിനുള്ള അപേക്ഷയും നൽകാനുള്ള സംവിധാനം ലഭ്യമാണ്. ഡിജിറ്റൽ സർവെ സമയത്തുണ്ടാകുന്ന പരാതികൾ ജനറൽ കംപ്ലയിന്റ് (GC), ഒറിജിനൽ ലാൻഡ് കംപ്ലയിന്റ് (OLC), അപ്പീൽ ലാൻഡ് കംപ്ലെയിന്റ് (ALC) എന്നിങ്ങനെ തരംതിരിച്ചിട്ടുള്ളതും റെക്കോർഡ് തയ്യാറാക്കുന്നതിന്റെ ഓരോ ഘട്ടവും റെക്കോർഡ് അന്തിമമാക്കിയതിനുശേഷംപോലും പൊതുജനത്തിന്റെ ഭൂരേഖ സംബന്ധമായ പരാതികൾ പരിഹരിച്ച് ഏറ്റവും സുതാര്യമായ ലാൻഡ് റെക്കോർഡ് ലഭ്യമാക്കാൻ ഓൺലൈൻ പോർട്ടൽ സഹായകമാണ്. രജിസ്ട്രേഷൻ കഴിഞ്ഞയുടനെ ഉടമസ്ഥാവകാശ ഡാറ്റാ പോർട്ടലിൽ പുതുക്കുന്നതിനാൽ "ഡ്യൂപ്ലിക്കേറ്റ് ക്ലെയിം" പ്രശ്നങ്ങൾ ഒഴിവാക്കാൻ സാധിക്കും. ഭൂമിയുമായി ബന്ധപ്പെട്ട എല്ലാ സേവനങ്ങളും ഒരേ പ്ലാറ്റ്ഫോമിൽ ലഭ്യമാകുന്നതിനാൽ പൊതുജനങ്ങൾക്ക് പല ഓഫീസുകളിലും പോകേണ്ട സാഹചര്യം ഒഴിവാകും. തർക്കപരിഹാര നടപടികൾ വേഗത്തിലും കാര്യക്ഷമമായും നടത്താൻ കഴിയുന്നതാണ്.

ഡിജിറ്റൽ സർവെ പൂർത്തിയായ വില്ലേജുകളിൽ ഭൂമിയുടെ അതിർത്തി, വിസ്തീർണം, സർവെ നമ്പർ തുടങ്ങിയവ സംബന്ധിച്ച് ഉയർന്നുവരുന്ന പരാതികളും LRM (Land Records Management) സംബന്ധമായ അപേക്ഷകളും പൊതുജനങ്ങൾക്ക് 'എന്റെ ഭൂമി'പോർട്ടൽ വഴി

ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

(ഇ) സംസ്ഥാനത്ത് ഡിജിറ്റൽ സർവെ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് ഭൂമി രേഖകൾ ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഡിജിറ്റലൈസ് ചെയ്യുന്നതിന്റെ ഭാഗമായി ഡിജിറ്റൽ റീസർവെ (Digital Resurvey) പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ലക്ഷ്യം സംസ്ഥാനത്തെ എല്ലാ ഗ്രാമങ്ങളിലെയും ഭൂമി സർവെ രേഖകൾ Integrated Land Information Management System (ILIMS) മുഖേന ഏകീകൃത ഡിജിറ്റൽ സംവിധാനത്തിലേക്ക് മാറ്റുകയാണ്. നിലവിൽ 123 വില്ലേജുകളിൽ ഡിജിറ്റൽ സർവെ പൂർത്തിയായി സെക്ഷൻ (13) പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡ്രാഫ്റ്റ് മാപ്പ് പ്രസിദ്ധീകരണത്തിനുശേഷം പൊതുജനങ്ങൾക്ക് പരാതികളും ആക്ഷേപങ്ങളും സമർപ്പിക്കാനുള്ള അവസരം നൽകുന്നുണ്ട്. സംസ്ഥാനത്തെ ഡിജിറ്റൽ സർവെ വളരെ വേഗം പൂർത്തിയാക്കുകയെന്ന ലക്ഷ്യമാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. എന്നാൽ, പ്രാദേശിക സാഹചര്യങ്ങൾ, കാലാവസ്ഥാ വ്യതിയാനങ്ങൾ, സാങ്കേതിക വെല്ലുവിളികൾ, പൊതുജനപരാതികൾ പരിഹരിക്കേണ്ടതായുള്ള സാഹചര്യം, വസ്തു സംബന്ധിച്ച കോടതി ഇടപെടൽ എന്നിവ കാരണം പ്രവർത്തനങ്ങൾക്ക് കാലതാമസമുണ്ടായേക്കാം. സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവെ പൂർത്തീകരണം

366 (1607) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് ഡിജിറ്റൽ സർവെ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട കല്ല്യാശ്ശേരി വില്ലേജിന്റെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമമനുസരിച്ചുള്ള സെക്ഷൻ 9(2) വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ എത്ര വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് ഇനി പൂർത്തിയാക്കാനുള്ളതെന്നും ആയത് എന്ന് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട പാണപ്പുഴ, മൂന്നാം ഘട്ടത്തിൽ ഉൾപ്പെട്ട ചെറുകുന്ന്, കണ്ണപുരം, ചെറുതാഴം, കടന്നപ്പള്ളി എന്നീ വില്ലേജുകളുടെ പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന വില്ലേജുകളായ മാട്ടൂൽ, കുഞ്ഞിമംഗലം, മാടായി, ഏഴോം, പട്ടുവം എന്നിവയെ ഡിജിറ്റൽ സർവെയുടെ തുടർന്നുവരുന്ന ഘട്ടങ്ങളിൽ ഉൾപ്പെടുത്തുന്നതാണ്.

ഡിജിറ്റൽ സർവെ-അതിർത്തി തർക്കങ്ങൾ പരിഹരിക്കാൻ നടപടി

367 (1608) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടന്നുവരുന്ന എന്റെ ഭൂമി ഡിജിറ്റൽ സർവെ പദ്ധതി പൂർത്തിയാകുന്നതോടെ ഉയർന്നുവരാനിടയുള്ള വലിയതോതിലുള്ള അതിർത്തി തർക്കങ്ങൾ

വേഗത്തിൽ പരിഹരിക്കുന്നതിനായി താലൂക്ക് തലത്തിൽ സ്പെഷ്യൽ ട്രിബ്യൂണലുകൾ സ്ഥാപിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഡിജിറ്റിൽ സർവെ പൂർത്തിയായി നോട്ടിഫിക്കേഷൻ (13) പ്രസിദ്ധീകരിച്ചിട്ടുള്ള എല്ലാ വില്ലേജുകളിലും ഉയർന്നുവരാൻ സാദ്ധ്യതയുള്ള എൽ.ആർ.എം. പരാതികൾ കൈകാര്യം ചെയ്യുന്നതിന് ഓൺലൈനായി സംവിധാനമൊരുക്കിയിട്ടുള്ളതാണ്. പൊതുജനങ്ങൾക്ക് അപേക്ഷ നൽകുന്നതിന് "എന്റെ ഭൂമി" പോർട്ടലിലും താലൂക്ക് തലത്തിലും വില്ലേജ് തലത്തിലുമായി ഉദ്യോഗസ്ഥർക്ക് അപേക്ഷ കൈകാര്യം ചെയ്യുന്നതിന് ReLIS പോർട്ടലിലുമാണ് സൗകര്യമൊരുക്കിയിട്ടുള്ളത്. ഈ പോർട്ടൽ മുഖേന ലഭിച്ചിട്ടുള്ള എല്ലാ പരാതികളും 30 ദിവസത്തിനുള്ളിൽ തീർപ്പാക്കുന്നതിന് നിർദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പരാതികൾ കൃത്യസമയത്ത് തീർപ്പാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് കളക്ടറേറ്റ് ക്രമീകരിച്ച് ജില്ലാതലത്തിൽ ജില്ലാ കൺട്രോൾ റൂം, സംസ്ഥാനതലത്തിൽ സർവെ, ഡയറക്ടറേറ്റിൽ സ്റ്റേറ്റ് കൺട്രോൾ റൂം എന്നിവ സ്ഥാപിച്ചിട്ടുള്ളതാണ്.

(ബി) തീരദേശത്തെ വീട് നഷ്ടപ്പെട്ടവർക്കായുള്ള പുനർഗേഹം പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് നൽകുന്ന ധനസഹായം, നിർമ്മാണ സാമഗ്രികളുടെ നിലവിലെ വിലവർധനവ് കണക്കിലെടുത്ത് വർധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ; വ്യക്തമാക്കാമോ?

തീരദേശത്ത് വേലിയേറ്റ രേഖയിൽനിന്നും 50 മീറ്റർ പരിധിക്കുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന മുഴുവൻ ജനവിഭാഗങ്ങളെയും സുരക്ഷിതമേഖലയിൽ പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് പുനർഗേഹം. 2019-20 വർഷത്തിൽ ഭരണാനുമതി നൽകിയ പുനർഗേഹം

പദ്ധതിപ്രകാരം അനുവദിക്കുന്ന പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.

വ്യക്തിഗത ഭവന നിർമ്മാണത്തോടൊപ്പം ഗുണഭോക്താക്കൾ ചേർന്ന് റസിഡൻസ് ഗ്രൂപ്പ് രൂപീകരിച്ച് നിർമ്മിക്കുന്ന അപ്പാർട്ട്മെന്റുകൾ സർക്കാർ/സ്വകാര്യ ഭൂമി ഏറ്റെടുത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങൾ എന്നിവയിലൂടെ പുനരധിവാസം നടപ്പിലാക്കിവരുന്നു.

സുരക്ഷിത മേഖലയിലേക്ക് മാറിത്താമസിക്കാൻ തയ്യാറാകുന്ന ഗുണഭോക്താവിന് വ്യക്തിഗത ഭവന നിർമ്മാണത്തിന് ഭൂമി വാങ്ങുവാനും ഭവന നിർമ്മാണത്തിനുംകൂടി പരമാവധി 10 ലക്ഷം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതാണ്. ഭൂമി വില 6 ലക്ഷം രൂപയും ഭവന നിർമ്മാണത്തിന് 4 ലക്ഷം രൂപയും അടക്കം പരമാവധി 10 ലക്ഷം രൂപയാണ് അനുവദിക്കുന്നത്. ഭൂമി വില 6 ലക്ഷം രൂപയിൽ കുറവാണ് ചെലവാകുന്നതെങ്കിൽ ബാക്കി തുക നാല് ലക്ഷം രൂപയോടുചേർത്ത് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

പുനർഗേഹം പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ടുള്ള ഭൂമി രജിസ്ട്രേഷന് സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കി നൽകിയിട്ടുണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ ചെലവാകുന്ന തുകകൂടി ഇപ്രകാരം ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഉപയോഗിക്കാവുന്നതാണ്.

വ്യക്തിഗത ഭവന നിർമ്മാണത്തിനായുള്ള ധനസഹായത്തിനുപുറമെ പുനർഗേഹം പദ്ധതിപ്രകാരം പുനരധിവാസത്തിനായി ഫിഷറീസ് വകുപ്പ് സ്വന്തം നിലയിൽ സർക്കാർ ഭൂമികളിലും ഏറ്റെടുക്കുന്ന സ്വകാര്യ ഭൂമികളിലും ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ചുനൽകുന്നുണ്ട്.

നിലവിൽ ടി ധനസഹായം വർധിപ്പിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

കോങ്ങാട് നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവെ

368 (1609) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് പൂർത്തീകരിച്ചതെന്ന് വിശദമാക്കാമോ?

സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി രണ്ടാം ഘട്ടത്തിലുൾപ്പെട്ട കോങ്ങാട് നിയോജകമണ്ഡലത്തിലെ കോങ്ങാട്-1 വില്ലേജിന്റെ ഫീൽഡ് ജോലി പൂർത്തിയാക്കി സർവെ അതിരടയാള നിയമം അനുസരിച്ചുള്ള സെക്ഷൻ (13), വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിലെ ഏതെല്ലാം വില്ലേജുകളിലെ ഡിജിറ്റൽ സർവെയാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുമെന്നും വിശദമാക്കാമോ?

കോങ്ങാട് നിയോജകമണ്ഡലത്തിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ മൂന്നാം ഘട്ടത്തിലുൾപ്പെട്ട കരിമ്പ-2 വില്ലേജിന്റെ പ്രാരംഭജോലികൾ ആരംഭിച്ചിട്ടുണ്ട്. ശേഷിക്കുന്ന കാരാക്കുറിശ്ശി, കരിമ്പ-1, തച്ചമ്പാറ, കേരളാശ്ശരി, മങ്കര, മണ്ണൂർ, മുണ്ടൂർ-1, മുണ്ടൂർ 2 പറളി- 1. പറളി-2 എന്നീ വില്ലേജുകൾ ഡിജിറ്റൽ സർവെയുടെ തുടർന്നുവരുന്ന ഘട്ടങ്ങളിൽ ഉൾപ്പെടുത്തി ഡിജിറ്റൽ സർവെ പൂർത്തീകരിക്കുന്നിനുള്ള നടപടികൾ നടന്നുവരുന്നു.

ഡിജിറ്റൽ സർവെ

369 (1610) ശ്രീ. എ. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഏതൊക്കെ വില്ലേജുകളിൽ ഡിജിറ്റൽ സർവെ നടപടികൾ പൂർത്തിയായിട്ടുണ്ട്; വിവരങ്ങൾ ലഭ്യമാക്കാമോ?

ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ഡിജിറ്റൽ സർവെ പദ്ധതിയുടെ ഒന്നാം ഘട്ടത്തിലുൾപ്പെടുത്തിയ ബൈസൺ വാലി വില്ലേജിന്റെ സർവെ അതിരടയാള നിയമപ്രകാരമുള്ള സെക്ഷൻ 9(2), സെക്ഷൻ (13) എന്നിവ പ്രസിദ്ധപ്പെടുത്തി റവന്യൂ ഭരണത്തിന് കൈമാറുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) ദേവികുളം താലൂക്കിലെ മുഴുവൻ വില്ലേജുകളിലും ഡിജിറ്റൽ സർവെ നടപടികൾ എത്ര കാലയളവിനുള്ളിൽ പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്തെ 1550 വില്ലേജുകളിലെയും ഡിജിറ്റൽ സർവെ നടപടികൾ 4 വർഷം കൊണ്ട് പൂർത്തിയാക്കുന്നതിനുള്ള ബൃഹത് പദ്ധതിയാണ് നിലവിൽ നടന്നുവരുന്നത്. ദേവികുളം താലൂക്കിലെ മുഴുവൻ വില്ലേജുകളിലെയും ഡിജിറ്റൽ സർവെ നടപടികൾ പ്രസ്തുത കാലയളവിനുള്ളിൽ പൂർത്തിയാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

(സി) ഡിജിറ്റൽ സർവെ നടത്തിയ വില്ലേജുകളിലെ പരാതികൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുകയെന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് ഡിജിറ്റൽ സർവെ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ സർവെ സഭ, സർവെ ജാഗ്രതാ സമിതി എന്നിവയിലൂടെ

കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽതന്നെ ഭൂവുടമസ്ഥരെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്.

കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റെക്കോർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സഹായകമായിട്ടുണ്ട്. ഡിജിറ്റൽ റീസർവെ പൂർത്തിയായ വില്ലേജുകളിൽ, 'എന്റെ ഭൂമി' (Integrated Land Information Management System- ILIMS) സംയോജിത പോർട്ടൽ മുഖേന ഭൂരേഖകളിൽ കണ്ടെത്തുന്ന പിശകുകൾ അതിരു വ്യത്യാസങ്ങൾ, വിസ്തീർണ്ണ വ്യത്യാസങ്ങൾ, രേഖാ അപാകതകൾ തുടങ്ങിയവ സംബന്ധിച്ച് ഓൺലൈനായി LRM പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവെ

370 (1611) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് സർക്കാരിന് പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്

പരിഹാരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഇരിട്ടി താലൂക്കിലെ അയ്യൻക്കുന്ന്, ആറളം പഞ്ചായത്തുകളിൽ നടന്ന ഡിജിറ്റൽ സർവെയുമായി ബന്ധപ്പെട്ട് സർക്കാരിൽ പരാതികൾ ലഭ്യമായിട്ടില്ല.

(ബി) ഇത് സംബന്ധിച്ചുള്ള ഇ 3/17/2022/റവന്യൂ എന്ന ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

കണ്ണൂർ ജില്ല, ഇരിട്ടി താലൂക്ക്, ആറളം വില്ലേജിന്റെ റീസർവെയുടെ ഭാഗമായി ആറളം, അയ്യൻകുന്ന് വില്ലേജുകളെയും പഞ്ചായത്തുകളെയും തമ്മിൽ വേർതിരിക്കുന്ന വെമ്പുഴ തോട്ടിന്റെ പുറമ്പോക്ക് തിട്ടപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ആറളം വില്ലേജിലെ വെമ്പുഴച്ചാൽ പ്രദേശങ്ങളിലെ ജനങ്ങളുടെ വീടും കൃഷിഭൂമിയും നഷ്ടമാകുന്നുവെന്ന് കാണിച്ച് എടൂർ വെമ്പുഴച്ചാൽ ആക്ഷൻ കമ്മറ്റി സമർപ്പിച്ചിട്ടുള്ള നിവേദനം സർക്കാർ REV-E3/17/2022-REV നമ്പർ ഫയലിൽ പരിശോധിച്ചുവരുന്നു. പ്രസ്തുത വിഷയത്തിൽ ഉന്നതതലത്തിൽ ചർച്ചകൾ നടത്തിയതിൻപ്രകാരം കണ്ണൂർ ജില്ലാ കളക്ടർ, ലാൻഡ് റവന്യൂ കമ്മീഷണർ, സർവെ ഡയറക്ടർ എന്നിവർ ലഭ്യമാക്കിയ റിപ്പോർട്ടുകൾ പരിശോധിച്ച് ഇക്കാര്യത്തിൽ ലാൻഡ് റവന്യൂ കമ്മീഷണറുമായി ചർച്ച നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ സർവെ ഡയറക്ടറോട് സർക്കാർ നിർദേശിച്ചിരുന്നു. പ്രസ്തുത നിർദേശത്തിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച് ലാൻഡ് റവന്യൂ കമ്മീഷണറും സർവെ ഡയറക്ടറും തമ്മിൽ 21-01-2026-ൽ ചർച്ച നടത്തിയിട്ടുള്ളതും നേരിട്ട് ഫീൽഡ് പരിശോധിച്ചും കൈവശ കക്ഷികളെ നേരിൽ കേട്ടും കൈവശരേഖകൾ പരിശോധിച്ചും തഹസിൽദാർ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് പരിശോധിക്കാനും പ്രദേശത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമായി

രേഖപ്പെടുത്തുന്നതിനായി ഡ്രോൺ ഇമേജ് തയ്യാറാക്കുന്ന കാര്യംകൂടി പരിശോധിച്ച് റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർ സർവെ ഡയറക്ടർക്ക് നിർദേശം നൽകിയിട്ടുണ്ട്.

സംസ്ഥാനത്തെ ഡിജിറ്റൽ റീസർവെ നടപടികൾ

371 (1612) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ റീസർവെ നടപടികൾ എന്നാണ് ആരംഭിച്ചതെന്നും എപ്പോൾ പൂർത്തീകരിക്കാനാണ് വകുപ്പ് ലക്ഷ്യമിടുന്നതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഡിജിറ്റൽ റീസർവെ പ്രവർത്തനം നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക ചെലവിനത്തിൽ വേണ്ടിവരുമെന്നും വ്യക്തമാക്കാമോ?

(എ&ബി) 'എല്ലാവർക്കും ഭൂമി എല്ലാ ഭൂമിക്കും രേഖ എല്ലാ സേവനങ്ങളും സ്മാർട്ട്' എന്നീ പ്രഖ്യാപിത ലക്ഷ്യങ്ങളോടെ സംസ്ഥാനത്ത് ആകെയുള്ള 1666 വില്ലേജുകളിൽ ഡിജിറ്റലായി സർവെ ചെയ്ത 116 വില്ലേജുകൾ ഒഴികെയുള്ള 1550 വില്ലേജുകളിലെ ഡിജിറ്റൽ സർവെ റെക്കോർഡുകൾ നാലുവർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിനുള്ള 858.42 കോടി രൂപയുടെ ബൃഹത് പദ്ധതിക്കാണ് 2022 നവംബർ 1-ന് സർക്കാർ തുടക്കം കുറിച്ചിട്ടുള്ളത്. ആദ്യഘട്ടത്തിൽ 339.438 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച ഈ പദ്ധതിയുടെ ആദ്യത്തെ മൂന്നുവർഷങ്ങളിൽ 400 വില്ലേജുകൾ വീതവും നാലാം വർഷം 350 വില്ലേജുകളും ഉൾപ്പെടെയാണ് ആകെ 1550 വില്ലേജുകൾ കണക്കാക്കിയിരിക്കുന്നത്. 14 ജില്ലകളിലായി നാല് ഘട്ടങ്ങളിലായി 839 വില്ലേജുകളുടെ സർവെ നടപടികളാണ് നടന്നുവരുന്നത്.

ആയതിൽ 238 വില്ലേജുകളുടെ സർവെ അതിരടയാള നിയമം അനുസരിച്ചിട്ടുള്ള 9(2) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും 123 വില്ലേജുകളുടെ 13 പ്രകാരമുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 67.34 ലക്ഷം ലാൻഡ് പാഴ്സലുകളിലായി 9.19 ലക്ഷം ഹെക്ടർ ഭൂമിയുടെ സർവെ ഡിജിറ്റലായി ഇതിനകം അളന്നിട്ടുണ്ട്.

(സി) സർവെ സംബന്ധിച്ചുള്ള പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് ഡിജിറ്റൽ റീസർവെ സഹായകരമായിട്ടുണ്ടോ; വിശദമാക്കാമോ?

ഡിജിറ്റൽ സർവെ പദ്ധതിയുടെ ആദ്യഘട്ടം മുതൽ എല്ലാ നടപടികളും എറ്റവും സുതാര്യമാക്കുകയെന്ന ലക്ഷ്യത്തോടെ പൂർണ്ണമായും സോഫ്റ്റ്വെയർ അധിഷ്ഠിതമായും പൊതുജന പങ്കാളിത്തം ഉറപ്പാക്കിയുമാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. ഡിജിറ്റൽ സർവെ ആരംഭിച്ചിട്ടുള്ള വില്ലേജുകളിൽ സർവെ സഭ, സർവെ ജാഗ്രതാ സമിതി എന്നിവയിലൂടെ കൃത്യമായ ബോധവൽക്കരണം ഭൂവുടമസ്ഥർക്ക് നൽകിയും സർവെ സമയത്ത് ഭൂവുടമസ്ഥരുടെ സാന്നിധ്യത്തിന്റെ ആവശ്യം വിശദീകരിച്ച് നൽകിയുമാണ് പദ്ധതി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം സർവെ നടത്തുന്ന അവസരത്തിൽതന്നെ ഭൂവുടമസ്ഥരെ സർവെ റെക്കോർഡുകൾ കാണിച്ച് ബോധ്യപ്പെടുത്തുകയും സർവെ പൂർത്തിയാകുന്ന മുറയ്ക്ക് സർവെ സംബന്ധിച്ച വിവരം പോർട്ടൽ മുഖേന ഭൂവുടമസ്ഥർക്ക് ലഭ്യമാകുന്നതുമാണ്. കൂടാതെ, വിപുലമായ പ്രചാരണം നൽകി പ്രീ 9(2) ക്യാമ്പുകൾ സംഘടിപ്പിച്ച് റെക്കോർഡുകൾ എല്ലാ ഭൂവുടമസ്ഥരെ കൊണ്ടും പരിശോധിപ്പിക്കുന്നതിനുള്ള നടപടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്. ടി നടപടികളിലൂടെ ഡിജിറ്റൽ സർവെയിൽ ഭൂപരാതികൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്.

ചിറയിൻകീഴ് നിയോജകമണ്ഡലത്തിലെ പട്ടയ വിതരണം

372 (1613) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ (തിരുവനന്തപുരം & ചിറയിൻകീഴ് താലൂക്ക് പരിധി) എത്ര പേർക്ക് പട്ടയം, കൈവശരേഖ എന്നിവ നൽകിയെന്ന് വില്ലേജ്, പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തുമായി ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ 145 പട്ടയങ്ങളും 27 കൈവശാവകാശ രേഖകളും അനുവദിച്ചിട്ടുണ്ട്. പട്ടയം, കൈവശരേഖ എന്നിവയുടെ ഇനം തിരിച്ച കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) അവർക്ക് ഏതെല്ലാം തരത്തിലുള്ള പട്ടയങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

1964-ലെ ഭൂമി പതിവ് ചട്ടം പ്രകാരമുള്ള ലാൻഡ് അസൈൻമെന്റ് (എൽ.എ.) പട്ടയങ്ങളും കൂടികിടപ്പ് പട്ടയങ്ങളുമാണ് നൽകിവരുന്നത്.

(സി) പട്ടയം, കൈവശരേഖ എന്നിവ ലഭിക്കുന്നതിനായി ചിറയിൻകീഴ് നിയോജകമണ്ഡലത്തിൽ ഇനി എത്ര അപേക്ഷകളാണ് പരിഗണനയിലുള്ളതെന്നും അപേക്ഷകളിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികളും വ്യക്തമാക്കാമോ?

ചിറയിൻകീഴ് നിയോജകമണ്ഡലത്തിന്റെ പരിധിയിൽ 76 അപേക്ഷകൾ നിലവിൽ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പരിഗണനയിലാണ്. ഇവയിൽ ചിറയിൻകീഴ് താലൂക്ക് പരിധിക്കുള്ളിൽ 6 എൽ.എ. പട്ടയ അപേക്ഷകളും ഒരു കൂടികിടപ്പ് പട്ടയ അപേക്ഷയും തിരുവനന്തപുരം താലൂക്ക് പരിധിക്കുള്ളിലെ 66 അപേക്ഷകളുള്ളതും ടി അപേക്ഷകളിന്മേൽ സർവെ നടപടികൾ നടന്നുവരുന്നതുമാണ്.

കോന്നി നിയോജകമണ്ഡലത്തിലെ റവന്യൂ-ഭവനനിർമ്മാണ വകുപ്പിന്റെ പദ്ധതികൾ

373 (1614) ശ്രീ. കെ.യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻസർക്കാരിന്റെ കാലത്തും റവന്യൂ-ഭവനനിർമ്മാണ വകുപ്പിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും റവന്യൂ-ഭവനനിർമ്മാണ വകുപ്പിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും (പൂർത്തീകരിച്ചവയും പൂർത്തീകരിക്കാനുള്ളവയുടെയും സഹിതം) അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(സി) പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

പ്രസ്തുത പ്രവൃത്തികളിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടില്ല.

പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ

374 (1615) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൗസിങ് ബോർഡിന്റെ ഉടമസ്ഥതയിലുള്ള പുതുക്കാട് പഞ്ചായത്തിലെ മാട്ടുമലയിലെ സ്ഥലത്ത് ലൈഫ് ഗുണഭോക്താക്കൾക്കായി തൃതല പഞ്ചായത്തുകളുടെ സഹകരണത്തോടെ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള തൃശ്ശൂർ ജില്ലയിൽ പുതുക്കാട് ഗ്രാമപഞ്ചായത്തിലെ മാട്ടുമലയിലെ സ്ഥലത്ത് ലൈഫ് പദ്ധതിയുടെ ഭാഗമായി പുതിയ പാർപ്പിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ നിലവിൽ ഭവനനിർമ്മാണ ബോർഡിന്റെ പരിഗണനയിലില്ല. പ്രസ്തുത സ്ഥലത്ത് ഭവനനിർമ്മാണ ബോർഡ് സാഫല്യം ഭവന പദ്ധതിയുടെ ഭാഗമായി അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മൈലപ്പള്ളി തൂക്കുപാലം നവീകരിക്കുന്നതിന് നടപടി

375 (1616) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-

ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിന്റെ നിയന്ത്രണത്തിൽ നിർമ്മിച്ച കോട്ടയം ഏറ്റുമാനൂർ നിയോജകമണ്ഡലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന മൈലപ്പള്ളി തുക്കുപാലം ഇപ്പോൾ അപകടാവസ്ഥയിലാണന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക എത്രയാണെന്നും ആയത് അനുവദിക്കുന്നത് ഏത് വകുപ്പിൽ നിന്നാണെന്നും വ്യക്തമാക്കാമോ;

(സി) അപകടാവസ്ഥയിലായ പ്രസ്തുത പാലം എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

വയനാട് ചൂരൽമല ദുരന്തബാധിത കുടുംബസഹായ ഫണ്ട്

376 (1617) <u>ശ്രീ. എം. നൗഷാദ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ചൂരൽമല ദുരന്തബാധിത കുടുംബസഹായ ഫണ്ടിലേക്ക് വയനാട് എം.പി. ശ്രീമതി പ്രിയങ്കഗാന്ധി എത്ര തുകയാണ് ലഭ്യമാക്കിയതെന്ന വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ജനവിഭാഗങ്ങളുടെ പുനരധിവാസത്തിനായി എം.പി. ഫണ്ടിൽനിന്നും എത്ര തുകയാണ് സ്ഥലം എം.പി. എന്ന നിലയിൽ ലഭ്യമാക്കിയതെന്ന് വ്യക്തമാക്കാമോ?

(എ&ബി) വയനാട് ചൂരൽമല ദുരന്തബാധിത ജനവിഭാഗങ്ങളുടെ പുനരധിവാസത്തിനായി സ്ഥലം എം.പി. എന്ന നിലയിൽ ശ്രീമതി പ്രിയങ്കഗാന്ധി എം.പി.

നിലവിൽ എം.പി. ഫണ്ടിൽനിന്നും തുകയൊന്നും ലഭ്യമാക്കിയിട്ടില്ല.

ചൂരൽമല-മുണ്ടക്കൈ ദുരിതബാധിതർക്കുള്ള എം.പി./എം.എൽ.എ. ഫണ്ട്

377 (1618) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചൂരൽമല-മുണ്ടക്കൈ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്തെ ഓരോ എം.പി.-മാരും (രാജ്യസഭ അടക്കം) ഓരോ എം.എൽ.എ.-മാരും എത്ര തുക വീതം എം.പി./എം.എൽ.എ. ഫണ്ടിൽനിന്നും ലഭ്യമാക്കിയെന്ന് വിശദമാക്കാമോ?

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ അടിസ്ഥാനവികസന പ്രവർത്തനങ്ങൾക്ക് എം.പി. ഫണ്ടിൽനിന്നും തുക നൽകിയിട്ടുള്ള കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ (ലോക് സഭ, രാജ്യസഭ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ എം.എൽ.എ.-മാരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) ഇതുവരെ യാതൊരു തുകയും ലഭ്യമാക്കാതിരുന്ന എം.പി.-മാർ, എം.എൽ.എ.-മാർ ആരെല്ലാമാണെന്ന് അറിയിക്കാമോ?

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ അടിസ്ഥാനവികസന പ്രവർത്തനങ്ങൾക്ക് എം.പി. ഫണ്ടിൽനിന്നും തുക നൽകാത്ത കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ (ലോക് സഭ + രാജ്യസഭ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ എം.എൽ.എ.-മാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

പാട്ട കുടിശ്ശിക

378 (1619) ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി വിവിധ ആവശ്യങ്ങൾക്കായി പാട്ടത്തിന് നൽകിയ ഇനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

വിവിധ ആവശ്യങ്ങൾക്കായി സർക്കാർ ഭൂമി പാട്ടത്തിന് നൽകിയ ഇനത്തിൽ ആകെ പിരിച്ചെടുക്കാനുള്ള തുക 408.53 കോടി രൂപയാണ്. ആയതിൽ അപ്പലേറ്റ് അതോറിറ്റി, സർക്കാർ, കോടതി എന്നിവിടങ്ങളിൽ സ്റ്റേ ഉള്ളത് 390.81 കോടി രൂപയാണ്. പിരിച്ചെടുക്കാൻ അവശേഷിക്കുന്ന തുക 17.72 കോടി രൂപയാണ്. ആയതിൽ 3.17 കോടി രൂപ പിരിച്ചെടുത്തിട്ടുണ്ട്. നിലവിൽ 14.55 കോടി രൂപ ഇനിയും പിരിച്ചെടുക്കാനുണ്ട് (2025 നവംബർ ഡി.സി.ബി. പ്രകാരം) ആയതിന്റെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്.+

(ബി) നിലവിലെ പാട്ട നിരക്ക് പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

റവന്യൂ വകുപ്പ് പുറപ്പെടുവിച്ചിട്ടുള്ള വിവിധ പാട്ടനിരക്കുകൾ കാലോചിതമായി പരിഷ്കരിക്കുന്ന വിഷയം പരിശോധിച്ച് പാട്ടനിരക്ക് പരിഷ്കരിക്കുന്നതിനുള്ള കരട് നയരേഖ (ലീസ് പോളിസി) ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായിട്ടുള്ളതും ആയത് റവന്യൂ വകുപ്പിന്റെ പരിശോധനയിലുമാണ്.

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

(സി) കുടിശ്ശിക പാട്ടത്തുക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും കർമ്മ പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

1964-ലെയും 1995-ലെയും ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം കമ്പോളവിലയുടെ അടിസ്ഥാനത്തിൽ പാട്ടത്തുക നിശ്ചയിച്ച് അനുവദിച്ചിരിക്കുന്ന പാട്ടങ്ങളിൽ, പാട്ടത്തുക ഒടുക്ക് വരുത്താത്തതിനാലുള്ള പാട്ടക്കുടിശ്ശിക ഊർജ്ജിത കുടിശ്ശിക നിവാരണയജ്ഞത്തിന്റെ ഭാഗമായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിപ്രകാരം പിരിച്ചെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള ആംനസ്റ്റി സ്കീം നടപ്പിലാക്കുന്നതിനുള്ള ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണറിൽനിന്നും ലഭ്യമായിട്ടുള്ളതും ആയത് ധനകാര്യ വകുപ്പിന്റെ പരിശോധനയിലുമാണ്.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ റോഡുകളുടെ പുനരുദ്ധാരണം

379 (1620) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാം; അനുവദിച്ച തുക, നിലവിലെ പ്രവൃത്തികളുടെ സ്ഥിതി എന്നിവയും വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസനിധിയിൽ ഉൾപ്പെടുത്തി റോഡുകളുടെ പുനരുദ്ധാരണത്തിന് അനുവദിച്ച പ്രവൃത്തികളുടെയും അനുവദിച്ച തുകയും നിലവിലെ പ്രവൃത്തികളുടെ സ്ഥിതിയും

സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്ത പുനരധിവാസ ഫണ്ട്

380 (1621) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് കേരളത്തിൽനിന്നുമുള്ള എം.പി.-മാരിലും (രാജ്യസഭയിലെയും ലോക്സഭയിലെയും) സംസ്ഥാനത്തെ എം.എൽ.എ.-മാരിലും ആരെല്ലാമാണ് എം.പി. ഫണ്ട്, എം.എൽ.എ. ഫണ്ട്, മറ്റ് അടിസ്ഥാന വികസന ഫണ്ട് എന്നിവയിൽനിന്നും തുക നൽകാത്തവർ എന്നുള്ള വിശദാംശം അറിയിക്കാമോ?

വയനാട് ചൂരൽമല-മുണ്ടക്കൈ ദുരന്തവുമായി ബന്ധപ്പെട്ട പുനരധിവാസ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്ക് എം.പി. ഫണ്ടിൽനിന്നും തുക നൽകാത്ത കേരളത്തിൽനിന്നുള്ള എം.പി.-മാരുടെ (ലോക്സഭ + രാജ്യസഭ) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+ എം.എൽ.എ.-മാരെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസം

381 (1622) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ നടപടികളുടെ ഭാഗമായുള്ള വയനാട് ടൗൺഷിപ്പ് പദ്ധതിയിലെ വീടുകളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു. ഇതിൽ 332 വീടുകളുടെ തറകീറലും 312 വീടുകളുടെ അടിത്തറയും 302 വീടുകളുടെ കോൺക്രീറ്റ് ഭിത്തിയും 290 വീടുകളുടെ വാർപ്പും ഇതിനകം പൂർത്തിയായിട്ടുണ്ട്. വീടുകളോടൊപ്പംതന്നെ അനുബന്ധ സൗകര്യങ്ങളായ റോഡ്, വൈദ്യുതി, ജല വിതരണം, സോളാർ പ്ലാന്റ്, മാലിന്യസംസ്കരണ സംവിധാനം എന്നിവയുടെ നിർമ്മാണവും ഒൻപതര ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള കുടിവെള്ള ടാങ്കിന്റെ നിർമ്മാണവും പൂർത്തീകരിച്ചുവരുന്നു.

(ബി) ഒന്നാംഘട്ട പുനരധിവാസം ഏത് മാസത്തോടുകൂടി പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഒന്നാം ഘട്ടമായി ഗുണഭോക്താക്കൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്ന 178 വീടുകളുടെ നിർമ്മാണം 2026 ഫെബ്രുവരി മാസം തന്നെ പൂർത്തീകരിച്ചുകൊണ്ട് ഫെബ്രുവരി മാസം തന്നെ ഗുണഭോക്താക്കൾക്ക് കൈമാറുന്നതാണ്.

പുല്ലരാംപാറ പുനരധിവാസം

382 (1623) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് പുല്ലരാംപാറയിലെ ഉരുൾപൊട്ടലിനെത്തുടർന്ന് പുനരധിവസിപ്പിക്കേണ്ട ആറ് കുടുംബങ്ങൾക്കുള്ള വീടും സ്ഥലവും ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം വന്നതിന്റെ കാരണം വിശദമാക്കുമോ?

2018-ലെ പ്രളയത്തെത്തുടർന്നാണ് വീടും സ്ഥലവും നഷ്ടപ്പെട്ടവരെ

പുനരധിവസിപ്പിക്കുന്നതിന് സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽനിന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നുള്ള വിഹിതവും ചേർത്ത് ആകെ പത്ത് ലക്ഷം രൂപ അനുവദിച്ചുവരുന്നത്. എന്നാൽ 2012-ലുണ്ടായ നാശനഷ്ടങ്ങൾക്ക് ഇതേ മാനദണ്ഡമനുസരിച്ച് ധനസഹായം അനുവദിക്കാൻ കഴിയില്ല. ഈ സാഹചര്യത്തിൽ സംസ്ഥാന ദുരന്തലഘൂകരണ നിധി (State Disaster Mitigation Fund-SDMF) ഉപയോഗിച്ച് ധനസഹായം അനുവദിക്കുന്നതിൽ വ്യക്തത വരുത്തുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) എസ്.ഡി.ആർ.എഫ്. നൽകുന്നതുമായി ബന്ധപ്പെട്ട് കേന്ദ്ര നിർദ്ദേശം ലഭിക്കുന്നതിനായി അയച്ച കത്തിന് അടിയന്തര ഇടപെടൽ നടത്തുമോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ സർക്കാരിന്റെ കാലത്തുതന്നെ ഇവർക്ക് ആനുകൂല്യം നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

(ബി&സി) കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിൽനിന്നും സ്പഷ്ടീകരണം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ

383 (1624) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ആധാരങ്ങൾ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യുന്ന സാഹചര്യത്തിൽ, ഭൂമി സംബന്ധമായ രേഖകളുടെ സുരക്ഷ ഉറപ്പാക്കാൻ ബ്ലോക്ക് ചെയിൻ

സാങ്കേതികവിദ്യ നടപ്പിലാക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കൽ

384 (1625) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ നിയോജകമണ്ഡലത്തിലെ ടീം ബേഡകം കുടുംബശ്രീ അഗ്രോ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കി നൽകുന്നതിനായി സമർപ്പിച്ച അപേക്ഷ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്.

(ബി) പ്രസ്തുത അപേക്ഷ പരിഗണിച്ച് സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീ എന്നിവ ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

അപേക്ഷ സർക്കാർ പരിശോധിച്ചുവരുന്നു.

ആധാരം തയ്യാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ

385 (1626) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന രജിസ്ട്രേഷൻ വകുപ്പ് വസ്തു കൈമാറ്റ പ്രമാണം/ആധാരം തയ്യാറാക്കുന്നതിന് നിലവിൽ അനുമതി നൽകിയിട്ടുള്ളത് ആർക്കൊക്കെയാണ്; വ്യക്തമാക്കാമോ?

1960-ലെ കേരള ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 6 അനുസരിച്ച് കേരളത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആധാരങ്ങൾ ഒരു ആധാരം തയ്യാറാക്കൽ ലൈസൻസിക്കോ, അഡ്വക്കേറ്റ് അല്ലെങ്കിൽ പ്ലീഡർക്കോ, ആധാരത്തിലെ കക്ഷികൾക്ക് സ്വയമോ തയ്യാറാക്കാവുന്നതാണ്.

(ബി) ആധാരം തയ്യാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ നടത്തുന്നത് ആരാണെന്ന് അറിയിക്കാമോ?

1960-ലെ കേരള ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 25 പ്രകാരം രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിങ്) ആണ് പരീക്ഷ നടത്തുന്നത്.

(സി) പ്രസ്തുത എക്സാമിനേഷൻ നടത്തുന്നത് നിർത്തിവച്ചിരിക്കുകയാണോ; എങ്കിൽ എന്നുമുതലെന്നും അതിന് കാരണമെന്തെന്നും അറിയിക്കാമോ?

ലൈസൻസ് പരീക്ഷ നടത്തുന്നത് നിർത്തിവച്ചിട്ടില്ല.

(ഡി) പ്രസ്തുത പരീക്ഷ ഒരു അപേക്ഷകന് എത്ര തവണ എഴുതാൻ കഴിയുമെന്ന് അറിയിക്കാമോ?

ലൈസൻസ് ചട്ടങ്ങളിൽ പരീക്ഷ എത്ര തവണ എഴുതാമെന്ന് നിജപ്പെടുത്തിയിട്ടില്ല.

(ഇ) ആധാരം തയ്യാറാക്കൽ പരീക്ഷ വിജയിച്ച ആൾക്ക് ആധാരം എഴുതി തയ്യാറാക്കുന്നതിന് കൈപ്പട ലൈസൻസ് പരീക്ഷയും പാസാകേണ്ടതുണ്ടോ?

1960-ലെ കേരള ആധാരം എഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം ആധാരം തയ്യാറാക്കൽ ലൈസൻസ് ഉള്ളയാൾക്ക് കൈപ്പട ലൈസൻസിന് അപേക്ഷിക്കാവുന്നതും അപ്രകാരം ലൈസൻസ് ലഭിച്ചുകഴിഞ്ഞാൽ ആധാരം എഴുതി

തയ്യാറാക്കാവുന്നതുമാണ്.

(എഫ്) ആധാരം തയ്യാറാക്കൽ സ്റ്റേറ്റ് ലൈസൻസിനുള്ള എക്സാമിനേഷൻ ഈ വർഷം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആധാരം എഴുത്ത് ലൈസൻസ് പരീക്ഷ നടത്തുന്നത് സംബന്ധിച്ച് 23-01-2026-ലെ 299-ാം നമ്പർ അസാധാരണ ഗസറ്റിൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതാണ്. അതനുസരിച്ച് 2026 സെപ്തംബർ മാസം 12-ാം തീയതി പരീക്ഷ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്.

രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

386 (1627) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനത്തിന്റെ പരിശോധനയിലും ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധനയിലും രജിസ്ട്രേഷൻ വകുപ്പിനുകീഴിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ ക്രമക്കേടിലും കുറ്റക്കാർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

(എ&ബി) ആധാര രജിസ്ട്രേഷനിലൂടെയോ, തിരച്ചിൽ, പകർപ്പ് നൽകൽ എന്നിവയിലൂടെയോ മറ്റെന്തെങ്കിലും കാരണവശാലോ ഉണ്ടാകുന്ന റവന്യൂ നഷ്ടം ജില്ലാ രജിസ്ട്രാർ ഓഡിറ്റുമാർ നടത്തുന്ന ഓഡിറ്റിലൂടെ കണ്ടെത്തി രജിസ്ട്രേഷൻ ഡെപ്യൂട്ടി

ഇൻസ്പെക്ടർ ജനറൽ ഉത്തരവ് പുറപ്പെടുവിക്കുന്നപക്ഷം, സർക്കാരിനുണ്ടായ നഷ്ടം ബന്ധപ്പെട്ട കക്ഷികളിൽനിന്ന് ഈടാക്കുന്നതുവരെ ടി നഷ്ടം, വീഴ്ച വരുത്തിയ രജിസ്റ്ററിങ് ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നു. ഇത്തരത്തിലുള്ള വീഴ്ചകൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പരിഹരിച്ചുവരുന്നു.

റവന്യൂ നഷ്ടം സംഭവിച്ചത് രജിസ്റ്ററിങ് ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെന്ന് രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ ഉത്തരവായ കേസുകളിൽ, 1958-ലെ രജിസ്ട്രേഷൻ (കേരള) ചട്ടങ്ങളിലെ ചട്ടം 189-ന്റെ ക്ലിപ്ത നിബന്ധനയിൽ വ്യവസ്ഥ ചെയ്തപ്രകാരമുള്ള അച്ചടക്കനടപടി ആരംഭിക്കുന്നതിനുള്ള ശിപാർശ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) സമർപ്പിക്കുന്നു. അത്തരത്തിലുള്ള ക്രമകേടുകളൊന്നും മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടില്ല.

സഹകരണ സംഘങ്ങളിലുള്ള ബാധ്യതകൾ, മറ്റ് ബാധ്യതകൾ, ന്യൂനതകൾ എന്നിവയുണ്ടെങ്കിൽ അവയും ആധാരത്തിൽ പൂർണ്ണമായും സത്യസന്ധമായും വിവരിച്ചുചേർക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതും ഇപ്രകാരം ചേർത്ത ബാധ്യതകൾക്കുംകൂടി മുദ്രയും ഫീസും ഈടാക്കേണ്ടതാണെന്നും കേരള മുദ്രപത്ര നിയമം സെക്ഷൻ 25-ലും ലാൻഡ് റവന്യൂ ബോർഡിന്റെ 27-05-2014-ലെ ഉത്തരവിലും നിർദേശിച്ചിട്ടുണ്ട്. ആയത് ലംഘിച്ച് രജിസ്റ്റർ ചെയ്തകൊടുത്ത ആധാരങ്ങളിൽ ഓരോന്നിലും വസ്തുവിന്റെ അവകാശത്തിൽവരുന്ന പണയ ബാധ്യത ചേർക്കാതെ, അവിഭാജ്യ ഓഹരി അവകാശ തുകയും ഫ്ലാറ്റിന്റെ വിലയും മാത്രം കാണിച്ച് കുറഞ്ഞ തുകയ്ക്കുള്ള സ്റ്റാമ്പും ഫീസും ഈടാക്കി പണയ ബാധ്യതയുടെ 8 ശതമാനം മുദ്രയും 2 ശതമാനം ഫീസും ഈടാക്കാതെ സർക്കാരിന് 12,80,691/- രൂപയുടെ

നഷ്ടം വരുത്തിയ ചേർപ്പ് സബ് രജിസ്ട്രാറുടെ നടപടി ശരിയല്ലെന്ന് കണ്ടെത്തി ടി വിഷയത്തിൽ ഇന്റേണൽ വിജിലൻസ് വിഭാഗം സബ് രജിസ്ട്രാറുടെ വിശദീകരണം വാങ്ങി അതിന്റെയടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

ധനകാര്യ പരിശോധനാ വിഭാഗം തൃശ്ശൂർ ജില്ലാ രജിസ്ട്രാർ ഓഫീസിലും രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിലും ആഗസ്റ്റ് 2016-ലും ഫെബ്രുവരി 2017-ലും നടത്തിയ പരിശോധനയിൽ, മുദ്രസ്സല, രജിസ്ട്രേഷൻ ഫീസ് എന്നിവ ഈടാക്കിയതിലെ കുറവുമൂലവും കൂടുതൽ തുക ശമ്പളമായി വാങ്ങിയതിനാലും സർക്കാരിനുണ്ടായ നഷ്ടം 36,012/- രൂപ ബന്ധപ്പെട്ട ജീവനക്കാരുടെ DCRG-ൽനിന്നും ഈടാക്കാൻ നിർദേശം നൽകിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ ഐ.ടി. പർച്ചേസുകൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അഞ്ചുവർഷത്തിലധികമായി ഒരേ സീറ്റിൽ തുടരുന്നതായി കണ്ടെത്തിയിട്ടുണ്ട്.

2018-19 സാമ്പത്തിക വർഷം മുതൽ 2022-23 സാമ്പത്തിക വർഷം വരെ മോഡേണൈസേഷൻ ഓഫ് രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ് പദ്ധതിയിൽ PMC ആയി മാത്രം നടത്തേണ്ട പ്രവർത്തനങ്ങൾ Non-PMC ആയി കൈകാര്യം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്.

സർക്കാർ മാനദണ്ഡങ്ങൾപ്രകാരം അക്രെഡിറ്റഡ് ഏജൻസിക്ക് പരമാവധി 20% തുക മാത്രമേ അഡ്വാൻസ് പേമെന്റായി അനുവദിക്കാവൂ എന്നിരിക്കെ, സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന് 40% തുക മൊബിലൈസേഷൻ അഡ്വാൻസായി അനുവദിച്ചതായി ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ട്.

സബ് രജിസ്ട്രാർ ഓഫീസുകളുടെ നവീകരണ ജോലികൾക്കായി M/s Artisans Development Co-operative Society Ltd. (ARTCO)-യെ ചുമതലപ്പെടുത്തിയതിൽ

നിയമാനുസൃതമായ ഇ-ടെൻഡർ നടപടികൾ പാലിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

ടെൻഡറുകളുടെ ഭാഗമായി എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിൽ ആവശ്യമായ അവധാനതയും യുക്തിസഹമായ വിലയിരുത്തലും പാലിക്കപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

രജിസ്ട്രേഷൻ വകുപ്പിൽ ക്യാമറകൾ പ്രൊക്യൂർ ചെയ്തിരിക്കുന്നത് പൊതുസമാഹരണത്തെ നിയന്ത്രിക്കുന്ന അടിസ്ഥാന മാനദണ്ഡങ്ങൾക്കും നിശ്ചിത നടപടിക്രമങ്ങൾക്കും വിരുദ്ധമായാണ്. മത്സരബുദ്ധിയോടെയുള്ള ടെൻഡർ ഒഴിവാക്കുന്ന രീതിയിൽ പ്രത്യേക ബ്രാൻഡ് സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയാണ് ഇത് നടത്തിയതെന്ന് കണ്ടെത്തിയിട്ടുണ്ട്. ആവശ്യത്തിലധികമുള്ള സാങ്കേതിക സ്പെസിഫിക്കേഷനുകൾ ഉൾപ്പെടുത്തിയതിന്റെ ഫലമായി അനാവശ്യമായ വില വർധനവും മത്സരം പരിമിതപ്പെടുത്തുന്നതായ സാഹചര്യവും ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്.

ധനകാര്യ പരിശോധനാ റിപ്പോർട്ടിലെ ശിപാർശപ്രകാരം ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ ഓഫീസിൽനിന്നും പുറത്തേക്ക് സ്ഥലംമാറ്റി നിയമിച്ചിട്ടുണ്ട്. കൂടാതെ, ഇതുസംബന്ധിച്ച് തുടർനടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

ചാല സബ് രജിസ്ട്രാർ ഓഫീസിൽ ധനകാര്യ പരിശോധന (എൻ.ടി.ജി.) വിഭാഗം നടത്തിയ പരിശോധനയിൽ സബ് രജിസ്ട്രാർ ശ്രീമതി ബെസ്സി തോമസ് കോവിഡ് ഡ്യൂട്ടി കഴിഞ്ഞ് 16-04-2022-ന് വിടുതൽ ചെയ്തിട്ടും 18-04-2022 തിങ്കളാഴ്ച ജോലിയിൽ പ്രവേശിച്ചിട്ടില്ലെന്നും അന്നും കോവിഡ് ഡ്യൂട്ടിയിലായിരുന്നുവെന്ന തെറ്റിദ്ധരിപ്പിക്കുന്ന മറുപടി പരിശോധനാ വിഭാഗത്തെ അറിയിച്ചതിന് ടിയാൾക്ക് കർശന താക്കീത് നൽകാനും

18-04-2022-ൽ ടിയാൾക്ക് അർഹതപ്പെട്ട അവധിയുണ്ടെങ്കിൽ അപ്രകാരം ക്രമീകരിക്കാനും അല്ലാത്തപക്ഷം അന്നേ ദിവസം കൈപ്പറ്റിയ ശമ്പളം തിരികെ ഈടാക്കാനും നടപടി സ്വീകരിക്കേണ്ടതാണെന്നുമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ഓഡിറ്റ്) ചാല സബ് രജിസ്ട്രാർ ഓഫീസിൽ നടത്തിയ പരിശോധനയിൽ ചില ആധാരങ്ങളുടെ രജിസ്ട്രേഷൻമൂലം സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടായതായി റിപ്പോർട്ട് ചെയ്യുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ നടന്നുവരികയും ചെയ്യുന്നു.

ആധാരമെഴുത്തുകാരുടെ ക്ഷേമനിധി

387 (1628) ശ്രീ. ചാണ്ടി ഉമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആധാരമെഴുത്തുകാരുടെ ക്ഷേമനിധിയിൽ അംഗമാകുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ടോ; എങ്കിൽ എന്നുവരെ ലഭിച്ച അപേക്ഷകളിന്മേലാണ് നടപടി പൂർത്തീകരിച്ച് വരിസംഖ്യ കൈപ്പറ്റി തിരിച്ചറിയൽ കാർഡ് വിതരണം ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെണ്ടർമാരുടെയും ക്ഷേമനിധി ആക്ടിലും പദ്ധതിയിലുമുള്ള വ്യവസ്ഥകൾ പാലിച്ച് ക്രമപ്രകാരം ലഭിക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് കാലതാമസം നേരിടുന്നില്ല. 2025 വരെ ക്രമപ്രകാരം ലഭിച്ച അപേക്ഷകളിന്മേൽ നടപടി പൂർത്തീകരിച്ച് അംഗത്വം അനുവദിച്ചിട്ടുണ്ട്.

(ബി) ആധാരമെഴുത്തുകാരുടെ ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി അപേക്ഷിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ, പ്രസ്തുത ക്ഷേമനിധിയിൽ അംഗമാകുന്നതിനുള്ള നടപടിക്രമങ്ങൾ, സബ് & ജില്ലാ രജിസ്ട്രാർ ഓഫീസ്, ഐ.ജി. ഓഫീസ് എന്നിവിടങ്ങളിൽ അപേക്ഷകളിന്മേൽ സ്വീകരിക്കുന്ന തുടർനടപടികൾ എന്നിവ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

2012-ലെ ക്ഷേമനിധി ആക്ടിലും 2013-ലെ കേരള ആധാരമെഴുത്തുകാരുടെയും പകർപ്പെഴുത്തുകാരുടെയും സ്റ്റാമ്പ് വെൻഡർമാരുടെയും ക്ഷേമനിധി പദ്ധതിയിലും വ്യവസ്ഥ ചെയ്തിട്ടുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ടാണ് ക്ഷേമനിധി ആനുകൂല്യങ്ങൾക്കായി അപേക്ഷ സമർപ്പിക്കേണ്ടത്. ക്ഷേമനിധി ആക്ട് 5-ാം വകുപ്പുപ്രകാരവും ക്ഷേമനിധി പദ്ധതി ഖണ്ഡിക (11) പ്രകാരവുമാണ് ക്ഷേമനിധിയിൽ അംഗത്വം അനുവദിച്ചുനൽകുന്നത്. മേൽ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ലഭിക്കുന്ന അപേക്ഷകളുടെ പരിശോധനയും തീർപ്പുകൽപ്പിക്കലുമാണ് സബ് രജിസ്ട്രാർ, ജില്ലാ രജിസ്ട്രാർ, ഐ.ജി. ഓഫിസുകളിൽ സ്വീകരിക്കുന്ന നടപടിക്രമങ്ങൾ.

(സി) സേവനാവകാശ നിയമപ്രകാരം പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് എത്രയാണെന്ന് അറിയിക്കാമോ; നിർദിഷ്ട കാലയളവിനുള്ളിൽ നടപടികൾ പൂർത്തീകരിക്കാനാകാത്തതിന്റെ കാരണം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ക്ഷേമനിധി പദ്ധതി ഖണ്ഡിക 11 (5) പ്രകാരം അംഗത്വം അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ 45 ദിവസത്തിനുള്ളിൽ പൂർത്തിയാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ, ക്ഷേമനിധി പദ്ധതി ഖണ്ഡിക 11 (1), (2), (3), (4) എന്നിവയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ക്രമപ്രകാരം സമർപ്പിക്കാത്ത അപേക്ഷകളാണ് നിർദിഷ്ട

കാലയളവിനുള്ളിൽ നടപടി കൈക്കൊള്ളാൻ സാധിക്കാത്തത്.

ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷണം

388 (1629) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രജിസ്ട്രേഷൻ വകുപ്പിൽ നടപ്പിലാക്കുന്ന ഇ-ഗവേണൻസ് പരിഷ്കാരങ്ങൾമൂലം ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കാമോ?

ഇല്ല. ഇ-ഗവേണൻസ് പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനോടൊപ്പം ആധാരമെഴുത്തുകാരുടെ തൊഴിൽ സംരക്ഷിക്കുന്നതിനാവശ്യമായ നടപടികളും സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

ടി നടപടികളുടെ ഭാഗമായി 18-10-2024-ലെ സ.ഉ.(സാധാ)നം.920/2024/ടാക്സസ്, 29-12-2025-ലെ സ.ഉ.(സാധാ)നം. 1138/2025/ടാക്സസ് എന്നീ ഉത്തരവുകൾപ്രകാരം സംസ്ഥാനത്ത് ടെംപ്ലേറ്റ് ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുമ്പോൾ ആധാരമെഴുത്തുകാർ, അഡ്വക്കേറ്റുമാർ മുഖാന്തരം മാത്രം ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

(ബി) എന്റെ ഭൂമി പോർട്ടൽ നടപ്പിലാക്കുമ്പോൾ ആധാരമെഴുത്തുകാരുടെ തൊഴിലിനെ ബാധിക്കാതിരിക്കാൻ, ഈ മേഖലയിലുള്ളവർക്ക് ഇതിനെക്കുറിച്ച് പരിശീലനം നൽകുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

എന്റെ ഭൂമി പോർട്ടലിനെ സംബന്ധിച്ചുള്ള പരിശീലനം രജിസ്ട്രേഷൻ വകുപ്പ്

നൽകിവരുന്നുണ്ട്. ഡിജിറ്റൽ സർവെ വിജ്ഞാപനം ചെയ്തിട്ടുള്ള വില്ലേജുകൾ ഉൾപ്പെട്ടുവരുന്ന സബ് രജിസ്ട്രാർ ഓഫീസുകളിലെ ജീവനക്കാർക്കും പ്രസ്തുത ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർക്കും എന്റെ ഭൂമി പോർട്ടൽ സംബന്ധിച്ച് വിശദമായ പരിശീലനം ഓൺലൈനായും അല്ലാതെയും വകുപ്പിൽനിന്നും നൽകിവരുന്നു. കൂടാതെ എന്റെ ഭൂമി പോർട്ടൽ സംബന്ധിച്ച് വിശദമായ വീഡിയോ തയ്യാറാക്കി സബ് രജിസ്ട്രാർമാർ മുഖേന ആധാരമെഴുത്തുകാർക്കിടയിൽ പ്രചരിപ്പിച്ചിട്ടുണ്ട്.

(സി) വാണിജ്യ ബാങ്കുകളിൽനിന്നും ചെറുകിട വ്യവസായ വായ്പകൾക്കും വ്യക്തിഗത വായ്പകൾക്കുമുള്ള കരാറുകൾ ഡിജിറ്റൽ രൂപത്തിലാക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

1908-ലെ രജിസ്ട്രേഷൻ ആക്ട് പ്രകാരം നിർബന്ധിതമായി രജിസ്റ്റർ ചെയ്യേണ്ടതില്ലാത്ത സാമ്പത്തിക കരാറുകളുടെ വിദൂര നിർവഹണത്തിനായി National e-Governance Services Limited (NeSL)-മായി ഒരു വാണിജ്യേതര കരാറിൽ ഏർപ്പെടുന്നതിനും രജിസ്ട്രേഷൻ വകുപ്പിന്റെ OPEN PEARL സിസ്റ്റവും ഇ-ട്രഷറി പോർട്ടലും (GRAS) NeSL-ന്റെ ഡിജിറ്റൽ ഡോക്യുമെന്റ് എക്സിക്യൂഷൻ പ്ലാറ്റ്ഫോമുമായി (DDE) സംയോജിപ്പിക്കുന്നതിന് 03-12-2021-ലെ G.O.(Ms.)No.81/2021/Taxes നമ്പർ ഉത്തരവുപ്രകാരം സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ, ഈ സംയോജിത സംവിധാനം കേരള സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകൾ, കേരള ബാങ്ക്, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ (KSIDC), കേരള സംസ്ഥാന ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSFE), കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ (KFC) എന്നിവയ്ക്ക് സേവനം നൽകാനാണ് ഉത്തരവായിട്ടുള്ളത്. അതനുസരിച്ച്

NeSL കേരള സംസ്ഥാനത്തിനുള്ളിലെ മേൽ സൂചിപ്പിച്ചിട്ടുള്ള ബാങ്കുകൾവഴി ഡിജിറ്റൽ ഇ-സ്റ്റാമ്പിങ് ആരംഭിച്ചിട്ടുണ്ട്.

കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണം

389 (1630) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടനിർമ്മാണത്തിനായി 73.41 ലക്ഷം രൂപ അനുവദിച്ചിരുന്നതും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ നിർമ്മാണ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്. കെട്ടിടനിർമ്മാണത്തിനായി അതിർത്തി നിർണ്ണയം പൂർത്തിയാക്കണമെന്ന് കെ.എസ്.സി.സി. ആവശ്യപ്പെട്ടതിൻപ്രകാരം താലൂക്ക് സർവെയർ അതിരുകൾ അളന്നുതിട്ടപ്പെടുത്തി കെ.എസ്.സി.സി.-ക്ക് കൈമാറിയിട്ടുണ്ട്. കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട് സെറ്റ്ബാക്ക് ഉൾപ്പടെയുള്ള സാങ്കേതിക തടസങ്ങൾ പരിഹരിച്ച് ഭൂകമ്പ പ്രതിരോധ സ്ട്രക്ചർ ഉൾപ്പടെയുള്ള പുതിയ പ്ലാനിന് അംഗീകാരം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടനിർമ്മാണ പ്രവൃത്തിക്ക് തടസ്സമായി നിൽക്കുന്ന നിലവിലെ സാഹചര്യം എന്തെന്ന് വിശദമാക്കാമോ?

താലൂക്ക് സർവെയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ മിനിമം സെറ്റ്ബാക്ക് പ്രശ്നങ്ങൾ ഒഴിവാക്കിയുള്ള പുതിയ ഡിസൈൻ കെ.എസ്.സി.സി.-യിൽനിന്നും

തയ്യാറാക്കുകയും അതിന് കിഫ്ബിയിൽനിന്നും അംഗീകാരം ലഭിക്കുന്നതിലുള്ള താമസവുമാണ് നിലവിലെ തടസം.

(സി) പ്രസ്തുത തടസ്സം മാറ്റുന്നതിന് രജിസ്ട്രേഷൻ വകുപ്പ് നടപ്പിലാക്കിയ നടപടികൾ എന്തെന്ന് വിശദീകരിക്കാമോ?

പുതിയ പ്ലാൻ തയ്യാറാക്കേണ്ടത് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനും അതിന് അംഗീകാരം നൽകേണ്ടത് കിഫ്ബിയുമാണ്. നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി കെ.എസ്.സി.സി. അധികൃതരുമായി പുരോഗതി വിലയിരുത്തിവരുന്നുണ്ട്.

മാനാഞ്ചിറ രജിസ്ട്രേഷൻ ഓഫീസ് പ്രവർത്തനം

390 (1631) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മാനാഞ്ചിറയിൽ സ്ഥിതിചെയ്യുന്ന രജിസ്ട്രേഷൻ ഓഫീസിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം കഴിഞ്ഞിട്ടും അവിടെ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാകാത്തതിനാലാണ് ഓഫീസ് പ്രവർത്തനം പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാൻ കഴിയാത്തത്.

(സി) മേല്പറഞ്ഞ തടസ്സങ്ങൾ നീക്കി പുതിയ കെട്ടിടത്തിൽ ഓഫീസ് പ്രവർത്തനം

ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിലവിൽ ഇലക്ട്രിക്കൽ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് ഓഫീസ് പുതിയ കെട്ടിടത്തിൽ പ്രവർത്തനമാരംഭിക്കുന്നതാണ്.

വാമനപുരം സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം

391 (1632) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ വാമനപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണെന്നും നടപടി ക്രമങ്ങളുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

വാമനപുരം സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തുക അനുവദിച്ചിട്ടില്ല. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം

392 (1633) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതുമായി ബന്ധപ്പെട്ട ഫയൽ നമ്പറും സ്ഥലത്തിന്റെ

വിശദാംശങ്ങളും ലഭ്യമാക്കാമോ?

വെള്ളറട ഗ്രാമപഞ്ചായത്തിൽ സബ് രജിസ്ട്രാർ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്ത് സ്ഥലം ലഭ്യമാക്കി രജിസ്ട്രേഷൻ വകുപ്പിന് കൈമാറി നൽകിയിട്ടില്ല.

(ബി) പ്രസ്തുത മന്ദിര നിർമ്മാണവുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും നിലവിൽ ഈ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ?

ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടിയ ശേഷം മാത്രമേ വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(സി) മന്ദിര നിർമ്മാണത്തിനായി ഭരണാനുമതിയോ സാങ്കേതികാനുമതിയോ ലഭ്യമായിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട വകുപ്പുതല ഫയൽ നമ്പറുകൾ ലഭ്യമാക്കാമോ?

മന്ദിര നിർമ്മാണത്തിനായി ഭരണാനുമതിയോ സാങ്കേതികാനുമതിയോ നൽകിയിട്ടില്ല. ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടിയ ശേഷം മാത്രമേ വകുപ്പിൽനിന്നും തുടർനടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

(ഡി) പ്രസ്തുത ഓഫീസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ; ഇതിനായി തുക വകയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഭൂമി രജിസ്ട്രേഷൻ വകുപ്പിന് വിട്ടുകിട്ടുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിർമ്മാണ പ്രവർത്തനങ്ങൾക്കായി തുക വകയിരുത്തിയിട്ടില്ല.

മൂഷിൽ നായരുടെ അവകാശികളുടെ ഭൂമി വിൽപന

393 (1634) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ,

മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് മൂപ്പിൽ നായരുടെ അവകാശികൾ അട്ടപ്പാടിയിൽ ഇതുവരെ എത്ര ഏക്കർ ഭൂമി വില്പന നടത്തിയെന്നും ഈ കേസിൽ രജിസ്ട്രേഷൻ വകുപ്പ് ഇതുവരെ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ;

അഗളി സബ് രജിസ്ട്രാർ ഓഫീസിൽ മൂപ്പിൽനായരുടെ അവകാശികൾ ഇതുവരെ 233.9187 ഹെക്ടർ (578.026 ഏക്കർ) ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്. മൂപ്പിൽ നായരുടെ ഭൂമി സംബന്ധിച്ച് രജിസ്ട്രേഷൻ വകുപ്പ് അന്വേഷണം നടത്തിയതിൽ വകുപ്പിൽനിന്നും നടപടി സ്വീകരിക്കേണ്ട വിഷയമല്ലെന്നും റവന്യൂ വകുപ്പിൽനിന്നുമാണ് നടപടി സ്വീകരിക്കുവാനുള്ളതെന്നും കണ്ടെത്തുകയുണ്ടായി.

കേരള ഭൂപരിഷ്കരണ നിയമം, 1963-120(എ) വകുപ്പുപ്രകാരം അട്ടപ്പാടി താലൂക്കിൽ വില്ലേജ് ബി.ടി.ആർ.-ൽ മൂപ്പിൽ നായരുടെ പേരിലുള്ള തണ്ടപ്പേരിലുൾപ്പെട്ട നിലവിലുള്ള ഭൂമികളുടെ കൈമാറ്റം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ തടഞ്ഞുകൊണ്ടുള്ള പാലക്കാട് ജില്ലാ കളക്ടറുടെ 08-11-2025-ലെ ഉത്തരവ് അഗളി സബ് രജിസ്ട്രാർ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) കേരള ഹൈക്കോടതിലെ ഒ.പി. നമ്പർ. 2313/1965 കേസിലെ സിംഗിൾ ബഞ്ച് ഉത്തരവ് അനുസരിച്ചാണോ മൂപ്പിൽ നായരുടെ അവകാശികൾ ഭൂമി രജിസ്ട്രേഷൻ നടത്തിയതെന്ന് വിശദമാക്കുമോ?

കേരള ഹൈക്കോടതിലെ ഒ.പി. നമ്പർ. 2313/1965 കേസിലെ സിംഗിൾ ബഞ്ച് ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൂപ്പിൽ നായരുടെ അവകാശികൾ ഭൂമി രജിസ്ട്രേഷൻ

നടത്തിയിട്ടുള്ളതായി കാണുന്നില്ല.

രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു-പുരാരേഖ വകുപ്പുകളിൽനിന്നുള്ള വിവിധ പദ്ധതികൾ

394 (1635) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്തും മുൻ സർക്കാരിന്റെ കാലത്തും രജിസ്ട്രേഷൻ, മ്യൂസിയം, പുരാവസ്തു-പുരാരേഖ വകുപ്പുകളിൽനിന്നും വിവിധ പദ്ധതികൾക്കായി അനുവദിച്ച തുകയും പ്രവൃത്തികളുടെ പേരും അവയുടെ പുരോഗതിയും വ്യക്തമാക്കാമോ?

കോന്നി ആനത്താവളത്തിൽ "പത്തനംതിട്ട ജില്ലാ പൈതൃക മ്യൂസിയം" സജ്ജീകരണ പ്രവൃത്തികൾ നിർവഹിക്കുന്നതിലേക്കായി പുരാവസ്തു വകുപ്പ് മ്യൂസിയം സജ്ജീകരണ നോഡൽ ഏജൻസി ആയ INTERACTIVE MUSEUM OF CULTURE OF KERALA-ക്ക് 61,61,958/- രൂപ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചിരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികളിൽ പൂർത്തീകരിച്ചവയുടെയും പൂർത്തീകരിക്കാൻ ഉള്ളവയുടെയും വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

മ്യൂസിയം സജ്ജീകരണത്തിന് ഉദ്ദേശിച്ച കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നിർവഹിച്ചുവെങ്കിലും കെട്ടിടങ്ങൾ കൈമാറി ലഭിക്കുന്നത് സംബന്ധിച്ച് അന്തിമ തീരുമാനമാകാത്തതിനാൽ മ്യൂസിയം സജ്ജീകരണം ആരംഭിച്ചിട്ടില്ല.

(സി) അവയിൽ കിഫ്ബി പദ്ധതികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അവയുടെ വിശദ വിവരങ്ങളും പുരോഗതിയും വിശദമാക്കാമോ?

കിഫ്ബി പദ്ധതികളൊന്നും ഉൾപ്പെട്ടിട്ടില്ല.

ചാലക്കുടി ട്രാംവേ റെയിൽ മ്യൂസിയം

395 (1636) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ ട്രാംവേ റെയിൽ മ്യൂസിയം സജ്ജീകരിക്കുന്ന പ്രവൃത്തിയുടെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മറികടക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

"ചാലക്കുടി ട്രാംവേ മ്യൂസിയം സ്ഥാപിക്കൽ" എന്ന പ്രവൃത്തിക്കായി നിർദിഷ്ട സ്ഥലവും കെട്ടിടവും ജലവിഭവ വകുപ്പിൽനിന്നും കൈമാറി ലഭിക്കാൻ കാലതാമസം നേരിട്ടതാണ് പ്രവൃത്തി ആരംഭിക്കുന്നതിന് താമസം നേരിട്ടത്. നിലവിൽ ആദ്യഘട്ടമായി മ്യൂസിയം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ അറ്റകുറ്റപ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മ്യൂസിയം സജ്ജീകരണത്തിന്റെ അനന്തരനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) പ്രസ്തുത മ്യൂസിയം സജ്ജീകരണ പ്രവൃത്തികൾക്കായി കേരള മ്യൂസിയവുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

മ്യൂസിയം സജ്ജീകരണത്തിനായി കേരളം മ്യൂസിയവുമായി പുരാവസ്തുവകുപ്പ് നിലവിൽ കരാറിൽ ഏർപ്പെട്ടിട്ടില്ല.

(സി) മ്യൂസിയം എന്നത്തേക്ക് യാഥാർഥ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ട്രാംവേ മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവൃത്തികൾ കേരളം മ്യൂസിയം മുഖേന ആരംഭിക്കുന്നതിലേക്ക് 20% തുക മുൻകൂറായി ലഭ്യമാക്കിയശേഷം പ്രവൃത്തി

ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണം

396 (1637) ശ്രീ. അഹമ്മദ് ദേവർകോവിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടും പ്രദർശന സംവിധാനം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയത്തിൽ ആധുനികരീതിയിൽ പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയം തയ്യാറാക്കിയ ഡി.പി.ആർ.-ന് ഭരണാനുമതി നൽകുകയും പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് അനുമതി നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രദർശന സംവിധാനം അടിയന്തരമായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയം തയ്യാറാക്കിയ ഡി.പി.ആർ.-ന് ഭരണാനുമതി നൽകുകയും പ്രദർശന സംവിധാനം സജ്ജമാക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് അനുമതി നൽകുകയും കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കരാറിലേർപ്പെട്ട ഉടനെ പ്രദർശന സംവിധാനം സജ്ജമാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(സി) വി.കെ. കൃഷ്ണമേനോൻ മ്യൂസിയത്തോടനുബന്ധിച്ച് പുതിയ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

മ്യൂസിയത്തിന്റെ കൈവശമിരിക്കുന്ന സ്ഥലത്തിന്റെ ഒരു ഭാഗം വിട്ടുകിട്ടുന്നതിനുവേണ്ടി ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് സമർപ്പിച്ച അപേക്ഷ സർക്കാർ പരിശോധിച്ചുവരികയാണ്. ആയതിനാൽ പുതിയ ഗ്യാലറികൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ നിലവിൽ സ്വീകരിച്ചിട്ടില്ല.

ബുദ്ധമത പഠനങ്ങൾക്ക് വേണ്ടി ഒരു കേന്ദ്രം

397 (1638) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ ബുദ്ധസ്മാരകവും ബുദ്ധ ജങ്ഷനും കേന്ദ്രമാക്കി മ്യൂസിയം സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ?

മാവേലിക്കര നിയോജകമണ്ഡലത്തിൽ ബുദ്ധസ്മാരകവും ബുദ്ധ ജങ്ഷനും കേന്ദ്രമാക്കി മ്യൂസിയം സ്ഥാപിക്കാനുള്ള പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) പ്രസ്തുത പ്രദേശത്ത് ബുദ്ധമത പഠനങ്ങൾക്ക് വേണ്ടി ഒരു കേന്ദ്രം അനുവദിക്കുന്നത് പരിഗണിക്കുമോയെന്ന് അറിയിക്കുമോ?

പ്രസ്തുത പ്രദേശത്ത് ബുദ്ധമത പഠനങ്ങൾക്കുവേണ്ടി ഒരു കേന്ദ്രം അനുവദിക്കുന്നതിന് ബന്ധപ്പെട്ട പദ്ധതികളൊന്നുംതന്നെ നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

ക്ഷേത്രങ്ങളിലെ ചുമർ ചിത്രങ്ങളും കൊത്തുവേലകളും സംരക്ഷിക്കാൻ നടപടികൾ

398 (1639) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉദിന്നൂർ ക്ഷേത്രപാലക ക്ഷേത്രം, തൃക്കരിപ്പൂർ ചക്രപാണി ക്ഷേത്രം, ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം എന്നിവിടങ്ങളിലെ ചുമർ ചിത്രങ്ങളും കൊത്തുവേലകളും സംരക്ഷിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉദിന്നൂർ ക്ഷേത്രപാലക ക്ഷേത്രം, തൃക്കരിപ്പൂർ ചക്രപാണി ക്ഷേത്രം, ചെറുവത്തൂർ വീരഭദ്ര ക്ഷേത്രം എന്നിവ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളല്ല. അതുകൊണ്ടുതന്നെ അവയിലെ ചുമർ ചിത്രങ്ങളും കൊത്തുവേലകളും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ പുരാവസ്തു വകുപ്പ് നിലവിൽ തയ്യാറാക്കിയിട്ടില്ല.

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർക്കിയോളജി വകുപ്പ് നടപ്പിലാക്കിയ പ്രവൃത്തികൾ

399 (1640) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിൽ ആർക്കിയോളജി വകുപ്പ് മുഖാന്തരം എന്തെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ തൃക്കൊടിത്താനം ശ്രീമഹാവിഷ്ണു ക്ഷേത്രം പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരക പട്ടികയിൽ

ഉൾപ്പെട്ടിട്ടുള്ളതാണ്. ടി സംരക്ഷിത സ്മാരകത്തിന്റെ ഭാഗമായ ആനപ്പള്ള മതിലിന്റെ തെക്ക് കിഴക്കേ മൂല, ക്ഷേത്രത്തിന്റെ ചുറ്റമതിലിന്റെ തെക്കു പടിഞ്ഞാറെ മൂല എന്നിവ സംരക്ഷണ പ്രവൃത്തികൾ നടത്തി പൂർവസ്ഥിതിയിലാക്കിയിട്ടുണ്ട്. ക്ഷേത്രത്തിന്റെ കിഴക്കും പടിഞ്ഞാറുമുള്ള പ്രവേശന ഗോപുരങ്ങളുടെ സമഗ്ര സംരക്ഷണ പ്രവൃത്തികൾ 2025-ൽ പൂർത്തിയാക്കിയിട്ടുണ്ട്.

പുരാവസ്തു ഖനനങ്ങൾ

400 (1641) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യത്തിന് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാരിന്റെ കാലയളവിൽ നടത്തിയ പുരാവസ്തു ഖനനങ്ങളുടെ എണ്ണം, അവയുടെ പ്രധാന കണ്ടെത്തലുകൾ എന്നിവ വിശദമാക്കാമോ; പുതിയ ഖനനങ്ങൾ ആരംഭിക്കാൻ വകുപ്പ് പരിഗണിക്കുന്ന പ്രദേശങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ?

ഈ സർക്കാരിന്റെ കാലയളവിൽ പുരാവസ്തുവകുപ്പ് നടത്തിയ 15 ഉത്ഖനന-ശാസ്ത്രീയ പരിശോധനകളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.+

ഫറോക്ക് കോട്ടയിൽ തുടർ ഉത്ഖനനം നടത്തുന്നത് വകുപ്പിന്റെ പരിഗണനയിലാണ്. കണ്ണൂർ ജില്ലയിലെ മാടായിൽ 'കേരള കൗൺസിൽ ഫോർ ഹിസ്റ്റോറിക്കൽ റിസർച്ച്'മായി സഹകരിച്ച് പുതിയ ഉത്ഖനനം നടത്തുന്നതിനുള്ള പദ്ധതിയും പരിഗണനയിലാണ്. മാടായിയിൽനിന്നും ഒമ്പത്-പത്ത് നൂറ്റാണ്ടുകളിലെ കനുത്തുകൾ, സ്ഫടിക മുത്തുകൾ, പശ്ചിമേഷ്യൻ മൺപാത്രക്കഷ്ണങ്ങൾ തുടങ്ങിയ ധാരാളം പുരാവസ്തുക്കൾ വകുപ്പിന്റെ

+ നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

ഉപരിതലപരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

പുനലൂർ തൂക്കുപാലത്തിന്റെ നവീകരണം

401 (1642) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുനലൂർ നിയോജകമണ്ഡലത്തിലെ തൂക്കുപാലത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് അനുമതി നൽകിയ പ്രവൃത്തികളുടെ എണ്ണം, ഓരോ പ്രവൃത്തിക്കും ഭരണാനുമതി ലഭിച്ച തീയതി, അനുവദിച്ച തുക, ചെലവഴിച്ച തുക, പൂർത്തീകരിച്ച പ്രവൃത്തികൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2022-23 സാമ്പത്തിക വർഷത്തിൽ "പുനലൂർ തൂക്കുപാലത്തിന്റെ സംരക്ഷണ പ്രവൃത്തികളും പരിസര വികസന പ്രവൃത്തികളും" എന്ന പദ്ധതിക്കായി 27-03-2023-ന് 28,32,000/- രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നു. പ്രസ്തുത പ്രവൃത്തി 28,21,396/- രൂപ ചെലവഴിച്ച് പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുനലൂർ നിയോജകമണ്ഡലത്തിൽ പുരാവസ്തു വകുപ്പിനുകീഴിലുള്ള സംരക്ഷിത സ്മാരകങ്ങൾ, പുരാവസ്തു കേന്ദ്രങ്ങൾ, ചരിത്രപ്രാധാന്യമുള്ള കെട്ടിടങ്ങൾ/സ്ഥാപനങ്ങൾ എന്നിവ ഏതൊക്കെയാണെന്നും അവയുടെ സ്ഥലം, നിലവിലെ സംരക്ഷണ സ്ഥിതി, ഇതുവരെ നടത്തിയ സംരക്ഷണ/ നവീകരണ പ്രവൃത്തികൾ, എന്നിവയുടെ വിശദാംശങ്ങൾ അറിയിക്കുമോ?

പുനലൂർ നിയോജകമണ്ഡലത്തിലെ പുരാവസ്തുവകുപ്പിന്റെ സംരക്ഷിത സ്മാരകം പുനലൂർ

ളുക്കുപാലമാണ്. ളുക്കുപാലത്തിന്റെ സംരക്ഷണ പ്രവൃത്തിയുടെ ഭാഗമായി അടിയന്തിരമായി മാറ്റേണ്ട ദ്രവിച്ചുപോയ കമ്പകത്തടികൾ മാറ്റിസ്ഥാപിച്ചു. ളുക്കുപാലത്തിന്റെ ളുണകളിൽ സമഗ്ര സംരക്ഷണ പ്രവൃത്തികൾ നടപ്പാക്കുകയും വളർന്നുകയറിയ മരങ്ങൾ നീക്കം ചെയ്യുകയും ദ്രവിച്ചുതുടങ്ങിയ ലോഹഭാഗങ്ങൾ പൂർവസ്ഥിതിയിലാക്കി ചായം പൂശുകയും ചെയ്തു. പുഴയുടെ വക്കുകൾ ഇടിഞ്ഞുവീണ് പാലത്തിന് ക്ഷതം സംഭവിക്കാതിരിക്കാൻ റീട്ടെയിനിങ് വാൾ നിർമ്മിച്ചു. പാലത്തിന്റെ കൈവരികളിൽ അപ്പോക്സി പെയിന്റിങ് ചെയ്തു. മഴവെള്ളം കിനിഞ്ഞിറങ്ങി ളുണകൾക്ക് കേടുപാടുകൾ സംഭവിക്കാതിരിക്കുന്നതിനുവേണ്ട സംരക്ഷണ പ്രവൃത്തികളും നിർവഹിച്ചു.

(നക്ഷത്രചിഹ്നമിടാത്ത 1233, 1242, 1247, 1253, 1312, 1344, 1347, 1349, 1566 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമല്ല.)

അനുബന്ധം– II

ശ്രദ്ധക്ഷണിക്കൽ

(1) മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളുടെ ഏകോപനം സംബന്ധിച്ച ശ്രീമതി യു. പ്രതിഭ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

മാലിന്യമുക്തമായ നവകേരളം എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് സമഗ്രവും ഏകോപിതവും എന്നാൽ വികേന്ദ്രീകൃതവുമായ മാലിന്യ പരിപാലന പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. സംസ്ഥാന സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ബഹുജന പങ്കാളിത്തത്തോടെ മാലിന്യ പരിപാലനരംഗത്ത് പ്രവർത്തിക്കുന്നു. ശുചിത്വമിഷൻ, ഹരിത കേരള മിഷൻ, ക്ലീൻ കേരള കമ്പനി, കെ.എസ്.ഡബ്ല്യു.എം.പി. എന്നിവ മുഖേന

സംസ്ഥാനത്തെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ ഇക്കാര്യങ്ങളുടെ ഏകോപനത്തിനായി വേസ്റ്റ് മാനേജ്മെന്റ് സെക്രട്ടേറിയറ്റ് എന്ന സംവിധാനവും പ്രവർത്തിച്ചുവരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി മാലിന്യ പരിപാലന രംഗത്ത് വലിയൊരു മാറ്റമാണുണ്ടായിട്ടുള്ളത്.

കേരളത്തിൽ പ്രതിദിനം 7477 ടൺ ജൈവ മാലിന്യവും 2196 ടൺ അജൈവ മാലിന്യവും 4043 ടൺ ദ്രവമാലിന്യവുമാണ് ഉണ്ടാകുന്നത്. വികേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ രീതിയാണ് സംസ്ഥാനത്ത് പ്രോത്സാഹിപ്പിക്കുന്നത്. വീടുകളിലും സ്ഥാപനങ്ങളിലും ഉറവിട ജൈവ മാലിന്യ ഉപാധി ഉറപ്പാക്കുന്നതിനോടൊപ്പം കമ്മ്യൂണിറ്റിതല ജൈവ മാലിന്യ സംസ്കരണ ഉപാധികളും സംസ്ഥാനത്തുണ്ട്.

അജൈവ മാലിന്യത്തിന്റെ വാതിൽപ്പടി ശേഖരണം 2023 മാർച്ചിൽ 47 ശതമാനമായിരുന്നത് നിലവിൽ 98 ശതമാനത്തിലേക്ക് ഉയർത്തി. ഇവ സാധ്യമാക്കുന്നതിനായി മാലിന്യസംസ്കരണ രംഗത്ത് വലിയ രീതിയിലുള്ള അടിസ്ഥാനസൗകര്യവികസന പ്രവർത്തനങ്ങൾ 2022 മുതൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. മിനി എം.സി.എഫ്-കളുടെ എണ്ണം 2023 മാർച്ചിൽ 7446 ആയിരുന്നത് 2025 നവംബറിൽ 22838 ആയി വർധിച്ചു. എം.സി.എഫ്.-കളുടെ എണ്ണം 1160-ൽനിന്ന് 1526 ആയി വർധിച്ചു. ആർ.ആർ.എഫ്-കൾ 87 എണ്ണമായിരുന്നത് 192 ആയി. ഹരിതകർമ്മ സേന അംഗങ്ങളുടെ എണ്ണം 2023 മാർച്ചിൽ 33378 ആയിരുന്നത് 2025 നവംബറിൽ 38355 ആയി വർധിച്ചു. പൊതുസ്ഥലങ്ങളിൽ 56737 ബിന്നുകളും 26967 ബോട്ടിൽ ബൂത്തുകളും

സ്ഥാപിച്ചിട്ടുണ്ട്. ഹരിതമിത്രം ആപ്പ് ഉപയോഗിക്കുന്ന വീടുകളുടെ എണ്ണം 11.24 ലക്ഷത്തിൽനിന്ന് 9459283 ആയി വർധിച്ചു.

120 ടൺ സാനിറ്ററി മാലിന്യം പ്രതിദിനം കേരളത്തിൽ ഉൽപാദിപ്പിക്കുന്നു. നിലവിൽ കേരളത്തിൽ പാലക്കാട് നഗരസഭ, തൃശ്ശൂർ കോർപ്പറേഷൻ, എളവള്ളി ഗ്രാമ പഞ്ചായത്ത്, കൊരട്ടി ഗ്രാമപഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ഡബിൾ ചേമ്പർ ഇൻസിനറേറ്റർ പ്രവർത്തിക്കുന്നു. കൂടാതെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലായി 23 സാനിറ്ററി ഇൻസിനറേറ്റർ പ്രോജക്ട് നിലവിലുണ്ട്. നിലവിൽ ഫ്ലോറേറ്റ് ടെക്നോളജീസ് എന്ന ഏജൻസിക്ക് ഡബിൾ ചേമ്പർ ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് ശുചിത്വമിഷൻ എംപാനൽമെന്റ് നൽകിയിട്ടുണ്ട്. കൂടാതെ ചെറിയ ശേഷിയുള്ള വാൾ മൗണ്ടഡ് ഇൻസിനറേറ്റർ സ്ഥാപിക്കുന്നതിന് HLL ലൈഫ് കെയറിന് ശുചിത്വമിഷൻ എംപാനൽമെന്റ് നൽകിയിട്ടുണ്ട്.

ആക്രി ആപ്ലിക്കേഷൻ മുഖേന തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലായി 4 കോർപ്പറേഷൻ, 17 നഗരസഭ തുടങ്ങി തദ്ദേശസ്ഥാപനങ്ങളിൽനിന്നും സാനിറ്ററി മാലിന്യം ശേഖരിച്ച് KEIL-ൽ സംസ്കരിക്കുന്നു. ഇതുവരെ 2504 ടൺ സാനിറ്ററി മാലിന്യം ആക്രി ആപ്ലിക്കേഷൻ മുഖേന ശേഖരിച്ചിട്ടുണ്ട്. മേഖലാ തലത്തിൽ പ്രതിദിനം 20 ടൺ ശേഷിയുള്ള 4 സാനിട്ടറി മാലിന്യ പ്ലാന്റുകൾ ക്ലീൻ കേരള കമ്പനിയുടെ ചുമതലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അജൈവ മാലിന്യ ശേഖരണ കലണ്ടർ പ്രകാരം വർഷത്തിൽ രണ്ട് പ്രാവശ്യം ഇലക്ട്രോണിക് മാലിന്യങ്ങൾ (ഇ-വേസ്റ്റ്) ഹരിതകർമ്മസേന മുഖേന ശേഖരിച്ചുവരുന്നു.

വീടുകളിൽനിന്നും പുനഃചംക്രമണ യോഗ്യമായ ഇ-മാലിന്യം വില നൽകി ഹരിത കർമ്മ സേന ശേഖരിക്കുന്നു. ശേഖരിച്ച ഇ-മാലിന്യം ക്ലീൻ കേരള കമ്പനിക്ക് കൈമാറുമ്പോൾ അതിനുള്ള വില ക്ലീൻ കേരള കമ്പനി ഹരിതകർമ്മ സേനയ്ക്ക് നൽകും. വീടുകളിൽനിന്ന് ശേഖരിക്കുന്ന ആപത്കര ഇ-മാലിന്യത്തിനുള്ള വില ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകുന്നു. ഇതിനോടകം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും 349 ടൺ ഇ-വേസ്റ്റ് ശേഖരിച്ചിട്ടുണ്ട്. 2023-24, 2024-25, 2025-26 (ഫെബ്രുവരി വരെ) സാമ്പത്തിക വർഷങ്ങളിലായി ക്ലീൻ കേരള കമ്പനി സംസ്ഥാനത്ത് ആകെ 620 ടൺ ഇ-മാലിന്യം ശേഖരിച്ചിട്ടുണ്ട്.

നിലവിൽ കേരളത്തിൽ 27,690 ബാർബർ/ബ്യൂട്ടി പാർലറുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 10979 ഷോപ്പുകളിൽനിന്ന് ശുചിത്വമിഷൻ എംപാനൽ ചെയ്ത ഏജൻസിയായ ആഷ് ലോജിക്സ് കരാറടിസ്ഥാനത്തിൽ ഏകീകൃത യൂസർഫീ നിരക്കിൽ മുടി മാലിന്യം ശേഖരിക്കുന്നുണ്ട്. കോഴി മാലിന്യ സംസ്കരണത്തിനായി സ്വകാര്യ പങ്കാളിത്തത്തോടെ സ്വകാര്യ ഉടമസ്ഥതയിൽ 48 റെൻഡറിങ് പ്ലാന്റുകൾ സ്ഥാപിച്ചു. ഇതിൽ 28 എണ്ണം പൂർണ്ണതോതിൽ പ്രവർത്തിച്ച് ദിനംപ്രതി 784.5 ടൺ കോഴി മാലിന്യം സംസ്കരിക്കുന്നു.

കമ്മ്യൂണിറ്റി തലത്തിൽ പ്രതിദിനം 129 എം.എൽ.ഡി. ശേഷിയുള്ള 11 ദ്രവമാലിന്യ സംസ്കരണ പ്ലാന്റുകളും 470 കെ.എൽ.ഡി. ശേഷിയുള്ള 5 എഫ്.എസ്.ടി.പി.-യും 600 കെ.എൽ.ഡി. ശേഷിയുള്ള രണ്ട് കോ-ട്രീറ്റ്മെന്റ് സംവിധാനവും 20 മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റുകളും ഇതിനകം സജ്ജമാക്കിയിട്ടുണ്ട്. 15 എം.എൽ.ഡി. ശേഷിയുള്ള അഞ്ച് എസ്.ടി.പി.-കൾ, 634 കെ.എൽ.ഡി. ശേഷിയുള്ള 10 എഫ്.എസ്.ടി.പി.-കൾ, 50

കെ.എൽ.ഡി. ശേഷിയുള്ള ഒരു കോ-ട്രീറ്റ്മെന്റ് സംവിധാനം എന്നിവയുടെ നിർമ്മാണം പുരോഗമിക്കുന്നു.

ഹരിതകർമ്മ സേന ശേഖരിക്കുന്ന പുനഃചംക്രമണ യോഗ്യമായ പ്ലാസ്റ്റിക് സംസ്കരിക്കുന്നതിനായി പത്തനംതിട്ടയിലെ കുന്നന്താനത്ത് ഇന്റഗ്രേറ്റഡ് പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ഫെസിലിറ്റി ഫാക്ടറി സ്ഥാപിച്ചു. നിലവിൽ 100 ടണ്ണിലധികം പ്ലാസ്റ്റിക് ഇവിടെ സംസ്കരിച്ചുകഴിഞ്ഞു. അജൈവ പാഴ്വസ്തു വിപണനത്തിലൂടെ ഹരിതകർമ്മസേനക്ക് 3.6 കോടി രൂപ നൽകാൻ ക്ലീൻ കേരള കമ്പനിക്ക് കഴിഞ്ഞു.

ജൈവമാലിന്യം വലിയ തോതിൽ സംസ്കരിക്കുന്നതിന് ബയോ സി.എൻ.ജി. പ്ലാന്റുകൾ പ്രവർത്തിക്കുന്നു. പാലക്കാട്, കോഴിക്കോട്, തിരുവനന്തപുരം, തൃശ്ശൂർ, ചങ്ങനാശ്ശേരി, കൊല്ലം എന്നീ നഗരങ്ങളിലായി പ്രതിദിനം 790 ടൺ ശേഷിയുള്ള ബയോ സി.എൻ.ജി. പ്ലാന്റുകളാണുള്ളത്. കൊച്ചി ബ്രഹ്മപുരത്ത് ബി.പി.സി.എൽ. മുഖേന കംപ്രസ്ഡ് ബയോ ഗ്യാസ് പ്ലാന്റിന്റെ (സി.ബി.ജി. പ്ലാന്റ്) നിർമ്മാണം പൂർത്തിയായി. കോഴിക്കോട് ഞെളിയൻപറമ്പിൽ സി.ബി.ജി. പ്ലാന്റ് സ്ഥാപിക്കുന്നതിന്റെ ത്രികക്ഷി കരാർ ഒപ്പുവച്ചു. കൊല്ലം കരീപ്പുഴയിലും സി.ബി.ജി. പ്ലാന്റ് ആരംഭിക്കും. ലോകബാങ്ക് സഹായത്തോടെയുള്ള കേരള ഖരമാലിന്യ പരിപാലന പദ്ധതി മുഴുവൻ നഗരസഭകളിലും നടപ്പാക്കുന്നു.

കക്കൂസ് മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ജില്ലകളിൽ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ദ്രവമാലിന്യ പദ്ധതികൾ (FSTP) ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കക്കൂസ് മാലിന്യം ഉറവിടത്തിൽത്തന്നെ സംസ്കരിക്കുന്നതിനുള്ള മൊബൈൽ ട്രീറ്റ്മെന്റ് യൂണിറ്റ് (MTU) 18 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വാങ്ങി പ്രവർത്തിപ്പിച്ചുവരുന്നു.

(2) പറമ്പിക്കുളം-ആളിയാർ പദ്ധതി പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട അർഹതപ്പെട്ട ജലവിഹിതം ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച ശ്രീ. സനീഷ് കുമാർ ജോസഫ് എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് മുഖ്യമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പറമ്പിക്കുളം-ആളിയാർ കരാർ പ്രകാരം ചാലക്കുടി പുഴയിലെ ഷോളയാർ നദീതടത്തിലെ കേരള ഷോളയാർ റിസർവോയറിൽനിന്ന് ഒരു ജലവർഷം 12.3 ടി.എം.സി. ജലം കേരളത്തിന് ലഭിക്കേണ്ടതുണ്ട്. കൂടാതെ സെപ്റ്റംബർ 1-നും ഫെബ്രുവരി 1-നും 2663 അടിയിലും സെപ്റ്റംബർ 2 മുതൽ ജനുവരി 31 വരെ 2658 അടിക്ക് താഴെയും ജലനിരപ്പ് തമിഴ്നാട് നിലനിർത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെ കേരള ഷോളയാറിൽനിന്ന് 12.3 ടി.എം.സി. ജലം കേരളത്തിന് ഉറപ്പുവരുത്തിയതിനുശേഷം മാത്രമെ തമിഴ്നാട് പറമ്പിക്കുളത്തേക്ക് ജലം തിരിച്ചുവിടാവൂവെന്ന വ്യവസ്ഥയുമുണ്ട്.

എന്നാൽ കഴിഞ്ഞ 10 ജല വർഷങ്ങളിൽ ഭൂരിപക്ഷത്തിലും ഫെബ്രുവരി 1-ന് കേരളാ ഷോളയാർ ജലസംഭരണി പൂർണ്ണമായി നിറയ്ക്കണമെന്ന വ്യവസ്ഥ തമിഴ്നാട് ലംഘിക്കുകയുണ്ടായി. ഇക്കൊല്ലവും ജലനിരപ്പ് പാലിക്കണമെന്ന് തമിഴ്നാടിനോട് ആവശ്യപ്പെട്ടെങ്കിലും അനുകൂല നിലപാടുണ്ടായില്ല.

പറമ്പിക്കുളം-ആളിയാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ജലനിരപ്പ് നിലനിർത്താൻ കഴിയാത്തതിന്റെ പ്രധാന കാരണം കേരള ഷോളയാർ പവർ ഹൗസിലെ അധിക ജലവിനിയോഗമാണെന്നാണ് തമിഴ്നാടിന്റെ വാദം. പവർഹൗസിലെ നീക്കം ചെയ്ത മെഷിനറിയുടെ പവർഹൗസ് കോൺസ്റ്റന്റ് ഉപയോഗിച്ച് വെള്ളത്തിന്റെ അളവ് തമിഴ്നാട് കണക്കാക്കുന്നതിലെ അപാകതയാണ് തെറ്റായ വാദത്തിന് കാരണമെന്നും അത് അംഗീകരിക്കാൻ കഴിയില്ലെന്നും കേരളം വ്യക്തമാക്കിയിട്ടുണ്ട്. പുതുതായി സ്ഥാപിച്ച

മെഷീനുകൾ അടിസ്ഥാനമാക്കി പവർഹൗസ് കോൺസ്റ്റന്റ് നിശ്ചയിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് സംസ്ഥാന ചീഫ് സെക്രട്ടറി 25-01-2026-ന് തമിഴ്നാട് ചീഫ് സെക്രട്ടറിക്ക് കത്തയച്ചിട്ടുണ്ട്.

ജലവിതരണ കണക്കുകൾ ശരിയായ നിലയിൽ പുനർനിർണ്ണയം ചെയ്യണമെന്ന സംസ്ഥാനത്തിന്റെ നിർദേശത്തോട് നിഷേധാത്മക സമീപനമാണ് തമിഴ്നാട് സ്വീകരിച്ചിട്ടുള്ളത്.

സംയുക്ത ജലക്രമീകരണ ബോർഡിൽ ചർച്ച ചെയ്ത് സമവായത്തിലൂടെ മാത്രമെ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണാനാകുകയുള്ളൂ. ഇതിനായി ബോർഡ് കൂടണമെന്ന് ആവശ്യപ്പെട്ടെങ്കിലും തമിഴ്നാട് അനുകൂല സമീപനം സ്വീകരിച്ചിട്ടില്ല.

വിഷയത്തിന്റെ അടിയന്തര സ്വഭാവം കണക്കിലെടുത്ത് ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഇക്കാര്യത്തിൽ ശക്തമായ ഇടപെടലുകൾ തുടർന്നും നടത്തുന്നതാണ്.

അനുബന്ധം– III

സബ്മിഷൻ

(1) റാന്നിയിലെ വിവിധ സ്ഥലങ്ങളിലെ പട്ടയഭൂമിയിലുള്ള മരങ്ങൾ മുറിക്കുന്നതിന് നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച ശ്രീ. പ്രമോദ് നാരായൺ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പട്ടയ വ്യവസ്ഥകളിൽ ഭേദഗതി വരുത്തിക്കൊണ്ട് പുറപ്പെടുവിച്ച SRO 621/2017 നോട്ടിഫിക്കേഷൻ അനുസരിച്ച് കർഷകർ നട്ടുവളർത്തിയതും പട്ടയഭൂമിയിൽ നിലനിർത്തിയതുമായ ചന്ദനം ഒഴികെയുള്ള എല്ലാ മരങ്ങളുടെയും ഉടമസ്ഥാവകാശം

പട്ടാദാർക്കാണെന്നും SRO 621/2017 നോട്ടിഫിക്കേഷൻ 17-08-2017 മുതൽ നിലവിലുള്ളതിനാൽ പഴയ പട്ടയഫോറത്തിലുള്ള വ്യവസ്ഥകൾ 17-08-2017 മുതൽ കണക്കാക്കേണ്ടതില്ലെന്നും വ്യക്തമാക്കിക്കൊണ്ട് U3/187/2019/REV തീയതി 11-03-2020 പരിപത്രം പുറപ്പെടുവിച്ചിരുന്നു. എന്നാൽ, ഈ വിഷയത്തിൽ പലതരത്തിലുള്ള ആശയക്കുഴപ്പങ്ങൾ നിലനിൽക്കുന്നതായി ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്തതിനെത്തടർന്ന്, 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ വച്ച് പിടിപ്പിച്ചതും സ്വമേധയാ കിളിർത്തുവന്നതും പതിച്ച് ലഭിക്കുന്ന സമയത്ത് വൃക്ഷവില അടച്ച് റിസർവ് ചെയ്തതുമായ ചന്ദനം ഒഴികെയുള്ള മരങ്ങളുടെ അവകാശം കർഷകർക്ക് മാത്രമാണെന്നും അപ്രകാരമുള്ള മരങ്ങൾ അവർക്ക് മുറിക്കാവുന്നതാണെന്നും അതിന് പ്രത്യേകിച്ച് അനുവാദം വാങ്ങേണ്ടതില്ലായെന്നും വ്യക്തമാക്കി 24-10-2020-ലെ G.O. (Ms).261/2020/RD ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

പട്ടയഭൂമിയിലെ മരങ്ങൾ മുറിക്കുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള മേൽ പരിപത്രവും ഉത്തരവും ചോദ്യം ചെയ്തുകൊണ്ട് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ കേസുകൾ വരികയും 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ പ്രകാരമുള്ള പട്ടയഭൂമിയിലെ ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച് പട്ടയ ഫോറത്തിൽ 17-08-2017 തീയതിക്കുശേഷം നിബന്ധനകൾ ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാലും 1996-ലെ The Kerala Preservation of Trees Act-ലെ 'Tree' എന്നതിന്റെയും 2005-ലെ The Kerala Promotion of Tree Growth In Non-Forest Areas Act-ലെ "Specified Tree" എന്നതിന്റെയും നിർവചനങ്ങളും പ്രസ്തുത നിയമങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും 1964-ലെ ഭൂമിപതിവ് ചട്ടങ്ങളിൽനിന്നും

വിഭിന്നങ്ങളാകയാലും 24-10-2020-ലെ G.O.(Ms)No.261/2020/RD ഉത്തരവ് തെറ്റായി വ്യാഖ്യാനിച്ച്, പട്ടയത്തിലെ ഷെഡ്യൂൾപ്രകാരം റിസർവ് ചെയ്തിരുന്ന മരങ്ങളും മുറിക്കുന്നതായുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും പതിച്ചുനൽകുന്ന ഭൂമിയിലെ മരങ്ങൾ മുറിക്കുന്നതും അതിന്റെ നിബന്ധനകളും 1964-ലെ ഭൂമിപതിവ് ചട്ടങ്ങൾ മുഖേന വ്യവസ്ഥ ചെയ്യപ്പെടേണ്ടവയാകയാലും 1964-ലെ കേരളാ ഭൂമിപതിവ് ചട്ടങ്ങൾപ്രകാരം പതിച്ചുനൽകിയ പട്ടയ ഭൂമിയിലെ ചന്ദനം ഒഴികെയുള്ള മരങ്ങൾ സംബന്ധിച്ച നിർദേശങ്ങൾ ഉൾപ്പെടുത്തി പുറപ്പെടുവിച്ച 11-03-2020-ലെ പരിപത്രവും 24-10-2020-ലെ ഉത്തരവും റദ്ദ് ചെയ്തുകൊണ്ട് 02-02-2021-ലെ G.O.(Ms).No.30/2021/RD ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.

1964-ലെ ഭൂമിപതിവ് ചട്ടപ്രകാരം, പതിച്ചുനൽകിയ ഭൂമിയിൽ കർഷകർ നട്ട് വളർത്തിയതും കിളിർത്ത് വരുന്നതുമായ വൃക്ഷങ്ങൾ മുറിക്കുന്നതിന് മാത്രമായി വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെങ്കിലും പ്രസ്തുത ചട്ടപ്രകാരം നൽകുന്ന പട്ടയങ്ങളിൽ പട്ടയം നൽകുന്ന സമയത്ത് ടി ഭൂമിയിൽ ഉള്ളതും പിന്നീട് കിളിർത്ത് വരുന്നതുമായ രാജകീയ വൃക്ഷങ്ങൾ (തേക്ക്, ഈട്ടി, ചന്ദനം, എബണി) സർക്കാരിൽ നിക്ഷിപ്തമാണെന്ന വ്യവസ്ഥയിലാണ് നിലവിൽ പട്ടയം നൽകുന്നത്. ഇതിനായി ഷെഡ്യൂൾഡ് വൃക്ഷങ്ങളെ സംബന്ധിച്ച് പട്ടയ ഫോറത്തിൽ നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ട് 20-01-2026-ലെ G.O.(P).No.28/2026/RD നമ്പർ ഉത്തരവുപ്രകാരമുള്ള SRO 109/2026 നമ്പർ നോട്ടിഫിക്കേഷൻ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കർഷകർ നട്ടുവളർത്തിയതും കിളിർത്തുവരുന്നതുമായ വൃക്ഷങ്ങളുടെ അവകാശം കർഷകർക്കാണെന്ന് വ്യക്തമാക്കുന്ന രീതിയിൽ ചട്ടഭേദഗതി വരുത്തുന്ന വിഷയം സർക്കാരിന്റെ അതീവ പരിഗണനയിലാണ്.

(2) വിലങ്ങാട് ദുരന്തത്തിൽപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. ഇ. കെ. വിജയൻ എം.എൽ.എ.-യുടെ സബ്മിഷന് റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

വയനാടിന് നൽകുന്ന സഹായമെല്ലാം വിലങ്ങാടിനും നൽകുമെന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിൽ വയനാട് ഉരുൾപൊട്ടലിൽപ്പെട്ടവരുടെ കടം എഴുതി തള്ളിയതുപോലെ വിലങ്ങാട് ദുരന്തബാധിതരുടെ കടം എഴുതി തള്ളുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യത്തിൽ സർക്കാരിന് അനുകൂല സമീപനമാണുള്ളത്.

നാളിതുവരെ വിലങ്ങാട് ദുരന്തബാധിതരുടെ വിഷയത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നിലപാടുകൾതന്നെ ഇത് വ്യക്തമാക്കുന്നു. ദുരന്തം നടന്ന ഉടൻതന്നെ ഓരോ കുടുംബത്തിനും 10,000 രൂപ വീതം 488 കുടുംബങ്ങൾക്ക് 48,80,000 രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ദുരന്തബാധിതരിൽ ജീവനോപാധി നഷ്ടപ്പെട്ട 37 കുടുംബങ്ങളിലെ 74 പേർക്കും മൂന്ന് കച്ചവടക്കാർക്കും പ്രതിമാസം 300 രൂപ നിരക്കിൽ മൂന്നുമാസത്തേക്ക് 20,79,000 രൂപ അനുവദിക്കുകയുണ്ടായി. തുടർന്ന് ജീവനോപാധി വീണ്ടും നൽകുകയും ചെയ്തു. കൂടാതെ മരണമടഞ്ഞ മൂന്നുപേരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപ വീതം SDRF-ൽനിന്നും 2 ലക്ഷം രൂപ വീതം CMDRF-ൽനിന്നും ആകെ 18 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. വിലങ്ങാട് ലിഡാർ സർവെ നടത്തുന്നതിന് 23,60,000 രൂപയും Landslide susceptibility mapping പഠന റിപ്പോർട്ടിനായി 5 ലക്ഷം രൂപയും അനുവദിച്ചുകഴിഞ്ഞു. കൃഷിഭൂമി നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട നഷ്ടപരിഹാരം അനുവദിക്കുന്നതിന് 11,24,950 രൂപയും കാർഷിക വിളകളുടെ നാശനഷ്ടത്തിന് 11,63,870 രൂപയും അനുവദിച്ചിട്ടുണ്ട്. കുടുംബങ്ങളുടെ വാടക ഇനത്തിൽ

ആകെ 30,19,800 രൂപയും അനുവദിച്ചിട്ടുണ്ട്. ചെളിയും അവശിഷ്ടങ്ങളും മാറ്റാനും ആവശ്യമായ പണം അനുവദിച്ചിട്ടുണ്ട്.

01-08-2025-ലെ സ.ഉ.(കൈ)നം14/2025/ഡി.എം.ഡി. ഖണ്ഡിക VI പ്രകാരം വിലങ്ങാട് ദുരന്തബാധിതർക്ക് നൽകുന്ന നഷ്ടപരിഹാരത്തെക്കുറിച്ച് ഉത്തരവായിരുന്നു. ആയതിൽ ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി വിലങ്ങാട് ദുരന്തബാധിതർക്കും നഷ്ടപരിഹാരം നൽകേണ്ടതിന്റെ ആവശ്യകത സർക്കാർ പരിഗണിക്കുകയും ചൂരൽമല ദുരന്തബാധിതർക്ക് അനുവദിച്ചതിന് സമാനമായി ചികിത്സാ ധനസഹായ ഫണ്ട്, വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭകർക്കുമുള്ള നഷ്ടപരിഹാരം എന്നിവ അനുവദിക്കുന്നതിനാണ് ഉത്തരവായിരുന്നത്. ആയതിൽ ദുരന്തബാധിതർക്കുള്ള കടം എഴുതിത്തള്ളുന്ന വിഷയം പ്രതിപാദിച്ചിരുന്നില്ല. എന്നിരുന്നാലും വിലങ്ങാട് ദുരന്ത ബാധിതർക്കുകൂടി ഇത്തരത്തിൽ സഹായം നൽകുന്നകാര്യം ജില്ലയിൽനിന്നും ഈ ആവശ്യത്തിനായി വായ്പാബാധ്യതയുടെ വിശദാംശങ്ങൾ അടങ്ങിയ ഒരു ശിപാർശ വാങ്ങി പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

(3) <u>കൊച്ചിയിലെ കുടിവെള്ള പ്രശ്നം സംബന്ധിച്ച ശ്രീ. കെ. ജെ. മാക്സി എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

കൊച്ചി കോർപ്പറേഷനിലെ 30 ഡിവിഷനുകളും ചെല്ലാനം, കുമ്പളങ്ങി എന്നീ പഞ്ചായത്തുകളുമാണ് കൊച്ചി നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. ആലുവയിൽ സ്ഥിതിചെയ്യുന്ന നാല് ജലശുദ്ധീകരണശാലകളിലായി ഉൽപാദിപ്പിക്കപ്പെടുന്ന 225 എം.എൽ.ഡി. ജലം ലഭ്യമാകുന്നതിൽ നിന്നാണ് കൊച്ചി കോർപ്പറേഷനിലേക്കും സമീപ

പഞ്ചായത്തുകളിലേക്കും കൂടിവെള്ള വിതരണം നടത്തിവരുന്നത്. നിലവിൽ അനുവദനീയമായതിലും 30 ശതമാനം അധിക ജലം ഉൽപാദിപ്പിച്ച് 290 എം.എൽ.ഡി. ജലം വിതരണം ചെയ്തുപോരുന്നു. കൂടാതെ എളംകുളം, പെരുമാനൂർ എന്നീ പമ്പ് ഹൗസിൽനിന്നും മരടിൽ സ്ഥാപിച്ചിട്ടുള്ള 100 എം.എൽ.ഡി. പദ്ധതിയിൽനിന്നും കൊച്ചിയിലേക്ക് വെള്ളം വിതരണം ചെയ്യുന്നുണ്ട്. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന കൊച്ചി കോർപ്പറേഷനും സമീപ പ്രദേശങ്ങൾക്കും ആവശ്യമായ തോതിൽ ഗാർഹിക, വാണിജ്യ ആവശ്യങ്ങൾക്കുള്ള ജലം നിലവിൽ അപര്യാപ്തമാണ്. അമൃത് പദ്ധതിവഴി കോർപ്പറേഷൻ പരിധിയിൽ കൂടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി അതിവേഗം പൂർത്തിയായിവരുന്നു. കൊച്ചി കോർപ്പറേഷൻ ഒന്നാം ഡിവിഷനിലെ ഫോർട്ട് വൈപ്പിൻ ഭാഗത്ത് കൂടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി AMRUT 1 പദ്ധതിയിൽപ്പെടുത്തി പ്രദേശത്തെ മുഴുവൻ പൈപ്പ്ലൈനുകളും മാറ്റിസ്ഥാപിക്കുന്നതിനുള്ള പ്രവൃത്തിയും നടന്നുകൊണ്ടിരിക്കുകയാണ്.

രൂക്ഷമായ കൂടിവെള്ളക്ഷാമം കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും അനുഭവപ്പെടുമെന്ന് മുൻകൂട്ടിക്കണ്ട് 2050 വരെയുള്ള ഉപഭോഗ ഡിമാന്റ് കണക്കാക്കിയാണ് പ്രവൃത്തികൾ നടപ്പിലാക്കിവരുന്നത്. ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള 'കേരള അർബൻ വാട്ടർ സർവീസ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (KUWSIP)' പദ്ധതിക്കായി 2,511 കോടി രൂപയുടെ ഭരണാനുമതി 07-02-2020-ലെ GO(Ms)No. 13/2020/WRD ഉത്തരവുപ്രകാരം നൽകിയിട്ടുണ്ട്. ആലുവയിൽ 190 എം.എൽ.ഡി. പ്ലാന്റ് നിർമ്മിക്കുന്ന പദ്ധതിക്കായി ടി പ്രോജക്ടിൽ ഉൾപ്പെടുത്തി, പദ്ധതിക്ക് നൽകിയിട്ടുള്ള

ആകെ ഭരണാനുമതി തുകയിൽ മാറ്റം വരുത്താതെ ആലുവയിൽ 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെ നിർമ്മാണത്തിനുള്ള ഭരണാനുമതി പ്രത്യേകം നൽകുമെന്ന വ്യവസ്ഥയിൽ പുതുക്കിയ ഘടകങ്ങളുടെ സ്റ്റേറ്റ്മെന്റ് 17-05-2025-ലെ G.O. (Ms) No. 38/2025/WRD പ്രകാരം സർക്കാർ അംഗീകരിച്ചു. കേരള വാട്ടർ അതോറിറ്റി മാനേജിങ് ഡയറക്ടർ സമർപ്പിച്ച ആലുവയിലെ 190 എം.എൽ.ഡി. ജലശുദ്ധീകരണശാലയുടെയും അനുബന്ധ പ്രവർത്തനങ്ങളുടെയും നിർമ്മാണത്തിനായുള്ള 523 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. ഭരണാനുമതി നൽകുന്നമുറയ്ക്ക് കേരള വാട്ടർ അതോറിറ്റി സാങ്കേതികാനുമതി നൽകുകയും ദർഘാസ് ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കുന്നതുമാണ്. പുതിയ ജലശുദ്ധീകരണശാല നിലവിൽ വരുമ്പോൾ കൊച്ചി കോർപ്പറേഷനും ആലുവ, ഏലൂർ, തൃക്കാക്കര, കളമശ്ശേരി, മരട് എന്നീ 5 മുനിസിപ്പാലിറ്റികൾക്കും കീഴ്മാട്, എടത്തല, ചൂർണിക്കര, ഞാറയ്ക്കൽ, എളംകുന്നപ്പുഴ, മുളവുകാട്, നായരമ്പലം, വരാപ്പുഴ, ചേരാനെല്ലൂർ, കുമ്പളം, ചെല്ലാനം, കുമ്പളങ്ങി, കടമക്കുടി എന്നീ 13 ഗ്രാമപഞ്ചായത്തുകൾക്കും പ്രയോജനപ്പെടുന്നതാണ്.

ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നുള്ള വായ്പ വിനിയോഗിച്ച് തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളിൽ 24x7 ജലവിതരണ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ കൊച്ചി നഗരത്തിലെ ജലവിതരണ ശൃംഖല നവീകരിക്കലും വിപുലപ്പെടുത്തലും അടങ്ങുന്ന Water Supply System Operations and Maintenance and System Upgrades in Kochi) പ്രവൃത്തിക്കുള്ള കരാർ, L1 ബിഡറായ M/s SUEZ Projects Pvt. Ltd.

JV with M/s SUEZ Eau France-ന് 938.70 കോടി രൂപ നിരക്കിൽ (Exd, Provisional Sum & GST)കരാർ 21-06-2025-ൽ ഒപ്പുവയ്ക്കുകയും പ്രവൃത്തി ആരംഭഘട്ടത്തിലുമാണ്. പ്രവൃത്തിയുടെ കാലാവധി 10 വർഷമാണ്. പ്രസ്തുത പദ്ധതിയിൽ കരാറുകാരൻ നിലവിലുള്ള ആസ്തികൾ പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനോടൊപ്പം ആദ്യവർഷത്തിൽ നിയുക്ത പ്രദേശത്തെ ജല വിതരണ സംവിധാനത്തിന്റെ വിവിധ ഡാറ്റകൾ, ഡിസൈൻ എന്നിവ ശേഖരിച്ച് നൂതനമായ സാങ്കേതികവിദ്യകളുടെ സഹായത്തോടെ അവ വിലയിരുത്തിയശേഷം, രണ്ടാം വർഷം മുതൽ കൊച്ചി കോർപ്പറേഷൻ പരിധിയിൽ വരുന്ന ജലവിതരണ പൈപ്പുകൾ, കാലപ്പഴക്കം, പരിപാലനചെലവ്, ചോർച്ചയുടെ തോത്, സുരക്ഷിതത്വം (AC പൈപ്പുകൾ) എന്നീ മാനദണ്ഡങ്ങൾ അനുസരിച്ച് മാറ്റിസ്ഥാപിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ കൊച്ചി കോർപ്പറേഷനിലെ കാലഹരണപ്പെട്ട പൈപ്പ് ലൈനുകളും പമ്പ് ഹൗസുകളും നവീകരിച്ച് ലീക്കിലൂടെയും മറ്റും ഉള്ള ജലനഷ്ടം കുറച്ച് ജലവിതരണം കാര്യക്ഷമമാക്കാൻ സാധിക്കും. കേരള അർബൻ വാട്ടർ സർവീസസ് ഇമ്പ്രൂവ്മെന്റ് പ്രോജക്ടിൽ മരട് ശുദ്ധീകരണശാലയുടെയും ആലുവയിലെ ജലശുദ്ധീകരണ ശാലയുടെയും നവീകരണവും വിപുലപ്പെടുത്തലും എന്ന പ്രവൃത്തിക്കായി 147 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുവേണ്ടി വിശദമായ DPR കേരള വാട്ടർ അതോറിറ്റി തയ്യാറാക്കിവരുന്നു. കൂടാതെ ആലുവയിലെ 225 MLD WTP-യുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനും കൂടുതൽ ശുദ്ധജലം ഉൽപാദിപ്പിക്കുന്നതിനുമായി പമ്പുകളുടെ പുനരുദ്ധാരണവും അനുബന്ധ പ്രവൃത്തികളും ഉൾപ്പെടുന്ന 28.60 കോടി രൂപയുടെ പ്രവൃത്തി - "State Plan-2019-20-Interim Augmentation

of WSS to Kochi City and Adjoining Panchayats-Urgent measures at 225 MLD Water Treatment Plant, Aluva for improving the drinking water supply to Kochi City and adjoining areas incorporating the essential rehabilitation works-General Work" വിഭാവനം ചെയ്തിട്ടുണ്ട്. ആയതിലേക്കുള്ള ദർഘാസ് സർക്കാരിന്റെ പരിശോധനയിലാണ്. പ്രവൃത്തികൾ എല്ലാം പൂർത്തിയാകുന്നതോടുകൂടി കൊച്ചി നിയോജകമണ്ഡലത്തിലേക്ക് അധികം ജലം ലഭിക്കുന്നതും കൊച്ചിയിലെ രൂക്ഷമായ കുടിവെള്ള ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുന്നതുമാണ്.

(4) തിരുമാറാടി മണ്ഡലം മലയിൽ ജലസംഭരണി നിർമ്മിക്കുന്നതിനുള്ള നടപടി സംബന്ധിച്ച ശ്രീ. അനൂപ് ജേക്കബ് എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

പിറവം നിയോജകമണ്ഡലത്തിലെ തിരുമാറാടി പഞ്ചായത്തിലെ ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി 3714 കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി 4,737.56 ലക്ഷം രൂപയുടെ ഭരണാനുമതിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഇതിൽ നിലവിൽ 1263 കണക്ഷനുകൾ നൽകുകയും വിതരണ ശൃംഖലയുടെ 55 ശതമാനത്തോളവും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിൽ നടന്നുവരുന്ന റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിട്ടേഷൻ, തിരുവമ്പാടി പഞ്ചായത്ത് എന്ന പദ്ധതിയിലെ പ്രവൃത്തികളെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെചേർക്കുന്നു.

1) 200 കണക്ഷൻ കൊടുക്കാനുള്ള ഒന്നാംഘട്ട പ്രവൃത്തിയിൽ 42 കണക്ഷൻ നൽകി. 2.05 കിലോമീറ്റർ വിതരണ ശൃംഖലസ്ഥാപിച്ചു.

2) 147 കണക്ഷൻ നൽകുന്നതിനുള്ള രണ്ടാംഘട്ട പ്രവൃത്തിയിൽ 147 കണക്ഷനുകളും നൽകി. 4.6 കിലോമീറ്റർ വിതരണ ശൃംഖലയും സ്ഥാപിച്ച് പൂർത്തീകരിച്ചു.

3) വിതരണശൃംഖലയുടെ മെച്ചപ്പെടുത്തൽ എന്ന പ്രവൃത്തിയിൽ 15.5 കിലോമീറ്ററിൽ 1.48 കിലോമീറ്റർ വിതരണശൃംഖല സ്ഥാപിച്ച് പ്രവൃത്തി പുരോഗമിച്ചുവരുന്നു.

4) വെട്ടിമൂട്ടിലെ 2.5 ലക്ഷം ലിറ്ററിന്റെ സബ്-കം-പമ്പിന്റെ നിർമ്മാണം എന്ന പ്രവൃത്തിയിൽ 4.5 കിലോമീറ്ററിൽ, 1.93 കിലോമീറ്റർ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കുകയും സബ്-കം-പമ്പിന്റെ പ്രവൃത്തി പൂർത്തീകരിക്കുകയും ചെയ്തു.

5) Supplying and Laying Distribution System & FHTC package III എന്ന പ്രവൃത്തിയിൽ 80.62 കിലോമീറ്ററിൽ 47.84 കിലോമീറ്റർ വിതരണ ശൃംഖല സ്ഥാപിക്കുകയും 2714 FHTC-യിൽ 420 FHTC നൽകി പ്രവൃത്തി പുരോഗമിക്കുന്നു.

6) Providing FHTC to Rural Households തിരുവമ്പാടി ഗ്രാമപഞ്ചായത്ത് എന്ന പ്രവൃത്തിയിൽ 4.14 കിലോമീറ്റർ വിതരണ ശൃംഖലസ്ഥാപിച്ച് 654 FHTC നൽകി.

7) മണ്ഡലം മലയിൽ 9 ലക്ഷത്തിന്റെ ഭൂതലജല സംഭരണിയുടെ നിർമ്മാണം എന്ന പ്രവൃത്തിയിൽ 120 HP ക്ലിയർ വാട്ടർ പമ്പ് സെറ്റ് 1.7 കിലോമീറ്റർ ക്ലിയർ വാട്ടർ ട്രാൻസ്മിഷൻ മെയിൻ സ്ഥാപിക്കലും ഒമ്പത് ലക്ഷം ലിറ്റർ ഭൂതലജല സംഭരണിയുടെ നിർമ്മാണവുമാണ് ഉൾപ്പെട്ടിട്ടുള്ളത്. കൂടാതെ ഈ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട സ്ഥലത്തിന്റെ ഉടമസ്ഥൻ നൽകിയ WP(C) 2922/2025 നമ്പർ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി തള്ളിയതിനെത്തുടർന്ന് ഉടമസ്ഥൻ ഫയൽ ചെയ്ത റിട്ട് അപ്പീൽ നമ്പർ WA 2430/2025 നിലവിൽ ബഹുമാനപ്പെട്ട ഹൈക്കോടതി 30-01-2026-ൽ തള്ളിയിട്ടുള്ളതാണ്. ടാങ്കിനായി കണ്ടെത്തിയവഴി ഉൾപ്പടെ 20 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികളുമായി പഞ്ചായത്തിന് മുന്നോട്ടുപോകാവുന്നതാണ്.

(5) ആലപ്പാട് സമഗ്ര പുലിമുട്ട് നിർമ്മാണ പദ്ധതി സംബന്ധിച്ച ശ്രീ. സി. ആർ. മഹേഷ് എം.എൽ.എ.-യുടെ സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

2021-22-ലെ revised ബജറ്റ് പ്രസംഗത്തിൽ തീരദേശ പരിരക്ഷ നടപടികൾ രൂപകല്പന ചെയ്ത് നടപ്പിലാക്കുന്നതിനായി ഒരു ബൃഹത് പദ്ധതി പ്രഖ്യാപിച്ചിരുന്നു. ആയതിന് 5,300 കോടി രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു. ലോക ബാങ്ക്, ADB, KIIFB തുടങ്ങിയ വിവിധ സ്രോതസുകളിലൂടെ ഈ പദ്ധതിക്ക് ധനസഹായം ലഭിക്കുമെന്നും ഏറ്റവും ദുർബലമായ പ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ആദ്യഘട്ടത്തിന് 1,500 കോടി രൂപ വിഹിതം KIIFB നൽകുമെന്നും പ്രഖ്യാപിച്ചിരുന്നു. ഇതിന്റെയടിസ്ഥാനത്തിൽ ഇറിഗേഷൻ വകുപ്പ് കേരളത്തിൽ രൂക്ഷമായ കടലാക്രമണം നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങൾ നിർദേശിച്ചിരുന്നു. ഇറിഗേഷൻ വകുപ്പ് കണ്ടെത്തിയ ഗുരുതരമായ കടലാക്രമണ ഭീഷണി നേരിടുന്ന പത്ത് (ഹോട്ട്സ്പോട്ടുകൾ) പ്രദേശങ്ങളിൽ ഉൾപ്പെടുന്നതാണ് ആലപ്പാട്. നിലവിലുള്ള കടൽഭിത്തികൾ വളരെമുമ്പ് തന്നെ നിർമ്മിച്ചതിനാൽ രൂക്ഷമായ കടലാക്രമണം മൂലം അവ പൂർണ്ണമായോ ഭാഗികമായോ തകർന്ന നിലയിലാണ്.

ജലസേചന വകുപ്പ് കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾക്ക് വേണ്ടി ചെന്നൈ ആസ്ഥാനമായ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ച് (എൻ.സി.സി.ആർ.) എന്ന സ്ഥാപനത്തെ സമീപിച്ചു. ചെറിയഴീക്കലിൽ 1600 മീറ്റർ നീളത്തിലും കൃഴിത്തുറയിൽ 1591 മീറ്റർ നീളത്തിലും ശ്രായിക്കാട് 1581 മീറ്റർ നീളത്തിലും ബദ്രൻമുക്കിൽ 606 മീറ്റർ നീളത്തിലും ടെട്രാപോഡ് ഉപയോഗിച്ച് (5.378 കിലോമീറ്റർ തീരസംരക്ഷണം) കടൽഭിത്തിയുടെ നിർമ്മാണ പ്രവൃത്തികളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. കടലാക്രമണ പ്രശ്നം

പരിഹരിക്കുന്നതിന് അടിയന്തര ഇടപെടൽ നടത്തേണ്ടതിന്റെ ആവശ്യകത പരിഗണിച്ച് രൂപരേഖ പരിശോധനയ്ക്കും അംഗീകാരത്തിനുമായി എൻ.സി.സി.ആർ.-ലേക്ക് സമർപ്പിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ജലസേചന വകുപ്പ് എൻ.സി.സി.ആർ. അംഗീകരിച്ച രൂപരേഖ പ്രകാരമുള്ള ടെട്രാപോഡ് ഉപയോഗിച്ചുള്ള ആലപ്പാട് തീരദേശ സംരക്ഷണ (കടൽഭിത്തി നിർമ്മാണം) പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ടും എസ്റ്റിമേറ്റ് (₹ 172.50 കോടി രൂപ) സർക്കാരിൽ ലഭ്യമായിട്ടുണ്ട്. തുടർന്ന് പ്രസ്തുത പദ്ധതിക്ക് 17-04-2024-ലെ സ.ഉ. (സാധാ) നമ്പർ 382/2024/ജ.വി.വ. പ്രകാരം പ്രാഥമിക ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ KIIFB ഫണ്ടിങ് വഴിയുള്ള പ്രവൃത്തികൾക്ക് നിലവിൽ മന്ത്രിസഭയുടെ അംഗീകാരം വേണമെന്ന നിബന്ധനയുള്ളതിനാൽ ഈ വിഷയം മന്ത്രിസഭയുടെ അംഗീകാരത്തിന് സമർപ്പിക്കേണ്ടതിന് മുന്നോടിയായി ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ അയച്ചിരിക്കുകയാണ്. ധനകാര്യ വകുപ്പിൽനിന്ന് ലഭിക്കുന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കാവുന്നതാണ്.

(6) <u>ദേശീയപാതയ്ക്കായി ഏറ്റെടുത്ത സ്ഥലത്തിന്റെ ബാക്കി നിൽക്കുന്ന സ്ഥലത്തെ കെട്ടിട നിർമ്മാണം സംബന്ധിച്ച ശ്രീ. എച്ച്. സലാം എം.എൽ.എ.-യുടെ സബ്മിഷന് തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി</u>

ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുത്തതിനുശേഷം ബാക്കിയുള്ള സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ബിൽഡിങ് പെർമിറ്റ് ലഭിക്കുന്നതിന് നാഷണൽ ഹൈവെ അതോറിറ്റിയുടെ അനുമതി വലിയ തുക ഒടുക്കി എടുക്കേണ്ടിവരുന്നതുമൂലം സാധാരണ കച്ചവടക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകളാണ് സബ്മിഷനുള്ള നോട്ടീസിലുള്ളത്.

Control of National Highways (Land & Traffic) Act 2002-ലെ സെക്ഷൻ 29 സബ്സെക്ഷൻ (1)&(2) പ്രകാരം ദേശീയപാതയിലേക്കുള്ള പ്രവേശനത്തിന് നിർബന്ധമായും National Highway Authority of India-യിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കണം. PWD-NH/NHAI-യുടെ കീഴിലുള്ള എല്ലാ റോഡുകളുടെ കാര്യത്തിലും ഇത് ബാധകമാണ്. കേന്ദ്ര നിയമമായതിനാൽ ഇതിൽ സംസ്ഥാനത്തിന് മാറ്റംവരുത്താൻ കഴിയില്ല. ഇതിന്റെ ഫീ, നടപടിക്രമം എന്നിവ നിശ്ചയിക്കുന്നതും NHAI ആണ്. എന്നാൽ ദേശീയപാത അതോറിറ്റിയിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കാത്തതിനെ തുടർന്ന് തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും പെർമിറ്റ് അനുവദിച്ച് ലഭിക്കുന്നില്ലെന്ന് പരാതികൾ സർക്കാരിൽ ലഭിച്ചതിനെ തുടർന്ന്, ദേശീയപാതയുടെ സർവീസ് റോഡുകളുടെ വശത്ത് താമസാവശ്യത്തിനായി വീടുകൾ നിർമ്മിക്കുന്നതിന് NHAI-ൽ നിന്നുമുള്ള ആക്സസ് പെർമിറ്റ് നിഷ്കർഷിക്കേണ്ടതില്ലെന്ന് 12-10-2024-ന് സർക്കാർ നിർദേശം (ആർ.എ.1/427/2024-ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം) പുറപ്പെടുവിച്ചിരുന്നു. എന്നാൽ ദേശീയപാതയോട് ചേർന്നുള്ള പുതിയ കെട്ടിട നിർമ്മാണങ്ങൾക്ക് പെർമിറ്റ് അനുവദിക്കുന്നതിന് മുമ്പായി National Highway Authority of India (NHAI)-യിൽനിന്നുള്ള ആക്സസ് പെർമിറ്റ് ലഭ്യമാക്കിയിട്ടുണ്ടെന്ന് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഉറപ്പുവരുത്തണം എന്നത് സംബന്ധിച്ച NHAI റീജിയണൽ ഓഫീസറുടെ കത്ത് സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇത് കേന്ദ്ര സർക്കാർ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരമുള്ള നിയമപരമായ തീരുമാനമാണ്. അതിനാൽ സംസ്ഥാനത്തിന് ഇടപെടാൻ കഴിയില്ല.

ദേശീയപാതയ്ക്ക് സ്ഥലം ഏറ്റെടുക്കുമ്പോൾ നിലവിലുള്ള കച്ചവട സ്ഥാപനത്തിന്റെ ഒരുഭാഗം പൊളിക്കേണ്ടി വരുമ്പോൾ പ്രസ്തുത കെട്ടിടത്തിന് ഘടനാപരമായ മാറ്റം വരുത്തിയിട്ടില്ലെങ്കിൽ (കൂട്ടിച്ചേർക്കലുകൾ) ലൈസൻസ് അനുവദിക്കുന്നതിന് തടസ്സമില്ലാത്തതാണ്.

(7) നെടുങ്കണ്ടം ജില്ലാ ആശുപത്രി കെട്ടിട നിർമ്മാണം സംബന്ധിച്ച ശ്രീ. എം. എം. മണി എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

നെടുംങ്കണ്ടം താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുന്നതിനായി 8 നിലകൾ വീതമുള്ള ഒ.പി. വിഭാഗത്തിനായി ഒരു കെട്ടിടം, കാഷ്വാലിറ്റി, ഓപ്പറേഷൻ തീയറ്റർ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് മറ്റൊരു കെട്ടിടവും കിഫ്ബിയുടെ ധനസഹായത്തോടെ 149 കോടി രൂപയുടെ ഭരണാനുമതി നൽകി ഹൈറ്റ്സ്-നെ നിർവഹണ ഏജൻസിയായി ചുമതലപ്പെടുത്തി 2019-ൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തിക്ക് കിഫ്ബിയിൽനിന്നും 70.03 കോടി രൂപയുടെ ധനാനുമതി ലഭ്യമായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 19-02-2019-ൽ ബന്ധപ്പെട്ട ഏജൻസിയെ വർക്ക് ഏൽപ്പിക്കുകയുണ്ടായി. നിലവിലെ നിർമ്മാണ പുരോഗതി ഫിസിക്കൽ പ്രോഗ്രസ്-56.5 ശതമാനവും ഫിനാൻഷ്യൽ പ്രോഗ്രസ്-50.5 ശതമാനവുമാകുന്നു. കരാർ എടുത്തിരിക്കുന്ന കുന്നേൽ എഞ്ചിനീയേഴ്സ് ആൻഡ് കൺസ്ട്രക്ഷൻസ് കമ്പനിയുടെ ഭാഗത്തുനിന്നും നിർമ്മാണ പ്രവർത്തനങ്ങളിൽ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുള്ളതിനാൽ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും തുടർന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 18-03-2025-ലെ ഇടക്കാല ഉത്തരവ്

പ്രകാരം കിഫ്ബി, ഹൈറ്റ്സ്, കരാർ കമ്പനി എന്നിവർ ത്രികക്ഷി കരാറിൽ ഏർപ്പെടുകയും നിർമ്മാണ സാമഗ്രികളുടെ ബിൽ തുക കിഫ്ബിയിൽനിന്നും വിതരണക്കാർക്ക് നേരിട്ട് നൽകുന്ന ക്രമീകരണം ഏർപ്പെടുത്തുകയുണ്ടായി. നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിന് ബഹുമാനപ്പെട്ട ഉടുമ്പൻചോല എം.എൽ.എ.-യുടെ അധ്യക്ഷതയിൽ മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം വിലയിരുത്തിവരുന്നുണ്ട്. കൂടാതെ വിവിധ തലങ്ങളിൽ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നുണ്ട്. ഇക്കാര്യത്തിൽ പ്രവൃത്തിയുടെ പുരോഗതി നേരിട്ട് വിലയിരുത്തുന്നതിനായി 26-10-2025 തീയതിയിൽ ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ സന്ദർശിച്ച് മോണിറ്ററിങ് കമ്മിറ്റി വിളിച്ചുചേർത്ത് അവലോകനം നടത്തി നിർമ്മാണം വേഗത്തിലാക്കുന്നതിന് കരാർ കമ്പനിക്ക് കർശന നിർദേശം നൽകിയിട്ടുമുള്ളതാണ്. നിരന്തരമായ ഇടപെടലിന്റെ ഭാഗമായി ഒ.പി. കെട്ടിടത്തിന്റെ നിർമ്മാണം വൈകാതെ പൂർത്തീകരിക്കാൻ കഴിയുന്നതാണ്. പ്രതിദിനം 20-ഓളം തൊഴിലാളികൾ നിർമ്മാണ സ്ഥലത്ത് ഇപ്പോൾ ജോലി ചെയ്യുവരുന്നുണ്ട്. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗങ്ങൾകൂടി നിർമ്മാണ പ്രവർത്തനങ്ങൾ കൃത്യമായ ഇടവേളകളിൽ വിലയിരുത്തുന്നതിന് നിർദേശം നൽകിയിട്ടുണ്ട്. ഇത്തരത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ നടന്നുവരുന്നുണ്ട്.

നെടുംങ്കണ്ടം താലൂക്കാശുപത്രിയിൽ 23.75 കോടി രൂപ ചെലവഴിച്ച് ക്രിട്ടിക്കൽ കെയർ ബ്ലോക്ക് സ്ഥാപിക്കുന്നതിനാവശ്യമായ അനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(8) കൊണ്ടോട്ടി താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം സംബന്ധിച്ച ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ.-യുടെ സബ്മിഷന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

1957-ൽ പബ്ലിക് ഹെൽത്ത് യൂണിറ്റായി പ്രവർത്തനം ആരംഭിച്ച് 2018-ൽ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തപ്പെട്ട കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രി നിലവിൽ കൊണ്ടോട്ടി നഗരസഭയ്ക്ക് കീഴിൽ 1.20 ഏക്കർ സ്ഥലത്ത് സ്ഥിതിചെയ്യുന്നു.

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ആർദ്രം ദൗത്യരേഖ മാനദണ്ഡമായി സ്വീകരിച്ചുകൊണ്ട് ആരോഗ്യ സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേൺ ഘട്ടംഘട്ടമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ ഉൾപ്പെടെ ആരോഗ്യമേഖലയെ ശാക്തീകരിക്കുന്നതിനുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ആയതിന്റെ ഭാഗമായി ആർദ്രം പദ്ധതി പ്രകാരം വിവിധ വിഭാഗങ്ങളിലായി 16 തസ്തികകളും 27-08-2025-ലെ സ.ഉ.(കൈ) നം.299/2025/ആ.കു.വ പ്രകാരം ഒരു അസിസ്റ്റന്റ് ദന്തൽ സർജൻ തസ്തികയും സൃഷ്ടിക്കുകയുണ്ടായി. നിലവിൽ 25 വിഭാഗങ്ങളിലായി 60 തസ്തികകളിൽ സ്ഥിരം ജീവനക്കാർ ജോലിചെയ്യുന്നു. ഇതിനുപുറമെ എൻ.എച്ച്.എം., എച്ച്.എം.സി, കാസ്പ്, എൽ.എസ്.ജി.ഡി. വഴി നിയമിക്കപ്പെട്ട താൽക്കാലിക ജീവനക്കാരും ഈ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. 29 കിടക്കകളുള്ള ഈ ആശുപത്രിയിൽ ഇപ്പോൾ 24 മണിക്കൂറും കിടത്തി ചികിത്സയും കാഷ്വാലിറ്റിയും പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആശുപത്രികളിൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമായി ജില്ലാതല ആശുപത്രികളിൽ അവശ്യംവേണ്ടുന്ന സൂപ്പർ

സ്പെഷ്യാലിറ്റി വിഭാഗത്തിലുള്ള തസ്തികകളും 2025-ൽ കിഫ്ബി, നബാർഡ് മുഖേനയുള്ള മാസ്റ്റർപ്ലാൻ നിർമ്മാണം പൂർത്തിയാകാറായ സ്ഥാപനങ്ങളിലുമാണ് 23-12-2025-ലെ സ.ഉ.(കൈ)നം. 436/2025/ആ.കു.വ പ്രകാരം 202 ഡോക്ടർമാരുടെ തസ്തികകൾ സൃഷ്ടിച്ചത്.

കൊണ്ടോട്ടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള ആധുനിക സൗകര്യങ്ങളുള്ള കെട്ടിടത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തിയാകുന്നമുറയ്ക്ക് ഗ്യാപ് അനാലിസിസ് നടത്തി അധിക തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് അനിവാര്യമായ നടപടി സ്വീകരിക്കുന്നതാണ്.

(9) പൊന്നാനി കേബിൾ സ്റ്റെയ്ഡ് ഹാഗിംഗ് ബ്രിഡ്ജ് സംബന്ധിച്ച ശ്രീ. പി. നന്ദകുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പൊന്നാനി കേബിൾ സ്റ്റേയിഡ് പാലം നിർമ്മാണത്തിന് 280.09 കോടി രൂപയുടെ DPR-ന് അംഗീകാരം നൽകിയിരുന്നു.

പദ്ധതിക്കുള്ള CRZ അനുമതി ലഭിക്കുകയും സ്ഥലമേറ്റെടുപ്പിനായി 4(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തു. പാരിസ്ഥിതിക ആഘാത പഠനത്തിനുശേഷം 11(1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തുടർന്ന് സർവെ പ്രവൃത്തികളും കെട്ടിടങ്ങളുടെ നഷ്ടപരിഹാരം കണക്കാക്കുന്ന പ്രവൃത്തികളും പൂർത്തിയാക്കി. ലാൻഡ് അക്വിസിഷൻ തഹസിൽദാർ ആവശ്യപ്പെട്ടതുപ്രകാരം ഏറ്റെടുക്കുന്ന സ്ഥലത്തിനും

കെട്ടിടങ്ങൾക്കും നഷ്ടപരിഹാരം നൽകുന്നതിനായി 25-03-2025-ന് 38,17,75,994 രൂപ അനുവദിച്ചു. 2021 ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് പുതുക്കുകയും 3,57,09,11,740/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാരത്തിനായി KIIFB-യിൽ സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്ക് ആവശ്യമായ സ്ഥലവും കെട്ടിടങ്ങളും ഏറ്റെടുക്കുന്നതിനുള്ള എല്ലാ നടപടിക്രമങ്ങളും തഹസിൽദാർ പൂർത്തിയാക്കുകയും ചെയ്തു. ഈ സമയത്താണ് കേരള മാരിടൈം ബോർഡിന്റെ പുതിയ പദ്ധതിയായ Development of Ponnani Maritime and Industrial Hub Malappuram പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് അറിയിച്ചത്. പ്രസ്തുത മാരിടൈം പദ്ധതി നിലവിൽ cable stayed bridge വിഭാവനം ചെയ്യുന്ന അലൈൻമെന്റിനോട് ചേർന്ന് പൊന്നാനി ഭാഗത്തായിട്ടാണുള്ളത്. ഈ സാഹചര്യത്തിൽ കിഫ്ബിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേരുകയും അലൈൻമെന്റ് പുനഃപരിശോധിക്കാൻ തീരുമാനിക്കുകയും ചെയ്തു. 09-01-2026-ന് മാരിടൈം ബോർഡ്, ഹാർബർ എഞ്ചിനീയറിങ്, RBDCK, KIIFB എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ സ്ഥലം പരിശോധിക്കുകയും മാരിടൈം പദ്ധതിക്കായി നിർദ്ദിഷ്ട പാലം അലൈൻമെന്റ് ചുരുങ്ങിയത് 120m കിഴക്കുഭാഗത്തേക്കായി മാറ്റേണ്ടതുണ്ടെന്ന് അറിയിക്കുകയും ചെയ്തു. തുടർന്നുനടന്ന മീറ്റിങ്ങിൽ മൂന്ന് പുതിയ അലൈൻമെന്റുകൾ തയ്യാറാക്കി അവതരിപ്പിക്കുകയും അലൈൻമെന്റ് സംബന്ധിച്ച തീരുമാനം കൈക്കൊണ്ട് അറിയിക്കാൻ വിവിധ വകുപ്പുകളോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. അലൈൻമെന്റ് സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്ന മുറയ്ക്ക് തുടർനടപടികൾ കൈക്കൊള്ളുന്നതാണ്. നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് പ്രത്യേകം നിർദേശം നൽകിയിട്ടുണ്ട്.

(10) വാണിയമ്പലത്ത് റെയിൽവെ ഓവർബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച ശ്രീ. എ. പി. അനിൽകുമാർ എം.എൽ.എ.-യുടെ സബ്മിഷന് പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച മറുപടി

വണ്ടൂർ നിയോജകമണ്ഡലത്തിലെ ലെവൽ ക്രോസ് No. 10-ലെ വാണിയമ്പലം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണത്തിന് ആർ.ബി.ഡി.സി.കെ-യെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്തിന്റെ ആവശ്യംകൂടി പരിഗണിച്ച് പാലത്തിന്റെ നിർമ്മാണം 100 ശതമാനം റെയിൽവേ ഫണ്ട് വിനിയോഗിച്ചുള്ള സ്കീമിൽ ഉൾപ്പെടുത്തി അത്തരം പ്രവൃത്തികൾ ചെയ്യുന്ന കെ.ആർ.ഡി.സി.എൽ-നാണ് നിർമ്മാണ ചുമതല നൽകിയിരിക്കുന്നത്. വാണിയമ്പലം റെയിൽവേ മേൽപാലത്തിന്റെ ജി.എ.ഡി.-യ്ക്ക് 12-12-2025-ൽ റെയിൽവേ അംഗീകാരം നൽകിയിട്ടുണ്ട്. റെയിൽവേ ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് ഭൂമിയേറ്റെടുക്കലും നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കാൻ സാധിക്കും.